# മാരനാഥാ

## (യേശു വരുന്നു)

എലൻ ജി. വൈറ്റ്

***Maranatha***
*(Malayalam)*

| | | |
|---|---|---|
| *Published by* | *:* | *Idukki Section of Seventh-Day Adventists*<br>*P.B. No: 18*<br>*Kattappana South Post*<br>*Kattappana - 685 515* |
| *Translated by* | *:* | *Pastor M.I. Korah* |
| *Edited by* | *:* | *Pastor S. Rajamony* |
| *Typeset* | *:* | *Top Designers, Thrissur* |
| *Printed at* | *:* | *Ebenezer Printers, Thrissur* |
| *Copies* | *:* | *2500* |

# അവതാരിക

മാരനാഥാ എന്ന ഈ ഗ്രന്ഥം മലയാളത്തിലേക്കു പരിഭാഷപ്പെടുത്തി പ്രസിദ്ധീകരിക്കുവാൻ താല്പര്യമെടുത്തതിന് അർമേൽ ആൻജെ ഷൈനി ദമ്പതികൾക്കു നന്ദിപറയുന്നു. മുങ്ങിയെരുമ സഭാമൂപ്പനായ സഹോദരൻ ജി. ശമുവേലിന്റെ മരുമകനാണ് അർമേൽ ആൻജെ. ഈ കുടുംബം സെവന്ത്-ഡെ അഡ്വന്റിസ്റ്റ് സഭയ്ക്കു ഒരു വലിയ മുതൽക്കൂട്ടാണ്. സഭയെയും സഭയുടെ പ്രവർത്തനങ്ങളെയും സാമ്പത്തികമായി സഹായിക്കുന്നതു കൂടാതെ ഈ ഗ്രന്ഥത്തിന്റെ പരിഭാഷയ്ക്കും പ്രസിദ്ധീകരണത്തിനും സാമ്പത്തിക സഹായം ചെയ്തതിനും തീർച്ചയായും ദൈവം അവരെ അനുഗ്രഹിക്കും. ഈ കുടുംബത്തെ ഈ സത്യത്തിലേക്ക് വഴിനടത്തുകയും വിശ്വാസത്തിൽ ഉറപ്പിക്കുകയും ചെയ്ത അർമ്മേലിന്റെ മുത്തച്ഛനായ പോണ്ടിച്ചേരിയിലെ ***പിച്ചമുത്തു ആൻജെ***യ്ക്കുവേണ്ടി ***(Pictchamouthou Ange)*** ഈ ഗ്രന്ഥം സമർപ്പിക്കുന്നു.

ഈ ഗ്രന്ഥത്തിന്റെ പരിഭാഷ നടത്തിയ പാസ്റ്റർ എം. ഐ. കോരയ്ക്കും എഡിറ്റു ചെയ്യുകയും പ്രസിദ്ധീകരണത്തിനാവശ്യമായ മറ്റു ക്രമീകരണങ്ങൾ ചെയ്യുകയും ചെയ്ത പാസ്റ്റർ എസ്. രാജമണിക്കും എന്റെ നന്ദി രേഖപ്പെടുത്തിക്കൊള്ളുന്നു. മാരനാഥാ എന്ന വാക്കിന്റെ അർത്ഥം യേശു വരുന്നു എന്നാണ്. എത്രയും വേഗത്തിൽ വീണ്ടും വരുന്നവനായ യേശുവിന്റെ വരവിനെ ത്വരിതപ്പെടുത്തുവാൻ ഇത് എല്ലാവരെയും സഹായിക്കട്ടെ എന്നു ഞാൻ പ്രാർത്ഥിക്കുന്നു.

Dr. R. Stephenson
President
Idukki Section of
Seventh Day Adventists

# മുഖവുര

"വിശുദ്ധ തിരുവെഴുത്തുകളിൽ പ്രധാന വിഷയമെന്നത് ക്രിസ്തുവിന്റെ രണ്ടാംവരവാണ്" എന്ന് ഈ ജാഗരണപുസ്തകത്തിനുവേണ്ടി ആത്മപ്രേരിതമായ എഴുത്തുകൾ ശേഖരിച്ച ലേഖകൻ പ്രഖ്യാപിച്ചിരിക്കുന്നു. "ദൈവം ലോകാരംഭം മുതൽ തന്റെ വിശുദ്ധ പ്രവാചകന്മാർ മുഖാന്തരം അരുളിചെയ്തതു ഒക്കെയും യഥാസ്ഥാനത്താകുന്ന കാലം വരുവോളം സ്വർഗ്ഗം അവനെ കൈക്കൊള്ളേണ്ടതാകുന്നു" അപ്പൊ.പ്ര. 3:21. അപ്പോൾ യുഗങ്ങളായി തുടർന്നു കൊണ്ടിരിക്കുന്ന തിന്മയുടെ ആധിപത്യം തകർക്കപ്പെടും; 'ലോകരാജത്വം നമ്മുടെ കർത്താവിനും അവന്റെ ക്രിസ്തുവിനും ആയിത്തീർന്നിരിക്കുന്നു; അവൻ എന്നെന്നേക്കും വാഴും; വെളിപ്പാട് 11:15" - GC 299 - 301.

ആസന്നമായിരിക്കുന്ന വിടുതലിന്റെ ആ നാളിനുവേണ്ടി ചെറുതും വലുതുമായ എല്ലാ ദൈവമക്കളുടെയും ഹൃദയം അതീവ വാഞ്ഛയോടുകൂടി തുടിച്ചുകൊണ്ടിരിക്കുന്നു. കർത്താവിന്റെ ആസന്ന വരവിലുള്ള അവരുടെ വിശ്വാസത്തെ ഉറപ്പിക്കുന്നതും വേഗത്തിൽ നിറവേറിക്കൊണ്ടിരിക്കുന്നതുമായ പ്രവചനത്തോടുകൂടി അന്ത്യകാല സംഭവങ്ങളെ പ്രധാന വിഷയമാക്കുകയും യേശുവിന്റെ വീണ്ടും വരവിനു ഊന്നൽ കൊടുക്കുകയും ചെയ്തുകൊണ്ട് ഈ സമാഹാരത്തിനു നിയോഗിക്കപ്പെട്ട വൈറ്റ് എസ്റ്റേറ്റ് രക്ഷണാധികാരികൾ പ്രവർത്തിച്ചിരിക്കുന്നു. വരുവാൻ പോകുന്ന രാജാധിരാജാവിനെ സംബന്ധിക്കുന്ന അടയാളങ്ങൾ, അവന്റെ രണ്ടാം വരവുമായി ബന്ധപ്പെടുന്ന സംഭവങ്ങളെ വെളിവാക്കുന്നവ, അവന്റെ മഹത്വത്തിലുള്ള സഹസ്രാബ്ദവാഴ്ച, സാത്താൻ ഈ ഭൂമിയിൽ ബന്ധിക്കപ്പെടുന്ന ആയിരമാണ്ട് വാഴ്ചയുടെ അന്ത്യത്തോടുകൂടി നിറവേറപ്പെടുന്ന പ്രവചനങ്ങളെ സംബന്ധിക്കുന്ന ഉൾക്കാഴ്ച എന്നിവ വായനക്കാർക്കു നൽകാതെ ഈ സമാഹാരം പൂർത്തിയാകുകയില്ല.

സെവന്ത്-ഡെ അഡ്വന്റിസ്റ്റുകാർക്കു മർമ്മപ്രധാനമായ ഒരു വിഷയത്തിലെ പ്രധാനപ്പെട്ട പ്രസ്താവനകൾ എലൻ വൈറ്റിന്റെ പുസ്തകങ്ങളിലും സഭയുടെ മറ്റു പല പ്രസിദ്ധീകരണങ്ങളിലും പ്രത്യക്ഷപ്പെട്ടിട്ടുണ്ട്. അതിൽ, Great Controversy, Desire of Ages, Early Writings, Testimonies for the Church (volumes), Review and Herald, Signs of the Times എന്നിവയെ സംബന്ധിച്ച് കൂടെക്കൂടെയുള്ള സൂചനകളുടെ വിശദീകരണം കാണപ്പെടുന്നു. പ്രസിദ്ധീകരിക്കപ്പെട്ടിട്ടില്ലാത്ത കയ്യെഴുത്തു പ്രതികളിൽ നിന്നുമുള്ള അനേക പ്രസ്താവനകൾ പ്രത്യേകിച്ച്, ദേശീയ ഞായറാഴ്ച നിയമവും തൽഫലമായി ഉണ്ടാകുന്ന സംഭവങ്ങളും അവതരണത്തെ ധന്യമാക്കുന്നു.

ആവർത്തനം, പ്രസക്തമല്ലാത്ത വിഷയങ്ങളെ സംബന്ധിച്ച പ്രസ്താവനകൾ എന്നിവ ഒഴിവാക്കുവാനും ഒരു വിഷയം ഒരു പുറത്തുതന്നെ പരിമിതപ്പെ

ടുത്തുവാനുംവേണ്ടി പല ഭാഗത്തും കുറവുകൾ വരുത്തിയിട്ടുണ്ട്. ഒരു രീതിയിലും മൂലരൂപത്തിന്റെ അർത്ഥത്തിനു മാറ്റം വരാതിരിക്കുവാൻ പ്രത്യേക കരുതലെടുത്തിട്ടുമുണ്ട്.

ഈ വാല്യത്തിൽ ഉൾക്കൊള്ളുന്ന നിറവേറിയതും നിറവേറിക്കൊണ്ടിരിക്കുന്നതുമായ പ്രവചനങ്ങൾ സമയോചിതമാണെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. ഇതിലെ എഴുത്തുകൾ നേരായതും നിർവ്യാജവും ഇളക്കുന്നതുമാണ്. നമ്മുടെ എല്ലാവരുടെയും ഹൃദയങ്ങൾക്കു പ്രിയങ്കരമായിരിക്കുന്ന വീണ്ടും വരവ് എന്ന വിഷയത്തെ സംബന്ധിച്ച് ബോധമുണ്ടാകുന്നതിനും ആ സംഭവത്തിനുവേണ്ടി ഒരുങ്ങുന്നതിനും ദൂത് സത്യസന്ധമായ ഒരു ഉണർവ്വുണ്ടാക്കണം. ഇത് വായിച്ചു ജീവിതത്തിൽ പ്രായോഗികമാക്കുന്നതിലൂടെ അനേകം പേർ ജീവനുള്ള ദൈവത്തിന്റെ മുദ്രയാൽ മുദ്രയിടപ്പെടുകയും കഷ്ടകാലത്തിലൂടെ കടന്നുപോകുവാൻ പ്രാപ്തിയുള്ളവരാകുകയും അങ്ങനെ രാജാധിരാജാവിനെ എതിരേൽക്കുന്നവരുടെ ഗണത്തിൽ കാണപ്പെടുകയും ചെയ്യണമെന്നുള്ളതാണ് ഞങ്ങളുടെ പ്രാർത്ഥന. മാരനാഥാ–യേശു വരുന്നു!

**The Trustees of the**
**Ellen G. White Estate**
**Washington D.C.**

## പ്രതിമാസ വിഷയങ്ങൾ

| | |
|---|---|
| *ജനുവരി* | *രാജാവു വരുന്നു* |
| *ഫെബ്രുവരി* | *അവന്റെ വരവിനുവേണ്ടി നാം ഒരുങ്ങിയിട്ടുണ്ടോ?* |
| *മാർച്ച്* | *സ്വർഗ്ഗത്തിനുവേണ്ടിയുള്ള ഒരു യോഗ്യത* |
| *ഏപ്രിൽ* | *രണ്ടാം വരവിന്റെ സന്ദേശം* |
| *മെയ്* | *ക്രിസ്തുവിന്റെ വീണ്ടും വരവിന്റെ അടയാളങ്ങൾ* |
| *ജൂൺ* | *ക്രിസ്തുവിന്റെ രണ്ടാം വരവിനുമുമ്പുള്ള സംഭവങ്ങൾ* |
| *ജൂലൈ* | *കഠിന ശോധനയും സഭയുടെ സാക്ഷ്യവും* |
| *ആഗസ്റ്റ്* | *വിശുദ്ധീകരണം, മുദ്ര, വിശുദ്ധ മന്ദിരം* |
| *സെപ്തംബർ* | *കൃപാകാലത്തിന്റെ അവസാനവുമായി ബന്ധപ്പെടുന്ന സംഭവങ്ങൾ* |
| *ഒക്ടോബർ* | *രണ്ടാം വരവുമായി ബന്ധപ്പെട്ടുള്ള സംഭവങ്ങൾ* |
| *നവംബർ* | *ആകാശവും ഭൂമിയും സഹസ്രാബ്ദകാലത്ത്* |
| *ഡിസംബർ* | *അന്ത്യ ന്യായവിധിയും പുതിയ ഭൂമിയും* |

# യേശുവിന്റെ ഒന്നാം വരവ്

***എന്നാൽ കാലസമ്പൂർണ്ണത വന്നപ്പോൾ ദൈവം തന്റെ പുത്രനെ സ്ത്രീയിൽ നിന്നു ജനിച്ചവനായി . . . നിയോഗിച്ചത് അവൻ ന്യായപ്രമാണത്തിൻ കീഴുള്ളവരെ വിലെക്കു വാങ്ങീട്ടു നാം പുത്രത്വം പ്രാപിക്കേണ്ടതിനുതന്നെ. ഗലാത്യർ 4:4,5.***

ഏദെനിൽതന്നെ രക്ഷകന്റെ വരവ് പ്രവചിക്കപ്പെട്ടിരുന്നു. ആദാമും ഹവ്വയും ആദ്യമായി ഈ വാഗ്ദത്തം കേട്ടപ്പോൾ, അതിന്റെ പെട്ടെന്നുള്ള നിറവേറലിനായി അവർ കാത്തിരുന്നു. അവരുടെ ഒന്നാമത്തെ പുത്രൻ ജനിച്ചപ്പോൾ അത് വീണ്ടെടുപ്പുകാരനായിരിക്കുമെന്ന് ആശിച്ചുകൊണ്ട് പുത്രനെ സന്തോഷപൂർവ്വം സ്വാഗതം ചെയ്തു. എന്നാൽ വാഗ്ദത്ത നിറവേറൽ വൈകി. ഇതു ആദ്യം സ്വീകരിച്ചവർ നിറവേറൽ കാണാതെ മരിച്ചു. അവന്റെ പ്രത്യക്ഷതയുടെ പ്രത്യാശ നിലനിർത്തിക്കൊണ്ട്, ഹാനോക്കിന്റെ കാലം മുതൽ പ്രവാചകന്മാരിലൂടെയും ഗോത്രപിതാക്കന്മാരിലൂടെയും വാഗ്ദത്തം ആവർത്തിക്കപ്പെട്ടു, എന്നിട്ടും അവൻ വന്നില്ല. ദാനിയേലിന്റെ പ്രവചനം അവന്റെ വരവിന്റെ സമയം വെളിപ്പെടുത്തിയെങ്കിലും ആരും അതിനെ ശരിയാംവണ്ണം മനസ്സിലാക്കിയില്ല. നൂറ്റാണ്ടുകൾ കടന്നുപോയി; പ്രവാചകന്മാരുടെ ശബ്ദം നിലച്ചു. പീഢകന്റെ കരം യിസ്രായേലിന്റെ മേൽ അതിഭാരമായിത്തീർന്നു. “കാലം നീണ്ടുപോകും; ദർശനമൊക്കെയും ഒക്കാതെപോകും” എന്നു ആർത്തുവിളിക്കുവാൻ അനേകർ ഒരുക്കമായിരുന്നു (യെഹെ. 12:22).

എന്നാൽ നിയോഗിക്കപ്പെട്ട വിശാല വലയത്തിൽ ജോതിസ്സുകളെപ്പോലെ, ദൈവത്തിന്റെ ഉദ്ദേശങ്ങൾക്കു തിടുക്കവും താമസവും അറിഞ്ഞുകൂടാ. മഹാ അന്ധകാരത്തിന്റെയും പുകയുന്ന അഗ്നികുണ്ഠത്തിന്റെയും അടയാളങ്ങളിലൂടെ, യിസ്രായേലിന്റെ മിസ്രയീമിലെ അടിമത്വത്തെ സംബന്ധിച്ച് ദൈവം അബ്രഹാമിനു വെളിപ്പെടുത്തുകയും അവരുടെ പ്രവാസകാലം നാനൂറു സംവത്സരമായിരിക്കും എന്ന് പ്രഖ്യാപിക്കുകയും ചെയ്തു. “അതിന്റെ ശേഷം അവർ വളരെ സമ്പത്തോടുകൂടെ പുറപ്പെട്ടുപോരും.” ഉല്പ. 15:14. ഈ വചനത്തിനെതിരെ ഫറവോന്റെ അഹന്ത നിറഞ്ഞ സാമ്രാജ്യത്തിലെ സകല ശക്തിയും വൃഥാവായി പോരാടി. ദിവ്യവാഗ്ദത്തത്താൽ നിയമിക്കപ്പെട്ട “ആ ദിവസം തന്നെ യഹോവയുടെ ഗണങ്ങൾ ഒക്കെയും മിസ്രയീം ദേശത്തുനിന്നു പുറപ്പെട്ടു” പുറ. 12:41. ആയതുപോലെ സ്വർഗ്ഗീയ ആലോചനാസമിതിയിൽ യേശുവിന്റെ വരവിന്റെ നാഴിക നിശ്ചയിക്കപ്പെട്ടിരുന്നു. കാലത്തിന്റെ മഹാഘടികാരം ആ നാഴികയെ ചൂണ്ടിക്കാണിച്ചപ്പോൾ യേശു ബേത്ലെഹെമിൽ ജാതനായി.

“കാലസമ്പൂർണ്ണത വന്നപ്പോൾ ദൈവം തന്റെ പുത്രനെ അയച്ചു”. രാഷ്ട്രങ്ങളുടെ ചലനത്തെയും മനുഷ്യന്റെ ആവേഗത്തിന്റെ ഏറ്റമിറക്കത്തെയും സ്വാധീനത്തെയും വീണ്ടെടുപ്പുകാരന്റെ വരവിനു ലോകം പാകമാകുന്നതുവരെ ദിവ്യനടത്തിപ്പു നിയന്ത്രിച്ചു....

അപ്പോൾ മനുഷ്യനിൽ അവന്റെ സ്രഷ്ടാവിന്റെ സ്വരൂപം പുനഃസ്ഥാപിക്കുവാൻ യേശു വന്നു. പാപത്താൽ താറുമാറായ സ്വഭാവത്തെ രൂപപ്പെടുത്തുവാൻ ക്രിസ്തുവിനല്ലാതെ മറ്റാർക്കും കഴിയുകയില്ല. ഇച്ഛാശക്തിയെ നിയന്ത്രിച്ചിരുന്ന സാത്താനെ പുറന്തള്ളുവാൻ അവൻ വന്നു. പൊടിയിൽ നിന്നു നമ്മെ ഉയർത്തി തകർന്ന സ്വഭാവത്തെ അവന്റെ ദിവ്യസ്വഭാവത്തിനനുരൂപമായി രൂപപ്പെടുത്തുവാനും തന്റെ ദിവ്യമഹത്വംകൊണ്ട് മനോഹരമാക്കുന്നതിനുമാണ് അവൻ വന്നത്.





# ബേത്ലേഹെമിന്റെ പാഠം

***ക്രിസ്തുവും അങ്ങനെതന്നെ അനേകരുടെ പാപങ്ങളെ ചുമപ്പാൻ ഒരിക്കൽ അർപ്പിക്കപ്പെട്ടു തനിക്കായി കാത്തുനിൽക്കുന്നവരുടെ രക്ഷയ്ക്കായി അവൻ പാപം കൂടാതെ രണ്ടാമതു പ്രത്യക്ഷനാകും. എബ്രായർ 9:28.***

ക്രിസ്തുവിന്റെ ഒന്നാം വരവുസമയത്ത്, ദൈവത്തിന്റെ തിരുവെഴുത്തുകൾ ഭരമേല്പിക്കപ്പെട്ടിരുന്ന വിശുദ്ധ നഗരത്തിലെ പുരോഹിതന്മാരും ശാസ്ത്രിമാരും കാലത്തിന്റെ അടയാളങ്ങളെ തിരിച്ചറിഞ്ഞ് വാഗ്ദത്തം ചെയ്യപ്പെട്ടവന്റെ വരവിനെ ഘോഷിക്കണമായിരുന്നു. മീഖയുടെ പ്രവചനം അവന്റെ ജനനസ്ഥലത്തെ ചൂണ്ടിക്കാണിച്ചു; ദാനീയേൽ അവന്റെ വരവിന്റെ സമയത്തെപ്പറ്റി പ്രത്യേകം പ്രസ്താവിച്ചു. ഈ പ്രവചനങ്ങളെ ദൈവം ഭരമേല്പിച്ചത് യെഹൂദാ പ്രമാണികളെയായിരുന്നു. മശീഹയുടെ സമയം അടുത്തിരിക്കുന്നു എന്ന് അവർ അറിയുകയും അത് പ്രഖ്യാപിക്കുകയും ചെയ്യാത്തതിൽ അവർക്കു ഒരു ക്ഷമയുമില്ല. പാപകരമായ അവഗണനയുടെ അനന്തരഫലമായിരുന്നു അവരുടെ അജ്ഞത....

ലോകരക്ഷിതാവിനെ ആദ്യം സ്വാഗതം ചെയ്യുന്നവരുടെ കൂട്ടത്തിൽ ഉൾപ്പെടുവാൻവേണ്ടി സകല ജനവും നോക്കിപ്പാർത്തിരിക്കണമായിരുന്നു. എന്നാൽ ഇതാ ക്ഷീണിച്ചുവലഞ്ഞ രണ്ടു യാത്രികർ നസ്രേത്തിലെ കുന്നുകളിൽനിന്നും ഇടുങ്ങിയ തെരുവിലുടനീളം യാത്രചെയ്ത് പട്ടണത്തിന്റെ കിഴക്കാന്തർഭാഗത്ത് രാത്രിയിലെ വിശ്രമത്തിനും പാർപ്പിനുമായി ഒരു സ്ഥലം വൃഥാവായി അന്വേഷിക്കുന്നു. അവരെ സ്വീകരിക്കുവാൻ വാതിലുകളൊന്നും തുറക്കപ്പെട്ടിരുന്നില്ല. കന്നുകാലിക്കുവേണ്ടി തയ്യാറാക്കിയതും നിന്ദ്യവുമായ ഒരു ചെറ്റക്കുടിലിൽ അവസാനമായി അഭയം കണ്ടെത്തുകയും അവിടെ ലോകത്തിന്റെ രക്ഷകൻ ജാതനാകുകയും ചെയ്തു....

ക്രിസ്തുവിനെ പ്രതീക്ഷിച്ചിരുന്നതായും ജീവന്റെ പ്രഭുവിനുവേണ്ടി ഒരു തയ്യാറെടുപ്പു നടത്തിയതായും ഒരു തെളിവുമില്ല. രാത്രിയിൽ ആടുകളെ കാവൽ കാത്തുകൊണ്ടിരുന്ന ഒരുകൂട്ടം ആട്ടിടയർ ആകാശത്തിലെ നക്ഷത്രങ്ങളെ നോക്കിയിട്ട് ഭൂമിയിലേക്ക് വരുവാനുള്ള ഒരു മശീഹയെ സംബന്ധിച്ച പ്രവചനം പരിചിന്തനം ചെയ്യുകയും ലോകരക്ഷിതാവിന്റെ വരവിനുവേണ്ടി വാഞ്ഛിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നതു കണ്ടിട്ട്, ആ ലജ്ജാകരമായ സന്ദേശവുമായി ദൂതുവാഹകൻ ആശ്ചര്യത്തോടെ സ്വർഗ്ഗത്തിലേക്കു മടങ്ങുവാൻ ഒരുമ്പെടുന്നു. സ്വർഗ്ഗീയ ദൂത് സ്വീകരിക്കുവാൻ തയ്യാറായ ഒരു കൂട്ടത്തെ ഇവിടെ കാണുന്നു. പെട്ടെന്ന് മഹാ സന്തോഷത്തിന്റെ സദ്വർത്തമാനം പ്രഖ്യാപിച്ചുകൊണ്ട് ദൈവത്തിന്റെ മാലാഖ പ്രത്യക്ഷപ്പെടുന്നു....

ബേത്ലേഹെമിലെ ഈ അത്ഭുതകഥ എന്തൊരു പാഠമാണ്! നമ്മുടെ അവിശ്വാസത്തെയും അഹന്തയെയും സ്വയസംതൃപ്തിയെയും ഇത് ശാസിക്കുന്നു. നമ്മുടെ കുറ്റകരമായ അനാസ്ഥകാരണം കാലങ്ങളുടെ അടയാളങ്ങളെ ഗ്രഹിക്കുവാൻ പരാജയപ്പെട്ട് നമ്മുടെ സന്ദർശനകാലം അറിയാതെ വരാതിരിക്കുവാൻ ജാഗ്രതയുള്ളവരായിരിക്കുന്നതിന് ഇത് മുന്നറിയിപ്പു തരുന്നു.

# യേശു ജനിച്ചപ്പോൾ

***യേശു യെഹൂദ്യയിലെ ബേത്‌ലേഹെമിൽ ജനിച്ചശേഷം, കിഴക്കുനിന്നു വിദ്വാന്മാർ യെരൂശലേമിൽ എത്തി: യെഹൂദന്മാരുടെ രാജാവായി പിറന്നവൻ എവിടെ? ഞങ്ങൾ അവന്റെ നക്ഷത്രം കിഴക്കു കണ്ടു അവനെ നമസ്ക്കരിപ്പാൻ വന്നിരിക്കുന്നു എന്നു പറഞ്ഞു. മത്തായി 2:1,2.***

മഹത്വത്തിന്റെ രാജാവ് മനുഷ്യവേഷം ധരിക്കുവാൻ താണിറങ്ങി; സകല സ്വർഗ്ഗീയ സൈന്യവും അവനെ ആരാധിച്ചപ്പോൾ അവന് സ്വർഗ്ഗത്തിലുണ്ടായിരുന്ന മഹത്വത്തിന് സാക്ഷ്യം വഹിച്ച മാലാഖമാർ, അവരുടെ സ്വർഗ്ഗീയ സൈന്യാധിപൻ ഇത്രയും ഭയങ്കരമായ താഴ്മ ധരിക്കുന്നത് കണ്ട് നിരാശയിലാണ്ടുപോയി.

വീണ്ടെടുപ്പുകാരന്റെ ആഗമനത്തെ സംബന്ധിച്ച ദൂത് യെഹൂദന്മാരെ അറിയിക്കുവാൻ ദൂതന്മാർക്കു കഴിയാതവണ്ണം അവരുടെ ദുഷ്പ്രവൃത്തികളാൽ അവർ ദൈവത്തിൽനിന്നു അത്ര അകന്നുപോയി. ദൈവത്തിന്റെ ഇഷ്ടം നിറവേറ്റുവാൻ കിഴക്കുനിന്നുള്ള വിദ്വാന്മാരെ അവൻ തെരഞ്ഞെടുത്തു.

താഴ്മ ധരിച്ച ആട്ടിടയന്മാരോട് അവന്റെ ആഗമനത്തിന്റെ ദൂതറിയിച്ച ദൂതവൃന്ദത്തെ ആവരണം ചെയ്തിരുന്നതും ആകാശം ശോഭാപൂരിതമായിരുന്നതും ഈ വിദ്വാന്മാർ കണ്ടു.... ഈ പ്രകാശം തിളങ്ങുന്ന ഒരു നക്ഷത്രംപോലെ പ്രത്യക്ഷപ്പെട്ടത് അങ്ങകലെ മിന്നിയ ദൂതന്മാരുടെ ഒരു കൂട്ടമായിരുന്നു. ആകാശത്തിൽ ഒരടയാളമായി തൂങ്ങിനിന്നതും അവൻ ഇതിനുമുമ്പൊരിക്കലും കണ്ടിട്ടില്ലാത്തതുമായ തിളങ്ങുന്ന ഒരു വലിയ നക്ഷത്രത്തിന്റെ അസാധാരണമായ പ്രത്യക്ഷത അവരുടെ ശ്രദ്ധയെ ആകർഷിച്ചു.... ആ നക്ഷത്രം വിദ്വാന്മാരെ നയിക്കുന്നു എന്നു തോന്നിയ ഇടത്തേക്ക് അവർ യാത്രയായി. യെരുശലേം നഗരത്തോടടുത്തപ്പോൾ, ആ നക്ഷത്രം ഇരുണ്ടുപോകുകയും പിന്നീട് അത് അവരെ നയിച്ചതുമില്ല. മശീഹയുടെ ആഗമനത്തെ സംബന്ധിച്ച ഈ മഹാസംഭവത്തെപ്പറ്റി യെഹൂദന്മാർക്കു അജ്ഞരാകുവാൻ കഴിയുകയില്ലല്ലോ എന്ന് അവർ ബുദ്ധിപൂർവ്വം ചിന്തിക്കുകയും യെരുശലേമിന്റെ സമീപപ്രദേശങ്ങളിൽ അവർ അന്വേഷിക്കുകയും ചെയ്തു.

മശീഹയുടെ ആഗമന വിഷയത്തിനുമേൽ ഒരു അസാധാരണ താല്പര്യവും കാണാത്തതുകൊണ്ട് ഈ വിദ്വാന്മാർ ആശ്ചര്യപ്പെട്ടു.... ക്രിസ്തുവിന്റെ വരവെന്ന ആ മഹാസംഭവത്തിനുമേൽ ഒരു താല്പര്യവും സന്തോഷവുമില്ലാത്തവരാണ് യെഹൂദന്മാർ എന്നതോർത്ത് അവർ അത്ഭുതപ്പെട്ടു.

നമ്മുടെ കാലത്തെ സഭകൾ ലൗകികമായ ഉയർച്ച അന്വേഷിക്കുന്നവരാണ്. യേശുവിന്റെ ഒന്നാം വരവിൽ യെഹൂദന്മാർ ആയിരുന്നതുപോലെ, അവന്റെ ആസന്നവരവിനെ കാണിക്കുന്ന പ്രവചനങ്ങളുടെ വെളിച്ചം കാണുവാനും അവയുടെ നിറവേറലിന്റെ തെളിവുകൾ സ്വീകരിക്കുവാനും മനസ്സൊരുക്കമില്ലാത്തവരാണ് അവർ. താൽക്കാലികവും വിജയപ്രദവുമായുള്ള മശീഹയുടെ ഭരണം യെരുശലേമിൽ ഉണ്ടാകുന്നതിനുവേണ്ടി അവർ നോക്കിയിരിക്കുകയായിരുന്നു. നമ്മുടെ കാലത്ത് ക്രിസ്ത്യാനികളെന്ന് അഭിമാനിക്കുന്നവർ സഭയുടെ താൽക്കാലിക അഭിവൃദ്ധിയും ലോകത്തിന്റെ രൂപാന്തരവും താൽക്കാലിക സഹസ്രാബ്ദത്തിന്റെ സന്തോഷവുമാണ് പ്രതീക്ഷിക്കുന്നത്.





# യേശുവിന്റെ രണ്ടാം വരവിന്റെ പ്രത്യാശ

***ഇതു സാക്ഷീകരിക്കുന്നവൻ: അതേ, ഞാൻ വേഗം വരുന്നു എന്നു അരുളിച്ചെയ്യുന്നു; ആമേൻ, കർത്താവായ യേശുവേ, വരേണമേ. വെളി. 22:20.***

യേശുക്രിസ്തുവിന്റെ രണ്ടാംവരവ് എല്ലാ യുഗങ്ങളിലും അവന്റെ യഥാർത്ഥ അനുയായികളുടെ പ്രത്യാശയാണ്. അവൻ വീണ്ടും വരുമെന്നുള്ള ഒലിവുമലയിലെ അവന്റെ വേർപാടിന്റെ വാഗ്ദത്തം ദുഃഖത്തെ ശമിപ്പിക്കുവാനോ പീഡനങ്ങൾക്കു മങ്ങലേൽപ്പിക്കുവാനോ കഴിയാതവണ്ണം ശിഷ്യന്മാരുടെ ഹൃദയങ്ങളെ ആനന്ദവും പ്രത്യാശയുംകൊണ്ട് നിറയ്ക്കുകയും അവരുടെ ഭാവിയെ പ്രകാശപൂരിതമാക്കുകയും ചെയ്തു. കഷ്ടതകൾക്കും പീഡനങ്ങൾക്കും മദ്ധ്യേ, "വലിയവനായ ദൈവത്തിന്റെയും നമ്മുടെ രക്ഷകന്റെയും പ്രത്യക്ഷത," "അനുഗൃഹീത പ്രത്യാശ"യായിരുന്നു. കർത്താവിന്റെ വരവിനു സാക്ഷ്യം വഹിക്കുവാൻ തക്കവണ്ണം തങ്ങൾ ജീവിച്ചിരിക്കും എന്ന പ്രത്യാശയോടുകൂടി ജീവിച്ച തെസ്സലോനികൃയിലെ ക്രിസ്ത്യാനികളുടെ പ്രിയപ്പെട്ടവർ മരിച്ച് അടക്കപ്പെട്ടുകൊണ്ടിരുന്നതുകാരണം അവർ മനോവ്യഥയിലാണ്ടു പോയപ്പോൾ യേശുവിന്റെ വീണ്ടും വരവിൽ സംഭവിക്കുവാനുള്ള പുനരുത്ഥാനത്തെ അപ്പൊസ്തലനായ പൗലൊസ് ചൂണ്ടിക്കാണിച്ചു. അപ്പോൾ ക്രിസ്തുവിൽ മരിച്ച വിശുദ്ധന്മാർ ഉയിർത്തെഴുന്നേൽക്കുകയും ജീവിച്ചിരിക്കുന്ന വിശുദ്ധന്മാരോടൊപ്പം കർത്താവിനെ എതിരേൽക്കുവാൻ മേഘങ്ങളിൽ എടുക്കപ്പെടുകയും ചെയ്യും. "ഇങ്ങനെ നാം എപ്പോഴും കർത്താവിനോടുകൂടെ ഇരിക്കും" (1 തെസ്സ. 4:16–18).

വിശുദ്ധന്മാരും രക്തസാക്ഷികളും സത്യത്തിനു സാക്ഷ്യം വഹിച്ച ഇരുട്ടറ, കൊലത്തൂണ്, തൂക്കുമരം എന്നിവയിൽ തുടങ്ങി നൂറ്റാണ്ടുകളോളം അവരുടെ വിശ്വാസത്തിന്റെയും പ്രത്യാശയുടെയും ഏറ്റുപറച്ചിൽ അവർ നിലനിർത്തി. "അവന്റെ വ്യക്തിപരമായ ഉയിർപ്പിന്റെയും, തൽഫലമായി അവന്റെ വരവിങ്കൽ അവരുടെ സ്വന്തം ഉയിർപ്പിന്റെയും ഉറപ്പ് ലഭിച്ചതുകൊണ്ട് ക്രിസ്ത്യാനികളിലൊരാൾ ഇങ്ങനെ പറഞ്ഞു: "ഇക്കാരണത്താൽ അവർ മരണത്തെ കൂട്ടാക്കാതെ അതിനുമേലായി കാണപ്പെട്ടു." Daniel T. Taylor, The Reign of Christ on Earth: or, The voice of the Church in All Ages, p. 33. സ്വതന്ത്രമായി ഉയിർക്കുവാൻ തക്കവണ്ണം ശവക്കുഴിയിലേക്കു പോകുവാൻ അവർ ഒരുക്കമായിരുന്നു. കർത്താവ് അവന്റെ പിതാവിന്റെ മഹത്വത്തിൽ സ്വർഗ്ഗത്തിൽനിന്നും "നീതിമാന്മാർക്കു രാജത്വവും കൊണ്ട്" മേഘങ്ങളിൽ വരുന്നത് അവർ നോക്കിപ്പാർത്തിരുന്നു. വാൽഡൻസുകൾ അതേ വിശ്വാസത്തെ താലോലിച്ചു. വിക്ലിഫ് വീണ്ടെടുപ്പുകാരന്റെ പ്രത്യക്ഷത സഭയുടെ പ്രത്യാശയെന്നവണ്ണം നോക്കിപ്പാർത്തു.

പാറക്കെട്ടുകൾകൊണ്ട് നിറഞ്ഞ പത്മോസിൽവച്ച് പ്രിയ ശിഷ്യനായിരുന്ന യോഹന്നാൻ "അതേ, ഞാൻ വേഗം വരുന്നു എന്ന ഉറപ്പ് കേട്ടു. സഭ അവളുടെ മറുപടിയായി" ആമേൻ കർത്താവായ യേശുവേ, വരേണമേ" എന്ന് പ്രതികരിച്ചു (വെളി. 22:20)

# തിരുവെഴുത്തുകളിലെ പ്രധാന ഘടകം

***എന്നെ വീണ്ടെടുക്കുന്നവൻ ജീവിച്ചിരിക്കുന്നു എന്നും അവൻ ഒടുവിൽ പൊടിമേൽ നിൽക്കുമെന്നും ഞാൻ അറിയുന്നു. ഇയ്യോബ് 19:25.***

ബൈബിളിൽ വെളിപ്പെടുത്തിയിരിക്കുന്ന പരിപാവനമായതും അതേസമയം ഏറ്റവും മഹത്വകരവുമായ സത്യങ്ങളിൽ ഒരെണ്ണം, വീണ്ടെടുപ്പിന്റെ മഹാവേലയായ യേശുവിന്റെ വീണ്ടുംവരവാണ്. "മരണത്തിന്റെ താഴ്‌വര"യിലൂടെ ഇത്രനാൾ മോക്ഷയാത്ര നടത്തിയ ദൈവത്തിന്റെ പരദേശികൾക്ക് "പുനരുത്ഥാനവും ജീവനുമായവൻ", "പുറന്തള്ളപ്പെട്ട അവന്റെ ജനത്തെ അവന്റെ വരവിങ്കൽ ഭവനത്തിലേക്കു കൊണ്ടുവരുമെന്ന വിലയേറിയതും സന്തോഷജനകവുമായ വാഗ്ദത്തം കൊടുത്തിരിക്കുന്നു. വിശുദ്ധ തിരുവെഴുത്തുകളിലെ ഏറ്റവും പ്രധാനപ്പെട്ട വിഷയമാണ് രണ്ടാംവരവ് എന്ന ഉപദേശം. ആദ്യ ദമ്പതിമാർ അവരുടെ സങ്കടകരമായ ചുവടുകൾ ഏദെനു പുറത്തുവച്ച നാൾമുതൽ നാശകന്റെ ശക്തിയെ തകർത്ത് നഷ്ടപ്പെട്ടുപോയ പറുദീസയിലേക്കു വാഗ്ദത്ത സന്തതി അവരെ മടക്കികൊണ്ടു വരുമെന്ന വിശ്വാസത്തോടുകൂടി അവർ കാത്തിരുന്നു.... ആദാം മുതൽ ഏഴാമനും മുന്നൂറു വർഷം ദൈവത്തോടുകൂടി നടന്നവനുമായ ഹാനോക്കിനെ വീണ്ടെടുപ്പുകാരന്റെ വരവ് ദൂരെനിന്ന് കാണുവാൻ അനുവദിച്ചു. "ഇതാ കർത്താവു എല്ലാവരെയും വിധിപ്പാനും അവർ അഭക്തിയോടെ ചെയ്ത ഭക്തിവിരുദ്ധമായ സകല പ്രവൃത്തികളും നിമിത്തം ഭക്തികെട്ട പാപികൾ തന്റെ നേരെ പറഞ്ഞ സകല നിഷ്ഠൂരങ്ങളും നിമിത്തവും ഭക്തികെട്ടവരെ ഒക്കെയും ബോധം വരുത്തുവാനും ആയിരമായിരം വിശുദ്ധന്മാരോടു കൂടെ വന്നിരിക്കുന്നു" എന്നു അവൻ പ്രസ്താവിച്ചു യൂദാ. 14. കുലുക്കം തട്ടാത്ത ആശ്രയത്തോടുകൂടി ഇയ്യോബ് അവന്റെ കഷ്ടതയുടെ രാത്രിയിൽ ഇങ്ങനെ പ്രഖ്യാപിച്ചു: "എന്നെ വീണ്ടെടുക്കുന്നവൻ ജീവിച്ചിരിക്കുന്നു എന്നും അവൻ ഒടുവിൽ പൊടിമേൽ നിൽക്കുമെന്നും ഞാൻ അറിയുന്നു. എന്റെ ത്വക്ക് ഇങ്ങനെ നശിച്ചശേഷം ഞാൻ ദേഹസഹിതനായി ദൈവത്തെ കാണും. ഞാൻ തന്നെ അവനെ കാണും. അന്യനല്ല, എന്റെ സ്വന്തകണ്ണ് അവനെ കാണും." ഇയ്യോബ് 19:25,26.

നിങ്ങൾ നിത്യമായവയെ ഗ്രഹിക്കുന്നതിനും സത്യത്തിന്റെ വെളിച്ചത്താൽ അനേകമായ (അവ ആയിരിക്കുന്നതുപോലെ) നിങ്ങളുടെ തെറ്റുകളെ കണ്ടെത്തി ദൂരെ എറിയുന്നതിന് ആവശ്യമായ പ്രയത്നം കാഴ്ചവയ്ക്കുന്നതിനും സകല കരുണയുടെയും ദൈവം നിങ്ങളുടെ വിവേകത്തെ പ്രകാശമാനമാക്കട്ടെ. ഈ തിന്മയുടെ സ്ഥാനത്ത് നിത്യജീവനുവേണ്ടി വിലപ്പെട്ട കയ്പേറിയ ഫലങ്ങൾ ഉണ്ടായേക്കാം.

നിങ്ങളുടെ നിർദ്ധനമായതും അഹന്ത നിറഞ്ഞതും സ്വയനീതി നിറഞ്ഞതുമായ ഹൃദയത്തെ ദൈവസന്നിധിയിൽ താഴ്ത്തുക; താഴ്ന്ന്, വളരെ താഴ്ന്ന് നിങ്ങളുടെ പാപാവസ്ഥയിൽ എല്ലാം നുറുക്കപ്പെട്ട് അവന്റെ കാൽക്കീഴ് സമർപ്പിക്കുക. തയ്യാറെടുപ്പിനായി നിങ്ങളെത്തന്നെ കൊടുക്കുക. എന്റെ വീണ്ടെടുപ്പുകാരൻ ജീവിക്കുന്നു, അവൻ ജീവിക്കുന്നതുകൊണ്ട് ഞാനും ജീവിക്കുന്നു എന്നു നിങ്ങൾക്കു വാസ്തവമായി പറയുവാൻ കഴിയുന്നതുവരെ അടങ്ങിയിരിക്കരുത്.

സ്വർഗ്ഗം നഷ്ടപ്പെടുകയാണെങ്കിൽ നിങ്ങൾക്കു സകലവും നഷ്ടമാകുകയാണ്; സ്വർഗ്ഗം നേടുകയാണെങ്കിൽ നിങ്ങൾ സകലവും നേടുകയാണ്. ഇക്കാര്യത്തിൽ നിങ്ങൾ ഒരു തെറ്റ് ചെയ്യരുത് എന്ന് ഞാൻ നിങ്ങളോടു അഭ്യർത്ഥിക്കുകയാണ്. ഇവിടെ നിത്യമായവ ഉൾപ്പെട്ടിരിക്കുന്നു.





# നവീകരണക്കാരുടെ വിശ്വാസം

***ഒടുക്കത്തെ ശത്രുവായിട്ടു മരണം നീങ്ങിപ്പോകും. 1 കൊരി. 15:26.***

ലൂഥർ ഇപ്രകാരം പ്രഖ്യാപിച്ചു: "ന്യായവിധി ദിവസത്തിന്റെ അസാന്നിദ്ധ്യം പൂർണ്ണമായും മുന്നൂറു വർഷം ഉണ്ടാകുകയില്ലെന്നതിനു ഞാൻപോലും പ്രേരിപ്പിക്കപ്പെട്ടുപോയി. ഈ ദുഷ്ടലോകത്തെ ദൈവത്തിന് ഇനി അധികനാൾ സഹിക്കുവാൻ ഒരിക്കലും കഴിയുകയില്ല." "മ്ലേച്ഛതയുടെ രാജ്യത്തെ തകിടം മറിക്കുവാൻ പോകുന്ന മഹാദിവസം അടുത്തുകൊണ്ടിരിക്കുന്നു." – Daniel T. Taylor, The Reign of Christ on Earth: or, The Voice of the Church in All Ages p. 33.

"ജീർണ്ണിച്ച ഈ ലോകം അതിന്റെ അന്ത്യത്തിൽ നിന്നും വളരെ അകലെ അല്ല" എന്ന് മെലൻഗ്തൻ പറഞ്ഞു. "ഒരു മടിയും കൂടാതെ, ക്രിസ്തുവിന്റെ വരവ് ഏറ്റവും അനുഗൃഹീത സംഭവമെന്നവണ്ണം ഉത്സാഹഭരിതമായി കാണുവാൻ കാൽവിൻ ക്രിസ്ത്യാനികളെ ആഹ്വാനം ചെയ്യുന്നു;" "വിശ്വസ്തരുടെ കുടുംബം മുഴുവനും ആ ദിവസത്തെ മനസ്സിൽ സൂക്ഷിക്കും" എന്നും പ്രഖ്യാപിക്കുന്നു. "നമ്മുടെ കർത്താവ് അവന്റെ രാജ്യത്തിന്റെ മഹത്വം പൂർണ്ണമായും പ്രകടമാക്കുന്ന ആ ദിനത്തിന്റെ പ്രഭാതംവരെ നാം ക്രിസ്തുവിനുവേണ്ടി ദാഹിക്കുകയും അന്വേഷിക്കുകയും ധ്യാനിക്കുകയും ചെയ്യണമെന്ന്" അവൻ പറയുന്നു – Ibid Pages, 158, 134.

"കർത്താവായ യേശുക്രിസ്തു നമ്മുടെ മാംസത്തെ സ്വർഗ്ഗത്തിലേക്കു വഹിച്ചുകൊണ്ട് പോയില്ലയോ?" "അവൻ തിരിച്ചുവരുകയില്ലയോ?" Knox,the Scotch Reformer. സത്യത്തിനുവേണ്ടി ജീവൻ ബലിയർപ്പിച്ച റിഡ്‌ലിയും ലാറ്റിമറും വിശ്വാസത്തോടുകൂടി അവന്റെ വരവിനെ നോക്കിപ്പാർത്തു. റിഡ്‌ലി ഇപ്രകാരം എഴുതി: "ലോകം അതിന്റെ അന്ത്യത്തിലേക്കു നീങ്ങിക്കൊണ്ടിരിക്കുന്നു. ഇത് ഞാൻ വിശ്വസിക്കുന്നതുകൊണ്ടാണ് പറയുന്നത്. അതുകൊണ്ട് കർത്താവിന്റെ ദാസനായ യോഹന്നാനോടൊപ്പം കർത്താവായ യേശുവേ വരേണമേ എന്ന് ഞാൻ ഹൃദയാന്തർഭാഗത്തുനിന്ന് നിലവിളിക്കുന്നു." – Ibid, pages 151, 145.

"കർത്താവിന്റെ വരവിന്റെ ചിന്തകൾ എനിക്കു നല്ല മധുരവും സന്തോഷകരവുമാണ്" – Richard Boxter, Works, Vol, 17, p. 555. "ഇത് വിശ്വാസത്തിന്റെ പ്രവൃത്തിയും അവന്റെ പ്രത്യക്ഷതയെ സ്നേഹിക്കുകയും ആ അനുഗൃഹീത പ്രത്യാശയെ നോക്കിപ്പാർക്കുകയും ചെയ്യുന്ന വിശുദ്ധന്മാരുടെ സ്വഭാവവും ആണ്." "പുനരുത്ഥാനത്തിൽ നശിപ്പിക്കപ്പെടേണ്ട അവസാന ശത്രുവാണ് മരണമെങ്കിൽ, പരിപൂർണ്ണവും അവസാനത്തേതുമായ വിജയം വരിക്കുന്ന ക്രിസ്തുവിന്റെ വീണ്ടും വരവിനുവേണ്ടി വിശ്വാസികൾ എത്ര ആത്മാർത്ഥതയോടുകൂടി വാഞ്ഛിക്കുകയും പ്രാർത്ഥിക്കുകയും വേണം" – Ibid., Vol. 17, p. 500. "ഈ ദിവസം വീണ്ടെടുപ്പിനുവേണ്ടിയുള്ള വിശ്വാസികളുടെ സർവ്വ പ്രയത്നത്തിന്റെയും അവരുടെ ആത്മാക്കളുടെ എല്ലാ ആഗ്രഹങ്ങളുടെയും സംരഭങ്ങളുടെയും പൂർത്തീകരണമായതുകൊണ്ട് അവർ വാഞ്ഛിച്ചും പ്രത്യാശവച്ചും കാത്തിരിക്കണം." ഓ ദൈവമേ, ഈ അനുഗൃഹീതനാൾ വേഗമാക്കേണമേ" – Ibid, Vol. 17, pp. 182, 183. അപ്പൊസ്തലിക സഭയുടെയും "മരുഭൂമിയിലെ സഭയുടെയും" നവീകരണക്കാരുടെയും പ്രത്യാശ ഇതായിരുന്നു.

# ചരിത്രത്തിലേക്കുള്ള താക്കോൽ

***കാവൽക്കാരാ, രാത്രി എന്തായി? കാവൽക്കാരാ, രാത്രി എന്തായി? . . . അതിനു കാവൽക്കാരൻ: പ്രഭാതവും രാത്രിയും വന്നിരിക്കുന്നു; നിങ്ങൾക്കു ചോദിക്കണമെങ്കിൽ ചോദിച്ചുകൊൾവിൻ; പോയി വരുവിൻ എന്നു പറഞ്ഞു. യെശ. 21:11,12.***

തുടർന്നുള്ള എല്ലാ ചരിത്രവും എല്ലാ ഭാവിപാഠങ്ങളും വിശദീകരിക്കുന്ന താക്കോലാണ് ക്രിസ്തുവിന്റെ വീണ്ടും വരവിന്റെ പ്രത്യാശയെ സംബന്ധിക്കുന്ന അറിവ്.

“പ്രഭാതവും രാത്രിയും വന്നിരിക്കുന്നു” എന്ന കാവൽക്കാരന്റെ ശബ്ദം എല്ലായിടത്തും കേൾക്കേണ്ടിയിരിക്കുന്നു. കർത്താവിനുവേണ്ടിയുള്ള തയ്യാറെടുപ്പിന്റെ മഹാദിവസത്തിൽ നാം ആയിരിക്കുന്നതുകൊണ്ട് കാഹളം ഒരു നിശ്ചിത ശബ്ദം പുറപ്പെടുവിക്കേണ്ടിയിരിക്കുന്നു.

പ്രവചനത്തിന്റെ സത്യങ്ങൾ ഒരുമിച്ച് ബന്ധിക്കപ്പെട്ടിരിക്കുകയാണ്. നാം അവയെ പഠിക്കുമ്പോൾ പ്രായോഗിക ക്രിസ്തീയ സത്യത്തിന്റെ മനോഹരമായ ഒരു ശേഖരത്തിന് അവ രൂപം കൊടുക്കുന്നു. നാം കൊടുക്കുന്ന ഉപദേശങ്ങളെല്ലാംതന്നെ നാം ദൈവപുത്രന്റെ വരവിനുവേണ്ടി കാത്തിരിക്കുകയും വേല ചെയ്യുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു എന്നു വ്യക്തമായി വെളിപ്പെടുത്തുന്നതിനുവേണ്ടിയുള്ളതാണ്. അവന്റെ വരവാണ് നമ്മുടെ പ്രത്യാശ. നമ്മുടെ എല്ലാ വാക്കുകളോടും പ്രവൃത്തികളോടും നമ്മുടെ എല്ലാ സമ്പർക്കങ്ങളോടും ബന്ധങ്ങളോടും ഈ പ്രത്യാശ ബന്ധിക്കപ്പെടേണ്ടതാണ്....

ജനത്തിന്റെ മുമ്പിൽ എപ്പോഴും വയ്ക്കേണ്ട അത്ഭുതകരമായ വിഷയം ആയിരിക്കണം മനുഷ്യപുത്രന്റെ വീണ്ടും വരവ്. നമ്മുടെ ചർച്ചയിൽനിന്ന് ഒരിക്കലും പുറന്തള്ളപ്പെടുവാൻ പാടില്ലാത്ത ഒരു വിഷയമാണിത്. നിത്യയാഥാർത്ഥ്യങ്ങൾ എപ്പോഴും കൺമുമ്പിൽ ഉണ്ടായിരിക്കണം. ലോകത്തിന്റെ ആകർഷണങ്ങൾ അവ ആയിരിക്കുന്നതുപോലെ, ആകെക്കൂടി മായപോലെ ആദായകരമല്ല എന്നവണ്ണം പ്രത്യക്ഷപ്പെടും. ലോകത്തിന്റെ മായകൾ, സ്തുതികൾ, ധനം, മാനം അഥവാ ഉല്ലാസം എന്നിവയോട് നാം എന്താണ് ചെയ്യേണ്ടത്?

നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ മഹത്വ പ്രത്യക്ഷതയായ അനുഗൃഹീത പ്രത്യാശയ്ക്കായി കാത്തിരിക്കുകയും ആശിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്ന അന്യരും പരദേശികളുമാണ് നാം. നാമിതു വിശ്വസിക്കുകയും നമ്മുടെ പ്രായോഗിക ജീവിതത്തിൽ കൊണ്ടുവരുകയും ചെയ്യുകയാണെങ്കിൽ, ഈ പ്രത്യാശയും വിശ്വാസവും നൽകുന്ന പ്രചോദനം എത്ര ശക്തമായിരിക്കും; അന്യോന്യമുള്ള സ്നേഹം എത്ര തീക്ഷ്ണമായിരിക്കും; ദൈവമഹത്വത്തിനായി എത്ര ശ്രദ്ധയോടുകൂടിയ പരിശുദ്ധ ജീവിതമായിരിക്കും നയിക്കുക; പ്രതിഫലത്തിനായുള്ള നമ്മുടെ പരിഗണനയിൽ നാമും ലോകവും തമ്മിലുള്ള വേർതിരിവിന്റെ വര എത്ര വ്യക്തമായിരിക്കും....

ക്രിസ്തുവിന്റെ വരവ് എന്ന സത്യം ഓരോ മനസ്സിന്റെയും മുമ്പിൽ എപ്പോഴുമുണ്ടായിരിക്കണം.





# സമാന്തരമായ നിരാശകൾ

***സഹിഷ്ണത കാണിച്ചവരെ നാം ഭാഗ്യവാന്മാർ എന്നു പുകഴ്ത്തുന്നു. യോബിന്റെ സഹിഷ്ണത നിങ്ങൾ കേട്ടും കർത്താവു വരുത്തിയ അവസാനം കണ്ടുമിരിക്കുന്നു; കർത്താവു മഹാ കരുണയും മനസ്സലിവുമുള്ളവനല്ലോ. യാക്കോബ് 5:11.***

ദൈവത്തിന്റെ ശുശ്രൂഷകന്മാർപോലും വചനത്തിൽ വെളിപ്പെടുത്തിയിരിക്കുന്ന വൻ കാര്യങ്ങളെ ഭാഗികമായി മാത്രം ഗ്രഹിക്കത്തക്കവിധം മാനുഷിക അഭിപ്രായങ്ങൾ, പാരമ്പര്യങ്ങൾ, തെറ്റായ പഠിപ്പിക്കലുകൾ എന്നിവയാൽ അന്ധകാരമാക്കപ്പെട്ടിരിക്കുന്നു. രക്ഷകൻ വ്യക്തിപരമായി ശിഷ്യന്മാരുടെ ഇടയിൽ ഉണ്ടായിരുന്നിട്ടും അവന്റെ ശിഷ്യന്മാരും അങ്ങനെതന്നെയായിരുന്നു. യിസ്രായേലിനെ ഒരു സാർവ്വദേശീയ സാമ്രാജ്യമായി ഉയർത്തുന്ന ഒരു താൽക്കാലിക രാജാവ് എന്നവണ്ണമുള്ള ജനത്തിന്റെ ഒരു നിഗമനത്താൽ അവരുടെ മനസ്സ് നിറയപ്പെടുകയും അവന്റെ പങ്കപ്പാടുകളെയും മരണത്തെയും പറ്റി മുൻകൂട്ടി പറയപ്പെട്ടിരുന്ന പ്രവചനങ്ങളുടെ അർത്ഥം ഗ്രഹിക്കുവാൻ കഴിയാതെയും വന്നു....

ജനനം മുതൽ തന്നെ അവർ ആശിച്ചിരുന്ന ഒരു ഭൗമിക സാമ്രാജ്യത്തിന്റെ മഹത്വം അവരുടെ ഹൃദയത്തെ നിറയ്ക്കുകയും അത് അവരുടെ ഗ്രഹണശക്തിയെ അന്ധത പിടിപ്പിക്കുകയും ചെയ്തു.

യേശുവിന്റെ ഒന്നാം വരവിങ്കൽ “രാജ്യത്തിന്റെ സുവിശേഷം” പ്രസംഗിച്ച ശിഷ്യന്മാരുടെ അനുഭവത്തിന് പുനരാഗമന ദൂത് ഘോഷിച്ചവരുടെ അനുഭവത്തിൽ അതിന്റെ ഒരു മറുഭാഗം ഉണ്ടായിരുന്നു....

ആദ്യശിഷ്യന്മാരെപ്പോലെ, വില്യം മില്ലറും കൂട്ടരും പ്രസംഗിച്ച ദൂതിനെ അവർതന്നെ പൂർണ്ണമായി ഗ്രഹിച്ചില്ല. പ്രവചനത്തിലെ ഒരു പ്രധാന വിഷയത്തെ സംബന്ധിച്ച ശരിയായ വിശദീകരണത്തെ മനസ്സിലാക്കുന്നതിൽനിന്നും ദീർഘനാളുകൾകൊണ്ട് സഭയിൽ സ്ഥാപിതമായിരുന്ന തെറ്റുകൾ അവരെ തടസ്സപ്പെടുത്തിയിരുന്നു. അതുകൊണ്ട് ലോകത്തിനു കൊടുക്കേണ്ടിയിരുന്നതും ദൈവം അവരെ ഭരമേല്പിച്ചിരുന്നതുമായ ദൂത് അവർ ഘോഷിച്ചുയെങ്കിലും അതിന്റെ അർത്ഥത്തെ തെറ്റായി മനസ്സിലാക്കിയതുകാരണം അവർ നിരാശപ്പെടേണ്ടിവന്നു....

ആദ്യശിഷ്യന്മാർക്കെന്നപ്പോലെ ഈ വിശ്വാസികൾക്കും അവരുടെ പരീക്ഷാകാലത്തുണ്ടായിരുന്ന ഇരുളടഞ്ഞ മനസ്സിലാക്കൽ പിന്നീട് വ്യക്തമാക്കപ്പെട്ടു. അവരുടെ തെറ്റുകൾ കാരണമാണ് കഷ്ടതകൾ ഉണ്ടായത് എന്നുവരികിലും അവരോടുള്ള അവന്റെ സ്നേഹത്തിന്റെ ഉദ്ദേശ്യം ഉറപ്പോടുകൂടി നിറവേറുകയായിരുന്നു എന്നു അവർ അറിയും. അവന്റെ ഉടമ്പടിയും സാക്ഷ്യവും പരിരക്ഷിക്കുന്നവന്റെ എല്ലാ വഴികളിലും അവൻ കരുണയും വിശ്വസ്തതയും മഹാ കരുണയും മനസ്സലിവുമുള്ളവനാണെന്നു അനുഭവത്തിലൂടെ അവർ പഠിക്കും.

# താഴ്മയുള്ള മനുഷ്യർ ദൂതു ഘോഷിക്കുന്നു

***പ്രവാചകവാക്യവും അധികം സ്ഥിരമായിട്ടു നമുക്കുണ്ട്. നേരം വെളുക്കുകയും നിങ്ങളുടെ ഹൃദയങ്ങളിൽ ഉദയനക്ഷത്രം ഉദിക്കുകയും ചെയ്‌വോളം ഇരുണ്ട സ്ഥലത്തു പ്രകാശിക്കുന്ന വിളക്കുപോലെ അതിനെ കരുതിക്കൊണ്ടാൽ നന്നു. 2 പത്രൊ. 1:19.***

വെളിപ്പാട് 14:6,7 എന്നീ വാക്യങ്ങളിൽ കാണുന്ന ദൂത് "നിത്യസുവിശേഷ"ത്തിന്റെ ഒരു ഭാഗമാണെന്ന് പ്രഖ്യാപിക്കപ്പെട്ടിരിക്കുന്നു. സുവിശേഷമറിയിക്കുക എന്ന വേല ദൂതന്മാരെയല്ല മനുഷ്യരെയാണ് ഏല്പിച്ചിരിക്കുന്നത്. ഈ വേലയെ നയിക്കുന്നതിന് പരിശുദ്ധ മാലാഖമാരെ നിയോഗിച്ചിട്ടുണ്ട്. മനുഷ്യരുടെ രക്ഷയ്ക്കുവേണ്ടിയുള്ള ഈ മഹാപ്രസ്ഥാനം അവരുടെ ചുമതലയിലിരിക്കുന്നു; എന്നാൽ യഥാർത്ഥ സുവിശേഷ ഘോഷണം നടത്തേണ്ടത് ഭൂമിയിലുള്ള ക്രിസ്തുവിന്റെ ദാസന്മാരാണ്.

പരിശുദ്ധാത്മാവിന്റെ പ്രേരണയോടെയും ദൈവവചനത്തിന്റെ ഉപദേശങ്ങളോടെയും അനുസരണയുള്ള വിശ്വസ്തരായ മനുഷ്യർ ലോകത്തോട് ഈ ദൂത് അറിയിക്കേണ്ടിയിരിക്കുന്നു. "പ്രവാചകവാക്യവും അധികം സ്ഥിരമായിട്ടു നമുക്കുണ്ടു. നേരം വെളുക്കുകയും നിങ്ങളുടെ ഹൃദയങ്ങളിൽ ഉദയനക്ഷത്രം ഉദിക്കയും ചെയ്‌വോളം ഇരുണ്ട സ്ഥലത്തു പ്രകാശിക്കുന്ന വിളക്കുപോലെ അതിനെ കരുതിക്കൊണ്ടാൽ നന്ന്" (2 പത്രൊ. 1:19) എന്ന പ്രവചനത്തിനു ചെവികൊടുത്തവരാണ് അവർ. "അതിന്റെ സമ്പാദനം വെള്ളിയുടെ സമ്പാദനത്തിലും അതിന്റെ ലാഭം തങ്കത്തിലും നല്ലത്" എന്ന് എണ്ണിക്കൊണ്ട് ഒളിച്ചുവയ്ക്കപ്പെട്ട എല്ലാ നിധികളെക്കാളും കൂടുതലായി ദൈവിക പരിജ്ഞാനം അവർ അന്വേഷിക്കുകയായിരുന്നു (സദൃശ. വാ. 3:14) രാജ്യത്തിന്റെ വൻ കാര്യങ്ങളെ ദൈവം അവർക്കു വെളിപ്പെടുത്തിക്കൊടുത്തു. "യഹോവയുടെ സഖിത്വം തന്റെ ഭക്തന്മാർക്കു ഉണ്ടാകും; അവൻ തന്റെ നിയമം അവരെ അറിയിക്കുന്നു (സങ്കീ. 25:14).

ഈ സത്യത്തെ ഗ്രഹിച്ചതും അതിന്റെ ഘോഷണത്തിൽ പങ്കുചേർന്നതും പണ്ഡിതരായ വേദശാസ്ത്രജ്ഞരായിരുന്നില്ല. ബുദ്ധിയോടെയും പ്രാർത്ഥനയോടെയും വചനം അന്വേഷിക്കുന്നവർ ആയിരുന്നുവെങ്കിൽ രാത്രിയുടെ കാലം അവർ അറിയുമായിരുന്നു; പെട്ടെന്നു സംഭവിക്കുവാനിരുന്ന കാര്യങ്ങളെ പ്രവചനം അവർക്കു തുറന്നുകൊടുക്കുമായിരുന്നു. എന്നാൽ ആ ഒരു അനുഭവത്തിലേക്ക് അവർ വന്നില്ല. താഴ്മ ധരിച്ച മനുഷ്യർക്കു ദൂത് കൊടുക്കുകയുണ്ടായി. യേശു ഇങ്ങനെ പറഞ്ഞു: "ഇരുൾ നിങ്ങളെ പിടിക്കാതിരിപ്പാൻ നിങ്ങൾക്കു വെളിച്ചം ഉള്ളേടത്തോളം നടന്നുകൊൾവിൻ." ദൈവം തന്നിരിക്കുന്ന വെളിച്ചത്തിൽനിന്നും തിരിഞ്ഞു അകലുന്നവർ അല്ലെങ്കിൽ അവർക്കു എത്താകുന്ന അവസ്ഥയിലായിരിക്കുന്നതിനെ അവഗണിക്കുന്നവർ അന്ധകാരത്തിൽ അകപ്പെട്ടുപോകുന്നു. എന്നാൽ രക്ഷകൻ ഇപ്രകാരം പറയുന്നു: "എന്നെ അനുഗമിക്കുന്നവൻ ഇരുളിൽ നടക്കാതെ ജീവന്റെ വെളിച്ചമുള്ളവൻ ആകും" യോഹ. 8:12. അവന്റെ ഹിതം നിറവേറ്റുക എന്ന ഏക ലക്ഷ്യത്തോടുകൂടി ജീവിക്കുകയും അവർക്കു ലഭിച്ച ആത്മാർത്ഥതയോടുകൂടി കീഴ്പ്പെടുകയും ചെയ്യുന്നവർ ശ്രേഷ്ഠമായ വെളിച്ചം പ്രാപിക്കും; അങ്ങനെയുള്ളവരെ സകല സത്യത്തിലേക്കും നയിക്കുന്നതിന് സ്വർഗ്ഗീയ തേജസ്സിന്റെ ചില നക്ഷത്രത്തെ അയച്ചുകൊടുക്കും.





# സത്യം ജയിക്കും

***"സമുദ്രത്തിന്മേലും ഭൂമിമേലും നിൽക്കുന്നവനായി ഞാൻ കണ്ട ദൂതൻ വലങ്കൈ ആകാശത്തേക്കു ഉയർത്തി: ഇനി കാലം ഉണ്ടാകയില്ല. വെളി. 10:5,6.***

ന്യായവിധിയുടെ നാഴിക വന്നിരിക്കുന്നു എന്ന് ഘോഷിക്കപ്പെടുന്ന വെളിപ്പാടു 14-ലെ ദൂത് നൽകപ്പെട്ടിരിക്കുന്നത് അന്ത്യകാലത്താണ്; വെളിപ്പാട് 10-ാം അദ്ധ്യായത്തിലെ ദൂതൻ ഒരു കാൽ സമുദ്രത്തിന്മേലും ഒരു കാൽ ഭൂമിമേലും വച്ചിരിക്കുന്നതിനെ സൂചിപ്പിക്കുന്നത്, ഈ ദൂത് കടലും കരയും കടന്ന് സമുദ്രത്തിലെ ദീപുകളിൽപോലും പ്രസംഗിക്കപ്പെടുകയും അന്ത്യമുന്നറിയിപ്പിൻ ദൂതായി ജനം അത് കേൾക്കുമെന്നുമാണ്....

"സമുദ്രത്തിന്മേലും ഭൂമിമേലും നില്ക്കുന്നവനായി ഞാൻ കണ്ട ദൂതൻ വലങ്കൈ ആകാശത്തേക്കു ഉയർത്തി: ഇനി കാലം ഉണ്ടാകയില്ല; ഏഴാമത്തെ ദൂതൻ കാഹളം ഊതുവാനിരിക്കുന്ന നാദത്തിന്റെ കാലത്ത് ദൈവത്തിന്റെ മർമ്മം അവൻ തന്റെ ദാസന്മാരായ പ്രവചാകന്മാർക്കു അറിയിച്ചുകൊടുത്തതുപോലെ നിവൃത്തിയാകുമെന്ന് ആകാശവും അതിലുള്ളതും ഭൂമിയും അതിലുള്ളതും സമുദ്രവും അതിലുള്ളതും സൃഷ്ടിച്ചവനായി എന്നെന്നേക്കും ജീവിച്ചിരിക്കുന്നവനെച്ചൊല്ലി സത്യംചെയ്തു." (വെളി. 10:5,6). പ്രവാചക കാലഘട്ടത്തിന്റെ അന്ത്യത്തെയാണ് ഈ ദൂത് വിളിച്ചറിയിക്കുന്നത്. 1844-ൽ യേശു വരുമെന്ന ദൃഢവിശ്വാസത്തോടുകൂടി കാത്തിരുന്നവരുടെ നിരാശ വാസ്തവത്തിൽ കയ്പേറിയതായിരുന്നു. ഇങ്ങനെയൊരു നിരാശയുണ്ടാകണമെന്നത് ദൈവത്തിന്റെ ക്രമീകരണത്തിൽ ഉണ്ടായിരുന്നു.

ദൈവം ഒരുക്കാത്തതായ ഒരു മേഘവും അവന്റെ സഭയുടെ മേൽ വന്നില്ല; ദൈവം മുൻകൂട്ടി കാണാത്ത എതിർപ്പിന്റെ ഒരു ശക്തിയും അവന്റെ വേലയ്ക്കെതിരെ പ്രവർത്തിക്കുവാൻ എഴുന്നേറ്റിട്ടില്ല. അവന്റെ പ്രവാചകന്മാരിലൂടെ മുൻകൂട്ടി പറയപ്പെട്ടിരുന്നവയെല്ലാം അതുപോലെതന്നെ സംഭവിച്ചു. അവൻ തന്റെ സഭയെ അന്ധകാരത്തിൽ ഉപേക്ഷിച്ചില്ല, എന്നാൽ എന്തു സംഭവിക്കുമെന്ന പ്രവാചക പ്രഖ്യാപനങ്ങളിലൂടെ അവൻ വരച്ചുകാട്ടുകയും അവന്റെ നടത്തിപ്പിലൂടെ, ലോകചരിത്രത്തിൽ നിയോഗിക്കപ്പെട്ട ഇടത്തുതന്നെ പ്രവർത്തിച്ചുകൊണ്ട് മുൻകൂട്ടി പറയുവാൻ പ്രവാചകന്മാരെ പരിശുദ്ധാത്മാവ് പ്രചോദിപ്പിച്ചവ അവൻ സംഭവിപ്പിക്കുകയും ചെയ്തു. അവന്റെ ഉദ്ദേശ്യങ്ങളെല്ലാം നിറവെറ്റപ്പെടുകയും സ്ഥാപിക്കപ്പെടുകയും ചെയ്യും. അവന്റെ കല്പനയെ അവന്റെ സിംഹാസനത്തോടു യോജിച്ചിപ്പിച്ചിരിക്കുന്നു. മാനുഷിക ശക്തികളാൽ ചേർക്കപ്പെട്ട സാത്താന്യ ശക്തികൾക്ക് അവയെ നശിപ്പിക്കുവാൻ കഴിയുകയില്ല. സത്യം ആത്മപ്രേരിതവും ദൈവത്താൽ സംരക്ഷിക്കപ്പെട്ടിരിക്കുന്നതുമാണ്. ചില സന്ദർഭങ്ങളിൽ നിഴലിലായിരിക്കുന്നതുപോലെ കാണപ്പെടുമെങ്കിലും അത് ജീവിക്കുകയും ജയിക്കുകയും ചെയ്യും. കല്പന സ്വഭാവത്തിൽ ശ്രേഷ്ഠമാക്കപ്പെടുന്നതാണ് ക്രിസ്തുവിന്റെ സുവിശേഷം. അതിനെതിരെ നടത്തുന്ന വഞ്ചനകളും വ്യാജോപദേശങ്ങളെ ഉയർത്തിക്കാണിക്കുന്നതിനുപയോഗിക്കുന്ന ഓരോ തന്ത്രവും സാത്താന്യശക്തികളാൽ രൂപം കൊടുക്കപ്പെടുന്ന ഓരോ തെറ്റും അവസാനം നിത്യമായി തകർക്കപ്പെടുകയും സത്യത്തിന്റെ ജയം മദ്ധ്യാഹ്നത്തിൽ സൂര്യൻ പ്രത്യക്ഷപ്പെടുന്നതുപോലെ ആയിരിക്കുകയും ചെയ്യും.

# നമ്മുടെ കർത്താവിന്റെ വരവിനെ ബദ്ധപ്പെടുത്തുക

***കർത്താവ് ഭൂമിയിൽ തന്റെ വചനം നിവർത്തിച്ചു ക്ഷണത്തിൽ തീർക്കും. റോമർ 9:28.***

യെരുശലേമിന്റെ നാശത്തെപ്പറ്റിയുള്ള യേശുവിന്റെ പ്രവചനത്തിൽ അവൻ ഇപ്രകാരം പറഞ്ഞു: “അധർമ്മം പെരുകുന്നതുകൊണ്ട് അനേകരുടെ സ്നേഹം തണുത്തുപോകും. എന്നാൽ അവസാനത്തോളം സഹിച്ചുനില്ക്കുന്നവൻ രക്ഷിക്കപ്പെടും. രാജ്യത്തിന്റെ ഈ സുവിശേഷം സകല ജാതികൾക്കും സാക്ഷ്യമായി ഭൂലോകത്തിൽ ഒക്കെയും പ്രസംഗിക്കപ്പെടും; അപ്പോൾ അവസാനം വരും.” മത്തായി 24:12-14. ഈ പ്രവചനം വീണ്ടും നിറവേറപ്പെടും. അന്നു വർദ്ധിച്ചുവന്നിരുന്ന ദുഷ്ടതയ്ക്ക് ഈ തലമുറയിൽ ഒരു മറുഭാഗം കണ്ടെത്തുന്നു. അതുപോലെതന്നെയാണ് ദൂത് അറിയിക്കുന്നതിനെ സംബന്ധിച്ചും മുൻകൂട്ടി പറയപ്പെട്ടിരിക്കുന്നത്. യെരുശലേമിന്റെ വിഴ്ചയ്ക്കുമുമ്പ്, “ആകാശത്തിൻകീഴെ സകല സൃഷ്ടികളുടെയും ഇടയിൽ” വചനം ഘോഷിച്ചു എന്ന് ആത്മപ്രേരിതനായി പൗലോസ് പ്രഖ്യാപിച്ചു (കൊലൊ. 1:23). അതുകൊണ്ട് ഇപ്പോൾ മനുഷ്യപുത്രൻ വരുന്നതിനുമുമ്പ് നിത്യസുവിശേഷം ഭൂവാസികളായ സകല ജാതിയും ഗോത്രവും ഭാഷയും വംശവും ആയവരോട്” പ്രസംഗിക്കപ്പെടണം (വെളി. 14:6). “ലോകത്തെ നീതിയിൽ ന്യായം വിധിപ്പാൻ അവൻ ഒരു ദിവസത്തെ നിശ്ചയിച്ചു” (അ.പ്ര. 17:31). ആ ദിവസം വരുമ്പോൾ സകല ലോകവും മാനസാന്തരപ്പെടുമെന്ന് ക്രിസ്തു പറയുന്നില്ല, എന്നാൽ “രാജ്യത്തിന്റെ ഈ സുവിശേഷം സകല ജാതികൾക്കും സാക്ഷ്യമായി ഭൂലോകത്തിൽ ഒക്കെയും പ്രസംഗിക്കപ്പെടും; അപ്പോൾ അവസാനം വരും” എന്നു പറയുന്നു. ലോകം മുഴുവനും സുവിശേഷം അറിയിക്കുന്നതിലൂടെ കർത്താവിന്റെ വരവിനെ ബദ്ധപ്പെടുത്തുക എന്നത് നമ്മുടെ കരങ്ങളിലാണ്. യേശുവിന്റെ വരവിനെ കാത്തിരിക്കുക മാത്രമല്ല, ബദ്ധപ്പെടുത്തുകയും വേണം (2 പത്രൊ. 3:12). ദൈവം നിയോഗിച്ചപ്രകാരം സഭ വേലചെയ്തിരുന്നുവെങ്കിൽ ഇതിനുമുമ്പുതന്നെ ലോകത്തിനു മുന്നറിയിപ്പു കൊടുക്കുകയും യേശു തന്റെ മഹത്വത്തിലും അധികാരത്തിലും നമ്മുടെ ഭൂമിയിലേക്കു വരുകയും ചെയ്യുമായിരുന്നു.

അവിശ്വാസം, ലൗകികത, സമർപ്പണമില്ലായ്മ, ദൈവജനമെന്നഭിമാനിക്കുന്നവരുടെ ഇടയിലുള്ള കുഴപ്പം എന്നിവയാണ് പാപവും ദുഃഖവും നിറഞ്ഞ ഈ ലോകത്തിൽ നാം ദീർഘനാൾ ആയിരിക്കുവാൻ ഇടയാക്കിയിരിക്കുന്നത്....

യിസ്രായേൽ മക്കളെപ്പോലെ സമർപ്പണമില്ലായ്മ കാരണം നാം അനേകനാൾ ഈ ഭൂമിയിൽ ആയിരിക്കേണ്ടി വന്നേക്കാം; എന്നാൽ ക്രിസ്തുവിനുവേണ്ടി അവന്റെ ജനം അവരുടെ സ്വന്തം പ്രവൃത്തികളുടെ അനന്തരഫലത്തിനു ദൈവത്തെ പഴിചാരിക്കൊണ്ട് പാപത്തോടു പാപം കൂട്ടിച്ചേർക്കുവാൻ പാടില്ല.





# മൂന്നാം ദൂതന്റെ അന്ത്യമുന്നറിയിപ്പുകൾ

***അനന്തരം ഞാൻ വലിയ അധികാരമുള്ള മറ്റൊരു ദൂതൻ സ്വർഗ്ഗത്തിൽനിന്നു ഇറങ്ങുന്നതു കണ്ടു; അവന്റെ തേജസ്സിനാൽ ഭൂമി പ്രകാശിച്ചു. വെളി. 18:1.***

മൂന്നാം ദൂതന്റെ ദൂതുഘോഷണത്തിൽ ചേർന്ന ദൂതൻ ഭൂമി മുഴുവനും അവന്റെ മഹത്വത്താൽ പ്രകാശമാനമാക്കി. ലോകവ്യാപകമായ ഒരു വേലയെയും പരിചയം നേടാത്ത ശക്തിയെയുമാണ് ഇവിടെ മുൻകൂട്ടി പറഞ്ഞിരിക്കുന്നത്. 1840-44-ലെ പുനരാഗമനപ്രസ്ഥാനം ദൈവശക്തിയുടെ മഹത്വകരമായ ഒരു പ്രകടനമായിരുന്നു; ലോകത്തിലെ ഓരോ മിഷനറി കേന്ദ്രത്തിലേക്കും ഒന്നാം ദൂതന്റെ ദൂത് എത്തുകയും ചില രാജ്യങ്ങളിൽ ആറാം നൂറ്റാണ്ടിലെ നവോത്ഥാനത്തിനുശേഷം ഒരു രാജ്യത്തും ഉണ്ടാകാത്തവിധം മതപരമായ ഏറ്റവും വലിയ താല്പര്യം ഉണ്ടാകുകയും ചെയ്തു. എന്നാൽ ഇത് മൂന്നാം ദൂതന്റെ അന്ത്യമുന്നറിയിപ്പിൻകീഴിൽ ശക്തിയേറിയ പ്രസ്ഥാനത്താൽ മുന്നേറേണ്ടതായിരുന്നു....

സുവിശേഷത്തിന്റെ മഹാവേല, അത് ആരംഭിച്ചപ്പോഴുണ്ടായിരുന്നതിനെക്കാളും ദൈവശക്തിയുടെ കുറഞ്ഞ പ്രകടനത്തോടുകൂടി അവസാനിക്കേണ്ടതല്ല. സുവിശേഷത്തിന്റെ ആരംഭത്തിൽ മുന്മഴയുടെ വർഷത്തോടുകൂടി നിറവേറിയ പ്രവചനങ്ങൾ അതിന്റെ അവസാനത്തിലും പിന്മഴയുടെ അനുഭവത്തോടുകൂടി നിറവേറപ്പെടും....

വിശുദ്ധ സമർപ്പണത്താൽ പ്രകാശമാനമാകുകയും ശോഭിക്കുകയും ചെയ്യുന്ന മുഖത്തോടുകൂടി ദൈവദാസന്മാർ ഒരുസ്ഥലത്തുനിന്നും മറ്റൊരു സ്ഥലത്തേക്കു ബദ്ധപ്പെട്ടോടി സ്വർഗ്ഗീയ ദൂതു ഘോഷിക്കും. ആയിരക്കണക്കിനുള്ള സ്വരത്താൽ മുന്നറിയിപ്പിന്റെ ദൂത് ലോകം മുഴുവനും കൊടുക്കപ്പെടും. അത്ഭുതങ്ങൾ നടക്കും. രോഗികൾ സൗഖ്യമാകും. അത്ഭുതങ്ങളും അടയാളങ്ങളും വിശ്വാസികളെ പിൻപറ്റും. മനുഷ്യർ കാൺകെ ആകാശത്തുനിന്നു തീയിറങ്ങുമാറ് സാത്താനും അത്ഭുതങ്ങൾ പ്രവർത്തിക്കും (വെളി. 13:13). അങ്ങനെ ഭൂവാസികൾ ഒരു നിലപാട് എടുക്കേണ്ടി വരുന്നു....

സുവിശേഷ വേലക്കാർ വിതരണം ചെയ്ത പ്രസിദ്ധീകരണങ്ങൾ അനേകരിൽ അവയുടെ സ്വാധീനം ഉണ്ടാക്കുവാൻ പ്രയത്നിച്ചുവെങ്കിലും അവരിൽ അനേകരും സത്യം പൂർണ്ണമായി ഗ്രഹിക്കാതവണ്ണം തടയപ്പെടുകയോ അനുസരണത്തിനു വഴിപ്പെടുകയോ ചെയ്യാതെ പോയിരുന്നു. പ്രകാശരശ്മികൾ ഇപ്പോൾ എല്ലായിടവും കടന്നുചെല്ലുന്നു. സത്യം അതിന്റെ വ്യക്തതയിൽ കാണപ്പെടുന്നു. വിശ്വസ്തരായ ദൈവമക്കൾ അവരെ പിടിച്ചുവച്ചിരുന്ന ബന്ധനങ്ങളെ വേർപെടുത്തുന്നു. കുടുംബ കെട്ടുപാടുകളും സഭാബന്ധങ്ങളും അവരെ ഉറപ്പിക്കുവാൻ പര്യാപ്തമല്ലാതെവരുന്നു. സാത്താന്യശക്തികൾ ഒരുമിച്ച് സത്യത്തിനെതിരെ അണിനിരക്കുമെങ്കിലും വലിയൊരുകൂട്ടം ജനം ദൈവപക്ഷത്തു ചേർന്നുകൊണ്ടിരിക്കും.

# അവൻ എന്നെന്നേക്കും വാഴും

***ഏഴാമത്തെ ദൂതൻ ഊതിയപ്പോൾ: ലോകരാജത്വം നമ്മുടെ കർത്താവിനും അവന്റെ ക്രിസ്തുവിനും ആയിത്തീർന്നിരിക്കുന്നു; അവൻ എന്നെന്നേക്കും വാഴും എന്നു സ്വർഗ്ഗത്തിൽ ഒരു മഹാഘോഷം ഉണ്ടായി. വെളി. 11:15.***

യേശുക്രിസ്തു നീതിയോടെ രാജ്യം ഭരിക്കുവാൻ വരുന്നു എന്നത് വിശുദ്ധ എഴുത്തുകാരുടെ ഉന്നതവും ദൃഢവുമായ ഒരു പ്രചോദനമായിരുന്നു. യിസ്രായേലിലെ രാജാവിന്റെ മഹത്വത്തെയും അധികാരത്തെയും പറ്റി സങ്കീർത്തനക്കാരൻ ഇങ്ങനെ പാടി: "ആകാശം സന്തോഷിക്കയും ഭൂമി ആനന്ദിക്കയും സമുദ്രവും അതിന്റെ നിറവും മുഴങ്ങുകയും ചെയ്യട്ടെ. വയലും അതിലുള്ളതൊക്കെയും അഹ്ലാദിക്കട്ടെ; അപ്പോൾ കാട്ടിലെ സകല വൃക്ഷങ്ങളും ഉല്ലസിച്ചു ഘോഷിക്കും. യഹോവയുടെ സന്നിധിയിൽ തന്നെ; അവൻ വരുന്നുവല്ലോ; അവൻ ഭൂമിയെ വിധിപ്പാൻ വരുന്നു; ഭൂലോകത്തെ നീതിയോടും ജാതികളെ വിശ്വസ്തതയോടുകൂടെ വിധിക്കും." സങ്കീ. 96:11–13.

"അവൻ മരണത്തെ സദാകാലത്തേക്കും നീക്കിക്കളയും; യഹോവയായ കർത്താവു സകല മുഖങ്ങളിലും നിന്നു കണ്ണുനീർ തുടെക്കയും തന്റെ ജനത്തിന്റെ നിന്ദ സകല ഭൂമിയിലും നിന്നു നീക്കിക്കളകയും ചെയ്യും. യഹോവയല്ലോ അരുളിച്ചെയ്തിരിക്കുന്നത്" എന്ന് യെശയ്യാവു പറയുന്നു (യെശ. 25:8).

ശിഷ്യന്മാരിൽനിന്നു രക്ഷകൻ പിരിയുവാൻ സമയമായപ്പോൾ അവരുടെ ദുഃഖത്തിൽ അവരെ ആശ്വസിപ്പിക്കുന്നതിന് അവൻ വീണ്ടും വരുമെന്നുള്ള ഉറപ്പു നൽകി: "നിങ്ങളുടെ ഹൃദയം കലങ്ങിപ്പോകരുത്; ദൈവത്തിൽ വിശ്വസിപ്പിൻ, എന്നിലും വിശ്വസിപ്പിൻ. എന്റെ പിതാവിന്റെ ഭവനത്തിൽ അനേകം വാസസ്ഥലങ്ങൾ ഉണ്ട്; ഇല്ലെങ്കിൽ ഞാൻ നിങ്ങളോടു പറയുമായിരുന്നു. ഞാൻ നിങ്ങൾക്കു സ്ഥലം ഒരുക്കുവാൻ പോകുന്നു. ഞാൻ പോയി നിങ്ങൾക്കു സ്ഥലം ഒരുക്കിയാൽ, ഞാൻ ഇരിക്കുന്ന ഇടത്തു നിങ്ങളും ഇരിക്കേണ്ടതിനു പിന്നെയും വന്നു നിങ്ങളെ എന്റെ അടുക്കൽ ചേർത്തുകൊള്ളും" യോഹ. 14:1–3.

യേശുവിന്റെ സ്വർഗ്ഗാരോഹണത്തിനുശേഷം ഒലിവുമലയിൽ ചുറ്റിപ്പറ്റിയ ദൂതന്മാർ അവന്റെ മടങ്ങിവരവിന്റെ വാഗ്ദത്തം ശിഷ്യന്മാരോട് ആവർത്തിച്ചു: "നിങ്ങളെ വിട്ടു സ്വർഗ്ഗാരോഹണം ചെയ്ത ഈ യേശുവിനെ സ്വർഗ്ഗത്തിലേക്കു പോകുന്നവനായി നിങ്ങൾ കണ്ടതുപോലെ തന്നെ അവൻ വീണ്ടും വരും എന്നു പറഞ്ഞു" അ.പ്ര. 1:11. ആത്മപ്രേരിതനായി അപ്പൊസ്തലനായ പൗലൊസ് ഈ വണ്ണം സാക്ഷീകരിച്ചു: "കർത്താവു താൻ ഗംഭീരനാദത്തോടും പ്രധാന ദൂതന്റെ ശബ്ദത്തോടും ദൈവത്തിന്റെ കാഹളത്തോടുംകൂടെ സ്വർഗ്ഗത്തിൽനിന്നും ഇറങ്ങിവരും" (1 തെസ്സ. 4:16). പത്മൊസ് ദ്വീപിൽ വച്ച് വി. യോഹന്നാൻ ഇങ്ങനെ പറഞ്ഞു: "ഇതാ, അവൻ മേഘാരൂഢനായി വരുന്നു; ഏതു കണ്ണും അവനെ കുത്തിത്തുളച്ചവരും അവനെ കാണും" (വെളി. 1:7).

"ദൈവം ലോകാരംഭം മുതൽ തന്റെ വിശുദ്ധ പ്രവാചകന്മാർ മുഖാന്തരം അരുളിച്ചെയ്തതു ഒക്കെയും യഥാസ്ഥാനത്താകുന്ന കാലം വരുവോളം സ്വർഗ്ഗം അവനെ കൈക്കൊള്ളേണ്ടതാകുന്നു" (അ.പ്ര. 3:21). അപ്പോൾ ദീർഘനാളത്തെ തിന്മയുടെ ഭരണം തകർക്കപ്പെടും; "ലോകരാജത്വം നമ്മുടെ കർത്താവിനും അവന്റെ ക്രിസ്തുവിനും ആയിത്തീർന്നിരിക്കുന്നു; അവൻ എന്നെന്നേക്കും വാഴും" വെളി. 11:15.





# ഏലിയാവു പ്രവചനം

***യഹോവയുടെ വലുതും ഭയങ്കരവുമായ നാൾ വരുന്നതിനുമുമ്പെ ഞാൻ നിങ്ങൾക്കു ഏലിയാപ്രവാചകനെ അയക്കും. ഞാൻ വന്നു ഭൂമിയെ സംഹാരശപഥംകൊണ്ടു ദണ്ഡിപ്പിക്കാതിരിക്കേണ്ടതിനു അവൻ അപ്പന്മാരുടെ ഹൃദയം മക്കളോടും മക്കളുടെ ഹൃദയം അപ്പന്മാരോടും നിരപ്പിക്കും. മലാഖി. 4:5,6.***

യേശുവിന്റെ ഒന്നാം വരവിൽ അവനു വഴിയൊരുക്കുവാൻ യോഹന്നാൻ സ്നാപകൻ ഏലിയാവിന്റെ ആത്മാവോടുകൂടി വന്നതുപോലെ യേശുവിന്റെ രണ്ടാംവരവിനു വഴിയൊരുക്കുന്നവർ വിശ്വസ്ത ഏലിയാവായി പ്രതിനിധീകരിക്കപ്പെട്ടിരിക്കുന്നു.

യോഹന്നാൻ സ്നാപകന്റെ വേലയും ഈ അന്ത്യകാലത്ത് ജനത്തെ അവരുടെ ഉദാസീനതയിൽനിന്നും ഉണർത്തുന്നതിന് ഏലിയാവിന്റെ ശക്തിയോടും ആത്മാവോടുംകൂടെ പോകുന്നവരുടെ വേലയും പല പരിഗണനയിലും ഒന്നുതന്നെയാണ്. ഇക്കാലത്ത് ചെയ്യപ്പെടേണ്ട വേലയുടെ ഒരു പ്രതീകമാണ് അവന്റെ വേല. ലോകത്തെ നീതിയിൽ ന്യായം വിധിപ്പാൻ ക്രിസ്തു രണ്ടാമത് വരേണ്ടിയിരിക്കുന്നു.

ലൗകിക ആഡംബരങ്ങളിൽനിന്നും കൂട്ടുകാരിൽനിന്നും യോഹന്നാൻ തന്നെത്തന്നെ മാറ്റിനിർത്തി. ഒട്ടകത്തിന്റെ രോമംകൊണ്ട് നെയ്തെടുത്ത വസ്ത്രം ധരിച്ചുകൊണ്ടുള്ള അവന്റെ ലാളിത്യം യെഹൂദാപുരോഹിതന്മാരുടെ, പൊതുവേ ജനത്തിന്റെ അമിതമായ ചിലവുകൾക്കും മോടിപിടിപ്പിക്കലിനുമുള്ള ഒരു ശാസനയായിരുന്നു. എല്ലായിടവും നിലനിന്നിരുന്ന അമിത തീറ്റക്കും കുടിക്കും ഭക്ഷണാസക്തിക്കും ഒരു ശാസനയായിരുന്നു കാട്ടുതേനും വെട്ടുക്കിളിയും പൂർണ്ണ സസ്യാഹാരവുമടങ്ങിയ അവന്റെ ഭക്ഷണക്രമം.... നവീകരണമെന്ന മഹാവിഷയം ഇളക്കിവിടപ്പെടേണ്ടിയിരിക്കുന്നു. മനുഷ്യരുടെ മനസ്സിനെ ഇളക്കിമറിക്കണം. ദൈവജനത്തെ അവരുടെ വിഗ്രഹാരാധന, അതിഭക്ഷണം, വസ്ത്രധാരണത്തിലുള്ള അമിത ചെലവു എന്നു തുടങ്ങി മറ്റു പലതിൽനിന്നും തിരിക്കുന്നതിന് ദൂതിനോടൊപ്പം എല്ലാറ്റിലും വർജ്ജനം ഉൾക്കൊള്ളിക്കണം. ജീർണ്ണിച്ചുകൊണ്ടിരിക്കുന്ന ഇക്കാലത്ത് ജീവിക്കുന്നത് അതിവ്യയത്തിനും ആരോഗ്യനാശഹേതുവായ ശീലങ്ങൾക്കും അടിമപ്പെട്ടു കഴിയുന്ന ജനത്തിനു മുമ്പിൽ, പ്രത്യേകിച്ച് ദൈവം അനുഗ്രഹിക്കുകയും നടത്തുകയും ചെയ്യുന്ന നീതിമാന്മാരിൽനിന്നും ആവശ്യപ്പെടുന്ന സ്വയത്യാഗം, താഴ്മ, ജിതേന്ദ്രിയത്വം എന്നിവയുടെ വ്യത്യാസം വെളിപ്പെടുത്തിക്കൊടുക്കണം. ശരീരത്തോടുചേർന്ന് കൈ എപ്രകാരമാണോ അതുപോലെയാണ് ആരോഗ്യനവീകരണം മൂന്നാം ദൂതന്റെ ദൂതുമായി വളരെ അടുത്ത് ബന്ധപ്പെട്ടിരിക്കുന്നത് എന്നു ദൈവം എനിക്കു കാണിച്ചുതന്നു.

പത്തുകല്പനയിലേക്കു ജനത്തിന്റെ ശ്രദ്ധ തിരിക്കുവാൻ യോഹന്നാൻ സ്നാപകൻ ആവശ്യപ്പെട്ടതുപോലെ "ദൈവത്തെ ഭയപ്പെട്ട് അവനു മഹത്വം കൊടുപ്പിൻ അവന്റെ ന്യായവിധിയുടെ നാഴിക വന്നിരിക്കുന്നു" (വെളി. 14:7) എന്ന ദൂത് സുനിശ്ചിതമായ ശബ്ദത്തോടുകൂടി നാം കൊടുക്കേണ്ടിയിരിക്കുന്നു. ഏലിയാപ്രവാചകനിലും യോഹന്നാൻ സ്നാപകനിലും ഉണ്ടായിരുന്ന ആത്മാർത്ഥതയോടുകൂടി ക്രിസ്തുവിന്റെ വഴിയൊരുക്കുവാൻ നാം അദ്ധ്വാനിക്കണം.

# യേശുവിനെ കേന്ദ്രമായി ഉയർത്തുക

***ഞാൻ ദാവീദിന്റെ വേരും വംശവും ശുഭ്രമായ ഉദയനക്ഷത്രവുമാകുന്നു. വെളി. 22:16.***

അന്ത്യകാലത്തിന്റെ ദുർഘടസമയങ്ങളിലാണ് നാം ജീവിക്കുന്നത്. ജനം ആയിരിക്കുന്ന അപകടത്തെ സംബന്ധിച്ച് നമ്മുടെ വേലയിലൂടെ മുന്നറിയിപ്പു കൊടുക്കണം. പ്രവചനം വെളിപ്പെടുത്തിയിരിക്കുന്ന പരിശുദ്ധമായ ദൃശ്യങ്ങളെ തൊടാതെ വിടരുത്. നമ്മുടെ ജനം പകുതി ഉണരുകയും വെളിപ്പാടുപുസ്തകത്തിൽ ചിത്രീകരിച്ചിരിക്കുന്ന സംഭവങ്ങളുടെ സാമീപ്യം അവർ തിരിച്ചറിയുകയും ചെയ്തിരുന്നുവെങ്കിൽ നമ്മുടെ സഭകളിൽ ഒരു നവീകരണം ഉണ്ടാകുകയും അനേകരും ഈ ദൂതു വിശ്വസിക്കുകയും ചെയ്യുമായിരുന്നു. നഷ്ടപ്പെടുത്തുവാൻ നമുക്കു സമയമില്ല.... പുതിയ തത്വങ്ങൾ ആവിഷ്ക്കരിക്കുകയും അവ വ്യക്തമായ സത്യത്തോടു ചേർക്കുകയും ചെയ്യുക. ഇത് രണ്ടുവശത്തേക്കും വെട്ടുന്ന വാൾപോലെ ആയിരിക്കും. എന്നാൽ വിപരീതമായ ഒരു മനോഭാവമെടുക്കുവാൻ ഒരുമ്പെടരുത്. മിണ്ടാതിരുന്നു ദൈവത്തിന്റെ രക്ഷയെ കാണേണ്ടതായ സമയവും ഉണ്ടായേക്കാം. എന്താണ് സത്യമെന്നു ദാനിയേലും വെളിപ്പാടും പറയട്ടെ. എന്നാൽ വിഷയത്തിന്റെ ഏതു മുഖം അവതരിപ്പിച്ചാലും സകല പ്രത്യാശയുടെയും കേന്ദ്രമായി "ദാവീദിന്റെ വേരും വംശവും ശുഭ്രമായ ഉദയനക്ഷത്രവുമായ" യേശുവിനെ ഉയർത്തിക്കാണിക്കുക.

സത്യത്തിനുവേണ്ടിയുള്ള അന്വേഷണത്തിൽ നാം വേണ്ടുവോളം ആഴത്തിലേക്കു പോകുന്നില്ല. ഏതൽക്കാല സത്യം വിശ്വസിക്കുന്ന ഓരോ വ്യക്തിയും അവനിലുള്ള പ്രത്യാശയ്ക്കു കാരണം കൊടുക്കേണ്ട അവസ്ഥയിലേക്കു കൊണ്ടുവരപ്പെടും. രാജാക്കന്മാരുടെയും പ്രഭുക്കന്മാരുടെയും അധികാരികളുടെയും ഭൂമിയിലെ മഹാന്മാരുടെയും മുമ്പിൽ നിൽക്കുവാൻ ദൈവജനം വിളിക്കപ്പെടുമ്പോൾ സത്യം എന്നാലെന്ത് എന്ന് അവർക്കറിയാം എന്ന് അവർ അറിഞ്ഞിരിക്കണം. അവർ മാനസാന്തരപ്പെട്ട സ്ത്രീപുരുഷന്മാരായിരിക്കണം. ലോകത്തിലെ മഹാന്മാരിൽനിന്നും പഠിക്കുന്നതിനെക്കാളും കൂടുതൽ ദൈവത്തിനു തന്റെ പരിശുദ്ധാത്മാവിലൂടെ ഒരു നിമിഷംകൊണ്ട് പഠിപ്പിക്കുവാൻ കഴിയും. ഈ ഭൗമഗ്രഹത്തിൽ നടന്നുകൊണ്ടിരിക്കുന്ന പോരാട്ടത്തെ അഖിലാണ്ഡം നോക്കിക്കൊണ്ടിരിക്കുകയാണ്. രക്ഷയ്ക്കു ജ്ഞാനിയാക്കുവാൻ മതിയായതിനെ അറിയുന്നതിന് അനന്തമായ ഒരു വിലകൊടുത്ത് ഓരോ മനുഷ്യനും അവസരം കൊടുത്തിരിക്കുകയാണ്. ഈ അവസരത്തിനായി തങ്ങളെത്തന്നെ ലഭ്യമാക്കുന്നവനെ എത്ര ആകാംക്ഷയോടെയാണ് ദൂതന്മാർ നോക്കുന്നത്! ദൈവജനത്തിനു ഒരു ദൂത് കിട്ടുമ്പോൾ അതിനെതിരേ അവർ ഒരിക്കലും എഴുന്നേൽക്കരുത്; വചനത്തിലേക്കു പോകുകയും ദൈവത്തിന്റെ കല്പനയും യേശുവിന്റെ സാക്ഷ്യവുമായി അതിനെ താരതമ്യപ്പെടുത്തിയശേഷം അതിനോടൊത്തു വരുന്നില്ലെങ്കിൽ അത് സത്യമല്ല എന്ന് അറിയുക. നമ്മുടെ മനസ്സ് വിശാലമാകണമെന്ന് അവൻ ആഗ്രഹിക്കുന്നു. നമ്മുടെ മേൽ അവന്റെ കൃപ ചൊരിയുവാൻ അവനാഗ്രഹിക്കുന്നു. സ്വർഗ്ഗത്തിന്റെ കലവറ തുറക്കുവാൻ അവനു കഴിയുന്നതുകൊണ്ട് ദിനന്തോറും നമുക്കു നല്ല കാര്യങ്ങളെ ഭക്ഷിക്കാം.





# ലോകം വയൽ പ്രദേശമാണ്

***ആകയാൽ നിങ്ങൾ പുറപ്പെട്ടു, പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിച്ചും ഞാൻ നിങ്ങളോടു കല്പിച്ചതു ഒക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചുംകൊണ്ടു സകല ജാതികളെയും ശിഷ്യരാക്കിക്കൊൾവിൻ. മത്തായി 28:19.***

1874-ൽ ഞാൻ കാലിഫോർണിയയിൽ ആയിരുന്നപ്പോൾ എനിക്കു മനസ്സിൽ പതിയത്തക്കവിധമുള്ള ഒരു സ്വപ്നമുണ്ടായി....

കാലിഫോർണിയയിലുള്ള സഹോദരങ്ങൾ ഒരുമിച്ചുചേർന്ന് വരുംനാളുകളിൽ വേല ചെയ്യുന്നതിനാവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്യുന്ന ഒരു സമിതിയിൽ ഇരിക്കുന്നു എന്ന് ഞാൻ സ്വപ്നം കണ്ടു....

ഞാൻ അപ്പോഴപ്പോഴായി സ്വപ്നത്തിൽ കണ്ട ഒരു യുവാവ് ആലോചനാസമിതിയിലേക്കു വന്നു. അവിടെ സംസാരിച്ച വാക്കുകൾ ആഴമേറിയ താല്പര്യത്തോടുകൂടി ശ്രദ്ധവച്ചു കേൾക്കുകയും അധികാരത്തോടും മനഃപൂർവ്വമായ ആത്മവിശ്വാസത്തോടെയും ഇങ്ങനെ പറയുകയും ചെയ്തു:

"പട്ടണങ്ങളും ഗ്രാമങ്ങളും ദൈവത്തിന്റെ മുന്തിരിത്തോട്ടത്തിന്റെ ഒരു ഭാഗമാണ്. അവർ മുന്നറിയിപ്പിന്റെ ദൂത് ശ്രവിക്കണം. ദൈവത്തിന്റെ സത്യത്തിൽനിന്ന് വ്യാജമായവയിലേക്കു ജനത്തെ തിരിക്കുന്നതിന് സത്യത്തിന്റെ ശത്രുവായവൻ ആശയ്ക്കു വകയില്ലാത്ത രീതിയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു.... എല്ലാ വെള്ളത്തിന്നരികിലും നിങ്ങൾ വിതയ്ക്കേണ്ടിയിരിക്കുന്നു.

"നിങ്ങളുടെ അദ്ധ്വാനഫലം ഉടനടി നിങ്ങൾ കണ്ടെന്നു വരികില്ല. എങ്കിലും അത് നിങ്ങളെ നിരാശപ്പെടുത്തുവാൻ പാടില്ല. ക്രിസ്തുവിനെ നിങ്ങൾ മാതൃകയാക്കുക. അവനു അനേകം കേൾവിക്കാരുണ്ടായിരുന്നു, എന്നാൽ അനുയായികൾ കുറച്ചുമാത്രം...."

ദൂതുവാഹകൻ ഇങ്ങനെ തുടർന്നു: "ഇക്കാലത്തേയ്ക്കുള്ള വേലയെ സംബന്ധിച്ച വളരെ പരിമിതമായ ആശയങ്ങളെ സംബന്ധിച്ചാണ് നിങ്ങൾ ആലോചിക്കുന്നത്. നിങ്ങളുടെ കരങ്ങളിൽ ഒതുക്കി നിറുത്തുവാൻ കഴിയുംവിധം നിങ്ങൾ വേലകൾ ആസൂത്രണം ചെയ്യുന്നു. നിങ്ങൾക്കു വിശാലമായ കാഴ്ചപ്പാടുകൾ ഉണ്ടായിരിക്കണം. നിങ്ങളുടെ വിളക്കു പറയിൻ കീഴിലോ, കിടക്കയ്ക്കരികിലോ വയ്ക്കാതെ, വീട്ടിലുള്ള എല്ലാവർക്കും വെളിച്ചം ലഭിക്കുവാൻ തക്കവണ്ണം തണ്ടിന്മേൽ വയ്ക്കുക. നിങ്ങളുടെ വീട് ഒരു ലോകമാണ്....

അനേക രാജ്യങ്ങളും, ദൈവത്തിനു അവർക്കുവേണ്ടിയുള്ള പുരോഗമനപരമായ വെളിച്ചത്തിനുവേണ്ടി അവർ കാത്തിരിക്കുന്നു; നിങ്ങളുടെ വിശ്വാസം പരിമിതമായിരിക്കുന്നു. അത് വളരെ ചെറുതാണ്. വേലയെ സംബന്ധിച്ചുള്ള നിങ്ങളുടെ വീക്ഷണം വിശാലമാക്കപ്പെടേണ്ടിയിരിക്കുന്നു.... മുന്നോട്ടു പോകുക. സകല താഴ്മയോടുംകൂടി നിങ്ങൾ ദൈവസന്നിധിയിൽ നടക്കുകയാണെങ്കിൽ ദൈവം വളരെ ശക്തിയോടുകൂടി നിങ്ങളിൽ പ്രവർത്തിക്കും. സാധ്യമല്ലാത്തവയെപ്പറ്റി പറയുക എന്നത് വിശ്വാസമല്ല. ദൈവത്തിനു അസാധ്യമായതു ഒന്നുമില്ല. ദൈവകല്പനയുടെ നിർബ്ബന്ധമായ അവകാശങ്ങളുടെ വെളിച്ചം ഈ ലോകത്തെ ശോധന കഴിക്കുന്നതിനാണ്...."

സമയം കുറവാണ്; ഈ ദൂത് വിശ്വസിക്കുന്നവരെല്ലാം നിസ്വാർത്ഥരും അവരുടെ സ്വാധീനം ശരിയായ ദിശയിലാക്കിക്കൊണ്ട് ദൈവവേലയുടെ മുന്നേറ്റത്തിനായി അന്വേഷിക്കുന്നവർക്കെതിരായി വാക്കുകൊണ്ടോ പ്രവൃത്തികൊണ്ടോ ഒരിക്കലും നിൽക്കാതവണ്ണം പരിപാവനമായ ഒരു ഉത്തരവാദിത്വം തങ്ങളുടെ മേൽ നിക്ഷിപ്തമായിരിക്കുകയാണെന്ന് മനസ്സിലാക്കുന്നവരുമായിരിക്കണം.... ദൈവം നമുക്കു നൽകിയിരിക്കുന്ന വെളിച്ചം ലോകത്തിനു മുമ്പിൽ പ്രദർശിപ്പിക്കുവാൻ കഴിയുന്നില്ലെങ്കിൽ അത് അത്ര വിലയുള്ളതായിത്തീരുകയില്ല.

# ദേശത്തു ദൈവത്തിന്റെ ന്യായവിധികൾ

***ആകാശത്തിന്റെ ശക്തികൾ ഇളകിപ്പോകുന്നതിനാൽ ഭൂലോകത്തിനു എന്തു ഭവിപ്പാൻ പോകുന്നു എന്നു പേടിച്ചും നോക്കിപ്പാർത്തുംകൊണ്ടു മനുഷ്യർ നിർജ്ജീവന്മാർ ആകും. ലൂക്കൊ. 21:26.***

ഇപ്പോൾ ഏകദേശം വിഗ്രഹാരാധനയിലേക്കു വീണുകൊണ്ടിരിക്കുന്ന ആയിരക്കണക്കിനു പട്ടണങ്ങളുടെമേൽ പെട്ടെന്നു വരുവാൻ പോകുന്ന നാശത്തെ സംബന്ധിച്ച് ദൈവജനം ബോധവാന്മാരായിരുന്നെങ്കിൽ....

ഈ അടുത്ത സമയത്ത് മനസ്സിൽ പതിയുന്ന തരത്തിലുള്ള ഒരു ദൃശ്യം എന്റെ മുമ്പിലൂടെ കടന്നുപോയി. ചില മനോഹര സൗധങ്ങൾക്കിടയിലൂടെ അവയ്ക്കു ഞൊടിയിട നാശം വിതച്ചുകൊണ്ട് ഒരു അഗ്നിഗോളം വീഴുന്നത് ഞാൻ കണ്ടു. "ദൈവത്തിന്റെ ന്യായവിധികൾ ഭൂമിയിലേക്കു വരികയായിരുന്നു, എന്നാൽ അത് ഇത്രവേഗം വരുമെന്നുള്ളത് ഞങ്ങൾക്കു അറിഞ്ഞുകൂടായിരുന്നു" എന്ന് ഒരാൾ പറയുന്നത് ഞാൻ കേട്ടു. "നിങ്ങൾ അറിഞ്ഞു. എന്തുകൊണ്ട് അത് ഞങ്ങളോടു പറഞ്ഞില്ല? ഞങ്ങൾ അറിഞ്ഞില്ല" എന്ന് മറ്റുള്ളവർ പറഞ്ഞു. എല്ലായിടത്തുനിന്നും ഇങ്ങനെയുള്ള വാക്കുകൾ ഞാൻ കേട്ടു....

യേശു വരുന്നതുവരെ നിലച്ചുപോകാത്തതും വേദനാജനകവുമായ ഉപദ്രവങ്ങൾ പെട്ടെന്ന് ഉണ്ടാകും. സ്വർഗ്ഗത്തിൽ സിംഹാസനം ഒരുക്കിയവനും സകലതിനെയും അടക്കി വാഴുന്നവനുമായ ദൈവത്തെ സേവിച്ചുകൊണ്ട് ഇതിനു മുമ്പൊരിക്കലും ഉണ്ടാകാത്തവണ്ണം നാം ഒരുമിച്ചു കൂടേണ്ടിയിരിക്കുന്നു. ദൈവം അവന്റെ ജനത്തെ ഉപേക്ഷിച്ചിട്ടില്ല. അവനെ നാം ഉപേക്ഷിക്കാതിരിക്കുന്നതിലാണ് നമ്മുടെ ബലം അടങ്ങിയിരിക്കുന്നത്.

ദൈവത്തിന്റെ ന്യായവിധികൾ ദേശത്ത് എത്തിക്കഴിഞ്ഞു. യുദ്ധവും യുദ്ധശ്രുതികളും, അഗ്നിയാലും വെള്ളത്താലുമുള്ള നാശം, വ്യക്തമായി പറഞ്ഞാൽ, അവസാനംവരെ വർദ്ധിച്ചുവരേണ്ടതായ കഷ്ടകാലം എന്നിവ ആസന്നമായിരിക്കുന്നു. നഷ്ടപ്പെടുത്തുവാൻ നമുക്കു സമയമില്ല. ലോകം യുദ്ധത്തിന്റെ ആവേശത്താൽ ഇളകിമറിയുകയാണ്. ദാനീയേൽ പ്രവചനം 11-മദ്ധ്യായത്തിലെ പ്രവചനങ്ങൾ ഏകദേശം അവയുടെ അന്ത്യനിറവേറലിൽ എത്തിയിരിക്കുന്നു.

കഴിഞ്ഞ വെള്ളിയാഴ്ച രാവിലെ ഞാൻ ഉറക്കമുണരുന്നതിനു തൊട്ടുമുമ്പ് മനസ്സിൽ പതിയുംവിധമുള്ള ഒരു ദൃശ്യം എന്റെ മുമ്പിലുണ്ടായി. ഞാൻ ഉറക്കമുണരുന്നതുപോലെ എനിക്കു തോന്നി. എന്നാൽ ഞാൻ എന്റെ വീട്ടിൽ അല്ലായിരുന്നു. ജനാലയിലൂടെ ഭയാനകമായ ഒരു കൊടിയ അഗ്നിബാധ ഞാൻ കണ്ടു. വലിയ അഗ്നിഗോളങ്ങൾ വീടുകളുടെ മേൽ പതിക്കുന്നത് ഞാൻ കണ്ടു. ഈ ഗോളങ്ങളിൽ നിന്നും തീയമ്പുകൾ ഓരോ ദിശയിലേക്കും പറക്കുകയായിരുന്നു. ജ്വലിപ്പിച്ച അഗ്നിയെ പരിശോധിക്കുക അസാദ്ധ്യമായിരുന്നു. അനേക സ്ഥലങ്ങൾ നശിച്ചു. ജനത്തിന്റെ ഭീതി വിവരിക്കാവതായിരുന്നില്ല. രാജ്യങ്ങളിലെ പട്ടണങ്ങൾ കർശനമായി ദൈവകോപത്താൽ സന്ദർശിക്കപ്പെടും. എങ്കിലും മഹാകോപദിവസത്തിനായി ജനം കൂട്ടമായി അണിചേരുമ്പോൾ, ശത്രുവിന്റെ വഞ്ചനയിൽനിന്നു ചില ആത്മാക്കൾ ഒഴിഞ്ഞുമാറി അനുതപിച്ചു മാനസാന്തരപ്പെടുവാനുള്ളതുകൊണ്ട് അത്യധികമായി സന്ദർശിക്കപ്പെടുകയില്ല.





# നല്ലതും ഉന്നതവുമായ ഒരു വഴി

***നിങ്ങളെ കഴുകി വെടിപ്പാക്കുവിൻ; നിങ്ങളുടെ പ്രവൃത്തികളുടെ ദോഷത്തെ എന്റെ കണ്ണിന്മുമ്പിൽ നിന്നു നീക്കിക്കളവിൻ. തിന്മ ചെയ്യുന്നത് മതിയാക്കുവിൻ; നന്മ ചെയ്‌വാൻ പഠിപ്പിൻ; ന്യായം അന്വേഷിപ്പിൻ. യെശ. 1:16,17.***

അജ്ഞത, സുഖസ്നേഹം, പാപകരമായ ശീലങ്ങൾ, ശരീരത്തെയും ആത്മാവിനെയും ദുഷിപ്പിക്കൽ എന്നിവ ലോകത്തെ മുഴുവനും ധാർമ്മിക കുഷ്ഠം ബാധിച്ചതാക്കി മാറ്റുന്നു. ഒരു മാരകമായ ധാർമ്മിക വിഷം ആയിരമായിരം പേരെ നശിപ്പിക്കുന്നു.

അനേകരും പാപത്തിൽ താണുകൊണ്ടിരിക്കുന്നു. അനേകംപേർ സങ്കടത്തിലായിരിക്കുന്നു. കഷ്ടതകൾ, ബുദ്ധിമുട്ട്, അവിശ്വാസം, വിഷാദം എന്നിവയാൽ അവർ ഞെരുങ്ങിക്കൊണ്ടിരിക്കുന്നു. ഓരോ തരത്തിലുമുള്ള രോഗങ്ങൾ അവരെ ശാരീരികമായും ആത്മികമായും തകർത്തുകൊണ്ടിരിക്കുന്നു. അവരുടെ വിഷമതകൾക്കൊരാശ്വാസം കണ്ടെത്തുവാൻ അവർ വാഞ്ഛിക്കുന്നു. അതു അവരെ, നാശത്തിലേക്കും മരണത്തിലേക്കും നയിക്കുന്ന മോഹങ്ങളിലും ഉല്ലാസങ്ങളിലും കണ്ടെത്തുവാൻ തക്കവണ്ണം സാത്താൻ അവരെ പരീക്ഷിക്കുന്നു. അധരങ്ങളിൽ ഇരിക്കുമ്പോൾത്തന്നെ ചാരമായി മാറുന്ന സോദോമിന്റെ ആപ്പിളുകൾ അവൻ അവർക്കു കൊടുക്കുന്നു.

എന്റെ മുമ്പിൽ ലോകത്തിന്റെ ഭയാനകമായ അവസ്ഥയുടെ ഒരു ദൃശ്യം കാണിക്കുകയുണ്ടായി. എല്ലായിടത്തും അസന്മാർഗ്ഗീയത നടമാടുന്നു. കാമാസക്തിയാണ് ഈ യുഗത്തിന്റെ പ്രത്യേക പാപം. ദുഷ്ടത ഇത്രയും ധൈര്യമായി അതിന്റെ വികലമായ തല ഇതുവരെയും ഉയർത്തിയിട്ടില്ല.... നിറഞ്ഞു നിൽക്കുന്ന അധർമ്മം വെറും അവിശ്വാസികളും പരിഹാസികളും മാത്രം ഉൾപ്പെടുന്നതല്ല. കാര്യം അങ്ങനെയായിരുന്നെങ്കിൽ, എന്നാൽ അങ്ങനെയല്ല. ക്രിസ്തുവിന്റെ മതാനുയായികൾ എന്നഭിമാനിക്കുന്ന അനേക സ്ത്രീപുരുഷന്മാരും അതിൽ കുറ്റക്കാരാണ്. യേശുവിന്റെ വരവിനുവേണ്ടി ഒരുങ്ങുന്നവരെന്ന് അഭിമാനിക്കുന്നവരിൽ ചിലർപോലും സാത്താനെക്കാളും അധികമൊന്നും ആ സംഭവത്തിനുവേണ്ടി ഒരുങ്ങിയവരല്ല. എല്ലാവിധ മാലിന്യങ്ങളിൽനിന്നും അവർ അവരെത്തന്നെ ശുദ്ധിയാക്കുന്നില്ല. അവരുടെ ചിന്തകൾ അശുദ്ധി നിറഞ്ഞതും നിരൂപണങ്ങൾ ദുഷിച്ചതുമാകത്തക്കവിധം അവർ ഇത്രയും നാൾ അവരുടെ മോഹങ്ങളെ താലോലിച്ചു. നയാഗ്രയുടെ ഗതി മാറ്റിവിട്ട് വെള്ളച്ചാട്ടത്തിന്മേൽ ഒഴുകുവാൻ ശ്രമിക്കുന്നതുപോലെ അസാധ്യമാണ് അവരുടെ മനസ്സ് നിർമ്മലവും ശുദ്ധവുമായവയിൽ വസിക്കുന്നതിനായി തിരിക്കുകയെന്നത്.... ഓരോ ക്രിസ്ത്യാനിയും അവന്റെ വികാരങ്ങളിൽനിന്നും ഒഴിഞ്ഞിരിക്കുവാനും തത്വങ്ങളാൽ നിയന്ത്രിക്കപ്പെടുവാനും പഠിക്കേണ്ടിയിരിക്കുന്നു....

സത്യം അറിഞ്ഞുകൂടാത്തവരുടെയും ദൈവവചനത്താൽ നയിക്കപ്പെടുവാൻ കൂട്ടാക്കാത്തവരുടെയും ഇടയിൽ അവരെ ദിനന്തോറും നടത്തുന്നത് ഭോഗാസക്തി, മലിനപ്പെടുത്തൽ, വ്യഭിചാരം, കുറ്റകൃത്യം, കൊലപാതകം എന്നിവയാണെങ്കിൽ ക്രിസ്തുവിന്റെ അനുയായികളെന്ന് അഭിമാനിക്കുന്നവരും ദൈവവും ദൂതന്മാരുമായി ബന്ധപ്പെടുന്നവരുമായവർ അവർക്ക് നല്ലതും ഉന്നതവുമായ ഒരു വഴി കാണിച്ചു കൊടുക്കുക എന്നത് എത്ര പ്രധാനമാണ്. അവരുടെ പാതിവൃത്യത്താലും സദാചാരത്താലും അപരിഷ്കൃത വികാരങ്ങളാലും നയിക്കപ്പെടുന്നവരെക്കാളും വ്യത്യാസമുള്ളവരായിരിക്കുക എന്നത് എത്ര പ്രധാനമാണ്.

# ആർപ്പുവിളി മുഴങ്ങുമ്പോൾ

***ഇതു ചെയ്യേണ്ടത് ഉറക്കത്തിൽനിന്നു ഉണരുവാൻ നാഴിക വന്നിരിക്കുന്നു എന്നിങ്ങനെ നിങ്ങൾ സമയത്തെ അറികയാൽ തന്നേ, നാം വിശ്വസിച്ച സമയത്തെക്കാൾ രക്ഷ ഇപ്പോൾ നമുക്കു അധികം അടുത്തിരിക്കുന്നു. റോമർ 13:11.***

കാപട്യത്തോടും അതിസൂഷ്മമായും ഒരു കള്ളൻ രാത്രിയിൽ ഒച്ചയില്ലാതെ സമീപിക്കുന്നതുപോലെ അന്ത്യം നമ്മെ സമീപിച്ചുകൊണ്ടിരിക്കുന്നു. മറ്റുള്ളവർ ഉറങ്ങുന്നതുപോലെ നാം ഉറങ്ങാതെ ഉണർന്നും നിർമ്മദരും ആയിരിക്കുവാൻ ദൈവം സഹായിക്കട്ടെ. "സത്യം പെട്ടെന്ന് മഹത്വകരമായി വിജയിക്കുവാൻ പോകുകയാണ്. ദൈവത്തോടൊപ്പം കൂട്ടുവേലക്കാരാകുവാനുള്ള തെരഞ്ഞെടുപ്പുകൾ നടത്തുന്നവർ അതിനോടൊപ്പം വിജയിക്കും. സമയം കുറവാണ്; ആർക്കും പ്രവർത്തിച്ചുകൂടാത്ത രാത്രിയിതാ വരുന്നു....

പെന്തെക്കൊസ്തനാളിൽ ശിഷ്യന്മാർ പരിശുദ്ധാത്മാവിനെ പ്രാപിച്ചശേഷം അനേകർ മാനസാന്തരപ്പെട്ടതുപോലെ അനേകംപേർ കടന്നുവരേണ്ട സമയം അടുത്തുകൊണ്ടിരിക്കുന്നു.

സുവിശേഷത്തിന്റെ ക്ഷണത്തിനു ചെവികൊടുക്കാത്തവർ അനേകരുണ്ട്. അവർ പരീക്ഷിക്കപ്പെട്ട് ബോധ്യപ്പെട്ടിരിക്കുന്നു; എന്നാൽ അവരുടെ മുമ്പോട്ടുള്ള യാത്രയ്ക്കു തടസ്സം സൃഷ്ടിച്ചുകൊണ്ട് പർവ്വതതുല്യമായ പ്രതിബന്ധങ്ങൾ അവർക്കു മുമ്പിലുണ്ട്. വിശ്വാസം സഹനശക്തി, ധൈര്യം എന്നിവയാൽ അനേകരും ഈ പ്രതിബന്ധങ്ങളെ തരണം ചെയ്ത് മഹത്വകരമായ വെളിച്ചത്തിലേക്കു നടക്കുന്നു.

ഏകദേശം ബോധപൂർവ്വമല്ലാതെ തന്നെ നേരെയുള്ളതും തുടങ്ങിയതുമായ പാതയിൽ തടസ്സങ്ങൾ ഉണ്ടാക്കുന്നു. വഴിയിൽ പ്രതിബന്ധങ്ങളുടെ കല്ലുകൾ വയ്ക്കുന്നു; ഇവ ഉരുട്ടി നീക്കപ്പെടണം. വ്യാജ ഇടയന്മാർ അവരുടെ ആടുകൾക്കു ചുറ്റുമുണ്ടാക്കിയിരുന്ന സുരക്ഷിത വലയങ്ങൾ ഏതുമല്ലാത്തവയായി മാറുന്നു, ആയിരങ്ങൾ വെളിച്ചത്തിലേക്കു വരുകയും വെളിച്ചം പകരുകയും ചെയ്യും. സ്വർഗ്ഗീയ ബുദ്ധിശക്തി മനുഷ്യപ്രതിനിധികളുമായി ഒത്തുചേരും. അങ്ങനെ പ്രേരിപ്പിക്കപ്പെട്ട്, സഭ അവളുടെ വിശുദ്ധീകരിക്കപ്പെട്ട ഊർജ്ജമെല്ലാം പോരിന്നായി എറിഞ്ഞുകൊണ്ട് എഴുന്നേറ്റു പ്രകാശിക്കും; അങ്ങനെ ദൈവത്തിന്റെ പദ്ധതി പൂർത്തിയാക്കപ്പെടുന്നു; നഷ്ടപ്പെട്ട മുത്തുകൾ വീണ്ടെടുക്കപ്പെടുന്നു....

ആർപ്പുവിളിസമയം സഭ അവളുടെ ഉയിർത്തപ്പെട്ട ദൈവത്തിന്റെ ഇടപെടലിനാൽ ഓരോ നഗരത്തിലും പട്ടണത്തിലും വെളിച്ചം പകരത്തക്കവിധം രക്ഷയുടെ പരിജ്ഞാനം പരത്തും. ഭൂമി മുഴുവനും രക്ഷയുടെ പരിജ്ഞാനംകൊണ്ടു നിറയും. എല്ലായിടങ്ങളിലും ഏതൽക്കാല സത്യത്തിന്റെ വെളിച്ചം പകരത്തക്കവിധം, തീവ്രതയോടുകൂടി കർമ്മോന്മുഖരായ പ്രതിനിധികളെ ദൈവത്തിന്റെ പുതുശക്തി വിജയത്തിന്റെ കിരീടമണിയിക്കും.





# വിശ്വസ്തരായവർ വീഴുകയില്ല

***ദൈവകല്പനയും യേശുവിങ്കലുള്ള വിശ്വാസവും കാത്തുകൊള്ളുന്ന വിശുദ്ധന്മാരുടെ സഹിഷ്ണതകൊണ്ടു ഇവിടെ ആവശ്യം. വെളി. 14:12.***

വചനം പഠിക്കുകയും അന്വേഷിക്കുകയും ചെയ്യുന്ന കാര്യത്തിൽ നമുക്കു മനുഷ്യജ്ഞാനത്തെക്കാളുമധികം ജ്ഞാനം ആവശ്യമാണ്; താഴ്മ നിറഞ്ഞ ഹൃദയത്തോടുകൂടി നാം ദൈവവചനത്തിലേക്ക് വരുകയാണെങ്കിൽ, നിയമരഹിതമായ അംശങ്ങൾക്കെതിരെ അവൻ നമുക്കുവേണ്ടി ഒരു നിലവാരം ഉയർത്തും.

ആരംഭത്തിലുള്ള നമ്മുടെ ദൃഢവിശ്വാസത്തെ അവസാനംവരെ നിലനിർത്തുക പ്രയാസമാണ്. സാത്താന്റെ ഭാഗത്തുനിന്നുമുള്ള ഒരു വ്യാജ അംശത്തിന്റെ പ്രവർത്തനം മറയ്ക്കപ്പെട്ട സ്വാധീനമെന്നവണ്ണം തുടർച്ചയായി ഉണ്ടാകുമ്പോൾ ഈ പ്രയാസം വർദ്ധിക്കുന്നു. പീഢനത്തിന്റെ അഭാവത്തിൽ ആരോഗ്യകരമെന്നവണ്ണം പ്രത്യക്ഷപ്പെടുന്നവരും ചോദ്യം ചെയ്യപ്പെടുവാൻ കഴിയാതവണ്ണമുള്ളതാണ് അവരുടെ ക്രിസ്ത്യാനിത്വമെന്ന് നാം കരുതുന്നവരും നമ്മുടെ ഇടയിലുണ്ട്, എന്നാൽ പീഢനമുണ്ടാകുകയാണെങ്കിൽ അവർ ഇല്ലാതായിപ്പോകും. അവരുടെ മനസ്സുകളിൽ ഒരു സ്വാധീനമുണ്ടാക്കിയ പുറംപകിട്ടുമാത്രമുള്ള യുക്തിചിന്തനത്തിന്റെ സ്വാധീനം അവർ പീഢനത്തിൽ കണ്ടേക്കാം. വിവിധ മനസ്സുകളെ സന്ധിക്കുന്നതിന് സാത്താൻ വിവിധ തരത്തിലുള്ള കെണികൾ ഒരുക്കിയിരിക്കുന്നു. ദൈവത്തിന്റെ കല്പനയെ നിയമപ്രാബല്യമില്ലാത്തതാക്കുമ്പോൾ സഭ അഗ്നിശോധനകളാൽ പാറ്റപ്പെടുകയും നാം ഇന്ന് പ്രതീക്ഷിക്കുന്നതിനെക്കാളും വലിയൊരു കൂട്ടം വഞ്ചനയുടെ ആത്മാക്കൾക്കും സാത്താന്യ ഉപദേശങ്ങൾക്കും ചെവികൊടുക്കുകയും ചെയ്യും. ഇടുങ്ങിയ പാതകളിലൂടെ കടന്നുപോകേണ്ടിവരുമ്പോൾ ശക്തിപ്പെടുന്നതിനുപകരം അവ യഥാർത്ഥ മുന്തിരിവള്ളിയുടെ കൊമ്പുകളല്ല എന്ന് തെളിയിക്കും.

എന്നാൽ ലോകം ദൈവകല്പനയെ നിയമപ്രാബല്യമില്ലാത്തതാക്കുമ്പോൾ യഥാർത്ഥത്തിൽ അനുസരിക്കുന്നവരുടെയും നീതിമാന്മാരുടെയും അവസ്ഥ എന്തായിരിക്കും? ദുഷ്ടതയുടെ ബലമേറിയ ഒഴുക്കിനാൽ അവർ വഹിച്ചുകൊണ്ട് പോകപ്പെടുമോ? അന്ധകാരപ്രഭുവിന്റെ കൊടിക്കീഴിൽ അനേകർ അണിനിരക്കുന്നതുകൊണ്ട്, കല്പന അനുസരിക്കുന്ന ദൈവജനം അതിൽനിന്നും വ്യതിചലിച്ചുപോകുമോ? ഒരിക്കലുമില്ല! ക്രിസ്തുവിൽ വസിക്കുന്ന ഒരാൾപോലും പരാജയപ്പെടുകയോ വീഴുകയോ ചെയ്യുകയില്ല. ഒരു ഭൗമിക ശക്തിയുടെയും മുമ്പിൽ താഴാതെ അവന്റെ അനുയായികളെല്ലാം ഉന്നതമായ അധികാരത്തോടു അനുസരണയുള്ളവരായിരിക്കും. ദൈവകല്പനയുടെ മേലുള്ള അവജ്ഞ കാരണം സത്യത്തെ അമർച്ച ചെയ്യുവാനും അതിനോടു ആദരവ് കാട്ടാതിരിക്കുവാനും അനേകർ നയിക്കപ്പെടുമ്പോൾ, വിശ്വസ്തർ കൂടുതൽ ആത്മാർത്ഥതയോടുകൂടി അതിന്റെ വ്യത്യസ്തമായ സത്യങ്ങളെ ഉയർത്തിപ്പിടിക്കും. നമ്മെ, നമ്മുടെ സ്വന്ത വഴികളിൽ ഉപേക്ഷിച്ചിട്ടില്ല.... താഴ്മ ധരിച്ച ഹൃദയങ്ങളോടുകൂടി അവന്റെ വചനത്തോടു ആലോചിക്കുകയും അവന്റെ ഉപദേശം തേടുകയും അവന്റെ ഹിതത്തിനു നമ്മുടെ ഹിതത്തെ ഏല്പിച്ചുകൊടുക്കുകയും ചെയ്യണം. ദൈവത്തെ കൂടാതെ നമുക്കൊന്നും ചെയ്യുവാൻ കഴിയുകയില്ല.

# ഒരു ആത്മാവിനെയെങ്കിലും നേടുന്നതിനുവേണ്ടി അദ്ധ്വാനിക്കുക

***നിങ്ങളിൽ ഒരാൾക്കു നൂറ് ആടുണ്ട് എന്നിരിക്കട്ടെ. അതിൽ ഒന്നു കാണാതെ പോയാൽ അവൻ തൊണ്ണൂറ്റൊമ്പതിനെയും മരുഭൂമിയിൽ വിട്ടേച്ചു, ആ കാണാതെ പോയതിനെ കണ്ടെത്തുംവരെ നോക്കി നടക്കാതിരിക്കുമോ? ലൂക്കൊ. 15:4.***

ഒരാളിന്റെ മാനസാന്തരത്തിനുവേണ്ടി നമ്മുടെ ധനാഗമന മാർഗ്ഗങ്ങൾ അങ്ങേയറ്റം പ്രയോജനപ്പെടുത്തണം. ക്രിസ്തുവിനുവേണ്ടി നേടിയ ഒരാത്മാവ് ധാർമ്മിക അന്ധകാരത്തിലൂടെ കടന്ന് മറ്റു ആത്മാക്കളെ നേടിക്കൊണ്ട് അവനുചുറ്റും സ്വർഗ്ഗീയ വെളിച്ചം വീശും. നഷ്ടപ്പെട്ട ഒരാടിനെ അന്വേഷിച്ചു കണ്ടെത്തുന്നതിന് തൊണ്ണൂറ്റൊമ്പതു ആടുകളെയും ക്രിസ്തു ഉപേക്ഷിച്ചു എങ്കിൽ അതിൽ കുറച്ചു ചെയ്യുന്നതിൽ നാം ന്യായീകരിക്കപ്പെടുവാൻ കഴിയുമോ? ക്രിസ്തു വേല ചെയ്തതുപോലെ വേല ചെയ്യുന്നതും അവൻ ത്യജിച്ചതുപോലെ ത്യജിക്കുന്നതും അവഗണിക്കുക എന്നത് ദൈവത്തെ അപമാനിക്കുകയല്ലയോ?

ഭൂമിയിലെ എല്ലാ ദിക്കിലും മുന്നറിയിപ്പു കൊടുക്കുക. യഹോവയുടെ ദിവസം അടുത്തിരിക്കുന്നു എന്നും അത് ദ്രുതഗതിയിലായിരിക്കുകയാണെന്നും ജനത്തെ അറിയിക്കുക. മുന്നറിയിപ്പു ലഭിക്കാത്തവരായി ആരും ഉണ്ടായിരിക്കരുത്. തെറ്റിൽ അകപ്പെട്ടിരിക്കുന്ന പാവപ്പെട്ട ആത്മാക്കളുടെ സ്ഥാനത്തു നമ്മൾ ആയിരിക്കുകയായിരിക്കും. നാം നമ്മെ ബർബരന്മാരുടെ കൂട്ടത്തിൽ കൂട്ടിയിരിക്കുകയായിരിക്കും. മറ്റുള്ളവർക്കുപരിയായി നമുക്കു ലഭിച്ചിരിക്കുന്ന സത്യത്തിനനുസരിച്ച് അവർക്ക് അത് പകർന്നുകൊടുക്കുവൻ നാം കടപ്പെട്ടവരാണ്.

നഷ്ടപ്പെടുത്തുവാൻ നമുക്കു സമയമില്ല. അവസാനം അടുത്തിരിക്കുന്നു. സത്യം പരത്തുവാനുള്ള എല്ലാ വഴികളും എത്രയും വേഗം ഇടത്തും വലത്തുമായി അനർത്ഥങ്ങൾ മുഖാന്തരം അടയുവാൻ പോകുകയാണ്. ഇപ്പോൾ ചെയ്യുവാൻ സാധ്യമായിരിക്കുന്നവയെല്ലാം ഇനി ചെയ്യുവാൻ കഴിയാതവണ്ണം ദൈവത്തിന്റെ ദൂതുവാഹകരുടെ വഴികളെല്ലാം തടസ്സപ്പെടുവാൻ പോകുകയാണ്. നമ്മുടെ വേലയെ നാം സത്യസന്ധമായി കാണുകയും കഴിയുന്നിടത്തോളം വേഗത്തിൽ, ആക്രമണം നടന്നുകൊണ്ടിരിക്കുന്ന യുദ്ധക്കളത്തിലെന്നവണ്ണം ചെയ്യുകയും വേണം. ദൈവത്തെ സംബന്ധിച്ച് എനിക്ക് ലഭിച്ച വെളിച്ചത്തിൽ നിന്നും അന്ധകാരശക്തികൾ അടിയിലൂടെ തീവ്രമായ ശക്തിയോടുകൂടി പ്രവർത്തിക്കുകയും ഒരു ചെന്നായ് അതിന്റെ ഇരയെ പിടിക്കുന്നതുപോലെ, ഇപ്പോൾ ഉറങ്ങുന്നവരെ പിടിക്കുവാൻ സാത്താൻ നിഗൂഢമായ ചുവടുവയ്പോടുകൂടി മുന്നേറിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. നാം ഇപ്പോൾ കൊടുക്കേണ്ടതായ ഒരു മുന്നറിയിപ്പു നമുക്കുണ്ട്, നാം ഇപ്പോൾ ചെയ്യേണ്ടതായ ഒരു വേലയുണ്ട്; നമുക്കു സങ്കല്പിക്കുവാൻ കഴിയുന്നതിലുമപ്പുറമായി ഇത് എത്രയും വേഗം കൂടുതൽ പ്രയാസമേറിയതാകുവാൻ പോകുകയാണ്. ദൈവമേ, ഞങ്ങളുടെ നായകനായ യേശുവിന്റെ മേൽ കണ്ണുറപ്പിച്ചുകൊണ്ട് വേല ചെയ്യുന്നതിന് വെളിച്ചത്തിന്റെ മാർഗ്ഗത്തിൽതന്നെ ഞങ്ങൾ ആയിരിക്കുവാനും ക്ഷമയോടും സഹനശക്തിയോയുംകൂടെ വിജയം വരിക്കുവാൻ മുന്നേറുന്നതിനും ഞങ്ങളെ സഹായിക്കേണമേ.

പാപപരിധിക്കുള്ളിലുള്ള ഭൂമിയിലാണ് നാം ജീവിക്കുന്നത് എന്നിരിക്കിലും സേവനത്തിൽനിന്നാണ് ഏറ്റവും വലിയ സന്തോഷവും ഉന്നതമായ അദ്ധ്യാപനവും ലഭ്യമാകുന്നത്. ഭാവി അവസ്ഥയിൽ പാപപങ്കിലമായ മാനവകുലത്തിന്റെ പരിമിതിയാൽ കുറുക്കഴിഞ്ഞ മഹാസന്തോഷവും ഉന്നതമായ അദ്ധ്യാപനവും കണ്ടെത്തുന്നത് സേവനത്തിലാണ്.





# ദാനീയേലും വെളിപ്പാടും പഠിക്കുക

***ഈ പ്രവചനത്തിന്റെ വാക്കുകളെ വായിച്ചു കേൾപ്പിക്കുന്നവനും കേൾക്കുന്നവരും അതിൽ എഴുതിയിരിക്കുന്നത് പ്രമാണിക്കുന്നവരും ഭാഗ്യവാന്മാർ; സമയം അടുത്തിരിക്കുന്നു. വെളി. 1:3.***

സഭകളെ ഉണർത്തുന്ന ദൂത് പ്രസംഗിക്കപ്പെടണം. നമ്മുടെ ജനത്തിനു മാത്രമല്ല, ലോകത്തിനു മുഴുവനായി വെളിച്ചം പകരുന്നതിനുവേണ്ടിയായിരിക്കണം ഓരോ പ്രയത്നവും ചെലവിടേണ്ടത്. ദാനീയേലിലെയും വെളിപ്പാടിലെയും പ്രവചനങ്ങൾ, അതിന്റെ ആവശ്യമായ വിശദീകരണത്തോടുകൂടി ചെറുപുസ്തകങ്ങളായി ലോകം മുഴുവനും എത്തത്തക്കവിധം പ്രസിദ്ധീകരിക്കണമെന്ന നിർദ്ദേശം എനിക്കു ലഭിക്കുകയുണ്ടായി. വ്യക്തമായ രീതിയിൽ നമ്മുടെ ജനത്തിനു മുമ്പിൽ വച്ചിരിക്കുന്ന വെളിച്ചം അവർക്കുണ്ടാകേണ്ടിയിരിക്കുന്നു.

ദൈവപുത്രന്റെ മാംസം തിന്നുകയും രക്തം കുടിക്കുകയും ചെയ്യുന്നവർ പരിശുദ്ധാത്മപ്രേരണയാൽ ദാനീയേലിലെയും വെളിപ്പാടിലെയും സത്യം കൊണ്ടുവരും. നിയന്ത്രിച്ചു നിറുത്തുവാൻ കഴിയാത്ത ശക്തിയോടുകൂടി അവർ പ്രവർത്തിക്കും. മനുഷ്യമനസ്സുകളിൽ നിന്നും മറയ്ക്കപ്പെട്ടിരിക്കുന്ന മർമ്മങ്ങളെ ഘോഷിക്കുന്നതിന് കുഞ്ഞുങ്ങളുടെ അധരങ്ങൾ തുറക്കപ്പെടും....

പ്രവചനങ്ങളിൽ അനേകവും ധൃതഗതിയിലും തുടർച്ചയായും നിറവേറപ്പടാറായിരിക്കുന്നു. അധികാരത്തിന്റെ ഓരോ അംശവും പ്രവർത്തിക്കുവാൻ ഒരുങ്ങിക്കൊണ്ടിരിക്കുന്നു. പഴയ ചരിത്രം ആവർത്തിക്കപ്പെടും; പഴയ വിവാദങ്ങൾ പുതുജീവൻ പ്രാപിക്കും, ദുർഘടങ്ങൾ ദൈവജനത്തെ ഓരോ വശത്തുനിന്നും വളയും. മാനവകുലത്തെ കഠോരത പിടിച്ചുകൊണ്ടിരിക്കുന്നു. ഭൂമിയിൽ എല്ലാ ഭാഗത്തും അത് വ്യാപിച്ചുകൊണ്ടിരിക്കുന്നു.

ചരിത്രം ആവർത്തിക്കപ്പെടുന്നതുകൊണ്ട് ദാനീയേലുമായി ബന്ധപ്പെടുത്തി വെളിപ്പാടുപുസ്തകം പഠിക്കുക.... മതപരമായ എല്ലാ അവസരങ്ങളോടുമൊപ്പം നമുക്കു അറിയാമെന്നുള്ളതിനെക്കാളും വളരെയധികം നാം അറിയേണ്ടിയിരിക്കുന്നു.

ദൈവത്തിനുമാത്രം തരുവാൻ കഴിയുന്ന വചന പരിജ്ഞാനത്തിന്റെ നീളം, വീതി, ആഴം, ഉയരം എന്നിവയ്ക്കുവേണ്ടി നുറുങ്ങിയ ഹൃദയത്തോടുകൂടി പ്രാർത്ഥിക്കുകയും അന്വേഷിക്കുകയും ചെയ്യുന്ന ജനത്തിനു വെളിപ്പെടുത്തിയിരിക്കുന്ന സത്യത്തിലേക്കു നോക്കുവാൻ മാലാഖമാർ ആഗ്രഹിക്കുന്നു.

ഈ ലോകചരിത്രത്തിന്റെ അന്ത്യത്തിലേക്കു നാം അടുക്കുമ്പോൾ, അന്ത്യകാലവുമായി ബന്ധപ്പെട്ട പ്രവചനങ്ങൾ നമ്മുടെ പഠനത്തെ പ്രത്യേകിച്ച് ആവശ്യപ്പെടുന്നു. നാം അറിഞ്ഞിരിക്കേണ്ട സത്യംകൊണ്ട് പുതിയ നിയമത്തിലെ അവസാനപുസ്തകം നിറഞ്ഞിരിക്കുന്നു. വെളിപ്പാടുപുസ്തകം അവരുടെ ഒരു പഠനവിഷയമാക്കാതിരിക്കുവാൻ തക്ക ഒഴികഴിവുകൾ ഉണ്ടാക്കുന്നതിൽ സന്തോഷിക്കുന്ന അനേകരുടെയും മനസ്സുകളെ സാത്താൻ കുരുടാക്കിക്കളഞ്ഞിരിക്കുന്നു. എന്നാൽ, ക്രിസ്തു തന്റെ ദാസനായ യോഹന്നാനിലൂടെ അവസാന നാളുകളിൽ എന്തൊക്കെയായിരിക്കും എന്നതിനെ സംബന്ധിച്ച് ഇവിടെ വെളിപ്പെടുത്തിയിരിക്കുന്നു; അവൻ ഇപ്രകാരം പറയുന്നു: "ഈ പ്രവചനത്തിന്റെ വാക്കുകളെ വായിച്ചുകേൾപ്പിക്കുന്നവനും കേൾക്കുന്നവരും അതിൽ എഴുതിയിരിക്കുന്നതു പ്രമാണിക്കുന്നവരും ഭാഗ്യവാന്മാർ."

# അസഹിഷ്ണതയും പീഡനവും

***അവർ എന്നെ ഉപദ്രവിച്ചു എങ്കിൽ നിങ്ങളെയും ഉപദ്രവിക്കും; എന്റെ വചനം പ്രമാണിച്ചു എങ്കിൽ നിങ്ങളുടേതും പ്രമാണിക്കും. യോഹ. 15:20.***

സാത്താൻ ഉള്ളിടത്തോളവും ക്രിസ്ത്യാനിത്വം ഒരു ജീവശക്തിയായി നില നിൽക്കുകയും ചെയ്യുന്നിടത്തോളവും പീഡനം അതിന്റെ വിവിധ രൂപത്തിലുള്ള ഒരു തത്വത്തിന്റെ പുരോഗമനമാണ്. അന്ധകാരശക്തികളുടെ എതിർപ്പിനു തന്നെ ത്താൻ അകപ്പെടുത്താതെ ഒരു മനുഷ്യനും ദൈവത്തെ സേവിക്കുവാൻ കഴിയുക യില്ല. അവന്റെ സ്വാധീനം അവരുടെ കരങ്ങളിൽനിന്നു എടുത്തുകളയുകയാണെന്ന മുന്നറിയിപ്പു കൊടുത്തുകൊണ്ട് ദുഷ്ട ദൂതന്മാർ അവനെ ആക്രമിക്കും. അവന്റെ മാതൃക കാരണം ശാസിക്കപ്പെട്ട ദുഷ്ട മനുഷ്യർ, പരീക്ഷകളാൽ പ്രലോഭിപ്പിച്ച് അവനെ ദൈവത്തിൽനിന്ന് അകറ്റുവാൻ ശ്രമിക്കും. ഇവ പരാജയപ്പെടുമ്പോൾ മനഃ സാക്ഷിയെ നിർബ്ബന്ധിക്കുന്ന ഒരു ബലം പ്രയോഗിക്കും.

എന്നാൽ മനുഷ്യന്റെ മദ്ധ്യസ്ഥനായി യേശു സ്വർഗ്ഗീയ വിശുദ്ധ മന്ദിരത്തിൽ ആയിരിക്കുന്നിടത്തോളം ജനത്തിന്റെമേലും അധികാരികളുടെമേലും പരിശുദ്ധാത്മ നിയന്ത്രണത്തിന്റെ സ്വാധീനം ഉണ്ടായിരിക്കും. അപ്പോഴും ഒരളവുവരെ ദേശീയ നിയ മങ്ങളെ അത് നിയന്ത്രിക്കുന്നു. ഈ നിയമങ്ങളില്ലായിരുന്നെങ്കിൽ, ലോകത്തിന്റെ അവസ്ഥ ഇന്നത്തെക്കാളും വളരെ മോശമാകുമായിരുന്നു. അധികാരികളിലനേകർ സാത്താന്റെ സജീവമായ പ്രതിനിധികളായിരിക്കെ, ദേശത്തിൽ മുൻനിരയിൽ നിൽക്കുന്ന മനുഷ്യരുടെയിടയിൽ ദൈവത്തിനും അവന്റെ പ്രതിനിധികളുണ്ട്. ദൈവ വേലയെ അതിഭയങ്കരമായി തടസ്സപ്പെടുത്തുന്ന നടപടികൾ നിർദ്ദേശിക്കുന്നതിനു വേണ്ടി ശത്രു അവന്റെ ദാസന്മാരുടെമേൽ നീങ്ങും; എന്നാൽ, ദൈവഭയമുള്ള രാഷ്ട്ര നേതാക്കൾ അപ്രകാരമുള്ള നിർദ്ദേശങ്ങളെ ഉത്തരമില്ലാതവണ്ണമുള്ള വാദഗതിയോടെ എതിർക്കുന്നതിന് പരിശുദ്ധ ദൂതന്മാർ സ്വാധീനിക്കും. അങ്ങനെ ചുരുക്കം ചില മനുഷ്യർ ശക്തിയേറിയ ദുഷ്ട ഒഴുക്കിനെ തടസ്സപ്പെടുത്തും. മൂന്നാം ദൂതന്റെ ദൂത് അതിന്റെ വേല ചെയ്യത്തക്കവണ്ണം സത്യത്തിന്റെ വൈരികളുടെ എതിർപ്പ് നിയന്ത്രി ക്കപ്പെടും. അന്ത്യ മുന്നറിയിപ്പു കൊടുക്കപ്പെടുമ്പോൾ, ദൈവം ഇപ്പോൾ ഹൃദയ ങ്ങളിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന മുൻനിരയിലുള്ള ഈ മനുഷ്യരുടെ ശ്രദ്ധ അത് പിടിച്ചുനിർത്തും. അവരിൽ ചിലർ അത് സ്വീകരിക്കുകയും കഷ്ടകാലത്തിലൂടെ ദൈവമക്കളോടൊപ്പം നിൽക്കുകയും ചെയ്യും....

"നീയോൻ മക്കളേ, ഘോഷിച്ചുല്ലസിച്ചു നിങ്ങളുടെ ദൈവമായ യഹോവയിൽ സന്തോഷിപ്പിൻ! അവൻ തക്ക അളവായി നിങ്ങൾക്കു മുൻമഴ തരുന്നു; അവൻ മുമ്പേ പ്പോലെ നിങ്ങൾക്കു മുൻമഴയും പിൻമഴയുമായ വർഷം പെയ്യിച്ചുതരുന്നു. യോവേൽ 2:23. "അന്ത്യകാലത്തു ഞാൻ സകല ജഡത്തിന്മേലും എന്റെ ആത്മാവിനെ പകരും; നിങ്ങളുടെ പുത്രന്മാരും പുത്രിമാരും പ്രവചിക്കും; നിങ്ങളുടെ യൗവ്വനക്കാർ ദർശന ങ്ങൾ ദർശിക്കും; നിങ്ങളുടെ വൃദ്ധന്മാർ സ്വപ്നങ്ങൾ കാണും." "എന്നാൽ കർത്താ വിന്റെ നാമം വിളിച്ചപേക്ഷിക്കുന്നവൻ ഏവനും രക്ഷിക്കപ്പെടും എന്നു ദൈവം അരു ളിച്ചെയ്യുന്നു" അപ്പൊ.പ്ര. 2:17,21.

സുവിശേഷത്തിന്റെ അതിശ്രേഷ്ഠമായ വേല, അതിന്റെ ആരംഭത്തിൽ ഉണ്ടായ തിനെക്കാളുമുള്ള ദൈവശക്തിയുടെ ഒട്ടും കുറഞ്ഞ പ്രകടനത്തോടുകൂടി അവസാ നിക്കേണ്ടതല്ല.





# സഭ വീണുപോകുകയില്ല

***ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും; പാതാളഗോപുരങ്ങൾ അതിനെ ജയിക്കയില്ല എന്നു ഞാൻ നിന്നോടു പറയുന്നു. മത്തായി 16:18.***

ദൈവകല്പന പ്രമാണിക്കുകയും യേശുവിങ്കലുള്ള വിശ്വാസം കാത്തുകൊള്ളു കയും ചെയ്യുന്നവർ മഹാസർപ്പത്തിന്റെയും അവന്റെ സൈന്യത്തിന്റെയും ക്രോധം അനുഭവിക്കും. സാത്താൻ അവന്റെ പ്രജകളെന്നവണ്ണമാണ് ലോകത്തെ എണ്ണുന്നത്. വിശ്വാസ ത്യാഗികളായ സഭകളുടെ മേലുള്ള നിയന്ത്രണം അവൻ എടുത്തുകഴിഞ്ഞു; എന്നാൽ അവന്റെ പരമാധികാരത്തെ എതിർക്കുന്ന ഒരു ചെറിയകൂട്ടം ഇതാ ഇവി ടെയുണ്ട്. അവരെ ഈ ഭൂമുഖത്തുനിന്നു തുടച്ചുമാറ്റുവാൻ അവനു കഴിഞ്ഞാൽ അവന്റെ വിജയം പൂർണ്ണമാകും. യിസ്രായേലിനെ നശിപ്പിക്കുവാൻ ജാതീയ രാഷ്ട്ര ങ്ങളെ അവൻ സ്വീധീനിച്ചതുപോലെ, സമീപഭാവിയിൽ ദൈവജനത്തെ നശിപ്പി ക്കുവാൻ ഭൂമിയിലെ ദുഷ്ട അധികാരങ്ങളെ അവൻ ഇളക്കിവിടും.... അവരുടെ ഏക പ്രത്യാശ ദൈവത്തിന്റെ കരുണയിൽ മാത്രമാണ്, അവരുടെ ഏക പ്രതിരോധം പ്രാർത്ഥന മാത്രമായിരിക്കും.

എസ്ഥേറിന്റെ നാളുകളിലുണ്ടായിരുന്ന ദൈവജനത്തിനുമേൽ വന്ന ശോധനയുടെ അനുഭവങ്ങൾ അക്കാലത്തു മാത്രമുണ്ടായ ഒരു പ്രത്യേക അനുഭവം മാത്രമായിരു ന്നില്ല. വെളിപ്പാടുകാരനായ യോഹന്നാൻ അന്ത്യകാലത്തെ നോക്കിയശേഷം ഇപ്ര കാരം പ്രഖ്യാപിക്കുന്നു: "മഹാസർപ്പം സ്ത്രീയോടു കോപിച്ചു, ദൈവകല്പന പ്രമാ ണിക്കുന്നവരും യേശുവിന്റെ സാക്ഷ്യം ഉള്ളവരുമായി അവളുടെ സന്തതിയിൽ ശേഷി പ്പുള്ളവരോടു യുദ്ധം ചെയ്‌വാൻ പുറപ്പെട്ടു; അവൻ കടല്പുറത്തെ മണലിന്മേൽ നിന്നു." വെളി. 12:17.

ഇന്ന് ഈ ലോകത്തിൽ ജീവിക്കുന്നവരിൽ ചിലർ ഈ വചനം നിറവേറുന്നത് കാണും. സാത്താന് അവന്റെ സമയം കുറയുന്നതനുസരിച്ച് കോപം വർദ്ധിച്ചു കൊണ്ടിരിക്കുകയും കഷ്ടകാലത്തോടുകൂടി അവന്റെ വഞ്ചനയും നാശവും അതിന്റെ പാരമ്യത്തിലെത്തുകയും ചെയ്യും.

വഞ്ചിക്കുന്നതിനുവേണ്ടി സാത്താൻ അത്ഭുതങ്ങൾ പ്രവർത്തിക്കും; അവൻ പര മാധികാരിയെന്നവണ്ണം അധികാരങ്ങൾ കാണിക്കും. സഭ വീഴുവാൻ പോകുന്നതു പോലെ കാണപ്പെടും. എന്നാൽ അത് വീഴുകയില്ല. സീയോനിലെ പാപികളെ പാറ്റി വിലയേറിയ ഗോതമ്പിൽനിന്നു പതിര് വേർതിരിക്കുന്നതുവരെ അത് നിലനിൽക്കും. ഇതൊരു അഗ്നിപരീക്ഷയാണ്, എന്നുവരികിലും അതു സംഭവിക്കണം. കുഞ്ഞാ ടിന്റെ രക്തത്താലും അവരുടെ വചനത്തിന്റെ സാക്ഷ്യത്താലും വിജയികളായവര ല്ലാതെ ആരും ഊനമോ, പാപക്കറയോ, വായിൽ കളവോ ഇല്ലാത്ത യഥാർത്ഥവും വിശ്വസ്തരുമായവരുടെ ഗണത്തിൽ ഉണ്ടായിരിക്കുകയില്ല.

"ഒരു അമ്മ തന്റെ കുഞ്ഞിനെ മറന്നാലും ഞാൻ നിന്നെ മറക്കുകയില്ല" എന്ന് ദൈവം പ്രഖ്യാപിക്കുന്നു.... ഏറ്റവും മൃദുലമായ കനിവോടെ ദൈവം തന്റെ കുഞ്ഞുങ്ങളെ ഓർക്കുകയും അവന്റെ സംരക്ഷണയിൽ കീഴിലുള്ള കുഞ്ഞുങ്ങളെ ഒരിക്കലും മറക്കാതവണ്ണം അവന്റെ മുമ്പിൽ ഒരു ഓർമ്മയുടെ പുസ്തകം വയ്ക്കു കയും ചെയ്യുന്നു."

# വ്യാജ ഉണർവ്വ്

***അന്ത്യകാലത്തു ദുർഘടസമയങ്ങൾ വരും എന്നറിക. മനുഷ്യർ സ്വസ്നേഹികളും ദ്രവ്യാഗ്രഹികളും വമ്പു പറയുന്നവരും അഹങ്കാരികളും ദൂഷകന്മാരും അമ്മയപ്പന്മാരെ അനുസരിക്കാത്തവരും നന്ദികെട്ടവരും അശുദ്ധരും . . . . ഭക്തിയുടെ വേഷം ധരിച്ച് അതിന്റെ ശക്തി ത്യജിക്കുന്നവരുമായിരിക്കും. അങ്ങനെയുള്ളവരെ വിട്ടൊഴിയുക. 2 തിമൊ. 3:1,2,5.***

ദൈവത്തിന്റെ അന്ത്യന്യായവിധികൾ ഈ ഭൂമിയിൽ ഉണ്ടാകുന്നതിനുമുമ്പ്, അപ്പൊസ്തലന്മാരുടെ കാലം മുതൽ ഇന്നുവരെയും ഉണ്ടായിട്ടില്ലാത്തവിധം ആദികാലങ്ങളിലുണ്ടായിരുന്നതുപോലുള്ള ദൈവകിത്വത്തിന്റെ ഒരു ഉണർവ്വ് ദൈവമക്കളുടെ ഇടയിൽ ഉണ്ടാകും. ദൈവമക്കളുടെമേൽ അവന്റെ ആത്മാവും ശക്തിയും വർഷിക്കും. ആ സമയം ദൈവസ്നേഹത്തിന്റെയും അവന്റെ വചനത്തിന്റെയും സ്ഥാനം പിടിച്ച് ലോകസ്നേഹംകൊണ്ട് നിറഞ്ഞ സഭകളിൽനിന്ന് അനേകർ വേർപെട്ട് വരും. യേശുവിന്റെ വീണ്ടും വരവിനുവേണ്ടി ഒരുങ്ങുവാൻ തക്കവണ്ണം ഘോഷിക്കപ്പെട്ട ആ മഹൽസത്യം സ്വീകരിക്കുവാൻ ശുശ്രൂഷകന്മാരും ജനവുമുൾപ്പടെ അനേകർ സന്തോഷത്തോടെ കടന്നുവരും. ഈ വേലയെ തടസ്സപ്പെടുത്തുവാൻ ആത്മാക്കളുടെ ശത്രുവായവൻ ആഗ്രഹിക്കുന്നു; ആയതിനുള്ള സമയം വരുന്നതിനുമുമ്പ് വ്യാജമായതിനെ പരിചയപ്പെടുത്തിക്കൊണ്ട് തടയുവാൻ പരിശ്രമിക്കും. സാത്താന്റെ വഞ്ചനാശക്തിയിൻകീഴിൽ കൊണ്ടുവരുവാൻ അവനു കഴിയുന്ന ആ സഭകളിൽ ദൈവാനുഗ്രഹം ചൊരിയുന്നതുപോലെ അവൻ കാര്യങ്ങളെ പ്രത്യക്ഷമാക്കും; അവിടെ മതപരമായ ഒരു മഹാതാല്പര്യം ജനിക്കുന്നതുപോലെ സംഗതികളെ പ്രകടമാക്കും. ഈ പ്രവൃത്തി മറ്റൊരാത്മാവിന്റേതായിരിക്കുമ്പോൾതന്നെ ദൈവം അവർക്കുവേണ്ടി അത്ഭുതം പ്രവർത്തിക്കുന്നു എന്ന് ചിന്തിച്ച് വിജയോത്സവം കൊണ്ടാടും. മതപരമായ ഒരു നാട്യത്താൽ ക്രിസ്തീയ ലോകം മുഴുവനും അവന്റെ സ്വാധീനം വ്യാപിപ്പിക്കുവൻ അവൻ ശ്രമിക്കും.

കഴിഞ്ഞ അര നൂറ്റാണ്ടായി ഉണ്ടായിട്ടുള്ള അനേക ഉണർവ്വുകളിലും വരും കാലങ്ങളിൽ കുറേക്കൂടി വിപുലമായി പ്രകടമാക്കുവാൻ പോകുന്ന സ്വാധീനം ഒരു വലിയ അല്ലെങ്കിൽ ചെറിയ അളവുവരെ ഉണ്ടായിരുന്നു. വഴി തെറ്റിപ്പിക്കുവാൻ വ്യാജത്തോടു യഥാർത്ഥമായതു കൂട്ടിച്ചേർത്ത ഒന്നിന്റെ വൈകാരികമായ ഒരു ഇളക്കം സൃഷ്ടിക്കപ്പെടുന്നു. എന്നിരുന്നാലും ആരുംതന്നെ വഞ്ചിക്കപ്പെടേണ്ടതില്ല. ഈ പ്രസ്ഥാനങ്ങളുടെ സ്വഭാവത്തെ ദൈവവചനത്തിന്റെ വെളിച്ചത്തിൽ തീരുമാനിക്കുന്നതിന് ഒരു പ്രയാസവുമില്ല. സ്വയത്യാഗവും ലോകത്തെ ഉപേക്ഷിക്കലും ആവശ്യപ്പെടുന്ന വ്യക്തവും ആത്മപരിശോധന നടത്തുവാൻ മതിയായതുമായ സത്യങ്ങളിൽനിന്ന് അകന്നു എപ്പോഴെല്ലാം ബൈബിളിലെ സാക്ഷ്യങ്ങളെ അവഗണിക്കുന്നുവോ അപ്പോഴെല്ലാം ദൈവാനുഗ്രഹം വർഷിക്കുന്നില്ല എന്നത് ഉറപ്പാക്കണം. ക്രിസ്തുതന്നെ ഒരു നിയമമായി ഇങ്ങനെ പറഞ്ഞിരിക്കുന്നു: “അവരുടെ ഫലത്താൽ നിങ്ങൾ അവരെ അറിയും” (മത്തായി 7:16). ഈ പ്രസ്ഥാനങ്ങൾ ദൈവാത്മാവിന്റെ പ്രവർത്തനത്താലുളവായതല്ല എന്നത് വ്യക്തമാണ്.





# ഗർവ്വോടും അശ്രദ്ധയോടുമുള്ള കാലതാമസം

***ഞാൻ കള്ളനെപ്പോലെ വരും; തന്റെ ലജ്ജ കാണുമാറു നഗ്നനായി നടക്കാതിരിപ്പാൻ തന്റെ ഉടുപ്പു സൂക്ഷിച്ചും ജാഗരിച്ചും കൊള്ളുന്നവൻ ഭാഗ്യവാൻ. വെളി. 16:15***

“യജമാനൻ തന്റെ വരവ് താമസിപ്പിക്കുന്നു” എന്ന് ദുഷ്ടദാസൻ പറയുന്നു. യേശു വരികയില്ല എന്ന് അവൻ പറയുകയില്ല. അവന്റെ രണ്ടാംവരവ് എന്ന ആശയത്തെ അവൻ പുച്ഛിക്കുകയുമില്ല. അവന്റെ ഹൃദയത്തിലും പ്രവൃത്തിയിലും സംസാരത്തിലുംകൂടെ യേശുവിന്റെ രണ്ടാംവരവ് താമസിക്കുന്നു എന്ന് വിളംബരം ചെയ്ത് യേശു വേഗം വരുന്നു എന്ന ചിന്ത മറ്റുള്ളവരുടെ മനസ്സിൽ നിന്ന് മായിച്ചു കളയും. അവന്റെ സ്വാധീനം മനുഷ്യരിൽ ഗർവ്വോടും അശ്രദ്ധയോടുമുള്ള കാലതാമസത്തിന് വഴിയൊരുക്കും. ലോകവുമായി അവന്റെ ഇഴുകിച്ചേരൽ ഭയാനകമായിരിക്കും. ലോകത്തോടുകൂടി അവന്റെ കെണിയിൽ പിടിക്കപ്പെട്ടുപോകുന്നു.

“നീ ഉണരാതിരുന്നാൽ ഞാൻ കള്ളനെപ്പോലെ വരും; ഏതു നാഴികക്കു നിന്റെമേൽ വരും എന്നു നീ അറികയും ഇല്ല” വെളി. 3:3. യേശുവിന്റെ വരവ് കള്ള ഉപദേഷ്ടാക്കന്മാരെ സ്തബ്ധരാക്കും. യെരുശലേമിന്റെ പതനത്തിനു മുൻപ് പുരോഹിതന്മാരും ഉപദേഷ്ടാക്കന്മാരും പറഞ്ഞതുപോലെ സമാധാനമെന്നും നിർഭയമെന്നും അവർ പറയുന്നു. സഭ ലൗകിക ഉന്നതിയും മഹത്വവും പ്രാപിക്കണമെന്ന് അവർ കാംക്ഷിക്കുന്നു. ഇത് മറയ്ക്കുവാൻ ഉതകുന്നതായിരിക്കും കാലമുന്നറിയിപ്പുകളെക്കുറിച്ചുള്ള അവരുടെ വ്യാഖ്യാനം. എന്നാൽ പരിശുദ്ധാത്മാവ് എന്തുപറയുന്നു? അവർക്ക് പെട്ടെന്നു നാശം വന്നു ഭവിക്കും (1 തെസ്സ. 5:3). ഭൂമിയിൽ വസിക്കുന്ന എല്ലാവർക്കും, ഈ ഭൂമി തങ്ങളുടെ വാസസ്ഥലമാക്കിയിരിക്കുന്ന എല്ലാവർക്കും തന്നെ ദൈവത്തിന്റെ ദിവസം ഒരു കണിപോലെ വരും.

ദൈവത്തെ ത്യജിച്ചുള്ള ആനന്ദവും കലാപവും നിറഞ്ഞ ഈ ലോകം മിഥ്യാസുരക്ഷിതത്വത്തിൽ ഉറങ്ങുകയാണ്. ജനം കർത്താവിന്റെ വരവിനെ ദൂരെ അകറ്റിക്കളയുകയാണ്. മുന്നറിയിപ്പുകളെ പരിഹസിക്കുകയുമാണ് ചെയ്യുന്നത്. സകലവും സൃഷ്ടിയുടെ ആരംഭത്തിൽ ഇരുന്നതുപോലെതന്നെ ഇരിക്കുന്നു; ഇന്നത്തെപ്പോലെ നാളെയും കേമത്തിൽ തന്നെ എന്ന് അഹങ്കാരത്തോടെ അവർ വീമ്പടിക്കുകയാണ് (2 പത്രൊ. 3:4; യെശ. 56:12). നമുക്ക് കൂടുതൽ ലൗകികതയിലേക്ക് പോകാം. എന്നാൽ ക്രിസ്തു പറയുന്നു ഇതാ ഞാൻ കള്ളനെപ്പോലെ വരുന്നു (വെളി. 16:15). അവന്റെ വരവിന്റെ വാഗ്ദത്തം എവിടെ എന്ന് ലോകം അവജ്ഞയോടെ ചോദിക്കുന്ന ഓരോ സമയത്തും അന്ത്യകാല ലക്ഷണങ്ങൾ നിറവേറ്റപ്പെടുകയാണ്. സമാധാനമെന്നും സുരക്ഷിതമെന്നും അവർ ആർക്കുമ്പോൾ പെട്ടെന്ന് അവർക്ക് നാശം വന്നു ഭവിക്കുകയാണ്. ജനം പരിഹാസികളും സത്യത്യാഗികളും അഹങ്കാരികളുമായിത്തീർന്നിരിക്കുകയാണ്; യാതൊരു തത്വദീക്ഷയുമില്ലാതെയാണ് വിവിധങ്ങളാകുന്ന ധനസമ്പാദനമാർഗ്ഗങ്ങളെ അവർ ഉപയോഗിക്കുന്നത്. സത്യാന്വേഷി എല്ലായിടത്തും ജ്ഞാനം തേടുമ്പോൾ നിനയാത്ത നേരത്ത് യേശു വരും എന്ന് ബൈബിൾ പ്രസ്താവിക്കുന്നു.

# നേടുവാൻ ഒരു സ്വർഗ്ഗം

***സദാകാലവും ഉണർന്നും പ്രാർത്ഥിച്ചും കൊണ്ടിരിപ്പിൻ. ലൂക്കൊ. 21:36***

ഗൗരവവും പ്രാധാന്യമേറിയതുമായ കാലയളവിലാണ് നാം ജീവിക്കുന്നത്. ദൈവത്തിന്റെ പരിശുദ്ധാത്മാവിനെ സാവധാനം എന്നാൽ തീർച്ചയായും ഭൂമിയിൽനിന്ന് പിൻവലിക്കും.

ലോകത്തിലെ സംഭവവികാസങ്ങൾ നമ്മെ ഓർമ്മപ്പെടുത്തുന്നത് ദുർദിനങ്ങൾ നമ്മുടെ മേൽ നിഴലിട്ടിരിക്കുന്നു എന്നതാണ്. ആസന്ന ഭാവിയിൽ വരുവാൻ പോകുന്ന വൻ സംഘട്ടനങ്ങളെക്കുറിച്ചുള്ള മുന്നറിയിപ്പുകളാണ് ദിനപ്പത്രങ്ങൾ നിറയെ. പിടിച്ചുപറി നിത്യസംഭവങ്ങളാണ്. സമരങ്ങളും കളവുകളും കൊലപാതകങ്ങളും സർവ്വസാധാരണം. പൈശാചികരായ മനുഷ്യർ സ്ത്രീപുരുഷന്മാരുടെയും കൊച്ചുകുട്ടികളുടെയും ജീവൻ അപഹരിക്കുന്നു. മനുഷ്യർ പ്രത്യേകതരം പൈശാചിക വിജയങ്ങളിലും ദുരാചാരങ്ങളിലും ഉന്മത്തരായി ത്തീർന്നിരിക്കുകയാണ്.

ലോകം ഇന്ന് സംഘട്ടനത്തിലാണ്. കാലലക്ഷണങ്ങൾ സാർവ്വത്രികമാണ്. വരുവാനുള്ള സംഭവങ്ങൾ മുൻനിഴലിക്കുന്നുണ്ട്. പരിശുദ്ധാത്മാവ് ഭൂമിയിൽനിന്ന് എടുക്കപ്പെടുകയും കരയിലും കടലിലും ഉണ്ടാകുന്ന അത്യാപത്തുകൾ ഒന്നിനു പിറകെ ഒന്നായി വരികയും ചെയ്യുന്നു. കൊടുങ്കാറ്റ്, ഭൂമികുലുക്കം, അഗ്നി, വെള്ളപ്പൊക്കം എല്ലാതരത്തിലുമുള്ള കൊലപാതകങ്ങൾ എന്നിവ ഉണ്ടാകുകയും മനുഷ്യർ പെട്ടെന്ന് അവർ തിരഞ്ഞെടുത്ത കൊടിക്കീഴിൽ അണിനിരക്കുകയും ചെയ്യും. അവരുടെ നേതാക്കളുടെ ചലനങ്ങളെ വിശ്രമമില്ലാതെ കാത്തിരുന്ന് വീക്ഷിക്കുകയും ചെയ്യും. ക്രിസ്തുവിന്റെ വരവിനായി കാത്തിരുന്ന് പ്രവർത്തിക്കുന്ന ഒരു കൂട്ടവും പിശാചിന്റെ കീഴിൽ അണിനിരക്കുന്ന വേറൊരു കൂട്ടവും ഉണ്ട്. തങ്ങൾക്ക് നേടാൻ ഒരു സ്വർഗ്ഗവും ത്യജിക്കുവാൻ ഒരു നരകവും ഉണ്ട് എന്ന് ആത്മാർത്ഥമായി ഒരു പറ്റം വിശ്വസിക്കുന്നു.

പ്രതിസന്ധി നമ്മുടെ മേൽ ഒളിച്ചുവരികയാണ്. സൂര്യൻ ആകാശത്ത് അസാധാരണമായി പ്രകാശിക്കുന്നു.... മനുഷ്യർ ഇപ്പോഴും തിന്നും കുടിച്ചും നട്ടും പണിതും വിവാഹം കഴിച്ചും വിവാഹത്തിന് കൊടുത്തും ഇരിക്കുന്നു. വ്യാപാരികൾ ഇപ്പോഴും വാങ്ങുകയും വിൽക്കുകയും ചെയ്യുന്നു. മനുഷ്യർ ഉന്നതിക്കായി ഒരുത്തനെതിരെ മറ്റൊരുത്തൻ തള്ളിക്കയറുന്നു. ഉല്ലാസമോഹികൾ സിനിമാശാലകളിലും കുതിരപ്പന്തയ സ്ഥലത്തും ചൂതുകളിരംഗത്തും തിരക്കിൽ ആയിരിക്കുന്നു. ഏറ്റവും ഉന്നതമായ ആവേശം നിലനിൽക്കുന്നു. കൃപയുടെ വാതിൽ വേഗം അടയുകയും എല്ലാവരുടെയും നിത്യമായ ഗതി നിശ്ചയിക്കപ്പെടുകയും ചെയ്യും....

ഒലിവുമലയിൽ നിന്ന് നൂറ്റാണ്ടുകളായി നമ്മുടെ കർത്താവിന്റെ മുന്നറിയിപ്പിൻ ദൂത് കടന്നുവരുന്നു: "നിങ്ങളുടെ ഹൃദയം അതിഭക്ഷണത്താലും മദ്യപാനത്താലും ഉപജീവനചിന്തകളാലും ഭാരപ്പെട്ടിട്ട് ആ ദിവസം നിങ്ങൾക്കു കണിപോലെ വരാതിരിപ്പാൻ സൂക്ഷിച്ചുകൊൾവിൻ".





# ഉണർന്നിരിക്കുന്നവരുടെ മേലുള്ള അനുഗ്രഹങ്ങൾ

***യജമാനൻ വരുന്നേരം ഉണർന്നിരിക്കുന്നവരായി കാണുന്ന ദാസന്മാർ ഭാഗ്യവാന്മാർ; അവൻ അരകെട്ടി അവരെ ഭക്ഷണത്തിനിരുത്തുകയും വന്നു അവർക്ക് ശുശ്രൂഷ ചെയ്യുകയും ചെയ്യും എന്ന് ഞാൻ സത്യമായി നിങ്ങളോട് പറയുന്നു. ലൂക്കൊ. 12:37***

വരാൻപോകുന്ന ന്യായവിധിയെക്കുറിച്ച് ദൈവം മനുഷ്യർക്ക് മുന്നറിയിപ്പ് കൊടുത്തിട്ടുണ്ട്. അവിശ്വാസികളും അനുസരണം കെട്ടവരുമായവരുടെ മേൽ ന്യായവിധി വന്നപ്പോൾ തങ്ങളുടെ കാലത്ത് ശ്രവിച്ചതായ ദൂത് വിശ്വസിച്ചവരും, വിശ്വാസാനുസരണം പ്രവർത്തിച്ചവരും കല്പന കാത്തവരും രക്ഷപ്രാപിച്ചു. നോഹക്ക് ഈവണ്ണം കല്പന ലഭിച്ചു: "നീയും നിന്റെ സർവ്വ കുടുംബവുമായി പെട്ടകത്തിൽ കടക്ക, ഞാൻ നിന്നെ ഈ തലമുറയിൽ എന്റെ മുൻപാകെ നീതിമാനായി കണ്ടിരിക്കുന്നു" ഉല്പ. 7:1. നോഹ അനുസരിച്ചു രക്ഷപ്രാപിച്ചു. ലോത്തിനു ലഭിച്ച ദൂത്, "നിങ്ങൾ എഴുന്നേറ്റ് ഈ സ്ഥലം വിട്ട് പുറപ്പെടുവിൻ, യഹോവ ഈ പട്ടണം നശിപ്പിക്കും" എന്നായിരുന്നു. ഉല്പ. 19:14; ലോത്ത് തന്നെത്തന്നെ സ്വർഗ്ഗീയ ദൂതന്മാരുടെ സംരക്ഷണത്തിൻ കീഴിൽ ഏല്പിച്ചു രക്ഷ പ്രാപിച്ചു. യരുശലേമിന്റെ നാശത്തെക്കുറിച്ച് ക്രിസ്ത്യാനികൾക്ക് മുന്നറിയിപ്പ് ലഭിച്ചിരുന്നു. വരുവാനിരുന്ന നാശത്തിന്റെ അടയാളം ശ്രദ്ധിച്ചിരുന്നവർ പട്ടണം വിട്ട് പലായനം ചെയ്ത് നാശത്തിൽനിന്ന് രക്ഷപ്രാപിച്ചു. എന്നാൽ നമുക്കും ക്രിസ്തുവിന്റെ രണ്ടാംവരവിനെക്കുറിച്ചും ഈ ലോകത്തിൽ ഭവിക്കുവാൻ പോകുന്ന നാശത്തെക്കുറിച്ചും മുന്നറിയിപ്പു ലഭിച്ചിട്ടുണ്ട്. ഈ മുന്നറിയിപ്പു കാക്കുന്നവർ എല്ലാം രക്ഷപ്രാപിക്കും.

ക്രിസ്തുവിന്റെ രണ്ടാംവരവിന്റെ കൃത്യസമയം നമുക്ക് അറിഞ്ഞുകൂടാത്തതിനാൽ നമ്മളോട് ഉണർന്നിരിപ്പാൻ പറഞ്ഞിരിക്കുകയാണ്. 'യജമാനൻ വരുന്നേരം ഉണർന്നിരിക്കുന്നവരായി കാണപ്പെടുന്ന ദാസന്മാർ ഭാഗ്യവാന്മാർ' ലൂക്കൊ. 12:37. ക്രിസ്തുവിന്റെ വരവിനായി നോക്കിപ്പാർത്തിരിക്കുന്നവർ അലസമായി കാത്തിരിക്കുകയില്ല. ക്രിസ്തുവിന്റെ വരവിനെ പ്രതീക്ഷിക്കുക എന്നാൽ മനുഷ്യരെ ദൈവഭയമുള്ളവരും ക്രിസ്തുവിനെയും ലംഘനങ്ങളുടെമേലുള്ള അവന്റെ ന്യായവിധിയെ ഭയക്കുന്നവരുമാക്കുക എന്നതാണ്. അവൻ നല്കുന്ന കരുണയെ തിരസ്കരിക്കുക എന്ന ഘോര പാപത്തെക്കുറിച്ച് അവരെ ഉണർത്തുക എന്നുള്ളതാണ്. കർത്താവിനെ കാത്തിരിക്കുന്നവർ സത്യാനുസാരികളായി തങ്ങളുടെ ജീവിതത്തെ ശുദ്ധീകരിക്കും. അവർ ജാഗ്രതയോടുകൂടി കാത്തിരിക്കുന്നതോടൊപ്പം ആത്മാർത്ഥമായി വേല ചെയ്യും. അവൻ വാതിൽക്കൽ എത്തിയിരിക്കുന്നു എന്ന് അറിയാമെന്നുള്ളതുകൊണ്ട് അവരുടെ തീക്ഷ്ണത വർദ്ധിപ്പിക്കുകയും ആത്മാക്കളുടെ രക്ഷയ്ക്കുവേണ്ടി സ്വർഗ്ഗീയ മാലാഖമാരോടൊപ്പം സഹകരിച്ച് പ്രവർത്തിക്കുകയും ചെയ്യും. ഇവരാണ് "തക്കസമയത്ത് ആഹാരവീതം കൊടുക്കേണ്ടതിന് യജമാനൻ തന്റെ വേലക്കാരുടെ മേൽ ആക്കുന്ന വിശ്വസ്തനും ബുദ്ധിമാനുമായ ഗൃഹവിചാരകൻ" (ലൂക്കൊ. 12:42). ഈ കാലയളവിലേക്ക് ആവശ്യമായ സുവിശേഷസത്യം അവർ ഘോഷിക്കുന്നു. ഹാനോക്ക്, നോഹ, അബ്രഹാം, മോശെ എന്നിവരുടെ കാലത്ത് അവർക്കു ലഭിച്ച ദൂത് ഘോഷിച്ചതുപോലെ വിളിച്ചോതുകയാണ്. ക്രിസ്തുവിന്റെ ദാസന്മാർ അവരുടെ തലമുറയ്ക്കു ഇപ്പോൾ കൊടുക്കേണ്ട പ്രത്യേക മുന്നറിയിപ്പ് കൊടുക്കുന്നു.

# വിഷമതകൾ എല്ലാ ദിക്കിൽനിന്നും

***യഹോവയുടെ ന്യായപ്രമാണം പ്രവർത്തിക്കുന്നവരായി ഭൂമിയിലെ സകല സൗമ്യ ന്മാരുമായുള്ളോരേ, അവനെ അന്വേഷിപ്പിൻ; നീതി അന്വേഷിപ്പിൻ; സൗമ്യത അന്വേ ഷിപ്പിൻ; പക്ഷെ നിങ്ങൾക്ക് യഹോവയുടെ കോപദിവസത്തിൽ മറഞ്ഞിരിക്കാം. സെഫന്യാവു. 2:3.***

ക്രിസ്തുവിന്റെ രക്തത്താൽ വിലയ്ക്കു വാങ്ങപ്പെട്ടവർ, സുവിശേഷങ്ങളിലൂടെ ദാനമായി നൽകിയിരിക്കുന്ന ദൂതുകളെ തമാശയായി എടുക്കുകയും ക്രിസ്തുവിന്റെ ദൈവികത്വത്തെ നിരസിക്കുകയും അടിസ്ഥാനമില്ലാത്ത തർക്കങ്ങളിലും പരിമിതമായ തങ്ങളുടെ ന്യായവാദങ്ങളിലും ആശ്രയിക്കുകയും ചെയ്യുന്നതുപോലെ ദാരുണമായ കാഴ്ച വേറെ ഉണ്ടാവുകയില്ല. പീഡനങ്ങളാൽ പരീക്ഷിക്കപ്പെടുമ്പോഴും മരണത്തിന് നേർക്ക് കൊണ്ടുവരപ്പെടുമ്പോഴും സൂര്യനു മുൻപിൽ മഞ്ഞുരുകുന്നതുപോലെ ഇവർ നേടിയതായ അബദ്ധ ധാരണകൾ ഒന്നൊന്നായി ഒലിച്ചുപോകും.

ദൈവകൃപയുടെ അപേക്ഷയെ നിരസിച്ചതായ ഒരു വ്യക്തിയുടെ ശവമഞ്ചത്തിനരികെ നില്ക്കുക എന്നത് എത്ര ഭയങ്കരമാണ്. ഇതാ ഇവിടെ ഒരു ജീവിതം നഷ്ടമായിരിക്കുന്നു എന്ന് പറയുന്നത് എത്ര ദുഷ്ക്കരമാണ്. ഇവിടെ ഒരുവൻ ഉന്നത നിലവാരം പുലർത്തി നിത്യജീവനെ കരസ്ഥമാക്കിയവനായിരുന്നിരിക്കാം, പക്ഷേ അവൻ തന്റെ ജീവിതം പിശാചിന് അടിയറവച്ച് നിഷ്പ്രഭമായി, മാനുഷിക തത്വചിന്തകളാൽ ചതിക്കപ്പെട്ട് ദുഷ്ടന്റെ കളിക്കോപ്പായി മാറി! കർത്താവായ യേശുക്രിസ്തു നമുക്കുവേണ്ടി തിരശ്ശീലക്കകത്ത് പ്രവേശിച്ചിരിക്കയാൽ ക്രിസ്ത്യാനികളുടെ പ്രത്യാശ വിശ്വസിക്കാവുന്നതും ഉറപ്പുള്ളതുമായ ആത്മാവിന്റെ ഒരു നങ്കൂരമാണ്. നമുക്കു മുൻപിലുള്ള ഈ മഹാസംഭവത്തിനായി ഒരുങ്ങേണ്ടതിലേക്ക് വ്യക്തിപരമായ ചില കർത്തവ്യങ്ങൾ നാം നിറവേറ്റേണ്ടതുണ്ട്.

യൗവനക്കാർ കൂടുതൽ ആത്മാർത്ഥതയോടെ ദൈവത്തെ അന്വേഷിക്കട്ടെ! സർവ്വനാശം വരുന്നതുകൊണ്ട് അതിന്റെ ഉഗ്രകോപത്തിൽ നിന്നുള്ള വിടുതലിനായി ദൈവത്തോട് മാനസാന്തരവും (അനുതാപം) ക്രിസ്തുവിലുള്ള വിശ്വാസവും കാത്ത് നാം ഒരുങ്ങണം. ഭൂമിയെ കഠിനമായി ഇളക്കേണ്ടതിന് കർത്താവ് എഴുന്നേല്ക്കും. നാശം എല്ലാ ദിക്കിലും നാം ദർശിക്കും. ആയിരമായിരം കപ്പലുകൾ സമുദ്രത്തിന്റെ അടിത്തട്ടിലേക്ക് താഴ്ന്നുപോകും. നാവികസേനകൾ അവതാളത്തിലായി ലക്ഷക്കണക്കിന് മനുഷ്യജീവിതങ്ങൾ ഹോമിക്കപ്പെടും. അപ്രതീക്ഷിതമായി അഗ്നിപ്രളയമുണ്ടാകും. എന്നാൽ മനുഷ്യശ്രമത്താൽ അതിനെ അണയ്ക്കുവാൻ കഴിയുകയില്ല. ലോകത്തിലെ ആഡംബരകൊട്ടാരങ്ങൾ അഗ്നിക്കിരയാകും. റെയിൽവേ ദുരന്തങ്ങൾ തുടർക്കഥയാകുകയും യാത്രാമാർഗ്ഗങ്ങൾ കലങ്ങിമറിയുകയും സംഘട്ടനങ്ങളും മുന്നറിയിപ്പില്ലാത്ത മരണങ്ങളും നിത്യസംഭവങ്ങളായി മാറും. അവസാനം അടുത്തു. കൃപയുടെ വാതിൽ അടയാറായി, "ദൈവത്തെ കണ്ടെത്താവുന്ന സമയത്ത് അവനെ അന്വേഷിപ്പിൻ അവൻ അരികത്ത് ആയിരിക്കുമ്പോൾ അവനെ വിളിച്ചപേക്ഷിപ്പിൻ. പ്രവാചകൻ പറയുന്നു, യഹോവയുടെ ന്യായപ്രമാണം പ്രവർത്തിക്കുന്നവരായി ഭൂമിയിലെ സകല സൗമ്യരുമായുള്ളോരേ, അവനെ അന്വേഷിപ്പിൻ; നീതി അന്വേഷിപ്പിൻ; സൗമ്യത അന്വേഷിപ്പിൻ; പക്ഷേ നിങ്ങൾക്ക് യഹോവയുടെ കോപദിവസത്തിൽ മറഞ്ഞിരിക്കാം.





# ആത്മാക്കൾക്കായുള്ള മദ്ധ്യസ്ഥപ്രാർത്ഥന

***ഭൂമിയിൽ വച്ചു നിങ്ങളിൽ രണ്ടുപേർ യാചിക്കുന്ന ഏതു കാര്യത്തിലും ഐകമത്യപ്പെട്ടാൽ അതു സ്വർഗ്ഗസ്ഥനായ എന്റെ പിതാവിങ്കൽ നിന്നു അവർക്ക് ലഭിക്കും. മത്താ. 18:19.***

മാനസാന്തരപ്പെടാത്തവരെക്കുറിച്ചും അന്ധകാരത്തിലിരുന്ന് വെളിച്ചം കാണാത്തവരെക്കുറിച്ചും ബാറ്റിൽക്രീക്കിലുള്ളവരുടെ ഭാരവും അവർക്കായി പ്രാർത്ഥനായോഗങ്ങൾ സംഘടിപ്പിച്ചതും ദൈവിക ശക്തി അവരുടേതായി മാറ്റപ്പടേണ്ടതിനുമായി പ്രാർത്ഥിച്ചതും ഞാൻ ഓർക്കുന്നു. എല്ലാ സംഗതികളിലും സ്വർഗ്ഗീയ ശക്തി പ്രവർത്തിക്കുകയും ആത്മാക്കൾ രക്ഷപ്രാപിക്കുകയും ചെയ്തു.

സഭയിൽ നല്ലൊരു കൂട്ടം വിശ്വാസികൾ ഉണ്ടെങ്കിൽ അവരെ ചെറുകൂട്ടങ്ങളായി വിഭജിക്കുകയും അവർ സഭാജനത്തിന് മാത്രമല്ല അവിശ്വാസികൾക്കും വേണ്ടി പ്രവർത്തിക്കട്ടെ. ഒരു സ്ഥലത്ത് രണ്ടോ മൂന്നോ പേർ സത്യം അറിയുന്നവരുണ്ടെങ്കിൽ അവർ ഒരു പ്രവർത്തക ഗണമായി പ്രവർത്തിക്കട്ടെ. അവർ തങ്ങളുടെ കൂട്ടായ്മ വേർപെടുത്താതെ സൂക്ഷിക്കുകയും ഒരുമയിലും സ്നേഹത്തിലും അന്യോന്യം ചേർന്നും, മുന്നേറുന്നതിന് പരസ്പരം പ്രോത്സാഹിപ്പിച്ചും മറ്റുള്ളവരുടെ സഹായത്താൽ ഓരോരുത്തരും ധൈര്യവും ശക്തിയും ആർജ്ജിക്കട്ടെ. അവർ ക്രിസ്തുതുല്യ സംയമനവും സമാധാനവും പാലിക്കുകയും കഠിനവാക്കുകൾ സംസാരിക്കാതെയും ദൈവവിശ്വാസത്തിൽ വളരേണ്ടതിന് പ്രസംഗവരങ്ങൾ അന്യോന്യം വളർത്തട്ടെ. ക്രിസ്തീയ സ്നേഹത്തോടെ കൂട്ടത്തിനു വെളിയിലുള്ളവർക്കായി പ്രയത്നിക്കുകയും ക്രിസ്തുവിന്റെ നാമത്തിൽ പ്രവർത്തിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുമ്പോൾ അവരുടെ എണ്ണം വർദ്ധിച്ചുവരും.

ഭവനസുവിശേഷീകരണം നടത്തപ്പെടണം എന്ന ആഹ്വാനം നാം ശ്രവിക്കുന്നുണ്ട്. പാപവും അതിനോട് ബന്ധപ്പെട്ട വേലകളും നമ്മുടെ രാജ്യത്ത് ധാരാളമുള്ളപ്പോൾ അതിനെ എന്തിന് വിദേശരാജ്യങ്ങളിലേക്ക് മാറ്റണം. നമ്മുടെ വയൽപ്രദേശം ഈ ലോകമാണ്. യേശു തന്റെ ശിഷ്യന്മാരെ ഉപദേശിച്ചത് ആദ്യം യെരുശലേമിലും പിന്നെ യഹൂദ്യയിലും ശമര്യയിലും ഭൂമിയുടെ അറ്റത്തോളവും അവരുടെ പ്രവർത്തനം വ്യാപിപ്പിക്കണം എന്നാണ്. ആനുപാതികമായി ചെറിയൊരു കൂട്ടം മാത്രമാണ് ഈ തത്വം അംഗീകരിച്ചിട്ടുള്ളൂ എന്നിരുന്നാലും ദൂതുവാഹകർ ഈ ദൂതുമായി ദേശദേശാന്തരം ദ്രുതഗതിയിൽ ഇതിന്റെ മഹത്വം ഉയർത്തിക്കൊണ്ട് ഇത് പ്രചരിപ്പിച്ചുകൊണ്ടിരിക്കുകയാണ്. പക്ഷേ ഒരു തയ്യാറെടുപ്പിന്റെ ജോലി അനിവാര്യമാണ്. രക്ഷകന്റെ വാഗ്ദത്തം ഇപ്രകാരമായിരുന്നു: "എന്നാൽ പരിശുദ്ധാത്മാവ് നിങ്ങളുടെ മേൽ വരുമ്പോൾ നിങ്ങൾ ശക്തി ലഭിച്ചിട്ട് എന്റെ സാക്ഷികൾ ആകും" ആര് സ്വന്തം ഇച്ഛകൾക്കും ഇഷ്ടത്തിനും അനുസരിച്ച് പ്രവർത്തിക്കാതിരിക്കുകയും ദൈവിക ആലോചന തേടുകയും ചെയ്യുന്നുവോ അവർ അജ്ഞാനികളാകാതിരിക്കുവാൻ ദൈവം അവരെ അഭ്യസിപ്പിച്ച് ജ്ഞാനികളാക്കും.

# വിലപിക്കുകയോ സന്തോഷിക്കുകയോ?

***കൊയ്ത്തുകഴിഞ്ഞു, ഫലശേഖരവും കഴിഞ്ഞു; നാം രക്ഷിക്കപ്പെട്ടതുമില്ല യിരെ. 8:20.***

അവസാനം വന്നെത്തിയിരിക്കുന്നു എന്ന് വളരെ വ്യക്തമായി വിളിച്ചറിയിച്ചുകൊണ്ടിരിക്കുന്നു. അവസാനകാല അടയാളങ്ങൾ അവഗണിക്കരുത് എന്ന് നമ്മുടെ സഭാജനങ്ങളോട് ഞാൻ അപേക്ഷിക്കുകയാണ്. തങ്ങളുടെ ആത്മാവിന്റെ രക്ഷയെ ഗണ്യമാക്കാതെപോയ അനേകരും കൊയ്ത്തുകഴിഞ്ഞു ഫലശേഖരവും കഴിഞ്ഞു നാം രക്ഷിക്കപ്പെട്ടതുമില്ല എന്ന കയ്പ്പേറിയ വിലാപം വേഗത്തിൽ നടത്താൻ പോവുകയാണ്.

ഇത് നമ്മുടെ കോടതിവാരവും നമ്മുടെ കേസുകൾ മാറ്റിവെക്കപ്പെട്ടിരിക്കുകയുമാണ് എന്ന് നമുക്കറിയാം. ഇപ്പോൾ ആകുന്നു എല്ലാ സ്വാർത്ഥതയും, അഹന്തയും സ്വയലാളനവും ഉപേക്ഷിച്ച്, ജാഗരിച്ച് പ്രാർത്ഥിക്കാനുള്ള സമയം. അനേകർക്ക് നഷ്ടമായ കാലങ്ങളെക്കാൾ ഉപവസിച്ചും പ്രാർത്ഥിച്ചും ചിലവഴിക്കേണ്ട അസുലഭ നിമിഷങ്ങളാണ് ഇന്നത്തേത്. ദൈവകല്പന അനുസരിക്കുന്നു എന്ന് വിളിച്ചോതുന്ന അനേകരും കർത്തവ്യമെന്നതിനെക്കാൾ മനോഭാവമായാണ് ഇത് കാണുന്നത്. അവർ ഇന്ന് ആയിരിക്കുന്നതുപോലെതന്നെ നിത്യജീവനു അയോഗ്യരായിരിക്കും. ഈ ഉദാസീനരും അശ്രദ്ധരുമായവരോട് എനിക്ക് പറയുവാനുള്ളത്, നിങ്ങളുടെ വ്യർത്ഥചിന്തകളും ഭാഷ്യവചനങ്ങളും സ്വാർത്ഥപ്രവർത്തനവും ദൈവത്തിന്റ പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട് എന്നതാണ്. ബെൽശസ്സർ രാജാവിന്റെ ബിംബ നമസ്കാര ഉത്സവത്തിന് സന്നിഹിതരായിരുന്ന ദൂതന്മാർ നിന്റെ വീണ്ടെടുപ്പുകാരനെ നീ അപമാനിച്ചപ്പോൾ നിന്റെ ചാരത്ത് നില്ക്കുന്നുണ്ടായിരുന്നു. നീ അങ്ങനെ അവനെ വീണ്ടും ക്രൂശിച്ചപ്പോഴും....വീഴ്ത്തിയപ്പോഴും ദുഃഖിതരായി മനോവ്യസനത്തോടെ അവർ പിൻതിരിഞ്ഞു.

ക്രിസ്തുവിന്റെ കിരീടധാരണദിവസത്തിൽ കറ, കളങ്കം, ചുളുക്കം എന്നിവ ഉള്ളവരെ തന്റേതെന്ന് അവൻ അംഗീകരിക്കുകയില്ല. എന്നാൽ അവന്റെ വിശ്വസ്തർക്ക് അവൻ വാടാത്ത തേജസ്സിന്റെ കിരീടം നൽകും. കിരീടം ഇല്ലാത്തവരുടെ മേൽ അവൻ വാഴുമ്പോൾ, യഹോവ ഞങ്ങളുടെ വിശുദ്ധി എന്ന മേലെഴുത്ത് ധരിച്ചവരായ വീണ്ടെടുക്കപ്പെട്ടവരുടെ കൂട്ടത്തെ അവന് ചുറ്റും അവർ കാണും. ഒരിക്കൽ മുൾക്കിരീടം ചൂടിയ ശിരസ്സിൽ സൂര്യശോഭയെ വെല്ലുന്ന തേജസ്സ് കാണപ്പെടും.

ആ ദിനത്തിൽ പിതാവിന്റെയും പുത്രന്റെയും തേജസ്സിനാൽ വീണ്ടെടുക്കപ്പെട്ടവർ ശോഭിക്കും. ക്രിസ്തുവിന്റെ രക്തത്താൽ കഴുകി വെണ്മയാക്കപ്പെട്ടവരെയും വിജയകിരീടം ചൂടിയവരെയും രാജാവിനോടുകൂടെ പൊൻവീണ ഏന്തിയ മാലാഖമാർ സ്വാഗതം ചെയ്യും. ജയാഘോഷം സ്വർഗ്ഗത്തിൽ മാറ്റൊലിക്കൊള്ളും. അവന്റെ ത്യാഗസമ്പൂർണ്ണ ജീവിതവും യാഗവും വ്യഥാവായില്ല എന്നതിനു സാക്ഷികളായവരും വീണ്ടെടുക്കപ്പെട്ടവരും അവനോടുകൂടെ സ്വർഗ്ഗീയ കോടതിയിൽ പ്രവേശിക്കും.





# അന്ത്യഘട്ടം

***എന്നാൽ വരുന്ന ദിവസത്തെ ആർക്കു സഹിക്കാം? അവൻ പ്രത്യക്ഷനാകുമ്പോൾ ആർ നിലനില്ക്കും? അവൻ ഊതിക്കഴിക്കുന്നവന്റെ തീപോലെയും അലക്കുന്നവന്റെ ചാരവെള്ളം പോലെയും ആയിരിക്കും. മലാ. 3:2***

ദൈവം തന്റെ കല്പനകളെ ഉത്ഘോഷിക്കുവാൻ പർവ്വതത്തിൽ വെളിപ്പെടുന്നതിനു മുൻപായി യിസ്രായേലിന്റെ പാപം നിമിത്തം അവർ പർവ്വതത്തോട് അടുക്കുന്നത് വിലക്കിയിരുന്നു. അല്ലാത്തപക്ഷം അവന്റെ പ്രത്യക്ഷതയുടെ ജ്വലിക്കുന്ന പ്രഭാവം നിമിത്തം അവർ ദഹിച്ചുപോകുമായിരുന്നു. ദൈവകല്പന ഉത്ഘോഷിക്കുവാനുള്ള സ്ഥലത്ത് അവന്റെ പ്രഭാവം ഇത്ര ശക്തമായി വെളിപ്പെടുത്തിയെങ്കിൽ വിശുദ്ധ പദവി തീർപ്പാക്കുന്നതിന് അവന്റെ വരവിങ്കൽ ന്യായാസനം എത്ര ഭയങ്കരമായിരിക്കും. അവന്റെ അധികാരത്തെ നിന്ദിച്ചവർക്ക് ഭയങ്കര അന്ത്യ ശിക്ഷാവിധിദിവസത്തിൽ എങ്ങനെ അവന്റെ ഭയങ്കരത്വം സഹിക്കുവാൻ കഴിയും.

ദൈവിക സാമീപ്യം സീനായിൽ പ്രത്യക്ഷപ്പെട്ടപ്പോൾ ദൈവതേജസ്സ് ദഹിപ്പിക്കുന്ന അഗ്നിപോലെയായിരുന്നു, പക്ഷേ കർത്താവായ യേശുക്രിസ്തു തന്റെ മഹത്വത്തിൽ വിശുദ്ധ ദൂതന്മാരുമായി വരുമ്പോൾ ഭൂതലം തന്റെ പ്രത്യക്ഷതയുടെ പ്രഭാവത്താൽ ജ്വലിക്കും.

മനുഷ്യൻ സൃഷ്ടിക്കപ്പെട്ടതുമുതൽ ആരും ദർശിക്കാത്ത ഒരു വെളിപ്പെടുത്തലാണ് കല്പന നല്കുന്നതിന് സീനായ് മലയിൽ വന്നപ്പോൾ ഉണ്ടായത്. ഇതിന്റെ മദ്ധ്യത്തിൽ മേഘത്തിൻ നടുവിൽനിന്ന് കേട്ട കാഹളനാദത്തിന് തുല്യമായ ദൈവശബ്ദം പ്രകൃതിയെ നടുക്കി. പർവ്വതത്തിന്റെ അടിത്തട്ടു കുലുങ്ങി, ഇസ്രായേൽ ജനം ഭയന്നു വിറച്ച് ഭൂമിയിൽ കമിഴ്ന്നു വീണു. ഭൂമിയെ നടുക്കിയവൻ പറയുന്നു, ഒരിക്കൽ ഭൂമിയെ മാത്രമല്ല ആകാശത്തെയും ഞാൻ ഇളക്കും.

മോശെ സാക്ഷ്യപ്പലകയുമായി ദൈവസന്നിധിയിൽ നിന്ന് വന്നപ്പോൾ അപരാധികളായ ഇസ്രായേൽ ജനത്തിന് അവന്റെ മുഖതേജസ്സ് സഹിച്ചുകൂടായിരുന്നു. എന്നാൽ ദൈവപുത്രൻ കല്പനാലംഘികൾക്കും തന്റെ വരവിനെ നിരസിച്ചവർക്കും ന്യായവിധി നടപ്പാക്കുവാൻ സ്വർഗ്ഗീയ ദൂതന്മാരാൽ ചുറ്റപ്പെട്ട് പിതാവിന്റെ മഹത്വത്തിൽ വെളിപ്പെടുമ്പോൾ കല്പനാലംഘികൾക്ക് അവന്റെ മുഖത്ത് എങ്ങനെ നോക്കുവാനാകും?

എന്നാൽ ദൈവിക ന്യായവിധിയുടെ കൊടുങ്കാറ്റിലും ദൈവകുഞ്ഞുങ്ങൾക്ക് ഭയത്തിന് യാതൊരു കാരണവും ഇല്ല. കർത്താവ് തന്റെ ജനത്തിന്റെ പ്രത്യാശയും ഇസ്രായേലിന്റെ ബലവും ആകുന്നു. ദൈവകല്പനാലംഘികൾക്ക് ആ ദിവസം ഭീതിയും നാശവും കൊണ്ടുവരുമ്പോൾ വിശ്വസ്തരായവർക്ക് പറഞ്ഞറിയിക്കാൻ കഴിയാത്ത സന്തോഷവും കീർത്തിയും ലഭിക്കും.

# ഒരു ഉന്നത നിലവാരം

***യഹോവയായ ഞാൻ വിശുദ്ധനാകകൊണ്ട് നിങ്ങളും എനിക്ക് വിശുദ്ധന്മാരായിരിക്കേണം; നിങ്ങൾ എനിക്കുള്ളവരായിരിക്കേണ്ടതിന്നു ഞാൻ നിങ്ങളെ ജാതികളിൽ നിന്നു വേർതിരിച്ചിരിക്കുന്നു. ലേവ്യ. 20:26***

മഹോപദ്രവകാലത്ത് സ്വർഗ്ഗീയ കൂടാരത്തിൽ മഹാപുരോഹിതന്റെ അസാന്നിദ്ധ്യത്തിൽ, യഹോവയുടെ മുൻപാകെ വസിക്കേണ്ടതിന് അവർ എപ്രകാരം ആയിരിക്കണമെന്ന തിരിച്ചറിവില്ലാത്ത അനേകരെയും ഞാൻ ദർശിച്ചു. ജീവനുള്ള ദൈവത്തിന്റെ മുദ്ര ഏറ്റവർ, മഹോപദ്രവകാലത്ത് സംരക്ഷിക്കപ്പെട്ടവരും യേശുവിനെ പൂർണ്ണമായി പ്രതിഫലിപ്പിക്കേണ്ടതാണ്. അനേകർ കർത്താവിന്റെ ദിവസത്തിൽ തിരുമുമ്പാകെ നില്ക്കേണ്ടതിനും ജീവിക്കേണ്ടതിനും ആവശ്യമായ ഒരുക്കത്തെ അവഗണിച്ച്, പിൻമഴയെയും പുത്തനുണർവ്വിനെയും പ്രതീക്ഷിച്ചിരിക്കുന്നത് ഞാൻ കണ്ടു. യാതൊരു അഭയവുമില്ലാത്ത എത്രയോ പേരെ മഹോപദ്രവകാലത്ത് ഞാൻ കണ്ടു. ഇവർ ആവശ്യമായ ഒരുക്കത്തെ നിരസിച്ചവരാണ്. അതുകൊണ്ട് പരിശുദ്ധനായ ദൈവത്തിന്റെ സന്നിധിയിൽ ജീവിക്കേണ്ടതിന് എല്ലാവർക്കും അർഹതയേകുന്ന നവജീവൻ പ്രാപിപ്പാൻ കഴിഞ്ഞില്ല. മുഴു സത്യാനുസാരികളായി തങ്ങളുടെ ആത്മാക്കളെ ശുദ്ധീകരിക്കാൻ കഴിയാത്തവർ ബാധകളുടെ സമയം വരുമ്പോൾ തങ്ങൾ ചെത്തിമിനുക്കപ്പെടേണ്ടവർ ആണെന്ന് മനസ്സിലാക്കും. ഈ സമയം അവർക്കുവേണ്ടി പിതാവിന്റെ മുൻപിൽ പക്ഷപാദം കഴിപ്പാൻ ഒരു മദ്ധ്യസ്ഥനും ഉണ്ടായിരിക്കില്ല. ഈ സമയത്തിനു മുൻപ് ഭയങ്കരത്വവും പൂർണ്ണതയേറിയതുമായ പ്രഖ്യാപനം നടത്തപ്പെട്ടുകഴിഞ്ഞു. 'അനീതി ചെയ്യുന്നവൻ ഇനിയും അനീതി ചെയ്യട്ടെ, അഴുക്കുള്ളവൻ ഇനിയും അഴുക്കാടട്ടെ, നീതിമാൻ ഇനിയും നീതിചെയ്യട്ടെ, വിശുദ്ധൻ ഇനിയും തന്നെ വിശുദ്ധീകരിക്കട്ടെ.'

സകല ഗർവ്വും, സ്വാർത്ഥത, ലോകസ്നേഹം, തെറ്റായ സംസാരം, പ്രവൃത്തി എന്നീ അടിസ്ഥാനപരമായ കാര്യങ്ങളുടെമേൽ വിജയം വരിക്കാത്ത ആർക്കും ആത്മസന്തോഷം പങ്കുവെക്കാൻ കഴിയാത്തത് ഞാൻ ദർശിച്ചു. അതുകൊണ്ട് കർത്താവിന്റെ ദിവസത്തിൽ വൻപോരാട്ടത്തിൽ നമ്മെ നിലനിർത്തേണ്ടതിന് കർത്താവിനോട് കൂടുതൽ അടുക്കുകയും ആത്മാർത്ഥമായി ആവശ്യമായ ഒരുക്കത്തെ വാഞ്ഛിക്കുകയും വേണം. യഹോവ വിശുദ്ധനാകകൊണ്ട്, അശുദ്ധർക്കല്ല വിശുദ്ധർക്കാണ് അവന്റെ സന്നിധിയിൽ വസിക്കുവാൻ കഴിയുന്നത് എന്ന് എല്ലാവരും ഓർത്തുകൊള്ളണം.

വാക്കിനാലും പ്രവൃത്തിയാലും നാം പാപം ചെയ്യുന്നില്ലെന്ന് ഈ കാലത്ത് ഉറപ്പുവരുത്തണം. ഇന്ന് നാം ദൈവത്തെ അന്വേഷിക്കയും അവന്റെ സാമീപ്യമില്ലാതെ സമാധാനമായി ഞാൻ വിശ്രമിക്കുകയില്ല എന്നും ഉറപ്പിക്കണം. നമുക്ക് നല്കപ്പെട്ടിരിക്കുന്ന അവസാന നാളുകളാണ് ഇത് എന്നറിഞ്ഞ് നാം ശ്രദ്ധിച്ചും പ്രവർത്തിച്ചും പ്രാർത്ഥിച്ചും ജീവിക്കണം. നമ്മുടെ ജീവിതം ജാഗ്രതയോടും ആത്മാർത്ഥതയോടും കൂടിയായിരിക്കണം. നമ്മുടെ എല്ലാ സംസാരത്തിലും പ്രവൃത്തിയിലും യേശുവിനോട് നാം പറ്റിച്ചേർന്ന് അവനെ അനുഗമിക്കണം.





# തൂക്കിനോക്കുന്ന സമയം

***യഹോവ ജ്ഞാനമുള്ള ദൈവം; അവൻ പ്രവൃത്തികളെ തൂക്കിനോക്കുന്നു"***
***1 ശമു. 2:3***

ഒരു ദൂതൻ കയ്യിൽ തുലാസ്സ് പിടിച്ച് നില്ക്കുന്നത് ഞാൻ കണ്ടു. അവൻ ദൈവമക്കളുടെ, പ്രത്യേകിച്ച് യുവാക്കളുടെ ചിന്തകളും പ്രവൃത്തികളും തുലനം ചെയ്തു. ഒരു തട്ടിൽ സ്വർഗ്ഗീയ ചിന്തകളും ആഗ്രഹങ്ങളും മറുതട്ടിൽ ലൗകിക ചിന്തകളും ആഗ്രഹങ്ങളും ആയിരുന്നു. തുലാസ്സിന്റെ തട്ടിൽ ഈ കഥാപുസ്തക വായന, വസ്ത്രങ്ങളുടെ ചിന്ത, പ്രദർശനം, പൊങ്ങച്ചം, ദുരഭിമാനം, അഹങ്കാരം എന്നിവ വച്ചു. എത്ര പരിപാവനമായ നിമിഷം! ലൗകീകതയിൽ മരിച്ച് ക്രിസ്തുവിൽ ജീവിക്കുന്നു എന്ന് അഭിമാനിക്കുന്ന ദൈവമക്കളുടെ ചിന്തകളെ ദൈവദൂതൻ തുലാസ്സിൽ മറുവശം തൂക്കിനോക്കുന്ന നിമിഷം. ലൗകികത, ദുരഭിമാനം, അഹന്ത എന്നിവ വച്ച തട്ട് പെട്ടെന്നു താഴ്ന്നുപോയി. എന്നുവരികിലും ഒന്നിനു പിന്നാലെ മറ്റൊന്നായി ഉരുണ്ടുപോയി. സ്വർഗ്ഗത്തിലേക്കുള്ള ചിന്തകളും താല്പര്യങ്ങളും വച്ചിരുന്ന തട്ട് പെട്ടെന്ന് ഉയരുകയും മറ്റേത് താഴുകയും ചെയ്തു. ഓ, അത് എത്ര ഭാരം കുറഞ്ഞതായിരുന്നു. ഞാൻ കണ്ടത് എനിക്കു വിശദീകരിക്കുവാൻ കഴിയും. എന്നാൽ ദൈവജനത്തിന്റെ ചിന്തകളെയും താല്പര്യങ്ങളെയും തുലാസ്സിൽ തൂക്കുവാൻ നിന്ന ദൂതനെ കണ്ടപ്പോൾ എന്റെ മനസ്സിൽ പതിഞ്ഞ പരിപാവനവും വ്യക്തവുമായ മുദ്രണം എനിക്കു ഒരിക്കലും കൊടുക്കുവാൻ കഴിയുകയില്ല. ഇങ്ങനെയുള്ളവർക്ക് സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുവാൻ കഴിയുമോ എന്ന് ദൈവദൂതൻ ചോദിച്ചു. ഒരിക്കലുമില്ല. അവരുടെ പ്രത്യാശ മിഥ്യയാണ് എന്നും അവർ വേഗത്തിൽ മാനസ്സാന്തരപ്പെട്ട് രക്ഷ സ്വായത്തമാക്കുന്നില്ലെങ്കിൽ അവർ നശിച്ചുപോകുമെന്നും അവരെ ഉണർത്തിക്കുവാൻ ദൂതൻ ആവശ്യപ്പെട്ടു"....

അനേകരും തങ്ങളെ തന്നെ അളന്നു നോക്കുന്നതും മറ്റുള്ളവരുടെ ജീവിതത്തോട് തങ്ങളുടെ ജീവിതം താരതമ്യം ചെയ്യുന്നതും ഞാൻ കണ്ടു. ഇത് ഇങ്ങനെയാകരുത്. യേശു എന്ന ഏക ദൃഷ്ടാന്തമേ നമുക്കു നല്കപ്പെട്ടിട്ടുള്ളു. അവനാണ് നമ്മുടെ യഥാർത്ഥ മാതൃക. അതുകൊണ്ട് നാം ഓരോരുത്തരും യേശുവിനെ അനുകരിക്കുവാൻ കഠിനപ്രയത്നം ചെയ്യണം.

നിസ്വാർത്ഥതയും സ്വയത്യാഗവും എന്താണെന്നും അല്ലെങ്കിൽ സത്യത്തിനായി ത്യാഗം സഹിക്കുക എന്നാൽ എന്താണെന്നും ലേശംപോലും അറിവില്ലാത്ത അനേകരെ ഞാൻ കണ്ടു. എന്നാൽ ത്യാഗത്തിലൂടെയല്ലാതെ ആരും സ്വർഗ്ഗത്തിൽ പ്രവേശിക്കുകയില്ല. ഞാനെന്നുള്ള ഭാവം ഉപേക്ഷിക്കുവാനും സ്വയത്യാഗം ചെയ്യുവാനും ഉള്ള ആത്മാവിനെ സ്വായത്തമാക്കണം. ചിലർ തങ്ങളെത്തന്നെയും സ്വന്ത ശരീരത്തെയും യാഗമായി ദൈവിക യാഗപീഠത്തിങ്കൽ അർപ്പിച്ചിട്ടില്ല. അവർ ദൈവീകോദ്ദേശത്തിനെ മാനിക്കാതെ തിടുക്കം കൂട്ടുകയും അനുയോജ്യമായ ഉദ്ദിഷ്ഠ ഗുണവും അവരുടെ അഭിരുചിയെ താലോലിച്ചും അവരുടെ സ്വന്ത താല്പര്യങ്ങളെ പരിരക്ഷിച്ചും ജീവിക്കും. ആരെങ്കിലും നിത്യജീവനായി എന്തെങ്കിലും ത്യാഗം ചെയ്യുവാൻ ഒരുങ്ങിയാൽ അവർ അതിനെ നേടും. അതിലേക്കായി സഹിക്കുന്നതും, സ്വയത്തെ ക്രൂശിക്കുന്നതും എല്ലാ വിഗ്രഹങ്ങളെയും യാഗമാക്കുന്നതും വിലമതിക്കപ്പെടുന്നതാണ്. നിത്യതയുടെ തുലന മഹത്വത്തിന് ഭൂമിയിലുള്ള സകലത്തെയും വിഴുങ്ങുവാനും ഭൗമിക സുഖത്തെ മറക്കുവാനും കഴിയും.

# നീ പരീക്ഷയിൽ വിജയിക്കുമോ?

***നിന്റെ ദൈവമായ യഹോവ നിന്നെ താഴ്ത്തുവാനും തന്റെ കല്പനകൾ പ്രമാണിക്കുമോ ഇല്ലയോ എന്ന് നിന്നെ പരീക്ഷിച്ച് നിന്റെ ഹൃദയത്തിൽ ഇരിക്കുന്നത് അറിവാനുമായി നിന്നെ ഈ നാല്പത് സംവത്സരം മരുഭൂമിയിൽ നടത്തിയ വിധമൊക്കെയും നീ ഓർക്കണം. ആവ. 8:2.***

1844 വിളംബരം ചുരുങ്ങിയ കാലയളവിലേക്കുള്ളതായിരുന്നു എന്ന് നമ്മളിൽ അനേകരും വിചാരിക്കുന്നതുപോലെ ആയിരുന്നു എങ്കിൽ സഭാവരൂപീകരണത്തിന് അവർക്ക് അവസരം ലഭിക്കുകയില്ലായിരുന്നു എന്ന് ദൈവം തന്റെ ആളുകൾക്ക് വെളിപ്പെടുത്തും. ഈ ഭയപരവും പരിപാവനവുമായ സന്ദേശം അനേകരെയും പിടിച്ചുലച്ചതു തത്വങ്ങളും വിശ്വാസവും കാരണമല്ല, പിന്നെയോ വൈകാരിക നീക്കം കാരണമായിരുന്നു. ഇത് അവരുടെ വൈകാരികതയെ സ്വാധീനിക്കുകയും ഭയത്തെ ആവേശം കൊള്ളിക്കുകയും ചെയ്തു. എന്നാൽ ചെയ്യണമെന്നു ദൈവം ആഗ്രഹിച്ച വേല അത് പൂർത്തിയാക്കിയില്ല.

ദൈവം തന്റെ ജനത്തെ പടിപടിയായി നയിക്കും. ഹൃദയത്തിലുള്ളത് വെളിപ്പെടുത്തുവാൻ കണക്കുകൂട്ടലുകൾ വഴി വിവിധ വീക്ഷണകോണുകളിൽ എത്തിക്കും. ചിലർ ചിലയിടങ്ങളിൽ കടന്നുകൂടുമ്പോൾ മറ്റ് സ്ഥലങ്ങളിൽ വീണുപോകും. മുന്നേറ്റം പ്രാപിച്ച സ്ഥാനങ്ങളിൽ ഹൃദയം പരിശോധിച്ച് അടുപ്പിക്കും. ദൈവജനം എന്ന് പറയപ്പെടുന്നവരുടെ മനസ്സ് ഈ നേരെയുള്ള പ്രവർത്തനത്തെ നിരസിക്കുന്നു എങ്കിൽ അവർക്ക് ഇതിനെ ജയിക്കാൻ വളരെ പ്രയത്നിക്കേണ്ടതുണ്ട് എന്ന് അവർ തിരിച്ചറിയണം. "ചിലർക്ക് ഒരു ഘട്ടം സ്വീകാര്യമായിരിക്കും. ദൈവം അവരെ വേറെ പരീക്ഷകളിലേക്കു കൊണ്ടുവരുമ്പോൾ അവർ അതിൽ നിന്ന് സങ്കോചത്തോടെ പിൻവലിയും. അവർ വാത്സല്യപൂർവ്വം വളർത്തിയ വിഗ്രഹത്തെയാണ് അത് നേരെ ആക്രമിക്കുന്നത്. യേശുവിനെ പുറംതള്ളുവാൻ കാരണമായത് എന്താണ് എന്നു കാണുവാനുള്ള ഒരവസരം ഇവിടെയുണ്ട്. സത്യത്തെക്കാൾ അവർ വിലമതിക്കുന്ന എന്തോ ഉള്ളതുകൊണ്ട് യേശുവിനെ സ്വീകരിക്കുവാൻ അവരുടെ മനസ്സ് ഒരുങ്ങിയിട്ടില്ല.

വ്യക്തികൾ തങ്ങളുടെ മനസ്സിലുള്ള വിഗ്രങ്ങളെ ത്യജിക്കുമോ എന്ന് അനേക നാളുകൾ പരീക്ഷിച്ചു തെളിയിക്കപ്പെടും. എല്ലാ ഘട്ടത്തിലും എല്ലാ പരീക്ഷകളെയും അതിജീവിച്ച് അതിൽ ജയിക്കുന്നവർക്ക് അതിന് എന്ത് വിലകൊടുക്കേണ്ടിവന്നാലും സത്യസാക്ഷിയുടെ (പരിശുദ്ധാത്മാവിന്റെ) ഉപദേശം ലഭ്യമാകും. അവർക്ക് പിൻമഴ നല്കപ്പെടുകയും അങ്ങനെ രൂപാന്തരത്തിന് അർഹരാകുകയും ചെയ്യും.

ദൈവം ഈ ഭൂമിയിൽ, ഈ ലോകത്തുതന്നെ തന്റെ ജനം ആരെന്ന് വെളിപ്പെടുത്തും. ഈ അവസാന നാളുകളിൽ വ്യക്തികളുടെ മനസ്സിനെ സ്വാധീനിച്ച് പ്രവൃത്തിയെ നിയന്ത്രിക്കുന്ന ശക്തി ഏതെന്ന് വെളിപ്പെടുത്തും. അത് ആത്മീക സത്യത്തിന്റെ ശക്തി ആണെങ്കിൽ സത്കർമ്മങ്ങളിലേക്ക് വഴിനടത്തും. തന്റെ ദൈവമായ കർത്താവിനെപ്പോലെ സന്മനസ്സുള്ളവനും ഉദാരമനസ്കനുമായ ഈ വ്യക്തിയെ ഔന്നത്യത്തിൽ എത്തിക്കും.

അല്ലയോ യൗവ്വനക്കാരേ, വൃദ്ധന്മാരേ, ദൈവം നിങ്ങളെ പരിശോധിക്കുന്നു. നിത്യതാനിർണ്ണയം നിങ്ങളുടേതാണ്.





# ഒരു തെറ്റാത്ത വഴികാട്ടി

***എങ്കിലും വചനം കേൾക്കമാത്രം ചെയ്തുകൊണ്ട് തങ്ങളെത്തന്നെ ചതിക്കാതെ അതിനെ ചെയ്യുന്നവരായും ഇരിപ്പിൻ. യാക്കോ. 1:22***

ദൈവേഷ്ടം ഇന്നതെന്ന് തിരിച്ചറിഞ്ഞ് അവന്റെ വചനം പ്രമാണിക്കുവാൻ താത്പര്യമുള്ളവരെയാണ് ദൈവം വിളിക്കുന്നത്. ബലഹീനത, ഇരുമനസ്സ്, കാര്യക്ഷമതക്കുറവ് എന്നിവ സാത്താന്റെ ആക്രമണങ്ങളെ പ്രകോപിപ്പിക്കും. ഈ ലക്ഷണങ്ങളെ വളരുവാൻ അനുവദിക്കുന്നവരെ പ്രലോഭനത്തിന്റെ വൻതിരകളാൽ അലയുന്ന അശക്തരാക്കിത്തീർക്കും. യേശുവിന്റെ നാമം സ്വീകരിച്ചിട്ടുള്ള എല്ലാവരും ജീവനുള്ള ക്രിസ്തുവിന്റെ തലയോളം വളർച്ച പ്രാപിക്കേണ്ടതുണ്ട്.

ഒരു നാവികന് പാറക്കെട്ടുകൾ നിറഞ്ഞ നദിയിലും സമുദ്രത്തിലും ഒരു വഴികാട്ടിയുടെ ആവശ്യമുള്ളതുപോലെ നമുക്കും നമ്മുടെ ജീവിതത്തിലുടനീളം അനേകം സ്വഭാവരൂപീകരണ സ്ഥാനങ്ങളിലും ഒരു വഴികാട്ടി ആവശ്യമാണ്. ഈ വഴികാട്ടിയെ എവിടെയാണ് നാം കണ്ടെത്തേണ്ടത്? ദൈവവചനം ചൂണ്ടിക്കാണിക്കുവാൻ നമുക്ക് കഴിയും. ദൈവാത്മാവിനാൽ നടത്തപ്പെട്ട വിശുദ്ധ മനുഷ്യരാൽ എഴുതപ്പെട്ടത് വളരെ വ്യക്തതയോടും സൂക്ഷ്മതയോടുംകൂടെ വൃദ്ധന്മാരുടെയും യൗവ്വനക്കാരുടെയും ചുമതലകളെ വിശുദ്ധവചനം ചൂണ്ടിക്കാണിക്കുന്നു. ഇത് മനസ്സിനെ ഉണർത്തി, ഹൃദയത്തെ മൃദുവാക്കി ആത്മാവിൽ സന്തോഷവും ദൈവിക സമാധാനവും പങ്കുവെക്കും. ബൈബിൾ ഒരു ഉത്തമനിലവാരമുള്ള സ്വഭാവത്തെ അവതരിപ്പിക്കുന്നു, ജീവിതാന്ത്യംവരെയും, ജീവിതത്തിന്റെ എല്ലാ തുറകളിലും എല്ലാ സാഹചര്യങ്ങളിലും പിഴയ്ക്കാത്ത വഴികാട്ടിയാണ്. ഇതിനെ നിന്റെ ഉപദേശകനായി, ദൈനംദിന ജീവിതത്തിൽ ഒരു തത്വമായി ഏറ്റെടുക്കുക.

തിരുവചനത്തിൽ ആയിരക്കണക്കിന് സത്യത്തിന്റെ മുത്തുകൾ അന്വേഷകർക്ക് മറഞ്ഞുകിടപ്പുണ്ട്. സത്യത്തിന്റെ ഖനികൾ ഒരിക്കലും വറ്റുകയില്ല. വിനയചിത്തരായി എത്രമാത്രം നിങ്ങൾ തിരുവെഴുത്തുകളെ ശോധന ചെയ്യുന്നുവോ അത്രമാത്രം നിങ്ങളുടെ താല്പര്യം വർദ്ധിക്കും. അപ്പോൾ അപ്പൊസ്തലനായ പൗലൊസിനോടൊപ്പം ഇപ്രകാരം നിങ്ങൾക്കും ആശ്ചര്യപ്പെട്ടു പറയുവാൻ കഴിയും: "ഹാ ദൈവത്തിന്റെ ധനം, ജ്ഞാനം, അറിവ് എന്നിവയുടെ ആഴമേ! അവന്റെ ന്യായവിധികൾ എത്ര അപ്രമേയവും അവന്റെ വഴികൾ എത്ര അഗോചരവുമാകുന്നു."

എല്ലാ ദിവസവും തിരുവചനത്തിൽ നിന്ന് എന്തെങ്കിലും പുതിയത് അഭ്യസിക്കണം. അവയിൽ നിത്യജീവമൊഴികൾ അടങ്ങിയിരിക്കുന്നതിനാൽ ഒളിഞ്ഞിരിക്കുന്ന നിധികളെപ്പോലെ അവ അന്വേഷിക്കണം. ഈ തിരുവെഴുത്തുകൾ സ്വായത്തമാക്കാൻ ജ്ഞാനത്തിനും അറിവിനുമായി പ്രാർത്ഥിക്കണം. ഇപ്രകാരം നിങ്ങൾ ചെയ്താൽ തിരുവചനത്തിൽ പുതിയ മഹത്വം നിങ്ങൾ കണ്ടെത്തും. സത്യസംബന്ധമായി വിലയേറിയ പുതിയ വെളിച്ചം നിങ്ങൾക്ക് ലഭിച്ചതായി അനുഭവപ്പെടും. നിങ്ങളുടെ കാഴ്ചപ്പാടുകൾക്ക് ഒരു പുതിയ മാനം തിരുവെഴുത്തുകൾ നല്കും.

കൃപയുടെ എല്ലാ മാനങ്ങളും ഉപയോഗിക്കുന്നതിൽ സന്തുഷ്ടരാകുവിൻ. അത് നിങ്ങളുടെ സ്വഭാവ വ്യതിയാനത്തിന് ഇടയാക്കുകയും യേശുക്രിസ്തുവിൽ ഉത്തമ സ്ത്രീപുരുഷന്മാരായി വളർത്തുകയും ചെയ്യും.

# പ്രതിവാദം പറവാൻ ഒരുക്കം

***നിങ്ങളിലുള്ള പ്രത്യാശയെക്കുറിച്ച് ന്യായം ചോദിക്കുന്ന ഏവനോടും സൗമ്യതയും ഭയഭക്തിയും പൂണ്ടു പ്രതിവാദം പറവാൻ എപ്പോഴും ഒരുങ്ങിയിരിപ്പിൻ.***

***1 പത്രൊ. 3:15.***

പുതിയ സത്യത്തെക്കുറിച്ച് അറിവുണ്ടെന്ന് പറയുന്ന അനേകർക്കും അവൻ വിശ്വസിക്കുന്നത് എന്താണെന്ന് അറിയില്ലെന്ന് എന്നെ കാണിച്ചുതന്നു. അവരുടെ വിശ്വാസത്തിന്റെ തെളിവുകൾ അവർക്ക് അജ്ഞാതമാണ്. ഈ കാലയളവിലേക്കുള്ള വേലക്കുവേണ്ടി നീതിബോധമുള്ള ഒരു അഭിനന്ദനവും അവർക്കില്ല. വിചാരണദിവസം വരുമ്പോൾ ഇന്ന് മറ്റുള്ളവരോട് പ്രസംഗിക്കുന്ന അനേകർക്കും അവർ വഹിക്കുന്നതായ സ്ഥാനത്തെക്കുറിച്ച് വിചാരണ ഉണ്ടാകുമ്പോൾ വളരെ കാര്യങ്ങൾക്ക് തൃപ്തികരമായ ഉത്തരം നല്കുവാൻ അവരുടെ പക്കൽ ഉണ്ടാവുകയില്ല. ഇങ്ങനെയുള്ള പരിശോധന വരുന്നതുവരെയും അവരുടെ അജ്ഞത അവർക്ക് വെളിവാകുകയില്ല. തങ്ങൾ വിശ്വസിക്കുന്നത് എന്താണെന്ന് അഭിമാനിക്കുന്ന അനേകർ സഭയിലുണ്ട്. എന്നാൽ വിവാദം വരുന്നതുവരേക്കും തങ്ങളുടെ പോരായ്മകൾ എന്തെന്ന് അവർ മനസ്സിലാക്കുകയില്ല. ഒരേ വിശ്വാസം പുലർത്തുന്നവരെ അന്യോന്യം വേർപെടുത്തി അവരുടെ വിശ്വാസത്തെ ഒറ്റക്ക് വിശദീകരിക്കുവാൻ നിർബന്ധിക്കപ്പെടും. അവർ സ്വീകരിച്ചിരിക്കുന്ന സത്യത്തെക്കുറിച്ചുള്ള അവരുടെ കാഴ്ചപ്പാടുകളെക്കുറിച്ചുള്ള അങ്കലാപ്പ് അവരെ ആശ്ചര്യഭരിതരാക്കും.

ദൈവം തന്റെ ജനത്തെ ഉയർത്തും. മറ്റ് മുഖാന്തരങ്ങൾ പരാജയപ്പെടുമ്പോൾ അവരുടെ മദ്ധ്യേ തെറ്റായ മതവിശ്വാസങ്ങൾ കടന്നുവരും. ഗോതമ്പും പതിരും വേർതിരിക്കുന്നതുപോലെ ഇത് അവരെ അരിച്ചെടുക്കും. തന്റെ വചനം വിശ്വസിക്കുന്ന എല്ലാവരും ഉറക്കത്തിൽ നിന്ന് ഉണരുവാൻ ദൈവം ആവശ്യപ്പെടുന്നു. ഈ കാലത്തേക്കുള്ള സത്യവെളിച്ചം വന്നെത്തിയിരിക്കുന്നു. അനുമാനങ്ങളാലും വികലമായ ചിന്തകളാലും സ്വരൂപിക്കപ്പെടുന്ന സത്യത്തിൽ വിശ്വാസികൾ ആശ്രയിക്കരുത്. അവരുടെ വിശ്വാസം ദൈവവചനത്തിൽ അടിയുറച്ചതായിരിക്കണം. പരീക്ഷാഘട്ടം വരുമ്പോൾ അവരെ ആലോചനാസമിതികൾക്ക് മുൻപാകെ അവരുടെ വിശ്വാസം സംബന്ധിച്ച് പ്രതിവാദം പറവാൻ ഹാജരാക്കപ്പെടും. അപ്പോൾ വിനയത്തോടും വിറയലോടുംകൂടെ തങ്ങളുടെ പ്രത്യാശയെക്കുറിച്ച് കാരണം പറയുവാൻ കഴിയണം.

തങ്ങളുടെ വിശ്വാസം വേട്ടയാടപ്പെടുമ്പോൾ, ദൈവമക്കൾ എഴുതി തയ്യാറാക്കിയ പ്രസംഗങ്ങളല്ല നേരിടേണ്ടത്. അവരുടെ ഒരുക്കം ദിവസംതോറും ഉള്ളതായിരിക്കണം. ദൈവവചനമാകുന്ന അമൂല്യസത്യങ്ങളാൽ അവരുടെ ഹൃദയം നിറച്ചിരിക്കണം. യേശുവിന്റെ പഠിപ്പിക്കലുകളിൽ അധിഷ്ഠിതമായി പ്രാർത്ഥനയിൽക്കൂടി അവരുടെ വിശ്വാസം ഉറപ്പിക്കണം. അങ്ങനെ ന്യായാധിപ സംഘത്തിനു മുൻപിൽ കൊണ്ടുവരപ്പെടുമ്പോൾ ദൈവത്തിന്റെ പരിശുദ്ധാത്മാവ് എല്ലാ സത്യവും അവരുടെ ബുദ്ധിയിൽ കൊണ്ടുവരികയും അങ്ങനെ സത്യദൂത് കേൾവിക്കാരുടെ ഹൃദയത്തിൽ പതിക്കുകയും ചെയ്യും.

സത്യവചനത്തിലെ ഏകാഗ്രമായ തിരച്ചലിലൂടെ അവർ സ്വായത്തമാക്കിയ അറിവ് എപ്പോൾ ആവശ്യമായി വരുന്നുവോ അപ്പോൾ അവരുടെ ഓർമ്മയിൽ മിന്നിത്തിളങ്ങുവാൻ ദൈവം ഇടവരുത്തും.





# സംതൃപ്തിയേകുന്ന സദ്യ

***നീതിക്ക് വിശന്നു ദാഹിക്കുന്നവർ ഭാഗ്യവാന്മാർ; അവർക്ക് തൃപ്തിവരും.***

***മത്താ. 5:6.***

ആത്മീയ കാര്യങ്ങളിൽ ഇടുങ്ങിയതും വികലവുമായ അവസ്ഥയിൽ സംതൃപ്തരായ സ്ത്രീപുരുഷന്മാർ പെട്ടെന്ന് സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ടു എന്ന് കരുതുക. എല്ലാ ഹൃദയങ്ങളും സ്നേഹത്താൽ നിറയപ്പെടും, എല്ലാ മുഖങ്ങളും സന്തോഷാതിരേകത്താൽ പ്രകാശിക്കുന്നതായ അവിടെ എന്നേക്കും വസിക്കുന്ന ഉന്നതമായ വിശുദ്ധിയുടെ പരിപൂർണ്ണത ദർശിപ്പാൻ അല്പസമയം ഇടവന്നാൽ അങ്ങനെയുള്ളവർക്ക് സ്വർഗ്ഗീയ കൂട്ടത്തോട് ഇഴുകിച്ചേരുവാനും അവരുടെ ഗാനാലാപത്തിൽ പങ്കുചേരുവാനും വിശുദ്ധരെ സഹിക്കുവാനും ഉന്നത നിലവാരത്തിലേക്ക് ഉയർത്തപ്പെടുവാനും ദൈവത്തിൽനിന്നും കുഞ്ഞാടിൽനിന്നും ഉത്ഭവിക്കുന്ന സ്വർഗ്ഗീയ നിർവൃതി പകർന്നേകുവാനും കഴിയുമോ? ഇല്ല, ഒരിക്കലുമില്ല.

സ്വർഗ്ഗത്തിന്റെ പരിശുദ്ധിയിലും സ്വർഗ്ഗത്തിൽ നിന്നും ബഹിർഗമിക്കുന്ന സ്വർഗ്ഗീയ മഹത്വത്തിലും ആശ്ചര്യം കൂറുന്നവർക്കല്ല, ആത്മീയതയിൽ ആനന്ദം കണ്ടെത്തുവാൻ മനസ്സിനെ പരിശീലിപ്പിച്ചവർക്കാണ് രൂപാന്തരപ്പെടുവാൻ കഴിയുന്നത്. കലാപരമായി നിങ്ങൾക്ക് നല്ല അറിവ് ഉണ്ടായേക്കാം. ശാസ്ത്രീയമായി നല്ല ബന്ധങ്ങൾ ഉണ്ടായേക്കാം. സാഹിത്യത്തിലും സംഗീതത്തിലും നല്ല നൈപുണ്യം ഉണ്ടായേക്കാം. നിങ്ങളുടെ സംസ്കാരം നിങ്ങളുടെ സഹവർത്തിക്ക് സന്തുഷ്ടി പകർന്നേക്കാം. പക്ഷേ സ്വർഗ്ഗീയ ഒരുക്കത്തിൽ ഇതിന് എന്താണ് പ്രസക്തി? ദൈവത്തിന്റെ ന്യായാസനത്തിന് മുൻപിൽ നില്ക്കുവാൻ നിങ്ങളെ ഒരുക്കുന്നതിൽ ഈ കാര്യങ്ങൾക്ക് എന്താണ് ചെയ്യുവാനുള്ളത്?

വഞ്ചിതരാകരുത്. ദൈവം പരിഹസിക്കപ്പെട്ടുകൂടാ! വിശുദ്ധിയാണ് നിങ്ങളെ സ്വർഗ്ഗത്തിനുവേണ്ടി ഒരുക്കുന്നത്. ആത്മാർത്ഥതയ്ക്കും തെളിയിക്കപ്പെട്ട ദൈവഭക്തിക്കും മാത്രമേ അടുത്തുകൂടാത്ത വെളിച്ചത്തിൽ വസിക്കുന്ന ദൈവത്തിന്റെ സന്നിധിയിൽ പ്രവേശനം നൽകുവാൻ മതിയായ സംശുദ്ധവും ഉന്നതവുമായ സ്വഭാവം നല്കുവാൻ കഴിയുകയുള്ളൂ. ഈ ഭൂമിയിൽ ജീവിക്കുമ്പോൾ തന്നെ സ്വർഗ്ഗീയ സ്വഭാവം നാം സ്വായത്തമാക്കണം അല്ലെങ്കിൽ ഒരിക്കലും സാദ്ധ്യമാവുകയില്ല.

നന്മക്കു യഥാർത്ഥ പരിശുദ്ധിക്കു വേണ്ട ആഗ്രഹം ഉള്ളിടത്തോളം നല്ലതാണ്. അത് ഉപേക്ഷിച്ചാൽ അവ നിനക്കൊന്നും നേടിത്തരികയില്ല. സദുദ്ദേശം നല്ലതാണ് പക്ഷേ പ്രാവർത്തികമാക്കിയില്ലെങ്കിൽ അത് ഒന്നും നല്കുകയില്ല. നല്ല ക്രിസ്ത്യാനി ആയിത്തീരണമെന്ന ആശയിലും ആഗ്രഹത്തിലുമുപരി ആത്മാർത്ഥമായി പ്രവർത്തിക്കാത്തതുകൊണ്ട് അനേകരും നഷ്ടപ്പെട്ടുപോകും. ആയതിനാൽ തുലാസ്സിൽ തൂക്കി കുറവുള്ളവരായി കാണപ്പെടും. ഇച്ഛ ശരിയായ രീതിയിൽ പ്രാവർത്തികമാക്കണം. ഞാൻ പൂർണ്ണഹൃദയത്തോടെ ഒരു ക്രിസ്ത്യാനി ആയിരിക്കും. യഥാർത്ഥ സ്നേഹത്തിന്റെ നീളം വീതി ഉയരം ആഴം എന്നിവ ഞാൻ മനസ്സിലാക്കും. യേശുവിന്റെ വചനം ഇപ്രകാരം പറയുന്നു: 'നീതിക്കു വിശന്നു ദാഹിക്കുന്നവർ; ഭാഗ്യവാന്മാർ; അവർക്ക് തൃപ്തി വരും. നീതിക്കായി വിശന്നു ദാഹിക്കുന്ന ആത്മാക്കൾക്ക് സംതൃപ്തിയേകുവാൻ വേണ്ടുന്നതെല്ലാം യേശു ഒരുക്കിയിട്ടുണ്ട്.

# സാന്മാർഗ്ഗിക സ്വാതന്ത്ര്യം

***അവരുടെ നടുവിൽനിന്നു പുറപ്പെട്ടു വേർപെട്ടിരിപ്പിൻ എന്നു കർത്താവ് അരുളിച്ചെയ്യുന്നു; അശുദ്ധമായത് ഒന്നും തൊടരുത്, എന്നാൽ ഞാൻ നിങ്ങളെ കൈക്കൊണ്ട് നിങ്ങൾക്ക് പിതാവും നിങ്ങൾ എനിക്ക് പുത്രന്മാരും പുത്രിമാരും ആയിരിക്കും എന്ന് സർവ്വശക്തനായ കർത്താവ് അരുളിചെയ്യുന്നു. 2 കൊരി. 6:16,17.***

ഇന്ന് അനേകരുടെ മുഖത്തും മൂടുപടമുണ്ട്. ഈ മൂടുപടം ലോക ആചാരാനുഷ്ഠാനങ്ങൾക്ക് കീഴ്പ്പെട്ടതും ദൈവതേജസ്സിൽ നിന്ന് അവരെ മറയ്ക്കുന്നതും ആണ്. നമ്മുടെ നോട്ടം ദൈവമുഖത്ത് ആയിരിക്കണമെന്നാണ് അവന്റെ ആഗ്രഹം. അപ്പോൾ നമ്മുടെ നേത്രങ്ങൾക്ക് ലൗകിക കാഴ്ചകൾ നഷ്ടപ്പെടും.

സത്യം നമ്മുടെ പ്രായോഗിക ജീവിതത്തിൽ കൊണ്ടുവരുന്നതിന് അനുസൃതമായി നമ്മുടെ നിലവാരം തിരുവചനാനുസൃതമായ നിലവാരത്തിലേക്ക് ഉയർന്നുവരണം. ഇത് വേഷവിധാനത്തിനും ആചാരാനുഷ്ഠാനങ്ങൾക്കും ക്രിസ്തുവിന്റെ സൗമ്യതയുടെയും കൃപയുടെയും യഥാർത്ഥ തത്വങ്ങളിൽനിന്നു അവന്റെ അനുയായികളെ തുടച്ചുമാറ്റുവാൻ ലൗകിക സ്വാധീനങ്ങൾ സമുദ്രത്തിലെ തിരമാലകളെപ്പോലെ അവരുടെമേൽ ആഞ്ഞടിക്കുന്നു; ലൗകികതയ്ക്കു എതിരാകേണ്ടത് അനിവാര്യമായിരിക്കും. എന്നാൽ തത്വങ്ങൾക്കായി നാം പാറപോലെ ഉറച്ചുനിൽക്കണം. ഇതിനായി സാന്മാർഗ്ഗിക ധൈര്യം ആവശ്യമാണ്. നിത്യപാറയോട് ചേർന്നു നില്ക്കാത്തവരുടെ ആത്മാക്കൾ ലൗകിക ഒഴുക്കിനാൽ തൂത്തെറിയപ്പെടും. നമുക്ക് ഉറച്ചുനിൽക്കാൻ കഴിയണമെങ്കിൽ നമ്മുടെ ജീവിതം ക്രിസ്തുവിനോടുകൂടെ ദൈവത്തിലായിരിക്കണം. ലൗകികതയെ എതിരിടുമ്പോഴാണ് സാന്മാർഗ്ഗിക സ്വാതന്ത്ര്യം പൂർണ്ണമായി യഥാസ്ഥാനപ്പെടുന്നത്. ദൈവേഷ്ടത്തോട് പൂർണ്ണമായി യോജിക്കുമ്പോൾ നാം അനുകൂല സ്ഥാനത്ത് ആക്കപ്പെടുകയും ലോക ആചാരാനുഷ്ടാനങ്ങളോട് നമുക്ക് ഒരു വേർതിരിവിന്റെ അനിവാര്യത സ്പഷ്ടമാവുകയും ചെയ്യും. നാം നമ്മുടെ നിലവാരം ലോകനിലവാരത്തിന് അല്പം മുകളിൽ ആക്കുകയല്ല നേരെമറിച്ച് ആ വേർതിരിവ് തീർച്ചയായും വ്യക്തമാക്കുകയാണ് വേണ്ടത്.

അമൂല്യനിധിയായ നിത്യജീവൻ പ്രാപിക്കുക എന്നത് നിസ്സാര കാര്യമല്ല. ലോകത്തിൻ തിരകളാലലഞ്ഞ് ആർക്കും ഇത് നേടുവാൻ സാധ്യമല്ല. ഒരുത്തൻ വേർപെട്ട് അശുദ്ധമായത് ഒന്നും തൊടാതെ ലൗകികതയിൽനിന്നും വെളിയിൽ വരണം. ലൗകിക ഒഴുക്കിനാൽ താഴോട്ട് തള്ളപ്പെടാതെ ഒരുത്തനു ജഡീകമായി പ്രവർത്തിക്കുവാൻ കഴികയില്ല. സ്ഥിരപരിശ്രമം കൂടാതെ ആർക്കും ഉന്നതങ്ങളിലേക്കുള്ള ഉയർച്ച സാദ്ധ്യമല്ല. ഇതിനെ ജയിക്കണമെങ്കിൽ യേശുവിനെ മുറുകെ പിടിക്കണം. പിന്നിലേക്ക് തിരിഞ്ഞ് നോക്കരുത്. എപ്പോഴും കണ്ണ് ഉയരങ്ങളിൽ പതിപ്പിച്ച് കൃപ ഒന്നൊന്നായി നേടിയെടുക്കണം. സുരക്ഷിതത്വത്തിന്റെ വില എന്നത് വ്യക്തിഗത ശ്രദ്ധയാണ്.

എല്ലാറ്റിന്റെയും അവസാനം വന്നെത്തിയിരിക്കുന്നു. ദൈവത്തിനായി പൊരുതുവാൻ ആയുധധാരികളും സന്നദ്ധരുമായ ആളുകളെയാണ് ഇന്ന് ആവശ്യം.





# ഇവിടെ ഏതെങ്കിലും വിഗ്രഹങ്ങൾ ഉണ്ടോ?

***കുഞ്ഞുങ്ങളേ, വിഗ്രഹങ്ങളോട് അകന്ന് സൂക്ഷിച്ചുകൊൾവിൻ. 2 യോഹ. 5:21.***

എല്ലാ ദൈവമക്കളും ഗോതമ്പ് അരിച്ചെടുക്കുന്നതുപോലെ തരം തിരിക്കപ്പെടുകയും, അരിപ്പയിലിട്ട് അരിച്ചെടുക്കുന്ന പ്രക്രിയയിൽ അവരുടെ മനസ്സിനെ ദൈവത്തിൽനിന്ന് അകറ്റുന്നതായി മനസ്സിൽ സൂക്ഷിക്കുന്ന എല്ലാ മോഹങ്ങളെയും ത്യജിക്കേണ്ടതായിട്ടുണ്ട്. പല ഭവനങ്ങളും അടുക്കളയിലെ അലമാരകളും പീഠങ്ങളും മേശകളും ആഭരണങ്ങളാലും പടങ്ങളാലും നിറയപ്പെട്ടിരിക്കുന്നു. അങ്ങനെ ദൈവത്തിലും സ്വർഗ്ഗീയ താല്പര്യങ്ങളിലും ആയിരിക്കേണ്ട ശ്രദ്ധ നിസ്സാര കാര്യങ്ങളിലേക്ക് തിരിയുകയും ചെയ്യുന്നു. ഇത് ഒരുതരം വിഗ്രഹാരാധനയല്ലേ? ഇതിനായി ചിലവഴിക്കുന്ന സമ്പത്ത് വിശക്കുന്നവന് ആഹാരമേകുക, ദുരിതമനുഭവിക്കുന്നവർക്ക് ആശ്വാസമേകുക, നഗ്നരെ ഉടുപ്പിക്കുക മുതലായ മാനവ നന്മകൾക്ക് ചിലവഴിച്ചുകൂടെ? കർത്താവിന്റെ വരവിനെ ത്വരിതപ്പെടുത്തുവാനും അവന്റെ രാജ്യം ഭൂമിയിൽ കെട്ടിപ്പടുക്കേണ്ടതിനുമായി ഇത് ദൈവഭണ്ഡാരത്തിൽ നിക്ഷേപിക്കരുതോ?

പാപമാകുന്ന വിഗ്രഹാരാധനയിൽ നിന്ന് രക്ഷിപ്പാൻ നിന്നെ നിർബ്ബന്ധിക്കുന്നതിനാൽ വളരെ പ്രാധാന്യമർഹിക്കുന്ന ഒന്നാണിത്. ഇസ്രായേലിന്റെ പരിശുദ്ധനായവൻ അരുളിചെയ്തതുപോലെ, "ഞാനല്ലാതെ അന്യദൈവങ്ങൾ നിനക്കുണ്ടാകരുത്" എന്ന വചനം അനുസരിച്ചാൽ നീ അനുഗ്രഹിക്കപ്പെടും. തങ്ങളുടെ ഭവനങ്ങളിൽ നിറച്ചതായ അനാവശ്യ വേഷഭൂഷാദികൾക്കായി അനേകരും തങ്ങളുടെ ചിന്തയും സമയവും ആവശ്യമില്ലാത്ത കരുതലും വേവലാതിയും സൃഷ്ടിക്കുകയാണ്. ഇതിനായിട്ടുള്ള എല്ലാ ഉദ്ദേശങ്ങളും ലക്ഷ്യങ്ങളും വിഗ്രഹാരാധനയാണ്, ഈ സമർപ്പണത്തിൽനിന്ന് അവരെ ഉണർത്തുവാൻ ദൈവിക ശക്തി ആവശ്യമാണ്.

ഹൃദയത്തെ ശോധന ചെയ്യുന്നവൻ തന്റെ ജനം വിഗ്രഹാരാധനയുടെ എല്ലാ അണുക്കളിൽനിന്നും മോചനം നേടണമെന്ന് ആഗ്രഹിക്കുന്നു. ഉപയോഗശൂന്യമായ വേഷഭൂഷാദികളാൽ നിറയപ്പെട്ട മേശകൾ, ജീവാനുഗ്രഹപുസ്തകമായ ദൈവത്തിന്റെ വചനത്താൽ നിറയപ്പെടട്ടെ! ഏതൽക്കാല സത്യത്തിലേക്ക് ബുദ്ധിയെ പ്രകാശിപ്പിക്കുന്ന പുസ്തകങ്ങൾ വാങ്ങുവാൻ നിങ്ങളുടെ സമ്പത്ത് ചിലവഴിക്കുക. അനന്തമായ ജ്ഞാനത്തിന്റെയും സ്നേഹത്തിന്റെയും നിധിയായ കർത്താവിന്റെ വചനം സ്വീകരിക്കുക. സ്വർഗ്ഗത്തിലേക്കുള്ള മാർഗ്ഗനിർദ്ദേശികാ ഗ്രന്ഥമാണിത്.

ദൈവത്തിനായി സമർപ്പിക്കപ്പെട്ട ആത്മാവിനോടും പ്രാർത്ഥനാനിർഭരമായ ഹൃദയത്തോടുംകൂടെ തിരുവെഴുത്തുകളെ നീ ഒന്നു ശോധന കഴിച്ചിരുന്നു എങ്കിൽ! ശോഭിക്കുന്ന മെഴുകുതിരിപോലെ നിന്റെ ഹൃദയത്തെ ഒന്നു പരിശോധന ചെയ്ത് മനസ്സിനെ ദൈവത്തിൽനിന്നു വ്യതിചലിപ്പിക്കുന്ന ലൗകിക ശീലങ്ങളെ ബന്ധിപ്പിക്കുന്ന അതിലോലമായ ചരടിനെ കണ്ടെത്തി തകർത്തിരുന്നെങ്കിൽ! ദൈവത്തിൽ നിന്നും നിന്റെ ചിന്തകളെയും താല്പര്യങ്ങളെയും അകറ്റിക്കളയുന്ന എല്ലാ ശീലങ്ങളെയും നിന്നെ കാണിപ്പാൻ ദൈവസന്നിധിയിൽ കേണപേക്ഷിക്കുക. മനുഷ്യസ്വഭാവത്തിന്റെ അളവുകോലായിട്ട് ദൈവം അവന്റെ വിശുദ്ധ നിയമങ്ങൾ, മനുഷ്യന് നൽകിയിട്ടുണ്ട്. ഈ നിയമത്താൽ നിന്റെ എല്ലാ പോരായ്മകളും കണ്ടറിഞ്ഞ് പരിഹരിക്കപ്പെടണം. നീ കർശനമായി എല്ലാ വിഗ്രഹങ്ങളിൽനിന്നും നിന്നെ വേർപെടുത്തുകയും സത്യവും കരുണയുമാകുന്ന സ്വർണ്ണച്ചങ്ങലയാൽ ദൈവിക സിംഹാസനത്തോട് നിന്നെത്തന്നെ ബന്ധിപ്പിക്കയും വേണം.

# നിന്റെ സ്വന്തഹൃദയം പരിശോധിക്കുക

***നിങ്ങൾ വിശ്വാസത്തിൽ ഇരിക്കുന്നുവോ എന്നു നിങ്ങളെത്തന്നെ പരീക്ഷിപ്പിൻ; നിങ്ങളെത്തന്നെ ശോധന ചെയ്‌വിൻ. നിങ്ങൾ കൊള്ളരുതാത്തവർ അല്ല എന്നു വരികിൽ, യേശുക്രിസ്തു നിങ്ങളിൽ ഉണ്ട് എന്നു നിങ്ങളെത്തന്നെ അറിയുന്നില്ലയോ? 2 കൊരി. 13:5.***

പാപത്തിന്റെ കബളിപ്പിക്കലിനോളം ചതിക്കുന്ന വേറൊന്നില്ല. നമ്മെ വ്യാമോഹിപ്പിക്കയും അന്ധതയിലാക്കുകയും നാശത്തിലേക്ക് നയിക്കുകയും ചെയ്യുന്നത് ഈ ലോകത്തിന്റെ ദൈവമാണ്. സാത്താൻ തന്റെ പ്രലോഭനപരമ്പരകളുമായി പെട്ടെന്ന് കടന്നുവരികയില്ല. നല്ലതിന്റെ രൂപത്തിൽ ഈ പ്രലോഭനങ്ങളെ അവൻ അവതരിപ്പിക്കും. വഞ്ചിതരായ ആത്മാക്കൾ ഒരു പടി സ്വീകരിക്കും. പിന്നെ അടുത്തതിനായി തയ്യാറാകും. പിശാച് ഒരുക്കിയിരിക്കുന്ന വഴികളിൽ മനുഷ്യൻ നടക്കുന്നതും അവന്റെ പ്രലോഭനങ്ങളെ അനായാസം സ്വീകരിക്കുന്നതും കാണുവാൻ അവൻ എങ്ങനെയാണ് നോക്കിയിരിക്കുന്നത്?

ഒരു സ്വയം സൂഷ്മ പരിശോധന അനിവാര്യമാണ്. ഞാൻ എന്റെ ഹൃദയത്തിൽ ചീത്തയാണോ അതോ നല്ലതാണോയെന്ന് ദൈവവചനത്തിന്റെ വെളിച്ചത്തിൽ ഒരു സൂഷ്മ പരിശോധന നടത്തണം. ഞാൻ ക്രിസ്തുയേശുവിൽ നവീകരണം പ്രാപിച്ചിട്ടുണ്ടോ. അതോ ഹൃദയത്തിൽ ജഡികനായി പുറമെ പുതുവസ്ത്രം ധരിച്ചിരിക്കുകയാണോ? ദൈവത്തിന്റെ ന്യായാസനംവരേക്കും നിന്നെത്തന്നെ സൂക്ഷിച്ചുകൊണ്ട് ദൈവവെളിച്ചത്തിൽ നിന്നിൽ വല്ല രഹസ്യപാപങ്ങളോ, വല്ല അകൃത്യമോ, ഉപേക്ഷിക്കാത്ത വല്ല വിഗ്രഹമോ ഉണ്ടോ എന്ന് ശോധന കഴിക്കണം. നിന്നെ അശ്രദ്ധവും അലക്ഷ്യവും നിഷ്പ്രയോജനവുമായ ആത്മാവിന് വിട്ടുകൊടുക്കാതെയും സാത്താന്റെ പ്രലോഭനങ്ങളിൽ അകപ്പെടുത്താതെയും ഇരിക്കേണ്ടതിന് ദൈവസന്നിധിയിൽ മുൻപൊരിക്കലും അപേക്ഷിച്ചിട്ടില്ലാത്തവിധം മുട്ടിപ്പായി പ്രാർത്ഥിക്കണം.

ക്രിസ്ത്യാനികൾ എന്ന് വിളിക്കപ്പെട്ടവർ ദൈവസ്നേഹികളായിരിക്കുന്നതിനെക്കാളും ലോകമോഹാദികളെ സ്നേഹിക്കുന്നത് അന്ത്യകാലലക്ഷണങ്ങളിൽ ഉൾപ്പെടുന്ന പാപങ്ങളിൽ ഒരെണ്ണമാണ്. നിന്റെ പ്രാണനോട് സത്യസന്ധമായി ഇടപെടുക. നന്നായി ശോധന ചെയ്യുക. വളരെ ചുരുക്കംപേർക്ക് വിശ്വസ്തമായ പരിശോധനക്കുശേഷം സ്വർഗ്ഗത്തിലേക്ക് നോക്കി ഇപ്രകാരം പറയുവാൻ കഴിയും: "ഞാൻ ദൈവത്തെ സ്നേഹിക്കുന്നതിലുപരി ജഡത്തെ സ്നേഹിക്കുന്നില്ല. ചുരുക്കം ചിലർക്ക് ഇപ്രകാരം പറയുവാൻ കഴിയും: "ജഡസംബന്ധമായി ഞാൻ മരിക്കുകയും എന്റെ ജീവനായവൻ പ്രത്യക്ഷപ്പെടുമ്പോൾ മഹത്വത്തിൽ ഞാനും അവനോടുകൂടെ പ്രത്യക്ഷപ്പെടുകയും ചെയ്യും."

ദൈവത്തിന്റെ സ്നേഹവും കൃപയും! വിലയേറിയ കൃപ മേത്തരമായ തങ്കത്തെക്കാളും വിലയേറിയതാണ്. എല്ലാ തത്വങ്ങളെക്കാളുമുപരി അത് ആത്മാവിനെ ധാർമ്മികശ്രേഷ്ഠതയോടുകൂടി ഉന്നതമാക്കുകയും ചെയ്യും. അത് മനസ്സിനെ ക്രമപ്പെടുത്തുകയും സ്വർഗ്ഗീയ വാത്സല്യമേകുകയും ചെയ്യും. നമുക്ക് ചുറ്റുമുള്ള അനേകരും നശ്വരമായ ലൗകികതയിലും ഇന്ദ്രിയ ഭോഗസുഖ അന്വേഷണത്തിലും എടുത്തുചാട്ടത്തിലും രൂപാന്തരം സ്വർഗ്ഗത്തിലാണെന്നും മറ്റുമുള്ള വിഷയങ്ങളിൽ വ്യാപൃതരായിരിക്കുമ്പോൾ നാം രക്ഷകനെ നോക്കിപ്പാർക്കയും പാപക്ഷമക്കും സമാധാനത്തിനും നീതീകരണത്തിനും വിശുദ്ധീകരണത്തിനുമായി നമ്മുടെ ദേഹി ദൈവത്തോട് ചേർന്നിരിക്കും. ക്രിസ്തുവിന്റെ സാദൃശ്യത്തോട് അനുരൂപമായി ദേഹി രൂപാന്തരം പ്രാപിക്കുന്നതിനെക്കുറിച്ച് ദൈവത്തോട് ഒത്ത് സംസാരിക്കുകയും ചിന്തിക്കുകയും ചെയ്യും.





# തുളച്ചുകയറുന്ന ചോദ്യങ്ങൾ

***യഹോവയുടെ പർവ്വതത്തിൽ ആർ കയറും? അവന്റെ വിശുദ്ധ സ്ഥലത്ത് ആർ നില്ക്കും? വെടിപ്പുള്ള കയ്യും നിർമ്മല ഹൃദയവും ഉള്ളവർ. വ്യാജത്തിനു മനസ്സുവെക്കാതെയും കള്ളസത്യം ചെയ്യാതെയും ഇരിക്കുന്നവൻ. സങ്കീ. 24:3,4.***

യേശുവോട് ചേർന്ന ഒരു വ്യക്തി എല്ലാ ലംഘനങ്ങൾക്കും പാപത്തിന്റെ എല്ലാ സമീപനങ്ങൾക്കുമെതിരായി പോരാടും. അവൻ വിജയശ്രീ ലാളിതനായി എല്ലാ ദിവസവും തീക്ഷ്ണതയോടെ തിളങ്ങുന്ന പ്രകാശംപോല ആകും. അവൻ ബലഹീനതയിൽ നിന്നും ബലഹീനതയിലേക്കല്ല ബലത്തിനുമേൽ ബലം പ്രാപിക്കുകയാണ് ചെയ്യുന്നത്.

ഈ കാര്യത്തിൽ ആരും തങ്ങളുടെ ദേഹിയെ ചതിക്കരുത്. നിന്നിൽ ഗർവ്വ്, അഹങ്കാരം, ആധിപത്യം, അതിരുകടന്ന പൊങ്ങച്ചം, അശുദ്ധമായ അഭിലാഷം, മുറുമുറുപ്പ്, അസന്തുഷ്ടി, അപ്രിയത, പൊട്ടച്ചൊല്ല്, കള്ളം പറച്ചിൽ, ചതിവ്, പരദൂഷണം എന്നിവയുണ്ടെങ്കിൽ ക്രിസ്തു നിന്റെ ഹൃദയത്തിൽ വസിക്കുന്നില്ല. നിനക്ക് നിലനിൽക്കുവാൻ ക്രിസ്തീയ സ്വഭാവം അനിവാര്യമാണ്. സത്യവിശ്വാസികൾക്ക് യഥാർത്ഥ മാനസാന്തരം വേണം അല്ലെങ്കിൽ ന്യായവിസ്താരത്തിൽ അവർ താളടിയായിപ്പോകും. ദൈവമക്കൾ ഉന്നത നിലവാരത്തിൽ എത്തിച്ചേരണം. അവർ വിശുദ്ധ വംശവും ശ്രേഷ്ഠ ജനവും തിരഞ്ഞെടുക്കപ്പെട്ട ജാതിയും ആയി ചുറുചുറുക്കോടെ നല്ല വേല ചെയ്യുന്നവരും ആയിരിക്കണം. നിങ്ങൾ വികാരങ്ങളും അഭിരുചികളും ലൗകികരുടെ സ്വഭാവങ്ങളും വച്ചുപുലർത്തുന്നവരായിരിക്കേണ്ടതിനല്ല യേശു നിങ്ങൾക്കുവേണ്ടി ക്രൂശിൽ മരിച്ചത്.

മനസ്സ് മഹത്വത്തിന്റെ കവാടത്തിൽ കേന്ദ്രീകരിച്ചവർക്കു മാത്രമേ അങ്ങോട്ട് പ്രവേശിക്കുവാൻ കഴിയുകയുള്ളൂ. നീ ഭൗമിക കാര്യങ്ങളിൽ ആസക്തനാണോ എന്ന ചോദ്യം അവശേഷിക്കുന്നു. നിന്റെ ചിന്താഗതി വിശുദ്ധമാണോ? സ്വർഗ്ഗീയാന്തരീക്ഷമാണോ നീ ശ്വസിക്കുന്നത്? മലിനീകരണത്തിന്റെ അനാരോഗ്യകരമായ ചുറ്റുപാടോ സ്വാധീനമോ നിന്നിൽ കുടികൊള്ളുന്നുണ്ടോ? പരിപാവനതയിലും പരിശുദ്ധിയുടെ പരിമളതയിലും ആത്മാർത്ഥതയുള്ളവനും സമർപ്പിതനുമായിട്ടാണോ നീ ദൈവത്തെ സേവിക്കുന്നത്? ഞാൻ ഒരു ദൈവപൈതൽ ആണോ അല്ലയോ എന്ന് ആത്മാർത്ഥായി നിന്നോട് ചോദിക്കുക.

നമ്മുടെ എല്ലാ സഭകളിലും പൂർണ്ണ നവീകരണം ആവശ്യമാണ്. മാനസാന്തരപ്പെടുത്തുന്ന ദൈവിക ശക്തി സഭയിൽ ഒരുക്കനാളിൽ മാത്രമല്ലാതെ ആവസിക്കണം. ഒരുക്കമില്ലായ്മയുടെ അവസ്ഥയിൽ മയക്കം പിടിച്ച്, പാത്രത്തിലും വിളക്കിലും എണ്ണയില്ലാതെ അപകടം നിറഞ്ഞ അനിശ്ചിതത്വത്തിൽ ഈ ചോദ്യം നിലനില്ക്കരുത്; ഞാൻ രക്ഷിക്കപ്പെട്ടുവോ? അതോ ഇല്ലയോ? എന്ന് ആത്മാർത്ഥമായി നിന്നോടുതന്നെ ചോദിക്കുക. ഞാൻ നില്ക്കുമോ അതോ ഇല്ലയോ? വെടിപ്പുള്ള കയ്യും, നിർമ്മല ഹൃദയവും ഉള്ളവനു മാത്രമേ ആ ദിവസത്തിൽ നില്ക്കുവാൻ കഴിയുകയുള്ളൂ.

അനുനിമിഷം ഒരു യഥാർത്ഥ ക്രിസ്ത്യാനിയായിരിക്കുക എന്നത് ഓരോ ദൈവപൈതലിന്റെയും പദവിയാണ്; അപ്പോൾ സ്വർഗ്ഗം തിരഞ്ഞെടുത്തവർ എല്ലാവരും അവന്റെ പക്ഷത്തുണ്ടായിരിക്കും.

# വ്യത്യസ്തനാകുവാൻ ധൈര്യപ്പെടുക

***നിങ്ങളോ അന്ധകാരത്തിൽ നിന്നു തന്റെ അത്ഭുതപ്രകാശത്തിലേക്ക് നിങ്ങളെ വിളിച്ചവന്റെ സൽഗുണങ്ങളെ ഘോഷിപ്പാൻ തക്കവണ്ണം തിരഞ്ഞെടുക്കപ്പെട്ട ഒരു ജാതിയും രാജകീയ പുരോഹിതവർഗ്ഗവും വിശുദ്ധവംശവും സ്വന്തജനവുമാകുന്നു. 1 പത്രൊ. 2:9.***

മനുഷ്യപുത്രൻ ആകാശമേഘങ്ങളിൽ വേഗം വരുമെന്നുള്ള മുന്നറിയിപ്പ് ഇന്ന് അനേകർക്കും സുപരിചിതമായ ഒരു കഥ മാത്രമായിരിക്കുകയാണ്. അവർ കാത്തിരിപ്പും നോട്ടവും എല്ലാം ത്യജിച്ചിരിക്കുകയാണ്. എന്റെ കർത്താവിന്റെ വരവ് അവൻ താമസിപ്പിക്കുന്നു എന്ന മാനസിക ചിന്തയാണ് സ്വാർത്ഥത, ലൗകികത മുതലായവ ജീവിതത്തിലുടനീളം പ്രകടമാക്കുന്നതിലൂടെ വ്യക്തമാക്കുന്നത്. നോഹയുടെ കാലംപോലെ തന്നെയാണ് നമ്മുടെ നാളുകളും എന്നാണ് ലൗകിക ആചാരങ്ങളും സ്വർത്ഥതയുടെ ആത്മാവും വെളിവാക്കുന്നത്. ദൈവമക്കളെന്നു പറയപ്പെടുന്നവർ വലിയ തീക്ഷ്ണതയോടുകൂടി പിൻതുടരുന്ന അവരുടെ ലൗകികമായ അനുധാവനങ്ങൾ അവരുടെ പ്രഖ്യാപനങ്ങൾക്ക് കളങ്കം ചാർത്തുകയാണ്. അവർ പരീക്ഷിക്കപ്പെടുന്ന അവസാന നിമിഷംവരെ നട്ടും പണിതും വാങ്ങിച്ചും വിറ്റും തിന്നും കുടിച്ചും വിവാഹം കഴിച്ചും വിവാഹത്തിനു കൊടുത്തും പോരും. നമ്മുടെ സ്വന്ത ആളുകളിൽ നല്ലൊരു ഭാഗത്തിന്റെയും അവസ്ഥ ഇതാണ്.

നമ്മുടെ ഇടയിൽ ആവശ്യമായിരിക്കുന്ന വലിയ ആത്മീകത ഞാൻ ദർശിച്ചപ്പോൾ എന്റെ മനസ്സ് വ്യാകുലപ്പെട്ടു. പരിഷ്ക്കാരങ്ങൾ, ആചാരങ്ങൾ, അഹന്ത, വിനോദ തല്പരത, പ്രദർശന തല്പരത, വസ്ത്രം, ഭവനം, സ്ഥലം എന്നിവയ്ക്കുള്ള ധാരാളിത്വം മുഖാന്തിരം ദൈവത്തിന്റെ ഖജനാവ് കൊള്ളയടിക്കപ്പെടുകയാണ്. ഈ മുഖാന്തിരങ്ങൾ ദൈവത്തോട് നന്ദിപ്രകടനത്തിനായി സത്യവെളിച്ചം ലോകത്ത് പരത്തുവാൻ ഉപയോഗപ്പെടുത്തണം.

പാപികൾക്ക് ചുറ്റും വലയം ചെയ്തിരിക്കുന്ന അന്ധകാരത്തിന്റെയും രാത്രിയുടെയും നിഴലുകൾ പകലിന്റെയും വെളിച്ചത്തിന്റെയും മക്കളുടെ ചുറ്റും സ്വരൂപിക്കരുത്. നേരെമറിച്ച് അവരുടെ ജോലിയിൽ വിശ്വസ്തരായ പ്രകാശവാഹകരായി ദൈവത്തിൽ നിന്നും വെളിച്ചം സ്വീകരിച്ച് അന്ധകാരത്തിലുള്ളവരുടെ മേൽ വെളിച്ചം വർഷിപ്പാൻ നിലകൊള്ളണം. പൈശാചിക പ്രവർത്തനങ്ങളെ അനുകരിക്കാതെയും അത് സ്പർശിക്കാതെയും ദൈവമക്കൾ തങ്ങളുടെ വിശ്വസ്തത കാക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നു.

ഈ ഭൂമിയിൽ ക്രിസ്ത്യാനികൾ വിശുദ്ധ വംശവും സ്വന്ത ജനവുമായി അന്ധകാരത്തിൽ നിന്ന് അത്ഭുതപ്രകാശത്തിലേക്ക് വിളിച്ചവന്റെ സ്തുതിയെ വെളിപ്പെടുത്തുന്നവരായിരിക്കണം. ഈ വെളിച്ചം മങ്ങാതെ അത്യധികമായ ശോഭയോടെ പൂർണ്ണതയുടെ ദിനത്തോളം ശോഭിക്കണം. “കർത്താവിന്റെ വരവ് വാതില്ക്കലായിരിക്കുന്നതിനാൽ നിങ്ങളും ഒരുങ്ങിയിരിപ്പിൻ” എന്നുള്ള ഉത്തേജിപ്പിക്കുന്ന സത്യം അനേക നാളുകളായി നാം ശ്രവിക്കുന്നു, അന്നത്തേക്കാൾ ഈ സന്ദേശത്തിന്റെ പ്രാധാന്യം ഇന്ന് കുറഞ്ഞുപോകരുത്.





# സംശയത്തിന്റെ വിത്തുകളെ പിഴുതെറിയുക

***അതുകൊണ്ട് മഹാപ്രതിഫലമുള്ള നിങ്ങളുടെ ധൈര്യം തള്ളിക്കളയരുത്. ദൈവേഷ്ടം ചെയ്തു വാഗ്ദത്തം പ്രാപിപ്പാൻ സഹിഷ്ണത നിങ്ങൾക്കാവശ്യം. നാമോ നാശത്തിലേക്കു പിന്മാറുന്നവരുടെ കൂട്ടത്തിലല്ല, വിശ്വസിച്ച് ജീവരക്ഷ പ്രാപിക്കുന്നവരുടെ കൂട്ടത്തിലത്രേ ആകുന്നു. എബ്രാ. 10:35,36,39.***

ഇപ്പോൾ നാം കുലുക്കത്തിന്റെ നാളുകളിലാണെന്ന് ഞാൻ കണ്ടു. ക്രിസ്തുവിന്റെ കരങ്ങളിൽ നിന്ന് ആത്മാക്കളെ തട്ടി എടുത്ത് യേശുവിനെ തന്റെ കാലടികളാൽ ചവിട്ടിമെതിക്കേണ്ടതിന് അവരെ ഉപയോഗപ്പെടുത്തുവാനും സാത്താൻ അവന്റെ സർവ്വശക്തിയോടും പ്രവർത്തിക്കുകയാണ്.

സ്വഭാവപോഷണം നടത്തപ്പെട്ടുകൊണ്ടിരിക്കുന്നു. ദൈവദൂതന്മാർ സാന്മാർഗ്ഗികമൂല്യം അളന്നു തിട്ടപ്പെടുത്തുകയാണ്. ദൈവം തന്റെ ആളുകളെ ശോധന ചെയ്ത് തെളിയിക്കുകയും ചെയ്യുന്നു. ഈ വാക്കുകൾ ദൂതൻ മുഖാന്തിരം എനിക്ക് നല്കപ്പെട്ടു. സഹോദരങ്ങളെ, ശ്രദ്ധാലുക്കളായാലും ജീവനുള്ള ദൈവത്തിൽ നിന്നും അകറ്റുന്ന അവിശ്വാസത്തിന്റെ പൈശാചിക ഹൃദയം നിങ്ങളിൽ ആർക്കും ഉണ്ടാകരുത്. പാപത്തിന്റെ വശീകരണത്താൽ നിങ്ങളിൽ ആരും കഠിനപ്പെട്ടുപോകാതെ, ഇന്ന് എന്ന് വിളിക്കപ്പെട്ടിരിക്കയാൽ ദിവസേന അന്യോന്യം പ്രബോധിപ്പിച്ചുകൊൾവിൻ. നാം നമ്മുടെ ദൃഢവിശ്വാസത്തെ ആരംഭത്തിലെന്നപോലെ അവസാനംവരെയും മുറുകെപ്പിടിച്ചുകൊൾകയാണെങ്കിൽ നാം ക്രിസ്തുവിന്റെ പങ്കാളികളാക്കപ്പെടും.”

കൃപയുടെ ശക്തി അറിഞ്ഞ ദൈവമക്കൾ ആരെങ്കിലും തങ്ങളുടെ അവിശ്വാസങ്ങൾ ചർച്ചചെയ്യുന്നതിൽകൂടി മറ്റുള്ളവരുടെ മനസ്സിലേക്ക് പിശാചിന്റെ താൽപര്യങ്ങൾ കടത്തിവിടുന്ന ചാനലുകളാക്കിത്തീർക്കുന്നതിൽ ദൈവം ദുഃഖിതനാണ്. പാപത്തിന്റെയും അവിശ്വാസത്തിന്റെയും വിത്ത് വിതയ്ക്കപ്പെട്ടാൽ അത് തനിയെ മുളച്ചുവരികയില്ല. എല്ലായ്പോഴും സാത്താൻ അതിനെ പരിപാലിക്കുന്നതിനാൽ അത് വളർന്ന് ദൃഢമായിത്തീരും. ഒരു നല്ല വിത്ത് വിതയ്ക്കപ്പെട്ടാൽ അതിന് പരിപാലനം, ജലസേചനം, ആർദ്രമായ കരുതൽ എന്നിവ ആവശ്യമാണ്. എന്തെന്നാൽ അതിന്റെ അടുത്തേക്ക് എറിയപ്പെടുന്നതും തടസ്സപ്പെടുത്തുന്നതും വിഷലിപ്തവുമായ സ്വാധീനങ്ങൾ അതിന്റെ മൃത്യുവക്രത്തിലേക്ക് തള്ളിയിടുവാൻ പര്യാപ്തമായവയാണ്. സാത്താന് മറ്റുള്ളവരെ ചതിക്കുവാൻ കാലം ഏറെ ഇല്ല എന്നറിഞ്ഞ് അവൻ എല്ലാക്കാലത്തെക്കാളും ശക്തിയോടെ ഇന്ന് പ്രവർത്തിക്കുകയാണ്.

ധാന്യം മുറത്തിൽ പാറ്റി പതിരും ധാന്യമണികളും വേർതിരിക്കുന്നതുപോലെ ദൈവമക്കളെയും പാറ്റി വെടിപ്പാക്കും. നാം ക്രിസ്തുവിനെ മാതൃകയാക്കി അവനെ നോക്കി അവന്റെ താഴ്മയുള്ള മനോഭാവം പ്രതിഫലിപ്പിക്കണം.

വിശുദ്ധന്മാരുടെ അവകാശമായ നിത്യവാസം എന്നെ കാണിച്ചു. സത്യത്തിനായി വിശുദ്ധന്മാർ സഹിച്ച കഷ്ടപ്പാടുകളും യാതനകളും സ്വർഗ്ഗത്തോടു താരതമ്യം ചെയ്യുമ്പോൾ അതെത്ര നിസ്സാരമെന്നും എന്നെ കാണിച്ചു. ഈ ലോകത്തിലെ കഷ്ടങ്ങളും അവരിൽ വെളിപ്പെടുവാൻ പോകുന്ന മഹത്വവും താരതമ്യം ചെയ്യുമ്പോൾ കഷ്ടവും യാതനകളും ഏതുമില്ലാ എന്ന് അവർ സാക്ഷിക്കും. ദൈവമക്കൾ ഈ അന്ത്യകാലത്ത് പരിക്ഷീണിതരായിരിക്കും. അവരുടെ അവസാന പരീക്ഷ പെട്ടെന്ന് വരികയും അവർക്ക് ദാനമായി നിത്യജീവൻ ലഭിക്കുകയും ചെയ്യും.

# ആത്മീക അതികായനോ കുള്ളനോ?

***പ്രിയമുള്ളവരേ! ഈ വാഗ്ദത്തങ്ങൾ നമുക്കുള്ളതുകൊണ്ട് നാം ജഡത്തിലെയും ആത്മാവിലെയും സകല കന്മഷവും നീക്കി നമ്മെത്തന്നെ വെടിപ്പാക്കി ദൈവത്തിൽ വിശുദ്ധിയെ തികച്ചുകൊൾക. 2 കൊരി. 7:1.***

ദൈവത്തിന്റെ കല്പന കാക്കുന്നവരായ ജനത്തെ അവൻ ശാസിക്കുകയും തെറ്റ് തിരുത്തുകയും ചെയ്യുന്നു. ദൈവഭയത്തിൽ അവരുടെ വിശുദ്ധിയെ തികക്കേണ്ടതിനും കർത്താവിൽ നിദ്രപ്രാപിക്കുവാൻ ഒരുങ്ങേണ്ടതിനും അല്ലെങ്കിൽ സ്വർഗ്ഗത്തിലേക്ക് രൂപാന്തരം പ്രാപിക്കേണ്ടതിനും അവരുടെ പാപങ്ങളെ ചൂണ്ടിക്കാണിക്കുകയും അകൃത്യങ്ങൾ വെളിവാക്കുകയും ചെയ്ത് സകല ലംഘനങ്ങളും അവരിൽനിന്ന് അകറ്റുവാൻ അവൻ ആഗ്രഹിക്കുന്നു.

പരിശുദ്ധിയും പരിപാവനതയുമല്ലാതെ മറ്റൊന്നും ദൈവം അംഗീകരിക്കുകയില്ല. കറ, ചുളുക്കം, സ്വഭാവത്തിലെ പോരായ്മകൾ എന്നിവ സ്വർഗ്ഗത്തിന്റെ സകല ധനം, മാനം എന്നിവ ഉൾപ്പെടെ അവർക്ക് സ്വർഗ്ഗീയ പ്രവേശനം അസാദ്ധ്യമാക്കും. ഒട്ടുമിക്ക ക്രൈസ്തവർക്കും അവർ നേടേണ്ടതായ ആത്മീക ശക്തിയെക്കുറിച്ച് ശരിയായ അവബോധമില്ലാതെ ഈ ജീവിതത്തിലെ നിന്ദ്യവും നശ്വരവുമായ കാര്യങ്ങൾ അവർ സ്വായത്തമാക്കുന്നതുപോലെ അതിമോഹത്തോടും വ്യഗ്രതയോടും തടസ്സങ്ങളെ തൃണവൽഗണിച്ചും ആ സ്വർഗ്ഗീയ ജ്ഞാനം പ്രാപിപ്പാൻ അവർ ശ്രമിക്കുകയാണ്. ക്രിസ്ത്യാനികളെന്ന് നടിക്കുന്ന സമൂഹം ആത്മീകമായി കുള്ളന്മാരായിരിക്കുന്നതിൽ സംതൃപ്തരാണ്. “മുൻപേ അവന്റെ രാജ്യവും നീതിയും അന്വേഷിക്ക” എന്നത് അവരുടെ ലക്ഷ്യം ആക്കേണ്ടതിന് യാതൊരു ക്രമീകരണവും അവർക്കില്ലാത്തതിനാൽ ദൈവികത അവർക്ക് അജ്ഞതയായി ഒരു മറയ്ക്കപ്പെട്ട മർമ്മമായിരിക്കുന്നു. അവരുടെ അനുഭവജ്ഞാനത്തിൽ ക്രിസ്തുവിനെ അവർ അറിയുന്നില്ല.

ദൈവഭയത്തിൽ വിശുദ്ധിയെ തികക്കേണ്ടതിനുള്ള വേല വിശ്വസ്തതയോടും ആത്മാർത്ഥതയോടും സമചിത്തതയോടും തുടരുന്ന എല്ലാവർക്കുമായി ധാരാളം കരുതൽ നടപടികൾ സജ്ജീകരിക്കപ്പെട്ടിട്ടുണ്ട്. രക്ഷയുടെ അവകാശികൾക്ക് ശക്തിയും കൃപയും മഹത്വവും സേവകാത്മാക്കളായ ദൂതന്മാരിൽകൂടെ ക്രിസ്തുവിൽ നല്കപ്പെട്ടിട്ടുണ്ട്. അവർ തങ്ങളുടെ പാപത്തെ വിട്ടൊഴിയുകയും അകൃത്യങ്ങളെ നീക്കിക്കളയുകയും പൂർണ്ണമായി ജീവനുള്ള ദൈവത്തിങ്കലേക്ക് തിരിയുമെങ്കിൽ തങ്ങൾക്കായി ജീവനെ തന്ന യേശുവിൽ ശക്തിയും ശുദ്ധിയും നീതിയും കണ്ടെത്താതവണ്ണം ആരും നിന്ദ്യരും ദുഷിച്ചവരും അധഃപതിച്ചവരും ആയിരിക്കുകയില്ല.

പാപക്കറകളാൽ മലീമസമായ നമ്മുടെ വസ്ത്രം മാറ്റി വിശുദ്ധിയുടെ ശുദ്ധവും ശുഭ്രവുമായ വെള്ള നിലയങ്കി ധരിപ്പിക്കുവാനും മരിച്ചവരായിട്ടല്ല, ജീവൻ പ്രാപിച്ചവരായി പ്രഖ്യാപിക്കുവാനും അവൻ കാത്തിരിക്കുകയാണ്. അവർ അവനിൽ വളരണം. അവരുടെ ശാഖകൾ വരണ്ടതോ ഫലമില്ലാത്തതോ ആയിരിക്കുകയില്ല. അവർ അവനിൽ വസിക്കുകയാണെങ്കിൽ അവർക്ക് അവനിൽ നിന്ന് ജീവരസവും പോഷണവും ലഭിക്കുവാനും അവന്റെ ആത്മാവിനാൽ പ്രചോദിതരാകുവാനും അവൻ നടന്നതുപോലെ നടക്കുവാനും അവൻ ജയിച്ചതുപോലെ വിജയിക്കുവാനും അവന്റെ വലങ്കയ്യാൽ ആശ്ലേഷിതരാകുവാനും സാധിക്കും.





# ബുദ്ധിമാനോ മഠയനോ?

***സ്വർഗ്ഗരാജ്യം മണവാളനെ എതിരേല്പാൻ വിളക്ക് എടുത്തുംകൊണ്ട് പുറപ്പെട്ട പത്തുകന്യകമാരോടു സദൃശം ആകും. അവരിൽ അഞ്ചുപേർ ബുദ്ധിയില്ലാത്തവരും അഞ്ചുപേർ ബുദ്ധിയുള്ളവരും ആയിരുന്നു. മത്താ. 25:1,2.***

നാം യേശുവിനോട് അനുരൂപരായതായി യാതൊരു തെളിവും വെളിപ്പെടുത്താതെ ഇരിക്കുകയും പഴയ സ്വഭാവത്തെ മുറുകെപ്പിടിച്ചുകൊണ്ടിരിക്കുകയും ലൗകിക ആചാരമര്യാദകളാകുന്ന ഇഴകളാൽ നമ്മുടെ വസ്ത്രം നെയ്യുകയും ചെയ്തുകൊണ്ട് സഭയുടെ അംഗമായതിനാൽ രക്ഷിക്കപ്പെടും എന്ന ധാരണയിൽ വിശ്രമിക്കുവാനുള്ളവരല്ല നാം.

ഈ ഭൗമിക ചരിത്രത്തിന്റെ സായംസന്ധ്യയിൽ പത്ത് കന്യകമാർ പ്രതീക്ഷയോടെ കാത്തിരിക്കുകയാണ്. എല്ലാവരും ക്രിസ്ത്യാനികളെന്ന് അവകാശപ്പെടുന്നുണ്ട്, എല്ലാവർക്കും ഒരു വിളിയുണ്ട്, ഒരു നാമമുണ്ട്, ഒരു വിളക്കുണ്ട്. എല്ലാവരും ദൈവത്തെ സേവിക്കുന്നു എന്ന് അവകാശപ്പെടുകയും ചെയ്യുന്നു. സ്വാഭാവികമായി എല്ലാവരും അവന്റെ വരവിനെ പ്രതീക്ഷിച്ചുകൊണ്ടിരിക്കുകയാണ്. പക്ഷേ അഞ്ചുപേർ ന്യൂനതയുള്ളവരാണ്, അവൻ മണവറക്കു വെളിയിൽ ധൈര്യം നഷ്ടപ്പെട്ടവരായും അത്ഭുതസ്തബ്ധരായും കാണപ്പെടും.

നാം ഓരോരുത്തരും ഒന്നുകിൽ ബുദ്ധിയുള്ള കന്യകമാരെ അല്ലെങ്കിൽ ബുദ്ധിയില്ലാത്ത കന്യകമാരെ പ്രതിനിധാനം ചെയ്യുന്നവരാണ്. അനേകരും യേശുവിന്റെ പാദപീഠത്തിൽ ഇരുന്ന് അവനോട് പഠിക്കുന്നവരായിരിക്കയില്ല. അവർ അവന്റെ വഴികളെക്കുറിച്ച് അജ്ഞരായും അവന്റെ വരവിനായി ഒരുങ്ങാത്തവരും ആയിരിക്കും. അവർ അവരുടെ മണവാളനായി കാത്തിരിക്കുന്നു എന്ന് അഭിനയിക്കുന്നവരാണ്. ആത്മാവിനെ ശുദ്ധീകരിക്കുന്നതും സ്നേഹത്തിലധിഷ്ഠിതമായുമുള്ള വിശ്വാസത്തോടെ അവൻ കാത്തിരുന്ന് പ്രാർത്ഥിച്ചിട്ടില്ല. അവർ അലസ ജീവിതം നയിച്ചവരാണ്. അവർ സത്യം കേട്ട് അതിലേക്ക് ഉണർത്തപ്പെട്ടവരാണ് എന്നതല്ലാതെ അത് ഒരിക്കലും അവരുടെ പ്രായോഗിക ജീവിതത്തിൽ പ്രാവർത്തികമാക്കിയിട്ടില്ല. അവരുടെ വിളക്കുകളിൽ ദൈവകൃപയുടെ എണ്ണ ഒഴിക്കപ്പെടാതെ, കുഞ്ഞാടിന്റെ കല്യാണസദ്യയിൽ പ്രവേശിക്കുവാൻ അവർ ഒരുക്കമുള്ളവരാകയില്ല.

യേശുവിന്റെ ആജ്ഞയെ പിൻതുടരാതെ ദൈവവാഗ്ദത്തങ്ങൾ തങ്ങൾക്കുള്ളതാണ് എന്നു ചിന്തിക്കുന്ന ബുദ്ധിയില്ലാത്ത കന്യകമാരെപ്പോലെ ആകരുത്. മതസ്വീകാര്യത ഏതുമില്ലെന്നാണ് യേശു പഠിപ്പിക്കുന്നത്. ആരെങ്കിലും എന്നെ അനുഗമിപ്പാൻ ഇരിക്കുന്നു എങ്കിൽ തന്നെത്താൻ ത്യജിച്ച് നിത്യേന തന്റെ ക്രൂശെടുത്ത് എന്നെ അനുഗമിക്കട്ടെ എന്നാണ് യേശു പറയുന്നത്.

ദൈവത്തിന്റെ ശുദ്ധീകരിക്കുന്നതും നീതീകരിക്കുന്നതുമായ ശോധനയിൽ നാം ആകുമ്പോൾ, ഉലയിൽ ഊതിക്കഴിച്ച പൊന്നിനെപ്പോലെ സംശുദ്ധമായ സ്വഭാവത്തോടെ നാം വെളിയിൽ വരുമ്പോൾ പൗലൊസിനോടു ചേർന്നുകൊണ്ട് നമുക്കും ഇപ്രകാരം പറയുവാൻ കഴിയും: എനിക്ക് ലഭിച്ചുകഴിഞ്ഞു എന്നോ ഞാൻ തികഞ്ഞവനായി എന്നോ അല്ല, ഞാൻ അതിനെ പിൻതുടരുന്നതേയുള്ളു. ഒന്നു ഞാൻ ചെയ്യുന്നു പിമ്പിലുള്ളതു മറന്നും മുമ്പിലുള്ളതിനെ ആഞ്ഞുംകൊണ്ട് ക്രിസ്തുയേശുവിൽ ദൈവത്തിന്റെ പരമവിളിയുടെ വിരുതിന്നായി ലാക്കിലേക്കോടുന്നു.

# ഇപ്പോൾ – എല്ലായ്പോഴും ഇപ്പോൾ

***ആകയാൽ നാളും നാഴികയും നിങ്ങൾ അറിയായ്കകൊണ്ട് ഉണർന്നിരിപ്പിൻ. മത്തായി 25:13.***

കർത്താവിന്റെ വരവ് അർദ്ധരാത്രി എന്നപോലെ എല്ലാവരും നിദ്രയിലായിരിക്കുമ്പോൾ ആയിരിക്കും. അതുകൊണ്ട് സൂര്യാസ്തമനത്തിനുമുമ്പ് ഓരോരുത്തന്റെയും കാര്യങ്ങൾ നേരെയാക്കുന്നത് നന്നായിരിക്കും. തനിക്കും തന്റെ സഹവാസികൾക്കും ഇടയിൽ ഉള്ള തന്റെ പ്രവൃത്തികൾ ശരിയായിരിക്കണം, ഇടപാടുകൾ നീതിയുള്ളതായിരിക്കണം. എല്ലാ അവിശ്വസ്തതയും എല്ലാ പാപപ്രവൃത്തികളും വളരെ ദൂരെ ഉപേക്ഷിക്കണം. ദൈവകൃപയുടെ എണ്ണ നമ്മുടെ പാത്രത്തിൽ വിളക്കിനോടുകൂടെ ഉണ്ടായിരിക്കണം. ദൈവികതയുണ്ടായിരിക്കയും അതിന്റെ ശക്തിയെ ത്യജിക്കുകയും യേശുവിനെ കർത്താവേ കർത്താവേ എന്നു വിളിക്കുകയും അവനോട് അനുരൂപരാകാതെയും അവന്റെ സ്വഭാവസവിശേഷതകൾ ഇല്ലാതിരിക്കുകയും ചെയ്യുന്നവരുടെ അവസ്ഥ ദുഃഖകരമായിരിക്കും. ദൈവം ദയാപൂർവ്വം ഒരു പരീക്ഷാകാലം, പരിശോധനക്കും നിരീക്ഷണത്തിനുമുള്ള ഒരു കാലംതന്നെ നമുക്ക് അനുവദിച്ചിട്ടുണ്ട്. “ദൈവത്തെ കണ്ടെത്താനാകുന്ന സമയത്ത് അവനെ അന്വേഷിപ്പിൻ അവൻ അടുത്തിരിക്കുമ്പോൾ അവനെ വിളിച്ചപേക്ഷിപ്പിൻ” എന്നുള്ള ഒരു ക്ഷണം ദൈവം നമുക്ക് നല്കുന്നുണ്ട്.

ഇന്ന് ദയാർദ്രമായ ശബ്ദം വിളിക്കുകയും യേശു സ്നേഹച്ചരടുകളാൽ മനുഷ്യരെ തന്നിലേക്ക് അടുപ്പിക്കുകയും ചെയ്യുന്നു. എന്നാൽ യേശു പ്രതികാരത്തിന്റെ അങ്കി ധരിപ്പാനുള്ള കാലം ആസന്നമായി. ദിനംപ്രതി ലോകത്തിൽ അധർമ്മം പെരുകുന്നതുകൊണ്ട് അത് ഒരു നിശ്ചിത തലത്തിൽ എത്തിച്ചേരുകയും എഴുതപ്പെട്ട ഔദ്യോഗിക രേഖകൾ പൂർത്തീകരിക്കുകയും എല്ലാ കണക്കുകൾക്കും തീർപ്പ് കല്പിക്കുകയും ചെയ്യപ്പെടും. പാപത്തിനുവേണ്ടി വേറൊരു യാഗവും ശേഷിക്കുന്നില്ല. കർത്താവ് വരുന്നു. പാപലോകത്തിലേക്ക് സ്നേഹത്തിന്റെയും സഹനത്തിന്റെയും ദാക്ഷിണ്യത്തിന്റെയും ദീർഘമായ കരം നീട്ടപ്പെട്ടിരുന്നു. ക്ഷണം നലകപ്പെട്ടിരുന്നത്, എന്റെ ശക്തിയെ അവൻ വഹിക്കട്ടെ എന്നാണ്. പക്ഷേ മനുഷ്യർ അവന്റെ ദയയെ തെറ്റിദ്ധരിച്ച് കൃപയെ തള്ളിക്കളഞ്ഞു. എന്തുകൊണ്ടാണ് കർത്താവ് തന്റെ വരവ് താമസിപ്പിക്കുന്നത്. സ്വർഗ്ഗത്തിലെ മുഴുവൻ നിവാസികളും ഈ നാശലോകത്തിനുവേണ്ടിയുള്ള അവസാന വേലയും പൂർത്തീകരിക്കാൻ കാത്തിരിക്കയാണ്. എന്നാലും വേല വൈകുകയാണ്. തങ്ങളുടെ പാത്രത്തിലും വിളക്കിലും കൃപയുടെ എണ്ണയുണ്ടെന്ന് ചിന്തിക്കുന്നവരിൽ പലരും ഈ ലോകത്തിൽ കത്തുകയും പ്രകാശിക്കുകയും ചെയ്യുന്ന വെളിച്ചം ആകാത്തതിനാലാണ് ഇത് സംഭവിക്കുന്നത്. സുവാർത്താദൂതികൾ ചുരുക്കമായതാണ് ഇതിന് കാരണം.

എല്ലാ ആഴ്ചയിലും ഒരാഴ്ച കുറവായി എന്നും എല്ലാ ദിവസവും ന്യായവിധിക്കായി നിശ്ചയിക്കപ്പെട്ട ദിവസത്തോട് ഒന്നുകൂടി അടുത്തെന്നും എണ്ണുക. അനേകർക്കും ചലനാത്മക നിയന്ത്രണമില്ലാത്ത മതങ്ങൾ അത് വികാരത്താൽ ഭരിക്കപ്പെടുന്നതും തോന്നലുകളിൽ നിലകൊള്ളുന്നതുമായ മതങ്ങളാണ് ഉള്ളത്. “അവസാനത്തോളം സഹിച്ചു നിൽക്കുന്നവൻ രക്ഷിക്കപ്പെടും.” നിന്റെ ഹൃദയത്തിൽ കൃപയുടെ എണ്ണയുണ്ടോ എന്ന് നോക്കുക. ന്യായവിധിയിൽ ഇതിന്റെ ഉടമസ്ഥത നിന്നിൽ വളരെ വ്യത്യാസം സൃഷ്ടിക്കുന്നതായിരിക്കും.





# അന്ത്യകാത്തിരിപ്പ്

***യജമാനൻ സന്ധ്യക്കോ അർദ്ധരാത്രിക്കോ കോഴി കൂകുന്ന നേരത്തോ രാവിലെയോ എപ്പോൾ വരുമെന്നറിയായ്കകൊണ്ട് അവൻ പെട്ടെന്നു വന്നു നിങ്ങളെ ഉറങ്ങുന്നവരായി കണ്ടെത്താതിരിക്കേണ്ടതിന്നു ഉണർന്നിരിപ്പിൻ. മർക്കൊ. 13:35,36.***

ഒരു സമൂഹം എന്റെ മുൻപിൽ ഹാജരാക്കപ്പെട്ടു.... അവരുടെ ദൃഷ്ടികൾ സ്വർഗ്ഗത്തിലേക്ക് ഉയർത്തപ്പെട്ടു. അധരങ്ങളിൽ തങ്ങളുടെ കർത്താവിന്റെ വചനങ്ങൾ ഉണ്ടായിരുന്നു: ഞാൻ എല്ലാവരോടും പറയുന്നത് നിങ്ങളോടും പറയുന്നു, ഒരുങ്ങിയിരിപ്പിൻ.... ഒടുവിൽ നേരം വെളുക്കുന്നതിന് മുൻപ് ഒരു താമസം യജമാനൻ അറിയിക്കുകയാണ്. പക്ഷേ അവരുടെ ആത്മാർത്ഥമായ കാത്തിരിപ്പിൽ നിന്ന് വിശ്രമിക്കുവാനോ ക്ഷീണിതരാകുവാനോ അവസരം അവൻ കൊടുക്കുകയില്ല. എന്തെന്നാൽ അവർ പ്രതീക്ഷിച്ചതുപോലെ പ്രഭാതം അത്ര വേഗത്തിൽ അവരുടെ മേൽ ഉദിക്കുകയില്ല.

ഭൗതിക കരുതലിൻ കീഴിൽ വ്യാപൃതനായിരിക്കുമ്പോൾ വാത്സല്യതാല്പര്യങ്ങൾ ഉണ്ടാകുക എന്നുള്ളത് അസാദ്ധ്യമാണെന്ന് ഞാൻ ദർശിച്ചു. ലോകസമ്പത്തുകൾ വർദ്ധിച്ചെന്നാലും നാഥൻ അരുളിചെയ്തതുപോലെ ജാഗരിച്ച് കാത്തിരിക്കുന്ന അവസ്ഥയിലായിരിക്കണം. “ഒരു ലോകമേ അവർക്ക് നേടുവാൻ കഴിയുകയുള്ളൂ. സ്വർഗ്ഗീയ സമ്പത്ത് അവകാശമാക്കുവാൻ ആഗ്രഹിക്കുന്നവർ ഭൗതിക സമ്പത്തുകൾ ത്യജിക്കണം. അവർക്ക് ഇരു രാജ്യവും കരസ്ഥമാക്കുവാൻ കഴിയുകയില്ലെന്നാണ് ദൂതൻ പ്രസ്താവിച്ചത്.

കഴിഞ്ഞ നാളുകളിൽ അതീവ ജാഗരണം ഉണ്ടായിരുന്നത് ഞാൻ ദർശിച്ചു. ആയതിനാൽ ജാഗ്രതയിൽ ഇളവ് വരുത്താമോ? ഒരിക്കലുമില്ല. മുൻ ജാഗരണത്തെക്കാൾ ഇപ്പോൾ നാളുകൾ വളരെ കുറവായതിനാൽ ഇളവ് വരുത്താത്ത ജാഗരണം അനിവാര്യമാണ്. ഒന്നാംഘട്ടത്തിൽ അല്പംപോലും ഇളവ് വരുത്താതെ നാം കാത്തിരുന്നെങ്കിൽ രണ്ടാംഘട്ടത്തിൽ ഇരട്ടി ജാഗ്രതയുടെ ആവശ്യകത എത്രമാത്രമാണ്. രണ്ടാംഘട്ടത്തിലെ കാത്തിരിപ്പിന്റെ അന്ത്യം നമ്മെ മൂന്നാഘട്ട കാത്തിരിപ്പിലേക്ക് എത്തിച്ചു. ആയതിനാൽ നമ്മുടെ കാത്തിരിപ്പിന് അല്പംപോലും കുറവുവരുത്തുവാൻ സാധ്യമല്ല. മൂന്നാംഘട്ട കാത്തിരിപ്പിന് മൂന്നിരട്ടി ജാഗ്രത അനിവാര്യമാണ്. ഇപ്പോൾ നാം അക്ഷമരായാൽ ഇതുവരെയുള്ള നമ്മുടെ ആത്മാർത്ഥ കാത്തിരിപ്പ് നിഷ്ഫലമാകും. ഈ ദീർഘാന്ധകാര രാത്രി നമ്മെ ആലസ്യത്തിലാക്കുകയാണ്. പക്ഷേ പ്രഭാതം ദൈവകൃപയാൽ വ്യത്യസ്തമാണ്. ഇന്ന് കർത്താവ് വന്നാൽ അനേകരും ഒരുങ്ങാത്ത അവസ്ഥയിലായിരിക്കും. ആരും നഷ്ടപ്പെട്ടുപോകാതിരിപ്പാൻ കർത്താവു തന്റെ വരവ് താമസിപ്പിക്കുകയാണ്.

ഈ ലോകത്തെ സ്നേഹിക്കുന്നവരും യേശുവിനെ സ്നേഹിക്കുന്നവരും തമ്മിലുള്ള വ്യത്യാസം വളരെ വ്യക്തമാണ്. ലോകബാന്ധവങ്ങൾ എല്ലാം ഭൗതീകസമ്പത്ത് ആർജ്ജിക്കുന്നതിൽ ആത്മാർത്ഥ അഭിലാഷം ഉള്ളവയാണ്. ദൈവമക്കൾ ഈ ലോകത്തോട് അനുരൂപരാകുകയില്ല. അവരുടെ ആത്മാർത്ഥമായ ഒരുക്കത്തിലൂടെയും കാത്തിരിപ്പിലൂടെയും അവർ രൂപാന്തരം പ്രാപിച്ചവരാണെന്ന് ലോകത്തിന് വെളിപ്പെടുത്തുകയും അവരുടെ ഭവനം ഈ ലോകമല്ലെന്നും ഇതിനെക്കാൾ മേത്തരമായ സ്വർഗ്ഗീയമായതിനെ തന്നെയാണ് അവർ കാത്തിരിക്കുന്നത്.

# സുരക്ഷിത മാർഗ്ഗം ഒന്നുമാത്രം

***പരീക്ഷയിൽ അകപ്പെടാതിരിപ്പാൻ ഉണർന്നിരുന്ന് പ്രാർത്ഥിപ്പിൻ. മത്താ. 26:41.***

ദൈവത്തിന്റെ വിശുദ്ധ ജനത്തെ ഉണർത്തേണ്ടതിന് ഞാൻ എന്തുപറയണം? യേശുവിന്റെ നാമം കൈക്കൊണ്ട എല്ലാവരും തങ്ങളെത്തന്നെ ആഴമായി പരിശോധിച്ച് തങ്ങളുടെ അപരാധങ്ങൾ മുഴുവനായി ഏറ്റുപറയണം. അവർ ആദ്യമേ ന്യായവിസ്താരത്തിലേക്ക് പ്രവേശിക്കുന്നതിനാൽ അവരുടെ പേരിന് എതിരേ ക്ഷമിക്കപ്പെട്ടിരിക്കുന്നു എന്ന് ദൂതൻ രേഖപ്പെടുത്തിയിരിക്കണം. പ്രിയ സഹോദരീ സഹോദരന്മാരേ, ഈ കൃപയുടെ കാലം നാം വേണ്ടവിധം ഉപയോഗപ്പെടുത്തുന്നില്ല എങ്കിൽ യാതൊരു നീക്കുപോക്കും ഇല്ലാതെ നീ തള്ളപ്പെടും. ഇന്ന് നീ ഉണർന്ന് പരിശ്രമിക്കുകയും മാനസാന്തരത്തിന്റെ ഫലം പുറപ്പെടുവിക്കുകയും ചെയ്യുന്നില്ലെങ്കിൽ ഈ സുവർണ്ണാവസരങ്ങൾ നിനക്ക് നഷ്ടമാകുകയും, നിന്നെ തുലാസ്സിൽ തൂക്കുമ്പോൾ കുറവുള്ളവനായി കാണപ്പെടുകയും ചെയ്യും.

'ഉണർന്നിരുന്ന് പ്രാർത്ഥിപ്പിൻ' എന്ന മുന്നറിയിപ്പിലൂടെ ഏക സുരക്ഷിത മാർഗ്ഗം ഒന്നു മാത്രമാണെന്ന് യേശു അറിയിക്കുകയാണ്. ജാഗ്രതയുടെ അനിവാര്യത ഇവിടെയുണ്ട്. നമ്മുടെ മനസ്സുകൾ വഞ്ചന നിറഞ്ഞതാണ്. മാനുഷീകമായ എല്ലാ ബലഹീനതയും ചാപല്യവും നിറഞ്ഞവരാകയാൽ സാത്താൻ നമ്മെ നശിപ്പിക്കുവാൻ ആഗ്രഹിക്കുന്നു. നാം അശ്രദ്ധരായേക്കാം. പക്ഷേ നമ്മുടെ ശത്രു സഥിരോത്സാഹിയാണ്. അവന്റെ ക്ഷീണിച്ചുപോകാത്ത ഏകാഗ്രത നാം തിരിച്ചറിഞ്ഞ് മറ്റുള്ളവരെപ്പോലെ ഉറങ്ങാതെ 'ആത്മനിയന്ത്രണത്തോടെ കാത്തിരിക്കണം.' ലൗകിക ആവേശത്തെയും സ്വാധീനത്തെയും നാം നേരിടണം. പക്ഷേ അവ നമ്മുടെ മനസ്സിനെയും ആത്മാവിനെയും സ്വാധീനിക്കുവാൻ അനുവദിക്കരുത്.

നിത്യതയുടെ വെളിച്ചത്തിൽ നിങ്ങളുടെ ഹൃദയത്തെ ആഴമായി ശോധന ചെയ്യണം. നിങ്ങളുടെ പരിശോധനയിൽ ഒന്നും മറച്ചുവയ്ക്കരുത്. നിങ്ങളുടെ സ്വന്തം ജീവനായി അന്വേഷിച്ച് ശോധന ചെയ്യുകയും നിങ്ങളെ തന്നെ കുറ്റവാളിയെന്ന് വിധിക്കുകയും നിങ്ങളിൽ തന്നെ ന്യായവിധി നടപ്പാക്കുകയും ചെയ്യുക. യേശുവിന്റെ ശുദ്ധമാക്കുന്ന രക്തത്താൽ നിങ്ങളുടെ ക്രിസ്തീയ സ്വഭാവത്തിൽ നിന്ന് സകല പാപക്കറകളെയും നീക്കം ചെയ്യുവാൻ വിശ്വാസത്താൽ അവകാശമുന്നയിക്കുക. നിങ്ങളുടെ തെറ്റുകുറ്റങ്ങൾക്ക് നേരെ കണ്ണടക്കുകയോ, മുഖസ്തുതി പറയുകയോ ചെയ്യരുത്. നിങ്ങളുടെ ആത്മാവോട് സത്യസന്ധമായി ഇടപെടുക. അപ്പോൾ നിങ്ങളെത്തന്നെ ഒരു പാപിയായി കാണുവാനും കാൽവറി ക്രൂശിന്റെ ചുവട്ടിൽ എല്ലാം തകർന്നവനായി വീഴുവാനും കഴിയും. നിന്റെ മലിനാവസ്ഥയിൽ യേശു നിന്നെ സ്വീകരിക്കും. നിന്റെ എല്ലാ പാപക്കറകളെയും അവന്റെ രക്തത്താൽ കഴുകി വെടിപ്പാക്കി പരിശുദ്ധിയിൽ സ്വർഗ്ഗത്തിനും സ്വർഗ്ഗീയ ദൂതന്മാരുടെ സംഘത്തിനും യോഗ്യനാക്കിത്തീർക്കും.

ഉയർന്ന പാഠശാലയിലേക്കുള്ള ഒരു പരിശീലന പാഠശാലയാണ് ഈ ലോകം. വരുവാനുള്ള ജീവിതത്തിനുവേണ്ടി ഒരുങ്ങുവാനുള്ള ഒന്നാണ് ഈ ജീവിതം. ഇവിടെ നാം സ്വർഗ്ഗീയ കൂടാരപ്രവേശനത്തിനുവേണ്ടി ഒരുക്കമുള്ളവരായിത്തീരണം. വെളിച്ചത്തിൽ വിശുദ്ധന്മാരോടൊത്തുള്ള ഒരു ഭവനത്തിനായി തയ്യാറാക്കപ്പെടുന്നതുവരെ ഇവിടെ നമ്മൾ സത്യം സ്വീകരിച്ച് വിശ്വസിച്ച് പരിശീലിക്കണം.





# പ്രവൃത്തിയുള്ള വിശ്വാസം

***എന്നാൽ എല്ലാറ്റിന്റെയും അവസാനം സമീപിച്ചിരിക്കുന്നു, ആകയാൽ പ്രാർത്ഥനക്ക് സുബോധമുള്ളവരും നിർമ്മദരുമായിരിപ്പിൻ. 1 പത്രൊ. 4:7.***

എല്ലാറ്റിന്റെയും അവസാനം സമീപിച്ചിരിക്കയാൽ ഈ ഭൂമിയുടെ ചരിത്രത്താളുകൾ വേഗത്തിൽ അടയ്ക്കപ്പെടുമെന്ന് നിങ്ങൾ വിശ്വസിക്കുന്നുവോ? അങ്ങനെയെങ്കിൽ നിന്റെ വിശ്വാസം പ്രവൃത്തിയാൽ വെളിപ്പെടുത്തണം. ഒരുവൻ തനിക്കുള്ള സകല വിശ്വാസവും വെളിപ്പെടുത്തും. തങ്ങൾക്ക് നല്ല ഉറച്ച വിശ്വാസമുണ്ടെന്ന് അനേകർ ചിന്തിക്കുന്നുണ്ട്. പക്ഷെ പ്രവൃത്തിയാൽ നില നിർത്താത്തതുകൊണ്ട് അവ നിർജ്ജീവമാകുന്നു. "അങ്ങനെ വിശ്വാസവും പ്രവൃത്തികളില്ലാത്തതായാൽ സ്വതവെ നിർജ്ജീവമാകുന്നു." ആത്മാവിനെ ശുദ്ധീകരിക്കുന്നതും സ്നേഹത്തിൽ പ്രവർത്തിക്കുന്നതുമായ യഥാർത്ഥ വിശ്വാസം ചുരുക്കം ചിലർക്കുണ്ട്. നിത്യജീവന് യോഗ്യരെന്ന് എണ്ണപ്പെട്ട എല്ലാവരും സാന്മാർഗ്ഗിക യോഗ്യത നേടണം. "പ്രിയമുള്ളവരേ, നാം ഇപ്പോൾ ദൈവമക്കൾ ആകുന്നു. നാം ഇന്നത് ആകും എന്ന് ഇതുവരെ പ്രത്യക്ഷമായില്ല. അവൻ പ്രത്യക്ഷനാകുമ്പോൾ നാം അവനെ താൻ ഇരിക്കുംപോലെ തന്നെ കാണുന്നതാകകൊണ്ട് അവനോടു സദൃശന്മാർ ആകും എന്നു നാം അറിയുന്നു. അവനിൽ ഈ പ്രത്യാശയുള്ളവൻ എല്ലാം അവൻ നിർമ്മലനായിരിക്കുന്നതുപോലെ തന്നെത്തന്നെ നിർമ്മലീകരിക്കുന്നു." ഇതാകുന്നു നിങ്ങളുടെ മുൻപിലുള്ള ജോലി.

നിങ്ങളുടെ സ്വയത്തിൽ ഒരു മരണത്തിന്റെ അനുഭവം നിങ്ങൾക്കുണ്ടാകുകയും ദൈവത്തിനായി ജീവിക്കുകയും വേണം. "നിങ്ങൾ ക്രിസ്തുവിനോടുകൂടെ ഉയിർപ്പിക്കപ്പെട്ടു എങ്കിൽ ദൈവത്തിന്റെ വലത്തുഭാഗത്ത് ക്രിസ്തു ഇരിക്കുന്ന ഇടമായ ഉയരത്തിലുള്ളതിനെത്തന്നെ ചിന്തിപ്പിൻ. "സ്വയത്തെ പ്രശംസിക്കരുത്. അഹന്ത, സ്വസ്നേഹം, സ്വാർത്ഥത, ധനമോഹം, അത്യാഗ്രഹം, ലോകസ്നേഹം, വിദ്വേഷം, സംശയം, അസൂയ, പൈശാചിക സന്ദേഹങ്ങൾ ഇവയെല്ലാം എന്നെന്നേക്കുമായി കീഴടക്കി ഉപേക്ഷിക്കണം. യേശു പ്രത്യക്ഷനാകുന്നത് ഈ പൈശാചികതകളെല്ലാം തിരുത്തപ്പെട്ട് അവന്റെ വരവിനായി സാന്മാർഗ്ഗിക യോഗ്യത നല്കുവാനല്ല. അവൻ വരുന്നതിനു മുൻപായി ഈ ഒരുക്കങ്ങളെല്ലാം പൂർത്തിയായിരിക്കണം. രക്ഷ പ്രാപിപ്പാൻ നാം എന്തുചെയ്യണം എന്ന വിഷയത്തെക്കുറിച്ചുള്ള ചിന്തയും പഠനവും അന്വേഷണവുമായിരിക്കണം ഇത്. ദൈവത്താൽ അംഗീകരിക്കപ്പെട്ടവർ എന്ന് നമ്മെത്തനെ കാണിക്കുവാൻ നമ്മുടെ പെരുമാറ്റം എപ്രകാരമായിരിക്കണം. പിറുപിറുപ്പിനും വിമർശനത്തിനും ദ്രോഹം ചെയ്യുന്നതിൽ ഭാഗഭാക്കാവുന്നതിനും ചുറ്റുമുള്ളവരെ മുറിപ്പെടുത്തുന്നതിനും ഇപ്രകാരമുള്ള പ്രവർത്തനത്തിലൂടെ സ്വയം മുറിപ്പെടുത്തുന്നതിനും പരീക്ഷിക്കപ്പെടുമ്പോൾ ആത്മാവിന്റെ അടിത്തട്ടിൽനിന്ന് ആത്മാർത്ഥതയും ആകാംക്ഷയും നിറഞ്ഞ ഈ അന്വേഷണം ഉയർന്നുവരാൻ അനുവദിക്കണം. ദൈവസിംഹാസനത്തിന് മുൻപിൽ കുറ്റമില്ലാത്തവനായി നിൽക്കുവാൻ എനിക്കു കഴിയുമോ? കുറ്റമില്ലാത്തവർ മാത്രമേ അവിടെ ഉണ്ടായിരിക്കുകയുള്ളൂ. തങ്ങളുടെ ഹൃദയത്തിൽ ഭൗതീക മ്ലേച്ഛതകൾ നിറച്ചിരിക്കുന്നവർക്ക് ആർക്കും സ്വർഗ്ഗത്തിലേക്ക് രൂപാന്തരം പ്രാപിക്കുവാൻ കഴിയുകയില്ല. ആദ്യമേ സാന്മാർഗ്ഗിക സ്വഭാവത്തിലെ എല്ലാ വീഴ്ചകളും തിരുത്തി അപ്രിയതയുടെയും വിദ്വേഷത്തിന്റേതുമായ ദുഷിച്ച സ്വഭാവങ്ങളെ നിർമ്മാർജ്ജനം ചെയ്ത് ശുദ്ധീകരിക്കുന്ന യേശുവിന്റെ രക്തത്താൽ എല്ലാ കറകളും കഴുകിക്കളയണം.

# സാത്താന്റെ പ്രതിനിധികളെ സൂക്ഷിക്കുക

***എന്നാൽ ഭാവികാലത്തു ചിലർ വ്യാജാത്മാക്കളെയും ഭൂതങ്ങളുടെ ഉപദേശങ്ങളെയും ആശ്രയിച്ച് ഭോഷ്ക് പറയുന്നവരുടെ കപടത്താൽ വിശ്വാസം ത്യജിക്കും എന്ന് ആത്മാവ് തെളിവായി പറയുന്നു. 1 തിമൊ. 4:1.***

1844 കാലയളവ് കഴിഞ്ഞ്, എല്ലാവിധമായ മതതീവ്രതയും ഞങ്ങൾക്കു അഭിമുഖീകരിക്കേണ്ടിവന്നു.... കഴിഞ്ഞകാല അനുഭവം ആവർത്തിക്കപ്പെടും. ഭാവിയിൽ പൈശാചികമായ അന്ധവിശ്വാസങ്ങൾ പുതിയ രൂപങ്ങൾ സ്വീകരിക്കും. സന്തോഷത്തിന്റെയും പ്രീണനത്തിന്റെയും മാർഗ്ഗത്തിൽ തെറ്റുകൾ അവതരിപ്പിക്കപ്പെടും. തെറ്റായ സിദ്ധാന്തങ്ങൾ വെളിച്ചത്തിന്റെ ഉടയാടകളാൽ അലങ്കരിച്ച് ദൈവമക്കളുടെ മുൻപിൽ അവതരിപ്പിക്കും. ഇങ്ങനെ വൃതന്മാരെയും തെറ്റിക്കുന്നതിന് സാത്താൻ ശ്രമിക്കും. മനസ്സിനെ മോഹന നിദ്രയിലാക്കി വളരെ വഴിതെറ്റിക്കുന്ന സ്വാധീനം ചെലുത്തും.

മനസ്സിനെ അടിമയാക്കേണ്ടതിന് ജലപ്രളയത്തിനു മുൻപുണ്ടായിരുന്ന തരത്തിലുള്ള എല്ലാ ദോഷങ്ങളും കൊണ്ടുവരും. ഒരു അന്ത്യപരിസമാപ്തിയിലേക്ക് നയിക്കുവാനായി സാത്താൻ, പ്രകൃതിയെ ദൈവസമമാക്കിയുള്ള ഉയർത്തൽ, മാനുഷിക ഇച്ഛാശക്തിക്ക് നിയന്ത്രണമില്ലാത്ത അനുവാദം, സാത്താന്യ ഉപദേശങ്ങൾ ഇവയെല്ലാം ഓരോ ഉപാധികളായി അവൻ കൊണ്ടുവരും. അവന്റെ ദുരുപദേശങ്ങൾ മനുഷ്യമനസ്സുകളിൽ പ്രാവർത്തികമാക്കുവാൻ മനഃശക്തിയെ ചിന്തയ്ക്കതീതമായി അവൻ അവരോധിക്കും. യഥാർത്ഥത്തിൽ ദൈവവുമായി യാതൊരു ബന്ധവുമില്ലാതെ സാത്താന്റെ വഞ്ചനാത്മകമായ സ്വാധീനത്തിൽ മനുഷ്യർ ദൈവീകത്വ ഭാവം കൈവരിക്കുമെന്നുള്ളതാണ് ഏറ്റവും വേദനാജനകമായ സംഗതി. ആദാമും ഹവ്വയും നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷഫലം തിന്നതുപോലെ അനേകരും വഞ്ചനാത്മകപരമായ പാപത്തിന്റെ വൃക്ഷങ്ങളിന്മേൽ തീറ്റിപ്പോറ്റപ്പെട്ടുകൊണ്ടിരിക്കുകയാണ്. ആദിമാതാപിതാക്കളായ "ആദം ഹവ്വ" ദമ്പതിമാർക്ക് സാത്താൻ തന്നെത്തന്നെ വെളിപ്പെടുത്താതെ പാമ്പിലൂടെ സംസാരിച്ചതുപോലെ സാത്താന്റെ ആളുകൾ തെറ്റായ സിദ്ധാന്തങ്ങൾ വളരെ ആകർഷകമായ ഉടയാടകളിൽ പൊതിഞ്ഞ് അവതരിപ്പിക്കുകയാണ്. ഈ പ്രതിനിധികൾ മനുഷ്യമനസ്സുകളിലേക്ക് അബദ്ധജഡിലമായ ആശയങ്ങളെ സാവധാനത്തിലും ശക്തിയിലും കയറ്റിവിടുകയാണ്. ദൈവത്തിന്റെ നിർമ്മല വചനത്തോട് മറുതലിച്ച് കെട്ടുകഥകളിൽ സന്തോഷിക്കുന്നവരുടെമേൽ സാത്താന്റെ മനംമയക്കുന്ന സ്വാധീനം അധിവസിക്കുന്നുണ്ട്.

ആർക്കാണോ അധിക വെളിച്ചം ലഭ്യമായിരിക്കുന്നത് അവരെ ചതിക്കുഴിയിൽ വീഴ്ത്തുവാനാണ് നിരന്തര പരിശ്രമത്തിലൂടെ സാത്താൻ ശ്രമിക്കുന്നത്. അവന് അങ്ങനെയുള്ളവരെ ചതിക്കുവാൻ കഴിഞ്ഞാൽ സാത്താന്റെ സ്വാധീനത്തിൽ അവൻ പാപത്തെ വിശുദ്ധിയുടെ രൂപത്തിൽ അവതരിപ്പിച്ച് അനേകരെ നാശത്തിലേക്ക് തള്ളിവിടുമെന്ന് സാത്താനറിയാം. ഞാൻ എല്ലാവരോടുമായി പറയുകയാണ്, നിങ്ങളെത്തന്നെ സൂക്ഷിക്കുക, എന്തെന്നാൽ സാത്താൻ വെളിച്ചദൂതന്റെ വേഷത്തിൽ എല്ലാ ക്രിസ്തീയ വേലക്കാരുടെ കൂട്ടായ്മകളിലും പള്ളികളിലും സഞ്ചരിച്ച് അംഗങ്ങളെ അവന്റെ പക്ഷത്താക്കുവാൻ ശ്രമിക്കുകയാണ്. ദൈവജനത്തിന് ഈ മുന്നറിയിപ്പു നൽകുവാൻ എന്നോട് ആജ്ഞാപിച്ചിരിക്കുന്നു. വഞ്ചിക്കപ്പെടാതിരിപ്പിൻ, ദൈവത്തെ പരിഹസിച്ചുകൂടാ (ഗലാ. 6:7).





# പരീക്ഷകൾ കപടവേഷത്തിലൂടെ

***ഞാൻ പോയശേഷം ആട്ടിൻകൂട്ടത്തെ ആദരിക്കാത്ത കൊടിയ ചെന്നായ്ക്കൾ നിങ്ങളുടെ ഇടയിൽ കടക്കും എന്നു ഞാനറിയുന്നു. ശിഷ്യന്മാരെ തങ്ങളുടെ പിന്നാലെ വലിച്ചുകളയുവാനായി വിപരീതോപദേശം പ്രസ്താവിക്കുന്ന പുരുഷന്മാർ നിങ്ങളുടെ ഇടയിൽനിന്ന് എഴുന്നേൽക്കും അപ്പൊ. പ്രവൃ. 20:29,30.***

ദൈവികത്വം ഭരമേല്പിക്കപ്പെടുവാൻ യോഗ്യതയുള്ളവനായി ഒരുത്തനെ ഇവിടെയും ഒരുത്തനെ അവിടെയുമായി ദൈവം ഏകാകിയായി തിരഞ്ഞെടുത്ത് ദൈവജനത്തിന് നല്കിയിട്ടില്ല. കൂട്ടായ്മയുടെ വ്യവസ്ഥാപിത വിശ്വാസത്തിന് എതിരായി പുതിയ വെളിച്ചം ദൈവം ഒരുവനു നല്കുകയില്ല. എല്ലാ നവീകരണത്തിലും മനുഷ്യർ ഈ അവകാശവാദം ഉന്നയിച്ചിട്ടുണ്ട്.

സത്യത്തിന് എതിരായി തോന്നിക്കാത്തതും നവ്യവും യാഥാർത്ഥ്യവുമായ ചില ആശയങ്ങളെയുമാണ് ഒരുവൻ സ്വീകരിക്കുന്നത്. ആകർഷണീയവും പ്രധാനവുമായ രീതിയിലാണ് അത് അവതരിപ്പിക്കപ്പെട്ടിരിക്കുന്നത് എന്ന് അവന് ബോദ്ധ്യം വരുന്നതുവരെ അവൻ അതിലേക്ക് ഇറങ്ങിച്ചെല്ലും. ഈ കപട പ്രത്യക്ഷത നല്കുവാൻ സാത്താന് ശക്തിയുണ്ട്. എല്ലാറ്റിനും ഒടുവിൽ എല്ലാം ഉൾക്കൊള്ളുന്ന പ്രധാന പ്രതിപാദ്യമായി ഇത് മാറുകയും മറ്റെല്ലാത്തിനാലും ചുറ്റപ്പെട്ട പ്രധാന കേന്ദ്രബിന്ദുവായി ഇത് തീരുകയും മനസ്സിൽ നിന്ന് സത്യം തൂത്തെറിയപ്പെടുകയും ചെയ്യും. ഇവയ്ക്ക് സത്യത്തിൽ നിന്നും മനസ്സിനെ വ്യതിചലിപ്പിപ്പാനുള്ള പ്രവണതയുള്ളതുകൊണ്ട് ഈ പാർശ്വപ്രശ്നങ്ങളെ സൂക്ഷിക്കുവാൻ ഞാൻ നിങ്ങളോട് ആവശ്യപ്പെടുകയാണ്. തെറ്റ് ഒരിക്കലും നിരുപദ്രവകാരിയല്ല. ഇത് ഒരിക്കലും വിശുദ്ധീകരിക്കുകയില്ല. പക്ഷേ എല്ലായ്പ്പോഴും സംശയങ്ങളും അഭിപ്രായ ഭിന്നതകളും കൊണ്ടുവരും.

സത്യവെളിച്ചം ലഭിച്ചവർക്കായി ആയിരക്കണക്കിന് പ്രലോഭനങ്ങൾ രൂപഭേദത്തിൽ തയ്യാറാക്കിയിട്ടുണ്ട്. ആയതിനാൽ പരിചയസമ്പന്നരായ സഹോദരന്മാരുടെ മുൻപിൽ അവതരിപ്പിക്കാതെ തിരുവചനത്തിന്റെ യാതൊരു പുതിയ വ്യാഖ്യാനമോ, യാതൊരു പുതിയ സിദ്ധാന്തമോ നാം സ്വീകരിക്കരുത് എന്നുള്ളതാണ് നമുക്ക് ഏറ്റവും സുരക്ഷിതമായത്. വളരെ താഴ്മയോടും അഭ്യാസതല്പരതയോടും ആത്മാർത്ഥമായ പ്രാർത്ഥനയോടുംകൂടെ അവരുടെ മുൻപാകെ സമർപ്പിക്കുകയും അവർ അതിൽ യാതൊരു വെളിച്ചവും കാണുന്നില്ല എങ്കിൽ അവരുടെ തീരുമാനത്തെ മാനിക്കുകയും ചെയ്യുക.

സാത്താൻ നിരന്തര പ്രയത്നത്തിലാണ്, പക്ഷേ ആർക്കും അവന്റെ പ്രവർത്തനത്തെക്കുറിച്ചോ കൗശലത്തെക്കുറിച്ചോ ശരിയായ ഗ്രാഹ്യമില്ല. സൂത്രശാലിയായ ശത്രുവിനെ നേരിടുവാൻ ദൈവമക്കൾ ഒരുങ്ങിയിരിക്കണം. ഈ പ്രതിരോധമാണ് സാത്താൻ ഭയക്കുന്നത്. നാം പ്രതിരോധിക്കുകയും എതിരിടുകയും ചെയ്യുകയാണെങ്കിൽ എത്ര എളുപ്പത്തിൽ അവനെ കീഴ്പ്പെടുത്തുവാൻ കഴിയുമെന്നും അവന്റെ ശക്തി എത്രമാത്രമാണെന്നുള്ളതും നമ്മെക്കാൾ കൂടുതൽ അവനറിയാം. ആത്മാവിന്റെ ശക്തിയാൽ ഏറ്റവും അശക്തനായ വിശുദ്ധൻ പോലും സാത്താനും അവന്റെ ദൂതഗണത്തിനും ഒരു വെല്ലുവിളിയാണ്. എന്നാൽ പരിശോധനയിൽ കൊണ്ടുവരപ്പെടുകയാണെങ്കിൽ അവന് അവന്റെ അമാനുഷിക ശക്തി തെളിയിക്കുവാൻ കഴിയും. അതുകൊണ്ട് അവന്റെ ഓരോ ചുവടുവയ്പും നിശ്ശബ്ദവും ഓരോ ചലനവും രഹസ്യമായതും അതിരുകൾ മറയ്ക്കപ്പെട്ടതും ആകുന്നു. അവൻ തന്നെ തുറന്നുകാണിക്കുവാൻ തുനിഞ്ഞിറങ്ങുകയില്ല. അല്ലാത്തപക്ഷം ഉറങ്ങുന്ന ക്രിസ്ത്യാനിയുടെ ശക്തി അവൻ ഉണർത്തിക്കാതെയും പ്രാർത്ഥനയിൽ ദൈവസന്നിധിയിൽ അവനെ അയയ്ക്കാതിരിക്കുകയും ചെയ്യും.

# എന്തുകൊണ്ട് യേശു തന്റെ വരവ് താമസിപ്പിക്കുന്നു

***എന്നാൽ സഹോദരന്മാരേ, ഇതൊന്നു ഞാൻ പറയുന്നു: കാലം ചുരുങ്ങിയിരിക്കുന്നു. 1 കൊരി. 7:24.***

മൂന്നു ദൂതന്മാരുടെ ദൂതിലൂടെ മനുഷ്യരോട് സമയം ഇനി ഏറെയില്ല എന്ന് അറിയിക്കുന്നു. ഇങ്ങനെതന്നെ എല്ലായ്പോഴും എനിക്കും നല്കപ്പെട്ടു. ഈ ദൂതിന്റെ ആദ്യകാലയളവിൽ നാം പ്രതീക്ഷിച്ചതിലും കൂടുതൽ താമസം നേരിട്ടു എന്നുള്ളത് യാഥാർത്ഥ്യമാണ്. നാം ആശിച്ചതുപോലെ രക്ഷകൻ വളരെ വേഗത്തിൽ പ്രത്യക്ഷനായില്ല. എന്നിരുന്നാലും ദൈവവചനം പരാജയപ്പെട്ടുവോ? ഒരിക്കലുമില്ല. ദൈവവാഗ്ദത്തങ്ങളും മുന്നറിയിപ്പുകളും ഒരുപോലെ സോപാധികമാണ് എന്ന് നാം ഓർക്കണം.

ദൈവം തന്റെ ജനത്തിന് ഈ ഭൂമുഖത്ത് ചെയ്തുതീർക്കുവാൻ ഒരു ജോലി ഭരമേല്പിച്ചിട്ടുണ്ട്. യേശു തന്റെ ജനത്തിന് പാപപരിഹാരം വരുത്തേണ്ടതിനു പ്രവേശിച്ചിരിക്കുന്ന സ്വർഗ്ഗീയ കൂടാരത്തിലേക്ക് വിശ്വാസികളുടെ മനസ്സിനെ നയിക്കേണ്ടതിന് മൂന്നാമത്തെ ദൂതന്റെ ദൂത് നല്കപ്പെടേണ്ടതുണ്ട്. ശബ്ബത്തിന്റെ നവീകരണം മുന്നോട്ട് നയിക്കപ്പെടേണ്ടതുണ്ട്. ദൈവകല്പനയിലെ കരാർ ലംഘനം പുനഃസ്ഥാപിക്കപ്പെടണം. ഭൂമുഖത്ത് അതിവസിക്കുന്ന എല്ലവാരും കേൾക്കത്തക്കവിധം മുന്നറിയിപ്പിൻ ദൂത് ഉച്ചത്തിൽ ഘോഷിക്കപ്പെടണം. സത്യാനുസാരികളായ ദൈവമക്കൾ തങ്ങളുടെ ആത്മാക്കളെ ശുദ്ധീകരിക്കുകയും യേശുവിന്റെ പ്രത്യക്ഷതയിൽ അവന്റെ മുൻപിൽ കളങ്കമെന്യേ നിൽക്കേണ്ടതിന് ഒരുങ്ങുകയും വേണം.

1844-ലെ ഭയങ്കരമായ നിരാശയ്ക്കുശേഷം പുനരാഗമന കാംക്ഷികൾ തങ്ങളുടെ വിശ്വാസത്തെ മുറുകെപ്പിടിക്കയും ദൈവാനുഗ്രഹത്തിന്റെ ഉറവയിലേക്ക് ഒരുമയോടെ അനുധാവനം ചെയ്യുകയും മൂന്നാം ദൂതന്റെ ദൂതു സ്വീകരിച്ച് ലോകത്തിന് അത് അത്യുച്ചത്തിൽ പ്രഘോഷിക്കുവാനുള്ള പിശുദ്ധാത്മശക്തി പ്രാപിക്കുകയും ചെയ്തിരുന്നു എങ്കിൽ അവരുടെ പ്രയത്നങ്ങൾ സഫലീകരിപ്പാൻ ദൈവം ഭയങ്കരമായി പ്രവർത്തിക്കുകയും വേല പൂർത്തീകരിക്കപ്പെടുകയും ഇതിന് മുൻപായി തന്റെ ജനത്തെ ചേർക്കുവാനും വാഗ്ദത്തം നിവർത്തിപ്പാനുമായി യേശു വരുകയും ചെയ്യുമായിരുന്നു.

നിരാശയ്ക്കുശേഷമുള്ള കാലയളവുകൾ സംശയത്തിന്റെതും അനിശ്ചിതത്വത്തിന്റേതുമായിരുന്നതിനാൽ അനേക പുനരാഗമനകാംക്ഷികളും തങ്ങളുടെ വിശ്വാസം അടിയറ വച്ചതിനാൽ വേല തടസ്സപ്പെടുകയും ലോകത്തെ അന്ധകാരത്തിലേക്ക് വിടുകയും ചെയ്തു.

അവിശ്വാസം, പിറുപിറുപ്പ്, മത്സരം എന്നിവ പുരാതന ഇസ്രായേലിനെ കനാൻദേശത്തുനിന്നും നാല്പതുവർഷത്തേക്ക് അകറ്റി നിർത്തി. അതേ പാപങ്ങൾ ആധുനിക ഇസ്രായേലിന് സ്വർഗ്ഗീയ കനാനിലേക്കുള്ള പ്രവേശനം താമസിപ്പിച്ചു. ഈ രണ്ട് സംഭവങ്ങളിലും ദൈവിക വാഗ്ദത്തം തെറ്റായിരുന്നില്ല. അവിശ്വാസം, ലൗകികത, സമർപ്പണമില്ലായ്മ, ദൈവജനമെന്ന് വിളിക്കപ്പെട്ടവരുടെ ഇടയിലുള്ള സ്പർദ്ധ എന്നിവയാണ് നമ്മെ പാപത്തിന്റെയും ദുഃഖത്തിന്റെയും ലോകത്തിൽ അടച്ചിരിക്കുന്നത്.





# എത്തുവാൻ ഒരു ലക്ഷ്യം

***സമാധാനത്തിന്റെ ദൈവം തന്നെ നിങ്ങളെ മുഴുവനും ശുദ്ധീകരിക്കുമാറാകട്ടെ; നിങ്ങളുടെ ആത്മാവും പ്രാണനും ദേഹവും അശേഷം നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പ്രത്യക്ഷതയിൽ അനിന്ദ്യമായി വെളിപ്പെടുംവണ്ണം കാക്കപ്പെടുമാറാകട്ടെ. 1 തെസ്സ. 5:23.***

സമാധാനത്തിന്റെ ദൈവംതന്നെ നിങ്ങളെ മുഴുവനും ശുദ്ധീകരിക്കട്ടെ" എന്ന് പൗലൊസ് എഴുതിയപ്പോൾ തന്റെ സഹോദരന്മാർക്ക് അപ്രാപ്യമായ ഒരു നിലവാരത്തിലേക്ക് ഉയരുവാനല്ല അദ്ദേഹം ഉദ്ബോധിപ്പിച്ചത്. ദൈവം കൊടുക്കുവാനാഗ്രഹിക്കാത്ത അനുഗ്രഹങ്ങളെ പ്രാപിക്കുവാനുമല്ല അദ്ദേഹം പ്രാർത്ഥിച്ചത്. സമാധാനത്തോടെ ക്രിസ്തുവിനെ എതിരേല്പാൻ യോഗ്യരായവർക്ക് സംശുദ്ധവും പവിത്രവുമായ സ്വഭാവം ഉണ്ടായിരിക്കുമെന്ന് അദ്ദേഹത്തിനറിയാമായിരുന്നു. ഏഴാംദിന പുനരാഗമനകാംക്ഷികൾ അവരുടെ വിശ്വാസം പ്രാവർത്തികമാക്കുകയും അവർ ആത്മാർത്ഥ ആരോഗ്യപരിഷ്ക്കർത്താക്കളാകുകയും ചെയ്തിരുന്നു എങ്കിൽ നിശ്ചയമായും അവർ ലോകത്തിനും ദൂതന്മാർക്കും മനുഷ്യർക്കും ഒരു മാതൃകയാകുമായിരുന്നു. സത്യത്തെക്കുറിച്ച് അജ്ഞരായ ആളുകളുടെ രക്ഷക്ക് അവർ തങ്ങളെ ഒരു ശ്രേഷ്ടമുദ്രയായി പ്രദർശിപ്പിക്കുമായിരുന്നു.

ക്രിസ്തുവിന്റെ പെട്ടെന്നുള്ള പുനരാഗമനത്തിനായി നോക്കിപ്പാർത്തിരിക്കുന്നു എന്ന് അവകാശപ്പെടുന്നവരിൽ ഒരുന്നത നവീകരണം ദൃശ്യമാകേണ്ടതാണ്. ഇതുവരെയും നടത്തപ്പെടാത്ത ആരോഗ്യപരിഷ്ക്കരണ വേല നമ്മുടെ ആളുകൾക്കിടയിൽ നടത്തപ്പെടണം. മാംസഭോജികളെ മാംസാഹാരം എങ്ങനെ ആത്മീകമായും ശാരീരികമായും ഭൗതികമായും അപകടത്തിലാക്കുമെന്ന് ബോധവൽക്കരിക്കണം. മാംസഭോജനത്തിന്റെ കാര്യത്തിൽ അനേകരും അർത്ഥമാനസ്സാന്തരത്തിന് ഉടമകളായി ദൈവജനത്തോടൊപ്പം നടക്കാതെ അവരുടെ മദ്ധ്യേനിന്ന് മാറിപ്പോകും. വിശപ്പിന്റെ നിയന്ത്രണശക്തിക്ക് അനേകരെയും നശിപ്പിക്കുവാൻ കഴിയും. ഇവിടെ അവർ പരാജയപ്പെടുകയാണെങ്കിൽ സാത്താന്റെ മററ് എല്ലാ പരീക്ഷകളെയും അതിജീവിക്കുവാൻ അവർ ദൈവശക്തി അധികമായി പ്രാപിക്കേണ്ടിയിരിക്കുന്നു. പക്ഷേ ആഗ്രഹങ്ങൾക്ക് അടിമപ്പെട്ടവരാണെങ്കിൽ ക്രിസ്തീയ സ്വഭാവം കൈവരിക്കുന്നതിൽ അവർ പരാജയപ്പെട്ടുപോകും. മനുഷ്യർ കഴിഞ്ഞ ആറായിരം വർഷായി അനുവർത്തിക്കുന്ന ലംഘനങ്ങൾ ഹേതുവായി രോഗവും വേദനയും തൽഫലമായി മരണവും ലോകത്തിലേക്ക് കടന്നുവന്നു. ലോകാവസാനത്തോട് അടുക്കുന്തോറും ആസക്തിക്ക് കീഴ്പെടുത്തുവാനുള്ള സാത്താന്റെ ശോധന ശക്തിയേറിയതും അതിജീവിക്കുക എന്നുള്ളത് പ്രയാസമേറിയതും ആയിരിക്കും.

പൂർണ്ണമായും ഭൂമിയിൽനിന്നും ലഭ്യമാകുന്ന പ്രകൃതിദത്തമായ ഉൽപന്നങ്ങളാൽ മനുഷ്യർ ജീവിക്കേണ്ടതിന് ദൈവം മനുഷ്യരെ പടിപടിയായി പിന്നോട്ടു നയിച്ച് യഥാർത്ഥ സൃഷ്ടിപ്പിങ്കൽ ഉണ്ടായിരുന്ന അവസ്ഥയിൽ ആക്കിത്തീർക്കുവാൻ ശ്രമിക്കുന്നതായി വീണ്ടും വീണ്ടും എന്നെ കാണിച്ചുതന്നു. കർത്താവിന്റെ വരവിനെ കാംക്ഷിച്ചിരിക്കുന്നവരുടെ മദ്ധ്യേനിന്ന് മാംസഭോജനം കാലക്രമത്തിൽ ഒഴിവാക്കണം. അവരുടെ ആഹാരത്തിൽ നിന്ന് മാംസഭോജ്യം വർജ്ജിക്കണം. നാം ഈ ശുഭപര്യവസാനം മനസ്സൽ കാത്ത്, ആ അന്ത്യത്തിലേക്ക് എത്തുവാൻ സ്ഥിരതയോടെ ആത്മാർത്ഥമായി പ്രവർത്തിക്കണം.

# സാത്താന്റെ ജോലി ചെയ്യുവാൻ സമയമില്ല

***ഇങ്ങനെ ഇവ ഒക്കെയും അഴിയുവാനുള്ളതായിരിക്കയാൽ . . . ദൈവദിവസത്തിന്റെ വരവു കാത്തിരുന്നും ബദ്ധപ്പെടുത്തിയും കൊണ്ട് നിങ്ങൾ എത്ര വിശുദ്ധ ജീവനവും ഭക്തിയും ഉള്ളവർ ആയിരിക്കേണം. 2 പത്രൊ. 3:11,12.***

ഓരോരുത്തരുടെയും ആത്മാവ് ഏത് അന്തരീക്ഷത്താൽ ചുറ്റപ്പെട്ടിരിക്കുന്നു എന്ന് എല്ലാവരും അറിഞ്ഞിരിക്കേണ്ടത് അനിവാര്യമാണ്. അവർ വിശുദ്ധിയുടെ ശത്രുവിന്റെ സഹപങ്കാളിയായി അറിയാതെ അവന്റെ വേല ചെയ്യുകയാണോ അതോ ക്രിസ്തുവിന്റെ നുകമേറ്റ് അവന്റെ വേല ചെയ്യുകയാണോ?

സാഹോദര്യ ബന്ധത്തെ നിർവ്വീര്യമാക്കുന്ന പ്രവൃത്തിയിൽ യോജിച്ചു പ്രവർത്തിക്കുന്ന എല്ലാവരിലും സത്യം വിശ്വസിക്കുന്നു എന്ന് പറയപ്പെടുന്നവരുടെ ഇടയിൽ ഭിന്നതയുടെ വിത്ത് പാകുന്ന എല്ലാവരിലും സാത്താൻ സന്തുഷ്ടനാണ്. യേശുവിന്റെ വഴിയിൽ നടക്കാതെയും അവന്റെ രീതിയിൽ വേല ചെയ്യാതെയും ഇരിക്കുന്ന അവന്റെ സ്നേഹിതന്മാരെന്ന് വിളിക്കപ്പെടുന്നവരിൽക്കൂടിയാണ് സാത്താൻ അവന്റെ ഉദ്ദേശം വളരെ വിജയപ്രദമായി നടപ്പാക്കുന്നത്.

ഇത് കർത്താവിനുവേണ്ടി ഒരുങ്ങുവാനുള്ള ദിവസമാണ്. ഇന്ന് അവിശ്വാസത്തെക്കുറിച്ച് സംസാരിക്കുന്നതിനോ സാത്താന്റെ വേല ചെയ്യുന്നതിനോ സമയമില്ല. അസൂയയുടെ വിത്തു പാകിയും അത്യാഗ്രഹത്താലും പൊരുത്തക്കേടിനാലും അനേകരുടെ വിശ്വാസത്തെ തകർക്കുവാൻ ശ്രമിക്കുന്നവർ ജാഗരൂകരായിരിക്കണം. ദൈവം സംസാരം കേൾക്കുകയും ഇല്ല, ഉവ്വ് എന്നുള്ള ദൃഢപ്രസ്താവനകളിന്മേൽ ന്യായം വിധിക്കാതെ ഒരുത്തന്റെ പ്രവർത്തനശൃംഖലയുടെ ഫലത്തെയാണ് അവൻ വിധിക്കുന്നത്.

ദൈവദാസന്മാരുടെ നെറ്റിമേൽ മുദ്രയിടപ്പെടുന്നതുവരെ നാലു കാറ്റുകളെയും തടഞ്ഞിരിക്കുകയാണ്. അതിനുശേഷം ഭൂമിയിലെ സകല ശക്തികളും തങ്ങളുടെ സൈന്യത്തെ അന്ത്യയുദ്ധത്തിനായി അണിനിരത്തും. നമ്മുടെ പരിശോധനാനാളുകളിൽ നമുക്കുള്ള ചുരുങ്ങിയ കാലയളവ് എത്ര ജാഗ്രതയോടുകൂടെ നാം മെച്ചപ്പെടുത്തണം. എത്ര ആത്മാർത്ഥമായി നാം നമ്മെത്തന്നെ പരിശോധിക്കണം.

ആത്മാവിന്റെ അച്ചടക്കവും ഹൃദയശുദ്ധിയും ചിന്തനങ്ങളും ആണ് ആവശ്യം. ഇതാണ് ബുദ്ധിപരമായ കഴിവുകളെക്കാളും നയചാതുര്യതയെക്കാളും വിജ്ഞാനത്തെക്കാളും ആവശ്യമായിരിക്കുന്നത്. കർത്താവ് ഇപ്രകാരം അരുളിച്ചെയ്യുന്നു എന്നത്, അനുസരിക്കുവാൻ പരിശീലിപ്പിക്കപ്പെട്ട സാധാരണ മനസ്സ്, കഴിവുകളുണ്ടായിട്ടും നേരായ മാർഗ്ഗത്തിൽ അവയെ ഉപയോഗിക്കാത്തവരുടേതിനേക്കാൾ ദൈവവേല ചെയ്യുവാൻ യോഗ്യമായവയാണ്. മനുഷ്യർ അവരുടെ ലൗകിക ജ്ഞാനത്തിന്മേൽ അഹങ്കരിച്ചേക്കാം; എന്നാൽ യഥാർത്ഥ ദൈവത്തെയും വഴിയും സത്യവും ജീവനുമായ ക്രിസ്തുവിനെയും സംബന്ധിച്ച പരിജ്ഞാനമില്ലെങ്കിൽ അവർ പരിതാപകരമാംവിധം അജ്ഞരും അവരുടെ പരിജ്ഞാനം അവരോടൊപ്പം നശിച്ചുപോകുകയും ചെയ്യും. ഭൗതികജ്ഞാനം ശക്തിയാണ്; പക്ഷേ, മനുഷ്യമനസ്സുകളിൽ രൂപാന്തരം വരുത്തുവാൻ കഴിവുള്ള ദൈവവചന പരിജ്ഞാനമുള്ള മനസ്സ് അനശ്വരമാണ്.





# സാത്താന്റെ അന്ത്യയജ്ഞം

***കുഞ്ഞുങ്ങളേ, ഇതു അന്ത്യനാഴിക ആകുന്നു; എതിർക്രിസ്തു വരുന്നു എന്നു നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. ഇപ്പോൾ അനേകം എതിർക്രിസ്തുക്കൾ എഴുന്നേറ്റിരിക്കയാൽ അന്ത്യനാഴികയാകുന്നു എന്നു നമുക്കറിയാം. 1 യോഹ. 2:18.***

സഭക്കെതിരെ അവസാനയുദ്ധത്തിനായി ശത്രു സന്നാഹമൊരുക്കുകയാണ്. അവൻ നിലനിൽക്കുന്നു എന്ന് അനേകർക്കും വിശ്വസിക്കാൻ കഴിയാത്ത രീതിയിൽ അവൻ തന്നെ മറച്ചുവയ്ക്കുകയും അവന്റെ അത്ഭുതാവഹമായ പ്രവർത്തനവും ശക്തിയും അവർക്ക് വളരെ കുറച്ചുമാത്രമേ ബോദ്ധ്യപ്പെടുത്തുകയുമുള്ളു.

മനുഷ്യർ സാത്താന്റെ ബന്ധിയും സ്വാഭാവികമായി അവന്റെ ആജ്ഞ അനുവർത്തിക്കുവാൻ സന്നദ്ധരും ആണ്. പിശാചിനെ എതിരിടുവാനും അവനെതിരെ തക്ക പ്രതിരോധം നടത്തുവാനുമുള്ള ശക്തി മനുഷ്യന് സ്വയമായി ഇല്ല. ജീവിപ്പിക്കുന്ന വിശ്വാസത്താൽ യേശു അവന്റെ ഉള്ളിൽ വസിക്കുമ്പോൾ മാത്രം മനുഷ്യന് ശത്രുവിനെ ശക്തമായി നേരിടുവാൻ സാധിക്കും. മറ്റെല്ലാ ചെറുത്തുനിൽപ്പിന്റെ വഴികളും പരാജയമായിരിക്കും. ക്രിസ്തുവിൽക്കൂടി മാത്രമാണ് സാത്താന്റെ ശക്തിയെ പരിമിതമാക്കുവാൻ കഴിയുകയുള്ളു. ഇത് എല്ലാവരും അറിഞ്ഞിരിക്കേണ്ട അതിപ്രധാനമായ സത്യമാണ്. ആരെ വിഴുങ്ങേണ്ടു എന്ന് ചിന്തിച്ച് ഭൂമിയിൽ നെടുകെയും കുറുകെയും നടക്കുന്നതിൽ സാത്താൻ തിരക്കിലാണ്. വിശ്വാസത്തോടുകൂടിയ ശക്തമായ പ്രാർത്ഥന അവന്റെ ഈ കഠിന പ്രയത്നത്തെ വിഫലമാക്കും.

ഭൂമിയിൽ വരുവാൻ പോകുന്ന നാനാമുഖ നാശങ്ങളിലും ദൈവത്തിന്റെ ശേഷിപ്പിനെ ഉൾപ്പെടുത്തണമെന്ന് സാത്താൻ പ്രത്യാശിക്കുന്നുണ്ട്. ക്രിസ്തുവിന്റെ വരവ് ആസന്നമാകുന്തോറും ശേഷിപ്പിനെ നശിപ്പിക്കുവാനുള്ള അവന്റെ പദ്ധതി കൂടുതൽ ഉറപ്പുള്ളതും നിർണ്ണായകവുമായിരിക്കും. സ്ത്രീകളും പുരുഷന്മാരും എഴുന്നേറ്റ് തങ്ങൾക്ക് പുതിയ വെളിച്ചം ലഭിച്ചു, പുതിയ വെളിപ്പാട് ലഭിച്ചു എന്നൊക്കെ അവകാശപ്പെടും. പഴയകാല വിശ്വാസത്തിന്റെ സീമകളെ അതിലംഘിക്കുക എന്നതായിരിക്കും ഇവരുടെ ഉദ്ദേശ്യം. ഇവരുടെ വിശ്വാസ പ്രമാണങ്ങൾ ദൈവവചനാനുസൃതമായിരിക്കുകയില്ല. എന്നിരുന്നാലും അനേക ആത്മാക്കൾ വഞ്ചിക്കപ്പെടും. തെറ്റായ വിവരങ്ങൾ പ്രചരിപ്പിക്കപ്പെടുകയും ചിലർ ഈ കെണിയിൽ വീഴുകയും ചെയ്യും. എല്ലാ രീതിയിലുമുള്ള തെറ്റുകൾക്കുമെതിരെ പൂർണ്ണ ജാഗ്രത പാലിപ്പാൻ നമുക്ക് കഴിയുകയില്ല. എന്തുകൊണ്ടെന്നാൽ പിശാച് മനുഷ്യരെ സത്യത്തിൽ നിന്ന് വ്യതിചലിപ്പിപ്പാൻ നിരന്തരം ശ്രമിക്കുകയാണ്.

ചില മനുഷ്യർക്ക് നിശ്ചയദാർഢ്യമില്ല. അവർ കളിമൺ പാത്രംപോലെയാണ്. ഏതു രൂപത്തിലും അതിനെ മെനഞ്ഞെടുക്കാം. ഈ ബലഹീനത, ഉറപ്പില്ലായ്മ, കഴിവുകേട് ഇവയെ നാം കീഴടക്കിയിരിക്കണം. യഥാർത്ഥ ക്രിസ്തീയ സ്വഭാവത്തിന് വഴക്കമില്ലായ്മയുള്ളതുകൊണ്ട് പ്രതികൂല സാഹചര്യങ്ങളിൽ അതിനെ മാറ്റിയെടുക്കുവാനോ കീഴടക്കുവാനോ കഴികയില്ല. മനുഷ്യർക്ക് മുഖസ്തുതിക്കോ, കോഴക്കോ, ഭയത്തിനോ, കീഴടക്കാൻ കഴിയാത്ത ആത്മീക ധൈര്യവും സത്യസന്ധതയും ആവശ്യമാണ്.

സാത്താന് പ്രവേശിക്കാൻ കഴിയാത്ത അതിർ ദൈവം ഒരുക്കിയിട്ടുണ്ട്. നമ്മുടെ പരിശുദ്ധ വിശ്വാസമാണ് ഈ മതിൽ. നാം ഇത് വിശ്വാസത്താൽ സ്വയം പണിയുകയാണെങ്കിൽ ശക്തനായവന്റെ സംരക്ഷണയിൽ നാം സുരക്ഷിതരായിരിക്കും.

# സ്വർഗ്ഗവാതിലിൽക്കൂടെ

***വിശ്വാസത്താൽ ഹാനോക്ക് മരണം കാണാതെ എടുക്കപ്പെട്ടു. . . . അവൻ ദൈവത്തെ പ്രസാദിപ്പിച്ചു എന്ന് അവൻ എടുക്കപ്പെട്ടതിനു മുമ്പേ സാക്ഷ്യം പ്രാപിച്ചു. എബ്രാ. 11:5.***

അതിക്രമം പെരുകുന്നതുകൊണ്ട് അനേകരുടെ സ്നേഹം തണുത്തുപോകുന്നു. നാം ഒരു ദുഷ്ടലോകത്താണ് ജീവിക്കുന്നത്. ഹാനോക്ക് മുന്നൂറ് വർഷം ദൈവത്തോടുകൂടെ നടന്നു. കാലം അതിക്രമിച്ചിരിക്കുന്നതിനാൽ വിശുദ്ധിയെ തിരയേണ്ടതിന് അത് ഒരു പ്രേരണാശക്തിയായിരിക്കുകയാണ്. ശരിയായ പ്രവർത്തനത്തിനു നമ്മെ പ്രേരിപ്പിക്കുവാൻ ദൈവത്തിന്റെ കോപദിവസത്തിലെ ഭയങ്കരത്വം നമ്മുടെ മുൻപിൽ കൊണ്ടുവരപ്പെടേണ്ടതുണ്ടോ? ഹാനോക്കിന്റെ കാര്യം നമ്മുടെ മുൻപിലുണ്ട്. നൂറുകണക്കിന് വർഷം അവൻ ദൈവത്തോടുകൂടെ നടന്നു. അവനു ചുറ്റും ആത്മീകാന്ധകാരം ബാധിച്ചപ്പോഴും അവൻ തന്റെ മനസ്സിനെ ആരാധനാനിർഭരമാക്കി വിശുദ്ധിയിൽ നിലനിർത്തുവാൻ പരിശീലിപ്പിച്ചു. അവന്റെ സംസാരം സ്വർഗ്ഗീയമായവയായിരുന്നതിനാൽ അവന്റെ മനസ്സിനെ ഈ വഴിക്ക് നയിക്കുവാൻ അഭ്യസിപ്പിക്കുകയും അവൻ ദൈവപ്രീതി സമ്പാദിക്കുകയും ചെയ്തു.

നമുക്കുള്ളതുപോലെ ഹാനോക്കിനും പ്രേരണകളുണ്ടായിരുന്നു. നമുക്കു ചുറ്റുമുള്ള അശുദ്ധി സമൂഹത്തെക്കാൾ അല്പംപോലും കുറഞ്ഞ അശുദ്ധി നിറഞ്ഞ സമൂഹമായിരുന്നില്ല ഹാനോക്കിനുചുറ്റും. നമ്മുടേതുപോലെ പാപത്താൽ ദുഷിച്ച് മീലമസമായ അന്തരീക്ഷമായിരുന്നു അവൻ ശ്വസിച്ചത്. എന്നിരുന്നാലും അവൻ ഒരു വിശുദ്ധ ജീവിതം നയിച്ചു. അവൻ ജീവിച്ച കാലയളവിൽ നിലനിന്ന പാപത്താൽ അവൻ തന്നെ കളങ്കപ്പെടുത്തിയില്ല. അതുകൊണ്ട് നമുക്ക് മലിനപ്പെടാതെ വിശുദ്ധിയിൽ തുടരാം. അന്ത്യനാളുകളിലെ ദുർഘടങ്ങളുടെയും ദുഷ്ടതകളുടെയും മദ്ധ്യേ ജീവിക്കുന്ന വിശുദ്ധന്മാരുടെ ഒരു പ്രതിനിധിയായിരുന്നു അദ്ദേഹം. അവന്റെ ദൈവത്തോടുള്ള വിശ്വസ്ത അനുസരണം മുഖാന്തരം അവൻ എടുക്കപ്പെട്ടു. അങ്ങനെതന്നെ ഇന്ന് വിശ്വസ്തരായി ജീവിക്കുന്നവരും രൂപാന്തരം പ്രാപിക്കും.

ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ; അവർ ദൈവത്തെ കാണും. മുന്നൂറ് വർഷം ഹാനോക്ക് ഹൃദയത്തിന്റെ വിശുദ്ധിയെ അന്വേഷിച്ചത് അവൻ സ്വർഗ്ഗത്തോട് താദാത്മ്യം പ്രാപിക്കേണ്ടതിനുവേണ്ടിയായിരുന്നു. ദിനംപ്രതി അവൻ ഈടാർന്ന ബന്ധത്തിനായി കാംക്ഷിക്കുകയും ദൈവം അവനെ തന്നിലേക്ക് തന്നെ അടുപ്പിക്കുന്നതുവരെ സഹവാസം ഏറ്റവും അടുത്തതും ആയിരുന്നു. നിത്യരാജ്യത്തിന്റെ കവാടത്തിങ്കൽ അനുഗ്രഹിക്കപ്പെട്ടവരുടെ നാടിനും അവനും ഇടയിൽ ഒരടി മാത്രം വ്യത്യാസത്തിൽ അവൻ നിലകൊണ്ടു. അപ്പോൾ വലിയ കമാനങ്ങൾ തുറക്കപ്പെടുകയും ഭൂമിയിൽ അവൻ ആസ്വദിച്ച ദൈവത്തോടുകൂടിയുള്ള നടപ്പ് തുടരുകയും സ്വർഗ്ഗീയ നാട്ടിൽ പ്രവേശിക്കാനുള്ള മനുഷ്യരിൽ ഒന്നാമനായി സ്വർഗ്ഗീയ നഗരത്തിന്റെ ഗോപുരങ്ങളിൽകൂടി അവൻ പ്രവേശിക്കുകയും ചെയ്തു.

അങ്ങനെയുള്ള സഹവാസത്തിനായി ദൈവം നമ്മെ വിളിക്കുന്നു. കർത്താവിന്റെ രണ്ടാമത്തെ വരവിങ്കൽ ഹാനോക്കിന്റേതുപോലുള്ള ഹൃദയശുദ്ധിയുള്ളവർ ആരോ അവരെ മനുഷ്യരുടെ ഇടയിൽനിന്ന് അവൻ വീണ്ടെടുക്കും.





# ദർശനം സുനിശ്ചിതമാണ്

***ദർശനത്തിന് ഒരു അവധി വെച്ചിരിക്കുന്നു; അതു സമാപ്തിയിലേക്ക് ബദ്ധപ്പെടുന്നു, സമയം തെറ്റുകയുമില്ല; അതു വൈകിയാലും അതിനായി കാത്തിരിക്ക; അതു വരും നിശ്ചയം; താമസിക്കയുമില്ല ഹബ. 2:3.***

ഈ കാലയളവിലെ ദൈവജനത്തെ നിലനിർത്തുന്ന അതേ വിശ്വാസമാണ് ആ കാലയളവിലെ കഠിനശോധനയിലും വിശുദ്ധരെയും നീതിമാന്മാരെയും ഹബക്കൂക്കിനെയും നിലനിർത്തിയത്. അന്ധകാരപൂരിതമായ നിമിഷത്തിൽ സാഹചര്യങ്ങൾ പ്രതികൂലമാകുമ്പോൾ ക്രിസ്തീയ വിശ്വാസി തന്റെ ആത്മാവിനെ വെളിച്ചത്തിന്റെയും ശക്തിയുടെയും ഉറവിടമായവനിൽ ഏല്പിക്കും. ദൈവത്തിലുള്ള വിശ്വാസത്തിൽക്കൂടെ ദിനംതോറും അവന്റെ പ്രത്യാശയും ധൈര്യവും പുതുക്കപ്പെടും. ദൈവവേലയിൽ നിരാശയോ, ചഞ്ചലതയോ, ഭയമോ ആവശ്യമില്ല. ദൈവത്തിൽ ആശ്രയിക്കുന്നവരുടെ എല്ലാ ഉന്നത പ്രതീക്ഷകളും നിനയ്ക്കുന്നതിലും പരമായി ദൈവം പൂർത്തീകരിക്കും. അവരുടെ വിവിധങ്ങളാകുന്ന ആവശ്യങ്ങളും ജ്ഞാനവും അവൻ അവർക്ക് നല്കും.

പരീക്ഷിക്കപ്പെടുന്ന ആത്മാക്കൾക്ക് വേണ്ടുന്നതെല്ലാം ദൈവം ഒരുക്കിയിട്ടുണ്ട്. അപ്പൊസ്തലനായ പൗലൊസ് അതിന് ഉത്തമ സാക്ഷ്യം വഹിക്കുന്നുണ്ട്. “എന്റെ കൃപ നിനക്കു മതി, എന്റെ ശക്തി ബലഹീനതയിൽ തികഞ്ഞുവരുന്നു” എന്ന ദൈവിക ഉറപ്പ് അവന് നൽകപ്പെട്ടു. നന്ദിയും ആത്മവിശ്വാസവും പരീക്ഷിച്ചറിഞ്ഞ ദൈവത്തിന്റെ ദാസൻ ഇപ്രകാരം പ്രതിവചിച്ചു: “ആകയാൽ ക്രിസ്തുവിന്റെ ശക്തി എന്റെ മേൽ ആവസിക്കേണ്ടതിനു ഞാൻ അതിസന്തോഷത്തോടെ എന്റെ ബലഹീനതകളിൽ പ്രശംസിക്കും. അതുകൊണ്ട് ഞാൻ ക്രിസ്തുവിനുവേണ്ടി ബലഹീനത, കയ്യേറ്റം, ബുദ്ധിമുട്ട്, ഉപദ്രവം ഞെരുക്കം എന്നിവ സഹിക്കാൻ ഇഷ്ടപ്പെടുന്നു. ബലഹീനനായിരിക്കുമ്പോൾതന്നെ ഞാൻ ശക്തനാകുന്നു” 2 കൊരി. 12:9,10.

അപ്പൊസ്തലന്മാരും പ്രവാചകന്മാരും സാക്ഷീകരിച്ച വിശ്വാസത്തിൽ നാം തഴച്ചുവളരാൻ അനുവദിക്കണം. ദൈവത്തിന്റെ വാഗ്ദത്തങ്ങളിൽ അധിഷ്ഠിതമായ വിശ്വാസത്തെ മുറുകെപ്പിടിച്ചുകൊണ്ട് അവന്റെ നിശ്ചയിക്കപ്പെട്ട സമയത്തും മാർഗ്ഗത്തിലും വിടുതലിനായി കാത്തിരിക്കണം. രാജാധിരാജാവും കർത്താധികർത്താവുമായ നമ്മുടെ കർത്താവും രക്ഷകനുമായ യേശുക്രിസ്തുവിന്റെ മഹത്വപ്രത്യക്ഷതയിൽ പ്രവചനത്തിന്റെ ഉറപ്പുള്ള വചനങ്ങൾ അന്തിമമായും പൂർണ്ണമായും നിറവേറ്റപ്പെടും. കാത്തിരിപ്പിന്റെ നാളുകൾ നീണ്ടുവോ? നിരാശപ്പെടുത്തുന്ന സാഹചര്യങ്ങളാൽ ആത്മാവ് അടിച്ചമർത്തപ്പെട്ടാലും അനേകരുടെ വിശ്വാസം തണുത്തുപോയാലും, വിവരണാതീതമായ വിശ്വാസത്യാഗം യഹൂദയിൽ സംഭവിച്ചപ്പോൾ അവരെ ധൈര്യപ്പെടുത്താൻ പരിശ്രമിച്ച പ്രവാചകനോടുകൂടി നമുക്കും ധൈര്യത്തോടുകൂടെ ഇപ്രകാരം ഘോഷിക്കാം: “യഹോവ തന്റെ വിശുദ്ധ മന്ദിരത്തിലുണ്ട്; സർവ്വ ഭൂമിയും അവന്റെ സന്നിധിയിൽ മൗനമായിരിക്കട്ടെ.”

ദർശനത്തിന് ഒരു അവധി വെച്ചിരിക്കുന്നു, അത് സമാപ്തിയിലേക്ക് ബദ്ധപ്പെടുന്ന സമയം തെറ്റുകയുമില്ല, അതു വൈകിയാലും അതിനായി കാത്തിരിക്ക, അതു വരും നിശ്ചയം, താമസിക്കുകയുമില്ല.... നീതിമാൻ വിശ്വാസത്താൽ ജീവിക്കും എന്ന പ്രോത്സാഹനം നൽകുന്ന ദൂത് നമുക്കെല്ലാവർക്കും എന്നും ഓർമ്മയ്ക്കായി വയ്ക്കാം.

# ഒരു രക്ഷാസങ്കേതം

***യഹോവ ഭൂവാസികളെ അവരുടെ അകൃത്യം നിമിത്തം സന്ദർശിപ്പാൻ തന്റെ സ്ഥല ത്തുനിന്നു ഇതാ വരുന്നു. ഭൂമി താൻ കുടിച്ച രക്തം ഒക്കെയും വെളിപ്പെടുത്തും; തന്നിലുള്ള ഹതന്മാരെ ഇനി മൂടിവെക്കയുമില്ല. യെശ. 26:21.***

കഠിന ദുഷ്ടത സ്ഥിരമായി പെരുകുന്നതിനാൽ ഉറപ്പായും ഒരു സാർവ്വത്രിക അപരാധം പട്ടണനിവാസികളെ പെട്ടെന്ന് ഗ്രസിക്കുവാൻ പോകയാണ്. നില വിലുള്ള കാപട്യങ്ങൾ മാനുഷിക തൂലികകളുടെ വർണ്ണനാശക്തിക്ക് അതീത മാണ്. എല്ലാ ദിവസവും കലഹത്തിന്റെയും കോഴ വാങ്ങലിന്റെയും തട്ടിപ്പി ന്റെയും പുതിയ വെളിപ്പെടുത്തലുകളാണ് പുറത്തുവരുന്നത്. മനുഷ്യജീവന്റെ പൈശാചിക നാശം, നിഷ്ഠൂരത, വ്യത്യസ്തമായ യാതനകൾ, അതിക്രമം, നിയ മരാഹിത്യം എന്നിവയുടെയും മനംമടുക്കുന്ന കണക്കുകൾ എല്ലാ ദിവസവും അറിയുവാനിടവരും.

നമ്മുടെ ദൈവം ദയയുടെ ദൈവമാകുന്നു. ദീർക്ഷമയോടും ആർദ്രസ്നേ ഹത്തോടും കൂടിയാണ് അവൻ കല്പനാലംഘികളോട് ഇടപെടുന്നത്. മനു ഷ്യരോടും പട്ടണങ്ങളോടും ദൈവം ദീർഘക്ഷമ കാണിച്ചുകൊണ്ട് ദൈവകോ പത്തിൽനിന്ന് അവരെ രക്ഷിക്കുവാൻ ആർദ്രതയോടുകൂടി മുന്നറിയിപ്പു നൽകു കയാണ്. പക്ഷേ കരുണക്കുവേണ്ടിയുള്ള അപേക്ഷ കേൾക്കുവനില്ലാത്ത ഒരു സമയം വരും.

നമ്മുടെ സമൂഹത്തിലെയും ദേശത്തിലെയും പട്ടണങ്ങളിലെയും നിലവി ലുള്ള അവസ്ഥ കാണുമ്പോൾ യഹോവയുടെ ന്യായവിധിയുടെ നാഴിക വന്നെ ത്തിയിരിക്കുന്നതിനാൽ, ഭൂമിയിലുള്ള സകലത്തിന്റെയും അവസാനം വന്നെ ത്തിയിരിക്കുന്നു എന്ന് ഇടിമുഴക്കത്തിന്റെ ശബ്ദത്തിൽ ഉറക്കെ വിളിച്ചുപറയ ണം. യുഗാന്ത്യ പ്രതിസന്ധി ഘട്ടത്തിന്റെ പടിവാതില്ക്കലാണ് നാം നില്ക്കു ന്നത്. ദൈവത്തിന്റെ അന്ത്യന്യായവിധിയെത്തുടർന്ന് അഗ്നി, പ്രളയം, ഭൂകമ്പം, യുദ്ധം രക്തച്ചൊരിച്ചിൽ ഇങ്ങനെ ഒന്നൊന്നായി ദ്രുതഗതിയിൽ സംഭവിക്കും.

ദൈവകോപത്തിന്റെ കൊടുങ്കാറ്റ് ഒന്നിച്ചു ചേർക്കപ്പെടുകയാണ്. കൃപയുടെ ആഹ്വാനം അനുസരിക്കുന്നവർക്കും സ്വർഗ്ഗീയ രാജാവിന്റെ കല്പനാനുസര ണത്താൽ വിശുദ്ധീകരണം പ്രാപിച്ചവർക്കും മാത്രമേ അതിനെ അതിജീവി ക്കുവാൻ കഴിയുകയുള്ളൂ. ദൈവത്തോടുകടി ക്രിസ്തുവിൽ മറഞ്ഞിരിക്കുന്ന വിശുദ്ധന്മാർക്കു മാത്രമേ സർവ്വനാശം കടന്നുപോകുന്നതുവരെ അത് സാധ്യ മാകുകയുള്ളൂ. അതുകൊണ്ട് ആത്മാവിന്റെ സ്വരം ഇപ്രകാരമായിരിക്കട്ടെ!

വേറെ സങ്കേതം നഹി എന്നാത്മന്നഭയമായ്
കൈവിടരുതേ എന്നെ കാത്തുരക്ഷിക്ക സദാ
എൻസഹായം ആശ്രയം എല്ലാം നിന്നിൽ മാത്രമേ
നിൻചിറകിൻ നിഴലാൽ എന്നെ മറയ്ക്കേണമേ.
രക്ഷയോടെ രക്ഷകാ കൊടുങ്കാറ്റടങ്ങോളം
ബന്ധരിൽ എന്നെ മറ അന്ത്യെ എന്നാത്മം ഏല്ക്ക.





# മുൻപിൽ ഒരു പ്രതിസന്ധി

***ആ ദിവസം അയ്യോ കഷ്ടം! യഹോവയുടെ ദിവസം അടുത്തിരിക്കുന്നു. അത് സർവ്വ ശക്തന്റെ പക്കൽനിന്നു സംഹാരംപോലെ വരുന്നു. യോവേൽ 1:15***

കഴിഞ്ഞകാല സംഭവങ്ങളുടെയും വരുവാനുള്ള സംഭവങ്ങളുടെയും ഓരോ കണ്ണികളും തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട്, “ഞാനാകുന്നവൻ” തന്റെ പ്രവചന ങ്ങളിലൂടെ തന്റെ വചനം നൽകിയിരിക്കുന്നു. യുഗങ്ങളുടെ ആവിർഭാവത്തിൽ ഇന്ന് നാം എവിടെയാണെന്നും നമ്മിൽ നിന്ന് എന്ത് പ്രതീക്ഷയാണ് വരും കാലങ്ങളിൽ അവനുള്ളത് എന്നും ഇത് നമ്മോടു സംസാരിക്കുന്നു. മുൻചൊ ല്ലപ്പെട്ട എല്ലാ പ്രവചനങ്ങളും നിവൃത്തിയായതായി ചരിത്രം രേഖപ്പെടുത്തു ന്നുണ്ട്. ആയതിനാൽ പൂർത്തിയാകാനുള്ളവ അതിന്റെ നിരയിൽ പൂർത്തീകരി ക്കപ്പെടും എന്ന ഉറപ്പ് നമുക്ക് നൽകിയിരിക്കുന്നു.

ഭയങ്കരവും മഹത്വകരവുമായ സംഭവങ്ങളുടെ വാതില്ക്കലാണ് നാം നിൽക്കുന്നത് എന്ന് കാലസൂചികകൾ വ്യക്തമാക്കുന്നു. നമ്മുടെ ലോകത്തു ള്ളതെല്ലാം പ്രക്ഷോഭത്തിലാണ്. രക്ഷകന്റെ വരവിനു മുൻപായി സംഭവിക്കേണ്ട പ്രവചന സംഭവങ്ങൾ നമ്മുടെ കൺമുൻപിൽ പൂർത്തീകരിക്കപ്പെടുകയാണ്.” നിങ്ങൾ യുദ്ധങ്ങളെയും യുദ്ധശ്രുതികളെയുംകുറിച്ചു കേൾക്കും. ജാതി ജാതി യോടും രാജ്യം രാജ്യത്തോടുമെതിർക്കും. ക്ഷാമവും ഭൂകമ്പവും അവിടവിടെ ഉണ്ടാകും.” നമ്മുടെ ഇടയിൽ സംഭവിക്കുന്ന സംഭവ വികാസങ്ങളെ ഉദ്വേഗ ത്തോടെ എല്ലാ ഭരണകർത്താക്കളും സ്ഥാനാപതികളും അധികാരങ്ങളും സ്ഥാനങ്ങളും വഹിക്കുന്ന ആളുകളും ചിന്തിക്കുന്ന എല്ലാ തുറയിലുമുള്ള സ്ത്രീപുരുഷന്മാരും നോക്കിക്കാണണം. വംശങ്ങളുടെ മദ്ധ്യേ നിലനില്ക്കുന്ന ബന്ധങ്ങൾ അവർ വീക്ഷിക്കുകയാണ്. ഭൂമിയിലെ വസ്തുക്കളിൽ വന്നിരിക്കുന്ന കാഠിന്യം അവർ പരിശോധിക്കുന്നതിനാൽ ഉറപ്പായും ഭയങ്കരമായ എന്തോ ഒന്ന് സംഭവിക്കുവാൻ പോകുന്നു എന്ന് അവർ അംഗീകരിക്കുന്നുണ്ട്. അതാ യത് ഈ ലോകം ഭയങ്കര പ്രതിസന്ധിയുടെ വാക്കിലാണ് നിലകൊള്ളുന്നത്.

ബൈബിൾ മാത്രമാണ് ഈ സംഗതികളെക്കുറിച്ച് വ്യക്തമായ ഒരു കാഴ്ച പ്പാട് നൽകുന്നത്. നമ്മുടെ ലോകചരിത്രത്തിലെ ഭയങ്കരവും അന്ത്യത്തേതു മായ കാഴ്ചകൾ ഇത് വെളിപ്പെടുത്തുന്നു. അവന്റെ വരവിന്റെ ധ്വനി ഭൂമിയെ ഭ്രമിപ്പിക്കുകയും മനുഷ്യർ പ്രാണഭയത്തിൽ ആകുകയും ചെയ്യും. തെറ്റുപറ്റാത്ത അവന്റെ കയ്യിലെ തൂക്കുകട്ടയാൽ ഇന്ന് മനുഷ്യരും രാജ്യങ്ങളും പരിശോധി ക്കപ്പെടുകയാണ്. ഓരോരുത്തരും സ്വന്ത തിരഞ്ഞെടുപ്പിനാൽ തങ്ങളുടെ നിത്യത തീരുമാനിക്കുന്നതിനാൽ മറ്റെല്ലാം ദൈവം തന്റെ ഉദ്ദേശപൂർത്തീകരണത്തിനായി തള്ളിക്കളയും.

ഈ ലോകത്തിന്റെമേൽ വീഴുവാൻ പോകുന്ന സ്തബ്ധമാക്കുന്ന അത്ഭു തത്തിനായി ക്രിസ്ത്യാനികൾ ഒരുങ്ങണം. ഈ ഒരുക്കം അത്യാകാംക്ഷയോ ടെയുള്ള വചനപഠനത്തിലൂടെയും അതിന്റെ മൂല്യങ്ങളെ കാത്തുകൊണ്ടും ആയിരിക്കണം.

# പാപരോഗികളുടെ ആത്മാവിന്റെ സൗഖ്യം

***തല മുഴുവനും ദീനവും ഹൃദയം മുഴുവനും രോഗവും പിടിച്ചിരിക്കുന്നു. അടിതൊട്ട് മുടിവരെ ഒരു സുഖവും ഇല്ല; മുറിവും ചതവും പഴുത്ത വ്രണവും മാത്രമേ ഉള്ളു; അവയെ ഞെക്കി കഴുകീട്ടില്ല, വെച്ചുകെട്ടീട്ടില്ല എണ്ണ പുരട്ടി ശമിപ്പിച്ചിട്ടുമില്ല. യെശ. 1:5,6.***

പാപരോഗികളുടെ ആത്മാവിന് മരുന്നുണ്ട്. അരുമരക്ഷകനായ യേശു ക്രിസ്തുവിൽ ആണ് അതുള്ളത്. ബലവാനും ബലഹീനനും അവന്റെ കൃപമതി. അതില്ലെങ്കിൽ നാശമാണ് ഫലം.

ഈ കൃപ എങ്ങനെ പ്രാപിക്കാമെന്ന് ഞാൻ ദർശിച്ചു. നിങ്ങളുടെ പ്രാർത്ഥനാമുറിയിൽ കടന്ന് ഏകനായി ദൈവസന്നിധിയിൽ യാചിക്കുക. "ദൈവമേ നിർമ്മലമായൊരു ഹൃദയം എന്നിൽ സൃഷ്ടിച്ച് സ്ഥിരമായൊരാത്മാവിനെ എന്നിൽ പുതുക്കേണമേ. ആത്മാർത്ഥതയോടും സത്യസന്ധതയോടും യാക്കോബിനെപ്പോലെ പ്രാർത്ഥനയിൽ മൽപിടുത്തം നടത്തുക. മനമുരുകി നിങ്ങൾ ഒരു ശ്രമം നടത്തുക.

പൂർണ്ണ ഹൃദയത്തോടെ ദൈവത്തെ അന്വേഷിക്കുക. ചുറുചുറുക്കോടെ ദൈവസന്നിധിയിൽ കടന്നുവരികയും ദൈവസഹായമില്ലെങ്കിൽ ഞാൻ നശിച്ചുപോകും എന്ന് ആത്മാർത്ഥമായി ചിന്തിക്കുക. മാൻ നീർത്തോടുകൾക്കായി വാഞ്ഛിക്കുന്നതുപോലെ അവന്റെ സാമീപ്യത്തിനായി നീയും വാഞ്ഛിച്ച് ഓടുന്നു എങ്കിൽ വേഗത്തിൽ കർത്താവ് നിന്നെ ശക്തീകരിക്കും. അപ്പോൾ നിന്റെ സമാധാനം എല്ലാറ്റിനെയും നിറഞ്ഞു കവിയും. നിനക്ക് രക്ഷ വേണമെങ്കിൽ പ്രാർത്ഥന നിനക്ക് അനിവാര്യമാണ്. സാവകാശത്തിൽ സമയമെടുത്ത് ശ്രദ്ധയോടെയായിരിക്കണം നിന്റെ പ്രാർത്ഥന. ഒരു യഥാർത്ഥ മാനസാന്തരത്തിലൂടെ എന്നിൽ പ്രവർത്തിക്കേണമേ ദൈവമേ എന്ന് യാചിക്കുമ്പോൾ, ആത്മാവിന്റെ ഫലങ്ങൾ നിന്നിൽ കുടികൊള്ളുകയും നീ ലോകത്തിന് വെളിച്ചമായി ശോഭിക്കുകയും ചെയ്യും. ദൈവീകതക്ക് നീ ഒരു തടസ്സമോ ശാപമോ ആകാതെ ഒരു സഹായവും അനുഗ്രഹവും ആയിരിക്കണം. രക്ഷ പൂർണ്ണമായും ദാനമായി നിനക്ക് ആസ്വദിക്കുവാൻ കഴിയുകയില്ലെന്ന് സാത്താൻ നിന്നോട് പറഞ്ഞാൽ വിശ്വസിക്കരുത്.

ദൈവാത്മാവിന്റെ സ്പഷ്ടമായ നടത്തിപ്പ് എല്ലാ ദൈവമക്കളുടെയും അവകാശമാണ് എന്ന് ഞാൻ ദർശിച്ചു. മാധുര്യമേറിയ സ്വർഗ്ഗീയ സമാധാനത്താൽ ഹൃദയം നിറഞ്ഞുകവിയുമ്പോൾ, സ്വർഗ്ഗീയ ദൈവത്തിൽ ധ്യാനനിരതനാകുവാൻ നീ വാഞ്ഛിക്കും. അവന്റെ സ്വാദിഷ്ട വാഗ്ദത്തങ്ങളിൽ നീ സംതൃപ്തി കണ്ടെത്തും.

ക്രിസ്ത്യാനികൾ ലോകത്തെക്കാൾ അധികം യേശുവെ സ്നേഹിച്ചാൽ, അവരുടെ വലിയ സ്നേഹം കേന്ദ്രീകരിക്കപ്പെട്ടിരിക്കുന്ന ഉത്തമ സുഹൃത്തിനെക്കുറിച്ച് സാക്ഷീകരിക്കുവാൻ അവർ തല്പരരാകും. അവർ നഷ്ടപ്പെട്ട് നാശത്തിന്റെ അവസ്ഥയിലാണെന്ന് തോന്നുമ്പോൾ സഹായത്തിനായി അവൻ വരുന്നു. പാപഭാരത്താൽ ക്ഷീണിച്ച് തളരുമ്പോൾ അവർ അവങ്കലേക്ക് തിരിയണം. അവൻ അവരുടെ പാപഭാരമെല്ലാം ദൂരീകരിച്ച് സന്തോഷാതിരേകത്താൽ നിറക്കും. ഒരിക്കൽ അവർ സ്നേഹത്തിനെ തള്ളിക്കളഞ്ഞശേഷം അവർ വെറുത്തതിനെ കൈക്കൊണ്ടു. ഈ വലിയ മാറ്റം നിന്നിൽ സംഭവിച്ചുവോ?





# പുതുജീവൻ

***ആമേൻ, ആമേൻ, ഞാൻ നിന്നോടു പറയുന്നു: വെള്ളത്താലും ആത്മാവിനാലും ജനിച്ചില്ല എങ്കിൽ ദൈവരാജ്യത്തിൽ കടപ്പാൻ ആർക്കും കഴിയുകയില്ല... നിങ്ങൾ പുതുതായി ജനിക്കണം. യോഹ. 3:5–7.***

കല്പനാനുസരണമെന്ന സ്വന്തപ്രവൃത്തിയിലൂടെ സ്വർഗ്ഗത്തിൽ എത്തിച്ചേരുവാൻ ശ്രമിക്കുന്ന ഒരുവൻ അസാദ്ധ്യമായതിനുവേണ്ടിയാണ് പ്രയത്നിക്കുന്നത്. കേവലം കല്പനാധിഷ്ഠിതമായ ദൈവിക പരിവേഷമുള്ള ഒരു സഭയിൽ ഒരുവന് സുരക്ഷിതത്വമില്ല. ക്രിസ്തീയ ജീവിതമെന്നാൽ പഴയതിന്റെ നേരിയ മാറ്റം വരുത്തലോ, പുരോഗമനമോ അല്ല, സ്വഭാവത്തിന്റെ രൂപാന്തരമാണ്. പാപത്തിലും സ്വയത്തിലും ഒരു മരണവും എല്ലാത്തിലും ഒരു വീണ്ടും ജനനവും അതിലുണ്ട്. ഈ മാറ്റം കൊണ്ടുവരുവാൻ ദൈവത്തിന്റെ പരിശുദ്ധാത്മാവിന്റെ ശക്തമായ പ്രവർത്തനത്തിനു മാത്രമേ കഴിയുകയുള്ളു.

ഒരുവന് കൃത്യസ്ഥലമോ, സമയമോ, മാനസാന്തരത്തിലേക്ക് നയിച്ച സാഹചര്യമോ വ്യക്തമായി പറയുവാൻ കഴിയാതിരുന്നേക്കാം. പക്ഷേ ഇതൊന്നും അവൻ മാനസാന്തരപ്പെടാത്ത വ്യക്തിയാണെന്ന് തെളിയിക്കുന്നില്ല. കാറ്റിനെപ്പോലെ അദൃശ്യമായ മാദ്ധ്യമത്തിലൂടെ യേശു ഹൃദയത്തിൽ നിത്യം പ്രവർത്തിക്കുകയാണ്. സാവധാനത്തിൽ ഒരുപക്ഷേ ബോധപൂർവ്വമല്ലാതെ ഇത് സ്വീകരിക്കുന്ന വ്യക്തിയിൽ മാറ്റങ്ങൾ വരുത്തി ക്രിസ്തുവിലേക്ക് ആത്മാവിനെ അടുപ്പിക്കുവാൻ ശ്രമിക്കുകയാണ്. ആത്മാവ് നേരിട്ടുള്ള അഭ്യർത്ഥനയുമായി കടന്നുവരുമ്പോൾ വ്യക്തി പെട്ടെന്ന് സന്തോഷത്തോടെ തന്നെ ക്രിസ്തുവിനായി സമർപ്പിക്കും. അനേകർക്കും ഇത് പെട്ടെന്നുള്ള മാനസാന്തരമാകാം. പക്ഷേ സ്വന്തമാക്കുവാനുള്ള പരിശുദ്ധാത്മാവിന്റെ അനേക നാളത്തെ ക്ഷമയോടുകൂടിയതും സുദീർഘവുമായ പരിശ്രമത്തിന്റെ ഫലമായാണ് ഇത് സംഭവിക്കുന്നത്.

കാറ്റ് സ്വയം അദൃശ്യമായിരിക്കുമ്പോഴും അതിന്റെ പ്രവർത്തനഫലം കാണുവാനും അനുഭവിക്കുവാനും കഴിയും. അതുപോലെതന്നെ ആത്മാവിന്റെ രക്ഷിക്കുന്ന ശക്തി അനുഭവിച്ചവർ തങ്ങളുടെ എല്ലാ പ്രവർത്തനങ്ങളിലും അതിനെ വെളിപ്പെടുത്തും. ദൈവത്തിന്റെ ആത്മാവ് ഹൃദയത്തിന്റെ നിയന്ത്രണം ഏറ്റെടുക്കുമ്പോൾ ജീവിതത്തെ അത് രൂപാന്തരപ്പെടുത്തും. പാപചിന്തകൾ വെടിഞ്ഞ്, പൈശാചിക പ്രവർത്തനങ്ങൾ ത്യജിച്ച്, സ്നേഹം, മനുഷ്യത്വം, സമാധാനം എന്നിവ വിദ്വേഷം, പക, കലഹം എന്നിവയുടെ സ്ഥാനം അലങ്കരിക്കും. അശാന്തിയുടെ സ്ഥാനത്ത് സന്തോഷം വിളങ്ങുകയും മുഖഭാവം സ്വർഗ്ഗീയ വെളിച്ചത്തെ പ്രതിഫലിപ്പിക്കുകയും ചെയ്യും. ബുദ്ധിമുട്ടുകളെ നീക്കുന്ന കരമോ സ്വർഗ്ഗീയ ന്യായാസനത്തിൽ നിന്നിറങ്ങിവരുന്ന തേജസ്സോ ആരും കാണുകയില്ല. വിശ്വാസത്താൽ ഒരു ആത്മാവ് ദൈവത്തിൽ തന്നെത്തന്നെ സമർപ്പിക്കുമ്പോൾ അനുഗ്രഹം വന്നുഭവിക്കും. മനുഷ്യനേത്രങ്ങൾക്ക് അഗോചരമായ ആ ശക്തി ദൈവസ്വരൂപത്തിൽ ഒരു പുതിയ വ്യക്തിത്വത്തെ വാർത്തെടുക്കുന്നു. വീണ്ടെടുപ്പിൻ വേലയെ മനസ്സിലാക്കുക എന്നത് അപൂർണ്ണ മനസ്സിനസ്സാദ്ധ്യമാണ്. അതിന്റെ മർമ്മം മനുഷ്യജ്ഞാനത്തിനതീതമാണ്, എന്നിരുന്നാലും മരണത്തിൽ നിന്ന് ജീവനിലേക്ക് പ്രവേശിച്ചവർ അത് ഒരു ദൈവീക യാഥാർത്ഥ്യമാണെന്ന് തിരിച്ചറിയുന്നു. വീണ്ടെടുപ്പിന്റെ ആരംഭം ഇവിടെ അനുഭവത്തിലൂടെ നാം മനസ്സിലാക്കുന്നു. അതിന്റെ ഫലം വരുന്നത് അനന്തയുഗങ്ങളിലൂടെയാണ്.

# ജീവിതത്തിൽ പരമപ്രധാനം

***മുമ്പെ അവന്റെ രാജ്യവും നീതിയും അന്വേഷിപ്പിൻ; അതോടുകൂടെ ഇതൊക്കെയും നിങ്ങൾക്ക് കിട്ടും. മത്തായി 6:33.***

സ്വർഗ്ഗരാജ്യം അതായത് യേശുവിന്റെ വിശുദ്ധിയാണ് ഒന്നാമത്തെതും പ്രധാനവുമായ ലക്ഷ്യം. മറ്റ് ലക്ഷ്യപ്രാപ്തി എന്നത് രണ്ടാമത്തേതാണ്.

വിശുദ്ധിയുടെ മാർഗ്ഗം കഷ്ടപ്പാടിന്റേതായും ലൗകീക സുഖത്തിന്റെ പാത പുഷ്പാലംകൃതമായിട്ടുമാണ് സാത്താൻ അവതരിപ്പിക്കുന്നത്. ലോകസൗഭാഗ്യങ്ങളെ വ്യാമോഹിപ്പിക്കും തരത്തിൽ വ്യാജമായി ഈ ചതിയൻ നിങ്ങളുടെ മുൻപിൽ അവതരിപ്പിക്കും. ദുഷിച്ച നമ്മുടെ സ്വഭാവത്തിലെ ഏറ്റവും ശക്തമായ സവിശേഷതകളിൽ ഒരെണ്ണമാണ് ദുരഭിമാനം. അതിനെ വിജയകരമായ രീതിയിൽ ആകർഷിക്കുവാൻ കഴിയുമെന്നു അവനറിയാം. അവന്റെ പ്രതിനിധിയിൽക്കൂടി അവൻ നിന്നെ വ്യാമോഹിപ്പിക്കും. നിന്റെ ദുരഭിമാനത്തെ തൃപ്തിപ്പെടുത്തുന്ന പുകഴ്ചയും നിനക്ക് ലഭിച്ചേക്കാം. നിങ്ങളുടെ അഹന്തയെയും ആത്മാഭിമാനത്തെയും പരിപോഷിപ്പിച്ചേക്കാം. ഈ നേട്ടങ്ങൾ എല്ലാം ഉള്ളപ്പോൾ അത് ത്യജിച്ച് അതിൽനിന്നും വേർപെട്ട് ഒരു ക്രിസ്ത്യാനി ആയിത്തീരുക വളരെ ഖേദകരമാണ് എന്ന് നീ ചിന്തിച്ചേക്കാം. ഈ ലോകസുഖങ്ങൾക്ക് ഒരറുതിയുണ്ട്. നീ വിതക്കുന്നതുതന്നെ കൊയ്യും. നിന്നെ എല്ലാനേരവും കാക്കുന്ന നിന്റെ സൃഷ്ടിതാവിന് സമർപ്പിക്കുവാൻ കഴിയാതവണ്ണം നിന്റെ സ്വന്ത താല്പര്യങ്ങൾ, കഴിവുകൾ, താലന്തുകൾ എന്നിവ വളരെ വിലകൂടിയതാണോ? നിന്റെ യോഗ്യതകൾ ദൈവത്തിനു സമർപ്പിക്കുവാൻ വളരെ സവിശേഷതയുള്ളതാകുന്നുവോ?

യൗവ്വനക്കാർ തങ്ങളുടെ മനസ്സിന്റെ മാറ്റത്തിനും ഉത്തേജനത്തിനുമായി എന്തെങ്കിലും ആവശ്യമായിരിക്കുന്നു എന്ന് വാദിക്കുന്നുണ്ട്. ഉപയോഗപ്രദമായ ജീവിതലക്ഷ്യം കൈവരിക്കാം എന്നുള്ള ഒരു ആത്മസന്തോഷം വ്യവസായത്തിൽ ഉണ്ട് എന്നു ഞാൻ കണ്ടു. എന്നിരുന്നാലും, ശ്രമകരമായ ജോലിയുടെ നടുവിൽ നിന്നും, കാത്തു പരിപാലിക്കുന്നതിന്റെ ഇടയിലും ഉന്മേഷത്തിലേക്കും ആശ്വാസത്തിലേക്കും നയിക്കുന്ന എന്തെങ്കിലും ഒന്ന് ആവശ്യമാണ് എന്ന് ചിലർ ശഠിക്കുന്നുണ്ട്. ക്രിസ്തീയ പ്രത്യാശയാണ് ഇവിടെ അനിവാര്യം. മതം ഒരു വിശ്വാസിക്ക് ആശ്വാസപ്രദവും യഥാർത്ഥ സന്തോഷത്തിന്റെ ഉറവിടത്തിലേക്കുള്ള ഒരു യഥാർത്ഥ വഴികാട്ടിയും ആണ് എന്നത് വാസ്തവമാണ്. യുവാക്കൾ തങ്ങളുടെ വിശ്രമസമയം ദൈവവചനം പഠിക്കുന്നതിനും ധ്യാനത്തിനുമായി നീക്കിവെക്കുകയാണെങ്കിൽ അവരുടെ വിശ്രമവേളകൾ ഏറ്റവും അനുഗ്രഹഹേതുവായിത്തീരുന്നു എന്ന് കാണുവാൻ കഴിയും.

യുവസുഹൃത്തുക്കളേ, നിങ്ങൾ ദൈവസ്നേഹത്തിലാണോ എന്ന് നിങ്ങൾക്കുതന്നെ ബോദ്ധ്യം വരുത്തുവാൻ സമയം കണ്ടെത്തണം. നിങ്ങളുടെ വിളിയെ സൂക്ഷ്മ തിരഞ്ഞെടുപ്പായി മാറ്റുവാൻ അത്യുത്സാഹം കാണിക്കണം. 'മുൻപേ അവന്റെ രാജ്യവും നീതിയും അന്വേഷിക്ക്'. ആദ്യവും അന്ത്യവും ഇതായിരിക്കട്ടെ! അറിയേണ്ടവനെ യഥാർത്ഥമായി അറിയുന്നതിന് ശ്രമിക്കുന്നതാണ് നിത്യജീവൻ. യേശുവും അവന്റെ വിശുദ്ധിയുമാണ് ആത്മാവിന്റെ രക്ഷ.





# സ്വർഗ്ഗത്തിന്റെ കുറ്റമറ്റ മുത്ത്

***സ്വർഗ്ഗരാജ്യം നല്ല മുത്ത് അന്വേഷിക്കുന്ന ഒരു വ്യാപാരിയോട് സദൃശ്യം. അവൻ വിലയേറിയ ഒരു മുത്തു കണ്ടെത്തിയാറെ ചെന്നു തനിക്കുള്ളതൊക്കെയും വിറ്റു അതു വാങ്ങി. മത്താ. 13:45,46.***

ക്രിസ്തുതന്നെയാണ് വിലയേറിയ മുത്ത്. യേശുവിന്റെ വിശുദ്ധി പരിപാവനവും കറകളോ ന്യൂനതകളോ ഇല്ലാത്തതുമായ വെള്ള മുത്താണ്. വിലമതിക്കാനാകാത്തതും മഹത്വകരവുമായ ദൈവത്തിന്റെ ദാനത്തെ ഒരു മാനുഷിക പ്രവൃത്തിക്കും മെച്ചപ്പെടുത്തുവാൻ കഴികയില്ല. അത് പരിപൂർണ്ണമാണ്. യേശുവിൽ ജ്ഞാനത്തിന്റെയും പരിജ്ഞാനത്തിന്റെയും നിക്ഷേപങ്ങൾ ഒക്കെയും ഗുപ്തമായിരിക്കുന്നു. കൊലൊ. 2:3. അവൻ നമുക്കു ദൈവത്തിൽനിന്നു ജ്ഞാനവും നീതിയും ശുദ്ധീകരണവും വീണ്ടെടുപ്പുമായിത്തീർന്നു. 1 കൊരി. 1:30. ഈ ലോകത്തിലും വരുവാനുള്ള ലോകത്തിലും മനുഷ്യമനസ്സിനെ സംതൃപ്തമാക്കുവാൻ ആവശ്യവും അനിവാര്യവുമായിരിക്കുന്നതെല്ലാം യേശുവിൽ ഉണ്ട്. നമ്മുടെ രക്ഷകനായ ഈ വിലയേറിയ മുത്തിനെ മറ്റ് എന്തെല്ലാം സംഗതികളുമായി താരതമ്യം ചെയ്താലും അവർക്ക് കുറവുള്ളതായി കാണപ്പെടും.

മുത്തിന്റെ ഉപമയിൽ ഈ വിശിഷ്ട മുത്തിനെ പാരിതോഷികമായി ചിത്രീകരിക്കുന്നില്ല. വ്യാപാരി തനിക്കുള്ളതെല്ലാത്തിന്റെയും വില കൊടുത്താണ് ഇത് വാങ്ങിയത്. തിരുവെഴുത്തുകളിൽ യേശു ദാനമായി പ്രതിനിധീകരിക്കപ്പെടുന്നതിനാൽ ഈ അർത്ഥത്തെ പലരും ചോദ്യം ചെയ്യുന്നുണ്ട്. യാതൊരു മടിയും കൂടാതെ തങ്ങളുടെ ദേഹം, ദേഹി, ആത്മാവ് ഇവ പൂർണ്ണമായി ക്രിസ്തുവിന് സമർപ്പിക്കുന്നവർക്ക് അവൻ ഒരു ദാനമാണ്. ക്രിസ്തുവിന് അനുയോജ്യമായ സ്വമേധാനുസരണ ജീവിതം നയിക്കുന്നതിന് നാം നമ്മെത്തന്നെ അവന് സമർപ്പിക്കണം. നാം എന്തായിരിക്കുന്നുവോ അതും നമ്മുടെ എല്ലാ താലന്തുകളും, നാം സ്വായത്തമാക്കിയിരിക്കുന്ന എല്ലാ കഴിവുകളും ദൈവത്തിന്റേതാണ്. അവ അവന്റെ വേലക്കായി സമർപ്പിക്കപ്പെടണം. ഇങ്ങനെ നാം നമ്മെത്തന്നെ പൂർണ്ണമായി യേശുവിനു നല്കുമ്പോൾ, അവൻ എല്ലാ സ്വർഗ്ഗീയ സമ്പത്തോടും കൂടെ അവനെ നമുക്കായി നല്കും. വിലയേറിയ മുത്ത് നമുക്ക് സ്വായത്തമാക്കുവാൻ കഴിയും.

ദൈവിക കൃപയുടെ നടത്തിപ്പുള്ള കമ്പോളത്തിൽ ഈ വിലയേറിയ മുത്ത് ദ്രവ്യമോ വിലയോ കൂടാതെ വാങ്ങുവാൻ സാധിക്കുന്ന വസ്തുവായി നിലകൊള്ളുന്നു. ഈ കമ്പോളത്തിൽ എല്ലാവർക്കും സ്വർഗ്ഗീയ വസ്തുവകകൾ സ്വന്തമാക്കാം. ഈ സത്യത്തിന്റെ രത്നങ്ങളുടെ കലവറ എല്ലാവർക്കുമായി തുറക്കപ്പെട്ടിരിക്കുന്നു. രക്ഷകന്റെ ആർദ്രവും സ്നേഹനിർഭരവുമായ ശബ്ദം നമ്മെ ക്ഷണിക്കുകയാണ്. "നീ സമ്പന്നനാകേണ്ടതിന് തീയിൽ ഊതിക്കഴിച്ച പൊന്ന് എന്നോട് വിലക്കു വാങ്ങുവാൻ ഞാൻ നിന്നോട് ബുദ്ധി പറയുന്നു. ഭൗതീക സമ്പത്തിന് ഇത് വിലക്കു വാങ്ങുവാൻ കഴിയുകയില്ല, എന്നാൽ ധനവാന്മാരെപ്പോലെ തന്നെ ദരിദ്രർക്കും രക്ഷ കരസ്ഥമാക്കുവാൻ കഴിയും. ക്രിസ്തുവിനാൽ വിലക്കു വാങ്ങപ്പെട്ടവരെന്നപോലെ നമ്മെത്തന്നെ ക്രിസ്തുവിനായി സമർപ്പിച്ചുകൊണ്ട് സ്വമേധാനുസരണത്തിലൂടെ ഇത് സ്വായത്തമാക്കുവാൻ കഴിയും. രക്ഷയെ പൂർണ്ണ താല്പര്യത്തോടും സമർപ്പണത്തോടും ലോകത്തിലുള്ളത് എല്ലാം അതിനായി ഉപേക്ഷിച്ച് തേടുന്നില്ല എങ്കിൽ അതിനെ നേടുവാൻ കഴികയില്ല.

# ക്രിസ്തു ഏക രക്ഷകൻ

***നമ്മെ ഇരുട്ടിന്റെ അധികാരത്തിൽ നിന്നു വിടുവിച്ചു തന്റെ സ്നേഹസ്വരൂപനായ പുത്രന്റെ രാജ്യത്തിലാക്കിവെക്കുകയും ചെയ്ത അവനിൽ നമുക്ക് പാപമോചനം എന്ന വീണ്ടെടുപ്പുണ്ട്. കൊലൊ. 1:13,14.***

നീ ആരാണ് എന്നതോ നിന്റെ ജീവിതത്തിൽ നീ എന്തായിരുന്നു എന്നതോ കാര്യമല്ല. രക്ഷ നേടുന്നത് ദൈവത്തിന്റെ കല്പിത മാർഗ്ഗത്തിലൂടെ മാത്രമാണ്. നീ മാനസ്സാന്തരപ്പെടുകയും ക്രിസ്തുവാകുന്ന പാറമേൽ നിസ്സഹായനായി വീഴുകയും വേണം. നിനക്ക് ഒരു വൈദ്യന്റെ ആവശ്യമുണ്ട് എന്നും കർത്താവായ യേശുക്രിസ്തുവിന്റെ രക്തം മാത്രമാണ് നിന്റെ പാപത്തിനുള്ള മരുന്ന് എന്നും നിനക്കു തോന്നണം. കർത്താവായ യേശുക്രിസ്തുവിലെ വിശ്വാസത്താലും അനുതാപത്താലും മാത്രമേ ഈ മരുന്ന് കരസ്ഥമാക്കുവാൻ കഴിയുകയുള്ളു. യേശുവിന്റെ ശുദ്ധീകരണ ശക്തി തങ്ങൾക്ക് ആവശ്യമുണ്ട് എന്ന് തോന്നുന്നവർക്കു മാത്രമേ അവന്റെ രക്തം ലഭ്യമാകുകയുള്ളു.

ദൈവിക കാരുണ്യത്തെ നാം അവകാശപ്പെടാതിരുന്നപ്പോഴും യേശു നമ്മുടെ വീണ്ടെടുപ്പ് ഏറ്റെടുത്തത് എത്ര നിറഞ്ഞു കവിയുന്ന സ്നേഹവും ദയയുമാണ്. ഓരോരുത്തരുടെയും ചോദ്യം ചെയ്യപ്പെടാത്ത സമർപ്പണം നമ്മുടെ മഹാവൈദ്യന് ആവശ്യമാണ്. നമ്മുടെ കാര്യങ്ങൾ ഒരിക്കലും നാംതന്നെ തീരുമാനിക്കരുത്. നമ്മുടെ ചിന്തയുടെയും പ്രവൃത്തിയുടെയുംമേൽ അധികാരം പൂർണ്ണമായി യേശുവിനുണ്ടാകണം. നമ്മുടെ സാന്മാർഗ്ഗീക സ്വഭാവം മേത്തരമാണെന്നും മറ്റ് പാപികളെപ്പോലെ നമ്മെ ദൈവസന്നിധിയിൽ താഴ്ത്തേണ്ടതില്ല എന്നും നാം നമ്മെത്തന്നെ വ്യാമോഹിപ്പിച്ചേക്കാം. പാപികളിൽ പ്രധാനിയായ ഒരുവനെപ്പോലെ നാമും ജീവനിൽ കടക്കാൻ പ്രതിസന്ധികളെ തരണം ചെയ്യണം. നാം നമ്മുടെ വിശുദ്ധിയെ പുതുക്കി യേശുവിന്റെ വിശുദ്ധി നമ്മിൽ പകരാൻ യേശുവിനോട് യാചിക്കണം. നാം പൂർണ്ണമായി നമ്മുടെ ബലത്തിനായി യേശുവിൽ ആശ്രയിക്കണം. സ്വയത്തെ നശിപ്പിക്കണം. നമുക്കുള്ളതെല്ലാം നിറഞ്ഞു കവിയുന്ന ദൈവിക കൃപ ധനമാണെന്ന് നാം സമ്മതിക്കണം. കർത്താവേ ഞങ്ങൾക്കല്ല, പിന്നെയോ നിന്റെ നാമമഹത്വത്തിനും നിന്റെ കൃപയ്ക്കായും നിന്റെ സത്യത്തിനായും തീരണം" എന്നതായിരിക്കണം നമ്മുടെ ഹൃദയ ചിന്ത. സ്നേഹത്താൽ അനുസരണവും വിശ്വാസത്താൽ സ്നേഹവും ഉണ്ടാകുന്നു. മാനസാന്തരപ്പെട്ട ഒരു മനുഷ്യന്റെ എല്ലാ ശക്തിയും വികാരങ്ങളും ക്രിസ്തുവിന്റെ സ്വാധീനശക്തിയിൻകീഴിൽ കൊണ്ടുവരപ്പെടും. അവന്റെ ആത്മാവ് പുതുക്കത്തിന്റെ ശക്തിയും അത് സ്വീകരിക്കുന്നവരെ ഒക്കെയും സ്വർഗ്ഗീയ പ്രതിഛായയ്ക്ക് അനുരൂപരാക്കി മാറ്റുകയും ചെയ്യും.

ദൈവത്തിൽനിന്ന് ജനിച്ചവരാരും പാപം ചെയ്യുന്നില്ല. അവൻ കർത്താവായ യേശുക്രിസ്തുവിന്റെ രക്തത്താൽ വിലയ്ക്കു വാങ്ങപ്പെട്ടിരിക്കുന്നു എന്നും ദൈവത്തിന്റേതായ തന്റെ ശരീരം, ആത്മാവ് ഇവയാൽ ദൈവത്തെ മഹത്വപ്പെടുത്തുമെന്നുമുള്ള പവിത്ര പ്രതിജ്ഞയാൽ ബന്ധിക്കപ്പെട്ടിരിക്കുന്നു എന്നും തിരിച്ചറിയണം. പാപതല്പരതയും സ്വാർത്ഥതയും തന്നിൽ ഇല്ലാതായി പോകും. "ദൈവം എനിക്കു ചെയ്ത സകല ഉപകാരങ്ങൾക്കും ഞാൻ അവന് എന്ത് പകരം കൊടുക്കും. ദൈവമേ ഞാൻ നിനക്കായി എന്തു ചെയ്യണമെന്ന് നീ ആഗ്രഹിക്കുന്നു. ഇതായിരിക്കണം അവന്റെ നിത്യപ്രാർത്ഥന.





# സ്വയം രുചിച്ചറിയുക

***യഹോവ നല്ലവൻ എന്നു രുചിച്ചറിവിൻ; അവനെ ശരണം പ്രാപിക്കുന്ന പുരുഷൻ ഭാഗ്യവാൻ. സങ്കീ. 34:8.***

നമുക്കായുള്ള ദൈവത്തിന്റെ നന്മയും സ്നേഹവും എങ്ങനെ നാം മനസ്സിലാക്കും? സങ്കീർത്തനക്കാരൻ നമ്മോട് പറയുന്നു, കേട്ട് അറിയുകയല്ല, വായിച്ചറിയുകയല്ല, വിശ്വസിച്ച് അറിയുകയല്ല പിന്നെ യഹോവ നല്ലവനെന്ന് രുചിച്ചറിയുക. മറ്റുള്ളവരുടെ വാക്കിൽ ആശ്രയിക്കാതെ, സ്വന്തമായി രുചിച്ചറിയണം.

പരീക്ഷണങ്ങളിൽ നിന്ന് ഉരുത്തിരിഞ്ഞ പരിചയമാണ് ജ്ഞാനം. ഇന്ന് പരീക്ഷണസിദ്ധമായ മതമാണ് ആവശ്യമായിരിക്കുന്നത്... ഒരു വലിയ വിഭാഗത്തിനും മതപരമായ സത്യത്തെക്കുറിച്ച് താത്വിക ജ്ഞാനമുണ്ട്, പക്ഷേ പുതുതാക്കുന്ന ദൈവകൃപയുടെ ശക്തി അവരുടെ സ്വന്ത ഹൃദയത്തിൽ അനുഭവിച്ചറിഞ്ഞിട്ടില്ല... ദൈവകോപത്തിൽ അവർ വിശ്വസിക്കുന്നു. പക്ഷേ അതിൽനിന്ന് രക്ഷ പ്രാപിപ്പാൻ ആത്മാർത്ഥ ശ്രമം നടത്തുന്നില്ല. അവർ സ്വർഗ്ഗത്തിൽ വിശ്വസിക്കുന്നു. പക്ഷേ അത് നേടാനായി ഒരു ത്യാഗവും ചെയ്യുന്നില്ല... പാപത്തിന് ഒരു പരിഹാരം അവർക്കറിയാം, പക്ഷേ അത് ഉപയോഗിക്കുന്നില്ല. അവർക്ക് സത്യം എന്താണെന്നറിയാം. പക്ഷേ അത് ആസ്വദിക്കുന്നില്ല. അവരുടെ എല്ലാ ജ്ഞാനവും കൂടുതൽ ശിക്ഷാവിധി കൊണ്ടുവരും. അവർ അവരുടെ അനുഭവത്താൽ യഹോവ നല്ലവനെന്ന് രുചിച്ചറിയുകയോ ഗ്രഹിക്കുകയോ ചെയ്തിട്ടില്ല.

ക്രിസ്തുവിന്റെ ശിഷ്യനാകുക എന്നാൽ തന്നെത്താൻ ത്യജിച്ച് കഷ്ടങ്ങളിലൂടെ കടന്ന് യേശുവിനെ അനുഗമിക്കുകയും സൽപ്പേര് നിലനിർത്തുകയും ചെയ്യുക എന്നതാണ്. നമ്മുടെ ആത്മീയ ജീവിതത്തിന് തടസ്സമായ എല്ലാ ഇടപെടലുകളെയും തൂത്തെറിയണം. നമുക്ക് ലഭിക്കുവാൻ പോകുന്ന വസ്തുക്കളുടെ വിലയ്ക്ക് ആനുപാതികമായി ത്യാഗം ചെയ്യുവാൻ നാം പ്രയത്നിക്കുമോ?

നാം ഉണ്ടാക്കുന്ന എല്ലാ ബന്ധങ്ങളും പരിമിതമാണെങ്കിൽക്കൂടിയും അത് നമ്മിൽ ചില സ്വാധീനം ചെലുത്തും. ആ സ്വാധീനത്തിന് നാം എത്രമാത്രം കീഴ്പ്പെടുന്നു എന്ന് തീരുമാനിക്കുന്നത് ബന്ധത്തിന്റെ ആഴവും ഇടപെടലിന്റെ ബാഹുല്യതയും നാം കൂട്ടുകൂടുന്നവരോടുള്ള നമ്മുടെ സ്നേഹാദരങ്ങളുമാണ്. ആയതുപോലെ ക്രിസ്തുവിനോടുള്ള നമ്മുടെ അടുപ്പവും ബന്ധവും മുഖാന്തിരം ഊനമില്ലാത്ത മാതൃകയായ യേശുവിനെപ്പോലെ ആയിത്തീരും.

യേശുവുമായുള്ള നമ്മുടെ കൂട്ടായ്മ വർണ്ണനാതീതമായി എത്ര വിശിഷ്ടമാണ്! അങ്ങനെയുള്ള ഒരു കൂട്ടായ്മയെ നാം അന്വേഷിക്കുകയും അതിനെ സ്വായത്തമാക്കുവാൻ ചിലത് ത്യജിക്കുകയും ചെയ്യുന്നു എങ്കിൽ അത് ആസ്വദിക്കുക എന്നത് നമ്മുടെ അവകാശമാണ്.

നമ്മുടെ ഓരോരുത്തരുടെയും സ്വന്ത അനുഭവത്തിൽനിന്നും അവർക്ക് ഇതിനു കഴിയട്ടെ. അവന്റെ സാക്ഷ്യം കൈക്കൊള്ളുന്നവർ ദൈവം സത്യവാനാണ് എന്നുള്ളതിന് മുദ്രയിടുന്നു. യോഹ. 3:33. അവനു ഇത് സാക്ഷീകരിക്കുവാൻ കഴിയും. എനിക്ക് സഹായം ആവശ്യമായിരുന്നു അത് ഞാൻ യേശുവിൽ കണ്ടെത്തി. എന്റെ ആവശ്യങ്ങളെ അവൻ നിറവേറ്റി, എന്റെ ആത്മാവിന്റെ വിശപ്പ് അവൻ അകറ്റി. ഞാൻ യേശുവിൽ വിശ്വസിക്കുന്നു എന്തെന്നാൽ അവൻ എനിക്ക് സ്വർഗ്ഗീയ രക്ഷകനാണ്. ഞാൻ ബൈബിൾ വിശ്വസിക്കുന്നു എന്തെന്നാൽ എന്റെ ആത്മാവിന് അത് ഒരു ദൈവശബ്ദമാണ് എന്ന് ഞാൻ കണ്ടെത്തിയിരിക്കുന്നു.

# സ്വർഗ്ഗത്തിന്റെ പൗരന്മാർ

***ആകയാൽ നിങ്ങൾ ഇനി അന്യന്മാരും പരദേശികളുമല്ല വിശുദ്ധന്മാരുടെ സഹപൗരന്മാരും ദൈവത്തിന്റെ ഭവനക്കാരുമത്രേ. എഫെ. 2:19.***

ഇതാ ഞാൻ വേഗം വരുന്നു എന്ന് യേശു പറയുന്നു. യേശുവിന്റെ ഈ വാക്കുകളെ മനസ്സിൽ സൂക്ഷിച്ച് ഈ ലോകത്ത് നാം അന്യരും പരദേശികളുമായതിനാൽ, യേശുവിന്റെ വരവിന് ഇനി താമസം ഇല്ല എന്ന് ഉറച്ചു വിശ്വസിച്ചുകൊണ്ട് അതിനായി പ്രവർത്തിക്കണം.

ശ്രേഷ്ഠസ്വഭാവം നിന്നിൽ തിളങ്ങേണ്ടതിനും ക്രിസ്തുവിന്റെ വരവുവരേക്കും നിർമ്മദനും നിഷ്കളങ്കനുമായി വർത്തിക്കേണ്ടതിനും വിശുദ്ധിയുടെ ഫലങ്ങൾ നിന്നിൽ നിറഞ്ഞു വരുവാനും കൃപയുടെ എല്ലാ വഴികളും സ്ഥിരോത്സാഹത്തോടെ ഉപയോഗപ്പെടുത്തി നിന്നിൽ ദൈവസ്നേഹം അത്യധികമായി നിറഞ്ഞു വരുമാറാകണം. നിങ്ങളുടെ ക്രിസ്തീയ ജീവിതം ഊർജ്ജസ്വലവും തികഞ്ഞ വിശ്വസ്തതയുമുള്ള അവസ്ഥ പ്രാപിക്കണം. ദൈവമക്കളാകുന്നു എങ്കിൽ നിങ്ങളുടെ മുൻപിൽ വചനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നതുപോലെയുള്ള ഉയർന്ന നിലവാരം സ്വായത്തമാക്കുവാൻ നിങ്ങൾക്ക് കഴിയണം. ഒന്നുകിൽ നിങ്ങൾ മുന്നേറണം അല്ലെങ്കിൽ പിറകോട്ടു പോകണം അല്ലാതെ നിശ്ചലനായി നില്ക്കുവാൻ കഴിയുകയില്ല.

പരിമിതപ്പെടുത്തിയ ക്രിസ്തീയ വളർച്ചയാണൊ നിങ്ങൾക്കുള്ളത് അതൊ ആത്മീക ജീവിതത്തിൽ ആരോഗ്യകരമായ വളർച്ച നിങ്ങൾ സൃഷ്ടിക്കുമോ? ആത്മീകാരോഗ്യം എവിടെയുണ്ടോ അവിടെ വളർച്ചയുണ്ട്. ഒരു ദൈവപൈതൽ ഒരു പുരുഷന്റെയോ സ്ത്രീയുടെയോ പൂർണ്ണരൂപത്തിലാണ് ക്രിസ്തുവിൽ വളരുന്നത്. അവന്റെ മുന്നേറ്റത്തിന് ഒരു പരിമിതിയുമില്ല.

ക്രിസ്തുവിൽ ശക്തരും അടിസ്ഥാനമുള്ളവരുമാണെന്ന് കരുതുന്നവരിൽ ചിലർ ദൈവാത്മാവിന്റെ പ്രവർത്തനത്തെക്കുറിച്ചുള്ള അറിവിലും പ്രായോഗിക പരിജ്ഞാനത്തിലും ശിശുക്കളെപ്പോലെയാണ്. അനേക വർഷത്തെ പരിചയത്തിനുശേഷം മാത്രമാണ് അവർക്ക് ക്രിസ്തുമതത്തെ രൂപീകരിച്ചിരിക്കുന്ന വിശ്വാസം, ഉപദേശ പ്രമാണം എന്നീ മഹത്വ്യവസ്ഥകളിലെ ആദ്യതത്വങ്ങൾ മനസ്സിലാക്കുവാൻ സാധിക്കുന്നത്. നല്ലത്, നന്നായി എന്ന പ്രഖ്യാപനം ലഭിക്കുന്ന സ്വഭാവപരിപൂർണ്ണതയെ അവർ മനസ്സിലാക്കുകയില്ല.

നമുക്ക് ഒരു ഉന്നത വിജയം കരസ്തമാക്കുവാനുണ്ട്. അല്ലെങ്കിൽ സ്വർഗ്ഗം നമുക്ക് നഷ്ടമാകും. മരണഹേതുവായ അസന്മാർഗ്ഗീകതയിലേക്ക് തിരിയുന്ന ജഡീക മനസ്സിനെ ക്രൂശിക്കണം. മനുഷ്യനെ അവന്റെ നിർജ്ജീവ, ഭൗമീക, വൈകാരിക ജീവിതത്തിൽനിന്ന് പൂർണ്ണമായി ആത്മീക നിറവിലേക്ക് യഥാസ്ഥാനപ്പെടുത്തേണ്ടതിന് പരിശുദ്ധാത്മാവിന്റെ അതിഭയങ്കര ശക്തി വൈദ്യുത പ്രഹരംപോലെ തളർവാതം ബാധിച്ച ജീവിതങ്ങളിൽ വീണ എല്ലാ നാഡികളും പുതുജീവൻ പ്രാപിക്കേണ്ടതിന് പ്രാർത്ഥിക്കണം. അങ്ങനെ നിങ്ങളും ആത്മീക സ്വഭാവത്തിന് പങ്കുള്ളവരായിത്തീരുകയും അടിപ്പിണരുകളാൽ നിനക്ക് സൗഖ്യം നല്കിയവന്റെ സ്വഭാവം നിന്നിൽ പ്രതിഫലിക്കപ്പെടുകയും ചെയ്യും.





# ദൈവത്തെക്കുറിച്ചുള്ള പൂർണ്ണജ്ഞാനം

***ഏക സത്യദൈവമായ നിന്നെയും നീ അയച്ചിരിക്കുന്ന യേശുക്രിസ്തുവിനെയും അറിയുന്നതുതന്നെ നിത്യജീവൻ ആകുന്നു. യോഹ. 17:3.***

കർത്താവിന്റെ വരവിൽ അവനെ എതിരേല്പാൻ ഒരുങ്ങേണ്ടതിന് ഇവിടെ വച്ച് അവനെ അറിഞ്ഞെങ്കിൽ മാത്രമേ കഴിയുകയുള്ളു. യേശുവിൽ വിശ്വസിക്കുന്നു എന്ന് പറയുന്ന അനേകർക്കും ദൈവത്തെ അറിയില്ല. അവർക്ക് സഭയുടെ ഒരു ചട്ടക്കൂട് മാത്രമേയുള്ളൂ. അവർക്ക് ദൈവസ്നേഹമില്ലാത്തതിനാലും അവന്റെ സ്വഭാവത്തെ അവർ മനസ്സിലാക്കാത്തതിനാലും അവനിൽ എപ്രകാരം ആശ്രയിക്കണമെന്നും, അവനിലേക്ക് നോക്കി എങ്ങനെ ജീവിക്കണമെന്നും അവർക്കറിയില്ല. ശാന്തത നിറഞ്ഞ സ്നേഹം എന്തെന്നോ വിശ്വാസത്താൽ ജീവിക്കുക എന്നാൽ എന്തെന്നോ അവർക്കറിയില്ല. തങ്ങൾ പ്രാപിച്ച് മറ്റുള്ളവരെ ശക്തിപ്പെടുത്തേണ്ടത് തങ്ങളുടെ കർത്തവ്യമാണെന്ന് അവർ മനസ്സിലാക്കുന്നില്ല. ലോകജ്ഞാനത്താൽ ദൈവത്തെ അറിയുവാൻ കഴിയുകയില്ല. അനേകർ അവനെക്കുറിച്ചു വാചാലമായി സംസാരിച്ചിട്ടുണ്ട്. പക്ഷേ അവരുടെ ആഹ്വാനങ്ങൾക്ക് മനുഷ്യരെ അവനിലേക്ക് ആകർഷിക്കുവാൻ കഴിയാത്തതിന്റെ കാരണം അവർക്കുതന്നെ ദൈവവുമായി ഒരു ആത്മബന്ധമില്ല എന്നുള്ളതാണ്. ബുദ്ധിശാലികൾ എന്ന് നടിക്കുന്നവർതന്നെ വിഡ്ഢികളായിത്തീരുന്നു. അവരുടെ ദൈവീക പരിജ്ഞാനം അപൂർണ്ണമാകുന്നു.

ദൈവത്തെ അന്വേഷിക്കുന്നതിൽ കൂടി നമുക്ക് അവനെ കണ്ടെത്തുവാൻ കഴിയുകയില്ല, എന്നിരുന്നാലും ദൈവമഹത്തിന്റെ തേജസ്സും തന്റെ ആളത്വത്തിന്റെ പ്രതിരൂപവുമായ തന്റെ പുത്രനിലൂടെ അവൻ സ്വയം വെളിപ്പെടുത്തിയിരിക്കുന്നു. ദൈവീക ജ്ഞാനം പ്രാപിപ്പാൻ കാംക്ഷിക്കുന്നു എങ്കിൽ നാം ക്രിസ്തുവിനെപ്പോലെ ആയിത്തീരണം. ഒരു വിശ്വാസി വിശ്വാസത്താൽ ക്രിസ്തുവിനെ സ്വന്തരക്ഷിതാവായി സ്വീകരിച്ച്, ഒരു വിശുദ്ധ ജീവിതം നയിക്കുകയാണെങ്കിൽ ദൈവത്തെക്കുറിച്ച്, അവന് വ്യക്തവും ഉന്നതവുമായ ഒരു ധാരണ ഉണ്ടാകും.

ദൈവത്തിന്റെ യഥാർത്ഥ വെളിപ്പാടാണ് ക്രിസ്തു. ദൈവത്തെ ആരും ഒരു നാളും കണ്ടിട്ടില്ല. പിതാവിന്റെ മടിയിലിരിക്കുന്ന തന്റെ ഏകജാതനായ പുത്രൻ അവനെ വെളിപ്പെടുത്തിയിരിക്കുന്നു എന്നവൻ പറയുന്നു. ക്രിസ്തുവിനെ അറിയുന്നതിൽക്കൂടി മാത്രമേ ദൈവത്തെ അറിയുവാൻ കഴിയുകയുള്ളു. അവനെ സ്വീകരിക്കുമ്പോൾ നാം അവനോട് അനുരൂപരാകുകയും അവന്റെ വരവിങ്കൽ അവനെ എതിരേല്പാൻ ഒരുങ്ങുകയും ചെയ്യും.

നമ്മുടെ കർത്താവിന്റെ വരവിനായി ഒരുങ്ങേണ്ട സമയം ഇതാണ്. അവനെ എതിരേല്പാനുള്ള തയ്യാറെടുപ്പ് ഒരു നിമിഷംകൊണ്ട് സാദ്ധ്യമല്ല. ആ ഭയങ്കര അവസരത്തിന്റെ ഒരുക്കത്തിനായി നിതാന്തജാഗ്രതയും കാത്തിരിപ്പും സംയോജിപ്പിക്കപ്പെട്ട ഒരു പ്രവർത്തനം അനിവാര്യമാണ്. ആയതിനാൽ ദൈവജനമേ, അവനെ മഹത്വപ്പെടുത്തുവിൻ. തിരക്കുപിടിച്ച ജീവിത സാഹചര്യങ്ങളിലും അവരുടെ ധൈര്യപ്പെടുത്തലിന്റെയും വിശ്വാസത്തിന്റെയും പ്രത്യാശയുടെയും ശബ്ദം ഉയർന്നു കേൾക്കും. അവർക്കുള്ളതെല്ലാം കർത്താവിന്റെ വേലയ്ക്കായി വേർതിരിക്കപ്പെട്ടവയായിരിക്കും. ഇങ്ങനെ തങ്ങളുടെ യജമാനന്റെ വരവിനായി ഒരുങ്ങുകയും അവൻ വരുമ്പോൾ സന്തോഷത്തോടെ അവർ ഇപ്രകാരം പ്രതിവചിക്കും: "ഇവനത്രെ നമ്മുടെ ദൈവം, ഇവനായിട്ടത്രേ നാം കാത്തിരുന്നത്, അവൻ നമ്മെ രക്ഷിക്കും, അവന്റെ രക്ഷയിൽ നാം ആനന്ദിച്ചാഹ്ലാദിക്കും.

# ഉന്നത രീതിയിലുള്ള ധ്യാനം

***കാണ്മീൻ, നാം ദൈവമക്കളെന്ന് വിളിക്കപ്പെടുവാൻ പിതാവ് നമുക്ക് എത്ര വലിയ സ്നേഹം നല്കിയിരിക്കുന്നു. 1 യോഹ. 3:1.***

നാം പാപികളും ദോഷികളും ആയിരിക്കെ തന്റെ ഭവനത്തിന്റെ അവകാശികളാക്കി നമ്മെ തിരികെ കൊണ്ടുവരേണ്ടതിന് എത്ര വിലമതിക്കാനാകാത്ത സ്നേഹമാണ് പ്രദർശിപ്പിച്ചിരിക്കുന്നത്. നാം അവനെ നമ്മുടെ പിതാവ് എന്ന വാത്സല്യ നാമത്തിൽ അഭിസംബോധന ചെയ്യണം.

അനന്തവും നിത്യവുമായ ദൈവ്സനേഹത്തോട് താരതമ്യം ചെയ്യുമ്പോൾ മനുഷ്യമനസ്സുകളിലൂടെ തലമുറതലമുറയായി കടന്നുവന്ന പൈതൃക സ്നേഹം മനുഷ്യമനസ്സുകളിലേക്ക് തുറക്കപ്പെട്ടതായ എല്ലാ ആർദ്രതയുടെയും നീർചാലുകളും കേവലം അതിരുകളില്ലാത്ത ആഴിയിലേക്ക് ഒഴുകുന്ന ഒരു ചെറിയ അരുവിപോലെയാണ്. തൂലികകൾക്ക് വരച്ചുകാണിക്കാനാകാത്തതും, നാവുകൾക്ക് ഉച്ചരിക്കാനാകാത്തതുമാണ് അത്. നിന്റെ ദൈനംദിന ജീവിതത്തിൽ നീ ഇതിനെ ധ്യാനിക്കുകയും ഇത് മനസ്സിലാക്കാൻ ദൈവവചനം ശ്രദ്ധയോടെ പഠിക്കുകയും ദൈവം നിനക്കു തന്ന എല്ലാ കഴിവുകളും ശക്തിയും ഇതിനായി ഉപയോഗിക്കുകയും സ്വർഗ്ഗീയ പിതാവ് നിനക്കു നൽകുന്ന സ്നേഹാർദ്രത മനസ്സിലാക്കുവാൻ നീ ഉദ്യമിക്കുകയും ചെയ്താലും ഇതിന്റെയെല്ലാം അപ്പുറം ഒരു അനന്തത മാത്രമായിരിക്കും ഫലം.

യുഗങ്ങളോളം ഈ സ്നേഹത്തെ നീ അപഗ്രഥിച്ചാലും തന്റെ പുത്രനെ ലോകത്തിനുവേണ്ടി മരിക്കുവാൻ നല്കിയ ദൈവസ്നേഹത്തിന്റെ നീളം, വീതി, ആഴം, ഉയരം, മുഴുവനായി മനസ്സിലാക്കുവാൻ നിനക്ക് കഴിയുകയില്ല. നിത്യതയ്ക്കുതന്നെ അതിനെ മുഴുവനായി വെളിപ്പെടുത്തുവാൻ കഴിയുകയില്ല. എന്നിരുന്നാലും നാം വചനം പഠിക്കുകയും കർത്താവായ യേശുക്രിസ്തുവിന്റെ ജീവിതത്തെയും വീണ്ടെടുപ്പിനെയും ധ്യാനിക്കുകയും ചെയ്യുമ്പോൾ ഈ ഭയങ്കര തത്വം കൂടുതൽ കൂടുതൽ അറിവിന് വെളിപ്പെട്ടുവരും.

സ്നേഹവാനും കാരുണ്യവാനും ആർദ്രതയുള്ളവനും വാത്സല്യമുള്ളവനുമായ ദൈവത്തെ ലോകത്തിനു വെളിപ്പെടുത്തുവാനാണ് യേശു വന്നത്. കാലിത്തൊഴുത്തിൽനിന്ന് കാൽവറിവരെയുള്ള യേശുവിന്റെ ജീവിതം ഒന്നു പുനരവലോകനം ചെയ്യുവാൻ ഓരോ ദിവസവും ചിന്തയ്ക്കായി ഓരോ മണിക്കൂർ ചിലവഴിക്കുന്നത് നന്നായിരിക്കും. ഇതിനെ, പ്രത്യേകിച്ച്, അവന്റെ ഭൂമിയിലെ ജീവിതത്തിന്റെ അന്ത്യഭാഗങ്ങളെ, നാം ഘട്ടം ഘട്ടമായെടുത്ത് ഭാവനയിൽ ഓരോ കാഴ്ചയും വ്യക്തമായുൾക്കൊള്ളുകയും വേണം. ഇങ്ങനെ നാം അവന്റെ കഷ്ടാനുഭവവും പഠിപ്പിക്കലുകളും മാനവകുലത്തിന്റെ വീണ്ടെടുപ്പിനായി അവൻ ചെയ്ത നിത്യയാഗവും ഏകാഗ്രതയോടുകൂടെ ധ്യാനിക്കുകയും ചെയ്യുമ്പോൾ നമ്മുടെ വിശ്വാസം ബലവത്താകുകയും സ്നേഹം അഗാധമാവുകയും നമ്മുടെ രക്ഷകനെ നിലനിർത്തിയ ആത്മാവിൽ കൂടുതലായി നിറയപ്പെടുകയും ചെയ്യും. അവസാനം നാം രക്ഷിക്കപ്പെടണമെങ്കിൽ ക്രൂശിന്റെ ചുവട്ടിൽനിന്ന് പശ്ചാത്താപത്തിന്റെയും വിശ്വാസത്തിന്റെയും പാഠങ്ങൾ നാമെല്ലാവരും പഠിക്കണം. ക്രൂശിതനായ യേശുവിനെ ആത്മാർത്ഥമായി ധ്യാനിക്കുമ്പോൾ ഒരു മനുഷ്യനിലുള്ള എല്ലാ മാഹാത്മ്യവും ഉദാരമനസ്കതയും അതിനോട് പ്രതികരിക്കും.





# വെള്ള നിലയങ്കി ആവശ്യമാണ്

***വിരുന്നുകാരെ നോക്കുവാൻ രാജാവ് അകത്തു വന്നപ്പോൾ കല്യാണ വസ്ത്രം ധരിക്കാത്ത ഒരു മനുഷ്യനെ അവിടെ കണ്ടു. സ്നേഹിതാ നീ കല്ല്യാണവസ്ത്രം ഇല്ലാതെ ഇവിടെ അകത്തു വന്നത് എങ്ങനെ എന്നു ചോദിച്ചു. മത്തായി 22:15,12.***

കല്യാണവസ്ത്രത്തിന്റെ ഉപമയിലൂടെ ക്രിസ്തുവിന്റെ അനുയായികൾക്കുണ്ടായിരിക്കേണ്ട കറ, കളങ്കം എന്നിവയൊന്നുമില്ലാത്ത സ്വഭാവത്തെയാണ് പ്രതിനിധീകരിക്കുന്നത്. സഭക്ക് അത് നല്കപ്പെട്ടിരിക്കുന്നു. “അവൾ ശുദ്ധവും ശുഭ്രവുമായ വിശേഷ വസ്ത്രത്താൽ അലങ്കരിക്കപ്പെട്ടിരിക്കുന്നു. കറയോ ചുളുക്കമോ എന്നിവയൊന്നുമില്ലാത്തതിനാൽ (വെളി. 19:8) വിശേഷവസ്ത്രം എന്ന് വചനം പറയുന്നത് വിശുദ്ധന്മാരുടെ നീതിപ്രവൃത്തികൾ തന്നെ. കർത്താവായ യേശുക്രിസ്തുവിനെ വിശ്വാസത്താൽ സ്വന്ത രക്ഷിതാവായി സ്വീകരിച്ചിരിക്കുന്നവർക്ക് നല്കപ്പെടുന്ന ക്രിസ്തുവിന്റെ കളങ്കമില്ലാത്ത വിശുദ്ധിതന്നെയാണ് അത്.

നമ്മുടെ ആദിമാതാ പിതാക്കളെ വിശുദ്ധ ഏദെനിൽ ദൈവം ആക്കിയപ്പോൾ നിഷ്ക്കളങ്കതയുടെ വെള്ള അങ്കി അവർ അണിഞ്ഞിരുന്നു. എന്നാൽ പാപം കടന്നുവന്ന്, ദൈവവുമായുള്ള ബന്ധം വിച്ഛേദിക്കപ്പെടുകയും അവരെ വലയം ചെയ്തിരുന്ന തേജസ്സ് നഷ്ടമാവുകയും ചെയ്തു. അവർക്ക് നഷ്ടമായ നിഷ്ക്കളങ്കതയുടെ അങ്കിക്കു പകരമായി യാതൊരു മനുഷ്യമാദ്ധ്യമങ്ങൾക്കും ഒന്നും നൽകുവാൻ കഴികയില്ല. ക്രിസ്തു തന്നെത്താൻ നല്കിയ പുതപ്പിനു മാത്രമേ നമ്മെ ദൈവസന്നിധിയിൽ പ്രവേശിക്കുവാൻ യോഗ്യരാക്കുന്നതിന് കഴിയുകയുള്ളു. തന്റെ വിശുദ്ധിയിൻ അങ്കികൊണ്ടുള്ള ഈ സംരക്ഷണം വിശ്വസിച്ച് മാനസ്സാന്തരപ്പെടുന്ന ആത്മാക്കളുടെ മേൽ യേശുതന്നെ ഇടും. ഈ അങ്കി സ്വർഗ്ഗീയ തറിയിൽ നെയ്തെടുത്തതും മനുഷ്യനിർമ്മിതമായ ഒരിഴപോലും ഇതിലില്ലാത്തതുമാകുന്നു. യേശു തന്റെ മാനുഷ്യനിർമ്മിതകതയിൽ ഒരു പരിപൂർണ്ണ സ്വഭാവം വാർത്തെടുത്തത് നമുക്ക് നല്കാമെന്ന് ഏറ്റിരിക്കുകയാണ്. നമ്മുടെ നീതിപ്രവൃത്തികളൊക്കെയും കറപുരണ്ട തുണിപോലെയാണ്. യെശയ്യാ. 64:6. നമുക്ക് നമ്മുടേതായി ചെയ്യുവാൻ കഴിയുന്നതെല്ലാം പാപത്താൽ കളങ്കപ്പെട്ടതാണ്. എന്നാൽ ദൈവപുത്രൻ “നമ്മുടെ പാപങ്ങളെ നീക്കുവാൻ പ്രാപ്തനായി. അവനിൽ പാപം ഇല്ല (1 യോഹ. 3:5).

അവന്റെ പൂർണ്ണ അനുസരണത്താൽ എല്ലാ മനുഷ്യർക്കും ദൈവകല്പന അനുസരിക്കുക എന്നത് സാധ്യമാക്കിത്തീർത്തു. നാം നമ്മെ ക്രിസ്തുവിനായി സമർപ്പിക്കുമ്പോൾ, നമ്മുടെ ഹൃദയം യേശുവിന്റെ ഹൃദയത്തോട് ഒന്നിക്കുകയും ഇഷ്ടം അവന്റെ ഇഷ്ടത്തിൽ ലയിക്കുകയും മനസ്സ് അവന്റെ മനസ്സോടു ചേരുകയും ചിന്തകൾ അവനാൽ ബന്ധിക്കപ്പെടേണ്ടതിന് ആനയിക്കപ്പെടുകയും നാം അവന്റെ ജീവിതം നയിക്കുകയും ചെയ്യും. അവന്റെ വിശുദ്ധിയിൻ അങ്കി ധരിക്കുക എന്നാൽ ഇതാണ് അർത്ഥമാക്കുന്നത്. അങ്ങനെ കർത്താവ് നമ്മെ നോക്കുമ്പോൾ അത്തിയിലയുടെ അരയാടയോ, നഗ്നതയോ, പാപത്തിന്റെ പൈതൃകമോ അല്ല പക്ഷേ യഹോവയുടെ കല്പനകൾക്ക് പരിപൂർണ്ണ അനുസരണമുള്ള തന്റെ സ്വന്തം നീതിയിൻ അങ്കിയാണ് കാണുന്നത്.

# അനുസരണത്തിൽ സന്തോഷം

***യഹോവേ, ഞാൻ നിന്റെ രക്ഷയ്ക്കായി വാഞ്ഛരിക്കുന്നു; നിന്റെ ന്യായപ്രമാണം എന്റെ പ്രമോദമാകുന്നു. സങ്കീ. 119:174.***

ക്രിസ്തുവിന്റെ നുകം തന്റെ കഴുത്തിൽ ഒരു ഭാരമാണെന്ന പരാതി ഒരു യഥാർത്ഥ ക്രിസ്ത്യാനിയും പറയുകയില്ല. യേശുവിന്റെ ശുശ്രൂഷ ഒരു യഥാർത്ഥ സ്വാതന്ത്ര്യമാണെന്ന് അവർ കണക്കാക്കും. ദൈവകല്പന അവന് പ്രമോദമാണ്. ദൈവിക കല്പനകളെ അവന്റെ കുറവുകളുടെ നിലവാരത്തിലേക്കു കൊണ്ടുവരുവാൻ ആഗ്രഹിക്കാതെ അതിന്റെ പരിപൂർണ്ണതയിൽ എത്തിച്ചേരുവാൻ അവൻ നിരന്തരമായി പരിശ്രമിക്കും.

കർത്താവിന്റെ നാളിനായി ഒരുക്കമുള്ളവരായിരിപ്പാൻ ആഗ്രഹിക്കുന്നവരുടെ അനുഭവം ഇപ്രകാരമായിരിക്കണം. കൃപാകാലം നിലനില്ക്കുന്നതിനാലും കൃപയുടെ ശബ്ദം ഇന്നും കേൾക്കുന്നതിനാലും നമ്മുടെ പാപങ്ങളെ ഉപേക്ഷിക്കാനുള്ള സമയം ഇതാണ്. നമ്മുടെ കർത്താവിന്റെ വരവ് പ്രതീക്ഷിച്ച് അവന്റെ സന്നിധിയിൽ നാം ഒന്നിനും കുറവില്ലാത്തവരായി, പരിപൂർണ്ണതയിൽ കാണപ്പെടുവാൻ വേണ്ട എല്ലാ സാധ്യതകളും ദൈവം ഒരുക്കിയിട്ടുണ്ട്. നീ ഒരുങ്ങിയിട്ടുണ്ടോ? നീ കല്യാണവസ്ത്രം ധരിച്ചിട്ടുണ്ടോ? ചതിവ്, അശുദ്ധി, മലിനത, കാപട്യം എന്നിവയെ ആ അങ്കി മറയ്ക്കുകയില്ല. നമുക്ക് മനുഷ്യരുടെ മുൻപിൽ നമ്മുടെ ലംഘനങ്ങളെ മറയ്ക്കുവാൻ കഴിയും. എന്നാൽ നമ്മുടെ സൃഷ്ടിതാവിൽനിന്ന് ഒന്നും മറയ്ക്കാൻ നമുക്ക് കഴിയുകയില്ല. ദൈവത്തിന്റെ ദൃഷ്ടി നിന്റെ മേലുണ്ട്.

ദൈവം തന്റെ ഏകജാതനെ നമുക്കുവേണ്ടി നല്കുക മാത്രമല്ല നമ്മുടെ ലംഘനങ്ങൾ കാരണം മരണത്തിലേക്ക് അയക്കുകയും നമ്മുടെ നീതീകരണത്തിനായി വീണ്ടും ഉയിർപ്പിക്കുകയും ചെയ്തു. ക്രിസ്തു മുഖാന്തിരം നമ്മുടെ അപേക്ഷകളെ കൃപാസനത്തിൽ നമുക്ക് അർപ്പിക്കാം. അയോഗ്യരായ നമുക്ക് ക്രിസ്തുവിൽ എല്ലാ ആത്മീക ദാനങ്ങളും പ്രാപിക്കാം. നമുക്ക് ജീവനുണ്ടാകുവാൻ നാം അവന്റെ സന്നിധിയോടടുത്തുവരുമോ?

വിശുദ്ധ നിയമത്തിന്റെ തത്വങ്ങൾ തന്നെയാണ് സ്വർഗ്ഗീയ തത്വങ്ങൾ. തന്റെ വിശുദ്ധ നിയമത്തിന്റെ ധർമ്മോപദേശത്താൽ ദൈവം തന്റെ ഇഷ്ടം വെളിപ്പെടുത്തുകയും ചെയ്തിരിക്കുന്നു. ദൈവേഷ്ടം എന്താണെന്ന് തിരിച്ചറിയുന്നതിനെക്കാൾ വലിയ ജ്ഞാനം പ്രാപിപ്പാൻ സ്വർഗ്ഗീയ ദൂതന്മാർക്ക് കഴിയുകയില്ല. ദൈവേഷ്ടം ചെയ്യുക എന്നതാണ് അവരുടെ ശക്തിയിൽ അന്തർലീനമായിരിക്കുന്ന ശ്രേഷ്ഠസേവനം.

സ്വർഗ്ഗത്തിൽ നിയമാനുസൃത വ്യവസ്ഥയിലല്ല സേവനം നല്കുന്നത്. സാത്താൻ ദൈവകല്പനക്ക് എതിരായി മത്സരിച്ചപ്പോൾ, ദൂതന്മാരുടെ ചിന്തക്കതീതമായി അവരെ ഉണർത്തുന്ന ഒരു കല്പന വന്നുചേർന്നു. അവരുടെ ശുശ്രൂഷയിൽ ദൂതന്മാർ ദാസന്മാരല്ല, മക്കളാണ്. അനുസരണം അവർക്കു ഒരു ഭാരമുള്ള ജോലിയല്ല. ദൈവത്തോടുള്ള സ്നേഹം അവരുടെ സേവനത്തെ സന്തുഷ്ടമാക്കുന്നു. ക്രിസ്തുവിലുള്ള ഏതാത്മാവിലും മഹത്വത്തിന്റെ പ്രത്യാശയാൽ നിറഞ്ഞ അവന്റെ വാക്കുകൾ ഇപ്രകാരം പ്രതിധ്വനിക്കും: "ദൈവമേ, നിന്റെ ഇഷ്ടം ചെയ്യുവാൻ ഞാൻ പ്രിയപ്പെടുന്നു, നിന്റെ ന്യായപ്രമാണം എന്റെ ഹൃദയത്തിലുണ്ട്".





# ദൈവിക പണിശാലയിൽ വാർത്തെടുക്കുന്നു

***ദൈവത്തിന്റെ ദാനമായി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു നിങ്ങളുടെ ശരീരം എന്നും നിങ്ങളെ വിലയ്ക്കു വാങ്ങിയിരിക്കയാൽ നിങ്ങൾ താന്താങ്ങൾക്കുള്ളവരല്ല എന്നും അറിയുന്നില്ലയോ? ആകയാൽ നിങ്ങളുടെ ശരീരം കൊണ്ടു ദൈവത്തെ മഹത്വപ്പെടുത്തുവിൻ. 1 കൊരി. 6:19,20.***

നാം നമ്മുടെ സ്വന്തമല്ല. കർത്താവായ യേശുക്രിസ്തുവിന്റെ യാതനകളും മരണവും മുഖാന്തരം നാം വിലയ്ക്കു വാങ്ങപ്പെട്ടവരാണ്. ഇത് നാം മനസ്സിലാക്കുകയും തിരിച്ചറിയുകയും ചെയ്യുകയാണെങ്കിൽ ദൈവത്തെ പരിപൂർണ്ണമായി സേവിക്കുവാൻ നമ്മുടെ ശരീരത്തെ പൂർണ്ണ ആരോഗ്യത്തിൽ സൂക്ഷിക്കുന്നതിന് വലിയൊരുത്തരവാദിത്വം നമ്മിൽ കുടികൊള്ളുന്നു എന്ന് നാം വ്യക്തമായി മനസ്സിലാക്കും....

ക്രിസ്തു വേഗം വരുന്നു എന്ന് നാം സംശയമെന്യേ വിശ്വസിക്കുന്നു.... നാം ന്യായവിധിയോടടുക്കുകയാണെന്നും വർഷങ്ങളായി നാം ഗ്രഹിച്ചിരിക്കുന്ന വിശ്വാസ സത്യങ്ങൾ ഈ കാലയളവിലേക്കുള്ളതാണെന്നതിനും യാതൊരു സംശയവുമില്ല. വിശ്വസ്തരും നീതിമാന്മാരുമായവരിൽ അമർത്യതയുടെ അവസാന മിനുക്കുപണി പൂർത്തീകരിപ്പാൻ, ആകാശമേഘങ്ങളിൽ ദൂതസംഘത്തിന്റെ അകമ്പടിയോടെ പ്രത്യക്ഷപ്പെടുവാൻ പോകുന്നവനെ എതിരേല്പാൻ നാം ഒരുങ്ങുകയാണ്. നമ്മുടെ പാപത്തിൽനിന്ന് നമ്മെ ശുദ്ധീകരിക്കുന്നതിനോ, നമ്മുടെ സ്വഭാവത്തിലുള്ള പോരായ്മകളെ നീക്കം ചെയ്യുന്നതിനോ, നമ്മിൽ വസിക്കുന്ന വൈകാരിക വൈകൃതങ്ങളെ സൗഖ്യമാക്കുന്നതിനോ അല്ല അവൻ വരുന്നത്. ആ സമയത്തിനു മുൻപായി ഈ ജോലികളെല്ലാം അവൻ പൂർത്തീകരിച്ചിരിക്കും.

കർത്താവ് വരുമ്പോൾ വിശുദ്ധൻ വിശുദ്ധനായിത്തന്നെയിരിക്കും. അമർത്യതയുടെ അവസാന മിനുക്കുപണി വിശുദ്ധീകരണത്തിന്റെ പദവിക്കൊത്ത് ശരീരത്തെയും ആത്മാവിനെയും കാത്തുസൂക്ഷിച്ചവർക്കാണ് ലഭിക്കുന്നത്. പക്ഷേ അശുദ്ധനും വിശുദ്ധീകരിക്കപ്പെടാത്തവനും പാപപങ്കിലനും എന്നും അങ്ങനെ തന്നെയായിരിക്കും. ഇവരുടെ പോരായ്മകളിൽ നിന്ന് ഇവരെ അകറ്റുന്നതിനോ പരിശുദ്ധ സ്വഭാവം നല്കുന്നതിനോ ഒരു പ്രയത്നവും നടത്തപ്പെടുകയില്ല. പരിശോധനയുടെ സമയത്ത് എല്ലാം പൂർത്തീകരിക്കപ്പെട്ടിരിക്കും. ഇപ്പോഴാണ് ഈ വേല നമുക്കായി പൂർത്തീകരിക്കപ്പെടേണ്ടത്.

ഇപ്പോൾ നാം ദൈവത്തിന്റെ പണിശാലയിലാണ്. നമ്മളിൽ പലരും പാറമടയിലെ പരുപരുത്ത കല്ലുകളാണ്. ദൈവിക സത്യത്തെ നാം എത്രമാത്രം ആശ്രയിക്കുന്നുവോ അത്രയും അതിന്റെ പ്രഭാവം നമ്മെ ബാധിക്കും. അത് ഏതു തരത്തിലുള്ളതായാലും എല്ലാ പോരായ്മകളെയും പാപത്തെയും നമ്മിൽനിന്ന് മാറ്റുകയും നമ്മെ ശ്രേഷ്ഠമാക്കുകയും ചെയ്യും. അങ്ങനെ രാജാവിനെ സകല സൗന്ദര്യത്തിലും കാണുവാനും, അവസാനം അവന്റെ മഹത്വരാജ്യത്തിൽ വിശുദ്ധ ദൂതഗണങ്ങളോടൊത്ത് ചേരുവാനും ഒരുക്കപ്പെടും. ഇവിടെയാണ് ആ ജോലി നിർവ്വഹിക്കപ്പെടുന്നത്. ഇവിടെയാണ് അമർത്യതയ്ക്കായി ശരീരവും ആത്മാവും യോജിപ്പിക്കപ്പെടുന്നത്.

# ശാരീരിക ആരോഗ്യവും ശ്രേഷ്ഠ ചിന്തയും

***പ്രിയമുള്ളവരേ, പ്രവാസികളും പരദേശികളുമായ നിങ്ങളുടെ ആത്മാവിനോടു പോരാടുന്ന ജഡമോഹങ്ങളെ വിട്ടകലുവിൻ. 1 പത്രോ. 2:11.***

അനേകരും ഈ വാക്യത്തെ വ്യഭിചാരത്തിന് എതിരെയുള്ള മുന്നറിയിപ്പായിട്ടാണ് കാണുന്നത്. പക്ഷേ ഇതിന് വളരെ വിസ്തൃതമായ അർത്ഥമുണ്ട്. വികാരത്തിന്റെയും വിശപ്പിന്റെയും ഹാനികരമായ എല്ലാ സംതൃപ്തിയെയും ഇത് വിലക്കുന്നു. തെറ്റായ മാർഗ്ഗത്തിലേക്ക് നയിക്കുന്ന എല്ലാ ആസക്തിയും പോരാട്ടമുള്ള ഭോഗേച്ഛയായി മാറുന്നു. വിശപ്പ് സദുദ്ദേശത്തോടുകൂടി നൽകപ്പെടുന്നതാണ്. അപഥ സഞ്ചാരത്തിലൂടെ മരണത്തിന്റെ സ്ഥാനാപതിയാകുന്നതിനോ ആത്മാവിനോട് പോരാടുന്ന ജഡമോഹത്തിലേക്ക് അധഃപതിക്കുന്നതിനോ അല്ല നല്കപ്പെട്ടിരിക്കുന്നത്. പത്രോസിന്റെ ഈ ഉപദേശം ഉത്തേജകങ്ങൾക്കും മയക്കുമരുന്നിന്റെ ഉപയോഗങ്ങൾക്കുമെതിരെയുള്ള വ്യക്തവും ശക്തവുമായ ഒരു താക്കീതാണ്. ഈ പരിലാളനങ്ങൾ ആത്മീക സ്വഭാവത്തിനുമേൽ ദോഷമുള്ള സ്വാധീനമുണ്ടാക്കുവാൻ മതിയായ ജഡമോഹത്തിൽ പ്രധാനിയായി കണക്കാക്കപ്പെട്ടേക്കാം. ശാരീരികാരോഗ്യത്തെ മറ്റിനിർത്തി ദൈവികത്വം ഉണ്ടെന്ന് ആരും ഭാവിക്കാതിരിക്കട്ടെ! അജിതേന്ദ്രിയത്വം പാപമല്ലെന്നും അത് അവരുടെ ആത്മീകതയെ ബാധിക്കുകയില്ലെന്നും ചിന്തിച്ച് തങ്ങളെത്തന്നെ വഞ്ചിക്കാതിരിക്കട്ടെ! ആത്മീകവും ശാരീരികവുമായ സ്വഭാവത്തിനിടയിൽ വളരെ അടുത്ത ഒരു വൈകാരിക ബന്ധം നിലനില്ക്കുന്നുണ്ട്. ജഡീക ശീലങ്ങളാണ്. സദ്ഗുണ നിലവാരം ഉയർത്തുകയോ താഴ്ത്തുകയോ ചെയ്യുന്നത്. ശ്രേഷ്ഠാഹാരത്തിന്റെ അമിത ഭോജനം ആത്മീക ചിന്തയിൽ ഒരു അനാരോഗ്യകരമായ അവസ്ഥ സംജാതമാക്കും. ഈ ആഹാരം ഏറ്റവും ആരോഗ്യദായകമായ ആഹാരമല്ലെങ്കിൽ അതിന്റെ ഫലം ഏറ്റവും ഹാനികരമായിരിക്കും. മാനുഷിക വ്യവസ്ഥയിൽ ആരോഗ്യപരമായ പ്രവർത്തനത്തെ പ്രോത്സാഹിപ്പിക്കാത്തതായ ഏതു ശീലവും ഉന്നതവും ശ്രേഷ്ടവുമായ പ്രത്യേക വാസനകളെ തരംതാഴ്ത്തുന്നതാണ്. വിശപ്പിന്റെ ഈ സ്വാധീനം മൃഗപ്രവണതകളെ ശക്തിപ്പെടുത്തുകയും ഇവ മാനസ്സികവും ആത്മീകവുമായ ശക്തിയിന്മേൽ ഉന്നതാധികാരം സ്ഥാപിക്കുകയും ചെയ്യും.

വിശപ്പിന്റെ സ്വാധീനത്താലുള്ള പരീക്ഷകളുടെ ശക്തി അളക്കുവാൻ മരുഭൂമിയിൽ നമ്മുടെ വീണ്ടെടുപ്പുകാരൻ തന്റെ നീണ്ട ഉപവാസത്തിൽ അനുഭവിച്ച അവർണ്ണനീയമായ വേദന ഒന്നിനാൽ മാത്രമേ കഴിയുകയുള്ളു. തെറ്റായ മാർഗ്ഗത്തിലേക്ക് നിയിക്കപ്പെടുന്ന വിശപ്പിന്റെ സ്വാധീനം മനുഷ്യന്റെ ചിന്താഗതികളെ ഹനിക്കുകയും വിശുദ്ധ വസ്തുക്കളെ തിരിച്ചറിയുവാൻ കഴിയാതെയാക്കുകയും ചെയ്യുമെന്ന് അവനറിയാമായിരുന്നു. ഈ വംശത്തിന്മേൽ വിശപ്പിന്റെ സ്വാധീനശക്തി എത്രമാത്രം ശക്തമായിരുന്നുവോ അതിന്റെ സ്വാധീനത്തെ തകർക്കുവാനായി പരിശുദ്ധനായ ദൈവത്തിന്റെ പുത്രൻ മനുഷ്യനുവേണ്ടി ആറ് ആഴ്ചക്കാലം ഉപവാസം അനുഷ്ഠിക്കേണ്ടിവന്നു എന്നത് ക്രിസ്ത്യാനികളുടെ മുൻപിൽ എത്ര ശ്രേഷ്ഠമായ വേലയാണ്. കഷ്ടപ്പാട് എത്ര ഭയങ്കരമായിരുന്നാലും അവൻ അതിനെ ജയിക്കണമായിരുന്നു. പിശാചിനാൽ കൊണ്ടുവരപ്പെട്ട എല്ലാ കഠിന ശോധനകളെയും അവനോടൊത്തു നിന്ന ദൈവാത്മാവിന്റെ സഹായത്താൽ അതിജീവിക്കുവാനും തന്റെ തിന്മയോടുള്ള പോരാട്ടത്തിൽ വിജയം വരിപ്പാനും കഴിഞ്ഞു. അവസാനം ദൈവരാജ്യത്തിൽ ജയാളിയുടെ കിരീടം അണിയുവാനും ഇടവന്നു.





# ആത്മാക്കളുടെ വിതയും കൊയ്ത്തും

***യൗവ്വന മോഹങ്ങളെ വിട്ടോടി നീതിയും വിശ്വാസവും സ്നേഹവും ശുദ്ധ ഹൃദയത്തോടെ കർത്താവിനെ വിളിച്ചപേക്ഷിക്കുന്ന എല്ലാവരോടും സമാധാനവും ആചരിക്ക. 2 തിമൊ. 2:22.***

പ്രിയയുവ സ്നേഹിതാ, അല്പ സമയം നീ നിന്റെ വന്യചിന്താഗതികൾ വിതയ്ക്കാൻ ചിലവഴിച്ചാൽ നിന്റെ ജീവിതം മുഴുവനും കയ്പ്പിലാക്കുന്ന ധാന്യം നീ ഉല്പാദിപ്പിക്കുകയും തത്വദീക്ഷയില്ലാത്ത ഒരു നിമിഷത്തിൽ പരിശോധനക്ക് കീഴ്പ്പെട്ടാൽ നിന്റെ ജീവിതചര്യ മുഴുവനും തെറ്റായ ദിശയിലേക്കുമായിരിക്കും. നിനക്ക് ഒരു യൗവ്വനമാണ് ലഭ്യമായത്. അത് ഉപയോഗപ്രദമാക്കിത്തീർക്കുക. ഒരിക്കൽ നീ സ്ഥാനംവിട്ടൊഴിഞ്ഞാൽ പിന്നെ ഒരിക്കലും നിന്റെ തെറ്റുതിരുത്തുന്നതിന് മടങ്ങിവരുവാൻ സാധ്യമല്ല.

സാത്താൻ താനും വെളിച്ചദൂതന്റെ വേഷം ധരിച്ച് തന്റെ പുറമോടിയുള്ള പരിശോധനയുമായി യുവാക്കളെ സമീപിക്കുകയും പടിപടിയായി തങ്ങളുടെ ദൗത്യത്തിൽനിന്ന് വ്യതിചലിപ്പിച്ച് അവരെ ജയിച്ച് നേടുകയും ചെയ്യും. അവൻ ഒരു കുറ്റാരോപിയും വഞ്ചകനും നുണയനും പീഡകനും കുലപാതകനും ആയി ചിത്രീകരിക്കപ്പെട്ടിരിക്കുന്നു. നിന്നെ പരീക്ഷിക്കുക എന്നുള്ളത് സാത്താന്റെ പ്രവൃത്തിയും അതിന് കീഴ്പ്പെടുക എന്നത് നിന്റേതും ആയിരിക്കും. പരീക്ഷിക്കപ്പെടുന്നവനെ ലംഘനത്തിന് നിർബന്ധിക്കുക എന്നത് സാത്താന്റെയും അവന്റെ ആളുകളുടെയും കഴിവിൽപ്പെടുന്നില്ല. പാപത്തിന് ഒരു നീക്കുപോക്കുമില്ല.

പരീക്ഷ ഒരു പാപമല്ല. യേശുക്രിസ്തു പരിശുദ്ധനും നിഷ്ക്കളങ്കനും ആയിരുന്നു എന്നിരുന്നാലും നമുക്കു തുല്യമായി എല്ലാത്തിലും പരീക്ഷിക്കപ്പെട്ടു. പക്ഷേ ശക്തിയാലും ബലത്താലും മനുഷ്യന്റെ സഹനത്തിനായി വിളിക്കപ്പെടുകയില്ല. അവന്റെ വിജയകരമായ ചെറുത്തുനില്പിലൂടെ നാം അവന്റെ കാൽച്ചുവടുകളെ പിൻതുടരുവാൻ നമുക്ക് ഉത്തമമായ ഒരു മാതൃക വച്ചേച്ചുപോയിരിക്കുന്നു. നാം നമ്മിൽ ആത്മവിശ്വാസം അർപ്പിക്കുന്നവരോ സ്വയമായി വിശുദ്ധീകരിക്കപ്പെട്ടവരോ ആകുന്നു എങ്കിൽ നാം പരീക്ഷയുടെ ശക്തിയിൻ കീഴിൽ ഏല്പിക്കപ്പെട്ടേക്കാം. നാം ക്രിസ്തുവിങ്കലേക്ക് നോക്കുകയും, അവനിൽ ആശ്രയിക്കുകയും സഹായത്തിനായി പോർക്കളത്തിൽ വൈരിയെ കീഴടക്കിയ ശക്തിയെ വിളിക്കുകയും ചെയ്യുമെങ്കിൽ എല്ലാ പരീക്ഷകളിൽനിന്നും രക്ഷപ്പെടുവാൻ അവൻ ഒരു വഴി തുറന്നുതരും. ഒരു പ്രളയംപോലെ സാത്താൻ വരുമ്പോൾ ആത്മാവിന്റെ വാളുമായി അവന്റെ പരീക്ഷകളെ നേരിടണം. യേശു നമ്മുടെ സഹായകനായിരിക്കും. അവനെതിരെ യേശു നമുക്കുവേണ്ടി ഒരു നിലവാരം ഉയർത്തിത്തരും.

ഒരു തെറ്റായ സ്വഭാവലക്ഷണം, ഒരു പാപാഭിലാക്ഷത്തിന്റെ വളർച്ച എന്നിവ സ്വാഭാവികമായി സുവിശേഷത്തിന്റെ ശക്തിയെ ക്ഷയിപ്പിക്കും. കൃത്യനിർവ്വഹണത്തിൽ ഏർപ്പെടാത്ത വേദന, പാപാസക്തി എന്നിവയാകുന്ന ചരടുകളാൽ മനുഷ്യനെ സാത്താൻ തന്റെ കുടുക്കിൽ ബന്ധിക്കും. തെറ്റ് പ്രവർത്തിക്കുന്നതിനെക്കാൾ മെച്ചം മരണമാണെന്ന് ചിന്തിക്കുന്നവർ മാത്രം വിശ്വസ്തരായി കാണപ്പെടും.

യുവാക്കൾ തങ്ങളുടെ തത്വത്തിൽ ഉറച്ചുനില്ക്കുന്നവരായാൽ സാത്താന് തന്റെ ശക്തമായ പരീക്ഷകളിൽക്കൂടെപോലും അവന്റെ ബന്ധനത്തിൽനിന്ന് അവരെ അകറ്റുവാൻ കഴിയുകയില്ല.

# സ്വർഗ്ഗം അംഗീകരിക്കുന്ന സ്വഭാവം

***ആരും നിന്റെ യൗവ്വനം തുച്ഛീകരിക്കരുത്; വാക്കിലും നടപ്പിലും സ്നേഹത്തിലും വിശ്വാസത്തിലും നിർമ്മലതയിലും വിശ്വാസികൾക്കു മാത്രമായിരിക്ക.***

***1 തിമൊ. 4:12.***

സ്വർഗ്ഗത്തിന്റെ പ്രതാപമായ ക്രിസ്തു യുവജനങ്ങൾക്ക് ഒരു മാതൃക നൽകിയിട്ടുണ്ട്. നസ്രേത്തിലെ തന്റെ പണിശാലയിൽ നിത്യേനയുള്ള ആഹാരത്തിനു വേണ്ടി അവൻ കഷ്ടപ്പെട്ടു. തന്റെ സ്വന്ത ഇഷ്ടം ചെയ്യുന്നതിനോ സ്വയമായി സ്വയം ക്രമീകരിക്കുന്നതിനോ ശ്രമിക്കാതെ മാതാപിതാക്കൾക്ക് കീഴടങ്ങി ജീവിച്ചു. ഒരു മനുഷ്യനെന്ന നിലയിലോ ഒരു ക്രിസ്ത്യാനി എന്ന നിലയിലോ ലളിത ലാളനാജീവിതത്താൽ ഒരു യുവാവിന് യഥാർത്ഥ ശ്രേഷ്ഠത കൈവരിക്കുവൻ കഴിയുകയില്ല. ദൈവം ഒരിക്കലും തന്റെ വേലയിൽ കഷ്ടതയില്ലായ്മയും മാനവും ധനവും വാഗ്ദാനം ചെയ്യുന്നില്ല. പക്ഷേ പീഡനത്തോടുകൂടി വരുവാനുള്ള ലോകത്തു നിത്യജീവനു ആവശ്യമായ എല്ലാ അനുഗ്രഹങ്ങളും അവൻ ഉറപ്പ് നൽകുന്നു. തന്റെ വേലയ്ക്കായി ജീവിതം പൂർണ്ണമായി ഉഴിഞ്ഞുവക്കുന്നതിൽ കുറവായതൊന്നും യേശു അംഗീകരിക്കുന്നില്ല. ഈ ഒരു പാഠം നാം എല്ലാവരും പഠിക്കണം.

ശക്തമായ ആത്മീക തത്വങ്ങളെ നിലനിർത്തുന്ന രേഖപ്പെടുത്തപ്പെട്ട ദൃഷ്ടാന്തങ്ങൾ നമുക്കുണ്ട്. അലറുന്ന സിംഹങ്ങളുടെ ഗുഹക്ക് ദാനിയേലിനെ തന്റെ നിത്യപ്രാർത്ഥനയിൽനിന്ന് മറ്റിനിർത്തുവാൻ സാധിച്ചില്ല. എരിയുന്ന തീച്ചൂളക്ക് ശദ്രക്കിനെയും കൂട്ടുകാരെയും നെബുഖദ്നേസർ നിർത്തിയതായ ബിംബത്തെ നമസ്ക്കരിക്കുന്നതിന് വശീകരിക്കുവാൻ കഴിഞ്ഞില്ല. ദൈവത്തോട് അവിശ്വസ്തരാകുന്നതിനെക്കാൾ ഉറച്ച തത്വദീക്ഷയുള്ള യുവജനങ്ങൾ സുഖം ത്യജിക്കുകയും വേദന സഹിക്കുകയും സിംഹക്കൂട്ടിലും എരിയുന്ന തീച്ചൂളയിലും ധൈര്യവാന്മാരായിരിക്കുകയും ചെയ്യും. യോസഫിന്റെ സ്വഭാവം നോക്കുക. പരിശുദ്ധി കഠിനമായി ശോധന ചെയ്യപ്പെട്ടു. എന്നാൽ അതിന്റെ വിജയം പൂർണ്ണമായിരുന്നു. എല്ലാ ഘട്ടങ്ങളിലും ശ്രേഷ്ഠയുവാവ് ശോധനയെ അതിജീവിച്ചു. അതിമഹത്തായതും കീഴ്പെടാത്തതുമായ തത്വങ്ങൾ എല്ലാ പരീക്ഷകളിലും കാണപ്പെട്ടു. കർത്താവ് അവനോടുകൂടെ ഉണ്ടായിരുന്നു. അവന്റെ വചനം നിയമം ആയിരുന്നു.

ബൈബിൾ പഠിക്കുന്നവർ ദൈവവുമായി ആലോചിച്ച് ക്രിസ്തുവിൽ ആശ്രയിക്കുകയാണെങ്കിൽ ഏതു സാഹചര്യത്തിലും ഏതു സമയത്തും ബുദ്ധിപരമായി പ്രവർത്തിക്കുവാൻ കഴിയും. നല്ല തത്വങ്ങൾ യഥാർത്ഥ ജീവിതത്തിൽ ചിത്രീകരിക്കുവാൻ കഴിയും. ഈ കാലത്തേക്കുള്ള സത്യത്തെ ഹാർദ്ദമായി സ്വീകരിക്കുകയും അതിനെ സ്വഭാവത്തിന്റെ അടിത്തറയാകുവാൻ അനുവദിക്കുകയും ചെയ്യുക. അപ്പോൾ അത് ലക്ഷ്യത്തെ ശക്തീകരിക്കും, അനുഭൂതികളുടെ പ്രലോഭനങ്ങൾ, മാമൂലുകളുടെ വ്യതിയാനങ്ങൾ, ലോകസ്നേഹത്തിന്റെ അവജ്ഞ, സ്വയകീഴടങ്ങലിനായുള്ള ഹൃദയത്തിന്റെ സമ്മർദ്ദങ്ങൾ എന്നിവക്ക് നമ്മിൽ സ്വാധീനശക്തിയില്ലാതായിത്തീരും. മുന്നമേ മനഃസാക്ഷിയെ പ്രബുദ്ധമാക്കി ഇച്ഛകളെ കീഴടക്കണം. സത്യത്തോടുള്ള സ്നേഹവും വിശുദ്ധിയും മനസ്സിനെ നയിക്കുമ്പോൾ സ്വർഗ്ഗം അംഗീകരിക്കുന്ന ഒരു സ്വഭാവം പ്രത്യക്ഷമാകും.





# ]t{Xmk\sâ tKmthWn Ibdp¶X

***അതു നിമിത്തംതന്നെ നിങ്ങൾ സകല ഉത്സാഹവും കഴിച്ചു, നിങ്ങളുടെ വിശ്വാസത്തോടു വീര്യവും വീര്യത്തോടു പരിജ്ഞാനവും പരിജ്ഞാനത്തോടു ഇന്ദ്രിയ ജയവും ഇന്ദ്രിയ ജയത്തോടു സ്ഥിരതയും സ്ഥിരതയോടു ഭക്തിയും ഭക്തിയോടു സഹോദരപ്രീതിയും സഹോദരപ്രീതിയോടു സ്നേഹവും കൂട്ടിച്ചേർപ്പിൻ.***

***2 പത്രൊ. 1:5–7.***

ഈ എട്ട് പടികളുള്ള പത്രൊസിന്റെ ഗോവേണി യുവജനങ്ങളെ ചൂണ്ടിക്കാണിച്ച് അവരുടെ കാൽ ഏറ്റവും താഴെയുള്ള പടിയിൽ വയ്ക്കുവാനും ആത്മാർത്ഥമായ അഭ്യർത്ഥനയിലൂടെ ഏറ്റവും മുകളിലുള്ള പടിയും കയറുവാനും അവരെ പ്രേരിപ്പിക്കുക. ഈ ഗോവേണി യേശുവാണ്.

അവന്റെ മാനുഷീകതയിൽ അതിന്റെ ചുവട് ഭൂമിയിൽ ദൃഢമായി ഉറപ്പിക്കുകയും അതിന്റെ മുകളറ്റം ദൈവസിംഹാസനത്തോട് ബന്ധിപ്പിക്കുകയും ചെയ്യുക. അവന്റെ മാനുഷികത വീഴ്ചഭവിച്ച മനുഷ്യത്വത്തെ പുണരുമ്പോൾ അവന്റെ ദൈവികത ദൈവസിംഹാസനത്തെ മുറുകെപ്പിടിക്കുന്നു. ക്രിസ്തുവിനെ നോക്കിക്കൊണ്ടും അവനെ മുറുകെപ്പിടിച്ചുകൊണ്ടും ഓരോ ചുവടും ഉറപ്പിച്ച് ക്രിസ്തുവിന്റെ ഉന്നതി നാം പ്രാപിച്ച് ഗോവേണിയുടെ പടികൾ ഒന്നൊന്നായി കീഴടക്കുമ്പോഴാണ് നാം രക്ഷപ്രാപിക്കുന്നത്. ആയതിനാൽ അവൻ നമുക്ക് ജ്ഞാനവും വിശുദ്ധീകരണവും വീണ്ടെടുപ്പുമായിത്തീർന്നു. വിശ്വാസം, വീര്യം, പരിജ്ഞാനം, ഇന്ദ്രിയജയം, സ്ഥിരത, ഭക്തി, സഹോദരപ്രീതി, സ്നേഹം ഇവയാണ് ഈ ഗോവേണിയുടെ പടികൾ. ഇവയെല്ലാം ക്രിസ്തീയ സ്വഭാവത്തിൽ പ്രത്യക്ഷമായിരിക്കണം. ഇങ്ങനെ ചെയ്താൽ നിങ്ങൾ ഒരുനാളും ഇടറിപ്പോകാതെ നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ നിത്യ രാജ്യത്തിലേക്കുള്ള പ്രവേശനം ധാരാളമായി പ്രാപിക്കും.

ഒരു സദ്ഗുണം നിങ്ങളിൽ പൂർണ്ണമായി വളർത്തിയതിനുശേഷം മറ്റൊന്ന് വളർത്താമെന്ന് നിരൂപിച്ച് അതിനായി കാത്തിരിക്കരുത്. അവയെല്ലാം ഒരുമിച്ച് വളർന്നുവരണം. ക്രിസ്തുവിന്റെ ജീവിതത്തിലൂടെ പൂർണ്ണമായി വെളിപ്പെടുത്തിയ ഈ നല്ല ദാനങ്ങളെ നിങ്ങളുടെ ദൈനംദിന ജീവിതത്തിൽ പൂർണ്ണമായി വളർത്തി എടുക്കുവാൻ നിങ്ങൾക്കു കഴിയും.

നിങ്ങളുടെ ജീവിതകാലത്ത് നിങ്ങൾക്കു ചെയ്തുതീർക്കുവാനുള്ള വേലയുടെ വ്യാപ്തികണ്ട് വിസ്മയിച്ചുപോകരുത്. ഇവയെല്ലാം ഒന്നിച്ചു ചെയ്തുതീർക്കേണ്ടവയല്ല. എല്ലാ നല്ല അവസരങ്ങളും ഉപയോഗപ്പെടുത്തുവാനും ദൈവം നിങ്ങൾക്കു നല്കുന്ന എല്ലാ സഹായത്തിനും നന്ദിയർപ്പിക്കുവാനും പടിപടിയായി ഉയർച്ചയുടെ ഗോവേണിയിൽ മുന്നേറ്റം ഉണ്ടാക്കുവാനും നിങ്ങളുടെ എല്ലാ കഴിവുകളും ദൈനംദിന ജോലിയിൽ ഉപയോഗയോഗ്യമാക്കണം. ദൈവം നൽകിയിരിക്കുന്ന ഒരു ജീവിതം നിങ്ങൾ നയിക്കേണ്ടതുണ്ടെന്നും നിങ്ങൾക്കായി ഒരു ദിവസം ദൈവം നിശ്ചയിച്ചിരിക്കുന്നു എന്നും ആ ഒരു ദിവസത്തിൽ നിങ്ങൾക്ക് ഈ ജീവിതത്തിൽ ലഭ്യമായ അവസരങ്ങൾക്കും പദവികൾക്കും നിങ്ങൾ എത്ര മാത്രം പ്രാധാന്യം കല്പിച്ചു എന്നും ഉള്ളത് സ്വർഗ്ഗീയ രേഖകൾ വെളിപ്പെടുത്തുമെന്നും നിങ്ങൾ വിസ്മരിക്കരുത്. ദൈവത്താൽ നല്കപ്പെട്ട ഓരോ ദിവസവും നിങ്ങൾ നിങ്ങളെത്തന്നെ മെച്ചപ്പെടുത്തുകയാണെങ്കിൽ, നന്ന്, നല്ലവനും വിശ്വസ്ഥനുമായ ദാസനേ എന്ന് പറയുന്നത് ആ അവസാന നാളിൽ നിങ്ങൾക്ക് ശ്രവിപ്പാൻ ഇടവരും.

# ആത്മാവിന്റെ ഉയിര്

***ഇടവിടാതെ പ്രാർത്ഥിപ്പിൻ. 1 തെസ്സ. 5:17***

അനുഗ്രഹത്തിന്റെ മാർഗ്ഗം ആത്മാവിന്റെ ജീവനാകുന്ന പ്രാർത്ഥനയാണ്. അനുതപിക്കുന്ന ഒരു ആത്മാവ് തന്റെ പ്രാർത്ഥന അർപ്പിക്കുമ്പോൾ, ദൈവം അതിന്റെ ബുദ്ധിമുട്ടുകൾ കാണുകയും പ്രതിസന്ധികളെ നോക്കുകയും അതിന്റെ ആത്മാർത്ഥത രേഖപ്പെടുത്തുകയും ചെയ്യുന്നുണ്ട്. ദൈവവിരൽ അവന്റെ നാഡിയിൽ വച്ച് അതിന്റെ ഇടിപ്പ് ശോധന ചെയ്യുന്നുണ്ട്. ഒരു തോന്നലിനും അതിനെ പുളകം കൊള്ളിക്കുകയില്ല, ഒരു വികാരത്തിനും അതിനെ എതിർക്കാൻ കഴിയുകയില്ല, ഒരു ദുഃഖത്തിനും അതിന്റെമേൽ നിഴൽ വീഴ്ത്തുവാൻ കഴിയുകയില്ല. ഒരു പാപത്തിനും അതിനെ കളങ്കപ്പെടുത്തുവാൻ കഴിയുകയില്ല. ഒരു ആലോചനക്കോ ലക്ഷ്യത്തിനോ അതിനെ വ്യതിചലിപ്പിക്കുവാൻ കഴിയുകയില്ല; ഇതിന്റെ മേൽ അവന് ഒരു അവബോധവുമില്ല. മാറ്റം വരാത്ത ഭക്തിയാൽ അത് സ്നേഹിക്കപ്പെടുകയും വിലമിതിക്കാനാകാത്ത വിലകൊടുത്ത് ആ ജീവനെ വിലക്ക് വാങ്ങുകയും ചെയ്തിരിക്കുകയാണ്. പ്രാണസൗഖ്യത്തിനായി പരമവൈദ്യനോട് പ്രാർത്ഥിക്കുമ്പോൾ അത് ദൈവാനുഗ്രഹം കൊണ്ടുവരും. നമ്മെത്തന്നെയും ദൈവത്തെയും ഒന്നാക്കുന്നതാണ് പ്രാർത്ഥന. പ്രാർത്ഥനയാൽ യേശുവിനെ നമുക്കു പക്ഷത്താക്കുവാനും, തളർന്ന് ഓജസ്സ് നഷ്ടപ്പെട്ട ജീവിതത്തിന് പുതുശക്തിയേകുവാനും, പുതുകൃപ പ്രാപിക്കുവാനും കഴിയും.

നമ്മുടെ രക്ഷകനായ യേശു നമുക്ക് തുല്യനായി സകലത്തിലും പരീക്ഷിക്കപ്പെട്ടവാണ് എന്നിരുന്നാലും അവൻ പാപരഹിതനായിരുന്നു. അവൻ മനുഷ്യപ്രകൃതം ഏറ്റവനെപ്പോലെ ആക്കപ്പെടുകയും മാനുഷിക ആവശ്യങ്ങൾ അവന്റേതു ആയിത്തീരുകയും ചെയ്തു. അവന്റെ ശാരീരിക ആവശ്യങ്ങൾ പൂർത്തീകരിക്കേണ്ടിയിരുന്നതുപോലെ ശാരീരിക ബുദ്ധിമുട്ടുകളെ ആശ്വസിപ്പിക്കേണ്ടതും ഉണ്ടായിരുന്നു. അവന്റെ സ്വർഗ്ഗീയ പിതാവിനോടുള്ള പ്രാർത്ഥനയാലാണ് പ്രവർത്തനത്തിലും പരീക്ഷയിലും താൻ ശക്തീകരിക്കപ്പെട്ടത്. ദിനം തോറും ആത്മാക്കളെ രക്ഷിക്കുവാൻ ആഗ്രഹിച്ച് അവന്റെ ദിനചര്യ അവൻ പിൻതുടരുകയും പരീക്ഷിക്കപ്പെടുന്നവർക്കായി രാത്രി മുഴുവനും പ്രാർത്ഥനയിൽ ചിലവഴിക്കുകയും ചെയ്തു. മലയിലും മരുഭൂമിയിലും രക്ഷകൻ ചിലവഴിച്ച രാക്കാലപ്രാർത്ഥന വരും ദിവസങ്ങളിൽ ഉണ്ടാകാൻ പോകുന്ന പരീക്ഷകളെ എതിരിടുവാൻ അനിവാര്യമായിരുന്നു. സാത്താന്റെ പരീക്ഷകളെ നേരിടുവാൻ ശരീരത്തിനും മനസ്സിനും ഉണർവ്വും ഉന്മേഷവും അനിവാര്യമാണ് എന്ന് അവർ തിരിച്ചറിഞ്ഞിരുന്നു. ജീവിക്കുവാൻ കഷ്ടപ്പെടുന്നവരും ഈ ആവശ്യങ്ങളുടെ അനിവാര്യത മനസ്സിലാക്കും.

അവൻ നമ്മോടു പറയുന്നത് ഇപ്രകാരമാണ്: "ആരെങ്കിലും എന്നെ അനുഗമിപ്പാൻ ഇച്ഛിച്ചാൽ, തന്നെത്താൻ ത്യജിച്ച് തന്റെ ക്രൂശെടുത്ത് ദിനവും എന്നെ അനുഗമിക്കട്ടെ. ഞാൻ എന്റെ ഹൃദയത്തിൽ സൗമ്യനും നിഷ്കളങ്കനുമായിരിക്കയാൽ എന്റെ നുകം ഏറ്റ് എന്നോടു പഠിപ്പിൻ" എന്നു യേശു പറയുമ്പോൾ, അവനു മാത്രമേ നമ്മെ അതിനോട് പ്രതികരിക്കുവാൻ പ്രാപ്തരാക്കുന്നതിന് കഴിയുകയുള്ളു. ഇതിനർത്ഥം എല്ലാ ദിവസവും സ്വയത്തെ നാം ഉപേക്ഷിക്കണമെന്നാണ്. ഉന്നതമായ തീരുമാനം, കഷ്ടതയനുഭവിക്കുവാനുള്ള മനസ്സ്, യഹോവയുടെ യുദ്ധത്തിൽ പോരാടുവാനുള്ള നിരന്തരമായ ഉന്മേഷം എന്നിവ തരുവാൻ അവനുമാത്രമേ കഴിയുകയുള്ളു. ഒരു ബലഹീനന് ഒരു ജയാളിയെക്കാൾ ശക്തനാകുവാൻ ദൈവിക കൃപയുടെ സഹായത്താൽ സാധിക്കും.





# അഭിവൃദ്ധിയുടെ രഹസ്യം

***ജനമേ, എല്ലാ കാലത്തും അവനിൽ ആശ്രയിപ്പിൻ, നിങ്ങളുടെ ഹൃദയം അവന്റെ മുൻപിൽ പകരുവിൻ. സങ്കീ. 62:8.***

ആത്മിക ജീവിതത്തിൽ മുന്നേറുവാൻ ആഗ്രഹിക്കുന്നു എങ്കിൽ നാം വളരെ പ്രാർത്ഥനയുള്ളവരായിരിക്കണം. സത്യത്തിന്റെ ദൂത് ആദ്യം പ്രസംഗിക്കപ്പെട്ടപ്പോൾ നാം എത്രമാത്രം പ്രാർത്ഥിച്ചു. ശയനമുറികൾ, കളപ്പുരകൾ, തോപ്പുകൾ, തോട്ടങ്ങൾ എന്നിവിടങ്ങളിൽനിന്നും മദ്ധ്യസ്ഥതയുടെ ശബ്ദം എത്ര പ്രാവശ്യം കേൾക്കപ്പെട്ടു. മണിക്കൂറുകൾ നിരന്തര പ്രാർത്ഥനയിൽ ചിലവഴിച്ചു, രണ്ടോ മൂന്നോ പേർ ഒരുമിച്ച് വാഗ്ദത്തങ്ങളെ അവകാശപ്പെട്ടു. നിരന്തരമായ കരച്ചിലിന്റെയും അതിനുശേഷം നന്ദിയർപ്പിക്കലിന്റെയും പിന്നീട് സ്തുതിഗീതങ്ങളുടെയും ശബ്ദം ശ്രവിക്കപ്പെട്ടു. നാം ആദ്യം വിശ്വസിച്ച ദിവസത്തെക്കാൾ ദൈവത്തിന്റെ ദിവസം അടുത്തിരിക്കുന്നു. നാം കൂടുതൽ ആത്മാർത്ഥതയുള്ളവരും ഉന്മേഷവാന്മാരും ആദ്യനാളുകളിലേതിനെക്കാൾ തീക്ഷ്ണതയുള്ളവരും ആയിരിക്കണം. അന്നത്തെക്കാൾ ഇന്നത്തെ ദുർഘടങ്ങൾ വലുതാണ്.

യേശു തന്റെ ഭൗമീക ജീവിതത്തിൽ മണിക്കൂറുകൾ നീണ്ട സ്വകാര്യ പ്രാർത്ഥനയിലൂടെയാണ് ജ്ഞാനവും ശക്തിയും പ്രാപിച്ചത്. സ്വർഗ്ഗസ്ഥനായ പിതാവുമായി സമ്പർക്കം പുലർത്തുവാൻ യുവജനങ്ങൾ ഈ ദൃഷ്ടാന്തത്തെ അനുഗമിച്ച് രാവിലെയും രാത്രികാലങ്ങളിലെയും ഏകാന്ത നിമിഷങ്ങൾ ഉപയോഗപ്പെടുത്തണം. ദിവസം മുഴുവനും അവർ അവരുടെ ഹൃദയം ദൈവത്തിങ്കലേക്ക് ഉയർത്തണം. നമ്മുടെ ഓരോ ചുവടിലും അവൻ നമ്മോടു പറയുന്നു, "നിന്റെ ദൈവമായ യഹോവ എന്ന ഞാൻ നിന്റെ വലങ്കൈ പിടിച്ചു; നിന്നോട് ഭയപ്പെടേണ്ടാ, ഞാൻ നിന്നെ സഹായിക്കും" യെശ. 41:13. നമ്മുടെ കുഞ്ഞുങ്ങൾ ഈ പാഠം തങ്ങളുടെ ജീവിതത്തിന്റെ പ്രഭാതത്തിൽ മനസ്സിലാക്കുകയാണെങ്കിൽ, എന്തുമാത്രം ഉന്മേഷവും ബലവും എന്തുമാത്രം മാധുര്യവും സന്തോഷവും അവരുടെ ജീവിതത്തിലേക്ക് കൊണ്ടുവരും.

ജീവനുള്ള ദൈവത്തിനായി നിങ്ങളുടെ ഹൃദയത്തിനുള്ള അഭിവാഞ്ഛയാൽ നിങ്ങളുടെ ഹൃദയം നുറുങ്ങട്ടെ. ആത്മീക സ്വഭാവത്തിന്റെ കൂട്ടവകാശികളാകുമ്പോൾ മാനുഷീകതക്ക് എന്ത് ചെയ്യുവാൻ കഴിയും എന്ന് ക്രിസ്തുവിന്റെ ജീവിതം വെളിപ്പെടുത്തി. യേശു എന്തെല്ലാം ദൈവത്തിൽ നിന്ന് സ്വായത്തമാക്കിയോ അതെല്ലാം നമുക്കും സാദ്ധ്യമാണ്. ആയതിനാൽ അത് ചോദിച്ച് വാങ്ങണം. യാക്കോബിന്റെ ഉറച്ച വിശ്വാസത്തോടും ഏലിയാവിന്റെ വഴങ്ങിക്കൊടുക്കാത്ത നിർബ്ബന്ധബുദ്ധിയോടുംകൂടി ദൈവം നിങ്ങൾക്ക് വാഗ്ദത്തം ചെയ്തത് എല്ലാം അവകാശപ്പെടുക.

ദൈവത്തിന്റെ മഹത്വമാർന്ന ആശയങ്ങളാൽ നിങ്ങളുടെ ഹൃദയം നിറഞ്ഞുകവിയട്ടെ. യേശുവിന്റെ ജീവിതവുമായി നിങ്ങളുടെ ജീവിതം മറയ്ക്കപ്പെട്ട കണ്ണികളാൽ കോർത്തിണക്കപ്പെടട്ടെ! അന്ധകാരത്തിൽനിന്ന് വെളിച്ചം പ്രകാശിക്കട്ടെ എന്ന് ആജ്ഞാപിച്ചവൻ ക്രിസ്തുവിന്റെ മുഖത്തുള്ള ദൈവതേജസ്സിന്റെ അറിവിന്റെ വെളിച്ചത്താൽ നിന്റെ ഹൃദയം ശോഭിപ്പിക്കുവാൻ സന്നദ്ധനാണ്. പരിശുദ്ധാത്മാവ് ദൈവിക കാര്യങ്ങൾ എടുത്ത് നിന്നെ കാണിക്കുകയും ക്രിസ്തു നിന്നെ അനന്തതയുടെ പഠിപ്പുരയിലേക്ക് ആനയിക്കുകയും ചെയ്യും. മൂടുപടത്തിനപ്പുറം നീ ദൈവമഹത്വം ദർശിക്കുകയും നമുക്കുവേണ്ടി പക്ഷപാദം നടത്തുവാൻ ജീവിച്ചിരിക്കുന്നവന്റെ അപര്യാപ്തത മനുഷ്യർക്ക് വെളിപ്പെടുത്തുകയും ചെയ്യും.

# പതറിപ്പോകാത്ത വിശ്വാസം

***എന്നാൽ അവൻ ഒന്നും സംശയിക്കാതെ വിശ്വാസത്തോടെ യാചിക്കേണം. സംശയിക്കുന്നവൻ കാറ്റടിച്ചു അലയുന്ന കടൽത്തിരയ്ക്കു സമൻ. യാക്കോ. 1:6.***

പ്രാർത്ഥനയും വിശ്വാസവും വളരെ അടുത്ത് സംയോജിപ്പിക്കപ്പെട്ടിരിക്കയാൽ ഇവ രണ്ടും ഒരുമിച്ച് പഠിക്കേണ്ടിയിരിക്കുന്നു. വിശ്വാസത്തോടുകൂടിയ പ്രാർത്ഥനയിൽ ഒരു ആത്മീക ശാസ്ത്രമുണ്ട്. തങ്ങളുടെ ജീവിത ദൗത്യം വിജയകരമാക്കണമെന്ന തിരിച്ചറിവ് എല്ലാവരിലും ഉണ്ടാക്കുന്നതാണ് ആ ശാസ്ത്രം. "അതുകൊണ്ട് നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ യാചിക്കുന്നതൊക്കെയും ലഭിച്ചു എന്ന് വിശ്വസിപ്പിൻ, എന്നാൽ അതു നിങ്ങൾക്കുണ്ടാകും" (മർക്കോ 11:24) എന്നാണ് യേശു പറയുന്നത്. നമ്മുടെ ആവശ്യങ്ങൾ ദൈവഹിതത്തിനൊത്തവണ്ണമായിരിക്കണമെന്ന് അവൻ വ്യക്തമാക്കുകയാണ്. അവൻ വാഗ്ദത്തം ചെയ്തവ നാം ആവശ്യപ്പെടുകയും നാം പ്രാപിക്കുന്നത് എല്ലാം അവന്റെ ഇഷ്ടം ചെയ്യുവാൻ നാം ഉപയോഗിക്കുകയും വേണം. വ്യവസ്ഥകൾ പാലിക്കപ്പെട്ടാൽ വാഗ്ദത്തം സുനിശ്ചിതമാണ്.

നാം ചോദിച്ചാൽ പാപക്ഷമക്കും പിശുദ്ധാത്മാവിനും യേശുവന്റെ സ്വഭാവത്തിനും അവന്റെ സേവനത്തിനായുള്ള ബുദ്ധിയും ശക്തിയും ഏത് അനുഗ്രഹവും അവൻ വാഗ്ദത്തം ചെയ്തിരിക്കുന്നു. അവ നമുക്ക് ലഭിച്ചിരിക്കുന്നു എന്ന് വിശ്വസിക്കുകയും നമുക്ക് ലഭിച്ചതിന് നാം ദൈവത്തോട് നന്ദിയർപ്പിക്കുകയും വേണം. ഈ അനുഗ്രഹത്തിന്റെ ബാഹ്യത്തെളിവുകളിലേക്ക് നാം നോക്കേണ്ടതില്ല. ഈ അനുഗ്രഹം അവന്റെ വാഗ്ദത്തത്തിൽ ഉണ്ട്. ദൈവം വാഗ്ദത്തം ചെയ്തത് തരുവാൻ പ്രാപ്തനാണെന്നും ലഭ്യമായിരിക്കുന്ന അനുഗ്രഹം നമുക്കു ഏറ്റവും ആവശ്യമായിരിക്കുമ്പോൾ അത് പ്രത്യക്ഷീകരിക്കാമെന്നുമുള്ള ഉറപ്പോടുകൂടി നമ്മുടെ വേലയ്ക്കായിപ്പോകുക.

ദൈവത്തിന്റെ വചനത്താലും ജീവിക്കും എന്നത് അർത്ഥമാക്കുന്നത് ജീവിതം പൂർണ്ണമായി ദൈവത്തിന് സമർപ്പിക്കുക എന്നുള്ളതാണ്. ഹൃദയം ദൈവസന്നിധിയിൽ പകരുവാനും ആശ്രയിക്കുവാനും ആവശ്യങ്ങൾ ഉന്നയിക്കുവാനുമുള്ള ഒരു തുടർബോധം അവിടെ അനുഭവപ്പെടുകയും ചെയ്യും. ആത്മാവിന്റെ ജീവൻ പ്രാർത്ഥനയായതിനാൽ അത് ഒഴിവാക്കുവാൻ പാടുള്ളതല്ല. കുടുംബപ്രാർത്ഥന, പൊതുവായ പ്രാർത്ഥന എന്നിവക്ക് അവയുടെ സ്ഥാനമുണ്ട്. പക്ഷേ ദൈവത്തോടുള്ള രഹസ്യപ്രാർത്ഥന ഒന്നുമാത്രമാണ് ആത്മാവിന്റെ ജീവനെ നിലനിർത്തുന്നത്.

ലൗകികത മുൻപൊരിക്കലും ഇല്ലാതിരുന്നതുപോലൊരു തീവ്രത കയ്യടക്കുന്നത് ദർശിക്കുകയുണ്ടായി. വിനോദത്തിൽ, പണസമ്പാദനത്തിൽ, അധികാരമത്സരത്തിൽ, നിലനില്പിനായുള്ള പോരാട്ടത്തിൽ, ശരീരം, മനസ്സ്, ആത്മാവ് ഇവയെ പിടിച്ചടക്കുന്ന വലിയൊരു ശക്തിയുണ്ട്. ഭ്രാന്ത് പിടിപ്പിക്കുന്ന ഈ തിരക്കിനിടയിലും ദൈവം നമ്മോട് സംസാരിക്കുന്നു. ഇതിൽ നിന്ന് വേർപെട്ട് ദൈവവുമായി ബന്ധപ്പെടുവാൻ അവൻ ആഹ്വാനംചെയ്യുകയാണ്. മിണ്ടാതിരുന്ന് ഞാൻ ദൈവമെന്ന് അറിഞ്ഞുകൊള്ളുവിൻ. അവന്റെ മുൻപിലുള്ള ഒരു നിമിഷത്തെ വണക്കമല്ല പക്ഷേ ക്രിസ്തുവുവമായി ഒരു വ്യക്തിഗതബന്ധം അഥവാ അവനോടൊത്തിരുന്ന് ഒരു സുഹൃത്ബന്ധം എന്നതാണ് നമ്മുടെ ആവശ്യം.





# ഹൃദയത്തിലും ജീവിതത്തിലും വിശുദ്ധിയുള്ളവർ

***ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ; അവർ ദൈവത്തെ കാണും. മത്താ. 5:8.***

അശുദ്ധമാക്കുന്ന ഒന്നും ദൈവനഗരത്തിൽ കടക്കുകയില്ല. ഇവിടെ ഹൃദയശുദ്ധിയുള്ളവർക്കു മാത്രമേ അവിടെ എത്തി വസിക്കുവാൻ കഴിയുകയുള്ളു. യേശുവിനെ അറിയുന്ന ഒരുവനിൽ അശ്രദ്ധ, അസഭ്യമായ ഭാഷാപ്രയോഗം, അശുദ്ധ ചിന്ത എന്നിവയ്ക്കെതിരെ വളർന്നുവരുന്ന ഒരു അതൃപ്തി ഉടലെടുക്കും. യേശു ഹൃദയത്തിൽ വസിക്കുമ്പോൾ ചിന്തയ്ക്കും സ്വഭാവത്തിനും വിശുദ്ധിയും നവീകരണവും ഉണ്ടാകും.

യേശുവിന്റെ വാക്കുകൾക്ക് കുറേക്കൂടി ആഴമായ അർത്ഥമുണ്ട്. വിശുദ്ധി എന്നാൽ ലോകം മനസ്സിലാക്കുന്നതുപോലുള്ള ഒരു ശുദ്ധ ചിന്ത മാത്രമല്ല; വൈകാരിക ചിന്തകൾ, ജഡാഭിലാക്ഷം, അഹന്ത, സ്വയതാല്പര്യങ്ങൾ എന്നിവയിൽ നിന്നുള്ള മോചനവും ആത്മാവിന്റെ രഹസ്യതാല്പര്യങ്ങൾ ഉദ്വേഗങ്ങൾ എന്നിവയിലുള്ള സത്യസന്ധതയും താഴ്മ, നിസ്വാർത്ഥത, ശിശുതുല്യത എന്നിവയും കൂടിയാണ്.

സമാനതർക്കു മാത്രമേ സമാനതയെ അഭിനന്ദിക്കുവാൻ കഴിയുകയുള്ളു. ക്രിസ്തുവിന്റെ സ്വഭാവത്തിലെ തത്വമായ സ്വയത്യാഗ സ്നേഹം നിന്റെ ജീവിതതത്വമായി നീ അംഗീകരിക്കുന്നില്ല എങ്കിൽ നിനക്ക് ദൈവത്തെ അറിയുവാൻ കഴിയുകയില്ല.... ക്രിസ്തുവിന്റെ മഹത്വപ്രത്യക്ഷതയിൽ ദുഷ്ടന്മാർക്ക് നിൽക്കുവാൻ കഴിയുകയില്ല. അവനെ സ്നേഹിക്കുന്നവർക്ക് അവന്റെ പ്രത്യക്ഷതയുടെ പ്രഭാവം ജീവനും അശുദ്ധർക്ക് മരണവുമായിരിക്കും.... അവൻ പ്രത്യക്ഷപ്പെടുമ്പോൾ അവരെ വീണ്ടെടുക്കുവാൻ മരിച്ചവന്റെ മുഖപ്രകാശത്തിൽ നിന്ന് മറയ്ക്കുവാൻ അവർ യാചിക്കും. പരിശുദ്ധാത്മ നിറവിൽ ഹൃദയം ശുദ്ധീകരിക്കപ്പെട്ടവർക്ക് എല്ലാം വ്യത്യസ്തമായിരിക്കും. ഇവർക്ക് ദൈവത്തെ അറിയാം. മോശെക്ക് ദൈവമഹത്വം വെളിപ്പെടുത്തപ്പെട്ടപ്പോൾ അവനെ പാറയുടെ വിള്ളലിൽ ഒളിപ്പിച്ചതുപോലെ ദൈവസ്നേഹത്തെ നാം മുറുകെപ്പിടിക്കുമ്പോൾ നമ്മെയും ക്രിസ്തുവിൽ മറച്ചുകൊള്ളും.

ഇവിടെ ഇപ്പോൾ വിശ്വാസത്താലാണ് നാം അവനെ കാണുന്നത്. നമ്മുടെ ഭാവിയിലേക്കുള്ള കരുതലുകളിലെ അവന്റെ നന്മയും വാത്സല്യവും നമ്മുടെ ദിനംതോറുമുള്ള അനുഭവത്തിൽ വ്യക്തമായി വേർതിരിച്ച് കാണും. തന്റെ പുത്രന്റെ സ്വഭാവത്തിലൂടെ നാം അവനെ തിരിച്ചറിയും. ഹൃദയശുദ്ധിയുള്ളവർ ദൈവത്തിന്റെ സ്വഭാവത്തിലെ പരിശുദ്ധിയും സ്നേഹവായ്പും തിരിച്ചറിയുമ്പോൾ ദൈവത്തെ അവരുടെ വീണ്ടെടുപ്പുകാരനായി ഏറ്റവും അടുത്ത സുഹൃത്ബന്ധത്തിൽ കാണുകയും അവന്റെ രൂപം പ്രതിഫലിപ്പിപ്പാൻ തീവ്രമായി അഭിലഷിക്കുകയും ചെയ്യും. ഒരു പശ്ചാത്തപിക്കുന്ന മകനെ വാരിപ്പുണരുവാൻ കൊതിക്കുന്ന ഒരു പിതാവെന്ന നിലയിൽ അവർ ദൈവത്തെ കാണുകയും അവരുടെ ഹൃദയം നിർവ്വചനാതീതമായ സന്തോഷത്താൽ നിറയപ്പെടുകയും പൂർണ്ണമായി മഹത്വീകരിക്കപ്പെട്ട അവസ്ഥയിൽ എത്തിച്ചേരുകയും ചെയ്യും. ഹൃദയശുദ്ധിയുള്ളവർ ദൈവമുൻപാകെ ജീവിക്കുന്നതുപോലെ അവർക്ക് നല്കപ്പെട്ട കാലം ഈ ലോകത്ത് ജീവിക്കും. ആദാം ഏദെൻതോട്ടത്തിൽ ദൈവത്തോട് മുഖാമുഖം കണ്ട് സംസാരിച്ച് നടന്നതുപോലെ നാമും ഭാവിയിൽ അമർത്യത പ്രാപിച്ച് അവനെ കാണുകയും അവനോടുകൂടെ നടക്കുകയും ചെയ്യും.

# വേദപുസ്തക വിശുദ്ധീകരണം നിർവ്വചിക്കപ്പെടുന്നു

*സത്യത്താൽ അവരെ വിശുദ്ധീകരിക്കേണമേ; നിന്റെ വചനം സത്യമാകുന്നു. യോഹ. 17:17.*

സത്യത്താൽ വിശുദ്ധീകരിക്കപ്പെട്ടവർ അതിന്റെ ശക്തിക്കു ജീവനുള്ള ശുപാർശകളും ഉയിർത്തെഴുന്നേറ്റ അവരുടെ കർത്താവിന്റെ പ്രതിനിധികളുമാണ്. ക്രിസ്തീയ സഭ അതിന്റെ അഭിരുചിയെ നവീകരിക്കുകയും ന്യായവിധിയെ വിശുദ്ധീകരിക്കുകയും ആത്മാവിനെ ഉയർത്തി ശുദ്ധീകരിച്ച് ശ്രേഷ്ടമാക്കി, ക്രിസ്ത്യാനികളെ സ്വർഗ്ഗീയ ദൂതസമൂഹത്തിന് കൂടുതൽ, കൂടുതൽ യോഗ്യരാക്കിത്തീർക്കുകയും ചെയ്യുന്നു.

“അവരും സാക്ഷാൽ വിശുദ്ധീകരിക്കപ്പെട്ടവർ ആകേണ്ടതിനു ഞാൻ അവർക്കുവേണ്ടി എന്നെത്തന്നെ വിശുദ്ധീകരിക്കുന്നു” യോഹ. 17:19. എന്നാൽ സത്യം അനുസരിക്കയാൽ നിങ്ങളുടെ ആത്മാക്കളെ നിർവ്വ്യാജമായ സഹോദരപ്രീതിക്കായി നിർമ്മലീകരിച്ചിരിക്കകൊണ്ടു ഹൃദയപൂർവ്വം അന്യോന്യം ഉറ്റു സ്നേഹിപ്പിൻ (1 പത്രൊ. 1:22). “പ്രിയമുള്ളവരേ, ഈ വാഗ്ദത്തങ്ങൾ നമുക്കുള്ളതുകൊണ്ട് നാം ജഡത്തിലെയും ആത്മാവിലെയും സകല കന്മഷവും നീക്കി നമ്മെത്തന്നെ വെടിപ്പാക്കി ദൈവഭയത്തിൽ വിശുദ്ധിയെ തികച്ചുകൊൾവിൻ” (2 കൊരി. 7:1).

ഇവിടെയാണ് വേദപുസ്തക വിശുദ്ധീകരണം. ഇത് കേവലം ഒരു പ്രഹസനമോ ബാഹ്യപ്രവൃത്തിയോ അല്ല. ഇതാണ് സത്യത്തിന്റെ പാതയിലൂടെ വിശുദ്ധീകരണം പ്രാപിക്കുന്നത്. ഇത് ഹൃദയത്തിൽ സത്യം സ്വീകരിച്ച് ജീവിതത്തിൽ പ്രാവർത്തികമാക്കുന്നതാണ്.

സത്യത്തിന്റെ ഒരംശം പിറകിൽ എറിഞ്ഞുകളയുന്നവർക്ക് വേദപുസ്തക പ്രകാരം വിശുദ്ധീകരണമില്ല. ദൈവവചനത്തിൽ വേണ്ടുവോളം വെളിച്ചം നൽകിയിട്ടുണ്ട്. ആയതിനാൽ ആർക്കും തെറ്റുപറ്റേണ്ട കാര്യമില്ല. യേശുക്രിസ്തുവിനെ ഒരു മനുഷ്യനായി കണക്കാക്കിയാൽ അവൻ പരിപൂർണ്ണനായിരുന്നു. എന്നാലും അവൻ കൃപയിൽ വളർന്നു. “യേശുവോ ജ്ഞാനത്തിലും വളർച്ചയിലും ദൈവത്തിന്റെയും മനുഷ്യരുടെയും കൃപയിലും മുതിർന്നുവന്നു” ലൂക്കൊ. 2:52. ഏറ്റവും പരിപൂർണ്ണനായ ക്രിസ്ത്യാനിയും തുടർച്ചയായി ദൈവിക പരിജ്ഞാനത്തിലും സ്നേഹത്തിലും മുതിർന്നുവരണം.

വിശുദ്ധീകരണം എന്നു പറയുന്നത് ഒരു നിമിഷത്തെയോ മണിക്കൂറിലെയോ ദിവസത്തെയോ വേലയല്ല; അത് കൃപയാലുള്ള തുടർച്ചയായ വളർച്ചയാണ്. സാത്താൻ ജീവിക്കുന്നുണ്ട്, അവൻ ജാഗരൂകനാണ്, അവനെ എതിരിടുവാൻ ശക്തിക്കും സഹായത്തിനുമായി ദൈവത്തോട് ദിനംതോറും യാചിക്കേണ്ട ആവശ്യമുണ്ട്. സാത്താൻ ഇവിടെ വാഴുന്നിടത്തോളം കാലം നമുക്ക് സ്വയത്തെ കീഴടക്കേണ്ടതുണ്ട്, വ്യാകുലതകളെ അതിജീവിക്കേണ്ടതുണ്ട്, ഇതിന് ഒരന്തവുമില്ല. ഞാൻ പൂർണ്ണമായി കൈവരിച്ചു എന്നു പറയത്തക്ക ഒരു നിശ്ചിത സ്ഥാനവുമില്ല.

ക്രിസ്തീയ ജീവിതം മുൻപോട്ടുള്ള തുടർച്ചയായ പ്രയാണമാണ്. തന്റെ ജനത്തെ ശുദ്ധീകരിക്കുന്നവനെന്നവണ്ണം ക്രിസ്തു ഇരിക്കുന്ന തന്റെ രൂപം വ്യക്തമായി അവരിൽ പ്രതിഫലിക്കപ്പെടുമ്പോൾ അവർ പരിപൂർണ്ണതയ്ക്കും വിശുദ്ധിയ്ക്കും രൂപാന്തരത്തിനും തയ്യാറായവരായിത്തീരുന്നു.





# സാത്താന്റെ തന്ത്രങ്ങളെ സൂക്ഷിക്കുക

***നിർമ്മദരായിരിപ്പിൻ; ഉണർന്നിരിപ്പിൻ; നിങ്ങളുടെ പ്രതിയോഗിയായ പിശാച് അലറുന്ന സിംഹം എന്നപോലെ ആരെ വിഴുങ്ങേണ്ടു എന്നു തിരിഞ്ഞു ചുറ്റിനടക്കുന്നു.... വിശ്വാസത്തിൽ സ്ഥിരമുള്ളവരായി അവനോടു എതിർത്തുനില്പിൻ. 1 പത്രൊ. 5:8,9.***

എല്ലാ ആത്മാക്കളും ജാഗ്രതയിലായിരിക്കട്ടെ! ശത്രു നിന്റെ മാർഗ്ഗത്തിലാണ്. വളരെ ശ്രദ്ധാപൂർവ്വം ഒളിച്ചുവയ്ക്കപ്പെട്ട കെണികളിൽ അപ്രതീക്ഷിതമായി നിന്നെ വീഴ്ത്തും എന്നുള്ളതുകൊണ്ട് ഉണർന്നിരുന്ന് സ്ഥിരോത്സാഹത്തോടെ കാത്തിരിക്കുക. യഹോവയുടെ ദിവസം കള്ളൻ രാത്രിയിലെന്നപോലെ അവരുടെ മേൽ വരുന്നതുകൊണ്ട് അശ്രദ്ധയും തർക്കവും വിട്ടൊഴിയുക. അനേകർ താഴ്മയുടെ പാത വിട്ട് അലഞ്ഞ് ക്രിസ്തുവിന്റെ നുകം മാറ്റിവച്ച്, അജ്ഞാനപാതയിൽ സഞ്ചരിക്കും. അന്ധരാക്കപ്പെട്ട്, സംഭ്രമിപ്പിക്കപ്പെട്ട് അവർ ദൈവരാജ്യത്തിലേക്കുള്ള ഇടുങ്ങിയ പാത വിട്ടുകളയും.

അതിജീവിക്കുന്നവൻ ശ്രദ്ധാലുവാകണം. ലൗകിക സങ്കീർണ്ണതകൾ, തെറ്റ്, അന്ധവിശ്വാസം ഇവയാൽ ക്രിസ്തുവിന്റെ അനുയായികളെ അവനിൽ നിന്ന് അകറ്റുവാൻ സാത്താൻ കഠിനപ്രയത്നം ചെയ്യും. അപകടം നിറഞ്ഞ വലിയ ആപത്തുകളെയും അസ്ഥിര നീക്കങ്ങളെയും നാം ഒഴിവാക്കുന്നത് മാത്രം പോരാ. സ്വയത്തെ തള്ളിയും ത്യജിച്ചും നാം യേശുവിനോട് ചേർന്ന് അവന്റെ പാതയിൽ നടക്കണം. നാം ഒരു ശത്രുരാജ്യത്താണ്. സ്വർഗ്ഗത്തിൽനിന്ന് തള്ളപ്പെട്ടവൻ വലിയ ശക്തിയോടെ ഇറങ്ങിവന്നിരിക്കയാണ്. എല്ലാവിധമായ വിശ്വസനീയമായ കൗശലപ്പണികളാലും സൂത്രങ്ങളാലും ആത്മാക്കളെ ബന്ധികളാക്കുവാൻ അവൻ ശ്രമിക്കുകയാണ്. നാം നിരന്തര ജാഗ്രതയിലല്ലെങ്കിൽ അവന്റെ എണ്ണമറ്റ ചതിയിൽ നാം ഒരു എളിയ ഇരയായി വീണുപോകും. എല്ലാം ധർമ്മാനുഷ്ഠാനത്തിൽ പൊതിഞ്ഞിരിക്കുകയാണെന്നത് ഏൽക്കാല സത്യം വിശ്വസിക്കുന്നവർ തിരിച്ചറിയണം. അവർ ദൈവദിവസത്തിന്റെ പരാമർശത്തിനൊത്ത് പ്രവർത്തിക്കണം. ദൈവന്യായവിധികൾ ഭൂമിയിൽ പതിക്കുവാൻ കാലമായിരിക്കയാൽ ആ ദിവസത്തിനായി നാം ഒരുങ്ങേണ്ടതുണ്ട്.

നമ്മുടെ സമയം വളരെ വിലപ്പെട്ടതാണ്. നമ്മുടെ നിത്യജീവനായി, നാം തയ്യാറാകേണ്ടതിനു കൃപാകാലത്തിന്റെ ഏതാനും ദിവസങ്ങൾ മാത്രമേ നമുക്കുള്ളു. വല്ലപ്പോഴും സംഭവിക്കുന്ന നീക്കങ്ങൾക്കായി നമുക്ക് സമയം ചിലവഴിക്കാനില്ല. ദൈവവചനോപരിതലത്തിൽ നിന്ന് തത്വങ്ങൾമാത്രം തിരഞ്ഞെടുക്കുന്നത് നാം ഉപേക്ഷിക്കണം.

നിന്റെ ശ്രദ്ധ മുഴുവനും ഏതൽക്കാല സത്യത്തിലും, ഒരുക്കത്തിന്റെ വേലയിലും ആകുന്നു എങ്കിൽ സത്യത്താൽ വിശുദ്ധീകരിക്കപ്പെടുകയും അമർത്യതക്കുള്ള യോഗ്യത നീ നേടുകയും ചെയ്യും. ഒടുവിൽ ദൈവസിംഹാസനത്തിന് മുൻപിൽ കറ, കളങ്കം, മാലിന്യം ഏതുമില്ലാതെ നില്ക്കണമെങ്കിൽ സത്യം സ്വീകരിച്ചിരിക്കുന്നവരോടൊത്ത് ഒരുക്കത്തിന്റെ വേല ഭംഗിയായി ചെയ്തുകൊണ്ടിരിക്കണം. വിശുദ്ധീകരണ പ്രക്രിയയ്ക്ക് നിന്നെത്തന്നെ ഏല്പിച്ചുകൊടുക്കുകയാണെങ്കിൽ ദൈവം നിന്നെ ശുദ്ധീകരിക്കും.

# എല്ലാ പ്രലോഭനങ്ങളെയും ചെറുത്തുനില്ക്കുക

***നിങ്ങളെത്തന്നെ മരിച്ചിട്ടു ജീവിക്കുന്നവരായും നിങ്ങളുടെ അവയവങ്ങളെ നീതിയുടെ ആയുധങ്ങളായും ദൈവത്തിനു സമർപ്പിച്ചുകൊൾവിൻ.... പാപം നിങ്ങളിൽ കർത്തൃത്വം നടത്തുകയില്ലല്ലോ. റോമർ 6:13,14.***

മനുഷ്യഹൃദയങ്ങളെ പൈശാചികന്റെ പിടിയിൽനിന്ന് വിടുവിക്കുവാൻ പ്രാപ്തിയുള്ള ശക്തി കർത്താവായ യേശുക്രിസ്തുവിലുള്ള ദൈവത്തിന്റെ ശക്തിയാണ്. നമ്മുടെ വീഴ്ച ഭവിച്ച പ്രകൃതത്തെ എതിർക്കുവാനും കീഴടക്കുവാനും നമ്മെ ശക്തരാക്കുവാൻ അവന്റെ കൃപ ഒന്നുമാത്രം മതി. നമ്മുടെ വീണ്ടെടുപ്പിനാവശ്യമായി വന്ന വിലമതിക്കാനാകാത്ത യാഗത്തിന്റെ മൂല്യം വ്യക്തമാക്കുന്നത് പാപം എത്ര വലിയ ദുഷ്ടതയാണെന്നാണ്. പാപത്തിന്റെ ഫലമായി മാനുഷിക വ്യവസ്ഥിതി താറുമാറാകുകയും മനസ്സ് വഴിതെറ്റുകയും ചിന്തകൾ മലിനപ്പെടുകയും ചെയ്തു. പാപം ആത്മാവിന്റെ കഴിവുകളെ തരം താഴ്ത്തിക്കളഞ്ഞു. പ്രലോഭനങ്ങളിൽ മനസ്സിന് ഒരു ഉത്തരം തിരഞ്ഞെടുക്കാൻ കഴിയാത്ത അവസ്ഥയിൽ പാദങ്ങൾ അഗോചരമായി ദുഷ്ടതയിലേക്ക് തിരിഞ്ഞു. നമുക്കുവേണ്ടിയുള്ള യാഗം പരിപൂർണ്ണമായിരിക്കുന്നതുപോലെ പാപത്തിന്റെ മലീമസാവസ്ഥയിൽ നിന്നുള്ള പുനഃസ്ഥാപനവും പരിപൂർണ്ണമായിരിക്കും. ഒരു ദുഷ്ടതയുടെ പ്രവർത്തനവും നിയമം അനുവദിക്കുകയില്ല. ഒരു അശുദ്ധിയും ശിക്ഷാവിധിയിൽ നിന്നും ഒഴിഞ്ഞുപോവുകയില്ല. ക്രിസ്തുവിന്റെ ജീവിതം നിയമത്തിന്റെ എല്ലാ കാണാവശങ്ങളുടെയും പരിപൂർണ്ണ നിറവേറലായിരുന്നു. ക്രിസ്തു പറഞ്ഞു, 'ഞാൻ എന്റെ പിതാവിന്റെ കല്പനകളെ പ്രമാണിച്ചു' (യോഹ. 15:10). അനുസരണത്തിനും സേവനത്തിനും അവന്റെ ജീവിതമാണ് നമ്മുടെ മാനദണ്ഡം.

യേശുവിനു നല്കിയ അതേ പ്രലോഭനമാണ് സാത്താൻ ഇന്ന് നമുക്കും നല്കുന്നത്. അവനോടുള്ള സഖിത്വത്തിന് പ്രതിഫലമായി ഈ ലോകസാമ്രാജ്യമാണ് അവൻ നമുക്ക് നല്കുന്നത്. വിശ്വാസത്തിന്റെ നായകനും പൂർത്തിവരുത്തുന്നവനുമായ ക്രിസ്തുവിനെ ഒരുവൻ കാണുമ്പോൾ സാത്താന്റെ പ്രലോഭനങ്ങൾക്ക് യാതൊരു ശക്തിയും ഇല്ല. പാപം ഒഴികെ സകലത്തിലും നമുക്കു തുല്യനായി പരീക്ഷിക്കപ്പെട്ട ഒരുവന്റെ ധാർമ്മിക മൂല്യങ്ങളെ വിശ്വാസത്താൽ അംഗീകരിക്കുന്ന ഒരുവനെ പാപം ചെയ്യിക്കുവാൻ സാധിക്കുകയില്ല.

പാപത്തിന്റെ പുറംതള്ളൽ ആത്മാവിന്റെതന്നെ ഒരു പ്രവർത്തനമാണ്. സാത്താന്റെ നിയന്ത്രണത്തിൽ നിന്ന് നമ്മെ വിമുക്തരാക്കുവാൻ നമുക്കുതന്നെ കഴിയുകയില്ല എന്നുള്ളത് സത്യമാണ്. പാപത്തിൽനിന്ന് മുക്തിനേടുവാൻ നാം ആഗ്രഹിക്കുകയും നമുക്കതീതമായ ഒരു ശക്തിക്കായി നാം ആത്മാർത്ഥതയോടെ യാചിക്കുകയും ചെയ്യുമ്പോൾ നമ്മുടെ ആത്മാവിന്റെ ശക്തികൾ ദൈവത്തിന്റെ പരിശുദ്ധാത്മ ശക്തിയുമായി കൂടിക്കലരുകയും ദൈവേഷ്ടം നിറവേറ്റുന്നതിന് താല്പര്യജനകമായ അവയുടെ ആജ്ഞ അനുസരിക്കുകയും ചെയ്യും. മലിനീകരണത്താൽ താഴ്മ ഭവിച്ച ഈ നാളുകളുടെ മധ്യത്തിൽ ഉറച്ചുനിൽക്കുന്നതും സൽപ്രവൃത്തിക്കായി അമിതാവേശമുള്ളതുമായ ആളുകൾ ദൈവത്തിനുണ്ടാവും. ദൈവിക ബലത്തിൽ മുറുകെ പിടിച്ചിരിക്കുന്നവരായ ആളുകൾ എല്ലാ പ്രലോഭനങ്ങൾക്കുമെതിരെ ചെറുത്തുനിൽക്കുന്നവരായിരിക്കും.





# കൃപാകാലം നീളുന്നതെന്തുകൊണ്ട്?

***ചിലർ താമസം എന്നു വിചാരിക്കുന്നതുപോലെ കർത്താവു തന്റെ വാഗ്ദത്തം നിവർത്തിപ്പാൻ താമസിക്കുന്നില്ല. ആരും നശിച്ചുപോകാതെ എല്ലാവരും മാനസാന്തരപ്പെടുവാൻ അവൻ ഇച്ഛിച്ചു നിങ്ങളോടു ദീർഘക്ഷമ കാണിക്കുന്നതേയുള്ളു. 2 പത്രൊ. 3:9.***

ക്രിസ്തുവിനോട് അനുരൂപരാകുന്നതിനുപകരം ലൗകീകതയിൽ ലയിച്ചുചേരുന്നതായ ഒരു ജനത എന്ന അപായം എന്നെ കാണിച്ചു. നിത്യരാജ്യത്തിന്റെ അതിർത്തികളിലാണ് നാമിപ്പോൾ. എന്നാൽ നമ്മെ കാലാന്ത്യത്തിൽ നിന്ന് ദൂരേക്ക് നയിക്കുക എന്നതാണ് ആത്മാവിന്റെ ശത്രുവിന്റെ ഉദ്ദേശം. സാത്താൻ എല്ലാ വിശ്വസനീയമായ രീതിയിലും ദൈവകല്പനാനുസാരികളെന്നു പറയുന്നവരെയും മഹാശക്തിയോടും തേജസ്സോടും ആകാശമേഘങ്ങളിൽ രണ്ടാമതും പ്രത്യക്ഷനാകുവാൻ പോകുന്ന രക്ഷകനുവേണ്ടി കാത്തിരിക്കുന്നവനെയും ആക്രമിക്കും. ദുഷ്ടനാളിനെ ത്യജിച്ച് ആത്മാവിൽ ലൗകികാനുരൂപരായി, അതിന്റെ മര്യാദകളെ പാലിക്കുന്നവരാക്കി സാത്താന് ആകാവുന്നതിലും അധികംപേരെയും അവൻ അതിലേക്ക് നയിക്കും. സത്യത്തിന്റെ ഉന്നതിയിലെത്തിയിരിക്കുന്ന അനേകരുടെയും ഹൃദയവും മനസ്സും നിയന്ത്രിക്കുന്നത് ലോകത്തിന്റെ ആത്മാവാണെന്ന ദർശനം എനിക്കുണ്ടായപ്പോൾ ഞാൻ ഞെട്ടിപ്പോയി.

കാലം ഏറെയില്ലെന്ന സത്യം അംഗീകരിച്ച ഒരു ജനം എന്ന നിലയിൽ നാം ജാഗരിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യണം. നമുക്കു മുൻപിലുള്ള ആ മഹാസംഭവത്തിനായി ഒരുങ്ങുക എന്ന പൂർണ്ണവേലയിൽ നിന്ന് വ്യതിചലിക്കുവാൻ ഒരു കാരണവശാലും നമ്മെ അനുവദിക്കരുത്. കാണപ്പെടുംവണ്ണം കാലം ദീർഘിപ്പിച്ചിരിക്കയാൽ അനേകരും തങ്ങളുടെ പ്രവൃത്തിയിലും സംസാരത്തിലും അശ്രദ്ധരും വ്യത്യസ്തരുമായിത്തീർന്നിരിക്കുകയാണ്. ഭാവിയിലെ നിത്യജീവനായിട്ട് തങ്ങളിൽ സ്വഭാവരൂപീകരണം ഉണ്ടാകുവാൻ പരിശോധനാ നാളുകൾ ദീർഘിപ്പിച്ചിരിക്കുന്നു. നമ്മുടെ ദൈവത്തിന്റെ ആ കൃപ അവർ കാണുകയോ തിരിച്ചറിയുകയോ അവർക്കു വരുവാൻ പോകുന്ന നാശം അവർക്കു അജ്ഞാതവുമാണ്. ഓരോ നിമിഷവും വളരെ വിലപ്പെട്ടതാണ്. അവർക്ക് സമയം നല്കിയിരിക്കുന്നത് ഭൂനിവാസികളായിരിക്കുവാനോ, സ്വന്ത വിശ്രമത്തിനായി പഠിക്കുന്നതിന് തങ്ങളെ നിയോഗിക്കുന്നതിനുവേണ്ടിയോ അല്ല. തങ്ങളുടെ സ്വഭാവത്തിലെ പോരായ്മകൾ പരിഹരിക്കുവാനും സ്വന്ത പ്രയത്നത്താലും മാതൃകയാലും മറ്റുള്ളവർക്ക് പരിശുദ്ധിയുടെ സൗന്ദര്യം ദർശിക്കുവാൻ ഇടയാകേണ്ടതിനുമാണ് അത് ഉപയോഗിക്കേണ്ടത്. ക്രിസ്തുവിന്റെ പ്രത്യക്ഷതയിൽ കല്യാണവസ്ത്രം ഇല്ലാത്തവരായി കാണപ്പെടാതിരിപ്പാൻ സത്യാനുസരണത്താൽ തങ്ങളുടെ ആത്മാക്കളുടെ ശുദ്ധീകരണത്തിനായി കാംക്ഷിച്ച്, വേഗത്തിൽ നിറവേറിക്കൊണ്ടിരിക്കുന്ന പ്രവചനങ്ങളുടെ പങ്കിനെ വിശ്വാസത്തിലും വിശുദ്ധ പ്രത്യാശയിലും തിരയുന്ന ഒരുകൂട്ടം ജനം ദൈവത്തിനു ഭൂമിയിലുണ്ട്.

പ്രവചനത്തിൽ മുൻപറഞ്ഞിരിക്കുന്ന അടയാളങ്ങൾ വളരെ വേഗം നിറവേറപ്പെടുകയാണ്. ഇത് ക്രിസ്തുവിന്റെ എല്ലാ യഥാർത്ഥ അനുയായികളെയും ദ്രുതകർമ്മികളാകുവാൻ പ്രേരിപ്പിക്കും.

# നിന്റെ വ്യവഹാരം വരുന്നു

***ദൈവത്തെ ഭയപ്പെട്ട് അവനു മഹത്വം കൊടുപ്പിൻ; അവന്റെ ന്യായവിധിയുടെ നാഴിക വന്നിരിക്കുന്നു. വെളി. 14:7.***

പരിശോധനാ ന്യായവിധി ആരംഭിക്കുവാൻ നമ്മുടെ മഹാപുരോഹിതൻ സ്വർഗ്ഗീയ മന്ദിരത്തിന്റെ അതിപരിശുദ്ധ സ്ഥലത്ത് 1844-ൽ പ്രവേശിച്ചു. ന്യായവിധിയിൽ രേഖകളുടെ പുസ്തകം തുറക്കപ്പെടുമ്പോൾ ക്രിസ്തുവിൽ വിശ്വസിച്ച എല്ലാവരുടെയും ജീവിതങ്ങൾ ദൈവമുമ്പാകെ പുനഃപരിശോധനയിലേക്ക് വരും. ആദാം മുതൽ ഭൂമിയിൽ ജീവിച്ചിരുന്ന വിശുദ്ധന്മാരിൽ തുടങ്ങി അവസാനം ജീവിച്ചിരുന്നവരിൽ അവസാനിക്കും. ഓരോരുത്തരുടെയും ക്രമത്തിൽ നമ്മുടെ മദ്ധ്യസ്ഥൻ ഓരോ വ്യവഹാരവും ദൈവമുൻപാകെ വയ്ക്കും. എല്ലാ വ്യവഹാരവും സൂക്ഷ്മമായി പരിശോധിക്കും. അതിൽ എല്ലാവരുടെയും പേരുമുണ്ടാകും. പേരുകൾ അംഗീകരിക്കപ്പെടുകയും തിരസ്കരിക്കപ്പെടുകയും ചെയ്യും. പശ്ചാത്തപിക്കാത്തതും ക്ഷമിക്കപ്പെടാത്തതുമായ പാപങ്ങൾ ആരുടെയെങ്കിലും പേരിൽ രേഖകളുടെ പുസ്തകത്തിൽ ഉണ്ടെങ്കിൽ അവരുടെ പേര് ജീവപുസ്തകത്തിൽനിന്ന് മായ്ച്ചുകളയും.

പാപപരിഹാരദിവസമെന്ന മഹാദിനത്തിലാണ് നാം ഇന്ന് ജീവിക്കുന്നത്. ഈ മാതൃകാ പ്രവൃത്തിയിൽ മഹാപുരോഹിതൻ ഇസ്രായേലിനു പാപപരിഹാരം വരുത്തുമ്പോൾ എല്ലാവരും വ്യസനത്തോടെ തങ്ങളെത്തന്നെ താഴ്ത്തി പശ്ചാത്താപത്തോടെ ദൈവമുൻപിൽ താഴ്ത്തേണ്ടത് അനിവാര്യമായിരുന്നു. അല്ലാത്തവരെ ജനമദ്ധ്യത്തിൽ നിന്ന് ഛേദിച്ചു കളയണമായിരുന്നു. ഈ രീതിയിൽ ജീവപുസ്തകത്തിൽ പേര് നിലനിർത്തപ്പെടേണ്ടവർ ഇപ്പോൾ തന്നെ, പരിശോധനക്ക് അല്പസമയം ശേഷിച്ചിരിക്കുമ്പോൾ ദൈവമുൻപിൽ തങ്ങളുടെ മനസ്സ് താഴ്ത്തി വേദനയോടെ പാപഭാരവുമായി പശ്ചാത്തപിക്കണം. ആഴമായ വിശ്വസ്തതയോടെയുള്ള ഹൃദയ പരിശോധന ഉണ്ടാകണം. പൈശാചിക പ്രവണതകളെ കീഴ്പ്പെടുത്തുവാൻ, ഉന്നത കഴിവുകൾ പ്രകടമാക്കുവാൻ ബദ്ധപ്പെടുന്ന എല്ലാവരുടെയും മുൻപിൽ ഒരു ആത്മാർത്ഥ പോരാട്ടം ഉണ്ട്. ഒരുക്കത്തിന്റെ വേല വ്യക്തിപരമാണ്. നാം സമൂഹമായല്ല രക്ഷിക്കപ്പെടുന്നത്. ഒരാളുടെ വിശുദ്ധിയും ഭക്തിയും മറ്റൊരാളിൽ ഉണ്ടാകേണ്ട ഈ നൈസർഗ്ഗിക ഗുണത്തിന്റെ അനിവാര്യത സന്തുലിതമാക്കപ്പെടുകയില്ല. കറ, കളങ്കം, മാലിന്യം ഏതുമില്ല എന്ന് എല്ലാവരും ശോധനചെയ്ത് കണ്ടെത്തേണ്ടിയിരിക്കുന്നു.

വിശ്വാസത്താൽ യേശുവിന്റെ രക്തം തങ്ങളുടെ പാപപരിഹാരയാഗമെന്ന് അവകാശപ്പെടുന്നവരുടെയും യഥാർത്ഥമായി തങ്ങളുടെ പാപത്തെക്കുറിച്ച് പശ്ചാത്തപിക്കുന്നവരുടെയും സ്വർഗ്ഗീയ രേഖകളിൽ പാപം ക്ഷമിക്കപ്പെട്ടിരിക്കുന്നു എന്ന് തങ്ങളുടെ പേരിനു നേരെ രേഖപ്പെടുത്തപ്പെട്ടവരുടെയും ക്രിസ്തുവിന്റെ വിശുദ്ധിക്ക് കൂട്ടവകാശികളായവരുടെയും ദൈവകല്പനകൾക്കനുസൃതമായി തങ്ങളുടെ സ്വഭാവം വെളിവാക്കപ്പെട്ടവരുടെയും പാപങ്ങൾ മോചിക്കപ്പെടുകയും നിത്യജീവന് യോഗ്യരെന്ന് അവർ തങ്ങളെത്തന്നെ കണക്കാക്കുകയും ചെയ്യും. എന്റെ നിമിത്തം ഞാൻ, ഞാൻ തന്നെ, നിന്റെ അതിക്രമങ്ങളെ മായിച്ചുകളയുന്നു. നിന്റെ പാപങ്ങളെ ഓർക്കയുമില്ല" എന്ന് കർത്താവ് വ്യക്തമാക്കുന്നു. യെശ, 43:25.





# നിനക്ക് ആശ്രയിക്കാവുന്ന ഒരു മാനദണ്ഡം

***പിശാചിന്റെ തന്ത്രങ്ങളോടു എതിർത്തുനിൽപാൻ കഴിയേണ്ടതിനു ദൈവത്തിന്റെ സർവ്വായുധവർഗ്ഗം ധരിച്ചുകൊൾവിൻ. എഫെ. 6:11.***

ദൈവവേലയുടെ എല്ലാ ഉണർവ്വിങ്കലും ദുഷ്ടതയുടെ രാജാവ് കൂടുതൽ തീവ്രയജ്ഞവുമായി എഴുന്നേല്ക്കുകയാണ്. യേശുവിനും അവന്റെ അനുയായികൾക്കുമെതിരെയുള്ള അന്ത്യപോരാട്ടത്തിന് അവൻ തന്റെ എല്ലാ കഴിവുകളും ഉപയോഗിച്ച് പ്രവർത്തിക്കുകയാണ്. അവസാനം വ്യാമോഹിപ്പിക്കൽ നമുക്ക് മുൻപിൽ എത്രയും വേഗത്തിൽ തുറക്കപ്പെടും. എതിർ ക്രിസ്തുവിന്റെ അത്ഭുതകരമായ വേലകൾ അവൻ നമുക്കുമുൻപിൽ അവതരിപ്പിക്കുവാൻ പോകുകയാണ്. വളരെ യോജിച്ചുനിൽക്കുന്ന വ്യാജവസ്തുക്കളെക്കൊണ്ട് സത്യത്തെ സാദൃശീകരിക്കുന്നതുകൊണ്ട് അവ തമ്മിലുള്ള വ്യത്യാസം വിവേചിച്ചറിയുവാൻ പരിശുദ്ധ വചനത്താലല്ലാതെ സാദ്ധ്യമല്ല. എല്ലാ അത്ഭുതങ്ങളും പ്രസ്താവനകളും അവയുടെ സാക്ഷ്യങ്ങളാൽ പരിശോധിക്കപ്പെടണം.

വചനസത്യത്താൽ ഹൃദയത്തെ ശക്തീകരിച്ചവർക്കു മാത്രമേ ആ അന്ത്യ മഹാസംഘട്ടനത്തെ തരണം ചെയ്യുവാൻ സാധിക്കുകയുള്ളു. എല്ലാ മനസ്സിലേക്കും ഓടി എത്തുന്ന ഒരു പരിശോധനാ ചോദ്യമുണ്ട്. ഞാൻ ദൈവത്തെക്കാൾ മനുഷ്യനെ അനുസരിക്കണമോ? വഞ്ചനാ നിമിഷം ഇപ്പോൾ തന്നെ വാതിൽക്കലായിരിക്കുന്നു. നമ്മുടെ പാദങ്ങൾ മാറ്റമില്ലാത്ത ദൈവവചനമെന്ന പാറമേൽ ഉറപ്പിച്ചിട്ടുണ്ടോ? ദൈവ കല്പനയും യേശുവിങ്കലുള്ള വിശ്വാസവും സംരക്ഷിക്കുന്നതിനായി ഉറച്ചുനിൽക്കുവാൻ നാം ഒരുങ്ങിയിട്ടുണ്ടോ?

സത്യം എന്തെന്ന് വചനത്തിൽനിന്ന് പഠിക്കുക എന്നതും, അങ്ങനെ വെളിച്ചത്തിൽ നടക്കുന്നതും അവന്റെ മാതൃക പിൻപറ്റുവാൻ മറ്റുള്ളവരെ പ്രോത്സാഹിപ്പിക്കുന്നതും വിവേകമുള്ള ഏതൊരാളുടെയും പ്രഥമവും ഉന്നതവുമായ കർത്തവ്യമാണ്. വചനത്തെ വചനത്തോട് താരതമ്യം ചെയ്ത്, എല്ലാ ചിന്തകളും തുലനം ചെയ്ത്, നാം ദിനംപ്രതി ഏകാഗ്രതയോടെ വചനം പഠിക്കണം. നാം ഓരോരുത്തരും ദൈവമുൻപാകെ ഉത്തരം ബോധിപ്പിക്കേണ്ടവരായതിനാൽ ആത്മാവിന്റെ സഹായത്താൽ നാം നമ്മുടെ അഭിപ്രായം രൂപപ്പെടുത്തണം.

പിതാവ് എന്റെ നാമത്തിൽ അയപ്പാനുള്ള പരിശുദ്ധാത്മാവ് എന്ന കാര്യസ്ഥൻ നിങ്ങൾക്കു സകലവും ഉപദേശിച്ചുതരികയും ഞാൻ നിങ്ങളോട് പറഞ്ഞതൊക്കെയും നിങ്ങളെ ഓർമ്മപ്പെടുത്തുകയും ചെയ്യും (യോഹ. 14:26) എന്ന് യേശു തന്റെ ശിഷ്യന്മാർക്ക് വാഗ്ദത്തം നൽകിയിട്ടുണ്ട്. എന്നാൽ ആപത്ഘട്ടത്തിൽ ദൈവത്തിന്റെ പരിശുദ്ധാത്മാവിന് അവയെ നമ്മുടെ ഓർമ്മയിലേക്ക് കൊണ്ടുവരുവാൻ സാധ്യമാകേണ്ടതിന് മുന്നമേ അവയെ നാം ഹൃദിസ്ഥമാക്കിയിരിക്കണം.

പരിശോധനാനാളുകൾ വരികയും ദൈവവചനം തങ്ങളുടെ ജീവിതനിയമമാക്കിയവർ വെളിവാക്കപ്പെടുകയും ചെയ്യും. പീഡനം വ്യാപകമാകുമ്പോൾ അരമനസ്സുള്ളവരും വഞ്ചകരും പതറുകയും വിശ്വാസത്തിന് കീഴ്പ്പെടുകയും ചെയ്യും. നല്ല നാളുകളിലേതിനെക്കാളും അവന്റെ ഉറച്ച വിശ്വാസത്തോടും ശോഭിത പ്രത്യാശയോടുംകൂടി ഒരു യഥാർത്ഥ ക്രിസ്ത്യാനി പാറപോലെ ഉറച്ചുനിൽക്കും.

# വചനങ്ങളാണ് നമ്മുടെ കവചം

***അവർ ഒക്കെയും രക്ഷ പ്രാപിപ്പാനുള്ളവരുടെ ശുശ്രൂഷക്ക് അയക്കപ്പെടുന്ന സേവ കാത്മാക്കളല്ലയോ. എബ്രാ. 1:14.***

ദൈവജനം യേശുവിലുള്ള വിശ്വാസം മുറുകെപ്പിടിച്ചുകൊണ്ട് ദൈവത്തോടുള്ള വിശ്വസ്തത പാലിക്കുന്നിടത്തോളം കാലം അവർ സ്വർഗ്ഗീയ ദൂതന്മാരുടെ സംരക്ഷണയിലാണ്. അപ്പോൾ സാത്താനെ തന്റെ നാടകീയ കലകളാൽ മനുഷ്യന്റെ മേൽ നാശം വിതയ്ക്കുവാൻ അവൻ അനുവദിക്കുകയില്ല. പക്ഷേ പാപത്താൽ തങ്ങളെ യേശുവിൽനിന്ന് അകറ്റുന്നവർ വൻ നാശത്തിലും ആയിരിക്കും.

സാത്താൻ മുൻകാലങ്ങളിലെക്കാൾ കൂടുതലായി ആത്മാവിന്റെ വിദ്യ ജീവിതങ്ങളിൽ പ്രവർത്തിക്കുന്നതിൽ ഇന്ന് വ്യാപൃതനായിരിക്കുകയാണ്. നാം കൂടുതലായി നമ്മെ സൂക്ഷിച്ചില്ലെങ്കിൽ വമ്പ്, സ്വസ്നേഹം, ലോകസ്നേഹം തുടങ്ങിയ പൈശാചിക സവിശേഷതകൾ നമ്മുടെ ഹൃദയത്തിൽ അവൻ സ്ഥാപിക്കും. ദൈവത്തിലും അവന്റെ വചനസത്യത്തിലുമുള്ള നമ്മുടെ വിശ്വാസം അസ്ഥിരമാക്കേണ്ടതിന് അവൻ സാദ്ധ്യമായ എല്ലാ വഴികളും ഉപയോഗിക്കും.

നമുക്ക് ദൈവകാര്യങ്ങളിൽ ആഴമായ അനുഭവവും അവന്റെ വചനത്തിൽ വ്യക്തമായ പരിജ്ഞാനവുമില്ലെങ്കിൽ, ശത്രുവിന്റെ അബദ്ധ ജഡിലതകളാലും സങ്കീർണ്ണതകളാലും നമ്മുടെ നാശത്തിലേക്ക് നാം നയിക്കപ്പെടും. അനേകർക്കും ദുരുപദേശത്തെ തിരിച്ചറിയുവാനുള്ള പരിജ്ഞാനമില്ലായ്കയാൽ, അവരുടെ അടിസ്ഥാന വിശ്വാസത്തിന്റെ ഊർജ്ജസ്വലതയെ ദുരുപദേശങ്ങൾ ചോർത്തിക്കളയും. ദൈവവചനം സ്ഥിരോത്സാഹത്തോടുകൂടി പഠിച്ച് നമ്മുടെ വിശ്വാസകാരണങ്ങൾ ബൗദ്ധികമായി ഗ്രഹിച്ച്, അറിഞ്ഞ കർത്തവ്യങ്ങൾ വിശ്വസ്തതയോടെ നിറവേറ്റുക എന്നത് മാത്രമാണ് സാത്താന്റെ കൗശലങ്ങൾക്കെതിരായി നമ്മെ സംരക്ഷിക്കുവാനുള്ള ഏക മാർഗ്ഗം. അറിയപ്പെടുന്ന ഒരു പാപത്തിന്റെ ഇഷ്ടത്തിന് വഴങ്ങിക്കൊടുക്കുമ്പോൾ ആലസ്യത്തിനും അന്ധകാരത്തിനും കാരണമാകുകയും അതിതീക്ഷ്ണമായ പ്രലോഭനത്തിന് നമ്മെ ഇരയാക്കുകയുംചെയ്യും. നാം നമ്മുടെ ഹൃദയകവാടം യേശുവിനായി തുറക്കുകയും സാത്താനും അവന്റെ എല്ലാ മുഖാന്തിരങ്ങൾക്കുമെതിരെ ബന്ധിക്കുകയും ആണോ ചെയ്യുന്നത്? നാം ക്രിസ്തുവിന്റെ വിശുദ്ധിയിൽ നില്ക്കേണ്ടതിന് വ്യക്തമായ വെളിച്ചവും ശക്തിയേറിയ ബലവും ദിനംപ്രതി നാം സ്വായത്തമാക്കുന്നുണ്ടോ? നമ്മുടെ ഹൃദയത്തിലെ സ്വാർത്ഥതയെ ഉപേക്ഷിച്ച് സ്വർഗ്ഗത്തിൽനിന്ന് ലഭിക്കുവാൻ പോകുന്ന പിന്മഴയെ പ്രാപിപ്പാനുള്ള ഒരുക്കത്തിനായി നമ്മുടെ ഹൃദയം ശുദ്ധമാക്കുന്നുണ്ടോ?

ജയിക്കുക എന്നത് ഒരു വലിയ ജോലിയാണ്. സഹിഷ്ണതയോടും ശക്തിയോടും നമുക്ക് അതിനെ എത്തിപ്പിടിക്കാം. ഇത് നാം ചെയ്യാത്തിടത്തോളം കാലം നമ്മുടെ കറപുരണ്ട അങ്കി നമ്മിൽനിന്നു മാറ്റപ്പെടുകയില്ല. ഇത് നമ്മിൽനിന്ന് വേർപെടുത്തപ്പെടുവാൻ നാം മുന്നമേ ആശിക്കുന്നില്ലാ എങ്കിൽ നമ്മിൽനിന്ന് അത് വലിച്ചെറിയപ്പെടും എന്ന് ഒരിക്കലും നാം കാംക്ഷിക്കരുത്. പാപത്തെ നമ്മിൽനിന്ന് അകറ്റുവാനുള്ള കർത്താവായ യേശുക്രിസ്തുവിന്റെ രക്തത്തിന്റെ യോഗ്യതയിൽ നാം ആശ്രയിക്കുകയും പീഡനനാളിൽ ശത്രു നമ്മിൽ സമ്മർദ്ദം ചെലുത്തുമ്പോൾ ദൂതഗണങ്ങളോടൊത്ത് നമുക്ക് നടക്കുവാൻ കഴിയും.





# ദൈവിക സുരക്ഷിതത്വത്തിന്റെ ഉറപ്പ്

***കർത്താവു ഭക്തന്മാരെ പരീക്ഷയിൽ നിന്നു വിടുവിപ്പാനും നീതികെട്ടവരെ വിശേഷാൽ മലിനമോഹംകൊണ്ടു ജഡത്തെ അനുസരിച്ചു നടക്കയും കർതൃത്വത്തെ നിന്ദിക്കയും ചെയ്യുന്നവരെ തന്നെ ന്യായവിധി ദിവസത്തിലെ ദണ്ഡനത്തിനായി കാപ്പാനും അറിയുന്നുവല്ലോ? 2 പത്രൊ. 2:9.***

നമുക്ക് മുൻപിലുള്ള പീഡനകാലത്ത് ദൈവിക സുരക്ഷിതത്വത്തിന്റെ ഉറപ്പ് അവന്റെ സഹിഷ്ണുതയുടെ വചനം പ്രമാണിച്ചവരുടെ മേൽ സ്ഥാപിതമായിരിക്കും. മേഘസ്തംഭം ഉഗ്രഭീതിയും ക്രോധവും ദൈവകല്പനാലംഘികളുടെ മേൽ ചൊരിയുമ്പോൾ, വെളിച്ചവും ദയയും വിടുതലും ആയിരിക്കും അത് കല്പനാനുസാരികൾക്ക്. മത്സരികളെ ഉഗ്രമായി അടിക്കുവാൻ ശക്തമായ കരം വിശ്വസ്തരെ വിടുവിപ്പാനും ശക്തമായിരിക്കും. എല്ലാ വിശ്വസ്തരും നിശ്ചയമായും കൂട്ടിച്ചേർക്കപ്പെടും. ലോകചരിത്രത്തിന്റെ അന്ത്യവേളയിൽ എന്ത് ഭാഗം നീ അഭിനയിക്കും? സ്വർഗ്ഗത്തിലും ഭൂമിയിലും നടമാടുന്ന തയ്യാറെടുപ്പിന്റെ ഭയങ്കരമായ വേലയെ നീ ഗ്രഹിക്കുന്നുണ്ടോ? ലോകത്തിലെ എല്ലാ വിപത്തുകൾക്കും ഹേതുവായ പാപവുമായി ആരും ഇടപെടരുത്. നിന്റെ ആത്മാവിന്റെ ഭാവിയെ അനിശ്ചിതത്വത്തിൽ തുടരുവാൻ അനുവദിക്കരുത്. കർത്താവിന്റെ വശത്താണ് നീ പൂർണ്ണമായും എന്നു അറിയുക. ആർക്ക് നില്ക്കുവാൻ കഴിയും എന്ന അന്വേഷണം നിഷ്ക്കളങ്ക ഹൃദയത്തിൽ നിന്നും വിറക്കുന്ന ചുണ്ടുകളിൽ നിന്നും പുറപ്പെടുവാൻ അനുവദിക്കുക. പരിശോധനയുടെ അന്ത്യശ്രേഷ്ഠനിമിഷങ്ങളിൽ നിന്റെ സ്വഭാവരൂപീകരണത്തിൽ മേത്തരവസ്തുക്കൾ നീ ഉപയോഗിക്കുന്നുണ്ടോ? നിങ്ങൾ നിങ്ങളുടെ ആത്മാക്കളെ എല്ലാ അശുദ്ധിയിൽ നിന്നും ശുദ്ധീകരിക്കുന്നുണ്ടോ? പ്രകാശത്തെ നീ അനുധാവനം ചെയ്യുന്നുണ്ടോ? നിന്റെ വിശ്വാസത്തിന് അനുസൃതമായ പ്രവൃത്തി നിനക്കുണ്ടോ? ദൈവകൃപയുടെ മൃദുലമാക്കുന്നതും കീഴ്പ്പെടുത്തുന്നതുമായ സ്വാധീനശക്തി നിന്റെ മേൽ പ്രവർത്തിക്കുന്നുണ്ടോ? പാപത്തിൽ നശിച്ചുപോകുന്ന വംശങ്ങളുടെമേൽ ശോഭിപ്പാൻ നിന്റെ വെളിച്ചത്തെ നീ അനുവദിക്കുന്നുണ്ടോ? ദൈവകല്പനകൾ ചവിട്ടി മെതിക്കപ്പെടുമ്പോൾ അവയെ സംരക്ഷിപ്പാൻ അവരുടെ മുൻപിൽ എഴുന്നേറ്റു നില്ക്കേണ്ടതിന്റെ ആവശ്യകത നീ മനസ്സിലാക്കുന്നുണ്ടോ?

ഭാഗികവും നാമധേയവുമായ വിശ്വാസിയായതിനാലും കുറവുള്ളവനാകയാലും നിത്യജീവൻ നഷ്ടമാകാൻ സാദ്ധ്യതയുണ്ട്. ചില വേദപുസ്തക ആജ്ഞകൾ അനുസരിച്ച് ക്രിസ്ത്യാനി എന്ന് കണക്കാക്കപ്പെടുന്നുണ്ടെങ്കിലും, ക്രിസ്തീയ സ്വഭാവത്തിന് ആവശ്യമായ യോഗ്യതകളുടെ പോരായ്മയുള്ളതുകൊണ്ട് നീ നശിച്ചുപോകുവാനും സാദ്ധ്യതയുണ്ട്. കൃപ താമസിക്കുന്നതിനാലും രക്ഷകൻ പക്ഷപാതം നടത്തുന്നതിനാലും നിത്യതക്കുവേണ്ടി കഠിനമായി നമുക്ക് പരിശ്രമിക്കാം.

ഏറ്റവും വലിയ കഷ്ടം നമുക്കു മുൻപിലുണ്ട്. അതിന്റെ പരിശോധനകളെയും പ്രലോഭനങ്ങളെയും നേരിടുവാനും അതിന്റെ ചുമതലകളെ നിറവേറ്റുവാനും ദൃഢവിശ്വാസം അനിവാര്യമാണ്. പക്ഷേ കാത്തിരിക്കുകയും പ്രാർത്ഥിക്കുകയും വിശ്വസിക്കുകയും ചെയ്യുന്ന ഒരാത്മാവും ശത്രുവിന്റെ കെണിയിൽ വീഴ്ത്തപ്പെടുകയില്ലെന്ന് നാം പ്രൗഢിയോടെ വിജയഭേരി മുഴക്കുമായിരിക്കും.

# ദൃഢവും ജീവിപ്പിക്കുന്നതുമായ ഒരു അനുഭവം

***കർത്താവു താൻ പറഞ്ഞുതുടങ്ങിയതും... കേട്ടവർ നമുക്ക് ഉറപ്പിച്ചുതന്നതുമായ ഇത്ര വലിയ രക്ഷ നാം ഗണ്യമാക്കാതെ പോയാൽ എങ്ങനെ തെറ്റി ഒഴിയും?***

***എബ്രാ. 2:3,4.***

നാം കർത്താവിന്റെ വരവിനെ തള്ളിക്കളയരുതെന്ന് ഞാൻ ദർശിച്ചു. ഭൂമിയിൽ വരുവാനുള്ളതിനായി ഒരുങ്ങുക, ഒരുങ്ങുക. നിന്റെ പ്രവൃത്തികളെല്ലാം നിന്റെ വിശ്വാസത്തിന് അനുയോജ്യമായിരിക്കണം എന്ന് ദൂതൻ പറഞ്ഞു. മനസ്സ് ദൈവത്തിലും നമ്മുടെ സ്വാധീനം ദൈവത്തിനും അവന്റെ സത്യത്തിനുംവേണ്ടി സംസാരിക്കണമെന്ന് ഞാൻ കാണുകയുണ്ടായി. നാം വ്യത്യസ്തരും അശ്രദ്ധരുമായിരിക്കുമ്പോൾ ദൈവത്തെ ആദരിക്കുവാൻ നമുക്ക് സാദ്ധ്യമാവുകയില്ല. മറ്റുള്ളവരുടെ രക്ഷയും നമ്മുടെ സ്വന്ത രക്ഷയും കാത്തുസൂക്ഷിക്കുന്നതിൽ നാം ഉത്സുകരായിരിക്കണം. പ്രഥമസ്ഥാനം ഇതിന് നല്കുകയും മറ്റുള്ളവക്ക് രണ്ടാം സ്ഥാനം പരിഗണിക്കുകയുമാണ് വേണ്ടത്.

സ്വർഗ്ഗീയ സൗന്ദര്യം ഞാൻ കണ്ടു. യേശുവിനു സ്തുതിയും ബഹുമാനവും മഹത്വവും കരേറ്റുന്ന നിർവൃതിദായകമായ ഗാനങ്ങൾ ദൂതന്മാർ ആലപിക്കുന്നത് ഞാൻ കേട്ടു. ദൈവപുത്രന്റെ അത്ഭുതകരമായ സ്നേഹത്തെക്കുറിച്ച് ചിലത് തിരിച്ചറിയുവാൻ എനിക്കു കഴിഞ്ഞു. മാനവരാശിയുടെ രക്ഷ അവൻ ഏറ്റവും കാംക്ഷിച്ചതിനാൽ സ്വർഗ്ഗത്തിൽ അവനുണ്ടായിരുന്ന എല്ലാ മാനവും മഹത്വവും അവൻ ത്യാഗം ചെയ്തു. മനുഷ്യരുടെ മേൽ ചുമത്തപ്പെട്ട എല്ലാ മാനക്കേടും അവഗണനയും നമ്മുടെ രക്ഷയ്ക്കായി വളരെ ക്ഷമയോടും സൗമ്യതയോടുംകൂടെ അവൻ ചുമന്നു. അവൻ അടിക്കപ്പെട്ടും മുറിവേൽപ്പിക്കപ്പെട്ടും തകർക്കപ്പെട്ടും കാൽവറിക്കുരിശിൽ തൂക്കപ്പെട്ടു. നമ്മെ മരണത്തിൽനിന്നും രക്ഷിപ്പാൻ ദാരുണ മരണം അവൻ സ്വീകരിച്ചു. നാം അവന്റെ രക്തത്താൽ കഴുകപ്പെട്ട് അവനോടുകൂടെ ജീവനിലേക്ക് ഉയിർപ്പിക്കപ്പെടണം. ഇതായിരുന്നു അവന്റെ ഉദ്ദേശം. അവൻ നമുക്കായി ഒരുക്കുന്ന ഭവനത്തിൽ അവനോടുകൂടെ വസിച്ച് സ്വർഗ്ഗത്തിന്റെ ശോഭയും മഹത്വവും ആസ്വദിക്കുവാനും, ദൂതഗണങ്ങളുടെ ഗാനാലാപം ശ്രവിക്കുവാനും അവരോടൊത്ത് പാടുവാനും നമ്മെ യോഗ്യരാക്കേണ്ടതിന് ആയിരുന്നു ഇതെല്ലാം അവൻ സഹിച്ചത്.

സ്വർഗ്ഗം മുഴുവനും നമ്മുടെ രക്ഷയിൽ തല്പരരാണെന്ന് ഞാൻ ദർശിച്ചു. നമുക്ക് ഇതിൽ നിന്നും വ്യത്യസ്തരാകുവാൻ കഴിയുമോ? നാം നഷ്ടപ്പെടുകയോ രക്ഷിക്കപ്പെടുകയോ എന്നുള്ളത് കേവലം നിസ്സാരകാര്യമാണ് എന്ന് ചിന്തിച്ച് നമുക്ക് അശ്രദ്ധരാകുവാൻ കഴിയുമോ? നമുക്കുവേണ്ടി അർപ്പിക്കപ്പെട്ട യാഗത്തെ നമുക്ക് അവഗണിക്കുവാൻ കഴിയുമോ?

ഈ നാശാന്ധകാരലോകത്തുനിന്ന് സ്വർഗ്ഗത്തിലേക്ക് നമ്മുടെ പാദങ്ങളെ നയിക്കുവാൻ ഒരു പുസ്തകം നമുക്ക് നല്കപ്പെട്ടിട്ടുണ്ട്. ദൈവകോപത്തിൽ നിന്ന് എങ്ങനെ നമുക്ക് രക്ഷനേടാമെന്നും നമുക്കുവേണ്ടി യേശു സഹിച്ച പങ്കപ്പാടുകളെക്കുറിച്ചും നാം രക്ഷിക്കപ്പെടുവാൻ അവർ അർപ്പിച്ച പരമയാഗത്തെക്കുറിച്ചും അതു മുഖാന്തിരം എന്നുമെന്നേക്കും നാം ദൈവസാന്നിധ്യം അനുഭവിക്കുന്നതിനെക്കുറിച്ചും ഈ പുസ്തകം വിവരിക്കുന്നു.

വെറും ഒരു ആത്മീകഭാവം ആരെയും രക്ഷിക്കുകയില്ല. എല്ലാവർക്കും ശക്തമായ ഒരു ജീവിതാനുഭവം അനിവാര്യമാണ്. ഇതിനു മാത്രമേ പീഡനകാലത്ത് അവരെ രക്ഷിക്കുവാൻ കഴിയുകയുള്ളു. പിന്നെ അവരുടെ പ്രവൃത്തികളും ശോധന കഴിക്കപ്പെടും; തങ്കമാണോ വെള്ളിയാണോ വിശേഷരത്നങ്ങളാണോ ഇവയെല്ലാം കർത്താവിന്റെ സന്നിധിയിൽ രഹസ്യമായി മറയ്ക്കപ്പെട്ടിരിക്കും.





# "ഒരുങ്ങുക, ഒരുങ്ങുക, ഒരുങ്ങുക"

***ഇസ്രായേലേ, നിന്റെ ദൈവത്തെ എതിരേല്പാൻ ഒരുങ്ങിക്കൊൾക. ആമോ. 4:12.***

യേശു ഇന്ന് വാനമേഘങ്ങളിൽ പ്രത്യക്ഷപ്പെടുകയാണെങ്കിൽ ആര് അവനെ എതിരേല്പാൻ ഒരുങ്ങിയിട്ടുണ്ടാവും? നാം ആയിരിക്കുന്നതുപോലെതന്നെ സ്വർഗ്ഗരാജ്യത്തിലേക്ക് മാറ്റപ്പെടുകായണെന്ന് കരുതുക. ദൈവത്തിന്റെ വിശുദ്ധന്മാരോടൊന്നിച്ച് ചേരുവാൻ രാജകീയ കുടുംബമഹിമക്കൊത്തും സ്വർഗ്ഗീയ രാജാവിന്റെ മക്കളോടൊത്തും ജീവിക്കുവാൻ നാം ഒരുക്കമുള്ളവരാണോ? ന്യായവിധിക്കായി നീ എന്ത് ഒരുക്കമാണ് നടത്തിയിരിക്കുന്നത്? ദൈവവുമായി അനുരഞ്ജനത്തിലാകുവാൻ നിനക്ക് കഴിയുന്നുണ്ടോ? നീ ദൈവവുമൊത്ത് പ്രവൃത്തി ചെയ്യുന്നുണ്ടോ? നിനക്ക് ചുറ്റുപാടും വസിക്കുന്നവർ, നിന്റെ ഭവനക്കാർ, അയൽവാസികൾ, നീ ബന്ധപ്പെടുന്ന ദൈവകല്പന അനുസരിക്കാത്തവർ എന്നിവരെ സഹായിക്കാൻ നീ താല്പര്യപ്പെടുന്നുവോ? രാജാവിനെ എതിരേല്പാൻ നീ ഒരുങ്ങുന്നുണ്ടോ?

നാം ആയിരിക്കുന്ന അവസ്ഥയിൽ തന്നെ സ്വർഗ്ഗത്തിലേക്ക് ചേർക്കപ്പെടുകയാണെങ്കിൽ നമ്മിൽ എത്രപേർക്ക് ദൈവത്തിങ്കലേക്ക് നോക്കുവാൻ കഴിയും? നാം എത്രപേർ കല്യാണവസ്ത്രം ധരിച്ചിട്ടുണ്ട്? നമ്മിൽ എത്രപേർ കളങ്കമില്ലാത്തവരായുണ്ട്? ജീവകിരീടം പ്രാപിപ്പാൻ എത്രപേർ യോഗ്യതയുള്ളവരുണ്ട്? സ്ഥാനമാനങ്ങൾ ഒരു മനുഷ്യനെ യോഗ്യനാക്കുകയില്ല. ക്രിസ്തു ഒരുവന്റെ അന്തരംഗത്തിൽ രൂപപ്പെടുമ്പോഴാണ് ഒരിക്കലും വാടാത്ത ജീവകിരീടം പ്രാപിപ്പാൻ മനുഷ്യനെ യോഗ്യനാക്കുന്നത്.

ഭൂമിയിലുള്ള വിശുദ്ധന്മാരിലേക്ക് എന്റെ ശ്രദ്ധ തിരിക്കപ്പെട്ടു. അവസാന ഏഴു ബാധകളിൽനിന്നും നിങ്ങൾ ഒഴിവാക്കപ്പെടുമോ എന്ന് ദൂതൻ അവരോട് ആരാഞ്ഞു. അങ്ങനെയെങ്കിൽ ജീവിക്കുവാനായി നിങ്ങൾ മരിക്കണം. ഒരുങ്ങുക, ഒരുങ്ങുക, ഒരുങ്ങുക. സകലവും ദൈവത്തിന് യാഗമായി സമർപ്പിച്ച് ഇന്നുള്ളതിനെക്കാളുപരിയായ ഒരുക്കം അനിവാര്യമാണ്. സ്വയത്തെയും ധനത്തെയും മറ്റ് എല്ലാത്തിനെയും ജീവനുള്ള യാഗമായി അവന്റെ യാഗപീഠത്തിൽ സമർപ്പിക്കണം. മഹത്വപ്രവേശനത്തിന് ഇത് എല്ലാവരെയും സ്വീകാര്യമാക്കും.

യേശു മഹത്വത്തോടും മഹാശക്തിയോടുംകൂടെ വരുന്നു. ക്രിസ്തു തന്റെ സ്വന്തം മഹിമയോടും പിതാവിന്റെ മഹിമയോടുംകൂടി വരുന്നു. അവന്റെ പ്രത്യക്ഷതയിൽ ദുഷ്ടന്മാർ അവന്റെ സന്നിധിയിൽ നിന്ന് ഓടി ഒളിക്കുമ്പോൾ, ക്രിസ്തുവിന്റെ അനുഗാമികൾ ആർത്തുല്ലസിക്കും. അവന്റെ വിശ്വസ്ത അനുയായികൾക്ക് അവൻ നിത്യസഹവർത്തിയും ഉറ്റമിത്രവുമാണ്. അവർ ദൈവവുമായി ഉറ്റബന്ധത്തിലും നിത്യസമ്പർക്കത്തിലും ജീവിച്ചു. അവരിൽ ദൈവതേജസ്സ് വർദ്ധിച്ചു. രാജാവിന്റെ മഹത്വത്തിൽ അവന്റെ തേജസ്സിന്റെ വല്ലഭത്വത്തിന്റെ ഒളിമങ്ങാത്ത ശോഭയിൽ അവർ ആർത്തു സന്തോഷിച്ചു. അവർ സ്വർഗ്ഗീയ സംസർഗ്ഗത്തിനായി ഒരുങ്ങിയിരുന്നതിനാൽ അവരുടെ അന്തരംഗത്തിൽ സ്വർഗ്ഗം തന്നെയുണ്ടായിരുന്നു. ഇന്ന് യേശു വരികയാണെങ്കിൽ, ഇന്നു നീ ദൈവവുമായി നിരന്നിട്ടുണ്ടെങ്കിൽ അവന്റെ വരവിനായി നീ ഒരുക്കമുള്ളവനാണ്.

# ലോകത്തിലെ അതിശ്രേഷ്ഠ ജോലി

***നിങ്ങൾ ഭൂലോകത്തിലൊക്കെയും പോയി സകല സൃഷ്ടിയോടും സുവിശേഷം പ്രസംഗിപ്പിൻ. മർക്കൊ 16:15.***

നിങ്ങൾ ഭൂലോകത്തിലൊക്കെയും പോയി സകല സൃഷ്ടിയോടും സുവിശേഷം പ്രസംഗിപ്പൻ" എന്നുള്ളത് ക്രിസ്തുവിന്റെ അനുയായികളോടുള്ള യേശുവിന്റെ ആജ്ഞയാണ്. സാധാരണ ഗതിയിൽ എല്ലാവരും സുവിശേഷകരായോ സുവിശേഷ സ്ഥാനാപതികളായോ വിളിക്കപ്പെടുന്നില്ല. പക്ഷേ എല്ലാവരും അവനോടുകൂടെ തങ്ങളുടെ സഹവർത്തികൾക്ക് ഈ സന്തോഷവാർത്ത എത്തിക്കുന്നതിൽ അവന്റെ കൂട്ടുവേലക്കാരാണ്. വലിയവരോ ചെറിയവരോ, വിദ്യാസമ്പന്നരോ, വിദ്യാവിഹീനരോ, വൃദ്ധരോ, ബാല്യക്കാരോ ആയ എല്ലാവർക്കുമായി ഈ ആഹ്വാനം നൽകപ്പെട്ടിരിക്കുന്നു.

ഏതൽക്കാല സത്യം ഗ്രഹിച്ചിരിക്കുന്ന എല്ലാവരുടെമേലും സത്യം മറ്റുള്ളവരെ ഗ്രഹിപ്പിക്കുക എന്ന ഉത്തരവാദിത്വം ഉണ്ട്. ലോകരക്ഷക്കും നന്മയ്ക്കും വേണ്ടിയുള്ള വലിയൊരുത്തരവാദിത്വം ക്രിസ്തുവിന്റെ സേവകരുടെ മേലുണ്ട്. ക്രിസ്തുവിങ്കലേക്ക് ആത്മാക്കളെ നേടുന്ന വേലയിൽ അവർ ദൈവത്തോടുകൂടെ പ്രവർത്തിക്കുന്ന സഹപ്രവർത്തകരാണ്. പാപികളുടെ ഹൃദയത്തെ ആകർഷിക്കുന്ന കേന്ദ്രതന്തു ക്രിസ്തുവും അവന്റെ ക്രൂശീകരണവുമാണ്. സമാനതകളില്ലാത്ത സ്നേഹമാണ് കാൽവരിക്രൂശിൽ യേശു വെളിപ്പെടുത്തുന്നത്. അവനെ അങ്ങനെതന്നെ നാം വിശന്നിരിക്കുന്ന ജനങ്ങളുടെ മുൻപിൽ അവതരിപ്പിക്കണം. അവന്റെ സ്നേഹപ്രഭ അന്ധകാരത്തിലുള്ള മനുഷ്യരെ വെളിച്ചത്തിലേക്കും ലംഘനങ്ങളിൽനിന്ന് അനുസരണത്തിലേക്കും യഥാർത്ഥ പരിശുദ്ധിയിലേക്കും നയിക്കും. കാൽവരിക്രൂശിലെ യേശുവിനെ കാണുമ്പോൾ പാപത്തിന്റെ നീചസ്വഭാവത്തെ മറ്റെന്തിനെക്കാളും മനഃസാക്ഷിയിൽ ഉണർത്തുവാൻ കഴിയും.

നമ്മുടെ സഭാജനങ്ങളുടെ ശ്രദ്ധ മുഴുവനും ക്രൂശിക്കപ്പെട്ട്, പുനർജീവിച്ച ക്രിസ്തുവിലും അവരുടെ നിത്യജീവന്റെ പ്രത്യാശകൾ കേന്ദ്രീകൃതമായിരിക്കുന്ന അവനിലും ആയിരിക്കുകയില്ലയോ? നമ്മുടെ സന്ദേശവും വാദവും അടിസ്ഥാന തത്വവും അനുതപിക്കാത്തവർക്കുള്ള മുന്നറിയിപ്പും ദുഃഖിതർക്കുള്ള പ്രോത്സാഹനവും എല്ലാ വിശ്വാസികളുടെയും പ്രത്യാശയും ഇതുതന്നെയാണ്. മനുഷ്യമനസ്സുകളിൽ താല്പര്യം ഉണർത്തുവാൻ നമുക്ക് സാധിച്ചാൽ, ക്രിസ്തുവിൽ അവരുടെ ദൃഷ്ടി പതിക്കുവാൻ അത് കാരണമായിത്തീരുകയും നമുക്ക് മാറിനിന്ന് ദൈവകുഞ്ഞാടിൽമാത്രം ശ്രദ്ധിക്കുന്നത് തുടരുവാൻ ആവശ്യപ്പെടുകയും ചെയ്യാം. ക്രിസ്തുവിൽ മാത്രം ശ്രദ്ധിക്കുന്നവർ എല്ലാം ത്യജിക്കും. സ്വാർത്ഥത സംബന്ധമായി അവൻ മരിക്കും. ക്രിസ്തുവിൽ മഹത്വകരമായും അത്ഭുതകരമായും ഉയർത്തപ്പെട്ട എല്ലാ തിരുവെഴുത്തുകളും അവൻ വിശ്വസിക്കും.

നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ വരവിനെ കാംക്ഷിക്കുക മാത്രമല്ല, അതിനെ ത്വരിതപ്പെടുത്തുക എന്നുള്ളതു എല്ലാ ക്രിസ്ത്യാനികളുടെയും ഒരു പദവിയാണ്. അവന്റെ നാമം സ്വീകരിച്ചിരിക്കുന്ന എല്ലാവരാലും അവന്റെ വചനമാകുന്ന വിത്ത് എത്രയും വേഗത്തിൽ ലേകമെമ്പാടും വിതയ്ക്കപ്പെടുകയും അവന്റെ മഹത്വത്തിനായി നല്ല ഫലം അവരിൽനിന്ന് പുറപ്പെടുകയും ചെയ്യും. അവസാന വിളവ് പാകമാവുകയും വിലയേറിയ ധാന്യം ശേഖരിക്കുവാൻ ക്രിസ്തു വേഗത്തിൽ വരികയും ചെയ്യും.





# ക്രൂശിന്റെ സന്ദേശം

***എനിക്കോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ക്രൂശിൽ അല്ലാതെ പ്രശംസിപ്പാൻ ഇടവരരുത്; അവനാൽ ലോകം എനിക്കും ഞാൻ ലോകത്തിനും ക്രൂശിക്കപ്പെട്ടിരിക്കുന്നു. ഗലാ. 6:14.***

ദൈവം തന്റെ ജനത്തിനു കൊടുപ്പാൻ ഒരു സന്ദേശം എനിക്കു നല്കി. നിങ്ങൾ വിലയ്ക്കു വാങ്ങപ്പെട്ടവരാണ്. നിങ്ങൾക്കുള്ളതെല്ലാം ദൈവനാമമഹത്വത്തിനും സഹജീവികളുടെ നന്മയ്ക്കുമായി ഉപയോഗിക്കണം. പാപത്തിൽ നശിക്കുന്ന ലോകത്തെ രക്ഷിക്കേണ്ടതിനുവേണ്ടിയാണ് യേശു ക്രൂശിൽ മരിച്ചത്. അവന്റെ വേലയിൽ നിന്റെ സഹകരണം അവൻ ആവശ്യപ്പെടുകയാണ്. നീ അവന്റെ സഹായിയായിരിക്കണം. നിന്റെ ആത്മാർത്ഥവും വ്യതിചലിക്കാത്തതുമായ പ്രയത്നത്താൽ നഷ്ടപ്പെട്ടവരുടെ രക്ഷയ്ക്കായി നീ കാംക്ഷിക്കണം.

ദൈവവേലയ്ക്കായി തങ്ങളെത്തന്നെ സമർപ്പിക്കുന്നവരെ ദൈവകൃപയുടെ രൂപാന്തരം വരുത്തുന്ന ശക്തി വാർത്തെടുക്കും. തനിക്കു ചുറ്റും നശിച്ചുപോകുന്നവരോട് അവന് വ്യത്യസ്തനായിരിക്കുവാൻ കഴിയുകയില്ല. ദൈവത്തിന്റെ ഏകജാതനായ പുത്രന്റെ വിലയേറിയ രക്തത്താൽ തന്റെ ഭാവിയിലെ ഓരോ നിമിഷവും വിലയ്ക്കു വാങ്ങിയിരിക്കുന്നു എന്നും, പാപത്തിന്റെ അടിമത്വത്തിൽ നിന്ന് യേശു തന്നെ വീണ്ടെടുത്തിരിക്കുന്നതിനാൽ തനിക്കുള്ളതെല്ലാം യേശുവിന്റേതാണെന്നും അവൻ തിരിച്ചറിയുന്നു.

ആത്മനേട്ട വേലയുടെ സഹായിയായിരിപ്പാൻ നിന്റെ എല്ലാ താല്പര്യങ്ങളെയും സംരക്ഷിക്കുന്നതിൽ കാൽവരിയിൽ നല്കപ്പെട്ട യാഗം എത്രമാത്രം നിന്റെ ജീവിതത്തിൽ അഭിനന്ദനീയമാണ്? രക്ഷകന്റെ ജീവിതം വരച്ചുകാട്ടിയതായ പാപികളുടെ രക്ഷയ്ക്കായുള്ള അഭിവാഞ്ഛയുടെ വ്യാപ്തിതന്നെയാണ് അവന്റെ യഥാർത്ഥ അനുയായിയുടെ ജീവിതവും വെളിവാക്കുന്നത്. തനിക്കായി തന്നെ ജീവിക്കുവാൻ ഒരു ക്രിസ്ത്യാനിക്ക് അഭിവാഞ്ഛയില്ല. യജമാനന്റെ സേവയ്ക്കായി തന്നെയും തനിക്കുള്ളതും അർപ്പിക്കുന്നതിൽ ക്രിസ്ത്യാനി ആനന്ദം കണ്ടെത്തുന്നു. ക്രിസ്തുവിനുവേണ്ടി ആത്മാക്കളെ നേടുന്നതിനു പ്രകടമാക്കുവാൻ കഴിയാത്ത ആഗ്രഹത്തോടുകൂടി അവൻ നീങ്ങും.

എന്റെ രക്ഷയും വീണ്ടെടുപ്പുമായ അവനെ എപ്രകാരമാണ് എനിക്ക് ഏറ്റവും മഹത്വപ്പെടുത്തുവാൻ കഴിയുന്നത്? ഈ ചോദ്യം എല്ലാവരും നമ്മോടുതന്നെ ചോദിക്കണം. യഥാർത്ഥമായി പരിവർത്തനം പ്രാപിച്ച ഒരുവൻ ആകാംക്ഷാനിർഭരമായ ഉത്സുകതയോടുകൂടി സാത്താന്റെ അധികാരത്തിൻ കീഴിലുള്ള ഒരുവനെ രക്ഷിക്കുവാൻ ആഗ്രഹിക്കും.

നിത്യതയ്ക്കായി ഒരുങ്ങുവാൻ അല്പനേരംമാത്രമേ നമുക്കുള്ളു. ജനങ്ങൾ സത്യം അറിയേണ്ടതിന് ഉത്സുകതയോടും വിശ്വസ്ത പ്രയത്നത്തോടുംകൂടെ അവരുമായി നാം ആശയവിനിമയം നടത്തണം. ആത്മാക്കൾക്കായി അന്വേഷിച്ച് പ്രാർത്ഥിച്ച് വേല ചെയ്യണം.

ലോകത്തിനുമേൽ വന്നുഭവിക്കുവാൻ പോകുന്ന നാശത്തെക്കുറിച്ച് മുന്നറിയിപ്പ് കൊടുക്കുവാനുള്ള ഭാരിച്ച ഉത്തരവാദിത്വം നമ്മുടെമേൽ കിടക്കുന്നു. എഴുന്നേറ്റു ശക്തി ധരിപ്പാൻ ദൈവം തന്റെ സഭയോട് ആജ്ഞാപിക്കുകയാണ്. വാടാത്ത കിരീടം നേടേണ്ടതും സ്വർഗ്ഗരാജ്യം പ്രാപിക്കേണ്ടതും അജ്ഞതയിൽ നശിക്കുന്ന ലോകത്തിന് അത് വെളിപ്പെടുത്തേണ്ടതും ഉണ്ട്.

# സ്നേഹത്താൽ പ്രലോഭിക്കപ്പെടും

***ദൈവത്തെ സ്നേഹിക്കുന്നവൻ സഹോദരനെയും സ്നേഹിക്കേണം എന്ന കല്പന നമുക്ക് അവങ്കൽനിന്ന് ലഭിച്ചിരിക്കുന്നു. 1 യോഹ. 4:21.***

ദൈവികതയുടെ അടിസ്ഥാനമാണ് സ്നേഹം. ജോലി എന്തുതന്നെ ആയിരുന്നാലും സ്വന്തസഹോദരനെ നിസ്വാർത്ഥമായി സ്നേഹിക്കാത്ത ഒരുത്തനും ദൈവത്തോട് പരിശുദ്ധമായ സ്നേഹം ഇല്ല. 'സ്വയം' (സ്വാർത്ഥത) ക്രിസ്തുവിൽ ലയിക്കുമ്പോൾ സമൃദ്ധിയായ സ്നേഹത്തിന്റെ ഉറവകൾ പൊങ്ങിവരും. നിരന്തരമായി മറ്റുള്ളവരെ സ്നേഹിക്കുന്നതിനും സഹായിക്കുന്നതിനുമുള്ള ഒരഭിവാഞ്ഛ നമ്മിൽ നിന്നുതന്നെ പൊങ്ങിവരുമ്പോൾ, സ്വർഗ്ഗീയ സൂര്യകിരണങ്ങൾ ഹൃദയത്തിൽ നിറയപ്പെടുകയും അവയുടെ ബഹിസ്ഫുരണം സംഭവിക്കുകയും ചെയ്യുമ്പോൾ മാത്രമാണ് ക്രിസ്ത്യാനിത്വത്തിന്റെ പരിപൂർണ്ണത സ്വായത്തമാക്കപ്പെടുന്നത്. സ്നേഹച്ചങ്ങലയുടെ തങ്കക്കണ്ണികളാലാണ് നമ്മെ ക്രിസ്തുവോടും സമസൃഷ്ടങ്ങളോടും ബന്ധിച്ചിരിക്കുന്നത്. അപ്പോൾ ക്രിസ്തുവിന്റെ സഹാനുഭൂതിയും വാത്സല്യവും നമ്മുടെ ജീവിതത്തിൽ ഉരുത്തിരിയും. ആവശ്യക്കാരെയും ഹതഭാഗ്യരെയും നമ്മുടെ അടുത്തേക്ക് കൊണ്ടുവരുവാനായി നാം കാത്തിരിക്കുകയില്ല. അന്യരുടെ കെടുതികളെ മനസ്സിലാക്കുവാൻ നമ്മെ സജ്ജരാക്കേണ്ടതായി വരികയില്ല. ക്രിസ്തുവിനുവേണ്ടി നന്മ പ്രവർത്തിക്കുന്നതുപോലെ അശരണരെയും ദുഃഖിതരെയും സ്വാഭാവികമായി പരിചരിപ്പാൻ കഴിയും.

സ്വർഗ്ഗമഹത്വം വീഴ്ച ഭവിച്ചവരെ ഉയർത്തുകയും ദുഃഖിതരെ ആശ്വസിപ്പിക്കുകയും ചെയ്യുകയാണ്. ഇതിൽ വംശം, ജാതി, ഗോത്രം എന്ന ഒരു ഘടകവും ദൈവം അംഗീകരിക്കുന്നില്ല. സൃഷ്ടിപരമായി എല്ലാവരും ഒരു കുടുംബവും വീണ്ടെടുപ്പിലൂടെ എല്ലാവരും ഒന്നുമാണ്. എല്ലാ മനുഷ്യർക്കും സ്വതന്ത്രമായി ദൈവസന്നിധിയിൽ അടുത്തു ചെല്ലുവാൻതക്കവണ്ണം വേർപാടിന്റെ എല്ലാ ചുമരുകളും ഇടിച്ചുകളഞ്ഞ് ദൈവാലയത്തിന്റെ എല്ലാ അറകളും തുറന്നുകൊടുക്കുവാനാണ് യേശു വന്നത്. അവന്റെ സ്നേഹം വളരെ വിസ്തൃതവും ആഴവും നിറഞ്ഞതുമാകയാൽ അത് എല്ലായിടത്തും തുളച്ച് ചെല്ലുന്നു. വഞ്ചനയാൽ ചതിക്കപ്പെട്ട ലളിത ജീവിതങ്ങളെ അത് സാത്താന്റെ പരിധിയിൽ നിന്നും വിടുവിക്കുന്നു. വാഗ്ദത്തത്തിന്റെ അടയാളമായ മഴവില്ലിനാൽ അലങ്കരിക്കപ്പെട്ട ദൈവിക സിംഹാസനത്തിന്റെ പരിധിയിൽ അതിനെ സ്ഥാപിക്കുന്നു.

പുത്രൻ പിതാവിൽ ഒന്നായിരിക്കുന്നതുപോലെ അവനിൽ ഒന്നായിത്തീരുവാൻ കാംക്ഷിക്കുന്നവരെ എല്ലാവരെയും ഉയർത്തുവാൻ യേശു ആഗ്രഹിക്കുന്നു. സ്വാർത്ഥതയിൽ നിന്നും നാം വെളിയിൽ വരുവാൻ നമ്മിൽ കഷ്ടതയും യാതനയും അവൻ അനുവദിക്കുന്നു. സ്നേഹം, വാത്സല്യം, ദയ എന്നിങ്ങനെ അവന്റെ സ്വഭാവത്തിന്റെ മഹിമകൾ നമ്മിൽ വളരുവാൻ അവൻ കാംക്ഷിക്കുന്നു.

"നീ എന്റെ ആജ്ഞ പാലിക്കുന്നു എങ്കിൽ ഞാൻ നിനക്കു ഈ നില്ക്കുന്നവരുടെ ഇടയിൽ ആഗമനം അനുവദിക്കും (സെഖ. 3:7). സിംഹാസനത്തെ വലയം ചെയ്തിരിക്കുന്ന ദൂതന്മാരുടെ ഇടയിൽതന്നെ എന്ന് കർത്താവ് അരുളിച്ചെയ്യുന്നു. സ്വർഗ്ഗീയ ദൂതന്മാരുടെ ഭൂമിയിലെ വേലയിൽ നാം സഹകരിക്കുന്നതിനാൽ, സ്വർഗ്ഗത്തിൽ അവരുമൊത്തുള്ള സഹവാസത്തിനായി നമ്മെ ഒരുക്കുകയാണ്.





# സാക്ഷീകരണം ആരംഭിക്കേണ്ട സ്ഥലം

***ഞങ്ങളുടെ പുത്രന്മാർ ബാല്യത്തിൽ തഴച്ചുവളരുന്ന തൈകൾപോലെയും ഞങ്ങളുടെ പുത്രിമാർ അരമനയുടെ മാതിരിയായി കൊത്തിയ മൂലത്തൂണുകൾപോലെയും ഇരിക്കട്ടെ. സങ്കീ. 144:12.***

യേശുവിനുവേണ്ടിയുള്ള നമ്മുടെ വേല ഭവനത്തിലുള്ള വീട്ടുകാരിൽ തുടങ്ങണം. ഇതിനെക്കാൾ വലിയ ഒരു സുവിശേഷീകരണ മേഖല വേറെ ഇല്ല.

സന്തുഷ്ടരായ മാതാപിതാക്കളുടെ ജീവിതങ്ങൾ യഥാർത്ഥ ദൈവിക പ്രതിഫലനമാകുന്നതിനാൽ വാഗ്ദത്തങ്ങളും ദൈവിക കല്പനകളും കുട്ടികളിൽ നന്ദിയും ആദരവും ഉണർത്തും. മാതാപിതാക്കളുടെ സൗമ്യത, നീതി, ക്ഷമ എന്നിവയിലൂടെ ദൈവത്തിന്റെ സ്നേഹവും നീതിയും ക്ഷമയും കുട്ടികൾക്ക് തിരിച്ചറിയുവാൻ ഇടയാകും. തന്റെ കുട്ടികൾ തങ്ങളെ സ്നേഹിക്കുവാനും ആശ്രയിക്കുവാനും അനുസരിക്കുവാനും അവരെ പഠിപ്പിക്കുന്നതിലൂടെ സ്വർഗ്ഗീയ പിതാവിനെ സ്നേഹിക്കുവാനും ആശ്രയിക്കുവാനും അനുസരിക്കുവാനും അഭ്യസിപ്പിക്കുകയാണ് ചെയ്യുന്നത്. ഇപ്രകാരമുള്ള ഒരു സമ്മാനം മാതാപിതാക്കൾ നല്കുമ്പോൾ നിത്യതപോലെ ഈടുറ്റതും എല്ലാ യുഗങ്ങളിലേതിലും ശ്രേഷ്ഠമായതുമായ സമ്പത്തിനാൽ അവർ സമ്മാനിതരാവുകയാണ്.

ഇളം പ്രായത്തിലുള്ള എല്ലാ കുഞ്ഞുങ്ങളും ദൈവഭവനത്തിലേക്ക് ദത്തെടുക്കപ്പെട്ട് അവന്റേതായിത്തീരണമെന്ന് അവൻ ആഗ്രഹിക്കുന്നു. അവർ ചെറുപ്പം ആണ് എങ്കിൽ തന്നെയും ചെറുപ്പക്കാർക്ക് വിശ്വാസ ഭവനാന്തേവാസികളായിരിക്കുവാനും വളരെ ശ്രേഷ്ഠ അനുഭവം സ്വായത്തമാക്കുവാനും സാധിക്കും. ഏറെക്കാലം നിലനില്ക്കുന്ന മതിപ്പ് ഉളവാക്കുവാൻ തയ്യാറുള്ളതും ആർദ്രവുമായ മനസ്സ് അവർക്കുണ്ട്. അവർക്ക് അവരുടെ മനസ്സിനെ ആത്മവിശ്വാസത്തിൽ ഉറപ്പിച്ച് യേശുവിനെ സ്നേഹിക്കുവാനും രക്ഷകനായി ജീവിക്കുവാനും കഴിയും. യേശു അവരെ ചെറുസുവിശേഷകരാക്കും. പാപം അവരിൽ ഒരു ആസ്വാദനവസ്തുവായി പ്രത്യക്ഷപ്പെടാതെ ഒഴിവാക്കപ്പെടേണ്ടതും വെറുക്കപ്പെടേണ്ടതുമായിത്തീരുന്ന അവസ്ഥയിലേക്ക് അവരുടെ മുഴു ചിന്താധാരയും മാറ്റപ്പെടും. മാതാപിതാക്കൾ കുട്ടികളെ ധർമ്മോപദേശത്തിലൂടെയും മാതൃകയിലൂടെയും മാനസ്സാന്തരപ്പെടാത്തവർക്കായി പ്രയത്നിക്കുവാൻ പരിശീലിപ്പിക്കണം. ദരിദ്രരുടെയും ദുഃഖിതരുടെയും വേദനകൾ ഒപ്പിയെടുക്കുന്നതിന് അവർക്ക് സഹാനുഭൂതിയുണ്ടാകുവാൻ അവർ വളരെ നല്ലതരത്തിൽ അഭ്യസിപ്പിക്കണം.

വളരെ ചെറുപ്രായം മുതൽ അവരെ സ്വയത്തെ വർജ്ജിക്കുവാനും മറ്റുള്ളവരുടെ നന്മക്കായിട്ടും ക്രിസ്തുവിന്റെ വരവ് വേഗത്തിലാക്കുവാനും കാരണമാകേണ്ടതിന് ത്യാഗം സഹിക്കുവാൻ ഉത്ബോധിപ്പിക്കണം. അപ്പോൾ അവർ ദൈവത്തോടൊത്ത് അവന്റെ ശുശ്രൂഷകരായിത്തീരും.

സ്വർഗ്ഗീയ കുടുംബത്തിന്റെ മാതൃകയിലാണ് ദൈവം ഭൂമിയിലുള്ള കുടുംബങ്ങളെ സൃഷ്ടിച്ചിരിക്കുന്നത്. ക്രിസ്തീയ കുടുംബങ്ങൾ ദൈവത്തിന്റെ പദ്ധതിയനുസരിച്ച് സംഘടിതവും സ്ഥാപിതവുമായിരിക്കയാൽ, അവന്റെ വേലയുടെ വ്യാപ്തിക്കും ക്രിസ്തീയ സ്വഭാവരൂപീകരണത്തിനും ഉള്ള മാധ്യമങ്ങളിൽ ഏറെ സ്വാധീനം ഉള്ള ഒരു മാധ്യമമാണ് അത്.

# മുട്ടുള്ള ഒരു ലോകം

***ഞങ്ങൾ പ്രകാശത്തിന്നായിട്ടു കാത്തിരുന്നു; എന്നാൽ ഇതാ, ഇരുട്ടു; വെളിച്ചത്തിനായിട്ടു കാത്തിരുന്നു; എന്നാൽ ഇതാ അന്ധകാരത്തിൽ ഞങ്ങൾ നടക്കുന്നു. യെശ. 59:9.***

ദൈവവചനത്തിന്റെ ശരിയായ പ്രാധാന്യം മനസ്സിലാക്കാതെ അനേകർ അത് വായിക്കുന്നുണ്ട്. ലോകമെമ്പാടും സ്ത്രീപുരുഷന്മാർ ചിന്താമഗ്നരായി സ്വർഗ്ഗത്തിലേക്ക് നോക്കുന്നുണ്ട്. വെളിച്ചത്തിനായും കൃപയ്ക്കായും പരിശുദ്ധാത്മാവിനായും ദാഹിച്ച് അനേക ആത്മാക്കളിൽനിന്നും പ്രാർത്ഥനയും കണ്ണുനീരും അന്വേഷണങ്ങളും ഉയരുന്നുണ്ട്. അനേകരും രാജ്യത്തിന്റെ അരികിൽ തങ്ങളുടെ കൂട്ടിച്ചേർക്കൽമാത്രം പ്രതീക്ഷിച്ച് കാത്തിരിക്കുകയാണ്.

തങ്ങൾക്കില്ലാത്ത എന്തിനോവേണ്ടി കേഴുന്ന ഹൃദയങ്ങൾ എല്ലായിടത്തും ഉണ്ട്. പാപത്തിന്മേൽ വിജയം നല്കുന്നതും ദുഷ്ടതയുടെ അടിമത്വത്തിൽനിന്ന് അവരെ വിടുവിക്കുന്നതും ആരോഗ്യവും ജീവനും സമാധാനവും നല്കുന്നതുമായ ഒരു ശക്തിക്കായി ആകാംക്ഷയോടെ അവർ കാത്തിരിക്കുന്നു. ദൈവത്തെ ആദരിക്കാത്തവരുടെ ഇടയിൽ തങ്ങിയ ദൈവവചനത്തിന്റെ ശക്തി ഒരിക്കൽ അനുഭവിച്ച അനേകരും സാമീപ്യത്തിനായി കാത്തിരിക്കുന്നു.

2000 വർഷങ്ങൾക്കു മുൻപ് ആവശ്യമായിരുന്ന ക്രിസ്തുവിന്റെ വെളിപ്പാട് ആണ് ഇന്ന് ലോകത്തിന് ആവശ്യം. നവീകരണത്തിന്റെ വലിയൊരു വേലയാണ് ആവശ്യം, യേശുവിന്റെ കൃപ ഒന്നിനാൽ മാത്രമേ ശാരീരികവും മാനസികവും ആത്മീകവുമായ ഈ പുനഃസ്ഥാപനവേല പൂർണ്ണമായി കൈവരിക്കുവാൻ കഴിയുകയുള്ളൂ.

യേശുവിന്റെ മാതൃക ഒന്നിനു മാത്രമേ ജനങ്ങളെ സമീപിക്കുന്നതിൽ യഥാർത്ഥ വിജയം നല്കുവാൻ കഴിയുകയുള്ളൂ. രക്ഷകൻ ജനങ്ങളുമായി ഇടപഴകിയത് അവരുടെ നന്മ ആഗ്രഹിക്കുന്ന ഒരുവനായിട്ടാണ്. അവൻ അവരോട് അനുകമ്പ കാണിക്കുകയും അവരുടെ ആവശ്യങ്ങളെ നിറവേറ്റിക്കൊടുക്കുകയും ചെയ്തതിനാൽ അവന് അവരുടെ വിശ്വാസം ആർജ്ജിക്കുവാൻ കഴിഞ്ഞു. പിന്നീട് "എന്നെ അനുഗമിക്ക" എന്ന് അവൻ അവരോട് ആജ്ഞാപിച്ചു.

വ്യക്തിഗത പ്രയത്നത്താൽ ജനങ്ങളോട് അടുത്തുവരേണ്ട ആവശ്യകതയുണ്ട്. നാം കരയുന്നവരോടുകൂടി കരയുകയും സന്തോഷിക്കുന്നവരോടുകൂടി സന്തോഷിക്കുകയും വേണം. ഈ വേലയെ പ്രോത്സാഹനത്തിന്റെയും പ്രാർത്ഥനയുടെയും ദൈവസ്നേഹത്തിന്റെയും ശക്തി അനുധാവനം ചെയ്യുമ്പോൾ ഇതിന് ഫലപ്രാപ്തി ഇല്ലാതിരിക്കുന്നത് അസാദ്ധ്യമാണ്. മനുഷ്യൻ എന്ത് ആയിത്തീരാമെന്നും സ്വർഗ്ഗീയ കൂട്ടായ്മയിൽക്കൂടി നാശോന്മുഖരായ ആത്മാക്കളെ രക്ഷപ്പെടുത്തുന്ന പ്രവൃത്തിയിൽ എന്തുനേട്ടം കൈവരിക്കാമെന്നും ലോകത്തിനു വെളിപ്പെടുത്തുവാൻ മാനുഷിക പ്രവർത്തന ഉപാധികളുമായി സഹകരിപ്പാനായി സ്വർഗ്ഗീയ മുഖാന്തിരങ്ങൾ കാത്തിരിക്കുകയാണ്. സ്വയത്തെ മാറ്റി നിറുത്തുകയും ദൈവത്തിന്റെ പരിശുദ്ധാത്മാവിന് പ്രവർത്തിക്കുവാൻ ഹൃദയത്തിൽ ഇടംകൊടുക്കുകയും ജീവിതം പൂർണ്ണമായി ദൈവത്തിനു സമർപ്പിക്കുകയും ചെയ്യുന്ന ഒരുവന്റെ ജീവിതം ഉപയോഗപ്രദമാകുന്നതിൽ ഒരു പരിമിതിയുമില്ല.





# വീടുവീടാന്തരമുള്ള പഠിപ്പിക്കൽ

***പ്രയോജനമുള്ളത് ഒന്നും മറച്ചുവെക്കാതെ പരസ്യമായും വീടുതോറും നിങ്ങളോട് അറിയിക്കുകയും ഉപദേശിക്കുകയും ചെയ്തു. അപ്പൊ.പ്ര. 20:20.***

തിരുവചനപഠനവും ലഘുലേഖ വിതരണവും വീടുവീടാന്തരമുള്ള വേലയും നമ്മുടെ സഭാജനങ്ങളുടെ ഇടയിൽ അധികമായി ഉണ്ടായിരിക്കണം. ജലാശയങ്ങൾക്കരികെ നാം വിതയ്ക്കുമ്പോൾ തിരിച്ചറിയുന്നതുപോലെ "സമൃദ്ധിയായി വിതയ്ക്കുന്നവൻ സമൃദ്ധിയായി കൊയ്തെടുക്കും."

ക്രിസ്തുവിന്റെ മക്കളെന്ന് അവകാശപ്പെടുന്നവർ അവന്റെ മാതൃക പിമ്പറ്റണം. നിന്റെ സഹജീവിയുടെ ഭൗതിക ആവശ്യങ്ങൾ നിറവേറ്റിക്കൊടുക്കുമ്പോൾ അവരുടെ ഉപകാരസ്മരണ എല്ലാ തടസ്സങ്ങളെയും തച്ചുടക്കുകയും നിങ്ങൾക്ക് അവരുടെ ഹൃദയത്തിൽ കടന്നുചെല്ലുവാൻ സാദ്ധ്യമാവുകയും ചെയ്യും. സ്ത്രീകൾക്കും പുരുഷന്മാർക്കും ഈ വേലയിൽ വ്യാപൃതരാകുവാൻ കഴിയും. പുരുഷന്മാരാൽ അസാദ്ധ്യമായൊരു വേല, ഭവനത്തിന്റെ അന്തർഭാഗത്തേക്ക് എത്തിപ്പടരുന്ന ഒരു വേല സ്ത്രീകൾക്ക് ചെയ്യുവാനാകും. പുരുഷന്മാർക്ക് എത്തിപ്പെടുവാൻ സാദ്ധ്യമല്ലാത്ത ഹൃദയങ്ങളോട് വളരെ അടുത്ത് അവർക്ക് ഇടപഴകുവാൻ കഴിയും. അവരുടെ വേല അനിവാര്യമാണ്. വിവേകമതികളും വിനയാന്വിതരുമായ സ്ത്രീകൾക്ക് അവരുടെ ഭവനങ്ങളിലുള്ള ആളുകൾക്ക് സത്യം വിവരിച്ചുകൊടുക്കുന്ന ഒരു നല്ല വേല ചെയ്യുവാൻ കഴിയും. അങ്ങനെ വിവരിക്കപ്പെട്ട ദൈവവചനം അതിന്റെ പ്രവൃത്തി ആരംഭിക്കയും മുഴു കുടുംബവും മാനസ്സാന്തരപ്പെടുകയും ചെയ്യും.

ഗാർഹിക വലയത്തിൽ, അയൽവാസിയുടെ ചൂളക്കരികെ, രോഗികളുടെ കിടക്കക്കരികിൽ ശാന്തമായ രീതിയിൽ നിങ്ങൾ വചനം വായിക്കുകയും യേശുവിനും അവന്റെ സത്യത്തിനുംവേണ്ടി സംസാരിക്കുകയും വേണം. അപ്രകാരം നല്ല വിത്ത് വിതയ്ക്കപ്പെടുകയും അത് മുളച്ച് നല്ല ഫലം പുറപ്പെടുവിക്കുകയും ചെയ്യും.

ആശാവഹമല്ലാത്ത സ്ഥലങ്ങളിലും സുവിശേഷ വേല ചെയ്യേണ്ടതുണ്ട്. നാം പ്രവർത്തനം ആസൂത്രണം ചെയ്യാത്ത സമൂഹത്തിലേക്ക് കടന്നുചെന്ന് പ്രവർത്തിപ്പാൻ പ്രോത്സാഹിപ്പിക്കപ്പെടേണ്ടതിനും എങ്ങനെ, എവിടെ പ്രവർത്തിക്കണമെന്ന് നിശ്ചയമില്ലാത്തിടത്ത് പ്രവർത്തിക്കേണ്ടതിനും സുവിശേഷീകരണ ആത്മാവ് നമ്മുടെ മനസ്സിനെ പിടിച്ചടക്കണം. സുവിശേഷവിത്ത് വിതയ്ക്കുന്നതിലേക്ക് കർത്താവിന് അവന്റെ പദ്ധതിയുണ്ട്. അവന്റെ ഇഷ്ടപ്രകാരം നാം വിതയ്ക്കുകയാണെങ്കിൽ സത്യം കേട്ടിട്ടില്ലാത്ത ആയിരങ്ങളിലേക്ക് വചനം ഇറങ്ങിച്ചെല്ലുവാൻ തക്കവണ്ണം നമുക്ക് ഈ വിത്തിനെ പെരുക്കുവാൻ കഴിയും.

ദൈവം ഉദാരമായി നല്കിയ വെളിച്ചം പകർന്നു നൽകി ക്രിസ്തുവിന്റെ വരവിനായി ഒരു ജനതയെ ഒരുക്കുവാൻ നമ്മുടെ സഭാജനങ്ങളോടൊത്ത് പ്രവർത്തിക്കുവാൻ ദശലക്ഷക്കണക്കിന് ദൂതന്മാർ കാത്തിരിക്കുകയാണ്.

നമ്മുടെ സഹോദരിമാരും യൗവ്വനക്കാരും മദ്ധ്യവയസ്ക്കരും വൃദ്ധരും ഈ നാളിലേക്കുള്ള ഉപസംഹാരവേലയിൽ ഭാഗഭാക്കുകളാകണം. അവർക്ക് ഒരവസരം നല്കപ്പെട്ടു എന്ന രീതിയിൽ അവർ ഇത് ചെയ്താൽ അവർക്കുതന്നെ ശ്രേഷ്ഠമൂല്യമുള്ള ഒരനുഭവം സ്വായത്തമാക്കുവാൻ കഴിയും. അവർ നിസ്വാർത്ഥരായി ദൈവകൃപയിൽ വളർന്നുവരും.

# വ്യക്തിഗത സാക്ഷീകരണം

***തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിനു ദൈവം അവനെ നല്കുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു. യോഹ. 3:16.***

ദൈവത്തെ സ്നേഹിക്കുന്നു എന്ന് അവകാശപ്പെടുന്നവരെല്ലാം തങ്ങളുടെ അയൽവാസികളെയും സഹവർത്തികളെയും സാന്മാർഗ്ഗികമായുയർത്തുകയും തൽഫലമായി ഇത്ര വലിയ രക്ഷയെ ഇനിയും അവർ അലക്ഷ്യമാക്കാതിരിക്കുകയും ചെയ്യേണ്ടതിന് ഉദ്യമിക്കാത്തത് എന്താണ്? നശിച്ചുപോകുന്ന ആത്മാക്കളെ രക്ഷിക്കുന്നതിനുള്ള അവന്റെ ആത്മാവിന്റെ വലിയ പ്രാണവേദന വെളിവാക്കുന്നതിന് നിന്ദാപൂരിതവും വേദനാജനകവുമായ ഒരു മരണത്തിന് തന്നെത്താൻ യേശു ഏല്പിച്ചുകൊടുത്തു. ക്രിസ്തുവിങ്കലേക്ക് വരുന്ന എല്ലാവരെയും രക്ഷിപ്പാൻ അവൻ പ്രാപ്തനും സന്നദ്ധനും ആഗ്രഹിക്കുന്നവനും ആകുന്നു.

ആപത്തിലുള്ള ആത്മാക്കളോട് സംസാരിച്ച്, ക്രൂശിൽ മരിച്ച് അവരുടെ പാപക്ഷമ സാദ്ധ്യമാക്കിയ യേശുവിനെ കാണുവാൻ അവരെ ആനയിക്കുക. ആർദ്രതയും അനുകമ്പയും ക്രിസ്തീയ സ്നേഹവും നിറഞ്ഞുകവിയുന്ന സ്വന്തമനസ്സോടെ പാപികളോട് സംസാരിക്കുക. നോക്കി ജീവിക്കുവാനുള്ള ആത്മാക്കളെ നേടുവാൻ ശ്രമിക്കുന്നവരിൽ ആഴമായ ആത്മാർത്ഥതയും ഉണ്ടായിരിക്കണം. പക്ഷേ കർക്കശമോ, ശകാരമോ അവരിൽനിന്നും കേൾക്കുവാൻ ഇടവരരുത്.

ഒന്നാമതായി, സ്വന്ത ആത്മാവ് ക്രിസ്തുവിനായി വേർതിരിക്കപ്പെട്ടതാണോ? നിന്റെ ഹൃദയം തകർന്ന് നിങ്ങൾ സ്വർഗ്ഗത്തിലുള്ള നമ്മുടെ മദ്ധ്യസ്ഥനിലേക്ക് നോക്കണം. വീണ്ടെടുപ്പിൻ സ്നേഹം തിരിച്ചറിയുന്ന ഒരുവനെപ്പോലെ ദയയോടും തളിരിമയോടും കൂടി പശ്ചാത്തപിക്കുന്ന പാപികളെ അഭിസംബോധന ചെയ്യുക. ആത്മാക്കളുമൊത്ത് പ്രാർത്ഥിക്കുകയും വിശ്വാസത്താൽ അവരെ ക്രൂശിൻ ചുവട്ടിലേക്ക് ആനയിക്കുകയും നിങ്ങളുടെ മനസ്സിനോടൊത്ത് അവരുടെ മനസ്സ് ഉണർത്തുകയും നിങ്ങൾ ദർശിക്കുന്ന, പാപം വഹിക്കുന്ന യേശുവിൽ വിശ്വാസക്കണ്ണുകൾ ഉറപ്പിക്കുകയും ചെയ്യുക. അവരുടെ അധഃപതിച്ചതും പാപം നിറഞ്ഞതുമായ അവസ്ഥയിൽ നിന്ന് ദൃഷ്ടി മാറ്റി രക്ഷകനിലേക്ക് നോക്കുമ്പോൾ വിജയം നാം നേടിക്കഴിഞ്ഞു.

ലോകത്തിന്റെ പാപം ചുമക്കുന്ന ദൈവത്തിന്റെ കുഞ്ഞാടയ രക്ഷകനെ സ്വമേധയാ കാണുവാൻ സാധിക്കും. വഴിയും സത്യവും ജീവനും അവർ കാണും. നീതിസൂര്യൻ തന്റെ പ്രകാശകിരണങ്ങളെ അവരുടെ ഹൃദയങ്ങളിലേക്ക് ചൊരിയുകയാണ്. വരണ്ടു ദാഹിച്ച ഹൃദയങ്ങളിലേക്ക് ശക്തിയേറിയ വേലിയേറ്റത്താൽ വീണ്ടെടുക്കുന്ന സ്നേഹം പകരുകയും പാപി യേശുവിങ്കലേക്ക് രക്ഷപ്രാപിക്കുകയും ചെയ്യും.

യേശു ക്രൂശിക്കപ്പെട്ടു എന്ന് പറയുകയും പ്രാർത്ഥിക്കുകയും പാടുകയും ചെയ്യുമ്പോൾ ഹൃദയങ്ങളെ അത് തകർക്കുകയും നേടുകയും ചെയ്യും. ക്രിസ്തുവിനായി ആത്മാക്കളെ നേടുന്ന ദൈവശക്തിയും ജ്ഞാനവും ഇതാകുന്നു. ആചാരപരവും ഒരേതരത്തിൽപ്പെട്ടവരുടെ അവതരിപ്പിക്കൽ കേവലം തർക്കിക്കത്തക്ക വിഷയങ്ങളുടെ അവതരണവും വളരെ കുറച്ച് ഗുണം ചെയ്യുന്നവയാകുന്നു. അവർ ആർക്കുവേണ്ടിയാണോ പ്രവർത്തിക്കുന്നത് അവർ പ്രവർത്തകരുടെ ഹൃദയത്തിൽ ഉരുകുന്ന ദൈവസ്നേഹം തിരിച്ചറിയും. ജീവജലത്തിനായി ദാഹിക്കുകയാണ്. വരണ്ട ജലാശയങ്ങളാകരുത്. നിങ്ങൾ അവർക്ക് ക്രിസ്തുവിന്റെ സ്നേഹം വെളിപ്പെടുത്തുകയാണെങ്കിൽ നിങ്ങൾ വിശന്നു ദാഹിക്കുന്നവരെ യേശുവിങ്കലേക്ക് നയിക്കുകയും അവൻ അവർക്ക് ജീവന്റെ അപ്പവും രക്ഷയുടെ ജലവും പ്രദാനം ചെയ്യുകയും ചെയ്യും.





# മുന്നറിയിപ്പു നൽകുക

***സീയോനിൽ കാഹളം ഊതുവിൻ; എന്റെ വിശുദ്ധ പർവ്വതത്തിൽ അയ്യം വിളിപ്പിൻ; യഹോവയുടെ ദിവസം വരുന്നതുകൊണ്ടും അതു അടുത്തിരിക്കുന്നതുകൊണ്ടും ദേശത്തിലെ സകല നിവാസികളും നടുങ്ങിപ്പോകട്ടെ. യോവേൽ 2:1.***

നിത്യസൗഭാഗ്യങ്ങളെ സംബന്ധിക്കുന്ന കാര്യങ്ങളിൽ നാം ഇപ്പോൾ ശ്രദ്ധിക്കണം. സ്വർഗ്ഗീയ കാര്യങ്ങൾക്ക് രണ്ടാംസ്ഥാനം കല്പിക്കുവാൻ നമുക്ക് സാദ്ധ്യമല്ല. യഹോവയുടെ ന്യായവിധികൾ അടുത്തിരിക്കുന്നു, അവ വ്യക്തമായ ആപത്സൂചന കൊടുക്കുകയാണ്, "നിങ്ങൾ നിനക്കാത്ത നാഴികയിൽ മനുഷ്യപുത്രൻ വരുന്നതുകൊണ്ട് നിങ്ങളും ഉണർന്നിരിപ്പിൻ."

അന്ത്യകാല സത്യങ്ങളെക്കുറിച്ച് ശരിയായ ഗ്രാഹ്യം ഇല്ലാത്ത അനേകർ ഇന്ന് നമ്മുടെ സഭകളിലുണ്ട്. ലോകാവസാനം വന്നെത്തിയിരിക്കുന്നു എന്ന് വളരെ വ്യക്തമായി പറയുന്ന കാല അടയാളങ്ങളുടെ നിറവേറലുകളെ അലക്ഷ്യമാക്കരുത് എന്ന് ഞാൻ അവരെ ഉത്ബോധിപ്പിക്കുന്നു. തങ്ങളുടെ ആത്മാവിന്റെ രക്ഷ ഉറപ്പാക്കാത്ത അനേകരും ഏറെ താമസിയാതെ കൈപ്പുനിറഞ്ഞ വിലാപം കഴിക്കുവാൻ പോകയാണ്. കൊയ്ത്തു കഴിഞ്ഞു, ഫലശേഖരവും കഴിഞ്ഞു, ഞാനോ രക്ഷിക്കപ്പെട്ടില്ല.

ഈ ഭൂമിയുടെ ചരിത്രത്തിന്റെ അന്ത്യനിമിഷങ്ങളിലാണ് നാം ജീവിക്കുന്നത്. പ്രവചനം വളരെ വേഗത്തിൽ നിറവേറപ്പെടുകയാണ്. പരീക്ഷാദിനങ്ങൾ വളരെ വേഗം കടന്നുപോവുകയാണ്. നമുക്ക് നഷ്ടപ്പെടുത്തുവാൻ ഒരു ദിവസമോ, ഒരു നിമിഷമോ ഇല്ല. നമ്മെ ഉറങ്ങുന്നവരായി കാണാതിരിപ്പാൻ സൂക്ഷിക്കുക. "എന്റെ കർത്താവ് തന്റെ വരവ് താമസിപ്പിക്കുന്നു എന്ന് ആരും തങ്ങളുടെ ഹൃദയത്തിലോ പ്രവൃത്തിയാലോ പറയാതിരിക്കട്ടെ! ക്രിസ്തുവിന്റെ പെട്ടെന്നുള്ള മടങ്ങിവരവിൻ ദൂത് ആത്മാർത്ഥതയുള്ള ആപത് സൂചകവാക്കുകളായി പ്രഘോഷിക്കപ്പെടട്ടെ! നമുക്ക് എല്ലായിടത്തുമുള്ള സ്ത്രീപുരുഷന്മാരെ, മാനസ്സാന്തരപ്പെട്ട് വരുവാനുള്ള ദൈവകോപത്തിൽനിന്ന് ഒഴിഞ്ഞുപോകുവാൻ പ്രോത്സാഹിപ്പിക്കാം. നമുക്ക് മുൻപിലുള്ളത് എന്താണെന്ന് നാമമാത്രമായി നാം അറിയുന്നതിനാൽ സത്വര ഒരുക്കത്തിന് നാം അവരെ ജാഗരൂകരാക്കണം. സുവിശേഷകരും സ്വമേധാ പ്രവർത്തകരും വിളവ് പാകമായിരിക്കുന്ന കൃഷിയിടങ്ങളിലേക്കു ഗമിക്കട്ടെ.

കർത്താവ് വേഗത്തിൽ വരുവാൻ പോകുന്നതിനാൽ സമാധാനത്തിൽ അവനെ എതിരേല്പാൻ നാം ഒരുങ്ങിയിരിക്കണം. നമുക്ക് ചുറ്റുമുള്ളവർക്ക് സത്യവെളിച്ചം പകരുവാനായി നമുക്കുള്ള എല്ലാ ശക്തിയോടും കൂടി പ്രവർത്തിപ്പാൻ ഉറച്ചു തീരുമാനിക്കാം. നാം അവന്റെ പ്രത്യക്ഷതയ്ക്കായി തയ്യാറായിരിക്കുകയും നാം സന്താപത്തിലല്ല സന്തുഷ്ടിയിൽ തന്നെ എല്ലായ്പോഴും നമുക്ക് മുൻപിൽ കർത്താവായ യേശുവിനെ പ്രതിഷ്ഠിക്കയും ചെയ്യേണ്ടിയിരിക്കുന്നു. നാം ഒരുക്കമുള്ളവരായി അവന്റെ പ്രത്യക്ഷതക്കുവേണ്ടി കാത്തിരിക്കണം. അവനെ കാണുക എന്നുള്ളതും അവന്റെ വീണ്ടെടുക്കപ്പെട്ട ഒരുവനായി സ്വാഗതം ചെയ്യപ്പെടുക എന്നുള്ളതും എത്ര മഹത്വകരമാണ്. നാം വളരെ കാത്തിരുന്നു എങ്കിലും നമ്മുടെ വിശ്വാസം തണുത്തുപോകുവാൻ ഇടയാകരുത്. നമുക്ക് നമ്മുടെ രാജാവിനെ സർവ്വസൗന്ദര്യത്തിൽ ദർശിപ്പാൻ കഴിയുകയും നിത്യം നിത്യം നമുക്ക് അനുഗ്രഹിക്കപ്പെട്ടവരായിക്കുവാനും കഴിയും. സ്വഭവനത്തിലേക്ക് തിരികെപ്പോകുന്ന തരത്തിൽ എനിക്ക് ഉച്ചത്തിൽ കരയുവാൻ തോന്നുന്നു. യേശുക്രിസ്തു തന്റെ അധികാരത്തോടും ഭയങ്കര മഹത്വത്തോടുംകൂടി വന്ന് താൻ വിലയ്ക്കു വാങ്ങിയവരെ അവരുടെ നിത്യഭവനത്തിൽ ചേർക്കുവാനുള്ള സമയത്തോട് നാം സമീപിക്കുകയാണ്.

# ഇന്നേക്കുള്ള ദൈവത്തിന്റെ വിശേഷ ദൂത്

***രാത്രി കഴിയാറായി പകൽ അടുത്തിരിക്കുന്നു; അതുകൊണ്ട് നാം ഇരുട്ടിന്റെ പ്രവൃത്തികളെ വെച്ചുകളഞ്ഞു വെളിച്ചത്തിന്റെ ആയുധവർഗ്ഗം ധരിച്ചുകൊൾക.***
***റോമർ 13:12.***

ഇതുപോലുള്ള ഒരു സമയത്ത് ദൈവം നമുക്കു നല്കിയിരിക്കുന്ന എല്ലാ മുഖാന്തിരങ്ങളാലും മനുഷ്യഹൃദയങ്ങളിൽ സത്യം നടണം എന്നുള്ള ഏക ലക്ഷ്യമേ നമുക്കുണ്ടാകുവാൻ പാടുള്ളു. സത്യത്തിന്റെ അറിവ് എല്ലായിടത്തും എത്തിക്കുവാൻ തീവ്രോദ്യമം നടത്തണമെന്നുള്ളത് എല്ലാ ക്രിസ്ത്യാനികളുടെയും ഉത്തരവാദിത്വമാണ്. ദൈവത്തിന്റെ സൃഷ്ടിയാലും വീണ്ടെടുപ്പിനാലും അവനുള്ള ജീവിതങ്ങൾ അവന്റെ ശബ്ദം ശ്രവിക്കേണ്ടതിനും സ്നേഹവാനായ അവനെ അനുസരിക്കേണ്ടതിനും അവന്റെ മഹത്വത്താൽ പ്രകാശിതരായി അവന്റെ പക്ഷത്തുണ്ടാകുവാൻ ആശയുള്ളവരും ആയിത്തീരേണ്ടതിനും ആഗ്രഹിച്ച്, അവൻ വളരെ നാളായി കാത്തിരിക്കുകയായിരുന്നു, ഇപ്പോഴും അവൻ കാത്തിരിക്കുകയാണ്. ഈ ലോകത്ത് നാമെല്ലാവരും മൂന്നാമത്തെ ദൂതന്റെ ദൂത് ഉൾക്കൊണ്ട് മനുഷ്യരെ മൃഗത്തെയും അതിന്റെ പ്രതിമയെയും ആരാധിക്കുന്നതിന് എതിരായി ഉദ്ബോധിപ്പിച്ച് അവരെ ദൈവകല്പനയും യേശുവിങ്കലുള്ള വിശ്വാസം കാത്തുകൊള്ളുന്നവരുടെ പദവിയിലേക്ക് ആനയിക്കുകയും വേണം. ഈ ദൂത് എപ്പോൾ അവസാനിക്കുമെന്നോ, കൃപയുടെ വാതിൽ എപ്പോൾ അടയുമെന്നോ, അതിന്റെ സമയമോ ദൈവം നമുക്ക് വെളിപ്പെടുത്തിയിട്ടില്ല. നഷ്ടപ്പെടുന്ന മനുഷ്യരുടെ ആത്മാക്കൾക്കായി നമുക്ക് ലഭിക്കുന്ന ഓരോ നിമിഷവും അദ്ധ്വാനിക്കുകയും ജാഗരിച്ച് വേലചെയ്ത് കാത്തിരിക്കുകയും ചെയ്യുക എന്നുള്ളതും നമ്മുടെ ചുമതലയാണ്.

പ്രതീക്ഷയോടെ വേലചെയ്ത് കാത്തിരിക്കുവാനുള്ള സമയം ഇപ്പോഴാണ്. ഇപ്പോൾ മാത്രമാണ്. എല്ലാറ്റിന്റെയും അവസാനം വന്നെത്തിയിരിക്കുന്നു. ക്രിസ്തുവിന്റെ അനുഗാമികളെന്ന് തീരുമാനിക്കപ്പെട്ടവരുടെ ആത്മാവിൽ ദൈവത്താൽ പ്രസ്താപിതമായ സത്യം സ്വീകരിപ്പാനും മുദ്രയിടപ്പെടുവാനും അതുമുഖാന്തിരം പരിശുദ്ധവും പരിപാവനവുമായ സന്തോഷം അവർ മറ്റുള്ളവർക്ക് പകർന്നേകുവാനും ഇടയാകേണ്ടതിന് ദൈവത്തിന്റെ പരിശുദ്ധാത്മാവ് പ്രവർത്തിക്കുകയാണ്.

ദൈവിക സത്യത്തിന്റെ ശക്തിയിൽ വിശ്വസിക്കുന്നു എന്ന് അവകാശപ്പെടുന്നവർക്കുള്ള പ്രായോഗിക ദൈവിക സാക്ഷീകരണം അഗാധമായവയും ശക്തിയേറിയതും തുളച്ചു ചെല്ലുന്നതും ആയിരിക്കേണ്ട ആവശ്യകതയുണ്ട്. യേശുക്രിസ്തുവിലുള്ളതുപോലെ നമ്മുടെ ഹൃദയത്തിലും സത്യം സ്ഥാപിതമാകുവാനും മറ്റുള്ളവരെ അതു പഠിപ്പിക്കുവാനും കഴിയണം. ആത്മാക്കളുടെ അന്ത്യം എന്തായിരിക്കണമെന്ന് തീരുമാനിക്കുന്ന അവസാന നാളുകളിലാണ് ലോകം ഇന്ന് ആയിരിക്കുന്നത്. സാത്താനും അവന്റെ ദൂതന്മാരും തുടർച്ചയായി ദൈവകല്പനയെ ശൂന്യമാക്കി, മനുഷ്യമനസ്സുകളെ പാപപ്രവൃത്തികൾക്ക് അടിമയാക്കാൻ കിണഞ്ഞ് പരിശ്രമിക്കുകയാണ്. ഭൂമിയെ മൂടുന്ന അന്ധകാരം വ്യാപിക്കുകയാണ്, എന്നാൽ താഴ്മയോടെ ദൈവത്തോടുകൂടെ നടക്കുന്നവർക്ക് ഭയപ്പെടുവാൻ ഒന്നും ഇല്ല.





# തീരുമാനത്തിനുള്ള സമയം

***നിങ്ങൾ ആരെ സേവിക്കും എന്നു ഇന്നു നിങ്ങൾ തിരഞ്ഞെടുത്തുകൊൾവിൻ.***
***യോശുവ. 24:15.***

ലോകം ഇന്ന് വിഭ്രാന്തിയിലാണ്. സ്ത്രീപുരുഷന്മാർ വിഭ്രാന്തിയിലാണ്; അവരെ നാശത്തിലേക്ക് തത്രപ്പെടുത്തുന്ന എല്ലാ രീതിയിലുമുള്ള ആഗ്രഹങ്ങളുടെ പൂർത്തീകരണവും വിജയപ്രദമായി ഭവിക്കുന്നതിനാൽ മനുഷ്യൻ അവന്റെ ബുദ്ധിയാൽ ഭ്രമിപ്പിക്കപ്പെട്ടിട്ട് മുന്നറിയിപ്പുകളെയോ ആഹ്വാനങ്ങളെയോ അവൻ ശ്രദ്ധിക്കുകയില്ല.

ഭൂമിയിലുള്ള മനുഷ്യരോട് കർത്താവ് പറയുന്നു, “ആരെ സേവിക്കും എന്നു ഇന്നു നിങ്ങൾ തിരഞ്ഞെടുത്തുകൊൾക.” എല്ലാവരും ഇപ്പോൾ തങ്ങളുടെ നിത്യമായ വിധി നിർണ്ണയിക്കുകയാണ്. കൃപയുടെ വാതിൽ അടയാനുള്ള സമയം അടുത്തിരിക്കുന്നതിനാൽ സമയത്തിന്റെ വില മനസ്സിലാക്കി മനുഷ്യരെ ഉണർത്തേണ്ടിയിരിക്കുന്നു. കൃപാകാലം അവസാനിക്കുന്നതിന് അഞ്ച് വർഷം, പത്ത് വർഷം, ഇരുപത് വർഷം എന്നിങ്ങനെ ഒരു മനുഷ്യനും ദൈവം ദൂത് കൊടുക്കുന്നില്ല. ദൈവം ജീവനുള്ള ഒന്നിനും തന്റെ പ്രത്യക്ഷതയ്ക്കായി ഒരുക്കത്തിന് കാലവിളംബം വരുത്തുന്നതിന് ഒരു ഒഴികഴിവും കൊടുക്കുകയില്ല. അവിശ്വസ്തനായ ദാസൻ പറഞ്ഞതുപോലെ എന്റെ യജമാനൻ തന്റെ വരവ് താമസിപ്പിക്കുന്നു എന്ന് പറയുവാൻ ആരെയും അനുവദിക്കില്ല. ആ ഭയങ്കര ദിവസത്തിനുവേണ്ടി ഒരുങ്ങുവാൻ നമുക്ക് ലഭിച്ചിരിക്കുന്ന അവസരങ്ങളും പദവികളും വീണ്ടുവിചാരമില്ലാതെ തള്ളിക്കളയുന്നതിലേക്ക് ഇത് വഴിവെക്കും. ദൈവദാസന്മാരെന്ന് പറയുന്ന എല്ലാവരും എല്ലാ ദിവസവും അവരുടെ അവസാന ദിവസമെന്നവണ്ണം അവന്റെ സേവ ചെയ്‌വാൻ വിളിക്കപ്പെട്ടിരിക്കുന്നു.

ആകാശമേഘങ്ങളിൽ ശക്തിയോടും ഭയങ്കര മഹത്വത്തോടും കൂടിയ മനുഷ്യപുത്രന്റെ വേഗത്തിലുള്ള ആഗമനത്തെക്കുറിച്ച് പറയണം. ആ ദിവസത്തെ അവഗണിക്കരുത്. ഓരോരുത്തരാലും വഹിക്കപ്പെടേണ്ട ഭാരിച്ച ഹൃദയ വ്യഥ ഇവിടെയുണ്ട്. എന്റെ പാപം ക്ഷമിക്കപ്പെട്ടുവോ? എന്റെ ഭാരം ചുമക്കുന്ന ക്രിസ്തു എന്റെ ലംഘനങ്ങൾ എല്ലാം ഏറ്റെടുത്തുവോ? ക്രിസ്തുവിന്റെ വിശുദ്ധിയാൽ ശുദ്ധീകരിക്കപ്പെട്ട ഒരു ശുദ്ധമായ ഹൃദയം എനിക്കുണ്ടോ? ക്രിസ്തുവിൽ മറവിടം തേടാത്ത ഏതൊരു ആത്മാവും കൊടിയ ദുഃഖത്തിലാകും. വേലയിൽ നിന്ന് ഏതെങ്കിലും തരത്തിൽ മനസ്സിനെ വ്യതിചലിപ്പിക്കുകയും അത് ആരുടെയെങ്കിലും ആത്മാവിനെ അശ്രദ്ധയിലേക്ക് നയിക്കുവാൻ ഇടയാക്കുകയും ചെയ്താൽ അങ്ങനെയുള്ള എല്ലാവർക്കും കൊടിയ ദുഃഖം പേറേണ്ടിവരും.

ദൈവമുൻപാകെ നമ്മുടെ നില എങ്ങനെയാണെന്നുള്ള പരിഗണനയാണ് ആ വലിയ വേലയിൽ നിന്ന് നമ്മുടെ മനസ്സ് വ്യതിചലിക്കരുത് എന്നുള്ളത്. നമ്മുടെ പാദങ്ങൾ യുഗങ്ങളുടെ പാറമേലാണോ? ഏക മാറിടത്തിലാണോ നാം നമ്മെ ഒളിപ്പിച്ചിരിക്കുന്നത്? കൊടുങ്കാറ്റു വരുന്നു, അതിന്റെ ക്രോധത്തിന് യാതൊരു മനസ്സലിവും ഉണ്ടായിരിക്കുകയില്ല. അതിനെ നേരിടാൻ നാം ഒരുങ്ങിയിട്ടുണ്ടോ? ക്രിസ്തുവും പിതാവും ഒന്നായിരിക്കുന്നതുപോലെ നാമും ക്രിസ്തുവും ഒന്നായിട്ടുണ്ടോ? നാം ദൈവത്തിന്റെ അവകാശികളും ക്രിസ്തുവിൽ കൂട്ടവകാശികളും ആയിത്തീർന്നിട്ടുണ്ടോ?

ക്രിസ്തുവിന്റെ സ്വഭാവം നമ്മുടെ സ്വഭാവമായിരിക്കണം. നമ്മുടെ ഹൃദയത്തിന്റെ പുതുക്കത്താൽ നാം രൂപാന്തരപ്പെടണം. ഇവിടെയാണ് നമ്മുടെ ഏക രക്ഷ. ജീവിക്കുന്ന ഒരു ക്രിസ്ത്യാനിയെ യാതൊന്നിനും ദൈവത്തിൽ നിന്നകറ്റാൻ കഴിയുകയില്ല.

# മറ്റുള്ളവരെ രക്ഷിക്കുവാനായി ജീവിക്കുക

***എന്നെ അനുഗമിപ്പാൻ ഒരുത്തൻ ഇച്ഛിച്ചാൽ അവൻ തന്നെത്താൻ ത്യജിച്ചു നാൾതോറും തന്റെ ക്രൂശ് എടുത്തുംകൊണ്ടു എന്നെ അനുഗമിക്കട്ടെ! ലൂക്കൊ. 9:23.***

ഏറ്റവുമധികം താലോലിച്ചതും ദൈവത്തിൽനിന്നു വേർപിരിക്കുന്നതും നിരവധി സാംക്രമികമായ ആത്മീയ കുഴപ്പങ്ങൾ സൃഷ്ടിച്ചതുമായ പാപമെന്നത് സ്വാർത്ഥതയാണ്. സ്വയത്യാഗത്തിലൂടെ മാത്രമേ നമുക്ക് കർത്താവിങ്കലേക്ക് തിരിച്ചുപോകുവാൻ കഴിയുകയുള്ളു. നമുക്ക് നമ്മുടേതായി ഒന്നും ചെയ്വാൻ കഴിയുകയില്ല. പക്ഷേ ദൈവം നമ്മെ ശക്തീകരിക്കുന്നതിൽകൂടി മറ്റുള്ളവർക്ക് നന്മ ചെയ്യുവാനായി നമുക്ക് ജീവിക്കുവാൻ കഴിയുകയും തദ്വാര സ്വാർത്ഥത എന്ന ദുഷ്ടതയെ നമ്മിൽ നിന്നും അകറ്റുവാനും കഴിയും. ദൈവത്തിനായി ഉപയോഗപ്രദവും നിസ്വാർത്ഥവുമായ ജീവിതം സമർപ്പിക്കുവാനുള്ള നമ്മുടെ ആഗ്രഹം വ്യക്തമാക്കുവാനായി നാം അവിശ്വാസികളുടെ മദ്ധ്യത്തിലേക്ക് പോകേണ്ട ആവശ്യം ഇല്ല. ഇത് നമ്മുടെ ഭവനാന്തരീക്ഷത്തിലും സഭയിലും നാം സഹവസിക്കുന്നവരുടെ മദ്ധ്യത്തിലും വ്യാപാരം നടത്തുന്നവരുടെ ഇടയിലും ചെയ്യണം. സ്വയത്തെ നിഷേധിക്കുവാനും കീഴ്പെടുത്തുവാനും ഉള്ള ഇടം ദൈനംദിന ജീവിതസാഹചര്യത്തിലാണ്.

“ദിവസേന ഞാൻ മരിക്കുന്നു” എന്നാണ് പൗലോസ് പറയുന്നത്. ജീവിതത്തിൽ ചെറിയ ഇടപാടുകളിലൂടെ സ്വയത്തെ നിത്യേന മരിപ്പിക്കുന്നതിനാലാണ് നാം വിജയികളായിത്തീരുന്നത്. മറ്റുള്ളവർക്ക് നന്മ ചെയ്യുവാനുള്ള ആഗ്രഹത്തിൽ നാം സ്വയത്തെ ഉപേക്ഷിക്കണം. മറ്റുള്ളവരെ സ്നേഹിക്കുന്നതിൽ ഉപേക്ഷ വരുത്തുന്ന അനേകരുണ്ട്. വിശ്വസ്തതയോടെ തങ്ങളുടെ കർത്തവ്യം നിറവേറ്റുന്നതിനുപകരം അവർ തങ്ങളുടെ സ്വന്ത സുഖം തേടുകയാണ് ചെയ്യുന്നത്.

ദൈവം തന്റെ അനുയായികളുടെ മേൽ മറ്റുള്ളവരെ തങ്ങളുടെ സ്വാധീനവും സമ്പത്തും ഉപയോഗിച്ച് അനുഗ്രഹിക്കുവാനുള്ള ഒരു യഥാർത്ഥ ഉത്തരവാദിത്വം ഭരമേല്പിച്ചിരിക്കുകയാണ്. ദൈവീക ജ്ഞാനം കാംക്ഷിക്കുന്നവരെ അവരുടെ സമീപത്തുള്ളവരുടെയും സ്വാധീനത്തിലുള്ളവരുടെയും ചിന്തയും വാത്സല്യവും ഉയർത്തുവാൻ ആവശ്യമായതൊക്കെയും പ്രവർത്തിക്കുവാൻ ഈ താല്പര്യം പ്രാപ്തരാക്കും. മറ്റുള്ളവർക്കുവേണ്ടി പ്രവർത്തിക്കുന്നതിലൂടെ ഒരു ആന്തരിക സമാധാനം പ്രതിഫലമാക്കുവാനും തദ്വാര ഒരു മധുരതരമായ സംതൃപ്തി അനുഭവിപ്പാനും കഴിയും. മറ്റുള്ളവർക്കായി ചെയ്യുന്നതിൽ മതിയായ പ്രതിഫലമെന്നവണ്ണമുള്ള ഒരു ആന്തരിക സമാധാനമായ മധുരമേറിയ സംതൃപ്തി അനുഭവവേദ്യമാകുന്നതിലുള്ള ഒരു യഥാർത്ഥ സന്തോഷം അവർ കണ്ടെത്തും. ഭൗമിക സമ്മാനങ്ങളെക്കാൾ കൂടുതലായി ഇതിന് നല്കുവാൻ കഴിയും. നിസ്വാർത്ഥവും വിശ്വസ്തവുമായ എല്ലാ കർത്തവ്യ നിർവ്വഹണങ്ങളും ദൂതന്മാരാൽ വീക്ഷിക്കപ്പെടുകയും അത് ജീവിത രേഖകളിൽ പ്രതിഫലിക്കുകയും ചെയ്യും.

സ്വർഗ്ഗത്തിൽ ആരും സ്വയത്തെക്കുറിച്ചു ചിന്തിക്കുകയോ സ്വന്തം സുഖം തേടുകയോ ചെയ്കയില്ല. പക്ഷെ എല്ലാവരും നിർമ്മലവും യഥാർത്ഥവുമായ സ്നേഹത്തിൽ തങ്ങൾക്ക് ചുറ്റുമുള്ള സ്വർഗ്ഗീയവാസികളുടെ സന്തോഷം കാംക്ഷിക്കും. പുതിയ ഭൂമിയിൽ നാം സ്വർഗ്ഗീയ കൂട്ടായ്മ അനുഭവിക്കുവാൻ ആഗ്രഹിക്കുന്നു എങ്കിൽ ഇവിടെ നാം സ്വർഗ്ഗീയ തത്വങ്ങളാൽ ഭരിക്കപ്പെടണം.

ഈ ലോകത്ത് നമുക്ക് ചെയ്യുവാനുള്ള ശ്രേഷ്ഠ ജോലി, ക്രിസ്തുവിന്റെ സ്വഭാവത്തിൽ ജീവിച്ച് ദൈവത്തെ മഹത്വപ്പെടുത്തുക എന്നത് മാത്രമാണ്.





# ജീവനിലേക്കുള്ള വഴിത്താര

***ഇടുക്കുവാതിലിലൂടെ അകത്തു കടപ്പിൻ; നാശത്തിലേക്കു പോകുന്ന വാതിൽ വീതിയുള്ളതും വഴി വിശാലവും അതിൽകൂടി കടക്കുന്നവർ അനേകരും ആകുന്നു. ജീവങ്കലേക്കു പോകുന്ന വാതിൽ ഇടുക്കവും വഴി ഞെരുക്കവുമുള്ളതു; അതു കണ്ടെത്തുന്നവർ ചുരുക്കമത്രേ. മത്താ. 7:13, 14.***

ഓരോ ചുവടും സ്വയത്യാഗത്തെ കുറിക്കുന്നതായ ഇടുങ്ങിയ പാതയിലൂടെ പ്രവേശിക്കുവാൻ യേശു നമ്മോട് ആഹ്വാനം ചെയ്യുകയാണ്. വിശുദ്ധന്മാർക്ക് ഒരിക്കൽ നല്കിയതായ വിശ്വാസത്തിനുവേണ്ടി നിത്യസത്യത്തിന്റെ ഉന്നത പ്രതലത്തിൽ നിൽക്കുവാനും അത് ആത്മാർത്ഥമായി ഉൾക്കൊള്ളുവാനും അവൻ നമ്മോട് ആജ്ഞാപിക്കുകയാണ്.

വാഴ്ചകളും അധികാരങ്ങളും ആത്മീക അസന്മാർഗ്ഗീകതകളും ഉയർന്ന നിലയിലാകുകയും അവ മുഴുവനുമായി സത്യത്തിനെതിരെ പോരാടുവാൻ കൊണ്ടുവരപ്പെടുകയും ചെയ്യുന്ന ഒരാളിനെയാണ് നാം സമീപിക്കുന്നത്. സാത്താന്റെ വഞ്ചനാശക്തി വളരെ വിപുലമായിരിക്കും. സാധിക്കുമെങ്കിൽ അവൻ വ്രതന്മാരെയും തെറ്റിച്ചുകളയും. സാത്താന്റെ ആസൂത്രണങ്ങളെക്കുറിച്ച് നാം അജ്ഞരാകാതിരിക്കുവാൻ നമ്മുടെ തിരിച്ചറിവുകളെ ദൈവിക വെളിപ്പാടുകളുടെ വെളിച്ചത്തിൽ ശക്തിപ്പെടുത്തണം. നമ്മുടെ ശ്രമങ്ങൾ വൻ വിജയമാക്കിത്തീർക്കുവാൻവേണ്ടി വിശുദ്ധ ദൂതന്മാരുടെ സഹകരണം പ്രദാനം ചെയ്ത് അതിന് വേണ്ടതെല്ലാം ദൈവം ഒരുക്കിയിട്ടുണ്ട്. അസംഘടിത പ്രയത്നം ഒരിക്കലും വിജയം നേടിത്തരികയില്ല. എല്ലാ സഭാവിശ്വാസികളുടെയും സംഘടിത സ്വാധീനം ആണ് ഇവിടെ ആവശ്യമായിരിക്കുന്നത്.

ഹാനോക്കിനെപ്പോലെ ദൈവത്തോടുകൂടെ നടന്ന് ക്രിസ്തുവിനെ ലോകത്തിന് വെളിപ്പെടുത്തുന്ന മനുഷ്യരെയാണ് ഇന്ന് സഭയ്ക്കാവശ്യമായിരിക്കുന്നത്. സഭാംഗങ്ങൾ ഒരു ഉന്നത നിലവാരത്തിൽ എത്തിച്ചേരേണ്ടത് ആവശ്യമായിരിക്കുന്നു. സ്വയത്തെ ദൃഷ്ടിപഥത്തിൽനിന്ന് വീഴ്ത്തിക്കളഞ്ഞവരുമായി ആശയവിനിമയം നടത്തുവാൻവേണ്ടി സ്വർഗ്ഗീയ ദൂതഗണങ്ങൾ കാത്തിരിക്കുകയാണ്. “ഇനി ജീവിക്കുന്നത് ഞാനല്ല ക്രിസ്തു അത്രേ എന്നിൽ ജീവിക്കുന്നു. ഇപ്പോൾ ഞാൻ ജഡത്തിൽ ജീവിക്കുന്നതോ എന്നെ സ്നേഹിച്ചു എനിക്കുവേണ്ടി തന്നെത്താൻ ഏല്പിച്ചുകൊടുത്ത ദൈവപുത്രങ്കലുള്ള വിശ്വാസത്താലത്രേ ജീവിക്കുന്നത്” എന്ന ഈ വചനം അവരുടെ ജീവിതത്തിൽ പൂരിതമായിരിക്കും. തിളക്കമുള്ളതും വ്യക്തവുമായ പ്രകാശവീചികളാൽ സഭ ലോകത്തിനുമുൻപിൽ ശോഭിക്കുന്നതിന് മുൻപായി ഇങ്ങനെയുള്ള സ്ത്രീപുരുഷന്മാരാൽ സഭ രൂപീകരിക്കപ്പെടണം. നീതിസൂര്യനിലുള്ള നമ്മുടെ കാഴ്ചപ്പാടുകൾ സ്വാഭിലാക്ഷത്താൽ മൂടപ്പട്ടിരിക്കുകയാണ്. അനേകരും സ്വന്ത ആഗ്രഹപൂർത്തീകരണത്തിലൂടെയും ക്രിസ്തുവിനെ വീണ്ടും ക്രൂശിക്കുന്നതിലൂടെയും അവരുടെമേൽ കർതൃത്വം നടത്തുവാൻ സാത്താനെ അനുവദിക്കുകയാണ്.

ദൈവരാജ്യത്തെ ഭരിക്കുന്ന നിയമങ്ങളോട് എല്ലാവരും വിശ്വസ്തരോ അവിശ്വസ്തരോ എന്ന് പരിശോധിച്ച് തെളിയിക്കണമെന്നുള്ളത് ദൈവീകോദ്ദേശമാണ്. അന്ത്യത്തിൽ താൻ ഒരു കള്ളനും പരദൂഷകനും കുലപാതകിയുമാണ് എന്ന് വെളിപ്പെടുത്തുവാൻ സാത്താനെ ദൈവം അനുവദിക്കും. ഇങ്ങനെ തന്റെ ജനത്തിന്റെ അന്ത്യവിജയം ഏറ്റവും വിലയേറിയതും മഹത്വമേറിയതും കൂടുതൽ പരിപൂർണ്ണവുമാക്കിത്തീർക്കും.

# ക്രിസ്തുവിനോടൊത്തുള്ള പങ്കാളിത്തം

***ഞാൻ മുന്തിരിവള്ളിയും നിങ്ങൾ കൊമ്പുകളും ആകുന്നു; ഒരുത്തൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു എങ്കിൽ അവൻ വളരെ ഫലം കായ്ക്കും; എന്നെ പിരിഞ്ഞു നിങ്ങൾക്ക് ഒന്നും ചെയ്വാൻ കഴികയില്ല. യോഹ. 15:5.***

അവസാനം വന്നെത്തിയിരിക്കുന്നു. ശേഷിക്കുന്ന കാര്യങ്ങൾ ക്രമപ്പെടുത്തുവാൻ സഭയോട് ദൈവം ആജ്ഞാപിക്കുകയാണ്. പ്രവർത്തകരൊന്നിച്ച് ദൈവത്തോടുകൂടെ മറ്റുള്ളവരെക്കൂടി ദൈവരാജ്യത്തിലേക്ക് കൊണ്ടുപോകുവാൻ കർത്താവിനാൽ നിങ്ങൾ ശക്തീകരിക്കപ്പെട്ടിരിക്കുന്നു. നിങ്ങൾ ദൈവത്തിന്റെ ജീവിക്കുന്ന പ്രതിനിധികളും ലോകത്തിന് വെളിച്ചമേകുവാനുള്ള മുഖാന്തിരങ്ങളുമാകണം. ക്രിസ്തുവിൽനിന്നും അവർക്ക് ലഭിച്ചതായ ദൗത്യവുമായി നിന്നെ ശക്തീകരിക്കുവാനും ആത്മാക്കളുടെ രക്ഷയ്ക്കായുള്ള വേലയിൽ നിന്നെ താങ്ങുവാനുമായി നിനക്കുചുറ്റും സ്വർഗ്ഗീയ ദൂതന്മാരുണ്ട്.

ഈ ലോകത്തിനനുരൂപരാകാതെ ഈ ലോകത്തോട് വേർപെട്ട് നിൽക്കണം. നീതിസൂര്യന്റെ ശക്തിയേറിയ പ്രകാശകിരണങ്ങളെ പ്രതിഫലിപ്പിച്ചുകൊണ്ട്, കളങ്കപ്പെടാതെ വിശുദ്ധിയിലും നിർമ്മലതയിലും നില്ക്കണം. ഭൂമിയിലെ എല്ലാ പ്രധാന വീഥികളിലും ഇടവഴികളിലും വിശ്വാസത്തോടുകൂടി എല്ലാവർക്കും പ്രകാശമേകി നിലകൊള്ളണം.

നിത്യമായി ഏറെ വൈകുന്നതിനു മുൻപ് സഭ ഉണരണം. എല്ലാ വിശ്വാസികളും തങ്ങളുടെ വ്യക്തിഗത വേല നിറവേറ്റി തങ്ങളെ വിളിച്ച കർത്താവിന്റെ നാമം വെളിപ്പെടുത്തണം. അലസതയുടെയും അവിശ്വാസത്തിന്റെയും സ്ഥാനം ഉറച്ച വിശ്വാസവും ആത്മാർത്ഥ ദൈവഭക്തിയും കയ്യടക്കട്ടെ. വിശ്വാസം ക്രിസ്തുവിൽ ഭരമേല്പിക്കപ്പെടുമ്പോൾ സത്യം ആത്മാവിന് ഉത്തേജനമേകുകയും സഭയുടെ പ്രവർത്തനങ്ങളിൽ മുരടിപ്പോ, താല്പര്യക്കുറവോ ഉണ്ടാവുകയില്ല. നിങ്ങൾ സ്വീകരിച്ചിരിക്കുന്ന ക്രിസ്ത്യാനിത്വം പ്രാവർത്തികമാക്കുമ്പോൾ നിത്യവും സമൃദ്ധവുമായ ഒരനുഭവം നിങ്ങൾക്കുണ്ടാകും. പാപികൾ മാനസാന്തരപ്പെടുകയും ചെയ്യും.

എല്ലാവരും ഉണർന്ന് അവരുടെ ജീവിക്കുന്ന വിശ്വാസം ലോകത്തിന് വെളിപ്പെടുത്തുകയാണെങ്കിൽ യേശു വേഗം വരുന്നു എന്ന സുപ്രധാന വിഷയം ലോകത്തിന് മുൻപിൽ ഉണ്ട്. നാം നിത്യരാജ്യത്തിന് അരികിലാണെന്ന് നാം വിശ്വസിക്കുന്നു എന്നുള്ളത് മനുഷ്യർ ഗ്രഹിക്കണം.

ദൈവരാജ്യത്തിന്റെ കെട്ടുപണികൾ മന്ദഗതിയിലാകുന്നതും വേഗത്തിൽ മുന്നോട്ടുപോകുന്നതും മർത്യമാദ്ധ്യമങ്ങളുടെ അവിശ്വസ്തതയ്ക്കോ വിശ്വാസ്യതയ്ക്കോ അനുസൃതമായിട്ടല്ല നടക്കുന്നത്. സ്വർഗ്ഗീയരുമായുള്ള മനുഷ്യരുടെ സഹകരണത്തിലുള്ള പരാജയം മൂലമാണ് ഈ വേല തടസ്സപ്പെടുന്നത്. “നിന്റെ രാജ്യം വരേണമേ, നിന്റെ ഇഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലുമാകേണമേ,” എന്ന് മനുഷ്യർ പ്രാർത്ഥിച്ചേക്കാം. പക്ഷേ ഈ പ്രാർത്ഥന അവരുടെ ജീവിതത്തിൽ പ്രാവർത്തികമാക്കുന്നില്ലെങ്കിൽ അവരുടെ അപേക്ഷ ഫലപ്രദമാവുകയില്ല. ഒരുപക്ഷേ നീ ബലഹീനനും തെറ്റുചെയ്യുന്നവനും പാപിയും ആയിരുന്നേക്കാം, കർത്താവ് അവനുമൊത്തുള്ള പങ്കാളിത്തം നിനക്ക് വച്ചുനീട്ടുകയാണ്. ദൈവിക ഉപദേശത്തിന് വശംവദനാകുവാൻ അവൻ നിന്നെ ക്ഷണിക്കുകയാണ്. നീ ക്രിസ്തുവുമായി യോജിച്ച് ദൈവത്തിന്റെ വേല ചെയ്യണം. “എന്നെക്കൂടാതെ നിങ്ങൾക്ക് ഒന്നും ചെയ്യുവാൻ കഴിയുകയില്ല” എന്നാണ് യേശു പറഞ്ഞത്.





# രക്ഷകന്റെ പ്രതിനിധികൾ

***ജാതികൾ നിങ്ങളെ ദുഷ്ടപ്രവൃത്തിക്കാർ എന്നു ദുഷിക്കുന്തോറും നിങ്ങളുടെ നല്ല പ്രവൃത്തികളെ കണ്ടറിഞ്ഞിട്ടു സന്ദർശനദിവസത്തിൽ ദൈവത്തെ മഹത്വപ്പെടുത്തേണ്ടതിനു അവരുടെ ഇടയിൽ നിങ്ങളുടെ നടപ്പു നന്നായിരിക്കേണം എന്നു ഞാൻ പ്രബോധിപ്പിക്കുന്നു. 1 പത്രൊ. 2:12.***

ക്രിസ്തുവിന്റെ നാമം ധരിച്ചിരിക്കുന്നവർ അവനെ പ്രതിനിധീകരിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നു. അവർ വിശുദ്ധീകരിക്കപ്പെട്ടും നീതീകരിക്കപ്പെട്ടും വിശുദ്ധജനമായി തങ്ങൾ ബന്ധപ്പെടുന്നവർക്ക് എല്ലാവർക്കും വെളിച്ചം പ്രദാനം ചെയ്യുന്നവരായിത്തീരണം.

ക്രിസ്തുവിന്റെ അനുയായികൾ താത്വികമായും താല്പര്യപ്രകാരമായും ഈ ലോകത്തിൽനിന്നും വേർപെട്ടവരായിരിക്കണം. പക്ഷേ അവർ തങ്ങളെത്തന്നെ ഈ ലോകത്തുനിന്നും ഏകാന്തതയിൽ പോകുവാൻ അനുവദിക്കരുത്. രക്ഷകൻ പതിവായി മനുഷ്യരുമായി ഇടപെട്ടു. ദൈവഹിതത്തിനെതിരായ കാര്യങ്ങൾക്ക് പ്രോത്സാഹനം നല്കുവാനല്ല, പിന്നെയോ അവരെ ഉയർത്തുവാനും ശ്രേഷ്ഠരാക്കുവാനുമായിട്ടായിരുന്നു. “അവരും സാക്ഷാൽ വിശുദ്ധീകരിക്കപ്പെട്ടവർ ആകേണ്ടതിനു ഞാൻ അവർക്കുവേണ്ടി എന്നെത്തന്നെ വിശുദ്ധീകരിക്കുന്നു” യോഹ. 17:19 എന്ന് അവൻ പ്രസ്താവിക്കുന്നു. ആയതിനാൽ ക്രിസ്ത്യാനികൾ ജനങ്ങളോടൊത്ത് വസിക്കുമ്പോൾ ദൈവിക സ്നേഹത്തിന്റെ രുചി ഉപ്പിനെപ്പോലെ ഈ ലോകത്തെ സാന്മാർഗ്ഗികാധഃപതനത്തിൽ നിന്ന് പരിരക്ഷിക്കും.

ഉന്നതവും വിശുദ്ധവും ശ്രേഷ്ഠവും ആയ ഒരു ശക്തിയാണ് നമ്മുടെ മുഖ്യ ആവശ്യം. ക്രിസ്ത്യാനികളെന്ന് പറയപ്പെടുന്നവർ ഏതു തരം ഫലമാണ് പുറപ്പെടുവിക്കുന്നത് എന്ന് കാണുവാൻ ലോകം ഉറ്റുനോക്കുകയാണ്. നാം ബന്ധപ്പെടുന്ന എല്ലാവരുടെയും മനസ്സിൽ വേദപുസ്തകമതത്തിന് അനുകൂലമായോ പ്രതികൂലമായോ പൊതുവായ ധാരണകൾ തുടർച്ചയായി രൂപപ്പെടുകയാണ്.

ദൈവവും ദൂതന്മാരും ഇത് ശ്രദ്ധിക്കുന്നുണ്ട്. ലൗകികതയുടെ മേൽ ക്രിസ്ത്യാനിത്വത്തിനുള്ള നേട്ടം എന്തെന്നും അവർ പ്രവർത്തിക്കുന്നത് ഉന്നതവും വിശുദ്ധവുമായ ഒരു പ്രതലത്തിലാണെന്നും അവരുടെ ജീവിതത്തിലൂടെ കാട്ടിക്കൊടുക്കുവാൻ അവരെക്കുറിച്ച് ദൈവം ആഗ്രഹിക്കുന്നു. അവർക്ക് ലഭ്യമായ സത്യമാണ് അവരെ സ്വർഗ്ഗീയരാജാവിന്റെ മക്കളാക്കിത്തീർത്തതെന്ന് അവർ വ്യക്തമാക്കുന്നത് കാണുവാൻ അവൻ ആശിക്കുകയാണ്. അവന്റെ അതിരുകളില്ലാത്ത സ്നേഹവും ദയയും അവരിലൂടെ പകർന്നേകുവാൻ അവൻ കാംക്ഷിക്കുകയാണ്.

തന്റെ സഭയിൽ തന്നെത്തന്നെ വെളിപ്പെടുത്തുവാനുള്ള അത്യാകാംക്ഷയോടെ യേശു കാത്തിരിക്കുകയാണ്. രക്ഷകന്റെ സ്വഭാവം പരിപൂർണ്ണമായി തന്റെ ജനത്തിൽ പ്രത്യുല്പാദിപ്പിക്കപ്പെടുമ്പോൾ തന്റെ സ്വന്തമെന്ന് അവകാശപ്പെടുവാൻ അവൻ വരും. നമ്മുടെ രക്ഷകന്റെ വരവിനായി കാംക്ഷിക്കുക മാത്രമല്ല അതിനെ ത്വരിതപ്പെടുത്തുക എന്നതും എല്ലാ ക്രിസ്ത്യാനികളുടെയും ഒരു പദവിയാണ്. അവന്റെ നാമം ധരിച്ചിരിക്കുന്നു എന്ന് അവകാശപ്പെടുന്ന എല്ലാവരും അവന്റെ മഹത്വത്തിനായി ഫലം പുറപ്പെടുവിക്കുകയാണെങ്കിൽ എത്ര വേഗത്തിൽ മുഴുലോകത്തിലും സുവിശേഷവിത്തുകൾ വിതയ്ക്കപ്പെടുമായിരുന്നു. വേഗത്തിൽ അന്ത്യകൊയ്ത്തിന് പാകമാകുകയും ക്രിസ്തു വരികയും ചെയ്യും.

# ലോകം തിരിച്ചറിയുന്ന ഒരു സ്വഭാവം

***വക്രതയും കോട്ടവുമുള്ള തലമുറയുടെ നടുവിൽ നിങ്ങൾ അനിന്ദ്യരും പമാർത്ഥികളും ദൈവത്തിന്റെ നിഷ്കളങ്ക മക്കളും ആകേണ്ടതിന് എല്ലാം പിറുപിറുപ്പും വാദവുംകൂടാതെ ചെയ്വിൻ. അവരുടെ ഇടയിൽ നിങ്ങൾ ജ്യോതിസ്സുകളെപ്പോലെ പ്രകാശിക്കുന്നു. ഫിലി. 2:14,15.***

ദൈവം തന്റെ ജനത്തിൽക്കൂടി അവന്റെ രാജ്യത്തിന്റെ തത്വങ്ങൾ വെളിപ്പെടുത്തണമെന്നത് അവന്റെ ഉദ്ദേശമാണ്. തങ്ങളുടെ ജീവിതത്തിലും സ്വഭാവത്തിലും അവർ ഈ തത്വങ്ങൾ വെളിപ്പെടുത്തേണ്ടിയിരിക്കുന്നു. ഈ ലോകത്തിലെ ആചാരമര്യാദാനുഷ്ഠാനങ്ങളിൽ നിന്നും അവരെ വേർപെടുത്തുവാൻ അവൻ ആഗ്രഹിക്കുന്നു. ദൈവം തന്റെ സഭയിൽ നന്മ, ദയ, ന്യായം, ദൈവസ്നേഹം എന്നിവ വെളിപ്പെടുത്തിയത് ഉയർത്തിക്കാണിക്കുന്നതിലൂടെ ലോകത്തിൽ അവന്റെ സ്വഭാവത്തിന്റെ ഒരു അവതരണം ആവശ്യമായിരിക്കുന്നു. ദൈവകല്പന ജീവിതത്തിൽ മാതൃകയാക്കുമ്പോൾ, ലോകത്തിലുള്ള എല്ലാവരെക്കാളുമുപരിയായി ദൈവത്തെ ഭയപ്പെടുകയും സ്നേഹിക്കുകയും സേവിക്കുകയും ചെയ്യുന്നവരുടെ ശ്രേഷ്ഠത ലോകം തിരിച്ചറിയും.

സെവന്ത്-ഡേ അഡ്വന്റിസ്റ്റുകാർ മറ്റുള്ളവരെക്കാൾ ദയയിലും ഹൃദയശുദ്ധിയിലും മാനസാന്തരത്തിലും ഉന്നത മാതൃകയാകണം. അവരെയാണ് മർത്യർക്കു നല്കിയിട്ടുള്ള ശ്രേഷ്ഠ സത്യം ഭരമേല്പിച്ചിരിക്കുന്നത്. കൃപ, ശക്തി, കഴിവ് എന്നീ ഇഷ്ടദാനങ്ങൾ ഉദാരമായി നല്കപ്പെട്ടിരിക്കുകയാണ്. ആകാശമേഘങ്ങളിൽ ക്രിസ്തുവിന്റെ ആസന്ന തിരിച്ചുവരവിനായി അവർ നോക്കിയിരിക്കുകയാണ്. തങ്ങളുടെ ദൈവത്തെ അധികമായി നിന്ദിക്കുവാൻവേണ്ടി തങ്ങളുടെ ജീവിതത്തെ നയിക്കുന്ന ശക്തിയല്ല തങ്ങളുടെ വിശ്വാസമെന്ന് ലോകത്തിന് അവർ ബോധ്യം വരുത്തണം.

സാത്താന്റെ പരീക്ഷകളുടെ ശക്തി ഏറിവരുന്നതിനാൽ ദൈവമക്കൾ ആപത്ത് നിറഞ്ഞ ഒരു കാലഘട്ടത്തിലാണ് ജീവിക്കുന്നത്. നമ്മുടെ ഓരോ ചുവടും സൂഷ്മതയോടും വിശുദ്ധിയോടുംകൂടിയായിരിക്കേണ്ടതിന് ശ്രേഷ്ഠഗുരുവിനെക്കുറിച്ച് നാം സ്ഥിരതയോടെ പഠിക്കണം. അത്ഭുതകരമായ കാഴ്ചകൾ നമുക്ക് മുൻപിൽ തുറക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. ദൈവജനമെന്ന് വിളിക്കപ്പെട്ടവരുടെ ജീവിതത്തിൽ ഈ കാലത്ത് ഒരു ജീവിക്കുന്ന സാക്ഷ്യം ഉടലെടുക്കേണ്ടിയിരിക്കുന്നു. തദ്വാര എല്ലായിടത്തും പൈശാചികത്വം നടമാടുന്ന ഈ കാലത്തും തങ്ങളുടെ ആഗ്രഹങ്ങളെ ത്യജിച്ച്, ദൈവേഷ്ടം ചെയ്യുവാൻ തല്പരരായ ഒരു കൂട്ടം ജനം ഉണ്ട് എന്ന് ലോകത്തിന് ദർശിപ്പാൻ കഴിയും. ദൈവകല്പനകൾ തങ്ങളുടെ ജീവിതത്തിലും ഹൃദയത്തിലും എഴുതപ്പെട്ടതായ ഒരു സമൂഹത്തെത്തന്നെ....

അവരുടെ നിരൂപണങ്ങൾ പരിശുദ്ധവും അവരുടെ വാക്കുകൾ ശ്രേഷ്ഠവും ഉന്നതിയിലേക്ക് നയിക്കുന്നതും ആയിരിക്കണം. അവരുടെ സംസാരവും പ്രവൃത്തിയും ദൈവസഭയുമായി ഇഴുകിച്ചേർന്നതായിരിക്കണം. അവർ നീതീകരിക്കപ്പെട്ടതും വിശുദ്ധീകരിക്കപ്പെട്ടതുമായ വിശുദ്ധ ജനമായി തങ്ങൾ ബന്ധപ്പെടുന്നവർക്ക് വെളിച്ചം വീശുന്നവരായിരിക്കണം. അവരുടെ ജീവിതത്തിൽ സത്യത്തെ മാതൃകയാക്കിയിരിക്കുന്നതിനാൽ അവർ ഈ ഭൂമിയിൽ ആദരിക്കപ്പെടണമെന്നുള്ളതാണ് അവന്റെ ഉദ്ദേശം. ഇത് സാധ്യമാക്കിത്തീർക്കുവാൻ ദൈവകൃപ മതിയായതാണ്.





# ലോകത്തിനുവേണ്ട സാക്ഷ്യം

***ഞങ്ങളുടെ ഹൃദയങ്ങളിൽ എഴുതിയതായി സകല മനുഷ്യരും അറിയുന്നതും വായിക്കുന്നതുമായ ഞങ്ങളുടെ പത്രം നിങ്ങൾ തന്നെ. 2 കൊരി. 3:2.***

ക്രിസ്തുവിന്റെ സ്നേഹം വസിക്കുന്ന ഈ ലോകത്തിനുള്ള സാക്ഷ്യം സ്വഭാവ രൂപാന്തരമാണ്. കൃപയുടെ വീണ്ടെടുപ്പിൻ ശക്തിക്ക് വീഴ്ച ഭവിച്ച ജീവിതങ്ങളിന്മേൽ പ്രവർത്തിച്ച് അതിനെ തതുല്യമായ ഫലപ്രാപ്തിക്ക് കാരണമാക്കുവാൻ കഴിയും എന്ന് തന്റെ ജനം വെളിവാക്കണമെന്ന് കർത്താവ് ആഗ്രഹിക്കുന്നു.

ദൈവോദ്ദേശ പൂർത്തീകരണം നേടേണ്ടതിന് നാം ഒരു പ്രാരംഭവേല ചെയ്യേണ്ടതായിട്ടുണ്ട്. വിരക്തിയുടെ തായ്‌വേരായ സ്വാർത്ഥതയെ നമ്മുടെ ഹൃദയങ്ങളിൽനിന്നും അകറ്റിക്കളയുവാൻ കർത്താവ് നമ്മോട് ആജ്ഞാപിക്കുകയാണ്. ദൈവത്തിന്റെ പരിശുദ്ധാത്മാവിനെ നമ്മുടെമേൽ സമൃദ്ധിയായി ചൊരിയുവാൻ അവൻ ആഗ്രഹിക്കുകയും സ്വയപരിത്യാഗത്താൽ അതിനുള്ള വഴിയൊരുക്കുവാനും അവൻ നമ്മോട് ആജ്ഞാപിക്കുന്നുണ്ട്. നമ്മുടെ സ്വയത്തെ ദൈവത്തിനു സമർപ്പിക്കുമ്പോൾ മറ്റുള്ളവരുടെ പാതയിൽവച്ചിട്ടുള്ള നമ്മുടെ ക്രിസ്തീയമല്ലാത്ത ജീവിതം മൂലമുള്ള പ്രതിബന്ധങ്ങൾ കാണുവാൻ നമ്മുടെ മിഴികൾ തുറക്കപ്പെടും. ഇതെല്ലാം നീക്കം ചെയ്യുവാനായി ദൈവം നമ്മോട് ആഹ്വാനം ചെയ്യുകയാണ്. അവൻ പറയുന്നു: “എന്നാൽ നിങ്ങൾക്കു രോഗശാന്തി വരേണ്ടതിന്നു നിങ്ങൾ തമ്മിൽ തമ്മിൽ പാപങ്ങളെ ഏറ്റുപറഞ്ഞു ഒരുവനുവേണ്ടി ഒരുവൻ പ്രാർത്ഥിപ്പിൻ” യാക്കോ. 5:16. ദാവീദ് തന്റെ പാപം ഏറ്റുപറഞ്ഞ് പ്രാർത്ഥിച്ചപ്പോൾ അവനു ലഭിച്ച ഉറപ്പ് നമുക്കും സ്വായത്തമാകും. “നിന്റെ രക്ഷയുടെ സന്തോഷം എനിക്കു തിരികെ തരേണമേ; മനസ്സൊരുക്കമുള്ള ആത്മാവിനാൽ എന്നെ താങ്ങേണമേ. അപ്പോൾ ഞാൻ അതിക്രമക്കാരോടു നിന്റെ വഴികളെ ഉപദേശിക്കും; പാപികൾ നിങ്കലേക്കു മനംതിരിയും” സങ്കീ. 51:12, 13 എന്ന് ദാവീദ് പ്രാർത്ഥിച്ചു.

ആന്തരികമായി ദൈവകൃപ ആവസിക്കുമ്പോൾ വിശ്വാസം, ധൈര്യം, ക്രിസ്തുതുല്യമായ സ്നേഹം എന്നിവയാകുന്ന ഒരു പരിതസ്ഥിതിയാൽ ആത്മാവ് വലയം ചെയ്യപ്പെടും. ഈ അന്തരീക്ഷത്തിൽ അത് ശ്വസിക്കുന്ന എല്ലാവരുടെയും ആത്മീക ജീവിതം ഉദ്ധരിക്കപ്പെടും. പൊറുക്കുന്ന ക്രിസ്തുവിന്റെ സ്നേഹത്തിന്റെ കൂട്ടവകാശികളായ എല്ലാവരും, ദൈവാത്മാവിനാൽ പ്രചോദിതമായി സത്യത്തിലേക്ക് മാനസ്സാന്തരപ്പെട്ടവരും ഈ അതിശ്രേഷ്ഠമായ അനുഗ്രഹങ്ങൾ എല്ലാം താനുമായി ബന്ധപ്പെടുന്നവർക്കായുള്ള തന്റെ ഒരു കടബാധ്യതയായി കരുതും. അഭിഷിക്തരായ ശുശ്രൂഷകന്മാർക്കുപോലും സമീപിക്കുവാൻ കഴിയാത്ത ആത്മാക്കളെ നേടുവാൻ ഹൃദയത്തിൽ താഴ്മയുള്ളവരെ ദൈവം ഉപയോഗിക്കും. ക്രിസ്തുവിന്റെ രക്ഷിക്കുന്ന കൃപയെ വെളിപ്പെടുത്തുന്ന വാക്കുകൾ ഉച്ചരിപ്പാനായി അവർ ആനയിക്കപ്പെടും.

മറ്റുള്ളവരെ അനുഗ്രഹിക്കുന്നതിലൂടെ അവർ സ്വയം അനുഗ്രഹിക്കപ്പെടും. നാം കൃപാധിക്യത്താൽ നിറയപ്പെടേണ്ടതിനും കൃപ വെളിവാക്കേണ്ടതിനും ദൈവം നമുക്കൊരു അവസരം നല്കിയിരിക്കുകയാണ്. ദൈവം നല്കിയിരിക്കുന്ന താലന്തുകളും സൗകര്യങ്ങളും ഉപയോഗിച്ച് ദൈവത്തിന്റെ പ്രതിനിധിയെപ്പോലെ പ്രവർത്തിപ്പാൻ പ്രത്യാശയും വിശ്വാസവും നമ്മെ ശക്തീകരിക്കും. അവനോടുകൂടെ വേലചെയ്യുവാൻ ഒരു ആത്മീക മദ്ധ്യവർത്തി അവനുണ്ടായിരിക്കും.

# ദൈവം കുറവുകളെ കണക്കാക്കുമ്പോൾ

***നിങ്ങൾക്കു ദൈവത്തിന്റെ കൃപ ലഭിച്ചതു വ്യർത്ഥമായിത്തീരരുത് എന്നു ഞങ്ങൾ സഹപ്രവൃത്തിക്കാരായി നിങ്ങളെ പ്രബോധിപ്പിക്കുന്നു. 2 കൊരി. 6:1.***

എവിടെ ആത്മാക്കൾ രക്ഷപ്രാപിക്കുവാനുണ്ടോ അവിടെ നാം നമ്മുടെ സഹായം എത്തിച്ച് ദൈവത്തിന്റെ പുത്രീപുത്രന്മാരെ ദൈവസന്നിധിയിൽ കൊണ്ടുവരേണ്ടതിന് ലോകം മുഴുവനും ദൈവവേലയിൽ നാം കൂട്ടാളികളായിരിക്കണം. അന്ത്യം ആസന്നമായിരിക്കുന്നതുകൊണ്ട് നമുക്ക് നല്കിയിരിക്കുന്ന എല്ലാ താലന്തുകളും എല്ലാ മുഖാന്തിരങ്ങളും ഈ വേലക്കായി നാം സമർപ്പിക്കണം.

അന്ത്യത്തോട് അടുക്കുന്നത് കാണുമ്പോഴും, അന്ത്യദൂത് ഭരമേല്പിക്കപ്പെട്ട അനേകരും അതിനെ വൃഥാ കൂട്ടിക്കുഴക്കുകയും, സ്വന്ത ആത്മാവിന്റെ നേട്ടത്തിനായി യോഗങ്ങളിൽ സംബന്ധിക്കുകയും അവർക്ക് മറ്റുള്ളവരുടെ രക്ഷയെക്കുറിച്ച് വളരെ കുറച്ച് എരിവുണ്ടായിരിക്കുകയും അല്പാല്പമായി പ്രവർത്തനം നടത്തുകയും മീറ്റിംഗുകളിൽ ഏറെ പ്രസംഗം ഇല്ലെങ്കിൽ അതൃപ്തരാവുകയും ചെയ്യുന്നത് കാണുമ്പോൾ ദൂതന്മാർക്ക് അത് എങ്ങനെ അനുഭവപ്പെടും? ജീവനുള്ള വിശ്വാസത്താൽ ക്രിസ്തുവിനോടു ചേർന്നിരിക്കുന്ന എല്ലാവരും നിശ്ചയമായും ദിവ്യസ്വഭാവത്തിന്റെ കൂട്ടാളികളായിരിക്കും. അവർ തുടർച്ചയായി അവനിൽനിന്ന് ആത്മീക ജീവിതം പ്രാപിച്ചുകൊണ്ടിരിക്കുമ്പോൾ അവർക്ക് നിശ്ശബ്ദരായിരിക്കുവാൻ കഴിയുകയില്ല.

ജീവിതം എപ്പോഴും അതിന്റെ പ്രവൃത്തിയിൽ വെളിപ്പെടുത്തും. ഹൃദയം ജീവിക്കുന്നു എങ്കിൽ ജീവരക്തം ശരീരത്തിന്റെ എല്ലാ അവയവങ്ങളിലേക്കും അത് അയക്കും. ആത്മീക ജീവിതത്താൽ നിറയപ്പെട്ട ഹൃദയമുള്ളവരോട് അത് വെളിപ്പെടുത്തുവാൻ അവരെ പ്രേരിപ്പിക്കേണ്ട ആവശ്യമില്ല. ആത്മീക ജീവൻ അവരിൽനിന്ന് കൃപയുടെ ശക്തമായ ഒഴുക്കുകളെ പുറപ്പെടുവിക്കും. അവർ പ്രാർത്ഥിക്കുമ്പോഴും സംസാരിക്കുമ്പോഴും പ്രവർത്തിക്കുമ്പോഴും ദൈവം മഹത്വീകരിക്കപ്പെടും.

ഏറ്റവും ബുദ്ധിശാലികളുടെയും ഏറെ താലന്തുകളുള്ളവരുടെയും പ്രവർത്തനമല്ല ശ്രേഷ്ഠവും നീണ്ടുനില്ക്കുന്നതുമായ ഫലങ്ങൾ പുറപ്പെടുവിക്കുന്നത്. ഏറ്റവും കഴിവുള്ള പ്രവർത്തകർ ആരാണ്? "ഞാൻ സൗമ്യനും നീതിമാനും ആയിരിക്കയാൽ എന്റെ നുകമേറ്റ് എന്നോട് പഠിപ്പിൻ" എന്ന ആഹ്വാനത്തോട് പ്രതികരിക്കുന്നവരാണ് അവർ.

ബുദ്ധിശക്തിയുടെ താലന്തുകളെ ദൈവം ഭരമേല്പിച്ചവർ ദൈവനാമമഹത്വത്തിനായി അത് ഉപയോഗിക്കുന്നില്ല എങ്കിൽ പരീക്ഷണ നീരീക്ഷണങ്ങൾക്കൊടുവിൽ അവരെ അവരുടെ സ്വന്ത ആലോചനകൾക്ക് ദൈവം വിട്ടുകൊടുക്കുകയും അവരോളം കഴിവുകളില്ലാത്ത മനുഷ്യനെ ദൈവം തിരഞ്ഞെടുക്കുകയും ചെയ്യും. കൂടുതൽ ആത്മധൈര്യം ഇല്ലാത്തവരെയും ബലഹീനരെയും അവൻ ശക്തീകരിക്കുന്നതിനാൽ, തങ്ങൾക്ക് സ്വയമായി അസാദ്ധ്യമായതിനെ ചെയ്യുവാൻ തങ്ങളെ പ്രാപ്തരാക്കിയതിനാൽ അവർ ദൈവത്തിൽ ആശ്രയിക്കും. അപാകതകളെ അവൻ പരിഹരിക്കുകയും അവരുടെ പൂർണ്ണമനസ്സോടുകൂടിയ സേവനം അവൻ അംഗീകരിക്കുകയും ചെയ്യും.

നിന്റെ സ്വർഗ്ഗീയ ഗുരുവിനെക്കുറിച്ച് ലോകത്തിന് നീ ഏതുതരത്തിലുള്ള പ്രസ്താവനയാണോ വഹിക്കുന്നത് എന്നറിയുവാൻ ദൂതഗണങ്ങൾ കാതോർക്കുകയാണ്.





# ശക്തമായ പ്രസംഗം

***ആ കാലത്തു യോഹന്നാൻ സ്നാപകൻ വന്നു, യെഹൂദ്യ മരുഭൂമിയിൽ പ്രസംഗിച്ചു: "സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കയാൽ മാനസാന്തരപ്പെടുവിൻ" എന്നുപറഞ്ഞു. മത്താ. 3:1,2.***

യോഹന്നാൻ സ്നാപകനെ തന്റെ മരുഭൂവാസകാലത്ത് ദൈവത്തെക്കുറിച്ച് പഠിപ്പിച്ചു. പ്രകൃതിയിൽ നിന്നും ദൈവത്തിന്റെ വെളിപ്പാടുകളെ അവൻ ഗ്രഹിച്ചു. പരിശുദ്ധാത്മാവിന്റെ നിയന്ത്രണത്തിൻകീഴിൽ പ്രവാചകന്മാരുടെ എഴുത്തുകൾ അവർ ഹൃദിസ്ഥമാക്കി. തന്റെ മനസ്സ് മഹത്വമുള്ള ദർശനത്താൽ നിറയുന്നതുവരെ രാത്രിയിലും പകലിലും യേശുവിനെക്കുറിച്ചു മാത്രമായിരുന്നു അവന്റെ പഠനവും ധ്യാനവും.

രാജാവിനെ അവന്റെ സൗന്ദര്യത്തോടെ നോക്കുകയും സ്വയം എന്നത് അപ്രത്യക്ഷമാകുകയും ചെയ്തു. വിശുദ്ധിയുടെ തേജസ്സിനെ അവൻ ദർശിച്ചപ്പോൾ താൻ അശക്തനും അയോഗ്യനുമാണെന്ന് മനസ്സിലാക്കി. ദൈവിക സന്ദേശമാണ് അവനു ഉത്ഘോഷിക്കുവാനുണ്ടായിരുന്നത്. ദൈവിക ശക്തിയിലും അവന്റെ വിശുദ്ധിയിലുമാണ് അവൻ നില്ക്കേണ്ടിയിരുന്നത്. അവൻ സ്വർഗ്ഗീയ മായതിലേക്ക് നോക്കിയതിനാൽ മനുഷ്യരാൽ ആദരിക്കപ്പെടാതെ സ്വർഗ്ഗത്തിന്റെ സന്ദേശവാഹകനായി മുൻപോട്ടു പോകുവാൻ സന്നദ്ധനായിത്തീർന്നു. രാജാധിരാജാവിനു മുൻപിൽ അവൻ ഭയഭക്തിയോടെ വണങ്ങിയതിനാലാണ് ലോകാധിപതികളുടെ മുൻപിൽ അവനു നിർഭയനായി നില്ക്കുവാൻ കഴിഞ്ഞത്. യോഹന്നാൻ തന്റെ ദൂത് പ്രസംഗിച്ചത് ദൈർഘ്യമേറിയ സംവാദം കൊണ്ടോ, ആകർഷകമായ തത്വങ്ങളാലോ അല്ല. സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കയാൽ മാനസ്സാന്തരപ്പെടുവിൻ" (മത്താ. 3:2) എന്ന അത്ഭുതപ്പെടുത്തുന്നതും കർക്കശമായതും, എന്നാൽ പൂർണ്ണ പ്രത്യാശാനിർഭരവുമായ അവന്റെ ശബ്ദമാണ് മരുഭൂമിയിൽ മാറ്റൊലിക്കൊണ്ടത്. ഒരു നവ്യവും അപരിചിതവുമായ ഒരു ശക്തി, അതാണ് മനുഷ്യരെ ചലിപ്പിച്ചത്. നാട് മുഴുവനും ഇളക്കിമറിച്ചു. ജനങ്ങൾ കൂട്ടമായി മരുഭൂമിയിലേക്ക് വന്നു.

ഈ നാളുകളിൽ ആകാശമേഘങ്ങളിൽ ക്രിസ്തുവിന്റെ രണ്ടാംവരവിനു മുൻപായി യോഹന്നാൻ ചെയ്തതുപോലെയുള്ള ഒരു വേല ചെയ്യേണ്ടിയിരിക്കുന്നു. കർത്താവിന്റെ ഭയങ്കര ദിവസത്തിൽ നിൽക്കുവാൻ വേണ്ടതായ ഒരു സമൂഹത്തെ ഒരുക്കുവാനായി മനുഷ്യരെ ദൈവം വിളിക്കുന്നു. ക്രിസ്തുവിന്റെ പെട്ടെന്നുള്ള പ്രത്യക്ഷതയിൽ വിശ്വസിക്കുന്ന ആളുകളെപ്പോലെ നമുക്ക് ഒരു ദൂത് വഹിക്കുവാനുണ്ട്, "നിന്റെ ദൈവത്തെ എതിരേല്പാൻ ഒരുങ്ങിക്കൊൾക" (ആമോ. 4:12). യോഹന്നാന്റെ ദൂതുപോലെ നമ്മുടെ ദൂതും സരളമായിരിക്കണം. അവൻ രാജാക്കന്മാരുടെ അകൃത്യങ്ങളെ ശാസിച്ചു. തന്റെ ജീവൻ അപകടത്തിലായപ്പോഴും ദൈവവചനം പ്രഘോഷിക്കുന്നതിന് അവൻ മടികാണിച്ചില്ല. ഈ കാലത്ത് നമ്മുടെ വേലയും ഇതുപോലെ വിശ്വസ്തതയോടെ ചെയ്യണം.

യോഹന്നാൻ നല്കിയതുപോലുള്ള ദൂത് നല്കുവാൻ യോഹന്നാന്റേതുപോലുള്ള ആത്മീക അനുഭവം നമുക്കും ഉണ്ടായിരിക്കണം. അതേ വേല നമ്മളിലും സംജാതമാകണം. നാം ദൈവത്തിങ്കലേക്ക് നോക്കണം. അവങ്കലേക്ക് നോക്കുമ്പോൾ നമ്മുടെ സ്വയം നമുക്ക് നഷ്ടമാകും.

# ഇതാ, ദൈവത്തിന്റെ കുഞ്ഞാട്

***ഇതാ, ലോകത്തിന്റെ പാപം ചുമക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്. യോഹ. 1:29***

മനുഷ്യസഹജമായ കുറവുകളും വീഴ്ചകളും യോഹന്നാന്റെ സ്വഭാവത്തിൽ ഉണ്ടായിരുന്നു എന്നിരുന്നാലും സ്വർഗ്ഗീയ സ്നേഹത്തിന്റെ സ്പർശം അവനെ രൂപാന്തരപ്പെടുത്തി. യേശുവിന്റെ ശുശ്രൂഷ ആരംഭിച്ചുകഴിഞ്ഞശേഷം യോഹന്നാന്റെ ശിഷ്യന്മാർ, എല്ലാ മനുഷ്യരും പുതിയ ഗുരുവിനെയാണ് അനുഗമിക്കുന്നത് എന്ന പരാതിയുമായി അവന്റെ അടുക്കൽ വന്നപ്പോൾ മശീഹയോടുള്ള തന്റെ ബന്ധം അവൻ ഗ്രഹിച്ചത് വളരെ വ്യക്തതയോടെ വെളിപ്പെടുത്തിയും താൻ വഴിയൊരുക്കിയവനെ സന്തോഷത്തോടെ സ്വാഗതം ചെയ്യുകയും ചെയ്തു.

"സ്വർഗ്ഗത്തിൽനിന്ന് കൊടുത്തിട്ടല്ലാതെ മനുഷ്യന് ഒന്നും ലഭിപ്പാൻ കഴിയുകയില്ല," ഞാൻ ക്രിസ്തുവല്ല, അവന്നു മുൻപായി അയയ്ക്കപ്പെട്ടവനത്രേ എന്നു ഞാൻ പറഞ്ഞതിനും നിങ്ങൾതന്നെ എനിക്കു സാക്ഷികൾ ആകുന്നു. ഈ എന്റെ സന്തോഷം പൂർത്തിയായിരിക്കുന്നു. "അവൻ വളരേണം ഞാനോ കുറയേണം എന്നു അവൻ പറഞ്ഞു" യോഹ. 3:27–30.

വീണ്ടെടുപ്പുകാരനിലേക്ക് വിശ്വാസത്താൽ നോക്കിയതിനാൽ യോഹന്നാൻ സ്വയത്യാഗമെന്ന ഉന്നതിയിലേക്ക് ഉയർത്തപ്പെട്ടു. തന്നിലേക്ക് മനുഷ്യരെ ആകർഷിക്കുവാനല്ല, പക്ഷേ ദൈവകുഞ്ഞാടിൽ അവർ വിശ്രമം പ്രാപിക്കുവോളം ഉയരങ്ങളിൽനിന്ന് ഉയരങ്ങളിലേക്ക് അവരുടെ ചിന്തകളെ ഉയർത്തുവാനാണ് അവൻ ആഗ്രഹിച്ചത്. മരുഭൂമിയിൽ ഒരു നിലവിളി, ഒരു ശബ്ദം മാത്രമായിരുന്നു അവൻ. എല്ലാവരുടെയും മിഴികൾ ജീവവെളിച്ചത്തിലേക്ക് തിരിയേണ്ടതിന് ഇപ്പോൾ അവൻ സന്തോഷത്തോടെ മൗനവും അവ്യക്തതയും സ്വീകരിച്ചു.

ദൈവത്തിന്റെ ദൂതുവാഹകരെന്ന നിലയിൽ തങ്ങളുടെ വിളിയോട് സത്യസന്ധത പുലർത്തുന്നവർ ആരും സ്വന്ത മഹത്വം കാംക്ഷിക്കുകയില്ല. ക്രിസ്തുവിന്റെ സ്നേഹത്തിനുവേണ്ടി സ്വയസ്നേഹം വിഴുങ്ങപ്പെടും. ദൂതുഘോഷണം അവരുടെ വേലയാണെന്ന് തിരിച്ചറിഞ്ഞ് യോഹന്നാൻ സ്നാപകൻ ചെയ്തതുപോലെ അവരും ചെയ്യും. "ഇതാ, ലോകത്തിന്റെ പാപം ചുമക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്" യോഹ. 1:29. അവർ യേശുവിനെ ഉയർത്തുകയും അവനോടുകൂടെ മാനുഷികത ഉയർത്തപ്പെടുകയും ചെയ്യും.

ഒരു പ്രവാചകന്റെ ആത്മാവ് സ്വയത്തെ ത്യാഗം ചെയ്തതും സ്വർഗ്ഗീയ വെളിച്ചത്താൽ ഉയർത്തപ്പെട്ടതും ആയിരിക്കും. അവൻ സാക്ഷ്യം വഹിക്കുന്നത് രക്ഷകന്റെ മഹത്വത്തിനായിരിക്കും. ക്രിസ്തുവിന്റെ ഈ മഹത്വത്തിൽ അവന്റെ എല്ലാ അനുയായികളും ഭാഗഭാക്കുകളാകണം. സ്വർഗ്ഗീയ വെളിച്ചം നമുക്ക് പ്രാപിക്കുവാൻ കഴിയുന്നത് സ്വയത്തെ ത്യജിക്കുവാനുള്ള സന്നദ്ധത നമ്മിൽ ഉളവാകുമ്പോൾ മാത്രമാണ്. നമ്മുടെ എല്ലാ ചിന്തകളും ക്രിസ്തുവിന്റെ അനുസരണത്തിന് കീഴ്പ്പെടുത്തുവാൻ നാം സമ്മതിക്കുമ്പോൾ, ദൈവിക സ്വഭാവം വേർതിരിച്ച് കാണുവാനും യേശുവിനെ വിശ്വാസത്താൽ അംഗീകരിക്കുവാനും നമുക്ക് കഴിയും. ഇത് ചെയ്യുന്ന എല്ലാവർക്കും പരിശുദ്ധാത്മാവിനെ അളവുകൂടാതെ നല്കിയിരിക്കുന്നു. "ക്രിസ്തുവിലല്ലോ ദൈവത്തിന്റെ സകല സമ്പൂർണ്ണതയും ദേഹരൂപമായി വസിക്കുന്നത്. അവനിൽ നിങ്ങൾ പരിപൂർണ്ണരായിരിക്കുന്നു" കൊലൊ. 2:9,10.





# നവീകരണത്തിനുള്ള ദൈവവിളി

***അവൻ അപ്പന്മാരുടെ ഹൃദയങ്ങളെ മക്കളിലേക്കും വഴങ്ങാത്തവരെ നീതിമാന്മാരുടെ ബോധത്തിലേക്കും തിരിച്ചും കൊണ്ടു ഒരുക്കമുള്ളോരു ജനത്തെ കർത്താവിനു വേണ്ടി ഒരുക്കുവാൻ അവനു മുമ്പായി ഏലിയാവിന്റെ ആത്മാവോടും ശക്തിയോടും കൂടെ നടക്കും. ലൂക്കൊ. 1:17***

കർത്താവിന്റെ വഴിയൊരുക്കുവാനും ജനങ്ങളെ നീതിമാന്മാരുടെ ബോധത്തിലേക്ക് തിരിക്കുവാനും ഏലിയാവിന്റെ ആത്മാവോടും ശക്തിയോടും യോഹന്നാൻ സ്നാപകൻ മുൻപോട്ടുപോയി. ക്രിസ്തുവിന്റെ രണ്ടാമത്തെ പ്രത്യക്ഷതയ്ക്കായി ജനങ്ങളെ ഒരുക്കുവാൻ ഈ പരിപാവന സത്യം അവർക്കു മുൻപിൽ അവതരിപ്പിക്കുവാൻ ഈ അന്ത്യകാലത്തു ജീവിക്കുന്ന ആരെയാണൊ ദൈവം ഭരമേൽപ്പിച്ചിരിക്കുന്നത് അവരുടെ ഒരു പ്രതിപുരുഷനായിരുന്നു അവൻ.

കർത്താവായ യേശുക്രിസ്തുവിന്റെ ഒന്നാമത്തെ വരവിനുവേണ്ടി വഴിയൊരുക്കുവാൻ യോഹന്നാൻ ഏലിയാവിന്റെ ആത്മാവിലും ശക്തിയിലും വന്നതുപോലെ ക്രിസ്തുവിന്റെ രണ്ടാംവരവിന് വഴിയൊരുക്കുവാനുള്ളവർ വിശ്വസ്തനായ ഏലിയാവിനെയാണ് പ്രതിനിധീകരിക്കുന്നത്. നവീകരിക്കുക എന്ന മുഖ്യ വിഷയം പ്രക്ഷോഭമാക്കി ജനമനസ്സുകളെ ഇളക്കിവിടണം. ദൈവജനത്തെ അവരുടെ വിഗ്രഹാരാധനയിൽനിന്നും, അമിതാഹാരത്തിൽ നിന്നും വസ്ത്രം മറ്റു കാര്യങ്ങൾ ഇവയിലുള്ള അത്യാർത്തിയിൽനിന്നും തിരിക്കേണ്ടതിന് എല്ലാ കാര്യങ്ങളും വർജ്ജനദൂതുമായി ബന്ധിപ്പിക്കണം.

ദൈവം പ്രത്യേകിച്ചു നടത്തുകയും അനുഗ്രഹിക്കുകയും ചെയ്യുന്ന നീതിമാന്മാർക്കു ആവശ്യമായിരിക്കുന്ന സ്വയത്യാഗം, താഴ്മ, വർജ്ജനം എന്നിവ ഈ ദുഷിച്ച തലമുറയിലെ ധാരാളിത്വം, ആരോഗ്യത്തെ നശിപ്പിക്കുന്ന ശീലങ്ങൾ എന്നിവയുമായി താതമ്യപ്പെടുത്തി അവതരിപ്പിക്കപ്പെടണം. കരങ്ങൾ ശരീരത്തിലായിരിക്കുന്നതുപോലെ ആരോഗ്യപരിഷ്ക്കരണവും മൂന്നാംദൂതന്റെ ദൂതിനോട് വളരെ അടുത്ത ബന്ധം പുലർത്തുന്നതാണെന്ന് ദൈവം കാണിച്ചുതന്നിരിക്കുകയാണ്. ശാരീരികവും ആത്മീകവുമായ അധഃപതനത്തിന് ഹേതുവായി അവഗണിക്കപ്പെട്ട ഇത്ര വലിയ സംഗതിയെ വേറൊരിടത്തും കണ്ടെത്തുവാൻ കഴിയുകയില്ല. ഭോഗേച്ഛ, വികാരം എന്നിവക്ക് വഴങ്ങിക്കൊടുക്കുകയും തങ്ങൾക്ക് ഉപേക്ഷിക്കുവാൻ അസാദ്ധ്യമായ ഈ മ്ലേച്ഛപൂർണ്ണമായ ആഗ്രഹപൂർത്തീകരണങ്ങൾ കാണുവാനുമുള്ള ഭയം കാരണം ഇവയുടെ കാഴ്ചക്ക് അവർ കണ്ണുമറച്ചുകളയുന്നത് ദൈവമുൻപാകെ തെറ്റാണ്.

ലോകത്തിന്റെ ധാരാളിത്വത്തിൽനിന്നും ഭക്ഷണാസക്തിയിലും തീവ്രവികാരത്തിലും നിന്നുമുള്ള സ്വയത്യാഗത്തിനുവേണ്ടി ദൈവജനത്തെ അവന്റെ ദിവ്യനടത്തിപ്പ് നയിച്ചുകൊണ്ടിരിക്കുകയാണ്. ദൈവം വഴിനടത്തുന്നവർ വിശേഷജനമായിരിക്കും. അവർ ലൗകീകരായിരിക്കുകയില്ല. ദൈവിക നടത്തിപ്പുകളെ അവർ അനുധാവനം ചെയ്യുകയാണെങ്കിൽ അവന്റെ ഉദ്ദേശം അവർ നേടുകയും, അവന്റെ ഇഷ്ടം അവരുടെ ഇഷ്ടമായി പരിണമിക്കുകയും ചെയ്യും. യേശു ഹൃദയത്തിൽ വാസം ചെയ്യും. അപ്പൊസ്തലൻ പറഞ്ഞതുപോലെ "നിങ്ങളുടെ ശരീരം പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു."

# ആരോഗ്യപൂർണ്ണ ജീവിതത്തെ പ്രോത്സാഹിപ്പിക്കുക

*സഹോദരന്മാരേ, ഞാൻ ദൈവത്തിന്റെ മനസ്സലിവു ഓർപ്പിച്ചു നിങ്ങളെ പ്രബോധിപ്പിക്കുന്നത്: നിങ്ങൾ ബുദ്ധിയുള്ള ആരാധനയായി നിങ്ങളുടെ ശരീരങ്ങളെ ജീവനും വിശുദ്ധിയും ദൈവത്തിനു പ്രസാദവുമുള്ള യാഗമായി സമർപ്പിപ്പിൻ. റോമർ 12:1.*

ഒരു മനുഷ്യൻ തന്റെ ശാരീരികവും മാനസ്സികവും ആത്മീകവുമായ കഴിവുകളെ അപഹരിക്കുന്ന സ്വഭാവങ്ങളുടെ ആഗ്രഹപൂർത്തീകരണത്തിൽ ഇരിക്കുന്നിടത്തോളം കാലം അവന്റെ ശരീരത്തെ ജീവനും വിശുദ്ധിയും ദൈവത്തിനു പ്രസാദവുമുള്ള യാഗമായി സമർപ്പിക്കുവാൻ കഴിയുകയില്ല. വീണ്ടും അപ്പൊസ്തലൻ പറയുകയാണ്, “ഈ ലോകത്തിന് അനുരൂപമാകാതെ നന്മയും പ്രസാദവും പൂർണ്ണതയുമുള്ള ദൈവഹിതം ഇന്നതെന്നു തിരിച്ചറിയേണ്ടതിനു മനസ്സു പുതുക്കി രൂപാന്തരപ്പെടുവിൻ” റോമർ 12:2.

നീതി, വിശുദ്ധി, പ്രത്യേകാൽ ദൈവകൃപ ഇവയിലുള്ള വളർച്ചയെ പ്രതിരോധിക്കുന്ന ഒരു ലോകത്തിലാണ് നാം ജീവിക്കുന്നത്. നാം എവിടേക്ക് നോക്കിയാലും, അവിടെല്ലാം മലീമസമാക്കലും ദുഷിപ്പിക്കലും വൈകൃതവും പാപവും മാത്രമേ നമുക്ക് കാണാൻ കഴിയുകയുള്ളൂ. അമർത്യത എന്ന ദാനം നാം സ്വീകരിക്കുന്നതിന് മുന്നോടിയായി നമ്മിൽ പൂർത്തീകരിക്കപ്പെടേണ്ട വേലക്ക് ഇതൊക്കെ എത്ര തടസ്സമാണ്. ഈ അന്ത്യനാളുകളിൽ ദൈവത്തിന്റെ വ്രതന്മാർക്കുചുറ്റും നിറഞ്ഞുനില്ക്കുന്ന ജീർണ്ണതയുടെ നടുവിലും അവർ മലിനപ്പെടാതെ നില്ക്കണം. അവരുടെ ശരീരങ്ങളെ ശുദ്ധീകരിക്കുകയും ആത്മാക്കളെ പവിത്രീകരിക്കുകയും ചെയ്യണം. ഇത് മനസ്സിലാക്കി ആത്മാർത്ഥതയോടെ പൂർത്തീകരിക്കപ്പെടണമെങ്കിൽ എത്രയും വേഗത്തിൽ തിരിച്ചറിവോടും ആത്മാർത്ഥതയോടുംകൂടെ ഈ വേല ഏറ്റെടുക്കപ്പെടണം. എല്ലാ പ്രവർത്തനങ്ങളുടെമേലും ദൈവത്തിന്റെ ആത്മാവിന് പരിപൂർണ്ണനിയന്ത്രണം ഉണ്ടായിരിക്കണം.

കർത്താവിന്റെ വരവിനായി ജനത്തെ യോഗ്യരാക്കേണ്ട ശ്രേഷ്ഠവേലയുടെ ഒരു ശാഖയാണ് ആരോഗ്യപരിഷ്ക്കരണം സ്ത്രീപുരുഷന്മാർ ദൈവകല്പന ലംഘിക്കാതെ വഷളായ ആസക്തികൾക്കും കാമാർത്തി പൂണ്ട വികാരങ്ങൾക്കും വഴങ്ങിക്കൊടുത്തുകൊണ്ട് സ്വാഭാവിക നീതിയെ ധ്വംസിക്കുവാൻ കഴിയുകയില്ല. നമ്മിൽതന്നെ സ്ഥാപിതമായിരിക്കുന്ന അവന്റെ കല്പനയുടെ പാപപൂർണ്ണമായ ലംഘനത്തെ നാം തിരിച്ചറിയേണ്ടതിന്, ആരോഗ്യപരിഷ്ക്കരണ വെളിച്ചം നമ്മുടെമേൽ പ്രകാശിക്കേണ്ടതിന് അവൻ അനുവദിച്ചിരിക്കുന്നു.

പ്രകൃതി നിയമം വ്യക്തമാക്കുവാനും അതിന്റെ അനുസരണത്തിനായി ഹേമിക്കുവാനും മൂന്നാം ദൂതന്റെ ദൂതിനെ അനുഗമിക്കുന്ന ഒരു വേലയാണത്. സമൂഹത്തിന്റെ മനസ്സ് ഇതിനെ പരിശോധിക്കേണ്ടതിന് ആഴത്തിൽ ഇളക്കിവിടപ്പെടുവാനായിട്ടാണ് ദൈവം ഇത് രൂപകല്പന ചെയ്തിരിക്കുന്നത്. പാപം നിറഞ്ഞ, ആരോഗ്യധ്വംസന, മനസ്സിനെ ക്ഷീണിപ്പിക്കുന്ന സ്വഭാവങ്ങളുടെ ശക്തിയിൻകീഴിൽ പരിപാവന സത്യത്തെ അനുമോദിക്കുക എന്നത് സ്ത്രീപുരുഷന്മാർക്ക് അസാദ്ധ്യമാണ്.

ആരോഗ്യപരിഷ്ക്കരണത്തിന്മേൽ ദൈവം കൊടുത്തിരിക്കുന്ന വെളിച്ചത്തെ പരിപോഷിപ്പിക്കുന്ന ഒരുവന് അമർത്യതക്ക് യോഗ്യനാകേണ്ടതിനും സത്യത്താൽ വിശുദ്ധീകരിക്കപ്പെടേണ്ടതിനുമുള്ള വേലയിൽ ഒരു പ്രധാന ശുശ്രൂഷയുണ്ട്.





# സ്വയത്തെ മറക്കുന്ന സദ്ഗുണം

*ഞാൻ ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു; ഇനി ജീവിക്കുന്നതു ഞാനല്ല ക്രിസ്തു അത്രേ എന്നിൽ ജീവിക്കുന്നു; ഇപ്പോൾ ഞാൻ ജഡത്തിൽ ജീവിക്കുന്നതോ എന്നെ സ്നേഹിച്ചു എനിക്കുവേണ്ടി തന്നെത്താൻ ഏല്പിച്ചുകൊടുത്ത ദൈവപുത്രങ്കലുള്ള വിശ്വാസത്താലത്രേ ജീവിക്കുന്നത്. ഗലാ. 2:20*

വിശ്വാസത്താൽ അപ്പൊസ്തലനായ പൗലോസ് ക്രിസ്തുവിന്റെ കൃപ ഉപയുക്തമാക്കുകയും ഈ കൃപ തന്റെ ആത്മാവിന്റെ ആവശ്യങ്ങളെ നല്കുകയും ചെയ്തു. അവൻ വിശ്വാസത്താൽ സ്വർഗ്ഗീയദാനങ്ങളെ സ്വീകരിക്കുകയും, വെളിച്ചം കാംക്ഷിച്ച ആത്മാക്കൾക്ക് അത് വീതിച്ചു നല്കുകയും ചെയ്തു. ഈ അനുഭവമാണ് നമുക്കാവശ്യം. ഈ വിശ്വാസത്തിനായി പ്രാർത്ഥിക്കുക. അതിനായി വാഞ്ഛിക്കുക. ദൈവം നിനക്കത് നല്കുമെന്ന് വിശ്വസിക്കുക.

നമ്മുടെ ഈ ലോകത്ത് വലിയ വേല ചെയ്യുവാനുണ്ട്. ഇത് ഒരു സ്വപ്നലോകമല്ല. യാഥാർത്ഥ്യങ്ങൾ നമുക്ക് മുമ്പിൽ ജീവിക്കുന്നു. സാത്താന്റെ ശക്തിയുടെ വെളിപ്പെടുത്തലുകൾ എല്ലാ കാര്യങ്ങളിലും നമുക്ക് കാണുവാൻ കഴിയും. പുനഃസ്ഥാപനത്തിനും ഉണർത്തലിനുമായി പ്രവർത്തിക്കുന്നവരോട് നമുക്കും സഹകരിക്കാം. ക്രിസ്തുവിനുവേണ്ടി വേല ചെയ്യുന്നവൻ തന്റെ ശക്തി സകല ശക്തിയുടെയും ഉറവിടത്തിൽ ചേർക്കണം എന്നുള്ളത് നാം വിസ്മരിക്കരുത്. ക്രിസ്ത്യാനികൾക്ക് ഇച്ഛാശക്തിയും ചിന്താബലവും ദൈവവചനപഠനത്തിൽ നിന്നും ലഭ്യമാകുന്ന പരിജ്ഞാനവും ആവശ്യമാണ്. അവരുടെ മനസ്സിനെ നിസ്സാരസംഗതികളെക്കൊണ്ട് നിറക്കുവാൻ അവർക്ക് സാധിക്കുകയില്ല. എല്ലാ ദിവസവും ആത്മീകശക്തിയിൽ അവർ പുതുക്കം പ്രാപിക്കണം.

ഞാൻ സൗമ്യനും എന്റെ ഹൃദയം ശുദ്ധവുമാകുന്നു എന്ന് പറഞ്ഞവനെ നാം പഠിക്കണം. അവനെക്കുറിച്ച് പഠിച്ചാൽ നീ സമാധാനം കണ്ടെത്തും. ദൈവീക കാര്യങ്ങളിലെ അനുഭവം നിനക്ക് നേടുവാനും, അവന്റെ രക്ഷയുടെ ശ്രേഷ്ഠതയും കൂട്ടായ്മയുടെ മഹത്വവും ദിനംതോറും നിക്ക് തിരിച്ചറിയുവാനും കഴിയും. നിനക്ക് എങ്ങനെ ക്രിസ്തുവിനെപ്പോലെ ജീവിക്കാം എന്ന് തുടർച്ചയായി നീ അഭ്യസിക്കും. നീ രക്ഷകന് അനുരൂപമായി കൂടുതൽ വളർച്ച നേടും.

നാം സ്വയത്തെ പരിത്യാഗം ചെയ്യുന്നു എങ്കിൽ, ക്രിസ്തുവിന് നമുക്ക് എങ്ങനെ ആയിരിക്കുവാൻ കഴിയുമെന്നുള്ള ചിന്തകളെ വികസിപ്പിക്കുകയും ക്രിസ്തീയ കൂട്ടായ്മയുടെ ബലത്തിൽ നാം ഓരോരുത്തരും ഒത്തൊരുമിക്കുകയും ചെയ്യുകയാണെങ്കിൽ ദൈവം നമ്മളിൽകൂടെ അതിശക്തമായി പ്രവർത്തിക്കും. അങ്ങനെ നാം സത്യത്താൽ വിശുദ്ധീകരിക്കപ്പെടും. പിന്നീട് നാം നിശ്ചയമായും ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടവരും അവന്റെ ആത്മാവിനാൽ നിയന്ത്രിതരും ആയിത്തീരും. നമ്മിൽ ഭരമേല്പിക്കപ്പെട്ട ദാനങ്ങൾ മറ്റുള്ളവരുടെ അനുഗ്രഹത്തിനായി ഉപയോഗിക്കുവാനുള്ള അവസരം നാം അതിൽ കാണുന്നതിനാൽ ജീവിതത്തിലെ ഓരോ ദിവസവും നമുക്ക് വിലപിടിപ്പുള്ളതായി തോന്നും.

മറ്റുള്ളവർക്ക് സനേഹസേവനം നാം നല്കുമ്പോൾ സ്വയത്തെ നാം മറക്കണം. നാം ചെയ്യുന്ന ദയാപരമായ പ്രവൃത്തികൾ നാം വിസ്മരിച്ചേക്കാം. പക്ഷേ ആത്മാക്കളുടെ രക്ഷക്കായി പ്രവർത്തിച്ചതായ ഓരോ പ്രവർത്തനവും ദൈവമക്കളുടെ ആശ്വാസത്തിനായി ഉച്ചരിച്ച ഓരോ വാക്കുകളും നിത്യതയിൽ അതിന്റെ പൂർണ്ണശോഭയോടുകൂടെ വെളിച്ചത്ത് കൊണ്ടുവരും. ക്രിസ്തുവിനുവേണ്ടി ഈ കാര്യങ്ങൾ ചെയ്തതിനാൽ നിത്യത മുഴുവനും ഇത് നമ്മുടെ സന്തോഷത്തിന്റെ ഒരു ഭാഗമായിരിക്കും.

# യുവജനം ദൈവത്തിന്റെ ഉപകരണങ്ങൾ

*ബാല്യത്തിൽ നുകം ചുമക്കുന്നത് ഒരു പുരുഷനു നല്ലത്. വിലാ. 3:27*

ദൈവം യുവജനങ്ങളുടെ യുവത്വത്തിലെ ഓജസ്സും ബലവും സ്വയപരിത്യാഗത്തിനും ത്യാഗത്തിനും കഷ്ടത അനുഭവിക്കുന്നതിനും അവനുമായി പങ്കിടുവാനായി വിളിക്കുകയാണ്. ഈ വിളി അവർ സ്വീകരിക്കുകയാണെങ്കിൽ, ആർക്കുവേണ്ടി യേശു മരിച്ചുവോ അവരുടെ ആത്മാവിനെ രക്ഷിക്കുന്നതിനുള്ള ഉപകരണങ്ങളായി യുവജനങ്ങളെ അവൻ ഉപയോഗിക്കും. പക്ഷേ ക്രൂശിക്കപ്പെട്ട വീണ്ടെടുപ്പുകാരനെ സേവിക്കുന്നതിനുള്ള വ്യവസ്ഥകളുടെ പൂർണ്ണ ഗ്രാഹ്യം. ആ വേലയിൽ അവർ പ്രവേശിക്കുന്നതിന് മുൻപ് നേടിയിരിക്കണമെന്ന് അവൻ കാംക്ഷിക്കുന്നു.

നമ്മുടെ പ്രാഥമിക ജോലി നമ്മുടെ ഹൃദയങ്ങളെ തന്നെ ദൈവവുമായി നിരപ്പിക്കുക എന്നുള്ളതാണ്. അപ്പോൾ മറ്റുള്ളവർക്കുവേണ്ടി പ്രവർത്തിക്കുന്നതിന് നാം ഒരുക്കമുള്ളവരായിത്തീർന്നിട്ടുണ്ട് എന്ന് കാണാം. മുൻകാലങ്ങളിൽ നമ്മുടെ പ്രഗത്ഭ വേലക്കാരുടെ മദ്ധ്യേ ഒരു വലിയ ആത്മപരിശോധന ഉണ്ടായിരുന്നു. അവർ താഴ്മയിൽ ഒത്തൊരുമിക്കുകയും ഒരുമിച്ച് ആലോചന കഴിക്കുകയും സ്വർഗ്ഗീയ നടത്തിപ്പിനായി വിറയലോടെ പ്രാർത്ഥന കഴിക്കുകയും ചെയ്തിരുന്നു. നാം വിശ്വസിച്ചതിലും നേരത്തെയാകും യേശുവിന്റെ വരവ്. കഴിഞ്ഞുപോകുന്ന ഓരോ ദിനവും ഈ ദൂത് ലോകത്തോട് പ്രസംഗിക്കുവാനുള്ളതിൽ നിന്ന് ഒന്ന് കുറവു വരുത്തുന്നു. ഇത് ദൈവവുമായി വളരെയധികം ആത്മാർത്ഥമായ മദ്ധ്യസ്ഥതക്കും കൂടുതൽ വിനയത്തിനും ശ്രേഷ്ട പരിശുദ്ധിക്കും ഉറച്ച വിശ്വാസത്തിനും ഇന്ന് കാരണമാകണം.

പാപാന്ധകാരത്തിൽ ഇരിക്കുന്നവർക്ക് ദൈവവചനം തുറന്ന് നല്കുക എന്ന അതിമഹത്താർന്ന ഒരു വേല നമുക്ക് കർത്താവിനായി ചെയ്യുവാനുണ്ട്. യുവസഹോദരങ്ങളേ, ഒരു പവിത്ര ദൗത്യം നിങ്ങൾക്കുള്ളതുപോലെ പ്രവർത്തിപ്പിൻ. നിങ്ങളിലുള്ള വിശ്വാസത്തിന്റെ കാരണം ആരായുന്നവർക്ക് എപ്പോഴും ഉത്തരം നല്കുവാൻ നിങ്ങൾ സദാവേദപഠിതാക്കൾ ആയിരിക്കണം. ജനങ്ങൾക്ക് കേൾക്കുവാൻ താല്പര്യമുള്ള ഒരു സത്യം നിങ്ങൾക്കുണ്ട് എന്ന് നിങ്ങൾ മനസ്സിലാക്കിയിരിക്കുന്നു എന്നത് നിങ്ങളുടെ യഥാർത്ഥ ക്രിസ്തീയ സ്വഭാവവൈശിഷ്ട്യത്താൽ നിങ്ങൾ തെളിയിക്കണം. ഈ സത്യം നിങ്ങളുടെ ഹൃദയത്തിൽ എഴുതപ്പെട്ടിരിക്കുന്നു എങ്കിൽ ക്രിസ്ത്യാനികളുടെ മാത്രം ഉടമസ്ഥാവകാശത്തിലുള്ള സമാധാനവും ശ്രേഷ്ഠമായ സ്വന്ത ഉടമസ്ഥാവകാശവും ശാന്തതയാൽ അത് മുഖഭാവത്തിലും പെരുമാറ്റത്തിലും അതിനെ വെളിപ്പെടുത്തും. യഥാർത്ഥമായ വിനയം ഉള്ളവർക്കും സുവിശേഷങ്ങളിൽ വെളിവാക്കപ്പെട്ടിരിക്കുന്ന സത്യത്താൽ മനസ്സു വികസിക്കപ്പെട്ടവർക്കും അനുഭവപ്പെടുന്ന അതിന്റെ ഒരു സ്വാധീനം ഉണ്ടായിരിക്കും. ഹൃദയങ്ങളിലും ചിന്തകളിലും അവ ഒരു പൊതു ധാരണ സൃഷ്ടിക്കും.

നമ്മുടെ യുവജനങ്ങൾ ശുദ്ധമായ മതത്തിന്റെ ആത്മാവിൽ നിറയപ്പെട്ട് തങ്ങളുടെ ക്രൂശെടുത്ത് യേശുവിനെ അനുഗമിക്കുന്നത് കാണണം എന്നുള്ളതിനെക്കാൾ വലിയ ഒരാഗ്രഹം എനിക്കില്ല. ക്രിസ്തുവിന്റെ യുവശിഷ്യന്മാർ തതാത്തിൽ നിയന്ത്രിതരായി, നീതീകരണത്തിന്റെയും വിശുദ്ധീകരണത്തിന്റെയും അങ്കികളണിഞ്ഞ് മുൻപോട്ട് ഗമിക്കട്ടെ! നിന്റെ താലന്തുകൾ എവിടെയാണോ കൂടുതൽ ഉപയോഗയോഗ്യമായത് ആ സ്ഥാനത്തേക്ക് നിന്റെ രക്ഷകൻ നിന്നെ നയിക്കും. നിനക്ക് ദിവസം മുഴുവനും ആവശ്യമായ കൃപ ലഭിക്കുമെന്ന് ഉറപ്പുള്ള സേവന പാതയിലേക്ക് നിന്നെ നയിക്കും.





# എല്ലാ കാലയളവിലേക്കുംവേണ്ട വേല

*പിതാക്കന്മാരേ, ആദിമുതലുള്ളവനെ നിങ്ങൾ അറിഞ്ഞിരിക്കയാൽ ഞാൻ നിങ്ങൾക്ക് എഴുതിയിരിക്കുന്നു. ബാല്യക്കാരേ, നിങ്ങൾ ശക്തരാകയാലും ദൈവവചനം നിങ്ങളിൽ വസിക്കയാലും നിങ്ങൾ ദുഷ്ടനെ ജയിച്ചിരിക്കയാലും ഞാൻ നിങ്ങൾക്ക് എഴുതിയിരിക്കുന്നു. 1 യോഹ. 2:14.*

യുവജനങ്ങൾ ഉപയോഗപ്രദമായ പ്രയത്നങ്ങൾക്ക് അവസരങ്ങൾ കണ്ടെത്തുവാൻ അനേക വഴികളുണ്ട്. സുവിശേഷീകരണവേലയുടെ സമാപനവേളയിൽ കൈവശപ്പെടുത്തുവാനുള്ള ഒരു വിസ്തൃമായ മേഖലയുണ്ട്. കഴിഞ്ഞ കാലങ്ങളിലെക്കാൾ കൂടുതലായി നാഥന്റെ മുന്തിരിത്തോട്ടത്തിൽ വേല ചെയ്യുവാനായി സാധാരണ ജനങ്ങളെ സഹായികളായി പേരു ചേർക്കേണ്ട വേല അധികരിച്ചിട്ടുണ്ട്. യുവജനങ്ങളും അവരെക്കാൾ പ്രായമുള്ളവരും കൃഷിഭൂമിയിൽ നിന്നും മുന്തിരിത്തോട്ടങ്ങളിൽനിന്നും, കമ്പനികളിൽനിന്നും വിളിക്കപ്പെടണം. ഇവരിൽ അനേകർക്കും വിദ്യാഭ്യാസത്തിനുള്ള വളരെക്കുറച്ച് അവസരങ്ങളേ ലഭ്യമായിട്ടുണ്ടാവുകയുള്ളു. പക്ഷേ യേശുവിന്റ ഉദ്ദേശം പൂർത്തീകരിക്കുന്നിനുള്ള യോഗ്യത യേശു അവരിൽ കാണുന്നുണ്ട്. അവർ പൂർണ്ണ മനസ്സോടെ വേല ചെയ്യുകയും വിദ്യ അഭ്യസനം തുടരുകയും ചെയ്താൽ അവനായി വേല ചെയ്യുവാൻ അവരെ അനുയോജ്യരാക്കും.

നിന്റെ താലന്തുകൾ ചെറുതോ വലുതോ ആകട്ടെ. നിനക്കുള്ളതെല്ലാം വിശ്വാസത്താൽ ആണ് ഉള്ളതെന്ന് മറന്നുകളയരുത്. നീ നിന്നെത്തന്നെ സത്യമെന്ന് തെളിയിക്കേണ്ടതിന് ഒരവസരം നിനക്ക് തന്ന് ദൈവം നിന്നെ പരിശോധിക്കുകയാണ്. നിന്റെ കഴിവുകൾക്കെല്ലാം നീ അവനോട് കടക്കാരനാണ്. നിന്റെ ശരീരാരോഗ്യം, മനസ്സ്, ആത്മാവ്, എല്ലാം അവന്റേതാണ്. ഈ ശക്തികൾ അവനായി ഉപയോഗിക്കണം. നിന്റെ സമയം, നിന്റെ സ്വാധീനം, നിന്റെ കഴിവുകൾ, നിന്റെ വൈദഗ്ദ്ധ്യം ഇവയെല്ലാം ഇവ നല്കിയവനായി നല്കണം.

യുവാക്കൾ ദൈവവചനം വായിക്കുന്നതിൽ സന്തോഷവും ആനന്ദവും കണ്ടെത്തുമ്പോൾ പ്രാർത്ഥനാസമയത്ത് ജീവന്റെ ഉറവയിൽ നിന്നുള്ള ഒഴുക്കിനാൽ നിത്യമായി പുതുക്കപ്പെടും. അവൻ സാന്മാർഗ്ഗിക ശ്രേഷ്ഠതയുടെ ഉന്നതി പ്രാപിക്കുകയും മറ്റുള്ളവർക്ക് പ്രാപിക്കാൻ കഴിയാത്ത ചിന്തയുടെ വിശാലത പ്രാപിക്കുകയും ചെയ്യും. തങ്ങളുടെ ആത്മാവിനെ ദൈവവുമായി ബന്ധിപ്പിക്കുന്നവരെ ദൈവത്തിന്റെ പുത്രീപുത്രന്മാരായി അവൻ അംഗീകരിക്കും. ദൈവം അവരെ ലോകത്തിന് വെളിച്ചവും പരിജ്ഞാനവും നല്കുവാനുള്ള മുഖാന്തിരങ്ങളാക്കി മാറ്റുന്നതുവരേക്കും അവർ തുടർച്ചയായി ഉന്നതിയിൽ നിന്ന് ഉന്നതി പ്രാപിക്കുകയും നിത്യതയെയും ദൈവത്തെയും കുറിച്ചുള്ള കാഴ്ചപ്പാടിൽ വ്യക്തത നേടുകയും ചെയ്തുകൊണ്ടിരിക്കും.

ശരിയായി പരിശീലനം സിദ്ധിച്ചും ശക്തീകരിക്കപ്പെട്ടും ഇരിക്കുന്ന നമ്മുടെ യുവജനങ്ങളെപ്പോലുള്ള വേലക്കാരുടെ കൂട്ടത്തിന് എത്ര വേഗത്തിൽ ക്രൂശീകരിക്കപ്പെട്ട് ഉയിർത്തെഴുന്നേറ്റ് വേഗം വരുവാൻ പോകുന്ന രക്ഷകന്റെ സന്ദേശം ലോകത്തിന് എത്തിക്കുവാൻ കഴിയും! എത്ര പെട്ടെന്ന് യാതനകളുടെയും സങ്കടത്തിന്റെയും പാപത്തിന്റെയും അവസാനം വന്നുചേരും.

# ഇത്രയധികം അലസന്മാർ എന്തുകൊണ്ട്?

***നിങ്ങൾ യെരുശലേമിലും യെഹൂദ്യയിൽ എല്ലായിടത്തും ശമര്യയിലും ഭൂമിയുടെ അറ്റത്തോളവും എന്റെ സാക്ഷികൾ ആകും. അപ്പൊ. 1:8***

ആദ്യ ശിഷ്യന്മാർക്ക് കൊടുത്ത ഉറപ്പ് എല്ലാക്കാലത്തുമുള്ള വിശ്വാസികൾ പങ്കുവച്ചു. സുവിശേഷം ലഭ്യമായ എല്ലാവർക്കും ലോകത്തിനു പങ്കുവെക്കാനുള്ള ഒരു പരിപാവന സത്യം നല്കപ്പെട്ടിരുന്നു. ദൈവത്തിന്റെ വിശ്വസ്ത മനുഷ്യർ എക്കാലത്തും തങ്ങളുടെ പ്രാഗത്ഭ്യങ്ങൾ അവന്റെ നാമമഹത്വത്തിനായി വേർതിരിച്ച ശക്തരായ ദൂതുവാഹകർ ആയിരിക്കുകയും അവന്റെ വേലയിൽ തങ്ങളുടെ കഴിവുകൾ ബുദ്ധിപരമായി ഉപയോഗിക്കുകയും ചെയ്തിരുന്നു.

ദൈവസഭയിലെ അംഗങ്ങൾ ശുഷ്ക്കാന്തിയോടെ നല്ല പ്രവൃത്തികൾ ചെയ്യുന്നവരും ലൗകിക അഭിവാഞ്ഛയിൽനിന്ന് വ്യതിചലിക്കുന്നവരും നന്മ മാത്രം ചെയ്ത് മുൻഗമിച്ചവന്റെ കാലടികളിൽ നടക്കുന്നവരും ആകുന്നു. അവർ ഹൃദയം നിറഞ്ഞ സഹാനുഭൂതിയോടും വാത്സല്യത്തോടും സഹായം ആവശ്യമായവരെ ശുശ്രൂഷിക്കുകയും രക്ഷകന്റെ സ്നേഹത്തെക്കുറിച്ചുള്ള പരിജ്ഞാനം ലംഘനക്കാരിൽ കൊണ്ടുവരികയും വേണം. ഈ പ്രവൃത്തി വളരെ ശ്രമകരമായ ജോലിയാണ് പക്ഷേ അത് വിലപിടിപ്പുള്ള പാരിതോഷികമാണ് ലഭ്യമാക്കുന്നത്. ആത്മാർത്ഥതയോടെ ഇതിൽ ഇടപെടുന്നവർ രക്ഷകനുവേണ്ടിയുള്ള ആത്മാക്കളുടെ നേട്ടം ദർശിക്കും. 'വരിക എന്ന് ആത്മാവും മണവാട്ടിയും പറയുന്നു. കേൾക്കുന്നവനും വരിക എന്നു പറയട്ടെ' വെളി. 22:17. ഈ ക്ഷണം നല്കേണ്ട ഉത്തരവാദിത്വം മുഴുസഭക്കും ഉണ്ട്. ഈ ക്ഷണം ശ്രവിച്ച എല്ലാവരും ഈ ദൂത് മലകളിലും താഴ്‌വരകളിലും "വരിക" എന്ന് പ്രതിധ്വനിപ്പിക്കണം.

രക്ഷയുടെ ദൂത് ശ്രവിച്ച അനേകരും മറ്റ് ചില വേലകളിൽ മുഴുകിയിരിക്കുന്നവരാണെങ്കിലും അവർ കമ്പോളങ്ങളിൽ മിനക്കെട്ടു നില്ക്കുന്നവരാണ്. ഇവരോട് യേശു ചോദിക്കുന്നു, നിങ്ങൾ പകൽ മുഴുവനും മിനക്കെട്ടു നില്ക്കുന്നത് എന്ത്? നിങ്ങളും മുന്തിരിത്തോട്ടത്തിലേക്ക് ചെല്ലുവിൻ 'മത്താ. 20:6,7. എന്തുകൊണ്ടാണ് അനേകരും ഈ വിളിക്ക് ചെവികൊടുക്കാത്തത്? തങ്ങൾ ദൈവാലയത്തിലെ ശുശ്രൂഷകരല്ലാത്തതിനാൽ ഇതിൽനിന്നും ഒഴിവാക്കപ്പെട്ടവരെന്ന് കരുതുന്നതിനാലാണ് ഇത് സംഭവിക്കുന്നത്. സത്യസന്ധരായ ആയിരക്കണക്കിന് സ്വമേധാ പ്രവർത്തകരാൽ ദൈവാലയത്തിന് വെളിയിൽ വലിയൊരു വേല ചെയ്തുതീർക്കുവാനുണ്ട് എന്നുള്ളത് അവർ മനസ്സിലാക്കേണ്ടിയിരിക്കുന്നു.

മുഴുസഭയിലും സേവനത്തിന്റെ ആത്മാവ് കർത്തൃത്വം നടത്തേണ്ടതിനും അങ്ങനെ സഭ മുഴുവനും അവനായി തങ്ങളുടെ കഴിവിനൊത്ത് പ്രവർത്തിക്കേണ്ടതിനുമായി ദൈവം നാളുകളായി കാത്തിരിക്കുകയാണ്. ദൈവസഭയിലെ അംഗങ്ങൾ മുഴുവനായും തങ്ങളെ ഭരമേല്പിച്ചിരിക്കുന്ന വേല ആവശ്യമായ സ്ഥാനങ്ങളിൽ, സ്വദേശത്തും, വിദേശത്തും, സുവിശേഷാഹ്വാനപൂർത്തിക്കായി ചെയ്യുമ്പോൾ ലോകം മുഴുവനും സുവിശേഷം അറിയുകയും, യേശു ഈ ഭൂമിയിലേക്ക് മഹത്വത്തോടും ശക്തിയോടുംകൂടി തിരിച്ചുവരികയും ചെയ്യും. "രാജ്യത്തിന്റെ ഈ സുവിശേഷം സകല ജാതികൾക്കും സാക്ഷ്യമായി ഭൂലോകത്തിലൊക്കെയും പ്രസംഗിക്കപ്പെടും. അപ്പോൾ അവസാനം വരും" മത്താ. 24:14.





# ഞങ്ങളുടെ എല്ലാ സമ്പത്തും ദൈവത്തിന്

***സൗജന്യമായി നിങ്ങൾക്ക് ലഭിച്ചു സൗജന്യമായി കൊടുപ്പിൻ. മത്താ. 10:8***

ദൈവത്തിൽനിന്ന് മനുഷ്യർക്ക് ലഭിക്കുന്ന എല്ലാ നന്മകളും എപ്പോഴും ദൈവത്തിന്റേതാണ്. ഭൂമിയിലെ വിലയേറിയതും മനോഹരവുമായ സംഗതികളിൽ ദൈവം എന്തെല്ലാം നിക്ഷിപ്തമാക്കിയിരിക്കുന്നുവോ അവയെല്ലാം നമ്മുടെ കരങ്ങളിൽ തന്നിരിക്കുന്നത് നമ്മെ ശോധന ചെയ്യുന്നതിനും അവനോടുള്ള നമ്മുടെ സ്നേഹവും നമുക്കു ലഭിച്ചിട്ടുള്ള അനുഗ്രഹങ്ങൾക്കുള്ള നമ്മുടെ ധനസമ്പത്തോ, ബുദ്ധിശക്തിയോ എന്തുതന്നെയാകട്ടെ അവ സ്തോത്ര കാണിക്കയായി യേശുവിന്റെ പാദത്തിൽ സമർപ്പിക്കപ്പെടണം.

'നിങ്ങൾ ഭൂമിയിൽ എല്ലായിടത്തും പോയി സകല സൃഷ്ടിയോടും സുവിശേഷം പ്രസംഗിപ്പിൻ' എന്ന് ക്രിസ്തു തന്റെ ശിഷ്യന്മാർക്ക് ആഹ്വാനം നല്കിയപ്പോൾ മനുഷ്യർക്ക് ക്രിസ്തുവിന്റ കൃപയുടെ പരിജ്ഞാനം നല്കുവാനാണ് ചുമതലപ്പെടുത്തിയത്. എന്നാൽ ചിലർ സുവിശേഷം പ്രസംഗിക്കുമ്പോൾ അവന്റ ഭൗമീക കാര്യങ്ങൾക്ക് കാണിക്കകളാൽ സഹായിക്കാനാണ് മറ്റുചിലരെ വിളിച്ചിരിക്കുന്നത്.

എല്ലാവർക്കും വളരെ കാണിക്ക കൊടുക്കുവാനോ വലിയ വേല ചെയ്യുവാനോ ഭയങ്കര പ്രവൃത്തി നടത്തുവാനോ കഴിയുകയില്ല. എന്നാൽ എല്ലാവർക്കും സ്വയത്യാഗം അഭ്യസിക്കുവാനും രക്ഷകന്റെ നിസ്വാർത്ഥത വെളിപ്പെടുത്തുവാനും കഴിയും. ചിലർക്ക് വലിയ സമ്മാനങ്ങൾ ദൈവസന്നിധിയിൽ കൊണ്ടുവരുവാൻ സാധിക്കുമ്പോൾ ചിലർക്ക് തുച്ഛമായതേ കൊണ്ടുവരുവാൻ കഴിയുകയുള്ളു. പക്ഷേ ആത്മാർത്ഥതയോടെ കൊണ്ടുവരുന്നതെല്ലാം ദൈവത്തിന് പ്രസാദകരമാണ്.

സ്വയത്യാഗത്തിലൂടെ എത്രമാത്രം ദൈവിക കാര്യങ്ങൾക്ക് ചരതിക്കുവാൻ കഴിയുമെന്ന് കാണുമ്പോൾ അനേകരും അത്ഭുതസ്തബ്ധരാകും. കഷ്ടപ്പാടിലൂടെ സ്വരൂപിക്കുന്ന ചെറിയ സമ്പാദ്യങ്ങൾക്ക് സ്വയത്യാഗത്തിലൂടെ അല്ലാതെ സ്വരൂപിക്കുന്ന വലിയ തുകയെക്കാൾ കൂടുതൽ കെട്ടുപണി ദൈവത്തിനുവേണ്ടി ചെയ്യുവാൻ കഴിയും.

സ്വർഗ്ഗീയ ആത്മാവ് സ്വാതന്ത്ര്യത്തിന്റ ആത്മാവാണ്. ക്രിസ്തുവിന്റെ സ്വയപരിത്യാഗസ്നേഹം ക്രൂശിൽ വെളിപ്പെടുത്തിയിരിക്കുന്നു. മനുഷ്യർ രക്ഷപ്രാപിക്കേണ്ടതിന് അവനുള്ളതെല്ലാം നല്കി അവസാനം തന്നെത്തന്നെ ഏല്പിച്ചുകൊടുത്തു. അനുഗ്രഹീതനായ രക്ഷകന്റെ അനുയായികളുടെ ഔദാര്യത്തെയാണ് ക്രിസ്തുവിന്റെ കുരിശ് അപേക്ഷിക്കുന്നത്. ഇവിടെ വിവക്ഷിച്ചിരിക്കുന്ന തത്വം കൊടുക്കുക, കൊടുക്കുക എന്നതും വാങ്ങുക എന്നതു ഭൗമീക തത്വവുമാകുന്നു.

ക്രിസ്തുവിന്റെ ക്രൂശിൽനിന്നും തിളങ്ങുന്ന സുവിശേഷപ്രഭ സ്വാർത്ഥതയെ ഭത്സിക്കുന്നു. അനേക ദൈവമക്കളും ലൗകികതയും അത്യാഗ്രഹവും എന്ന അപകടക്കെണിയിൽ പെട്ടിരിക്കുകയാണ്. അവരുടെ ആവശ്യങ്ങളെ നൽകുന്നത് അവനാണെന്നത് അവർ തിരിച്ചറിയേണ്ടിയിരിക്കുന്നു. ഭൂമിയിൽ തന്റെ അനുഗ്രഹങ്ങളെ പങ്കുവെക്കുന്നതിനുള്ള മുഖാന്തിരങ്ങളായി മനുഷ്യരെ ഉപയോഗിക്കുന്നു. തന്റെ സൃഷ്ടിതാവിനെപ്പോലെ ആയിത്തീരേണ്ടതിനായി പരോപകാര പ്രക്രിയ ദൈവം ആസൂത്രണം ചെയ്തു. മനുഷ്യൻ നിസ്വാർത്ഥനും പരോപകാരിയും ആയിത്തീർന്ന് അവസാനം ക്രിസ്തുവിനോടൊത്ത് നിത്യസൗഭാഗ്യങ്ങൾ അനുഭവിക്കണം.

# രണ്ടിരട്ടി ജീവിതം

***ഞങ്ങളുടെ കൂട്ടായ്മയോ പിതാവിനോടും അവന്റെ പുത്രനായ ക്രിസ്തുവിനോടും ആകുന്നു. 1 യോഹ. 1:3.***

ദൈവവുമായുള്ള കൂട്ടായ്മയുടെ പ്രായോഗിക ഫലങ്ങളെക്കാൾ കൂടുതലായി ഒന്നും നമ്മുടെ വേലയിൽ ആവശ്യമായിരിക്കുന്നില്ല. രക്ഷകനിൽ നമുക്ക് സമാധാനവും വിശ്രമവുമുണ്ടെന്ന് നമ്മുടെ നിത്യജീവിതത്തിലൂടെ നാം വെളിപ്പെടുത്തണം. ഹൃദയത്തിലെ അവന്റെ സമാധാനം മുഖത്ത് പ്രകാശിക്കും. ദൈവവുമായുള്ള കൂട്ടായ്മ സ്വഭാവത്തെയും ജീവിതത്തെയും മേന്മയുള്ളതാക്കും. ആദ്യ ശിഷ്യന്മാരെപ്പോലെ നാം യേശുവിനോടുകൂടെയായിരിക്കുന്നതിനാൽ മനുഷ്യർ നമ്മിൽനിന്ന് പരിജ്ഞാനം സ്വീകരിക്കും. മറ്റൊന്നിനും നല്കുവാൻ കഴിയാത്ത ഒരു ശക്തി ഇത് വേലക്കാരന് നല്കും. ഈ ശക്തിയുടെ ഉപയോഗം തടയുവാൻ തന്നെത്തന്നെ അനുവദിക്കരുത്. ചിന്തയും പ്രവർത്തനവും ഉള്ള നിശ്ശബ്ദ പ്രാർത്ഥനയും ആത്മാർത്ഥത നിറഞ്ഞ വേലയുമടങ്ങിയ ഒരു മേത്തരമായ ജീവിതം നാം നയിക്കണം.

ദൈവത്തിന്റെ പരിശീലനത്തിൻ കീഴിൽ ആയിരിക്കുന്ന എല്ലാവർക്കും തങ്ങളുടെ മനസ്സിനോടും പ്രകൃതിയോടും ദൈവത്തോടും സംസർഗ്ഗം സ്ഥാപിക്കുന്നതിന് നിശ്ശബ്ദയാമങ്ങൾ ആവശ്യമാണ്. വ്യക്തിപരമായി ദൈവം നമ്മുടെ ഹൃദയത്തോട് സംസാരിക്കുന്നത് നാം ശ്രവിക്കണം. മറ്റെല്ലാ ശബ്ദവും നിശബ്ദമാകുമ്പോൾ, നാം നിശബ്ദതയിൽ ദൈവമുൻപാകെ കാത്തിരിക്കുമ്പോൾ ദൈവശബ്ദത്തെ ആത്മാവിന്റെ ശാന്തത കൂടുതൽ വ്യക്തതയുള്ളതാക്കും. അവൻ നമ്മോട് ആജ്ഞാപിക്കുന്നത് "മിണ്ടാതിരുന്ന് ഞാൻ ദൈവമെന്നറിഞ്ഞു കൊൾവിൻ" എന്നാണ് സങ്കീ. 46:10. ദൈവവേലക്കായുള്ള ഏറ്റവും ഫലപ്രദമായ ഒരുക്കം ഇതാണ്. വ്യഗ്രത നിറഞ്ഞ തിരക്കിനും ജീവിതത്തിലെ കഠിനാദ്ധ്വാനത്തിന്റെ ആലസ്യത്തിനും മദ്ധ്യേ ഇങ്ങനെ നവോന്മേഷവാനാക്കപ്പെടുന്നവൻ സമാധാനത്തിന്റെയും വെളിച്ചത്തിന്റെയും അന്തരീക്ഷത്താൽ വലയം ചെയ്യപ്പെടും. ശാരീരികവും മാനസികവുമായ ശക്തിയാൽ അവൻ സമ്മാനിതനാകും. അവന്റെ ജീവിതം സുഗന്ധം പരത്തുകയും ദൈവീക ശക്തി വെളിവാക്കുകയും ചെയ്യുമ്പോൾ അത് മനുഷ്യഹൃദയങ്ങളിലേക്കു എത്തിച്ചേരുവാൻ ഇടയാകും.

അനേകരും തങ്ങളുടെ ധ്യാനസമയത്തും ദൈവവുമായുള്ള കൂട്ടായ്മയുടെ യഥാർത്ഥ അനുഗ്രഹം പ്രാപിക്കുന്നതിൽ പരാജയപ്പെടുന്നു. അവർ വളരെ തിടുക്കത്തിലാകുന്നു. തിടുക്കത്തിലുള്ള ചുവടുകളാൽ ക്രിസ്തുവിന്റെ സ്നേഹസാമീപ്യത്തിന്റെ വലയത്തെ ഒന്നു സ്പർശിക്കുകയും ചിലപ്പോൾ വിശുദ്ധീകരിക്കപ്പെട്ട സ്ഥാനത്ത് ഒന്ന് നില്ക്കുകയും ചെയ്യും. പക്ഷേ അവന്റെ സാന്ത്വനത്തിനായി കാത്തുനില്ക്കുകയില്ല. ആത്മിക ഗുരുവിനോടൊത്ത് ആയിരിക്കുവാൻ അവർക്ക് സമയമില്ല. ഭാരങ്ങളുമായി അവരുടെ വേലയിലേക്ക് മടങ്ങുകയും ചെയ്യും.

ഇങ്ങനെയുള്ള വേലക്കാർക്ക്, ബലത്തിന്റെ രഹസ്യം അവർ മനസ്സിലാക്കാത്തിടത്തോളം കാലം ഉന്നതവിജയം കൈവരിക്കുവാൻ കഴിയുകയില്ല. അവർ ചിന്തിക്കുന്നതിനും പ്രാർത്ഥിക്കുന്നതിനും ശാരീരികവും മാനസികവും ആത്മീകവുമായ ശക്തിയെ പുതുക്കുന്നതിന് ദൈവത്തിൽ കാത്തിരിക്കുവാനും സമയം കണ്ടെത്തണം. അവർക്ക് ഉന്നതിയിലേക്കുയർത്തുന്ന അവന്റെ ആത്മാവിന്റെ സ്വാധീനം അനിവാര്യമാണ്. ഇത് പ്രാപിച്ച് അവർ പുതുജീവിതത്താൽ വേഗത പ്രാപിക്കും.





# തെറ്റിദ്ധരിക്കപ്പെട്ട മുദ്ര

***അവർ പരിജ്ഞാനപ്രകാരമല്ലെങ്കിലും ദൈവത്തെ സംബന്ധിച്ചു എരിവുള്ളവർ എന്നു ഞാൻ അവർക്കു സാക്ഷ്യം പറയുന്നു. റോമർ 10:2.***

ഉദ്ദേശ്യമോ ലക്ഷ്യമോ ഇല്ലാത്ത ശുഷ്ക്കാന്തിയുണ്ട്. അത് പരിജ്ഞാനപ്രമല്ലാത്തതും, അതിന്റെ പ്രവർത്തനങ്ങൾ അന്ധമായതും പരിണിതഫലങ്ങൾ വിനാശകരവും ആയിരിക്കും. ഇത് ക്രിസ്തീയ ശുഷ്ക്കാന്തിയല്ല. ക്രിസ്തീയ ശുഷ്ക്കാന്തി ക്രമരഹിതമായ ഇടവേളകളിൽ ഉണ്ടാകുന്നതല്ല, അത് താത്വികമായി നിയന്ത്രിക്കപ്പെടുന്നതാണ്, അത് ആത്മാർത്ഥതയുള്ളതും അഗാധവും ശക്തവും പൂർണ്ണ മനസ്സോടെ ആത്മീക തിരിച്ചറിവിൽ പ്രവർത്തിക്കുവാൻ ഉത്തേജിക്കപ്പെടുന്നതും ആകുന്നു.

ആത്മാക്കളുടെ രക്ഷയും ദൈവരാജ്യത്തിന്റെ താല്പര്യങ്ങളുമാണ് പരമപ്രധാനമായ സംഗതികൾ. ആത്മാക്കളുടെ രക്ഷയെക്കാളും ദൈവമഹത്വത്തെക്കാളും ശ്രേഷ്ഠമായി ആത്മാർത്ഥതയെ ആകർഷിക്കുന്ന വേറെ എന്താണുള്ളത്? പരിഗണനകളുണ്ട്, അത് ലാഘവത്തോടെ താലോലിക്കപ്പെടുന്നവയല്ല. അവ നിത്യതപോലെ ഘനമുള്ളവയാണ്. നിത്യതയെക്കുറിച്ചുള്ള ദൈവിക വിധി നഷ്ടപ്പെടാവുന്ന അവസ്ഥയിലാണ്. സൗഭാഗ്യദൗർഭാഗ്യങ്ങൾ തീരുമാനിക്കുന്നത് സ്ത്രീപുരുഷന്മാരാണ്. ക്രിസ്തീയ ശുഷ്ക്കാന്തി സംസാരത്തിൽമാത്രം ഒതുങ്ങുന്നതല്ല. അത് ഉണർവ്വോടും കാര്യക്ഷമതയോടുംകൂടിയ അനുഭവത്താൽ പ്രവർത്തിക്കുന്നതാണ്. എന്നിരുന്നാലും അത് സ്വയമഹിമയ്ക്കായി പ്രവർത്തിക്കുന്നതല്ല. താഴ്മ അനുഭവമാക്കിയുള്ള എല്ലാ പ്രയത്നങ്ങളും എല്ലാ പ്രവൃത്തിയിലും വെളിപ്പെടും. ക്രിസ്തീയ ശുഷ്ക്കാന്തി ആത്മാർത്ഥതയോടെ പ്രാർത്ഥിക്കുന്നതിലേക്കും താഴ്മയിലേക്കും ഗാർഹിക ചുമതലകളിലെ വിശ്വസ്തതയിലേക്കും വഴിനടത്തും. ക്രിസ്തീയ ശുഷ്ക്കാന്തിയുടെ ഫലങ്ങളായ ആർദ്രതയും സ്നേഹവും ദയയും വാത്സല്യവും ഭവനാന്തരീക്ഷത്തിൽ ദൃശ്യമാകും.

ചിലർ ആത്മാക്കളെ എത്രമാത്രം വിലമതിക്കുന്നു! ക്രിസ്തീയ പരിജ്ഞാനത്തിലേക്ക് ആത്മാക്കളെ കൊണ്ടുവരേണ്ടതിന് ചിലരുടെ അർപ്പണ താല്പര്യം എത്രയാണ്! നഷ്ടപ്പെടുന്ന ആത്മാക്കൾക്കായി വളരെ താല്പര്യം ഉണ്ട് എന്ന് പറയപ്പെടുന്നു. എന്നാൽ സംസാരം മാത്രം. അതത്ര വിലയില്ലാത്ത ഒന്നാണ്. പ്രവൃത്തിയാൽ വെളിപ്പെടുന്ന ആത്മാർത്ഥമായ ക്രിസ്തീയ ശുഷ്ക്കാന്തിയാണ് ആവശ്യമായിരിക്കുന്നത്. എല്ലാവരും സ്വയത്തിനായി പ്രവർത്തിക്കുകയും അവരുടെ ഹൃദയത്തിൽ യേശു ഉള്ളതിനാൽ അവനെ മറ്റുള്ളവരുടെ മുൻപിൽ ഏറ്റുപറയുകയും വേണം. ക്രിസ്തുവിനെ ഏറ്റിരിക്കുന്ന ഒരുവനെ മറ്റുള്ളവർക്ക് ക്രിസ്തുവിനെ സാക്ഷീകരിക്കുന്നതിൽനിന്നും തടയുക എന്നത് നയാഗ്രയിലെ വെള്ളച്ചാട്ടത്തെ തടയുക എന്നതിലും ശ്രമകരമായിരിക്കും.

നിത്യജീവൻ എല്ലാ ക്രിസ്ത്യാനികളുടെയും അഗാധമായ താല്പര്യത്തിൽ മുഴുകണം. രക്ഷ എന്ന മഹായത്നത്തിൽ ക്രിസ്തുവിന്റെയും സ്വർഗ്ഗീയ ദൂതന്മാരുടെയും സഹപ്രവർത്തകരായിരിക്കുക! ഇതിന് തുല്യമായ വേറെ ഏത് പ്രവൃത്തിയുണ്ട്? രക്ഷിക്കപ്പെട്ടവരുടെ മേലും, അവരുടെ രക്ഷക്ക് കാരണമായവരുടെമേലും പ്രതിഫലിപ്പിക്കപ്പെടേണ്ടതിന് രക്ഷപ്രാപിച്ചതിൽനിന്ന് മഹത്വത്തിന്റെ ആദായമായി ദൈവത്തിങ്കലേക്ക് വന്നുചേരും.

# ഒരു ഉറപ്പുള്ള അടിസ്ഥാനം

***എങ്കിലും ദൈവത്തിന്റെ സ്ഥിരമായ അടിസ്ഥാനം നിലനില്ക്കുന്നു; കർത്താവു തനിക്കുള്ളവരെ അറിയുന്നു എന്നും കർത്താവിന്റെ നാമം ഉച്ചരിക്കുന്നവൻ എല്ലാം അനീതി വിട്ടകന്നുകൊള്ളട്ടെ എന്നും ആകുന്നു അതിന്റെ മുദ്ര. 2 തിമൊ. 2:19.***

പാറപോലെ ഉറപ്പുള്ള വിശ്വാസത്തോടുകൂടിയ സത്യസന്ധരായ ഒരു ജനം ദൈവത്തിനുണ്ടാകും. ഈ ലോകത്ത് അവർ അവന്റെ സാക്ഷികൾ ആയിരിക്കും. അവന്റെ ഒരുക്കനാളിനായി വിശേഷവും മഹത്വകരവുമായ വേല ചെയ്യേണ്ടവർ അവർ തന്നെയായിരിക്കും.

സത്യം വളരെ ശുഷ്ക്കാന്തിയോടും ആത്മാർത്ഥതയോടും പ്രസംഗിച്ച സുവിശേഷകർ വിശ്വാസത്യാഗികളായി ശത്രുപക്ഷത്തേക്ക് വ്യതിചലിച്ചേക്കാം. എന്നാൽ അതുകൊണ്ട് ദൈവിക സത്യം കള്ളമായി ഭവിക്കുമോ? അപ്പൊസ്തലൻ പറയുന്നു, “എങ്കിലും ദൈവത്തിന്റെ സ്ഥിരമായ അടിസ്ഥാനം നിലനില്ക്കുന്നു”, മനുഷ്യരുടെ വിശ്വാസവും വിചാരങ്ങളും മാറ്റപ്പെട്ടേക്കാം എന്നാൽ ദൈവത്തിന്റെ സത്യമോ മാറുകയില്ല.

ദൈവം ജീവിക്കുന്നതുപോലെ ഉറപ്പുള്ള ഒരു സത്യം നമുക്കുണ്ട്. സാത്താൻ തന്റെ എല്ലാ കഴിവുകളും വിനാശകരമായ തന്റെ ശക്തിയും ഉപയോഗിച്ചാലും ദൈവസത്യത്തെ കള്ളമാക്കി മാറ്റുവാൻ അവനു കഴിയുകയില്ല. പ്രധാന എതിരാളിയുടെ ഏത് കഠിനപ്രയത്നത്തിനും ദൈവവചനത്തിന് ഒരു മാറ്റവും വരുത്തുവാൻ കഴിയുന്നതല്ല, ജ്വലിക്കുന്ന ദീപംപോലെ സത്യം മുൻപോട്ടു ഗമിക്കണം.

ദൈവം നമ്മെ വ്യക്തിപരമായി അവന്റെ മഹാദയയ്ക്ക് അർഹരാക്കിയിരിക്കുകയാണ്. വിശ്വാസത്യാഗിയുടെ ജല്പനത്താൽ നാം ഉത്സുകരാകണമോ? സാത്താനും അവന്റെ സേവകരുമൊത്ത് നമ്മുടെ നില നാം തിരഞ്ഞെടുക്കണമോ? നാം കല്പനാലംഘികളോടൊത്ത് ചേരണമോ? നേരേ മറിച്ച് നമ്മുടെ പ്രാർത്ഥന ഇപ്രകാരമായിരിക്കണം: “കർത്താവേ, സർപ്പത്തിനും എനിക്കും മദ്ധ്യേ ശത്രുത വരുത്തേണമേ.” അവന്റെ അന്ധകാരപ്രവൃത്തികളോട് നാം ശത്രുതയിലല്ലെങ്കിൽ, അവന്റെ ശക്തരായ കൂട്ടം നമ്മെ വളയുകയും ഏതു നിമിഷവും നമ്മുടെ ഹൃദയത്തിന് ദംശനമേല്പിക്കുവാൻ അവന്റെ കൂർത്ത ശരങ്ങൾ ഒരുക്കിയിരിക്കുകയാണ്. നാം അവനെ മാരക ശത്രുവായി കണക്കാക്കണം. നാം യേശുവിന്റെ നാമത്തിൽ അവനെ എതിരിടണം. നമ്മുടെ വേല എപ്പോഴും മുൻപോട്ടുതന്നെ പോകണം. യേശുവിന്റ നാമം സ്വീകരിച്ചിരിക്കുന്ന എല്ലാവരും നീതിയുടെ സർവ്വായുധവർഗ്ഗം ധരിക്കണം.

എന്തുകൊണ്ട് നാം വിശ്വസിക്കുന്നതിന് അനുസൃതമായി പ്രവർത്തിക്കുന്നു എന്നറിയുവാനുള്ള സമയം സമാഗതമായിരിക്കുന്നു. വരുവാനുള്ള സമയത്തിനെതിരായി നിത്യജീവനെ നാം മുറുകെപ്പിടിക്കുവാനായി നല്ലൊരടിസ്ഥാനം നമുക്കിടാം. നാം നമ്മുടെ സ്വന്തശക്തിയിൽ പ്രയത്നിക്കാതെ ഉയിർത്തെഴുന്നേറ്റ കർത്താവിന്റെ ബലത്തിൽ പ്രവർത്തിക്കേണ്ടിയിരിക്കുന്നു. ചെയ്യുന്നതൊക്കെയും ധൈര്യത്തോടെ യേശുവിനായി ചെയ്യുക.





# സ്വർഗ്ഗം നിങ്ങൾക്കായി കാത്തിരിക്കുന്നു

***പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു. യോഹ. 20:21.***

“അവർ പുറപ്പെട്ടു എല്ലായിടത്തും പ്രസംഗിച്ചും കർത്താവു അവരോടുകൂടെ പ്രവർത്തിച്ചും അവരാൽ നടന്ന അടയാളങ്ങളാൽ വചനത്തെ ഉറപ്പിച്ചും പോന്നു” മർക്കൊ. 16:20 എന്ന് അപ്പോസ്തലന്മാരാൽ എഴുതപ്പെട്ടിരിക്കുന്നു. ക്രിസ്തു തന്റെ ശിഷ്യന്മാരെ അയച്ചതുപോലെ ഇന്ന് അവന്റെ സഭാംഗങ്ങളെ അവൻ അയയ്ക്കുന്നു. അപ്പൊസ്തലന്മാർക്കുണ്ടായിരുന്ന അതേ ശക്തി അവർക്കും ഉണ്ട്. അവർ യഹോവയെ തങ്ങളുടെ ബലമാക്കിയിരിക്കുന്നു എങ്കിൽ അവൻ അവനോടൊത്ത് പ്രവർത്തിക്കുകയും അവരുടെ പ്രയത്നങ്ങൾ നിഷ്ഫലമാകുകയുമില്ല. അവർ ഏർപ്പെട്ടിരിക്കുന്ന ഓരോ ജോലിയിലും കർത്താവിന്റെ മുദ്രമോതിരം പതിപ്പിക്കപ്പെട്ടിട്ടുണ്ട് എന്ന് അവർ മനസ്സിലാക്കേണ്ടിയിരിക്കുന്നു. ദൈവം യിരെമ്യാവിനോട് പറഞ്ഞു, “ഞാൻ ബാലൻ എന്നു നീ പറയരുത്, ഞാൻ നിന്നെ അയയ്ക്കുന്ന ഏവരുടെയും അടുക്കൽ നീ പോകയും, ഞാൻ നിന്നോടു കല്പിക്കുന്നതൊക്കെയും സംസാരിക്കുകയും വേണം. നീ അവരെ ഭയപ്പെടരുത്; നിന്നെ വിടുവിക്കേണ്ടതിനു ഞാൻ നിന്നോടുകൂടെ ഉണ്ടെന്നു യഹോവയുടെ അരുളപ്പാട്. പിന്നെ യഹോവ കൈനീട്ടി എന്റെ വായെ തൊട്ടു ഞാൻ എന്റെ വചനങ്ങളെ നിന്റെ വായിൽ തന്നിരിക്കുന്നു” യിരെമ്യ. 1:7–9. അവന്റെ വിശുദ്ധ കരസ്പർശം നമ്മുടെ അധരങ്ങളിൽ അനുഭവിച്ച്, അവൻ നല്കുന്ന വചനം പ്രസംഗിക്കുവാൻ നമ്മോട് അവൻ ആജ്ഞാപിക്കുകയാണ്.

ക്രിസ്തു സഭക്ക് ഒരു ശ്രേഷ്ഠ അധികാരം നല്കിയിട്ടുണ്ട്. ദൈവത്തിന്റെ കൃപാധനവും ക്രിസ്തുവിന്റെ എണ്ണമറ്റ അനുഗ്രഹങ്ങളും ലോകവുമായി പങ്കുവക്കുന്നതിന് എല്ലാ അംഗങ്ങളും മുഖാന്തിരങ്ങളായിത്തീരണം. അവന്റെ മദ്ധ്യവർത്തികൾ അവന്റെ സ്വഭാവവും ആത്മാവും ലോകത്തിന് വെളിപ്പെടുത്തണം എന്നതിലുപരി അവൻ ഒന്നും ആഗ്രഹിക്കുന്നില്ല. രക്ഷകന്റെ സ്നേഹത്തിന്റെ താഴ്മയിലൂടെയുള്ള അവതാരത്തിലുപരി ലോകത്തിന് ഒന്നും ആവശ്യമായിരിക്കുന്നില്ല. ക്രിസ്ത്യാനിത്വത്തിന്റെ ശക്തി വെളിപ്പെടുത്തുവാൻ കഴിയുന്ന സ്ത്രീപുരുഷന്മാരെയാണ് മുഴുസ്വർഗ്ഗവും കാത്തിരിക്കുന്നത്.

ദൈവത്താൽ ശക്തീകരിക്കപ്പെട്ട സഭ അവന്റെ സത്യം പ്രഘോഷിക്കുവാനുള്ള ഒരു മാദ്ധ്യമമാണ്. അവൾ അവനോട് വിശ്വസ്തതയും അവന്റെ എല്ലാ കല്പനകൾക്കും അനുസരണമുള്ളവളും ആകുന്നു എങ്കിൽ അവന്റെ സ്വർഗ്ഗീയ കൃപയുടെ മഹത്വം അവളിൽ അധിവസിക്കും. അവൾ അവളുടെ കർത്തവ്യനിഷ്ഠയോടു വിശ്വസ്തത പുലർത്തുകയും ഇസ്രായേലിന്റെ ദൈവത്തെ അവൾ ആദരിക്കുകയും ചെയ്യുമെങ്കിൽ അവൾക്കെതിരായി ഒരു ശക്തിക്കും നില്ക്കുവാൻ കഴിയുകയില്ല.

ദൈവത്തിനുവേണ്ടി സുവിശേഷ ദൂതുവാഹകരായി അമിത ബലത്തോടെ അവന്റെ സാക്ഷികളാകുവാൻ ശിഷ്യന്മാരെ നയിച്ചത് ശുഷ്ക്കാന്തിയാണ്. ദൃഢനിശ്ചയത്തോടെ വീണ്ടെടുപ്പിൻ സ്നേഹത്തെയും, ക്രൂശിക്കപ്പെട്ട ക്രിസ്തുവിനെയുംകുറിച്ച് പറയുവാൻ ഇപ്രകാരമുള്ള ശുഷ്ക്കാന്തി നമ്മുടെ ഹൃദയത്തിലും എരിയേണ്ടതില്ലയോ? ക്രിസ്തുവിന്റെ വരവിനായി കാത്തിരിക്കുക മാത്രമല്ല അവന്റെ വരവ് ത്വരിതപ്പെടുത്തേണ്ടത് ഓരോ ക്രിസ്ത്യാനിയുടെയും പദവിയാണ്.

# ദൈവം തന്റെ ജനത്തെ നടത്തും

***നീ വെള്ളത്തിൽകൂടി കടക്കുമ്പോൾ ഞാൻ നിന്നോടു കൂടെയിരിക്കും. നീ നദികളിൽകൂടി കടക്കുമ്പോൾ അവ നിന്റെ മീതെ കവിയുകയില്ല. നീ തീയിൽകൂടി നടന്നാൽ വെന്തുപോകയില്ല; അഗ്നിജ്വാല നിന്നെ ദഹിപ്പിക്കുകയുമില്ല.***
***യെശ 43 : 2.***

ഭൂമിയിൽ ദൈവത്തിന് തിരഞ്ഞെടുക്കപ്പെട്ടവരും അവന്റെ കല്പന കാക്കുന്നവരുമായ ഒരു സമൂഹമുണ്ട്. ഇവിടെയുമവിടെയുമായി അലഞ്ഞുനടക്കുന്നവരല്ല, അവൻ നയിക്കുന്ന ഒരു ജനസമൂഹമാണ് അവർ.

ദൗത്യം വിജയിക്കുകയില്ലെന്ന് സംശയിക്കേണ്ടതിന്റെയോ, ഭയപ്പെടേണ്ടതിന്റെയോ ആവശ്യമില്ല. ദൗത്യത്തിന്റെ അമരത്ത് ദൈവം ഉള്ളതിനാൽ എല്ലാം അവൻ യഥാസ്ഥാനത്താക്കും. മുഖ്യസ്ഥാനത്ത് എന്തെങ്കിലും ക്രമീകരണം ആവശ്യമായിവന്നാൽ ദൈവം ഇടപെട്ട് എല്ലാം നേരെയാക്കും. ദൈവജനത്തെ വഹിക്കുന്ന ശ്രേഷ്ഠ നൗകയെ ദൈവം വഹിച്ച് സുരക്ഷിതമായി തുറമുഖത്തേക്ക് എത്തിക്കും എന്ന് നമുക്കു വിശ്വസിക്കാം.

വളരെ വർഷങ്ങൾക്കുമുമ്പ് ഞാൻ പോർട്ട്ലാന്റിലെ മെയിനിൽ നിന്ന് ബോസ്റ്റൺ തുറമുഖത്തേക്ക് കപ്പൽ യാത്ര ചെയ്യുമ്പോൾ ഒരു കൊടുങ്കാറ്റിൽ അകപ്പെടുകയുണ്ടായി. വലിയ തിരകൾ ഞങ്ങളെ മുമ്പോട്ടും പിറകോട്ടും അടിച്ചുകൊണ്ടുപോയി. അലങ്കാര ദീപങ്ങൾ താഴെ വീഴുകയും യാത്രാപ്പെട്ടികൾ വശങ്ങളിലേക്ക് പന്തുപോലെ നീക്കിവക്കുകയും ചെയ്യപ്പെട്ടു. യാത്രക്കാർ ഭയവിഹ്വലരായി. മരണത്തെ മുന്നിൽക്കണ്ട് അലറിക്കരയാൻ തുടങ്ങി.

കുറച്ച് കഴിഞ്ഞ് കപ്പിത്താൻ മേൽത്തട്ടിലേക്കുവന്ന് അമരക്കാരനോട് അടുത്തുനിന്നു. കപ്പലിന്റെ ഗതി നിയന്ത്രിച്ചുകൊണ്ടു നിന്ന അമരക്കാരനോട് തന്റെ ആശങ്ക കപ്പിത്താൻ അറിയിച്ചു. അപ്പോൾ അമരക്കാരൻ ക്യാപ്റ്റനോട് നിങ്ങൾക്ക് കപ്പലിന്റെ നിയന്ത്രണം ഏറ്റെടുക്കാമോ എന്ന് ചോദിച്ചു. കപ്പിത്താന് ഈ ജോലിയിൽ പ്രാവീണ്യമില്ലാതിരുന്നതിനാൽ അദ്ദേഹം അത് നിരസിക്കുകയുണ്ടായി. അപ്പോൾ ചില യാത്രക്കാർ അമരക്കാരൻ കപ്പൽ പാറയിൽ ഇടിപ്പിക്കുമെന്ന ആശങ്ക അറിയിച്ചു. അവരോടു അമരക്കാരൻ കപ്പിലിന്റെ നിയന്ത്രണം ഏറ്റെടുക്കാൻ ആവശ്യപ്പെട്ടു. അവർക്ക് അത് അസാദ്ധ്യമായിരുന്നതിനാൽ അവരും വിസമ്മതിച്ചു.

വേല അപകടത്തിലാകുമ്പോൾ പ്രാർത്ഥിക്കുക, "കർത്താവേ, നിയന്ത്രണം ഏറ്റെടുക്കേണമേ ഞങ്ങളുടെ പരിഭ്രമത്തിൽ ഞങ്ങളെ നയിക്കേണമേ, സുരക്ഷിതരായി ഞങ്ങളെ തുറമുഖത്ത് എത്തിക്കേണമേ". കർത്താവ് നമ്മെ ജയോത്സവമായി നടത്തും എന്ന് നമുക്ക് വിശ്വസിക്കാമല്ലോ?

ദൈവീകാനുഗ്രഹത്തിന്റെ എല്ലാ പ്രവർത്തനവും മനസ്സിലാക്കുവാൻ നമ്മുടെ ജഡിക മനസ്സിനു കഴിയുകയില്ല. ദൈവിക പ്രവർത്തനം നടത്തപ്പെടുവാൻ ദൈവത്തെ അനുവദിക്കുക.





# സാത്താൻ തന്റെ പ്രവർത്തനം ഇരട്ടിപ്പിക്കുന്നു.

***യഹോവയുടെ ദൂതൻ അവന്റെ ഭക്തന്മാരുടെ ചുറ്റും പാളയമിറങ്ങി അവരെ വിടുവിക്കുന്നു. സങ്കീ. 34:7.***

നമ്മുടെ വീണ്ടെടുപ്പുകാരന്റെ മഹാശക്തിയിലല്ലാതെ വേറെ എവിടെ നമുക്ക് വീടുതലും അഭയവും ഉണ്ടാകും എന്ന മുന്നറിയിപ്പ് സാത്താന്റെയും അവന്റെ സൈന്യത്തിന്റെയും ശക്തിയും ദ്രോഹബുദ്ധിയും നമുക്ക് നല്കുന്നു. ദുഷ്ടമനുഷ്യരിൽനിന്നും നമ്മുടെ ജീവനും സ്വത്തും പരിരക്ഷിക്കുന്നതിന് വളരെ ശ്രദ്ധയോടെ നാം നമ്മുടെ ഭവനങ്ങളുടെ വാതിലിന് കുറ്റിയും കൊളുത്തും വച്ച് പൂട്ടുന്നു, എന്നാൽ നമ്മിൽ കർത്തൃത്വം നടത്താൻ സദാ പരിശ്രമിക്കുന്ന പൈശാചിക ദൂതന്മാരെ നാം മറന്നുകളയുകയും നമുക്കെതിരെയുള്ള അവരുടെ ആക്രമണങ്ങളെ നമ്മുടെ സ്വന്തശക്തിയാൽ ഒരു വിധത്തിലും നമുക്ക് പ്രതിരോധിക്കാൻ സാധിക്കുന്നതുമില്ല. നാം അനുവദിക്കുകയാണെങ്കിൽ അവർക്ക് "നമ്മുടെ മനസ്സിനെ വ്യതിചലിപ്പിക്കുവാനും ശരീരത്തെ അസന്തുലിതമാക്കി പീഡിപ്പിക്കുവാനും ജീവനും സ്വത്തും നശിപ്പിക്കുവാനും കഴിയും. നമ്മുടെ നാശവും കഷ്ടതയുമാണ് അവരുടെ ആനന്ദം. സാത്താന്റെ പ്രലോഭനങ്ങളിൽ കുടുങ്ങി ദൈവം അവരെ ദുഷ്ടാത്മാക്കളുടെ അധീനതയിലേക്ക് ഏല്പിച്ചുകൊടുക്കുന്നതുവരെ ദൈവിക വാഗ്ദത്തങ്ങളെ തിരസ്കരിക്കുന്നവരുടെ അവസ്ഥ വളരെ ഭയാനകമാണ്. എന്നാൽ യേശുവിനെ അനുഗമിക്കുന്നവർ അവന്റെ പരിപാലനത്തിൻ കീഴിൽ സുരക്ഷിതരാണ്. അവരുടെ സംരക്ഷണത്തിനായി സ്വർഗ്ഗത്തിൽനിന്നും മഹാബലശാലികളായ ദൂതന്മാരെ, അവൻ നിയോഗിക്കുന്നു.

ദൈവം അവർക്കുചുറ്റും ഏർപ്പെടുത്തിയിരിക്കുന്ന സുരക്ഷയെ ഭേദിക്കുവാൻ ദുഷ്ടന്മാർക്ക് കഴിയുകയുമില്ല. കഴിഞ്ഞ ആറായിരം വർഷങ്ങളായി യേശുവിനും സാത്താനും മദ്ധ്യേ നടന്നുകൊണ്ടിരിക്കുന്ന വൻവിവാദം ഏറ്റവും വേഗത്തിൽ അവസാനിക്കുവാൻ പോകവുകയാണ്. മാനവരക്ഷയ്ക്ക് യേശു നല്കുന്ന പ്രവർത്തനങ്ങളെ പരാജയപ്പെടുത്തി ആത്മാക്കളെപ്പറ്റി പിശാചിന്റെ കെണിയിൽ അകപ്പെടുത്തുവാൻ പിശാച് തന്റെ പ്രവർത്തനങ്ങളെ ഇരട്ടിപ്പിച്ചിരിക്കുകയാണ്. പാപത്തിന് വേറൊരു യാഗവും അവശേഷിക്കായ്കയാൽ രക്ഷകന്റെ മദ്ധ്യസ്ഥത അവസാനിക്കുന്നതുവരെയും ജനത്തെ അന്ധകാരത്തിലും അകൃത്യത്തിലും നിലനിർത്തണമെന്ന ഏക സംഗതി മാത്രമാണവൻ കാംക്ഷിക്കുന്നത്.

അവന്റെ ശക്തിയെ ചെറുക്കുന്നതിന് സഭയിലും ലോകത്തും യാതൊരു പ്രയത്നവും ചെയ്യാത്തിടത്തോളവും സഭയിലും ലോകത്തും അഭിപ്രായഭിന്നതകൾ ഉള്ളപ്പോഴും സാത്താന് യാതൊരു പ്രശ്നവുമില്ല. കാരണം, അവന്റെ ഇഷ്ടത്തിന് അടിമകളാക്കി നയിക്കപ്പെടുന്നവർ നഷ്ടപ്പെടും എന്ന അപകടം അവനില്ല. എന്നാൽ ദൈവിക കാര്യങ്ങളിലേക്ക് ശ്രദ്ധ ക്ഷണിക്കപ്പെടുമ്പോഴും രക്ഷിക്കപ്പെടുവാൻ ഞാനെന്തു ചെയ്യണമെന്നു ആത്മാക്കൾ ആരായുമ്പോഴും അവൻ എഴുന്നേറ്റുനില്ക്കുന്നു. ക്രിസ്തുവിന്റെ ശക്തിയോട് മാറ്റുരയ്ക്കാൻ അവൻ ഒരുങ്ങുന്നു. ആരാധനയ്ക്കായി ഒത്തുചേരുന്നിടത്ത് അവന്റെ സാമീപ്യം അവൻ ഉറപ്പാക്കുന്നു. മറഞ്ഞിരുന്ന് ആരാധനക്കാരുടെ മനസ്സിനെ നിയന്ത്രിക്കുവാൻ അവന്റെ എല്ലാ കഴിവുകളും അവൻ പ്രയോഗിക്കുകയാണ്.

# ഗൗരവമേറിയ പോരാട്ടം നമുക്കുമുൻപിൽ

*മനുഷ്യരെക്കാൾ ദൈവത്തെ അനുസരിക്കേണ്ടതാകുന്നു. അപ്പൊ 5:29.*

ഒരു വലിയ പ്രതിസന്ധി ദൈവജനത്തെ കാത്തിരിക്കുന്നു. എക്കാലത്തെക്കാളും വലിയ പോരാട്ടം നമുക്ക് മുമ്പിലുണ്ട്. ഞായറാഴ്ച ആചാരനിയമം ലോക താല്പര്യവും പ്രാധാന്യതയുമുള്ള ഒന്നാണ്. ഈ നീക്കത്തിന്റെ ഫലം എന്താകുമെന്ന് നമുക്ക് നന്നായറിയാം. ഇതിനായി നാം ഒരുങ്ങിയിട്ടുണ്ടോ? ജനത്തിന് മുൻപിലുള്ള ഈ അപകടത്തെക്കുറിച്ച് അവരെ അറിയിക്കുവാൻ ദൈവം നമ്മെ ഏല്പിച്ച ദൗത്യത്തെ നാം വിശ്വസ്തതയോടെ നിർവ്വഹിച്ചിട്ടുണ്ടോ?

വ്യാജ അടിസ്ഥാനത്തിൽ നിലകൊള്ളുന്ന ഞായറാഴ്ച ആചാരത്തെക്കുറിച്ചും വേദപുസ്ത കശബ്ദത്തിന്റെ വിശ്വാസീയതയെക്കുറിച്ചും യാതൊന്നും അറിയാത്ത അനേകരുണ്ട്. ധാർമ്മിക സ്വാതന്ത്ര്യത്തിന് എതിരായി നിരന്തരം പോരാടിക്കൊണ്ടിരിക്കുന്ന പാപ്പാത്വത്തിനും സാമുദായിക നിയമത്തിനും അനുകൂലമായ ഏതൊരു ചുവടുവെയ്പ്പും യഥാർത്ഥത്തിൽ ഒരു അനുകൂല പ്രവൃത്തിയാണ്. “പാപത്തിന്റെ നിഗൂഢത” എന്ന് വിളിക്കപ്പെടുന്ന ഒരു ക്രിസ്തീയ വ്യവസ്ഥയോടാണ് ഞായറാഴ്ച ആചാരം കടപ്പെട്ടിരിക്കുന്നത്. ഇതിന്റെ നിർബന്ധബുദ്ധിയാലുള്ള നടപ്പാക്കൽ റോമാമതത്തിന്റെ ആണിക്കല്ലുകളായ തത്വങ്ങളുടെ പരോക്ഷമായ അംഗീകാരമായിരിക്കും. നമ്മുടെ രാജ്യം ഞായറാഴ്ച നിയമം പ്രാബല്യത്തിൽ വരുത്തുവാൻ അതിന്റെ തത്വങ്ങളെ ബലികഴിക്കുമ്പോൾ പ്രൊട്ടസ്റ്റന്റ് പ്രസ്ഥാനം ഈ കാര്യത്തിൽ പാപ്പാത്വ അധികാരത്തോട് കൈകോർക്കും. ഇത് അനേകനാളുകളായി ഉയിർത്തെഴുന്നൽപ്പിനുള്ള അവസരം കാത്തുകിടക്കുന്ന സ്വേച്ഛാധിപത്യത്തിന്റെ മൃഗീയ പീഡനത്തിന് ജീവൻ നൽകുന്നതല്ലാതെ വേറൊന്നുമായിരിക്കില്ല.

പാപ്പാത്വമോ അതിന്റെ തത്വങ്ങളോ വീണ്ടും അധികാരത്തിൽ അവരോധിക്കപ്പെട്ടാൽ ജനസമ്മതമായ തെറ്റുകളെ തള്ളി മനസ്സാക്ഷിയെയും സത്യത്തെയും ത്യജിക്കുവാൻ തയ്യാറല്ലാത്തവരുടെമേൽ പീഡനാഗ്നി ആളിക്കത്തിക്കപ്പെടും. ഈ ദുരന്തം സാക്ഷാത്ക്കാരത്തിന്റെ പാതയിലാകുന്നു.

നമുക്ക് മുമ്പിലുള്ള അപകടത്തെ കാണുവാൻ ദൈവം നമുക്ക് വെളിച്ചം നലികിയിരിക്കുമ്പോൾ, ഇത് മറ്റുള്ളവരുടെ മുമ്പിൽ കൊണ്ടുവരുവാൻ നമ്മുടെ കഴിവിന്റെ പരമാവധി നാം ശ്രമിക്കാതിരുന്നാൽ അവന്റെ മുൻപിൽ സത്യസന്ധരായി എങ്ങനെ നമുക്ക് നിൽക്കാൻ കഴിയും? ഇത്ര വലിയ സംഗതിയെ നേരിടുവാനുള്ള മുന്നറിയിപ്പ് ആളുകൾക്ക് കൊടുക്കാതെ നമുക്ക് സംതൃപ്തരാകുവാൻ കഴിയുമോ?

ഈ അഖിലാണ്ഡത്തിന്റെ ഭരണാധികാരിയുടെ നിയമത്തിനെതിരായി ഈ ലോകത്തിന്റെ അധികാരികളുടെ നിയമം കൊണ്ടുവരപ്പെടുമ്പോൾ ദൈവജനം ദൈവത്തോട് സത്യസന്ധത പാലിക്കും.





# തിരുവെഴുത്തുകളെ വളച്ചൊടിക്കൽ

*അറിവില്ലാത്തവരും അസ്ഥിരന്മാരുമായവർ ശേഷം തിരുവെഴുത്തുകളെപ്പോലെ അതും തങ്ങളുടെ നാശത്തിനായി കോട്ടിക്കളയുന്നു. 2 പത്രൊ. 3:16*

മനുഷ്യർ എന്ത് വിശ്വസിച്ചാലും അതിന് യാതൊരു ഭവിഷത്തും ഇല്ല എന്നുള്ളതാണ് സാത്താന്റെ ഏറ്റവും വിജയകരമായ ചതിവ്. സത്യം അതിന്റെ സ്നേഹത്തിൽ ലഭ്യമാക്കുന്ന വ്യക്തിയുടെ ആത്മാവിനെ അത് ശുദ്ധീകരിക്കും എന്ന് പിശാചിനറിയാവുന്നതുകൊണ്ട് അതിന് ബദലായി ദുരുപദേശങ്ങളും കെട്ടുകഥകളും വ്യാജ സുവിശേഷങ്ങളും പ്രചരിപ്പിക്കുവാനാണ് അവൻ ശ്രമിക്കുന്നത്.

തിരുവെഴുത്തുകളുടെ അവ്യക്തവും സാങ്കല്പികവുമായ വ്യാഖ്യാനങ്ങൾ, മതവിശ്വാസത്തെ സംബന്ധിക്കുന്ന അനേക വികലമായ തത്വങ്ങൾ എന്നിവ ക്രിസ്തീയ ലോകത്ത് കാണപ്പെടുന്നുണ്ട്. അവൻ സത്യത്തെ വേർതിരിച്ച് കാണാതിരിക്കുവാനായി അവരുടെ മനസ്സിനെ സംശയത്തിലാക്കുവാനായുള്ള നമ്മുടെ മുഖ്യ ശത്രുവിന്റെ പണിയാണിത്. ക്രിസ്തീയ മണ്ഡലത്തിൽ ഇന്ന് ധാരാളമായി അഭിപ്രായഭിന്നതയും വിഭാഗീയതയും നടമാടുന്നതിന് കാരണം താല്പര്യജനകമായ തത്വങ്ങൾക്കുവേണ്ടി തിരുവെഴുത്തുകളെ വളച്ചൊടിക്കുന്ന സമ്പ്രദായം നിലനില്ക്കുന്നു എന്നതിനാലാണ്. ഹൃദയം താഴ്ത്തി ശ്രദ്ധയോടെ ദൈവവചനം പഠിച്ച്, അവന്റെ ഇഷ്ടം അറിയുവാനുള്ള പരിജ്ഞാനം സിദ്ധിക്കുന്നതിനുപകരം അനേകരും വിചിത്രമായതോ, യഥാർത്ഥമായതോ കണ്ടുപിടിക്കുവാനാണ് ശ്രമിക്കുന്നത്.

അബദ്ധജഡിലമായ ഉപദേശങ്ങളും അക്രൈസ്തവ അനുഷ്ഠാനങ്ങളും നിലനിർത്തുന്നതിനായി ചിലർ ആ വിഷയവുമായി ബന്ധമില്ലാത്ത തിരുവചനഭാഗങ്ങൾ എടുക്കുകയും, അവരുടെ വാദം നേരാക്കുവാൻ ഒരു വാക്യത്തിന്റെ ഒരു ഭാഗം അനുബന്ധത്തിന് നേരെ വിപരീതമായിരിക്കുമ്പോഴും മറുഭാഗം അവർ ഉദ്ധരിക്കും. അവരുടെ ലൗകിക ചിന്താഗതിക്കനുസൃതമായി പാമ്പിന്റെ കൗശലത്തോടെ പരസ്പരബന്ധമില്ലാത്ത അതിന്റെ പിന്നിൽ അവർ തങ്ങളെ മറയ്ക്കും. ഇങ്ങനെ വ്യാഖ്യാനം നൽകിയാണ് അനേകരും തങ്ങളുടെ ഇച്ഛാനുസൃതം ദൈവവചനത്തെ കോട്ടിക്കളയുന്നത്. ചിന്താധാരയിൽ ശുഷ്ക്കാന്തിയുള്ള മറ്റു ചിലർ തിരുവെഴുത്തുകളിലെ കണക്കുകളും രൂപകങ്ങളും എടുത്തുകൊണ്ട് അവയെ തങ്ങളുടെ ഇംഗിതത്തിന് അനുസരിച്ച് വ്യാഖ്യാനിക്കുകയും തിരുവെഴുത്തുകൾ തന്നെയാണ് തിരുവെഴുത്തുകളെ വ്യാഖ്യാനിക്കേണ്ടത് എന്ന തത്വം അവഗണിച്ചുകൊണ്ട് ബൈബിളിന്റെ പഠിപ്പിക്കൽ എന്ന രൂപേണ തങ്ങളുടെ അനുമാനങ്ങളെ നിരത്തുകയും ചെയ്യും.

എപ്പോഴെല്ലാം വചനപഠനം, പ്രാർത്ഥനാപൂർണ്ണവും, താഴ്മയോടും അദ്ധ്യാപന ആത്മാവോടുംകൂടെ ആരംഭിക്കാതിരിക്കുന്നുവോ അപ്പോഴെല്ലാം വചനത്തിലെ ലളിതവും സരളവുമായ ഭാഗങ്ങൾ എന്നപോലെതന്നെ പ്രയാസമേറിയ ഭാഗങ്ങളും അവയുടെ യഥാർത്ഥ അർത്ഥത്തിൽനിന്ന് വ്യതിചലിച്ചുപോകും. പ്രാർത്ഥനാനിരതമായ ഹൃദയത്തോടെ ദൈവവചനം പഠിക്കുന്നവർക്ക് അത് വളരെ സരളമാണ്. യഥാർത്ഥത്തിൽ സത്യസന്ധമായ എല്ലാ ആത്മാക്കളും സത്യവെളിച്ചത്തിലേക്ക് കടന്നുവരും. “നീതിമാനു പ്രകാശം ഉദിക്കും...” സങ്കീ. 97:11. സഭാംഗങ്ങൾ മറയ്ക്കപ്പെട്ടിരിക്കുന്ന നിധി എന്നപോലെ സത്യത്തെ അന്വേഷിക്കുന്നില്ല എങ്കിൽ ആ സഭകൾക്ക് വിശുദ്ധിയിൽ മുന്നേറുവാൻ കഴിയുകയില്ല.

# ദൈവത്തെ സംബന്ധിച്ചുള്ള വ്യാജസിദ്ധാന്തങ്ങൾ

***അവർ ദൈവത്തെ അറിഞ്ഞിട്ടും അവനെ ദൈവമെന്നോർത്തു മഹത്വീകരിക്കുകയോ നന്ദി കാണിക്കുകയോ ചെയ്യാതെ തങ്ങളുടെ നിരൂപണങ്ങളിൽ വ്യർത്ഥരായി ത്തീർന്നു. അവരുടെ വിവേകമില്ലാത്ത ഹൃദയം ഇരുണ്ടുപോയി. റോമർ 1:21***

പ്രകൃതിയിൽ വ്യാപിച്ചുകിടക്കുന്ന ഒരു സത്ത് ആണ് ദൈവം എന്ന തത്വം. സാത്താന്റെ അതിസൂക്ഷ്മ ഉപകരണങ്ങളിൽ ഒന്നാണത്. ഇത് ദൈവത്തിന്റെ ഭയങ്കരത്വത്തെയും വല്ലഭത്വത്തെയും അവഹേളിക്കുന്നതും അവാസ്തവുമായ പ്രതിനിധീകരണവുമാകുന്നു.

ഈശ്വരാംശം എല്ലാ വസ്തുക്കളിലും ഉണ്ട് എന്ന സിദ്ധാന്തം ദൈവവചനത്താൽ പരിപോഷിതമല്ല. ഈ സിദ്ധാന്തം ആത്മാവിനെ നശിപ്പിക്കുന്ന മുഖാന്തിരമായിട്ടാണ് ദൈവവചനത്തിന്റെ വെളിച്ചത്തിൽ കാണപ്പെടുന്നത്. അന്ധകാരം അവയുടെ മൂലകവും വൈകാരികത അവയുടെ പ്രവർത്തനമണ്ഡലവുമാകുന്നു. അവ സ്വാഭാവിക ഹൃദയത്തെ സന്തോഷിപ്പിക്കുകയും പ്രവണതകൾക്ക് അനുമതി നൽകുകയും ചെയ്യുന്നു. ഇവ സ്വീകരിക്കുന്നതിന്റെ ഫലം ദൈവത്തിൽനിന്നുള്ള അകൽച്ചയാകുന്നു.

ദുഷ്ടതയുടെ അള്ളിപ്പിടുത്തത്തിൽ നിന്നും മനുഷ്യമനസ്സുകളെ വിടുവിക്കുവാൻ സാധിക്കുന്ന ശക്തി ക്രിസ്തുവിൽ ദൈവത്തിന്റെ ശക്തി ഒന്നു മാത്രമാണ്. ക്രൂശിക്കപ്പെട്ട യേശുവിന്റെ രക്തത്തിനു മാത്രമേ പാപത്തെ കഴുകുവാൻ കഴിയുകയുള്ളു. നമ്മുടെ വീഴ്ചഭവിച്ച പ്രകൃതത്തെ എതിർത്ത് കീഴ്പ്പെടുത്തുവാൻ അവന്റെ കൃപ ഒന്നിച്ചാൽ മാത്രമേ നമുക്ക് കഴിയുകയുള്ളൂ. ദൈവസംബന്ധമായ ഈ ആത്മീക തത്വങ്ങൾക്ക് ഒരു വ്യതിയാനവും വരുത്തുവാൻ കഴിയുകയില്ല. പ്രകൃതിയിൽ വ്യാപരിക്കുന്ന ഒരു മൂലകമാണ് ദൈവമെങ്കിൽ എല്ലാ മനുഷ്യരിലും അവൻ വസിക്കുന്നുണ്ട്. ആയതിനാൽ വിശുദ്ധീകരണം പ്രാപിക്കുന്നതിന് മനുഷ്യനിലുള്ള ഈ ശക്തിയെ പരിപോഷിപ്പിച്ചാൽ മതിയാകും.

താത്വിക ഉപസംഹാരത്തിലൂടെ അവരുടെ തത്വം, എല്ലാ ക്രിസ്തീയ മൂല്യങ്ങളെയും തച്ചുടച്ചുകളയുവാൻ മതിയായവയാണ്. പാപപരിഹാരത്തിന്റെ ആവശ്യകതയെ നിർമ്മലമാക്കി അവ മനുഷ്യനെ മനുഷ്യന്റെ സ്വന്തരക്ഷകനാക്കിത്തീർക്കും. ദൈവസംബന്ധമായുള്ള ഈ സിദ്ധാന്തങ്ങൾക്ക് ദൈവവചനത്തിന് ഒരു വ്യതിയാനവും വരുത്തുവാൻ കഴിയുകയില്ല. ഈ തത്വങ്ങളെ സ്വീകരിക്കുന്നവർ അവസാനം തിരുവെഴുത്തുകൾ വെറും കെട്ടുകഥകളാണെന്ന വിശ്വാസത്തിലേക്ക് നയിക്കപ്പെടുമെന്ന അപകടസ്ഥിതിയിൽ എത്തിച്ചേരുകയും ചെയ്യും. അവർ സത്യത്തെക്കാൾ ബുദ്ധിയെ ആദരിക്കുന്നു. ദൈവത്തെ അവന്റെ പരമാധികാരത്തിൽ നിന്നും നീക്കിക്കളയുന്നു. ദൈവത്തെക്കൂടാതെ നിഷ്പ്രയോജനമായ മാനുഷിക ശക്തിയിലാണ് അവർ തങ്ങളുടെ ആശ്രയം വെക്കുന്നത്. തുണയില്ലാത്ത മാനുഷിക ഇച്ഛക്ക് പാപത്തെ ചെറുക്കുവാനോ അതിജീവിക്കുവാനോ വാസ്തവത്തിൽ കഴിയുകയില്ല. ആത്മാവിന്റെ ചെറുത്തുനില്പുകൾ ഫലവത്താകുകയില്ല. പാപത്തിന് എതിരായ ഒരു തടസ്സവും മനുഷ്യനില്ല. ഒരിക്കൽ ദൈവവചനത്തെ നിരാകരിച്ച് പരിശുദ്ധാത്മാവിനെ നിരസിക്കുമ്പോൾ എത്ര വലിയ അഗാധതയിലേക്കാണ് വീഴുന്നതെന്ന് നാം തിരിച്ചറിയുകയില്ല.

പ്രകൃതിയിലെ വസ്തുക്കളിൽ വ്യാപിച്ചുകിടക്കുന്ന മൂലകമാണ് ദൈവമെന്ന തത്വത്തിൽ ആശ്രയിക്കുന്നവർ തീർച്ചയായും അവരുടെ ക്രിസ്തീയ അനുഭവങ്ങൾ നഷ്ടപ്പെടുത്തുകയും ദൈവവുമായുള്ള ബന്ധം കഷ്ടത്തിലാക്കുകയും നിത്യജീവനെ നഷ്ടപ്പെടുത്തുകയും ചെയ്യും.





# വ്യാജശാസ്ത്രത്തിന്റെ അപകടങ്ങൾ

***അല്ലയോ തിമൊഥെയോസേ, നിന്റെ പക്കൽ ഏല്പിച്ചിരിക്കുന്ന ഉപനിധി കാത്തുകൊണ്ടു ജ്ഞാനം എന്നു വ്യാജമായി പേർ പറയുന്നതിന്റെ ഭക്തിവിരുദ്ധമായ വൃഥാലാപങ്ങളെയും തർക്കസൂത്രങ്ങളെയും ഒഴിഞ്ഞുനില്ക്ക. 1 തിമൊ 6:20.***

ദൈവത്തെക്കുറിച്ച് തെറ്റായ സംഗതികൾ പ്രചരിപ്പിക്കുന്ന ഒരു കൂട്ടം ആളുകൾ ഉണ്ടായിരുന്നു. ഇവരുടെ ചിന്താഗതിയിന്മേൽ വചനത്തിന് ഒന്നും ചെയ്യുവാൻ സാധിച്ചില്ല. ഈ ചിന്താഗതികളിൽ ചിലത് തുറന്ന ജഡിക സ്നേഹതത്വത്തിലേക്ക് ചിലരെ വഴിനടത്തുന്നു എന്ന് എനിക്ക് വെളിപ്പെട്ടു. ദൈവത്തെ സംബന്ധിച്ച് ഊഹാപോഹതത്വങ്ങൾ നല്കി ഈ മനുഷ്യർ ആത്മാക്കളെ വഴിപിഴപ്പിക്കുകയാണെന്ന് എന്നെ കാണിച്ചുതന്നു.

മറ്റുള്ളവരുടെ കാഴ്ചപ്പാടിൽ ഒരിക്കൽ നീതീകരണം പ്രാപിച്ചവർക്ക് പിന്നീട് പാപം ചെയ്യുവാൻ സാധിക്കുകയില്ല എന്ന തത്വം ആത്മീകാഹാരമായി അവർ മറ്റുള്ളവർക്ക് നല്കിയിരുന്നു. അവരുടെ വ്യാജോപദേശങ്ങൾ വശീകരണസ്വാധീനത്താൽ നല്കപ്പെട്ടപ്പോൾ ഇത് അവർക്കും മറ്റുള്ളവർക്കും വളരെ ദോഷം ചെയ്തു. ദോഷങ്ങളാൽ മോടിയായി അലങ്കരിക്കപ്പെട്ട ഈ തത്വങ്ങളെ തിരിച്ചറിയാൻ സാധിക്കാതിരുന്നവരുടെ മേൽ ഇവർ ആത്മീകാധിനിവേശം നേടുകയായിരുന്നു. എല്ലാവരും വിശുദ്ധരാകുന്നു എന്ന സിദ്ധാന്തം വിശുദ്ധരുടെ സ്നേഹം പാപത്തിലേക്ക് വഴിനടത്തുകയില്ല എന്ന വിശ്വാസത്തിലേക്ക് നയിച്ചു. നിർമ്മല ചിന്തയും പ്രവർത്തനവും ഇല്ലാത്ത വിശുദ്ധരെന്ന് പറയപ്പെട്ടവരുടെ ഹൃദയത്തിലെ പാപചിന്തകളുടെയും ആഗ്രഹങ്ങളുടെയും പൂർത്തീകരണമായിരുന്നു ഈ സിദ്ധാന്തത്തിന്റെ അനന്തരഫലം.

"വിശുദ്ധ മാംസം, ആളത്വമില്ലാത്ത ദൈവം പ്രകൃതിയിൽ വെളിപ്പെടുന്നു" എന്നീ സിദ്ധാന്തങ്ങളുടെ ഉപജ്ഞാതാക്കളെ ശാസിക്കുവാനായി ഈ ഒരവസരത്തിൽ മാത്രമേ എന്നെ ചുമതലപ്പെടുത്തുകയുണ്ടായുള്ളൂ.

മനുഷ്യരുടെ ധർമ്മോപദേശത്താൽ ഭാവിയിൽ സത്യം വ്യാജമാക്കപ്പെടും. വഞ്ചനാപരമായ സിദ്ധാന്തങ്ങൾ അപകടമില്ലാത്ത ഉപദേശങ്ങളായി ആവിഷ്ക്കരിക്കപ്പെടും. സ്വർഗ്ഗീയ കോടതിയിൽ സാത്താൻ ഉപയോഗിച്ച മാദ്ധ്യമങ്ങളിൽ ഒന്നാണ് വ്യാജശാസ്ത്രം; അത് ഇന്നും അവനാൽ ഉപയോഗിക്കപ്പെടുകയാണ്.

യഥാർത്ഥമായതിനുവേണ്ടി വ്യാജമായതിനെ സ്വീകരിക്കരുത് എന്ന് ദൈവത്തിന്നായി വേല ചെയ്യുന്നവരോട് ഞാൻ അപേക്ഷിക്കുകയാണ്. ശ്രേഷ്ഠസത്യം ഉൾക്കൊള്ളുന്ന തിരുവെഴുത്തുകൾ നമുക്കുണ്ട്. ഊഹമോ വ്യാജ ഉത്തേജനമോ നമുക്കാവശ്യമില്ല. ആത്മാക്കളെ മാനസാന്തരപ്പെടുത്തുന്നതും ബോധ്യപ്പെടുത്തുന്നതും ആയതും സത്യത്തിന്റെ സ്വർണ്ണധൂപക്കുറ്റിയിൽ യേശുവിന്റെ പഠിപ്പിക്കലുകളിൽ അവതരിപ്പിച്ചതുപോലുള്ളവയും നമുക്കുണ്ട്. യേശു ഈ ലോകത്തിൽ വന്ന് പ്രഘോഷിച്ച സത്യം അവന്റെ ലാളിത്യത്തോടെ അവതരിപ്പിച്ചാൽ ആ ദൂതിന്റെ ശക്തി അനുഭവ ഗോചരമാക്കും. വേദപുസ്തകാടിസ്ഥാനമില്ലാത്ത സിദ്ധാന്തങ്ങളും പരീക്ഷണങ്ങളും ഒരിക്കലും അവതരിപ്പിക്കരുത്.

# സാത്താന്റെ ചതിവുകളിൽ മുഖ്യമായത്

***മറഞ്ഞിരിക്കുന്ന കാര്യങ്ങൾ നമ്മുടെ ദൈവമായ യഹോവക്കുള്ളവയത്രേ; വെളിപ്പെട്ടിരിക്കുന്നവയോ നാം ഈ ന്യായപ്രമാണത്തിന്റെ സകല വചനങ്ങളും അനുസരിച്ചു നടക്കേണ്ടതിനു എന്നേക്കും നമുക്കും നമ്മുടെ മക്കൾക്കും ഉള്ളവയാകുന്നു. ആവർത്തനം 29:29***

ആത്മീകവും ഭൗതികവുമായ കാര്യങ്ങളെക്കുറിച്ചുള്ള മാനുഷിക ജ്ഞാനം ഭാഗികവും അപൂർണ്ണവുമാകുന്നു. ആയതിനാൽ അനേകർക്കും തങ്ങളുടെ ശാസ്ത്രികവീക്ഷണങ്ങളും തിരുവചനപ്രസ്താവനകളും തമ്മിൽ കോർത്തിണക്കുവാൻ സാധിക്കുന്നില്ല. അനേകരും വെറും തത്വങ്ങളും ഊഹങ്ങളും ശാസ്ത്രീയ വസ്തുതയായി അംഗീകരിക്കുന്നു. അവർ ചിന്തിക്കുന്നത് ദൈവവചനത്തെ "ജ്ഞാനമെന്ന് കളവായി പറയുന്ന" (1 തിമൊ. 6:20) പഠിപ്പിക്കലുകളാൽ പരിശോധിക്കപ്പെടണം എന്നാകുന്നു. സ്രഷ്ടാവും അവന്റെ പ്രവർത്തനങ്ങളും അവരുടെ നിരൂപണങ്ങൾക്ക് അതീതമാണ്. അവയെ സ്വാഭാവിക നിയമങ്ങളുടെ അടിസ്ഥാനത്തിൽ വിവരിക്കുക അസാദ്ധ്യമായതിനാൽ, വേദപുസ്തകചരിത്രത്തെ അവിശ്വസനീയമായി അവർ പരിഗണിക്കുകയാകുന്നു. പഴയനിയമ-പുതിയനിയമ എഴുത്തുകളുടെ വിശ്വസനീയതയെ സംശയിക്കുന്നവർ ഒരു പടികൂടെ മുമ്പോട്ടുകടന്ന്, ദൈവത്തിന്റെ അസ്തിത്വത്തെ സംശയിക്കുകയും പ്രകൃതിക്ക് സർവ്വശക്തി കല്പിക്കുകയും ചെയ്യും. അവരുടെ വാദം ഉറപ്പിക്കേണ്ടതിനു വിശ്വാസവഞ്ചന എന്നതിൽ പിടിച്ചുനിൽക്കുകയും. ചെയ്യും.

അങ്ങനെ വിശ്വാസത്തിൽ അനേക പിഴവുകളും അതിന്റെ പ്രവർത്തനത്തിനാവശ്യമായ പ്രേരണയും പിശാശിനാൽ ഉണ്ടാകും. നിഗൂഢതകളെ അന്വേഷച്ച് വെളിപ്പെടുത്തുവാൻ മാനുഷിക തത്വശാസ്ത്രങ്ങൾ ശ്രമിച്ചിട്ടുണ്ട്. അത് അനന്തനാളുകളിൽ വെളിപ്പെടുത്തുക അസാദ്ധ്യമായിരിക്കും. ദൈവത്തെക്കുറിച്ചും തന്റെ ഉദ്ദേശ്യത്തെക്കുറിച്ചും ദൈവം സ്വയം വെളിപ്പെടുത്തിയത് മനുഷ്യർ അന്വേഷിച്ച് കണ്ടെത്തുകയാണെങ്കിൽ യഹോവയുടെ ഭയങ്കരത്വവും മഹത്വവും ശക്തിയും എന്നിവയുടെ കാഴ്ച അവർ പ്രാപിക്കുകയും തങ്ങളുടെ ഒന്നുമില്ലായ്മ അവർ തിരിച്ചറിഞ്ഞ വെളിപ്പെടുത്തപ്പെട്ടവയാൽ അവർ സംതൃപ്തരാവുകയും ചെയ്യും.

ദൈവം വെളിപ്പെടുത്താത്തവയും നാം അറിയണമെന്ന് ദൈവം ആഗ്രഹിക്കാത്തതും ആയ കാര്യങ്ങളെ അന്വേഷിച്ച് സമന്വയിപ്പിക്കുവാൻ മനുഷ്യമനസ്സുകളെ ഉത്തേജിപ്പിക്കുക എന്നതാണ് സാത്താന്റെ വഞ്ചനകളിൽ മുഖ്യമായത്. ഇങ്ങനെയാണ് ലൂസിഫറിന് സ്വർഗ്ഗത്തിൽ സ്ഥാനം നഷ്ടമായത്. ദൈവത്തിന്റെ എല്ലാ ഉദ്ദേശകാര്യങ്ങളുടെയും രഹസ്യങ്ങൾ വെളിപ്പെടുത്താത്തതിനാൽ അവൻ അസന്തുഷ്ടനായിത്തീർന്നു. അവനെ ഭരമേൽപ്പിച്ചിരുന്ന മുഖ്യ വേലയെ സംബന്ധിക്കുന്നത് അവന് വെളിപ്പെടുത്തിക്കൊടുത്തത് മുഴുവനായും അവൻ അവഗണിച്ചു. അവന്റെ അധികാരത്തിൻ കീഴിലായിരുന്ന ദൂതന്മാരിൽ ഈ അസന്തുഷ്ടി ഉണർത്തി അവരുടെ വീഴ്ചക്ക് കാരണമാക്കി. ഇപ്പോൾ മനുഷ്യമനസ്സുകളെ ഇതേ ആവേശത്താൽ പ്രേരിതമാക്കി അവരെയും ദൈവത്തിന്റെ കല്പനയുടെ നേരിട്ടുള്ള അവഗണനയിലേക്ക് നയിക്കുവാനാണ് അവൻ കാംക്ഷിക്കുന്നത്.





# കാലങ്ങളും സമയങ്ങളും

***അവൻ അവരോട്: പിതാവ് തന്റെ സ്വന്ത അധികാരത്തിൽ വെച്ചിട്ടുള്ള കാലങ്ങളെയോ സമയങ്ങളെയോ അറിയുന്നത് നിങ്ങൾക്കുള്ളതല്ല. അപ്പൊ. പ്ര. 1:7***

കാലങ്ങളും സമയങ്ങളും ദൈവം തന്റെ സ്വന്ത അധികാരത്തിൻ കീഴിൽ വെച്ചിട്ടുള്ളവയാകുന്നു. ഈ പരിജ്ഞാനം എന്തുകൊണ്ട് ദൈവം നമുക്ക് ലഭ്യമാക്കിയില്ല. അവൻ അങ്ങനെ ചെയ്തിരുന്നു എങ്കിൽ നാം അത് ശരിയായ രീതിയിൽ ഉപോയഗിക്കില്ലായിരുന്നു എന്നതിനാലാണ്. നമ്മുടെ ആളുകളുടെ ഇടയിൽ ഈ പരിജ്ഞാനത്താൽ കാര്യങ്ങൾ വ്യത്യസ്തമാക്കുമായിരുന്നു. വരുവാനുള്ള ആ ഭയങ്കര ദിവസത്തിൽ നിലനിൽക്കേണ്ട ആളുകളെ ഒരുക്കുവാനുള്ള ദൈവത്തിന്റെ വേല മന്ദീഭവിക്കുമായിരുന്നു. ഒരു നിശ്ചിത സമയത്തിനു വേണ്ടി കാത്തിരിക്കുന്നവനല്ല യേശു. തന്റെ ശിഷ്യരോട് പറഞ്ഞത്, തങ്ങളുടെ നാഥന്റെ ആജ്ഞാനുവർത്തികൾ ആകുവാൻ ശ്രമിക്കുന്നവർ എന്നതുപോലെ ആയിരിക്കണം അവന്റെ അനുഗാമികൾ എന്നാണ്. കർത്താവിന്റെ വരവ് അടുക്കുന്തോറും അവർ ജാഗ്രതയോടെ കാത്തിരുന്ന് പ്രാർത്ഥിച്ച് വേല ചെയ്യണം. ആ സമയം എപ്പോഴാകുമെന്ന് ആർക്കും മുൻകൂട്ടി പറയുവാൻ കഴിയുകയില്ല. എന്തെന്നാൽ യാതൊരു മനുഷ്യനും ആ നാളും നാഴികയും എപ്പോളാകുമെന്ന് അറിയില്ല. അവന്റെ വരവ് ഒന്നോ രണ്ടോ അല്ല അഞ്ച് വർഷങ്ങൾക്കു ശേഷമാകും എന്നോ അല്ല പറഞ്ഞത്. ഇരുപത്തഞ്ച് വർഷങ്ങൾക്കു ശേഷമാകുമെന്നോ നമുക്ക് പറയാൻ കഴിയില്ല. പരിശുദ്ധാത്മ വർഷത്തിന്റെ സമയമോ, ക്രിസ്തുവിന്റെ വരവിന്റെ സമയമൊ നിശ്ചിതമായി അറിയേണ്ടവരല്ല നാം.

പഴയ യെരുശലേമിൽ പോവുകയെന്നത് തങ്ങളുടെ കർത്തവ്യമെന്ന് അന്ധമായി വിശ്വസിക്കുന്നവരെ എനിക്ക് കാണിച്ചുതന്നു. കർത്താവിന്റെ വരവിനു മുമ്പ് അവിടെ അവർക്ക് വേല ചെയ്യുവാനാണ് എന്ന് അവർ കരുതുന്നു. മൂന്നാം ദൂതന്റെ ദൂതിൻ പ്രകാരമുള്ള കർത്താവിന്റെ ഇപ്പോഴത്തെ വേലയിൽനിന്ന് മനസ്സിനെ വ്യതിചലിപ്പിക്കുക എന്ന ലക്ഷ്യമാണ് ഈ കാഴ്ചപ്പാടിനുള്ളത്. യെരുശലേമിൽ എത്തണമെന്ന കാഴ്ചപ്പാടുള്ളവരുടെ മനസ്സ് അവിടെ ആയിരിക്കുകയും അവരെയും മറ്റുള്ളവരെയും യഥാർത്ഥ സത്യം അനുസരിച്ച് പുതിയ യെരുശലേമിൽ എത്തിക്കുവാനുള്ള ദൗത്യത്തിൽനിന്നും അവരുടെ എല്ലാ മുഖാന്തിരങ്ങളെയും വിലക്കുകയും ചെയ്യും. ഇങ്ങനെയുള്ള ഒരു ദൗത്യത്തിനു യാഥാർത്ഥ നമ്മ കൈവരിക്കുവാൻ കഴിയുന്നതല്ല എന്ന് എനിക്കു വെളിപ്പെടുത്തുകയുണ്ടായി. ഇതിലൂടെ ക്രിസ്തുവിന്റെ ഒന്നാം വരവിലുള്ള വിശ്വാസം ചുരുക്കം ചില യഹൂദർക്ക് ഉണ്ടാകേണ്ടതിന് വളരെ നാളുകൾ എടുക്കും; എന്നാൽ അതിലുപരിയായി അനേകർ അവന്റെ രണ്ടാം വരവിൽ വിശ്വസിക്കേണ്ടതാകുന്നു.

# "നോഹയുടെ കാലത്തിലെപ്പോലെ തന്നെ"

***നോഹയുടെ കാലത്തു സംഭവിച്ചതുപോലെ മനുഷ്യപുത്രന്റെ നാളിലും ഉണ്ടാകും. ലൂക്കൊ. 17:26***

നമ്മുടെ ലോകത്ത് നടമാടുന്ന ഭയങ്കര കാര്യങ്ങളുടെ അവസ്ഥ എന്നെ കാണിച്ചുതന്നു. ചിറകുകൾ മടക്കി തിരിച്ചുപോകുവാൻ തയ്യാറായി നിൽക്കുകയാണ് കരുണയുടെ ദൂതൻ. ദൈവകല്പന നിഷ്പ്രഭമാക്കപ്പെട്ടിരിക്കുന്നു. അമ്പരപ്പും സംഭ്രാന്തിയും ദൗർലഭ്യതയും ക്ഷാമവും ഭൂകമ്പങ്ങളും വെള്ളപ്പൊക്കങ്ങളും മനുഷ്യരാൽ നടമാടുന്ന ഭീകരതകളും വൈകാരികതയും കാരണമില്ലാത്ത സ്വാധീനം ചെലുത്തലുമാണ് നാം കാണുന്നത്. സൊദോം ഗോമോറയിലുണ്ടായിരുന്ന ജനത്തെപ്പോലെ വേഗത്തിൽ പാപപങ്കിലമായിക്കൊണ്ടിരിക്കുന്ന ഈ നിവാസികളുടെമേൽ ദൈവകോപം വേഗത്തിൽ അടുത്തുകൊണ്ടിരിക്കുന്നു. അഗ്നിയും പ്രളയവും അനേകായിരങ്ങളുടെ ജീവനും പാവങ്ങളെ അടിച്ചമർത്തി സ്വാർത്ഥതയാൽ സ്വരൂപിച്ച വസ്തുക്കളും നശിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ദൈവം തന്റെ വേല എത്രയും പെട്ടെന്ന് അവസാനിപ്പിച്ച് പാപത്തിന് അറുതി വരുത്തുവാൻ പോവുകയാണ്. അന്ത്യനാളുകളിൽ പ്രാവർത്തികമാക്കുവാൻ പോകുന്ന ലംഘനങ്ങളെക്കുറിച്ചുള്ള ഒരു ദൃശ്യം എന്റെ മുമ്പിൽ തെളിഞ്ഞുവന്നു. ഇത് ദൈവജനം എന്നു പറയുന്നവരുടെ മനസ്സിൽ ആഴമായ സ്വാധീനം ചെലുത്തും.

മനുഷ്യപുത്രൻ വെളിപ്പെടുമ്പോൾ നോഹയുടെ കാലംപോലെ തന്നെയായിരിക്കും. ഭൂമിയിൽനിന്ന് ദൈവം തന്റെ നിയന്ത്രണം മാറ്റുകയാണ്. വളരെ താമസിയാതെ നാശവും മരണവും കുറ്റകൃത്യങ്ങളുടെ ബാഹുല്യവും ദുഷ്ടതയും സാധുക്കളുടെമേൽ തന്നെത്താൻ ഉയർത്തി ധനവാൻമാർക്കെതിരായി അവരുടെ മേൽ പാപപ്രവർത്തനവും ഉണ്ടാകും. ദൈവിക സംരക്ഷണം ഇല്ലാത്തവർക്ക് വേറൊരിടത്തോ സ്ഥാനത്തോ സുരക്ഷ ലഭിക്കുകയില്ല. മാനുഷിക മുഖാന്തിരങ്ങൾ പരിശീലിപ്പിക്കപ്പെടുകയും മുറിപ്പെടുത്താനും കൊല്ലാനുമുള്ള അത്യുഗ്ര യന്ത്രങ്ങളുടെ പ്രവർത്തനങ്ങൾക്കായി അവരുടെ പരീക്ഷണനിരീക്ഷണശക്തി ഉപയുക്തമാക്കുകയും ചെയ്യും.

എന്റെ സഹോദരീ സഹോദരന്മാരേ, എന്റെ ആഹ്വാനം നിങ്ങളെ അറിയിക്കട്ടെ. അനേകരുടെ ജീവിതങ്ങളും വളരെ ലോലവും ഉടഞ്ഞുപോകുന്നതുമാകുന്നു. അവർ അവരെതന്നെ ക്രിസ്ത്യാനികൾ എന്ന് ചിന്തിക്കുന്നു എങ്കിലും യഥാർത്ഥ ക്രിസ്തീയ ജീവിതമൂല്യങ്ങൾ എന്തെന്ന് അവർക്കറിഞ്ഞുകൂടാ. ഒരു ക്രിസ്ത്യാനിയായിരിക്കുക എന്ന് പറഞ്ഞാൽ എന്താണ് അർത്ഥമാക്കുന്നത്? ക്രിസ്തുവിനെപ്പോലെ ആകുക എന്നാകുന്നു അതിനർത്ഥം. അവരോട് താദാത്മ്യം പ്രാപിച്ച് പ്രവർത്തിച്ച് ദൈവവുമായി സഹകരിക്കുക. ശരീരമാകുന്ന ആലയത്തിൽനിന്ന് വിഗ്രഹമെന്ന് ചിന്തിക്കുന്ന എല്ലാത്തിനെയും ഉച്ചാടനം ചെയ്യുക. ഇപ്പോൾ ദൈവത്തിന്റെ സമയമാണ്. അവന്റെ സമയം നിന്റെ സമയമാണ്. അവിശ്വാസത്തെക്കുറിച്ചുള്ള ചിന്തയും സംസാരവും നിരസിച്ചുകൊണ്ട് വിശ്വാസത്തിന്റെ നല്ല പോർ പൊരുതുക. അന്ത്യമുന്നറിയിപ്പിൻ ദൂത് ലോകം ശ്രവിക്കട്ടെ.





# ഒരു മഹാ ഭീതി വേഗത്തിൽ വരുവാനുണ്ട്

***ഞങ്ങൾ ലോകത്തിനു ദൂതന്മാർക്കും മനുഷ്യർക്കും തന്നെ, കൂത്തുകാഴ്ചയായി ത്തീർന്നിരിക്കുന്നു. 1 കൊരി 4:9.***

ഈ ലോകം ഒരു നാടകശാലയാണ്. അഭിനേതാക്കൾ അതിൽ വസിക്കുന്നവർതന്നെ. അന്ത്യമഹാനാടകത്തിലെ അവരുടെ ഭാഗങ്ങൾ അഭിനയിക്കുവാൻ ഒരുങ്ങുകയാണ്. മനുഷ്യർ തങ്ങളുടെ സ്വാർത്ഥതാല്പര്യം നേടുന്നതിനായി ഉണ്ടാക്കുന്ന സഖ്യം ഒഴികെ മാനവരാശിയുടെ മദ്ധ്യേ യാതൊരു ഒരുമയും ഇല്ല. ദൈവം നോക്കിക്കൊണ്ടിരിക്കുകയാണ്. തന്നോട് എതിർത്തുനിൽക്കുന്നവരുടെ കാര്യത്തിലുള്ള അവന്റെ ഉദ്ദേശം പൂർത്തീകരിക്കപ്പെടുകതന്നെ ചെയ്യും. സംശയവും അരാചകത്വവും ഒരു കാലയളവിലേക്ക് ചാഞ്ചാട്ടത്തിനായി ദൈവം അനുവദിക്കുന്നു എന്നിരുന്നാലും ഈ ലോകം മനുഷ്യരുടെ കൈകളിൽ ഏല്പിക്കപ്പെട്ടിട്ടില്ല. ഈ നാടകത്തിലെ പ്രധാനപ്പെട്ട അവസാനഭാഗം തിരശ്ശീലയ്ക്കു വെളിയിൽ കൊണ്ടുവരുവാനായി ഒരു അധോലോക ശക്തി പ്രവർത്തിക്കുന്നുണ്ട്. ഗോപ്യമായ സമൂഹത്തോടു ബന്ധിച്ചിരിക്കുന്ന എല്ലാവരിലും വഞ്ചനാത്മകമായ എല്ലാ അശുദ്ധിയോടും പ്രവർത്തിക്കുന്നതിന് സാത്താൻ യേശുവെന്നപോലെ വരികയാണ്. ഒത്തൊരുമ എന്ന താല്പര്യം ഉള്ളവർ ശത്രുവിന്റെ പദ്ധതികൾക്കായി പ്രവർത്തിക്കുകയാണ്. ഹേതു ഫലത്തെ അനുഗമിക്കുകതന്നെ ചെയ്യും.

ലംഘനം അതിന്റെ പരമോന്നതിയിൽ എത്തിയിരിക്കുകയാണ്. ലോകം സംശയപൂരിതമായിരിക്കുകയും ഉഗ്രഭീതി മനുഷ്യരുടെമേൽ വരുവാൻ പോവുകയുമാണ്. അവസാനം വളരെ അടുത്തെത്തിയിരിക്കുന്നു. ഈ ലോകത്തെ അത്ഭുതപ്പെടുത്തുന്നതും ആശ്ചര്യകരമായി ലോകത്തിൽ വേഗം സംഭവിക്കാൻ പോകുന്നതുമായതിനുവേണ്ടി സത്യം അറിയാവുന്ന നമ്മൾ ഒരുങ്ങുന്നവരാകണം. മയക്കം പിടിച്ചവരെപ്പോലെയാണോ നമ്മൾ? നമ്മുടെ സ്ഥാപനങ്ങളിലുള്ള യുവതീയുവാക്കൾ കർത്താവിന്റെ വരവിന് ഒരുക്കമുള്ളവർ അല്ലെങ്കിൽ, കർത്താവിന്റെ കുടുംബാംഗങ്ങളാകുവാൻ അയോഗ്യരാണെങ്കിൽ കാലസംഭവങ്ങളെ വേർതിരിച്ചു കാണുവാൻ മാത്രം സാധിക്കുന്നവരാകുന്നു എങ്കിൽ എത്രമാത്രം വ്യതിയാനങ്ങൾ അവരിൽ നടമാടണം. അവൻ നയിക്കുന്നിടത്തേക്ക് അവനെ അനുഗമിക്കുവാനും ക്രൂശിനെ ഉയർത്തിക്കൊണ്ട് അവനായി വേലചെയ്യുവാനും തന്റെ കാലടികളെ പിൻതുടരുവാനും നിസ്വാർത്ഥരായ വേലക്കാരെ കർത്താവായ യേശു വിളിക്കുകയാണ്.

കർത്താവിന്റെ നിസ്സാര സേവന പ്രവൃത്തി കാഴ്ചവെക്കുന്നതിനാൽ അനേകരും സംതൃപ്തരാണ്. അവരുടെ ക്രിസ്ത്യാനിത്വം ബലഹീനമാകുന്നു. ക്രിസ്തു പാപികൾക്കായി തന്നെത്തന്നെ സമർപ്പിച്ചു. മനുഷ്യകുലങ്ങൾ പാപത്തിൽ നശിക്കുന്നത് കാണുമ്പോൾ ആത്മാക്കളുടെ രക്ഷയ്ക്കായി എങ്ങനെയുള്ള ആകാംക്ഷയാൽ നാം നിറയപ്പെടണം. അളവറ്റ വിലകൊടുത്ത് വാങ്ങപ്പെട്ട ആത്മാക്കളാണ് അവ. ദൈവപുത്രന്റെ കാൽവരിക്രൂശിലെ മരണമാണ് അവരുടെ വിലയുടെ അളവ്. അവർക്ക് നിത്യജീവനോ, നിത്യമരണമോ ഏത് വേണമെന്ന് ദിനംതോറും അവർതന്നെയാണ് തീരുമാനിക്കുന്നത്.

# യുവത്വവും ലഹരി ഉപയോഗ ലക്ഷണവും

***യൗവ്വനക്കാരാ, നിന്റെ യൗവ്വനത്തിൽ സന്തോഷിക്കുക; യൗവ്വനകാലത്തിൽ നിന്റെ ഹൃദയം ആനന്ദിക്കട്ടെ; നിനക്ക് ഇഷ്ടമുള്ള വഴികളിലും നിനക്ക് ബോധിച്ച വണ്ണവും നടന്നുകൊൾക; എന്നാൽ ഇവയൊക്കെയും നിമിത്തം ദൈവം നിന്നെ ന്യായവിസ്താരത്തിലേക്കു വരുത്തും എന്നറിയുക. സഭാ. 11:9***

സാത്താനാകുന്നു ഈ അഖിലാണ്ഡത്തിലെ ആദ്യത്തെ വിപ്ലവകാരി. അവന്റെ സ്വർഗ്ഗത്തിൽനിന്നുള്ള പുറംതള്ളപ്പെടലിനുശേഷം എല്ലാകാലത്തും താൻതന്നെ ആയിരിക്കുന്നതുപോലെ മാനവകുലത്തിലെ എല്ലാ അംഗങ്ങളെയും ദൈവിക വിശ്വാസത്തിൽനിന്നും വിശ്വാസത്യാഗികളാക്കുവാൻ അവൻ ആഗ്രഹിക്കുന്നുണ്ട്. മനുഷ്യനെ നശിപ്പിക്കുവാൻ അവൻ പദ്ധതിയിട്ടു. നിയമാനുസൃതമല്ലാത്ത ആഗ്രഹാനുവർത്തനത്തിലൂടെ ദൈവത്തിന്റെ കല്പനാലംഘനത്തിലേക്ക് അവരെ നയിച്ചു. അവൻ ആദാമിനെയും ഹവ്വയെയും വിലക്കപ്പെട്ട കനി ആസ്വദിക്കാൻ പ്രേരിപ്പിച്ച് അവരുടെ വീഴ്ചയും തദ്വാര ഏദെനിൽനിന്നുള്ള അവരുടെ നിഷ്കാസനവും നേടിയെടുക്കുകയും ചെയ്തു. ആദാമിന്റെ സ്ഥാനത്ത് ഞാനായിരുന്നു എങ്കിൽ ഈ ചെറിയ പരീക്ഷയിൽ ഞാൻ കല്പന ലംഘിക്കുകയില്ലായിരുന്നു എന്ന് ആർക്കൊക്കെ പറയുവാൻ കഴിയും. എന്നാൽ ഇത്ര പൊങ്ങച്ചം പറയുന്നവർക്ക് തങ്ങളുടെ ലക്ഷ്യത്തിന്റെ ശക്തിയും ശോധനയിലായിരിക്കുന്ന തങ്ങളോടുള്ള വിധേയത്വവും തെളിയിക്കുവാൻ ഇതാ ഒരു സുവർണ്ണ അവസരം നൽകപ്പെട്ടിരിക്കുന്നു. ദൈവത്തിന് പാപമില്ലാത്ത നിന്റെ ജീവിതം ദർശിക്കുവാൻ സാധ്യമാകുമോ?

എല്ലാ വശത്തുനിന്നും പ്രലോഭനത്താൽ യുവജനത്തെ സർവ്വനാശത്തിന്റെ പാതയിലേക്ക് നയിക്കുവാനാണ് സാത്താൻ ശ്രമിക്കുന്നത്. ഒരിക്കൽ അവരുടെ കാലുകൾ ഈ വഴിയിലായാൽ അവരുടെ താഴ്ച അവൻ ത്വരിതപ്പെടുത്തും. അവന്റെ ഇരകളുടെ സുബോധത്തിന്റെ തരുലിമ നഷ്ടപ്പെടുംവരെ ഒരു ചതിയിൽനിന്നും മറ്റൊന്നിലേക്ക് അവരെ നയിച്ചുകൊണ്ടിരിക്കും. അവരുടെ ദൃഷ്ടിയിൽ ദൈവഭയം ഇല്ലാതാകുന്നതുവരെ ഇത് തുടർന്നുകൊണ്ടിരിക്കും. സ്വയ നിയന്ത്രണം അവർ വളരെ കുറച്ചേ പ്രാവർത്തികമാക്കുകയുള്ളൂ. അവർ വീഞ്ഞ്, മദ്യം, പുകയില, കഞ്ചാവ് എന്നിവയുടെ ഉപയോഗത്തിനു അടിമപ്പെടുകയും നാശത്തിന്റെ പടികൾ ഇറങ്ങി കൂടുതൽ ആഴത്തിലേക്ക് പോകുകയും. അവർ ആഗ്രഹങ്ങളുടെ അടിമകളാകുന്നു. ഒരിക്കൽ ആദരിച്ചിരുന്ന ആലോചനകളെ അവർ തള്ളിപ്പറയും. അവർ അഴിമതിയുടെ സേവകർ ആയിരിക്കുമ്പോൾ തന്നെ അഹന്തയുടെ ആത്മാവു ധരിച്ച് സ്വാതന്ത്ര്യത്തെക്കുറിച്ച് വീമ്പടിക്കുകയും ചെയ്യും. അവർ സ്വാർത്ഥതയുടെ അടിമകളായി അധഃപതിച്ച ആഗ്രഹങ്ങളും വ്യഭിചാരവും ആകുന്നു സ്വാതന്ത്ര്യം എന്നു അവർ കരുതുന്നത്.

മാനവകുലത്തെ സാത്താന്റേതാക്കുവാൻ അവൻ ഗൂഢനിശ്ചയം ചെയ്തിരിക്കുകയാണ്. മനുഷ്യരാശിയെ ശത്രുവിന്റെ കയ്യിൽനിന്നും വീണ്ടെടുക്കേണ്ടതിന് വീഴ്ച ഭവിച്ച മനുഷ്യന് നഷ്ടമായ ദൈവിക തേജസ്സ് പുനഃസ്ഥാപിക്കേണ്ടതിനും യേശു അനന്തമായ വില കൊടുത്തു. വീണുപോയ മനുഷ്യൻ ക്രിസ്തുവിലൂടെ പിതാവിനോടടുക്കുകയും മരിച്ച് ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിന്റെ മഹത്വത്താൽ കൃപ പ്രാപിച്ച് പാപത്തെ ജയിക്കുകയും വേണം.





# ജഢിക ശക്തിയുടെ ബാഹ്യപ്രകടനം

***അവർ പത്ഥ്യോപദേശം പൊറുക്കാതെ കർണ്ണരസമാകുമാറ് സ്വന്തമോഹങ്ങൾക്കൊത്തവണ്ണം ഉപദേഷ്ടാക്കന്മാരെ പെരുക്കുകയും സത്യത്തിന് ചെവികൊടുക്കാതെ കെട്ടുകഥകൾ കേൾപ്പാൻ തിരിയുകയും ചെയ്യുന്ന കാലം വരും. 2 തിമൊ. 4:3,4***

മനുഷ്യർ വളരെ വ്യഗ്രതയോടെ തങ്ങൾ തിരഞ്ഞെടുക്കുന്ന കൊടിക്കീഴിൽ അണിനിരന്നുകൊണ്ട് അവിശ്രാന്തം തങ്ങളുടെ നേതാക്കന്മാരുടെ ചലനങ്ങൾ നിരീക്ഷിച്ചുകൊണ്ട് കാത്തിരിക്കുകയാണ്. ഒരു കൂട്ടർ കർത്താവിന്റെ പ്രത്യക്ഷതയ്ക്കായി ജാഗരിച്ച് കാത്തിരിക്കുകയും പ്രവർത്തിക്കുകയും ചെയ്യുമ്പോൾ മറ്റുള്ളവർ ആദ്യവിശ്വാസത്യാഗിയുടെ നേതൃത്വത്തിൻ കീഴിലേക്ക് ശീഘ്രഗതിയിൽ വീണുകൊണ്ടിരിക്കുകയാണ്. മാനുഷികതയിലെ ഒരു ദൈവത്തെയാണ് അവർ കാംക്ഷിക്കുന്നത്. സാത്താൻ അവർ ആഗ്രഹിക്കുന്ന ഒന്നിന്റെ മൂർത്തീഭാവമാകുന്നു. വളരെ ജനസമൂഹം, തങ്ങളുടെ തിരസ്കരണത്താൽ വ്യാമോഹിക്കപ്പെട്ടിരിക്കുകയും അവർ വ്യാജമായതിനെ സ്ഥാപിക്കുകയും മനുഷ്യത്വത്തെ ദൈവമായി പുകഴ്ത്തുകയും ചെയ്യും.

നാം അന്ത്യനാളുകളോട് അടുക്കുന്തോറും ജാതീയ ശക്തികളുടെ ബാഹ്യപ്രകടബാഹുല്യം അനുഭവപ്പെടും. അക്രൈസ്തവ ദൈവങ്ങൾ തങ്ങളുടെ അടയാളത്തിന്റെ ശക്തി വെളിപ്പെടുത്തും. ലോകത്തിലെ നഗരങ്ങളിൽ തങ്ങളെത്തന്നെ പ്രദർശിപ്പിക്കും. ഈ ചിത്രീകരണം അതിന്റെ പൂർണ്ണതയിലേക്ക് എത്തിക്കൊണ്ടിരിക്കുകയാണ്. ദൈവജനത്തിന്റെ പീഢനത്തിന് വിഖ്യാതരായവരുടെ ദുഷ്ടസ്വഭാവവും വശീകരണ സ്വാധീനവും കർത്താവായ യേശുക്രിസ്തു വിവിധ സാദൃശ്യങ്ങളാൽ യോഹന്നാനു പ്രദർശിപ്പിച്ചു. ഭൂലോക ചരിത്രത്തിന്റെ അന്ത്യത്തിലേക്ക് നയിക്കുന്ന ഭയങ്കര അധർമ്മത്തിന്റെ മർമ്മം ശോധന ചെയ്ത് കണ്ടെത്തുവാൻ എല്ലാവർക്കും ജ്ഞാനം ആവശ്യമാണ്. നാം ജീവിക്കുന്ന കാലയളവിലേക്ക് നൽകുവാനായി ദൈവത്തിന്റെ ജനത്തെ വിളിച്ച് അവനൊരു ദൂതു നൽകിയിട്ടുണ്ട്. സമയങ്ങളെയും നിയമങ്ങളെയും മാറ്റുവാൻ ശ്രമിക്കുന്നവന്റെ ദേശീയ ഞായറാഴ്ച നിയമം ശ്രേഷ്ഠ ശക്തിയായി പ്രാബല്യത്തിൽ വരുത്തുന്ന അകൃത്യഹേതുവായ മനുഷ്യന്റെ അകൃത്യവും സൃഷ്ടിയുടെ സ്മാരകമായ വിശുദ്ധ ശബ്ബത്തിനെ അനുസരിച്ച് ദൈവത്തെ മഹത്വപ്പെടുത്തുവാൻ ശക്തമായി ഉറച്ച് നിലകൊള്ളുന്ന ദൈവജനത്തെ പീഡിപ്പിക്കുന്നവന്റെയും ദുഷ്ടത തുറന്നു കാണിക്കുവാനായിട്ടാണ് ദൈവം അവരെ വിളിച്ചിരിക്കുന്നത്.

അന്ത്യകാല കഷ്ടതകൾ നമ്മുടെ മേലുണ്ട്. ജനം അകപ്പെട്ടിരിക്കുന്ന അപകടത്തെക്കുറിച്ച് നമ്മുടെ വേലയിലൂടെ നാം അവർക്ക് മുന്നറിയിപ്പ് കൊടുക്കണം. പ്രവചനം വെളിപ്പെടുത്തിയിരിക്കുന്ന സംഭവങ്ങൾ വെളിവാക്കാതെ വിട്ടുകളയരുത്. നമ്മുടെ ആളുകൾ പകുതിയെങ്കിലും ഉണരുകയും വെളിപ്പാടിൽ ചിത്രീകരിക്കുന്ന സംഭവങ്ങളുടെ നിറവേൽ ഏറ്റവും അടുത്തിരിക്കുന്നുവെന്ന് തിരിച്ചറിയുകയും ചെയ്തിരുന്നുവെങ്കിൽ ഒരു നവോത്ഥാനം നമ്മുടെ സഭയിൽ നടമാടുകയും അനേകർ ഈ ദൂത് വിശ്വസിക്കുകയും ചെയ്യുമായിരുന്നു. നമുക്ക് നഷ്ടമാക്കുവാൻ സമയമില്ല. നഷ്ടപ്പെട്ടുപോകുന്ന ആത്മാക്കളുടെ കണക്ക് നാം ബോധിപ്പിക്കേണ്ടതുള്ളതിനാൽ അവരെ ശ്രദ്ധിക്കുവാനായി ദൈവം നമ്മെ വിളിക്കുകയാണ്.

# പട്ടണങ്ങളിൽ പ്രക്ഷോഭം

***ദുഷ്ടമനുഷ്യരും മായാവികളും വഞ്ചിച്ചും വഞ്ചിക്കപ്പെട്ടുംകൊണ്ടു മേൽക്കുമേൽ ദോഷത്തിൽ മുതിർന്നുവരും. 2 തിമൊ: 3:13***

ദൈവജനം പട്ടണങ്ങളിൽ ഒത്തുകൂടി മട്ടുപ്പാവിലും വാടകമുറികളിലും തിങ്ങിപ്പാർക്കണമെന്നതായിരുന്നില്ല ദൈവത്തിന്റെ ഉദ്ദേശ്യം. ആദിയിൽ ദൈവം നമ്മുടെ ആദി മാതാപിതാക്കളെ ഒരു തോട്ടത്തിൽ പ്രകൃതിരമണീയ കാഴ്ചകളുടെയും മധുരതരമായ ശബ്ദങ്ങളുടെയും മധ്യത്തിൽ ആക്കിയിരുന്നു. ഈ കാഴ്ചകളും ശബ്ദങ്ങളും ഇന്നും മനുഷ്യർ ആസ്വദിക്കണമെന്ന് അവൻ കാംക്ഷിക്കുന്നു. പട്ടണങ്ങൾ കലാപം, കുറ്റകൃത്യങ്ങൾ, കലക്കം എന്നിവയാൽ നിറയപ്പെടുമെന്നും ഈ കാര്യങ്ങൾ ചരിത്രാവസാനത്തോളം പെരുകിവരുമെന്നും എനിക്ക് വെളിപ്പെടുത്തിത്തരികയുണ്ടായി.

നമ്മുടെ ആളുകൾ തങ്ങളുടെ കുടുംബങ്ങളെ പട്ടണങ്ങളിൽ നിന്നും വിജനമായ ഗ്രാമപ്രദേശങ്ങളിലേക്ക് മാറ്റി പാർപ്പിക്കേണ്ട സമയം ഇതാണ്. അല്ലെങ്കിൽ നമ്മുടെ അനേക യുവജനങ്ങളും പ്രായമായവരും ശത്രുവിന്റെ കെണിയിൽ അകപ്പെട്ടുപോകും. "പട്ടണങ്ങൾക്ക് പുറത്തേക്ക്; പട്ടണങ്ങൾക്ക് പുറത്തേക്ക്!" എന്ന ഈ സന്ദേശമാണ് എനിക്ക് കർത്താവ് നൽകിക്കൊണ്ടിരുന്നത്.

തൊഴിലാളി യൂണിയനുകളും സമരങ്ങളും മുഖാന്തിരമായി കൊണ്ടുവരപ്പെടുന്ന കലാപവും പ്രക്ഷോപങ്ങളും പട്ടണങ്ങളെ നിറയ്ക്കുന്നതിനാൽ നമ്മുടെ വേലയെ ഇത് തടസ്സപ്പെടുത്തും. വിവിധങ്ങളായ കരകൗശലവിദ്യയിൽ ഏർപ്പെട്ടിരിക്കുന്നവരെ എല്ലാം ഒരു സംഘടനയുടെ കീഴിൽ കൊണ്ടുവരുവാനാണ് മനുഷ്യർ ശ്രമിക്കുന്നത്. ഇത് ദൈവിക പദ്ധതി അല്ല. ഇത് ഒരു 'ശക്തി'യുടെ പദ്ധതിയാണ്; യാതൊരു കാരണത്താലും നമുക്ക് ഇത് അംഗീകരിക്കുവാൻ കഴിയില്ല. ദൈവത്തിന്റെ വചനം നിറവേറപ്പെടുകയാണ്. ദുഷ്ടന്മാർ കത്തിക്കപ്പെടേണ്ടതിന് തങ്ങളെത്തന്നെ കെട്ടുകളാക്കി രൂപപ്പെടുത്തുകയാണ്.

നമ്മിൽ നിക്ഷിപ്തമായിരിക്കുന്ന എല്ലാ കഴിവുകളും അന്ത്യകൃപാദൂത് ലഭിക്കുന്നതിനായി നാം ഉപയോഗപ്പെടുത്തണം. ഈ വേളയിൽ നമ്മുടെ വ്യക്തിത്വവും നാം നിലനിർത്തണം. നാം ബാഹ്യസമൂഹമായോ, തൊഴിലാളിസംഘടനകളുമായ കൂട്ടുകൂടുവാൻ പാടില്ല. നാം ക്രിസ്തുവിലേക്ക് നോക്കിക്കൊണ്ട് ദൈവത്തിൽ സ്വതന്ത്രരായി നിലകൊള്ളണം,. ഈ ലോകത്തിലെ ദൈവമില്ലാത്ത പട്ടണങ്ങളെല്ലാം വശീകരണ പരമ്പരകളാൽ തുടച്ചുനീക്കപ്പെടുവാൻ പോവുകയാണ്. വൻകെട്ടിടസമുച്ചയങ്ങളും പട്ടണങ്ങളും പ്രകൃതിക്ഷോഭത്താൽ ഇപ്പോൾ നശിക്കുന്നതിലൂടെ അന്ത്യനാളിൽ ഭൂമിക്ക് എന്തുഭവിക്കും എന്ന് നമുക്ക് ദൈവം വെളിപ്പെടുത്തുകയാകുന്നു. അവൻ നമ്മോട് ഇപ്രകാരം അരുളിചെയ്തിരിക്കുന്നു: "അത്തിയെ നോക്കി ഒരു ഉപമ പഠിപ്പിൻ; അതിന്റെ കൊമ്പു ഇളതായി ഇല തളിർക്കുമ്പോൾ വേനൽ അടുത്തുവെന്നു നിങ്ങൾ അറിയുന്നുവല്ലോ. അങ്ങനെ നിങ്ങൾ ഇതൊക്കെയും കാണുമ്പോൾ അവൻ അടുക്കെ, വാതിൽക്കൽ തന്നെ ആയിരിക്കുന്നു എന്നു അറിഞ്ഞുകൊൾവിൻ" മത്തായി 24:32,33.





# വർദ്ധനവിൻമേൽ മുൻവിധി

***സഹോദരന്മാരേ, ലോകം നിങ്ങളെ പകക്കുന്നു എങ്കിൽ ആശ്ചര്യപ്പെടരുത്. നാം മരണം വിട്ട് ജീവനിൽ കടന്നിരിക്കുന്നു എന്ന് സഹോദരന്മാരെ സ്നേഹിക്കുന്നതിനാൽ നമുക്കറിയാം. സ്നേഹിക്കാത്തവൻ മരണത്തിൽ വസിക്കുന്നു 1 യോഹന്നാൻ 3:13,14.***

ക്രിസ്തുവുമായി അടുത്ത ബന്ധം പുലർത്തുന്നവർ വർണ്ണ, ജാതി മുൻവിധികൾക്കുമീതെ ഉയർത്തപ്പെടും. അവന്റെ വിശ്വാസം നിത്യമായ യാഥാർത്ഥ്യങ്ങളിൽ പിടിമുറുക്കും. സത്യത്തിന്റെ സ്വർഗ്ഗീയ രചയിതാവ് ഉയിർത്തപ്പെടേണ്ടിയിരിക്കുന്നു. നമ്മുടെ ഹൃദയങ്ങൾ സ്നേഹത്താൽ പ്രവർത്തിക്കുന്നതും ആത്മാക്കളെ വിശുദ്ധീകരിക്കുന്നതുമായ വിശ്വാസത്താൽ നിറയേണ്ടിയിരിക്കുന്നു. ഉദാഹരണമായി നല്ല ശമര്യാക്കാരന്റെ ചെയ്തികളെയാണ് നാം പിൻതുടരേണ്ടത്.

സത്യം വിശ്വസിക്കുന്ന എല്ലാവരും ക്രിസ്തുവുമായി ഏറ്റവും അടുത്ത് ബന്ധിപ്പിക്കപ്പെട്ടിരിക്കുന്നതിനാൽ അവനിൽ എല്ലാവരും ഒന്നാണ് എന്ന് കരുതാത്തിടത്തോളം കാലം കർത്താവിന്റെ ആഹ്വാനപ്രകാരം വർണ്ണ പ്രശ്നത്തെ സംബന്ധിക്കുന്ന എല്ലാ കാര്യങ്ങളും ക്രമീകരിക്കുക എന്നത് അസാദ്ധ്യമായിരിക്കും. നമ്മുടെ സഭയിലെ വെളുത്തവരും കറുത്തവരുമായ എല്ലാവരും മാനസാന്തരപ്പെടേണ്ടിയിരിക്കുന്നു. ഈ രണ്ടു വിഭാഗത്തിൽ പെടുന്നവരായ ചിലർ വർണ്ണപ്രശ്നം ഉയർന്നുവരുമ്പോൾ അകാരണമായി മാനസാന്തരമില്ലാത്തതും വിശദീകരണമില്ലാത്തതുമായ സ്വഭാവലക്ഷണങ്ങൾ വെളിപ്പെടുത്തും. ക്രിസ്തുവിന്റെ നുകം ഏറ്റ് അവനോട് പഠിക്കായ്കയാൽ അവരിൽനിന്നും കലക്കത്തിന്റെ വിത്തുകൾ എളുപ്പത്തിൽ മുളച്ചുവരികയും അവർ സ്വന്ത അഭിപ്രായത്തിൽ നിലകൊള്ളുന്നവരും നിർബന്ധബുദ്ധിമതികളും ആകുന്നു. അധികാരത്തിനുവേണ്ടി വിശദീകരിക്കപ്പെടാത്ത താല്പര്യങ്ങളോടുകൂടിയ സ്വാർത്ഥ പ്രക്ഷോഭങ്ങളാണ് ഇവയെല്ലാം.

സമയം അടുക്കുന്തോറും വംശീയ വിദ്വേഷങ്ങൾ വർദ്ധിക്കുന്നതിനാൽ അനേക സ്ഥലങ്ങളിലും വെള്ളക്കാർക്ക് കറുത്ത വർഗ്ഗത്തിനുവേണ്ടി വേല ചെയ്ക എന്നത് അസാദ്ധ്യമായി ഭവിക്കും. ചിലപ്പോൾ നമ്മുടെ വേലയോട് താല്പര്യമില്ലാത്ത വെളുത്ത ആളുകൾ അതിനെ എതിർക്കേണ്ടതിന് കറുത്ത ആളുകളുമായി യോജിക്കും. നമ്മുടെ പഠിപ്പിക്കൽ സഭകളെ ഭിന്നിപ്പിക്കുന്നതിനും ശബ്ബത്തനുസരണത്തിൽ പ്രശ്നം സൃഷ്ടിക്കേണ്ടതിനും ആകുന്നു എന്ന് അവർ അവകാശപ്പെടും. വെളുത്ത വർഗ്ഗക്കാരും കറുത്ത വർഗ്ഗക്കാരുമായ ഇടയന്മാർ മനുഷ്യമനസ്സുകളിൽ വൈര്യം ജനിപ്പിക്കുമാറ് തെറ്റായ പ്രസ്താവനകൾ നടത്തുന്നതിനാൽ അവർ നശിപ്പിക്കുവാനും കൊല്ലുവാനും തയ്യാറാകും. കറുത്ത വർഗ്ഗക്കാരുടെ ഇടയിൽ അന്ത്യ കൃപാദൂത് പ്രഘോഷിക്കുന്നതിനെ തടയുവാനായി അവരുടെ ആശയരൂപീകരണ വാസനകളിന്മേൽ അന്ധകാര ശക്തികളാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. വെളുത്തതും കറുത്തതുമായ ആളുകളുടെയിടയിൽ നിലനിൽക്കുന്ന മുൻവിധികൾ സുവിശേഷപ്രവർത്തകർക്കും അദ്ധ്യാപകർക്കും അവഗണിക്കുകയെന്നത് വളരെ ദുഷ്കരമാക്കിത്തീർക്കുവാനാണ് സാത്താൻ പ്രവർത്തിക്കുന്നത്. നമുക്ക് പരിജ്ഞാനത്തിന്റെ പാത പിൻതുടരാം. അനാവശ്യമായി പ്രതിപക്ഷത്തെ ഉണർത്തുന്നതും സുവിശേഷദൂതു പ്രഘോഷണത്തെ തടയുന്നതുമായ യാതൊന്നും നമുക്ക് ചെയ്യാതിരിക്കാം.

# നഗ്നതയ്ക്കു വേണ്ടിയുള്ള മോഹം

***സ്ത്രീയെ മോഹിക്കേണ്ടതിനു അവളെ നോക്കുന്നവനെല്ലാം ഹൃദയംകൊണ്ട് അവളോടു വ്യഭിചാരം ചെയ്തുപോയി. മത്തായി 5:28***

അനേക യുവജനങ്ങളും പുസ്തകതല്പരരാണ്. അവർക്ക് സ്വായത്തമാക്കാനുള്ളതെല്ലാം അവർ വായിക്കും. ഉത്തേജിപ്പിക്കുന്ന പ്രേമകഥകൾക്കും അശ്ലീല ചിത്രങ്ങൾക്കും മലിനമാക്കുവാനുള്ള ഒരു സ്വാധീനമുണ്ട്. നോവലുകളിൽ അനേകരും ആകാംക്ഷയോടെ പ്രേരിപ്പിക്കപ്പെടുകയും തൽഫലമായി അവരുടെ ചിന്താഗതികൾ മലീമസമാവുകയും ചെയ്യുന്നു. കാറുകളിൽ സ്ത്രീകളുടെ നഗ്നചിത്രങ്ങൾ പതിവായി വിൽപനയ്ക്കായി വിതരണം ചെയ്യപ്പെടുന്നുണ്ട്. ഈ വ്യത്യസ്ത ചിത്രങ്ങൾ കൊത്തുപണി ചെയ്യുന്നവരുടെ ഭിത്തികളിൽ പ്രദർശിപ്പിക്കപ്പെട്ടിട്ടുണ്ട്. എല്ലായിടത്തും മലിനീകരണം ഏറിവരുന്ന ഒരു കാലയളവാണിത്. കൺമോഹവും ദുർവികാരങ്ങളും ഉണർത്തപ്പെടുന്നത് പ്രദർശനത്താലും വായനയാലുമാകുന്നു. ഹൃദയം മലിനമാക്കപ്പെടുന്നത് ചിന്താഗതിയാലാണ്. ആഴത്തിലുള്ളതും അടിസ്ഥാനപരവുമായ വികാരത്തെ ഉണർത്തുന്നതായ ദൃശ്യങ്ങൾ ഗഹനമായി അവലോകനം ചെയ്യുമ്പോൾ മനസ്സ് ആനന്ദം കണ്ടെത്തുന്നു. ഈ നിന്ദ്യമായ രൂപങ്ങൾ മലീമസ ഭാവനയിൽ കൂടി ദർശിക്കപ്പെടുമ്പോൾ സന്മാർഗ്ഗികത കളങ്കപ്പെടുകയും മോഹിതരായി വിവേചനാശക്തി നഷ്ടപ്പെട്ട ആളുകൾ കാമവികാരത്തെ അഴിഞ്ഞാടാൻ അനുവദിക്കുകയും ചെയ്യും. അപ്പോൾ പാപവും അക്രമവും പിൻതുടരും. അത് ദൈവത്തിന്റെ സാദൃശ്യത്തിലുള്ള മനുഷ്യരെ മൃഗതുല്യമായ പദവിയിലേക്ക് താഴ്ത്തി അവസാനം നിത്യനാശത്തിലേക്ക് തള്ളിവിടും. ഈ അശുദ്ധ ചിന്തകളുണ്ടാക്കുന്ന കാര്യങ്ങൾ വായിക്കുന്നതും കാണുന്നതും ഒഴിവാക്കുക. സന്മാർഗ്ഗികവും ഭൗതികവുമായ കഴിവുകളെ പരിപോഷിപ്പിക്കുക. കഥാപുസ്തകങ്ങളുടെ അമിതമായ പാരായണത്താൽ ഈ ശ്രേഷ്ഠ കഴിവുകൾ ദുർബ്ബലമാക്കപ്പെടുകയോ, വഴിപിഴച്ചുപോകുവാനോ ഇടവരരുത്.

യുവജനം ദൈവവചനത്തിന്റെ പ്രചോദനം ആസ്വദിക്കുന്നില്ല എങ്കിൽ അവർക്ക് ആരോഗ്യകരമായ ഒരു മനസ്സും ശരിയായ ആത്മീകതത്വങ്ങളും സൂക്ഷിക്കുവാൻ കഴിയില്ല. ഈ പുസ്തകത്തിൽ വളരെ താല്പര്യജനകമായ ചരിത്രം അടങ്ങിയിരിക്കുന്നു. ക്രിസ്തുവിൽക്കൂടിയുള്ള രക്ഷാമാർഗ്ഗം ഇത് ചൂണ്ടിക്കാണിക്കുന്നു. ഉന്നതവും ശ്രേഷ്ഠവുമായ ജീവിതത്തിന്റെ വഴികാട്ടിയും ആണിത്. അവരുടെ ഭാവന ഉദ്വേഗിപ്പിക്കുന്ന കഥയിലെ സാങ്കല്പിക കഥാപാത്രത്താൽ മലിമസമാക്കപ്പെട്ടിട്ടില്ലെങ്കിൽ അവർ വായിച്ചിട്ടുള്ളതിൽവച്ച് ഏറ്റവും നല്ല ഒരു ഗ്രന്ഥം ഇതാണെന്ന് അവർ എല്ലാവരും പറയും. കർത്താവ് രണ്ടാമത് വന്ന് നിങ്ങളുടെ മർത്ത്യശരീരങ്ങളെ മാറ്റി തന്റെ തേജസ്സുള്ള ശരീരത്തോട് അനുരൂപരാക്കിത്തീർക്കുവാനായി നോക്കി പാർത്തിരിക്കുന്നവരാണ് നിങ്ങളെങ്കിൽ പ്രവൃത്തിയുടെ ഉന്നതനിലവാരത്തിലേക്ക് നിങ്ങൾ എത്തിച്ചേരണം. നിങ്ങൾ ഇന്നുവരെയും ചെയ്ത വേലയിൽനിന്നും വ്യത്യസ്തമായി ഒരു ഉന്നതനിലവാരത്തിൽ പ്രവർത്തിക്കുന്നില്ല എങ്കിൽ അമർത്യതയുടെ അവസാന മിനുക്കുപണി ലഭ്യമാക്കുന്ന കൂട്ടത്തിൽ നിങ്ങൾ കാണപ്പെടുകയില്ല.





# സമാധാന വിളംബരക്കാർ

***വരുവിൻ: ഞാൻ പോയി വീഞ്ഞു കൊണ്ടുവരാം; നമുക്ക് മദ്യം കുടിക്കാം; ഇന്നത്തെപ്പോലെ നാളെയും കേമത്തിൽ തന്നെ എന്നു അവർ പറയുന്നു. യെശ. 56:12***

"എന്റെ യജമാനൻ തന്റെ വരവ് താമസിപ്പിക്കുന്നു" എന്ന് ദുഷ്ടദാസൻ തന്റെ ഹൃദയത്തിൽ പറയുന്നു. യേശുക്രിസ്തു വരികയില്ല എന്ന് അവൻ പറയുകയില്ല. അവന്റെ രണ്ടാം വരവ് എന്ന ആശയത്തെ അവൻ ആർത്തിയോടെ സ്വീകരിക്കുകയുമില്ല. പക്ഷെ അവന്റെ നിരൂപണത്തിലും പ്രവൃത്തിയിലും വാക്കിലും കർത്താവിന്റെ വരവ് താമസിക്കുന്നു എന്ന് അവൻ വെളിപ്പെടുത്തും. കർത്താവ് വേഗം വരുന്നു എന്നുള്ള ഉറപ്പിനെ മറ്റുള്ളവരുടെ മനസ്സിൽനിന്ന് അവൻ മായ്ച്ചു കളയും. അവന്റെ സ്വാധീനം അമിത ആത്മവിശ്വാസമുള്ള അശ്രദ്ധമായ കാലവിളംബത്തിലേക്കാണ് മനുഷ്യനെ നയിക്കുക. അവരുടെ മന്ദതയിലും ലൗകികതയിലും അവർ ഉറച്ചുകഴിഞ്ഞു. ലൗകിക വികാരങ്ങളും മലിനമായ ചിന്തകളുമാണ് അവരുടെ മനസ്സിനെ കീഴടക്കുക. ദുഷ്ടദാസൻ മദ്യപാനികളോട് ഒത്ത് തിന്നുകയും കുടിക്കുകയും സുഖാന്വേഷികളുടെ ലോകത്തോട് ഇഴുകിച്ചേരുകയും ചെയ്യും. അവൻ കൂട്ടുദാസൻമാരെ അടിക്കുകയും തങ്ങളുടെ യജമാനനോട് വിശ്വസ്തരായവരെ പഴി പറഞ്ഞ് കുറ്റം വിധിക്കുകയും ചെയ്യും.

ക്രിസ്തുവിന്റെ പുനരാഗമനം വ്യാജ ഉപദേഷ്ടാക്കന്മാരെ സ്തബ്ധരാക്കും. "സമാധാനം എന്നും സുരക്ഷിതം എന്നും അവൻ പറയുന്നു. യെരൂശലേമിന്റെ പതനത്തിനുമുമ്പ് ഭൗമിക ഉയർച്ചക്കും മാനത്തിനുമായി പുരോഹിതന്മാരും ഉപദേഷ്ടാക്കന്മാരും ദൈവാലയത്തെ നോക്കിയതുപോലെതന്നെ അവരും ചെയ്യും. ഇവർ ഇതിന്റെ മേൽ മറയാക്കുന്ന തരത്തിലായിരിക്കും വ്യാഖ്യാനിക്കുക. എന്നാൽ അവർക്കു പെട്ടെന്നു നാശം വന്നുഭവിക്കും" എന്നു വചനം പറയുന്നു.

മനുഷ്യർ കർത്താവിന്റെ വരവിനെ ദൂരെ എറിഞ്ഞിരിക്കുകയാണ്. അവർ മുന്നറിയിപ്പുകളെ പുച്ഛിക്കുകയാണ്. "സകലവും സൃഷ്ടിയുടെ ആരംഭത്തിൽ ഇരുന്നതുപോലെ ആകും". 'ഇന്നത്തെപ്പോലെ നാളെയും കേമത്തിലാകും എന്ന് അവർ അഹങ്കരിച്ച് പറയുന്നു. നാം ആഹ്ലാദ അനുരാഗികളായി ആഴത്തിലേക്ക് ഇറങ്ങിപ്പോകും. പക്ഷെ യേശു പറയുന്നു, "ഇതാ ഞാൻ കള്ളനെപ്പോലെ വരുന്നു." അതേ സമയം ലോകം അവജ്ഞയോടുകൂടി ചോദിക്കുന്നു. "അവന്റെ വരവിന്റെ വാഗ്ദത്തം എവിടെ?" അടയാളങ്ങൾ നിറവേറപ്പെടുകയാണ്. അവർ "സമാധാനം എന്നും നിർഭയം എന്നും പറയുമ്പോൾ ശീഘ്രനാശം വന്നുഭവിക്കുന്നു." പരിഹാസികളും സത്യത്തെ തള്ളിക്കളഞ്ഞവരും അത്യഭിമാനികളാകുകയും തത്വദീക്ഷയില്ലാതെ പണസമ്പാദനത്തിനായി ദിനന്തോറുമുള്ള വേലകൾ ചെയ്യുകയും വിദ്യാർത്ഥികൾ സകലതിനുമാവശ്യമായ അറിവിലേക്കായി ബൈബിളൊഴികെ മറ്റെല്ലായിടങ്ങളിലും തിരിഞ്ഞു ജ്ഞാനം അന്വേഷിക്കുമ്പോൾ യേശു കള്ളൻ എന്നപോലെ വരും.

# ദൃശ്യങ്ങളും ബഹളങ്ങളും ക്രൂരതയും

***ഞാൻ ഒരു നീചകാര്യം എന്റെ കണ്ണിനുമുമ്പിൽ വക്കുകയില്ല; ക്രമം കെട്ടവരുടെ പ്രവൃത്തിയെ ഞാൻ വെറുക്കുന്നു; അത് എന്നോടു ചേർന്നു പറ്റുകയില്ല. വക്രഹൃദയം എന്നോട് അകന്നിരിക്കും; ദുഷ്ടതയെ ഞാൻ അറികയില്ല. സങ്കീ. 101:3,4***

മുൻപോട്ടുള്ള ഓരോ പദത്തിനും പ്രേരണകളെ അതിജീവിക്കുവാനുള്ളവരായ തങ്ങളുടെ കുഞ്ഞുങ്ങളിൽ ആഴമായ താല്പര്യം ഉണ്ടായിരിക്കേണ്ടതിന്റെ ആവശ്യകത ഉണ്ട്. ചീത്ത കൂട്ടുകാരുമായുള്ള ബന്ധം ഒഴിവാക്കുക എന്നത് അവർക്ക് അസാധ്യമായ ഒന്നാണ്. അവർ ദൃശ്യങ്ങൾ കാണുകയും ശബ്ദങ്ങൾ ശ്രവിക്കുകയും അത് അവരെ സ്വാധീനിക്കുകയും അസന്മാർഗ്ഗികതയിലേക്ക് നയിക്കുകയും ചെയ്യും. അവർ ശക്തമായി സംരക്ഷിക്കപ്പെട്ടില്ലെങ്കിൽ അഗോചരമായി, പക്ഷെ നിശ്ചയമായും അവരുടെ മനസ്സ് മലിനപ്പെടുത്തുകയും സ്വഭാവം ദുഷിപ്പിക്കുകയും ചെയ്യും.

ചില മാതാപിതാക്കൾ ഇതിൽനിന്ന് വ്യത്യസ്തരും അശ്രദ്ധരുമാണ്. അവരുടെ കുട്ടികൾ പള്ളിവക സ്കൂളിലാണോ പൊതു പാഠശാലയിലാണോ പഠിക്കുന്നത്? ഇത് ഒരു വ്യത്യാസവും വരുത്തുകയില്ല എന്നാണവർ ചിന്തിക്കുന്നത്. നാം ഈ ലോകത്താണ് ജീവിക്കുന്നത്. അതിൽനിന്ന് ഒഴിഞ്ഞുമാറുവാൻ കഴിയുകയില്ലെന്നാണ് അവർ പറയുന്നത്. പക്ഷെ മാതാപിതാക്കളേ, നാം അപ്രകാരം ഒരു തിരഞ്ഞെടുപ്പ് നടത്തുകയാണെങ്കിൽ ഈ ലോകത്ത് നല്ലൊരു മാർഗ്ഗം നമുക്ക് ലഭ്യമാക്കുവാൻ കഴിയും. ഈ അന്ത്യനാളുകളിൽ വളരെ വേഗത്തിൽ ഗുണീഭവിക്കുന്ന അനേക ദുഷ്ടതകളെ കാണുന്നത് നമുക്ക് ഒഴിവാക്കാൻ കഴിയും. ചുറുചുറുക്കുള്ള കുട്ടികളുടെയും യുവജനങ്ങളുടെയും മനസ്സിൽ സാങ്കല്പിക വെളിപാടിനായി പ്രദർശിപ്പിക്കപ്പെട്ട കാഴ്ചകൾ ഭാവിയിലെ യാഥാർത്ഥ്യങ്ങളാണ്. നിയമത്തിന്റെയും സ്വയനിയന്ത്രണത്തിന്റെയും അതിർവരമ്പുകൾ തകർക്കുന്ന സായുധ വിപ്ലവങ്ങൾ പ്രവചിക്കപ്പെട്ടിരിക്കുകയും അവയുടെ മുന്നേറ്റ രീതികളെല്ലാം വിവരിക്കപ്പെട്ടിരിക്കയാലും അനേകരും അവയുടെ പ്രതിനിധാനങ്ങളുടെ വീര്യം ഉൾക്കൊള്ളുകയും ചെയ്യും. കഴിയുമെങ്കിൽ ഈ വൈകാരിക എഴുത്തുകാരുടെ ചിത്രീകരണത്തെക്കാൾ ഉപരിയായി അതിനെക്കാൾ വളരെ ക്രൂരമായ പൈശാചിക കർമ്മപദ്ധതിയിലേക്ക് അവരെ കൊണ്ടുപോകും. ഇങ്ങനെയുള്ള സ്വാധീനം മുഖാന്തിരം ഈ സമൂഹം ധാർമ്മിക അധഃപതനം ഏറ്റുവാങ്ങും. നിയമരാഹിത്യത്തിന്റെ വിത്തുകൾ പരക്കെ വിതക്കപ്പെടും. ക്രൂരകൃത്യങ്ങളുടെ ഫലശേഖരമായിരിക്കും ഇതിന്റെ ഫലമെന്ന് ആരും പറയേണ്ട ആവശ്യമില്ല. എനിക്ക് യാതൊരു ഉപയോഗവുമില്ലാത്തതും മറ്റുള്ളവരുടെ സേവക്ക് അയോഗ്യമാക്കുകയും ചെയ്യുന്ന യാതൊന്നും ഞാൻ വായിക്കുകയില്ലെന്ന് ഒരു ദൃഢ പ്രതിജ്ഞ എടുക്കുക. ദൈവിക സേവനത്തിന് യോഗ്യതയുളവാക്കുന്നതിലേക്ക് എന്റെ സമയവും ചിന്തനവും ഞാൻ സമർപ്പിക്കും. ഗൗരവകരമല്ലാത്തതും പാപം നിറഞ്ഞതുമായ കാര്യങ്ങൾക്കെതിരെ ഞാൻ എന്റെ കണ്ണുകൾ അടച്ചുകളയും. എന്റെ ചെവികൾ ദൈവത്തിന്റേതാകയാൽ ശത്രുവിന്റെ മൃദുല പ്രബോധനങ്ങളെ ഞാൻ ശ്രദ്ധിക്കുകയില്ല. എന്റെ ശബ്ദം ദൈവത്തിന്റെ പരിശുദ്ധാത്മാവിന്റെ സ്വാധീനത്തിനെതിരെ ഉയരുകയില്ല. എന്റെ ശരീരം ദൈവത്തിന്റെ ആലയമാകുന്നു. എന്റെ എല്ലാ ശക്തികളും വിലയേറിയതിനായി ഞാൻ ഉഴിഞ്ഞുവക്കും.





# പ്രേതാത്മവാദവും പരിണാമവും

***നിന്റെ ദൈവമായ കർത്താവിനെ നീ പൂർണ്ണഹൃദയത്തോടും പൂർണ്ണ ആത്മാവോടും പൂർണ്ണശക്തിയോടും പൂർണ്ണമനസ്സോടും കൂടെ സ്നേഹിക്കണം എന്നും കൂട്ടുകാരനെ നിന്നെപ്പോലെതന്നെ സ്നേഹിക്കണം എന്നുംതന്നെ എന്നുത്തരം പറഞ്ഞു.***

***ലൂക്കൊ : 10:27***

യുവജനങ്ങൾ ലോകത്തിലേക്കിറങ്ങി പാപം ചെയ്യുവാനുള്ള അതിന്റെ പ്രേരണയെ അഭിമുഖീകരിക്കുമ്പോൾ ധനസമ്പാദനത്തിനുള്ള ആവേശവും വിനോദവും അതിലെ ഇഴുകിച്ചേരലുകളും പ്രദർശനം, ധൂർത്ത്, അമിതവ്യയം, കുറുക്കുവഴികൾ, വഞ്ചന, പിടിച്ചുപറി, നാശം ഇവയെ അഭിമുഖീകരിക്കുവാൻ എന്തെല്ലാം അഭ്യാസങ്ങളാണ് ലഭ്യമാക്കേണ്ടത്?

മനുഷ്യർ വീഴ്ച ഭവിക്കാത്ത അർദ്ധദേവന്മാരാണെന്ന് പ്രേതാത്മവാദം ഊന്നിപ്പറയുന്നു. ഓരോ മനസ്സും സ്വയം ന്യായം വിധിക്കും. എല്ലാ നിയമത്തിനും മീതെ യഥാർത്ഥ പരിജ്ഞാനം മനുഷ്യനിൽ എത്തിക്കും. എല്ലാം അനിഷ്കളങ്കമാണ്. എന്തുതന്നെയായിരുന്നാലും അത് ഉത്തമവും ദൈവം ശിക്ഷിക്കാത്തതും ആകുന്നു. മാനവരാശിയുടെ പ്രാരംഭം തന്നെ സ്വർഗ്ഗത്തിലേതുപോലെ പ്രതിനിധീകരിക്കപ്പെടുകയും അവരുടെ അത്യുന്നത പദവിയിലേക്ക് അത് ഉയർത്തപ്പെടുകയും ചെയ്യുന്നുണ്ട്. അത് എല്ലാ മനുഷ്യരോടും ഉദ്ഘോഷിക്കുന്നത് ഇങ്ങനെയാണ്. നിങ്ങളുടെ പ്രവൃത്തി എന്തുതന്നെയായാലും അത് പ്രശ്നമല്ല. നിന്റെ ഇഷ്ടംപോലെ നീ ജീവിച്ചുകൊള്ളുക. സ്വർഗ്ഗം നിന്റെ ഭവനമാണ്. ഇങ്ങനെ ഇച്ഛയാണ് ഏറ്റവും വലിയ നിയമമെന്നും സ്വാതന്ത്ര്യമാണ് ഇതിനുള്ള ലൈസൻസ് എന്നും മനുഷ്യൻ തന്നോടുതന്നെയാണ് കണക്ക് ബോധിപ്പിക്കുന്നത് എന്നുമുള്ള വിശ്വാസത്തിലേക്കാകുന്നു സമൂഹത്തെ ഇത് നയിക്കുന്നത്.

ജീവിതത്തിന്റെ എല്ലാ തുറകളിലും ഇങ്ങനെയുള്ള പഠിപ്പിക്കലുകൾ നല്കപ്പെടുമ്പോൾ ഉത്തേജനം ഏറ്റവും ഉന്നതവും സ്വയ നിയന്ത്രണവും വിശുദ്ധിയും ഏറ്റവും അത്യാവശ്യമായിരിക്കുകയും ചെയ്യുമ്പോൾ സന്മാർഗ്ഗികതയുടെ സംരക്ഷണം എവിടെയാണ്? ലോകം വീണ്ടും ഒരു സൊദോമായി മാറുന്നതിനെ തടയാൻ വേറെ എന്തുണ്ട്?

അതേ സമയത്ത് അരാജകത്വം സന്മാർഗ്ഗികവും മാനുഷികവുമായ എല്ലാ നിയമങ്ങളെയും തുടച്ചുമാറ്റുവാൻ കാംക്ഷിക്കുകയാണ്. ധനത്തിന്റെയും അധികാരത്തിന്റെയും കേന്ദ്രീകരിക്കൽ, അനേകരുടെ ചിലവിൽ ചിലരെ തീറ്റിപ്പോറ്റേണ്ടതിനുള്ള ബൃഹത്സംഘടനകൾ, ഇവരുടെ താല്പര്യസംരക്ഷണത്തിനുവേണ്ടി ദരിദ്രസമൂഹങ്ങളുടെ കൂട്ടായ്മകൾ ഇവയെല്ലാം അവകാശപ്പെടുന്നത് ഫ്രഞ്ചു വിപ്ലവത്തിലേക്ക് നയിച്ചതായ അതേ ആശയങ്ങളുടെ ലോകവ്യാപകമായ പ്രചരിപ്പിക്കലുകൾ ആകുന്നു. ഫ്രാൻസിനെ പിടിച്ചുകുലുക്കിയ അതേ പ്രതിസന്ധിയിൽ മുഴുലോകത്തെയും ഉൾപ്പെടുത്താനായിട്ടാണ് എല്ലാം ശ്രമിക്കുന്നത്. ഇന്ന് യുവജനങ്ങൾ അഭിമുഖീകരിക്കേണ്ട സ്വാധീനങ്ങൾ ഇവയൊക്കെയാണ്. ഇങ്ങനെയുള്ള സാമൂഹിക വിപ്ലവങ്ങളുടെ മധ്യേ യുവജനങ്ങൾ നില്ക്കേണ്ടതിന് അവരുടെ സ്വഭാവരൂപീകരണത്തിന് അടിസ്ഥാനം ഇടേണ്ടിയിരിക്കുന്നു. സ്വഭാവരൂപീകരണത്തിന് എല്ലായിടത്തും എക്കാലവുമുള്ള യഥാർത്ഥ അടിസ്ഥാനവും മാതൃകയും ഒന്നുതന്നെയായിരിക്കുന്നു. “നിന്റെ ദൈവമായ കർത്താവിനെ നീ പൂർണ്ണഹൃദയത്തോടും പൂർണ്ണ ആത്മാവോടും പൂർണ്ണശക്തിയോടും പൂർണ്ണമനസ്സോടുംകൂടെ സ്നേഹിക്കണം എന്നും കൂട്ടുകാരനെ നിന്നെപ്പോലെ തന്നെ സ്നേഹിക്കണം” (ലൂക്കൊ 10:27) എന്നുള്ള ദൈവകല്പന നമ്മുടെ രക്ഷകന്റെ ജീവിതത്തിലും സ്വഭാവത്തിലും വിളങ്ങിയതായ ആ വലിയ തത്വം മാത്രമാണ് സുരക്ഷിതമായ അടിസ്ഥാനവും സുരക്ഷിതമായ വഴികാട്ടിയും.

# മനുഷ്യനിർമ്മിത പരീക്ഷകളെ സൂക്ഷിക്കുക

***ആകാത്ത വേലക്കാരെ സൂക്ഷിപ്പിൻ; വിച്ഛേദനക്കാരെ സൂക്ഷിപ്പിൻ. നാമല്ലോ പരിച്ഛേദനക്കാർ; ദൈവത്തിന്റെ ആത്മാവുകൊണ്ട് ആരാധിക്കുകയും ക്രിസ്തുയേശുവിൽ പ്രശംസിക്കുകയും ജഡത്തിൽ ആശ്രയിക്കാതിരിക്കുകയും ചെയ്യുന്ന നാം തന്നെ. ഫിലിപ്പി. 3 : 2–3.***

ദൈവാത്മസ്പർശനം തങ്ങളുടെ ഹൃദയത്തിൽ ലഭിക്കേണ്ട ആളുകൾ ഉണ്ട്. അപ്പോൾ ഈ അന്ത്യനാളുകളിലേക്കുള്ള ദൂത് തങ്ങൾക്ക് ഒരു ബാദ്ധ്യതയായിത്തീരും. അവർ നൂതനവും വ്യത്യസ്തവുമായ മാനുഷിക പരിശോധനകളെ അന്വേഷിക്കുകയില്ല. കല്പനകളിലെ നാലാം കല്പനയായ ശബ്ബത്ത് ആയിരിക്കും ഈ നാളുകളിലേക്കുള്ള പരിശോധന. ദൈവത്തിന്റെ കല്പന മിക്കവാറും സാർവ്വത്രികമായി പ്രാബല്യത്തിലാക്കും. ഇതായിരിക്കും ഈ നാളുകളിലെ സത്യത്തിന്റെ പരിശോധന. ഈ അടയാളം മുഖാന്തിരം ദൈവത്തെ ആരാധിക്കുന്നവരെ വേർതിരിച്ചു കാണിക്കുവാനുള്ള സമയം സമീപിക്കുകയാണ്. സ്വർഗ്ഗവുമായുള്ള അവരുടെ ബന്ധത്തിന്റെ ഈ അടയാളത്താൽ ദൈവത്തിന്റെ ദാസന്മാരാണ് അവരെന്ന് അറിയപ്പെടും. പക്ഷേ മനുഷ്യനിർമ്മിതമായ എല്ലാ പരിശോധനകളും മനുഷ്യമനസ്സുകളെ ശ്രേഷ്ഠവും പ്രധാനവുമായ ഉപദേശങ്ങളാൽ പൂരിതമായ ഏതൽക്കാല സത്യത്തിൽനിന്നും വ്യതിചലിപ്പിക്കും.

അതികർക്കശക്കാർ, ഇടുങ്ങിയ ചിന്താഗതിക്കാർ, കുറ്റം കണ്ടുപിടിക്കാൻ താല്പര്യമുള്ളവർ, ക്ഷമയില്ലാത്തവർ, സത്യമെന്താണ് അർത്ഥമക്കുന്നത് എന്നതിനെക്കുറിച്ചുള്ള തങ്ങളുടെ അറിവിൽ മുറുകെപ്പിടിക്കുന്നവർ എന്നു തുടങ്ങിയ ആളുകളെ നമ്മുടെയിടയിലേക്ക് കൊണ്ടുവരിക എന്നതാണ് സാത്താന്റെ ആഗ്രഹവും പദ്ധതിയും. അവർ യാഥാസ്തിതികരും തീവ്രസേവനം അടിച്ചേൽപ്പിക്കുവാൻ കാംക്ഷിക്കുന്നവരുമായിരിക്കും. അവർ അപ്രധാന കാര്യങ്ങളിൽ വളരെ ദൂരം പോകുന്നവരായിരിക്കും. എന്നാൽ ദൈവകല്പനയിലെ ഘനമേറിയ ന്യായവിധി, കൃപ, ദൈവസ്നേഹം എന്നീ പ്രധാനവിഷയങ്ങളെ അവഗണിക്കുകയും ചെയ്യും. ഈ ഗണത്തിൽപ്പെട്ട ചുരുക്കം ചിലരുടെ പ്രവർത്തനത്തിലൂടെ മുഴു ശബ്ബത്തനുസാരികളും സങ്കുചിത മനഃസ്ഥിതിയും അസഹിഷ്ണുതയും ഉള്ളവരും അകാരണ മമതയും ഭ്രാന്തുള്ളവരുമാണെന്ന് വരുത്തിത്തീർക്കും.

പ്രവൃത്തിപരിചയമുള്ളവർക്ക് ചെയ്യുവാനായി ഒരു പ്രത്യേക ജോലി ദൈവത്തിനുണ്ട്. അവർ ദൈവിക കാര്യങ്ങളെ സംരക്ഷിക്കേണ്ടിയിരിക്കുന്നു. ദൈവവേല എന്നത് തങ്ങളുടെ പദവിയാണെന്നും തങ്ങളുടെ സ്വാതന്ത്ര്യനിരുപണങ്ങൾക്കനുസരിച്ച് വ്യതിചലിക്കാമെന്നും തങ്ങൾക്കിഷ്ടമുള്ള ഏന്തും പ്രസംഗിക്കാമെന്നും തങ്ങളുടെ സേവനത്തിനും മാർഗ്ഗനിർദ്ദേശങ്ങൾക്കും ആരോടും കടപ്പെട്ടിരിക്കുന്നില്ല എന്നും തോന്നുന്ന ആളുകൾക്ക് ഈ വേല ഭരമേൽപ്പിക്കപ്പെടുന്നില്ല എന്നത് അവർ ഉറപ്പാക്കണം. സ്വയം പര്യാപ്തതയുടെ ആത്മാവ് നമ്മുടെയിടയിൽ വാഴുവാൻ ഇടയായാൽ യാതൊരു ഏകീകൃത വേലയും കൂട്ടായ്മയുടെ താല്പര്യവും വേലയുടെ സുരക്ഷിതത്വവും ഈ കാര്യത്തിനു ആരോഗ്യകരമായ വളർച്ചയും ഉണ്ടാവുകയില്ല. ക്രിസ്തുവും പിതാവും ഒന്നായിരിക്കുന്നതുപോലെ അവന്റെ അനുഗാമികളും ഒന്നായിത്തീരണമെന്ന് ക്രിസ്തുവും പ്രാർത്ഥിച്ചു. ഈ പ്രാർത്ഥനയ്ക്ക് ഉത്തരം ലഭിക്കണമെന്ന് കാംക്ഷിക്കുന്നവർ വിഭാഗീയതയുടെ ഒരു ലാഞ്ചനയെപ്പോലും നിരുത്സാഹപ്പെടുത്തുകയും ഒത്തൊരുമയും സഹോദരസ്നേഹവും പാലിക്കാൻ ശ്രമിക്കുകയും വേണം.





# സൗഖ്യമാക്കൽ പിശാചിൽ നിന്നുമാകാം

***നിർമ്മദരായിരിപ്പിൻ; ഉണർന്നിരിപ്പിൻ; നിങ്ങളുടെ പ്രതിയോഗിയായ പിശാച് അലറുന്ന സിംഹം എന്നപോലെ ആരെ വിഴുങ്ങേണ്ടു എന്ന് തിരഞ്ഞു ചുറ്റിനടക്കുന്നു. 1 പത്രൊ. 5:8.***

ഇപ്പോൾ സാത്താന്റെ തന്ത്രങ്ങൾ അത്യന്തം പെരുകിയിരിക്കുകയാൽ സത്യത്തിന്റെ പാതയിൽ നിന്നും വ്യതിചലിക്കുന്നവർക്ക് തങ്ങളുടെ ചുറ്റുപാടുകളുടെ ആപേക്ഷികസ്ഥിതി നഷ്ടമായിപ്പോകും. അന്യ ഉപദേശക്കാറ്റുകളാൽ അടിക്കപ്പെട്ട് അവർക്ക് പിടിച്ചുനില്ക്കുവാൻ ഒരത്താണിയും ഇല്ലാതിരിക്കയാൽ ഒരു പ്രലോഭനത്തിൽനിന്നും മറ്റൊന്നിലേക്ക് അവർ വഴുതി വീഴും. സാത്താൻ അമിത ബലത്തോടെ ഇറങ്ങിവന്നിരിക്കുകയാണ്. അവന്റെ അത്ഭുതങ്ങളാൽ അനേകർ വീണുപോകും.

ഭാവിയിൽ അതീവ ജാഗ്രത അനിവാര്യമായിരിക്കുന്നു എന്ന് അറിയിക്കുവാൻ എന്നോട് നിർദ്ദേശിച്ചിരിക്കുന്നു. ആത്മീക പാപ്പരത്വം ദൈവമക്കളുടെ ഇടയിൽ ഉണ്ടാകുവാൻ പാടില്ല. മനുഷ്യമനസ്സുകളുടെ നിയന്ത്രണം കാംക്ഷിച്ചു കൊണ്ട് ജഢികാത്മാക്കൾ അശ്രാന്തം പ്രയത്നിച്ചുകൊണ്ടിരിക്കുകയാണ്. അന്ത്യാഗ്നിയാൽ ദഹിപ്പിക്കേണ്ടതിന് മനുഷ്യരെ കൂട്ടം കൂട്ടമായി ഒരുക്കിക്കൊണ്ടിരിക്കുകയാണ്. ക്രിസ്തുവിനെയും അവന്റെ വിശുദ്ധിയെയും തള്ളിക്കളയുന്നവർ ലോകത്തെ മൂടിക്കൊണ്ടിരിക്കുന്ന ഈ കുതർക്കപ്രയോഗത്തെ അംഗീകരിക്കും. ക്രിസ്ത്യാനികൾ സമചിത്തതയോടും ജാഗ്രതയോടുംകൂടി അവരുടെ ശത്രുവായി അലറുന്ന സിംഹം എന്നപോലെ ആരെ വിഴുങ്ങേണ്ടു എന്നറിഞ്ഞ് ചുറ്റിനടക്കുന്ന സാത്താനെ സ്ഥിരതയോടെ ചെറുത്ത് നില്ക്കണം. പൈശാചിക ശക്തിയുടെ സ്വാധീനതയിൽ മനുഷ്യർ അതിശയങ്ങൾ പ്രവർത്തിക്കും.

നാം വഞ്ചിതരാകരുത്. ആസന്ന ഭാവിയിൽ സാത്താനുമായി അടുത്ത ബന്ധമുള്ള ഭയങ്കര ദൃശ്യങ്ങൾ വെളിപ്പെടും. സാത്താൻ അത്ഭുതം പ്രവർത്തിക്കുമെന്ന് ദൈവവചനം വെളിപ്പെടുത്തുന്നു. സാത്താൻ മനുഷ്യരെ രോഗികളാക്കുകയും പെട്ടെന്ന് പൈശാചികശക്തി അവരിൽനിന്ന് മാറ്റുകയും ചെയ്യും. രോഗശാന്തിയായി അവർ അതിനെ കണക്കാക്കും. ഈ അത്ഭുത ശുശ്രൂഷ ഏഴാം ദിന പുനരാഗമനകാംക്ഷികളെ പരിശോധനയിൽ വീഴ്ത്തും.

ആരിൽക്കൂടി രോഗസൗഖ്യം നല്കപ്പെട്ടു. ആരെ അതിന് ഉപയോഗിച്ചു, ഈ വെളിപ്പെടുത്തലുകൾ ആര് നൽകി എന്നിരുന്നാലും ഇത് ദൈവകല്പനയുടെ ലംഘനത്തിന് ഒരു കാരണമല്ല. എത്ര വലിയ അത്ഭുതം പ്രവർത്തിക്കുവാനുള്ള ശക്തി അവർക്കുണ്ടായിരുന്നാലും അവർ കല്പന അനുസരിക്കുന്നില്ലെങ്കിൽ അത് ദൈവീക ശക്തിയല്ല. നേരെമറിച്ച് അത് വഞ്ചകനായ സാത്താന്റെ അത്ഭുതം പ്രവർത്തിക്കുവാനുള്ള ശക്തിയാകുന്നു. അവൻ സന്മാർഗ്ഗിക കല്പനകളുടെ ലംഘകൻ ആയിരിക്കെ അതിന്റെ അന്തസത്തക്കെതിരെ മനുഷ്യമനസ്സുകളെ കുരുടാക്കുവാൻ അവൻ എല്ലാ ഉപാധികളും ഉപയോഗിക്കും. അന്ത്യകാലത്ത് അവൻ അത്ഭുതങ്ങളാലും അടയാളങ്ങളാലും ഉപായം പ്രവർത്തിക്കുമെന്ന് നമുക്ക് മുന്നറിയിപ്പ് ലഭിച്ചിട്ടുണ്ട്. കൃപയുടെ വാതിൽ അടയുന്നതുവരെ അവൻ അടയാളങ്ങളും അത്ഭുതങ്ങളും പ്രവർത്തിച്ച് താൻ വെളിച്ചദൂതനാണെന്ന് കാണിക്കുവാൻ ഇതിനെ ഉപയോഗിക്കും.

# അക്രമാസക്തമായ ഭൂമി

***ആറാം മുദ്ര പൊട്ടിച്ചപ്പോൾ വലിയൊരു ഭൂകമ്പം ഉണ്ടായി. വെളി 6:12***

കർത്താവായ യേശുക്രിസ്തുവിന്റെ വരവ് എപ്രകാരമായിരിക്കുമെന്നും അവന്റെ വരവ് സമീപിക്കുംതോറും അത് എപ്പോൾ ആകുമെന്നു മനുഷ്യർ തിരിച്ചറിയേണ്ടതിനുള്ള അടയാളങ്ങളും പ്രവചനം മുൻകൂട്ടി പ്രസ്താവിക്കുന്നുണ്ട്. രണ്ടാംവരവിന് മുന്നോടിയായി സംഭവിക്കേണ്ട അടയാളങ്ങളിൽ ആദ്യത്തേത് വെളിപ്പാടുകാരൻ വിവരിക്കുന്നത് ഇപ്രകാരമാണ്: വലിയൊരു ഭൂകമ്പം ഉണ്ടായി. സൂര്യൻ കരിമ്പടംപോലെ കറുത്തു. ചന്ദ്രൻ മുഴുവനും രക്തതുല്യമായിത്തീർന്നു."

പത്തൊൻപതാം നൂറ്റാണ്ടിന്റെ ആരംഭത്തിനു മുൻപുതന്നെ ഈ അടയാളങ്ങൾ വെളിവാക്കപ്പെട്ടു. ഈ പ്രവചന നിറവേറലായി 1755-ൽ ഒരിക്കലും രേഖപ്പെടുത്തിയിട്ടില്ലാത്തവണ്ണമുള്ള ഭയങ്ക ഭൂകമ്പം ഉണ്ടായി. ഇതിനെ ലിസ്ബൺ ഭൂകമ്പം എന്നു പറയുന്നു എങ്കിലും യൂറോപ്പിന്റെ സിംഹഭാഗങ്ങളിലും ആഫ്രിക്ക, അമേരിക്ക എന്നിവിടങ്ങളിലും ഇത് അനുഭവപ്പെട്ടു. ഇത് ഗ്രീൻലാന്റ്, വെസ്റ്റിൻഡീസ് മെഡിര ദ്വീപ്, നോർവെ, സ്വീഡൻ, ഇംഗ്ലണ്ട്, അയർലന്റ് എന്നിവിടങ്ങളിലും അനുഭവപ്പെട്ടു. പത്തുലക്ഷം ചതുരശ്ര മൈൽ ചുറ്റളവിൽ ഇതിന്റെ പ്രഹരം അനുഭവപ്പെട്ടു. യൂറോപ്പിലെപ്പോലെതന്നെ ഇതിന്റെ തീവ്രത ആഫ്രിക്കയിലും അനുഭവപ്പെട്ടു. അൾജീരിയയുടെ ഭൂരിഭാഗവും നശിപ്പിക്കപ്പെടുകയും മെറോക്കൊയിൽനിന്ന് കുറച്ചുദൂരം മാത്രമുള്ളതും പതിനായിരം പേർ വസിച്ചിരുന്നതുമായ ഒരു ഗ്രാമം അപ്പാടെ വിഴുങ്ങപ്പെട്ടു. വൻതിര സ്പെയിനിന്റെയും ആഫ്രിക്കയുടെയും തീരങ്ങളിൽ ആഞ്ഞടിക്കുകയും പട്ടണങ്ങളെ വിഴുങ്ങുകയും വൻനാശം വിതക്കുകയും ചെയ്തു.

ഭൂകമ്പത്തിന്റെ ഭയങ്കര തീവ്രത വെളിപ്പെട്ടത് സ്പെയിനിലും പോർച്ചുഗലിലും ആയിരുന്നു. "പോർച്ചുഗലിലെ പ്രധാന പർവ്വതങ്ങളിൽ ചിലത് അടിത്തറ തൊട്ട് തീവ്രമായി ചലിക്കപ്പെട്ടു. — "പള്ളികളും ആരാധനാലയങ്ങളും ആളുകളെക്കൊണ്ട് നിറഞ്ഞിരുന്നതായ ഒരു അവധി ദിവസത്തിൽ ഭൂകമ്പം ഉണ്ടായതിനാൽ വളരെ കുറച്ചാളുകൾ മാത്രമേ രക്ഷപ്പെട്ടിരുന്നുള്ളൂ." — മാരകമായ ആ ദിനത്തിൽ 90,000 ആളുകൾ മരണപ്പെട്ടു എന്നാണ് കണക്കാക്കിയിരുന്നത്.

ഭൂകമ്പം, ചുഴലിക്കാറ്റ്, പ്രളയം, അഗ്നി എന്നിവയാൽ ജീവനും സ്വത്തിനുമുണ്ടാകുന്ന നാശനഷ്ടങ്ങളെക്കുറിച്ച് പതിവായി നാം ശ്രവിക്കാറുണ്ട്. പ്രകൃതിശക്തികളുടെ അനിയന്ത്രിതവും അതിരുകവിയുന്നതുമായ തീവ്രതയുടെ ബഹിർഗമനമാണ് ഈ അത്യാഹിതങ്ങൾ. ഇവയെ മാനുഷിക ശക്തികൾക്ക് നിയന്ത്രിക്കാനാകാത്തതുമാണ്. എങ്കിൽ തന്നെയും ഇവയിലെല്ലാം ദൈവിക ഉദ്ദേശം നമുക്ക് കാണുവാൻ കഴിയും. ഇവയെല്ലാം സ്ത്രീ പുരുഷന്മാരെ തങ്ങൾക്ക് വരുവാൻ പോകുന്ന ആപത്തിനെക്കുറിച്ച് ഉണർത്തിക്കുവാനുള്ള മുഖാന്തിരങ്ങൾ മാത്രമാണ്.





# ആകാശത്തിലെ അടയാളങ്ങൾ

***യഹോവയുടെ വലുതും ഭയങ്കരവുമായുള്ള ദിവസം വരുംമുമ്പെ സൂര്യൻ ഇരുളായും ചന്ദ്രൻ രക്തമായും മാറിപ്പോകും. യോവേൽ 2:31.***

ഒലിവുമലയിൽ വച്ച് ശിഷ്യന്മാരോടുള്ള രക്ഷകന്റെ സംഭാഷണത്തിൽ ദീർഘകാലസഭയ്ക്കുണ്ടാകുവാൻ പോകുന്ന പീഡനം വിവരിക്കുകയുണ്ടായി. 1260 വർഷക്കാലത്തെ പാപ്പാത്വ പീഡനങ്ങളെക്കുറിച്ച് അവന്റെ വാഗ്ദത്തം ഈ കഷ്ട നാളുകൾ ചുരുങ്ങും എന്നതാണ്. ഇങ്ങനെ അവന്റെ വരവിന് മുന്നോടിയായി സംഭവിക്കേണ്ട ചില സംഭവങ്ങളെക്കുറിച്ച് പരാമർശിക്കുകയുണ്ടായി. ഇതിൽ ആദ്യം സംഭവിക്കേണ്ട കാര്യത്തിന്റെ സമയവും നിശ്ചയിച്ചു. "ആ കാലത്തിലെ കഷ്ടം കഴിഞ്ഞശേഷം സൂര്യൻ ഇരുണ്ടുപോകും; ചന്ദ്രൻ പ്രകാശം കൊടുക്കാതിരിക്കും." 1260 ദിവസം അല്ലെങ്കിൽ വർഷം, 1798-ൽ അവസാനിച്ചു. ഈ നൂറ്റാണ്ടിനു 25 വർഷം മുൻപ് പീഡനം നിർത്തലാക്കപ്പെട്ടു. ക്രിസ്തുവിന്റെ വാക്കനുസരിച്ച് ഈ പീഡനത്തിനുശേഷം സൂര്യൻ ഇരുണ്ടുപോകണമായിരുന്നു. 1780 മേയ് 19-ാം തിയ്യതി ഈ പ്രവചനം പൂർത്തീകരിക്കപ്പെട്ടു.

1780 മേയ് 19-ലെ അന്ധകാരദിനം - എല്ലാം ഒന്നിച്ചല്ല എങ്കിൽതന്നെയും മുഴുവനായും, ദുർഗ്രഹമായി വിവരണാതീതമായ ഇത്തരത്തിലുള്ള സംഭവവികാസം നിലകൊള്ളുന്നു. പുതിയ ഇംഗ്ലണ്ടിൽ വിലയിരുത്താനാകാത്തവണ്ണം ആകാശവും ഭൂമിയും അന്ധകാരപൂരിതമായിത്തീർന്നു.

പകൽക്കാല അന്ധകാരം കഴിഞ്ഞ് സന്ധ്യക്ക് ഒന്നോ, രണ്ടോ മണിക്കൂർ മുമ്പ് ഭാഗികമായി തെളിഞ്ഞ ആകാശത്ത് സൂര്യൻ പ്രത്യക്ഷമായി. അത് അപ്പോഴും അന്ധകാരം നിറഞ്ഞതായി കാണപ്പെട്ടു. "സൂര്യാസ്തമനത്തിനു ശേഷം വീണ്ടും ആകാശം മേഘാവൃതമായി, പെട്ടെന്ന് അതിന്റെ ഇരുട്ട് കൂടിവന്നു." "പൂർണ്ണ ചന്ദ്രദിനമായിട്ടുകൂടി, രാത്രി അസാധാരണമായ അന്ധകാരപൂർണ്ണമായിത്തീരുകയും, ആ പകലിനെക്കാൾ ഭയപ്പെടുത്തുന്നതുമായിരുന്നു. കൃത്രിമപ്രകാശത്തിന്റെ അഭാവത്തിൽ യാതൊന്നും ദൃശ്യമായിരുന്നതുമില്ല".

ഈ സംഭവത്തിന്റെ ദൃക്സാക്ഷിവിവരണം, ഇതിന് 2500 വർഷങ്ങൾക്കു മുമ്പ് പ്രവാചകനായ യോവേൽ രേഖപ്പെടുത്തിയിരിക്കുന്നതുപോലെ ദൈവവചനത്തിന്റെ പൂർത്തീകരണമാണ്. "യഹോവയുടെ വലുതും ഭയങ്കരവുമായ ദിവസം വരുംമുമ്പെ സൂര്യൻ ഇരുളായും ചന്ദ്രൻ രക്തമായും മാറിപ്പോകും."

ദൈവജനം അവന്റെ വരവിന്റെ അടയാളങ്ങൾ നിരീക്ഷിക്കുകയും അവന്റെ പ്രത്യക്ഷത ഓർത്തു സന്തോഷിക്കുകയും വേണമെന്ന് യേശു തന്റെ ജനത്തോട് ആജ്ഞാപിച്ചിരിക്കുകയാണ്.

# ആകാശത്തുനിന്നു നക്ഷത്രങ്ങൾ വീണു

***നക്ഷത്രങ്ങൾ ആകാശത്തുനിന്നു വീഴും; ആകാശത്തിലെ ശക്തികൾ ഇളകിപ്പോകും. മത്തായി 24:29.***

രക്ഷകന്റെ രണ്ടാം വരവിന്റെ അവസാന അടയാളമായി ക്രിസ്തു വാഗ്ദത്തം ചെയ്തതാണ് 1833-ൽ പ്രത്യക്ഷമായ ലക്ഷണം. "നക്ഷത്രങ്ങൾ ആകാശത്തുനിന്നു വീഴും എന്ന് യേശു പറഞ്ഞു. ദൈവത്തിന്റെ ദിവസത്തിന് മുന്നോടിയായി സംഭവിക്കേണ്ട ദൃശ്യങ്ങൾ യോഹന്നാൻ ദർശനത്തിൽ കണ്ടത് വെളിപ്പാടിൽ വിവരിക്കുന്നത് ഇപ്രകാരമാണ്: "അത്തിവൃക്ഷം പെരുങ്കാറ്റുകൊണ്ട് കുലുങ്ങിയിട്ട് കായി ഉതിർക്കുന്നതുപോലെ ആകാശത്തിലെ നക്ഷത്രങ്ങൾ ഭൂമിയിൽ വീണു." 1833 മേയ് 13-ലെ ഭയങ്കരമായ ഉൽക്കകളുടെ വീഴ്ച ഈ പ്രവചനത്തിന്റെ അത്യത്ഭുതകരമായ നിറവേറലാണ് കാണിക്കുന്നത്. രേഖപ്പെടുത്തപ്പെട്ടവയിൽ ഏറ്റവും ദൈർഘ്യമേറിയതും ഭയങ്കരവുമായ നക്ഷത്രവീഴ്ച ഇതായിരുന്നു. "അമേരിക്ക മുഴുവനായും അതിന്റെ ആകാശത്ത് പൂർണ്ണമായും മണിക്കൂറുകളോളം ഈ ജ്വലിക്കുന്ന പ്രവാഹമായിരുന്നു. ഈ രാജ്യത്ത് ആദ്യ അധിവാസത്തിനുശേഷം ഇത്ര ദിവ്യമായ ഒരു പ്രതിഭാസം ഉണ്ടായിട്ടില്ല. സമൂഹം ഒന്നായി ഇതിനെ തീക്ഷ്ണതയോടും ആസ്വാദനത്തോടും എന്നാൽ ഭയത്തോടും വിറയലോടുംകൂടെ നോക്കിക്കണ്ടു. ഇതിന്റെ ശ്രേഷ്ഠവും ഭയങ്കരവുമായ സൗന്ദര്യം അനേക മനസ്സുകളിലും ഇന്നും അലയടിക്കുന്നുണ്ട്. കിഴക്കുപടിഞ്ഞാറ്, തെക്കുവടക്ക്, ഒരുപോലെ വീണ ഈ ഉൽക്കവർഷംപോലെ ശക്തിയായി മഴ ഒരിക്കലും പെയ്തിട്ടില്ല. ഒറ്റവാക്കിൽ പറഞ്ഞാൽ മുഴു ആകാശവും ചലിക്കുന്നതായി കാണപ്പെട്ടു. ഈ കാഴ്ച പ്രൊഫസർ സണ്ണിമാന്റെ ജേർണലിൽ വിവരിക്കുന്നത്, "നോർത്ത് അമേരിക്ക മുഴുവനായും ഇത് ദൃശ്യമായിരുന്നു,. രണ്ടുമണി തൊട്ട് പ്രഭാതംവരെ ഈ ജ്വലിക്കുന്ന ഉൽക്കകളുടെ പ്രകമ്പനം മുഴു ആകാശത്തെയും ത്രസിപ്പിച്ചു എന്നാണ്."

ഇങ്ങനെ അവന്റെ വരവിന്റെ അടയാളങ്ങളിൽ അവസാനമായി പറഞ്ഞിരിക്കുന്നത് പ്രദർശിപ്പിച്ച് യേശു തന്റെ മക്കളോട് ആജ്ഞാപിച്ചിരിക്കുന്നത്, "നിങ്ങൾ ഇതെല്ലാം കാണുമ്പോൾ സമയം അടുത്തിരിക്കുന്നു, അവൻ വാതിക്കൽ ആയിരിക്കുന്നു എന്നറിഞ്ഞുകൊൾവിൻ" എന്നാകുന്നു. ഈ അടയാളങ്ങൾക്കുശേഷം യോഹന്നാൻ ഇത് ഉദ്ഘോഷിക്കുന്നത് ഇപ്രകാരമാണ്: ഈ ഭയങ്കര സംഭവത്തിനുശേഷം പുസ്തകച്ചുരുൾ ചുരുട്ടുന്നതുപോലെ ആകാശം മാറിപ്പോയി, ഭൂമി കുലുങ്ങി, എല്ലാ മലയും ദ്വീപുകളും സ്വസ്ഥാനത്തുനിന്ന് ഇളകിപ്പോയി, എല്ലാ അധർമ്മികളും ഭയന്ന് മനുഷ്യപുത്രന്റെ സന്നിധിയിൽ നിന്ന് ഓടിയൊളിക്കുവാൻ ആഗ്രഹിക്കും.

ക്രിസ്തുവിന്റെ വരവിന്റെ ദിവസമോ സമയമോ വ്യക്തമാക്കപ്പെട്ടിട്ടില്ല. മനുഷ്യപുത്രന്റെ രണ്ടാം വരവിന്റെ കൃത്യസമയം ദൈവത്തിന്റെ ഒരു മർമ്മമാകുന്നു.





# ഒട്ടോമൻ സാമ്രാജ്യം പ്രവചനത്തിൽ

***യൂഫ്രാത്തേസ് എന്ന മഹാനദീതീരത്ത് ബന്ധിച്ചിരിക്കുന്ന നാലു ദൂതന്മാരെയും അഴിച്ചുവിടുക എന്നു പറയുന്നത് ഞാൻ കേട്ടു. ഉടനെ മനുഷ്യരിൽ മൂന്നിലൊന്നിനെ കൊല്ലുവാൻ ഇന്ന ആണ്ട്, മാസം, ദിവസം നാഴികയ്ക്ക് ഒരുങ്ങിയിരുന്ന നാലു ദൂതന്മാരെയും അഴിച്ചുവിട്ടു. വെളി 9 : 14,15***

ലോകരാജ്യങ്ങളുടെ ചരിത്രം ഒന്നിനുപിറകെ ഒന്നായി അവർക്ക് അനുവദിക്കപ്പെട്ട സമയവും സ്ഥലവും കരസ്ഥമാക്കുകയുണ്ടായി. തങ്ങൾക്കുതന്നെ ഗ്രാഹ്യമല്ലാതിരുന്ന സത്യത്തെ അബോധപൂർവ്വം അവർ സാക്ഷീകരിച്ചത് നമ്മോടു സംസാരിക്കുന്നു. ദൈവം തന്റെ ബൃഹത് പദ്ധതിയിൽ ഓരോ രാജ്യത്തിനും ഓരോ പൗരനും ഒരു സ്ഥാനം കൽപിച്ചിട്ടുണ്ട്. തെറ്റു ചെയ്യാത്തവന്റെ കരത്തിലുള്ള തൂക്കുകട്ടകൊണ്ട് അവൻ ഓരോ വ്യക്തിയെയും രാജ്യത്തെയും അളന്നുനോക്കുന്നു. എല്ലാവരും തങ്ങളുടെ തിരഞ്ഞെടുപ്പുകളാൽ ഭാവി നിശ്ചയിച്ചിരിക്കുന്നു. ദൈവോദ്ദേശം പൂർത്തീകരിക്കുന്നതിലേക്കായി ദൈവം സകലതും അനുവദിക്കുന്നു.

ചരിത്രത്തിന്റെ ഏടുകൾ നാം മറിച്ചുനോക്കുകയാണെങ്കിൽ ഇന്നുവരേക്കും പ്രവചിക്കപ്പെട്ടതായ പ്രവചനങ്ങളൊക്കെയും നിവൃത്തിയായതായി അറിയുവാൻ കഴിയും. നിവർത്തിക്കപ്പെടുവാനുള്ളവ അവയുടെ ക്രമത്തിൽ നിറവേറപ്പെടുമെന്ന ഉറപ്പ് നമുക്ക് ലഭ്യമാകും. സാർവ്വത്രിക താല്പര്യം ഉണർത്തുന്ന ഒരു പ്രവചനത്തിന്റെ നിറവേറൽ 1840-ൽ സംഭവിക്കുകയുണ്ടായി. രണ്ടാം വരവിനെക്കുറിച്ച് പ്രസംഗിച്ചുകൊണ്ടിരുന്ന ജോസിയ ലിച്ച് എന്ന മുൻനിരക്കാരനായ പ്രസംഗകൻ രണ്ട് വർഷംമുമ്പ് വെളിപ്പാട് 9-ാം അദ്ധ്യായത്തിന്റെ ഒരു വെളിപ്പെടുത്തൽ പ്രസിദ്ധീകരിക്കുകയുണ്ടായി. അതിൽ ഒട്ടോമൻ സാമ്രാജ്യത്തിന്റെ പതനം മുൻകൂട്ടി പറഞ്ഞിരുന്നു. അദ്ദേഹത്തിന്റെ കണക്കനുസരിച്ച് 1840, ഓഗസ്റ്റിൽ ഈ ശക്തി തുടച്ചുമാറ്റപ്പെടണമായിരുന്നു. ഇതിന്റെ പൂർത്തീകരണത്തിനും ചില ദിവസങ്ങൾക്കു മുമ്പ് അദ്ദേഹം എഴുതി, "തുർക്കികളുടെ അനുവാദത്തോടെ 'ഡീക്കോസ്' സിംഹാസനാരൂഢനാകുന്നതിനുമുമ്പ്, അനുവദിക്കപ്പെട്ട ആദ്യപകുതിയായ, 150 വർഷം പൂർത്തീകരിക്കപ്പെട്ടു. അതായത് അനുവദനീയമായിരുന്ന 391 വർഷം 15 ദിവസം ആദ്യഘട്ടത്തിന്റെ അവസാനത്തിൽ എത്തുകയും, 1840 ഓഗസ്റ്റ് മാസം 11-ാം തിയ്യതി അതിന്റെ കാലാവധി തീരുകയും ചെയ്യും. അന്ന് കോൺസ്റ്റാന്റിനോപ്പിളിൽ ഒട്ടോമൻ ശക്തി ശിഥിലീകരിക്കപ്പെടും. ഇത് തൂത്തെറിയപ്പെടുമെന്ന് ഞാൻ വിശ്വസിക്കുന്നു."

ഈ നിശ്ചിത കാലയളവിൽ തുർക്കി തങ്ങളുടെ സ്ഥാനാപതികൾ മുഖേന ഐക്യയൂറോപ്യൻ രാജ്യങ്ങളുടെ മേൽക്കോയ്മ അംഗീകരിക്കുകയും ക്രിസ്തീയരാജ്യങ്ങളുടെ അധികാരത്തിൻകീഴിൽ തന്നെത്തന്നെ കീഴ്പ്പെടുത്തുകയും ചെയ്തു. ഈ സംഭവം പ്രവചനത്തിന്റെ പരിപൂർണ്ണ നിറവേറലായിരുന്നു. പുനരാഗമനപ്രസ്ഥാനത്തിന് ഇത് വളരെ ഉത്തേജനകരമായിത്തീർന്നു.

# സാന്മാർഗ്ഗികതകളുടെ അധഃപതിച്ച അവസ്ഥ

***ദുർനടപ്പും യാതൊരശുദ്ധിയും അത്യാഗ്രഹവും നിങ്ങളുടെ ഇടയിൽ പേർ പറയുക പോലും അരുത്; അങ്ങനെയാകുന്നു വിശുദ്ധന്മാർക്കു ഉചിതം. എഫെ. 5:3***

അധഃപതിച്ച ചിന്തകളുടെയും ധാർമ്മികതയുടെയും അവസ്ഥയെ കാണിക്കുന്ന ഭയാനകമായ ഒരു സാധാരണത്വം ഈ കാലയളവിലെ സംസാരത്തിലുണ്ട്. അന്തസുറ്റ സ്വഭാവം വളരെ ദുർലഭമാണ്. യഥാർത്ഥ അച്ചടക്കവും കരുതിവയ്ക്കലും അപൂർവ്വമായി കാണപ്പെടുന്നു. എന്നിരുന്നാലും വിശുദ്ധരും കളങ്കപ്പെടാത്തവരുമായ ചിലരുണ്ട്.

ദുഃശ്ചിന്ത അകത്ത് കടന്ന് അത് ശീലമായി മാറുകയും ആത്മാവ് പീഡിപ്പിക്കപ്പെട്ട് ദുഷിക്കപ്പെടുകയും ചെയ്യുന്നു. ഒരിക്കൽ ഒരു തെറ്റു ചെയ്താൽ അതിനെ മായിച്ചുകളയാൻ യേശുവിന്റെ രക്തത്താൽ മാത്രമേ സാധിക്കുകയുള്ളു. ശീലങ്ങൾ ദൃഢതീരുമാനത്താൽ തിരുത്തപ്പെടുവാൻ കഴിഞ്ഞില്ലെങ്കിൽ ആത്മാവ് ദുഷിക്കപ്പെടുകയും അതിൽനിന്ന് ബഹിർഗമിക്കുന്ന ദുഷിച്ച ഉറവ മറ്റുള്ളവരെ ദുഷിപ്പിക്കുകയും ചെയ്യും.

പരീക്ഷകളെ ക്ഷണിച്ചുവരുത്തുന്ന സ്ത്രീപുരുഷന്മാരുണ്ട്. ദുഷിച്ച സമൂഹത്തിൽ അവർ തങ്ങളെത്തന്നെ ഉൾപ്പെടുത്തുമ്പോൾ, അവർ പരീക്ഷിക്കപ്പെടുന്നിടത്ത് അവരെ പ്രതിഷ്ഠിക്കുകയാണ്. എല്ലാ സമയത്തും ഏതു സാഹചര്യത്തിലും ജാഗ്രത പാലിച്ച് മുന്നേറുകയും പ്രചോദനത്തിന് വശംവദനായി നടക്കാതിരിക്കുകയും ചെയ്യുന്നതാണ് പാപത്തിൽനിന്നും വ്യതിചലിക്കാനുള്ള സുരക്ഷിതമാർഗ്ഗം. ദൈവഭയം ഉൾക്കൊണ്ടുകൊണ്ട് മുന്നേറിയാൽ നീ നിശ്ചയമായും നന്മപ്രവൃത്തി ചെയ്യും.

യുവാക്കളും പ്രായമായവരും സന്മാർഗ്ഗികാധഃപതനത്തിലേക്ക് വീഴുന്നത് ദിനംപ്രതി വർദ്ധിച്ചുവരികയാണ്. സ്വഭാവരൂപീകരണം എന്ന് നാം വിളിക്കുന്ന സന്മാർഗ്ഗികാധഃപതനം അതിന്റെ പ്രവൃത്തിക്കായി വേണ്ടുവോളം ഇടം കണ്ടെത്തുന്നുണ്ട്. ക്രിസ്ത്യാനികൾ എന്നഭിമാനിക്കുന്ന സ്ത്രീപുരുഷന്മാരും യുവാക്കളും ഇതിനായി വിനിയോഗിക്കുന്ന സ്വാധീനം ലളിതവും വൈകാരികവും പൈശാചികവുമാണ്.

സത്യം മനസ്സിലാക്കിയവർ, തങ്ങളുടെ വിശ്വാസത്തിനനുസൃതമായ പ്രവർത്തനങ്ങൾ കാഴ്ചവെക്കുന്നില്ലെങ്കിൽ അവർ സാത്താന്റെ പരീക്ഷകൾക്ക് വശംവദരാകുകയാണ്. അവർ മുന്നേറുന്ന ഓരോ ചുവടിലും അപകടങ്ങൾ അഭിമുഖീകരിക്കും. അവർ പൈശാചിക സംസർഗ്ഗത്തിൽ കൊണ്ടുവരപ്പെട്ടിട്ട് (അവരുടെ കീഴടക്കപ്പെടാത്ത വൈകാരികതയെ ഉണർത്തുന്ന) കാഴ്ചകൾ കാണുകയും സ്വരങ്ങൾ ശ്രവിക്കുകയും ചെയ്യുന്നു. അവർ ദൃഢചിത്തരല്ലാത്തതിനാൽ നന്മയെക്കാളേറെ തിന്മ തിരഞ്ഞെടുക്കുന്ന സ്വാധീനവലയത്തിൽ ആയിത്തീരും.

യുവതീയുവാക്കളെ ആത്മീകസത്യസന്ധതയിലേക്കും കറ, കളങ്കം, മാലിന്യം ഏതുമില്ലാതെ അവരെ ശുദ്ധീകരിക്കേണ്ടതിന് അവരെ ഒരുക്കുവാൻ ആവശ്യമായിരിക്കുന്ന അത്രയും പരിശീലനം മറ്റൊന്നിനും ആവശ്യമില്ല.





# മതഭ്രാന്തും അന്യഭാഷാസംസാരവും

***പ്രവാചകന്മാരുടെ ആത്മാക്കൾ പ്രവാചകന്മാർക്കു കീഴടങ്ങിയിരിക്കുന്നു. ദൈവം കലക്കത്തിന്റെ ദൈവമല്ല, സമാധാനത്തിന്റെ ദൈവമത്രേ. 1 കൊരി. 14 : 32, 33.***

ഒരു വിഭാഗം ശബ്ബത്തനുസാരികളെ അമിതമായ മതഭ്രാന്ത് നിയന്ത്രിച്ചിരുന്നു. അവർ സത്യത്തിന്റെ ഉറവയിൽ നിന്നും അല്പമായി പാനം ചെയ്തു എങ്കിലും മൂന്നാം ദൂതന്റെ ദൂതിനോട് താദാത്മ്യം പ്രാപിക്കാത്തവരാണ്. ഇവരുടെ തീവ്രമതഭ്രാന്ത് തിരുത്തിയില്ലെങ്കിൽ ഈ വിഭാഗത്തിനുവേണ്ടി ഒന്നും ചെയ്യുവാൻ സാധിക്കുകയില്ല.

കർത്താവ് സഭയ്ക്ക് നൽകിയ വരങ്ങളാണെന്നു പറഞ്ഞ് ചില വ്യക്തികൾ, മനുഷ്യർക്കോ കർത്താവിനോ മുഴുസ്വർഗ്ഗത്തിനോ അജ്ഞാതമായ നിരർത്ഥക ഭാഷണം നടത്തുന്നുണ്ട്. ഇങ്ങനെയുള്ള ഈ ദാനങ്ങൾ മഹാചതിയന്റെ സഹായത്താൽ സ്ത്രീപുരുഷന്മാർ നിർമ്മിക്കുന്നതാണ്. മതഭ്രാന്ത്, വ്യാജ ഇളക്കം, തെറ്റായ ഭാഷാമന്ത്രണം, ശബ്ദമാനമായ ചെയ്തികൾ ഇവയെല്ലാം ദൈവം സഭയ്ക്ക് നൽകിയ ദാനങ്ങളാണെന്നാണ് അനേകരും കരുതുന്നത്. ഇവിടെയാണ് നാം വഞ്ചിക്കപ്പെട്ടിരിക്കുന്നത്. ഇവയുടെ ഫലങ്ങളെല്ലാം നന്നല്ല.

അച്ചടക്കത്തിനും പദ്ധതിക്കും ഘടനയ്ക്കും കീഴടങ്ങാത്ത അനേകം അനുസരണമില്ലാത്ത ആത്മാക്കളുണ്ട്. തങ്ങളുടെ സ്വാതന്ത്ര്യങ്ങൾ പരിമിതപ്പെടുത്തപ്പെട്ട് അവരുടെ കണക്കുകൂട്ടലുകൾ മാറ്റിവെച്ച് അനുഭവത്തിന് അനുയോജ്യമായ നിഗമനങ്ങൾക്ക് കീഴ്പ്പെടണമെന്നാണ് അവർ ചിന്തിക്കുന്നത്. അവരുടെ കൂട്ടായ്മകളിൽനിന്ന് വീണ്ടുവിചാരമില്ലായ്മയെയും യഥാവിധിയല്ലാത്ത മതഭ്രാന്തിന്റെ ആത്മാവിനെയും പുറംതള്ളി ഘടനകൾക്ക് കീഴ്പ്പെടുവാൻ കഴിഞ്ഞില്ലെങ്കിൽ ദൈവവേല അവരുടെയിടയിൽ മുന്നേറുകയില്ല. ഒരു വ്യക്തിയെ ദൈവം നയിക്കുന്നു എന്നതിന്റെ വ്യക്തമായ തെളിവ് മനസ്സിന്റെ മതിപ്പോ തോന്നലുകളോ അല്ല. ഒരു വ്യക്തി സംശയിക്കപ്പെടുന്നില്ലെങ്കിൽ പിശാച് മതിപ്പും തോന്നലുകളും നൽകും. ഇവ സുരക്ഷിത മാനദണ്ഡങ്ങളല്ല. എല്ലാവരും നമ്മുടെ വിശ്വാസത്തിന്റെ അടിസ്ഥാനത്തോട് ഇഴുകിച്ചേർന്നിരിക്കുകയും ദൈവമഹത്വത്തിനായി എങ്ങനെ ഫലം കായ്ക്കാനും, തങ്ങളുടെ വേല എപ്രകാരം ഏറ്റെടുക്കുവാനും കഴിയും എന്നതായിരിക്കണം അവരുടെ അഭ്യസനം. നിസ്സാരമായതും കളിയാക്കുന്നതും വീണ്ടുവിചാരമില്ലാത്തതുമായ ആത്മാക്കൾ ശാസിക്കപ്പെടണം. സദസ്സിൽ പ്രാഗത്ഭ്യത്തോടെ സംസാരിക്കുന്നതും പ്രാർത്ഥിക്കുന്നതും പുറമെ, അലക്ഷ്യമായി സംസാരിക്കുന്നതും ഇടപെടുന്നതും ആ വ്യക്തിയിൽ ദൈവകൃപ വ്യാപരിക്കുന്നില്ല എന്നതിന്റെ തെളിവാണ്.

ദൈവിക സത്യം ഒരു വ്യക്തിയെ ഒരിക്കലും താഴ്മയിലേക്ക് വിടാതെ അവന്റെ അഭിരുചികളെ നിർമ്മലീകരിച്ച് നിഗമനങ്ങളെ വിശുദ്ധീകരിച്ച് ദൈവിക രാജ്യത്തിൽ ശുദ്ധരും നിഷ്കളങ്കരുമായ ദൂതന്മാരുടെ സംഘത്തിലേക്ക് ഉയർത്തും.

# എല്ലാത്തിനെയും ശോധന ചെയ്യുക

*കള്ളപ്രവാചകന്മാരെ സൂക്ഷിച്ചുകൊൾവിൻ; അവർ ആടുകളുടെ വേഷം പൂണ്ടു നിങ്ങളുടെ അടുക്കൽ വരുന്നു; അകമേയോ കടിച്ചുകീറുന്ന ചെന്നായ്ക്കൾ ആകുന്നു. മത്തായി 7 : 15*

ഭാവിയിലേക്കുള്ള ദൈവത്തിന്റെ കരുതലിന്റെ ഭാഗമായി പ്രവർത്തിക്കുവാൻ വേലയുടെ പ്രാരംഭദിനങ്ങളായ 1843–1844 കാലഘട്ടത്തിൽത്തന്നെ ഞാനും എന്റെ ഭർത്താവും ഈ വേലയിലേക്ക് വിളിക്കപ്പെട്ടു. ഞങ്ങൾക്കുവേണ്ടി പ്ലാനും പദ്ധതിയും ഒരുക്കുവാൻ കർത്താവുണ്ടായിരുന്നു. തന്റെ ജീവിക്കുന്ന പ്രതിനിധികളിലൂടെ അവൻ തന്റെ പദ്ധതികൾ പ്രാവർത്തികമാക്കി. തെറ്റായ വഴി അനേക പ്രാവശ്യം ഞങ്ങൾക്ക് ചൂണ്ടിക്കാണിക്കപ്പെടുകയും ഞങ്ങൾക്ക് ചെയ്യുവാനായി നൽകപ്പെട്ട വേലയോട് ബന്ധപ്പെട്ട എല്ലാ സംഗതികളുടെയും യഥാർത്ഥവും സുരക്ഷിതവുമായ വഴികൾ വളരെ വ്യക്തമായി വേർതിരിക്കപ്പെടുകയും ചെയ്തിരുന്നു. ആയതിനാൽ സാത്താന്റെ സൂത്രങ്ങളെക്കുറിച്ചോ ദൈവത്തിന്റെ വഴികളെയും പ്രവർത്തനത്തെയും കുറിച്ചോ ഞാൻ അജ്ഞനല്ലെന്നുള്ള സത്യം പറഞ്ഞുകൊള്ളട്ടെ. ഞങ്ങൾക്ക് മനുഷ്യശക്തികളെ അമർച്ച ചെയ്ത് ഞങ്ങളുടെ കണ്ടെത്തലുകളെ ദൈവം നിയന്ത്രിക്കുന്നതിന് ദൈവിക പരിജ്ഞാനത്തിൽ പൂർണ്ണമായി ആശ്രയിക്കേണ്ടിയിരുന്നു. ഞങ്ങൾ വഞ്ചിക്കപ്പെടാതെയും മറ്റുള്ളവർ ഞങ്ങളാൽ വഞ്ചിതരാകാതെയും ഇരിക്കേണ്ടതിന്, ഞങ്ങൾക്ക് മുമ്പിൽ കൊണ്ടുവരപ്പെട്ട വ്യത്യസ്ത ഉപദേശങ്ങൾ ദൈവവചനത്തിൽ നിന്നും ബഹിർസ്ഫുരിക്കുന്ന വെളിച്ചത്താലും ദൈവം എനിക്ക് വെളിപ്പെടുത്തിയ കാര്യങ്ങളാലും സാക്ഷ്യങ്ങളാലും തുലനം ചെയ്ത് അവയുടെ ഗുണദോഷങ്ങൾ തിരിച്ചറിയേണ്ടതുണ്ടായിരുന്നു. ഞങ്ങളുടെ ഇഷ്ടങ്ങളും വഴികളും പൂർണ്ണമായി ദൈവത്തിന് കീഴ്പ്പെടുത്തുകയും അവന്റെ ശക്തിയിൽ പൂർണ്ണമായി ആശ്രയിക്കുകയും ചെയ്തതിനാൽ, ഞങ്ങളുടെ ദൗത്യം പാഴായില്ല. എല്ലാവിധമാകുന്ന തെറ്റായ നീക്കങ്ങളെയും സംരംഭങ്ങളെയും കുറിച്ച് ദൈവവേലയോടുള്ള ബന്ധത്തിൽ അനേക വർഷത്തെ വേദനാജനകമായ അനുഭവങ്ങളിലൂടെ ദൈവം എന്നെ ബോധ്യപ്പെടുത്തി. “നിനക്ക് നിവർത്തിപ്പാനായി വേല ആ പ്രദേശത്തുണ്ട്, ഞാൻ നിന്നോടുകൂടെയുണ്ട് എന്ന് പറഞ്ഞ് പലപ്പോഴും അനേക പ്രദേശങ്ങളിലേക്ക് ദൂതുമായി എന്നെ പറഞ്ഞയക്കുകയുണ്ടായി. സന്ദർഭങ്ങൾ സംജാതമായപ്പോൾ തെറ്റായ ചിന്താഗതികളും കാഴ്ചപ്പാടുകളും ഉള്ളവർക്കായി കർത്താവ് എനിക്ക് ദൂതു നല്കുകയും ക്രിസ്തുവിൽ ശക്തിപ്പെട്ട് കർത്താവിന്റെ ആജ്ഞയാൽ ഞാൻ അവരുടെ ഇടയിൽ എന്റെ സാക്ഷ്യം വഹിക്കുകയും ചെയ്തു. കഴിഞ്ഞ നാല്പത്തഞ്ചു വർഷക്കാലം മറ്റുള്ളവരെ തിരുത്തേണ്ടതിന് ദൈവത്തിൽനിന്നും ഒരു ദൂതുണ്ടെന്ന് അവകാശപ്പെട്ട അനേകരെ എനിക്ക് അഭിമുഖീകരിക്കേണ്ടിവന്നിട്ടുണ്ട്. 1844 മുതൽ ഇത്തരത്തിലുള്ള അനേക മതതീവ്രത വീണ്ടും വീണ്ടും ഉയിർത്തെഴുന്നേറ്റിട്ടുണ്ട്. കള്ളം സ്ഥാപിക്കുവാനായി സാത്താൻ പല മാർഗ്ഗങ്ങളും പ്രവർത്തിക്കുന്നുണ്ട്. ഈ വെളിപ്പാടുകളിൽ ചിലത് സംഭവ്യമായിട്ടുണ്ട്. എന്നാൽ ക്രിസ്തുവിന്റെ വരവിന്റെ സമയം, കൃപയുടെ അവസാനം, അതുമായി ബന്ധപ്പെട്ട കാര്യങ്ങൾ എന്നിവ തീർത്തും പരാജയമായിരുന്നു.

“ആകയാൽ നിങ്ങൾ എങ്ങനെ കേൾക്കുന്നു എന്ന് സൂക്ഷിച്ചുകൊള്ളുവിൻ”. ലൂക്കൊ. 8:18, ഇത് കർത്താവിന്റെ ഒരു താക്കീതാണ്. സസൂക്ഷ്മം വീക്ഷിക്കുക. “സകലവും ശോധന ചെയ്ത് നല്ലത് മുറുകെപ്പിടിക്കുക’’. 1 തെസ്സ. 5:21, ഇത് ദൈവത്തിന്റെ ഉപദേശമാണ്. ഇത് ചെവിക്കൊൾവാൻ നമുക്ക് കഴിയുമോ?





# കള്ളനാണയങ്ങൾ

*ഉപദേശത്തിനും സാക്ഷ്യത്തിനും വരുവിൻ! അവർ ഈ വാക്കുപോലെ പറയുന്നില്ലയെങ്കിൽ അവർക്കു അരുണോദയം ഉണ്ടാകയില്ല. യെശയ്യാ. 8:20*

വ്യാജ ഉപദേഷ്ടാക്കന്മാർ, വശീകരിക്കുന്ന അന്ധകാരശക്തികൾ എന്നിവയുടെ സ്വാധീനത്തിനെതിരെയുള്ള രക്ഷാകവചമായ ദൈവവചനത്തിലേക്ക് ദൈവമക്കൾ നയിക്കപ്പെടുന്നുണ്ട്. മനുഷ്യൻ വചനപരിജ്ഞാനം നേടുന്നത് തടയാൻ സാത്താൻ സാധ്യമായ എല്ലാ ഉപാധികളും പ്രാവർത്തികമാക്കുന്നുണ്ട്. ബൈബിളിലെ ഓരോ വചനവും അവന്റെ ചതിവ് വെളിവാക്കുന്നു. എല്ലാ ദൈവിക ഉണർവ്വു വേളകളിലും അന്ധകാരപ്രഭു കൂടുതൽ ശക്തമായ പ്രതിപ്രവർത്തനത്തിനായി ഉണർത്തപ്പെടുന്നു. ഇപ്പോൾ കർത്താവിനും അവന്റെ അനുഗാമികൾക്കുമെതിരെ അന്ത്യ പോരാട്ടത്തിന് അവൻ തന്റെ എല്ലാ ശക്തിയും വിനിയോഗിക്കുകയാണ്. അന്ത്യ മഹാ വ്യാമോഹിപ്പിക്കൽ നമുക്ക് മുമ്പിൽ കൊണ്ടുവരപ്പെടുവാൻ പോവുകയാണ്. എതിർ ക്രിസ്തു തന്റെ മഹനീയ വേല നമുക്കു മുൻപാകെ ചെയ്യുവാൻ പോകുന്നു. സത്യത്തിന് സാമ്യമായി കള്ളനാണയം ഇറക്കുവാൻ പോകുന്നു. ദൈവവചനത്തിലൂടെ മാത്രമേ ഇതിനെ വേർതിരിച്ചുകാണുവാൻ കഴിയുകയുള്ളൂ. അവരുടെ എല്ലാ പ്രസ്താവനകളും അത്ഭുതങ്ങളും അവരുടെ സാക്ഷ്യത്താൽ പരിശോധിക്കപ്പെടേണ്ടിയിരിക്കുന്നു.

അത്ഭുതങ്ങളും അടയാളങ്ങളും പ്രവർത്തിക്കുന്നതാണ് ഒരുവന് തന്റെ വിശ്വാസത്തിന് ആധാരമെന്ന് കരുതുകയാണെങ്കിൽ ഒരുതരം വഞ്ചനയിലൂടെ സാത്താനും അത് സാധ്യമാണെന്ന് കാണുവാൻ കഴിയും. സാത്താൻ ഒരു തന്ത്രശാലിയായ വേലക്കാരനാണ്. അവൻ കൗശലപൂർവ്വം കള്ളന്യായങ്ങൾ കൊണ്ടുവന്ന് മനസ്സിനെ അന്ധകാരത്തിലേക്കും കുഴപ്പത്തിലേക്കും നയിച്ച് രക്ഷയുടെ ഉപദേശത്തെ തകിടം മറിക്കും. ദൈവവചനം പറയുന്നതുപേലെ അതിനെ അംഗീകരിക്കാത്തവർ അവന്റെ വലയിൽ വീഴും. ദുഷ്ടാത്മാക്കൾ എപ്പോഴും നമ്മുടെ പാതയിലുണ്ട്. അവർ പുതിയ മേച്ചിൽപുറങ്ങൾ കണ്ടെത്തി നമുക്കു മുമ്പിൽ അത്ഭുതങ്ങളും അടയാളങ്ങളും പ്രവർത്തിക്കും.

ചിലർ ഇത് ദൈവത്തിൽനിന്നാണെന്ന് ധരിച്ച് ഇതിനെ പ്രാപിക്കുവാൻ പരീക്ഷിക്കപ്പെടും. നമുക്കുമുമ്പിൽ രോഗികൾ സൗഖ്യം പ്രാപിക്കും. നമ്മുടെ കൺമുൻപിൽ വീര്യ പ്രവൃത്തികൾ നടക്കും. സാത്താനെ മുഴുവനായി തുറന്നു കാണിക്കുന്ന വ്യാജ വീര്യപ്രവൃത്തിയിലുള്ള അന്ത്യ പരീക്ഷയ്ക്കായി നാം ഒരുങ്ങിയിട്ടുണ്ടോ? അനേക ആത്മാക്കൾ കെണിയിൽ വീഴുകയില്ലയോ? പത്ഥ്യോപദേശത്തിൽനിന്നും ദൈവകല്പനയിൽ നിന്നും വ്യതിചലിക്കുകയും കെട്ടുകഥകൾക്ക് പ്രാധാന്യം കൊടുക്കുകയും ചെയ്യുന്ന അനേകരുടെ മനസ്സും ഈ വഞ്ചനാത്മക അത്ഭുതങ്ങളെ കൈക്കൊള്ളും. നാം ഭാഗഭാക്കാകുവാൻ പോകുന്ന പോരിന്ന് നമ്മെത്തന്നെ സായുധരാക്കുവാൻ കാംക്ഷിക്കണം. ദൈവവചനത്തിലെ വിശ്വാസവും പ്രാർത്ഥനാപൂർവ്വമുള്ള പഠനവും പ്രായോഗിക ജീവിതത്തിലെ ഉപയോഗവും സാത്താന്റെ ശക്തിക്കെതിരായ കവചമാകുകയും അത് നമ്മെ വിജയശ്രീലാളിതരാക്കുകയും ചെയ്യും.

# CSÀ¨ ¡ msc kq£ ¡ p I

***ഇടർച്ചകൾ വരാതിരിക്കുന്നതു അസാദ്ധ്യം; എങ്കിലും അവ വരുത്തുന്നവന്നു അയ്യോ കഷ്ടം. ലൂക്കൊ 17:1.***

ദൈവം ഒരുകൂട്ടം ജനത്തെ വിളിച്ച് വേർതിരിച്ച് അവർ ഒന്നിച്ച് ഐക്യതയോടെ നില്ക്കേണ്ടതിന് അവരെ ഒരുക്കുകയാണ്. അവർ ഒരേപോലെ സംസാരിക്കുകയും യേശു തന്റെ ശിഷ്യന്മാർക്കുവേണ്ടി പ്രാർത്ഥിച്ച പ്രാർത്ഥന സഫലീകരിക്കുകയും വേണം. “പിതാവേ, അവർ എല്ലാവരും ഒന്നാകേണ്ടതിന്നു, നീ എന്നിലും ഞാൻ നിന്നിലും ആകുന്നതുപോലെ അവരും നമ്മിൽ ഒന്നാകേണ്ടതിനു തന്നെ.”

ചിതറിപ്പാർക്കുന്ന ചെറിയ കൂട്ടത്തോടുകൂടെയാണ് ദൈവം ഉള്ളതെന്ന് വിശ്വസിക്കുന്ന ചെറിയ സമൂഹം തുടർച്ചയായി എഴുന്നേൽക്കുന്നുണ്ട്. ദൈവവേലക്കാർ കൂട്ടിച്ചേർക്കുന്നവരെ അവരുടെ സ്വാധീനത്താൽ ശിഥിലീകരിക്കുക എന്നതാണ് അവരുടെ ജോലി. എല്ലാവരും ഒരുമയോടെ ആയിരിക്കേണ്ടതിന് ദൈവവചനാനുസൃതം എല്ലാ പ്രയത്നവും ചെയ്യുന്നവരെയും മൂന്നാം ദൂതന്റെ ദൂതിനനുസരിച്ച് ക്രമപ്പെട്ടവരെയും സംശയദൃഷ്ടിയോടെ നോക്കുന്നവരുമുണ്ട്. അവർ തങ്ങളുടെ പ്രവർത്തനം വ്യാപിപ്പിച്ച് സത്യത്തിലേക്ക് ആത്മാക്കളെ നേടുന്നു എന്നതാണ് കാരണം. ഇവരെ ലൗകീകരെന്നപോലെയാണ് കാണുന്നത്. കാരണം ലോകത്തിനുമേൽ അവർക്ക് സ്വാധീനമുണ്ട്.

ഒരു മനുഷ്യൻ എഴുന്നേറ്റ്, താൻ ദൈവത്താൽ നയിക്കപ്പെടുന്നു എന്നവകാശപ്പെട്ടുകൊണ്ട് ദുഷ്ടന്മാരുടെ ഉയിർപ്പില്ലെന്ന് വാദിക്കുകയുണ്ടായി. വേറൊരാൾ വരും കാലങ്ങളെക്കുറിച്ച് തെറ്റായ കാഴ്ചപ്പാടുകൾ ഉയർത്തുകയുണ്ടായി. ഇവർക്കെല്ലാവർക്കും പൂർണ്ണമായ മതസ്വാതന്ത്ര്യമാണ് ആവശ്യം. ഇവരെല്ലാവരും ഒന്നോടൊന്ന് വേർപെട്ടുപോകയും എന്നാലും അവരിൽ ദൈവം പ്രത്യേകമായി ഇടപെടുന്നു എന്ന് വാദിക്കുകയും ചെയ്യുന്നു. ഈ ആളുകൾ വ്യാജാഭിനിവേശത്താൽ നയിക്കപ്പെടുന്നവരാകയാൽ ഇവർ അവിവേകികളാണെന്നും, ഇവരിൽ സത്യം ഇല്ലെന്നും നമുക്കറിയാം. ഇവർ ദൈവത്തിന്നായി ദൈവത്താൽ നവീകരണം പ്രാപിക്കണം. അല്ലെങ്കിൽ ശബ്ദത്തിനെ ഉപേക്ഷിക്കണം. എന്നാൽ അവർ അവിശ്വാസികളുടെ നിരയിൽ നില്ക്കുകയില്ല.

ലോകം തങ്ങളെ വെറുക്കത്തക്കവിധം തങ്ങളുടെ പ്രവർത്തനശൈലി രൂപീകരിക്കുന്നവരെ ദൈവം വെറുക്കുന്നു. ഒരു ക്രൈസ്തവൻ ക്രിസ്തുവിനെ അനുഗമിക്കുന്നതിനാലും തന്റെ നല്ല പ്രവൃത്തിയാലും വെറുക്കപ്പെടുന്നു എങ്കിൽ അവന് പ്രതിഫലമുണ്ട്. എന്നാൽ അവൻ സ്നേഹിക്കപ്പെടത്തക്ക രീതിയിൽ ജീവിക്കുന്നതിനാലും അവന്റെ സംസ്ക്കാര ശൂന്യതയാലും ശബ്ദത്തിനെ നീരസപ്പെടുത്തുംവണ്ണം ഉപയോഗിക്കയാലും വെറുക്കപ്പെട്ടാൽ പാപികൾക്ക് അവൻ ഒരു തടങ്കൽപ്പാറയും പരിപാവന സത്യത്തിന് ഒരു അപമാനവുമാകുന്നു. അവൻ മാനസാന്തരപ്പെടുന്നില്ലെങ്കിൽ, ഒരു ഭാരമുള്ള കല്ല് കഴുത്തിൽ കെട്ടി സമുദ്രത്തിന്റെ ആഴങ്ങളിൽ അവനെ ഇട്ടുകളയുന്നതാണ് ഉത്തമം.





# വ്യാജ ദർശനത്തിന്റെ പരിണിതഫലങ്ങൾ

***നല്ല ഫലം കായ്ക്കാത്ത വൃക്ഷം ഒക്കെയും വെട്ടി തീയിൽ ഇടുന്നു. ആകയാൽ അവരുടെ ഫലത്താൽ നിങ്ങൾ അവരെ തിരിച്ചറിയും. മത്താ 7:19,20.***

സഭയക്ക് ദൈവം നല്കിയിരിക്കുന്ന വരങ്ങളിൽ വിശ്വാസമില്ലാതെ, സത്യത്തെ വിശ്വസിക്കാതെയും യാതൊരു മതവുമില്ലാതെയും വസിക്കുന്ന കൂട്ടങ്ങളാണ് ഇന്ന് (1890) ജീവിക്കുന്ന അനേകരും. എനിക്കു കാണിച്ചുതന്നു എന്ന് അവകാശപ്പെടുന്നത് കൃത്രിമമായ ദർശനങ്ങളുടെ ഫലങ്ങളാണ്. സത്യത്തിൽ നിന്നകറ്റേണ്ടതിന് സാത്താൻ വ്യാജമായവയിൽ കൂടി നിരന്തരം പ്രവർത്തിക്കുകയാണ്.

ദൈവാത്മാവിന്റെ സാക്ഷ്യങ്ങൾക്ക് യാതൊരു വിലയുമില്ലെന്ന പ്രതീതി ഉണ്ടാക്കുന്നതായിരിക്കും സാത്താന്റെ അന്ത്യ ഉപായം. “വെളിപ്പാടില്ലാത്തിടത്ത് ജനം മര്യാദവിട്ട് നടക്കുന്നു” സദൃശ്യ 29:18. ദൈവത്തിന്റെ വിശുദ്ധന്മാർക്ക് സത്യത്തിന്റെ സാക്ഷ്യങ്ങളിൽ ഉള്ള വിശ്വാസസ്ഥിരത നഷ്ടപ്പെടുത്തേണ്ടതിന് സാത്താൻ കുടിലബുദ്ധിയോടുകൂടി പല മാർഗ്ഗത്തിലും പലരിലൂടെയും പ്രവർത്തിക്കും. അനേകരെ വഴിതെറ്റിക്കുന്നതിന് വ്യാജദർശനങ്ങളെ കൊണ്ടുവരികയും സത്യമായവയും വ്യാജമായവയും തമ്മിൽ ഇടകലർത്തുകയും ചെയ്യും. അക്ഷമരായ ആളുകൾ എല്ലാ ദർശനങ്ങളും മതഭ്രാന്തിന്റെ ഭാഗമാണെന്ന് കരുതും. എന്നാൽ വിശ്വസ്തരായവർ സത്യവും വ്യാജവും തമ്മിലുള്ള വ്യത്യാസം വേർതിരിച്ച് അവയെ തിരിച്ചറിയും.

ദൈവത്തിൽനിന്നുള്ളവയല്ലാത്തവയ്ക്കു തുടർച്ചയായി ചെവികൊടുക്കുന്നതിനെക്കാളും ആത്മാവിന്റെ താല്പര്യത്തിനും വിശുദ്ധിക്കും അതിന്റെ യഥാർത്ഥവും പരിശുദ്ധവുമായ ദൈവചിന്തകൾക്കും പവിത്രവും നിത്യവുമായവയ്ക്കും ഹാനികരമായി യാതൊന്നുമില്ല.

ഇത് മനസ്സിനെ മലിനപ്പെടുത്തി തിരിച്ചറിവിനെ താഴ്ത്തിക്കളയും. സ്വീകർത്താവിന്റെ സ്വഭാവത്തെ ഉയർത്തുകയും വിശുദ്ധീകരിക്കുകയും മഹത്വീകരിക്കുകയും ചെയ്യുന്ന അതിന്റെ സ്വാധീനത്താൽ പരിപാവനസത്യത്തിന്റെ ആത്മിക ഉറവിടം കണ്ടെത്തുവാൻ കഴിയും. എല്ലാ സത്യത്തിന്റെയും ഉപജ്ഞാതാവ് തന്റെ പിതാവിനോട് ഇപ്രകാരം പ്രാർത്ഥിച്ചു: “ഇവർക്കുവേണ്ടി മാത്രമല്ല ഇവരുടെ വചനത്താൽ എന്നിൽ വിശ്വസിപ്പാനിരിക്കുന്നവർക്കുവേണ്ടിയും ഞാൻ അപേക്ഷിക്കുന്നു. നീ എന്നെ അയച്ചിരിക്കുന്നു എന്നു ലോകം വിശ്വസിപ്പാൻ അവർ എല്ലാവരും ഒന്നാകേണ്ടതിനു പിതാവേ, നീ എന്നിലും, ഞാൻ നിന്നിലും ആകുന്നതുപോലെ അവരും നമ്മിൽ ആകേണ്ടതിന്നു തന്നെ.” യോഹ. 17:21,21.

സത്യത്തിൽനിന്നും ദൂരെ അകറ്റേണ്ടതിനും ഐക്യത നഷ്ടപ്പെടുത്തേണ്ടതിനും സംഗതികൾ നിത്യം ഉയർന്നുവരും. ചോദ്യം ചെയ്യലും കളിയാക്കലും താഴ്ത്തിക്കെട്ടലും കുറ്റമാരോപിക്കലും ഹൃദയത്തിൽ ക്രിസ്തുവിന്റെ കൃപ ഉള്ളതിന്റെ തെളിവല്ല. ഇത് ഐക്യത ഉണ്ടാക്കുകയില്ല. ഈ വക പ്രവർത്തനങ്ങൾ കഴിഞ്ഞ കാലങ്ങളിൽ കൊടിയ പാപത്തിൽ ജീവിച്ച് തങ്ങൾക്ക് വലിയ വെളിച്ചം ഉണ്ട് എന്ന് അവകാശപ്പെട്ടവർ ചെയ്തതാണ്.

# ശരിയായ ദിശയിലേക്കുള്ള നീങ്ങൽ

***സൗമ്യതയുള്ളവർ അതു കണ്ടു സന്തോഷിക്കും; ദൈവത്തെ അന്വേഷിക്കുന്നവരേ, നിങ്ങളുടെ ഹൃദയം ജീവിക്കട്ടെ. സങ്കീ. 69 : 32.***

കർത്താവിൽ സന്തോഷിക്കുന്നത് നിന്റെ ഒരു പദവിയും അവന്റെ നിലനിൽക്കുന്ന കൃപയുടെ പരിജ്ഞാനം നിനക്ക് ആനന്ദവും ആകുന്നു. ഹൃദയവും മനസ്സും അവന്റെ സ്നേഹത്താൽ നിറയപ്പെടട്ടെ! അതിദുഃഖിതനും കരുതൽ നഷ്ടമായവനും വിഷാദമനസ്കനും ആകുന്നതിനെതിരെ സൂക്ഷിക്കുക. ഉന്നത സാക്ഷ്യമുള്ളവനായിരിക്ക. ഇരുണ്ടതും നിരുത്സാഹപ്പെടുത്തുന്നതുമായ കാര്യങ്ങളിൽനിന്ന് നിന്റെ ദൃഷ്ടി വ്യതിചലിപ്പിക്കുകയും പരമഗുരുവായ ക്രിസ്തുവിനെ മുറുകെപ്പിടിക്കുകയും ചെയ്യുക. അവന്റെ ശ്രദ്ധയോടുകൂടിയ പരിപാലനത്തിൻ കീഴിൽ ഏതൽക്കാല സത്യങ്ങൾ പരിപാലിക്കപ്പെടുകയും ആയതിനായി നാമും നമുക്കുള്ളതെല്ലാം സമർപ്പിക്കയും അത് നമ്മെ അന്ത്യത്തോളം ജയോത്സവമായി നടത്തുകയും ചെയ്യും.

യേശു ഹൃദയത്തിൽ വസിച്ച് ആശ്വസിപ്പിക്കുകയും ശക്തീകരിക്കുകയും നിലനിർത്തുകയും ചെയ്യുന്നത് കാണപ്പെടട്ടെ. നാം ലോകത്തോട് പ്രഘോഷിക്കുന്ന ദൂതിനെക്കുറിച്ചുള്ള ബൃഹത്തായ വീക്ഷണവും പ്രാധാന്യതയും നിങ്ങൾക്കുണ്ടാകേണ്ടതിന് ദിനംതോറും പരിശുദ്ധാത്മാവിന്റെ വലിയൊരളവ് നല്കപ്പെടുക എന്നത് നിങ്ങളുടെ സൗഭാഗ്യമാണ്. കല്പനയിൽനിന്നും അത്ഭുതങ്ങൾ കാട്ടിത്തരുവാൻ കർത്താവ് സന്നദ്ധതയുള്ളവനാണ്. ഹൃദയാന്വിതനായി അവന്റെ മുൻപിൽ കാത്തിരിക്കുക. നാം ജീവിക്കുന്ന സമയത്തെക്കുറിച്ച് വ്യക്തമായറിയുവാനും അവന്റെ ഉദ്ദേശത്തിന്റെ ആശയം പൂർണ്ണമായി ഗ്രഹിക്കുന്നതിനായും ആത്മനേട്ടത്തിനായുള്ള അധികമായ കഴിവിനായും ആത്മാർത്ഥതയോടെ പ്രാർത്ഥിക്കേണ്ടിയിരിക്കുന്നു.

ഭൂമിയിന്മേൽ ആദ്യം എന്തു ഭവിക്കാൻ പോകുന്നു എന്ന് പരിഗണിക്കുന്നത് നമുക്ക് ഉത്തമമായിരിക്കും. നിസാരവൽക്കരിക്കാനും സ്വാർത്ഥലോലുപനായിരിക്കാനുമുള്ള സമയമല്ലിത്. നാം ജീവിക്കുന്ന ഈ സമയത്ത് ഗൗരവമായി നമ്മുടെ മനസ്സിനെ സ്വാധീനിക്കുവാൻ നാം പരാജയപ്പെട്ടാൽ നമുക്ക് എന്ത് നേടാൻ കഴിയും?

വ്യക്തതയുള്ള ആളുകളെയാണ് ഇന്നാവശ്യം. ശക്തമായ പരിഷ്കരണത്തിന്റെ വേല നയിക്കുവാൻ ദൈവത്തിന്റെ പരിശുദ്ധാത്മാവിനാൽ നിയന്ത്രിക്കപ്പെടുവാൻ ആഗ്രഹിക്കുന്നവരെ ദൈവം വിളിക്കുകയാണ്. നമുക്ക് മുമ്പിൽ ഒരു പ്രതിസന്ധി ഞാൻ കാണുന്നു. കർത്താവ് തന്റെ വേലക്കാരോട് വന്ന് അണിചേരുവാൻ ആഹ്വാനം നൽകുകയാണ്. നാം പിന്നിട്ട കാലഘട്ടത്തെക്കാൾ കൂടുതൽ സത്യസന്ധമായ വിശുദ്ധിയോടും ഈടാർന്ന ബന്ധത്തിലും ദൈവത്തോട് ഓരോ ദേഹിയും ഇപ്പോൾ ചേർന്നു നില്ക്കണം. അടുത്ത കാലത്ത് രാത്രിസമയത്ത് എനിക്കു മുൻപിലൂടെ കടന്നുപോയ ദൃശ്യത്തിൽ ഞാൻ കൂടുതൽ മതിപ്പുള്ളവളാണ്. അനേക സ്ഥലങ്ങളിലും ഒരുണർവ്വിൻ വേലയുടെ അലകൾ ആഞ്ഞടിക്കുന്നുണ്ട്. ദൈവവിളിക്ക് പ്രത്യുത്തരമായി നമ്മുടെ ആളുകൾ അണിചേർന്ന് പ്രതികരിക്കുന്നുണ്ട്. അവന്റെ വാക്കുകൾ നമുക്ക് ശ്രവിച്ചുകൂടേ? കർത്താവിന്റെ വരവ് കാംക്ഷിച്ച് നില്ക്കുന്നവരെപ്പോലെ നമുക്കും വിളക്ക് തെളിയിച്ച് പ്രവർത്തിച്ചുകൂടേ? വെളിച്ചമേന്തിയ പ്രവർത്തനത്തിനായി വിളിക്കുന്ന സമയമാണിത്.





# വരുവാനുള്ള സംഭവങ്ങൾ വ്യക്തമായി വെളിപ്പെടുത്തി

***യഹോവയായ കർത്താവ് പ്രവാചകന്മാരായ തന്റെ ദാസന്മാർക്കു തന്റെ രഹസ്യം വെളിപ്പെടുത്താതെ ഒരു കാര്യവും ചെയ്യുകയില്ല. ആമോസ് 3:7.***

കൃപാന്ത്യകാലവുമായി ബന്ധപ്പെട്ടു നടക്കുന്ന സംഭവങ്ങളും കഷ്ടകാലത്തേക്കു വേണ്ടിയുള്ള ഒരുക്കവേലയും വളരെ വ്യക്തമായി ചിത്രീകരിച്ചിരിക്കുന്നു. പക്ഷേ അനേകർക്കും ഈ അതിപ്രധാനമായ സത്യം വെളിപ്പെടുത്തിക്കൊടുക്കാതെ ഗ്രഹിക്കുവാൻ കഴിയുകയില്ല. കഷ്ടകാലത്ത് അവരെ ഒരുക്കമില്ലാത്തവരായി കാണപ്പെടേണ്ടതിന്നും രക്ഷക്ക് അവരെ ജ്ഞാനികളാക്കുവാൻ ഉതകുന്ന എല്ലാ പഴുതുകളും അടച്ചുകളയുവാൻ തക്കവണ്ണവും സാത്താൻ പരിശ്രമിക്കുകയാണ്.

നാം ലോകചരിത്രത്തിന്റെ അവസാന നാളുകളോട് അടുക്കുംതോറും അന്ത്യകാല പ്രവചനപഠനങ്ങൾ വളരെ പ്രധാന്യമർഹിക്കുന്നുണ്ട്. പുതിയ നിയമത്തിലെ അവസാനപുസ്തകം നാം അറിഞ്ഞിരിക്കേണ്ട അനവധി സത്യങ്ങൾ ഉൾക്കൊള്ളുന്നതാണ്.

വെളിപ്പാടുപുസ്തകത്തിൽ ക്രമമായി നല്കിയിരിക്കുന്ന ദൈവിക സന്ദേശങ്ങൾ ദൈവജനത്തിന്റെ മനസ്സിൽ ഒന്നാമതായി പതിയണം.

വിലയേറിയ സമയം ദ്രുതഗതിയിൽ കടന്നുപോകുന്നു. വീഴ്ച ഭവിച്ച ലോകത്ത് ദൂതുഘോഷണത്തിന്നായി ദൈവം നല്കിയിരിക്കുന്ന സമയം അനേകരും കവർന്നെടുക്കുന്നു എന്നൊരപകടം നിലവിലുണ്ട്. നിത്യമായ യാഥാർത്ഥ്യത്തിലേക്കു നയിക്കുന്ന സത്യവചനപഠനത്തിൽ വ്യാപൃതരായിരിക്കുന്നവരുടെ മനസ്സ് അതിൽനിന്നും അകലുന്നതു കാണുവാൻ സാത്താൻ താല്പര്യമുള്ളവനാണ്.

പരിപാവന സ്വഭാവത്തിന്റെ ഒരു സാക്ഷ്യമായി ഈ ലോകത്ത് ജനിക്കേണ്ടിയിരിക്കുന്നു. വെളിപ്പാടുപുസ്തകത്തിലുടനീളം ശ്രേഷ്ഠവും ഉയർത്തപ്പെടുന്നതുമായ അനേകം വാഗ്ദത്തങ്ങളും ഭയാനകങ്ങളായ അനേക സംഭവവികാസങ്ങളും പരാമർശിച്ചിരിക്കുന്നു. സത്യത്തിന്റെ പരിജ്ഞാനം പ്രാപിച്ചിരിക്കുന്നു എന്നവകാശപ്പെടുന്നവർ ക്രിസ്തുവിനാൽ യോഹന്നാനു നൽകിയ ഈ സാക്ഷ്യം വായിക്കുകയില്ലേ! ഇവിടെ ഊഹാപോഹം ഇല്ല, ശാസ്ത്രീയ വഞ്ചനയും ഇല്ല. ഇവിടെയാണ് നമ്മുടെ ഇന്നത്തെയും ഭാവിയിലെയും ക്ഷേമത്തെ സംബന്ധിച്ച സത്യങ്ങൾ അടങ്ങിയിരിക്കുന്നത്. ഗോതമ്പുമണിയോടു പതിർ എന്തുള്ളു?

സത്യത്തെ സ്നേഹിക്കുന്നവർക്കും തിരുവെഴുത്തുകൾ വിശ്വസ്തതയോടെ കൈകാര്യം ചെയ്യുന്ന പഠിതാക്കൾക്കും മാത്രമേ ലോകത്തെ ബന്ധനത്തിലാക്കുന്ന ശക്തമായ ജാലവിദ്യയിൽനിന്നും മോചനം നേടുവാൻ കഴിയുകയുള്ളു. തിരുവെഴുത്തുകളുടെ സാക്ഷ്യത്താൽ വഞ്ചകന്റെ കപടതയെ തിരിച്ചറിയുവാൻ കഴിയും. പരിശോധനാകാലം എല്ലാവർക്കും വരും. ഗോതമ്പും പതിരും വേർതിരിക്കുവാനുള്ള പരിശോധനയിൽ യഥാർത്ഥ ക്രിസ്ത്യാനികളെ തിരിച്ചറിയും. ദൈവജനം ഇപ്പോൾ അവന്റെ വചനത്തിൽ ശക്തമായി നിലകൊള്ളുന്നുവെങ്കിൽ അവരുടെ ഇന്ദ്രിയങ്ങൾക്ക് ഗ്രഹിക്കുവാൻ കഴിയുന്നതിന് കീഴടങ്ങുകയില്ലല്ലോ? ഇങ്ങനെയുള്ള പ്രതിസന്ധികളിൽ അവർ തിരുവെഴുത്തുകളോടും തിരുവെഴുത്തുകളോടുമാത്രവും ചേർന്നിരിക്കുമോ?

# വരുവാനുള്ളതിനായുള്ള ഒരുക്കം

***യഹോവയുടെ ന്യായം പ്രവർത്തിക്കുന്നവരായി ഭൂമിയിലെ സകല സൗമ്യന്മാരുമായുള്ളോരേ, അവനെ അന്വേഷിപ്പിൻ; നീതി അന്വേഷിപ്പിൻ; സൗമ്യത അന്വേഷിപ്പിൻ; പക്ഷെ നിങ്ങൾക്കു യഹോവയുടെ കോപദിവസത്തിൽ മറഞ്ഞിരിക്കാം. സെഫന്യാവു 2:3.***

ലംഘനം ഏകദേശം അതിരുകവിഞ്ഞു. ലോകം കലക്കത്താൽ നിറയുകയും വലിയ ഭീതി ജനിപ്പിക്കുന്ന സംഭവങ്ങൾ മനുഷ്യസമൂഹത്തിൽ വന്നുചേരുകയും ചെയ്യും. അന്ത്യം ഏറ്റവും അടുത്തിരിക്കുന്നു. ലോകത്തിൽ പൊട്ടിപ്പുറപ്പെടുവാനിരിക്കുന്ന സംഭവങ്ങൾ പെട്ടെന്നു കണിപോലെ വരാതിരിക്കുവാൻ ദൈവജനം ഒരുങ്ങിക്കൊണ്ടിരിക്കണം.

ഒരുകാലത്തും ഉണ്ടാകാത്ത കഷ്ടകാലത്തിന്റെ സമയം പെട്ടെന്നു ആരംഭിക്കും. ആയതിനാൽ നാം ഇതുവരെ പ്രാപിച്ചിട്ടില്ലാത്ത ഒരു അനുഭവം നമുക്കാവശ്യമാണ്. അതു ലഭിക്കുവാൻ പലർക്കും സാധ്യമാകുകയില്ല. ഒരുവിധത്തിൽ പറയുകയാണെങ്കിൽ കഷ്ടത നാം പ്രതീക്ഷിക്കുന്നതിനേക്കാളുപരിയാണ് എന്നുള്ളതാണ് വാസ്തവം; എന്നിരുന്നാലും നമുക്കു മുമ്പാകെയുള്ള പ്രതിസന്ധിയെക്കുറിച്ചു ഇതു യാഥാർത്ഥ്യമല്ല. ഏറ്റവും സ്പഷ്ടമായ രീതിയിൽ പ്രദർശിപ്പിച്ചാലും യഥാർത്ഥ കഠിന പരീക്ഷയുടെ കാഠിന്യം എത്ര മടങ്ങെന്നു ഗ്രഹിക്കുവാൻ കഴിയുകയില്ല. പരിശോധനയുടെ സമയത്ത് എല്ലാ ആത്മാക്കളും ദൈവസന്നിധിയിൽ നില്ക്കേണ്ടിവരും. "നോഹയും ദാനീയേലും ഇയ്യോബും അതിൽ ഉണ്ടായിരുന്നാലും, എന്നാണ് അവർ പുത്രനെയോ പുത്രിയെയോ രക്ഷിക്കാതെ തങ്ങളുടെ നീതിയാൽ സ്വന്തജീവനെ മാത്രമെ രക്ഷിക്കയുള്ളു എന്നു യഹോവയായ കർത്താവിന്റെ അരുളപ്പാട്" യെഹെ. 14:20.

ശരിയും തെറ്റും തമ്മിലുള്ള അവസാനത്തെ വൻപോരാട്ടം ദൈവത്തിന്റെ നിയമത്തിനെതിരെ യുഗങ്ങളായി നടന്നുവരുന്ന പോരാട്ടത്തിന്റെ അവസാനഘട്ടം മാത്രമാണ്. ഈ യുദ്ധത്തിലേക്കാണ് നാം ഇപ്പോൾ പ്രവേശിച്ചുകൊണ്ടിരിക്കുന്നത്. ഇതു മനുഷ്യനിയമങ്ങളും യഹോവയുടെ ചട്ടങ്ങളും തമ്മിലും വേദപുസ്തക മതവും മനുഷ്യനിർമ്മിത കെട്ടുകഥകളും പാരമ്പര്യങ്ങളുമായ മതവും തമ്മിലുള്ള യുദ്ധമാകുന്നു.

നാം ജീവിക്കുന്ന സമയത്തെ ചൂണ്ടിക്കാണിക്കുന്ന നാഴികക്കല്ലുകളെക്കുറിച്ചു പഠിക്കുകയും ദൈവം ഒരുക്കിയിരിക്കുന്ന ആ മഹാദിവസത്തിലെ പോരാട്ടത്തിനായി ഒരുക്കമുള്ളവരായിത്തീരുവാൻ ആത്മാർത്ഥമായി നാം പ്രാർത്ഥിക്കണം.

ദൈവത്താൽ നയിക്കപ്പെടുവാനും നിയന്ത്രിക്കപ്പെടുവാനും അവനു സ്വയം സമർപ്പിച്ചവർ അവൻ മുന്നൊരുക്കിയിരിക്കുന്നതും അതിവേഗം നടക്കുന്നതുമായ സംഭവങ്ങളെ മനസ്സിലാക്കും. ലോകത്തിന്റെ രക്ഷയ്ക്കായി സ്വന്തം ജീവൻ അർപ്പിച്ചവന്റെ ആത്മാവിനാൽ പ്രചോദനം പ്രാപിച്ചവർ ഒരിക്കലും താൻ ഇതു ചെയ്യുവാൻ അശക്തനാണെന്നു പറയുകയില്ല. അവർ സ്വർഗ്ഗത്തിന്റെ സർവ്വായുധവർഗ്ഗം ധരിച്ചും ദൈവത്തോടു ഭയഭക്തിയുള്ളവരായും എന്തും ചെയ്യുവാനും യുദ്ധസന്നദ്ധരായി ദൈവത്തിന്റെ ശക്തി അവർക്കു അവശ്യമായിരിക്കുന്നത് നല്കും എന്നറിഞ്ഞും പുറപ്പെടും.





# അന്തിമ പോരാട്ടത്തിനായുള്ള സാത്താന്റെ തയ്യാറെടുപ്പ്

***അവൻ അത്യുന്നതായവനു വിരോധമായി വമ്പു പറകയും അത്യുന്നതനായവന്റെ വിശുദ്ധന്മാരെ ഒടുക്കിക്കളകയും സമയങ്ങളെയും നിയമങ്ങളെയും മാറ്റുവാൻ ശ്രമിക്കയും ചെയ്യും; കാലവും കാലങ്ങളും കാലാംശവും അവർ അവന്റെ കയ്യിൽ ഏല്പിക്കപ്പെട്ടിരിക്കും. ദാനി. 7:25.***

ക്രിസ്ത്യാനികളെ മാറ്റിനിർത്തിയിരുന്ന കാലഘട്ടത്തിൽ മനുഷ്യന്റെ സന്തോഷത്തിനു എതിരായിരുന്നവൻ ന്യായപ്രമാണത്തിലെ നാലാം കല്പനയായ ശബ്ബത്തിനെ പോരാട്ടത്തിനുതകുന്ന ഒന്നായി കണ്ടു. ഈവണ്ണം പറയുന്നു: "ഞാൻ ദൈവീകോദ്ദേശത്തിന് വിരുദ്ധമായി പ്രവർത്തിക്കും. ദൈവത്തിന്റെ സൃഷ്ടിസ്മാരകമായ ഏഴാംദിന ശബ്ബത്തിനെ നീക്കംചെയ്യുവാൻ എന്റെ എല്ലാ അനുയായികളെയും ശക്തീകരിക്കും. അങ്ങനെ ദൈവം അനുഗ്രഹിക്കുകയും ശുദ്ധീകരിക്കുകയും ചെയ്ത ദിവസത്തെ നീക്കിക്കളഞ്ഞു എന്നു ലോകത്തിന് കാണിക്കും. ജനങ്ങളുടെ മനസ്സിൽ ആ ദിവസം ഉണ്ടായിരിക്കുവാൻ പാടില്ല. അതിന്റെ ഓർമ്മയെ ഞാൻ നശിപ്പിക്കും. ആ സ്ഥാനത്തു ദൈവത്തിന്റെ അംഗീകാരമില്ലാത്തതും ദൈവത്തിന്നും അവന്റെ ജനത്തിനും ഇടയിൽ അടയാളമാകാത്തതുമായ മറ്റൊരു ദിവസത്തെ ഞാൻ സ്ഥാപിക്കും. ഇതു സ്വീകരിക്കുന്നവരെ, ഏഴാം ദിന ശബ്ബത്തിന്റെ വിശുദ്ധിയെ അതിലേക്കു മാറ്റുവാൻ തക്കവണ്ണം ഞാൻ നയിക്കും.

എന്റെ പ്രതിപുരുഷനിലൂടെ ഞാൻ എന്നെത്തന്നെ ഉയർത്തും. ഒന്നാം ദിവസത്തെ ഉയർത്തുകയും ലോകത്തിലെ നവീകരണ പ്രസ്ഥാനങ്ങൾ അതു സ്വീകരിക്കുകയും അതു യഥാർത്ഥ ശബ്ബത്താണെന്നു കരുതുകയും ചെയ്യും. ദൈവം സ്ഥാപിച്ച ശബ്ബത്തിനെ ആചരിക്കാതിരിക്കുന്നതിലൂടെ അവന്റെ കല്പന കുറ്റമുള്ളതാണെന്നു വരുത്തിത്തീർക്കും. ഇതു എനിക്കും നിങ്ങൾക്കും ഇടയിൽ തലമുറതലമുറയോളം ഉള്ള അടയാളം എന്ന വാക്കിലൂടെ എന്റെ ശബ്ബത്തു അനുസരിക്കുന്നവരുടെ വശത്താക്കിത്തീർക്കും. "അങ്ങനെ ലോകം എന്റേതായിത്തീരും. ഞാൻതന്നെ ഭൂമിയുടെ അധികാരിയും ലോകത്തിന്റെ പ്രഭുവുമായിരിക്കും. ഞാൻ അവ്വണ്ണം എല്ലാ മനസ്സുകളെയും ദൈവത്തിന്റെ ശബ്ബത്തിനെ സംബന്ധിച്ച് കുറ്റം കണ്ടെത്തുവാൻ പറ്റിയ ഒരു പ്രത്യേക ഉപാധിയാക്കി മാറ്റുവാൻ തക്കവണ്ണം നിയന്ത്രിക്കും. ഒരു അടയാളമായി ദൈവം നല്കിയ ഈ ഏഴാംദിനത്തെ ഭൂമിയിലുള്ള അധികാരികളോടുള്ള അവിശ്വസ്തതയുടെ അടയാളമായി ഞാൻ മാറ്റും. ഭൂമിയിലുള്ള യുവാക്കളും യുവതികളും ഒരു മനുഷ്യനും ശബ്ബത്താചരിക്കാതിരിക്കുവാൻ തക്കവണ്ണമുള്ള വളരെ കഠിനമേറിയ മാനുഷിക നിയമങ്ങളെ ഞാൻ കൊണ്ടുവരും. വസ്ത്രത്തിന്നായും ആഹാരം കൊള്ളുവാനുള്ള ഭീതിയും നിമിത്തം അവർ ദൈവത്തിന്റെ നിയമത്തെ ലംഘിക്കും. ഭൂമി മുഴുവനും എന്റെ അധികാരത്തിൻകീഴിലായിത്തീരും."

ശബ്ബത്തു യഥാർത്ഥ വിശ്വസ്തതയുടെ അടയാളമാകുന്നു. ഈ സത്യത്തിനെതിരെയാണ് പോരാട്ടമുള്ളതു. അവസാന പരീക്ഷ വരുമ്പോൾ രണ്ടുരീതിയിലുള്ള കൂട്ടമെ കാണുകയുള്ളു. ഒന്നു ദൈവത്തെ അനുസരിക്കുന്നവരും ഒന്നു ദൈവത്തെ അനുസരിക്കാത്തവരും.

# ശാബ്ബത്തനുസരിക്കുന്നവർക്കെതിരെയുള്ള സാത്താന്റെ യുദ്ധതന്ത്രങ്ങൾ

***നിയമത്തിനു വിരോധമായി കഷ്ടത നിർമ്മിക്കുന്ന ദുഷ്ട സിംഹാസനത്തിനു നിന്നോടു സഖ്യത ഉണ്ടാകുമോ? നീതിമാന്റെ പ്രാണനു വിരോധമായി അവർ കൂട്ടം കൂടുന്നു; കുറ്റമില്ലാത്ത രക്തത്തെ അവർ ശിക്ഷയ്ക്കു വിധിക്കുന്നു.***

***സങ്കീ. 94:20,21.***

ദൈവജനം അന്തിമ പ്രതിസന്ധിയുടെ ദിനങ്ങൾ അഭിമുഖീകരിക്കുമ്പോൾ, സാത്താൻ തന്റെ ദൂതന്മാരുമായി അവരുടെ വിശ്വാസത്തെ ഇല്ലായ്മ ചെയ്യുവാനുള്ള ഗൂഢാലോചനകൾ നടത്തും.

ആ വലിയ വഞ്ചകൻ ഈവണ്ണം പറയുന്നു: “ആത്മാക്കളുടെ ഭാവിയെ നിർണ്ണയിക്കുന്ന ഈ ശബ്ബത്ത് ഒരു വലിയ പ്രശ്നമാകുന്നു. നാം നമ്മുടെ ശബ്ബത്തിനെ ഉയർത്തണം. അതിനെ സ്വീകരിക്കുവാനായി ലൗകികരെയും സഭാവിശ്വാസികളെയും നാം ഒരുക്കണം. അടുത്ത് നമുക്ക് സഭയെയും ലോകരെയും ഒന്നിപ്പിക്കുന്നതിന് പ്രേരിപ്പിക്കണം. അത്ഭുതങ്ങളാലും അടയാളങ്ങളാലും മനുഷ്യമനസ്സുകളെ സത്യത്തിന് അന്ധരാക്കുകയും അവരുടെ മനസ്സുകളിലുള്ള ദൈവവിശ്വാസത്തിന്റെയും അതിന്റെ കാരണങ്ങളുടെയും സ്ഥാനത്ത് യുക്തിവാദവും പാരമ്പര്യ ആചാരങ്ങളും തിരുകിക്കയറ്റണം.

അവരുടെ വചനം ശ്രദ്ധിക്കുന്നവരെ ദൈവകല്പനയിൽ നിന്നും തിരിക്കുവാനായി ഞാൻ പ്രഗല്ഭരായ ശുശ്രൂഷകന്മാരെ സ്വാധീനിക്കും.

എന്നാൽ നമ്മുടെ മുഖ്യമായ ആവശ്യം എന്തെന്നാൽ ശബ്ബത്തനുസാരികളെ നിശ്ശബ്ദരാക്കുക എന്നതാണ്. അവരുടെ നേരെ ശക്തമായ എതിർപ്പുകൾ കൊണ്ടുവരണം. പ്രശസ്തരെയും മഹാന്മാരെയും നമ്മുടെ വശത്താക്കി അധികാരികളിന്മേൽ സമ്മർദ്ദം ചെലുത്തി നമ്മുടെ ഉദ്ദേശങ്ങൾ സാധിച്ചെടുക്കണം. അതിനുശേഷം ഞാൻ ഉണ്ടാക്കിയ ശബ്ബത്തിനെ കഠിനമായ നിയമത്താൽ സ്ഥാപിക്കും. ആരെങ്കിലും എന്റെ നിയമം ലംഘിച്ചാൽ അവരെ നഗരത്തിനു പുറത്തേക്കു വലിച്ചിഴക്കുകയും കഷ്ടത്തിലാക്കുകയും ജീവിതസുഖം അനുഭവിപ്പാൻ ഇടവരാതാക്കയും ചെയ്യും. ഒരുവട്ടം നാം ശക്തിയെ പ്രാപിച്ചാൽ ദൈവത്തോട് അനുഭാവമുള്ളവരോടു എന്തുചെയ്യുമെന്നു നമുക്കു കാണിച്ചുകൊടുക്കുവാനാകും. ഇപ്പോൾതന്നെ നാം അതിനായി എല്ലാ നവീകരണ പ്രസ്ഥാനങ്ങളെയും ലോകവുമായി ഐക്യതയിലേക്കു കൊണ്ടുവരുകയും ഈ വലങ്കൈയുടെ ശക്തിയാൽ നാം നമ്മുടെ അധികാരങ്ങൾക്കു വഴങ്ങാത്തവരെ അവസാനമായി ഇവിടെനിന്നും ഇല്ലായ്മ ചെയ്യുവാനുള്ള ഒരു നിയമവും പ്രാബല്യത്തിൽ വരുത്തും. നമ്മുടെ ഈ ശബ്ബത്തുകളെ ലംഘിക്കുന്നവർക്കു മരണം എന്ന ശിക്ഷ നല്കുമ്പോൾ ദൈവത്തിന്റെ കല്പന അനുസരിക്കുന്നവർ തനിയെ നമ്മുടെ വശത്തായിത്തീരും.

എന്നാൽ ഈ കടുത്ത തീരുമാനത്തിൽ പ്രവേശിക്കുന്നതിനു മുമ്പായി നാം യഥാർത്ഥ ശബ്ബത്തനുസരിക്കുന്നവരെ കുഴപ്പത്തിലാക്കണം. ലോകമോഹങ്ങളാലും മറ്റു പലവിധ മോഹങ്ങളാലും അഹംഭാവത്താലും അനേകരെ ക്രിസ്തുവിൽനിന്നു വേർപെടുത്തുവാൻ നമുക്കു കഴിയണം. അവർ സത്യത്തിൽ വിശ്വസിക്കുന്നതുകൊണ്ടു അതിൽ കുഴപ്പമില്ലയെന്നു ചിന്തിക്കുകയും അവരുടെ വികാരങ്ങൾക്കു വഴങ്ങുകയും താഴ്ന്ന നിലവാരത്തിലുള്ള വികാരങ്ങളാൽ ന്യായവിധിയെക്കുറിച്ചു അജ്ഞരായിത്തീരുകയും ഭേദാഭേദങ്ങളെ തിരിച്ചറിയാതെ നാശത്തിൽ പതിക്കയും ചെയ്യും.





# മൃഗത്തിനു പ്രതിമ ഉണ്ടാക്കുന്നു

***അത് മനുഷ്യർ കാൺകെ ആകാശത്തുനിന്ന് ഭൂമിയിലേക്ക് തീ ഇറങ്ങുമാറ് വലിയ അടയാളങ്ങൾ പ്രവർത്തിക്കുകയും മൃഗത്തിന്റെ മുൻപിൽ പ്രവർത്തിപ്പൻ തനിക്കു ബലം കിട്ടിയ അടയാളങ്ങളെക്കൊണ്ട് ഭൂവാസികളെ തെറ്റിക്കുകയും വാളാൽ മുറിവേറ്റിട്ടും ജീവിച്ച മൃഗത്തിന് പ്രതിമ ഉണ്ടാക്കുവാൻ ഭൂവാസികളോട് പറകയും ചെയ്യുന്നു. വെളി. 13:14.***

പരീക്ഷാഘട്ടത്തിനു മുമ്പുതന്നെ മൃഗത്തിന്റെ പ്രതിമ രൂപംകൊള്ളും. എന്തെന്നാൽ ദൈവമക്കൾ അഭിമുഖീകരിക്കേണ്ട ഏറ്റവും വലിയ ഒരു പരീക്ഷയാണ് ഇത്. അതിനാൽ അവരുടെ ശാശ്വതവിധി തീരുമാനിക്കപ്പെടുകയുംചെയ്യും.

വെളിപ്പാട് 13-ൽ ഈ വിഷയം വ്യക്തമായി അവതരിപ്പിച്ചിട്ടുണ്ട്. “മറ്റൊരു മൃഗം ഭൂമിയിൽനിന്ന് കയറുന്നത് ഞാൻ കണ്ടു; അതിനു കുഞ്ഞാടിനുള്ളതുപോലെ രണ്ടു കൊമ്പുണ്ടായിരുന്നു; അത് മഹാസർപ്പം എന്നപോലെ സംസാരിച്ചു. അത് ഒന്നാമത്തെ മൃഗത്തിന്റെ മുമ്പാകെ അതിന്റെ അധികാരമെല്ലാം നടത്തി ഭൂമിയെയും അതിൽ വസിക്കുന്നവരെയും മരണകരമായ മുറിവ് പൊറുത്തുപോയ ഒന്നാം മൃഗത്തെ നമസ്ക്കരിക്കുമാറാക്കുന്നു” പിന്നീട് അടയാളങ്ങൾ പ്രവർത്തിക്കാനുള്ള ശക്തി വെളിപ്പെടുത്തുന്നു. അത് മനുഷ്യർ കാൺകെ ആകാശത്തുനിന്ന് ഭൂമിയിലേക്ക് തീയിറങ്ങുമാറ് വലിയ അടയാളങ്ങൾ പ്രവർത്തിക്കുകയും മൃഗത്തിന്റെ മുമ്പിൽ പ്രവർത്തിപ്പാൻ തനിക്കു ബലം കിട്ടിയ അടയാളങ്ങളെക്കൊണ്ട് ഭൂവാസികളെ തെറ്റിക്കുകയും വാളാൽ മുറിവേറ്റിട്ടും ജീവിച്ച മൃഗത്തിന് പ്രതിമ ഉണ്ടാക്കുവാൻ ഭൂവാസികളോട് പറകയും ചെയ്യുന്നു. മൃഗത്തിന്റെ പ്രതിമ സംസാരിക്കേണ്ടതിനും മൃഗത്തിന്റെ പ്രതിമയെ നമസ്ക്കരിക്കാത്തവരെ ഒക്കെയും കൊല്ലിക്കേണ്ടതിനും മൃഗത്തിന്റെ പ്രതിമയ്ക്ക് ആത്മാവിനെ കൊടുപ്പാൻ അതിനു ബലം ലഭിച്ചു. അത് ചെറിയവരും വലിയവരും സമ്പന്നൻമാരും ദരിദ്രന്മാരും സ്വതന്ത്രന്മാരും ദാസന്മാരുമായ എല്ലാവർക്കും വലങ്കൈമേലോ നെറ്റിയിലോ മുദ്രകിട്ടുമാറും മൃഗത്തിന്റെ പേരോ, പേരിന്റെ സംഖ്യയോ ആയ മുദ്രയുള്ളവനല്ലാതെ വാങ്ങുകയോ വില്ക്കുകയോ ചെയ്‌വാൻ വഹിയാതെയും ആക്കുന്നു.

മുദ്രയിടുന്നതിനുമുമ്പ് ദൈവമക്കൾ നേരിടേണ്ട പരീക്ഷ ഇതാണ്. ദൈവകല്പനയോട് വിശ്വസ്തത കാണിക്കുകയും വ്യാജശബ്ബത്ത് അംഗീകരിക്കാതിരിക്കുകയും ചെയ്യുന്നവർ യഹോവയാകുന്ന ദൈവത്തിന്റെ കൊടിക്കീഴിൽ അണിനിരക്കും. അവർക്ക് ജീവനുള്ള ദൈവത്തിന്റെ മുദ്ര ലഭിക്കും. ദൈവം സ്ഥാപിച്ച വിശുദ്ധ സ്ഥാപനവും സൃഷ്ടിയുടെ അടയാളവും ദൈവിക അധികാരത്തിന്റെ സ്മാരകവുമായ വിശുദ്ധ ശബ്ബത്തിനെ ഉപേക്ഷിക്കുകയും ഞായറാഴ്ച ആചാരത്തിൽ തുടരുകയും ചെയ്യുമ്പോൾ അവർ മൃഗത്തിന്റെ മുദ്ര ഏല്ക്കുന്നു.

ദൈവജനത്തിന് ഈ ഭൂവാസത്തിൽ അനുഭവിക്കേണ്ട കഷ്ടപ്പാടുകൾ യോഹന്നാന് ദൈവം കാണിച്ചുകൊടുത്തപ്പോൾ വിശ്വസ്തരുടെ അന്തിമവിജയവും വിടുതലുംകൂടി കാണുവാൻ ദൈവം അനുവദിച്ചു. യുദ്ധത്തിനപ്പുറം സീയോൻമലയിൽ കുഞ്ഞാടിനൊപ്പം നെറ്റിയിൽ ദൈവത്തിന്റെ നാമം എഴുതപ്പെട്ട ഒരു കൂട്ടരെയും കണ്ടു.

# വിശ്വാസത്യാഗം വഴിയൊരുക്കുന്നു

***ആരും ഏതുവിധേനയും നിങ്ങളെ ചതിക്കരുത്; ആദ്യമേ വിശ്വാസത്യാഗം സംഭവിക്കുകയും നാശയോഗ്യനും അധർമ്മ മൂർത്തിയുമയവൻ വെളിപ്പെടുകയും വേണം. 2 തെസ്സ. 2:3.***

സത്യവചനത്തിൽനിന്ന് പിന്തിരിഞ്ഞപ്പോൾ പൂർവ്വസഭ മലിനമാക്കപ്പെട്ടു. ജാതികളുടെ ആചാരങ്ങൾ ഉൾക്കൊള്ളുവാൻ തുടങ്ങിയപ്പോൾ ദൈവതേജസ്സും ദൈവാത്മാവും അവൾക്ക് നഷ്ടമായി. ജനങ്ങളുടെ അന്തരംഗം നിയന്ത്രിക്കുന്നതിനായി മറ്റ് ലൗകികമായ ശക്തികളെ ആശ്രയിക്കുവാൻ തുടങ്ങി. അതിന്റെ ഫലമായി പാപ്പാത്വം ഉടലെടുക്കുകയും സഭ രാജ്യത്തിന്റെ അധികാരം നിയന്ത്രിക്കുകയും സ്വന്ത താല്പര്യങ്ങൾ നിറവേറ്റുന്നതിനായി ഉയർക്കുകയും സഭ പ്രത്യേകിച്ച് “മതനിന്ദ”യ്ക്കുള്ള ശിക്ഷ കൊടുക്കുന്നതിന് എഴുന്നേൽക്കുകയും ചെയ്തു.

എപ്പോഴെല്ലാം സഭയ്ക്ക് മതേതരമായ ശക്തി ലഭിച്ചുവോ അപ്പോഴെല്ലാം അവളുടെ തത്വങ്ങളിൽനിന്നുള്ള പിൻമാറ്റക്കാരെ ശിക്ഷിക്കുന്നതിനായി അത് വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്. ലോകത്തിന്റെ ശക്തികളുമായി സമ്മേളിച്ച പ്രൊട്ടസ്റ്റന്റ് സഭകൾ റോമിന്റെ കാൽചുവടുകളെ അനുഗമിക്കുകയും മനഃസാക്ഷിയുടെ സ്വാതന്ത്ര്യത്തെ ഹനിക്കുന്ന രീതിയിലുള്ള ആഗ്രഹങ്ങളെ വെളിപ്പെടുത്തുകയും ചെയ്യുന്നു. ഇംഗ്ലണ്ടിലെ സഭ വളരെ കാലമായി തുടർന്നുവരുന്ന പിൻമാറ്റക്കാരുടെ പീഡനം ഇതിനൊരു ഉദാഹരണമാണ്. പതിനാറാം ശതകത്തിലും പതിനേഴാം ശതകത്തിലും സഭയുടെ നിയമങ്ങളെ അംഗീകരിക്കാത്ത അനേകായിരം ശുശ്രൂഷകന്മാരെ സഭകൾ വിട്ടു ഓടിപ്പോകുവാൻ പ്രേരിപ്പിക്കുകയും അനേകം ഇടയന്മാരെയും ജനങ്ങളെയും പിഴകൾക്കും ജയിൽവാസത്തിനും പീഡനത്തിനും രക്തസാക്ഷി മരണത്തിനും ഏല്പിക്കുകയും ചെയ്തു.

സഭ വിശ്വാസത്യാഗം നിമിത്തം രാഷ്ട്രീയ അധികാരത്തിന്റെ സഹായം തേടുകയും ഇതു പാപ്പാത്വ ശക്തിയുടെ വളർച്ചയ്ക്കു കാരണമായിത്തീരുകയും ചെയ്തു. ആ മൃഗത്തെക്കുറിച്ച് പൗലോസ് അപ്പൊസ്തലൻ ഈവണ്ണം പറഞ്ഞിരിക്കുന്നു: “ആരും ഏതുവിധേനയും നിങ്ങളെ ചതിക്കരുത്. ആദ്യമേ വിശ്വാസത്യാഗം സംഭവിക്കുകയും നാശയോഗ്യനും അധർമ്മമൂർത്തിയുമായവൻ വെളിപ്പെടുകയും വേണം” 2 തെസ്സ. 2:3. അതുകൊണ്ട് സഭയിലെ വിശ്വാസത്യാഗം മൃഗത്തിന്റെ പ്രതിമയ്ക്കുവേണ്ടി വഴിയൊരുക്കും.

സാത്താന്റെ പ്രവർത്തനം സകല ശക്തിയോടും അടയാളങ്ങളോടും അത്ഭുതങ്ങളോടും അനീതിയുടെ സകല വഞ്ചനയോടുംകൂടെ ആയിരിക്കും. 2 തെസ്സ.2:9.

അവന്റെ പ്രവർത്തനം വെളിപ്പെട്ടിരിക്കുന്നത് ഈ അന്ത്യകാലത്തിൽ അതിവേഗം പെരുകി വരുന്ന അധർമ്മത്തിലും സാമൂഹിക തിന്മകളിലും ദൈവദൂഷണത്തിലും വഞ്ചനയിലും കൂടിയാകുന്നു എന്നു പറയുവാൻ സാധിക്കും. സാത്താൻ ലോകത്തെ മാത്രമല്ല ബന്ധനത്തിലേക്ക് നയിക്കുന്നത് മറിച്ചു നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ സഭയെന്നു അഭിമാനിക്കുന്നവരെക്കൂടി തന്റെ വഞ്ചനയിൽ കുടുക്കി ഉപദേശങ്ങളെ ദുഷിപ്പിക്കുന്നു. ഈ വലിയ വിശ്വാസത്യാഗം അന്ധകാരത്താൽ വളർന്ന് അർദ്ധരാത്രിപോലെയായിത്തീരും. ദൈവജനത്തിന് സത്യം നിമിത്തം ഇതൊരു പരിശോധനയുടെയും വിലാപത്തിന്റെയും പീഡനത്തിന്റെയും രാത്രിയായി പരിണമിക്കും. എന്നാൽ ഈ അന്ധകാരത്തിന്റെ രാത്രിയിൽ ദൈവത്തിന്റെ വെളിച്ചം പ്രകാശിക്കും.





# വഞ്ചനയിൽ പ്രേതാത്മവാദത്തിന്റെ പങ്ക്

***പ്രിയമുള്ളവരേ, കള്ളപ്രവാചകന്മാർ പലരും ലോകത്തിലേക്കു പുറപ്പെട്ടിരിക്കയാൽ ഏത് ആത്മാവിനെയും വിശ്വസിക്കാതെ ആത്മാക്കൾ ദൈവത്തിൽ നിന്നുള്ളവയോ എന്നു ശോധന ചെയ്യുവിൻ. 1 യോഹ. 4:1.***

അനേകരും പ്രേതാത്മവാദം മനുഷ്യന്റെ വെറുമൊരു നാടകമാണെന്ന വിശ്വാസത്താൽ കെണിയിൽ അകപ്പെടുന്നു. എന്നാൽ അതു നേരിട്ടനുഭവമാകുമ്പോൾ അവർക്കു ചെയ്യുവാൻ കഴിയാത്തതിനാൽ അതൊരു അമാനുഷിക ശക്തിയാണെന്നു ചിന്തിക്കുകയും അങ്ങനെ ദൈവത്തിന്റെ മഹത്തായ ശക്തിയാണിതെന്നു വിശ്വസിക്കുവാൻ തക്കവണ്ണം വഞ്ചിക്കപ്പെടുകയും ചെയ്യുന്നു.

പ്രേതാത്മവാദത്തിന്റെ ഉപദേശങ്ങൾ സഭകൾ സ്വീകരിക്കുമ്പോൾ അത് ജഡീക ഹൃദയങ്ങളിൽ ഉള്ള നിബന്ധനകളെ അകറ്റുകയും അകൃത്യങ്ങളെ മൂടിവെക്കുന്ന ഒരു സമൂഹമായി മതം മാറുകയും ചെയ്യും. ആത്മീക വെളിപ്പാടിലുള്ള ഈ വിശ്വാസം നിമിത്തം അവർ ആഭിചാരങ്ങളിലും ഭൂതങ്ങളുടെ ഉപദേശങ്ങളിലും വിശ്വസിക്കുകയും തൻനിമിത്തം സഭകളിൽ ദുഷ്ടദൂതന്മാരുടെ സ്വാധീനം അനുഭവപ്പെടുകയും ചെയ്യും.

വളരെ പ്രചാരമുള്ള ശുശ്രൂഷകർക്കുപോലും ആത്മിക പ്രസ്ഥാനങ്ങളെ നിയന്ത്രിക്കുവാൻ കഴിയുകയില്ല. അവരുടെ ആടുകളെ ഈ ദുഷ്ട സ്വാധീനത്തിൽ നിന്നും സംരക്ഷിക്കുവാൻ കഴിയുകയില്ല; കാരണം അവർ സത്യത്തെ ചവിട്ടിക്കളകയും തൽസ്ഥാനത്തു കെട്ടുകഥ നിറയ്ക്കയും ചെയ്തിരിക്കുന്നു.

സാത്താൻ ലോകത്തെ അവന്റെ അവസാന വഞ്ചനയിൽ കുടുക്കുവാനുള്ള ശ്രമത്തിന്റെ ഒരുക്കം ആരംഭിച്ചിട്ടു അനേക നാളുകളായി. നിങ്ങൾ മരിക്കയില്ല നിശ്ചയം എന്ന് ആദാമിനും ഹവ്വക്കും ഉറപ്പു കൊടുത്തതുപോലെയുള്ള വേലയാണ് അവന്റെ പ്രവർത്തനത്തിന്റെ അടിസ്ഥാനം. ഇതു ഭക്ഷിക്കുന്ന നാളിൽ നിങ്ങളുടെ കണ്ണുകൾ തുറക്കുകയും നിങ്ങൾ നന്മതിന്മകളെ അറിയുവാൻ തക്കവണ്ണം ദൈവത്തെ പോലെയാകുകയും ചെയ്യും” ഉല്പ. 3:4,5.

അങ്ങനെ ക്രമേണ ആത്മീകതയിലൂടെ അവന്റെ അവസാന തന്ത്രം ഉപയോഗിക്കുന്നു. ഇന്നുവരെയും അവൻ രൂപംകൊടുത്ത തന്ത്രങ്ങളൊന്നും അതിന്റെ പൂർണ്ണതയിലെത്തിയിട്ടില്ല, എന്നാൽ അന്ത്യകാലത്ത് ശേഷിക്കുന്ന സമയത്തു അതു പൂർണ്ണ രൂപത്തിൽ എത്തിച്ചേരും. പ്രവാചകൻ ഈവണ്ണം പറയുന്നു: “മഹാസർപ്പത്തിന്റെ വായിൽനിന്നും മൃഗത്തിന്റെ വായിൽനിന്നും കള്ളപ്രവാചകന്റെ വായിൽനിന്നും തവളയെപ്പോലെ മൂന്ന് അശുദ്ധാത്മാക്കൾ പുറപ്പെടുന്നതു ഞാൻ കണ്ടു” ഇവ സർവ്വ ഭൂതലത്തിലും ഉള്ള രാജാക്കന്മാരെ സർവ്വശക്തനായ ദൈവത്തിന്റെ മഹാദിവസത്തിന് കൂട്ടിച്ചേർക്കുവാൻ അത്ഭുതങ്ങൾ ചെയ്തുകൊണ്ടു അവരുടെ അടുക്കലേക്കു പുറപ്പെടുന്ന ഭൂതാത്മാക്കൾ തന്നെ”' വെളി. 16:13,14.

ദൈവത്തിന്റെ ശക്തിയാൽ ചിലരെ അവരുടെ ദൈവവചനത്തിലുള്ള വിശ്വാസം നിമിത്തം കാക്കുകയും ശേഷിക്കുന്ന ലോകം മുഴുവനും ഈ വലിയ വഞ്ചനയിൽ കുടുങ്ങിപ്പോകയും ചെയ്യും. ദൈവത്തിന്റെ ക്രോധം ഭൂമിയിൽ വീഴുന്ന നാളിൽ മാത്രം ഉണരുവാൻ തക്കവണ്ണം അവരെ മാരകമായ ഭദ്രതയിലാക്കിയിരിക്കുന്നു.

# ആത്മാക്കളും ദേശീയ ഞായറാഴ്ചനിയമവും

***ഉപദേശത്തിനും സാക്ഷ്യത്തിനും വരുവിൻ; അവർ ഈ വാക്കുപോലെ പറയുന്നില്ലായെങ്കിൽ അവർക്കു അരുണോദയം ഉണ്ടാകയില്ല. യെശ. 8:20.***

പ്രേതാത്മവാദത്തിലൂടെ വെളിപ്പെടുന്ന വീര്യപ്രവൃത്തികളുടെ ശക്തിയാൽ മനുഷ്യരെക്കാൾ ദൈവത്തെ അനുസരിക്കുവാൻ തിരഞ്ഞെടുത്തവർക്കു നേരെ അതു അതിന്റെ സ്വാധീനം ചെലുത്തും. ഈ ആത്മാക്കളുമായുള്ള കൂട്ടായ്മ ഞായറാഴ്ച ആചാരം തെറ്റെന്നു അറിഞ്ഞു തിരസ്ക്കരിച്ചവരെ മനഃപരിവർത്തനം വരുത്തുവാൻ ദൈവം അവരെ അയച്ചതാണെന്നും ദേശത്തിന്റെ നിയമം ദൈവത്തിന്റെ നിയമമായി കരുതി അനുസരിക്കണം എന്നും അവർ ജനങ്ങളെ പ്രബോധിപ്പിക്കും. അവർ ലോകത്തിലെ വലിയ ദുഷ്ടതയെക്കുറിച്ചു വിലപിക്കുകയും ഇത്രമാത്രം ഹീനമായ അസൻമാർഗ്ഗീകതയ്ക്കു കാരണം ഞായറാഴ്ചയെ ദുഷിക്കുന്നതുകൊണ്ടാണെന്നും മതാധ്യാപകരുടെ സാക്ഷ്യത്തോട് പൂർണ്ണമായി യോജിക്കുകയും ചെയ്യും. അവരുടെ ഈ സാക്ഷ്യങ്ങളെ തിരസ്ക്കരിക്കുന്നവർക്ക് വലിയ കഷ്ടത അനുഭവിക്കേണ്ടിവരും.

ഈ ആത്മീക പ്രസ്ഥാനത്തിന്റെ ഉപദേശങ്ങളെ എതിർക്കുന്നവർ മനുഷ്യരോടു മാത്രമല്ല പിന്നെയോ സാത്താനോടും അവന്റെ ദൂതന്മാരോടും കൂടിയായിരിക്കും പോരാടുന്നത്. അവർ വാഴ്ചകളോടും അധികാരങ്ങളോടും ദുഷ്ടാത്മസേനകളോടുമാണ് പോരാട്ടത്തിൽ പ്രവേശിച്ചിരിക്കുന്നത്. സാത്താൻ സ്വർഗ്ഗീയ ദൂതന്മാരുടെ ശക്തിയാലല്ലാതെ അല്പംപോലും കീഴ്പ്പെടുകയില്ല. "ഇങ്ങനെ എഴുതിയിരിക്കുന്നു" എന്നു പറഞ്ഞ് കർത്താവ് സാത്താനെ നേരിട്ടതുപോലെ ദൈവജനത്തിനും അവനെ നേരിടുവാൻ കഴിയണം. ക്രിസ്തുവിന്റെ ദിവസത്തിലെന്നപ്പോലെ തിരുവെഴുത്തുഭാഗങ്ങളെ ഉന്നയിക്കുവാനും അവന്റെ ഉദ്ദേശം സാധിക്കുവാൻ തെറ്റായ ഉപദേശത്തെ സ്ഥാപിച്ചെടുക്കുവാനും ഇപ്പോഴും അവനു കഴിയും. ഈ കഷ്ടകാലത്തു നിലനിൽക്കുന്നവർ തിരുവെഴുത്തിലെ സാക്ഷ്യങ്ങൾ മനസ്സിലാക്കുവാൻ പ്രത്യേകം ശ്രദ്ധിക്കണം.

അനേകർക്കും അവരുടെ ബന്ധുക്കളുടെയോ മിത്രങ്ങളുടെയോ വേഷത്തിലും ഭാവത്തിലും സ്വരത്തിലും വലിയ അപകടകരങ്ങളായ ദൂതുകൾ നല്കുകയും പല ദൂഷണങ്ങളും പ്രചരിപ്പിക്കയും ചെയ്യുന്ന ദുരാത്മാക്കളെ നേരിടേണ്ടിവരും. ഈ സന്ദർശകർ നമ്മുടെ സഹതാപത്തിനുവേണ്ടി അപേക്ഷിക്കുകയും അവരുടെ കാപട്യം നിലനിർത്തുവാൻ അത്ഭുതങ്ങൾ പ്രവർത്തിക്കുകയും ചെയ്യും. ആകയാൽ ഇവരെ നേരിടേണ്ടതിനു സത്യവചനത്തെ പഠിച്ച് ഒരുങ്ങിയിരിക്കുകയും മരിച്ച മനുഷ്യൻ ഒന്നും അറിയുന്നില്ലെന്നും ഇപ്പോൾ ആവണ്ണം പ്രത്യക്ഷരാകുന്നത് ദുഷ്ടാത്മാക്കളാണെന്നും നാം മനസ്സിലാക്കണം.

അന്ത്യകാലത്തെ വൻപോരാട്ടത്തിൽ സാത്താന്റെ അനുയായികൾ മനുഷ്യരൂപമെടുത്തു ദൈവത്തിന്റെ രാജ്യത്തിന്റെ കെട്ടുപണിക്കെതിരെ തടസ്സമുണ്ടാക്കും. അപ്പോൾ ദൈവദൂതന്മാർ പ്രവൃത്തിപഥത്തിൽ മനുഷ്യവേഷത്തിൽ കാണപ്പെടും. ഈ രണ്ടു എതിർശക്തികളും ലോകചരിത്രത്തിന്റെ അവസാനത്തെ വലിയ അദ്ധ്യായം തീരുംവരെ നിലനില്ക്കും.





# വ്യാജമായ ഉണർവ്വുകൾ

***അപ്പോൾ അധർമ്മമൂർത്തി വെളിപ്പെട്ടുവരും; അവനെ കർത്താവായ യേശു തന്റെ വായിലെ ശ്വാസത്താൽ ഒടുക്കി തന്റെ പ്രത്യക്ഷതയുടെ പ്രഭാവത്താൽ നശിപ്പിക്കും. അധർമ്മമൂർത്തിയുടെ പ്രത്യക്ഷത നശിച്ചുപോകുന്നവർക്കു സാത്താന്റെ വ്യാപാരശക്തിക്ക് ഒത്തവണ്ണം വ്യാജമായ സകല ശക്തിയോടും അടയാളങ്ങളോടും അത്ഭുതങ്ങളോടും അനീതിയുടെ സകല വഞ്ചനയോടുംകൂടെ ആയിരിക്കും. 2 തെസ്സ. 2:8,9.***

അപ്പൊസ്തലനായ പൗലൊസ് തെസ്സലോനീക്യർക്കുള്ള തന്റെ രണ്ടാം ലേഖനത്തിലൂടെ ക്രിസ്തുവിന്റെ രണ്ടാമത്തെ വരവിനുമുമ്പു പെട്ടെന്നുടലെടുക്കുന്ന ഉണർവ്വു പ്രസ്ഥാനങ്ങളിൽ ഉള്ള സാത്താന്റെ പ്രത്യേക വേലയെക്കുറിച്ചു സൂചിപ്പിച്ചിരിക്കുന്നു. ക്രിസ്തുവിന്റെ രണ്ടാംവരവിനെക്കുറിച്ചു പറയുമ്പോൾ അവൻ ഈവണ്ണം പ്രഖ്യാപിക്കുന്നു: "സാത്താന്റെ വ്യാപാര ശക്തിക്ക് ഒത്തവണ്ണം വ്യാജമായ സകല ശക്തിയോടും അടയാളത്തോടും അത്ഭുതങ്ങളോടും അനീതിയുടെ സകല വഞ്ചനയോടുംകൂടെ ആയിരിക്കും" 2 തെസ്സ. 2:9.

ഈ ഭൂമിമേൽ ദൈവത്തിന്റെ അന്ത്യന്യായവിധി വരുന്നതിനു മുമ്പ് അപ്പൊസ്തലന്മാരുടെ കാലം മുതൽ ഇതുവരെയും ഉണ്ടായിട്ടില്ലാത്ത ഉണർവ്വ് ദൈവജനത്തിനിടയിലുണ്ടാകും. സർവ്വശക്തന്റെ ആത്മാവും ശക്തിയും അവന്റെ മക്കളുടെമേൽ ചൊരിയപ്പെടും. ആ സമയത്തു അനേകരും ദൈവത്തോടുള്ള സ്നേഹത്തെയും അവന്റെ വചനത്തെയും ഉപേക്ഷിച്ച് ലോകത്തെ സ്നേഹിച്ച് സഭകളിൽനിന്നും അകന്നുപോകും. അനേകം ശുശ്രൂഷകന്മാരും ജനങ്ങളും ഒരുപോലെ സന്തോഷത്തോടെ ദൈവം ഘോഷിക്കുവാൻ കല്പിച്ച ഈ വലിയ സത്യത്തെ കൈക്കൊള്ളുകയും രണ്ടാം വരവിനായി ജനങ്ങളെ ഒരുക്കുകയും ചെയ്യും. ഈ വേലയെ തടസ്സം ചെയ്യണമെന്ന ആഗ്രഹത്തോടെ ആത്മാക്കളുടെ ശത്രു പ്രവൃത്തിക്കുകയും ആ പ്രസ്ഥാനം രൂപംകൊള്ളും മുമ്പെ തന്റെ കപട നാടകമായ കള്ളക്രിസ്തുവിനെ വെളിപ്പെടുത്തുകയും ചെയ്യും. അവന്റെ വഞ്ചനാശക്തിക്കു കീഴ്പ്പെട്ടിരിക്കുന്ന സഭകളിൽ ഈ പ്രത്യക്ഷത വരുത്തുകയും ദൈവാനുഗ്രഹം ചൊരിഞ്ഞു എന്നു അവകാശപ്പെടുകയും ചെയ്യും. മതപരമായ വലിയ ആകാംക്ഷയുളവാക്കുന്ന കാര്യങ്ങൾ വെളിപ്പെടും. അനേകരും ദൈവം അവർക്കുവേണ്ടി അത്ഭുതകരമായി പ്രവർത്തിക്കുന്നു എന്നു പറയും. എന്നാൽ ഇതു ദുരാത്മാവിനാൽ സംഭവിച്ചതായിരിക്കും. ആത്മീകതയുടെ വേഷത്തിൽ സാത്താൻ ക്രിസ്തീയ ലോകത്ത് തന്റെ ഈ സ്വാധീനം ചെലുത്തുവാൻ ശ്രമിക്കും.

യുവതീയുവാക്കന്മാർ ഉയർത്തപ്പെടുകയും അത്ഭുതങ്ങൾ പ്രവർത്തിക്കുന്നവരായി കണക്കാക്കപ്പെടുകയും വൻകാര്യങ്ങളെ ചെയ്വാൻ വിളിക്കപ്പെടുകയും ചെയ്യും. ഒരു പ്രത്യേക രീതിയിൽ മനഃപരിവർത്തനമുണ്ടാകും. എന്നാൽ ദൈവത്തിന്റെ ആധികാരികത അവരിൽ കാണുകയില്ല. അസന്മാർഗ്ഗികത്വം അവരിൽ നിഴലിക്കുകയും വിശ്വാസത്യാഗം സംഭവിക്കുകയും ചെയ്യും.

# മൃഗത്തിനു പ്രതിമ എങ്ങനെയാണ് ഉണ്ടാക്കുന്നത്

***അതിന്റെ അധികാരം എല്ലാം നടത്തി ഭൂമിയെയും അതിൽ വസിക്കുന്നവരെയും മരണകരമായ മുറിവു പൊറുത്തുപോയ ഒന്നാം മൃഗത്തെ നമസ്കരിക്കുമാറാക്കുന്നു. വെളി. 13:12.***

ഐക്യനാടുകൾക്ക് ഒരു മൃഗത്തിന്റെ അടയാളം രൂപപ്പെടുത്തണമെങ്കിൽ മതപരമായ അധികാരങ്ങൾ രാഷ്ട്രീയ അധികാരത്തെ നിയന്ത്രിക്കുകയും സഭയുടെ അഭിലാഷം പൂർത്തീകരിക്കുന്നതിന് രാഷ്ട്രീയ അധികാരം ഉപയോഗിക്കുകയും വേണം.

വിശ്വാസത്യാഗം സംഭവിച്ച നവീകരണപ്രസ്ഥാനക്കാർ തങ്ങളുടെ ദുരുപദേശങ്ങളെ ജനങ്ങളിൽ അടിച്ചേൽപ്പിക്കുവാൻ രാഷ്ട്രീയ അധികാരത്തിൽ ആശ്രയിക്കുമ്പോൾ ഇങ്ങനെയുള്ളവർ മൃഗത്തിന്റെ മുദ്രയായി പരിണമിക്കുന്നു.

ഞായറാഴ്ച ആചരണം നിയമത്താൽ പ്രാബല്യത്തിൽ വരികയും യഥാർത്ഥ ശബ്ബത്താചരണത്തിന്റെ പ്രാധാന്യം ലോകത്തിന് കൂടുതൽ വ്യക്തമാക്കപ്പെടുകയും ചെയ്യുമ്പോൾ റോമിന്റേതല്ലാതെ ഉന്നതാധികാരമില്ലാത്ത നിയമത്തെ അനുസരിക്കുന്നതിനുവേണ്ടി ദൈവകല്പന ലംഘിക്കുമ്പോൾ അവർ ദൈവത്തേക്കാളുപരി പാപ്പാത്വത്തെയാണ് മാനിക്കുന്നത്. അവൻ റോമിനെയും റോമിന്റെ ശക്തിയെയുമാണ് അംഗീകരിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നത്. അവൻ മൃഗത്തെയും അതിന്റെ പ്രതിമയെയുമാണ് ആരാധിക്കുന്നത്. ദൈവം തന്റെ അധികാരത്തിന്റെയും ബഹുമാനത്തിന്റെയും അടയാളമായി വെളിപ്പെടുത്തിയ ഈ സ്ഥാപനത്തെ തിരസ്കരിച്ച് അതിനു പകരമായി റോം അതിന്റെ പരമാധികാരത്തിന്റെ ചിഹ്നമായി തിരഞ്ഞെടുത്തതിനെ റോമിനോടുള്ള സഹകരണത്തിന്റെ അടയാളമായും മൃഗത്തിന്റെ മുദ്രയായും അവർ തിരഞ്ഞെടുക്കും. ഇത് ജനത്തിനു മുൻപിൽ വളരെ വ്യക്തമായി അവതരിപ്പിക്കപ്പെട്ടതിനു ശേഷവും അവർ ദൈവകല്പനയ്ക്കും മാനുഷിക കല്പനകൾക്കും മദ്ധ്യേ ഒരു തിരഞ്ഞെടുപ്പ് നടത്തിയതിനുശേഷവും ആര് ദൈവകല്പനയുടെ ലംഘനത്തിൽ തുടരുന്നുവോ അവർ മൃഗത്തിന്റെ മുദ്ര ഏല്ക്കും.

ഈ മത്സരത്തിന്റെ കാര്യത്തിൽ ക്രിസ്തീയ വിഭാഗങ്ങൾ രണ്ടു ചേരിയായി തിരിയും. ഒന്ന് ദൈവകല്പന അനുസരിക്കുന്നവരും യേശുവിലുള്ള വിശ്വാസം കാത്തുകൊള്ളുന്നവരും മറ്റേത് "മൃഗത്തെയും അതിന്റെ പ്രതിമയെയും നമസ്ക്കരിച്ച് അതിന്റെ മുദ്രയേൽക്കുന്നവരും. സഭയും രാഷ്ട്രവും ഒന്നിച്ച്, എല്ലാ ചെറിയവരും വലിയവരും സമ്പന്നരും ദരിദ്രന്മാരും സ്വതന്ത്രന്മാരും ദാസന്മാരും" (വെളി. 13:16) ആയവരെ മൃഗത്തിന്റെ മുദ്രയേൽക്കേണ്ടതിന് നിർബ്ബന്ധിക്കും. എന്നിരുന്നാലും, ദൈവമക്കൾ അത് സ്വീകരിക്കുകയില്ല. പത്മോസിലെ പ്രവാചകൻ ഇവ്വണ്ണം ദർശിക്കുന്നു. മൃഗത്തിന്മേലും അതിന്റെ പ്രതിമമേലും മുദ്രമേലും അതിന്റെ പേരിന്റെ സംഖ്യയിന്മേലും ജയം നേടിയവർ ദൈവത്തിന്റെ വീണകളേന്തി മോശെയുടെയും കുഞ്ഞാടിന്റെയും പാട്ടുകൾ പാടിക്കൊണ്ട് പളുങ്കുകടൽപ്പുറത്ത് നില്ക്കുന്നത് കണ്ടു" വെളി. 115:2,3.





# ശബ്ബത്ത് പൂർണ്ണമായും ഘോഷിക്കപ്പെടും

***വേറൊരു ദൂതൻ ആകാശമദ്ധ്യേ പറക്കുന്നതു ഞാൻ കണ്ടു; ഭൂവാസികളായ സകല ജാതിയും ഗോത്രവും ഭാഷയും വംശവും ആയവരോടു അറിയിപ്പാൻ അവന്റെ പക്കൽ ഒരു നിത്യസുവിശേഷം ഉണ്ടായിരുന്നു. ദൈവത്തെ ഭയപ്പെട്ടു മഹത്വം കൊടുപ്പിൻ; അവന്റെ ന്യായവിധിയുടെ നാഴിക വന്നിരിക്കുന്നു. ആകാശവും ഭൂമിയും സമുദ്രവും നീരുറവകളും ഉണ്ടാക്കിയവനെ നമസ്കരിപ്പിൻ എന്നു അവൻ അത്യുച്ചത്തിൽ പറഞ്ഞുകൊണ്ടിരുന്നു. വെളി. 14:6,7.***

കഷ്ടകാലത്തിന്റെ പ്രാരംഭത്തിൽ നാം ശബ്ബത്തിനെ ശക്തമായും പൂർണ്ണമായും ഘോഷിക്കേണ്ടതിന് പരിശുദ്ധാത്മ ശക്തിയാൽ നിറവുള്ളവരായിത്തീരും. കഷ്ടകാലത്തിന്റെ പ്രാരംഭം എന്നു ഇവിടെ പ്രതിപാദിക്കുന്നത് ബാധകൾ ചൊരിയുവാൻ ആരംഭിക്കുന്ന സമയമല്ല. എന്നാൽ അതിനുമുമ്പു ചുരുങ്ങിയ ഒരു ഇടവേളയിൽ ക്രിസ്തു സ്വർഗ്ഗീയ മന്ദിരശുശ്രൂഷയിലായിരിക്കുമ്പോൾ ഉള്ള സമയത്തെയാണ്. ഈ സമയത്തു രക്ഷയുടെ വേല അതിന്റെ അവസാനത്തിലെത്തിയിരിക്കയാൽ ഭൂമിയിൽ കഷ്ടത വരുകയും രാജ്യങ്ങൾ കോപിക്കുകയും ചെയ്യും. എന്നിരുന്നാലും ത്രിവിധ ദൂതുകളെ തടസ്സപ്പെടുത്താതിരിക്കേണ്ടതിന് അതിനെ തടഞ്ഞുനിർത്തും. ആ സമയത്തു പിൻമഴ പെയ്യുകയും അല്ലെങ്കിൽ കർത്താവിന്റെ സന്നിധിയിൽനിന്നും ശക്തിപ്രാപിക്കുകയും മൂന്നാം ദൂതന്റെ ദൂതിന് ശക്തി ലഭിക്കുകയും ഏഴു ബാധകളുടെ സമയത്ത് ഉറച്ചു നില്ക്കേണ്ടതിനു നീതിമാന്മാരെ ഒരുക്കുകയും ചെയ്യും.

വെളിപ്പാടു പുസ്തകം 14–ാം അദ്ധ്യായത്തിലെ ദൂതൻ പ്രദർശിപ്പിക്കുന്ന സന്ദേശം ക്രിസ്തു ആകാശമേഘങ്ങളിൽ വരുന്നതിനു തൊട്ടുമുമ്പ് ലോകത്തിൽ ഘോഷിക്കേണ്ടതാണ്. ഈ സമയത്തിനുമുമ്പ് ചവിട്ടിത്താഴ്ത്തപ്പെട്ട ദൈവത്തിന്റെ കല്പനയിലേക്ക് അതായതു സാക്ഷ്യപെട്ടകത്തിൽ സൂക്ഷിച്ചിരുന്ന കല്പനയിലേക്കു തന്നെ ജനങ്ങളുടെ ശ്രദ്ധ ക്ഷണിക്കപ്പെടും. അവർ ദൈവം അനുഗ്രഹിച്ചു ശുദ്ധീകരിച്ചു ആചരിക്കുവാൻ കല്പിച്ച ഏഴാംദിന ശബ്ബത്തിനുപകരം ആഴ്ചവട്ടത്തിന്റെ ഒന്നാം ദിവസത്തെ ആചരിക്കുന്നതായി കാണും. എന്നാൽ അവർ വിശ്വസ്തതയോടെ ദൈവഹിതം ചെയ്യുവാൻ ആഗ്രഹിക്കുന്നതുകൊണ്ടു തിരുവെഴുത്തുകളെ ശോധന ചെയ്യുകയും ആ മാറ്റത്തിനു കാരണം ആരായുകയും ചെയ്യും. അവർ പതിവുപോലെ ചെയ്തുപോന്ന ആചാരങ്ങൾക്കു തിരുവെഴുത്തിൽനിന്നു ആധികാരികമായ യാതൊന്നും കണ്ടെത്തുവാൻ കഴിയാത്ത പക്ഷം ഒരു പ്രശ്നം അവരുടെയിടയിൽ ഉടലെടുക്കും. നമ്മുടെയിടയിൽ പ്രചാരത്തിലില്ലാത്ത ഒരു സത്യം നാം സ്വീകരിക്കണമോ എന്നും ദൈവിക കല്പന അനുസരിക്കണമോ അതോ ലോകത്തിന്റെ കാഴ്ചപ്പാടിനൊത്തു പ്രവർത്തിച്ചു മാനുഷിക കല്പന അനുസരിക്കണമോ? അവർ വേദപുസ്തകം തുറന്നുവെച്ചു കരയുകയും പ്രാർത്ഥിക്കുകയും മനഃസാക്ഷിപരമായി ക്രമേണ ദൈവകല്പന അനുസരിക്കുവാനുള്ള നിലപാടിൽ എത്തിച്ചേരുകയും ചെയ്യും.

# രണ്ടാംദൂതന്റെ ദൂതുകൾ വീണ്ടും ആവർത്തിക്കപ്പെടും

***രണ്ടാമതു വേറൊരു ദൂതൻ പിൻചെന്നു: വീണുപോയി; തന്റെ ദുർന്നടപ്പിന്റെ ക്രോധമദ്യം സകലജാതികളെയും കുടിപ്പിച്ച മഹതിയാം ബാബിലോൺ വീണുപോയി എന്നു പറഞ്ഞു. വെളി. 14:8***

വെളിപ്പാടു പുസ്തകം 14–ാം അദ്ധ്യായത്തിൽ കാണുന്ന രണ്ടാം ദൂതന്റെ ദൂത് 1844 വേനൽക്കാലത്തു ആദ്യമായി പ്രസംഗിക്കപ്പെടുകയും ഐക്യനാടുകളിലുള്ള സഭയ്ക്കു അതു നേരിട്ടു പ്രവൃത്തിപഥത്തിൽ വരുത്തേണ്ടതും ആയിരുന്നു. എങ്കിലും എവിടെയാണോ ന്യായവിധിയുടെ മുന്നറിയിപ്പു കൊടുത്തത് അവിടെ പൊതുവേ അതു തിരസ്ക്കരിക്കുകയും സഭയുടെ പെട്ടെന്നുള്ള അധഃപതനത്തിനു കാരണമായിത്തീരുകയും ചെയ്തു. എന്നിരുന്നാലും 1844ൽ രണ്ടാം ദൂതന്റെ സന്ദേശത്തിന്റെ പൂർണ്ണ നിവൃത്തിയിൽ എത്തിയില്ല. ഈ പുനരാഗമന സന്ദേശം തിരസ്ക്കരിക്കപ്പെട്ടപ്പോൾ സഭകൾ സാന്മാർഗ്ഗിക സ്വഭാവത്തിൽനിന്നും വ്യതിചലിക്കുവാൻ ഇടയായിത്തീർന്നു. എന്നാൽ അതു പൂർണ്ണമായുള്ള വീഴ്ചയായിരുന്നില്ല. അവർ ദൈവത്തിന്റെ സത്യത്തോടുള്ള തിരസ്ക്കരണം തുടർന്നുകൊണ്ടിരുന്നപ്പോൾ അവർ വീണ്ടും വീണ്ടും താഴ്ചയിലേക്ക് വീണു. ബാബിലോൺ ഇപ്പോഴും പൂർണ്ണമായി വീണു എന്നു പറയുവാൻ കഴിയുകയില്ല, കാരണം തന്റെ ദുർന്നടപ്പിന്റെ ക്രോധമദ്യം സകല ജാതികളെയും അവൾ കുടിപ്പിക്കണം". അവൾക്കിന്നും സകല ജാതികളെയും അതു കുടിപ്പിക്കുവാൻ കഴിഞ്ഞിട്ടില്ല.

ബാബിലോണിൽ ദൈവത്തിനിപ്പോഴും ജനങ്ങളുണ്ട്. തന്റെ ന്യായവിധിയാലുള്ള സന്ദർശനത്തിനുമുമ്പായി അവളുടെ പാപങ്ങളിൽ ഓഹരിക്കാരാകാത്തവരെയും അവളുടെ ബാധകളിൽ പങ്കാളികളാകാത്ത ദൈവത്തിന്റെ ഈ വിശ്വസ്തരായവരെയും പുറത്തുകൊണ്ടുവരണം. ഇതാണ് രണ്ടാംദൂതന്റെ സന്ദേശത്തിന്റെ സാരം.

"തന്റെ ദുർന്നടപ്പിന്റെ ക്രോധമദ്യം സകല ജാതികളെയും കുടിപ്പിച്ച മഹതിയാം ബാബിലോൺ വീണുപോയി" എന്ന ദൂതിൽ മദ്യം എന്നതു എന്താണ്? അതാണ് അവളുടെ ദുരുപദേശങ്ങൾ. അവൾ നാലാം കല്പനയിലുള്ള ശബ്ബത്തിനുപകരം വ്യാജ ശബ്ബത്തിനെ തൽസ്ഥാനത്തു ലോകത്തിനു നല്കുകയും സാത്താൻ ആദ്യമായി ഏദെൻ തോട്ടത്തിൽ വച്ച് ഹവ്വയോടു പറഞ്ഞ അതെ വഞ്ചന തന്നെ ആത്മാവിന്റെ അമർത്യതയെക്കുറിച്ചു ആവർത്തിക്കുന്നു. അനേക ഗോത്രങ്ങളിലും ഇതുപോലെയുള്ള തെറ്റുകൾ വ്യാപകമായി പ്രചരിപ്പിക്കുകയും മാനുഷിക കല്പനകളുടെ ഉപദേശങ്ങളെ പഠിപ്പിക്കയും ചെയ്യുന്നു.

ലോകത്തിന്റെ അന്ത്യ മുന്നറിയിപ്പിൻ വേലയിൽ സഭകൾക്കു രണ്ടു വ്യത്യസ്ത വിളിയുണ്ടായിരിക്കും. രണ്ടാംദൂതന്റെ സന്ദേശം "തന്റെ ദുർന്നടപ്പിന്റെ ക്രോധമദ്യം സകല ജാതികളെയും കുടിപ്പിച്ച മഹതിയാം ബാബിലോൺ വീണുപോയി" എന്നും അതിനുശേഷം മൂന്നാം ദൂതന്റെ അത്യുച്ചത്തിലുള്ള സന്ദേശത്തിൽ സ്വർഗ്ഗത്തിൽ നിന്നും ഒരു ശബ്ദം പറയുന്നതു "അവളുടെ പാപങ്ങളിൽ കൂട്ടാളികളാകാതെയും അവളുടെ ബാധകളിൽ ഓഹരിക്കാരാകാതെയുമിരിപ്പാൻ അവളെ വിട്ടുപ്പോരുവിൻ" എന്നാണ്. ദൈവം അവളുടെ അകൃത്യത്തെ ഓർക്കുവാൻ തക്കവണ്ണം അവളുടെ പാപങ്ങൾ സ്വർഗ്ഗത്തോളം കുന്നിച്ചിരിക്കുന്നു.





# ശബ്ബത്തിനെതിരെയുള്ള ഞായറാഴ്ച പ്രശ്നം

***മൂന്നാമതു വേറൊരു ദൂതൻ അവരുടെ പിന്നാലെ വന്നു അത്യുച്ചത്തിൽ പറഞ്ഞതു മൃഗത്തെയും അതിന്റെ പ്രതിമയെയും നമസ്ക്കരിച്ചു നെറ്റിയിലോ കൈമേലോ മുദ്ര ഏല്ക്കുന്നവൻ ദൈവകോപത്തിന്റെ പാത്രത്തിൽ കലർപ്പില്ലാതെ പകർന്നിരിക്കുന്ന ദൈവക്രോധമദ്യം കുടിക്കേണ്ടി വരും; വിശുദ്ധ ദൂതന്മാർക്കും കുഞ്ഞാടിനും മുമ്പാകെ അഗ്നിഗന്ധകങ്ങളിൽ ദണ്ഡനം അനുഭവിക്കും. വെളി. 14:9,10.***

മുൻകാലങ്ങളിൽ മൂന്നാം ദൂതന്റെ ദൂതു ഘോഷിച്ചവരെ വെറുതെ ഭയപ്പെടുത്തുന്ന വ്യക്തികളായാണ് എല്ലാവരും കരുതിയിരുന്നത്. മതത്തിന്റെ അസഹിഷ്ണത ഐക്യനാടുകളിൽ സ്വാധീനം ചെലുത്തുമെന്നും സഭയും രാഷ്ട്രവും ഒന്നിച്ചു ദൈവകല്പന പ്രമാണിക്കുന്നവരെ പീഡിപ്പിക്കുമെന്നും ഉള്ള അവരുടെ പ്രവചനം തികച്ചും അടിസ്ഥാനരഹിതവും ഭോഷത്വവുമായി പ്രഖ്യാപിക്കും. എന്നിരുന്നാലും ദേശീയ ഞായറാഴ്ച ആചാരത്തെ നടപ്പിലാക്കുന്ന പ്രശ്നത്തെച്ചൊല്ലി എല്ലായിടത്തും പ്രതിക്ഷേധം ഉയരുമ്പോൾ നാം മുൻകാലങ്ങളിൽ സംശയത്തോടും അവിശ്വാസത്തോടും കണ്ടിരുന്നതു അടുത്തുവരികയും മുമ്പുണ്ടായിട്ടില്ലാത്തവിധം മൂന്നാം ദൂതന്റെ ദൂതിൻ ഫലം ലഭ്യമായിത്തീരുകയും ചെയ്യും.

വിശ്വാസവും പ്രാർത്ഥനയുമുള്ള മനുഷ്യർക്ക് ദൈവം അവർക്ക് കൊടുക്കുന്ന വചനം പ്രസ്താവിക്കുന്നതിനും ദൈവത്തിന്റെ മുദ്രയുമായി മുന്നോട്ടുപോകുന്നതിനുമുള്ള ശുദ്ധമായ തീക്ഷ്ണതയ്ക്കു തടസ്സങ്ങൾ നേരിടും. ബാബിലോണിന്റെ പാപങ്ങൾ വെളിപ്പെടും. രാഷ്ട്രീയ അധികാരത്താൽ സഭയുടെ ദുരാചാരങ്ങളെ നടപ്പിലാക്കുന്നതിനും അതിനാൽ കാപട്യം നിറഞ്ഞ പ്രേതാത്മവാദത്തിന്റെ പാതയും പെട്ടെന്നു ശക്തിയാർജ്ജിച്ചു ഉയർന്നുവരുന്ന പാപ്പാത്വശക്തിയുടെ ശരിയായ ഭീതി ജനിപ്പിക്കുന്ന മുഖം അന്നാൾ വ്യക്തമാക്കപ്പെടും. ഈ മുന്നറിയിപ്പു ജനങ്ങളെ ഇളക്കും. ഈ കാര്യങ്ങൾ ഇങ്ങനെയാണോ എന്നു ജനങ്ങൾ തങ്ങളുടെ മുൻ അദ്ധ്യാപകന്മാരുടെ അടുക്കൽചെന്നു ആകാംക്ഷയോടെ ആരായും. അപ്പോൾ പുരോഹിതന്മാർ കെട്ടുകഥകളാലും അനുയോജ്യമായ പ്രവചനങ്ങളാലും അവരുടെ ഭീതിയെ അകറ്റുവാനും അവരുടെ മനഃസാക്ഷിയെ സമാധാനിപ്പിക്കുവാനും പറ്റിയ കാര്യങ്ങളെ പ്രദർശിപ്പിക്കും. എന്നാൽ അനേകരും അവരുടെ ഉത്തരങ്ങളാൽ സംതൃപ്തരാകാതെ "യഹോവയുടെ തിരുവെഴുത്തു ഈവണ്ണം സംസാരിക്കുന്നു" എന്നുള്ള ആധികാരികമായിട്ടുള്ള ശുശ്രൂഷകളെ അവകാശപ്പെടുമ്പോൾ അവർ പരീശന്മാരെപ്പോലെ അവരുടെ അധികാരത്തെ ചോദ്യം ചെയ്യുന്നതിനാൽ കോപാകുലരാകുകയും സാത്താൻ ഉപദേശത്തെ ദുഷിപ്പിച്ചതുപോലെ പാപത്തെ സ്നേഹിക്കുന്നവരെ പ്രകോപിപ്പിക്കയും സത്യത്തെ ഘോഷിക്കുന്നവരുടെ നേരെ കോപത്തോടും അവരെ പീഡിപ്പിക്കുന്നതിനുമായി എഴുന്നേല്ക്കുകയും ചെയ്യും.

ഇവ്വണ്ണം പോരാട്ടം അധികരിച്ചു പുതിയ ഒരു വഴിത്തിരിവിലേക്കു തിരിഞ്ഞ് ജനത്തിന്റെ മനസ്സ് ചവിട്ടി താഴ്ത്തപ്പെട്ട ദൈവത്തിന്റെ കല്പനയിലേക്കു തിരിയുമ്പോൾ സാത്താൻ ഉണരും. ഈ സന്ദേശത്തിൽ ഉൾക്കൊണ്ടിരുന്ന ശക്തിക്ക് അതിനെതിരെ നിന്നവരെ മൂഢരാക്കുവാൻ മാത്രമെ സാധിക്കുകയുള്ളു. പുരോഹിതന്മാർ തങ്ങളുടെ എല്ലാ അമാനുഷിക പ്രയത്നവും ചെയ്തു തങ്ങളുടെ ആടുകളുടെ മേൽ സത്യം പ്രകാശിക്കാതിരിപ്പാൻ ശ്രമിക്കും. തങ്ങളുടെ എല്ലാ രീതികളിലും പ്രയത്നിച്ചു ഈ ഒരു പ്രശ്നത്തെ ചൊല്ലിയുള്ള ചർച്ചകൾ ഒതുക്കിത്തീർക്കുവാൻ ശ്രമിക്കും. സഭ രാഷ്ട്രീയ അധികാരത്തിന്റെ ശക്തിയിൽ ആശ്രയിക്കും. ഈ പ്രവർത്തനത്തിൽ പാപ്പത്വവും പ്രൊട്ടസ്റ്റന്റുകാരും ഒന്നിക്കും.

# മൂന്നു ദൂതന്മാരുടെ സന്ദേശത്തിലെ പ്രതീകപ്രയോഗങ്ങൾ

***യഹോവയുടെ വലുതും ഭയങ്കരവുമായ നാൾ വരുന്നതിനു മുമ്പെ ഞാൻ നിങ്ങൾക്കു ഏലീയാ പ്രവാചകനെ അയക്കും. മലാഖി. 4:5.***

ദൈവത്തിന്റെ ദിവസത്തിൽ അതിനെ അഭിമുഖീകരിക്കുവാൻ ജനത്തെ ഒരുക്കുന്നതിനായി ഒരു വലിയ നവീകരണവേല അഡ്വന്റിസ്റ്റു പ്രസ്ഥാനത്തിന് ചെയ്തു തീർക്കുവാനുണ്ട്. ദൈവജനമെന്നു അഭിമാനിക്കുന്ന അനേകരും നിത്യതയ്ക്കു വേണ്ടിയല്ല പണിതുകൊണ്ടിരിക്കുന്നതു എന്നു ദൈവം കണ്ടിട്ട് അവന്റെ കരുണ നിമിത്തം അവരുടെ മയക്കത്തിൽ നിന്നും ഉണർത്തി കർത്താവിന്റെ വരവിനുവേണ്ടി ഒരുക്കം ഉള്ളവരായി തീർക്കുന്നതിനു അവരെ നയിക്കുവാൻ ഒരു മുന്നറിയിപ്പിൻ സന്ദേശം അയയ്ക്കുന്നു. ഈ മുന്നറിയിപ്പാണ് വെളിപ്പാടു പുസ്തകം 14-ാമദ്ധ്യായത്തിൽ നാം കാണുന്നത്. ഇവിടെ സ്വർഗ്ഗീയ ദൂതന്മാരാൽ ഘോഷിക്കപ്പെടുന്ന ഒരു ത്രിവിധ ദൂതായിട്ടാണ് ചിത്രീകരിച്ചിരിക്കുന്നത്; അതിനുശേഷം മനുഷ്യപുത്രൻ ഭൂമിയിൽ കൊയ്ത്തിനായി വരുന്നതു ചിത്രീകരിച്ചിരിക്കുന്നു. ഈ ദുതന്മാർ ആകാശമദ്ധ്യേ പറക്കുന്നതായിട്ടാണ് സൂചിപ്പിച്ചിരിക്കുന്നത്. ഈ ലോകചരിത്രത്തിന്റെ അവസാനത്തിൽ ജീവിച്ചിരിക്കുന്ന ജനങ്ങളെ അറിയിക്കുവാൻ അവരുടെ പക്കൽ ഒരു മുന്നറിയിപ്പിൻ ദൂത് ഉണ്ടായിരുന്നു. അതു അവർ ലോകത്തെ അറിയിക്കുന്നു. ആരും ഈ ദൂതന്മാരുടെ ശബ്ദം കേൾക്കുന്നില്ല. കാരണം അവർ സ്വർഗ്ഗത്തോടു യോജിച്ച് വേല ചെയ്യുന്ന ദൈവജനത്തെയാണ് സൂചിപ്പിക്കുന്നത്. ഈ ത്രിവിധ ദൂതുകൾ അതിന്റെ ത്രിവിധ അർത്ഥത്തിൽ തന്നെ ലോകത്തിൽ ഘോഷിക്കണം. വെളിപ്പാടിൽ യോഹന്നാൻ ഇവ്വണ്ണം പറയുന്നു: അനന്തരം ഞാൻ വലിയ അധികാരമുള്ള മറ്റൊരു ദൂതൻ സ്വർഗ്ഗത്തിൽനിന്നും ഇറങ്ങുന്നതു കണ്ടു; അവന്റെ തേജസ്സിനാൽ ഭൂമി പ്രകാശിച്ചു" ഇതു സൂചിപ്പിക്കുന്നതു അവസാനം ലോകത്തിനു നല്കപ്പെടുന്ന മുന്നറിയിപ്പിന്റെ ത്രിവിധ ദൂതുകളെയാണ്.

വെളിപ്പാടു 18-ാം അദ്ധ്യായം ചൂണ്ടിക്കാണിക്കുന്ന സമയം വെളിപ്പാടു 14:6-12 വരെ പറഞ്ഞിരിക്കുന്ന ദൂതുകളെ (ത്രിവിധ ദൂതുകളുടെ മുന്നറിയിപ്പുകൾ) തിരസ്കരിക്കുമ്പോഴുള്ള ഫലമാണ്. ആ സന്ദർഭത്തിൽ സഭയുടെ അവസ്ഥ രണ്ടാം ദൂതിൽ പറഞ്ഞിരിക്കുന്നതുപോലെ ആകുകയും അത് ബാബിലോണിൽ കഴിയുന്ന ദൈവജനത്തോടു അവളിൽ നിന്നകന്നു ഓടിപ്പോരുവാനുള്ള ഒരു വിളിയായിട്ട് കാണുകയും ചെയ്യുന്നു. ഈ ദൂതാണ് ലോകത്തിനു ലഭിക്കുന്ന ഏറ്റവും അവസാനത്തെ ദൂത്. അതിലൂടെ ദൈവവേല പൂർത്തീകരിക്കപ്പെടും. സത്യത്തെ വിശ്വസിക്കാത്തവർ അനീതിയിൽ മുഴുകി അതിൽ സന്തോഷം കണ്ടെത്തി, കൊടിയ വഞ്ചനയ്ക്കും നാശത്തിനുമായി അകന്നുപോകുമ്പോൾ സത്യത്തിന്റെ വെളിച്ചം അതിനായി കാംക്ഷിക്കുന്നവരുടെമേൽ പ്രകാശിക്കുകയും ബാബേലിലുള്ള തന്റെ സകല ജനവും "എന്റെ ജനമായുള്ളോരേ.... അവളെവിട്ടു പോരുവിൻ എന്ന കർത്താവിന്റെ ശബ്ദം കേൾക്കുകയും ചെയ്യും (വെളി. 18:4).





# അന്ത്യകാലത്തിലെ സായുധ പോരാട്ടം

***സൈന്യങ്ങളുടെ യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു: അനർത്ഥം ജാതിയിൽനിന്നും ജാതിയിലേക്കു പുറപ്പെടുന്നു; ഭൂമിയുടെ അറ്റങ്ങളിൽ നിന്നു വലിയ കൊടുങ്കാറ്റു ഇളകി വരും. യിരെമ്യാവു 25:32.***

പെട്ടെന്നു വലിയ കഷ്ടങ്ങൾ രാജ്യങ്ങളിൽ നിന്നുയരുകയും. യേശുവിന്റെ വരുവോളം ആ കഷ്ടതകൾ തുടരുകയും ചെയ്യും. അപ്പോൾ മുമ്പത്തെക്കാൾ കൂടുതൽ ശക്തിയോടെ നാം ഒന്നിക്കുകയും സ്വർഗ്ഗത്തിൽ തന്റെ സിംഹാസനം ഒരുക്കിയവനും അവന്റെ രാജത്വം സകലത്തെയും ഭരിക്കുന്നവനുമായവനെ സേവിക്കുകയും ചെയ്യണം. ദൈവം തന്റെ ജനത്തെ മറക്കുന്നില്ല. അവനെ കൈകൊള്ളുമ്പോൾ നാമും ശക്തിയുള്ളവരാകും.

ദൈവത്തിന്റെ ന്യായവിധി ദേശത്തുണ്ട്. യുദ്ധവും യുദ്ധ ശ്രുതികളും പ്രളയത്താലും അഗ്നിയാലുമുള്ള നാശങ്ങളും വ്യക്തമായി പറഞ്ഞാൽ അന്ത്യകാലംവരെ വർദ്ധിച്ചുവരുന്ന കഷ്ടകാലം അടുത്തിരിക്കുന്നു. നമുക്കു പാഴാക്കുവാൻ ഇനി സമയമില്ല. ലോകം യുദ്ധത്തിനായി കളമൊരുക്കുകയാണ്. ദാനിയേൽ പതിനൊന്നാം അദ്ധ്യായത്തിലെ പ്രവചനങ്ങൾ ഏകദേശം പൂർണ്ണമായി നിവൃത്തിയായിരിക്കുന്നു.

പെട്ടെന്നു നാം പ്രതീക്ഷിക്കാത്ത കലക്കങ്ങൾ രാജ്യങ്ങളിൽനിന്നു ശക്തിയോടെ ഉയരും. എല്ലാത്തരം ജീവിതങ്ങളിലും ആകാംക്ഷയേറിയിരിക്കുന്ന ഒരു സമയമാണ് ഇത്. അധികാരികളും രാഷ്ട്രീയ നേതാക്കന്മാരും എല്ലാ തുറകളിലുമുള്ള സ്ത്രീപുരുഷന്മാരും നമുക്കുചുറ്റും നടക്കുന്ന സംഭവങ്ങളിലേക്കു അവരുടെ ശ്രദ്ധ തിരിക്കും. രാജ്യങ്ങൾ തമ്മിലുള്ള പിരിമുറുക്കങ്ങളെയും അസ്വസ്ഥതകളെയും അവർ ജാഗ്രതയോടെ വീക്ഷിക്കും. ഭൂമിയുടെ മൂലപദാർത്ഥങ്ങളിൽ വരുന്ന മാറ്റങ്ങളുടെ പ്രത്യേകത കണ്ടിട്ടു എന്തോ വലിയതും വഞ്ചനാപരമായതും പരിഹരിക്കാൻ കഴിയാത്തതുമായ വലിയ പ്രതിസന്ധി ലോകത്ത് ഉടലെടുക്കുവാൻ പോകുന്നു എന്നു ഗ്രഹിക്കും.

താല്ക്കാലിക ആശ്വാസത്തിനായി ഒരു ഇടവേള ദൈവം നമുക്ക് നല്കും. ആ സന്ദർഭത്തിൽ പരിജ്ഞാനമില്ലാത്തവർക്കുവേണ്ടി പ്രവർത്തിക്കുവാൻ സ്വർഗ്ഗം നമുക്കു നല്കിയിരിക്കുന്ന എല്ലാ ശക്തിയും നാം ഉപയോഗിക്കണം. അതിൽ കാലവിളംബം നാം വരുത്തരുത്. അന്ധകാര നിബിഡമായ ഭൂമിയുടെ എല്ലാ കോണിലും നാം സത്യത്തെ പ്രഘോഷിക്കണം. ഒരു വലിയ വേല ചെയ്തുതീർക്കുവാനുണ്ട്. ഈ സമയത്തേക്കുള്ള സത്യം അറിയാവുന്നവരിൽ ഇത് ഭരമേല്പിക്കപ്പെട്ടിരിക്കുന്നു.

ഭൂചരിത്രത്തിലെ അവസാന കാഴ്ച എന്ന നിലയിൽ യുദ്ധം അധികരിക്കും. മഹാവ്യാധികളും ബാധകളും ക്ഷാമവും അവിടവിടെ ഉണ്ടാകും. സമുദ്രം അതിന്റെ അതിരു ലംഘിച്ച് കയറും. സമ്പത്തുക്കൾ പ്രളയത്താലും അഗ്നിബാധയാലും നഷ്ടമാകും. ക്രിസ്തു നമുക്കുവേണ്ടി ഒരുക്കുവാൻ പോയിരിക്കുന്ന വാസസ്ഥലത്തിനായി നാം ഒരുക്കമുള്ളവരായിരിക്കണം. ഭൂമിയിലെ സകല കഷ്ടങ്ങളിൽനിന്നും നമുക്ക് ഒരു വിശ്രമം ഉണ്ട്.

# പ്രശ്നകലുഷിതമായ സമയം നമുക്കു മീതെ

***അതിന്റെ ശേഷം ഭൂമിമേലും കടലിന്മേലും യാതൊരു വൃക്ഷത്തിന്മേലും കാറ്റു ഊതാതിരിക്കേണ്ടതിനു നാലു ദൂതന്മാർ ഭൂമിയിലെ നാലു കാറ്റും പിടിച്ചുകൊണ്ടു ഭൂമിയുടെ നാലുകോണിലും നില്ക്കുന്നതു ഞാൻ കണ്ടു. വെളി. 7:1***

ഇന്നും ഭൂമിയുടെ നാലു കാറ്റുകളെ ശക്തിയുള്ള നാലു ദൂതന്മാർ പിടിച്ചിരിക്കുന്നു. ഭയാനകമായ നാശം വരാതിരിക്കുവാൻ തടുത്തിരിക്കുന്നു. രാജ്യത്തു സംഭവിക്കുവാൻ പോകുന്ന മാരകമായ കോളിളക്കത്തെയാണ് കാറ്റു പ്രതിനിധീകരിക്കുന്നത്. ദൈവത്തിന്റെ വൃതന്മാരുടെ നെറ്റിമേൽ മുദ്രയിട്ടു തീരുവോളം സാത്താൻ തന്റെ ക്രോധത്താൽ ഇളക്കിവിടുന്ന ഈ കാറ്റിനെ നാലു ദൂതന്മാർ ബന്ധിച്ചു നിർത്തിയിരിക്കുന്നു.

കാലത്തിന്റെ അടയാളങ്ങൾ കർത്താവിന്റെ ദിവസം അടുത്തിരിക്കുന്നു എന്നും അവന്റെ ന്യായവിധിയുടെ നാഴിക വന്നിരിക്കുന്നു എന്നതിനു തെളിവും നല്കുന്നു. അനുദിനം നാം വായിക്കുന്ന വാർത്തകൾ വരുവാനിരിക്കുന്ന പോരാട്ടത്തിന്റെ കാഠിന്യത്തെ സൂചിപ്പിക്കുന്നു. തന്ത്രപൂർവ്വം നടന്നുകൊണ്ടിരിക്കുന്ന മോഷണങ്ങൾ, കലക്കങ്ങൾ എന്നിവ സർവ്വ സാധാരണമായിരിക്കുന്നു. വഞ്ചനയും കൊലപാതകങ്ങളും ദേശത്തു അരങ്ങേറുന്നു. ദുഷ്ടത ബാധിച്ച മനുഷ്യൻ സ്ത്രീകളുടെയും പുരുഷന്മാരുടെയും കുട്ടികളുടെയും ജീവൻ എടുക്കുന്നു. ഇവയെല്ലാം കർത്താവിന്റെ വരവ് ഏറ്റവും അടുത്തു എന്നതിനു സാക്ഷ്യം വഹിക്കുന്നു. മനുഷ്യരിൽ സംവാദിച്ചുകൊണ്ടിരുന്ന ദൈവത്തിന്റെ ആത്മാവിനെ ഇപ്പോൾതന്നെ ഭൂമിയിൽനിന്നും പിൻവാങ്ങിയിരിക്കുന്നു. കൊടുങ്കാറ്റും പേമാരിയും കടൽക്ഷോഭങ്ങളും കരയിലും സമുദ്രങ്ങളിൽനിന്നും ഉണ്ടാകുന്ന നാശങ്ങളും അടിക്കടി ഉയർന്നുകൊണ്ടിരിക്കുന്നതും മനുഷ്യപുത്രന്റെ ആഗമനത്തിന്റെ അടുപ്പം നമ്മോടു വിളിച്ചറിയിക്കുന്നു.

സമയം ഇപ്പോൾതന്നെ നമ്മുടെമേൽ വന്നിരിക്കുന്നു. ലോകത്തിന്റെ ദുഃഖം ഒരു മനുഷ്യ ഔഷധംകൊണ്ടും ഭേദമാകുന്നില്ല. ലോകത്തിൽ വലിയ നാശം വരുംമുമ്പെ മനുഷ്യൻ തന്റെ മഹിമയ്ക്കായി പണിത ഓർമ്മസ്മരണകൾ തകർന്നുടഞ്ഞു മണ്ണിനോടു ചേരും. വെളിച്ചമുണ്ടായിട്ടും പാപത്തിൽ തുടർന്നവരുടെ മേൽ ദൈവത്തിന്റെ ന്യായവിധിയുണ്ടാകും. അഗ്നി ബാധിക്കുകയില്ല എന്നു കരുതിയ കോടികൾ വിലമതിക്കുന്ന കെട്ടിടങ്ങൾ സൊദോം ദൈവത്തിന്റെ ക്രോധാഗ്നിയാൽ നശിച്ചതുപോലെ ചാരമായിത്തീരും. വളരെ വില കൊടുത്തു വാങ്ങിയ കപ്പലുകൾ കടലിലെ ഓളത്തിൽ മല്ലടിക്കുന്ന കാഴ്ച ഞാൻ കണ്ടു. എന്നാൽ അവരുടെ സ്വർണ്ണം വെള്ളി മുതലായ സകല സമ്പത്തുകളോടുംകൂടി മനുഷ്യർ വെള്ളമാകുന്ന ശവക്കല്ലറയിലേക്ക് മുങ്ങിത്താഴും. എന്നിരുന്നാലും ഈ ഉദ്വേദിപ്പിക്കുന്ന സംഭ്രമങ്ങൾക്കും ബഹളത്തിനും നടുവിലും ദൈവത്തിന്റെ വേല ഈ ലോകത്തിൽ തികക്കേണ്ടതുണ്ട്.





# പ്രകൃതിക്ഷോഭത്തിനു കാരണക്കാർ ദൈവജനമെന്നു കുറ്റപ്പെടുത്തുന്നു

***ആകയാൽ സ്വർഗ്ഗവും അതിൽ വസിക്കുന്നവരുമായുള്ളോരേ, ആനന്ദിപ്പിൻ; ഭൂമിക്കും സമുദ്രത്തിനും അയ്യോ കഷ്ടം; പിശാചു തനിക്കു അല്പകാലമേയുള്ളു എന്നു അറിഞ്ഞു മഹാക്രോധത്തോടെ നിങ്ങളുടെ അടുക്കൽ ഇറങ്ങിവന്നിരിക്കുന്നു. വെളി. 12:12.***

മനുഷ്യൻ ദൈവത്തിൽനിന്നു ക്രമേണ അകലുമ്പോൾ, അനുസരണംകെട്ട മക്കളുടെമേൽ സാത്താൻ തന്റെ ശക്തിയുപയോഗിക്കുന്നു. അവൻ മനുഷ്യരിൽ നാശം കൊണ്ടുവരുന്നു. കരയിലും സമുദ്രത്തിലും പ്രകൃതിക്ഷോഭങ്ങളുണ്ടാകുന്നു. സ്വത്തുക്കളും ജീവനും അഗ്നിയാലും വെള്ളത്താലും നശിക്കുന്നു. സാത്താൻ ഇതിന്റെ എല്ലാത്തിന്റെയും കാരണം താൻ നിർമ്മിച്ച വിഗ്രഹത്തെ നമസ്ക്കരിക്കാത്തവരുടെമേൽ ചുമത്തുന്നു. ഈ പ്രശ്നങ്ങൾക്കു കാരണക്കാർ സെവന്ത്-ഡേ അഡ്വന്റിസ്റ്റുകാർ ആണെന്ന് അവന്റെ അനുയായികൾ ചൂണ്ടിക്കാണിക്കും. ഈ ജനം ദൈവകല്പനയ്ക്കു വിരുദ്ധമായി പ്രവർത്തിക്കും. അവർ ഞായറാഴ്ചയെ ദുഷിക്കുന്നു എന്ന് അവർ പറയും. അവരെ ഞായറാഴ്ച നിയമം അനുസരിക്കുവാൻ പ്രേരിപ്പിച്ചിരുന്നു എങ്കിൽ ഈ ഭയാനകമായ ന്യായവിധിയുണ്ടാകുമായിരുന്നില്ല. പ്രകൃതിക്ഷോഭങ്ങൾ വന്നുകൊണ്ടിരിക്കും. പ്രതീക്ഷിക്കാത്തതും ഭീതി പരത്തുന്നതുമായ പ്രകൃതിക്ഷോഭങ്ങൾ ഒന്നിനു പിറകെ ഒന്നായി ഉടലെടുക്കുകയും നാശം സംഭവിക്കുകയും ചെയ്യും. അവർ ദൈവത്തിന്റെ മുന്നറിയിപ്പുകൾ ശ്രദ്ധിക്കുകയും സഭകൾ മാസാന്തരത്തിലേക്കു കടന്നുവരുകയും അവരുടെ കൂട്ടായ്മയിൽ ഒന്നിക്കുകയും ചെയ്യുമെങ്കിൽ മറ്റുള്ള നഗരങ്ങളും ഒരു സമയത്തേക്കു സംരക്ഷിക്കപ്പെടുമായിരുന്നു. എന്നാൽ വഞ്ചനയിൽ അകപ്പെട്ട മനുഷ്യർ വഞ്ചനയിൽതന്നെ തുടരുകയും ദൈവകല്പനയെ അവഗണിക്കുകയും മറ്റുള്ള ജനങ്ങളുടെ മുമ്പാകെ കപടതയോടെ നടക്കുകയും ചെയ്യുമ്പോൾ അവർ പ്രകൃതിക്ഷോഭങ്ങളാൽ കഷ്ടപ്പെടുവാനും അങ്ങനെ അവരുടെ ഇന്ദ്രിയങ്ങൾ ഉണർത്തപ്പെടുവാനും ദൈവം അനുവദിക്കുന്നു.

ന്യായവിധി അവനവന്റെ ദുഷ്ടതയ്ക്കനുസരിച്ചും അവർക്കു ലഭിച്ച വെളിച്ചത്തിനൊത്തവണ്ണവുമായിരിക്കും. സത്യത്തെക്കുറിച്ചു അവർക്കു ലഭിച്ച വെളിച്ചത്തിനൊത്തവണ്ണം ആയിരിക്കും ഓരോരുത്തരുടെയും ശിക്ഷാവിധി.

ഓരോ സംഭവത്തിനും സാത്താൻ തന്റേതായ വിവരണങ്ങൾ കൊടുക്കും. ബുദ്ധിജീവികളും നേതൃത്വസ്ഥാനങ്ങളിലുള്ള മനുഷ്യരും അവന്റെ സ്വാധീനത്തിലായിരിക്കയാൽ ദേശത്തുണ്ടാകുന്ന പ്രകൃതിക്ഷോഭങ്ങൾക്കു കാരണം ഞായറാഴ്ചയെ ദുർബലപ്പെടുത്തുന്നതുകൊണ്ടാണെന്നും ചിന്തിക്കും. അതുകൊണ്ടു ദൈവക്രോധത്തെ സമ്പാദിക്കാതിരിപ്പാൻ ഈ സ്വാധീനമുള്ള മനുഷ്യർ ഞായറാഴ്ച ആചാരത്തെ പാലിക്കുവാൻ ശക്തിയുള്ള നിയമം പുറപ്പെടുവിക്കും. അവർ ഇങ്ങനെ കപടമായ സ്വസ്ഥതാദിവസത്തെ കൂടുതൽ കൂടുതൽ ഉയർത്തിക്കാണിക്കുന്നതിലൂടെ അവർ ദൈവത്തിന്റെ സേവനത്തിലാണെന്നു ചിന്തിക്കുന്നു. യഥാർത്ഥ ശബ്ബത്തുകളെ ആചരിച്ചുകൊണ്ടു ദൈവത്തെ ബഹുമാനിക്കുന്നവരെ ദൈവത്തോടു അവിശ്വസ്തരായും അവർ ചിത്രീകരിക്കുന്നു. യഥാർത്ഥത്തിൽ ഏദെൻ തോട്ടത്തിൽ ഉത്ഭവിച്ച യഥാർത്ഥ ശബ്ബത്തിനെ അവർ ചവിട്ടിക്കളയുന്നതിനാൽ അവർ ദൈവത്തോട് അവിശ്വസ്തരാണ്.

# ശബ്ബത്തനുസാരികൾക്കു ജ്ഞാനംകൊണ്ട് ആവശ്യം

***ചെന്നായ്ക്കളുടെ നടുവിൽ ആടിനെപ്പോലെ ഞാൻ നിങ്ങളെ അയയ്ക്കുന്നു. ആക യാൽ പാമ്പിനെപ്പോലെ ബുദ്ധിയുള്ളവരും പ്രാവിനെപ്പോലെ കളങ്കമില്ലാത്തവരും ആയിരിപ്പിൻ. മത്തായി 10:16.***

ജനത്തിന്റെ പ്രവൃത്തികൾ ദൈവത്തിന്റെ ന്യായപ്രമാണത്തിനു വിരുദ്ധമ ല്ലായെങ്കിൽ നിങ്ങൾ അവർക്ക് ഉറപ്പു നല്കേണ്ടിയിരിക്കുന്നു. എന്നാൽ വേല ക്കാർക്കു അതിൽ വീഴ്ച ഭവിച്ചു എങ്കിൽ അവർ അവരുടെ വേലയ്ക്കുതന്നെ തടസ്സം വരുത്തുകയും മാത്രമല്ല അവർ ആർക്കുവേണ്ടി പ്രവർത്തിക്കുന്നുവോ അവരുടെ പാതകളിൽ ഇടർച്ചക്കല്ലുകളെ വെക്കുകയും സത്യത്തെ സ്വീകരി ക്കുന്നതിൽനിന്നും അവരെ തടുക്കുകയും ചെയ്യുന്നു. മിഷനറിമാരായിരിക്കുന്ന വർക്ക് ഞായറാഴ്ച പള്ളിക്കൂടം തുടങ്ങുന്നതിനും തിരുവചനം പഠിപ്പിക്കുന്ന തിനും പാപികളോടുള്ള യേശുവിന്റെ സ്നേഹത്തെക്കുറിച്ചു പറയുന്നതിനും ഞായറാഴ്ച ഒരു സുവർണ്ണാവസരമാകുന്നു.

ഇന്നു ഞായറാഴ്ച ആചാരം ഒരു പരീക്ഷയായിട്ടില്ല. എന്നാൽ ഞായറാഴ്ച വേല ഉപേക്ഷിക്കുവാനും മറിച്ചു ശബ്ബത്തിന്റെ ആ വേല ചെയ്യുവാനും മനു ഷ്യൻ നിർബ്ബന്ധിതരായിത്തീരുന്നതും ഞായറാഴ്ച ആചരിക്കാത്തവർക്കു സ്വാതന്ത്ര്യം നഷ്ടപ്പെടുന്നതും ജീവഹാനിയുണ്ടാക്കുന്നതുമായ നാഴിക കട ന്നുവരുന്നു. ഇപ്പോഴും ആ സമയം വന്നെത്തിയിട്ടില്ല. കാരണം സത്യം സകല ജനത്തിനും മുമ്പാകെ വ്യക്തമായും പൂർണ്ണമായും അവതരിക്കപ്പെട്ടിട്ടില്ല.

എനിക്കു ലഭിച്ച വെളിച്ചം ഇതാണ്. ദൈവത്തിന്റെ ദാസന്മാർ വേലയ്ക്കായി സമാധാനത്തോടെ പോകയും ആ വലിയ ശ്രേഷ്ഠമേറിയ വേദസത്യങ്ങളെ പ്രസംഗിക്കാനും ക്രിസ്തുവിനെക്കുറിച്ചും അവന്റെ കാൽവരിയെക്കുറിച്ചും അവന്റെ യാഗത്തെക്കുറിച്ചും സ്നേഹത്തെക്കുറിച്ചും മാത്രമല്ല ക്രിസ്തു മരി ക്കുവാൻ ദൈവത്തിന്റെ ന്യായപ്രമാണം മാറ്റമില്ലാത്തതും നീക്കമില്ലാത്തതും നിത്യമായതും നിലനില്ക്കുന്നതും ആയതുകൊണ്ടാണ് എന്നു അവരെ കാണിച്ചു കൊടുക്കേണ്ടതാണ്. ഒരു നിശ്ചിത രീതിയിൽ ശബ്ബത്തിനെ പഠിപ്പി ക്കുകയും എന്നാൽ വളരെ മുൻകരുതലോടെ ഞായറാഴ്ച എന്ന വിഗ്രഹാരാ ധനയെ നേരിടുകയും വേണം. ബുദ്ധിമാനോട് ഒരു വാക്കുതന്നെ ധാരാളമാണ്.

വേലയിൽനിന്നു ഞായറാഴ്ച ഒഴിവായിരിക്കുന്നത് മൃഗത്തിന്റെ മുദ്ര ഏല്ക്ക ലല്ല; വേലയ്ക്കു അതു ആവശ്യമായി വരുമ്പോൾ അതു ചെയ്ക. നാം ഞായ റാഴ്ച വേല ചെയ്യേണ്ടതിന് നമ്മുടെ വഴിവിട്ടു പോകരുത്.

വിശുദ്ധ ശബ്ബത്തിനെക്കുറിച്ചുള്ള വെളിച്ചം കാണുകയും കേൾക്കുകയും ചെയ്യുന്നവർ ദൈവത്തിന്റെ വിശുദ്ധ ദിവസത്തെ ആചരിക്കേണ്ടതിനുള്ള ശക്ത മായ നിലപാട് സ്വീകരിക്കുക. എന്നാൽ അവർക്കു വളരെ പ്രയാസങ്ങൾ തരണം ചെയ്യേണ്ടിവരും. ദൈവകല്പന ലംഘിക്കുവാനായി യുവതീയുവാക്കന്മാരും നിർബന്ധിതരായിത്തീരും. കാരണം അതിനായി അവർക്കെതിരെ പ്രവർത്തന ങ്ങൾ ഉണ്ടാകും. ഇവിടെയാണ് അവർ ഉറച്ചുനില്ക്കേണ്ടത്. അവർ ദൈവത്തിന്റെ ന്യായപ്രമാണം ലംഘിക്കരുത്. എന്നാൽ പ്രതികൂല സാഹചര്യം കഠിനമാകു മ്പോൾ പീഡനം വർദ്ധിച്ചു പെരുകുമ്പോൾ അവർ ക്രിസ്തുവിന്റെ വചനം കേൾക്കണം "അവർ നിങ്ങളെ ഒരു നഗരത്തിൽ വച്ചു ഉപദ്രവിക്കുമ്പോൾ അതു വിട്ടു അടുത്ത പട്ടണത്തിലേക്കു ഓടിപ്പോകുക."





# ഞായറാഴ്ച മിഷനറിവേല

***വചനം പ്രസംഗിക്ക; സമയത്തിലും അസമയത്തിലും ഒരുങ്ങിനില്ക്ക; സകല ദീർഘ ക്ഷമയോടും ഉപദേശത്തോടും കൂടെ ശാസിക്ക; തർജ്ജനം ചെയ്ക; പ്രബോധി പ്പിക്ക. 2 തിമൊ. 4:2.***

ഞായറാഴ്ച നിയമത്തെ ദുഷിച്ചാൽ ഇതു പ്രാബല്യത്തിൽ കൊണ്ടുവരു വാൻ താല്പര്യപ്പെടുന്ന മതഭ്രാന്തന്മാർ പീഡനം ശക്തമാക്കും. നിങ്ങൾ കല്പന ലംഘികളെന്നു അവർക്കു വിളിക്കുവാൻ അവസരം കൊടുക്കരുത്. അവർ മറ്റു ള്ളവരാൽ നിയന്ത്രണത്തിനു ശക്തിയാർജ്ജിക്കുന്നു എങ്കിൽ അതിന്റെ പുതുമ നഷ്ടപ്പെടുകയും ഞായറാഴ്ച ആചാരത്തെ കഠിനമായി കരുതുവാൻ തക്ക വണ്ണം ഇത് ഇത്ര സ്ഥിരതയുള്ളതായോ സൗകര്യമല്ലാത്തതായോ കാണുക യില്ല. ആകയാൽ നിങ്ങളുടെ മിഷനറി പ്രവർത്തനം ദൈവത്തിന്റെ വചനം കര ങ്ങളിലേന്തി നടത്തുക. അപ്പോൾ ശത്രുവിന്റെ പ്രവർത്തനത്തിനു ഇവിടെ വില യുണ്ടാവുകയില്ല എന്നു അവനുതന്നെ ബോധ്യമായിക്കൊള്ളും. ഇങ്ങനെ ചെയ്യു ന്നതിനാൽ അവൻ മൃഗത്തിന്റെ മുദ്രയേല്ക്കണം എന്നില്ല. കാരണം അവൻ ആ സന്ദർഭത്തിൽതന്നെ ജോലിയിൽനിന്നു വിശ്രമിക്കുകയും ഏറ്റവും പ്രാധാ ന്യമേറിയ മറ്റൊരു വേല ചെയ്യുകയും ചെയ്യുന്നതിനാൽ സമാധാനം കാക്കു വാൻ ജ്ഞാനമുള്ളവനായിത്തീരുന്നു.

നാം ഞായറാഴ്ച മിഷനറി വേലയ്ക്കുവേണ്ടി സമർപ്പിക്കുമ്പോൾ സെവന്ത് -ഡെ അഡ്വന്റിസ്റ്റുകാരെ തരംതാഴ്ത്തിക്കാണിക്കുന്നതിൽ സന്തോഷിക്കുന്ന പ്രതിപക്ഷ മതഭ്രാന്തന്മാരുടെ ചാട്ടവാറടിയിൽനിന്നും വിടുതൽ പ്രാപിക്കുന്നു. ഞായറാഴ്ച ദിവസങ്ങൾ ചില വേലകൾ മുൻപോട്ടു കൊണ്ടുപോകുവാൻ ഉപ കരിക്കും, അങ്ങനെ കർത്താവിന്റെ വേല തികയ്ക്കാൻ കഴിയും. ഈ ദിവസ ങ്ങളിൽ പുറത്തുള്ള യോഗങ്ങളും ഭവനത്തിലെ യോഗങ്ങളും നടത്തപ്പെടും. ഭവനങ്ങൾ തോറുമുള്ള വേലകൾ നടക്കും. എഴുതുവാൻ സമർപ്പിക്കപ്പെട്ടവർക്ക് ഈ ദിവസങ്ങൾ അവരുടെ എഴുത്തുകൾ എഴുതുവാൻ ഉപയോഗിക്കാം. എപ്പോ ഴൊക്കെ സാധ്യമാണോ അപ്പോഴൊക്കെ മതപരമായ ശുശ്രൂഷകൾ ഞായറാഴ്ച നടത്തട്ടെ. ഈ കൂട്ടായ്മ ഉണർവ്വുള്ളതും ആകർഷകമായതുമാക്കിത്തീർക്കുക, നല്ല ഉണർവ്വുള്ള പാട്ടുകൾ പാടുക, ശക്തിയോടെ സംസാരിക്കുക, കർത്താ വിന്റെ സ്നേഹത്തിന്റെ വാഗ്ദത്തങ്ങളെക്കുറിച്ചു സംസാരിക്കുക. മതത്തെക്കു റിച്ചും യഥാർത്ഥ ആത്മീക അനുഭവങ്ങളെക്കുറിച്ചും സംസാരിക്കുക. ഇവ്വണ്ണം നിങ്ങൾ അധികം പഠിക്കുകയും എങ്ങനെ പ്രവർത്തിക്കണം എന്നും എങ്ങനെ അനേകം ആത്മാക്കളെ കണ്ടെത്തണമെന്നും പഠിക്കും.

ആഴ്ചവട്ടത്തിന്റെ ഒന്നാംദിവസം ആചരിക്കണമെന്ന നിയമം വിശ്വാസത്യാ ഗികളായ ക്രിസ്തീയ സമൂഹത്തിന്റെ സൃഷ്ടിയാണ്. ഞായറാഴ്ച ആചരണം എന്നത് പാപ്പാത്വത്തിന്റെ സന്തതിയും ക്രൈസ്തവലോകം ദൈവത്തിന്റെ സ്വസ്ഥതയെക്കാൾ ഉപരിയായി ഉയർത്തിയിരിക്കുന്നതുമായ വിശുദ്ധ ദിവസ മാണ്. തന്മൂലം ദൈവജനം അതിന് യാതൊരു ബഹുമാനവും കൊടുക്കരുത്. അവന്റെ ഹിതത്തിനു എതിരെ അതു അവഗണിക്കുവാൻ ശ്രമിക്കുമ്പോൾ അവർ ദൈവത്തിന്റെ ഇഷ്ടം ചെയ്യുന്നില്ലെന്നു ഗ്രഹിക്കണമെന്നു ഞാൻ ആഗ്രഹി ക്കുന്നു. അത്ഭുതകരമായ ദൃശ്യങ്ങൾ നമുക്കുമുമ്പാകെ സംഭവിക്കുന്നു; ദൈവ ത്തിന്റെ ജനങ്ങളിൽനിന്നും ഈ സന്ദർഭത്തിൽ ഒരു ജീവനുള്ള സാക്ഷ്യം ഉയ രേണ്ടിയിരിക്കുന്നു. ദുഷ്ടത എല്ലാ വശത്തുനിന്നും ഉയർന്നു വാഴുന്ന സന്ദർഭ ത്തിലും ദൈവത്തെ അന്വേഷിക്കുന്നതിനും അവന്റെ ഇഷ്ടത്തിനു സമർപ്പിക്കുന്നവരും ജീവിതത്തിലും ഹൃദയങ്ങളിലും ദൈവകല്പന എഴുതി യിരിക്കുന്നതുമായ ഒരു ജനം ഉണ്ടെന്ന് ഈ യുഗത്തിൽ ലോകം കാണും.

# അമേരിക്ക ദൈവ കല്പന ഇല്ലായ്മ ചെയ്യുന്നു

***യഹോവേ, ഇതു നിനക്കു പ്രവർത്തിക്കുവാനുള്ള സമയമാകുന്നു; അവൻ നിന്റെ ന്യായപ്രമാണം ദുർബലമാക്കിയിരിക്കുന്നു. സങ്കീ. 119:126.***

ഒരു പ്രത്യേക കാഴ്ചപ്പാടിൽ പറഞ്ഞാൽ ദൈവനിയമത്തെ അമേരിക്കയിൽനിന്നും ഇല്ലായ്മ ചെയ്യുവാനുള്ള ഒരു സമയം വരുന്നു. ഭരണാധികാരികൾ നിയമനിർമ്മാണത്തിലൂടെ ദേശീയ ഞായറാഴ്ച നിയമം പ്രാബല്യത്തിൽ വരുത്തുമ്പോൾ ദൈവജനം ഒരു മഹാ പ്രതിസന്ധിയിൽ അകപ്പെടും. അമേരിക്ക അവളുടെ നിയമനിർമ്മാണ സമിതിയിലൂടെ മനുഷ്യരുടെ മതപരമായ സ്വാതന്ത്ര്യത്തെ സംബന്ധിച്ച മനഃസാക്ഷിയെ ബന്ധിക്കുന്നതിന് ഞായറാഴ്ച നിയമം കൊണ്ടുവരികയും ഏഴാംദിന ശബ്ബത്തനുസരിക്കുന്നവരുടെമേൽ അടിച്ചമർത്തുന്ന അധികാരം ചെലുത്തുകയും ചെയ്യുമ്പോൾ, ദൈവത്തിന്റെ കല്പനകൾ അതിന്റെ സകല ധർമ്മത്തിലും ഉദ്ദേശത്തിലും ദേശത്തുനിന്ന് തുടച്ചു മാറ്റപ്പെടും.

ദൈവജനം തങ്ങളുടെ സ്വന്ത മനഃസാക്ഷിക്കൊത്തവണ്ണം അവനെ ആരാധിക്കേണ്ടതിന് അവർക്ക് ഒരു അഭയസ്ഥാനമെന്നവണ്ണം ദൈവം കൊടുത്തതും സർവ്വശക്തന്റെ രക്ഷാകവചം വ്യാപകമായി ദീർഘനാൾ അനുഭവിച്ചതും ക്രിസ്തുവിന്റെ നിർമ്മല സത്യത്തിന്റെ നിക്ഷേപസ്ഥലമായിരുന്നതുമായ ആ ദേശം അവളുടെ നിയമ നിർമ്മാതാക്കളിലൂടെ നവോത്ഥാന പ്രസ്ഥാനത്തിന്റെ തത്വങ്ങളെ നിഷേധിക്കുകയും ദൈവത്തിന്റെ നിയമത്തെ ചവിട്ടിമെതിച്ച് റോമയുടെ വിശ്വാസത്യാഗത്തിന് അംഗീകാരം കൊടുക്കുകയും ചെയ്യുമ്പോഴാണ് അധർമ്മമൂർത്തിയുടെ അവസാന വേല വെളിവാകുന്നത്. അവർ ഒരു കപടമായ ദേശീയ ശബ്ബത്താചരണത്തിനു പ്രേരണ ചെലുത്തുകയും തെറ്റായ റോമൻ വിശ്വാസങ്ങൾക്കു കരുത്തും ജീവനും പുതുക്കവും നല്കുകയും ചെയ്യും. ഈ സന്ദർഭത്തിലാണ് ദൈവം തന്റെ സത്യത്തെ തെളിയിക്കുവാൻ സർവ്വ ശക്തിയോടും പ്രവർത്തിക്കുന്നത്.

പ്രവാചകൻ ഈവണ്ണം പറയുന്നു: “അനന്തരം ഞാൻ വലിയ അധികാരമുള്ള മറ്റൊരു ദൂതൻ സ്വർഗ്ഗത്തിൽനിന്നു ഇറങ്ങുന്നതു കണ്ടു; അവന്റെ തേജസ്സിനാൽ ഭൂമി പ്രകാശിച്ചു. അവൻ ഉറക്കെ വിളിച്ചു പറഞ്ഞതു വീണുപോയി മഹതിയാം ബാബിലോൺ വീണുപോയി”. “വേറൊരു ശബ്ദം സ്വർഗ്ഗത്തിൽനിന്നു പറയുന്നതായി ഞാൻ കേട്ടതു എന്റെ ജനമായുള്ളോരേ, അവളുടെ പാപങ്ങളിൽ കൂട്ടാളികളാകാതെയും അവളുടെ ബാധകളിൽ ഓഹരിക്കാരാകാതെയുമിരിപ്പാൻ അവളെ വിട്ടു പോരുവിൻ. അവളുടെ പാപം ആകാശത്തോളം കുന്നിച്ചിരിക്കുന്നു; അവളുടെ അകൃത്യം ദൈവം ഓർത്തിട്ടുമുണ്ട്”. എപ്പോഴാണ് അവളുടെ പാപം ആകാശത്തോളം കുന്നിക്കുന്നത്? അവർ ദൈവത്തിന്റെ ന്യായപ്രമാണത്തെ നിയമംമൂലം നീക്കിക്കളയുമ്പോൾ ദൈവജനത്തിന് പരമോന്നതിയിൽ കാണിച്ചുകൊടുപ്പാൻ കഴിയുന്നത് ആരാണ് ആകാശത്തിന്റെയും ഭൂമിയുടെയും അധികാരി എന്നാകുന്നു. അന്തർഭാഗത്തുള്ള മൂലപദാർത്ഥങ്ങളെ സാത്താന്യ ശക്തിയാൽ ഇളക്കുമ്പോൾ ദൈവം തന്റെ ജനത്തിന് വെളിച്ചവും ശക്തിയും അയച്ച് അവന്റെ സന്ദേശത്തെ ലോകമെമ്പാടും ഘോഷിക്കും.”





# വലിയ പട്ടണങ്ങളെ വിട്ടുപോകുവാനുള്ള അടയാളം

***എന്നാൽ ദാനിയേൽ പ്രവാചകൻ മുഖാന്തരം അരുളിചെയ്തതുപോലെ ശൂന്യമാക്കുന്ന മ്ലേച്ഛത വിശുദ്ധ സ്ഥലത്തിൽ നില്ക്കുന്നതു നിങ്ങൾ കാണുമ്പോൾ – വായിക്കുന്നവൻ ചിന്തിച്ചുകൊള്ളട്ടെ – അന്നു യെഹൂദ്യയിലുള്ളവർ മലകളിലേക്കു ഓടിപ്പോകട്ടെ. മത്തായി 24:15,16.***

മുൻകാലശിഷ്യന്മാർ ജീവരക്ഷയ്ക്കായി ഏകാന്ത സ്ഥലവും ശൂന്യസ്ഥലങ്ങളും അന്വേഷിച്ചതുപോലെയുള്ള സമയം അധികം ദൂരെയല്ല. യെരുശലേം റോമൻ പട്ടാളത്താൽ പിടിക്കപ്പെട്ടപ്പോൾ അവിടത്തെ ക്രിസ്ത്യാനികൾക്കു ഓടിപ്പോകുവാനുള്ള അടയാളം ലഭിച്ചതുപോലെ ദേശീയ ഞായറാഴ്ച ആചാരം അമേരിക്ക തന്റെ ശക്തിയാൽ സമ്മർദ്ദം ചെലുത്തി നിയമമാക്കി കൊണ്ടുവരുമ്പോൾ അതു നമുക്കൊരു മുന്നറിയിപ്പാണ്. അതാണു വലിയ പട്ടണങ്ങളെ വിട്ട് രഹസ്യമായ സ്ഥലങ്ങളിലും പർവ്വതങ്ങളിലും വസിക്കേണ്ടതിനു ഓടിപ്പോകേണ്ടതായ സമയം.

നമ്മുടെ വേല പട്ടണങ്ങളെ കേന്ദ്രീകരിച്ചുള്ളതായിരിക്കരുത് എന്ന പ്രത്യേക വെളിച്ചം എനിക്കു നല്കുവാൻ തുടങ്ങിയിട്ട് വർഷങ്ങളോളമായി. നഗരങ്ങളിൽ നിറഞ്ഞു നിൽക്കുന്ന കലക്കത്തിന്റെയും കുഴപ്പത്തിന്റെയും മദ്ധ്യേ സമരക്കാരും വ്യവസായ തൊഴിലാളി സംഘടനകളും കൊണ്ടുവരുന്ന സാഹചര്യങ്ങൾ നമ്മുടെ പ്രവർത്തനത്തിനു വലിയ തടസ്സമാണ് എന്നു തെളിയിക്കുന്നു. പലവിധ വ്യാപാരങ്ങളിലും ഏർപ്പെട്ടിരിക്കുന്നവരെ ഇതുപോലെയുള്ള ഒരു പ്രത്യേക സംഘടനയുടെ കീഴിൽ കൊണ്ടുവരുവാൻ മനുഷ്യർ അന്വേഷിക്കുന്നു. ഇതു ദൈവത്തിന്റെ പദ്ധതിയല്ല. എന്നാൽ നമുക്കു ഗ്രഹിക്കുവാൻ കഴിയാത്ത ഒരു ശക്തിയുടെ പദ്ധതിയാണ്. ദൈവത്തിന്റെ വചനം നിവൃത്തിയായിക്കൊണ്ടിരിക്കുന്നു; ദുഷ്ടന്മാർ തങ്ങളുടെ നാശത്തിനായി കൂട്ടമായി കൂടുന്നു.

ലോകത്തിന്റെ വ്യാപര സംഘടനകളും രാഷ്ട്രീയ കൂട്ടുകെട്ടുകളും ആപത്തു ക്ഷണിച്ചുവരുത്തുന്നതാണ്. സഹോദരങ്ങളേ, അവയിൽനിന്നും അകന്നും ഒഴിഞ്ഞും ഇരിപ്പിൻ. അതുകൊണ്ടു ഒരു നേട്ടവും ഇല്ല. ഈ സംഘടനകൾ നിമിത്തവും രാഷ്ട്രീയ കൂട്ടുകെട്ടു നിമിത്തവും നഗരങ്ങളിലുള്ള നമ്മുടെ സ്ഥാപനങ്ങൾ നല്ലവണ്ണം നടത്തുവാൻ വളരെ പെട്ടെന്നുതന്നെ പ്രയാസം നേരിടും. ഈ നഗരങ്ങളിൽ നിന്നും പുറത്തുപോയി കുറച്ചു സ്ഥലം വാങ്ങി തങ്ങൾക്കും തങ്ങളുടെ കുട്ടികൾക്കും ഒരു ഭവനം ഉണ്ടാക്കുവാൻ നമ്മുടെ ജനങ്ങളെ പഠിപ്പിക്കുക.

താമസിയാതെ നഗരങ്ങളിൽ കലക്കവും കുഴപ്പവും ഉണ്ടാകുകയും അതിൽ നിന്നു പുറത്തുപോകുവാൻ ആഗ്രഹിക്കുന്നവർക്ക് ആ സമയത്ത് പുറത്തുപോകന്നത് അസാധ്യമായും തീരും.

ദൈവത്തെ ബഹുമാനിക്കാതിരിക്കുന്നവരുമായി വളരെ അടുത്തുചേർന്നു ജീവിക്കുവാനും നമ്മെ അവരുമായി അടുപ്പിക്കുവാനും നിർബന്ധിതരാകുന്ന സ്ഥലങ്ങൾ നാം തിരഞ്ഞെടുക്കരുത്. കാരണം ഞായറാഴ്ച ആചാരത്തെ സംബന്ധിച്ചുള്ള ഒരു പ്രതിസന്ധി ഉടനെ സംഭവിക്കും. ഞായറാഴ്ച ആചാരക്കാർ അവരുടെ കപട അവകാശങ്ങളാൽ ശക്തിയെ പ്രാപിച്ചുകൊണ്ടിരിക്കുന്നു. അതു അർത്ഥമാക്കുന്നത് കർത്താവിന്റെ ശബ്ബത്തു അനുസരിക്കുന്നവർക്കു പ്രതികൂലം ഉണ്ടാകും എന്നാണ്. നാം ദൈവത്തിന്റെ കരുതലിലാണ് എങ്കിൽ നഗരങ്ങളിൽ നിന്നും മാറി യഹോവ നമ്മോടു കല്പിച്ചതു അനുസരിച്ചു നീങ്ങും. നമുക്കു മുമ്പാകെ കഷ്ടകാല സമയം വന്നെത്തിയിരിക്കുന്നു.

# അന്ത്യകാലത്തുള്ള ആഹാരവും വാസസ്ഥലവും

***അതുകൊണ്ടു നാളെക്കായി വിചാരപ്പെടരുതു; നാളത്തെ ദിവസം തനിക്കായി വിചാരപ്പെടുമല്ലോ; അതതു ദിവസത്തിനു അന്നന്നത്തെ ദോഷം മതി. മത്തായി 6:34.***

കഷ്ടകാലത്തു നമ്മുടെ ചില താല്ക്കാലിക ആവശ്യങ്ങൾക്കായി കരുതി വെക്കുന്നത് ദൈവത്തിന്റെ തിരുവെഴുത്തിനു വിപരീതമാണെന്നു കർത്താവ് എന്നെ ആവർത്തിച്ചാവർത്തിച്ച് കാണിച്ചുതന്നു. ഈ കഷ്ടകാലത്തു വിശുദ്ധന്മാർ തങ്ങളുടെ കൈവശം ആഹാരം മുൻകരുതിയാലും വയലിൽ കൃഷിചെയ്താലും വാളും വരൾച്ചയും പകർച്ചവ്യാധിയും ദേശത്തുണ്ടാകുമ്പോൾ അവയെ അവരുടെ കയ്യിൽനിന്നും ക്രൂരമായ കരങ്ങൾ അപഹരിക്കുകയും അന്യൻ അവന്റെ വയൽ കൊയ്യുകയും ചെയ്യും എന്നു ഞാൻ കണ്ടു. ആ സമയത്തു നാം പൂർണ്ണമായി ദൈവത്തിൽ ആശ്രയിക്കണം. അവൻ നമ്മെ രക്ഷിക്കും. ആ സമയത്തു അപ്പവും വെള്ളവും നമുക്കു സുലഭമായി ലഭിക്കുകയും ഒന്നിനും കുറവു വരികയോ വിശപ്പു സഹിക്കേണ്ടി വരികയോ ചെയ്യുകയില്ല എന്നു ഞാൻ കണ്ടു. എന്നാൽ അവന്റെ മക്കളിൽ ചിലർ ആഹാരം കൊള്ളുകയും അതു കഷ്ടകാലത്തേക്കു കരുതുകയും ചെയ്യും, പക്ഷെ ആവശ്യമായ സമയത്തു അതു ചെന്നുനോക്കുമ്പോൾ കൃമിച്ചു നാറി ഉപയോഗശൂന്യമായി തീർന്നിരിക്കും.

ഈ കഷ്ടകാലത്തു ദൈവത്തിന്റെ വൃതന്മാർക്കു ഭവനങ്ങളിലോ ദേശത്തോ പാർക്കുവാൻ കഴിയുകയില്ല. കോപാകുലരായ ജനങ്ങൾ നിമിത്തം അവർ നാടുവിട്ട് ഓടിപ്പോകേണ്ടി വരുകയും അവർക്കു സത്യത്തിന്റെ പ്രഘോഷണത്തിൽ അവരുടെ സ്ഥാനമാനങ്ങൾ കണക്കിലെടുക്കുവാനും ഈ സമയത്തു കഴിയുകയില്ല. എന്നാൽ ചിലർ തങ്ങളുടെ സ്വത്തിനെ മുറുകെ പിടിച്ച് അതിന്റെ കാരണത്താൽ ദൈവാലോചനയെ അന്വേഷിക്കാതെ കർത്താവു തങ്ങളെ ഏല്പിച്ച വേല വിസ്മരിക്കുകയും ചെയ്യും. അവരെ അവരുടെ സമ്പത്ത് സംരക്ഷിക്കുവാൻ വിടുകയും അവർക്കു ദൈവത്തിന്റെ നിർദ്ദേശമുണ്ടാകാതിരിക്കുകയും കഷ്ടകാലത്തു നാശത്തിനിരയായിത്തീരുകയും അതിൽനിന്നും രക്ഷപ്പെടുവാൻ കഴിയാതാവുകയും ചെയ്യും. എന്നാൽ അവർ പഠിക്കുവൻ ആഗ്രഹിക്കുന്നു എങ്കിൽ അവൻ അവരെ ആവശ്യ സമയങ്ങളിൽ എപ്പോൾ വില്ക്കണം എന്നും എത്ര വില്ക്കണം എന്നും പഠിപ്പിക്കും.

സാത്താനുമായുള്ള അന്ത്യപോരാട്ടത്തിൽ ദൈവത്തോടു വിശ്വസ്തരായവർക്ക് എല്ലാ ഭൗതിക സഹായങ്ങളും നിന്നുപോകും. കല്പനയെ ലംഘിക്കുവാൻ വിസമ്മതിച്ചതുകൊണ്ടും ഭൂമിയിലെ അധികാരികളെ ബഹുമാനിക്കാതിരുന്നതുകൊണ്ടും അവർക്കു വില്ക്കുവാനോ വാങ്ങുവാനോ സാധ്യമല്ലാതായിത്തീരുകയും അവസാനം അവർ മരണത്തിനു വിധിക്കപ്പെടുകയും ചെയ്യും. എന്നാൽ അവനെ അനുസരിക്കുന്നവർക്കു വാഗ്ദത്തം നല്കിയിരിക്കുന്നു. ഇങ്ങനെയുള്ളവൻ ഉയരത്തിൽ വസിക്കും; പാറക്കോട്ടകൾ അവന്റെ അഭയസ്ഥാനമായിരിക്കും; അവന്റെ അപ്പം അവനു കിട്ടും; അവനു വെള്ളം മുട്ടിപ്പോകുകയുമില്ല." ഈ വാഗ്ദത്തത്താൽ ദൈവമക്കൾ ജീവിക്കും. യെശയ്യാവു 33:16.





# തൊഴിലാളി സംഘടനകളും വ്യാപാരക്കൂട്ടുകെട്ടുകളും

***എന്നാൽ സഹോദരന്മാരേ, കർത്താവിന്റെ പ്രത്യക്ഷതവരെ ദീർഘക്ഷമയോടിരിപ്പിൻ; കൃഷിക്കാരൻ ഭൂമിയുടെ വിലയേറിയ ഫലത്തിനു കാത്തുകൊണ്ടു മുൻമഴയും പിൻമഴയും അതിനു കിട്ടുവോളം ദീർഘക്ഷമയോടിരിക്കുന്നുവല്ലോ. യാക്കോ. 5:7.***

ലോകമുണ്ടായതു മുതൽ ഇന്നുവരെ ഉണ്ടായിട്ടില്ലാത്തതായ ഒരു കഷ്ടകാലം ഭൂമിയിൽ കൊണ്ടുവരുന്ന മുഖാന്തിരങ്ങളിൽ ഒന്നാണ് വ്യാപാരസംഘടനകൾ. എല്ലാ വൻ നഗരങ്ങളിലും രൂപപ്പെടുന്ന രാഷ്ട്രീയ കൂട്ടുകെട്ടുകളാലും സംഘടനകളാലുമുള്ള ഒരു വലിയ കൂട്ടുകെട്ടു നിലവിൽ വരും. ഈ ലോകത്തു വലിയ കുത്തക അവകാശങ്ങൾ നിലവിൽ വരും. മനുഷ്യർ ഒരു സംഘടനയായി രൂപം കൊള്ളുകയും അതു ശത്രുവിന്റെ വലയത്തിലകപ്പെടുവാൻ ഇടയാക്കുകയും ചെയ്യും. ചില മനുഷ്യർ വ്യാപാരത്തിന്റെ എല്ലാ വഴികളും മനസ്സിലാക്കുവാൻ ഒന്നിക്കും. വ്യാപാര സംഘടനകളുണ്ടാകുകയും അതിൽ യോജിക്കാത്തവരെ നോട്ടപ്പുള്ളികളാക്കുകയും ചെയ്യും. ഈ സംഘടനകൾ അന്ത്യകാലത്തിന്റെ ഒരു അടയാളമാണ്. മനുഷ്യർ നാശത്തിനായി കൂട്ടംകൂടുന്നു. ഒരുപക്ഷെ അവർ സഭാംഗങ്ങളായിരിക്കാം എന്നു വരികിലും അവർ സംഘടനകളുമായി ബന്ധിക്കപ്പെട്ടിരിക്കയാൽ ദൈവത്തിന്റെ കല്പനകളെ അനുസരിക്കുവാൻ കഴിയുകയില്ല; ഈ സംഘടനകളുമായി ചേരുക എന്നാൽ സകല കല്പനകളെയും അലക്ഷ്യമാക്കുക എന്നാണർത്ഥമാക്കുന്നത്.

"നിന്റെ ദൈവമായ കർത്താവിനെ പൂർണ്ണ ഹൃദയത്തോടും പൂർണ്ണാത്മാവോടും പൂർണ്ണ ശക്തിയോടും പൂർണ്ണ മനസ്സോടുംകൂടെ സ്നേഹിക്കുകയും നിന്റെ അയൽക്കാരനെ നിന്നെപ്പോലെതന്നെ സ്നേഹിക്കയും വേണം." പാവപ്പെട്ടവർക്ക് അർഹമായ അവകാശങ്ങളെ തട്ടിയെടുക്കുന്ന കൂട്ടുകെട്ടുകളെ രൂപപ്പെടുത്തിയിട്ട് ചില സാഹചര്യങ്ങൾക്കധിഷ്ഠിതമല്ലാതെ അവർക്കു വില്ക്കുവാനോ വാങ്ങുവാനോ കഴിയാതെയാക്കുന്ന ഈ സ്ഥാപനങ്ങളോടു യോജിച്ച് എങ്ങനെ ഈ വചനങ്ങൾ അനുസരിക്കുവാൻ മനുഷ്യർക്കു കഴിയും?

അതുകൊണ്ടു ദൈവത്തിന്റെ മക്കളെന്നു അവകാശപ്പെടുന്ന ആരുംതന്നെ ഒരുവിധത്തിലും ഇങ്ങനെ രൂപപ്പെടുന്ന കൂട്ടുകെട്ടിൽ കൂടരുത്. ഇതു കർത്താവു നിരസിക്കുന്നു. പ്രവചനങ്ങൾ പഠിക്കുന്നവർക്ക് നമുക്കു മുമ്പിൽ വരുവാനുള്ള കാര്യം കാണുവാനും ഗ്രഹിക്കുവാനും കഴിയുന്നില്ലയോ?

പ്രധാനപ്പെട്ട കാര്യങ്ങൾ വളരെ പെട്ടെന്നു സംഭവിക്കുകയും നാം പാറക്കെട്ടുകളിൽ ഒളിച്ചിരുന്നു യേശുവിനെ കാണുകയും ദൈവത്തിന്റെ ആത്മാവിനാൽ ഉണർത്തപ്പെടുവാൻ ആഗ്രഹിക്കുന്നവരുമാകുന്നു. നമുക്കൊരു നിമിഷമോ സമയമോ പാഴാക്കുവാനില്ല.

# വാങ്ങുവാനോ വില്ക്കുവാനോ വഹിയാതെയാക്കുന്നു

***മൃഗത്തിന്റെ പേരോ പേരിന്റെ സംഖ്യയോ ആയ മുദ്രയുള്ളവനല്ലാതെ വാങ്ങുകയോ വില്ക്കുകയോ ചെയ്‌വാൻ വഹിയാതെയും ആക്കുന്നു. വെളി. 13:17***

ഒരു വിലയ്ക്കും വില്ക്കുവാൻ കഴിയാത്ത സമയം വരുന്നു. മൃഗത്തിന്റെ മുദ്രയുള്ളവർക്കല്ലാതെ വില്ക്കുവാനും വാങ്ങുവാനും കഴിയാത്ത നിയമം ഉടനെ പുറപ്പെടുവാൻ പോകുന്നു.

സാത്താനുമായുള്ള വൻപോരാട്ടത്തിന്റെ ഒടുവിൽ ദൈവത്തോടു വിശ്വസ്തരായവർക്ക് ഭൂമിയിലുള്ള എല്ലാ സഹായവും ഛേദിക്കപ്പെടും. അവർ ഭൂമിയിലെ അധികാരികളെ അനുസരിച്ചു ദൈവകല്പന ലംഘിക്കുവാൻ വിസമ്മതിച്ചതിനാൽ അവർക്കു വില്ക്കുവാനോ വാങ്ങുവാനോ വഹിയാതെ ആക്കുന്നു.

മതവിശ്വാസത്താൽ സ്വർഗ്ഗത്തോടു യോജിക്കുകയും ഒരു കുഞ്ഞാടിന്റെ സ്വഭാവമുണ്ടെന്ന് അവകാശപ്പെടുകയും ചെയ്തുകൊണ്ട്, മതശക്തികൾ അവരുടെ പ്രവൃത്തികളാൽ, ഒരു മഹാസർപ്പത്തിന്റെ ഹൃദയമുണ്ടെന്നും സാത്താനാൽ പ്രേരിപ്പിക്കപ്പെടുകയും നിയന്ത്രിക്കപ്പെടുകയും ചെയ്യാമെന്നും കാണിക്കും. ദൈവത്തിന്റെ ജനം ഏഴാംദിനം വിശുദ്ധമായി ആചരിക്കുന്നതുകൊണ്ടു പീഡനം അനുഭവിക്കേണ്ട കാലം വരുന്നു.

ദൈവത്തിന്റെ കല്പന അനുസരിക്കുന്നവർക്കു വില്ക്കുവാനോ വാങ്ങുവാനോ സാധ്യമാകാത്ത ഒരു സമയം വരുന്നു. അതുകൊണ്ടു നിങ്ങളുടെ മറഞ്ഞിരിക്കുന്ന താലന്തുകളെ ശക്തിപ്പെടുത്തുവാൻ ത്വരിതപ്പെടുക. ദൈവം നിങ്ങളെ പണപരമായി ചുമതലപ്പെടുത്തിയെങ്കിൽ നിങ്ങൾ വിശ്വസ്തരെന്നു നിങ്ങളെത്തന്നെ നിങ്ങളുടെ സ്ഥാപനത്തിനു കാണിച്ചുകൊടുപ്പിൻ, നിങ്ങളുടെ തൂവാലകൾ നിവർത്തുവിൻ, നിങ്ങളുടെ കഴിവുകളെ കൈമാറ്റക്കാരനു കൊടുപ്പിൻ. എന്നാൽ ക്രിസ്തു വരുമ്പോൾ അവൻ പലിശ സഹിതം അവന്റേത് മടക്കി സ്വീകരിച്ചുകൊള്ളും. അവസാന നാളിൽ ഈ വേല അവസാനിക്കുന്നതിനുമുമ്പ് ആയിരങ്ങൾ സന്തോഷത്തോടെ യാഗമായി തങ്ങളെത്തന്നെ സമർപ്പിക്കും. സ്ത്രീപുരുഷന്മാർ ദൈവത്തിന്റെ വലിയ ദിവസത്തിൽ നില്ക്കേണ്ടതിനായി ആത്മാക്കളെ ഒരുക്കുന്ന വേല ഒരു അനുഗ്രഹിക്കപ്പെട്ട അവസരമായി കരുതുകയും ഇപ്പോൾ ഡോളറുകൾ നല്കുന്നതുപോലെ അന്ന് നൂറുകണക്കിനു നല്കുവാൻ ഒരുക്കമുള്ളവരാകും. ക്രിസ്തുവിന്റെ സ്നേഹം അവന്റെ ജനങ്ങളെന്നു അഭിമാനിക്കുന്നവരുടെ ഹൃദയങ്ങളിൽ കത്തുന്നുണ്ടെങ്കിൽ അതേ ആത്മീകാവസ്ഥതന്നെ ഇന്നും നിലവിൽ വരും. ആത്മാക്കളുടെ രക്ഷയ്ക്കായിട്ടുള്ള വേല എത്രമാത്രം ഉന്നതിയിൽ എത്തിയെന്നു ഗ്രഹിച്ചാൽ അവർ മുൻസഭാംഗങ്ങളെപ്പോലെ സൗജന്യമായി തങ്ങളുടെ സ്ഥാനമാനങ്ങൾ നോക്കാതെ ത്യാഗത്തിനൊരുമ്പെടും. ദൈവത്തിന്റെ വേല വിപുലമാകേണ്ടതിനായി ലൗകികരായവർ ധനം സമ്പാദിക്കുവാൻ പ്രയത്നിക്കുന്നതുപോലെ അവർ പ്രയത്നിക്കുമായിരുന്നു. നിപുണതയും സാമർത്ഥ്യവും വളർത്തിയെടുക്കുകയും ആകാംക്ഷയോടും നിസ്വാർത്ഥതയോടും വേല നാം മുന്നോട്ടു കൊണ്ടുപോകയും പൂഴ്ത്തിവയ്ക്കാതെ ദൈവത്തിന്റെ ഭണ്ഡാരത്തിലേക്കു ധനം ശേഖരിക്കുകയും വേണം.





# വിദൂരതയിൽനിന്നും നഗരത്തിലെ വേല

***അവരുടെ നടുവിൽനിന്നു പുറപ്പെട്ടു വേർപെട്ടിരിപ്പിൻ എന്നു കർത്താവു അരുളിച്ചെയ്യുന്നു; അശുദ്ധമായതു ഒന്നും തൊടരുതു; എന്നാൽ ഞാൻ നിങ്ങളെ കൈക്കൊള്ളാം. 2 കൊരി. 6:16.***

ദൈവത്തിന്റെ കല്പന അനുസരിക്കുന്ന ജനമായിരിക്കയാൽ നാം നഗരങ്ങളെ വിട്ടുപോകണം. ഹാനോക്ക് ചെയ്തതുപോലെ നഗരത്തിൽ വേല ചെയ്യുക എന്നാൽ അവിടെ പാർക്കരുത്.

നമുക്കു സാധ്യമെങ്കിൽ നമ്മുടെ സ്ഥാപനങ്ങൾ നഗരത്തിൽ നിന്നു അകലെ സ്ഥിതിചെയ്യട്ടെ. കലക്കവും ബഹളവുമുള്ള നഗരങ്ങളിൽ നമ്മുടെ ജനം താമസിക്കുവാൻ പാടില്ല. അതു ദൈവയിഷ്ടമല്ല. അവരുടെ കുട്ടികൾക്കും ഈ അവസ്ഥ ഒഴിവാക്കിയിരിക്കണം അല്ലെങ്കിൽ അവരുടെ മുഴുസ്വഭാവവും അസന്മാർഗ്ഗികതയിലേക്കു തിരിക്കപ്പെടും. രാജ്യത്തിന്റെ ഏതെങ്കിലും ഭാഗത്തു താമസിച്ചു കായ്കനികളും പച്ചക്കറിത്തോട്ടങ്ങളും നട്ടുവളർത്തുവാൻ കഴിയുന്ന സ്ഥലത്തും കുഞ്ഞുങ്ങൾക്കു പ്രകൃതിയിൽനിന്നും അവരുടെ ദൈവവുമായി ബന്ധപ്പെടുവാൻ കഴിയുന്നയിടത്തും ദൈവജനം താമസിക്കുവാൻ ദൈവം ആഗ്രഹിക്കുന്നു. നിങ്ങളുടെ കുടുംബത്തെ നഗരത്തിൽനിന്നും മാറ്റി താമസിപ്പിക്കുക എന്നതാണ് എന്റെ സന്ദേശം.

മനുഷ്യൻ കേട്ടാലും ഇല്ലെങ്കിലും സത്യം സംസാരിക്കുക. നഗരങ്ങളിൽ പ്രലോഭനങ്ങൾ അധികരിച്ച് നില്ക്കുന്നു. അതുകൊണ്ട് യുവജനം മലിനരായി ഭവിക്കാതിരിപ്പാൻ നമ്മുടെ യുവാക്കളെ കാക്കുവാൻ നാം പദ്ധതികൾ ആസൂത്രണം ചെയ്യണം. നഗരത്തിനു പുറത്തു താമസിച്ചു നഗരത്തിൽ നാം വേല ചെയ്യണം എന്നതാണ് ദൈവദൂതന്റെ സന്ദേശം. നഗരങ്ങളിൽ മുന്നറിയിപ്പു നല്കേണ്ടിയിരിക്കുന്നില്ലയോ? തീർച്ചയായും! ഭൂമിയിൽ എന്ത് വന്ന് ഭവിക്കുവാൻ പോകുന്നു എന്ന് അവരെ അറിയിക്കേണ്ടതിന് അവിടെ താമസിക്കേണ്ട ആവശ്യമില്ല. സന്ദർശനം മതിയാകും. രാജ്യത്ത് അകൃത്യങ്ങൾ കുന്നിക്കുമ്പോൾ സൊദോമിൽ ലോത്തിന്റെ മുന്നറിയിപ്പിൻ ശബ്ദം മുഴങ്ങിയതുപോലെ മുന്നറിയിപ്പുകളുടെയും ഉപദേശങ്ങളുടെയും ശബ്ദം അവിടെ മുഴങ്ങണം. എന്നാൽ ലോത്ത് ഈ നശിച്ച നഗരത്തിൽ തന്റെ ഭവനം വെക്കാതിരുന്നുവെങ്കിൽ തന്റെ കുടുംബത്തെ സംരക്ഷിക്കുവാൻ കഴിയുമായിരുന്നു. അവർ ഈ നഗരത്തിൽ നിന്നു അകന്നു കഴിഞ്ഞിരുന്നു എങ്കിലും സൊദോമിൽ ലോത്തും കുടുംബവും ചെയ്തുപോന്നതുപോലെ തന്നെ എല്ലാം അവർക്കും ചെയ്യാമായിരുന്നു. ഹാനോക്ക് ദൈവത്തോടുകൂടെ നടന്നതിനാൽ ലോത്തു പാർത്തതുപോലെ നഗരങ്ങളിൽ പാർത്തില്ല.

ഹാനോക്കു ദുഷ്ടന്മാരോടുകൂടെ തന്റെ വാസസ്ഥലം ഉണ്ടാക്കിയില്ല. അവൻ തന്നെയും തന്റെ കുടുംബത്തെയും നിലനിർത്തിയതു എത്രയും ശുദ്ധമായ സാഹചര്യത്തിലാണ്. ചില സന്ദർഭങ്ങളിൽ ദൈവം തനിക്കു നല്കിയ സന്ദേശങ്ങളുമായി അവൻ പട്ടണവാസികളുടെ അടുക്കൽ പോയിരുന്നു. അവൻ തന്റെ ദൂതു ഘോഷിച്ചശേഷം അത് സ്വീകരിച്ച ചിലരെ തന്റെ വാസസ്ഥലത്തേക്കു കൂട്ടിക്കൊണ്ടു വന്നിരുന്നു.

# ശാരീരിക കഷ്ടതയിൽ നിന്നുള്ള വിടുതൽ

***നിങ്ങൾ പോകുമ്പോൾ: സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുന്നു എന്നു ഘോഷിപ്പിൻ. രോഗികളെ സൗഖ്യമാക്കുവിൻ; മരിച്ചവരെ ഉയിർപ്പിപ്പിൻ; കുഷ്ഠരോഗികളെ ശുദ്ധമാക്കുവിൻ; ഭൂതങ്ങളെ പുറത്താക്കുവിൻ; സൗജന്യമായി നിങ്ങൾക്കു ലഭിച്ചു സൗജന്യമായി കൊടുപ്പിൻ. മത്തായി 10:7,8.***

ആപത്തുവേളകൾ നമുക്കു മുമ്പാകെയിരിക്കുന്നു. സർവ്വ ലോകവും കലക്കത്തിന്റെയും നിരാശയുടെയും നിഴലിൽ അകപ്പെടുകയും സകലവിധ രോഗങ്ങളാലും മാനുഷ്യ കുടുംബങ്ങൾ കഷ്ടപ്പെടുകയും ആരോഗ്യ കാര്യങ്ങളെക്കുറിച്ചു അറിവില്ലാതിരിക്കയാൽ വലിയ കഷ്ടപ്പാടിൽ അകപ്പെടുകയും അനേക ജീവിതങ്ങൾ താറുമാറാകുകയും ചെയ്യും. അവരെ നാം രക്ഷിക്കേണ്ടിയിരിക്കുന്നു.

മത തീവ്രവാദം രാജ്യത്തിന്റെ സ്വാതന്ത്ര്യം തകിടം മറിക്കുമ്പോൾ മനഃസാക്ഷിയുടെ സ്വാതന്ത്ര്യത്തിനുവേണ്ടി നിലകൊണ്ടവരെ ആശാവഹമല്ലാത്ത സ്ഥാനത്ത് നിലനിർത്തും. എന്നാൽ അവരുടെ നിമിത്തവും അവർക്ക് അവസരങ്ങൾ ലഭിക്കുമ്പോൾ രോഗങ്ങളെക്കുറിച്ചുള്ള ബോധമുണ്ടായിരിക്കുകയും അതു രോഗത്തിൽനിന്നുള്ള സൗഖ്യത്തിനും വിടുതലിനും കാരണമായിത്തീരുകയും ചെയ്യണം. ഇതു ചെയ്യുന്നവർ എവിടെയും ഒരു തൊഴിൽ മേഘല കണ്ടെത്തും. അവിടെ അനേകം കഷ്ടപ്പെടുന്നവരെയും സഹായം ആവശ്യമുള്ളവരെയും നമ്മുടെ വിശ്വാസമുള്ളവർ മാത്രമല്ല മറിച്ച് സത്യത്തെ അറിഞ്ഞിട്ടില്ലാത്ത ഒരു വലിയ കൂട്ടത്തെ തന്നെയും അവർക്ക് കാണുവാൻ കഴിയും.

മൂന്നാം ദൂതന്റെ ദൂത് നല്കുന്നതോടൊപ്പംതന്നെ ആരോഗ്യ സുവിശേഷവേല നടത്തുന്നത് പൂർണ്ണമായി വിജയം പ്രാപിക്കുവാൻ സഹായിക്കും. ആ വേല കൂട്ടിച്ചേർക്കുന്നതും വിശുദ്ധീകരിക്കുന്നതും സഭയുടെ ഉന്നതാധികാരി തന്റെ ആദിമ ശിഷ്യന്മാരെ വേലചെയ്യുവാൻ പറഞ്ഞയച്ചതുപോലുള്ളതുമായിരിക്കണം. ഈ ശിഷ്യന്മാരെ വിളിച്ചുകൂട്ടി ക്രിസ്തു അവർക്കു ചുമതലകൾ നല്കി. “നിങ്ങൾ പോകുമ്പോൾ: സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുന്നു എന്നു ഘോഷിപ്പിൻ, രോഗികളെ സൗഖ്യമാക്കുവിൻ, മരിച്ചവരെ ഉയിർപ്പിപ്പിൻ; കുഷ്ഠരോഗികളെ ശുദ്ധമാക്കുവിൻ; ഭൂതങ്ങളെ പുറത്താക്കുവിൻ; സൗജന്യമായി നിങ്ങൾക്കു ലഭിച്ചു സൗജന്യമായി കൊടുപ്പിൻ.” “ചെന്നായ്ക്കളുടെ നടുവിൽ ആടിനെപ്പോലെ ഞാൻ നിങ്ങളെ അയക്കുന്നു. ആകയാൽ പാമ്പിനെപ്പോലെ ബുദ്ധിയുള്ളവരും പ്രാവിനെപ്പോലെ കളങ്കമില്ലാത്തവരും ആയിരിപ്പിൻ” മത്തായി 10:7,8,16.

ഈ അദ്ധ്യായം വായിക്കുന്നതു നമുക്കു നല്ലതായിരിക്കും. അതിലെ ഉപദേശങ്ങൾ നമ്മെ വേലയ്ക്കായിട്ടു ഒരുക്കട്ടെ. മുൻകാല ശിഷ്യന്മാർ ക്രിസ്തുവിന്റെ ദൗത്യവുമായി അവന്റെ കല്പനകളാൽ മുൻപോട്ടു പോകുകയായിരുന്നു. അവന്റെ ആത്മാവു അവർക്കു മുമ്പാകെ പാതയൊരുക്കി. അവരുടെ സന്ദേശത്തിന്റെ മഹത്വമറിയുവാനും അവർ പകരേണ്ട അനുഗ്രഹം എങ്ങനെയുള്ളതു എന്നു അനുഭവിച്ചറിയുവാനും ജനങ്ങൾ അവരെ ഭവനങ്ങളിൽ സ്വീകരിക്കേണ്ടതുണ്ട്. ഭൗതീകമായ കഷ്ടപ്പാടിന്റെ വിമോചനത്തിലൂടെ ദൈവം ഹൃദയത്തിൽ എത്തിച്ചേർന്ന് സത്യത്തിന്റെ ഒരു വിത്ത് മനസ്സിൽ നിക്ഷേപിക്കുകയും ദൈവം അതിനെ നനയ്ക്കുകയും ചെയ്യുന്നു. ഈ വിത്തു ജീവന്റെ ചലനം പ്രാപിച്ചു മുളച്ചുവളരുവാനും നിത്യജീവനു യോഗ്യമായ ഫലം കായിക്കുന്നതുവരെ വളരെ സഹിഷ്ണത ഇതിന് ആവശ്യമാണ്. തന്റെ അധികാരത്തിന്റെ ദിവസത്തിനായുള്ള ഒരുക്കത്തെക്കുറിച്ചു ഗ്രഹിക്കുവാൻ മനുഷ്യർ എത്രമാത്രം താമസ്സമുള്ളവരാണ്.





# ഞായറാഴ്ചനിയമം വിളിച്ചുവരുത്തപ്പെടുന്നു

***അന്നു അവർ നിങ്ങളെ ഉപദ്രവത്തിനു ഏല്പിക്കയും കൊല്ലുകയും ചെയ്യും; എന്റെ നാമം നിമിത്തം സകല ജാതികളും നിങ്ങളെ പകയ്ക്കും മത്തായി 24:9.***

ഞായറാഴ്ച ആചാരത്തിനായുള്ള പ്രേരണ ശക്തമായി തീരുമാനിച്ചുറച്ചു കഴിയുമ്പോൾ കല്പന അനുസരിക്കുന്നവർക്കെതിരായി നിയമം പ്രാബല്യത്തിൽ വരുത്തും. അവരെ പിഴയാലും ജയിൽ ശിക്ഷയാലും ഭീഷണിപ്പെടുത്തുകയും ചിലർക്ക് സത്യം ഉപേക്ഷിക്കാമെങ്കിൽ നല്ല ജോലികളോ മറ്റു പ്രതിഫലമോ കൊടുക്കാമെന്നു വാക്കു കൊടുക്കുകയും ചെയ്യും. എന്നാൽ അവരുടെ ഉറച്ച മറുപടി ഇങ്ങനെ ആയിരിക്കും: “തിരുവചനത്തിൽ നിന്നു ഞങ്ങളുടെ തെറ്റു കാണിച്ചുതരിക”. പരസ്യ വിചാരണയ്ക്കായി ചിലരെ കൊണ്ടുവരുമ്പോൾ അവർ സത്യത്തെ ഉയർത്തിക്കാണിക്കുന്നതു കേട്ട് കേൾവിക്കാരിൽ ചിലർ ദൈവിക കല്പനകളെല്ലാം അനുസരിക്കുവാനുള്ള തീരുമാനമെടുക്കും. അങ്ങനെ ഈ ദൈവിക സത്യം അനേകരുടെ മുൻപിൽ പ്രകാശിക്കും. ഈ രീതിയിലല്ലാതെ അവർക്കു ഈ സത്യങ്ങളെ അറിയുവാൻ കഴിയുകയില്ല.

തിരുവചനത്തെ മനസ്സോടെ അനുസരിക്കുന്നതു കല്പന ലംഘനമായി കണക്കാക്കും. സാത്താനാൽ അന്ധരായിത്തീർന്ന മാതാപിതാക്കന്മാർ ദൈവീക സത്യം സ്വീകരിച്ച കുട്ടികളെ പീഡിപ്പിക്കും. യജമാനന്മാരോ, യജമാനത്തിമാരോ ദൈവകല്പന അനുസരിക്കുന്ന ദാസനെ ഞെരുക്കും. സ്നേഹബന്ധങ്ങൾ ശിഥിലീകരിക്കപ്പെടും. കുട്ടികൾക്കു അവകാശങ്ങൾ നൽകാതെ അവരെ വീട്ടിൽ നിന്നും ഇറക്കിവിടും. പൗലൊസ് അപ്പൊസ്തലൻ പറഞ്ഞിരിക്കുന്ന വചനം പൂർണ്ണമായി നിവൃത്തിയാകും.” എന്നാൽ ക്രിസ്തു യേശുവിൽ ഭക്തിയോടെ ജീവിക്കുന്നവർക്കു എല്ലാം ഉപദ്രവം ഉണ്ടാകും” (2 തിമൊ. 3:12). സത്യപാലകർ ഞായറാഴ്ച ശബ്ബത്തിനെ ബഹുമാനിക്കുവാൻ വിസമ്മതിക്കുമ്പോൾ, അവരെ ജയിലിലടയ്ക്കുകയോ നാടുകടത്തുകയോ അടമികളാക്കുകയോ ചെയ്യും.

ഈ പീഡനകാലത്തു കർത്താവിന്റെ ദാസന്മാരുടെ വിശ്വാസം പരീക്ഷിക്കപ്പെടും. അവർ ദൈവത്തെ നോക്കുകയും അവന്റെ വചനത്തിൽ മാത്രം ആശ്രയിച്ചുകൊണ്ടു വിശ്വസ്തതയോടെ മുന്നറിയിപ്പുകൾ നൽകിക്കൊണ്ടിരിക്കും. സംസാരിക്കുവാൻ അവരുടെ ഹൃദയങ്ങളിൽ പരിവർത്തിക്കുന്ന ദൈവത്തിന്റെ ആത്മാവു ബലം പകരും. എന്നാൽ പ്രതിക്ഷേധത്തിന്റെ കൊടുങ്കാറ്റടിക്കുമ്പോൾ ചിലർ തിരിഞ്ഞു ഇങ്ങനെ ചോദിക്കും: “നമ്മുടെ വാക്കുകളുടെ അനന്തര ഫലത്തെ മുൻകൂട്ടി കാണുവാൻ കഴിഞ്ഞിരുന്നു എങ്കിൽ സംസാരിക്കാതിരിക്കാമായിരുന്നു”. അവർ കഷ്ടപ്പാടുകളാൽ വലയും. സാത്താൻ ഉഗ്രമായ പ്രലോഭനങ്ങളാൽ അവരെ അസഹ്യപ്പെടുത്തും. അവർ ഏറ്റെടുത്ത വേല ചെയ്തു തീർക്കുവാൻ അവർക്കു പ്രയാസമായി തോന്നും. അവർക്കു നാശഭീഷണിയുണ്ടാകും. അവരെ ശക്തീകരിച്ചിരുന്ന അവരുടെ ഉത്സാഹം നഷ്ടപ്പെടും. എന്നിരുന്നാലും അവർക്കു പിന്നോട്ടു പോകുവാൻ സാധിക്കുകയില്ല. അപ്പോൾ അവർ അവരുടെ നിസ്സാഹയത മനസ്സിലാക്കി ശക്തിക്കായി സർവ്വശക്തന്റെ സഹായം തേടും.

# പ്രൊട്ടസ്റ്റന്റു സഭകൾ പാപ്പാത്വവുമായി ഒന്നിക്കുന്നു

***നീ കണ്ട പത്തു കൊമ്പു പത്തു രാജാക്കന്മാർ; അവർ ഇതുവരെ രാജത്വം പ്രാപിച്ചിട്ടില്ല; മൃഗത്തോടു ഒന്നിച്ചു ഒരു നാഴിക നേരത്തേക്കു രാജാക്കന്മാരെപ്പോലെ അധികാരം പ്രാപിക്കുംതാനും. ഇവർ ഒരേ അഭിപ്രായമുള്ളവർ; തങ്ങളുടെ ശക്തിയും അധികാരവും മൃഗത്തിനു ഏല്പിച്ചുകൊടുക്കുന്നു. വെളി. 17:12,13.***

അന്തിമ പ്രതിസന്ധിയോടു നാം അടുക്കുമ്പോൾ ദൈവത്തിന്റെ ഉപകരണമായവരുടെ മദ്ധ്യേ പൊരുത്തവും ഐക്യവും ഒഴിച്ചുകൂടാനാകാത്ത നിമിഷങ്ങളാണ്. കലഹവും യുദ്ധവും വ്യതിയാനങ്ങളും ലോകത്തിൽ നിറയും. എന്നാലും പാപ്പാത്വം എന്ന ഏക നേതൃത്വത്തിൽ ജനം ഒന്നിച്ചു ദൈവത്തിന്റെ സാക്ഷികളെ എതിർക്കും.

ഈ ശക്തിക്കു അധികാരം കൊടുക്കുന്നതു എന്താണ്? ദൈവവുമായി അനുകൂലഭാവത്തിൽ ഇരുന്നവർ, കുഞ്ഞാടിന്റെ ആത്മാവിലാണ് എന്നു പറഞ്ഞവർ സ്വർഗ്ഗവുമായി സ്നേഹബന്ധത്തിലാണെന്നു അഭിമാനിച്ച പ്രൊട്ടസ്റ്റന്റു സഭകൾ ഇപ്പോൾ ഒരു മൃഗമെന്നപോലെ സംസാരിക്കും. അതു കീഴെയുള്ള ശക്തിയുടെ വ്യാപാരത്താൽ നയിക്കപ്പെടും. ഇവർക്കു ഒരേ മനസ്സും അഖിലലോക ഏകീകരണ യോജിപ്പും വലിയ പൊരുത്തവും ചുരുക്കിപ്പറഞ്ഞാൽ സാത്താന്യശക്തികളുടെ ഒരു ഏകീകരണവുമായിരിക്കും. അവർ തങ്ങളുടെ ശക്തിയും ബലവും മൃഗത്തിനു കൊടുക്കും. അങ്ങനെ മതസ്വാതന്ത്ര്യത്തിനും മനസ്സോടെ ദൈവത്തെ ആരാധിക്കുവാനുള്ള സ്വാതന്ത്ര്യത്തിനും എതിരെ പ്രവർത്തിക്കുന്ന അതേ ശക്തി ഉടലെടുക്കുകയും മുമ്പെപോലെ പാപ്പാത്വം സ്പഷ്ടമാക്കപ്പെടുകയും റോമാമതത്തിന്റെ ഉപദേശങ്ങളെയും ആചാരങ്ങളെയും വിസമ്മതിക്കുന്നവർക്കു പീഡനവുമുണ്ടാകും. അവസാനകാലത്തു നടക്കുവാനുള്ള പോരാട്ടത്തിൽ യഹോവയുടെ കല്പനയുടെ ബന്ധത്തിൽ വിശ്വാസത്യാഗം സംഭവിച്ച എല്ലാ ദുഷ്ട ശക്തികളും ഒന്നിച്ചു ദൈവജനത്തെ എതിർക്കും. ഈ പോരാട്ടത്തിൽ നാലാം കല്പനയാലുള്ള ശബ്ബത്തായിരിക്കും മുഖ്യ വിഷയം; കാരണം ഈ ശബ്ബത്തു കല്പനയിൽ മഹാ നിയമദാതാവ് ആകാശത്തിന്റെയും ഭൂമിയുടെയും സൃഷ്ടിതാവാണ് എന്ന് വ്യക്തമാക്കുന്നു.

ആത്മാവിന്റെ അമർത്യതയും ഞായറാഴ്ച ആചാരവും എന്ന രണ്ടു വലിയ വഞ്ചനയിലൂടെയാണ് സാത്താൻ ജനത്തെ തന്റെ വഞ്ചനയിൽ അകപ്പെടുത്തുന്നത്. മുൻപറഞ്ഞതു പ്രേതാത്മവാദത്തിലേക്കു നയിക്കുമ്പോൾ പിന്നീടു പറഞ്ഞതു റോമിനോടുള്ള ബന്ധത്തിന് മതിപ്പുണർത്തുന്നു. ഐക്യനാടുകളിലുള്ള പ്രൊട്ടസ്റ്റന്റു വിഭാഗക്കാരായിരിക്കും പ്രേതാത്മവാദത്തിനു ഏറ്റവും മുൻപിൽ ചുക്കാൻ പിടിക്കുന്നത്. അവർ റോമാക്കാരുമായി കൈകോർത്തു പിടിക്കുകയും ഈ മൂന്നു ശക്തികളും ഒന്നിച്ച് ഈ രാജ്യം റോമാക്കാരുടെ ചുവടു അനുസരിച്ച് മനഃസാക്ഷിയുടെ നീതിയെ ചവിട്ടിത്താഴ്ത്തുകയും ചെയ്യും.





# രണ്ടു വലിയ വിഭാഗക്കാരായ ക്രിസ്ത്യാനികൾ

***അതിന്റെ തലകളിൽ ഒന്നു മരണകരമായ മുറിവേറ്റതുപോലെ ഞാൻ കണ്ടു; അതിന്റെ മരണകരമായ മുറിവു പൊറുത്തുപോയി; സർവ്വഭൂമിയും മൃഗത്തെ കണ്ടു വിസ്മയിച്ചു. വെളിപ്പാടു 13:3.***

പാപ്പാത്വ അധികാരത്തെ ബഹുമാനിക്കുന്നതിൽ ഐക്യനാടുകൾ മാത്രമല്ല ഉണ്ടായിരിക്കുക. ഒരിക്കൽ റോമിന്റെ സ്വാധീനത്തിൽനിന്നു രാജ്യങ്ങളും അവളുടെ അധികാരം മനസ്സിലാക്കിയവരും ഇന്നും നാശത്തിൽ പതിക്കാതെ ദൂരെ മാറി നില്ക്കുന്നു.

അന്ത്യ പോരാട്ടത്തിൽ ക്രിസ്തീയ സമൂഹത്തിൽ ശബ്ബത്ത് പോരാട്ടത്തിന്റെ ഒരു കേന്ദ്രബിന്ദു ആയിരിക്കും. ലോക നേതാക്കന്മാരും മതനേതാക്കന്മാരും ഒന്നിച്ചു. ഞായറാഴ്ച ആചാരത്തെ പ്രാബല്യത്തിൽ കൊണ്ടുവരുകയും അതു ലംഘിക്കുന്നവർക്കു ചെറിയ ശിക്ഷ ഫലിക്കാതെ വരുമ്പോൾ കഠിനമായ നിയമങ്ങൾ കൊണ്ടുവരുകയും ചെയ്യും. സഭയ്ക്കും ദേശത്തിന്റെ നിയമത്തിനും എതിരെ നില്ക്കുന്നവരായ ഈ ചെറിയ കൂട്ടത്തെ നിലനിർത്തിക്കൂടാ എന്നു ചിന്തിക്കും. പഴയ റോമൻ മതവും പുതിയ പ്രൊട്ടസ്റ്റന്റ് സഭകളും ദൈവകല്പന അനുസരിക്കുന്നവർക്കെതിരായി ഇതുപോലെയുള്ളനടപടികൾ സ്വീകരിക്കും. ക്രൈസ്തവ ലോകമെന്നു വിളിക്കുന്ന ഈ സ്ഥലം വഞ്ചന നടമാടുന്ന ഒരു വലിയ ദൃശ്യകേന്ദ്രമായി മാറും. അധികാരത്തിൽ ഇരിക്കുന്ന മനുഷ്യർ മനഃസാക്ഷിയെ നിയന്ത്രിക്കത്തക്ക രീതിയിൽ പാപ്പാത്വ മാതൃകപ്രകാരം നിയമം പ്രാബല്യത്തിൽ വരുത്തും. തന്റെ ക്രോധമദ്യം സകല രാജ്യത്തെയും ബാബിലോൺ കുടിപ്പിക്കും. എല്ലാ രാജ്യങ്ങളും ഇതിൽ ഉൾക്കൊണ്ടിരിക്കുന്നു (വെളി. 18:3–7).

ഒരു ദൂതൻ ആകാശമദ്ധ്യേ പറന്നുകൊണ്ടിരിക്കുകയും അത്യുച്ചത്തിൽ ലോകത്തിന്റെ ശ്രദ്ധ ആജ്ഞാപിക്കുന്നതിനെയുമാണ് വെളിപ്പാട് 14–ാമദ്ധ്യായത്തിലെ മൂന്നാംദൂതന്റെ മുന്നറിയിപ്പ് പ്രതിനിധീകരിക്കുന്നത്. ദൈവത്തിന്റെ കല്പനയും യേശുവിങ്കലുള്ള വിശ്വാസവും കാക്കുന്നവർ എന്നും മൃഗത്തെയും അതിന്റെ പ്രതിമയെയും നമസ്ക്കരിച്ചു അതിന്റെ മുദ്രയേല്ക്കുന്നവർ എന്നുമുള്ള രണ്ടു വിഭാഗമായി ക്രൈസ്തവലോകം ഈ സന്ദർഭത്തിൽ തരംതിരിക്കപ്പെടും.

സഭയും രാഷ്ട്രീയ ശക്തികളും ഒന്നിച്ചു എല്ലാ ചെറിയവരെയും വലിയവരെയും സമ്പന്നന്മാരെയും ദരിദ്രരെയും സ്വതന്ത്രന്മാരെയും ദാസന്മാരെയും (വെളിപ്പാടു 13:16) മൃഗത്തിന്റെ മുദ്രയേല്ക്കുവാൻ നിർബന്ധിക്കുമെങ്കിലും ദൈവജനം അതു കൈക്കൊള്ളുകയില്ല. മൃഗത്തോടും അതിന്റെ പ്രതിമയോടും അതിന്റെ മുദ്രയോടും പേരിന്റെ സംഖ്യയോടും ജയിച്ചവർ ദൈവത്തിന്റെ വീണകൾ പിടിച്ചുകൊണ്ട് പളുങ്കു കടലിന്നരികെ ദൈവത്തിന്റെ ദാസനായ മോശെയുടെ പാട്ടും കുഞ്ഞാടിന്റെ പാട്ടും പാടിക്കൊണ്ടു നിൽക്കുന്നതു ഞാൻ കണ്ടു" എന്ന് യോഹന്നാൻ പറയുന്നു (വെളി. 15:2,3).

# പല ശബ്ദങ്ങൾ ഉണ്ടാക്കുന്ന കുഴപ്പം

***വേറൊരു ശബ്ദം സ്വർഗ്ഗത്തിൽനിന്നു പറയുന്നതായി ഞാൻ കേട്ടതു: എന്റെ ജനമായുള്ളോരേ, അവളുടെ പാപങ്ങളിൽ കൂട്ടാളികളാകാതെയും അവളുടെ ബാധകളിൽ ഓഹരിക്കാരാകാതെയുമിരിപ്പാൻ അവളെ വിട്ടു പോരുവിൻ. വെളി. 18:4.***

ലോകത്തോടുള്ള മുന്നറിയിപ്പെന്നവണ്ണം അവസാനവേലയിൽ രണ്ടു വ്യത്യസ്തമായ വിളി സഭകൾക്കു ഉണ്ടാകും. രണ്ടാം ദൂതന്റെ ദൂത് ഇവ്വണ്ണമായിരുന്നു: തന്റെ ദുർന്നടപ്പിന്റെ ക്രോധമദ്യം സകല ജാതികളെയും കുടിപ്പിച്ച മഹതിയാം ബാബിലോൺ വീണുപോയി; എന്നും മൂന്നാമത്തെ ദൂതന്റെ ദൂതിൽ കേൾക്കുന്ന അത്യുച്ചത്തിലുള്ള ശബ്ദത്തിൽ "സ്വർഗ്ഗത്തിൽനിന്നും ഒരു ശബ്ദം പറയുന്നതായി കേട്ടതു "അവളുടെ പാപങ്ങളിൽ കൂട്ടാളികളാകാതെയും അവളുടെ ബാധകളിൽ ഓഹരിക്കാരാകാതെയുമിരിപ്പാൻ അവളെ വിട്ടു പോരുവിൻ. അവളുടെ പാപങ്ങൾ ആകാശത്തോളം കുന്നിച്ചിരിക്കുന്നു. അവളുടെ അകൃത്യം ദൈവം ഓർത്തിട്ടുമുണ്ട്." ഇസ്രായേൽ മക്കളെ ദൈവം ശബ്ബത്തനുസരിക്കുവാൻ വേണ്ടി മിസ്രയീമിൽനിന്നും വിളിച്ചതുപോലെ അവന്റെ ജനത്തെ മൃഗത്തെയും അതിന്റെ പ്രതിമയെയും നമസ്ക്കരിക്കാതിരിപ്പാനായി ബാബിലോണിൽ നിന്നും പുറത്തുവരുവാൻ വിളിക്കുന്നു. സത്യം സകല രാജ്യത്തും ഒരു സാക്ഷ്യമായി പ്രസംഗിക്കപ്പെട്ടുകഴിയുമ്പോൾ എല്ലാ ദുഷ്ട ശക്തികളും കർമ്മോന്മുഖരായി എഴുന്നേൽക്കുകയും "ഇതാ, ക്രിസ്തു ഇവിടെ, അതാ അവൻ അവിടെ" എന്നു നിലവിളിക്കുന്ന അനേക ശബ്ദത്താൽ മനസ്സുകൾ കുഴപ്പത്തിലാകുകയും ചെയ്യും ഇതാണ് സത്യം, എനിക്കു ദൈവത്തിന്റെ ദൂതുണ്ട്, അവൻ എന്നെ വലിയ വെളിച്ചത്താൽ അയച്ചിരിക്കുന്നു" എന്നു പറയും. പിന്നീടു അതിർത്തി കല്ലുകളെ മാറ്റുവാനും നമ്മുടെ വിശ്വാസത്തിന്റെ അടിതൂണുകളെ പറിച്ചുകളയുവാനും ശ്രമിക്കും. വ്യാജ ശബ്ബത്തിനെ ഉയർത്തുവാനും അവൻ അനുഗ്രഹിച്ചു ശുദ്ധീകരിച്ച ദിവസത്തിനു പകരം മറ്റൊരു ദിവസത്തിനു പ്രാധാന്യം കൊടുത്തു ദൈവത്തിനുമേൽ പഴിചാരുന്നതിനുമായി കഠിനമായി പ്രയത്നിക്കുകയും ചെയ്യും. ഈ കപട ശബ്ബത്തിനെ പ്രാബല്യത്തിൽ വരുത്തുവാൻ അതിക്രൂരമായ നിയമങ്ങൾ ഉണ്ടാക്കും. എന്നാൽ സാത്താൻ അത്ഭുതങ്ങൾ പ്രവർത്തിക്കുമ്പോൾതന്നെ വെളിപ്പാടുപുസ്തകത്തിൽ പ്രവചിച്ചിരിക്കുന്ന സമയം നിവൃത്തിയാകുകയും ഭൂമിയെ തന്റെ തേജസ്സിനാൽ പ്രകാശിപ്പിക്കുന്ന വലിയ അധികാരമുള്ള ദൂതൻ ബാബിലോണിന്റെ വീഴ്ചയെക്കുറിച്ചു പ്രസിദ്ധമാക്കുകയും അവളെ തിരസ്ക്കരിക്കുവാൻ തക്കവണ്ണം ദൈവജനത്തെ വിളിക്കുകയും ചെയ്യും.

എപ്പോഴാണ് അവളുടെ പാപങ്ങൾ ആകാശത്തോളം കുന്നിക്കുന്നത്? അവസാനം ദൈവത്തിന്റെ ന്യായപ്രമാണത്തെ നിയമം മൂലം മാറ്റുമ്പോഴാണ്. അപ്പോൾ ദൈവജനത്തിന്റെ കഷ്ടസ്ഥിതി എന്തെന്നാൽ സ്വർഗ്ഗത്തിന്റെയും ഭൂമിയുടെയും ഭരണകർത്താവു ആരെന്നു കാണിക്കുന്നതിനുള്ള അവന്റെ അവസരമാണ്. താഴെനിന്നും സാത്താന്യ ശക്തിയാൽ ഭൂതലത്തെ ഇളക്കുമ്പോൾ ദൈവം തന്റെ ജനത്തിനു ശക്തിയും വെളിച്ചവും അയയ്ക്കുകയും അതിനാൽ അവർ ലോകം മുഴുവനും സത്യദൂതുകളെ അറിയിക്കുകയും ചെയ്യും.





# മതങ്ങളുടെ ത്രിമാന ഏകീകരണം

***മഹാസർപ്പത്തിന്റെ വായിൽനിന്നും മൃഗത്തിന്റെ വായിൽനിന്നും കള്ളപ്രവാചകന്റെ വായിൽനിന്നും തവളയെപ്പോലെ മൂന്ന് അശുദ്ധാത്മാക്കൾ പുറപ്പെടുന്നതു ഞാൻ കണ്ടു. ഇവ സർവ്വഭൂതലത്തിലും ഉള്ള രാജാക്കന്മാരെ സർവ്വശക്തനായ ദൈവത്തിന്റെ മഹാദിവസത്തിലെ യുദ്ധത്തിനു കൂട്ടിച്ചേർപ്പാൻ അത്ഭുതങ്ങൾ ചെയ്തുകൊണ്ട് അവരുടെ അടുക്കലേക്കു പുറപ്പെടുന്ന ദൂതാത്മാക്കൾ തന്നെ. വെളി. 16:13,14.***

ദൈവകല്പന ലംഘിക്കുവാനുള്ള പാപ്പാത്വത്തിന്റെ നിർബ്ബന്ധ ആജ്ഞയാൽ നമ്മുടെ രാഷ്ട്രം പൂർണ്ണമായും അവളെത്തന്നെ നീതിയിൽ നിന്നും വിച്ഛേദിക്കും. പ്രൊട്ടസ്റ്റന്റ് സമൂഹം റോമാശക്തിയുമായി കൈകോർക്കുകയും അവൾ പ്രേതാത്മവാദത്തെ ആശ്ലേഷിക്കേണ്ടതിന് അതിന്റെ ആഴങ്ങളിലേക്ക് കൈനീട്ടുകയും ഇപ്രകാരം ഈ ത്രിമാന സംഗമത്തിന്റെ സ്വാധീനത്തിൻകീഴിൽ എത്തിച്ചേരുകയും ചെയ്യുമ്പോൾ, ഐക്യനാടുകൾ ഒരു പ്രൊട്ടസ്റ്റന്റ് രാജ്യവും ജനാധിപത്യരാജ്യവും എന്നീ നിലകളിലുള്ള എല്ലാ തത്വങ്ങളും ഉപേക്ഷിക്കുകയും പാപ്പാത്വത്തിന്റെ തെറ്റുകളെയും മതിഭ്രമങ്ങളെയും പെരുപ്പിക്കുവാൻ പദ്ധതി ആവിഷ്ക്കരിക്കുകയും ചെയ്യുമ്പോൾ പിശാചിന്റെ ഭയങ്കര വേലകൾക്കുള്ള സമയമായെന്നും അവസാനം വന്നെത്തിയിരിക്കുന്നു എന്നും നാം തിരിച്ചറിയും.

ആത്മാവിന്റെ അമർത്യത, ഞായറാഴ്ചയുടെ പരിശുദ്ധി എന്നീ രണ്ടു വലിയ തെറ്റുകളിലൂടെ സാത്താൻ ജനത്തെ തന്റെ വഞ്ചനയിൽ കുടുക്കും. ഇതിൽ ഒന്നാമത്തേത് പ്രേതാത്മവാദത്തിന് കളമൊരുക്കുമ്പോൾ രണ്ടാമത്തേത് റോമുമായി സഖ്യതാബന്ധം സ്ഥാപിക്കുന്നു. പ്രേതാത്മവാദവുമായി കൈകോർക്കുന്ന മുഖ്യ സൂത്രധാരകൻ പ്രൊട്ടസ്റ്റന്റ് രാജ്യമായ ഐക്യനാടുകളായിരിക്കും. അവർ ഒരുമിച്ച് റോമുമായി ചേരുകയും ഈ ത്രിമാനശക്തികളുടെ സ്വാധീനത്താൽ ഈ രാജ്യം മനസ്സാക്ഷിയുടെ അവകാശത്തെ ചവിട്ടിക്കളയുന്നതിനായി റോമാക്കാരുടെ കാലടികളെ അനുഗമിക്കും.

പാപ്പാത്വവും പ്രൊട്ടസ്റ്റന്റുകാരും ലൗകിക ശക്തികളും ഒരുമിച്ച് ദൈവഭക്തിയുടെ വേഷം ധരിച്ച് അതിന്റെ ശക്തിയെ ത്യജിച്ചുകൊണ്ട് ഈ ഐക്യതയിൽ ലോകത്തിൽ വലിയ പരിവർത്തനം നടത്തുവാൻ ശേഷിയുള്ള ശക്തി ദർശിക്കുകയും വളരെ ആകാംക്ഷയോടെ കാത്തിരിക്കുന്ന സഹസ്രാബ്ദ വാഴ്ചയെ വാഗ്ദാനം ചെയ്യുകയും ചെയ്യും.

ഐക്യനാടുകൾ ഇവ്വണ്ണം അതിന്റെ ഭരണ നിയമങ്ങൾക്കു ഞായറാഴ്ച ആചാരം പ്രാബല്യത്തിൽ കൊണ്ടുവരുവാനായി മാറ്റം വരുത്തുമ്പോൾ, പ്രൊട്ടസ്റ്റന്റുകാരും പാപ്പാത്വവും യോജിക്കുകയും, ഇത് വളരെക്കാലം തന്റെ നിഷ്ഠൂരഭരണം കൊണ്ടുവരുവാൻ ഒരു അവസരത്തിനായി കാത്തിരുന്ന അധർമ്മമൂർത്തിക്ക് ജീവൻ കൊടുക്കുന്നതിനല്ലാതെ മറ്റൊന്നിലും കലാശിക്കുകയില്ല.

# സാത്താനും അവന്റെ ത്രിവിധ ശക്തികളും

***മൃഗത്തിനു അധികാരം കൊടുത്തതുകൊണ്ട് അവർ മഹാസർപ്പത്തെ നമസ്ക്കരിച്ചു. വെളി. 13:4***

"അതിനു കുഞ്ഞാടിനുള്ളതുപോലെ രണ്ടു കൊമ്പുണ്ടായിരുന്നു. അതു മഹാസർപ്പം എന്നപോലെ സംസാരിച്ചു." ദൈവകുഞ്ഞാടിന്റെ അനുഗാമികളെന്നു വിളംബരം ചെയ്തവർ മൃഗത്തിന്റെ ആത്മാവിനാൽ നിറയപ്പെട്ടു. സൗമ്യതയും താഴ്മയും ഉള്ളവരായിരിക്കുന്നു എന്ന് പറയുമ്പോഴും അവർ സാത്താന്റെ ആത്മാവിനാലാണ് സംസാരിക്കുന്നത്. അവർ പഠിപ്പിക്കുന്നതിന് വിപരീതമായി അവരുടെ പ്രവൃത്തിയിൽ കാണിക്കുകയും ചെയ്യുന്നു. ഈ കുഞ്ഞാടിനെപ്പോലെയുള്ള ശക്തി മഹാസർപ്പവുമായി ചേർന്ന് ദൈവകല്പനയും യേശുവിന്റെ സാക്ഷ്യവുമുള്ളവരോട് യുദ്ധത്തിനായി ഒത്തുചേരും. സാത്താൻ പ്രൊട്ടസ്റ്റന്റുകാരോടും പാപ്പാത്വത്തോടും ചേർന്ന് അവർക്കു മുമ്പാകെ താൻ ലോകത്തിന്റെ ദൈവമായി നടിച്ചും അവർ തനിക്കു ഇഷ്ടമുള്ള രീതിയിൽ കൈകാര്യം ചെയ്യുവാനും ഭരിക്കുവാനും നിയന്ത്രിക്കുവാനും തക്കവണ്ണം തന്റെ പ്രജകളാണെന്നു മനുഷ്യരെ ബോധിപ്പിക്കുന്നു. ദൈവകല്പനയെ ചവിട്ടിക്കളയുവാൻ മനുഷ്യൻ തുനിയുന്നില്ലെങ്കിൽ മഹാസർപ്പത്തിന്റെ ആത്മാവ് അവർക്ക് വെളിപ്പെടും. അവരെ ആബാലവൃദ്ധം ന്യായവിസ്താരത്തിൽ കൊണ്ടുവരുകയും പിഴയടപ്പിക്കുകയും തുറുങ്കിലടയ്ക്കുകയും ചെയ്യും. അവൻ ചെറിയവരും വലിയവരും ധനവാന്മാരും ദരിദ്രന്മാരുമായവരുടെ നെറ്റിമേലോ കൈമോലോ മുദ്രയേല്ക്കുമാറാക്കിത്തീർക്കുന്നു."

"മൃഗത്തിന്റെ പ്രതിമ സംസാരിക്കേണ്ടതിന്നും മൃഗത്തിന്റെ പ്രതിമയെ നമസ്ക്കരിക്കാത്തവരെ ഒക്കെയും കൊല്ലിക്കേണ്ടതിന്നും മൃഗത്തിന്റെ പ്രതിമയ്ക്കു ആത്മാവിനെ കൊടുക്കുവാൻ അതിനു ബലം ലഭിച്ചു. അങ്ങനെ സാത്താൻ യഹോവയുടെ വിശേഷാധികാരത്തെ ബലാത്ക്കാരമായി കൈവശപ്പെടുത്തുവാൻ ശ്രമിക്കുന്നു. അധർമ്മമൂർത്തി ദൈവത്തിന്റെ സിംഹാസനത്തിൽ ഇരിക്കുന്നു എന്നും താൻ ദൈവമാണെന്നും ഘോഷിച്ചുകൊണ്ട് അത്യുന്നതനു മീതെ തന്നെ ത്താൻ ഉയർത്തുകയും ചെയ്യും.

ദൈവത്തിന്റെ മുദ്രയേറ്റവരെയും മൃഗത്തെയും അതിന്റെ പ്രതിമയെയും നമസ്ക്കരിക്കുന്നവരെയും വേർതിരിച്ചറിയുവാൻ തക്കവണ്ണം ഒരു പ്രത്യേക അടയാളമുണ്ട്. കർത്താവിന്റെ വിശ്വസ്ത ദാസന്മാർ വ്യാജ അദ്ധ്യാപകന്മാരാൽ കഠിനമായ പീഡനത്തിലൂടെ കടന്നുപോകയും ദൈവവചനത്തെ ഗൗനിക്കാത്തവർ അത് ശ്രവിക്കുന്നവരുടെ മുമ്പാകെ ഇടർച്ചക്കല്ലുകളായും ഭവിക്കും. എന്നാൽ ദൈവജനം അതിനെ ഭയക്കുകയില്ല. സാത്താന് അവന്റെ പരിധിവിട്ടു പോകുവാൻ കഴിയുകയില്ല. യഹോവ തന്റെ ജനത്തിന്റെ കോട്ടയായിരിക്കും. തന്റെ ദാസന്മാർ സത്യത്തിനുവേണ്ടി ഏൽക്കുന്ന മുറിവുകൾ തന്റെ മേൽ ഏറ്റതുപോലെ അവൻ കാണുന്നു. അവസാന തീരുമാനം എടുക്കുകയും എല്ലാവരും അവരവരുടെ നിരയിലെത്തുകയും ചെയ്യുമ്പോൾ ഒന്നുകിൽ ക്രിസ്തുവിനും അവന്റെ കല്പനയുടെ പക്ഷത്തും അല്ലെങ്കിൽ വലിയ വിശ്വാസത്യാഗത്തിലും സാത്താന്റെ പക്ഷത്തും ആയിത്തീരുന്നു. അപ്പോൾ ദൈവം അതിശക്തിയോടെ എഴുന്നേൽക്കുകയും അവനെതിരെ ദൂഷണം പറഞ്ഞവരുടെ വായ് എന്നെന്നേക്കുമായി അടയ്ക്കുകയും ചെയ്യും. സകല പ്രതികൂല അധികാരങ്ങളും ശിക്ഷ അനുഭവിക്കേണ്ടി വരും.





# സത്വത്തെ ദുഷിപ്പിക്കുന്നു

***അന്നു ആരാനും നിങ്ങളോടു: ഇതാ, ക്രിസ്തു ഇവിടെ അല്ല അവിടെ എന്നു പറഞ്ഞാൽ വിശ്വസിക്കരുത്. മത്തായി 24:23***

വിശ്വാസത്യാഗ പ്രവർത്തനത്തിന്റെ അന്ത്യ വികാസങ്ങൾക്കുമുമ്പ് വിശ്വാസസംബന്ധമായ ഒരു ആശയക്കുഴപ്പം ഉണ്ടാകും. ദൈവിക മർമ്മത്തെക്കുറിച്ചു വ്യക്തവും തിട്ടവുമായ ഒരു ആശയം ഉണ്ടായിരിക്കുകയില്ല. ഒരു സത്യത്തിനു പിറകെ വേറൊന്ന് ദുഷിക്കപ്പെടും. സത്യം സാക്ഷ്യമായി ഭൂലോകത്തൊക്കെയും പ്രസംഗിക്കപ്പെട്ടതിനുശേഷം ദുഷ്ടന്റെ സകലവിധ വഞ്ചനാപരമായ ശക്തികളും വ്യാപരിക്കുകയും അനേകരുടെ ശബ്ദങ്ങൾ നിമിത്തം മനസ്സുകൾ കലക്കത്തിലായിത്തീരുകയും ചെയ്യും. "ഇതാ ക്രിസ്തു ഇവിടെ! അതാ അവൻ അവിടെ, ഇതാണ് സത്യം. എനിക്കു ദൈവത്തിന്റെ സന്ദേശമുണ്ട്. അവൻ എന്നെ വലിയ വെളിച്ചത്താൽ അയച്ചിരിക്കുന്നു എന്നു പറയും. പിന്നെ അതിപ്രധാന കാര്യങ്ങളെ നീക്കം ചെയ്യുകയും അടിസ്ഥാന വിശ്വാസങ്ങളെ തകർക്കുവാൻ ശ്രമിക്കുകയും ചെയ്യും. തെറ്റായ ശബ്ബത്തിനെ ഉയർത്തുവാൻ തക്കവണ്ണം അധികമായി ചിന്തിക്കുകയും പരിശ്രമിക്കുകയും ചെയ്യുകയും ദൈവം അനുഗ്രഹിച്ചു ശുദ്ധീകരിച്ച ദിവസത്തെ മാറ്റിയിട്ടു അവന്റെ കുറ്റമാരോപിക്കുകയും ചെയ്യും. ഈ വ്യാജ ശബ്ബത്ത് ഒരു നിയമംമൂലം പ്രാബല്യത്തിൽ കൊണ്ടുവരപ്പെടും.

ഭാവിയിൽ സകലവിധ വഞ്ചനകളും ഉയരുന്നതുകൊണ്ടു നമുക്കു കാലുവെയ്ക്കുവാൻ ഉറപ്പുള്ള സ്ഥലം ആവശ്യമാണ്. നമുക്കു കെട്ടുപണിക്കാവശ്യമായ ഉറപ്പുള്ള അടിസ്ഥാന തൂണുകളാണ് ആവശ്യം. ദൈവം സ്ഥാപിച്ചതിൽനിന്നും ഒന്നുപോലും മാറ്റരുത്. സമാഗമനകൂടാരമില്ല എന്നുള്ള ഉപദേശങ്ങൾ ശത്രുവിന്റെ വഞ്ചനാപരമായ ശാസ്ത്രങ്ങളിൽ കൊണ്ടുവന്നേക്കാം. ഇത് വിശ്വാസത്തിൽ നിന്നകറ്റുവാൻ പറ്റിയ ഒരു ബിന്ദുവാണ്.

യഥാർത്ഥമല്ലാത്ത സ്വപ്നങ്ങളും യഥാർത്ഥമല്ലാത്ത ദർശനങ്ങളും ഉണ്ടായേക്കാം. അതിൽ ചിലതു സത്യങ്ങളുമായിരിക്കാം എന്നാൽ അതു യഥാർത്ഥ വിശ്വാസത്തിൽ നിന്നു അകറ്റിക്കളയുന്നവയായിരിക്കും. അതുകൊണ്ടു യഹോവ അവയെ ഗ്രഹിക്കുവാൻ ചില നിയമങ്ങൾ മനുഷ്യനു നല്കിയിരിക്കുന്നു: "ഉപദേശത്തിനും സാക്ഷ്യത്തിനും വരുവിൻ! അവർ ഈ വാക്കുപോലെ പറയുന്നില്ലെങ്കിൽ അവർക്കു അരുണോദയം ഉണ്ടാകയില്ല" (യെശ. 8:20).

അവസാന കാലഘട്ടത്തിലേക്കു നാം അടുക്കുമ്പോൾ സത്യവും അസത്യവും തമ്മിൽ കൂട്ടിക്കലർത്തും പരിശുദ്ധാത്മാവിന്റെ നടത്തിപ്പിലൂടെ അല്ലാതെ ആർക്കും തെറ്റും ശരിയും തിരിച്ചറിയുവാൻ കഴിയുകയില്ല. കർത്താവിന്റെ വഴി ഒരുക്കുവാൻ നമ്മുടെ സകല പ്രയത്നവും നാം പ്രയോജനപ്പെടുത്തണം. അവന്റെ ആലോചന വിട്ട് മനുഷ്യരിൽ ആശ്രയം വെയ്ക്കുവാൻ നാം ഒരുവിധത്തിലും തുനിയരുത്. യഹോവയിൽ ആശ്രയിക്കുന്നവരുടെ സഹായത്തിനായി എല്ലാ സമയത്തും അവരെ വീക്ഷിക്കുന്നതിനും കാവൽ ചെയ്യുന്നതിനും ദൈവദൂതന്മാരെ നിയമിച്ചിട്ടുണ്ട്. എല്ലാ ദിവസവും വിശ്വാസത്തിന്റെ ഉറപ്പിനായി കർത്താവിന്റെ അടുക്കൽ നാം വരേണ്ടതും ജ്ഞാനത്തിനായി അവങ്കലേക്കു നോക്കേണ്ടതുമാകുന്നു. കർത്താവിന്റെ വചനത്താൽ നയിക്കപ്പെടുന്നവർക്ക് സത്യവും അസത്യവും തമ്മിലും പാപവും നീതിയും തമ്മിലും ഉള്ള വ്യത്യാസങ്ങൾ വ്യക്തമായി മനസ്സിലാക്കുവാൻ കഴിയും.

# ഐക്യനാടുകൾ പ്രവചനങ്ങളിൽ

***മറ്റൊരു മൃഗം ഭൂമിയിൽനിന്നു കയറുന്നത് ഞാൻ കണ്ടു; അതിന്നു കുഞ്ഞാടിനുള്ള തുപോലെ രണ്ടു കൊമ്പുണ്ടായിരുന്നു; അതു മഹാസർപ്പം എന്നപോലെ സംസാരിച്ചു. വെളി. 13:11***

ഈ പ്രവചനത്തിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ ഒരു രാജ്യത്തിന് മാത്രമാണ് യോജിക്കുന്നത്. സംശയലേശമെന്യേ അമേരിക്കൻ ഐക്യനാടുകളെയാണ് ഇത് ചൂണ്ടിക്കാണിക്കുന്നത്.

ഇവിടെ നമ്മുടെ രാജ്യത്തിന്റെ ഉയർച്ചയും വളർച്ചയും കാണിക്കുന്നതും ഞെട്ടിപ്പിക്കുന്നതുമായ യാഥാർത്ഥ്യമാണുള്ളത്. കുഞ്ഞാടിനുള്ളതുപോലെയുള്ള കൊമ്പുകൾ നിഷ്കളങ്കതയെയും സൗമ്യതയെയുമാണ് ചിത്രീകരിക്കുന്നത്. അതു നമ്മുടെ സർക്കാരിന്റെ സ്വഭാവത്തിനിണങ്ങുന്നതായ ജനാധിപത്യവും നവീകരണപ്രസ്ഥാനവുമായ (പ്രൊട്ടസ്റ്റന്റുമായ) രണ്ടു അടിസ്ഥാന ആദർശങ്ങളെയാണ് ഇവിടെ പ്രതിനിധീകരിക്കുന്നത്."

സൂര്യൻ പ്രകാശിക്കുന്നതായ മറ്റേതു രാജ്യങ്ങളെക്കാളും വലിയ കാര്യങ്ങൾ ദൈവം ഐക്യനാടുകളിൽ ചെയ്തു. ഇവിടെ ദൈവത്തിന്റെ ജനത്തിനു അവരുടെ മനസ്സാക്ഷിക്കു അനുസരിച്ചു അവനെ ആരാധിക്കുവാനും ഉള്ള മാർഗ്ഗം തുറന്നുകൊടുത്തു. ഇവിടെയാണ് ക്രിസ്ത്യാനികൾ ശുദ്ധി പ്രാപിക്കുന്നതിൽ പുരോഗതി പ്രാപിച്ചത്. മനുഷ്യനു ദൈവത്തിനു മദ്ധ്യേയുള്ള ഏക മദ്ധ്യസ്ഥനെക്കുറിച്ചുള്ള നിത്യജീവൻ പകരുന്ന ഉപദേശം സൗജന്യമായി പഠിപ്പിച്ചു. ഈ രാജ്യം എല്ലാ ജനങ്ങൾക്കും അവരുടെ മനഃസാക്ഷിക്കനുസരിച്ചു അവനെ ആരാധിക്കുവാൻ എന്നും നിലനില്ക്കതക്ക രീതിയിൽ അതിനെ രൂപപ്പെടുത്തി. അതിന്റെ ആധികാരിക സ്ഥാപനംമൂലം സുവിശേഷം ഘോഷത്തിന സ്വാതന്ത്ര്യം ലഭിക്കത്തക്ക രീതിയിൽ രൂപം കൊടുത്തു. എന്നാൽ നീതിയുടെ ശത്രു ഈ രാജ്യത്തിൽ ദൈവത്തിന്റെ ഉദ്ദേശത്തിനു മീതെ തന്റെ ഉദ്ദേശം ആസൂത്രണം ചെയ്തു. മനുഷ്യരെ ദൈവമില്ല എന്നു വിശ്വസിപ്പിക്കുവാൻ തക്കവണ്ണമുള്ള സംരംഭം അവൻ കൊണ്ടുവരും. ദൈവത്തിന്റെ ന്യായപ്രമാണം ഇല്ലാതാക്കിത്തീർക്കുവോളം ലൗകികതയും അത്യാഗ്രഹവുമായ വിഗ്രാഹാരാധന മുഖ്യ വഞ്ചകന്റെ വ്യാപാരത്താൽ ഈ ലോകത്ത് നിലനിൽക്കുന്നു.

സാത്താൻ നമുക്കു നേരെ തേർവാഴ്ച നടത്തുന്നതു ഞാൻ കണ്ടു; സാത്താന്റെ പ്രതിനിധികളാൽ ദൈവത്തിന്റെ ന്യായപ്രമാണത്തിനും മാറ്റംവരുത്തുവാൻ സ്വാതന്ത്ര്യമുണ്ട് എന്നു പുകഴ്ത്തിപ്പറയുന്ന നമ്മുടെ ദേശത്തു മത സ്വാതന്ത്ര്യത്തിനു അന്ത്യം ഉണ്ടാകും.

നമ്മുടെ രാജ്യം അതിന്റെ നിയമത്താൽ മനുഷ്യമനഃസാക്ഷിയെ ബന്ധിച്ചുകൊണ്ടും മതസ്വാതന്ത്ര്യത്തെ തടസ്സപ്പെടുത്തിക്കൊണ്ടും ഞായറാഴ്ച ആചാരത്തെ ഏഴാംദിന ശബ്ബത്തിനു വിരുദ്ധമായി കൊണ്ടുവരുമ്പോൾ ദൈവിക ന്യായപ്രമാണത്തിന്റെ ആവശ്യവും ഉദ്ദേശ്യവും നമ്മുടെ ദേശത്ത് ഇല്ലാതായിത്തീരുന്നു; അതിനാൽ ദേശീയമായ വിശ്വാസത്യാഗം സംഭവിക്കുകയും ദേശം അധഃപതനത്തിൽ എത്തുകയും ചെയ്യും.





# കത്തോലിക്കരും പ്രൊട്ടസ്റ്റന്റുകാരും ചേർന്നുള്ള പീഡനം

***എന്റെ നാമം നിമിത്തം എല്ലാവരും നിങ്ങളെ പകെക്കും; അവസാനത്തോളം സഹിച്ചു നില്ക്കുന്നവനോ രക്ഷിക്കപ്പെടും. മത്താ.10:22***

നമുക്കു പീഡനം സഹിക്കുവാൻ കഴിയില്ല എന്നുള്ള ചിന്ത ആവശ്യമില്ല; നാം മഹാ കഷ്ടകാലത്തിലൂടെ കടക്കേണ്ടതാണ്. റോമക്കാർ പ്രൊട്ടസ്റ്റന്റുകാരെ പീഡിപ്പിച്ച് യേശുക്രിസ്തുവിന്റെ മാർഗ്ഗക്കാർക്ക് ഏകദേശം ഉന്മൂലനാശം വരുത്തിയതുപോലെ, അതിനെക്കാൾ ശക്തരായിരിക്കും പ്രൊട്ടസ്റ്റന്റും റോമക്കാരും യോജിച്ച എതിരാളികൾ.

കല്പന അനുസരിക്കുന്ന ദൈവജനം അധികം താമസിയാതെ കഠിനമായ പരീക്ഷകളിൽ ആയിത്തീരുവാൻ പോകയാണ്. എന്നിരുന്നാലും വെളിച്ചത്തിൽ നടന്നവരും വെളിച്ചത്തെ പ്രസരിപ്പിച്ചവരും അവർക്കുവേണ്ടി ദൈവം ഇടപെടും എന്നതു മനസ്സിലാക്കുവാൻ പോകയാണ്. സകലരും അവരെ തഴയുന്നതായി കാണുമ്പോൾ കർത്താവ് തന്റെ ശക്തി തന്റെ ഭക്തന്മാർക്ക് വെളിപ്പെടുത്തും. ശക്തമായ രീതിയിൽ ദൈവം പ്രവർത്തിച്ചുകൊണ്ടിരുന്നതും സർവ്വശക്തന്റെ നിഴൽ വ്യാപിച്ചിരുന്നതുമായ രാജ്യങ്ങൾ പ്രൊട്ടസ്റ്റന്റുകാരുടെ ആദർശങ്ങൾക്കു കീഴടങ്ങി അതിന്റെ അധികാരങ്ങൾക്കു വശംവദരായി റോമാത്വത്തെ തുണച്ചുകൊണ്ട് മതപരമായ സ്വതന്ത്ര്യത്തെ മാറ്റുമ്പോൾ ദൈവം സത്യത്തിനായി നിലനിന്ന തന്റെ ജനത്തിനുവേണ്ടി തന്റെ ശക്തിയാൽ വ്യാപരിക്കും. റോമ തന്റെ മർദ്ദന ഭരണം തുടങ്ങിയേക്കാം, എന്നാലും ക്രിസ്തു നമ്മുടെ ആശ്രയമായിരിക്കുന്നു.

ഐക്യനാടുകളിലെ സഭകൾ ഒന്നിക്കുന്നതിനുള്ള ഉപദേശങ്ങൾക്കു രാഷ്ട്രീയമായ സ്വാധീനം ചെലുത്തി അവരുടെ ആജ്ഞകൾ പ്രാബല്യത്തിൽ വരുത്തുവാനും അവരുടെ സ്ഥാപനം നിലനിർത്തുന്നതിനും ശ്രമിക്കും. അപ്പോൾ പ്രൊട്ടസ്റ്റന്റ് അമേരിക്ക റോമിനു പ്രതിമയുണ്ടാക്കുകയും അതിനെ ധരിക്കാത്തവർ രാഷ്ട്രീയ ശിക്ഷയാൽ കഷ്ടത അനുഭവിക്കുകയും ചെയ്യും.

തിരുവെഴുത്തു പഠിപ്പിക്കുന്നതു പാപ്പാത്വം പ്രൊട്ടസ്റ്റന്റു ലോകത്തിന്റെ ചുവടു പിടിച്ചു അതിനു ഒരിക്കൽ നഷ്ടമായ അധികാരം വീണ്ടും പ്രാപിക്കുകയും അതു പീഡനത്തിന്റെ അഗ്നി വീണ്ടും കൊളുത്തുകയും ചെയ്യും എന്നാണ്. ഈ കഷ്ടകാലത്ത് നിലനില്ക്കണമെങ്കിൽ നാം സത്യം അറിയുന്നവരും ദൈവശക്തി പ്രാപിച്ചവരുമായിരിക്കണം. ഈ വീക്ഷണം വ്യക്തിപരമായ അപകടത്തിലും നിരാശയിലും എത്തിക്കുമെങ്കിലും നിരാശയ്ക്കു ആവശ്യമില്ല. പക്ഷെ ദൈവജനത്തിന്റെ ഓജസ്സും പ്രത്യാശയും വർദ്ധിക്കുകയും വേണം; അവരുടെ ആപത്ഘട്ടം ദൈവത്തിന്റെ ശക്തിയെ വ്യക്തമായി വെളിപ്പെടുത്തുന്ന ഒരു സന്ദർഭമാകുന്നു.

# ക്രിസ്തുവിന്റെ നിമിത്തം പീഡിപ്പിക്കപ്പെടും

*എന്നാൽ ക്രിസ്തുയേശുവിൽ ഭക്തിയോടെ ജീവിക്കുവാൻ മനസ്സുള്ളവർക്ക് എല്ലാം ഉപദ്രവം ഉണ്ടാകും. 2 തിമൊ. 3:12.*

കാരണം കൂടാതെ ക്രിസ്തുവിനെ വെറുത്തു എങ്കിൽ അവന്റെ ജനത്തെയും അവർ ദൈവകല്പന അനുസരിക്കുന്നവരായതിനാൽ വെറുക്കും. നിർമ്മലനും പരിശുദ്ധനും കളങ്കമില്ലാത്തവനും ലോകത്തിൽ നന്മയല്ലാതെ വേറൊന്നും ചെയ്യാത്തവനും ആയവനെ ഒരു വലിയ കുറ്റവാളിയായി കണക്കാക്കുകയും മരണം വിധിക്കുകയും ചെയ്തെങ്കിൽ അവന്റെ ശിഷ്യന്മാർ, അവരുടെ ജീവിതം എത്രമാത്രം കുറ്റമില്ലാത്തതായാലും സ്വഭാവം നിഷ്ക്കളങ്കമായതായാലും ഈ ഒരു വിചാരണ മാത്രമേ അവർക്ക് പ്രതീക്ഷിക്കുവാനാകൂ.

മനുഷ്യൻ കൊണ്ടുവരുന്ന കല്പനകൾ പൈശാചികന്റെ പ്രതിനിധികളാൽ നിർമ്മിതവും നന്മ ചെയ്യുവാനും അധികം ദുഷ്ടത പ്രവൃത്തിക്കാതിരിക്കുവാനുമുള്ള ഒരു അപേക്ഷയിൻകീഴിൽ ദൈവത്തിന്റെ ന്യായപ്രമാണത്തെ ചവിട്ടി താഴ്ത്തിക്കൊണ്ടുള്ളതുമായിരിക്കും. യഹോവയുടെ ന്യായപ്രമാണത്തോടുള്ള തങ്ങളുടെ വിശ്വസ്തത അനുസരണത്താൽ വെളിപ്പെടുത്തുന്നവർ ദൈവത്തിന്റെ ഉന്നതവും വിശുദ്ധവുമായ ന്യായപ്രമാണം അംഗീകരിക്കാത്ത സഭാധികാരികളുടെ മുമ്പാകെ നില്ക്കേണ്ടിവരും.

ഭൂമിയുടെ ചരിത്രത്തിന്റെ ഒടുവിലത്തെ നാളുകളിൽ ജീവിച്ചിരിക്കുന്നവർക്ക് സത്യം നിമിത്തമുള്ള പീഡനം എന്നതിന്റെ അർത്ഥം ഗ്രഹിക്കുവാൻ കഴിയും. ന്യായധിപ സഭയിൽ ന്യായമല്ലാത്തത് നിലനില്ക്കും. ന്യായാധിപന്മാർ ദൈവത്തിന്റെ ന്യായപ്രമാണത്തോട് വിശ്വസ്തരായവരുടെ വാക്കുകൾ ശ്രദ്ധിക്കാതെയും അവരുടെ വാദത്തിനു ഉത്തരം കൊടുക്കാതെയും ഞങ്ങൾക്കൊരു നിയമം ഉണ്ട് ആ നിയമം അനുസരിച്ച് നിങ്ങൾ മരണയോഗ്യർ എന്ന വിധി പറയും. ദൈവിക നിയമം അവർക്ക് ബാധകമല്ല. ഞങ്ങളുടെ നിയമമാണ് പ്രധാനം. മനുഷ്യ നിയമങ്ങളെ ബഹുമാനിക്കുന്നവരോട് കരുണ കാണിക്കുകയും ഈ കപട ശബ്ബത്തിനെ ബഹുമാനിക്കാത്തവരോട് യാതൊരു കരുണയും കാണിക്കാതെയും വരും.

വേനൽക്കാലത്തു നിത്യഹരിത വൃക്ഷവും മറ്റുള്ള വൃക്ഷങ്ങളും തമ്മിൽ ശ്രദ്ധയാകർഷിക്കത്തക്ക വ്യത്യാസങ്ങൾ ഒന്നും തന്നെയില്ല എന്നാൽ ശീതകാലത്ത് നിത്യ ഹരിത വൃക്ഷത്തിന് യാതൊരു മാറ്റവും സംഭവിക്കുകയില്ല. മറുവശത്ത് ഇലകൾ എല്ലാം അടർന്നു വീഴും. അതുകൊണ്ടു കപട ഹൃദയരായവരെ സത്യക്രിസ്ത്യാനികളിൽ നിന്നും വേർതിരിച്ചറിയുവാൻ ഇപ്പോൾ കഴിയുകയില്ല. എന്നാൽ നമുക്കു നിശ്ചയിച്ചിരിക്കുന്ന സമയം ആ വ്യത്യാസം വെളിപ്പെടുത്തും. പ്രതികൂലങ്ങൾ ഏറിയുയരട്ടെ, ചതിയും അസഹിഷ്ണതയും ആടിയുലയട്ടെ, പീഡനത്തിന് തിരികൊളുത്തട്ടെ. പൂർണ്ണ ഹൃദയത്തോടെയല്ലാത്തവരും കപട ഭക്തിക്കാരും ചഞ്ചലപ്പെട്ടു വിശ്വാസം കൈവിടും. എന്നാൽ യഥാർത്ഥ ക്രിസ്ത്യാനികൾ പാറപോലെ ഉറച്ചുനിൽക്കും. അവന്റെ അഭിവൃദ്ധിയുടെ നാളുകളിലെക്കാൾ വിശ്വാസം ഉറപ്പുള്ളതും പ്രത്യാശയ്ക്കു ഭംഗമില്ലാത്തതും ശോഭയേറിയതുമായിരിക്കും.





# മുൻകാല സഹോദരന്മാർ ഏറ്റവും വഷളന്മരായ പീഡകർ

*പലരും ഇടറി അന്യോന്യം ഏല്പിച്ചു കൊടുക്കയും അന്യോന്യം പകെക്കയും ചെയ്യും. മത്താ. 24:10*

പ്രതിസന്ധികാലം അടുക്കുമ്പോൾ, മൂന്നാംദൂതന്റെ സന്ദേശത്തിൽ വിശ്വസിക്കുന്നു എന്ന് അഭിമാനിച്ച ചിലർ സത്യം അനുസരിക്കുന്നതിലൂടെ വിശുദ്ധീകരണം പ്രാപിക്കാതെ അവരുടെ നിലവിട്ട് പ്രതിപക്ഷത്തോട് ചേരും. അങ്ങനെ ലോകവും അതിന്റെ സഹാനുവർത്തിക ശക്തികളും യോജിക്കുകയും കാര്യങ്ങൾ ഒന്നുപോലെ കാണുവാൻ ഇടവരികയും പരീക്ഷ വരുമ്പോൾ അവർ പ്രചാരവും എളുപ്പവുമായ പക്ഷത്തു ചേരുകയും ചെയ്യും. കഴിവുള്ള മനുഷ്യരും നല്ല സാക്ഷ്യം ലഭിച്ചവരും ഒരിക്കൽ സത്യം നിമിത്തം സന്തോഷിച്ചവരും അവരുടെ അധികാരങ്ങൾ ആത്മാക്കളെ വഞ്ചിക്കുവാനും ദോഷത്തിലേക്കു നയിക്കുവാനും ഉപയോഗിക്കും. അവർ തങ്ങളുടെ മുൻകാല സഹോദരങ്ങൾക്ക് ഏറ്റവും വലിയ ശത്രുക്കളായിത്തീരും. ശബ്ബത്തനുസരിക്കുന്നവർ ന്യായാധിപസംഘത്തിന്റെ മുമ്പാകെ അവരുടെ വിശ്വാസത്തിന് പ്രതിവാദം പറയുവാൻ കൊണ്ടുവരപ്പെടുമ്പോൾ ഈ വിശ്വാസത്യാഗികളായവർ അവരെ അപമാനിക്കുയും പരിഹസിക്കുകയും വ്യാജമായ വർത്തമാനം പരത്തി അധികാരികളെ അവർക്കെതിരെ എഴുന്നേല്പിക്കുവാൻ വേണ്ടിയുള്ള സാത്താന്റെ ഏറ്റവും ശക്തമായ പ്രതിനിധികളുമായിരിക്കും.

ഈ നിരാശയുടെ കാലം ദൈവജനത്തിന് ചഞ്ചലിക്കാത്ത വിശ്വാസത്തിനുള്ള വിളിയായി അവർക്കു മുമ്പാകെ പരിണമിക്കും. അവന്റെ മക്കൾ എന്ന നിലയിൽ ഈ പരീക്ഷയിലൂടെ ജീവൻ നഷ്ടമായാലും അവരുടെ ആരാധനയുടെ കേന്ദ്രം, ദൈവമാണെന്ന് വെളിപ്പെടുത്തുകയും ഭീഷണിയുടെ നടുവിൽ പോലും വ്യാജാരാധനയ്ക്കു പ്രാധാന്യം കൊടുക്കാതെ ദൈവത്തിനു തന്നെ പ്രഥമ സ്ഥാനം കല്പിക്കുകയും ചെയ്യും.

ആ സമയത്താണ് അശുദ്ധിയിൽ നിന്നും പൊന്നു വേർതിരിക്കുന്നത്. നക്ഷത്രങ്ങളെപ്പോലെ ശോഭിച്ച അനേകരും അവരുടെ ശോഭ നിമിത്തം നാം വിസ്മയത്തോടെ ദർശിച്ചവരും ആ സന്ദർഭത്തിൽ അന്ധകാരത്തിൽ മറയും. ദൈവാലയ അലങ്കാരമെന്ന് ചിന്തിച്ചവർ ക്രിസ്തുവിന്റെ നീതി പ്രാപിക്കാത്തതിനാൽ അവരുടെ നഗ്നത നിമിത്തം ലജ്ജിക്കേണ്ടിവരും. സകല ദേശത്തും ചിതറിക്കിടക്കുന്ന ഭൂവാസികളുടെയിടയിലും ബാലിനു മുട്ടു മടക്കാത്തവരുണ്ട്. ഇവർ ആകാശത്തിലെ നക്ഷത്രങ്ങളെപ്പോലെ രാത്രിയിൽ വെളിപ്പെടുകയും അന്ധകാരം ഭൂമിയെയും കൂരിരുട്ട് ജാതികളെയും മൂടുമ്പോൾ പ്രകാശം ചൊരികയും ചെയ്യും. വിശ്വാസ ത്യാഗമേറി നിൽക്കുന്ന സമയത്തു സാത്താൻ തന്റെ സർവ്വശക്തിയാൽ ചെറിയവരും വലിയവരും ധനവാന്മാരും ദരിദ്രരും സ്വതന്ത്രരും പീഡിതരുമായ സകലരെയും മരണശിക്ഷ എന്ന ഭീഷണിയാൽ വ്യാജസ്വസ്ഥതയിൽ പ്രവേശിപ്പിച്ച് അതിന്റെ മുദ്ര പ്രാപിക്കുവാൻ പ്രേരിപ്പിക്കുമ്പോൾ ഈ ഭക്തന്മാർ ലോകത്തിൽ ഒരു വെളിച്ചമായി ശോഭിക്കും. ഫിലി. 2:15. അന്ധകാരം അധികരിക്കുമ്പോൾ അവർ അധികം ശോഭിക്കുന്നു.

# ബന്ധുമിത്രാദികളാൽ വഞ്ചിക്കപ്പെടും

***മനുഷ്യന്റെ വീട്ടുകാർ തന്നെ അവന്റെ ശത്രുക്കൾ ആകും. മത്താ. 10:36***

ദൈവത്തിന്റെ കല്പനകൾ ദുർബലമാക്കപ്പെടുകയും കഠിനമായ ശോധനയാൽ സഭയെ അരിച്ചെടുക്കുകയും ചെയ്യുമ്പോൾ ഭൂമിയിൽ ജീവിക്കുന്ന സകലർക്കും വരുന്ന ഈ പരിശോധനയിൽ വിശ്വസ്തരെന്നു ധരിച്ചവരുടെയിടയിൽ നിന്നു വലിയൊരു വിഭാഗം ആഭിചാരങ്ങൾക്കു ചെവിതിരിക്കുകയും ശത്രുപക്ഷത്തു ചേരുകയും ശുദ്ധമായതിനെ കൈവെടിയുകയും ചെയ്യും. അവർ നമ്മുടെ ഏറ്റവും കഠിനരായ പീഡകരായിരിക്കും. നിങ്ങളുടെ ഇടയിൽനിന്നു തന്നെ മനുഷ്യർ എഴുന്നേൽക്കുകയും വിപരീതമായ കാര്യങ്ങളെ സംസാരിച്ചുകൊണ്ടു ശിഷ്യന്മാരെ ആകർഷിക്കുകയും ചെയ്യും. അനേകരും പ്രേതാത്മ വാദത്തിലേക്കു തിരിയും.

വിശ്വാസത്യാഗം സംഭവിച്ചവർ പരിശോധന സമയത്തു കള്ളസാക്ഷ്യം വഹിക്കുകയും അവരുടെ സഹോദരന്മാരെ തങ്ങളുടെ സുരക്ഷിതത്വം ഉറപ്പാക്കേണ്ടതിന്നു ഒറ്റിക്കൊടുക്കുകയും ചെയ്യും. അവർ തങ്ങളുടെ സഹോദരന്മാരുടെ ഒളിസങ്കേതം പറഞ്ഞുകൊടുക്കുകയും അവരുടെ പാതയിൽ ചെന്നായ്ക്കളെ വിന്യസിക്കുകയും ചെയ്യും. ക്രിസ്തു ഈ കാര്യം മുൻകൂട്ടി നമ്മെ അറിയിച്ചിരിക്കുന്നു. ബന്ധുമിത്രാദികളുടെ പെട്ടെന്നുള്ള സ്വഭാവമാറ്റത്തെക്കുറിച്ചും അവരുടെ ക്രൂരതയെക്കുറിച്ചും നാം അതിശയിക്കേണ്ടതില്ല.

സകല കരങ്ങളും നമ്മെ തഴയുന്നതു നാം കാണും എന്നാൽ യേശുക്രിസ്തുവിന്റെ കരം നമ്മെ കൈവിടുകയില്ല. മിത്രങ്ങൾ കൊടിയ വഞ്ചനയുള്ളവരെന്നു തെളിയുകയും നാം വഞ്ചിതരായിത്തീരുകയും ചെയ്യും. ശത്രുവിന്റെ വഞ്ചനയിൽ അകപ്പെട്ട ബന്ധുക്കൾ അവർ ദൈവത്തിന്റെ വേല ചെയ്യുന്നു എന്ന് ചിന്തിച്ച് നമ്മെ എതിർത്തു കഷ്ടതകളിലേക്കു വലിച്ചിഴക്കുകയും നമ്മുടെ വിശ്വാസം നാം തിരസ്ക്കരിക്കും എന്നു പ്രത്യാശിക്കുകയും ചെയ്യുന്നു. എന്നാൽ കഷ്ടതയുടെയും അന്ധകാരത്തിന്റെയും നടുവിൽ ക്രിസ്തുവിന്റെ കരങ്ങളിൽ നാം ആശ്രയിക്കണം.

ക്രിസ്തുവിന്റെ അനുഗാമികൾ അവജ്ഞയെ അഭിമുഖീകരിക്കേണ്ടിവരും എന്നു പ്രതീക്ഷിക്കുക. അവർ നിന്ദിക്കപ്പെടും. അവരുടെ വാക്കുകളും വിശ്വാസവും തെറ്റായി ധരിപ്പിക്കപ്പെടും. ഉദാസീനതയും കുറ്റാരോപണങ്ങളും സഹിക്കുന്നത് രക്തസാക്ഷിത്വത്തെക്കാൾ കഠിനമായിരിക്കും.

പ്രചുരപ്രചാരമല്ലാത്ത സത്യം സ്വീകരിക്കുന്നതിനാൽ മാതാപിതാക്കൾ കുഞ്ഞുങ്ങൾക്കു എതിരായിത്തീരും. ദൈവത്തെ നല്ല മനസ്സോടെ സേവിക്കുന്നവർ മത്സരികളെന്നു മുദ്രയടിക്കപ്പെടും. ഏതൽക്കാല സത്യത്തിൽ വിശ്വസിക്കുന്ന കുട്ടികളുടെയും ബന്ധുക്കളുടെയും വസ്തുക്കൾ അന്യനു നല്കപ്പെടും. രക്ഷകർത്താക്കൾ തങ്ങളുടെ അനാഥരെയും വിധവകളെയും അവരുടെ കടങ്ങൾ നിമിത്തം ചൂഷണം ചെയ്യും. ദുഷ്ടതയിൽ നിന്നു അകന്നു നില്ക്കുന്നവരെ പ്രാബല്യത്തിൽ വരുന്ന നിയമത്താൽ മനസ്സിനെ സമ്മർദ്ദം ചെലുത്തി അതിന്നു ഇരയാക്കിത്തീർക്കും. മനുഷ്യർ തങ്ങൾക്കു അവകാശമില്ലാത്ത സ്വത്ത് കയ്യേറും. ക്രിസ്തേശുവിൽ ഭക്തിയോടെയിരിക്കുന്ന എല്ലാവരും കഷ്ടം സഹിക്കേണ്ടിവരുമെന്ന അപ്പൊസ്തലന്റെ വാക്കുകൾ അടുത്തുവരുന്ന ഭാവികാലത്തു നിർണ്ണയിക്കപ്പെടും.





# മരണഭീതിയിൽ

***നീ ഈ സമയത്ത് മിണ്ടാതിരുന്നാൽ യെഹൂദന്മാർക്കു മറ്റൊരു സ്ഥലത്തുനിന്ന് ഉദ്ധാരണവും രക്ഷയും ഉണ്ടാകും; എന്നാൽ നീയും നിന്റെ പിതൃഭവനവും നശിച്ചുപോകും; ഇങ്ങനെയുള്ളൊരു കാലത്തിനായിട്ടല്ലയോ നീ രാജസ്ഥാനത്തു വന്നിരിക്കുന്നത്? ആർക്ക് അറിയാം? എസ്ഥേർ 4:14***

അത്ഭുതകരമായ സംഭവങ്ങളാണ് ലോകത്തിനു മുമ്പാകെ തുറക്കുവാൻ പോകുന്നത്. സകലത്തിന്റെയും അവസാനം വന്നെത്തിയിരിക്കുന്നു. ദൈവജനത്തിനുമേൽ കഷ്ടകാലം വരുവാൻ അടുത്തിരിക്കുന്നു. അതു കർത്താവിന്റെ ശബ്ബത്തു പ്രമാണിക്കുന്നവർക്കു വില്ക്കുവാനോ വാങ്ങുവാനോ കഴിയാതാക്കുന്ന കല്പനയാൽ ഉടലെടുക്കും. അവർ ആഴ്ചവട്ടത്തിന്റെ ഒന്നാം ദിവസത്തെ ശബ്ബത്തായി ആചരിച്ചില്ലെങ്കിൽ ശിക്ഷയും മരണഭീതിയും മുഴക്കിക്കൊണ്ടുള്ള ഒരു നിയമത്തെ പ്രാബല്യത്തിൽ കൊണ്ടുവരുന്നതിനുള്ള ഒരു വിളംബരമാണ്.

എസ്ഥേറിന്റെ കാലത്തു അഹശ്വേരാശ് രാജാവിനാൽ യഹൂദന്മാർക്കെതിരെ വിളംബരം ചെയ്യപ്പെട്ടതുപോലെയുള്ള ഒരു നിയമം ആയിരിക്കും ദൈവജനത്തിനെതിരെ പുറപ്പെടുവിക്കുന്നത്. ഇതു ദൈവത്തിന്റെ സത്യത്തിന്റെ ജ്ഞാനത്തെ ഭൂമിയിൽനിന്നും പൂർണ്ണമായി നീക്കിക്കളയുന്നതിനുള്ള സാത്താന്റെ ഒരു ആസൂത്രിത പദ്ധതിയാകുന്നു. എന്നാൽ ദൈവജനത്തിൽ കുടികൊള്ളുന്ന ദൈവിക ശക്തി ആ പദ്ധതിയെ തകർക്കും.

പ്രൊട്ടസ്റ്റന്റു ലോകം ഇന്നു ശബ്ബത്ത് അനുസരിക്കുന്ന ഈ ചെറിയ കൂട്ടത്തെ കവാടത്തിങ്കലെ മൊർദ്ദെഖായി എന്നവണ്ണം കാണുന്നു. അവന്റെ സ്വഭാവവും പെരുമാറ്റവും വെളിപ്പെടുത്തുന്നത് ദൈവകല്പനയോടുള്ള അവന്റെ ആദരവിനെയാണ്. ദൈവഭയം വിട്ടുകളഞ്ഞ് അവന്റെ ശബ്ബത്തിനെ ചവിട്ടിക്കളഞ്ഞവർക്കുള്ള ഒരു നിരന്തര ശാസനയാണ്. നാം വിളിക്കാതെ അതിക്രമിച്ചു കടന്നവരെ ഏതെങ്കിലും തരത്തിൽ നമ്മുടെ മാർഗ്ഗത്തിൽ നിന്നും അകറ്റി നിർത്തണം.

കഴിഞ്ഞ യുഗങ്ങളിൽ വിശ്വസ്തതയുള്ളവർക്കെതിരെ ഗൂഢതന്ത്രം പ്രയോഗിച്ച അതെ സൂത്രധാരകനാണ് ഇന്നും ദൈവഭയവും കല്പനാനുസരണവുമുള്ളവരെ ഭൂമിയിൽ നിന്നും തുടച്ചുമാറ്റുവാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. പ്രചാരത്തിലിരിക്കുന്ന പാരമ്പര്യങ്ങളെയും ആചാരങ്ങളെയും മനസ്സോടെ തിരസ്ക്കരിക്കുന്ന താഴ്മയുള്ള ഈ ചെറിയ കൂട്ടത്തിനെതിരെ സാത്താൻ കഠിനമായ കുറ്റാരോപണം നടത്തും. ഉന്നത സ്ഥാനങ്ങളിലുള്ളവരും പ്രശസ്തരായവരുമായ മനുഷ്യർ നിയമമില്ലാത്തവരും ദ്രോഹികളുമായി ചേർന്നു ദൈവജനത്തിനെതിരെ ഗൂഢാലോചന കഴിക്കും. തിരുവെഴുത്തു ഇവ്വണ്ണം പറയുന്നു എന്നുള്ള തെളിവു വേദപുസ്തകശബ്ബത്തിന്റെ അഭിഭാഷകനു മുമ്പാകെ കൊണ്ടുവരുവാൻ കഴിയാതെ കുറവു നികത്തുവാൻ വിപരീതമായ നിയമങ്ങൾ പ്രാബല്യത്തിൽ വരുത്തും. ഈ പോർക്കളത്തിലാണ് സത്യവും അസത്യവും തമ്മിലുള്ള അവസാനത്തെ അന്തിമപോരാട്ടം നടക്കുന്നത്. ഈ ഒരു വിഷയത്തെക്കുറിച്ചു നാം സംശയിക്കേണ്ടതില്ല. മൊർദ്ദെഖായിയുടെ നാളിൽ സംഭവിച്ചതുപോലെതന്നെ യഹോവ തന്റെ സത്യത്തെയും ജനത്തെയും വെളിപ്പെടുത്തും.

# അന്ത്യകാലത്തെ രക്തസാക്ഷികൾ

***അവർ നിങ്ങളെ പള്ളിഭ്രഷ്ടർ ആക്കും; അത്രയുമല്ല നിങ്ങളെ കൊല്ലുന്നവർ എല്ലാം ദൈവത്തിന് വഴിപാടു കഴിക്കുന്നു എന്ന് വിചാരിക്കുന്ന നാഴിക വരുന്നു.***
***യോഹ. 16:2***

ലോകത്തിലുള്ള സകല വ്യക്തികളും ഏതെങ്കിലും ഒരു കൊടികീഴിൽ അണിനിരക്കും. ഇരു സൈന്യങ്ങളും വ്യത്യസ്തമായി നിലകൊള്ളുകയും വേർതിരിക്കപ്പെടുകയും ചെയ്യും. സത്യം നിമിത്തം മനഃപരിവർത്തനം വന്നവർ ദൈവകല്പന അനുസരിക്കുന്നവരുടെ കൂട്ടത്തിൽ ചേരും. ഇതാണ് ആ വ്യത്യാസത്തിന്റെ അടയാളം. ഈ വലിയ വേല അന്തിമ പോരാട്ടത്തിനുമുമ്പെ നടക്കുന്ന പോരാട്ടത്തിൽ തുടങ്ങുമ്പോൾ, അനേകരും തുറുങ്കിലടയ്ക്കപ്പെടുകയും അനേകർ ജീവരക്ഷക്കായി നഗരങ്ങളിൽനിന്നും പട്ടണങ്ങളിൽനിന്നും ഓടിപ്പോകയും അനേകർ ക്രിസ്തുവിനുവേണ്ടി സത്യത്തിനായുള്ള പോരാട്ടത്തിൽ നില്ക്കുന്നതിനാൽ രക്തസാക്ഷികളായിത്തീരുകയും ചെയ്യും.

ദൈവകല്പന ദുർബലപ്പെടുത്തിക്കൊണ്ടു പാപ്പാത്വ അധികാരങ്ങൾക്കു വഴങ്ങി അവരുടെ നിയമങ്ങൾ പ്രാബല്യത്തിൽ വരുത്തുവാൻ ശ്രമിക്കുന്നതിനാൽ ഐക്യനാടുകൾ നീതിയിൽ നിന്നു പൂർണ്ണമായി അകന്നുപോകും.

റോമൻ സൈന്യം യെരുശലേമിനോട് അടുത്തുകൊണ്ടിരുന്നത് യെരുശലേമിന്റെ അന്തിമ നാശത്തിന്റെ അടയാളമായി ശിഷ്യന്മാർ കണ്ടതുപോലെ, ഈ വിശ്വാസത്യാഗം ദൈവക്ഷമയുടെ അതിരുകവിഞ്ഞു എന്നുള്ളതിനു നമുക്കൊരു അടയാളവും നമ്മുടെ ദേശത്തിന്റെ അകൃത്യത്തിന്റെ അളവു അതിന്റെ പൂർണ്ണരൂപത്തിലായി എന്നും, കൃപയുടെ ദൂതന്റെ ഒരിക്കലും തിരികെ വരാതെയുള്ള പോക്കിന് സമയമായെന്നും നാം അറിയണം. അപ്പോൾ ദൈവജനം പ്രവാചകന്മാർ പറഞ്ഞിരിക്കുന്നതുപോലെ യാക്കോബിന്റെ കഷ്ടകാലത്തു അനുഭവിച്ചതുപോലെ കഷ്ടതയിലും നിരാശയിലും അകപ്പെടും. പീഡനത്താലുള്ള വിശുദ്ധന്മാരുടെ നിലവിളി സ്വർഗ്ഗത്തിലേക്കു ഉയരും. ഹാബേലിന്റെ രക്തം ഭൂമിയിൽനിന്നു ദൈവത്തോടു നിലവിളിച്ചതുപോലെ, രക്തസാക്ഷികളായവരിൽ നിന്നുള്ള നിലവിളി കല്ലറകളിൽനിന്നും സമുദ്രങ്ങളിൽനിന്നും പർവ്വതഗുഹകളിൽനിന്നും ഉള്ളറകളിൽ നിന്നും ദൈവത്തിന്റെ അടുക്കലേക്കുയരും." "ഞങ്ങളുടെ പരിശുദ്ധനും സത്യവാനുമായ കർത്താവേ, ഭൂമിയിൽ വസിക്കുന്നവരോട് ഞങ്ങളുടെ രക്തത്തെക്കുറിച്ചു നീ എത്രത്തോളം ന്യായം വിധിക്കാതെയും പ്രതികാരം നടത്താതെയും ഇരിക്കും" എന്ന് അവർ ഉറക്കെ നിലവിളിച്ചു.

അഞ്ചാമത്തെ മുദ്ര തുറന്നപ്പോൾ, വെളിപ്പാടുകാരനായ യോഹന്നാൻ ദർശിച്ചത് യാഗപീഠത്തിനടിയിൽ ദൈവവചനം നിമിത്തവും യേശുവിന്റെ സാക്ഷ്യം നിമിത്തവും തല ഛേദിക്കപ്പെട്ടവരുടെ ആത്മാക്കളെയാണ്. അതായത് ബാബിലോണിൽനിന്നും ദൈവത്തിന്റെ വിശ്വസ്തരും സത്യവാന്മാരുമായവരെ പുറത്തുകൊണ്ടുവന്നുകഴിയുമ്പോൾ വെളിപ്പാടുപുസ്തകം പതിനെട്ടാം അദ്ധ്യായത്തിൽ വിവരിച്ചിരിക്കുന്ന ദൃശ്യങ്ങൾ സംഭവിക്കുന്നു. അതിനുശേഷം ക്രിസ്തു ജീവദാതാവ് ആയതുകാരണം അപഹരിക്കപ്പെട്ട ജീവനെ അവൻ മടക്കിക്കൊടുക്കും; നീതിമാന്മാരെ അമർത്യതകൊണ്ടു അലങ്കരിക്കും.





# കുലുക്കുന്ന സമയം

***അധർമ്മം പെരുകുന്നതുകൊണ്ട് അനേകരുടെ സ്നേഹം തണുത്തു പോകും.***
***മത്തായി 24:12***

ദൈവജനത്തിന്റെ നെറ്റിയിൽ മുദ്രയിടപ്പെടുകയും ഇവിടെ ഈ മുദ്ര കാണുവാൻ കഴിയുന്ന ഒന്നല്ല മറിച്ചു അവരുടെ ബൗദ്ധീകമായതും ആത്മീകമായതുമായ സത്യത്തിനായുള്ള നിലപാടാണ് ഉറപ്പിക്കുക എന്ന് ഇവിടെ അർത്ഥമാക്കുന്നു. കുലുക്കത്തിനായി ഒരുക്കപ്പെടുകയും ചെയ്യുമ്പോൾ അതു വരും. ഇപ്പോൾ തന്നെ അതിന്നു മുന്നറിയിപ്പെന്നോണം ദൈവത്തിന്റെ ന്യായവിധി ദേശത്തിന്മേൽ ഇരിക്കുന്നു.

വലിയ കലക്കവും നിരാശയും ഉണ്ടാക്കുന്ന ദിവസങ്ങൾ അതിവേഗത്തിൽ ആഗമിച്ചുകൊണ്ടിരിക്കുന്നു. സാത്താൻ വെളിച്ചദൂതന്റെ വേഷം ധരിച്ച് കഴിയുമെങ്കിൽ വൃതന്മാരെയും വഞ്ചിക്കും. അവിടെ അനേക ദൈവങ്ങളും അനേക യജമാനന്മാരും ഉണ്ടായിരിക്കും. സകലവിധ ദുരുപദേശങ്ങളും കാറ്റുപോലെ വീശിയടിക്കും. മൃഗത്തിന്റെ മുദ്ര നമ്മുടെമേൽ അടിച്ചേല്പിക്കുവാൻ ശ്രമിക്കും. ലൗകിക അവകാശത്തിലേക്കു പടിപടിയായി വഴങ്ങിയവർക്കും ലോകത്തിന്റെ പതിവുകളിലേക്കു തിരിഞ്ഞവർക്കും ഈ അധികാരങ്ങൾക്കു കീഴടങ്ങുവാൻ യാതൊരു പ്രയാസവും ഉണ്ടാകയില്ല. അവർ ക്രൂരമായ പീഡനത്തിനും കുറ്റാരോപണത്തിനും തുറുങ്കിലടക്കുമെന്ന ഭീഷണിക്കും മരണത്തിനും തങ്ങളെ ഏല്പിക്കുന്നതിനു പകരം ആ അധികാരങ്ങൾക്ക് കീഴടങ്ങും. ഈ ഒരു മത്സരം ദൈവത്തിന്റെ ന്യായപ്രമാണവും മനുഷ്യന്റെ കല്പനയും തമ്മിലായിരിക്കും. ഈ അവസരത്തിൽ സഭയിലെ പൊന്നിനെ അശുദ്ധിയിൽ നിന്നു തീർത്തും വേർപെടുത്തും. യഥാർത്ഥ ദൈവഭക്തി അതിന്റെ തിളക്കത്തിലും കാഴ്ചയിലും വ്യക്തമായി വേർതിരിച്ചു പ്രദർശിപ്പിക്കപ്പെടും. അനേകം നക്ഷത്രങ്ങൾ, അവയുടെ ശോഭയിൽ നാം അതിശയിച്ചു പോയതായ ചിലത് അന്ധകാരത്തിൽ മറഞ്ഞുപോകും. ഒരു മേഘംപോലെ പതിര് കാറ്റിനാൽ പാറിപ്പോയി തറയിൽ ഗോതമ്പു മാത്രം ശേഷിക്കും. ദൈവാലയത്തെ അലങ്കരിച്ചവർ എന്നു അഭിമാനിച്ചവർ ക്രിസ്തുവിന്റെ നീതിയിൻ വസ്ത്രം ധരിക്കുവാൻ കഴിയാത്തതിനാൽ അവരുടെ നഗ്നത നിമിത്തം ലജ്ജിക്കും. എന്നാൽ സത്യം സ്വീകരിക്കുന്ന മനുഷ്യരുണ്ട്. അവർ സത്യം വിട്ടു പോകുന്നവരുടെ സ്ഥാനം സ്വീകരിക്കും.

സത്യക്രിസ്ത്യാനികളായ മനുഷ്യർ അവരുടെ സ്ഥാനം ഏറ്റെടുക്കുകയും വിശ്വസ്തരും, ആശ്രയിപ്പാൻ യോഗ്യരുമായ വീട്ടുകാർ ദൈവത്തിന്റ വചനത്തെയും അതിലടങ്ങിയിരിക്കുന്ന സത്യത്തെയും ലളിതമായി കാണുവാൻ കഴിയുന്നവരുമായിത്തീരും. ദുഷ്ടസമൂഹത്തിൽനിന്നും സത്യവും വിശ്വസ്തതയുമുള്ളവരെ വേർതിരിക്കുവാൻ കർത്താവു പ്രവർത്തിക്കും. അവരുടെ നിലവാരങ്ങൾ കുറവായിരിക്കുകയില്ല. ഉറപ്പും സത്യവും ഉള്ളവരാൽ ഒഴിവുകൾ നികത്തപ്പെടും ചെയ്യും. അങ്ങനെ വിശ്വാസത്യാഗികളുടെയും എതിരാളികളുടെയും സ്ഥാനം അവർ നികത്തും.

# കുലുക്കത്തിന്റെ ഒരു ദൃശ്യം

***അന്നാളിൽ നിശ്ചയമായിട്ടു യിസ്രായേൽ ദേശത്തു ഒരു വലിയ ഭൂകമ്പം ഉണ്ടാകും എന്നു ഞാൻ എന്റെ തീക്ഷ്ണതയിലും എന്റെ കോപാഗ്നിയിലും അരുളിച്ചെയ്തിരിക്കുന്നു. യെഹ. 38:19.***

ഉറച്ച വിശ്വാസമുള്ള ചിലർ വേദനയോടെ നിലവിളിക്കുന്നതും ദൈവത്തോടു അപേക്ഷിക്കുന്നതും ഞാൻ കണ്ടു. അവരുടെ വാടിയതും ആകാംക്ഷാഭരിതവുമായ മുഖം മനസ്സിലെ തകർച്ചകളെ വെളിപ്പെടുത്തുന്നതായിരുന്നു. വിശ്വസ്തതയും ഉറപ്പും മുഖത്ത് പ്രകാശിക്കുമ്പോഴും അവരുടെ നെറ്റിയിൽനിന്നും വിയർപ്പുകണങ്ങൾ ഒഴുകുന്നുണ്ടായിരുന്നു.

യേശുവിനെ അവരുടെ ദൃഷ്ടിയിൽനിന്നും മറയ്ക്കുവാനായി ദുഷ്ടദൂതന്മാർ അവർക്ക് ചുറ്റും കൂട്ടംകൂടി അന്ധകാരം വമിപ്പിക്കും. അതിനാൽ ക്രിസ്തു അവരുടെ ദൃഷ്ടിയിൽനിന്നും മറഞ്ഞിട്ട് അവരുടെ കണ്ണുകൾ അവർക്ക് ചുറ്റുമുള്ള അന്ധകാരത്തിലേക്ക് തിരിയുവാനും തദ്വാര ദൈവത്തിലുള്ള അവരുടെ ആശ്രയം നഷ്ടമാക്കി അവരെ അവനെതിരെ പിറുപിറുക്കുന്നവരും ആക്കിത്തീർക്കും.

ഉയരങ്ങളിലേക്ക് കണ്ണുകളെ ഉയർത്തുക എന്നതായിരുന്നു അവരുടെ ഏക ആശ്രയം. ദൈവദൂതന്മാർക്ക് അവന്റെ ജനത്തിനുമേൽ അധികാരമുണ്ട്. ഈ ദുഷ്ടദൂതന്മാരുടെ വിഷലിപ്തമായ അന്തരീക്ഷം ആകാംക്ഷാഭരിതരായ ദൈവജനത്തെ വലയം ചെയ്യുമ്പോൾ സ്വർഗ്ഗീയ ദൂതന്മാരുടെ തുടർച്ചയായ ചിറകടി ഈ അന്ധകാരത്തെ അകറ്റുവാനായി അവർക്ക് മുകളിലുണ്ട്.

പ്രാർത്ഥിക്കുന്നവർ ആത്മാർത്ഥമായി നിലവിളിക്കുമ്പോൾ ക്രിസ്തുവിൽനിന്നും സമയാസമയങ്ങളിൽ അവരുടെ ഹൃദയത്തെ പ്രചോദിപ്പിക്കേണ്ടതിനും മുഖം പ്രകാശിക്കേണ്ടതിനുമായി ഒരു പ്രകാശവീചി അവരുടെമേൽ പതിക്കും. ചിലർ വേദനയോടെയുള്ള ഈ നിലവിളിയിലും യാചനയിലും പങ്കുചേർന്നില്ല. അവർ വ്യത്യസ്തരും അശ്രദ്ധരുമായി കാണപ്പെട്ടു. ദൈവദൂതന്മാർ ആകാംക്ഷയോടെ നിലവിളിക്കുന്നവരുടെ സഹായത്തിനായി പുറപ്പെട്ടു. എന്നാൽ ദൈവസഹായത്തിനായി ആത്മാർത്ഥതയോടെ നിലവിളിക്കാത്തവരെ ദൂതന്മാർ തഴയുകയും അവർ എന്റെ ദൃഷ്ടിക്കു മറഞ്ഞതിനാൽ ഞാൻ അവരെ പിന്നെ കണ്ടതുമില്ല.

ഞാൻ കണ്ട ഈ ഇളക്കത്തിനു കാരണം ഞാൻ ആരാഞ്ഞു. അതിനുകാരണം ലവോദിക്യക്കാർക്കുവേണ്ടിയുള്ള സത്യസാക്ഷിയുടെ ആലോചനയാൽ നേരിട്ടു കൊണ്ടുവരുന്ന സാക്ഷ്യം നിമിത്തമാണെന്ന് എന്നെ കാണിച്ചുതന്നു.

ശക്തമായ ഒരു കുലുക്കം സംഭവിച്ച ഒരു സമൂഹത്തിലേക്ക് എന്റെ ശ്രദ്ധ തിരിഞ്ഞു. അവർക്കു ചുറ്റുമുള്ള കാവൽ മാലാഖമാരുടെ എണ്ണം ഇരട്ടിയായി. അവർ തലമുതൽ പാദംവരെ ആയുധവർഗ്ഗം ധരിപ്പിക്കപ്പെട്ടിരുന്നു.

ഈ ആയുധവർഗ്ഗം ധരിച്ചവർ മഹാശക്തിയോടുകൂടി സത്യത്തെ പ്രസ്താവിക്കുന്നത് ഞാൻ കേട്ടു. അതിന് പ്രസക്തിയുണ്ടായിരുന്നു. ഈ വലിയ മാറ്റം എങ്ങനെ സംഭവിച്ചു എന്നു ഞാൻ ചോദിച്ചു. "കർത്താവിന്റെ സന്നിധിയിൽ നിന്നും വരുന്ന പുതുക്കത്തിന്റെ പിന്മഴയും മൂന്നാം ദൂതന്റെ ആർപ്പുവിളിയുമാണ് ഇത് എന്ന് ദൂതൻ മറുപടി നല്കി.





# ആർപ്പുവിളിയിൻ കീഴിലുള്ള വേർതിരിക്കലും ഐക്യവും

***എഴുന്നേറ്റു പ്രകാശിക്ക; നിന്റെ പ്രകാശം വന്നിരിക്കുന്നു; യഹോയുടെ തേജസ്സും നിന്റെ മേൽ ഉദിച്ചിരിക്കുന്നു. അന്ധകാരം ഭൂമിയെയും കൂരിട്ടു ജാതികളെയും മൂടുന്നു; നിന്റെ മേലോ യഹോവ ഉദിക്കും; അവന്റെ തേജസ്സും നിന്റെ മേൽ പ്രത്യക്ഷമാകും. യെശ. 60:1,2.***

ശോധനകൾ നമുക്കുചുറ്റും ഘനമേറിയതാകുമ്പോൾ നമ്മുടെ നിലപാടിൽ വേർതിരിവും ഐക്യതയും ഒരുമിച്ചു ദർശിക്കും. ഇന്നു ആയുധങ്ങളെ യുദ്ധത്തിനായി എടുക്കുവാൻ തല്പരരായവർ ഈ കഷ്ടസമയത്തു അതു വെളിപ്പെടുത്തുകയും ഉറപ്പുള്ള പാറയിൽ അവർ പണിയപ്പെട്ടിട്ടില്ല എന്നു കാണിക്കുകയും അങ്ങനെ അവർ പരീക്ഷകൾക്കു കീഴടങ്ങുകയും ചെയ്യും. വലിയ വെളിച്ചം ലഭിച്ചവർ വിശിഷ്ട അവസരങ്ങൾ ലഭിച്ചപ്പോൾ ഉപയോഗപ്പെടുത്താത്തിനാൽ ഒരു ചെറിയ തടസ്സം നേരിടുമ്പോൾ അല്ലെങ്കിൽ വേറൊന്നു നേരിടുമ്പോൾ അവർ നമ്മിൽനിന്നും പുറത്തു പോകും. സത്യത്തിന്റെ സ്നേഹത്തെ അനുഭവിക്കാതെ ഇവർ ശത്രുവിന്റെ മായയിൽ കുടുങ്ങി പ്രേതാത്മാക്കളുടെയും ദുർഭൂതങ്ങളുടെയും ഉപദേശം കേട്ടു വിശ്വാസത്തിൽനിന്നും വേർപ്പെട്ടു പോകും. പക്ഷെ മറിച്ചു പീഡനത്തിന്റെ അലകൾ അടിക്കുമ്പോൾ ശരിയായിട്ടുള്ള ആടുകൾ യഥാർത്ഥ ഇടയന്റെ ശബ്ദം കേൾക്കും. നഷ്ടപ്പെട്ടവരുടെ രക്ഷയ്ക്കായി നിസ്വാർത്ഥ പരിശ്രമം ഉണ്ടാകുകയും തൊഴുത്തിൽനിന്നും അകന്നു പോയവരിൽ അനേകരും വലിയ ആട്ടിടയനെ അനുഗമിക്കുകയും ചെയ്യും. ദൈവജനം ഒന്നിച്ചുകൂടി ശത്രുവിന്റെ മുമ്പിൽ ഐക്യത്തോടെ നിലകൊള്ളും. പൊതുവെയുള്ള കഷ്ടതയും അധികാരത്തിനായുള്ള പോരാട്ടവും നിന്നുപോകയും ആരാണ് വലിയവൻ എന്നുള്ള മത്സരം ഇല്ലാതായിത്തീരുകയും ചെയ്യും. ഒരു സത്യവിശ്വാസിയും "ഞാൻ പൗലോസിന്റെ പക്ഷക്കാരൻ എന്നും അപ്പൊല്ലോസിന്റെ പക്ഷക്കാരൻ എന്നും കേഫാസിന്റെ പക്ഷക്കാരൻ എന്നും ഒരിക്കലും പറയുകയില്ല." അവരുടെ സാക്ഷ്യം എല്ലാം ഒന്നുതന്നെയായിരിക്കും. "ഞാൻ ക്രിസ്തുവിനോടു ചേരും; എന്റെ വ്യക്തിപരമായ രക്ഷകൻ എന്ന നിലയിൽ ഞാൻ അവനിൽ സന്തോഷിക്കും."

മൂന്നാം ദൂതന്റെ സന്ദേശം അത്യുച്ചത്തിൽ ഉയരുമ്പോൾ ഈ വിളംബരത്തിന് വലിയ ശക്തിയും തേജസ്സും അകമ്പടിയായി പുറപ്പെടും. ദൈവജനത്തിന്റെ മുഖം സ്വർഗ്ഗത്തിന്റെ പ്രകാശത്താൽ ശോഭിക്കും.

അനേക അധികാരികളെ സാത്താൻ നിയന്ത്രിക്കും എന്നു വരികിലും ഈ അധികാരികളുടെ ഇടയിലും ദൈവത്തിന്റെ പ്രതിനിധികളുണ്ട്. ഇവരിൽ ചിലർ ഇന്നുവരെ സത്യത്തിലേക്കു പരിവർത്തനം ചെയ്തിട്ടില്ല. ചില ദൈവപ്രതിനിധികൾക്കു ദുഷ്ടന്മാരുടെ വലിയ സമൂഹത്തെ നേരിടുവാനുള്ള ശക്തിയുണ്ട്. അങ്ങനെ മൂന്നാംദൂതന്റെ വേല പൂർത്തിയാകുവോളം ദൈവവേല തുടർന്നു കൊണ്ടിരിക്കുകയും മൂന്നാം ദൂതന്റെ അത്യുച്ചത്തിലുള്ള നാദത്തിങ്കൽ ഈ പ്രതിനിധികൾക്കു സത്യം സ്വീകരിക്കുവാനുള്ള അവസരം ലഭിക്കുകയും ചിലർ മാനസാന്തരപ്പെട്ടു വിശുദ്ധന്മാരോടൊപ്പം കഷ്ടകാലത്തെ സഹിക്കുകയും ചെയ്യും.

# സഭ വീഴുന്നതുപോലെ തോന്നുന്നു

***സീയോനോ: യഹോവ എന്നെ ഉപേക്ഷിച്ചു, കർത്താവ് എന്നെ മറന്നുകളഞ്ഞു എന്നു പറയുന്നു. ഒരു സ്ത്രീ തന്റെ കുഞ്ഞിനെ മറക്കുമോ? താൻ പ്രസവിച്ച മകനോടു കരുണ തോന്നാതിരിക്കുമോ? അവർ മറന്നുകളഞ്ഞാലും ഞാൻ നിന്നെ മറക്കുകയില്ല. യെശ. 49:14,15.***

സാത്താൻ തന്റെ ശക്തി പരമോന്നതമാക്കിവെച്ച് അവന്റെ വഞ്ചനയിൽ കുടുക്കുവാൻ തന്റെ അത്ഭുതങ്ങൾ പ്രവർത്തിക്കും. സഭ വീഴ്ചയുടെ വക്കിൽ എത്തുമെന്ന് തോന്നിയേക്കാം. എന്നാൽ അതു വീഴുകയില്ല. അതു നിലനില്ക്കുകയും സീയോനിലുള്ള പാപികൾ, നല്ല ഗോതമ്പിൽ നിന്നും കളയെ നീക്കം ചെയ്യുന്നതുപോലെ പാറ്റി മാറ്റപ്പെടും. ഇതൊരു അഗ്നിപരീക്ഷയാണ് എന്നു വരികിലും അതു സംഭവിച്ചേ മതിയാവുകയുള്ളു. കുഞ്ഞാടിന്റെ രക്തത്താൽ അല്ലാതെ ആരും അതിനെ അതിജീവിക്കുകയില്ല. അവരുടെ വചനത്തിന്റെ സാക്ഷ്യം വിശ്വസ്തതയോടും നിർമ്മലതയോടുമുള്ളതായിരിക്കും, അത് പാപത്തിന്റെ കറയേശാത്തതും അവരുടെ വായ് ദോഷമില്ലാത്തതും ആയിരിക്കും.

സത്യം അനുസരിച്ചു തങ്ങളുടെ ആത്മാക്കളെ ശുദ്ധീകരിച്ചു ശേഷിക്കുന്നവർ ഈ ശോധനയിലൂടെ ശക്തി പ്രാപിച്ച് അവരുടെ ചുറ്റും നില്ക്കുന്ന വിശ്വാസത്യാഗികൾക്കു ശുദ്ധിയുടെ തിളക്കം വെളിപ്പെടുത്തും. കർത്താവു തന്റെ സഭയെ സ്നേഹിക്കുന്നു എന്ന് എനിക്കു അറിയാം. അതൊരിക്കലും വേർപെട്ടിരിക്കുന്നതും ക്രമീകൃതമല്ലാത്തതുമായ ഒരു സ്വതന്ത്ര അണു ആകരുത്. ഇതിൽ കുറഞ്ഞ യോജിപ്പുപോലും ഇല്ലാതിരിക്കരുത്. അതിന്റേതായി യാതൊരു കണിയും ഏശരുത്. ഈ വ്യാജ സന്ദേശങ്ങളെ ആശ്രയിച്ചു മറ്റുള്ളവരെ ഭിന്നിപ്പിക്കുന്നവർ വഞ്ചനയിൽ അകപ്പെടുകയും ചെപ്പടി വിദ്യയിൽ കുടുങ്ങുകയും ഒന്നുമില്ലായ്മയിൽ എത്തിച്ചേരുകയും ചെയ്യും.

ഇസ്രയേലിന്റെ ദൈവം ഇപ്പോഴും തന്റെ ജനത്തെ നയിക്കുന്നു എന്നു ഞാൻ മനസ്സിലാക്കുന്നതിനാൽ ഞാൻ ശക്തിയുള്ളവനും ഭാഗ്യവാനും ആകുന്നു, അവൻ അവസാനത്തോളം നമ്മോടുകൂടെയിരിക്കും.

ദൈവം സ്ഥാപിച്ചതായ ഈ അടിസ്ഥാനത്തിൽനിന്നും നാം പിന്നോട്ടു പോകുവാൻ പാടില്ല. മറ്റുള്ള സംഘടനകളിലേക്കു നാം പ്രവേശിക്കുവാൻ പാടില്ല, കാരണം അതു സത്യത്തിൽ നിന്നുള്ള വ്യതിയാനമാണ്. പെട്ടെന്നുതന്നെ കഠിനമായ പോരാട്ടത്തിൽ പ്രവേശിക്കുന്ന സഭയാണ് ലോകത്തിൽ ദൈവത്തിനു ഏറ്റവും പ്രിയപ്പെട്ടത്. ദുഷ്ടന്മാരുടെ കൂട്ടത്തെ ശക്തിയോടെ ഇളക്കിവിടുകയും സാത്താൻ തനിക്കു കഴിയുന്ന സകലവിധ പ്രലോഭനങ്ങളും അവനു വഞ്ചനയിൽ കുടുക്കുവാൻ കഴിയാത്തവരുടെമേലും തന്റെ ചെപ്പടി വിദ്യയിൽ കുടുങ്ങാത്തവരുടെ മേലും തന്റെ ഭോഷ്ക്കിൽ വിശ്വസിക്കാത്ത തിരഞ്ഞെടുക്കപ്പെട്ടവരുടെ മേലും ചൊരിയും. എന്നാൽ ഒരു പ്രഭുവായും രക്ഷകനായും ഉയർത്തപ്പെടുവാനും യിസ്രയേലിനു പാപപരിഹാരം വരുത്തുവാനും മാനസാന്തരം നല്കുവാനും വന്ന നമ്മുടെ പ്രതിനിധിയും തലയുമായ ക്രിസ്തു തന്റെ ഹൃദയം അടയ്ക്കുകയും കരം പിൻവലിക്കുകയും ചെയ്യുമോ? അല്ല അവന്റെ വാഗ്ദത്തം കപടമാണോ? ഒരുനാളുമല്ല.





# സഭയുടെ ശുദ്ധീകരണം

***അവൻ ഊതിക്കഴിക്കുന്നവനെപ്പോലെയും വെള്ളി ശുദ്ധി വരുത്തുന്നവനെപ്പോലെയും ഇരുന്നുകൊണ്ട് ലേവി പുത്രന്മാരെ ശുദ്ധീകരിച്ച് പൊന്നുപോലെയും വെള്ളിപോലെയും നിർമ്മലീകരിക്കും; അങ്ങനെ അവർ നീതിയിൽ യഹോവയ്ക്കു വഴിപാടു അർപ്പിക്കും. മലാ. 3:3.***

മുഖ്യവഞ്ചകന്റെ വീര്യം പ്രവർത്തിക്കുന്ന ശക്തി വളരെ വ്യക്തമായി വെളിപ്പെടുന്ന സമയം അടുത്തിരിക്കുന്നു. ആകർഷകമായ രീതിയിൽ അവന്റെ വഞ്ചനാവിദ്യ ഏറിവരുമ്പോൾ അത് കലക്കത്തിന് വഴിതെളിക്കുകയും കഴിയുമെങ്കിൽ വൃതന്മാരെയും വഞ്ചിക്കുകയും ചെയ്യും. അന്ധകാരത്തിന്റെ പ്രഭുവും ദുഷ്ട ദൂതന്മാരും ചേർന്നു ക്രൈസ്തവ ലോകത്തിന്മേൽ പ്രവർത്തിച്ച് ക്രിസ്തുവിന്റെ നാമം ധരിച്ചിരിക്കുന്നവരുടെ മേൽ സമ്മർദ്ദം ചെലുത്തി അന്ധകാരത്തിന്റെ കൊടിക്കീഴിൽ കൊണ്ടുവന്നു ദൈവകല്പനയും യേശുവിങ്കലുള്ള വിശ്വാസവുമുള്ളവരോടു യുദ്ധം ചെയ്യുവാൻ ഒരുങ്ങും.

വിശ്വാസത്യാഗിയായ സഭ ഭൂമിയുടെയും പാതാളത്തിന്റെയും അധികാരത്തോടു ചേർന്ന് മൃഗത്തെയും അതിന്റെ പ്രതിമയെയും ആരാധിക്കുവാൻ ദൈവജനത്തെ നിർബന്ധിക്കും. ദൈവകല്പനയോടുള്ള അവരുടെ ഭയഭക്തി ഉപേക്ഷിച്ച് പാപ്പാത്വത്തെ വണങ്ങുവാൻ അവരെ നിർബ്ബന്ധിക്കുന്നതിന് കരുക്കളൊരുക്കും. അപ്പോൾ മനുഷ്യരെ ശോധന ചെയ്യുന്ന സമയം വരുകയും വിശ്വാസത്യാഗത്തിന്റെ ഗൂഢാലോചന, ദൈവത്തിന്റെ വിശ്വസ്തരായവർ അവന്റെ കല്പനയെയും അതിലടങ്ങുന്ന സത്യത്തെയും ഉപേക്ഷിക്കുവാൻ ആവശ്യപ്പെടും. അപ്പോൾ പൊന്നിൽനിന്നു മാലിന്യങ്ങൾ നീക്കം ചെയ്യുന്നതുപോലെ വിശ്വസ്തരെന്നും അവിശ്വസ്തരെന്നും വ്യക്തമാക്കപ്പെടും. പതിര് കാറ്റിനാൽ പാറിപറന്നു പോകുന്നതിനാൽ നമ്മുടെ കണ്ണുകൾക്കു അവിടെ ഗോതമ്പു മാത്രമേ കാണുവാൻ കഴികയുള്ളു. ക്രിസ്തുവിനെ കേന്ദ്രീകരിക്കാത്തവർ ഈ പരീക്ഷയിലും ആ ദിവസത്തിന്റെ അഗ്നിപരീക്ഷയിലും പരാജയപ്പെടും. ക്രിസ്തുവിന്റെ നീതി ധരിച്ചവർ ഉറപ്പുള്ളവരായി സത്യത്തിലും അവരുടെ സേവനത്തിലും നിലനില്ക്കുമ്പോൾ സ്വയ നീതിയിൽ ആശ്രയിച്ചവർ അന്ധകാരത്തിന്റെ കൊടിക്കീഴിൽ, അന്ധകാരപ്രഭുവിനോടൊപ്പം അണിനിരക്കും. അപ്പോൾ ക്രിസ്തുവിനെയാണോ ബാലിനെയാണോ തിരഞ്ഞെടുത്തിരിക്കുന്നത് എന്നു കാണുവാൻ സാധിക്കും.

തഴച്ചുവളരുന്ന വൃക്ഷങ്ങളെന്നവണ്ണം നില്ക്കുകയും ഫലം പുറപ്പെടുവിക്കാതിരിക്കുകയും ചെയ്തവർ ദുഷ്ടസമൂഹത്തോടുകൂടെ ചേർന്ന് അവരുടെ കൈമേലോ നെറ്റിമേലോ വിശ്വാസത്യാഗത്തിന്റെ മുദ്ര സ്വീകരിക്കുമ്പോൾ സ്വയം വേദനപ്പെടുകയും കളങ്കവും നിന്ദയും നേരിടുന്നതിനു ധൈര്യപ്പെടാതവണ്ണമുള്ള സാഹചര്യങ്ങളിലായിരുന്നവർ അവസാനം ക്രിസ്തുവിനും അവന്റെ കല്പനയ്ക്കുംവേണ്ടി നിലകൊള്ളുകയും ചെയ്യും.

# സാത്താൻ യേശുവിന്റെ വേഷമെടുക്കുന്നു – 1

***ആരും നിങ്ങളെ തെറ്റിക്കാതിരിപ്പാൻ സൂക്ഷിച്ചുകൊൾവിൻ. ഞാൻ ആകുന്നു എന്നും സമയം അടുത്തിരിക്കുന്നു എന്നും പറഞ്ഞ് അനേകർ എന്റെ പേരെടുത്തു വരും; അവരെ അനുഗമിക്കരുത്. ലൂക്കൊ. 21:8***

ഈ കാലത്ത് യഥാർത്ഥ ക്രിസ്തുവായി എതിർക്രിസ്തു വെളിപ്പെടുകയും പിന്നീട് ലോകരാജ്യങ്ങളിൽ ദൈവകല്പന പൂർണ്ണമായി നിരാകരിക്കപ്പെടുകയും ചെയ്യും. വിശുദ്ധ കല്പനയോടുള്ള എതിർപ്പ് അതിന്റെ പരിപൂർണ്ണതയിൽ എത്തിച്ചേരുകയും ചെയ്യും. ഈ വിപ്ലവത്തിന്റെയെല്ലാം യഥാർത്ഥ നേതാവായ സാത്താൻ ഒരു വെളിച്ച ദൂതനെപ്പോലെ വേഷം ധരിച്ചിരിക്കും. മനുഷ്യർ വഞ്ചിതരാവുകയും അവനെ ദൈവത്തിന്റെ സ്ഥാനത്തേക്ക് ഉയർത്തുകയും അവന് ദൈവത്വം കല്പിക്കുകയും ചെയ്യും. പക്ഷേ അനന്തവും അപാരവുമായ ശക്തി അതിനെ തടസ്സപ്പെടുത്തുകയും സാത്താന്റെ ഔന്നത്യത്തിലേയ്ക്കുള്ള അവരോധിക്കലിൽ ഒത്തുചേർന്നു പിന്മാറ്റ സഭകളുടെമേൽ ന്യായവിധി പ്രഖ്യാപിക്കുകയും ചെയ്യും. അതുനിമിത്തം മരണം, ദുഃഖം, ക്ഷാമം എന്നിങ്ങനെ അവളുടെ ബാധകൾ ഒരു ദിവസത്തിൽ തന്നെ വരും, അവളെ തീയിൽ ഇട്ടു ചുട്ടുകളയും അവളെ ന്യായം വിധിച്ച ദൈവമായ കർത്താവു ശക്തനല്ലോ.”

വെളിച്ചദൂതന്റെ വേഷം ധരിച്ച പിശാച് ഒരു അത്ഭുതപ്രവർത്തകനായി ഭൂമിയിൽ നടക്കും. അത്യുന്നതമായ അഭിപ്രായങ്ങൾ നല്ല ഭാഷയിലൂടെ അവൻ അവതരിപ്പിക്കും. അവൻ നല്ല കാര്യങ്ങൾ സംസാരിക്കുകയും നല്ല പ്രവർത്തനം കാഴ്ചവെക്കുകയും ചെയ്യും. ക്രിസ്തുവിന്റെ വേഷം ധരിക്കുമെങ്കിലും ഒരു കാര്യത്തിൽ മാത്രം വ്യത്യസ്തത പ്രകടമാക്കും. സാത്താൻ മനുഷ്യരെ ദൈവകല്പനയിൽ നിന്നും വ്യതിചലിപ്പിക്കും.

വിശുദ്ധ ശബ്ബത്ത് ഏഴാം ദിവസത്തിൽനിന്നും ആഴ്ചയുടെ ഒന്നാം ദിവസത്തിലേക്ക് മാറ്റിയിരിക്കുന്നതായി അവൻ പ്രഖ്യാപിക്കുകയും ആഴ്ചവട്ടത്തിലെ ഒന്നാംദിനത്തിന്റെ കർത്താവാകുന്നതിനാൽ ഈ വ്യാജശബ്ബത്ത് അവനോടൊത്തുള്ള വിശ്വസ്തതയുടെ അടയാളമായി അവൻ അവതരിപ്പിക്കുകയും ചെയ്യും.

ദിവ്യമഹത്വവും മുൻകാല പീഡനത്തിന്റെ യാതനകളും സംയോജിപ്പിക്കപ്പെടുമ്പോൾ ഭൂമിയിൽ ജീവിച്ചിരിക്കുന്ന ദൈവജനത്തിനുണ്ടാകുന്ന അനുഭവം വിവരിക്കുക എന്നത് അസാദ്ധ്യമാകുന്നു. അവർ ദൈവസിംഹാസനത്തിൽനിന്നും ബഹിർഗമിക്കുന്ന പ്രകാശത്തിൽ നടക്കും. ദൈവദൂതന്മാരിലൂടെയുള്ള നിരന്തര സംസർഗ്ഗം ഭൂമിക്കും സ്വർഗ്ഗത്തിനും മദ്ധ്യേയുണ്ടാകും. കഴിയുമെങ്കിൽ വൃതന്മാരെയും തെറ്റിക്കേണ്ടതിന്, ദുഷ്ടദൂതന്മാരാൽ വലയം ചെയ്യപ്പെട്ട് ദൈവമെന്ന് അവകാശപ്പെടുന്ന സാത്താൻ എല്ലാവിധമായ അത്ഭുതങ്ങളും പ്രവർത്തിക്കും. സാത്താൻ യാന്ത്രികമായനുകരിച്ചുണ്ടാക്കുന്ന അത്ഭുതപ്രവർത്തനങ്ങളിൽ ദൈവമക്കൾ അവരുടെ സുരക്ഷിതത്വം കാണുകയില്ല. പുറ. 31:12–18-ൽ പറഞ്ഞിരിക്കുന്ന അടയാളത്തിൽ ദൈവത്താൽ പരീക്ഷിച്ച് നിരീക്ഷിക്കപ്പെട്ട ദൈവമക്കൾ അവരുടെ ശക്തി ദർശിക്കും. ‘ഇങ്ങനെ എഴുതപ്പെട്ടിരിക്കുന്നു’ എന്ന ജീവനുള്ള വചനത്തിൽ ദൈവമക്കൾ നില്ക്കേണ്ടിയിരിക്കുന്നു. ഈ ഏക അടിസ്ഥാനത്തിൽ മാത്രമേ അവർക്ക് സുരക്ഷിതരായി നില്ക്കുവാൻ കഴിയുകയുള്ളു.





# സാത്താൻ യേശുവിന്റെ വേഷമെടുക്കുന്നു – 2

***അതു ആശ്ചര്യവുമല്ല; സാത്താൻ താനും വെളിച്ചദൂതന്റെ വേഷം ധരിക്കുന്നുവല്ലോ. 2 കൊരി. 11:14***

സാത്താനാണെന്ന് ദൈവജനം തിരിച്ചറിയാത്ത വിധത്തിലുള്ള വഞ്ചനകൾ, ദൈവജനത്തിനെതിരായ തന്റെ അന്ത്യപ്രചാരക പ്രവർത്തനങ്ങൾക്കായി അവൻ തയ്യാറാക്കുന്നു. “അത് ആശ്ചര്യവുമല്ല, സാത്താൻ താനും വെളിച്ചദൂതന്റെ വേഷം ധരിക്കുന്നുവല്ലോ.” ദൈവജനത്തെ മുഷിപ്പിച്ച് പരീക്ഷിച്ച് വഴിതെറ്റിക്കുന്നതിനായി സാത്താൻ തന്റെ കഴിവിന്റെ പരമാവധി ശ്രമിക്കും.

നമ്മുടെ കർത്താവിനെ പരീക്ഷിച്ച് മുറിപ്പെടുത്തുവാനും അവനെ കരങ്ങളിൽ വഹിച്ച് ദൈവാലയ ഗോപുരത്തിന്റെ മുകളിൽ എത്തിക്കുവാനും വൻമലയുടെ ഉന്നതങ്ങളിൽ നിറുത്തുവാനും ധൈര്യസമേതം കർത്താവിനെ അഭിമുഖീകരിക്കുവാൻ ശക്തനായ സാത്താൻ കർത്താവിന്റെ ജ്ഞാനത്തിൽ കുറവുള്ളവരും, അവന്റെ സൂക്ഷ്മഗ്രഹണശക്തിയിലും ബലത്തിലും അജ്ഞരായവരുമായ ഈ തലമുറയുടെമേൽ വലിയ അളവിൽ തന്റെ ശക്തി പ്രയോഗിക്കും.

അവന്റെ നിലപാടുകളോട് സ്വാഭാവികമായ ചായ്‌വുള്ളവരുടെ ശരീരത്തെ വളരെ മഹത്വകരമാംവിധം അവൻ ബാധിക്കും.

അവൻ യേശുക്രിസ്തുവിന്റെ വേഷംധരിച്ച് വലിയ അത്ഭുതങ്ങൾ ചെയ്യുമ്പോൾ ജനം കവിണ്ണുവീണ് യേശുവിനെ എന്നതുപോലെ അവനെ ആരാധിക്കും. ക്രിസ്തു എന്നതുപോലെ ലോകം മഹത്വപ്പെടുത്തുന്ന ഈ വ്യക്തിത്വത്തെ ആരാധിക്കുവാൻ നമ്മോടും ആജ്ഞാപിക്കും. നാം എന്താണ് ചെയ്യേണ്ടത്? അവരോടു പറയേണ്ടത് യേശു ഇങ്ങനെയുള്ള ശത്രുവിനെതിരായി നമുക്ക് മുന്നറിയിപ്പ് നല്കിയിരിക്കുന്നു; അവൻ മനുഷ്യന്റെ ഏറ്റവും വലിയ ശത്രുവാകുന്നു; എന്നിരുന്നാലും അവൻ ദൈവമെന്ന് അവകാശപ്പെടുകയും ചെയ്യുന്നു. എന്നാൽ ക്രിസ്തു തന്റെ പ്രത്യക്ഷത വെളിപ്പെടുത്തുമ്പോൾ അത് വലിയ ശക്തിയോടും മഹത്വത്തോടുംകൂടെ ആയിരിക്കുകയും ആയിരമായിരവും പതിനായിരം പതിനായിരവുമായ ദൂതഗണങ്ങൾ അവനെ അനുഗമിക്കുകയും നാം അവന്റെ ശബ്ദം അറിയുകയും ചെയ്യും.

ഞാൻ ക്രിസ്തു എന്ന് അവകാശപ്പെട്ടുകൊണ്ട് നിങ്ങളുടെ കൺമുൻപിൽ അത്ഭുതങ്ങൾ പ്രവർത്തിക്കുവാനുള്ള സമയം വരുന്നു. എന്നാൽ നിങ്ങളുടെ ചുവടുകൾ ദൃഢമായി ദൈവത്തിന്റെ സത്യത്തിൽ നിലകൊള്ളുന്നില്ലെങ്കിൽ നിങ്ങൾ അടിസ്ഥാനങ്ങളിൽ നിന്നും വ്യതിചലിച്ചുപോകും.

അന്ത്യത്തോളം യുദ്ധസന്നാഹങ്ങൾ കൊണ്ടുപോകുവാനായി സാത്താൻ ദൃഢപ്രതിജ്ഞ എടുത്തിരിക്കുകയാണ്. യേശു എന്ന് അവകാശമുന്നയിച്ചുകൊണ്ട് വെളിച്ചദൂതൻ വഞ്ചിക്കും. അവന്റെ വിജയാഹ്ലാദം ഹ്രസ്വമായിരിക്കും. നിത്യസത്യത്തിന്റെ മൂല്യങ്ങളിൽ പാദം ഉറപ്പിച്ചിരിക്കുന്നവരുടെ കാലുകളെ വ്യതിചലിപ്പിക്കുവാൻ ഒരു കൊടുംകാറ്റിനോ പേമാരിക്കോ കഴിയുകയില്ല. സാർവ്വലൗകിക വിശ്വാസത്യാഗത്തിന്റെ ഈ സമയത്തും അവർക്ക് ഉറച്ചുനില്ക്കുവാൻ സാധിക്കും.

# സാത്താന്യ അത്ഭുതങ്ങൾ – 1

***കള്ളക്രിസ്തുക്കളും കള്ളപ്രവാചകന്മാരും എഴുന്നേറ്റ് കഴിയുമെങ്കിൽ വൃതന്മാരെയും തെറ്റിപ്പാനായി വലിയ അടയാളങ്ങളും അത്ഭുതങ്ങളും കാണിക്കും. മത്താ. 24:24***

തന്റെ അത്ഭുത പ്രവർത്തന ശക്തിയാൽ മുഴുലോകത്തെയും വഞ്ചിക്കുവാനായി ശത്രു ഒരുങ്ങുകയാണ്. വെളിച്ചദൂതൻ ക്രിസ്തുവിന്റെ വേഷം ധരിക്കുന്ന ചുമതല എടുക്കും.

അവന് ശക്തിയുള്ളിടത്തോളം അവൻ യഥാർത്ഥ അത്ഭുതങ്ങൾ പ്രകടിപ്പിക്കും. വീര്യപ്രവൃത്തികളിൽ ആശ്രയിച്ച് ഭൂമിയിൽ വസിക്കുന്നവരെ അവന്റെ അത്ഭുതശക്തിയാൽ അവൻ വഞ്ചിക്കുമെന്നാണ് വചനം പറയുന്നത്. ആൾമാറാട്ടത്തെക്കാളുപരിയായി ചിലത് വചനം വെളിപ്പെടുത്തുന്നുണ്ട്. സാത്താന് പോകുവാൻ കഴിയുന്നതിന് ഒരതിരുണ്ട്. ഇവിടെയാണ് സാത്താൻ ആൾമാറാട്ടം നടത്തി തനിക്ക് പ്രവർത്തിക്കുവാൻ കഴിയാത്തത് പ്രവർത്തിക്കുവാൻ വഞ്ചന കൊണ്ടുവരുന്നത്. ക്രിസ്തു ഭൂമിയിൽ രണ്ടാമതു വന്നു എന്ന് ലോകരെ വിശ്വസിപ്പിക്കേണ്ടതിനായി അന്ത്യനാളുകളിൽ അവൻ പ്രവർത്തിക്കും. അവൻ തന്നെത്താൻ വെളിച്ചദൂതന്റെ വേഷത്തിൽ പ്രത്യക്ഷപ്പെടും.

അവൻ ക്രിസ്തുവിന്റെ വേഷം ധരിച്ച് കടന്നുവരികയും വലിയ അത്ഭുതങ്ങൾ പ്രവർത്തിക്കുകയും മനുഷ്യർ താണുവണങ്ങി ക്രിസ്തുവിനെ ആരാധിക്കുന്നതുപോലെ അവനെ ആരാധിക്കുകയും ചെയ്യും. ലോകം ക്രിസ്തു എന്നപോലെ ആരാധിച്ച് മഹത്വപ്പെടുത്തുന്ന ഈ സൃഷ്ടിയെ ആരാധിക്കാൻ നമ്മോട് ആജ്ഞാപിക്കും. “ഭൂമിയിൽ വസിക്കുന്നവരെ പരീക്ഷിക്കേണ്ടതിന്നു ഭൂതലത്തിൽ എങ്ങും വരുവാനുള്ള പരീക്ഷാകാലം” (വെളി. 3:10) നമുക്ക് മുമ്പിലുണ്ട്. ദൈവവചനത്തിൽ തങ്ങളുടെ വിശ്വാസം ശക്തിയായി ഉറപ്പിക്കാത്തവരെ വഞ്ചന ജയിച്ച് കീഴടക്കും. മനുഷ്യമക്കളുടെ മേൽ ആധിപത്യം സ്ഥാപിക്കുന്നതിനായി സാത്താൻ ‘സകല വഞ്ചനയോടും അശുദ്ധിയോടുംകൂടിയാണ് പ്രവർത്തിക്കുന്നത്. അവന്റെ വഞ്ചന ക്രമാതീതമായി വർദ്ധിച്ചുവരും. മനുഷ്യർ സ്വമേധയാ അവന്റെ പരീക്ഷകൾക്ക് വിധേയരാകുമ്പോൾ മാത്രമേ സാത്താന് അവന്റെ ലക്ഷ്യം നേടുവൻ കഴിയുകയുള്ളു.

സത്യത്തിന്റെ പരിജ്ഞാനം യഥാർത്ഥമായി കാംക്ഷിക്കുകയും അനുസരണത്തിലൂടെ തങ്ങളുടെ ആത്മാവിനെ ശുദ്ധീകരിപ്പാൻ കഷ്ടപ്പെടുകയും അങ്ങനെ പ്രതിസന്ധിഘട്ടത്തിനായി തങ്ങൾക്ക് എന്തുചെയ്യുവാൻ കഴിയും എന്ന് കാണിക്കുന്നവർ സത്യദൈവത്തിൽ തങ്ങളുടെ ഉറപ്പുള്ള സങ്കേതം കണ്ടെത്തും. “സഹിഷ്ണുതയെക്കുറിച്ചുള്ള എന്റെ വചനം നീ കാത്തുകൊണ്ടതിനാൽ.... ഞാനും നിന്നെ കാക്കും” എന്നതാണ് രക്ഷകന്റെ വാഗ്ദത്തം. തന്റെ ഒരാത്മാവിനെപ്പോലും സാത്താൻ ജയിച്ചുകീഴടക്കാതിരിപ്പാനും തന്റെ ജനത്തെ പരിരക്ഷിപ്പാനുമായി സ്വർഗ്ഗത്തിൽനിന്നും എല്ലാ ദൂതന്മാരെയും വേഗത്തിൽ അവൻ അയയ്ക്കും.





# സാത്താന്യ അത്ഭുതങ്ങൾ – 2

***അതു മനുഷ്യർ കാൺകെ ആകാശത്തുനിന്നു ഭൂമിയിലേക്കു തീ ഇറങ്ങുമാറ് വലിയ അടയാളങ്ങൾ പ്രവർത്തിക്കും. വെളി. 13:13***

ദൈവജനം അവസാനനാളുകളിലെ ആപത്സാധ്യതകളെ അഭിമുഖീകരിക്കുമ്പോൾ അവരുടെ വിശ്വാസത്തെ തകിടംമറിക്കുന്നതിനുള്ള പോംവഴികളെക്കുറിച്ച് സാത്താൻ തന്റെ അനുയായികളുമായി കൂടിയാലോചിക്കുകയായിരിക്കും. പ്രധാന സഭകൾ തന്റെ വഞ്ചനാശക്തിയാൽ ശാന്തമായുറങ്ങുന്ന അവസ്ഥ അവൻ കാണുകയാണ്. തന്റെ കുതർക്കപ്രവർത്തനത്താലും വ്യാജ അത്ഭുതങ്ങളാലും സന്തോഷിപ്പിച്ച് അവരെ അവന്റെ നിയന്ത്രണത്തിൻ കീഴിൽ തുടർന്നും കൊണ്ടുപോകുവാൻ അവനു കഴിയും. ആയതിനാൽ കർത്താവിന്റെ രണ്ടാംവരവിനെ കാംക്ഷിച്ചിരിക്കുന്നവരെയും ദൈവകല്പനകൾ എല്ലാം കാക്കുവാൻ തയ്യാറുള്ളവരെയും തന്റെ കുടുക്കിൽപ്പെടുത്തുവാൻ അവൻ തന്റെ എല്ലാ ദൂതന്മാരെയും നിയോഗിക്കും.

അവസാന നാളുകളിൽ അവൻ വ്യാജ അത്ഭുതങ്ങളാലും അടയാളങ്ങളാലും പ്രവർത്തിക്കുമെന്ന് നമുക്ക് മുന്നറിയിപ്പ് നല്കിയിട്ടുണ്ട്. അവൻ അന്ധകാര ദൂതനല്ല വെളിച്ച ദൂതനാണെന്നുള്ളതിന്റെ തെളിവിനായി കൃപായുഗം അവസാനിക്കുന്നതുവരെ അവൻ ഈ അത്ഭുതങ്ങൾ ചെയ്യുന്നത് തുടരും.

കഴിയുമെങ്കിൽ വൃതന്മാരെയും തെറ്റിക്കേണ്ടതിന് സാത്താൻ കടന്നുവരും. ക്രിസ്തുവാകുന്നു എന്ന് അവകാശപ്പെട്ടുകൊണ്ടും മഹാനായ ആരോഗ്യസുവിശേഷകനാണെന്ന് നടിച്ചുകൊണ്ടും അവൻ പ്രത്യക്ഷപ്പെടും. അവൻ ദൈവമാണെന്ന് തെളിയിക്കേണ്ടതിന് മനുഷ്യർ കാൺകെ ആകാശത്തുനിന്നും തീ ഇറങ്ങുമാറാക്കും.

സാത്താന്റെ വ്യാജ അത്ഭുതങ്ങൾ ലോകരെ അടിമകളാക്കുകയും മനുഷ്യർ കാൺകെ അവൻ ആകാശത്തുനിന്നും തീ ഇറങ്ങുമാറാക്കുകയും ചെയ്യും. അവവൻ അത്ഭുതം പ്രവർത്തിക്കുകയും ആ വീര്യപ്രവൃത്തികളുടെ ശക്തി ലോകത്താകമാനം ആഞ്ഞടിക്കുകയും ചെയ്യും.

ഈ അത്ഭുതങ്ങൾ ദൈവത്തിൽനിന്നും ആണെന്ന് ധരിച്ച് ചിലർ വഞ്ചിക്കപ്പെട്ട് സ്വീകരിക്കും. നമുക്ക് മുൻപാകെ രോഗികൾ സൗഖ്യം പ്രാപിക്കും. സാത്താൻ തന്നെ അവതരിപ്പിക്കുന്ന പരീക്ഷകൾ നമ്മെ കാത്തിരിക്കുമ്പോൾ അതിനെ നേരിടാൻ നാം ഒരുക്കമുള്ളവരാണോ? അനേക ആത്മാക്കളെയും കെണിയിലകപ്പെടുത്തി കൊണ്ടുപോകയില്ലയോ? സരളമായ ദൈവിക തത്വങ്ങളിൽനിന്നും ദൈവകല്പനകളിൽനിന്നും വ്യതിചലിച്ചുപോകുന്നതിനാലും കെട്ടുകഥകൾക്ക് പ്രാധാന്യം നല്കുന്നതിനാലും അനേകരുടെ മനസ്സുകളും വ്യാജ അത്ഭുതങ്ങളെ സ്വീകരിക്കുവാൻ ഒരുങ്ങിയിരിക്കുകയാണ്. വേഗത്തിൽ നാം ഉൾപ്പെടുവാൻ പോകുന്ന മത്സരത്തിനായി നാമെല്ലാവരും സായുധരായിത്തീരേണ്ടത് അത്യാവശ്യമാണ്. ദൈവവചനം പ്രാർത്ഥനയോടെ പഠിച്ചും പ്രായോഗിക ബുദ്ധിയിൽ ഉപയോഗിച്ചുംകൊണ്ട് ക്രിസ്തുവിന്റെ രക്തത്താൽ പിടിച്ചടക്കുന്നവനിൽനിന്നും തെറ്റി ഒഴിയുവാൻ അത് സാത്താന്റെ ശക്തിക്കെതിരെയുള്ള പരിചയായി ഉപയോഗപ്പെടുത്തുവാനും ഇടയാകും.

# ദൈവജനം പരീക്ഷയിലേക്ക് കൊണ്ടുവരപ്പെടുന്നു

***കര്‍ത്താവേ, കര്‍ത്താവേ, നിന്റെ നാമത്തില്‍ ഞങ്ങള്‍ പ്രവചിക്കുകയും നിന്റെ നാമത്തില്‍ ഭൂതങ്ങളെ പുറത്താക്കുകയും നിന്റെ നാമത്തില്‍ വളരെ വീര്യപ്രവൃത്തികള്‍ പ്രവര്‍ത്തിക്കുകയും ചെയ്തില്ലയോ എന്നു പലരും ആ നാളില്‍ എന്നോടു പറയും. അന്നു ഞാന്‍ അവരോടു: ഞാന്‍ ഒരുനാളും നിങ്ങളെ അറിഞ്ഞിട്ടില്ല; അധര്‍മ്മം പ്രവര്‍ത്തിക്കുന്നവരേ, എന്നെ വിട്ടു പോകുവിന്‍ എന്നു തീര്‍ത്തു പറയും. മത്താ. 7:22,23.***

നാം വഞ്ചിതരാകേണ്ട ആവശ്യമില്ല. സാത്താനുമായി വളരെ അടുത്ത് ബന്ധപ്പെട്ട മനോഹര ദൃശ്യങ്ങള്‍ വേഗത്തില്‍ നടമാടും. സാത്താന്‍ അത്ഭുതം പ്രവര്‍ത്തിക്കുമെന്ന് ദൈവവചനം ഉത്ഘോഷിക്കുന്നു. സാത്താന്‍ മനുഷ്യരെ രോഗികളാക്കുകയും വേഗത്തില്‍ അവരില്‍ നിന്നും സാത്താന്യ ശക്തിയെ മാറ്റുകയും ചെയ്യും. അവര്‍ രോഗസൗഖ്യം പ്രാപിച്ചതായി കണക്കാക്കുകയും ചെയ്യും. ഇപ്രകാരമുള്ള സൗഖ്യദായക പ്രവര്‍ത്തനങ്ങള്‍ സെവന്ത്-ഡേ അഡ്വന്റിസ്റ്റുകാരെ പരീക്ഷയില്‍ അകപ്പെടുത്തും. അനേകരും ക്രിസ്തുവിനോടേകീഭവിക്കാത്തവരായതിനാല്‍ വലിയ വെളിച്ചം പ്രാപിച്ചവരെന്നാലും വെളിച്ചത്തില്‍ നടക്കുന്നതില്‍ പരാജിതരായിത്തീരും.

ദുഷ്ടന്മാര്‍ നമുക്കുചുറ്റും നമ്മെ നശിപ്പിക്കുമെന്ന് ആക്രോശിച്ചുകൊണ്ട് ഭയപ്പെടുത്തുന്ന വേളയില്‍ ഭയങ്കര നിരാശയില്‍ കരച്ചിലോടും പ്രാര്‍ത്ഥനയോടും ദൈവത്തിന്റെ ഉറപ്പുള്ള വാഗ്ദത്തങ്ങള്‍ക്കായി അപേക്ഷിക്കുന്ന മനുഷ്യരെ ഞാന്‍ ദര്‍ശിച്ചു. അവര്‍ നമ്മുടെ ബലഹീനതയെ കളിയാക്കുകയും സംഖ്യാലോപത്തെ പരിഹസിക്കുകയും കരുതിക്കൂട്ടി ആഴത്താല്‍ മുറിവേല്പിക്കുവാനുള്ള വാക്കുകളെ തൊടുത്തുവിട്ട് പീഡിപ്പിക്കുകയും ചെയ്യും. നാം ലോകരില്‍നിന്നും സ്വതന്ത്രരായി അകന്നു നില്ക്കുന്നു എന്ന കുറ്റം അവര്‍ നമ്മില്‍ ചുമത്തും. അവര്‍ നമ്മുടെ മുഖാന്തിരങ്ങളെ വേര്‍പ്പെടുത്തി വില്ക്കുവാനോ വാങ്ങുവാനോ വഹിയാതെയാക്കി ദാരിദ്ര്യത്തിലേക്ക് തള്ളിവിടും. ഈ ലോകത്തെ കൂടാതെ നമുക്കെങ്ങനെ ജീവിക്കുവാന്‍ കഴിയുമെന്ന് അവര്‍ക്ക് കാണുവാന്‍ കഴിയുകയില്ല. നാം ഈ ലോകത്തെ ആശ്രയിച്ച് ജീവിച്ചവരാകയാല്‍ ഈ ലോകത്തിന്റെ ആചാരമര്യാദകള്‍ക്ക് കീഴ്പ്പെട്ടും ഈ ലോകനിയമം അനുസരിച്ചും ജീവിക്കണം അല്ലെങ്കില്‍ ഈ ലോകംവിട്ട് പോകണം. കര്‍ത്താവിനാല്‍ ദയ ലഭിച്ചവര്‍ നാം മാത്രമായിരുന്നു എങ്കില്‍ കാഴ്ചയില്‍ എല്ലാം അതിഭയങ്കരമായി നമുക്കെതിരാകുമായിരുന്നു. സത്യം അവര്‍ക്കുണ്ട്, അത്ഭുതങ്ങള്‍ അവര്‍ക്കിടയിലുണ്ട്. സ്വര്‍ഗ്ഗീയ ദൂതന്മാര്‍ അവരോടു സംസാരിച്ചിട്ടുണ്ട്. അവരോടൊത്ത് സഞ്ചരിച്ചിട്ടുണ്ട്, വലിയ അത്ഭുതങ്ങളും അടയാളങ്ങളും അവര്‍ക്കിടയില്‍ നടന്നിട്ടുണ്ട് എന്നൊക്കെയാണ് അവര്‍ ഘോഷിക്കുന്നത്. ആയതിനാല്‍ ഇത് അനേക നാളുകളായി അവര്‍ നോക്കിപ്പാര്‍ത്തിരുന്ന താല്ക്കാലികമായ സഹസ്രാബ്ദം ആകുന്നു. ലോകം മുഴുവനും മാനസാന്തരപ്പെടുകയും ഞായറാഴ്ച നിയമവുമായി യോജിപ്പില്‍ വന്നിരിക്കുന്നു എന്നും ബലഹീനരായ ഈ മനുഷ്യര്‍ ദേശത്തിന്റെ നിയമങ്ങളെയും ദൈവകല്പനയെയും ധിക്കരിച്ചുകൊണ്ട് ഈ ഭൂമിയില്‍ അവര്‍ മാത്രമാണ് ശരി എന്ന് അവകാശപ്പെടുന്നു.

സാത്താന്‍ പ്രാവര്‍ത്തികമായ എല്ലാ അത്ഭുതങ്ങളും അനുകരിക്കുന്നതിനാല്‍ ദൈവജനം അത്ഭുത പ്രവൃത്തികളില്‍ തങ്ങളുടെ സുരക്ഷിതത്വം ഒരിക്കലും കണ്ടെത്തുകയില്ല. ഇങ്ങനെ എഴുതപ്പെട്ടിരിക്കുന്നു എന്ന ജീവനുള്ള വചനത്തിന്മേല്‍ അവര്‍ നിലകൊള്ളേണ്ടിയിരിക്കുന്നു.





# അസ്വാഭാവിക കാഴ്ചകളുടെ സ്വഭാവം

***വലിയ ഭൂകമ്പവും ക്ഷാമവും മഹാവ്യാധികളും അവിടവിടെയുണ്ടാകും; ഭയങ്കര കാഴ്ചകളും ആകാശത്തില്‍ മഹാലക്ഷ്യങ്ങളും ഉണ്ടാകും. ലൂക്കൊ. 21:11.***

നാം അന്ത്യകാലത്തോടടുക്കുംതോറും ജാതീയ ശക്തികളുടെ ബാഹ്യാവിര്‍ഭാവം അത്യധികം ശക്തമായി ഉണ്ടാകുകയും, ജാതീയ ദൈവങ്ങള്‍ തങ്ങളുടെ പ്രമുഖ ശക്തി വെളിപ്പെടുത്തുകയും അവരെത്തന്നെ രാജ്യങ്ങളുടെ പട്ടണങ്ങളില്‍ പ്രദര്‍ശിപ്പിക്കുകയും ചെയ്യും. ഈ ചിത്രീകരണം അതിന്റെ അന്ത്യ നിറവേറലിന് ഇപ്പോള്‍ തന്നെ തുടക്കം കുറിച്ചിരിക്കുകയാണ്.

കര്‍ത്താവിന്റെ പ്രവചനാനുസരണം യെരുശലേമിന്റെ ന്യായവിധിയുടെ സന്ദര്‍ശനം വേറൊരു നിറവേറലും അതിലുണ്ടാകുന്ന ഭയങ്കര ശൂന്യത മങ്ങിയ ഒരു നിഴലും ആയിരിക്കും. തിരഞ്ഞെടുക്കപ്പെട്ട നഗരത്തിന്റെ ന്യായവിധിയില്‍ ദൈവകൃപയെ ത്യജിച്ചതും അവന്റെ കല്പനകളെ ചവിട്ടിമെതിച്ചുകളഞ്ഞതുമായ ഒരു ലോകത്തിന്റെ നാശം നമുക്ക് കാണുവാന്‍ കഴിയും.

വരാനിരിക്കുന്ന അപകടത്തെയും നാശത്തെയുംകുറിച്ച് ദുഃസൂചന ഉളവാക്കുന്ന അത്ഭുതങ്ങളും അടയാളങ്ങളും വെളിപ്പെട്ടു. അര്‍ദ്ധരാത്രിയില്‍ അസ്വാഭാവികമായ ഒരു പ്രകാശം ദൈവാലയത്തിനും പ്രാകാരത്തിനും മുകളില്‍ പ്രദര്‍ശിപ്പിക്കപ്പെട്ടു. അസ്തമന മേഘങ്ങളില്‍ യുദ്ധത്തിനായി കൂട്ടിച്ചേര്‍ക്കപ്പെട്ട രഥങ്ങളെയും പടയാളികളെയും വരച്ചുകാട്ടപ്പെട്ടിരുന്നു.

കഴിഞ്ഞ വെള്ളിയാഴ്ച (24 ഓഗസ്റ്റ് 1906) രാവിലെ ഞാനുണരുന്നതിനു തൊട്ടു മുന്‍പ് വളരെ ഹൃദയസ്പര്‍ശിയായ ഒരു ദൃശ്യം എനിക്ക് മുന്‍പില്‍ പ്രദര്‍ശിപ്പിക്കപ്പെടുകയുണ്ടായി. ഞാന്‍ ഉറക്കത്തില്‍ നിന്നും ഉണരുന്നതുപോലെ തോന്നിച്ചു. എന്നാല്‍ ഞാന്‍ എന്റെ സ്വന്തം ഭവനത്തില്‍ ആയിരുന്നില്ല. ജനാലകളിലൂടെ ഭയങ്കര അഗ്നിബാധ എനിക്ക് കാണുവാന്‍ കഴിഞ്ഞു. ഭയങ്കര അഗ്നിഗോളങ്ങള്‍ വീടുകളുടെ മേല്‍ പതിക്കുകയും ഈ അഗ്നിഗോളങ്ങളില്‍ നിന്നും തീയമ്പുകള്‍ എല്ലാ ദിശയിലേക്കും പായുകയുമായിരുന്നു. ഈ അഗ്നി ആളിപ്പടര്‍ന്നിരുന്നോ എന്ന് ശോധന ചെയ്യുക അസാദ്ധ്യമായിരുന്നു എന്നാലും അനേക സ്ഥലങ്ങളും നശിപ്പിക്കപ്പെട്ടിരുന്നു. ജനത്തിന്റെ സംഭ്രമം അവര്‍ണ്ണനീയമായിരുന്നു.

അസ്വാഭാവിക കാഴ്ചകളുടെ ഭയാനക ദൃശ്യങ്ങള്‍ പൈശാചികന്റെ അത്ഭുത പ്രവര്‍ത്തനങ്ങളുടെ ശക്തിയുടെ പ്രാരംഭമായി ആകാശത്ത് വിളങ്ങും. സ്വര്‍ഗ്ഗീയ ഭരണകൂടത്തിനെതിരായുള്ള അവസാന യുദ്ധത്തില്‍ ഈ ലോകത്തിന്റെ രാജാവായ പിശാചിനോടൊത്ത് അണിചേരുവാന്‍ ലോകരെ നിര്‍ബ്ബന്ധിക്കേണ്ടതിനും അവരെ വഞ്ചനയില്‍ കുടുക്കേണ്ടതിനും പൈശാചിക ആത്മാക്കള്‍ മുന്‍പോട്ടു പോകും. ഈ മാധ്യമങ്ങളാല്‍ ലോകനേതാക്കളും മഹത്തുക്കളും ഒരുപോലെ വഞ്ചിക്കപ്പെടും.

ക്രിസ്തു എന്നു നടിക്കുന്ന വ്യക്തികള്‍ എഴുന്നേറ്റ് ലോകരക്ഷകന് മാത്രം അവകാശപ്പെട്ടതായ ആരാധനയും അവകാശവും ആവശ്യപ്പെടും. അവര്‍ വലിയ സൗഖ്യദായക വീര്യപ്രവൃത്തികള്‍ അവതരിപ്പിക്കുകയും വചനത്തിന്റെ സാക്ഷ്യത്തിനെതിരായി സ്വര്‍ഗ്ഗീയ വെളിപ്പാടുകള്‍ അവകാശപ്പെടുകയും ചെയ്യും.

# ദൈവത്തിന്റെ മുദ്രയും മൃഗത്തിന്റെ മുദ്രയും

***സാക്ഷ്യം പൊതിഞ്ഞുകെട്ടുക; എന്റെ ശിഷ്യന്മാരുടെ ഇടയിൽ ഉപദേശം മുദ്രയിട്ടു വെക്കുക. യെശയ്യാ. 8:16.***

കൃപാകാലം അവസാനിക്കുന്നതിനു മുൻപ് ജീവിച്ചിരിക്കുന്ന വിശുദ്ധന്മാർക്ക് ദൈവത്തിന്റെ മുദ്ര ലഭ്യമാകും.

ദൈവത്തിന്റെ മുദ്ര അല്ലെങ്കിൽ അടയാളം സൃഷ്ടിപ്പിന്റെ ഓർമ്മയായ ഏഴാം ദിനശബ്ബത്താചരണത്തിലൂടെ വെളിപ്പെടുത്തിയിരിക്കുന്നു. ഇതിനെതിരായ ഒന്നാംദിനാചരണം മൃഗത്തിന്റെ മുദ്രയാകുന്നു.

ഞായറാഴ്ച ആചരണം ഇതുവരേക്കും മൃഗത്തിന്റെ അടയാളമായിട്ടില്ല. മനുഷ്യർ ഈ വ്യാജശബ്ബത്ത് ആചരിക്കുവാൻ നിർബ്ബന്ധ ആജ്ഞ പുറപ്പെടുന്നതുവരെ ഇത് ഒരു മുദ്രയാകുകയുമില്ല. ഈ ദിവസം ഒരു ശോധനയായി ഭവിക്കുന്ന ഒരു നാൾ വരും. പക്ഷേ ആ ദിനം ഇതുവരേക്കും സമാഗതമായിട്ടില്ല.

മൃഗത്തിന്റെ മുദ്ര ഇതുവരെയും ആർക്കും ലഭ്യമായിട്ടില്ല. പരിശോധനാസമയം ഇതുവരേക്കും വന്നിട്ടുമില്ല. റോമൻ കത്തോലിക്ക സഭയുടെ കൂട്ടായ്മ ആശ്ലേഷിക്കാത്ത സത്യക്രിസ്ത്യാനികൾ ഉണ്ട്. എല്ലാ ക്രിസ്തീയ സഭകളിലും നാലാം കല്പനയുടെ ആവശ്യകതയും അതിലേക്കുള്ള വെളിച്ചവും പ്രാപിക്കുന്നതുവരെ ആരും കുറ്റം വിധിക്കപ്പെടുന്നില്ല. വ്യാജ ശബ്ബത്താചരിക്കുന്നതിനുള്ള കല്പന പുറപ്പെടുകയും മൃഗത്തെയും അതിന്റെ പ്രതിമയെയും നമസ്ക്കരിക്കുന്നിനെതിരെ മൂന്നാം ദൂതന്റെ ദൂതിന്റെ ഉച്ചത്തിലുള്ള പ്രഘോഷണം മുഴങ്ങുകയും ചെയ്യുമ്പോൾ സത്യത്തിന്റെയും വ്യാജത്തിന്റെയും മദ്ധ്യേ വ്യക്തമായ രേഖ വരയ്ക്കപ്പെടും. അപ്പോൾ ലംഘനത്തിൽ തുടരുന്നവർക്ക് മൃഗത്തിന്റെ മുദ്ര ലഭ്യമാകും.

ഞായറാഴ്ച ആചരണത്തിന് ദൈവവചനത്തിൽ യാതൊരടിസ്ഥാനവുമില്ലെന്നും, നാലാം കല്പനയായ ശബ്ബത്തിനെ ദൈവവചനത്തിന്റെ വെളിച്ചത്തിൽ നിനക്ക് വെളിപ്പെടുത്തി നല്കുകയും ചെയ്തശേഷവും കർത്താവ് എന്റെ വിശുദ്ധ ദിവസം എന്നു വിളിക്കുന്ന വിശുദ്ധ ശബ്ബത്തിനെ ആചരിക്കുവാൻ വിസമ്മതിച്ചുകൊണ്ട് വ്യാജ ശബ്ബത്തിനെ മുറുകെപ്പിടിക്കുന്നവർക്ക് മൃഗത്തിന്റെ മുദ്ര ലഭിക്കും. എപ്പോഴാണ് ഇത് സംഭവിക്കുന്നത്? ഞായറാഴ്ച യാതൊരു വേലയും ചെയ്യാതെ ദൈവത്തെ ആരാധിക്കണമെന്നുള്ള ആജ്ഞ പുറപ്പെടുകയും അതേസമയം ഞായറാഴ്ച എന്നത് സാധാരണ ഒരു പ്രവൃത്തി ദിവസമാണെന്നുമാത്രം ബൈബിൾ കാണിക്കുകയും ദൈവത്തിന്റെ മുദ്രയെ അവഗണിച്ച് നീയത് അനുസരിക്കുകയും ചെയ്യുമ്പോൾ നീ മൃഗത്തിന്റെ മുദ്ര ഏല്ക്കുന്നു.

ചുരുങ്ങിയ സമയത്തിനുള്ളിൽ ദൈവത്തിന്റെ പൈതങ്ങളായവർക്കെല്ലാം ദൈവത്തിന്റെ മുദ്ര ലഭിക്കും. നമ്മുടെ നെറ്റിമേലും അത് പതിയപ്പെട്ടെങ്കിൽ ദൈവത്തിന്റെ ദാസന്മാരായവരുടെ നെറ്റിമേൽ മുദ്രയിടുന്ന ദൂതൻ തങ്ങളെ തഴഞ്ഞ് കടന്നുപോകുന്നത് ചിന്തിക്കുവാൻ ആർക്ക് കഴിയും.





# പിന്മഴയും മുദ്രയിടീലും

***എങ്കിലും ദൈവത്തിന്റെ സ്ഥിരമായ അടിസ്ഥാനം നിലനില്ക്കുന്നു; കർത്താവു തനിക്കുള്ളവരെ അറിയുന്നു എന്നും കർത്താവിന്റെ നാമം ഉച്ചരിക്കുന്നവൻ എല്ലാം അനീതി വിട്ടകന്നു കൊള്ളട്ടെ എന്നും ആകുന്നു അതിന്റെ മുദ്ര. 2 തിമൊ. 2:19***

വേല അവസാനിപ്പിക്കുന്നതിനു മുൻപും ദൈവജനത്തെ മുദ്രയിട്ടു തീർന്നതിനു ശേഷവും പരിശുദ്ധാത്മാവിന്റെ അതിവർഷം നാം പ്രാപിക്കും. സ്വർഗ്ഗീയ ദൂതന്മാർ നമ്മുടെ മദ്ധ്യേയുണ്ടാകും.

നമുക്ക് പ്രവർത്തിക്കുവാൻ കഴിയാത്തതായി യാതൊന്നിനെയും സ്വർഗ്ഗീയ പിതാവ് ആവശ്യപ്പെടുന്നില്ല. ദൈവജനത്തിനുവേണ്ടിയുള്ള ദൈവത്തിന്റെ ആഗ്രഹം പൂർണ്ണ താല്പര്യത്തോടെ തന്റെ മക്കൾ ചെയ്തുതീർക്കുവാൻ അവൻ കാംക്ഷിക്കുന്നു. അവർ ക്രിസ്തുവിന്റെ പൂർണ്ണതയിലുള്ള സ്ത്രീപുരുഷന്മാരായി വളരേണ്ടതിന് ശക്തിക്കായി പ്രാർത്ഥിക്കുകയും അത് പ്രതീക്ഷിക്കുകയും അത് പ്രാപിക്കുകയും ചെയ്യണം.

സഭയിലെ എല്ലാ അംഗങ്ങളും വ്യക്തിഗത ഭക്തി വളർത്തിയെടുക്കാത്തതിനാൽ അവർ തങ്ങളുടെ വ്യക്തിഗത ഉത്തരവാദിത്വങ്ങൾ ഗ്രഹിക്കുന്നില്ല. ക്രിസ്തീയ പൂർണ്ണത എന്ന ഉന്നത നിലാവാരത്തിലേക്ക് എത്തിച്ചേരുക എന്നത് തങ്ങളുടെ പദവിയും കടമയുമാണെന്ന് അവർ തിരിച്ചറിയുന്നില്ല. സഭക്ക് ഉയരങ്ങളിൽ നിന്നും ശക്തി ലഭിച്ചിട്ട് നമ്മൾ വേലക്ക് യോഗ്യരായിത്തീരുന്ന ആ നല്ല നാളേക്കായും പിന്മഴക്കായും നാം കാത്തിരിക്കുകയാണോ? ദൈവം തങ്ങൾക്കു നല്കിയ ശക്തിയെ വേണ്ടുംവണ്ണം ഉപയോഗിക്കാത്ത അലസരായവരെ പിന്മഴ ഒരിക്കലും ഉത്തേജിപ്പിക്കുകയില്ല.

ആത്മീയ ജീവിതത്തെ പരിപാലിക്കുകയും ഉത്തേജിപ്പിക്കുകയും ചെയ്യുന്ന പാവനവും ജീവദായകവുമായ കാര്യങ്ങളുടെ വലിയ ആവശ്യത്തിലാണ് നാമിപ്പോൾ. വളരെ ആത്മാർത്ഥത നമുക്കിപ്പോൾ ആവശ്യമാണ്. അവിശ്വാസികളുടെ മനസ്സ് ഉണർത്തേണ്ടതിന്നും നമ്മുടെ കഴിവിനും ശക്തിക്കും കാരണം അവനാണ്, പരിശുദ്ധനായവനാണ് നമ്മിൽ പ്രവർത്തിക്കുന്നത് എന്നു ലോകം ഗ്രഹിക്കേണ്ടതിനും നമുക്ക് ലോകത്തെ അറിയിക്കുവാൻ നല്കിയിരിക്കുന്ന പരിപാവനമായ ഈ ദൂത് വളരെ എരിവോടുകൂടി നാം ഉത്ഘോഷിക്കണം.

വഴിതെറ്റിപ്പോയ ആടിനെ കൂട്ടത്തിൽ തിരികെ കൊണ്ടുവരുന്നതിനായി നിന്റെ എല്ലാ കഴിവുകളും നീ പ്രയോഗിക്കുന്നുണ്ടോ? അജ്ഞതയിലുള്ള ആയിരമായിരങ്ങൾക്ക് നാം മുന്നറിയിപ്പു നല്കേണ്ടതുണ്ട്. ക്രിസ്തുവിന്റെ കൃപയ്ക്കായി മുൻപൊരിക്കലും പ്രാർത്ഥിച്ചിട്ടില്ലാത്തവിധം നാം പ്രാർത്ഥിക്കണം. നശിച്ചുപോകുന്നവരെ രക്ഷിക്കേണ്ടതിന് തീക്ഷ്ണതയുള്ളവരായിത്തീരേണ്ടതിന് ക്രിസ്തുവിന്റെ ആത്മാവിനാൽ ഉത്തേജിതരാക്കപ്പെടുവാൻ പ്രാർത്ഥിക്കണം. ദൈവം നമ്മോടു കൃപ ചെയ്തു നമ്മെ അനുഗ്രഹിക്കുമാറാകട്ടെ; അവൻ തന്റെ മുഖത്തെ നമ്മുടെമേൽ പ്രകാശിപ്പിക്കുമാറാകട്ടെ; നിന്റെ വഴി ഭൂമിയിലും, നിന്റെ രക്ഷ സകല ജാതികളുടെ ഇടയിലും അറിയേണ്ടതിനുതന്നെ" സങ്കീ. 67:1,2. ഈ പ്രാർത്ഥന സ്വർഗ്ഗത്തിലേക്കു കരേറുമാറാകട്ടെ.

# ശേഷിപ്പും മുദ്രണവും

***യഹോവ സാത്താനോടു: സാത്താനേ, യഹോവ നിന്നെ ഭർത്സിക്കുന്നു; യെരുശലേമിനെ തിരഞ്ഞെടുത്തിരിക്കുന്ന യഹോവ തന്നെ നിന്നെ ഭർത്സിക്കുന്നു; ഇവൻ തീയിൽ നിന്നു വലിച്ചെടുക്കപ്പെട്ട കൊള്ളിയല്ലയോ എന്നു കല്പിച്ചു. സെഖ. 3:2.***

ശേഷിപ്പു സഭ വളരെ കഷ്ടതയിലേക്കും ശോധനയിലേക്കും കൊണ്ടുവരപ്പെടും. ദൈവകല്പന അനുസരിച്ച് യേശുവിങ്കലുള്ള വിശ്വാസം കാക്കുന്നവർക്കു മൃഗത്തിന്റെയും അവന്റെ അനുയായികളുടെയും ക്രോധം നേരിടേണ്ടിവരും. സാത്താൻ വിശ്വാസത്യാഗിയായ സഭയുടെമേൽ ആധിപത്യം നേടി ഈ ലോകത്തെ അവന്റേതാക്കിയിരിക്കുകയാണ്. എന്നാൽ ഒരു ചെറിയ കൂട്ടം ഇവിടെ അവന്റെ പരമാധികാരത്തെ എതിർക്കുകയാണ്. അവരെ ഇവിടെനിന്നും തുടച്ചുമാറ്റുവാൻ അവനു സാധിച്ചാൽ അവന്റെ വിജയം പരിപൂർണ്ണമായിത്തീർന്നു. യിസ്രായേലിനെ നശിപ്പിക്കുവാൻ അവൻ ജാതികളെ സ്വാധീനിച്ചതുപോലെ ആസന്ന ഭാവിയിൽ ദൈവജനത്തെ നശിപ്പിക്കുവാൻ അവൻ ദുഷ്ടജനത്തെ ഉണർത്തും. എല്ലാവരും ദൈവകല്പന ലംഘിക്കുന്നതിനുള്ള മാനുഷിക ശാസന അനുസരിക്കേണ്ടിവരും. ദൈവത്തോടും കടമകളോടും വിശ്വസ്തരായവരെ ശല്യം ചെയ്യുകയും അധിക്ഷേപിക്കുകയും നിരോധിക്കുകയും ചെയ്യും. അവരെ മാതാപിതാക്കളും സഹോദരങ്ങളും ഉറ്റവരും ഉടയവരുമായവർ ഒറ്റിക്കൊടുക്കും.

അവരുടെ ഏക ആശ്രയം ദൈവകൃപയിലും അവരുടെ ഏക ആയുധം പ്രാർത്ഥനയുമായിരിക്കും. യോശുവ ദൂതന്റെ മുൻപിൽ യാചിച്ചതുപോലെതന്നെ ശേഷിപ്പു സഭയും മനോവ്യഥയോടും വിശ്വാസ തീക്ഷ്ണതയോടും കൂടെ തങ്ങളുടെ മദ്ധ്യസ്ഥനായ യേശുവിൽക്കൂടെയുള്ള വീണ്ടെടുപ്പിനും ക്ഷമക്കുമായി യാചിക്കും.

അവർ തങ്ങളുടെ ലംഘനങ്ങളാൽ ദൈവിക സംരക്ഷണം നഷ്ടമാക്കിയവരാണെന്നും അവർ പാപികൾ എന്നതുപോലെ നഷ്ടപ്പെടേണ്ടവരാണെന്നുമുള്ള ആരോപണങ്ങൾ അവർക്കെതിരെ സാത്താൻ ദൈവമുൻപാകെ നിരത്തും. എന്നാൽ ക്രിസ്തുവിന്റെ അനുയായികൾ തെറ്റു ചെയ്തെങ്കിലും അവർ സാത്താന്റെ ആധിപത്യത്തിന് അവരെത്തന്നെ ഏല്പിച്ചുകൊടുത്തില്ല. അവർ തങ്ങളുടെ പാപങ്ങളെ ഉപേക്ഷിച്ച് താഴ്മയോടും പശ്ചാത്താപത്തോടും തങ്ങൾക്കുവേണ്ടി പക്ഷപാദം കഴിക്കുന്ന ദൈവമായ കർത്താവിൽ ആശ്രയിച്ചു.

ദൈവജനം തങ്ങൾ ഭൂമിയിൽ ചെയ്ത പാതകങ്ങളുടെ മോചനത്തിനായി കരഞ്ഞ് വിലപിക്കുകയാണ്. പാപികൾ ദൈവകല്പനയെ വികലമാക്കുന്നതിലുള്ള അപകടത്തെക്കുറിച്ച് ദുഷ്ടന്മാരോട് കണ്ണുനീരോടെ മുന്നറിയിപ്പു നല്കുകയും അതേസമയം ഉച്ചരിപ്പാൻ വയ്യാത്ത ഞരക്കത്തോടുകൂടെ തങ്ങളുടെ തന്നെ ലംഘനങ്ങളുടെ ക്ഷമക്കായി കർത്താവിന്റെ മുൻപിൽ അവരെത്തന്നെ താഴ്ത്തി ഏല്പിക്കുകയുമാണ് വിശുദ്ധന്മാർ ചെയ്യുന്നത്. ദുഷ്ടന്മാർ അവരുടെ സങ്കടങ്ങളെ പരിഹസിക്കുകയും അവരുടെ പരിപാവന യാചനകളെ കളിയാക്കുകയും അവരുടെ ബലഹീനതകളെ പുച്ഛിക്കുകയുമാകുന്നു ചെയ്യുന്നത്. പാപത്താൽ നഷ്ടമായ സ്വഭാവത്തിന്റെ ശ്രേഷ്ടതയും ശക്തിയും ദൈവജനം വീണ്ടെടുക്കുന്നു എന്നുള്ളതിന്റെ യഥാർത്ഥ തെളിവാണ് അവരുടെ വേദനയും നിന്ദയും.

പിശാച് ആരോപണങ്ങൾ ഉന്നയിച്ചപ്പോഴും കാണപ്പെടാത്ത വിശുദ്ധ ദൂതന്മാർ അങ്ങോട്ടും ഇങ്ങോട്ടും സഞ്ചരിച്ച് വിശുദ്ധന്മാരുടെ നെറ്റിമേൽ ജീവനുള്ള ദൈവത്തിന്റെ മുദ്ര പതിപ്പിക്കുകയായിരുന്നു.





# എല്ലാ രാജ്യങ്ങളും അമേരിക്കയുടെ മേൽക്കോയ്മ അംഗീകരിക്കുന്നു

***അതുകൊണ്ടു സകല വംശങ്ങളും കാഹളം, കുഴൽ, തംബുരു, കിന്നരം, വീണ മുതലായ സകലവിധ വാദ്യനാദവും കേട്ടപ്പോൾ സകല വംശങ്ങളും ജാതികളും ഭാഷക്കാരും വീണു നെബുഖദ്നേസർ രാജാവു നിർത്തിയ സ്വർണ്ണബിംബത്തെ നമസ്ക്കരിച്ചു. ദാനി. 3:7.***

ചരിത്രം ആവർത്തിക്കപ്പെടും. വ്യാജസഭ ഉയർത്തപ്പെടും. യാതൊരു വിശുദ്ധിയും ഉൾക്കൊള്ളാത്തതും ഒരു സാധാരണ പ്രവർത്തനദിവസവുമായ ആഴ്ചവട്ടത്തിന്റെ ഒന്നാംദിവസം ബാബിലോണിലെ ബിംബത്തെപ്പോലെ പ്രതിഷ്ഠിക്കപ്പെടും. എല്ലാ ഭാഷയും ഗോത്രവും വംശങ്ങളുമായവർ ഈ വ്യാജശബ്ബത്തിനെ ആരാധിക്കുവാൻ ആജ്ഞാപിക്കപ്പെടും. ലോകസൃഷ്ടിയുടെ സ്മാരകമായി ദൈവം നല്കിയ വിശുദ്ധ ദിവസത്തെ മാനിക്കാതിരിക്കുവാൻ സംഗതിയാക്കുക എന്നത് സാത്താന്റെ പദ്ധതിയാകുന്നു.

ഈ ദിവസം ആരാധിക്കുവാനുള്ള ആജ്ഞ ലോകമെങ്ങും നടമാടത്തക്കവിധം സ്വാധീനം ചെലുത്തപ്പെടും.

മതസ്വാതന്ത്ര്യത്തിന്റെ മണ്ണായ അമേരിക്ക പാപ്പാത്വസഭയുമായി ഒന്നിച്ച് വ്യാജ ശബ്ബത്തിനെ ബഹുമാനിക്കാൻ മനുഷ്യരെ നിർബന്ധിക്കുകയും മനസ്സാക്ഷിയെ ഉത്തേജിപ്പിക്കുകയും എല്ലാ രാജ്യക്കാരും ഇത് അനുകരിക്കുകയും ചെയ്യും.

വിദേശ രാജ്യങ്ങൾ, ഐകനാടുകളുടെ മാതൃക സ്വീകരിക്കും. അവളാണ് നയിക്കുന്നത് എങ്കിലും ഈ പ്രശ്നം ലോകമെങ്ങുമുള്ള നമ്മുടെ ആളുകളെയും ബാധിക്കും.

അവരുടെ മദ്ധ്യത്തിലേക്ക് ജാതികൾ കൂട്ടിച്ചേർക്കപ്പെടും. സ്വഭാവത്തിന്റെ ഏക പരിശോധനയും ദൈവത്തിന്റെ നീതിയുടെ ഏക മാനദണ്ഡവും പ്രസംഗിക്കുന്നവർക്കുള്ള സഹായം പിൻവലിക്കപ്പെടും. ദൈവത്തിന്റെ വിശുദ്ധ ദിവസത്തെ അവഗണിച്ചുകൊണ്ട് പാപികളായ മനുഷ്യരാൽ സ്ഥാപിതമായ ശബ്ബത്തിനെ മഹത്വീകരിക്കുവാനും അനുസരിക്കുവാനും കീഴ്പ്പെടുവാനുമുള്ള ദേശീയ ആലോചനാസമിതിയുടെ ആജ്ഞക്ക് മുൻപിൽ മുട്ടുമടക്കാത്തവരും പാപ്പാത്വത്തിന്റെ അടിച്ചമർത്തുന്ന ശക്തി മാത്രമല്ല മൃഗത്തിന്റെ പ്രതിമയായ പ്രൊട്ടസ്റ്റന്റ് ലോകത്തിന്റെ ക്രോധവും അനുഭവിക്കേണ്ടിവരും.

ദൈവജനത്തിനു മുൻപിലുള്ള കഷ്ടകാലം തെറ്റുപറ്റാത്ത ഉറച്ച വിശ്വാസത്തെ ക്ഷണിച്ചുവരുത്തും. അവനാണ് ആരാധനക്ക് യോഗ്യനായവനെന്ന് ദൈവത്തിന്റെ മക്കൾ വെളിപ്പെടുത്തുന്നതിൽ യാതൊരു വിട്ടുവീഴ്ചക്കും ഇടം കൊടുക്കുകയില്ല. വ്യാജ ആരാധനക്കായി അവരുടെ ജീവനുവേണ്ടിയായാൽപ്പോലും ചെറിയൊരിളവ് വരുത്തുവാൻ അവരെ പ്രേരിപ്പിക്കുവാൻ കഴിയുകയില്ല. വിശ്വസ്ത മനസ്സിന് നശിച്ചുപോകുന്നതും പാപം നിറഞ്ഞതുമായ മനുഷ്യരുടെ ആജ്ഞകൾ നിത്യനായ ദൈവത്തിന്റെ വചനത്തിന്നരികിൽ യാതൊരു പ്രസക്തിയുമില്ലാതെ താഴ്ന്നു പോകുന്നവയായിരിക്കും. സത്യം അനുസരിക്കുന്നതിന്റെ ഫലം തടവോ നാടുകടത്തലോ മരണമോ എന്തുതന്നെയായാലും സത്യംതന്നെ അനുസരിക്കും.

# അവസാനത്തിന്റെ ആരംഭം

***യഹോവയായ കർത്താവ് ഇപ്രകാരം അരുളിച്ചെയ്യുന്നു: ഒരു അനർത്ഥം ഒരു അനർത്ഥം ഇതാ വരുന്നു! അവസാനം വന്നിരിക്കുന്നു! അവസാനം വന്നിരിക്കുന്നു! അതു നിന്റെ നേരെ ഉണർന്നുവരുന്നു! ഇതാ, അതു വരുന്നു. യെഹെ. 7:5,6.***

ലോകത്തിനു മുൻപിലേക്ക് കൊണ്ടുവരപ്പെടേണ്ട സംഗതി വളരെ ഭയാനകമാകുന്നു. ഭൂമിയിലെ സകല ശക്തികളും ദൈവത്തിന്റെ കല്പനക്കെതിരായി പോരാടുവാൻ ഒന്നിക്കുകയാണ്. വ്യാജശബ്ബത്ത് ആചരണത്താൽ സഭയുടെ ആചാരത്തെ ഉറപ്പിക്കുവാനായി, ചെറിയവരും വലിയവരും സ്വതന്ത്രനും ദാസനും ധനവാനും ദരിദ്രനും ആയ എല്ലാവരോടും ആജ്ഞാപിക്കുകയാണ്. ഈ ആജ്ഞ അനുസരിക്കാത്ത എല്ലാവരും ശിക്ഷ അനുഭവിക്കേണ്ടിവരും, അവസാനം അവർ മരണയോഗ്യരെന്ന് വിധിക്കപ്പെടും. മറുവശത്ത് സൃഷ്ടിതാവിന്റെ വിശ്രമദിവസത്തെ ആസ്വദിക്കുന്ന ദൈവകല്പന അനുസരണം ആവശ്യപ്പെടുകയും അതിന്റെ ചട്ടങ്ങളെ ലംഘിക്കുന്നവർക്കു നേരെ ദൈവക്രോധം ഭയപ്പെടുത്തുകയും ചെയ്യുന്നു.

ഈ കാര്യം അവനു മുൻപിൽ വളരെ വ്യക്തമായി കൊണ്ടുവരപ്പെട്ടിരിക്കുമ്പോൾ മനുഷ്യന്റെ കല്പന അനുസരിക്കേണ്ടതിന് ആരെല്ലാം ദൈവത്തിന്റെ കല്പന വികലമാക്കുന്നുവോ അവൻ മൃഗത്തിന്റെ മുദ്ര സ്വീകരിക്കുകയാണ്. ദൈവത്തെ അനുസരിക്കുന്നത് തിരഞ്ഞെടുക്കുന്നതിനുപകരം ഏതു ശക്തിയുമായി ബന്ധപ്പെടുന്നുവോ അതിന്റെ അടയാളമാണ് അവൻ പ്രാപിക്കുന്നത്.

വിശ്വസ്തതയുടെ വലിയൊരു ശോധനയായിരിക്കും ശബ്ബത്ത്, കാരണം അതിനെതിരായി വാദം ഉന്നയിക്കപ്പെട്ടിട്ടുള്ള സത്യം അതാണെന്നതാണ് പ്രധാനം. അവസാന പരീക്ഷ മനുഷ്യർ സഹിക്കേണ്ടതിന് അവരുടെമേൽ കൊണ്ടുവരപ്പെടുമ്പോൾ ആര് ദൈവത്തെ സേവിക്കും ആര് സേവിക്കുകയില്ല എന്ന വ്യക്തതയുടെ നേർരേഖ ഇവർക്ക് മദ്ധ്യത്തിൽ വരയ്ക്കപ്പെടുവാൻ പോവുകയാണ്. നാലാം കല്പനക്കു വിപരീതമായ ദേശീയ നിയമത്തിനനുസരണമായും വ്യാജശബ്ബത്ത് ആചരിക്കപ്പെടുമ്പോൾ അത് ദൈവകല്പന അനുസരണപ്രകാരം സൃഷ്ടിതാവിനോടുള്ള വിശ്വസ്തതയുടെ യഥാർത്ഥ തെളിവായ ദൈവത്തിന്റെ യഥാർത്ഥ ശബ്ബത്ത് ആചരിക്കുന്നതിനോടും ദൈവത്തിന് വിരോധമായ ഒരു ശക്തിയോട് യോജിക്കുന്നതിനോടുമുള്ള ഒരു പരസ്യപ്രസ്താവനയായിരിക്കും. ലൗകിക ശക്തികൾക്ക് കീഴ്പ്പെട്ട് ഒരു വിഭാഗം മൃഗത്തിന്റെ മുദ്രയേൽക്കുമ്പോൾ വേറൊരുകൂട്ടം സ്വർഗ്ഗീയ അധികാരത്തിന് അനുസരണമായി തിരഞ്ഞെടുപ്പു നടത്തുകയും ദൈവത്തിന്റെ മുദ്രയേൽക്കുകയും ചെയ്യും.

ഇവിടംതൊട്ട് മൂന്നാം ദൂതന്റെ ദൂതിന്റെ സത്യം വെളിപ്പെടുത്തുന്നവരെ എന്നും മുന്നറിയിപ്പ് നല്കുന്നവർ എന്ന് കണക്കാക്കപ്പെടും. ഞായറാഴ്ച ആചരണം പ്രാബല്യത്തിൽ വരുത്തുക എന്നത് പരക്കെ പ്രതിക്ഷേധിക്കപ്പെടും. ഇത്രയും നാൾ സംശയിക്കപ്പെട്ടതും അവിശ്വസിക്കപ്പെട്ടതുമായ ഈ സംഗതി നമ്മെ സന്ധിക്കുന്നതായി കാണപ്പെടുകയും പണ്ടെങ്ങുമില്ലാതിരുന്ന തരത്തിൽ മൂന്നാംദൂതന്റെ ദൂത് ഫലപ്രദമായി പ്രവർത്തനഫലം ഉണ്ടാക്കുകയും ചെയ്യും.





# ദേശീയ വിശ്വാസത്യാഗത്തെ ദേശീയനാശം അനുധാവനം ചെയ്യുന്നു

***ഭൂമി അതിലെ നിവാസികളാൽ മലിനമായിരിക്കുന്നു; അവർ പ്രമാണങ്ങളെ ലംഘിച്ചു ചട്ടത്തെ മറിച്ചു നിത്യനിയമത്തിന്നു ഭംഗം വരുത്തിയിരിക്കുന്നു. യെശയ്യ. 24:5.***

അമേരിക്കൻ ഐക്യനാടുകളിലെ ജനം അനുഗ്രഹിക്കപ്പെട്ടവരായിരുന്നു. എന്നാൽ മതസ്വാതന്ത്ര്യത്തിന് കടിഞ്ഞാണിടുകയും പ്രൊട്ടസ്റ്റന്റിസം അടിയറ വെക്കുകയും പാപ്പാത്വത്തിന് ധാർമ്മിക പിൻതുണ നല്കുകയും ചെയ്തപ്പോൾ അവരുടെ അധർമ്മത്തിന്റെ അളവ് പൂർണ്ണമാവുകയും "ദേശീയ വിശ്വാസത്യാഗം" സ്വർഗ്ഗത്തിലെ പുസ്തകത്തിൽ രേഖപ്പെടുത്തപ്പെടുകയും ചെയ്തു. ഈ വിശ്വാസത്യാഗത്തിന്റെ ഫലം ദേശീയനാശമായിരിക്കും.

ദൈവകല്പന ലംഘിക്കുവാനുള്ള പാപ്പാത്വത്തിന്റെ നിർബന്ധ ആജ്ഞയാൽ നമ്മുടെ രാഷ്ട്രം പൂർണ്ണമായും അവളെത്തന്നെ വിശുദ്ധിയിൽനിന്നും വ്യതിചലിപ്പിക്കും. പ്രൊട്ടസ്റ്റന്റുകാർ റോമാശക്തിയുമായി കൈക്കോർത്ത് തമ്മിലുള്ള വിടവ് നികത്തുമ്പോൾ അവൾ പ്രേതാത്മവാദവുമായി കൈകോർക്കുന്നു. ഈ ത്രിവിധ സംഗമത്തിന്റെ സ്വാധീനത്തിൻ കീഴിൽ എത്തിച്ചേർന്ന് നമ്മുടെ രാജ്യം ഒരു വേർപാട് ജനായത്തസർക്കാർ എന്ന നിലക്കുള്ള എല്ലാ തത്വങ്ങളും ഉപേക്ഷിക്കുകയും പാപ്പാത്വ തെറ്റുകളെയും മതിഭ്രമങ്ങളെയും പെരുപ്പിക്കുവാൻ പദ്ധതി ആവിഷ്ക്കരിക്കുകയും ചെയ്യുമ്പോൾ പിശാചിന്റെ ഭയങ്കര വേലകൾക്കുള്ള സമയമായെന്നും അവസാനം വന്നെത്തിയിരിക്കുന്നു എന്നും നാം തിരിച്ചറിയും.

പ്രേതാത്മവാദത്തിലൂടെ സാത്താൻ സമൂഹത്തിന്റെ രക്ഷകനായി ആളുകളുടെ രോഗം സൗഖ്യമാക്കുകയും കൂടുതൽ മഹത്വകരവും നവീനവുമായ മതവിശ്വാസത്തിന്റെ വ്യവസ്ഥകൾ അവതരിപ്പിക്കുന്നു എന്ന് നടിക്കുകയും എന്നാൽ അതേസമയം അവൻ ഒരു സംഹാരകനായി പ്രവർത്തിക്കുകയും ചെയ്യും.

മനുഷ്യപുത്രന്മാർക്ക് മുൻപിൽ എല്ലാ രോഗങ്ങളും സൗഖ്യമാക്കുവാൻ കഴിവുള്ള ഒരു ശ്രേഷ്ഠ ഭിഷഗ്വരനായി അവൻ പ്രത്യക്ഷപ്പെടുമ്പോൾത്തന്നെ പ്രശസ്ത പട്ടണങ്ങളെല്ലാം നാശത്തിലേക്കും സംഹാരത്തിലേക്കും ആണ്ടുപോകുന്നതുവരെ അവൻ രോഗവും നാശവും കൊണ്ടുവരും.

ദൈവത്തെ സേവിക്കുന്നവർ മുഖാന്തരമാണ് ഈ ദോഷങ്ങളെല്ലാം സംഭവിക്കുന്നത് എന്ന് ഈ പരമവഞ്ചകൻ മനുഷ്യരെ തെറ്റിദ്ധരിപ്പിക്കും.

മനുഷ്യൻ ദൈവത്തിൽനിന്നും അകന്നകന്ന് പോകുമ്പോൾ അനുസരണക്കേടിന്റെ മക്കളുടെ മേൽ ബലം പ്രയോഗിക്കുവാൻ സാത്താൻ അനുവദിക്കപ്പെടുന്നു. അവൻ മനുഷ്യരിൽ നാശം വിതക്കുന്നു. കടലിനാലും കരയിനാലും അനർത്ഥം ഉണ്ട്. അഗ്നിയാലും പ്രളയത്താലും ജീവനും സ്വത്തും നശിപ്പിക്കപ്പെടും. അവൻ നിർത്തിയിരിക്കുന്ന പ്രതിമയെ നമസ്ക്കരിക്കുവാൻ വിസമ്മതിക്കുന്നവരാണ് ഈ ദോഷങ്ങൾക്കെല്ലാം കാരണമെന്ന് അവൻ അവരെ കുറ്റപ്പെടുത്തും. ഈ പ്രശ്നങ്ങൾക്കെല്ലാം കാരണം സെവന്ത്-ഡേ അഡ്വന്റിസ്റ്റുകാരാണെന്ന് ആരോപിച്ച് അവന്റെ ആളുകൾ അവരെ ചൂണ്ടിക്കാണിക്കും. "ഈ മനുഷ്യർ കല്പനക്ക് എതിരായി നില്ക്കുന്നു" എന്ന് അവർ പറയും. "ഇവർ ഞായറാഴ്ചയെ അവഹേളിക്കുന്നു. ഞായറാഴ്ച ആചരണത്തിനുള്ള കല്പനാനുസരണത്തിന് ഇവരെ നിർബന്ധിക്കുകയാണെങ്കിൽ ഈ ഭയങ്കര ശിക്ഷാവിധിയിൽനിന്നും ഒഴിവ് പ്രാപിക്കാൻ കഴിയും."

# ലോകം ദൈവജനത്തിനെതിരെ

***മഹാസർപ്പം സ്ത്രീയോടു കോപിച്ചു, ദൈവകല്പന പ്രമാണിക്കുന്നവരും യേശുവിന്റെ സാക്ഷ്യം ഉള്ളവരുമായി അവളുടെ സന്തതിയിൽ ശേഷിപ്പുള്ളവരോടു യുദ്ധം ചെയ്‌വാൻ പുറപ്പെട്ടു. വെളി. 12:17***

നമ്മുടെ ആളുകളെ ഒരു നിസ്സാര ജനമായിട്ടാണ് കണക്കാക്കിയിരുന്നത്; എന്നാൽ അതിനു മാറ്റം സംഭവിക്കും. ക്രിസ്തീയ ലോകം ഇപ്പോൾ നീക്കുന്നതായ കരുക്കൾ കല്പന അനുസരിക്കുന്നവരെ ഔന്നത്യത്തിലേക്കു കൊണ്ടുവരും.

ക്രിസ്തീയവിരുദ്ധ ശക്തിയുടെ സ്ഥാപനമായ ഞായറാഴ്ചയെ മാനിച്ച് പാപ്പാത്വത്തിന് ആദരവ് നല്കാത്തതിനാൽ മുഴുലോകത്തെയും സെവന്ത്-ഡേ അഡ്വന്റിസ്റ്റുകാർക്കെതിരെ ശത്രുതയിൽ കൊണ്ടുവരും. സാത്താന്റെ പരമാധികാരം ചോദ്യം ചെയ്യപ്പെടാതിരിക്കേണ്ടതിന് ഇവരെ ഭൂമുഖത്തുനിന്നും തുടച്ചുമാറ്റണമെന്നാണ് സാത്താന്റെ അഭിലാഷം.

നമ്മുടെ ആളുകൾ കൈക്കൊള്ളുന്ന ഏത് കാര്യത്തിനും നാം ഉന്നത മനസ്സുകളുടെ ആക്ഷേപം സഹിക്കേണ്ടിവരും. ലോകത്തിലെ ഏറ്റവും ഉന്നതരും ശ്രേഷ്ടരുമായവരും സത്യത്തിന്റെ ബന്ധത്തിലേക്ക് കൊണ്ടുവരപ്പെടും. ആയതിനാൽ നാം ഏതു സ്ഥാനമെടുത്താലും വചനാടിസ്ഥാനത്തിൽ സൂഷ്മമായി പരിശോധിച്ച് ശോധന ചെയ്യേണ്ടിയിരിക്കുന്നു. ഇപ്പോൾ നാം ശ്രദ്ധിക്കപ്പെടാത്തവർ ആയിരിക്കാം. എന്നാൽ അതിന് മാറ്റം സംഭവിക്കും. നമ്മെ മുഖ്യധാരയിലേക്കു കൊണ്ടുവരുവാൻ അണിയറനീക്കം നടന്നുകൊണ്ടിരിക്കുകയാണ്. ലോകത്തിലെ ശ്രേഷ്ടന്മാരാലോ ചരിത്രകാരന്മാരാലോ നമ്മുടെ സത്യത്തിന്റെ സിദ്ധാന്തത്തെ തുണ്ടം തുണ്ടമായി എടുക്കുവാൻ കഴിയുകയാണെങ്കിൽ അവർ അതും ചെയ്യും.

സത്യം എന്താണെന്ന് നാം വ്യക്തിപരമായി അറിഞ്ഞിരിക്കണം. നമ്മുടെ പ്രത്യാശയുടെ കാരണം പറയുവാൻ ഗർവ്വോടും അഹന്തയോടും സ്വയംപര്യാപ്തതയോടുംകൂടി അല്ല ക്രിസ്തുവിന്റെ ആത്മാവിനാൽ സൗമ്യതയോടും താഴ്മയോടും നാം ഒരുങ്ങിയിരിക്കണം. നമ്മുടെ വിശ്വാസത്തിന് പ്രതിവാദം പറയുവാനായി നാം വ്യക്തിപരമായി തനിച്ച് നില്ക്കേണ്ടതായ സമയം ആസന്നമായിരിക്കുന്നു.

എല്ലാക്കാര്യത്തിലും നാം ആക്രമിക്കപ്പെടുകയും പരമാവധി അതിന് ശ്രമിക്കുകയും ചെയ്യും. നമ്മുടെ പിതാക്കന്മാരാൽ ഈ സത്യം നമുക്ക് നല്കപ്പെട്ടു എന്നതിനാൽ മാത്രം നാം സത്യത്തെ ഉയർത്തിപ്പിടിക്കുവാൻ ആഗ്രഹിക്കരുത്. ഇങ്ങനെയുള്ള വിശ്വാസം നമുക്കു മുൻപിലുള്ള കഠിനശോധന തരണം ചെയ്യുവാൻ പര്യാപ്തമായിരിക്കുകയില്ല. എന്തുകൊണ്ടാണ് നാം സെവന്ത്-ഡേ അഡ്വന്റിസ്റ്റുകാരായിരിക്കുന്നത്? വേർതിരിക്കപ്പെട്ട ശ്രേഷ്ടജനമെന്ന നിലക്ക് ലോകത്തിൽനിന്നും വെളിയിൽ വരുവാനുള്ള യഥാർത്ഥ കാരണം എന്താണ്? ഇതെല്ലാം വ്യക്തമായി നാം അറിഞ്ഞിരിക്കണം.

അന്ധകാരശക്തികളുടെ ക്രോധം നമ്മിൽ ചൊരിയപ്പെട്ടപ്പോൾ ഉദാസീനരും അശ്രദ്ധരും താല്പര്യം ഭൗമിക സമ്പത്തുകളിൽ അർപ്പിച്ചവരും ദൈവത്തിനു തന്റെ ജനത്തോടുള്ള ഇടപെടലിനെ മനസ്സിലാക്കുവാൻ കൂട്ടാക്കാത്തവരുമായവർ അവരുടെ പെട്ടെന്നുള്ള ഇരകളായി മാറും. ഒരു ശക്തിയുമല്ല, എന്നാൽ യേശുവിലുള്ളതുപോലെയുള്ള സത്യത്തിന്റെ പരിജ്ഞാനമാണ് നമ്മെ എപ്പോഴും ശക്തരാക്കുന്നത്. എന്നാൽ ഇതോടൊപ്പം ഒരാൾ ആയിരത്തെയോ പതിനായിരത്തെയോ ദ്രുതഗതിയിൽ ആക്കിയേക്കാം.





# വെളിപ്പാട് 18 – ലെ ദൂതൻ

***അനന്തരം ഞാൻ വലിയ അധികാരമുള്ള മറ്റൊരു ദൂതൻ സ്വർഗ്ഗത്തിൽ നിന്നു ഇറങ്ങുന്നതു കണ്ടു; അവന്റെ തേജസ്സിനാൽ ഭൂമി പ്രകാശിച്ചു. വെളി. 18:1***

വെളിപ്പാട് 18-ാം അദ്ധ്യായത്തിലെ പ്രവചനങ്ങൾ എത്രയും വേഗത്തിൽ നിവർത്തിയാകും. മൂന്നാംദൂതന്റെ ദൂതുഘോഷണസമയത്ത് വലിയ അധികാരമുള്ള വേറൊരു ദൂതൻ സ്വർഗ്ഗത്തിൽനിന്നും ഇറങ്ങിവരികയും അവന്റെ തേജസ്സിനാൽ ഭൂമി പ്രകാശിക്കുകയും വേണം. കർത്താവിന്റെ ആത്മാവ് വിശുദ്ധിയിൽ വേർതിരിക്കപ്പെട്ട കുട്ടികളും സ്ത്രീകളും പുരുഷന്മാരുമായ മാനുഷിക മുഖാന്തരങ്ങളെ അത്യധികമായി അനുഗ്രഹിക്കും. അവരുടെ അധരങ്ങളിൽ നിന്നും പുറപ്പെടുന്ന സ്തുതികളാലും നന്ദിയർപ്പണത്താലും ഭൂമി ദൈവപരിജ്ഞാനത്താൽ നിറയപ്പെടും. സമുദ്രം ജലത്താൽ നിറയപ്പെട്ടിരിക്കുന്നതുപോലെ ഭൂമി വെല്ലുവാൻ കഴിയാത്ത അവന്റെ തേജസ്സിനാൽ നിറയും.

മൂന്നാം ദൂതന്റെ ദൂത് വളരെ ശക്തിയോടെ പ്രസംഗിക്കപ്പെടുന്ന കാലയളവിൽ ജീവപര്യന്തം വിശ്വസ്തരായവർ കൂടുതൽ ജാഗരൂകരാകും. വലിയ ആർപ്പുവിളിയുടെ സമയത്ത് സഭ അവളുടെ ഉയർത്തപ്പെട്ട കർത്താവിന്റെ ദൈവിക മുൻകരുതലുകളുടെ ഫലമായുണ്ടാകുന്ന തടസ്സപ്പെടുത്തലുകളുടെ സഹായത്താൽ വളരെ സമൃദ്ധിയായി രക്ഷയുടെ ദൂത് പ്രചരിപ്പിക്കുന്നതിന്റെ ഫലമായി എല്ലാ പട്ടണങ്ങളിലും നഗരങ്ങളിലും ഈ വെളിച്ചം പരത്തപ്പെടും. രക്ഷയുടെ പരിജ്ഞാനത്താൽ ഭൂമി നിറയപ്പെടും. വളരെ സമൃദ്ധിയായി ദൈവത്തിന്റെ പുതുക്കത്തിന്റെ ആത്മാവ് തീവ്രപ്രവർത്തനമുഖാന്തിരങ്ങളെ വിജയശ്രീലാളിതമാക്കുന്നതിനാൽ ഏതൽക്കാല സത്യവെളിച്ചം എല്ലായിടത്തും പ്രകാശിക്കുന്നത് കാണുവാൻ കഴിയും.

ഈ സന്ദർഭത്തിൽ ഉണ്ടാകുന്ന തുടർസംഭവങ്ങളുടെ അധികാരി ദൈവമാണെന്ന് വെളിപ്പെടുത്തുന്നവയായിരിക്കും ഈ സംഭവങ്ങൾ. സത്യം വളരെ വ്യക്തമായതും തെറ്റിദ്ധരിക്കപ്പെടാത്തതുമായ ഭാഷയിൽ പ്രസംഗിക്കപ്പെടും. പരിശുദ്ധാത്മാവിന്റെ വ്യത്യസ്തതയാർന്ന മാർഗ്ഗനിർദ്ദേശത്തിന് കീഴ്പ്പെട്ട് ഒരു ജനമെന്ന രീതിയിൽ കർത്താവിന്റെ പാത നാം ഒരുക്കണം. സുവിശേഷം അതിന്റെ പരിപാവനതയിൽത്തന്നെ നല്കേണ്ടിയിരിക്കുന്നു.

ജീവജലത്തിന്റെ ഉറവയുടെ ആഴവും വീതിയും അതിന്റെ ഗതിയിൽത്തന്നെ വിപുലീകരിക്കപ്പെടേണ്ടിയിരിക്കുന്നു. ദൂരത്തും ചാരത്തുമുള്ള എല്ലാ മേഖലകളിൽനിന്നും മനുഷ്യരെ കൃഷി, സാമ്പത്തിക വ്യാപാരം എന്നിവയിൽനിന്നും കൂടുതൽ മനസ്സ് വ്യാപരിക്കുന്ന സാഹചര്യങ്ങളിൽ നിന്നും ക്ഷണിക്കുകയും പരിചയസമ്പന്നരായ വ്യക്തികളുമായുള്ള സഹവർത്തിത്വത്താൽ അവർ വിദ്യാസമ്പന്നരായിത്തീരുകയും ചെയ്യും. ഫലവത്തായി വേല ചെയ്യുവാൻ പഠിക്കുമ്പോൾ അവർ സത്യം ശക്തിയോടുകൂടി പ്രസംഗിക്കും. സ്വർഗ്ഗീയ കരുതലുകളുടെ ശ്രേഷ്ടമായ പ്രവർത്തനം മുഖാന്തിരം പർവ്വത സമാനമായ പ്രയാസങ്ങൾ ഇളകി കടലിൽ വീഴ്ത്തപ്പെടും. ഭൂവാസികൾക്ക് വളരെ പ്രധാനമായ ദൂത് അവർ ശ്രവിക്കുകയും ഗ്രഹിക്കുകയും ചെയ്യും. സത്യം എന്തെന്ന് മനുഷ്യർ ഗ്രഹിക്കും. ലോകം മുഴുവനും ഈ മുന്നറിയിപ്പിൻ ദൂത് കേൾക്കപ്പെടുന്നതുവരെ വേല മുന്നോട്ടുതന്നെ പോകും. അപ്പോൾ അവസാനം വന്നെത്തും.

# മുൻമഴയും പിൻമഴയും

***സീയോൻ മക്കളേ, ഘോഷിച്ചുല്ലസിച്ചു നിങ്ങളുടെ ദൈവമായ യഹോവയിൽ സന്തോഷിപ്പിൻ! അവൻ തക്ക അളവായി നിങ്ങൾക്കു മുൻമഴ തരുന്നു; അവൻ മുമ്പേപ്പോലെ നിങ്ങൾക്കു മുൻമഴയും പിൻമഴയുമായ വർഷം പെയ്യിച്ചുതരുന്നു. യോവേൽ 2:23***

ദൈവത്തിന്റെ ആത്മാവിന്റെ അത്ഭുതാവഹമായ വെളിപ്പെടുത്തൽ സഭകളിൽ ഉണ്ടായിരിക്കണം. ദൈവമുൻപാകെ തങ്ങളെത്തന്നെ താഴ്ത്തുകയും മാനസ്സാന്തരത്താലും ഏറ്റുപറച്ചിലിനാലും തങ്ങളുടെ ഹൃദയകവാടം തുറക്കുകയും ചെയ്യാത്തവരുടെമേൽ ആത്മാവ് പ്രവർത്തിക്കുകയില്ല. ദൈവതേജസ്സിനാൽ ഭൂമിയെ പ്രകാശിതമാക്കിത്തീർക്കുന്ന ശക്തിയുടെ വെളിപ്പെടുത്തലിൽ, അവരുടെ അന്ധതയിലൂടെ അവർ കാണുന്നതാണ്. അപകടം നിറഞ്ഞതും ഭയപ്പെടുത്തുന്നതുമായ എന്തോ ചിലതായിട്ട് അതിനെ തടയുവാനായി അവർ ശ്രമിക്കുകയും ചെയ്യും. അവരുടെ പ്രതീക്ഷകൾക്കും താല്പര്യങ്ങൾക്കും അനുസരിച്ച് കർത്താവ് പ്രവർത്തിക്കാത്തതിനാൽ അവർ ആ വേലയെ എതിർക്കും. അനേക നാളുകളായി നാം ദൈവവേലയിൽ ആയിരിക്കുന്നതുകൊണ്ട് ദൈവത്തിന്റെ ആത്മാവിനെ നമുക്കറിയുകയില്ലയോ? എന്ന് അവർ പറയും. ദൈവത്തിന്റെ ദൂതുകളുടെ മുന്നറിയിപ്പുകൾക്കും താക്കീതുകൾക്കും അവർ ചെവി കൊടുക്കാതെ നിശ്ചയദാർഢ്യത്തോടെ ഇപ്രകാരം പറഞ്ഞു: "ഞാൻ ധനവാൻ സമ്പന്നനായിരിക്കുന്നു, എനിക്കു ഒന്നിനും മുട്ടില്ല."

ദൈവത്തിന്റെ പരിശുദ്ധാത്മാവിന്റെ ദാനത്താൽ വിളിക്കപ്പെടുകയും തിരഞ്ഞെടുക്കപ്പെടുകയും തയ്യാറാക്കപ്പെടുകയും നീതിയിൻ സൂര്യന്റെ ശക്തിയുള്ള പ്രകാശവീചികൾക്കിടയിൽ തങ്ങളെത്തന്നെ പ്രതിഷ്ഠിക്കുകയും ചെയ്തില്ലെങ്കിൽ കഴിവുകൾക്കൊ ദീർഘമായ അനുഭവസമ്പത്തുകൾക്കൊ മനുഷ്യരെ പ്രകാശം പരത്തുന്ന ഉപാധിയാക്കിത്തീർക്കുവാൻ കഴിയുകയില്ല. പരിപാവന കാര്യങ്ങൾ കൈകാര്യം ചെയ്യുന്ന മനുഷ്യർ തങ്ങളെത്തന്നെ ദൈവത്തിന്റെ ശക്തിയുള്ള കരങ്ങൾക്കു കീഴിൽ സമർപ്പിക്കുമ്പോൾ ദൈവം അവരെ ഉയർത്തും. അവൻ അവരെ വിവേചന ശക്തിയുള്ളവരാക്കും. ദൈവാത്മാവിന്റെ അത്യധികമായ കൃപയുള്ളവരാക്കിത്തീർക്കും. അവരുടെ സ്വഭാവത്തിന്റെ സ്വാർത്ഥതയുടെ സവിശേഷതകളും അവരുടെ ഇണക്കമില്ലായ്മയും ലോകത്തിന്റെ വെളിച്ചത്തിൽനിന്നും പ്രകാശിക്കുന്ന വെളിച്ചമായി കാണപ്പെടും. നീ മാനസാന്തരപ്പെടാഞ്ഞാൽ ഞാൻ വേഗത്തിൽ നിന്റെയടുത്തുവരികയും നിന്റെ നിലവിളക്ക് അതിന്റെ സ്ഥാനത്തുനിന്നും നീക്കിക്കളയുകയും ചെയ്യും." നീ പൂർണ്ണ ഹൃദയത്തോടെ നിന്റെ കർത്താവിനെ അന്വേഷിക്കുന്നു എങ്കിൽ അവൻ നിന്നിൽ പ്രമോദിക്കും.

മുൻമഴയാൽ പ്രതിനിധീകരിക്കപ്പെട്ട കൃപയോട് യാതൊരു തിരസ്ക്കരണവും ഉണ്ടാകുവാൻ പാടില്ല. തങ്ങൾക്ക് ലഭ്യമായ വെളിച്ചത്തിനൊത്തു വസിക്കുന്നവർക്കേ കൂടുതൽ വെളിച്ചം ലഭ്യമാകുകയുള്ളു. നിത്യേന പ്രവർത്തനോന്മുഖമായ ക്രിസ്തീയ മൂല്യങ്ങളുടെ മാതൃകയാക്കലിൽ നാം മുന്നേറുന്നില്ലെങ്കിൽ പിന്മഴയിലെ പരിശുദ്ധാത്മാവിന്റെ വെളിപ്പെടൽ നമുക്കു തിരിച്ചറിയുവാൻ കഴിയുകയില്ല. നമുക്ക് ചുറ്റുമുള്ള ഹൃദയങ്ങളിൽ അത് പെയ്യുന്നുണ്ടാകാം. എന്നാൽ നമുക്ക് അത് തിരിച്ചറിയുവാനോ പ്രാപിക്കുവാനോ കഴിയുകയില്ല.





# ഉണരുവാനുള്ള സമയം അതിക്രമിച്ചിരിക്കുന്നു

***ഇതു ചെയ്യേണ്ടത് ഉറക്കത്തിൽ നിന്നു ഉണരുവാൻ നാഴിക വന്നിരിക്കുന്നു എന്നിങ്ങനെ നിങ്ങൾ സമയത്തെ അറികയാൽ തന്നേ; നാം വിശ്വസിച്ച സമയത്തെക്കാൾ രക്ഷ ഇപ്പോൾ നമുക്കു അധികം അടുത്തിരിക്കുന്നു. രാത്രി കഴിവാറായി പകൽ അടുത്തിരിക്കുന്നു; അതുകൊണ്ടു നാം ഇരുട്ടിന്റെ പ്രവൃത്തികളെ വെച്ചുകളഞ്ഞു വെളിച്ചത്തിന്റെ ആയുധവർഗ്ഗം ധരിച്ചുകൊൾക. റോമർ 13:11,12.***

വൻ വിവാദം അതിന്റെ സമാപ്തിയിലേക്ക് അടുത്തുകൊണ്ടിരിക്കുകയാണ്. എല്ലാറ്റിന്റെയും അവസാനം വന്നെത്തിയിരിക്കുന്നു എന്ന വസ്തുതകളുടെ സാക്ഷ്യമാണ് കരയിലെയും കടലിലെയും അത്യാഹിതങ്ങളുടെ വിവരണം നല്കുന്നത്. യുദ്ധവും യുദ്ധശ്രുതികളും അത് വിളിച്ചറിയിക്കുന്നു. നമുക്ക് മുൻപിൽ വ്യക്തമാക്കപ്പെടുവാൻ പോകുന്ന ഭയങ്കര സംഭവങ്ങളുടെ പ്രതീക്ഷയിൽ ഹൃദയമിടിപ്പ് ദ്രുതഗതിയിലാകാത്ത ഒരു ക്രിസ്ത്യാനിയുണ്ടോ? കർത്താവു വരുന്നു. അടുത്തണയുന്ന ദൈവത്തിന്റെ കാലൊച്ച നാം ശ്രവിക്കുന്നു.

ക്രിസ്തുവിന്റെ ആഗമനം സമീപമായെന്ന അറിവ് അതിന്റെ ശക്തിയെ നഷ്ടമാകുവാൻ അനുവദിക്കുകയോ അശ്രദ്ധരും പ്രവർത്തന വിരസരും മയക്കം പിടിച്ചവരുമായി നാം യാഥാർത്ഥ്യങ്ങളോട് യോജിക്കാത്തവരും ബോധമില്ലാത്തവരുമായിത്തീരരുത്. മയക്കം പിടിച്ച അവസ്ഥയിൽ നാം യഥാർത്ഥ ലോകത്തായിരിക്കുകയും നമുക്കുചുറ്റും നടമാടുന്ന സംഗതികളെക്കുറിച്ച് അറിവില്ലാത്തവരും ആയിരിക്കും.

ജ്വലിക്കുന്ന സത്യവെളിച്ചത്തിന്റെ പ്രകാശം തങ്ങൾക്കു ചുറ്റും പ്രകാശിക്കുന്നുണ്ട് എങ്കിലും അതിനെക്കുറിച്ച് അവർ അജ്ഞരാണ്. അവർ ശത്രുവിനാൽ വ്യാമോഹിപ്പിക്കപ്പെട്ട് അവന്റെ വശീകരണശക്തിയുടെ ആജ്ഞക്കു കീഴിൽ അകപ്പെട്ടിരിക്കുകയാണ്. നമ്മുടെ ലോകത്തിലേക്ക് പെട്ടെന്നു വരുവാൻ പോകുന്ന ഭയങ്കര ദിവസത്തിനായി അവർ ഒരുങ്ങുന്നില്ല. മതപരമായ സത്യങ്ങളോട് അവർ തീർത്തും അജ്ഞരായി കാണപ്പെടുന്നു.

കുറേ യവ്വനക്കാരെങ്കിലും ഉണർന്നിരിപ്പുണ്ടോ? രാത്രിയും പകലും ആഗമിക്കുന്നത് ദർശിക്കുന്നവർ ഉറങ്ങുന്ന തങ്ങളുടെ അനുയായികളെ ഉണർത്തുവാൻ അക്ഷീണശക്തിയോടുകൂടി പ്രവർത്തിക്കണം. അവരുടെ നാശം അവർക്ക് അറിയില്ലയോ? അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും തങ്ങളുടെ ജീവിതത്താലും സ്വഭാവത്താലും യേശു വേഗം വരുന്നു എന്ന് തങ്ങൾ വിശ്വസിക്കുന്നു എന്ന് മറ്റുള്ളവരെ കാണിക്കുകയും വേണം. നമുക്കും നിത്യതക്കും ഇടയിൽ ദ്രുതഗതിയിൽ കുറഞ്ഞുവരുന്ന സമയം കൂടുതൽ ആഴത്തിൽ നമ്മിൽ മതിപ്പുളവാക്കുന്നതായിരിക്കണം. കടന്നുപോകുന്ന ഓരോ ദിവസവും നമ്മുടെ സ്വഭാവരൂപീകരണവേല പൂർത്തിയാക്കുന്നതിനുള്ള ഒരു ദിവസംകൂടി കുറഞ്ഞു എന്ന് കാണിക്കുകയാണ്.

അനേകരും നിദ്രയിലായിരിക്കുമ്പോഴും ഈ വിലയേറിയ മണിക്കൂറിനെ അശ്രദ്ധയോടും അനൈക്യത്തിലും പണ്ട് ആയിരുന്നതുപോലെ തള്ളിനീക്കുമ്പോഴും നിത്യരാജ്യം വാതില്ക്കലായിരിക്കുന്നു എന്ന് വിശ്വസിക്കുന്നവർ സമചിത്തതയുള്ളവരും ഉണർന്നിരിക്കുന്നവരും ആത്മാർത്ഥതയുള്ളവരും ഉത്സുകരും ആയി ജാഗരിച്ച് പ്രാർത്ഥിക്കണം. അല്ലയോ പ്രിയ യുവാവേ, നിന്റെ വിളക്ക് ക്രമപ്പെടുത്തിയും ജ്വലിച്ചുംകൊണ്ടാണോ ഇരിക്കുന്നത്?

# ക്യപയുടെ ഈ നിമിഷങ്ങളിൽ

***പ്രസാദകാലത്ത് ഞാൻ നിനക്ക് ഉത്തരമരുളി; രക്ഷാ ദിവസത്തിൽ ഞാൻ നിന്നെ സഹായിച്ചു.... ഇപ്പോൾ ആകുന്നു സുപ്രസാദകാലം; ഇപ്പോൾ ആകുന്നു രക്ഷാ ദിവസം. 2 കൊരി 6:2.***

ക്രിസ്തു വേഗം വരുന്നു എന്ന് സംശയലേശമന്യേ നാം വിശ്വസിക്കുന്നു. ഇത് യാഥാർത്ഥ്യമാണ്. അല്ലാതെ കെട്ടുകഥയല്ല. നാം ന്യായവിധിയെ സമീപിക്കുന്നു എന്ന ഉപദേശം ഇന്നലെയും ഇന്നും യാതൊരു സംശയവും കൂടാതെ നിലനിൽക്കുന്ന ഒരു വസ്തുതയാണ്. നാമെല്ലാവരും, അസംഖ്യം ദൂതന്മാരുടെ അകമ്പടിയോടെ, ആകാശമേഘങ്ങളിൽ തന്റെ വിശ്വസ്തരും നീതിമാന്മാരുമായവർക്ക് അമർത്യതയുടെ അവസാന മിനുക്കുപണിയും ചെയ്തു കൊടുക്കുവാൻ വരുന്നവനെ എതിരേൽപ്പാൻ ഒരുങ്ങുകയാണ്. നമ്മുടെ പാപങ്ങളെ ശുദ്ധീകരിക്കുന്നതും സ്വഭാവത്തിലെ അശുദ്ധിയെ ഇല്ലായ്മ ചെയ്യുന്നതും അവൻ വരുമ്പോൾ അല്ല, ഇതെല്ലാം അതിനു മുൻപ് നമ്മളിൽ പൂർത്തീകരിക്കപ്പെട്ടിരിക്കും. കർത്താവ് വരുമ്പോൾ വിശുദ്ധന്മാരായിരിക്കുന്നവർ വിശുദ്ധന്മാരായിത്തന്നെ നിലകൊള്ളും.

വിശുദ്ധീകരണത്തിൽ തങ്ങളുടെ ശരീരവും ജീവനും വിശുദ്ധിയിൽ സൂക്ഷിച്ചവർക്ക് അമർത്യതയുടെ അവസാന മിനുക്കുപണിയും കർത്താവിന്റെ വരവിങ്കൽ ലഭ്യമാകും. എന്നാൽ അശുദ്ധനും പാപിയും അഴുക്കുള്ളവനും അപ്രകാരംതന്നെ എന്നേക്കും നിലകൊള്ളും. പിന്നീട് അങ്ങനെയുള്ളവരുടെ അശുദ്ധിയെ ദൂരീകരിച്ച് ശുദ്ധീകരണം നല്കുവാനുള്ള യാതൊരു വേലയും നടത്തപ്പെടുകയില്ല. അവരുടെ അശുദ്ധിയും പാപവും ദൂരീകരിക്കുന്നതിനാവശ്യമായ ശുദ്ധീകരണ പ്രക്രിയയുമായി കർത്താവ് വീണ്ടും ഇരിക്കുകയില്ല. ഇവയെല്ലാം ഈ കൃപയുടെ നിമിഷങ്ങളിൽതന്നെ പൂർത്തീകരിക്കണം. ഈ ജോലി നമുക്കായി പൂർത്തീകരിക്കപ്പെടേണ്ടത് ഇപ്പോഴാണ്. നമ്മുടെ വ്യത്യസ്ത കഴിവുകൾ ദൈവത്തിന്റെ സത്യത്തെ മുറുകെപ്പിടിക്കുകയും ആ സത്യത്തിന്റെ സ്വാധീനത്തിൽ നാം ആയിത്തീരുകയും ചെയ്യുമ്പോൾ നാം മഹത്വരാജ്യത്തിനും സ്വർഗ്ഗീയ ദൂതസമൂഹത്തിനും അനുയോജ്യമായ സാന്മാർഗ്ഗ ശുദ്ധീകരണം പ്രാപിക്കും. നാമിപ്പോൾ ദൈവത്തിന്റെ പണിശാലയിലാണ്. ഇപ്പോൾ നമ്മളിൽ പലരും പാറമടകളിൽ നിന്നുള്ള പരുപരുത്ത കല്ലുകളാണ്, എന്നാൽ ഈ സത്യത്തെ നാം പിടിക്കുമ്പോൾ നമ്മളിൽ അത് വ്യതിയാനം ഉണ്ടാക്കും. നമ്മുടെ പ്രകൃതത്തിലുള്ള പാപവും അശുദ്ധിയും ദൂരീകരിച്ച് നമ്മെ ശ്രേഷ്ഠരാക്കും. ഇങ്ങനെ നാം രാജാവിനെ തന്റെ സൗന്ദര്യത്തിൽ ദർശിപ്പാൻ ഒരുക്കപ്പെടുകയും, മഹത്വരാജ്യത്തിൽ വിശുദ്ധരും സ്വർഗ്ഗീയരുമായ ദൂതന്മാരുടെ കുടുംബത്തിൽ ചേർക്കപ്പെടുകയും ചെയ്യും. നമുക്കുവേണ്ടി ഇവിടെ ഈ ജോലി പൂർത്തീകരിക്കപ്പെടണം. ഇവിടെയാണ് നമ്മുടെ ശരീരവും ആത്മാവും അമർത്യതയ്ക്കായി അനുയോജ്യമാക്കപ്പെടേണ്ടത്.





# സൽഗുണ സ്വഭാവത്തിന്റെ സാരാംശം

***ഞങ്ങൾ മറ്റുള്ളവരുടെ പ്രയത്നഫലം കൈവശമാക്കി അളവില്ലാതെ പ്രശംസിക്കുന്നു എന്നുമില്ല. നിങ്ങളുടെ വിശ്വാസം വർദ്ധിച്ചാൽ ഞങ്ങളുടെ അതിരിന്നകത്തു നിങ്ങളുടെ ഇടയിൽ അത്യന്തം വലുതായ ഫലം പ്രാപിപ്പാനും. 2 കൊരി 10:15.***

സാത്താന്റെ കപടതയിൽ കുടുങ്ങി ദൈവത്തോടുള്ള നമ്മുടെ ബന്ധം അകലുവാൻ മനസ്സുകളെ അനുവദിക്കരുത്. ക്രിസ്തുവിലൂടെ നാം സന്തോഷവും സ്വയം നിയന്ത്രിക്കുവാനുള്ള കഴിവും വളർത്തിയെടുക്കണം. നമ്മുടെ ചിന്തകളെ ദൈവഹിതത്തിനൊത്തവണ്ണം നാം ശീലിപ്പിക്കയും നമ്മുടെ വികാരങ്ങളെ യുക്തിക്കും മതപരമായ നിയന്ത്രണത്തിനും വിധേയരാക്കുകയും വേണം. നിങ്ങളുടെ ഭാവനകളെ അതിന്റെ ഇച്ഛക്കനുസരിച്ച് വിടാതെ കർശനമായി നിയമത്തിനു കീഴ്പെടുത്തി ശീലിപ്പിക്കണം. നിങ്ങളുടെ ചിന്ത നല്ലതല്ല എങ്കിൽ വികാരങ്ങളും ചീത്തയായിരിക്കും. ചിന്തയും വികാരങ്ങളും ഒരുമിച്ച് ചേർന്നാണ് നമ്മുടെ സാന്മാർഗ്ഗിക സ്വഭാവം രൂപംകൊള്ളുന്നത്. നാം നമ്മുടെ വികാരങ്ങളെ നിയന്ത്രിക്കാതെ, സംശയത്തിന്റെയും കുറ്റാരോപണത്തിന്റെയും വഴികളിൽ വിട്ടുകളഞ്ഞാൽ നാം ഏറ്റവും അസന്തുഷ്ടരായ മർത്യരോടു കൂടെയായിത്തീരും.

പ്രിയപ്പെട്ട സഹോദരാ, നിങ്ങൾക്കൊരു ദോഷം നിറഞ്ഞ ഭാവനയുണ്ട്. നിനക്ക് ബോധിച്ച രീതിയിൽ സ്വന്ത നിയന്ത്രണപ്രകാരമുള്ള യുക്തിയും ന്യായീകരണവും നിമിത്തം, നീ ദൈവത്തെ അപമാനിക്കുന്നു. നിനക്ക് ദൃഢമായ ഒരു ഇച്ഛയുണ്ട്, അതു നിന്റെ മനസ്സിനെ, ശരീരത്തിൽ പ്രവൃത്തി നടത്തുവാൻ അനുവദിക്കുകയും അതു നിന്റെ രക്തചംക്രമണത്തെ ബാധിച്ച് ചില അവയവങ്ങളിൽ തടസ്സം സൃഷ്ടിക്കുകയും ചെയ്യും. തന്മൂലം നിന്റെ ചിന്തയാൽ ആരോഗ്യത്തെ ഹോമിക്കുന്നു. നിനക്കു ഇവിടെ തെറ്റുപറ്റി, ഇതു തിരുത്തിയില്ല എങ്കിൽ നിനക്കു സന്തോഷം നഷ്ടമാകും. അതിനാൽ നീ നിന്നെ തന്നെയല്ല നിന്റെ കുടുംബത്തെയും വ്യണപ്പെടുത്തുകയാണ്. നിനക്ക് നിന്റെ ഉയർന്ന ഭാവനകളാൽ യുക്തിയെ നിയന്ത്രിക്കുവാനുള്ള ശക്തിയില്ല എങ്കിൽ അതു പാപമല്ല. പക്ഷെ, അങ്ങനെ നീ നിന്റെ ശത്രുവിനു കീഴ്പ്പെടുന്നതിനുള്ള ഒരു ഉപാധിയല്ലിത്. നിന്റെ ഇച്ഛ വിശുദ്ധീകരിക്കപ്പെടുകയും അതിനെ ദൈവികമായതിനെതിരെ അണിനിരത്താതെ, കീഴ്പ്പെടുത്തുകയും വേണം.

മനുഷ്യനെ ദുഃഖത്തിന്റെയും കരുതലിന്റെയും ആശയക്കുഴപ്പത്തിന്റെയും ഒരു ലോകത്തിൽ ആക്കിയിരിക്കുന്നു. അവൻ ആദാമിനെയും ഹവ്വയെയും പോലെ പരീക്ഷിക്കപ്പെട്ട്, അതിനെ അതിജീവിച്ച് ശരിയായ സ്വഭാവത്തെ രൂപപ്പെടുത്തി എതിർപ്പിലും കലക്കത്തിലും ദൈവത്തോട് അനുരൂപപ്പെടുവാനാണ് ഇവിടെ ആയിരിക്കുന്നത്. നമുക്കിവിടെ പ്രവർത്തിക്കുവാനാവശ്യമായ അനേക കാര്യങ്ങളുണ്ട്. സന്തോഷിക്കുവാനും വളരെയുണ്ട്.

ക്രിസ്തുവിനാൽ നാം പിതാവുമായി ബന്ധിക്കപ്പെട്ടിരിക്കുന്നു. നാം അവന്റെ നിരന്തരമായിട്ടുള്ള കൃപയിൻ കീഴിലാണ്. അവന്റ ഉപകാരങ്ങൾക്ക് അർഹരല്ല എന്ന ചിന്തയിൽ ഏതു നിസ്സാര കാര്യത്തിലും അഭിനന്ദനം ആവശ്യമാണ്.

# ആത്മാക്കളുടെ ഒരു ഗുണം സ്വഭാവമാകുന്നു

***പവിഴത്തിന്റെയും പളുങ്കിന്റെയും പേർ മിണ്ടുകേ വേണ്ടാ; ജ്ഞാനത്തിന്റെ വില മുത്തുകളിലും കവിഞ്ഞതല്ലോ. ഇയ്യോബ് 28:18***

ഈ ലോകത്തിൽ നിന്നും വരുവാനുള്ള ലോകത്തിലേക്ക് കൊണ്ടുപോകാൻ കഴിയുന്ന ഏക സമ്പത്തു ദൈവിക സാദൃശ്യത്തിൽ രൂപംകൊണ്ട സ്വഭാവം മാത്രമാണ്. ക്രിസ്തുവിന്റെ ഉപദേശത്തിന് അനുസൃതമായി ഈ ലോകത്ത് ജീവിച്ചവർ, ദൈവികമായി പ്രാപിച്ച എല്ലാ കാര്യങ്ങളുമായി സ്വർഗ്ഗീയ ഭവനത്തിൽ പ്രവേശിക്കും. തുടർന്നു നാം സ്വർഗ്ഗത്തിലും വളർച്ച പ്രാപിച്ചു കൊണ്ടിരിക്കും.

മാനസിക കഴിവും വാസനയും ഒരു സ്വഭാവമല്ല. അതു നിർഗുണന്മാർക്കും പ്രാപിക്കുവാൻ കഴിയുന്നതാണ്. പ്രശസ്തിയും ഒരു സ്വഭാവമല്ല. യഥാർത്ഥ സ്വഭാവം എന്നു പറയുന്നതു ആത്മാവിന്റെ നല്ല നിലവാരവും അത് പെരുമാറ്റത്തിൽ വെളിപ്പെടുന്നതും ആകുന്നു.

സൽസ്വഭാവം വെള്ളിയെക്കാളും തങ്കത്തെക്കാളും ശ്രേഷ്ടമാണ്. അതു തെറ്റുകളാലും പരാജയങ്ങളാലും ബാധിക്കപ്പെടാത്തതും, ഭൂമിയിലെ വസ്തുവകകൾ തുടച്ചുനീക്കപ്പെടുന്ന നാളിൽ വൻ പ്രതിഫലം പ്രാപിക്കുവാൻ കഴിയുന്നതുമാണ്.

വിശ്വസ്തത, നിശ്ചയദാർഢ്യം, സഹനശക്തി എന്നീ ഗുണങ്ങൾ വളർത്തിയെടുക്കുവാൻ എല്ലാവരും പരിശ്രമിക്കണം. അവ ചെറുക്കുവാൻ കഴിയാത്തതും കഷ്ടകാലത്ത് നിലനില്ക്കുവാനും എതിരാളിയോട് എതിർത്തു നില്പാനും നന്മ ചെയ്യുവാനും പ്രതികൂലങ്ങളെ സഹിപ്പാനുമുള്ള ശക്തിക്കു കാരണമായി ഭവിക്കുന്നു.

സ്വഭാവ ശക്തീകരണത്തിൽ ഇച്ഛാശക്തി, സ്വയനിയന്ത്രണശക്തി എന്നീ രണ്ടു കാര്യങ്ങൾ അടങ്ങിയിരിക്കുന്നു. അനേകം യുവാക്കൾ അജിതേന്ദ്രിയത്വത്തെ സ്വഭാവത്തിന്റെ കരുത്തായി തെറ്റിദ്ധരിച്ചിരിക്കുന്നു. എന്നാൽ വികാരങ്ങൾക്ക് അധീനനായവൻ ഒരു ബലഹീന മനുഷ്യനാണു എന്നതാണ് സത്യം. അവനെ കീഴടക്കുന്ന അവന്റെ മനോബലത്താൽ ആണ് അവന്റെ യഥാർത്ഥ മഹത്വവും മഹിമയും അളക്കപ്പെടുന്നത്. തന്റെ അറിവോടെ നിന്ദിക്കപ്പെടുമ്പോഴും അവന്റെ വേദന സഹിക്കുകയും തന്റെ ശത്രുക്കളോട് ക്ഷമിക്കുകയും ചെയ്യുന്നവനാണ് ഏറ്റവും ശക്തനായ മനുഷ്യൻ.

വസ്ത്രധാരണത്തെയും നടത്തയെയും സംബന്ധിച്ച് ലൗകികമായ ആഡംബരങ്ങളെ അനുകരിക്കാതെ സൽസ്വഭാവവും സുശീലമായ ദൈവശുശ്രൂഷയും സ്വന്തമാക്കുന്നതാണ് പ്രധാനമെന്നു കരുതിയിരുന്നെങ്കിൽ സമൂഹത്തിന്മേലുള്ള ശ്രേഷ്ഠതരമായ സ്വാധീനത്തിനുവേണ്ടി കഴിവു ചെലുത്തുന്നതിന് ഇന്ന് ഒരാളിന്റെ സ്ഥാനത്ത് നൂറുകണക്കിനു യുവജനങ്ങൾ കർമ്മോന്മുഖരായി കാണപ്പെടുവാൻ കഴിയുമായിരുന്നു.





# ക്രിസ്തു നമ്മുടെ സഹായകനും വീണ്ടെടുപ്പുകാരനും

***ഏക മനുഷ്യന്റെ അനുസരണക്കേടിനാൽ അനേകർ പാപികളായിത്തീർന്നതു പോലെ ഏകന്റെ അനുസരണത്താൽ അനേകർ നീതിമാന്മാരായിത്തീരും. റോമർ 5:19***

പാപത്തിന്റെ ചതിക്കുഴിയിൽ അകപ്പെട്ട മനുഷ്യന് തന്റെ സ്വന്തം ശക്തിയാൽ സാത്താനെ കീഴടക്കുവാൻ കഴിയാത്തതുമൂലം, ക്രിസ്തു സ്വർഗ്ഗത്തിൽനിന്നും മാനുഷികവും ദൈവികവും ആയ ശക്തി ഒന്നുചേർന്ന് മാനവന്റെ സഹായകനായി വന്നു. ഏദെനിൽ ആദാമിന് അവന്റെ ഉന്നതമേന്മയാൽ സാത്താന്റെ പരീക്ഷകളെ അതിജീവിച്ച് സാത്താനെ കീഴടക്കുവാൻ കഴിയുമായിരുന്നു എന്ന് ക്രിസ്തുവിനു അറിയാമായിരുന്നു. ഏദെനു പുറത്ത് ദൈവത്തിന്റെ സ്നേഹത്തിൽ നിന്നും വെളിച്ചത്തിൽ നിന്നും അകന്ന്, വീഴ്ചക്കുശേഷം സ്വന്തശക്തിയാൽ സാത്താന്റെ പരീക്ഷകളെ എതിർത്തുനില്ക്കുക അസാദ്ധ്യമാണെന്നും ക്രിസ്തുവിന് അറിയാമായിരുന്നു. ഈ സാഹചര്യത്തിലാണ്, ക്രിസ്തു മനുഷ്യന്റെയും ദൈവത്തിന്റെയും സാദൃശ്യത്തിൽ താഴ്മയുള്ളവനായി മനുഷ്യവേഷം എടുത്തത്. ഈ രീതിയിൽ അവർക്ക് പ്രത്യാശയും നാശത്തിൽനിന്നു രക്ഷയും നല്കുവാനും അവർ എവിടെ ആയിരിക്കുന്നുവോ അവരോടു അടുത്തു ചെല്ലുവാനും കഴിഞ്ഞു. വീഴ്ച ഭവിച്ച ആദാമിന്റെ പുത്രന്മാർക്കും പുത്രിമാർക്കും അവരുടെ സ്വന്ത ശക്തിയാൽ ബലം പ്രാപിക്കുക അസാദ്ധ്യമായി. എന്നാൽ അവന്റെ നാമത്തിൽ അവർ സാത്താന്റെ പരീക്ഷകളെ അതിജീവിക്കുവാൻ കഴിയും.

ഏദെൻ തോട്ടത്തിൽ വളരെ അനുഗ്രഹമായ ഒരു അവസ്ഥയിലാണ് ആദാമും ഹവ്വയും വസിച്ചത്. അവർ പാപത്തിന്റെ ന്യായവിധിയിൽ നിന്നു വിമുക്തരായിരുന്നു. അവരുടെ സൃഷ്ടിതാവു തന്നെയായിരുന്നു അവരുടെ അദ്ധ്യാപകൻ. എന്നാൽ കൗശല പൂർവ്വമുള്ള ശത്രുവിന്റെ ശക്തിക്കും പരീക്ഷയ്ക്കും മുമ്പിൽ അവർ വീണുപോയി. ദൈവിക അധികാരത്തോട് സാത്താൻ നാലായിരം വർഷം എതിർത്തുനില്ക്കുകയും നിരന്തരമായ പ്രവൃത്തിയിലൂടെ ശക്തിയും അനുഭവസമ്പത്തും അവൻ നേടിയെടുത്തു. വീണുപോയ മാനവർക്കു ഏദെൻതോട്ടത്തിൽ ലഭിച്ച അവസരങ്ങളൊന്നും ലഭിച്ചില്ല, അവർ ദൈവത്തിൽനിന്നു അകന്നിരിക്കുവാൻ തുടങ്ങീട്ട് നാലായിരം വർഷമായിരിക്കുന്നു. സാത്താൻ ഭൂമിയിൽ ജയശാലിയായിത്തീരുന്നതുവരെ സാത്താന്റെ പരീക്ഷകളെ എതിർക്കുവാനുള്ള ശക്തിയും അതു ഗ്രഹിക്കുവാനുള്ള ജ്ഞാനവും മനുഷ്യന് കുറഞ്ഞുകുറഞ്ഞുവന്നു. ഭോഗേച്ഛ, കാമവികാരം, അഹങ്കാരത്തോടുകൂടിയ ലംഘനം എന്നിവയാണ് ദുഷ്ടതയുടെ വിവിധ ശാഖകൾ. ഇവയിൽനിന്നുമാണ് എല്ലാ സാന്മാർഗ്ഗികാധഃപതനത്തിന്റെയും കണികകൾ രൂപം കൊള്ളുന്നത്.

നമ്മുടെ ജീവിതം അവ്യക്തതയിൽ കാണപ്പെട്ടേക്കാം. എന്നാൽ നമ്മെത്തന്നെ ബുദ്ധിമാനായ പ്രധാന ശില്പിയുടെ കയ്യിൽ ഏല്പിച്ചാൽ അവൻ നമ്മുടെ ജീവനും സ്വഭാവവും അവന്റെ സ്വന്ത മഹിമയ്ക്ക് ഒത്ത മാതൃകയിൽ കൊണ്ടുവരും. ആ സ്വഭാവം ക്രിസ്തുവിന്റെ സ്വഭാവത്തെയും മഹിമയെയും വെളിപ്പെടുത്തുന്നതായിരിക്കുകയും, അത് പറുദീസായിൽ സാദ്ധ്യമാക്കുകയും ചെയ്യും.

# ഉന്നതാത്മീക നിലവാരം പ്രാപിക്കുവാൻ കഴിയും

***വീഴാതവണ്ണം നിങ്ങളെ സൂക്ഷിച്ചു, തന്റെ മഹിമാസന്നിധിയിൽ കളങ്കമില്ലാത്തവരായി ആനന്ദത്തോടെ നിറുത്തുവാൻ ശക്തിയുള്ളവന്. യൂദാ. 24.***

ന്യായപ്രമാണപ്രകാരം എല്ലാ നിയമത്തിനും ക്രിസ്തു അനുസരണയുള്ളവനായിരുന്നു. അവന്റെ അനുസരണത്താൽ ദൈവകല്പനകൾ എല്ലാ മനുഷ്യർക്കും അനുസരിക്കുവാൻ കഴിയും എന്നു വ്യക്തമാക്കപ്പെട്ടു. നാം നമ്മെ അവനിൽ സമ്പൂർണ്ണമായി സമർപ്പിക്കുമ്പോൾ നമ്മുടെ ഹൃദയം അവന്റെ ഹൃദയത്തോടും ആഗ്രഹങ്ങൾ അവന്റെ ആഗ്രഹത്തോടും മനസ്സ് അവന്റെ മനസ്സോടും ചിന്തകൾ അവന്റെ ചിന്തയോടും ജീവിതം അവന്റെ ജീവിതത്തോടും ഏകീഭവിക്കുന്നു. നീതിയുടെ വസ്ത്രം ധരിപ്പിക്കും എന്നു അർത്ഥമാക്കുന്നത് ഇതാണ്. പിന്നെ കർത്താവു നമ്മെ നോക്കുമ്പോൾ കാണുന്നത് അത്തിയിലകളാലുള്ള അരയാടകളല്ല, നഗ്നതയല്ല, പാപത്താൽ ഉളവായ നമ്മുടെ കുറവുകളുമല്ല. നേരെ മറിച്ച് യഹോവയുടെ ന്യായപ്രമാണത്തിനു നിരക്കുന്നതായ അവന്റെതന്നെ നീതിയിൻ വസ്ത്രത്തെയാകുന്നു.

ഏതു പരീക്ഷയെയും ധീരമായി നേരിടുവാനും എല്ലാ പാപാനുരാഗങ്ങളെയും കീഴ്പെടുത്തുവാനുമുള്ള മാർഗ്ഗം ദൈവത്തിന്റെ വീണ്ടെടുപ്പിൻ പദ്ധതിയിലൂടെ നമുക്ക് നല്കപ്പെട്ടിരിക്കുന്നു. ഏത് കഠിനമായ പരീക്ഷയും ലംഘനത്തിന് ഒഴികഴിവല്ല, ആത്മാക്കളുടെമേൽ എത്ര വലിയ സമ്മർദ്ദം ചെലുത്തിയാലും, കല്പനാലംഘനം എന്നു പറയുന്നത് നമ്മുടെ തന്നെ പ്രവൃത്തിയാകുന്നു. ഭൂമി, നരകശക്തികൾ എന്നിവക്ക് ആരെയും പാപം ചെയ്യിക്കുവാനുള്ള പ്രേരകശക്തിയില്ല. മനസ്സ് അനുവദിക്കണം, ഹൃദയം കീഴ്പ്പെടണം, കാരണത്തെ കീഴ്പ്പെടുത്തുവാൻ ആസക്തിക്കു കഴിയുകയില്ല. നീതിയെ ജയിക്കുവാൻ അധർമ്മത്തിനു കഴിയുകയില്ല.

നിങ്ങൾ ഇമ്മാനുവേൽ പ്രഭുവിന്റെ രക്തക്കറ പുരണ്ട കൊടിക്കീഴിൽ വിശ്വസ്തമായ സേവനം ചെയ്യുന്നുവെങ്കിൽ നിങ്ങൾക്കു പരിശോധനയിൽ കീഴടങ്ങേണ്ടി വരികയില്ല. നിങ്ങളുടെ പക്ഷത്തുള്ളവൻ വീഴാതവണ്ണം സൂക്ഷിക്കുവാൻ കഴിവുള്ളവനാണ്. "ഒരു പാപമനോഭാവവും നാം വെച്ചുകൊണ്ടിരിക്കേണ്ടതില്ല" എഫെ. 2:1–6.

നാം ദൈവിക സ്വഭാവത്തിനു പങ്കാളികളാകുമ്പോൾ പൈതൃകമായതും പോഷിപ്പിക്കപ്പെട്ടതുമായ തെറ്റായ പ്രവണതകളെ നമ്മുടെ സ്വഭാവത്തിൽനിന്നും ദൂരീകരിച്ച് നന്മയ്ക്കായുള്ള ഒരു ജീവശക്തിയായി നാം മാറ്റപ്പെടുകയും, ആത്മീയ ഗുരുവിനെ നാം എന്നും ധ്യാനിക്കുകയും എന്നും അവന്റെ സ്വഭാവത്തിന്റെ കൂട്ടവകാശികളാകുകയും ചെയ്യുമ്പോൾ സാത്താന്റെ പരീക്ഷയെ അതിജീവിക്കുവാൻ ദൈവവുമായി നാം സഹകരിക്കുകയാണ് ചെയ്യുന്നത്. ദൈവവും മനുഷ്യനും പ്രവർത്തിക്കുന്നു. ക്രിസ്തു പിതാവിൽ ഒന്നായിരിക്കുന്നതുപോലെ മനുഷ്യൻ ക്രിസ്തുവിൽ ഒന്നായിരിക്കേണ്ടതിന് ദൈവവും മനുഷ്യനും പ്രയത്നിക്കുകയാണ്. അങ്ങനെ ക്രിസ്തുവിനോടുകൂടെ നാം സ്വർഗ്ഗീയ ഭവനത്തിൽ ആയിരിക്കുകയാണ്, ക്രിസ്തുവിൽ മനസ്സ് സമാധാനത്തോടും ഉറപ്പോടുംകൂടെയിരിക്കുന്നു.





# ക്രൈസ്തവ പരിപൂർണ്ണതയുടെ ഉയരങ്ങളിൽ എത്തുക

***എന്നാൽ നാം ചോദിക്കുന്നതിലും നിനക്കുന്നതിലും അത്യന്തം പരമായി ചെയ്യുവാൻ നമ്മിൽ വ്യാപിക്കുന്ന ശക്തിയാൽ കഴിയുന്നവന്. എഫെ. 3:20***

ദൈവത്തെ നിങ്ങളുടെ ബലമാക്കിയാൽ, നിങ്ങളുടെ ഏറ്റവും നിരാശാവേളകളിലും, നിങ്ങൾക്ക് എത്തിച്ചേരുവാൻ കഴിയുകയില്ലെന്നു ചിന്തിച്ചതായ ക്രിസ്ത്യാനിത്വത്തിന്റെ ഉന്നതിയിലും വ്യാപ്തിയിലും നിങ്ങൾക്ക് എത്തിച്ചേരുവാൻ സാധിക്കും. നിങ്ങളുടെ ചിന്തകൾ ഉയർന്നിരിക്കുകയും അഭിലാഷങ്ങൾ മഹനീയമായിരിക്കയും സത്യത്തെക്കുറിച്ചുള്ള ഉൾക്കാഴ്ച ശുദ്ധവും പ്രവൃത്തിക്ക് ലാളിത്യവും ഉണ്ടായിരുന്നാൽ ഇവ നിന്നെ എല്ലാ വൃത്തികെട്ട പ്രേരണാശക്തികളുടെയും മീതെ ഉയർത്തും. സ്വഭാവത്തിന്റെ പൂർണ്ണത പ്രാപിക്കുവാൻ ചിന്ത, പ്രവൃത്തി ഇവ രണ്ടും ആവശ്യമാണ്. ലോകവുമായി നാം ഇടപഴകുമ്പോൾ മനുഷ്യരുടെ അഭിപ്രായങ്ങൾക്ക് അനുയോജ്യമായി യോജിക്കുകയോ അവരുടെ പുകഴ്ചയ്ക്കുവേണ്ടി തീവ്രമായി പ്രവർത്തിക്കുകയോ ചെയ്യാതെ നാം നമ്മെത്തന്നെ സൂക്ഷിക്കണം. ക്രിസ്തുവിനുമേൽ നിങ്ങളുടെ അശക്തമായ ആത്മാക്കളെ സമർപ്പിച്ച് താഴ്മയുള്ള കൃപയെ പ്രാപിപ്പിൻ. ലോകത്തിന്റെ കലക്കത്തിലും പരീക്ഷകൾക്കും മദ്ധ്യേയുള്ള മധുരിമയിൽ, നിങ്ങളുടെ ആത്മാവിനെ സ്വാതന്ത്ര്യത്തിൽ കാക്കുവിൻ. നിങ്ങൾക്ക് ദൈവവുമായി ദിനംപ്രതി കൂട്ടായ്മയുണ്ടെങ്കിൽ മനുഷ്യരെക്കുറിച്ചുള്ള ദൈവിക ഉദ്ദേശം അവരുടെമേൽ വെയ്ക്കുവാനും കഷ്ടപ്പെടുന്നവരെ അനുഗ്രഹിക്കുവാനും നിന്റെ മേലുള്ള ചുമതലയെ ഗ്രഹിക്കുവാൻ കഴിയുന്നതിനും മനുഷ്യൻ ഒരുക്കമുള്ളവനാകുകയും ചെയ്യും. നിങ്ങൾ നിങ്ങൾക്കുള്ളവരല്ല, നിങ്ങളുടെ ജീവിതത്തിലെ ഉന്നത സേവനങ്ങൾക്കും നിങ്ങളുടെ പരമോന്നത സ്നേഹത്തിനും മേൽ യഹോവയ്ക്ക് പവിത്രമായ അവകാശം ഉണ്ട്.

അവന്റെ മഹിമയ്ക്കും മഹത്വത്തിനുമായി നിങ്ങളുടെ ശരീരത്തിലും ആത്മാവിലും ഉള്ള കഴിവുകളെ പൂർണ്ണമായും ഉപയോഗിക്കുവാൻ അവന് അവകാശമുണ്ട്. എന്തെല്ലാം യാതനകൾ നിങ്ങൾക്ക് അനുഭവിക്കേണ്ടി വന്നാലും യാതൊരു പിറുപിറുപ്പുംകൂടാതെ നിങ്ങൾ അത് സ്വീകരിക്കണം. ലോകത്തിൽ അനേകരും ദൈവമില്ലാത്തവരും പ്രത്യാശയില്ലാത്തവരുമാണ്. അവർ സാത്താന്റെ തന്ത്രങ്ങൾക്ക് അടിമപ്പെട്ട് കുറ്റക്കാരായും അഴിമതിക്കാരായും അധഃപതിച്ചവരായും തീരുന്നു. എന്നിരുന്നാലും ഇങ്ങനെയുള്ളവരെ വീണ്ടെടുക്കുവാനാണ് ക്രിസ്തു സ്വർഗ്ഗത്തിൽ നിന്നും ഇറങ്ങിവന്നത്. അവർ ദയക്കും കരുണയ്ക്കും നിരന്തരമായ പ്രയത്നത്തിനും അർഹതയുള്ളവരാണ്. കാരണം, അവർ നാശത്തിന്റെ വക്കിൽ ആയിരിക്കുന്നവരാണ്. അവർ അസ്ഥിരമായ വികാരങ്ങളാലും നിവൃത്തിയാക്കുവാൻ കഴിയാത്ത ആഗ്രഹങ്ങളാലും കഷ്ടപ്പെട്ടും അവരുടെ മനഃസാക്ഷി നിമിത്തം കുറ്റം വിധിക്കപ്പെട്ടും ഇരിക്കുന്നു. എല്ലാ രീതിയിലും അവരുടെ ജീവിതം ദുഃസഹമാണ്. കാരണം ഈ ലോകജീവിതം അവർക്കു നഷ്ടപ്പെടുകയും വരുവാനുള്ള ലോകത്ത് യാതൊരു പ്രതീക്ഷയും ഇല്ലാതിരിക്കയും ചെയ്യുന്നു.

നിങ്ങൾക്ക് വളരെ പ്രധാനമായ ഒരു വേലസ്ഥലമുണ്ട്. ആയതിനാൽ നിങ്ങൾ ഉണർവ്വോടും ജാഗ്രതയോടും സന്തോഷത്തോടും നിങ്ങളുടെ യജമാനന്റെ വിളി നിർവ്യാജമായ അനുസരണത്തിൽ സ്വീകരിക്കുന്നവരായിത്തീരണം.

# മനുഷ്യസമൂഹത്തിലെ പരിപൂർണ്ണത

***നിങ്ങളുടെ സ്വർഗ്ഗീയ പിതാവു സത്ഗുണപൂർണ്ണനായിരിക്കുന്നതുപോലെ നിങ്ങളും സത്ഗുണപൂർണ്ണരാകുവിൻ. മത്താ. 5:48***

നമ്മുടെ രക്ഷകൻ മാനുഷികതയെ പൂർണ്ണമായി ഗ്രഹിച്ചിരുന്നു. അവൻ എല്ലാ മനുഷ്യരോടും ഈ വണ്ണം പറഞ്ഞു: “ആകയാൽ നിങ്ങളുടെ പിതാവ് സത്ഗുണപൂർണ്ണനായിരിക്കുന്നതുപോലെ നിങ്ങളുടെ സത്ഗുണപൂർണ്ണരാകുവിൻ”, ദൈവം അവന്റെ പ്രവൃത്തിയിൽ പൂർണ്ണനായിരിക്കുന്നതുപോലെ മനുഷ്യനും അവന്റെ പ്രവൃത്തിയിൽ പൂർണ്ണനായിരിക്കണം. ക്രിസ്തുവിനെ സ്വീകരിച്ചിരിക്കുന്നവരെല്ലാം പ്രത്യാശയുടെ മുഴുവചനം ലഭിച്ചവരുടെ കൂട്ടത്തിൽ പെടുന്നവരാണ്. “അവന്റെ നാമത്തിൽ വിശ്വസിക്കയും അവനെ സ്വീകരിക്കുകയും ചെയ്തവർക്കു ദൈവത്തിന്റെ മക്കൾ ആകുവാൻ അവൻ അധികാരം കൊടുത്തു.” നാം ദൈവിക സാദൃശ്യത്തിൽ രൂപംകൊണ്ടതായ ഉന്നതവും ശ്രേഷ്ടവുമായ സ്വഭാവം സ്വായത്തമാക്കണമെന്നാണ്; ഈ വചനങ്ങൾ നമ്മെ വിളിച്ചറിയിക്കുന്നത്. ഇങ്ങനെയുള്ള ഒരു സ്വഭാവം നാം കൈകൊള്ളുമ്പോൾ, നമ്മുടെ ജീവിതം, നമ്മുടെ വിശ്വാസം, മതപരമായ വിശുദ്ധി എന്നിവ മറ്റുള്ളവർക്ക് ഒരു പഠന മാതൃകയായി പരിണമിക്കും.

എന്നാൽ നിശ്ചിത പ്രയത്നം കൂടാതെ പാപത്തെ അതിജീവിക്കുവാനും തങ്ങളുടെ പ്രകൃതത്തിൽ അത്ഭുതകരമായ മാറ്റം സംഭവിക്കുന്നതിനും കാത്തിരിക്കുന്നവർക്കു നിരാശ സംഭവിക്കും. യേശുവിനെ നോക്കുമ്പോൾ ഭയത്തിനു ഹേതുവില്ല; അവന് നമ്മെ പൂർണ്ണമായും രക്ഷിക്കുവാൻ കഴിയുമോ എന്നു സംശയിക്കുവാൻ കാരണവുമില്ല. എന്നിരുന്നാലും നമ്മുടെ പഴയ മനുഷ്യൻ വീണ്ടും ജീവൻ പ്രാപിക്കുകയും തന്മൂലം ശത്രുവിന്റെ കെണിയിലകപ്പെട്ട് അവന്റെ അടിമത്വത്തിലായിത്തീരുമോ എന്ന് നിരന്തരം നാം ഭയപ്പെടണം. അവന്റെ നല്ല സന്തോഷത്തിൽ പ്രവർത്തിക്കുവാൻ താല്പര്യം ഉണ്ടാക്കുന്നതിന് അവനാണ് നമ്മിൽ പ്രവർത്തിക്കുന്നത്. ആയതിനാൽ ദൈവകരങ്ങളിൽ നമ്മെ സമർപ്പിച്ചും അവനു നമ്മിൽ പ്രവർത്തിപ്പാൻ ഇടംകൊടുത്തും ഭയഭക്തിയോടും വിറയലോടുംകൂടി താന്താങ്ങളുടെ രക്ഷയ്ക്കായി പ്രവർത്തിക്കണം. നമുക്കു ലഭിച്ചിരിക്കുന്ന നിശ്ചിത ശക്തിയാൽ ദൈവം, അവന്റെ ഗോളത്തിൽ വിശുദ്ധനായിരിക്കുന്നതുപോലെ നാമും നമ്മുടെ മണ്ഡലത്തിൽ വിശുദ്ധരായിത്തീരണം. നമ്മുടെ സർവ്വ കഴിവുകളാലും ദൈവിക സത്യത്തെയും സ്നേഹത്തെയും നാം വെളിപ്പെടുത്തണം. ദൈവീകതയുടെ ശ്രേഷ്ടതയെയും നാം വെളിപ്പെടുത്തണം. മെഴുക് മുദ്രയുടെ അടയാളം സ്വീകരിക്കുന്നതുപോലെ, നമ്മുടെ ആത്മാവ് പരിശുദ്ധാത്മാവിന്റെ മുദ്രയുടെ അടയാളം സ്വീകരിക്കുകയും ക്രിസ്തുവിന്റെ സാദൃശ്യം നിലനിർത്തുകയും വേണം.

ആത്മീയസ്നേഹത്തിൽ നാം അനുദിനം വളരേണ്ടിയിരിക്കുന്നു. നാം ദൈവിക സാദൃശ്യത്തെ പകർത്തുവാൻ ശ്രമിക്കുമ്പോൾ കൂടെക്കൂടെ പരാജിതരായേക്കാം. എന്നിരുന്നാലും നാം നിരാശിതരാകേണ്ടതില്ല, ക്രിസ്തുവിന്റെ പാദത്തിൽ ഇരുന്ന് കൂടെക്കൂടെ നമ്മുടെ ബലഹീനതയെയും തെറ്റുകളെയും കുറിച്ചു വിലപിച്ചും കൂടുതൽ തീക്ഷ്ണതയോടെ പ്രാർത്ഥിക്കുകയും പൂർണ്ണമായി വിശ്വസിക്കുകയും കർത്താവിന്റെ സാദൃശ്യത്തിൽ വളരുവാൻ കൂടുതൽ ശുഷ്കാന്തിയുള്ളവരായി, വീണ്ടും വീണ്ടും പരിശ്രമിച്ചുകൊണ്ടിരിക്കണം. നമുക്ക് നമ്മുടെ സ്വന്തം ശക്തിയിൽ വിശ്വസിക്കുവാൻ സാധിക്കാതിരിക്കുമ്പോഴും നമ്മുടെ രക്ഷകന്റെ ശക്തിയിൽ നാം ആശ്രയിക്കുകയും നമ്മുടെ മുഖഭാവത്തിന്റെ ഓജസ്സ് നിലനിർത്തുന്നവനുമായ നമ്മുടെ ദൈവത്തെ നാം സ്തുതിക്കുകയും ചെയ്യണം.





# പ്രചോദനത്തിലും പ്രവൃത്തിയിലുമുള്ള ബഹുമതി

***നിങ്ങൾ തമ്മിൽ ദയയും മനസ്സലിവുമുള്ളവരായി ദൈവം ക്രിസ്തുവിൽ നിങ്ങളോടു ക്ഷമിച്ചതുപോലെ അന്യോന്യം ക്ഷമിപ്പിൻ. എഫെ. 4:32***

തത്വം, ശരി, സത്യസന്ധത എന്നിവയെ നാം മുറുകെപ്പിടിക്കണം. നയം നിലനില്ക്കുന്നിടത്ത് വിശ്വസ്തത ഉണ്ടാവുകയില്ല. കാരണം അവ തമ്മിൽ ചേരുകയില്ല; ഒന്ന് ദൈവത്തിന്റേതും മറ്റേത് ബാലിന്റേതും ആകുന്നു. പ്രചോദനത്തിലും പ്രവൃത്തിയിലും. ശ്രേഷ്ഠതയുള്ളവർ ആയിരിക്കണം തന്റെ ദാസന്മാർ എന്നാണ് യജമാനൻ ആഗ്രഹിക്കുന്നത്. സത്യസന്ധതയെ തങ്ങളുടെ പങ്കാളിയായി തിരഞ്ഞെടുത്തവരുടെ പ്രവൃത്തിയിലും അതു നിഴലിച്ചിരിക്കും. ഒരു വലിയ സമൂഹത്തിന് ഈ മനുഷ്യരിൽ പ്രസാദം തോന്നുകയില്ല; എന്നാൽ ദൈവത്തിന് അവർ നല്ലവരാണ്.

എല്ലായിടത്തും സാത്താൻ തനിക്കു കൂട്ടമുണ്ടാക്കുവാൻ പ്രവർത്തിക്കുന്നു. അവൻ അനേകം സുഹൃത്തുക്കളെ സമ്പാദിക്കും. ഇവർ ഏഷണി പറയുന്നവരും പൊട്ടച്ചൊല്ലും കളിവാക്കും കള്ളസാക്ഷ്യം വഹിക്കുന്നവരും ചേർച്ചയില്ലായ്മയുടെയും കലഹത്തിന്റെയും വിത്ത് വിതക്കുന്നവരും ആയിരിക്കും.

ഇവർ സാത്താന്റെ വിശ്വസ്ത സേവകന്മാർ എന്നു സ്വർഗ്ഗം കാണും. എന്നാൽ തന്റെ ചില പ്രവൃത്തികളാൽ മുഖസ്തുതി ലഭിക്കുകയും പുകഴ്ച പ്രാപിച്ചു ഉയർത്തപ്പെടുകയും ചെയ്ത മനുഷ്യൻ കഷ്ടമനുഭവിക്കുന്ന മനുഷ്യനെക്കാൾ അപകടത്തിലാണ്. തുറന്ന ശാസനയെക്കാൾ അപകടകാരിയാണ് കൂട്ടുകാരുടെ പുകഴ്ച. തന്നെത്താൻ പുകഴ്ത്തുന്ന ഏതു മനുഷ്യനും തന്റെ പ്രയത്നത്തിന്റെ തിളക്കത്തെ അകറ്റിക്കളയുന്നു. യഥാർത്ഥ ഉന്നതാദർശമുള്ള വ്യക്തികൾ തങ്ങളുടെ എതിരാളികളുടെ കള്ള സാക്ഷ്യത്താലുള്ള കുറ്റാരോപണങ്ങളൊന്നും തന്നെ കൂട്ടാക്കുകയില്ല. അവർക്കെതിരെ സംസാരിക്കപ്പെട്ട വാക്കുകൾ നിരുപദ്രവകാരികളായി അവരുടെ ശക്തിയെ പറിച്ചെറിയുവാൻ തക്ക രീതിയിൽ ബലപ്പെടുത്തുന്നവയായിരിക്കും.

സഹിഷ്ണതയുടെയും സ്നേഹത്തിന്റെയും ദൈവമായ കർത്താവ് അവർക്കേറ്റവും സമീപസ്ഥനാണ്. അതുകൊണ്ട് എല്ലാ ജീവിതങ്ങളിലും ക്രിസ്തുവിനെ ഉയർത്തിക്കാണിക്കണം. ആകയാൽ ആരും മറ്റുള്ളവന്റെ സ്ഥാനമാനങ്ങളെ കുറച്ചുകാണിക്കുവാൻ തുനിയരുതു; അതു അഹങ്കാരമാകുന്നു. യാതൊരു മനുഷ്യനെക്കുറിച്ചും ഒരിക്കലും തരംതാഴ്ത്തി സംസാരിക്കരുത്. കാരണം അവർ ചിലപ്പോൾ ദൈവത്തിന്റെ മുമ്പാകെ വലിയവനായിരിക്കും. അവന്റെ മുമ്പാകെ താൻ വലിയവൻ എന്നു നടിക്കുന്നവനോ തന്റെ ഹൃദയത്തിന്റെ കാപട്യം നിമിത്തം ചെറിയവനുമായിരിക്കും. താഴ്മയോടെ കർത്താവിന്റെ ക്രൂശിൻ ചുവട്ടിൽ താണിരുന്ന് നമ്മെ ഏറ്റവും ചെറിയവനായി കാണുകയും ദൈവത്തിൽ ആശ്രയം വെക്കുകയും ചെയ്യുക. ഇതാണ് നമ്മുടെ ഏക രക്ഷ. അവനുമാത്രമേ നമ്മെ ഉയർത്തുവാനുള്ള ശക്തിയുള്ളു.

എല്ലാവരുടെയും വിവേചന സാമർത്ഥ്യവും കഴിവും ഇപ്പോഴാണ് ആവശ്യമായിരിക്കുന്നത്. എല്ലാ മനുഷ്യരുടെയും വേല, വളരെ ശ്രദ്ധയോടും വിശ്വസ്തതയോടും നിവർത്തിക്കുന്നു എങ്കിൽ അവ വളരെ പ്രാധാന്യമർഹിക്കുന്നതാണ്. ഒരു മനുഷ്യനു എല്ലാവരുടെയും വേല ചെയ്യുവാൻ കഴിയുകയില്ല. നമുക്ക് ഓരോരുത്തർക്കും ഓരോ സ്ഥലവും ഓരോ വേലയും നല്കിയിട്ടുണ്ട്. നാം വിധിയുടെ ശോധനയെ അതിജീവിക്കത്തക്കവണ്ണമാണ് ആ വേല ചെയ്യേണ്ടത് എന്ന തിരിച്ചറിവോടുകൂടിയായിരിക്കണം എല്ലാവരും പ്രവർത്തിക്കേണ്ടത്.

# ദുഃശീലങ്ങളുടെമേൽ വിജയം

***നിന്നെത്തന്നേ നിർമ്മലനായി കാത്തുകൊള്ളുക. 1 തിമൊ. 5:22***

നമ്മുടെ ആത്മീകവും ശാരീരികവും മാനസികവുമായവയുടെ വികാസമാണ് വിദ്യാഭ്യാസത്തിന്റെ അന്തഃസത്ത.

നമ്മുടെ സ്വഭാവത്തിൽ വിശുദ്ധി നഷ്ടമാകുകയും ലംഘനം നമ്മുടെ സ്വഭാവത്തിന്റെ ഭാഗമാകുകയും ചെയ്യുമ്പോഴുള്ള അവസ്ഥ, ലഹരി പിടിപ്പിക്കുന്ന ഒരു ഗ്ലാസ് മദ്യത്തിന്റെ വശീകരണ ശക്തിക്ക് തുല്യമായിരിക്കും. ശരീരത്തെ മുഴുവനും ദുഷിപ്പിക്കുന്ന ദുശ്ശീലങ്ങൾ സ്വയനിയന്ത്രണശക്തിയെയും യുക്തിബോധത്തെയും നശിപ്പിക്കുകയും ഇവ ആവർത്തിച്ചുകൊണ്ടിരുന്നാൽ രോഗത്തിന് അടിമയാകുകയും തലച്ചോറ് മന്ദീഭവിച്ചുപോവുകയും തൽഫലമായി അതിന്റെ നിയന്ത്രണം നഷ്ടമാവുകയും ചെയ്യും. ഇങ്ങനെയുള്ളവർ തങ്ങൾക്കു തന്നെയും അവർ ഉൾപ്പെടുന്ന സമൂഹത്തിനും ഒരു ശാപമായിരിക്കും.

നല്ല സ്വഭാവത്തെക്കാൾ എളുപ്പത്തിൽ രൂപംകൊള്ളുന്നതാണ് ചീത്തസ്വഭാവം. ദുഃസ്വഭാവങ്ങൾ ത്യജിക്കുവാൻ വളരെ പ്രയാസമാണ്. മനസ്സിന്റെ സ്വാഭാവിക അധഃപതനം ഈ പ്രശസ്ത പ്രസ്താവനയെ പിൻതാങ്ങുന്നു. യുവത്വം തുച്ഛീകരിക്കപ്പെടുന്നതിന് നിസ്സാര പ്രയത്നം മാത്രം മതി. സാന്മാർഗ്ഗീകവും മതപരവുമായ ചിന്താഗതികളെ മലീമസപ്പെടുത്തുവാൻ ശ്രമിക്കുന്നതിനെക്കാൾ പ്രയാസമാണ് അവരുടെ സ്വഭാവത്തിൽ സഹനവും വിശുദ്ധിയും ദുഷിക്കപ്പെടാത്ത സ്വഭാവത്തിന്റെ നീതിയും സത്യവും കരുപിടിപ്പിക്കുക എന്നത്. സ്വാഭിലാഷങ്ങളുടെ തൃപ്തിപ്പെടുത്തൽ, ആനന്ദത്തിനുള്ള താല്പര്യം, ശത്രുത, അഹന്ത, സ്വയം വിലമതിക്കൽ, കുശുമ്പ്, അസൂയ എന്നിവ ദൃഷ്ടാന്തമോ പരിശീലനമോ ഇല്ലാതെ തഴച്ചുവളരും. നമ്മുടെ സ്വഭാവവും മനസ്സും അവയുടെ സ്വാഭാവിക പ്രവണതകൾക്ക് വിട്ടുകൊടുക്കുക എന്നത് മാത്രമാണ് നമ്മുടെ ഈ വീഴ്ച ഭവിച്ച അവസ്ഥയിൽ നമുക്ക് ചെയ്യുവാനുള്ളത്. ഈ സ്വാഭാവിക ലോകത്ത് അതിനെ അതിന്റേതായ ഒരു നിലത്തിൽ ഇട്ടുകളയുകയാണെങ്കിൽ അതിനെ മുള്ളുകളും എതിർപ്പുകളും മൂടുന്നത് നിങ്ങൾക്ക് കാണുവാൻ കഴിയും. എന്നാൽ അവ വിശേഷതയേറിയ ധാന്യങ്ങളും പുഷ്പങ്ങളും വിളയിക്കണമെങ്കിൽ, കരുതലും ഏകാഗ്ര പരിചരണവും ആവശ്യമാണ്.

ദുഷ്ടതയോടുള്ള നിരന്തര പോരാട്ടത്തിന്റെ ആവശ്യകതകളെ ഇപ്പോൾ നിങ്ങളുടെ മുൻപിൽ അവതരിപ്പിക്കുകയാണ്. ദൈവം തന്റെ പൊന്നോമനകുമാരനെ മനുഷ്യരുടെ വീണ്ടെടുപ്പിന്നായി മരണത്തിന് ഏല്പിച്ചുകൊടുക്കത്തക്ക രീതിയിൽ അവരെ സ്നേഹിച്ചു. അങ്ങനെയുള്ളവരിൽ മുഴുസ്വർഗ്ഗവും തല്പരരാണ്. ദൈവസൃഷ്ടിയായ വേറൊരു ജീവിയും ഇതുപോലുള്ള ഉയർച്ചക്കും ഇതുപോലുള്ള ശുദ്ധീകരണത്തിനും ഇതുപോലുള്ള ശ്രേഷ്ടതക്കും മാനവനോളം കഴിവുള്ളവരല്ല. എന്നാൽ മനുഷ്യൻ തങ്ങളുടെ അടങ്ങാത്ത വികാരത്താൽ മന്ദീഭവിക്കുകയും ബുദ്ധിയിൽ അധഃപതിക്കുകയും ചെയ്തപ്പോൾ, മാതൃകയ്ക്കായി ദൈവം വേറെ ആരിലേക്കാണ് നോക്കേണ്ടത്! മനുഷ്യന് താനിപ്പോൾ എന്താണെന്നും എന്ത് ആകുമെന്നും ഗ്രഹിക്കുവാൻ കഴിയുകയില്ല. ക്രിസ്തുവിന്റെ കൃപയാൽ മനുഷ്യന് സ്ഥിരമായ മാനസികോന്നതി പ്രാപിക്കുവാൻ കഴിയും. സത്യവെളിച്ചം അവന്റെ മനസ്സിൽ ചൊരിയപ്പെടുകയും ദൈവസ്നേഹം അവന്റെ ഹൃദയത്തെ നിറയ്ക്കുകയും ചെയ്യുന്ന വിവരം അവനെ അറിയിക്കുവാനായി മരിച്ച യേശുവിന്റെ കൃപയാൽ അവൻ ഒരു ശക്തനായ മനുഷ്യനായിത്തീരട്ടെ! ഭൂമിയിലെ ശിശുവായും എന്നാൽ അമർത്യതയുടെ അവകാശിയായും ഭവിക്കട്ടെ!





# മുഴുമനുഷ്യന്റെ വിശുദ്ധീകരണം

***നിങ്ങളുടെ ഉള്ളിലെ ആത്മാവു സംബന്ധമായി പുതുക്കം പ്രാപിച്ചു സത്യത്തിന്റെ ഫലമായ നീതിയിലും വിശുദ്ധിയിലും ദൈവാനുരൂപമായി സൃഷ്ടിക്കപ്പെട്ട പുതു മനുഷ്യനെ ധരിച്ചുകൊൾവിൻ. എഫെ. 4:23,24.***

മനുഷ്യന്റെ മനസ്സ്, ചിന്ത, ഹൃദയം, ശക്തി ഇവ പൂർണ്ണമായും സത്യത്താൽ വിശുദ്ധീകരിക്കപ്പെടണം. അവന്റെ വൈകാരിക ശീലങ്ങളിന്മേൽ അവന്റെ ജീവനശക്തി ചിലവഴിക്കുവാൻ അനുവദിക്കരുത്. അവൻ ഈവകകളെ അതിജീവിക്കണം. അല്ലെങ്കിൽ അവനെ അവ കീഴ്പ്പെടുത്തും. ചിന്തകൾ ശുദ്ധീകരിക്കപ്പെടണം. സ്ത്രീപുരുഷന്മാർ എങ്ങനെ ആയിരുന്നില്ല എന്നതല്ല കാര്യം. ശാരീരിക ചികിത്സ എന്നാൽ മനസ്സിന്റെയും ഹൃദയത്തിന്റെയും ശക്തിയും ശുദ്ധിയും സംബന്ധിച്ച എല്ലാം അടങ്ങുന്നതാണ് ഇത് എന്ന തിരിച്ചറിവ് അവർക്കുണ്ടായിരിക്കണം.

ഒരു യഥാർത്ഥ ക്രിസ്ത്യാനിക്ക് വിശുദ്ധി പ്രദാനം ചെയ്യുന്ന അനുഭവം ഉണ്ടായിരിക്കണം. അവന്റെ മനഃസാക്ഷിയിൽ അപരാധത്തിന്റെ കറയോ, അവന്റെ ആത്മാവിൽ മലിനതയുടെ പാടോ ഉണ്ടാകുവാൻ പാടില്ല. ദൈവ കല്പനയുടെ ആത്മീകത അതിന്റെ തത്വനിഷ്ഠയിൽ തന്നെ ജീവിതത്തിലേക്ക് പകർത്തപ്പെട്ടിരിക്കുന്നു. സത്യവെളിച്ചം അവന്റെ അറിവുകളെ ഉദ്ദീപിപ്പിക്കയാണ്. വീണ്ടെടുപ്പുകാരനോടുള്ള പരിപൂർണ്ണ സ്നേഹത്തിന്റെ ആനന്ദം അവന്റെ ആത്മാവിനും ദൈവത്തിനും മദ്ധ്യേയുള്ള അനാരോഗ്യകരമായ എല്ലാ തടസ്സങ്ങളെയും ദൂരീകരിക്കുകയാണ്. ശുദ്ധവും സമുന്നതവും ശുദ്ധീകരിക്കപ്പെട്ടതും വിശുദ്ധീകരിക്കപ്പെട്ടതുമായ ദൈവഹിതം അവന്റെ ഇഷ്ടമായിത്തീർന്നിരിക്കുന്നു. അവന്റെ മുഖതേജസ്സ് സ്വർഗ്ഗത്തിന്റെ പ്രകാശം വെളിവാക്കുന്നതാണ്. അവന്റെ ശരീരം പരിശുദ്ധാത്മാവിന് യോഗ്യമായ ഒരു മന്ദിരമാണ്. വിശുദ്ധി അവന്റെ സ്വഭാവത്തെ അലങ്കരിക്കുന്നു. അവന്റെ ദേഹവും ദേഹിയും ദൈവത്തിന് യോജിച്ചതായിരിക്കയാൽ ദൈവത്തിന് അവനുമായി അടുത്ത് ഇടപഴകുവാൻ കഴിയുന്നു.

മനസ്സ്, ദേഹം, ദേഹി, ആത്മാവ് എന്നിവയുടെ മേലും മറ്റെല്ലാത്തിന്മേലും ദൈവത്തിന് അവകാശമുണ്ട് എന്ന് ദൈവം നമ്മെ മനസ്സിലാക്കിപ്പിക്കുകയാണ്. നാം സൃഷ്ടിപ്പിനാലും വീണ്ടെടുപ്പിനാലും അവന്റേതാണ്. അവൻ നമ്മുടെ സൃഷ്ടിതാവ് എന്ന നിലക്ക് നമ്മുടെ എല്ലാ സേവനവും അവൻ അവകാശപ്പെടുകയാണ്. വീണ്ടെടുപ്പുകാരൻ എന്ന നിലയിൽ അവനൊരു അവകാശവും ഇഷ്ടവുമുണ്ട്. അത് സമാന്തരമല്ലാത്ത നമ്മുടെ സ്നേഹമാകുന്നു. ഈ അവകാശത്തെ നമ്മുടെ ജീവിതത്തിന്റെ എല്ലാ നിമിഷങ്ങളിലും നാം തിരിച്ചറിയേണ്ടിയിരിക്കുന്നു. നമ്മുടെ ദേഹം, ദേഹി, ജീവിതം എല്ലാം അവന്റേതാകുന്നത്, അത് സ്വമേധാ ദാനമായതിനാൽ മാത്രമല്ല അവൻ നിരന്തരമായി അവന്റെ സഹായം നമുക്ക് നല്കുകയും നമ്മുടെ കഴിവുകളെ വിനിയോഗിക്കുവാൻ നമുക്ക് ശക്തി നല്കുന്നതിനാലുമാണ്. അവൻ പറയുന്നു, "ആരെല്ലാം അവനെ സ്വീകരിച്ചിട്ടുണ്ടോ അവർക്കെല്ലാം അവന്റെ മക്കളാകുവാനുള്ള അധികാരം അവൻ കൊടുത്തിരിക്കുന്നു. അവന്റെ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും തന്നെ."

ദൈവമക്കളായവരെല്ലാം അവരുടെ സ്വഭാവത്താൽ യേശുവിനെ പ്രതിനിധീകരിക്കും. അവരുടെ പ്രവർത്തനങ്ങൾ എല്ലാം ദൈവപുത്രന്റെ അനന്തമായ ആർദ്രത, വാത്സല്യം, സ്നേഹം, വിശുദ്ധി എന്നിവയാൽ സുഗന്ധപൂരിതമാക്കപ്പെടും. മനസ്സും ശരീരവും എത്രമാത്രം പരിപൂർണ്ണമായി പരിശുദ്ധാത്മാവിന് കീഴ്പ്പെടുത്തുന്നുവോ അത്രമാത്രം ശ്രേഷ്ഠമായിരിക്കും നമ്മെത്തന്നെ സമർപ്പിക്കുന്നതിന്റെ സൗരഭ്യം.

# അവന്റെ കല്പനയോടുള്ള യോജിപ്പ്

***ഞാൻ നിന്റെ ന്യായപ്രമാണം കാക്കേണ്ടതിന്നും അതിനെ പൂർണ്ണ ഹൃദയത്തോടെ പ്രമാണിക്കേണ്ടതിനും എനിക്കു ബുദ്ധി നല്കേണമേ സങ്കീ. 119:34.***

വീണ്ടും ജനനത്തിങ്കൽ ഹൃദയത്തെ കല്പനാനുസൃമാക്കിയതുപോലെ തന്നെ ഹൃദയത്തെ ദൈവത്തിന് ഒത്തവണ്ണം കൊണ്ടുവരപ്പെടുന്നു. ഒരു ഭയങ്കര വ്യതിയാനം ഒരു പാപിയിൽ സംഭവിച്ചുകഴിയുമ്പോൾ അവൻ മരണത്തിൽ നിന്നും ജീവനിലേക്കും പാപത്തിൽ നിന്നും വിശുദ്ധിയിലേക്കും മത്സരത്തിൽ നിന്നും ലംഘനത്തിൽനിന്നും അനുസരണത്തിലേക്കും വിശ്വസ്തതയിലേക്കും പ്രവേശിച്ചിരിക്കുകയാണ്.

ദൈവകല്പനയോടുള്ള അവഹേളനം അല്ലെങ്കിൽ തിരസ്കരണം എന്നതിൽ നിന്നും ഉടലെടുത്തിരിക്കുന്ന വിശുദ്ധീകരണത്തിന്റെ തെറ്റായ ഉപദേശങ്ങൾക്ക് ഇന്നുള്ള ആത്മീക പ്രസ്ഥാനങ്ങളിൽ മുഖ്യസ്ഥാനം ഉണ്ട്. ഈ വക വാദഗതികൾ തികച്ചും ഉപദേശത്തിൽ തെറ്റും പ്രായോഗിക ഫലം അപകടം നിറഞ്ഞതുമാകുന്നു. വസ്തുത ഇതായിരിക്കെ അവ വളരെ പൊതുവായി ഇതിനെ പിൻതുണക്കുകയും ഈ കാര്യത്തിൽ വചനം പഠിപ്പിക്കുന്നത് എന്താണെന്ന് വ്യക്തമായ ഗ്രാഹ്യത ഉള്ളപ്പോൾതന്നെ ഇരട്ടി അപരിത്യാജ്യഘടകമായി ഇതിനെ നല്കുകയും ചെയ്യുന്നു.

യഥാർത്ഥ വിശുദ്ധീകരണം ഒരു തിരുവചന ഉപദേശമാണ്. അപ്പൊസ്തലനായ പൗലോസ് തെസ്സലോനിക്യർക്കെഴുതിയ തന്റെ ലേഖനത്തിൽ പ്രസ്ഥാവിക്കുന്നത്, "ദൈവത്തിന്റെ ഇഷ്ടമോ നിങ്ങളുടെ ശുദ്ധീകരണം തന്നെ" (1 തെസ്സ. 4:3). അതിനുശേഷം അവൻ ഇവ്വണ്ണം പ്രാർത്ഥിക്കുന്നു, "സമാധാനത്തിന്റെ ദൈവം തന്നെ നിങ്ങളെ മുഴുവനും ശുദ്ധീകരിക്കുമാറാകട്ടെ! (1 തെസ്സ. 5:23). വിശുദ്ധീകരണം എന്താണെന്നും അതു എങ്ങനെ പ്രാപിക്കാമെന്നും തിരുവചനം വ്യക്തമായി പഠിപ്പിക്കുന്നു. നമ്മുടെ രക്ഷിതാവ് തന്റെ ശിഷ്യന്മാർക്കായി ഇപ്രകാരം പ്രാർത്ഥിച്ചു: "സത്യത്താൽ അവരെ വിശുദ്ധീകരിക്കേണമേ; നിന്റെ വചനം സത്യമാകുന്നു" യോഹ.17:17. അപ്പൊസ്തലനായ പൗലോസ് "വിശ്വാസികൾ പരിശുദ്ധാത്മാവിനാൽ വിശുദ്ധീകരിക്കപ്പെടുന്നു" എന്ന് പഠിപ്പിച്ചു (റോമർ 15:16). പരിശുദ്ധാത്മാവിന്റെ വേല എന്താണെന്ന് യേശു തന്റെ ശിഷ്യന്മാരെ പഠിപ്പിച്ചു. "സത്യത്തിന്റെ ആത്മാവു വരുമ്പോഴോ അവൻ നിങ്ങളെ സകല സത്യത്തിലും വഴി നടത്തും" (യോഹ. 16:13). സങ്കീർത്തനക്കാരൻ പറയുന്നു: "നിന്റെ ന്യായപ്രമാണം സത്യമാകുന്നു." ആകയാൽ ദൈവത്തിന്റെ വചനത്താലും പരിശുദ്ധാത്മാവിനാലും ന്യായപ്രമാണത്തിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്ന വിശുദ്ധീകരണമെന്ന ആ വലിയ തത്വത്തെ മനുഷ്യർക്ക് വെളിപ്പെടുത്തിയിരിക്കുന്നു. ദൈവത്തിന്റെ ന്യായപ്രമാണം വിശുദ്ധിയും ന്യായവും നല്ലതും ആയിരിക്കയാലും അതു ദൈവിക പൂർണ്ണതയുടെ പ്രതിഫലനവുമായിരിക്കയാലും ഈ ന്യായപ്രമാണാനുസരണം രൂപംകൊള്ളുന്ന സ്വഭാവം ശുദ്ധിയുള്ളത് ആയിരിക്കും. ഞാൻ എന്റെ പിതാവിന്റെ കല്പനകൾ പ്രമാണിച്ചു' എന്നു പറഞ്ഞു. ക്രിസ്തു ഈ സ്വഭാവത്തിനു ഒരു പൂർണ്ണ മാതൃകയായി ഭവിച്ചു. "ഞാൻ എല്ലായ്പ്പോഴും എന്റെ പിതാവിനു പ്രസാദകരമായ കാര്യം ചെയ്യുന്നു." അവനെ അനുഗമിക്കുന്നവർ അവന്റെ കൃപയാൽ ന്യായപ്രമാണത്തിലെ ഉപദേശങ്ങൾക്ക് അനുസൃമായി രൂപംകൊണ്ട സ്വഭാവത്താൽ അവനെപ്പോലെ ആയിത്തീരുന്നതാണ് തിരുവചന വിശുദ്ധീകരണം.

ഈ വേല പൂർത്തീകരിക്കപ്പെടുന്നത് ക്രിസ്തുവിലുള്ള വിശ്വാസത്താലും നമ്മുടെ ഉള്ളിൽ വസിക്കുന്ന പരിശുദ്ധാത്മാവിനാലുമാണ്.





# വ്യാജ വിശുദ്ധീകരണം

***അവനെ അറിഞ്ഞിരിക്കുന്നു എന്നു പറകയും അവന്റെ കല്പനകളെ പ്രമാണിക്കാതിരിക്കുകയും ചെയ്യുന്നവൻ കള്ളൻ ആകുന്നു; സത്യം അവനിൽ ഇല്ല. 1 യോഹ. 2:4,5.***

സാത്താന്റെ കപടതയിൽ കുടങ്ങി ദൈവത്തോടുള്ള നമ്മുടെ ബന്ധം അകലുവാൻ മനസ്സുകളെ അനുവദിക്കരുത്. ക്രിസ്തുവിലൂടെ നാം സന്തോഷവും സ്വയം നിയന്ത്രിക്കുവാനുള്ള കഴിവും വളർത്തിയെടുക്കണം. നമ്മുടെ ചിന്തകളെ ദൈവഹിതത്തിനൊത്തവണ്ണം നാം ശീലിപ്പിക്കയും നമ്മുടെ വികാരങ്ങളെ യുക്തിക്കും മതപരമായ നിയന്ത്രണത്തിനും വിധേയമാക്കുകയും വേണം. നിങ്ങളുടെ ഭാവനകളെ അതിന്റെ ഇച്ഛക്കനുസരിച്ചു വിടാതെ കർശനമായി നിയമത്തിനു കീഴ്പ്പെടുത്തി ശീലിപ്പിക്കണം. നിങ്ങളുടെ ചിന്ത നല്ലതല്ല എങ്കിൽ വികാരങ്ങളും ചീത്തയായിരിക്കും. ചിന്തയും വികാരങ്ങളും ഒരുമിച്ച് ചേർന്നാണ് നമ്മുടെ സന്മാർഗ്ഗിക സ്വഭാവം രൂപംകൊള്ളുന്നത്. നാം നമ്മുടെ വികാരങ്ങളെ നിയന്ത്രിക്കാതെ, സംശയത്തിന്റെയും കുറ്റാരോപണത്തിന്റെയും വഴികളിൽ വിട്ടുകളഞ്ഞാൽ നാം ഏറ്റവും അസന്തുഷ്ടരായ മർത്യരോടു കൂടെയായിത്തീരും.

പ്രിയപ്പെട്ട സഹോദരി, നിങ്ങൾക്കൊരു ദോഷം നിറഞ്ഞ ഭാവനയുണ്ട്. നിനക്ക് ബോധിച്ച രീതിയിൽ സ്വന്ത നിയന്ത്രണപ്രകാരമുള്ള യുക്തിയും ന്യായീകരണവും നിമിത്തം നീ ദൈവത്തെ അപമാനിക്കുന്നു. നിന്റെ ദൃഢമായ ഒരു ഇച്ഛയുണ്ട്, അത് നിന്റെ മനസ്സിനെ, ശരീരത്തിൽ പ്രവർത്തനം നടത്തുവാൻ അനുവദിക്കുകയും അത് നിന്റെ രക്തചംക്രമണത്തെ ബാധിച്ച് ചില അവയവങ്ങളിൽ തടസ്സം സൃഷ്ടിക്കുകയും ചെയ്യും. തന്മൂലം നിന്റെ ചിന്തയാൽ ആരോഗ്യത്തെ ഹോമിക്കുന്നു.

നിനക്കു ഇവിടെ തെറ്റുപറ്റി, ഇതു തിരുത്തിയില്ലെങ്കിൽ നിനക്കു സന്തോഷം നഷ്ടമാകും. അതിനാൽ നീ നിന്നെ തന്നെയല്ല നിന്റെ കുടുംബത്തെയും വ്യണപ്പെടുത്തുകയാണ്. നീ നിന്റെ ഉയർന്ന ഭാവനകളാൽ യുക്തിയെ നിയന്ത്രിക്കാൻ ശ്രമിക്കുക. നിന്റെ വികാരങ്ങളെ നിയന്ത്രിക്കുവാനുള്ള ശക്തിയില്ല എങ്കിൽ അതു പാപമല്ല; പക്ഷേ അങ്ങനെ നീ നിന്റെ ശത്രുവിനു കീഴ്പ്പെടുന്നതിനുള്ള ഒരു ഉപാധിയല്ലിത്. നിന്റെ ഇച്ഛയെ വിശുദ്ധീകരിക്കുകയും അതിനെ ദൈവീകമായതിനെതിരെ അണിനിരത്താതെ, കീഴ്പ്പെടുത്തുകയും വേണം.

മനുഷ്യനെ ദുഃഖത്തിന്റെയും കരുതലിന്റെയും ആശയക്കുഴപ്പത്തിന്റെയും ഒരു ലോകത്തിൽ ആക്കിയിരിക്കുന്നു. ആദാമിനെയും ഹവ്വയെയും പോലെ പരീക്ഷിക്കപ്പെട്ട് അതിനെ അതിജീവിച്ച് ശരിയായ സ്വഭാവത്തെ രൂപപ്പെടുത്തി എതിർപ്പിലും കലക്കത്തിലും ദൈവത്തോട് അനുരൂപപ്പെടുവാനുമാണ് ഇവിടെ ആയിരിക്കുന്നത്. നമുക്കിവിടെ പ്രവർത്തിക്കുവാനാവശ്യമായ അനേക കാര്യങ്ങളുണ്ട്. സന്തോഷിക്കുവാനും വളരെയുണ്ട്. ക്രിസ്തുവിനാൽ നാം പിതാവുമായി ബന്ധിക്കപ്പെട്ടിരിക്കുന്നു. നാം അവന്റെ നിരന്തരമായിട്ടുള്ള കൃപയിൻ കീഴിലാണ്. അവന്റെ ഉപകാരങ്ങൾക്ക് അർഹരല്ല എന്ന ചിന്തയിൽ നാം അതു അർഹിക്കുന്നില്ല എങ്കിലും അവയിൽ ഏതു നിസ്സാരകാര്യത്തിലും അഭിനന്ദനം ആവശ്യമാണ്.

# മുദ്രണങ്ങൾ, വികാരങ്ങൾ, മരുന്നുകൾ

***നിന്റെ പ്രമാണങ്ങളാൽ ഞാൻ വിവേകമുള്ളവനാകുന്നു. അതുകൊണ്ടു ഞാൻ സകല വ്യാജമാർഗ്ഗവും വെറുക്കുന്നു. സങ്കീ. 119:104.***

അച്ചടക്കത്തിനും വ്യവസ്ഥയ്ക്കും നടപടിക്രമങ്ങൾക്കും കീഴടങ്ങാത്തതും അച്ചടക്കമില്ലാത്തതുമായ അനേക ആത്മാക്കളുണ്ട്. അവർ വിചാരിക്കുന്നത്, ആ രീതിയിൽ നീങ്ങിയാൽ അവരുടെ സ്വാതന്ത്ര്യത്തിന് കടിഞ്ഞാണിടപ്പെടുകയും അവരുടെ തീരുമാനങ്ങൾ മാറ്റിവച്ച് അനുഭവസമ്പന്നരുടെ തീരുമാനങ്ങൾക്ക് കീഴടങ്ങേണ്ടിവരും എന്നുമാണ്. ഈ കപട ഭക്തിയെ ഉണർത്തുന്ന മതഭ്രാന്തിന്റെ ആത്മാക്കളെ തുരത്തി ഓടിച്ചില്ലെങ്കിൽ, അതിനെ നമ്മുടെ നിയന്ത്രണത്തിൻകീഴെ കൊണ്ടുവന്നില്ലെങ്കിൽ ദൈവവേല അഭിവൃദ്ധി പ്രാപിക്കുകയില്ല.

മുദ്രണങ്ങളോ, തോന്നലുകളോ ഒരു വ്യക്തിയെ ദൈവം നടത്തുന്നു എന്നതിന് തെളിവല്ല. സാത്താനെ സംശയിക്കുന്നില്ലെങ്കിൽ, അവൻ വികാരങ്ങളും തോന്നലുകളും ഉളവാക്കും. ഇതു ഒരു സുരക്ഷിതമായ നടത്തിപ്പല്ല. നമ്മൾ നമ്മുടെ വിശ്വാസത്തിനു കാരണങ്ങളായ തെളിവുകളിൽ നല്ല നിശ്ചയമുള്ളവരായും നമ്മുടെ വലിയ പഠനം നമ്മുടെ വേലയെ എങ്ങനെ സഹായിക്കുമെന്നും ദൈവത്തിന്റെ നാമമഹത്വത്തിനായി എങ്ങനെ ഫലം പുറപ്പെടുവിക്കാൻ കഴിയുമെന്നുള്ളതും നാം നന്നായി ഗ്രഹിച്ചിരിക്കണം.

ബാറ്റിൽക്രിക്ക് ആരോഗ്യസംരക്ഷണ കേന്ദ്രത്തിലെ ഒരു രോഗി ചില സന്ദർഭങ്ങളിൽ തനിക്കു പുതിയ വെളിച്ചം ലഭിക്കുന്നുണ്ടെന്നു ചിന്തിച്ചു. അവൻ വളരെ അവശനായിരുന്നു, ആയതിനാൽ അവൻ ഉടനെ മരിച്ചുപോകും. അവൻ തന്റെ കാഴ്ച്ചപ്പാടുകളെ വിശദീകരിച്ചപ്പോൾ, അവനെ വീക്ഷിച്ചുകൊണ്ടിരുന്നവർ വളരെ ആകാംക്ഷയോടെ ശ്രദ്ധിച്ചിട്ട് ചിലർ അവനു പ്രചോദനം ലഭിച്ചു എന്നു വിചാരിച്ചു. അനേകർക്കും അവന്റെ ഈ വാദഗതിയിൽ ഒരു ദോഷവും കാണുവാൻ സാധിച്ചില്ല. രോഗക്കിടക്കയിൽ വച്ചുള്ള അവന്റെ ഉപദേശം എല്ലാവർക്കും ഒരു സംസാരവിഷയമായിരുന്നു. വളരെ അത്ഭുതകരമായ ദൃശ്യങ്ങൾ അവന്റെ മുമ്പാകെ കടന്നുപോയി. പക്ഷെ അവന്റെ പ്രചോദനത്തിന്റെ സ്രോതസ്സ് എന്തായിരുന്നു? അത് വേദന കുറക്കുവാനായി നല്കിയിരുന്ന 'മോർഫിൻ' എന്ന മരുന്നിന്റെ പ്രവർത്തനം മൂലമായിരുന്നു.

ഇങ്ങനെയുള്ള മരുന്നുകളിൽ അടങ്ങിയിരിക്കുന്ന വിഷാംശങ്ങൾ ശരീരത്തെയും ആത്മാവിനെയും നശിപ്പിക്കുവാൻ മതിയായവയാണ്. നിർമ്മതാക്കളാൽ സുരക്ഷിതം എന്ന് വിലയിരുത്തീട്ടുള്ളതും പല ഭിഷഗ്വരന്മാരാലും അംഗീകരിക്കപ്പെട്ടിട്ടുള്ളതുമായ പല ഔഷധങ്ങളും മനുഷ്യനെ മദ്യത്തോടും മയക്കുമരുന്നിനോടും അതുപോലെയുള്ള വസ്തുക്കളോടും ആർത്തിയുള്ളവനാക്കി മാറ്റും. അങ്ങനെ അതു സമൂഹത്തിന് ഒരു ശാപമായിത്തീരും.

വിശുദ്ധീകരണം പ്രാപിച്ചു എന്നു അഭിമാനിക്കുന്നവർ ഒരുപക്ഷേ നാം ദൈവത്തിന്റെ വചനത്തിൽ ആശ്രയിക്കേണ്ട ആവശ്യമില്ലെന്നു പറയുകയും, അതു പരിശോധിക്കേണ്ട എന്നു പറയുന്നു എങ്കിൽ, അവർ പ്രാപിച്ചു എന്നു കരുതുന്ന വിശദീകരണം കപടമാണ്. അതു അവന്റെ വികാരങ്ങളാൽ ഉണ്ടാകുന്നതാണ് കാരണം. അതു ദൈവത്തിന്റെ വചനത്തിനു ചെവി കൊടുക്കുന്നില്ല.





# പെരുമ്പറകളും നൃത്തങ്ങളും കോലാഹലങ്ങളും

***സകലവും ഉചിതമായും ക്രമമായും നടക്കട്ടെ. 1 കൊരി. 14:39***

കൃപാകാലം അവസാനിക്കുമ്പോൾ സംഭവിക്കുന്നതും നിങ്ങൾ വിവരിച്ചതുമായ കാര്യങ്ങൾ കർത്താവ് എന്നെ കാണിച്ചു. അവലക്ഷണമായിട്ടുള്ള എല്ലാ കാര്യങ്ങളും അവതരിപ്പിക്കപ്പെടും. പെരുമ്പറകളാലും നൃത്തത്താലും സംഗീതത്താലും അവർ ബഹളം വെക്കും. ഈ അവസരത്തിൽ മനുഷ്യ മനസ്സുകൾ ഒരു തീരുമാനത്തിൽ എത്തുവാൻ കഴിയാതെ കലക്കത്തിൽ ലയിക്കും. അതിനാണ്, അവർ ആത്മാവിന്റെ പ്രചോദനമെന്നു പറയുന്നത്. ഇങ്ങനെയുള്ള ശബ്ദകോലാഹലങ്ങളിലൂടെയല്ല പരിശുദ്ധത്മാവ് തന്നെത്തന്നെ വെളിപ്പെടുത്തുന്നത്. ഈ രീതി സാത്താൻ കൊണ്ടുവരുന്നതും യഥാർത്ഥ സത്യത്തെയും നന്മയെയും വിശുദ്ധീകരണത്തെയും തെറ്റിദ്ധരിപ്പിക്കുവാനുള്ള അവന്റെ ഒരു ഉപായമാണ് ഇത്. അത്യുച്ചത്തിലുള്ള കോലാഹലങ്ങൾ മനസ്സിന്റെ സമനില തെറ്റിക്കുകയും അതൊരു അനുഗ്രഹമായി കാണുകയും ചെയ്യും. സാത്താന്യ ശക്തികൾ ഒന്നിച്ചു കോലാഹലങ്ങളാൽ വലിയ ആഘോഷം നടത്തുകയും ഇത് പരിശുദ്ധാത്മാവിന്റെ പ്രവർത്തനമാണ് എന്ന് അവർ അവകാശപ്പെടുകയും ചെയ്യും. ഉണർവ്വുണ്ട് എന്ന് അഭിമാനിക്കുന്നതിൽ പങ്കെടുക്കുന്നവർക്ക് ഒരു മതിപ്പുളവാകുകയും നിരാലംബരാകുകയും ചെയ്യും. അവർക്കു തിരുവെഴുത്തുകളിലെ നിയമങ്ങൾ ഒന്നും അറിയുകയില്ല.

ഈ വിധമുള്ള ആരാധനകളെ പ്രോത്സാഹിപ്പിക്കരുത്. ഇങ്ങനെയുള്ള സമയങ്ങൾ 1884-നു ശേഷം ഉണ്ടായി. മുൻ വിവരിച്ചതായ പ്രദർശനങ്ങൾ ഉണ്ടായി. മനുഷ്യൻ ചില ശക്തികൾ പ്രാപിച്ചു സന്തോഷമുള്ളവരായിത്തീരുന്നത്, ദൈവത്തിന്റെ ശക്തിയാലാണെന്നു അവർ ചിന്തിക്കുന്നു. പരിശുദ്ധാത്മാവിനാൽ നിയന്ത്രിതരാണ് എന്നവകാശപ്പെടുന്ന സ്ത്രീപുരുഷന്മാർ നഗ്നത അനാവൃതമാകുന്ന രീതിയിൽ യോഗങ്ങളിൽ പങ്കെടുക്കുന്നു. വിശുദ്ധ ശരീരത്തെക്കുറിച്ചു അവർ സംസാരിക്കുന്നു. അവർ പരീക്ഷകൾക്കു വിധേയരല്ല എന്നവർ പറകയും പാട്ടു പാടുകയും ഒച്ചവെക്കുകയും എല്ലാത്തരം കോലാഹലങ്ങളും അവതരിപ്പിക്കയും ചെയ്യും. സാത്താൻ തന്റെ തന്ത്രങ്ങൾ മെടയും അതിന്റെ അനന്തര ഫലം വിഷയാസക്തിയായിരിക്കും. ഇവിടെ ദൈവനാമം നിന്ദിക്കപ്പെടുന്നു. പരിപാവനമായ സത്യം മനുഷ്യരാൽ നികൃഷ്ടവും അധഃപതിച്ചതുമായ രീതിയിൽ തരം താഴ്ത്തപ്പെടുന്നു.

ഈ കപടത നിറഞ്ഞ പ്രസ്ഥാനങ്ങൾ, കോലാഹലങ്ങൾ എന്നിവ ദൈവത്തിന്റെ പ്രസ്ഥാനമല്ല, മറിച്ചു ദൈവത്തിന്റെ വൃതന്മാരെ തെറ്റിക്കുവാൻ വലിയ അത്ഭുതങ്ങളും അടയാളങ്ങളും പ്രവർത്തിക്കുന്ന സാത്താന്റെ ആത്മാവാണ് എന്നു ഞാൻ സാക്ഷ്യം പറയുന്നു. ഈ സാത്താന്റെ തന്ത്രങ്ങളിൽ കുടുങ്ങാതിരിപ്പാൻ നാം ക്രിസ്തുവിനോടു അടുത്തുചെല്ലുക. ദൈവം കലക്കത്തിന്റെ ദൈവമല്ല; മറിച്ചു ഉചിതവും ചന്തവുമായി നടക്കുന്നതിൽ പ്രസാദിക്കുന്ന ദൈവമത്രേ.

# ആത്മപ്രശംസക്കു സ്ഥാനമില്ല

***അപ്പോൾ ഞാൻ: എനിക്കു അയ്യോ കഷ്ടം; ഞാൻ നശിച്ചു; ഞാൻ ശുദ്ധിയില്ലാത്ത അധരങ്ങൾ ഉള്ള ജനത്തിന്റെ നടുവിൽ വസിക്കുന്നു. എന്റെ കണ്ണു സൈന്യങ്ങളുടെ യഹോവയായ രാജാവിനെ കണ്ടുവല്ലോ. യെശ. 6:5.***

വിശുദ്ധ തിരുവെഴുത്തുകളിലെ ശുദ്ധീകരണം അനുഭവിക്കുന്നവർ താഴ്മയുടെ ആത്മാവിനെ വെളിപ്പെടുത്തും. വിശുദ്ധിയുടെ ഭയങ്കരത്വം ദർശിക്കുമ്പോൾ മോശെയെപ്പോലെ നിർമ്മലതയ്ക്കെതിരായി നില്ക്കുന്ന തങ്ങളുടെ അയോഗ്യതകളെ കാണുകയും അനാദിയായവന്റെ പൂർണ്ണതയിലേക്ക് ഉയർത്തപ്പെടുകയും ചെയ്യും. യഥാർത്ഥ വിശുദ്ധീകരണത്തിന്റെ ഒരു ഉദാഹരണമാണ് ദാനിയേൽ പ്രവാചകൻ. അവൻ തന്റെ ജീവിതകാലം മുഴുവനും തന്റെ യജമാനന് പരിപാവനമായ സേവനം കാഴ്ചവച്ചു. അവൻ ദൈവത്തിനു ഏറ്റവും പ്രിയങ്കരനായ ഒരു മനുഷ്യനായിരുന്നു എന്ന് തിരുവെഴുത്തു (ദാനിയേൽ 10:11) സാക്ഷീകരിക്കുന്നു. അവൻ നീതീകരണത്തിലും വിശുദ്ധീകരണത്തിലും ആയിരുന്നപ്പോഴും, ഈ ആദരണീയനായ പ്രവാചകൻ ദൈവത്തിനു മുമ്പാകെ, ജനങ്ങൾക്കുവേണ്ടി ഇപ്രകാരം അപേക്ഷിച്ചു: “ഞങ്ങൾ, ഞങ്ങളുടെ നീതിപ്രവൃത്തികളിൽ അല്ല നിന്റെ മഹാകരുണയിൽ അത്രേ ആശ്രയിച്ചുകൊണ്ടു ഞങ്ങളുടെ യാചനകളെ തിരുസന്നിധിയിൽ ബോധിപ്പിക്കുന്നത്. ഞങ്ങൾ പാപം ചെയ്തു ദുഷ്ടത പ്രവർത്തിച്ചിരിക്കുന്നു. അതിനുശേഷം അവൻ ഏറ്റുപറയുന്നത് ഞാനീവണ്ണം സംസാരിക്കുകയും പ്രാർത്ഥിക്കുകയും എന്റെ പാപവും എന്റെ ജനമായ യിസ്രായേലിന്റെ പാപങ്ങളും ഏറ്റുപറഞ്ഞപ്പോൾ” (ദാനി. 9:18, 15, 20) എന്നാണ്.

ഇയ്യോബ് ചുഴലിക്കാറ്റിൽ നിന്നു ദൈവത്തിന്റെ ശബ്ദം കേട്ടപ്പോൾ അവൻ പറഞ്ഞത് ഇപ്രകാരമാണ്: “ഞാൻ എന്നെ തന്നെ മറന്ന്, ഈ പൊടിയിലും വെണ്ണീറിലും കിടന്നു അനുതപിക്കുന്നു” (ഇയ്യോബ് 42:6). സർവ്വ സൈന്യങ്ങളുടെയും യഹോവ പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ” എന്ന് കെരൂബുകൾ ആർക്കുന്നതും ദൈവത്തിന്റെ മഹത്വത്തെയും യെശയ്യാ പ്രവാചകൻ ദർശിച്ചപ്പോൾ അവൻ “എനിക്ക് അയ്യോ കഷ്ടം ഞാൻ നശിച്ചു” എന്ന് നിലവിളിച്ചു (യെശ. 6:3,5). പൗലോസ് ദർശനത്തിൽ മൂന്നാം സ്വർഗ്ഗത്തോളം എടുക്കപ്പെടുകയും മനുഷ്യർക്കു ഉച്ചരിപ്പാൻ കഴിയാത്ത ഭാഷ കേൾക്കുകയും ചെയ്തപ്പോൾ താൻ എല്ലാ വിശുദ്ധന്മാരിലും ഏറ്റവും ചെറിയവൻ” എന്നു പറയുന്നു (എഫെ. 3:8). അവ്വണ്ണം തന്നെ യേശുവിന്റെ മാർവ്വോടു ചാഞ്ഞ പ്രിയങ്കരനായ യോഹന്നാൻ കർത്താവിന്റെ മഹത്വം കണ്ടപ്പോൾ ദൂതന്റെ കാൽചുവട്ടിൽ മരിച്ചവനെപ്പോലെ വീണു (വെളി. 1:17).

കാൽവറി ക്രൂശിന്റെ നിഴലിൽ നടക്കുന്നവർ യാതൊരു തരത്തിലുമുള്ള സ്വയം പുകഴ്ത്തലോ, പാപത്തിൽ നിന്നുള്ള സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള വീമ്പു പറച്ചിലോ നടത്തരുത്. തങ്ങളുടെ പാപം നിമിത്തമാണ് ദൈവപുത്രൻ ഹൃദയം പിളരുന്ന വേദനയിൽ ആയതെന്ന ബോധം ഉണ്ടാകുമ്പോൾ അവർ താഴ്മയുള്ളവരായിത്തീരും. മനുഷ്യർ യേശുവിനോടു വളരെ അടുത്തു ജീവിക്കുമ്പോൾ, അവർ മനുഷ്യരുടെ പാപത്തെ വിവേചിച്ചറിയുകയും അവരുടെ പ്രത്യാശ ക്രൂശിതനും ഉയിർത്തെഴുന്നേറ്റവനുമായ രക്ഷകനിൽ ആയിത്തീരുകയും ചെയ്യും.





# രക്ഷ അനുദിനവും

***ആകയാൽ താൻ നില്ക്കുന്നു എന്നു തോന്നുന്നവൻ വീഴാതിരിപ്പാൻ നോക്കിക്കൊള്ളട്ടെ. 1 കൊരി. 10:12.***

അപ്പൊസ്തലനായ പത്രോസിന്റെ വീഴ്ച പെട്ടെന്നു സംഭവിച്ചതല്ല, അതു ക്രമേണ സംഭവിച്ചതാണ്. തന്റെ ആശ്രയത്വം നിമിത്തം താൻ രക്ഷിക്കപ്പെട്ടു എന്നുള്ള വിശ്വാസത്തിൽ എത്തിച്ചേരുകയും തന്റെ യജമാനനെ തള്ളിപ്പറയും വരെ പടിപടിയായി പാപത്തിന്റെ ആഴങ്ങളിൽ പതിക്കുകയും ചെയ്തു. ഒരിക്കലും നാം നമ്മിൽത്തന്നെ ആശ്രയം വെയ്ക്കുകയും സ്വർഗ്ഗീയ ഭാഗത്താണെന്നു ചിന്തിക്കുകയും പരീക്ഷകളെ അഭിമുഖീകരിക്കുവാൻ ശക്തിയുണ്ടെന്നു വിചാരിക്കുകയും ചെയ്യരുത്. രക്ഷകനെ സ്വീകരിച്ചിട്ടുള്ളവർ, അവരുടെ മാനസാന്തരം യഥാർത്ഥമാണെങ്കിൽക്കൂടിയും അവർ പൂർണ്ണമായി രക്ഷിക്കപ്പെട്ടു എന്ന് തോന്നുകയോ ചിന്തിക്കുകയോ ചെയ്യത്തക്കവണ്ണം അവരെ പഠിപ്പിക്കരുത്. അത് വഴിതെറ്റിക്കലാണ്. പ്രത്യാശയും വിശ്വാസവും വർദ്ധിപ്പിക്കുവാൻ നാം എല്ലാവരും അഭ്യസിപ്പിക്കപ്പെടുകയും വേണം. പക്ഷേ കർത്താവിനുവേണ്ടി നമ്മെത്തന്നെ സമർപ്പിക്കുകയും അവൻ നമ്മെ സ്വീകരിച്ചിരിക്കുന്നു എന്ന് ഗ്രഹിക്കുമ്പോഴും നാം പരീക്ഷയിൽനിന്നും ഒഴിവുള്ളവരായിരിക്കുകയില്ല. “പരീക്ഷ സഹിക്കുന്നവനേ കിരീടം പ്രാപിക്കുകയുള്ളു.” യാക്കോ. 1:12.

ക്രിസ്തുവിനെ സ്വീകരിച്ചിട്ട് ഞാൻ രക്ഷിക്കപ്പെട്ടു എന്ന് അവരുടെ ആദ്യ വിശ്വാസത്തിൽ പറയുന്നവർ തങ്ങളിൽത്തന്നെ വിശ്വസിക്കുന്ന ആപത്തിലാണ് അകപ്പെട്ടിരിക്കുന്നത്. അതുകൊണ്ട് നമുക്ക് ഇപ്രകാരമുള്ള മുന്നറിയിപ്പ് നല്കിയിരിക്കുന്നു: “ആകയാൽ താൻ നില്ക്കുന്നു എന്ന് തോന്നുന്നവൻ വീഴാതിരിപ്പാൻ നോക്കിക്കൊള്ളട്ടെ” 1 കൊരി. 10:12.

നമ്മുടെ സുരക്ഷിതമായ ഏക വഴി നാം നമ്മിൽത്തന്നെ ആശ്രയിക്കാതെ ക്രിസ്തുവിൽ ആശ്രയം വെയ്ക്കുന്നതാകുന്നു. താൻ ക്രിസ്തു എന്നു നടിക്കുന്ന അനേകരുണ്ട്. എന്നാൽ അവർ ഒരിക്കലും ഒരു പക്വത എത്തിയ മുതിർന്ന ക്രിസ്ത്യാനിയായിത്തീർന്നിട്ടില്ല.

മനുഷ്യനു വീഴ്ച ഭവിച്ചതിനാൽ അവന്റെ കഴിവുകൾ ബലഹീനമാണന്നും ആയതിനാൽ സാന്മാർഗ്ഗിക ഉന്നമനം നേടുവാൻ അവർ അശക്തരാണെന്നും അവർ അംഗീകരിക്കും. ക്രിസ്തു അവരുടെ ബലഹീനതകളെയും വീഴ്ചകളെയും അകൃത്യങ്ങളെയും സ്വയത്യാഗങ്ങളെയും വഹിച്ചതിനാൽ ഇവയൊക്കെയും ക്രിസ്തുവിനു വഹിപ്പാൻ വിട്ടിരിക്കുന്നു എന്നും നിങ്ങൾക്ക് ഒന്നും ചെയ്യുവാനില്ല വിശ്വസിച്ചാൽ മാത്രം മതി എന്നുമാണ് അവർ പറയുന്നത്. എന്നാൽ യേശു പറയുന്നു, “ഒരുത്തൻ എന്റെ പിന്നാലെ വരുവാൻ ഇച്ഛിച്ചാൽ തന്നെ താൻ ത്യജിച്ചു തന്റെ ക്രൂശു എടുത്തു എന്നെ അനുഗമിക്കട്ടെ!” മത്താ. 16:24.

ഞാൻ രക്ഷിക്കപ്പെട്ടു എന്നുപറഞ്ഞ് നാം ഒരിക്കലും സംതൃപ്താവസ്ഥയിൽ വിശ്രമിക്കുകയും തുടർന്നു ചെയ്യേണ്ട കാര്യങ്ങളെ ചെയ്യാതിരിക്കുകയും ചെയ്യരുത്. ഈ ഒരു സംഗതി വളർത്തിയാൽ ആത്മാർത്ഥമായ പ്രാർത്ഥന, ജാഗ്രത എന്നിവയും നമ്മുടെ ഉയർച്ചക്കുള്ളതായ അവസരങ്ങളും ഇല്ലാതാക്കും.

ഈ ഒരു കാര്യം, വിശുദ്ധിയുള്ള ഒരു നാവും ക്രിസ്തു വന്നു നാം നഗരകവാടങ്ങളിലൂടെ നഗരത്തിൽ പ്രവേശിക്കുവോളം പറയുകയില്ല. അതിനുശേഷം സർവ്വശ്രേഷ്ടതയോടുംകൂടി നാം ദൈവത്തിന്റെയും കുഞ്ഞാടിന്റെയും നിത്യമായ വീണ്ടെടുപ്പിനെ മഹത്വപ്പെടുത്തും.

# രൂപാന്തരത്തിന്റെ അർത്ഥം

***ഒരുത്തൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടി ആകുന്നു; പഴയതു കഴിഞ്ഞുപോയി, ഇതാ ,അതു പുതുതായി തീർന്നിരിക്കുന്നു. 2 കൊരി. 5:17***

പഴയ പ്രകൃതിയും ജഡാഭിലാഷത്താൽ രക്തത്തിൽ നിന്നു ജനിച്ചതും സ്വർഗ്ഗരാജ്യം അവകാശമാക്കുകയില്ല. കൃപ പിതൃപാരമ്പര്യസ്വത്തല്ലായ്കയാൽ പഴയ വഴികളും പാരമ്പര്യ പ്രവണതകളും മുൻ സ്വഭാവങ്ങളും ഉപേക്ഷിക്കപ്പെടേണം. വീണ്ടും ജനനം എന്നത് പുതിയ പ്രചോദനങ്ങൾ, പുതിയ അഭിരുചികൾ, പുതിയ പ്രവണതകൾ ഇവ ഉൾക്കൊണ്ടതാകുന്നു. പരിശുദ്ധാത്മാവിനാൽ വീണ്ടും ജനിച്ചവർ ദിവ്യപ്രകൃതിയുടെ പങ്കാളികളാണ്, ആയതിനാൽ അവരുടെ സ്വഭാവങ്ങളും പ്രവൃത്തികളും ക്രിസ്തുവുമായി തങ്ങൾ ബന്ധിക്കപ്പെട്ടിരിക്കുന്നതായി കാണിക്കുന്നു. ക്രിസ്ത്യാനികൾ എന്നു അഭിമാനിക്കുന്നവർ തങ്ങളുടെ മുൻ പ്രകൃതി ഇപ്പോഴും നിലനിർത്തുന്നു എങ്കിൽ ലൗകികതയോട് അവരുടെ സ്വഭാവത്തിന് എന്തു വ്യത്യാസമാണ് ഉണ്ടായിട്ടുള്ളത്? അവർ സത്യത്തെ വിശുദ്ധീകരിക്കുന്നവർ ആയിട്ടോ, ശ്രദ്ധിക്കുന്നവരായിട്ടോ കാണപ്പെടുന്നില്ല. അവർ വീണ്ടും ജനനം പ്രാപിച്ചിട്ടുമില്ല.

ജന്മനാലുള്ളതും സ്വയം വളർത്തിയെടുത്തതുമായി ഒരുവനിലുള്ള തെറ്റു ചെയ്യുന്നതിനുള്ള പ്രവണതകളെ മാറ്റുന്നതാണ് യഥാർത്ഥ മാനസാന്തരം. അനേക നൂലുകളാൽ പ്രവൃത്തിചാതുര്യത്തോടും കഴിവുകളോടും നെയ്തു കൂട്ടിച്ചേർത്ത ബലമേറിയ വസ്ത്രമാകുന്നു ദൈവത്തിന്റെ മതം. ദൈവത്തിൽ നിന്നുള്ള ജ്ഞാനത്താൽ മാത്രമേ ഈ വസ്ത്രനിർമ്മാണം പൂർത്തീകരിക്കപ്പെടുകയുള്ളു. അന്ത്യദർശനത്തിൽ വളരെ ഭംഗിയുള്ള വിവിധതരം വസ്ത്രങ്ങൾ ഇവിടെയുണ്ടെങ്കിലും ഇവയ്ക്ക് പരിശോധനകളെ അതിജീവിക്കുവാൻ കഴിയുകയില്ല. അവയുടെ ശോഭ നിലനില്ക്കുന്നവയല്ല; അവ മങ്ങിപ്പോകുന്നവയാണ്. വേനൽകാലത്തിലെ ഉഷ്ണമേറ്റു അവയൊക്കെയും മങ്ങി നശിച്ചുപോകുന്നു. അവയ്ക്കു കഠിന ശോധനയെ താങ്ങുവാൻ ശേഷിയില്ല. ഇതുപോലെയാണ് പലരുടെയും മതങ്ങൾ.

ഇവ വിലകുറഞ്ഞ വസ്തുക്കളാൽ നിർമ്മിക്കപ്പെട്ടിരിക്കുന്നതിനാൽ അവയുടെ സ്വഭാവത്തിന്റെ മേൽച്ചട്ടക്കും, ഈടിനും പരീക്ഷകങ്ങളെ അതിജീവിക്കുവാൻ കഴിയുകയില്ല. പഴയതിൽ പുതിയതു തുന്നിച്ചേർത്താൽ അതു നല്ല രീതിയിലിരിക്കാതെ പിന്നിക്കീറിപ്പോകുന്നു. അത് വീണ്ടും തുന്നിച്ചേർത്താലും യാതൊരു പ്രയോജനവുമില്ല. നമുക്കു ചെയ്യുവാൻ കഴിയുന്ന ഏക വഴി എന്തെന്നാൽ പഴയ വസ്ത്രങ്ങളെ പൂർണ്ണമായി ഉപേക്ഷിച്ച് പുതുവസ്ത്രങ്ങൾ ഉപയോഗിക്കുക എന്നതു മാത്രമാണ്.

ക്രിസ്തുവിന്റ പദ്ധതി മാത്രമാണ് സുരക്ഷിതമായ മാർഗ്ഗം. അവൻ പറയുന്നു "ഇതാ, ഞാൻ സകലതും പുതുതാക്കുന്നു." "ഒരുവൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടിയത്രേ", തുന്നിച്ചേർക്കപ്പെടുന്ന മതം ദൈവത്തിനു മുൻപിൽ വളരെ വിലകുറഞ്ഞതാകുന്നു. ക്രിസ്തുവിന് ഹൃദയം മുഴുവനും ആവശ്യമായിരിക്കുന്നു.

ക്രിസ്തു തന്റെ ജീവനെ നമുക്കായി നല്കിയിരിക്കുന്നതിനാൽ നമ്മുടെ പൂർണ്ണാനുരാഗങ്ങളും പരിപാവന വാഞ്ഛകളും നമ്മുടെ പൂർണ്ണ സേവനങ്ങളും അവന് നല്കിക്കൂടയോ?





# വിശുദ്ധീകരണം ശബ്ബത്തനുസാരികൾക്ക് വേണ്ടിയുള്ളത്

***ശബ്ബത്തുനാളിനെ ശുദ്ധീകരിപ്പാൻ ഓർക്ക ... ഏഴാം ദിവസം നിന്റെ ദൈവമായ യഹോവയുടെ ശബ്ബത്താകുന്നു... ഒരു വേലയും ചെയ്യരുത്. പുറ. 20:8-10.***

ദൈവം അവന്റെ വചനത്തിലൂടെ പ്രസ്താവിക്കുന്നത് ഏഴാം ദിവസം തനിക്കും തന്റെ തിരഞ്ഞെടുക്കപ്പെട്ട ജനത്തിനും മദ്ധ്യേയുള്ള അവരുടെ വിശ്വസ്തതയുടെ അടയാളമാകുന്നു എന്നാണ്.

ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ട ദിവസമാണ് ഏഴാം ദിനം. ഈ വസ്തുതക്ക് മാറ്റം വരുത്തുവാൻ അവൻ പുരോഹിതന്മാർക്കോ അധികാരികൾക്കോ അനുവാദം നല്കീട്ടില്ല. ഈ പരമപ്രധാനമായ വസ്തുത മനുഷ്യന്റെ തിരഞ്ഞെടുപ്പിനു വിട്ടിരിക്കുകയാണ്. മനുഷ്യൻ തങ്ങളുടെ സൗകര്യാർത്ഥം ചിന്തിച്ച് അവനു പറ്റിയ ഒരു ദിവസം തിരഞ്ഞെടുക്കുമെന്ന് ദൈവം കണ്ടിരുന്നു. അതുകൊണ്ട് "ഏഴാം ദിവസം നിന്റെ ദൈവമായ യഹോവയുടെ ശബ്ബത്താകുന്നു എന്നു ദൈവം വ്യക്തമായി പ്രസ്താവിച്ചിരിക്കുകയാണ്.

ദൈവിക പ്രപഞ്ചത്തിൽ വസിക്കുന്ന എല്ലാവരും അവന്റെ ഭരണകൂടത്തിന്റെ നിയമങ്ങൾക്ക് അധീനരാകുന്നു. ദൈവം ശബ്ബത്തിനെ തന്റെ നിയമാവലിയുടെ ഏറ്റവും ഹൃദയഭാഗത്തു സ്ഥാപിക്കുകയും അതു മനുഷ്യന് ദൈവത്തോടുള്ള അനുസരണത്തിന്റെ മാനദണ്ഡമായി കരുതുകയും ചെയ്യുന്നു. അതിൽ നിന്നും നമുക്ക് അവന്റെ പ്രവൃത്തിയിൽക്കൂടിയും വചനത്തിൽക്കൂടിയും വെളിപ്പെടുത്തിയിരിക്കുന്ന ശക്തിയെ ഗ്രഹിക്കുവാൻ കഴിയും. വിശുദ്ധീകരിക്കപ്പെട്ട യാതൊരു തെളിവും ഇല്ലാത്ത ഒരു ദിവസത്തിൽ ദൈവത്തെ ആരാധിക്കുന്നു എന്നു പറയുകയും അതിനെ കരുതിക്കൂട്ടി ഉയർത്തിക്കാണിക്കുകയും ചെയ്യുന്നതിലുപരിയായി ദൈവത്തിന്റെ പ്രവൃത്തികൾക്കും അവന്റെ നിയമങ്ങൾക്കും എതിരായി മനുഷ്യന് വേറൊന്നും ചെയ്യുവാനില്ല.

ദൈവകല്പനയെ മലിനപ്പെടുത്തി, ദൈവത്തിന്റെ വിശുദ്ധ ശബ്ബത്തിനുപകരം തെറ്റായ ശബ്ബത്തു സ്ഥാപിക്കുകയും അതിനെ ആചരിക്കുവാൻ മറ്റുള്ളവരെ നിർബ്ബന്ധിക്കുകയും ചെയ്യുമ്പോൾ അവർ തങ്ങളെതന്നെ ദൈവത്തിനു മേലായി ഉയർത്തുന്നവരും യഥാർത്ഥമായതിനെക്കാൾ തെറ്റായതിനെ ബഹുമാനിക്കുന്നവരുമാകുന്നു.

വിശുദ്ധീകരണം അവകാശപ്പെടുന്ന ക്രിസ്ത്യാനികൾ എന്ന് നടിക്കുന്നവർ ദൈവത്തിന്റെ വിശുദ്ധ സ്വസ്ഥദിവസത്തെ വിസ്മരിച്ച് തെറ്റായ ശബ്ബത്തിനെയാണ് ബഹുമാനിക്കുന്നത്. എന്നാൽ ദൈവം പ്രസ്ഥാവിക്കുന്നത് ദൈവകല്പന അനുസരിക്കുന്നവർക്കു മാത്രമെ വിശുദ്ധീകരണം പ്രാപിക്കുവാൻ കഴിയുകയുള്ളു എന്നാണ്. കല്പനാലംഘികളായിരിക്കുകയും വിശുദ്ധീകരണം അവകാശപ്പെടുകയും ചെയ്യുന്നവരുടെ വിശുദ്ധീകരണം കപട വിശുദ്ധീകരണമാകുന്നു. അങ്ങനെ ആത്മീകലോകം ദൈവത്തിന്റെയും മനുഷ്യന്റെയും ശത്രുവിനാൽ വഞ്ചിക്കപ്പെട്ടിരിക്കുകയാകുന്നു. മനുഷ്യർ അനേക കണ്ടുപിടുത്തങ്ങൾ നടത്തിയിട്ടുണ്ട്. അവർ ദൈവം വിശുദ്ധീകരിക്കാത്തതായ ഒരു പൊതു ദിവസത്തെ തിരഞ്ഞെടുക്കുകയാണ്. അതിനെ അവർ വിശുദ്ധ ദിവസമായി പ്രസ്താവിച്ചിരിക്കുന്നു. എന്നാൽ അതിന് യാതൊരു വിശുദ്ധിയുമില്ല. അവർ അതു തിരഞ്ഞെടുത്തതിനാൽ ദൈവത്തെ അപമാനിക്കുകയും അതിനെ "ക്രിസ്ത്യാനികളുടെ ശബ്ബത്ത് എന്ന് ലോകത്തെ ധരിപ്പിക്കുകയും ചെയ്യുന്നു. ഈ കാര്യങ്ങൾക്കനുകൂലമായി ദൈവം "ഇവ്വണ്ണം പറയുന്നു; എന്നു പറയത്തക്കവണ്ണം തിരുവെഴുത്തിന്റെ ആധികാരികതയും ഇല്ല.

# മുന്നറിയിപ്പിൻ ധ്വനി മുഴക്കുക

***നിന്റെ എല്ലാ വഴികളിലും അവനെ നിനച്ചുകൊൾക; അവൻ നിന്റെ പാതകളെ നേരെയാക്കും. സദൃ. 3:6***

നമ്മുടെ എല്ലാ വഴികളിലും ദൈവത്തെ വിചാരിക്കുമ്പോൾ അവൻ നമ്മുടെ പാതകളെ നേരെയാക്കും. വളരെ താഴ്മയുള്ള ഹൃദയത്തോടുകൂടി ദൈവവചനത്തിലെ ആലോചനകളെ ആരായുകയും അവന്റെ ഉപദേശങ്ങളെ ചോദിച്ചറിയുകയും നമ്മുടെ ആഗ്രഹങ്ങളെ അവന്റെ ഇഷ്ടത്തിന് വിടുകയും ചെയ്യുക. ദൈവത്തെ കൂടാതെ നമുക്കൊന്നും ചെയ്യുവാൻ കഴിയുകയില്ല.

സത്യശബ്ബത്തിനെ നാം വിലമതിക്കുവാൻ വ്യക്തമായ കാരണങ്ങളുണ്ട്. അതു ലോകത്തിൽ നിന്നു ദൈവജനത്തെ വേർതിരിക്കുന്നതിനുള്ള ഒരു അടയാളമാകുന്നു. ലോകത്തിന്റെ കല്പനകൾ ദൈവനിയമത്തെ ഒഴിവാക്കുന്നതിന് ശ്രമിക്കുമ്പോൾ ദൈവകല്പനയെ ദൈവജനം അധികമായി ബഹുമാനിക്കും. ദൈവവചനത്തെ അവിശ്വാസികൾ കുറ്റം വിധിക്കുമ്പോൾ ആണ്, വിശ്വസ്തരായ കാലേബുമാർ മുന്നോട്ട് വിളിക്കപ്പെടുന്നത്. അപ്പോൾ അവർ ഉറപ്പുള്ള തൂണുപോലെ തങ്ങളുടെ വേലയിൽ ആരുടെയും നിർബന്ധത്തിനോ, വാഗ്ദാനങ്ങൾക്കോ വശംവദരാകാതെ ഉറച്ചുനില്ക്കും. അവിശ്വസ്തരായ ഒറ്റുകാർ കാലേബിനെ നശിപ്പിക്കുവാൻ തയ്യാറായി എഴുന്നേറ്റുനിന്നു. ദുർവർത്തമാനം കൊണ്ടുവന്നവരുടെ കയ്യിൽ കല്ലുകൾ ഇരിക്കുന്നതു കണ്ടിട്ടും കാലേബ് കുലുങ്ങിയില്ല. കാരണം അവന് അറിയിക്കുവാനൊരു സന്ദേശമുണ്ടായിരുന്നു. അത് അവൻ നിർവ്വഹിക്കണമായിരുന്നു.

ആ ആത്മീക നിലവാരംതന്നെ ഇന്നും ദൈവത്തോടു സത്യസന്ധത പുലർത്തുന്നവരിൽ ദർശിക്കുവാൻ സാധിക്കും.

സങ്കീർത്തനക്കാരൻ ഇപ്രകാരം പറയുന്നു: "യഹോവേ, ഇതു നിനക്കു പ്രവർത്തിപ്പാനുള്ള സമയമാകുന്നു. അവർ നിന്റെ ന്യായപ്രമാണം ദുർബ്ബലമാക്കിയിരിക്കുന്നു. അതുകൊണ്ട് നിന്റെ കല്പനകൾ എനിക്കു പൊന്നിലും തങ്കത്തിലും അധികം പ്രിയമാകുന്നു" സങ്കീ. 119:126, 127.

അവർ കർത്താവിനോട് ചേർന്നിരിക്കുകയും വിശ്വാസത്താൽ യേശു അവരുടെ ഹൃദയത്തിൽ വെളിപ്പെടുകയും ചെയ്യുമ്പോൾ, ദൈവകല്പനയോടുള്ള അവരുടെ സ്നേഹം, ലോകം അതിനെ അവഗണിക്കുന്നതിനെക്കാളുപരി അവരുടെ ഹൃദയത്തിൽ വളർന്നുവരും. രചനകളാലും പ്രസംഗങ്ങളാലും വിശുദ്ധ ശബ്ബത്തിനെ ഈ ജനമദ്ധ്യത്തിൽ എത്തിക്കേണ്ടത് ഇപ്പോഴാണ്. നാലാം കല്പനയെ ജനം തിരസ്കരിക്കുകയും തള്ളിക്കളയുകയും ചെയ്യുമ്പോൾ, അതിൽ വിശ്വസ്തരായവർ തങ്ങളുടെ വിശ്വാസത്തെ ഉയർത്തിക്കാണിക്കുകയും യഹോവയുടെ കല്പനകൾക്ക് ഉന്നതമായി സ്ഥാനം നല്കി മൂന്ന് ദൂതന്മാരുടെ ദൂതായ "ദൈവകല്പനയും യേശുവിങ്കലുള്ള വിശ്വാസവും" എന്നത് എല്ലായിടത്തും അറിയിക്കേണ്ടതും ആകുന്നു.

ആകയാൽ യേശുവിനുള്ളതുപോലെ സത്യമുള്ളവർ, തങ്ങളുടെ മൗനത കൊണ്ടുപോലും ധർമ്മത്തിന്റെ മർമ്മം വ്യാപരിക്കുവാൻ അനുവദിക്കരുത്. ആകയാൽ മുന്നറിയിപ്പിൻ കാഹളമൂതുവിൻ. സത്യത്തെ മറച്ചുപിടിക്കാതെ, അത് ഉയർത്തിക്കാണിക്കുവിൻ. അതിനെ തിരസ്കരിക്കാതെയും വളച്ചൊടിക്കാതെയും ശക്തിയോടെ ഘോഷിപ്പിൻ."





# സത്യത്തിന്റെ വിശുദ്ധ അടയാളം

***അവനോട് യഹോവ: നീ നഗരത്തിന്റെ നടുവിൽ, യെരുശലേമിന്റെ നടുവിൽക്കൂടി ചെന്നു, അതിൽ നടക്കുന്ന സകല മ്ലേച്ഛതകളും നിമിത്തം നെടുവീർപ്പിട്ടു കരയുന്ന പുരുഷന്മാരുടെ നെറ്റികളിൽ ഒരു അടയാളം ഇടുക എന്നു കല്പിച്ചു. യെഹെ. 9:4***

ഈ തിരുവചനഭാഗം വളരെ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. സത്യത്തിന്റെ വിശുദ്ധ അടയാളം ലഭിച്ചും പരിശുദ്ധാത്മാവിന്റെ ശക്തിയാൽ ഹൃദയങ്ങളിൽ എഴുതപ്പെടുകയും ചെയ്യപ്പെട്ടവരാകുന്നു വെള്ളനിലയങ്കി ധരിച്ച മനുഷ്യർ എന്ന് അടയാളപ്പെടുത്തപ്പെട്ടവർ ഇന്ന് സഭയിൽ നടമാടുന്ന അപമാനകരമായ അവസ്ഥകളെക്കണ്ട് കരയുകയും നെടുവീർപ്പിടുകയും ചെയ്യുന്നവരെ പ്രതിനിധീകരിക്കുന്നത്. സ്വന്ത ആത്മീക അധഃപതനം കണ്ടു അനുതപിക്കാത്തവരും തങ്ങളുടെയും മറ്റുള്ളവരുടെയും തെറ്റുകൾ കണ്ടിട്ടും ദുഃഖിക്കാത്തവരും ദൈവത്തിന്റെ മുദ്രയേൽക്കാത്തവരുടെ കൂട്ടത്തിൽ തള്ളപ്പെട്ടവരുമായിരിക്കും.

ശബ്ബത്തു അനുസരിക്കുന്നു എന്ന് അഭിമാനിക്കുന്ന എല്ലാവരുംതന്നെ മുദ്രയിടപ്പെടുകയില്ല. ദൈവത്തിന്റെ സത്യം മറ്റുള്ളവരെ പഠിപ്പിച്ചിട്ടുള്ള അനേകർക്കും അവരുടെ നെറ്റിമേൽ ഈ മുദ്ര ലഭിച്ചു എന്നും വരികയില്ല. അവർക്കു സത്യത്തിന്റെ പരിജ്ഞാനം ലഭിച്ചു എങ്കിലും അവരുടെ യജമാനന്റെ ഹിതം മനസ്സിലാക്കിയിട്ടും അതിനനുസരിച്ചു അവൻ ജീവിച്ചില്ല. നമ്മുടെ ജീവിതത്തിൽ ഒരു കുറവു കാണുവാൻ ഇടയായാൽ നമുക്ക് ദൈവത്തിന്റെ മുദ്രയേൽക്കുവാൻ കഴിയുകയില്ല. ആകയാൽ നമ്മുടെ സ്വഭാവത്തിലെ ന്യൂനതകൾ പരിഹരിക്കുക എന്നത് നമുക്ക് വിട്ടിരിക്കുകയാണ്. സ്വഭാവശുദ്ധി വരുത്തി എല്ലാ വഞ്ചനയിൽനിന്നും തങ്ങളുടെ ആത്മമന്ദിരം ശുദ്ധീകരിച്ച് നമ്മുടെ സ്വഭാവത്തിലെ ന്യൂനതകൾ പരിഹരിക്കപ്പെടുക എന്നത് നമ്മുടെ കർത്തവ്യമാകുന്നു. അങ്ങനെ ശിഷ്യന്മാരുടെ മേൽ മുൻമഴ പെയ്തതുപോലെ പിൻമഴ നമ്മുടെ മേലും വർഷിക്കും.

സഹോദരന്മാരേ, നിങ്ങൾ ഈ വലിയ ഒരുക്കവേലയിൽ എന്തുചെയ്യുന്നു? ലോകത്തോടു യോജിക്കുന്നവർ ലൗകികരും മൃഗത്തിന്റെ മുദ്രയേൽക്കുവാനായി ഒരുങ്ങുന്നവരുമാകുന്നു. സ്വയത്തെ കീഴടക്കുകയും തങ്ങളെത്തന്നെ താഴ്മയോടെ ദൈവത്തിൻമുമ്പിൽ സമർപ്പിക്കുകയും അവരുടെ മനസ്സുകളെ സത്യം അനുസരിക്കുന്നതിൽ ശുദ്ധീകരിക്കുകയും ചെയ്യുന്നവർ സ്വർഗ്ഗീയന്മാരും അവരുടെ നെറ്റിമേൽ ദൈവത്തിന്റെ മുദ്രയേൽക്കുവാൻ ഒരുങ്ങുന്നവരുമാകുന്നു. മുദ്രയിടുവാനുള്ള കല്പന പുറപ്പെടുകയും അവരുടെമേൽ മുദ്രയിടപ്പെടുകയും ചെയ്യുമ്പോൾ അവർ എന്നേക്കും ശുദ്ധിയുള്ളവരും കളങ്കമില്ലാത്തവരുമായി നിലകൊള്ളും.

ഇപ്പോഴാണ് ഒരുങ്ങുവാനുള്ള സമയം. അശുദ്ധിയുള്ള സ്ത്രീപുരുഷന്മാരുടെ നെറ്റിമേൽ ദൈവത്തിന്റെ മുദ്ര, പതിയുകയില്ല. ലൗകികരും അധികാര തൃഷ്ണയുള്ളവരും വഞ്ചനാഹൃദയമുള്ളവരും കപടനാവുള്ളവരും ആയ സ്ത്രീപുരുഷന്മാരുടെ നെറ്റിമേൽ ഈ മുദ്ര പതിപ്പിക്കുകയില്ല. ഈ മുദ്രയേൽക്കുന്നവർ ദൈവമുൻപാകെ കറ, കളങ്കം, വാട്ടം ഏതുമില്ലാതെ സ്വർഗ്ഗരാജ്യത്തിന് അനുയോജ്യരായിരിക്കും.

# ആരാണ് മുദ്രയേൽക്കുന്നത്?

***ഭോഷ്ക് അവരുടെ വായിൽ ഉണ്ടായിരുന്നില്ല; അവർ കളങ്കമില്ലാത്തവർ തന്നെ. വെളി. 14:5.***

ജീവനുള്ള ദൈവത്തിന്റെ മുദ്രയേറ്റവർക്കു മാത്രമേ വിശുദ്ധ നഗരത്തിന്റെ കവാടങ്ങളിലൂടെ കടപ്പാൻ അനുവാദമുള്ളു.... തങ്ങളുടെ ജീവിതത്തിൽ ക്രിസ്തുവിന്റെ സ്വഭാവത്തിനു സാദൃശ്യമായിത്തീരുന്നവർക്കു മാത്രമേ ഈ മുദ്രയേൽക്കുവാൻ കഴിയുകയുള്ളു. മെഴുകുകൊണ്ട് മുദ്രയിടുന്നതുപോലെ ആത്മാവ് ദൈവത്തിന്റെ പരിശുദ്ധാത്മാവിനാൽ മുദ്രയിടപ്പെടുകയും ക്രിസ്തുവിനോട് അനുരൂപരായിത്തീരുകയും വേണം.

അനേകർക്കും ദൈവകല്പന പ്രമാണിക്കാത്തതുകൊണ്ടും നീതിയുടെ ഫലം പുറപ്പെടുവിക്കാത്തതുകൊണ്ടും ദൈവത്തിന്റെ മുദ്രയേൽക്കുവാൻ സാധിക്കുകയില്ല.

ക്രിസ്ത്യാനികൾ എന്ന് അഭിമാനിക്കുന്ന ഒരു വലിയ സമൂഹം, ദൈവത്തിന്റെ ദിവസത്തിൽ വലിയ നിരാശയിൽ അകപ്പെടും. അവരുടെ നെറ്റിമേൽ ജീവനുള്ള ദൈവത്തിന്റെ മുദ്ര പതിയുകയില്ല. ശീതോഷ്ണാവസ്ഥയിലായിരിക്കുന്നവരും അർദ്ധമനസ്കരും ആയവർ, ഉടമ്പടിയിൽ ഏർപ്പെടാത്ത അവിശ്വാസികളെക്കാൾ ദൈവത്തെ അപമാനിക്കുന്നവരാകുന്നു. തെറ്റുപറ്റാത്തവന്റെ നിഴലിൻ കീഴിൽ, പകൽപോലെ പ്രകാശിക്കുന്ന സത്യവചനത്തിന്റെ വെളിച്ചത്തിൽ നടക്കുമ്പോഴും അവർ ഇരുട്ടിൽ തപ്പിത്തടയുന്നു.

കുഞ്ഞാടു അവരെ മേയിച്ചു ജീവജലത്തിന്റെ ഉറവുകളിലേക്കു നടത്തുകയും അവൻ അവരുടെ കണ്ണിൽനിന്നു കണ്ണുനീർ തുടച്ചുകളയുകയും ചെയ്യുമെന്ന് വിശേഷിപ്പിക്കപ്പെട്ടവരാണ് ഇന്നു ദൈവവചനത്തിൽ വെളിപ്പെടുത്തിയിരിക്കുന്ന പരിജ്ഞാനവും ഗ്രാഹ്യവും പ്രാപിക്കുന്നത്.

മാനവരെ നാം ജീവിതത്തിൽ ഒരിക്കലും പകർത്തരുത്. ഒരു മാനവന്റെ മാനദണ്ഡമായി മാനിപ്പാൻ സമർത്ഥനായ ഒരുത്തനെയും നമുക്കു കാണുവാൻ കഴിയുകയില്ല. നീതിനിഷ്ഠയുള്ളവരായ നാം പരിശുദ്ധനും മനുഷ്യനുമായ യേശുക്രിസ്തുവിനെയാണ് നോക്കേണ്ടത്. അവൻ നമ്മുടെ വിശ്വാസത്തിന്റെ നായകനും പൂർത്തിവരുത്തുന്നവനുമാകുന്നു. അവൻ മനുഷ്യർക്കു മാതൃകയാകുന്നു. അവന്റെ അനുഭവമാണ് നാം പ്രാപിക്കേണ്ട അനുഭവത്തിന്റെ അളവുകോൽ ആയിരിക്കുന്നത്. അവന്റെ സ്വഭാവം നമുക്കൊരു മാതൃകയാകുന്നു.

അതുകൊണ്ട് നാം ഈ ജീവിതത്തിലെ നമ്മുടെ മനസ്സിലെ നിരാശകളെയും തടസ്സങ്ങളെയും അകറ്റി അവയെ അവനിൽതന്നെ സമർപ്പിച്ചുകൊണ്ട് അവനെ നോക്കുകയാണെങ്കിൽ നാം അവനോട് അനുരൂപരാകും. നാം ക്രിസ്തുവിനെ നല്ല ഉദ്ദേശത്തോടുകൂടി ദർശിക്കും. അവൻ സർവ്വജ്ഞാനിയാകയാൽ നാം അവനിലേക്ക് നോക്കും. നാം അവനെ നോക്കുമ്പോഴും അവനെക്കുറിച്ച് ചിന്തിക്കുമ്പോഴും അവൻ നമ്മുടെ ഉള്ളത്തിൽ മഹത്വത്തിന്റെ പ്രത്യാശയായി ഉരുത്തിരിയും.

ആ നൂറ്റിനാല്പത്തിനാലായിരം പേരോടുകൂടെ ആയിത്തീരുവാൻ ദൈവം നമുക്കു നല്കിയിരിക്കുന്ന സർവ്വ ശക്തിയോടുംകൂടി പ്രയത്നിക്കാം.





# മുദ്രയിടുന്നകാലം ഉടനെ അവസാനിക്കും

***എന്നെ അയച്ചവന്റെ പ്രവൃത്തി പകൽ ഉള്ളേടത്തോളം നാം ചെയ്യേണ്ടതാകുന്നു; ആർക്കും പ്രവർത്തിച്ചുകൂടാത്ത രാത്രി വരുന്നു. യോഹ. 9:4***

മുദ്രയിടുന്ന സമയം വളരെ ചുരുക്കവും പെട്ടെന്ന് അവസാനിക്കുന്നതും ആകുന്നു. ആകാശത്തിലെ നാലു കാറ്റുകളെ നമ്മുടെ രക്ഷയുടെ വിളിക്കായിട്ടും നമ്മുടെ രക്ഷയുടെ ഉറപ്പിന്നായിട്ടും പിടിച്ചിരിക്കുന്ന നാലു ദൂതന്മാരുടെ കാലത്താണ് മുദ്രയിടൽ ആരംഭിക്കുന്നത്. അത് ഇപ്പോഴാകുന്നു.

മൂന്നാം ദൂതന്റെ സന്ദേശത്തിന്റെ അന്ത്യത്തോടുകൂടെ ആ കാലം വരുമെന്ന് എനിക്ക് നിർദ്ദേശമുണ്ടായി. മൂന്നാം ദൂതന്റെ ദൂതിന്റെ അന്ത്യം വരുന്നത് എന്നെ കാണിച്ചുതന്നു. ദൈവത്തിന്റെ ശക്തി ദൈവജനത്തിനുമേൽ ആവസിച്ചിരിക്കുന്നു. അവർ അവന്റെ വേല തികച്ച് ന്യായവിധി നാഴികയ്ക്കായി ഒരുങ്ങിയിരിക്കുകയുമാണ്. അവർ പിന്മഴ ലഭിച്ചവരാകുന്നു. അല്ലെങ്കിൽ ദൈവസാന്നിദ്ധ്യത്താൽ പുതുക്കം പ്രാപിച്ച് ജീവനുള്ള സാക്ഷ്യം വഹിക്കുകയും ചെയ്യുന്നവരാണ്. ദൈവത്തിന്റെ അന്ത്യമുന്നറിയിപ്പ് നാട്ടിലെങ്ങും പരന്ന് സുവിശേഷം അനുസരിക്കാത്ത ജനങ്ങളെ അത് ഇളക്കുകയും കോപാന്ധരാക്കുകയും ചെയ്യും.

ആകാശത്തിൽ അങ്ങോളവും ഇങ്ങോളവും സഞ്ചരിക്കുന്ന ദൂതന്മാരെ ഞാൻ കാണുകയുണ്ടായി. എഴുത്തുകാരന്റെ കയ്യിലുള്ളതുപോലെ ഒരു മഷിക്കുപ്പി അവന്റെ കൈവശം ഉണ്ടായിരുന്നു. അവൻ ഭൂമിയിൽ നിന്നും യേശുവിന്റെ അടുക്കൽ ചെന്ന് ഇപ്രകാരം പറഞ്ഞു: "ഞാൻ എന്റെ വേല തികച്ചു. ഭൂമിയിലുള്ള സകല വിശുദ്ധന്മാരെയും എണ്ണുകയും മുദ്രയിടുകയും ചെയ്തിരിക്കുന്നു". അപ്പോൾ യേശു ധൂപകലശം എറിഞ്ഞുകളയുന്നത് ഞാൻ കണ്ടു. അവൻ ഇരുകരങ്ങളും ആകാശത്തേക്കുയർത്തി സകലവും നിവൃത്തിയായി എന്നു അത്യുച്ചത്തിൽ വിളിച്ചുപറയുന്നത് ഞാൻ കണ്ടു. അതു മാത്രമല്ല, കഷ്ടകാലത്ത് ദൈവാലയത്തിൽ ഒരു മഹാപുരോഹിതനില്ലാതെ ദൈവത്തിനു മുൻപാകെ എങ്ങനെ ജീവിക്കുവാൻ കഴിയുമെന്നത് ഗ്രഹിക്കുവാൻ കഴിവില്ലാത്ത അനേകരേയും ഞാൻ കണ്ടു. ജീവനുള്ള ദൈവത്തിന്റെ മുദ്രയേറ്റവരും കഷ്ടകാലത്ത് സംരക്ഷണം ലഭിച്ചവരും യേശുവിനെ പൂർണ്ണമായും പ്രതിഫലിപ്പിക്കണം.

ദൈവസന്നിധിയിൽ ആവശ്യമായുള്ള ഒരുക്കത്തെ അവഗണിക്കുകയും അവന്റെ സന്നിധിയിൽ നില്ക്കുവാൻ അവരെ യോഗ്യരാക്കുന്ന പിന്മഴയാൽ പുതുക്കം പ്രാപിച്ച് അവന്റെ സന്നിധിയിൽ ജീവിക്കേണ്ടതിന് കാത്തിരിക്കുന്ന അനേകരെ ഞാൻ കണ്ടു. കഷ്ടകാലത്തു സഹായം ലഭിക്കാത്ത എത്രയോ പേരെ ഞാൻ കണ്ടു.

ക്രിസ്തു സ്വർഗ്ഗീയ ദൈവാലയത്തിലെ ശുശ്രൂഷ കഴിഞ്ഞിറങ്ങുമ്പോൾ വിശുദ്ധർ വിശുദ്ധരായി തന്നെയിരിക്കും. നീതിമാൻ നീതി പ്രവർത്തിക്കുകയും ചെയ്യും. കാരണം, അവരുടെ പാപങ്ങൾ എല്ലാം മായിച്ചുകളഞ്ഞതുകൊണ്ടും ജീവനുള്ള ദൈവത്തിന്റെ മുദ്ര പതിഞ്ഞതുകൊണ്ടും അവർ നീതിയുള്ളവരായിത്തന്നെ നിലനില്ക്കും. എന്നാൽ പാപികളുടെയും അനീതി ചെയ്തവരുടെയും കാര്യം അങ്ങനെ ആയിരിക്കുകയില്ല. അവരുടെ പ്രാർത്ഥനയും ക്ഷമായാചനയും യാഗങ്ങളും പിതാവിന്റെ മുൻപിൽ എത്തിക്കുവാനും ഒരു പുരോഹിതനില്ലായ്കയാൽ അനീതി ചെയ്യുന്നവർ അനീതിയിലും പാപികൾ പാപികളായും നിലകൊള്ളും. ആയതിനാൽ കർത്താവായ യേശു തന്റെ അതി പരിശുദ്ധസ്ഥലം വിടുന്നതിനു മുൻപ് നാശത്തിലിരിക്കുന്ന ആത്മാക്കളെ വരുവാനുള്ള ദൈവകോപത്തിൽനിന്നും വിടുവിക്കുന്നതിന് എന്തുചെയ്യണമോ അത് ചെയ്തിരിക്കണം.

# ദൈവത്തിന്റെ അടയാളം ദൂതന്മാർക്കു വായിക്കുവാൻ സാധിക്കും

***മറ്റൊരു ദൂതൻ ജീവനുള്ള ദൈവത്തിന്റെ മുദ്രയുമായി, കിഴക്കു നിന്നു കയറുന്നതും കണ്ടു. അവൻ ഭൂമിക്കും സമുദ്രത്തിനും കേടു വരുത്തുവാൻ അധികാരം ലഭിച്ച നാലു ദൂതന്മാരോടു: നമ്മുടെ ദൈവത്തിന്റെ ദാസന്മാരുടെ നെറ്റിയിൽ ഞങ്ങൾ മുദ്രയിട്ടു കഴിയുവോളം ഭൂമിക്കും സമുദ്രത്തിനും വൃക്ഷങ്ങൾക്കും കേടു വരുത്തരുതു എന്നു ഉറക്കെ വിളിച്ചു പറഞ്ഞു. വെളി. 7:2,3.***

ലോകത്തിലുള്ള യാതൊന്നിനും ഒരു സ്ഥിരതയില്ലാത്തൊരു അവസ്ഥയാണ്. രാജ്യങ്ങൾ കലഹിക്കുന്നു. തന്മൂലം ഒരു വൻപോരാട്ടത്തിനായുള്ള ഒരുക്കങ്ങൾ കൂട്ടുന്നു. ജാതി ജാതിയോടും രാജ്യം രാജ്യത്തോടും രാഷ്ട്രം രാഷ്ട്രത്തോടും എതിർക്കുവാനുള്ള ആലോചന നടത്തുന്നു. ദൈവത്തിന്റെ മഹാദിവസം വന്നിരിക്കുന്നു. രാജ്യങ്ങൾ യുദ്ധത്തിനായും രക്തച്ചൊരിച്ചിലിനായും വ്യഗ്രതപ്പെടുന്നുവെങ്കിലും ദൈവത്തിന്റെ വൃതന്മാരുടെ നെറ്റിയിൽ മുദ്രയിട്ടു തീരുവോളം അതു സംഭവിക്കാതിരിക്കുവാൻ ആകാശത്തിലെ നാലു കാറ്റിനെയും ബന്ധിക്കുവാൻ ദൂതന്മാരെ കല്പിച്ചാക്കിയിരിക്കുന്നു.

ദൈവത്തിന്റെ ദാസന്മാരുടെ നെറ്റിയിൽ മുദ്രയിട്ടു തീരുമ്പോൾ ലോകശക്തികൾ മഹായുദ്ധത്തിനായി അണിനിരക്കും. ആകയാൽ അല്പകാലം ലഭ്യമായിരിക്കുന്ന ഈ ദൈവത്തിന്റെ കരുണ എത്ര ശ്രദ്ധയോടും ജാഗ്രതയോടും കൂടെ ഉപയോഗപ്പെടുത്തണം എന്നു ചിന്തിക്കുക.

നമ്മുടെ ചിന്തയെ നിയന്ത്രണത്തിൽ വരുത്തുവാൻ ജാഗ്രതയോടെ മനസ്സിനെ കാക്കുക. നമ്മുടെ ചിന്ത ദൈവത്തിൽ തന്നെയായിരിക്കണം. നമ്മുടെ ജഡീകമായ മനസ്സിനെ ആത്മാർത്ഥമായ പരിശ്രമത്താൽ അതിജീവിക്കാൻ കഴിയുന്നത് ഇപ്പോഴാണ്.

കഷ്ടകാലത്തിനു തൊട്ടുമുമ്പ് നാം എല്ലാവരും ജീവനുള്ള ദൈവത്തിന്റെ മുദ്രയേറ്റിരിക്കുന്നു. അപ്പോൾ നാലു ദൂതന്മാരും നാലു കാറ്റുകളെയും അഴിച്ചുവിടുന്നതു ഞാൻ കണ്ടു. അതിനുശേഷം ക്ഷാമവും പകർച്ചവ്യാധികളും ഈർച്ചവാളും രാജ്യം രാജ്യത്തോടു എതിർക്കുന്നതും സകല ലോകവും കലക്കത്തിലായിരിക്കുന്നതും ഞാൻ കണ്ടു.

ദൈവത്തിന്റെ ദാസന്മാരുടെ നെറ്റിമേൽ പതിക്കുന്ന ജീവനുള്ള ദൈവത്തിന്റെ മുദ്ര എന്താണ്? മനുഷ്യർക്കല്ല ദൂതന്മാർക്കു മാത്രം കാണുവാൻ കഴിയുന്ന ഒരു അടയാളമാകുന്നു ഇത്. വീണ്ടെടുക്കപ്പെട്ടവരുടെ അടയാളം കണ്ട് സംഹാരദൂതൻ അവരെ വിട്ടു കടന്നുപോകും. കർത്താവിനാൽ വീണ്ടെടുക്കപ്പെട്ടവരായി അവന്റെ പുത്രീപുത്രന്മാരുടെ നെറ്റിയിലിരിക്കുന്ന കാൽവറി ക്രൂശിന്റെ അടയാളം അമാനുഷിക മനസ്സുകൾക്കു മാത്രമെ കാണുവാൻ സാധിക്കുകയുള്ളു. ദൈവകല്പനാലംഘനം മൂലമുള്ള പാപങ്ങൾ അവരിൽ നിന്നും നീക്കിയിരിക്കുന്നു. അവർ എല്ലാ ദൈവകല്പനകളും അനുസരിക്കുവാൻ ഒരുക്കമുള്ളവരും വിശ്വസ്തതയുള്ളവരുമായി കല്യാണവസ്ത്രം ധരിച്ചിരിക്കുന്നു.

കർത്താവിന്റെ സത്യം അറിഞ്ഞിട്ടും അതു വാക്കിനാലും പ്രവൃത്തിയാലും അനുസരിപ്പാൻ തുനിയാത്തവർക്ക് ശിക്ഷാവിധിയിൽ നിന്നും ഒഴിഞ്ഞുപോകുവാൻ സാധ്യമല്ല.





# ദൈവത്തിന്റെ ജനത്തെ തിരിച്ചറിയുന്നതിനുള്ള ഒരു അടയാളം

***ഞാൻ അവരെ വിശുദ്ധീകരിക്കുന്ന യഹോവ എന്നു അവർ അറിയേണ്ടതിന്നു എനിക്കും അവർക്കും ഇടയിൽ അടയാളമായിരിപ്പാൻ തക്കവണ്ണം എന്റെ ശബ്ബത്തുകളെയും ഞാൻ അവർക്കു കൊടുത്തു. യെഹെ. 20:12.***

മിസ്രയീമിൽ നിന്നും അക്ഷരീക കനാനിൽ പ്രവേശിക്കുവാൻ കടന്നു വന്ന ഇസ്രായേലിന്റെ അടയാളം ശബ്ബത്തായിരുന്നതുപോലെ ലോകത്തിൽ നിന്നും സ്വർഗ്ഗീയ സ്വസ്തതയിൽ പ്രവേശിക്കുന്നവരുടെ അടയാളവും അതു തന്നെയായിരിക്കും.

അവനെക്കുറിച്ചുള്ള ഓർമ്മ നിലനിർത്തുവാനും നിയമ ലംഘികളിൽ നിന്നും തന്റെ വിശ്വസ്തരെ തിരിച്ചറിയേണ്ടതിനും ദൈവം അവർക്ക് ശബ്ബത്താചാരം ഒരു മാർഗ്ഗമായി ക്രമീകരിച്ചു. അവൻ സകലതിനെയും ശബ്ബത്തിനെയും ഉണ്ടാക്കിയതുകൊണ്ട്, അവ ക്രിസ്തുവിന്റേതാണ്. തന്റെ സൃഷ്ടിയുടെ സ്മരണയ്ക്കായി അവനാൽ അതു വേർതിരിക്കപ്പെട്ടു. അവൻ സൃഷ്ടികർത്താവും വിശുദ്ധീകരിക്കുന്ന കർത്താവും എന്നു അതു ചൂണ്ടിക്കാണിക്കുന്നു. അവനാണ് സ്വർഗ്ഗത്തിലുള്ളതും ഭൂമിയിലുള്ളതുമായ സകലകാര്യങ്ങളും നിർമ്മിച്ചതെന്നും അവനാൽ സകലവും ഒന്നിച്ചു നിലകൊള്ളുന്നു എന്നും സഭയുടെ തലയും ദൈവത്തോടു നമ്മെ നിരപ്പിക്കുന്ന ശക്തിയും അവനാണെന്നും അതു വിളിച്ചറിയിക്കുന്നു. ഇസ്രയേലിനെക്കുറിച്ചു പറഞ്ഞപ്പോൾ അവൻ ഇവ്വണ്ണം അരുളിചെയ്തു. അവരെ ശുദ്ധീകരിക്കുന്ന യഹോവ ഞാനാണ് എന്ന് അവർ അറിയേണ്ടതിനും എനിക്കും അവർക്കും തമ്മിൽ അടയാളമായിരിക്കേണ്ടതിനും അവരെ വിശുദ്ധീകരിക്കുവാനും വേണ്ടി എന്റെ ശബ്ബത്തുകളെ ഞാൻ അവർക്കു കൊടുത്തു.

അങ്ങനെയെങ്കിൽ ശബ്ബത്ത്, നമ്മെ വിശുദ്ധീകരിക്കുന്ന ക്രിസ്തുവിന്റെ ശക്തിയുടെ അടയാളമാണ്. അതുകൊണ്ട് ക്രിസ്തു വിശുദ്ധീകരിക്കുന്ന എല്ലാവർക്കും ശബ്ബത്തു നല്കിയിരിക്കുന്നു. ക്രിസ്തുവിലൂടെ ആത്മീക ഇസ്രായേൽ ആകുന്ന എല്ലാവർക്കും ശബ്ബത്ത് അവന്റെ വിശുദ്ധീകരണ ശക്തിയുടെ അടയാളമാകുന്നു.

ക്രിസ്തുവിന്റെ സൃഷ്ടിയുടെയും വീണ്ടെടുപ്പിന്റെയും ശക്തിയായി ശബ്ബത്തിനെ ഒരു അടയാളമായി സ്വീകരിച്ചവരെല്ലാം അതിൽ സന്തോഷിക്കും. അതിൽ ക്രിസ്തുവിനെ കണ്ട്, അവനിൽ അവർ സന്തോഷിക്കും. ശബ്ബത്ത്, അവന്റെ സൃഷ്ടിപ്പിൻ വേലയെ ചൂണ്ടിക്കാണിക്കുകയും അതിലൂടെ അവന്റെ വീണ്ടെടുപ്പിന്റെ അതിമഹത്തായ ശക്തിയെ വ്യക്തമാക്കുകയും ചെയ്യുന്നു. ഏദെനിൽ സമാധാനം നഷ്ടപ്പെട്ടതിനെയും രക്ഷകനിലൂടെ സമാധാനം യഥാസ്ഥാനപ്പെടുത്തുന്നതിനെയും അത് ഓർപ്പിക്കുന്നു. അതുപോലെതന്നെ എല്ലാ പ്രകൃതി വസ്തുക്കളും. 'അദ്ധ്വാനിക്കുന്നവരും, ഭാരം ചുമക്കുന്നവരും ആയുള്ളോരേ, എല്ലാവരും എന്റെ അടുക്കൽ വരുവിൻ; ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും." എന്നുള്ള അവന്റെ ക്ഷണം ആവർത്തിക്കുന്നു മത്താ. 11:28. ദൈവത്തെ തന്റെ ജനവുമായി ഒന്നിപ്പിക്കുന്ന സുവർണ്ണ ബന്ധമാണ് ശബ്ബത്ത്.

# ശബ്ബത്തിന്റെ മഹത്വത്തിന്റെ പ്രാധാന്യം

***നീ യഹോവയിൽ പ്രമോദിക്കും; ഞാൻ നിന്നെ ദേശത്തിലെ ഉന്നതങ്ങളിൽ വാഹന മേറ്റി ഓടുമാറാക്കുകയും നിന്റെ പിതാവായ യാക്കോബിന്റെ അവകാശംകൊണ്ട് നിന്നെ പോഷിപ്പിക്കയും ചെയ്യും; യഹോവയുടെ വായല്ലോ അരുളിച്ചെയ്തിരിക്കുന്നത്. യെശ. 58:14.***

ശബ്ബത്ത് നിത്യവും മഹത്വകരവുമായ ഒരു സന്ദർഭമാകുന്നു. അത്യന്തമായ ദൈവത്തിന്റെ നന്മയെ മഹത്വപ്പെടുത്തുവാനും സന്തോഷിക്കുവാനുമാണ് നാം നിർമ്മിക്കപ്പെട്ടത് എന്ന് ഒരു ദർശനത്തിൽ ഞാൻ കണ്ടു.

ശബ്ബത്തിനെക്കുറിച്ച് ഗ്രഹിക്കേണ്ടതായ അതിന്റെ പ്രാധാന്യതയെയും മഹത്വത്തെയുംകുറിച്ച് അല്പം മാത്രമേ നാം ഇന്നും മനസ്സിലാക്കിയിട്ടുള്ളു എന്നു ഞാൻ കണ്ടു. ഞാൻ നിന്നെ ആകാശമേഘങ്ങളിൽ വാഹനമേറ്റി ഓടുമാറാക്കും എന്നും യാക്കോബിന്റെ അവകാശംകൊണ്ടു നിന്നെ പോറ്റിപ്പുലർത്തും എന്നുമുള്ളത് നമുക്ക് അജ്ഞാതമാണ് എന്നു ഞാൻ കണ്ടു. എന്നാൽ പിന്മഴയാൽ നമ്മെ ശക്തീകരിക്കുമ്പോൾ യാക്കോബിന്റെ അവകാശംകൊണ്ടു നിന്നെ പോറ്റിപ്പുലർത്തുന്നതിന്റെയും ആകാശമേഘങ്ങളിൽ വാഹനമേറ്റി ഓടുമാറാക്കും എന്നതിന്റെയും അർത്ഥം നാം ഗ്രഹിക്കും. അപ്പോൾ നാം ശബ്ബത്തിന്റെ പ്രാധാന്യതയും മഹത്വവും കൂടുതൽ വ്യക്തമായി കാണും. എന്നിരുന്നാലും അതിന്റെ പൂർണ്ണമായ മഹത്വത്തെക്കുറിച്ചോ, അതിന്റെ പ്രാധാന്യതയെക്കുറിച്ചോ, സമാധാനത്തിന്റെ നിയമം ചെയ്യുവോളം പുതിയ യെരുശലേമിന്റ വാതിലുകളിലൂടെ സന്തോഷത്തോടും സ്നേഹത്തോടും പ്രവേശിക്കുവാനുള്ള യേശുക്രിസ്തുവിന്റെ ഇമ്പസ്വരം കേൾക്കുവോളം നാം പൂർണ്ണമായി ഗ്രഹിക്കുകയില്ല. നാം ദൈവകല്പന പ്രമാണിക്കുന്നവരായിരിക്കയാൽ നമുക്കു സ്വർഗ്ഗത്തിൽ പ്രവേശിക്കുവാൻ പൂർണ്ണ അവകാശമുണ്ട് എന്നു ഞാൻ കണ്ടു. അതു മാത്രമല്ല, നമ്മുടെ ഭവനം അതിമാധുര്യമുള്ള സ്വർഗ്ഗമാകുന്നു. ഞാൻ ദൈവത്തിന്റെ കൈകളാൽ എഴുതിയ പത്തുകല്പനകൾ കണ്ടു. ഒന്നിൽ നാലും മറ്റേതിൽ ആറും ഉണ്ടായിരുന്നു. നാലു കല്പനകൾ മറ്റെ ആറു കല്പനകളെക്കാൾ ശോഭിക്കുന്നതും എന്നാൽ നാലാമത്തെ ശബ്ബത്തു കല്പന അവയെല്ലാറ്റിനെക്കാളും ഉപരിയായി ശോഭിക്കുന്നതും ഞാൻ കണ്ടു. കാരണം ശബ്ബത്തു ദൈവത്തിന്റെ നാമമഹത്വത്തിനുവേണ്ടി ആചരിപ്പാൻ കല്പിച്ചതും വേർതിരിക്കപ്പെട്ടതുമായ ദിവസമാകുന്നു. വിശുദ്ധ ശബ്ബത്ത് അതിമഹത്വമുള്ളതും അതിനു ചുറ്റും ദൈവതേജസ്സു വലയം ചെയ്യുന്നതും അവന്റെ ശബ്ബത്തു ക്രൂശിൽ തറച്ചു നീക്കിക്കളഞ്ഞില്ല എന്നും ഞാൻ കണ്ടു. ഒരുപക്ഷെ ബാക്കി ഒൻപതു കല്പനകളും ക്രൂശിൽ തറച്ചു എന്നിരിക്കട്ടെ അതിന്റെ അർത്ഥം അതു ലംഘിക്കുവാൻ സ്വാതന്ത്ര്യമുണ്ട് എന്നതാണ്. അങ്ങനെയെങ്കിൽ നാലാമത്തെ കല്പനയും ലംഘിക്കുവാൻ നമുക്ക് അനുവാദമുണ്ട്.

ശബ്ബത്തു ദൈവത്തിന്റെ വിശുദ്ധജനമായ യിസ്രായേലിനെയും അവിശ്വാസികളെയും തമ്മിൽ വേർതിരിച്ചറിയുവാനുള്ള ഒരു അടയാളമായിരുന്നു. അങ്ങനെയെങ്കിൽ കർത്താവിനായി കാംക്ഷിക്കുന്ന വിശുദ്ധന്മാരുടെ ഒരു പ്രശ്നം ശബ്ബത്തു തന്നെയായിരിക്കും.





# ശബ്ബത്ത് ദൈവത്തിന്റെ അടയാളം

***എന്റെ ശബ്ബത്തുകളെ വിശുദ്ധീകരിപ്പിൻ; ഞാൻ നിങ്ങളുടെ ദൈവമായ യഹോവ എന്നു നിങ്ങൾ അറിയേണ്ടതിന്നു അവ എനിക്കും നിങ്ങൾക്കും ഇടയിൽ അടയാളമായിരിക്കട്ടെ. യെഹെ. 20:20.***

ഇസ്രായേൽ ജനം അവർ ദൈവത്തിന്റേതാണ് എന്നു കാണിക്കുവാൻ അവരുടെ വാതിലിൽ രക്തം അടയാളമായി പുരട്ടി. അതുകൊണ്ട് ഇന്നത്തെ ദൈവജനത്തിനും അവന്റെ നിർദ്ദേശത്തിനൊത്ത ഒരു അടയാളമുണ്ട്. അവർ ദൈവത്തിന്റെ വിശുദ്ധ നിയമം കൈക്കൊള്ളുന്നവരാണ്. പൊതു നാശത്തിൽ നിന്നും സംരക്ഷിക്കുന്നതിനായി എബ്രായ വാസസ്ഥലങ്ങളിൽ കതകുകളിൽ അടയാളം വെച്ചതുപോലെ ദൈവജനത്തിനുമേൽ ഒരു അടയാളം വെച്ചിരിക്കുന്നു. യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു "ഞാൻ അവരെ വിശുദ്ധീകരിക്കുന്ന ദൈവമെന്നു അവർ അറിയേണ്ടതിന്ന് ഞാൻ അവർക്ക് എന്റെ ശബ്ബത്തുകളെ കൊടുത്തു. അവ എനിക്കും അവർക്കും ഇടയിലുള്ള ഒരു അടയാളമാകുന്നു. സൃഷ്ടിമൂലവും വീണ്ടെടുപ്പുമൂലവും ലോകത്തുള്ള സകല ദേഹിയും കർത്താവിന്റേതാണ്. ഓരോ ആത്മാവും അവരുടെ ജീവിതശോധനയിലാണ്. "അവനുള്ളതെല്ലാം അവന്റെ സമ്പത്തു എന്നതുപോലെ ദൈവത്തിന്നു സമർപ്പിക്കുന്നുണ്ടോ? കർത്താവിനെ അവന്റെ ജീവിത പങ്കാളിയായി കരുതുന്ന എല്ലാവരും ദൈവത്തിന്റെ ശ്രേഷ്ടമായ സമ്പത്തിനെ കാണിക്കുന്ന അവന്റെ അടയാളമായ മുദ്രയേല്ക്കുന്നവരും അവനാൽ നിയന്ത്രിക്കപ്പെടുന്നവരുമായിരിക്കും. ക്രിസ്തുവിന്റെ നീതി അവർക്കു മുമ്പാകെ പോകയും കർത്താവിന്റെ മഹത്വം അവരുടെ പ്രയത്നഫലമായിരിക്കുകയും ചെയ്യും. കർത്താവ് അവന്റെ അടയാളം വഹിക്കുന്ന എല്ലാ മനുഷ്യനെയും സംരക്ഷിക്കുന്നു.

യഹോവ ഇപ്രകാരം മോശെയോടു അരുളിച്ചെയ്തു: നീ ഈവണ്ണം ഇസ്രായേൽ മക്കളോടു പറക: "നിങ്ങളെ വിശുദ്ധീകരിക്കുന്ന യഹോവ ഞാനെന്നു നിങ്ങൾ അറിയേണ്ടതിനു അത് എനിക്കും നിങ്ങൾക്കും മദ്ധ്യേ തലമുറ തലമുറയോളം ഒരു അടയാളമായിരിക്കും. ആറു ദിവസംകൊണ്ടു വേലയൊക്കെയും ചെയ്യേണം. എന്നാൽ ഏഴാം ദിവസം യഹോവയ്ക്കു വിശുദ്ധമായുള്ള സ്വസ്ഥതയ്ക്കുള്ള ശബ്ബത്താകുന്നു. ശബ്ബത്തു ദിവസത്തിൽ വേല ചെയ്യുന്നവനെ നിശ്ചയമായും കൊന്നുകളയണം. അതുകൊണ്ട് ഇസ്രായേൽ മക്കൾ ശബ്ബത്താചരിക്കുകയും തലമുറ തലമുറയായി നിത്യനിയമമായി ആചരിക്കുകയും വേണം. "അതു എനിക്കും ഇസ്രായേൽ മക്കൾക്കും ഇടയിൽ എന്നേക്കും ഒരു അടയാളമായിരിക്കും. ആറു ദിവസംകൊണ്ടല്ലോ യഹോവ ആകാശവും ഭൂമിയും അതിലുള്ളതൊക്കെയും ഉണ്ടാക്കിയത്. ഏഴാം ദിവസത്തിലോ സ്വസ്ഥമായിരുന്ന് നിവൃത്തനായി. ഈ ദൈവത്തെക്കുറിച്ചുള്ള തിരിച്ചറിവാണ് സകല മാനവർക്കും അവശ്യമായ ഏറ്റവും വലിയ മൂല്യം. അവനെ സ്നേഹിക്കുന്നവരും സേവിക്കുന്നവരും എല്ലാം അവന്റെ മുമ്പാകെ ഏറ്റവും ശ്രേഷ്ഠതയുള്ളവരാണ്. അവർ ക്രിസ്തുവിലുള്ളതുപോലെ സത്യത്തിന്റെ ഫലവത്തായ പ്രതിനിധികളായി അവർ ആയിരിക്കുന്ന സ്ഥാനത്ത് നില്ക്കേണ്ടവരാണ്.

# സമാഗമനകൂടാരമെന്ന വിഷയം പഠിപ്പിൻ

***അതിന്നു അവൻ അവനോട്: രണ്ടായിരത്തി മുന്നൂറു സന്ധ്യയും ഉഷസ്സും തികയു വോളം തന്നെ; പിന്നെ വിശുദ്ധ മന്ദിരം യഥാസ്ഥാനപ്പെടും ദാനിയേൽ 8:14.***

നാം പ്രവചനം പഠിക്കുന്നതിൽ ആത്മാർത്ഥതയുള്ള വിദ്യാർത്ഥികൾ ആയിരിക്കണം. വിശുദ്ധ മന്ദിരം എന്ന വിഷയത്തെപ്പറ്റി ശരിയായ ഒരു ജ്ഞാനം ലഭിക്കുംവരെയും വിശ്രമിക്കരുത്, ആ വിഷയമാണ് ദാനിയേലിനും യോഹന്നാനും ദർശനത്തിൽ വെളിപ്പെടുത്തിയത്. ഈ വിഷയം നമ്മുടെ ഇന്നത്തെ അവസ്ഥക്കും വേലക്കും വൻ പ്രകാശം ചൊരികയും നമ്മുടെ കഴിഞ്ഞകാല അനുഭവങ്ങളാൽ ദൈവം നമ്മെ നടത്തിയെന്നുള്ളതിന് വ്യക്തമായ തെളിവ് നൽകുകയും ചെയ്യുന്നു. വിശുദ്ധമന്ദിരം യഥാസ്ഥാനപ്പെടുമെന്നു പറഞ്ഞാൽ ഭൂമി ശുദ്ധീകരിക്കപ്പെടുകയല്ല ചെയ്യുന്നത് എന്നു കാണിച്ചുകൊണ്ട് അത് 1844 -ലെ നമ്മുടെ നിരാശയെക്കുറിച്ചു വിവരിക്കുന്നു. നാം ഉദ്ദേശിച്ചതുപോലെ ഭൂമിയിലെ വിശുദ്ധ മന്ദിരമല്ല യഥാസ്ഥാനപ്പെടുന്നത്. മറിച്ച് ആ വേളയിൽ ക്രിസ്തു സ്വർഗ്ഗീയ വിശുദ്ധ മന്ദിരത്തിലെ അതിപരിശുദ്ധ സ്ഥലത്തേക്കു പ്രവേശിക്കുകയും തന്റെ അവസാനത്തെ പുരോഹിത ശുശ്രൂഷ നടത്തുന്നു എന്നും കാണിക്കുന്നു. ഇതു ദൂതൻ ദാനിയേൽ പ്രവാചകനോടു പറഞ്ഞ വാക്കിന്റെ നിവൃത്തിയാണ്.

ഈ 2300 ദിവസം എന്ന പ്രവചനം അത് ആരംഭിക്കുന്ന യെരുശലേം പണിയുവാനുള്ള ബി.സി. 457-ലെ അർത്ഥഹ്ശഷ്ടാ രാജാവിന്റെ ശരത്കാലത്തെ കല്പന മുതലാണ്. ഇതൊരു ആരംഭമായി കുറിച്ചാൽ ദാനിയേൽ പ്രവചനം 9:25-27 വരെയുള്ള പ്രവചനഭാഗത്തു പറഞ്ഞിരിക്കുന്ന സംഭവങ്ങൾക്കു അതിനോടു നല്ല പൊരുത്തമുണ്ടാകും. എഴുപതു ആഴ്ചവട്ടം അല്ലെങ്കിൽ നാനൂറ്റി തൊണ്ണൂറു വർഷം പ്രത്യേകിച്ച് യെഹൂദന്മാർക്കു മാത്രമുള്ളതാണ്. ആ കാലയളവിനുശേഷം എ.ഡി. 34 ആകുമ്പോൾ ക്രിസ്തുവിനെ അവന്റെ ശിഷ്യന്മാരുടെ പീഡനത്താൽ പൂർണ്ണമായി തള്ളിക്കളയുന്നതും അപ്പൊസ്തലന്മാർ ജാതികളിലേക്കു തിരിയുന്നതും വളരെ വ്യക്തമാണ്. രണ്ടായിരത്തി മുന്നൂറു വർഷത്തിൽ നാനൂറ്റി തൊണ്ണൂറു വർഷം അവസാനിച്ചു. ഇനി ശേഷിക്കുന്നതു 1810 വർഷമാണ്. എ.ഡി. 34-മുതൽ 1810 വർഷം കണക്കാക്കുമ്പോൾ നാം എത്തിച്ചേരുന്നതു 1844-ൽ ആണ്. “അപ്പോൾ വിശുദ്ധ മന്ദിരം യഥാസ്ഥാനപ്പെടും” എന്നാകുന്നു ദൂതൻ പറഞ്ഞത്.

ഒന്നും രണ്ടും മൂന്നും ദൂതന്മാരുടെ ദൂതുകളെക്കുറിച്ചുള്ള നമ്മുടെ വിശ്വാസം ശരിയാണ്. നാം കടന്നുവന്നതായ ആ വഴിത്താര മാറ്റമില്ലാത്തതാണ്. പാതാള ശക്തികൾ ആ അടിസ്ഥാനത്തെ തകർത്തുകളയുവാൻ ശ്രമിക്കുകയും തങ്ങൾ അതിൽ വിജയിച്ചു എന്നു ഹൃദയത്തിൽ ആഹ്ലാദിക്കുകയും ചെയ്യും. എന്നാൽ ഇന്നും അവർക്കതിനു സാധിച്ചിട്ടില്ല.

ഈ സത്യത്തിന്റെ തൂണ് ഉറപ്പുള്ള പർവ്വതംപോലെ അചഞ്ചലമായി നിലകൊള്ളുകയും സാത്താനും അവന്റെ സൈന്യങ്ങളും മനുഷ്യരുമായി ഒന്നിച്ചു പ്രയത്നിച്ചെന്നാലും ഇവ മാറ്റുവാൻ സാധ്യമാവുകയില്ല. ഈ വചനങ്ങൾ അങ്ങനെതന്നെയോ എന്നു നമുക്കു ആത്മാർത്ഥമായി പഠിക്കുകയും ശോധന കഴിക്കുകയും ചെയ്യാം.





# കൂടാര ശുദ്ധീകരണം

***രാത്രി ദർശനങ്ങളിൽ മനുഷ്യപുത്രനോടു സദൃശനായ ഒരുത്തൻ ആകാശമേഘങ്ങളോടെ വരുന്നതു കണ്ടു. അവൻ വയോധികന്റെ അടുക്കൽ ചെന്നു, അവർ അവനെ അവന്റെ മുൻപിൽ അടുത്തുവരുമാറാക്കി. ദാനി. 7:13.***

സ്വർഗ്ഗാരോഹണത്തിനുശേഷം നമ്മുടെ രക്ഷകൻ മഹാപുരോഹിത ശുശ്രൂഷ ആരംഭിച്ചു എന്ന് പൗലോസ് അപ്പൊസ്തലൻ എബ്രായ ലേഖനത്തിൽ പറയുന്നു. “ക്രിസ്തു വാസ്തവമായതിന്റെ പ്രതിബിംബമായി കൈപ്പണിയായ വിശുദ്ധമന്ദിരത്തിലേക്കല്ല. ഇപ്പോൾ നമുക്കുവേണ്ടി ദൈവസന്നിധിയിൽ പ്രത്യക്ഷനാകുവാൻ സ്വർഗ്ഗത്തിലേക്കത്രേ പ്രവേശിച്ചത്” എബ്രാ. 9:24.

സ്വർഗ്ഗീയ കൂടാരത്തിന്റെ ആദ്യഭാഗത്ത് കഴിഞ്ഞ 18 നൂറ്റാണ്ടുകളായി ക്രിസ്തുവിന്റെ ഈ ശുശ്രൂഷ തുടർന്നുകൊണ്ടിരിക്കുന്നു. ദോഷികളായ വിശ്വാസികൾക്കായി യേശുവിന്റെ രക്തം പിതാവിനോടു അപേക്ഷിച്ച് പാപക്ഷമ നേടി എന്നിരുന്നാലും രേഖകളുടെ പുസ്തകത്തിൽ അവരുടെ പാപം നിലനില്ക്കുന്നു. വർഷാവസാനം ഒരു പാപപരിഹാര ദിന ശുശ്രൂഷ നിലനിന്നതുപോലെ തന്നെ ഒരു ശുശ്രൂഷ ക്രിസ്തുവിന്റെ വീണ്ടെടുപ്പിൻ വേലയുടെ പൂർത്തീകരണത്തിനു മുൻപുണ്ട്. കൂടാരത്തിൽനിന്നും പാപം നീക്കം ചെയ്യുന്ന ഒരു പാപപരിഹാര ശുശ്രൂഷ ശേഷിക്കുന്നുണ്ട്. ഈ ശുശ്രൂഷയാണ് 2300 വർഷത്തിന്റെ അവസാനം ആരംഭിച്ചത്. ശുശ്രൂഷയുടെ ഈ സമയത്ത് നമ്മുടെ മഹാപുരോഹിതൻ തന്റെ വേലയുടെ അവസാന ശുശ്രൂഷയും പൂർത്തീകരിക്കുന്നതും വിശുദ്ധമന്ദിരം ശുദ്ധീകരിക്കുന്നതിനുമായി അതിപരിശുദ്ധ സ്ഥലത്തേക്ക് പ്രവേശിച്ചു.

കൂടാര ശുദ്ധീകരണത്തിനായി മഹാപുരോഹിതൻ എന്ന നിലയ്ക്കുള്ള യേശുവിന്റെ പ്രവേശനത്തെയാണ് ദാനിയേൽ 8:14-ൽ വിവരിച്ചിരിക്കുന്നത്. ദാനിയേൽ 7:13-ൽ പറഞ്ഞിരിക്കുന്ന, പുരാതനകാലത്തെ മനുഷ്യപുത്രന്റെ വരവും മലാഖി പ്രവചനത്തിൽ മുൻപ്രസ്താവിച്ചിരിക്കുന്ന കർത്താവിന്റെ ദൈവാലയ പ്രവേശനവും ഈ സംഭവത്തിന്റെ ഒരു വിവരണം തന്നെയാണ്. മത്തായിയുടെ സുവിശേഷം 25-ാമദ്ധ്യായത്തിൽ വിവരിച്ചിരിക്കുന്നതായി കാണുന്ന മണവാളനെ എതിരേല്ക്കാൻ ഒരുങ്ങിയിരിക്കുന്ന 10 കന്യകമാരുടെ ഉപമയിലൂടെ ക്രിസ്തു പറയുന്നതും ഇതുതന്നെയാണ്.

കൂടാരശുദ്ധീകരണവേലയിൽ ഒരു പരിശോധനയുടെ ജോലിയും ഒരു ന്യായവിധിയുടെ ജോലിയും ഉൾക്കൊണ്ടിരിക്കുന്നു. ഈ വേല ക്രിസ്തു തന്റെ ജനത്തെ വീണ്ടെടുക്കുവാൻ വരുന്നതിനു മുൻപായി നടത്തേണ്ടതാണ്. ക്രിസ്തു വരുമ്പോൾ ഓരോരുത്തർക്കും അവനവന്റെ പ്രവർത്തിക്കനുസരണമായ പ്രതിഫലവുമായാണ് വരുന്നത്.

അവസാനം കണക്ക് തീർക്കുമ്പോൾ സ്ഥാനമാനങ്ങൾക്കോ സമ്പത്തിനോ ആരുടെയും അവകാശങ്ങളെ മാറ്റിമറിക്കുവാൻ കഴിയുകയില്ല. എല്ലാം കാണുന്ന ദൈവത്താൽ വിശുദ്ധിയിലും ശ്രേഷ്ടതയിലും യേശുവിനോടുള്ള സ്നേഹത്തിലും മനുഷ്യർ എങ്ങനെ ആയിരിക്കുന്നുവോ അതനുസരിച്ച് അവർക്ക് ന്യായവിധിയുണ്ടാകും.

# സ്വർഗ്ഗീയ മന്ദിരത്തിൽനിന്നുള്ള നിർദ്ദേശം

***നാം ദുർമ്മനസ്സാക്ഷി നീങ്ങുമാറ് ഹൃദയങ്ങളിൽ തളിക്കപ്പെട്ടവരും ശുദ്ധവെള്ളത്താൽ ശരീരം കഴുകപ്പെട്ടവരുമായി വിശ്വാസത്തിന്റെ പൂർണ്ണനിശ്ചയം പൂണ്ടു പരമാർത്ഥ ഹൃദയത്തോടെ അടുത്തുചെല്ലുക. എബ്രാ. 10:22.***

"മനുഷ്യപുത്രനോടു സദൃശനായ ഒരുത്തൻ ആകാശമേഘങ്ങളോടെ വരുന്നതു കണ്ടു; അവൻ വയോധികന്റെ അടുക്കൽ ചെന്നു; അവർ അവനെ അവന്റെ മുൻപിൽ അടുത്തുവരുമാറാക്കി" ദാനി. 7:13. ഇവിടെ വിവരിച്ചിരിക്കുന്ന ക്രിസ്തുവിന്റെ വരവ്, ഭൂമിയിലേക്കുള്ള അവന്റെ രണ്ടാംവരവല്ല. ഒരു മദ്ധ്യസ്ഥനെന്ന നിലയ്ക്കുള്ള അവന്റെ വേല തീർന്നുകഴിയുമ്പോൾ ആധിപത്യവും മഹത്വവും രാജത്വവും പ്രാപിക്കുവാൻ വയോധികന്റെ അടുക്കലേക്കു വരുന്നു. പ്രവചനം മുൻപ്രസ്താവിച്ചിരിക്കുന്നത് 1844-ൽ 2300 ദിനത്തിന്റെ അവസാനത്തിൽ ക്രിസ്തുവിന്റെ ഭൂമിയിലേക്കുള്ള രണ്ടാംവരവിനെക്കുറിച്ചല്ല, മേലുദ്ധരിച്ച ഈ വരവിനെക്കുറിച്ചാണ്. സ്വർഗ്ഗീയ ദൂതന്മാരുടെ അകമ്പടിയോടെ നമ്മുടെ മഹാപുരോഹിതൻ സ്വർഗ്ഗത്തിലെ അതിപരിശുദ്ധ സ്ഥലത്ത് പ്രവേശിക്കുകയും അവിടെ പരിശോധനാന്യായവിധിയുടെ വേല ആരംഭിക്കുന്നതിന് ദൈവസന്നിധിയിൽ പ്രത്യക്ഷമാവുകയും പാപപരിഹാരത്തിന്റെ ഗുണം പ്രാപിക്കുവാൻ യോഗ്യരായവർക്കുവേണ്ടി പാപപരിഹാര ശുശ്രൂഷ നടത്തുകയും ചെയ്യും.

ജീവജല ഉറവയിങ്കൽ നിന്നും പാനം ചെയ്യുവാനുള്ള ആവശ്യകത ദർശിപ്പാൻ ദൈവം നമ്മെ അനുഗ്രഹിക്കട്ടെ! അതിന്റെ ശുദ്ധമായ ഒഴുക്ക് നമ്മെയും നമ്മോട് ബന്ധപ്പെട്ട എല്ലാറ്റിനെയും ഉന്മേഷപൂർണ്ണമാക്കുവാനും സുഖപ്പെടുത്തുവാനും ഉതകും. ഓ! നമ്മുടെ മനസ്സ് ദൈവാത്മാവിനാൽ പൂർണ്ണമായും നിറയപ്പെട്ടെങ്കിൽ! മിഴികൾ പൂർണ്ണമായും ദൈവമഹത്വം ദർശിച്ചെങ്കിൽ! ആത്മാവിൽ എത്ര ഭയങ്കരമായ സ്വർഗ്ഗീയ പ്രഭയുടെ പ്രളയം പതിയുമായിരുന്നു. ഒരു മനുഷ്യനാലും സംസാരിപ്പാൻ കഴിയാത്തവിധം സംസാരിച്ചവൻ ഭൂമിയിലെ ഒരു നല്ല അദ്ധ്യാപകനാണ്. അവന്റെ ഉയിർപ്പിനുശേഷം എമ്മൗസിലേക്കുപോയ ഏകാന്തരും ആശ നശിച്ചവരുമായ ശിഷ്യന്മാർക്കും മാളികമുകളിൽ കൂടിവന്നവർക്കും അവൻ നല്ലൊരു അദ്ധ്യാപകൻ ആയിരുന്നു. അവൻ തിരുവെഴുത്തുകളിൽ നിന്നും അവനെക്കുറിച്ചുള്ളത് വെളിപ്പെടുത്തുകയും അവരുടെ ഹൃദയം വിശുദ്ധവും പുതിയതും പരിപാവനവുമായ പ്രത്യാശയും സന്തോഷവും നിറഞ്ഞതാക്കിത്തീർക്കുകയും ചെയ്തു.

അതിപരിശുദ്ധനായവങ്കൽനിന്നും നിർദ്ദേശങ്ങളുടെ വലിയ വേല പ്രവഹിക്കുകയാണ്. ദൈവദൂതന്മാർ മനുഷ്യരുമായി സംവാദിക്കുകയാണ്. ക്രിസ്തു വിശുദ്ധ മന്ദിരത്തിൽ വേല ചെയ്യുകയാണ്. നാം ആയിരിക്കേണ്ടതുപോലെ ആലയത്തിലേക്ക് അവനെ അനുധാവനം ചെയ്യുന്നില്ല. ദൂതന്മാരും യേശുവും മനുഷ്യരുടെ ഹൃദയത്തിൽ പ്രവർത്തിക്കുകയാണ്. സ്വർഗ്ഗീയ സഭയും ഭൂമിയിലുള്ള സഭയും ഒരുമിച്ച് ഭൂമിയിൽ വരുവാനുള്ള യുദ്ധത്തെ കൂടാരശുദ്ധീകരണ ശുശ്രൂഷാബന്ധത്തിൽ മുന്നറിയിക്കുകയാണ്.

നമ്മുടെ ശ്രേഷ്ഠ മഹാപുരോഹിതൻ തന്റെ ജനങ്ങൾക്കായി മദ്ധ്യസ്ഥവേല നിർവ്വഹിക്കുന്ന സ്വർഗ്ഗീയ മന്ദിരത്തിൽ ദൈവമക്കൾ തങ്ങളുടെ മിഴികൾ ഉറപ്പിക്കണം.





# ജീവിച്ചിരിക്കുന്നവരുടെ കാര്യം തീർപ്പാക്കൽ

***ആകയാൽ നീ പ്രാപിക്കുകയും കേൾക്കുകയും ചെയ്തതു എങ്ങനെ എന്നു ഓർത്തു അത് കാത്തുകൊൾകയും മാനസാന്തരപ്പെടുകയും ചെയ്ക. നീ ഉണരാതിരുന്നാൽ ഞാൻ കള്ളനെപ്പോലെ വരും; ഏതു നാഴികക്കു നിന്റെ മേൽ വരും എന്നു നീ അറികയും ഇല്ല. വെളി. 3:3.***

ന്യായവിധിക്കായി നിശ്ചയിക്കപ്പെട്ട സമയത്ത് 1844-ലെ 2300 ദിനത്തിനൊടുവിൽ പരിശോധനാ വേലയും പാപം തുടച്ചുനീക്കിക്കളയുന്ന വേലയും ആരംഭിച്ചു. യേശുവിന്റെ നാമം ആരെല്ലാം ധരിച്ചിരിക്കുന്നുവോ അവരെല്ലാം സുരക്ഷാപരിശോധനയെ ജയിക്കണം. "പുസ്തകങ്ങളിൽ എഴുതിയിരുന്നതിനു ഒത്തവണ്ണം അവരുടെ പ്രവൃത്തികൾക്കൊത്തവണ്ണം" (വെളി. 20:12) ജീവിച്ചിരിക്കുന്നവരും മരിച്ചുപോയവരും ന്യായം വിധിക്കപ്പെടണം.

"എല്ലാവരും തങ്ങളുടെ വിശ്വാസത്തിനും പ്രവൃത്തിക്കും അനുസരണമായി ന്യായം വിധിക്കപ്പെടും" എന്ന് ന്യായാധിപൻ പറയുന്നു.

അതനുസരിച്ച് ഏറ്റുപറയാത്തതും മുറുകെപ്പറ്റുന്നതുമായ പാപം ക്ഷമിക്കപ്പെടുകയില്ല. അത് പുസ്തകരേഖകളിൽനിന്നും നീക്കം ചെയ്യപ്പെടാതെ ദൈവത്തിന്റെ ദിവസത്തിൽ പാപികൾക്കെതിരേ ഒരു സാക്ഷ്യമായി നിലകൊള്ളും.

മേധാവിത്വത്തിനായി മല്ലടിക്കുന്ന ദുഷ്ടതകളുടെ ആത്മാവിനെ കീഴടക്കാത്ത എല്ലാവരുടെയും മനസ്സിൽ വലിയ പോരാട്ടം ഉണ്ടാകും. ഒരുക്കത്തിന്റെ വേല വ്യക്തിപരമാണ്. നാം സമൂഹമായല്ല രക്ഷ പ്രാപിക്കുന്നത്. ഒരുത്തന്റെ വിശുദ്ധിയും ആരാധനയും ഇതില്ലാത്ത മറ്റൊരുവനായി സമരസ്യപ്പെടുകയില്ല. എല്ലാ വംശങ്ങളും ദൈവമുൻപാകെ ന്യായവിധിയെ തരണം ചെയ്യണമെങ്കിലും അവൻ എല്ലാ വ്യക്തികളെയും അവരുടെ കാര്യങ്ങൾ അതിജാഗ്രതാസുരക്ഷാപരിശോധനക്ക് വിധേയമാക്കും. എല്ലാവരും ശോധനചെയ്യപ്പെട്ട് കറ, കളങ്കം, ചുളുക്കം ഏതുമില്ലെന്ന് ഉറപ്പുവരുത്തപ്പെടണം.

ഈ ന്യായവിധി ഇപ്പോൾ മീതെ സ്വർഗ്ഗത്തിൽ നടക്കുകയാണ്. അനേക നാളുകളായി ഈ വേല അതിന്റെ പുരോഗതിയിലാണ്. പെട്ടെന്ന്, എത്ര വേഗത്തിൽ ജീവിച്ചിരിക്കുന്നവരുടെ കാര്യം അതിൽ തീർപ്പാക്കുമെന്ന് ആർക്കും അറിയില്ല. ദൈവത്തിന്റെ മുൻപിൽ നമ്മുടെ ജീവിതം പുനരവലോകനം ചെയ്യപ്പെടും. ഈ സമയത്ത് എല്ലാറ്റിനെക്കാളുമുപരിയായി ഇത് കൈക്കൊള്ളുവാൻ രക്ഷകന്റെ ശാസന നമ്മെ ഉത്ബോധിപ്പിക്കുന്നത് ആ കാലം എപ്പോൾ എന്ന് നിങ്ങൾ അറിയായ്കകൊണ്ടു സൂക്ഷിച്ചുകൊൾവിൻ, ഉണർന്നും പ്രാർത്ഥിച്ചും കൊണ്ടിരിപ്പിൻ" എന്നാണ്. മർക്കൊ. 13:33; "നീ ഉണരാതിരുന്നാൽ ഞാൻ കള്ളനെപ്പോലെ വരും, ഏതു നാഴികെക്കു നിന്റെ മേൽ വരും എന്നു നീ അറികയും ഇല്ല" വെളി. 3:3.

# പരിശോധനാ ന്യായവിധി

***ചില മനുഷ്യരുടെ പാപങ്ങൾ വിസ്താരത്തിനു മുമ്പെ തന്നെ വെളിവായിരിക്കുന്നു, ചിലരുടെ പാപങ്ങളോ ക്രമേണയത്രേ. 1 തിമൊ. 5:24.***

കർത്താവിന്റെ രണ്ടാംവരവിനു മുൻപായി പരിശോധനാ ന്യായവിധിയുടെ വേലയും പാപപരിഹാര ക്രിയയും പൂർത്തീകരിക്കപ്പെടണം. പുസ്തകങ്ങളിൽ എഴുതിയിരിക്കുന്നതിന് അനുസരണമായി മരിച്ചവരെ ന്യായം വിധിക്കേണ്ടതുള്ളതുകൊണ്ടും ന്യായവിധിയിൽ മനുഷ്യരുടെ കാര്യങ്ങൾ ശോധന ചെയ്യേണ്ടതുള്ളതുകൊണ്ടും, ന്യായവിധിക്കുശേഷം മനുഷ്യരുടെ പാപങ്ങൾക്ക് പരിഹാരം വരുത്തുക (മായിച്ചുകളയുക) സാധ്യമല്ല. പരിശോധനാന്യായവിധി അവസാനിക്കുമ്പോൾ മനുഷ്യർക്ക് അവരുടെ പ്രവൃത്തികൾക്ക് അനുസരിച്ച് പ്രതിഫലവുമായി യേശുവരും.

എല്ലാവരും പുസ്തകങ്ങളിൽ എഴുതിയിരിക്കുന്നതിനനുസൃതമായി ന്യായം വിധിക്കപ്പെടുകയും അവരുടെ പ്രവൃത്തികൾ എപ്രകാരമായിരുന്നോ അതിനനുസരിച്ച് പ്രതിഫലം നല്കപ്പെടുകയും ചെയ്യും. ഈ ന്യായവിധി മരണത്തിങ്കലല്ല നടത്തപ്പെടുന്ന്.

സാദൃശ്യപരമായ യിസ്രായേലിന്റെ പാപപരിഹാര ശുശ്രൂഷ നിർവ്വഹിച്ച ശേഷം മഹാപുരോഹിതൻ മുമ്പോട്ടുവന്ന് സഭയെ അനുഗ്രഹിച്ചു. അതുപോലെ തന്നെ ക്രിസ്തുവും തനിക്കായി കാത്തുനില്ക്കുന്നവരെ നിത്യജീവനാൽ അനുഗ്രഹിക്കേണ്ടതിന് തന്റെ മദ്ധ്യസ്ഥവേലയുടെ അന്ത്യത്തിൽ രക്ഷയ്ക്കായി പാപം കൂടാതെ പ്രത്യക്ഷനാകും. കൂടാരത്തിൽനിന്നും പാപം നീക്കിക്കളയേണ്ടതിന് ദൈവത്തിന് എന്ന് ചീട്ടുവീണ ആടിന്റെ തലയിൽ കൈവച്ച് പുരോഹിതൻ പാപം ഏറ്റുപറഞ്ഞ് അതിന്റെമേൽ ചുമത്തുന്നതുപോലെ ക്രിസ്തു പാപത്തിന്റെ കാരണക്കാരനും ഉത്തേജകനുമായ സാത്താന്റെ മേൽ എല്ലാ പാപവും ചുമത്തും. യിസ്രായേലിന്റെ പാപം വഹിക്കുന്ന പകരക്കാരനായ ആടിനെ മരുഭൂമിയിലേക്ക് അയക്കുന്നതുപോലെ സാത്താനും ദൈവജനത്തെക്കൊണ്ട് താൻ ചെയ്യിച്ചതായ എല്ലാ പാപത്തിന്റെയും ഭാരവും വഹിച്ചുകൊണ്ട്, ആയിരമാണ്ട് വിജനമായ ഭൂമിയിൽ വസിക്കുകയും എല്ലാ ദുഷ്ടന്മാരെയും നശിപ്പിക്കുന്ന നിത്യാഗ്നിയിൽ അന്തിമമായി പാപത്തിന്റ എല്ലാ ശിക്ഷയും അനുഭവിക്കുകയും ചെയ്യും.

ഭൂമിയിൽ വസിക്കുന്ന അസംഖ്യം ജനങ്ങൾ, തങ്ങളുടെ ആത്മാവിനെ സത്യം അനുസരിക്കേണ്ടതിന്നായി പുതുക്കാതിരുന്നതിനാൽ, രണ്ടാം മരണത്തിന് വിധിക്കപ്പെടുമ്പോൾ, ഭൂമിയിൽ നിന്നും വളരെക്കുറച്ചുപേരേ നിത്യജീവനായി രക്ഷ പ്രാപിക്കുകയുള്ളു.

പശ്ചാത്തപിക്കുന്ന വിശ്വാസികളുടെ പാപങ്ങൾ കൂടാരത്തിൽനിന്നും നീക്കം ചെയ്യപ്പെടുമ്പോൾ, ഭൂമിയിലുള്ള ദൈവജനത്തിന്നിടയിലുള്ള പാപം മായിച്ചുകളയുന്ന ഒരു വിശുദ്ധീകരണത്തിന്റെ പ്രത്യേക ശുശ്രൂഷ അവിടെയുണ്ടാകും.





# കോടതികളുടെയും സമിതികളുടെയും മുൻപിലുള്ള നില്പ്

***ഞാൻ ലജ്ജിക്കാതെ രാജാക്കന്മാരുടെ മുമ്പിലും നിന്റെ സാക്ഷ്യങ്ങളെക്കുറിച്ചു സംസാരിക്കും. സങ്കീ. 119:46***

വലിയ അവസാനവേലയിൽ, എങ്ങനെ പ്രതികരിക്കണം എന്നറിയാതെ കലക്കത്തിൽ നാം എത്തിച്ചേരും. എന്നിരുന്നാലും സ്വർഗ്ഗത്തിലെ മൂന്നുശക്തികൾ പ്രവർത്തിക്കുന്നതും ഒരു ദിവ്യമായ കരം എല്ലാറ്റിന്റെയും ചുക്കാൻ പിടിക്കുന്നതും ദൈവം തന്റെ ഉദ്ദേശങ്ങളൊക്കെയും സാധിക്കുന്നതും മറന്നുപോകരുത്.

നമ്മെ നാടുവാഴികളുടെയും ആയിരങ്ങളുടെ മുമ്പിലും അവന്റെ നാമം നിമിത്തം കൊണ്ടുവരികയും ഓരോരുത്തരും അവരവരുടെ വിശ്വാസത്തിനു സാക്ഷ്യം വഹിക്കേണ്ടിയും വരും. സത്യത്തിനുവേണ്ടി നാം എടുക്കുന്ന നിലപാടുകളിൽ മഹാന്മാരായ വ്യക്തികൾ കുറ്റം ആരോപിക്കും. ലോകത്തിലെ ഏറ്റവും ഉയർന്ന മഹാന്മാരാൽ സത്യത്തെ പഠിച്ചിട്ട് നാം എടുക്കുന്ന എല്ലാ നിലപാടും തിരുവെഴുത്തിനു ആസ്പദമാക്കിയിട്ടുള്ളതോ എന്നു പരിശോധിക്കും. ഇപ്പോൾ അവയെക്കുറിച്ചു നാം ശ്രദ്ധിക്കുന്നില്ലായിരിക്കാം. എന്നാൽ കാര്യങ്ങൾ എല്ലായ്പ്പോഴും ഇങ്ങനെയായിരിക്കുകയില്ല. നമ്മെ മുമ്പിൽ എത്തിക്കുവാനുള്ള പ്രസ്ഥാനങ്ങൾ ഉണർന്നു പ്രവർത്തിക്കുന്നു. നാം ഉൾക്കൊള്ളുന്ന സത്യത്തിന്റെ ആശയം ഒന്നൊന്നായി ചരിത്രകാരന്മാർക്കോ ലോകത്തിലെ മഹാന്മാർക്കോ പുറത്തുകൊണ്ടുവരുവാൻ കഴിഞ്ഞാൽ അതു ഉടനെയുണ്ടായിരിക്കും.

തന്റെ പ്രതിയോഗിക്കു കാര്യം കാണുവാൻ കഴിയാതെയും എതിർത്തു നില്പാൻ കഴിയാതെയുമിരിക്കേണ്ടതിനും ക്രിസ്തു തന്റെ ശിഷ്യന്മാർക്ക് ഒരു പ്രത്യേക നാവും ഭാഷയും കൊടുക്കും. സാത്താന്റെ മായാശക്തിയെ കീഴടക്കുവാൻ കഴിയാത്തവർക്കു വിദ്വാന്മാരെ വെല്ലുവാൻ കഴിയുന്ന സാക്ഷ്യം നിർവ്വഹിക്കുവാൻ ശക്തിയെ കൊടുക്കും. പരിജ്ഞാനമില്ലാത്തവരുടെ നാവുകളിൽ നിന്നും ജ്ഞാനമുള്ള വാക്കുകൾ പുറപ്പെടുകയും ഹൃദയത്തിനു മാറ്റം വരുകയും ചെയ്യും. ഈ സാക്ഷ്യം നിമിത്തം ആയിരങ്ങൾക്കു പരിവർത്തനമുണ്ടാകും.

വിദ്യാസമ്പന്നരായ മനുഷ്യർക്കു ഇല്ലാത്ത അധികാരം വിദ്യാവിഹീനർക്കു എങ്ങനെ ഉണ്ടായി? വിദ്യാസമ്പന്നർ സത്യത്തിൽനിന്നും തിരിഞ്ഞുകളഞ്ഞപ്പോൾ വിദ്യാവിഹീനർ ക്രിസ്തുവിങ്കലുള്ള വിശ്വാസത്തിലൂടെ വിശുദ്ധിയുടെയും വ്യക്തമായ സത്യത്തിലൂടെയും അനുഭവത്തിൽ വന്നു. ദരിദ്രർ ക്രിസ്തുവിന്റെ സാക്ഷിയാണ്. അവനു ചരിത്രം അറിയുകയില്ല. ഉയർന്ന ശാസ്ത്രവും അറിയത്തില്ല. എന്നാൽ ദൈവത്തിന്റെ തിരുവെഴുത്തിൽനിന്നു ആ ശക്തിയുടെ തെളിവു അവൻ കൊണ്ടുവരുന്നു. അവർ ദൈവത്തിന്റെ ആത്മാവിന്റെ പ്രചോദനത്താൽ സംസാരിക്കയാൽ അവൻ പറയുന്ന വചനം ശുദ്ധവും എതിരാളികളുടെ നാവു അടക്കുകയും ചെയ്യത്തക്കവണ്ണമുള്ളതുമാണ്.

# ഭൂമിയിലെ മഹാന്മാരുടെ മുമ്പാകെ സാക്ഷ്യം വഹിക്കുന്നു

***എന്റെ നിമിത്തം നാടുവാഴികൾക്കും രാജാക്കന്മാർക്കും മുമ്പിൽ കൊണ്ടുപോകുകയും ചെയ്യും. അത് അവർക്കും ജാതികൾക്കും ഒരു സാക്ഷ്യം ആയിരിക്കും മത്താ. 10:18***

നാടുവാഴികളുടെയും രാജാക്കന്മാരുടെയും മുമ്പിൽ ദൈവജനം സാക്ഷികളായിരിക്കും എന്നു യേശു പറഞ്ഞതായ നാഴിക അധികം വിദൂരതയിലല്ല. ഈ ഒരു വസ്തുത ഇരുപതിൽ ഒരാൾപോലും തിരിച്ചറിയുന്നില്ല. നമുക്കു മുൻപിൽ ഉടലെടുക്കുന്ന വൻപ്രതികൂലങ്ങളെ നേരിടുവാൻ എന്തു പ്രതികരണമാണ് നാം മുൻ കരുതിയിരിക്കുന്നത്? നമ്മുടെ ചിന്തകളെ അനിശ്ചിതത്വത്തിനും കലഹത്തിനും ആവശ്യമില്ലാത്ത കാര്യങ്ങൾക്കും വിട്ടുകൊടുക്കുവാൻ നമുക്കു സമയമില്ല.

രാജാക്കന്മാരും നാടുവാഴികളും മഹാന്മാരും നമ്മുടെ ശത്രുക്കളിൽനിന്നും നമ്മെക്കുറിച്ചു കേൾക്കുകയും അവർ അവരെ നമ്മുടെ സ്വഭാവത്തെയും വിശ്വാസത്തെയും അയോഗ്യമായതെന്ന് ഗ്രഹിപ്പിക്കുകയും ചെയ്യും. എന്നാൽ കള്ള സാക്ഷികൾ നിമിത്തം കുറ്റാരോപിതർക്ക് തങ്ങളെ കുറ്റമാരോപിച്ചവർക്ക് മുൻപിൽ ഉത്തരം പറയുവാൻ ഒരു അവസരംകൂടി ലഭിക്കും. അവർക്കു ഭൂമിയിലെ മഹാന്മാർ എന്നു പറയുന്നവരുടെ മുൻപാകെ സത്യവെളിച്ചത്തിനു സാക്ഷികൾ ആയിത്തീരുവാനും, നിങ്ങൾ ദൈവവചനം പഠിച്ചവരെങ്കിൽ എല്ലാ മനുഷ്യരോടും സൗമ്യതയോടും ഭയഭക്തിയോടുംകൂടി നിങ്ങളിലുള്ള പ്രത്യാശയെക്കുറിച്ചു ഉത്തരം പറയുവാൻ ഒരുക്കമുള്ളവരായിരിക്കുന്നു എങ്കിൽ ശത്രുക്കൾക്ക് നിങ്ങളുടെ ജ്ഞാനത്തെ എതിർക്കുവാൻ കഴിയുകയില്ല.

ഇന്നു നിങ്ങൾക്ക് ദൈവത്തിന്റെ വചനം പഠിച്ച് പരിജ്ഞാനമുള്ളവരായിത്തീരുവാൻ അവസരം ഉണ്ട്. എന്നാൽ ഇന്നു നീ അലസമായിരുന്ന് സത്യത്തെ ആഴമായി ഗ്രഹിക്കുവാൻ പരാജയപ്പെട്ടാൽ, നമ്മുടെമേൽ വരുവാനുള്ള പ്രതിസന്ധിയെ നേരിടുവാൻ നാം ഒരുക്കമില്ലാത്തവരായിരിക്കും. ആയതിനാൽ നമുക്ക് ലഭിക്കുന്ന ഓരോ നിമിഷവും തങ്കത്തെക്കാൾ വിലപിടിപ്പുള്ളതാണ് എന്ന് നീ ഗ്രഹിച്ചിരുന്നെങ്കിൽ! നിങ്ങൾ ദൈവത്തിന്റെ വായിൽനിന്നും പുറപ്പെടുന്ന വചനപ്രകാരം ജീവിക്കുന്നു എങ്കിൽ നിങ്ങൾ ഒരുക്കമില്ലാത്തവരായി കാണുകയില്ല.

നാം എവിടെയെല്ലാം സത്യത്തിന്റെ സാക്ഷികളാകുവാൻ വിളിക്കപ്പെടും എന്നു നാം അറിയുന്നില്ല. ചിലർക്കു കോടതികളിലും കുറെപ്പേർക്കു നാടുവാഴികൾക്കും രാജാക്കന്മാർക്കും ഭൂമിയുടെ മഹത്തുക്കൾക്കും മുമ്പിൽ അവരുടെ വിശ്വാസത്തിനു പ്രതിവാദം പറയേണ്ടിവരും. വചനത്തിൽ ആഴമായ ജ്ഞാനം ഇല്ലാത്തവർ കലക്കത്തിൽ ആയിത്തീരുകയും ലജ്ജിതരായി ഭവിക്കുകയും ചെയ്യും. അതുകൊണ്ട് എനിക്ക് പ്രസംഗപീഠത്തിൽ പ്രസംഗിക്കേണ്ട ആവശ്യമില്ലാത്തതിനാൽ പഠിക്കേണ്ട ആവശ്യമില്ല എന്നു പറയാതെ ദൈവത്തിനു കൊള്ളാവുന്നവരായിത്തീരുവാൻ ശ്രമിക്കുക. കാരണം ദൈവം നമ്മിൽ നിന്നും എന്ത് ആഗ്രഹിക്കുന്നു എന്നു അറിയുന്നില്ല.





# നിന്റെ ദൈവത്തെ എതിരേല്പാൻ ഒരുങ്ങിക്കൊൾക

***അതുകൊണ്ടു യിസ്രയേലേ, ഞാൻ ഇങ്ങനെ നിന്നോടു ചെയ്യും; യിസ്രയേലേ, ഞാൻ ഇതു നിന്നോടു ചെയ്‌വാൻ പോകുന്നതുകൊണ്ടു നിന്റെ ദൈവത്തെ എതിരേല്പാൻ ഒരുങ്ങിക്കൊൾക. ആമോസ് 4:12***

കഷ്ടകാല സമയത്ത് ദൈവാലയത്തിൽ ഒരു പുരോഹിതന്റെ അഭാവത്തിൽ യഹോവയ്ക്കു പ്രസാദകരമായ രീതിയിൽ ജീവിതം ക്രമീകരിക്കുന്നത് എങ്ങനെ എന്നു പലർക്കും അനുമാനിക്കുവാൻ കഴിയുന്നില്ല. ജീവനുള്ള ദൈവത്തിന്റെ മുദ്രയേറ്റവരും കഷ്ടകാലത്തു അവന്റെ സംരക്ഷണത്തിൽ ഇരിക്കുന്നവരും ക്രിസ്തുവിനെ അവരുടെ ജീവിതത്താൽ ഉയർത്തേണ്ടതാകുന്നു. ക്രിസ്തുവിന്റെ രക്തത്താൽ തളിക്കപ്പെട്ട അവരുടെ വസ്ത്രം കറയില്ലാത്തതും അവരുടെ സ്വഭാവം ശുദ്ധി ചെയ്തതും ആയിരിക്കണം. അവർ ദൈവത്തിന്റെ കൃപയാലും അവരുടെ ആത്മാർത്ഥമായ പ്രയത്നത്താലും ദുഷ്ടന്റെ മേൽ ജയം കൊണ്ടുവരുന്നവരുമായിരിക്കണം. സ്വർഗ്ഗത്തിൽ പരിശോധനാന്യായവിധി മുന്നോട്ടുപോകുമ്പോൾ, മാനസാന്തരപ്പെട്ട വിശ്വാസികളുടെ പാപങ്ങൾ സ്വർഗ്ഗീയ മന്ദിരത്തിൽ നിന്നും നീക്കുന്ന അവസരത്തിൽ ഭൂമിയിലുള്ള ദൈവജനത്തിനിടയിൽ പാപത്തെ നീക്കം ചെയ്യുന്ന ഒരു പ്രത്യേക ശുദ്ധീകരണ വേല നടക്കേണ്ടതാണ്.

അനേകരും ആവശ്യമായിരിക്കുന്ന ഒരുക്കങ്ങളെ തിരസ്ക്കരിച്ച് പിന്മഴ പ്രാപിച്ച് പുതുക്കം പ്രാപിക്കുന്ന സമയത്തിനായി നോക്കി പാർക്കുകയും അങ്ങനെ കർത്താവിന്റെ ദിവസത്തിൽ സഹിച്ചു നില്ക്കുവാനുള്ള ശക്തി പ്രാപിക്കാം എന്നും അവനു പ്രസാദമാംവണ്ണം ജീവിക്കാം എന്നും ചിന്തിക്കുന്നു. ഓ! എത്ര പേരാണ് കഷ്ടകാലത്ത് ആശ്രയമറ്റുപോയതെന്നു ഞാൻ കണ്ടു. അവർക്ക് ആവശ്യമായിരുന്ന ഒരുക്കങ്ങൾ ചെയ്യാത്തതിനാൽ പുതുക്കം പ്രാപിക്കുവാൻ കഴിയാതെ പരിശുദ്ധനായ ദൈവമുമ്പാകെ യോഗ്യമായ ജീവിതം കാഴ്ചവെയ്പാൻ കഴിഞ്ഞില്ല.

പ്രവാചകന്മാരുടെ ഉപദേശങ്ങളെ തിരസ്കരിച്ചും ദൈവകല്പന അനുസരിക്കുന്നതിൽ ആത്മാവിനെ ശുദ്ധീകരിക്കാതെയും തങ്ങളുടെ ഇപ്പോഴുള്ള ജീവിതം കഴിഞ്ഞ കാലത്തെക്കാൾ നല്ലതു എന്ന് വിശ്വസിക്കുവാൻ പ്രേരിപ്പിക്കപ്പെടുകയും ചെയ്യുന്നവർ ബാധകൾ വർഷിക്കപ്പെടുമ്പോൾ കെട്ടുപണികൾക്കായി തങ്ങൾ മുമ്പേ ചെത്തിവെടിപ്പാക്കപ്പെടേണ്ടവർ ആയിരുന്നു എന്നു മനസ്സിലാക്കും.

എല്ലാ ഹീന വാക്കുകളിന്മേലും എല്ലാ പ്രവൃത്തിയിന്മേലും അഹംഭാവത്തിന്മേലും സ്വാർത്ഥതയിന്മേലും ലോക സ്നേഹത്തിന്മേലും ജയം പ്രാപിക്കാതെ ഒരുവനും പുതുക്കം പ്രാപിക്കുകയില്ല എന്നു ഞാൻ കണ്ടു. ആകയാൽ നാം കർത്താവിനോടു കൂടുതൽ കൂടുതൽ അടുത്തുചെന്നു കർത്താവിന്റെ മഹാദിവസത്തിലെ പോരാട്ടത്തിൽ സഹിച്ചു നില്ക്കേണ്ടതിന്നു ആവശ്യമായ ഒരുക്കങ്ങൾ ലഭിക്കേണ്ടതിന്ന് ആത്മാർത്ഥമായി പ്രയത്നിക്കണം. ദൈവം പരിശുദ്ധനാകയാൽ വിശുദ്ധരായവർക്കല്ലാതെ അവന്റെ സാന്നിദ്ധ്യത്തിൽ എന്നും വസിക്കുവാൻ കഴിയുകയില്ല എന്നു നാം എല്ലാവരും ഓർമ്മിച്ചാൽ നന്ന്.

# ദിവ്യസഹായം വാഗ്ദത്തം ചെയ്യപ്പെട്ടിരിക്കുന്നു

***എന്നാൽ നിങ്ങളെ ഏല്പിക്കുമ്പോൾ എങ്ങിനെയോ എന്തോ പറയേണ്ടു എന്നു വിചാരപ്പെടേണ്ട; പറയുവാനുള്ളത് ആ നാഴികയിൽ തന്നെ നിങ്ങൾക്കു ലഭിക്കും. മത്താ. 10:19***

ക്രിസ്തുവിന്റെ ദാസന്മാരെ അവരുടെ വിശ്വാസം നിമിത്തം ശോധനയിൽ കൊണ്ടുവരുമ്പോൾ അവരോടു സംസാരിക്കേണ്ടതിന് തയ്യാറാക്കപ്പെട്ട ഒരു പ്രസംഗത്തിന്റെ ആവശ്യമില്ല. ദിനംതോറുമുള്ള ഒരുക്കത്താൽ അവരുടെ ഹൃദയങ്ങളിൽ ശ്രേഷ്ഠതയേറിയ ദൈവവചന സത്യം നിറയും. ക്രിസ്തുവിന്റെ പഠിപ്പിക്കലുകളുടെ പഠനത്താലും പ്രാർത്ഥനയാൽ അവരുടെ വിശ്വാസത്തെ ശക്തിപ്പെടുത്തുന്നതിനാലും അവരെ ശോധന കഴിപ്പാൻ കൊണ്ടുവരപ്പെടുമ്പോൾ ദൈവത്തിന്റെ പരിശുദ്ധാത്മാവ് അവരുടെ മനസ്സിൽ ഓർമ്മകൊണ്ടുവന്നിട്ട് അവർ സംസാരിക്കുന്ന സത്യത്താൽ അത് കേൾക്കുന്നവരുടെ ഹൃദയം സ്പർശിക്കപ്പെടും. ദൈവവചനത്തിലുള്ള ആത്മാർത്ഥമായ അന്വേഷണത്താൽ സ്വായത്തമാക്കിയ ജ്ഞാനത്തെ ആവശ്യമായിരിക്കുന്ന സമയത്തു ദൈവം അവരുടെ ഓർമ്മയിൽ പ്രകാശിപ്പിക്കും.

നിങ്ങൾ പരിശോധനാ സമയത്തേക്കായി ഒരുങ്ങേണ്ടതാകുന്നു. ഇപ്പോഴാണ് നിങ്ങളുടെ കാലുകൾ നിത്യകാലപാറയിലാണോ ഉറപ്പിച്ചിരിക്കുന്നത് എന്ന് നിങ്ങൾ അറിയേണ്ടത്. നിങ്ങളുടെ വെളിച്ചത്തിനായി നിങ്ങൾ മറ്റുള്ളവരിൽ ആശ്രയിക്കാതെ നിങ്ങളുടെ സ്വന്തമായ അനുഭവം നിങ്ങൾക്ക് ആവശ്യമാണ്. നിങ്ങൾ പരിശോധനയിലേക്ക് ആനയിക്കപ്പെടുമ്പോൾ ഒരു ഭൗമിക സ്നേഹിതൻ നിങ്ങളുടെ കൂടെയില്ലാതെ നിങ്ങൾ ഏകനല്ലെന്ന് എങ്ങനെ മനസ്സിലാക്കും? ക്രിസ്തു നിങ്ങളുടെ സഹായത്തിനുണ്ടെന്ന് എങ്ങനെ നിങ്ങൾ ഗ്രഹിക്കും? "ഇതാ, ഞാൻ ലോകവസാനത്തോളം എല്ലായ്പോഴും നിങ്ങളോടുകൂടെയുണ്ട് എന്ന വാഗ്ദത്തം നിങ്ങൾക്കു ഓർക്കുവാനാകുമോ? നിങ്ങളുടെ നാശത്തിനായി കാംക്ഷിക്കുന്ന അദൃശ്യനായവൻ അവിടെയുണ്ടാകും. സാത്താനും അവന്റെ അനുയായികളും നിങ്ങളുടെ ദൈവത്തോടും അവന്റെ സത്യത്തോടുമുള്ള സ്ഥിരത നഷ്ടമാക്കുവാൻ എല്ലാ വഴികളും ആരായും. എന്നാൽ നിന്റെ ദൃഷ്ടി കർത്താവിന്റെ മഹത്വത്തിൽ മാത്രം ഉറപ്പിക്കുന്നു എങ്കിൽ അവന്റെ സത്യത്തിന്റെ സാക്ഷ്യം എങ്ങനെ വഹിക്കുമെന്ന് വ്യാകുലപ്പെടേണ്ടതില്ല.

യുവതീയുവാക്കന്മാരേ, നിങ്ങൾ ക്രിസ്തുവിലുള്ള സ്ത്രീ പുരുഷന്മാരുടെ പൂർണ്ണതയിലേക്ക് വളർച്ച പ്രാപിക്കുന്നുണ്ടോ? അങ്ങനെ എങ്കിൽ പ്രതിസന്ധിഘട്ടം വരുമ്പോൾ നിങ്ങളെ നിങ്ങളുടെ ശക്തിയുടെ ഉറവിടത്തിൽനിന്നും അകറ്റി നിർത്തുവാൻ കഴിയുകയില്ല ശോധനാവേളകളിൽ നിങ്ങൾക്ക് ഉറച്ചുനിൽക്കണമെങ്കിൽ, ആ സമാധാനകാലത്തുതന്നെ ദൈവിക കാര്യങ്ങളിൽ നിങ്ങൾ ജീവിത അനുഭവങ്ങൾ സ്വായത്തമാക്കേണ്ടിയിരിക്കുന്നു. നാം ദൈവത്തിന്റെ പരിശുദ്ധാത്മാവിന്റെ ആഴങ്ങളിലുള്ള ചലനം എന്താണെന്ന് ഗ്രഹിക്കുവാൻ പഠിക്കണം. ക്രിസ്തു ആയിരിക്കണം നമ്മുടെ എല്ലാം, അൽഫയും ഒമേഗയും, ആദ്യവും അന്ത്യവും ആരംഭവും അവസാനവും.





# മറ്റൊരു പെന്തക്കോസ്തു വരുന്നു

***ഞാൻ അവയെയും എന്റെ കുന്നിനും ചുറ്റുമുള്ള സ്ഥലങ്ങളെയും ഒരു അനുഗ്രഹമാക്കിവെയ്ക്കും; ഞാൻ തക്കസമയത്തു മഴ പെയ്യിക്കും; അതു അനുഗ്രഹമായ മഴ ആയിരിക്കും. യെഹെ. 34:26***

പൂർവ്വ ദേശങ്ങളിൽ വിത്തു വിതക്കുന്ന സമയത്തിനു മുമ്പും കൊയ്ത്തിന്റെ സമയത്തിനു മുമ്പും പെയ്യുന്ന മുൻമഴയെയും പിന്മഴയെയും ഉപമിച്ചുകൊണ്ട് എബ്രായ പ്രവാചകർ മുൻകൂട്ടി പറഞ്ഞിരിക്കുന്ന ആത്മീയവരം ദൈവത്തിന്റെ സഭയിൽ വർഷിക്കപ്പെടുവാൻ പോകുന്നു. അപ്പൊസ്തലന്മാരുടെ കാലത്തു സംഭവിച്ച ആത്മാവിന്റെ വൻ വർഷം മുൻമഴയുടെ ആരംഭമായിരുന്നു, അതിന്റെ ഫലം മഹത്വകരമായിരുന്നു. എന്നാൽ ഭൂമിയിലെ കൊയ്ത്തിന്റെ തൊട്ടുമുമ്പായി മനുഷ്യപുത്രന്റെ വരവിനുവേണ്ടി സഭയെ ഒരുക്കുവാൻ തക്കവണ്ണം ഒരു പ്രത്യേക ആത്മവർഷം വാഗ്ദാനം ചെയ്യപ്പെട്ടിരിക്കുന്നു. ആത്മാവിന്റെ ഈ വർഷം പിന്മഴയുടെ അനുഭവത്തോടു ഉപമിക്കാം.

സുവിശേഷവേലയുടെ ആരംഭത്തിൽ സംഭവിച്ചതിനെക്കാൾ ഉപരിയായി, അവസാനത്തിലും ദൈവശക്തിയുടെ വലിയ വെളിപ്പെടുത്തൽ ഉണ്ടാകും. സുവിശേഷ വേലയുടെ പ്രാരംഭത്തിൽ, മുൻമഴയാൽ പ്രവചനങ്ങൾ നിവൃത്തിയായതുപോലെ, വേലയുടെ അവസാനത്തിലും പിന്മഴയാൽ അവ നിവൃത്തിയാകേണ്ടതുണ്ട്. ദൈവത്തിന്റെ ദാസന്മാരുടെ മുഖങ്ങൾ വിശുദ്ധ സമർപ്പണത്താൽ തെളിഞ്ഞ് പ്രകാശിക്കുകയും നാടുകൾതോറും സ്വർഗ്ഗീയ സന്ദേശം പ്രസ്താവിക്കുന്നത് ത്വരിതപ്പെടുത്തുകയും ചെയ്യും. ആയിരങ്ങളുടെ ശബ്ദത്താൽ മുന്നറിയിപ്പിൻ ദൂതു ലോകമെങ്ങും നല്കപ്പെടും. അത്ഭുതങ്ങൾ നടക്കും. രോഗികൾ സൗഖ്യം പ്രാപിക്കുകയും അത്ഭുതങ്ങളും അടയാളങ്ങളും വിശ്വാസികളെ അനുഗമിക്കുകയും ചെയ്യും. സാത്താനും ആകാശത്തുനിന്നും തീയിറങ്ങുമാറ്, അത്ഭുതങ്ങളും അടയാളങ്ങളും പ്രവർത്തിക്കും" വെളി. 3:13. അങ്ങനെ ഭൂനിവാസികളെ ഒരു നിലപാടു എടുപ്പിക്കുന്നതിലേക്ക് ആനയിക്കും.

ദൂത് വഹിക്കപ്പെടുന്നത് തർക്കവാദങ്ങളിൽ അല്ല മറിച്ച് ദൈവാത്മാവിന്റെ മാനസാന്തരമുളവാക്കുന്ന പ്രവർത്തനം മൂലം ആയിരിക്കും. വാദങ്ങൾ ഉന്നയിക്കപ്പെടും. വിത്തു വിതയ്ക്കപ്പെട്ടിരിക്കയാൽ അത് മുളച്ച്, തളിർത്ത് ഫലം പുറപ്പെടുവിക്കുകയും ചെയ്യും. ഇപ്പോൾ വെളിച്ചത്തിന്റെ രശ്മികൾ എല്ലായിടത്തും തുളച്ചുകയറുകയും സത്യത്തെ അതിന്റെ വ്യക്തതയിൽ കാണുകയും ദൈവത്തിന്റെ വിശ്വസ്ത മക്കൾ തങ്ങളെ ബന്ധിച്ച ബന്ധനങ്ങളെ തകർത്തുകളകയും ചെയ്യും. കുടുംബ ബന്ധങ്ങൾക്കോ സഭാബന്ധങ്ങൾക്കോ ഇപ്പോൾ അവരെ തടുത്തു നിർത്തുവാൻ കഴിയുകയില്ല. എല്ലാറ്റിനും ഉപരിയായി സത്യം വളരെ വിലയേറിയതാണ്. ദൈവത്തിനെതിരെ ഒന്നിച്ചു പ്രവർത്തിക്കുന്ന ശക്തികളെ അവഗണിച്ച് വലിയ ജനാവലി ദൈവത്തിന്റെ പക്ഷം ചേർന്നു നില്ക്കും.

# ഹർമ്മഗെദ്ദോൻ യുദ്ധത്തിനൊരുങ്ങുന്നു

***അവർ കുഞ്ഞാടിനോട് പോരാടും; താൻ കർത്താധി കർത്താവും രാജാധിരാജാവും ആകകൊണ്ട് കുഞ്ഞാടു തന്നോടു കൂടെയുള്ള വിളിക്കപ്പെട്ടവരും തെരഞ്ഞെടുക്കപ്പെട്ടവരും വിശ്വസ്തരുമായി അവരെ ജയിക്കും. വെളി. 17:14***

നാം ഏഴാമത്തെ കലശം ഒഴിക്കുന്നതിനെപ്പറ്റി പഠിക്കേണ്ടതു ആവശ്യമാണ്. ഒരു യുദ്ധം കൂടാതെ ദുഷ്ടശക്തികൾ മത്സരം അവസാനിപ്പിക്കുകയില്ല. പക്ഷേ ഈ യുദ്ധത്തിൽ മുൻകരുതൽ ആവശ്യമാണ്. വെളിപ്പാടുപുസ്തകം പതിനെട്ടാം അദ്ധ്യായത്തിൽ കാണുന്നതുപോലെ ഭൂമി തന്റെ മഹത്വത്താൽ പ്രകാശിക്കുമ്പോൾ ഉറങ്ങിക്കിടക്കുന്ന തിന്മയും നന്മയുമായ മതശക്തികൾ ഉയിർത്തെഴുന്നേൽക്കുകയും ജീവനുള്ള ദൈവത്തിന്റെ സൈന്യം മുന്നേറുകയും ചെയ്യും.

കർത്താവിന്റെ വൃതന്മാരുടെ നെറ്റിയിൽ മുദ്രയിട്ടു തീരുംവരെ, നാലു ശക്തന്മാരായ ദൂതന്മാർ ഭൂമിയിലെ ശക്തികളെ പിടിച്ചുനിർത്തും. ലോകരാഷ്ട്രങ്ങൾ പോരാടുവാൻ വ്യഗ്രതയോടെയിരിക്കുന്നു. എന്നാൽ അവർ ദൂതന്മാരുടെ നിരീക്ഷണത്താൽ ബന്ധിക്കപ്പെട്ടവരായിരിക്കുന്നു. ഈ ശക്തി നീങ്ങിപ്പോകുമ്പോൾ കരച്ചിലിന്റെയും പല്ലുകടിയുടെയും നാഴിക വരും. മാരകമായുള്ള നശീകരണ ആയുധങ്ങൾ കണ്ടുപിടിക്കപ്പെടും. അനേകം ചരക്കു കപ്പലുകൾ ജീവനുള്ള ചരക്കുകളോടെ ആഴങ്ങളിലേക്ക് താഴ്ന്നുപോകും. സത്യത്തിന്റെ ആത്മാവിനെ പ്രാപിച്ചിട്ടില്ലാത്തവരെല്ലാം സാത്താന്റെ നേതൃത്വത്തിൽ, അവന്റെ കിങ്കരന്മാരോടുകൂടെ ഒന്നിക്കും. എന്നാൽ ഹർമ്മഗെദ്ദോൻ യുദ്ധംവരെ അവരെ നിയന്ത്രിച്ചു നിർത്തേണ്ടതാണ്.

എല്ലാത്തരം ദുഷ്ടതയും അത്യുഗ്രമായ പ്രവൃത്തിയിലേക്കു നയിക്കുന്നു. ദുഷ്ടദൂതന്മാർ തങ്ങളുടെ ശക്തി ദുഷ്ട മനുഷ്യരുമായി ഒന്നിപ്പിക്കുകയും നിരന്തരമായുള്ള തങ്ങളുടെ ഭിന്നതയിൽ നിന്ന് ചതിയിലൂടെയും യുദ്ധത്തിലൂടെയും ലഭ്യമായ അനുഭവത്താൽ നൂറ്റാണ്ടുകൾ കൊണ്ടു സംഭരിച്ച ശക്തികൾ അന്ത്യ യുദ്ധത്തിൽ നിരാശകരമായ ഒരു പരിഭ്രമത്താലല്ലാതെ കീഴടങ്ങുകയില്ല. ലോകർ ഒന്നുകിൽ ചോദ്യത്തിന്റെ ഒരുവശത്ത് അല്ലെങ്കിൽ മറുവശത്തായിരിക്കും. ഹർമ്മഗെദ്ദോൻ യുദ്ധം ഉണ്ടാകും. അന്ന് നമ്മൾ ആരും ഉറക്കത്തിലായിരിക്കുന്നവരായി കാണപ്പെടരുത്. ബുദ്ധിയുള്ള കന്യകമാരെപ്പോലെ നമ്മുടെ വിളക്കിലും പാത്രത്തിലും എണ്ണ കരുതിയും ഉണർവ്വുള്ളവരുമായിരിക്കണം.

പരിശുദ്ധാത്മാവിന്റെ ശക്തി നമ്മുടെമേൽ ഉണ്ടായിരിക്കണം. സൈന്യങ്ങളുടെ അധിപൻ സ്വർഗ്ഗീയ ദൂതന്മാരുടെ മുമ്പിൽ യുദ്ധം നയിക്കുവാനായി നില്ക്കും. പരിപാവനമായ സംഭവങ്ങൾ നാം കാണുവാൻ പോവുകയാണ്. കാഹളങ്ങൾ ഒന്നായി ധ്വനിക്കുകയും കലശങ്ങൾ ഭൂവാസികളുടെ മേൽ ഓരോന്നായി വീഴുകയും വേണം. ഇപ്പോൾതന്നെ നമ്മോട് അടുത്തിരിക്കുന്നു.





# ഭാവികാല സംഭവങ്ങൾ ക്രമത്തിൽ വരും

***എന്നാൽ സഹോദരന്മാരേ, ആ നാൾ കള്ളൻ എന്നപോലെ നിങ്ങളെ പിടിക്കുവാൻ നിങ്ങൾ ഇരുളിനുള്ളവരല്ല. 1 തെസ്സ. 5:4.***

രക്ഷയ്ക്കോ അല്ലെങ്കിൽ നാശത്തിനോ ആയിട്ട് ഓരോരുത്തരുടെയും കാര്യം തീരുമാനിക്കപ്പെടുന്നതുവരെ യേശുവിനു അതിപരിശുദ്ധസ്ഥലത്തുനിന്ന് പുറത്ത് വരുവാൻ കഴിയാത്തതും തന്റെ പൗരോഹിത്യവസ്ത്രം മാറ്റി പ്രതികാരത്തിന്റെ വസ്ത്രം ധരിച്ചിരിക്കുന്നതുവരെ ദൈവകോപം ചൊരിയുവാൻ കഴിയാത്തതും ഞാൻ കണ്ടു. പിതാവിന്റെയും മനുഷ്യന്റെയും മദ്ധ്യേനിന്ന് അവൻ പുറത്തുവരും. ദൈവത്തിനു ഇനി നിശ്ശബ്ദനായിരിക്കുവാൻ കഴിയുകയില്ല. എന്നാൽ അവന്റെ സത്യത്തെ തള്ളിക്കളഞ്ഞവരുടെമേൽ അവൻ ദൈവകോപം ചൊരിയും. ജാതികൾ ക്രുദ്ധിക്കുന്നതും ദൈവകോപവും മരിച്ചവരെ ന്യായം വിധിക്കേണ്ട സമയവും വേർതിരിച്ചും വ്യക്തമായും ഒന്നിനുപുറകെ ഒന്നായും കണ്ടു. മീഖായേൽ എഴുന്നേൽക്കുന്നതും ഒരിക്കലും ഉണ്ടാകാത്തവിധമുള്ള മഹാകഷ്ടകാലം തുടങ്ങിയിട്ടില്ലാത്തതും ഇപ്പോൾ ജാതികൾ ക്രുദ്ധിക്കുന്നു. എന്നാൽ മഹാപുരോഹിതൻ വിശുദ്ധമന്ദിരത്തിലെ വേല പൂർത്തിയാക്കുമ്പോൾ അവൻ എഴുന്നേറ്റ് പ്രതികാരത്തിന്റെ വസ്ത്രം ധരിക്കും. അപ്പോൾ അന്ത്യ ഏഴു ബാധകൾ ചൊരിയപ്പെടും.

കർത്താവിന്റെ വിശുദ്ധ മന്ദിരത്തിലെ വേല തീരുംവരെ നാലു ദൂതന്മാർ ആകാശത്തിലെ നാലു കാറ്റുകളെ പിടിച്ചുനിർത്തിയിരിക്കുന്നതും കർത്താവിന്റെ വേല തികഞ്ഞപ്പോൾ ഏഴു ബാധകൾ വരുന്നതും ഞാൻ കണ്ടു. ഈ ബാധകൾ ദുഷ്ടന്മാരെ നീതിമാന്മാർക്കുനേരെ എഴുന്നേല്പിക്കും. വിശുദ്ധന്മാരാണ് ദൈവത്തിന്റെ ന്യായവിധി അവരുടെ മേൽ വരുത്തിയിരിക്കുന്നത് എന്നും അവരെ ഈ ലോകത്തുനിന്നും നശിപ്പിച്ചുകളഞ്ഞാൽ ഈ ബാധ നീങ്ങിപ്പോകുമെന്നും അവർ ചിന്തിക്കും.

ദൈവത്തിന്റെ വൃതന്മാരെ ഒടുക്കിക്കളയുവാൻ ഒരു നിയമം പ്രഖ്യാപിക്കപ്പെടുന്നതുമൂലം രക്ഷയ്ക്കായുള്ള വിശുദ്ധന്മാരുടെ നിലവിളി രാപ്പകലുയരും. ഇതാണ് യാക്കോബിന്റെ കഷ്ടകാലം. അപ്പോൾ ദൈവത്തിന്റെ വൃതന്മാർ ആത്മാവിൽ നെടുവീർപ്പിട്ടുകൊണ്ട് നിലവിളിക്കുകയും ദൈവശബ്ദം അവരെ വിടുവിക്കുകയും ചെയ്യും. രക്ഷിതാവ് തന്റെ ശിഷ്യന്മാരോട് അവന്റെ ക്രൂശീകരണത്തിനു മുൻപ്, താൻ എപ്രകാരം മരിക്കുമെന്നും കല്ലറയിൽനിന്നും വീണ്ടും ഉയിർത്തെഴുന്നേൽക്കുമെന്നും വിവരിച്ചു. എന്നാൽ അവർ റോമാക്കാരുടെ നുകത്തിൻ കീഴിൽനിന്നുള്ള താല്ക്കാലിക വിടുതലിനെ നോക്കിപ്പാർത്തിരുന്നതിനാലും അവരുടെ പ്രത്യാശാകേന്ദ്രം അവനിൽ ആയിരുന്നതിനാലും ഇങ്ങനെ അവൻ ഒരു നിന്ദ്യമായ മരണത്താൽ കഷ്ടപ്പെടുന്നത് അവർക്ക് സഹിക്കുവാൻ കഴിഞ്ഞില്ല. ക്രിസ്തുവിന്റെ വചനത്താൽ ശിഷ്യന്മാർക്കു വ്യക്തമായി തുറന്നു കാണിച്ചതായ ഭാവിയെക്കുറിച്ചുള്ള അതേ പ്രവചനങ്ങൾ ഇന്നു നമുക്കു മുമ്പായി തുറക്കപ്പെട്ടിരിക്കുന്നു.

കൃപയുടെ കാലം അവസാനിക്കുന്നതും കഷ്ടകാല സമയത്തേക്കുള്ള ഒരുക്കത്തിന്റെ വേലയും വളരെ വ്യക്തമായി അവതരിപ്പിച്ചിരിക്കുന്നു. എന്നാൽ അനേകർക്കും ഈ കാര്യങ്ങളെ വെളിപ്പെടുത്തിക്കൊടുക്കാതെ ഗ്രഹിക്കുവാൻ കഴിയുകയില്ല.

# സമാധാനത്തിന്റെ ഒരല്പകാലം

***അവർ സമാധാനമെന്നും നിർഭയമെന്നും പറയുമ്പോൾ ഗർഭിണിക്കു പ്രസവവേദന വരുംപോലെ അവർക്കു പെട്ടെന്നു നാശം വന്നു ഭവിക്കും; അവർക്കു തെറ്റിയൊഴി യാവതുമല്ല. 1 തെസ്സ. 5:3.***

രക്ഷയുടെ വേല അവസാനിക്കുമ്പോൾ ഭൂമിയിൽ പ്രശ്നങ്ങൾ ഉടലെടുക്കുവാൻ ആരംഭിക്കുകയും രാഷ്ട്രങ്ങൾ കലഹിക്കുകയും ചെയ്യും. എന്നിരുന്നാലും മൂന്നാം ദൂതന്റെ വേല തടസ്സപ്പെടാതിരിക്കുവാൻ അവ നിയന്ത്രണത്തിലായിരിക്കും. ആ സന്ദർഭത്തിൽ ദൈവസന്നിധിയിൽനിന്നുള്ള പുതുക്കം പ്രാപിക്കലിന് ശക്തി ലഭിക്കുകയും ചെയ്യും. അത് മൂന്നാം ദൂതന്റെ ദൂത് ശക്തിപ്പെടുത്തുകയും അവന്റെ വൃതന്മാരെ ഏഴു ബാധകൾ ചൊരിയപ്പെടുന്ന സമയത്ത് ഉറച്ചു നില്ക്കുവാൻ ഒരുക്കമുള്ളവരാക്കുകയും ചെയ്യും.

ഭൂവാസികൾ വലിയ കലക്കത്തിലായിരിക്കുന്നത് എന്നെ കാണിച്ചു. ഭൂമിയിൽ ക്ഷാമവും ഭൂകമ്പവും രക്തച്ചൊരിച്ചിലും പകർച്ചവ്യാധികളും യുദ്ധവും ഉണ്ടായിരുന്നു. ഈവക കാര്യങ്ങൾ ദൈവജനത്തിനു ചുറ്റും നടക്കുമ്പോൾ അവർ ഒന്നിച്ചു കൂടുകയും അവരുടെ ലഘു സങ്കടങ്ങൾ സാരമില്ലെന്ന് എണ്ണുകയും ചെയ്യും. സ്വന്ത താത്പര്യങ്ങൾ അവരെ നിയന്ത്രിക്കാതെ ആ സ്ഥാനം താഴ്മ അലങ്കരിക്കും. കഷ്ടതയും കലക്കവും സ്വാർത്ഥതയും യുക്തിവാദവും കുടിയേറിയിരുന്ന മനുഷ്യനിൽ മാറ്റം വരികയും അവർ വളരെ ജാഗ്രതയോടും ബുദ്ധിയോടുംകൂടി പ്രവർത്തിക്കുവാൻ തുടങ്ങുകയും ചെയ്യും.

ഈ ദൃശ്യത്തിൽനിന്നും എന്റെ ശ്രദ്ധ മാറ്റപ്പെട്ടു. ഒരല്പനേരത്തെ സമാധാനം അവിടെ കാണപ്പെട്ടു. ഒരിക്കൽക്കൂടി ഭൂവാസികളുടെ ദൃശ്യം എനിക്കു മുൻപിൽ പ്രദർശിപ്പിക്കപ്പെടുകയും അവർ വീണ്ടും വളരെയേറെ കലക്കത്തിലായിരിക്കുന്നതും ഞാൻ കണ്ടു. യുദ്ധവും ക്ഷാമവും രക്തച്ചൊരിച്ചിലും പകർച്ചവ്യാധികളും ഭൂമിയിലെല്ലായിടത്തും സംഭവിക്കുവാൻ തുടങ്ങി. മറ്റുള്ള രാഷ്ട്രങ്ങളും ഈ കലക്കത്തിലും യുദ്ധത്തിലും ഭാഗഭാക്കുകളായി. യുദ്ധം ക്ഷാമത്തിനു കാരണമായി, ആവശ്യങ്ങൾ രക്തച്ചൊരിച്ചിലിനും പകർച്ചവ്യാധികൾക്കും കാരണങ്ങളായി. ഭൂമിയിൽ സംഭവിക്കുന്ന കാര്യങ്ങളെ ഓർത്ത് ജനം ഭയത്താൽ നിർജ്ജീവന്മാരും നിരാശിതരുമാകും.

ഭൂമിയിൽ നാശത്തെക്കുറിച്ചുള്ള മുന്നറിയിപ്പു നല്കിത്തീരുവോളം ദൂതന്മാർ യുദ്ധത്തിന്റെ കാറ്റുകളെ പിടിച്ചിരിക്കുന്നു. എന്നാൽ ഒരു വലിയ കൊടുങ്കാറ്റ് ഭൂമിയെ തകർക്കുവാൻ ഒരുങ്ങിയിരിക്കുന്നു. ദൈവം തന്റെ ദൂതന്മാരോട് ആകാശത്തിലെ നാലു കാറ്റുകളെയും അഴിച്ചുവിടുവാൻ കല്പിക്കുമ്പോൾ അവർ അപ്രകാരം ചെയ്യുകയും ഒരെഴുത്തുകാരനും ചിത്രീകരിക്കുവാൻ സാധിക്കാത്ത തരത്തിലുള്ള യുദ്ധവും നാശവും ഭൂമിയിലുണ്ടാകുകയും ചെയ്യും.

ഇപ്പോൾ താല്ക്കാലികമായ ഒരാശ്വാസം കൃപയാൽ ദൈവം നമുക്ക് നല്കിയിരിക്കുന്നു. പരിജ്ഞാനമില്ലാത്തവരെ രക്ഷിക്കുന്നതിനായി നമ്മുടെ എല്ലാ ശക്തികളും കർത്താവു നമ്മെ ഭരമേല്പിച്ച വേലക്കുവേണ്ടി ഉപയോഗിക്കണം.





# സമാധാനത്തിനും സുരക്ഷിതത്വത്തിനുമായുള്ള നിലവിളി

***സമാധാനം ഇല്ലാതിരിക്കെ, സമാധാനം സമാധാനം എന്നു അവർ പറഞ്ഞു എന്റെ ജനത്തിന്റെ മുറിവിനു ലഘുവായി ചികിത്സിക്കുന്നു. യിരെമ്യാ. 6:14.***

പാപ്പാത്വവും നവീകരണ പ്രസ്ഥാനങ്ങളും ലോകക്കാരും ഒന്നിക്കുകയും ആ സംഗമത്തിലൂടെ ലോകപരിവർത്തനം ഉന്നംവെക്കുകയും വളരെ നാളായി പ്രതീക്ഷിച്ചിരിക്കുന്ന സഹസ്രാബ്ദവാഴ്ച വാഗ്ദാനം ചെയ്യുകയും ചെയ്യും.

"എന്നാൽ കർത്താവിന്റെ ദിവസമോ കള്ളനെപ്പോലെ വരും. അന്നു ആകാശം കൊടുമ്മുഴക്കത്തോടെ ഒഴിഞ്ഞുപോകുകയും മൂലപദാർത്ഥങ്ങൾ വെന്തുരുകുകയും ഭൂമിയും അതിലെ പണികളും കത്തിയഴികയും ചെയ്യും." 2 പത്രൊ. 3:10. തത്വശാസ്ത്രത്തിന്റെ യുക്തിവാദത്താൽ ദൈവഭയമില്ലാതാകുമ്പോൾ മതാദ്ധ്യക്ഷന്മാർ അനേക നാളുകളിലേക്കുള്ള സമാധാനവും സമൃദ്ധിയും ചൂണ്ടിക്കാണിക്കുകയും ലോകം അതിന്റെ വ്യാപാരങ്ങളിലും ആഡംബരങ്ങളിലും നട്ടും വിറ്റും പണിതും സന്തോഷിച്ചും ദൈവത്തിന്റെ മുന്നറിയിപ്പുകളെ തിരസ്കരിച്ചും ദൈവസന്ദേശകരെ പരിഹസിക്കുമ്പോൾ പെട്ടെന്നു നാശം അവരുടെ മേൽ വരികയും അവരുടെ രക്ഷയുടെ വാതിൽ അടയുകയും ചെയ്യും. 1 തെസ്സ. 5:3.

സിദ്ദീം താഴ്വരയിലുള്ളവരെപ്പോലെ ജനം സമാധാനവും സമൃദ്ധിയും സ്വപ്നം കാണുന്നു. "നിന്റെ ജീവരക്ഷയ്ക്കായി ഓടിപ്പോകുക" എന്നതായിരുന്നു ദൈവദൂതന്മാരുടെ മുന്നറിയിപ്പുകൾ. എന്നാൽ മറ്റുള്ളവരുടെ വാക്കുകൾ "വ്യാകുലപ്പെടാതിരിക്കുക, ഒന്നും സംഭവിക്കുകയില്ല" എന്നതാണ്. സ്വർഗ്ഗം കല്പനാലംഘികൾക്ക് പെട്ടെന്നുള്ള നാശത്തെ വിളിച്ചറിയിക്കുമ്പോൾ ലോകം സമാധാനം, സമാധാനം എന്നു വിളിച്ചുപറയുന്നു. സൊദോം സമതലത്തിൽ ജീവിച്ചിരുന്നവരുടെ നാശം വരുന്നതിനു മുൻപുള്ള രാത്രിയിൽ ദൂതന്റെ മുന്നറിയിപ്പുകളെ അവഗണിച്ചു, തങ്ങളുടെ ഭീതിയെ അകറ്റി ആഡംബരത്തിൽ മുഴുകിയിരുന്ന പരിഹാസികൾ അഗ്നിയാൽ നശിച്ചുപോയി.

ആ രാത്രിയിൽതന്നെ കൃപയുടെ വാതിൽ സൊദോമിലെ ദുഷ്ടന്മാർക്കു മുൻപിൽ എന്നെന്നേക്കുമായി അടയപ്പെട്ടു. ദൈവത്തെ എല്ലായ്പ്പോഴും പരിഹസിക്കുവാൻ കഴിയുകയില്ല. അവനെ എപ്പോഴും നിസ്സാരനായി കാണുവാൻ കഴിയുകയില്ല. "ദേശത്തെ ശൂന്യമാക്കുവാനും പാപികളെ അതിൽനിന്നു മുടിച്ചുകളയുവാനും യഹോവയുടെ ദിവസം ക്രൂരമായിട്ടും ക്രോധത്തോടും അതികോപത്തോടുംകൂടെ വരുന്നു" യെശ. 13:9.

ലോകത്തിലെ അസംഖ്യം ജനങ്ങൾ ദൈവത്തിന്റെ കരുണയെ തിരസ്കരിക്കുകയും അവർ ക്ഷണത്തിൽ നിമജ്ജിക്കപ്പെടുകയും ഒരിക്കലും തിരികെ വരുവാൻ കഴിയാത്ത തരത്തിൽ നശിച്ചുപോകയും ചെയ്യും. എന്നാൽ അവന്റെ മുന്നറിയിപ്പുകളെ ശ്രദ്ധിച്ചവർ അത്യുന്നതന്റെ മറവിൽ വസിക്കുകയും സർവ്വശക്തന്റെ നിഴലിൻ കീഴിൽ പാർക്കുകയും ചെയ്യും. അവന്റെ വിശ്വസ്തത അവർക്കു പരിചയും പലകയുമായിരിക്കും.

# ദൈവത്തിന്റെ വേല അവസാനിച്ചു

***രാജ്യത്തിന്റെ ഈ സുവിശേഷം സകല ജാതികൾക്കും സാക്ഷ്യമായി ഭൂലോകത്തിൽ ഒക്കെയും പ്രസംഗിക്കപ്പെടും അപ്പോൾ അവസാനം വരും. മത്താ. 24:14***

കഷ്ടതയേറിയ എല്ലാ സ്ഥലങ്ങളിലും പാപം നിറഞ്ഞ പട്ടണങ്ങളിലും ത്രിവിധ ദൂതിന്റെ ശ്രേഷ്ഠ വെളിച്ചം വീശാത്ത സ്ഥലങ്ങളിലും ഈ വിശുദ്ധവും പരിപാവനവുമായ മുന്നറിയിപ്പിൻ ദൂത് പ്രഘോഷിക്കണം. കുഞ്ഞാടിന്റെ കല്യാണവിരുന്നിനായുള്ള അന്ത്യക്ഷണം എല്ലാവരും ശ്രവിക്കണം. പട്ടണങ്ങൾതോറും രാജ്യങ്ങൾതോറും ഈ കാലത്തേക്കുവേണ്ടിയുള്ള സത്യത്തിന്റെ സന്ദേശം ബാഹ്യപ്രകടനങ്ങൾ കൊണ്ടല്ല, ആത്മാവിന്റെ ശക്തിയാൽ പ്രഘോഷിക്കപ്പെടണം.

ദൈവകൃപയുടെ ഉണർവ്വിൻ സന്ദേശം എല്ലാ രാജ്യങ്ങളിലും എല്ലാ പ്രദേശത്തും പ്രസംഗിക്കുകയും ലോകം ഈ സത്യത്താൽ മൂടപ്പെടുകയും വേണം. മുദ്രയേൽക്കപ്പെടുന്നവരിൽ നല്ലൊരു സംഖ്യ എല്ലാ ജാതി, മത, ഗോത്ര, വംശം എന്നിവരിൽ നിന്നായിരിക്കും. എല്ലാ രാജ്യങ്ങളിൽനിന്നും കൂട്ടിച്ചേർക്കപ്പെട്ട സ്ത്രീ പുരുഷന്മാർ ദൈവകുഞ്ഞാടിന്റെ സിംഹാസനത്തിൻ മുൻപിൽ നിന്നുകൊണ്ട് ഇപ്രകാരം ഉത്ഘോഷിക്കും: "രക്ഷ എന്നതു നമ്മുടെ ദൈവത്തിന്റെയും കുഞ്ഞാടിന്റെയും ദാനം" വെളി. 7:10.

ദൈവസത്യത്തിന്റെ മഹത്വത്താൽ മുഴു ലോകവും പ്രകാശിതമാകണം. വെളിച്ചം എല്ലാ ദേശത്തും ജനങ്ങൾക്കും വീശണം. ഈ വെളിച്ചം ലഭിച്ചവരിൽ നിന്നുമാണ് ഇത് ജ്വലിക്കേണ്ടത്. നമ്മുടെമേൽ ഉദയനക്ഷത്രം ഉദിച്ചിരിക്കയാൽ അന്ധകാരത്തിൽ ഇരിക്കുന്നവരുടെ പാതയിൽ അതിന്റെ വെളിച്ചം നാം തെളിയിക്കണം.

ഒരു ദുരന്തം നമ്മുടെ മേൽ വന്നിരിക്കുന്നു. പരിശുദ്ധാത്മാവിന്റെ ശക്തിയാൽ ഈ അന്ത്യനാളിലേക്കുള്ള സത്യങ്ങൾ ഇന്നു നാം വിളിച്ചറിയിക്കണം. ഈ മുന്നറിയിപ്പിൻ ദൂത് എല്ലാവരും ശ്രവിച്ച് തങ്ങളുടേതായ തീരുമാനത്തിൽ എത്തിച്ചേരുന്നതും അതിവിദൂരതയിലല്ല. അപ്പോൾ അവസാനം വരും.

ഒന്നും രണ്ടും മൂന്നും ദൂതന്മാരുടെ സന്ദേശങ്ങൾ എല്ലാ ജാതി, ഭാഷ, ഗോത്ര, വംശം എന്നിവരിൽ എത്തിച്ചേരുകയും അത് എല്ലാ ഭൂഖണ്ഡങ്ങളിലെയും ദ്വീപുകളിലെയും അന്ധകാരത്തെ പ്രകാശമാനമാക്കിത്തീർക്കുകയും വേണം. ഈ വേലയിൽ കാലവിളംബം വരുത്തുവാൻ പാടില്ല.

മുന്നോട്ട്, എപ്പോഴും മുന്നോട്ട് എന്നതായിരിക്കണം നമ്മുടെ മുദ്രാവാക്യം. നമുക്ക് വഴിയൊരുക്കേണ്ടതിന് ദൈവദൂതന്മാർ മുൻഗമിക്കും. ഭൂമി മുഴുവനായും കർത്താവിന്റെ മഹത്വത്താൽ തിളങ്ങുവോളം നമുക്ക് അസാദ്ധ്യമെന്ന് കരുതി നാം ഒരിക്കലും ഒരു പ്രദേശത്തെയും ഒഴിവാക്കരുത്.





# തന്റെ ജനത്തിന്റെ രക്ഷയ്ക്കായി ദൈവം ഇടപെടുന്നു

***യഹോവയുടെ അരുളപ്പാടു സകല ജാതികളുമായുള്ളോരേ, കേൾപ്പിൻ; ഭൂമിയും അതിലുള്ള സകലവുമായുള്ളോരേ, ചെവിക്കൊൾവിൻ; യഹോവയായ കർത്താവു, തന്റെ വിശുദ്ധ മന്ദിരത്തിൽ നിന്നു കർത്താവ് തന്നെ, നിങ്ങൾക്കു വിരോധമായി സാക്ഷിയായിരിക്കട്ടെ. യഹോവ തന്റെ സ്ഥലത്തുനിന്നു പുറപ്പെട്ടു ഇറങ്ങി ഭൂമിയുടെ ഉന്നതികളിന്മേൽ നടകൊള്ളുന്നു. മീഖാ. 1:2,3.***

ഒരു പ്രതിസന്ധിയിലാണ് സ്വഭാവം വെളിപ്പെടുന്നത്.... ആത്മാവിന്റെ ആവശ്യങ്ങൾ നികത്തുവാൻ സമയം വൈകിപ്പോകുന്ന സമയത്ത്, മനുഷ്യന്റെ കൃപാകാലം അവസാനിക്കാറാകുമ്പോഴാണ് അന്ത്യവും ഭയങ്കരവുമായ പരിശോധന വരുന്നത്.

ദൈവം ദേശത്തിനു ഒരു കണക്ക് വെച്ചിരിക്കുന്നു. ലോക ചരിത്രത്തിൽ അനേക നൂറ്റാണ്ടുകളായി മ്ലേച്ഛ പ്രവർത്തകന്മാർ നിമിത്തം ദൈവക്രോധം, ക്രോധത്തിന്റെ മഹാദിവസത്തിനായി കൂട്ടിച്ചേർത്തുകൊണ്ടിരിക്കുന്നു. എന്നാൽ സമയം പൂർത്തീകരിക്കപ്പെടുമ്പോൾ, അധർമ്മത്തിന്റെ സീമ ലംഘിക്കപ്പെടുമ്പോൾ കരുണയുടെ അതിരു കവിയുകയും അവന്റെ ദീർഘക്ഷമ അവസാനിക്കുകയും ചെയ്യും. സ്വർഗ്ഗീയ പുസ്തകങ്ങൾ ആകമാനമുള്ള അകൃത്യത്തിന്റെ തുക പൂർണ്ണമായെന്നു കണക്കാക്കുകയും കലർപ്പില്ലാത്തതും കരുണയില്ലാത്തതുമായ മഹാക്രോധം ഉണ്ടാകുകയും ദൈവിക സഹിഷ്ണതയുടെ അന്ത്യം എത്ര ഭയങ്കരമെന്നും കാണുവാൻ സാധിക്കുകയും ചെയ്യും. രാജ്യങ്ങൾ ഒന്നിച്ച് ദൈവകല്പനയ്ക്കു എതിരെ പ്രവർത്തിക്കുമ്പോഴാണ് ഈ പ്രതിസന്ധി ഉടലെടുക്കുന്നത്. വർദ്ധിച്ചു വരുന്ന അകൃത്യങ്ങൾ നിമിത്തം നീതിമാന്മാർ ദൈവിക സംരക്ഷണത്തിനായി നിലവിളിക്കുന്ന ദിവസം വരുന്നു. ആർക്കും സാത്താന്റെയും ദുഷ്ടന്മാരുടെയും ഒന്നിച്ചുള്ള പ്രവർത്തനത്തെ പ്രതിരോധിപ്പാൻ കഴിയുകയില്ല. എന്നാൽ ദൈവശക്തി ഇവയൊക്കെയും തകർത്തുകളയും. എന്നാൽ സഭയുടെ ഈ വലിയ ആപത്തുവേളകളിൽ അവരുടെ നടുവിൽ നിന്നുയരുന്ന വിശുദ്ധന്മാരുടെ ആത്മാർത്ഥമായ പ്രാർത്ഥനകൾ ദൈവം കേൾക്കുകയും ലംഘനക്കാരുടെ അകൃത്യം അത്യധികം ഉയരുമ്പോൾതന്നെ ഉത്തരമരുളുകയും ചെയ്യും. അവൻ "രാവും പകലും തന്നോടു നിലവിളിക്കുന്ന വൃതന്മാർക്കുവേണ്ടി അധികം ക്ഷമയോടെയിരുന്നാലും പ്രതികാരത്തിനായി എഴുന്നേല്ക്കും."

സത്യത്തിനുപകരം വ്യാജം എന്നതാണ് നാടകത്തിലെ അവസാന പ്രവൃത്തി. ഈ വ്യാജം അഖിലാണ്ഡം നിറയുമ്പോൾ ദൈവംതന്നെ തന്നെ വെളിപ്പെടുത്തും. മാനുഷിക കല്പനകൾ ദൈവകല്പനയ്ക്കുമീതെ ഉയർത്തപ്പെടുകയും ലോക ശക്തികൾ ആഴ്ചവട്ടത്തിന്റെ ഒന്നാം ദിവസം ആചരിക്കുവാൻ മനുഷ്യരെ നിർബ്ബന്ധിക്കുകയും ചെയ്യുമ്പോൾ, ദൈവപ്രവൃത്തി ആരംഭിക്കുവാൻ സമയം സമാഗതമായി എന്നു നാം അറിഞ്ഞുകൊള്ളണം. അവൻ തന്റെ സർവ്വശക്തിയോടുംകൂടി എഴുന്നേല്ക്കുകയും ഭൂമിയെ ഭയങ്കരമായി കുലുക്കുകയും ചെയ്യും. ഭൂവാസികളുടെ അകൃത്യം നിമിത്തം അവൻ അവരെ ശിക്ഷിക്കുവാൻ സ്വന്ത സ്ഥലത്തുനിന്നും പുറത്തുവരും. ഭൂമി താൻ കുടിച്ച രക്തത്തെ വെളിപ്പെടുത്തുകയും അതിലെ നിഹതന്മാരെ ഇനി മറച്ചുവയ്ക്കുകയുമില്ല.

# കൃപയുടെ കാലം അവസാനിക്കുന്നു

***അനീതി ചെയ്യുന്നവൻ ഇനിയും അനീതി ചെയ്യട്ടെ; അഴുക്കുള്ളവൻ ഇനിയും അഴുക്കാടട്ടെ; നീതിമാൻ ഇനിയും നീതി ചെയ്യട്ടെ; വിശുദ്ധൻ ഇനിയും തന്നെ വിശുദ്ധീകരിക്കട്ടെ. വെളി. 22:11.***

പരിശോധനാന്യായവിധി പൂർത്തിയാകുമ്പോൾ ഒരുവൻ ജീവനോ മരണത്തിനോ എന്നുള്ള ദൈവവിധി വ്യക്തമാകും. ആകാശമേഘങ്ങളിൽ കർത്താവ് പ്രത്യക്ഷനാകും മുമ്പെ ഒരു ലഘുസമയത്തിനുള്ളിൽ കൃപയുടെ കാലം അവസാനിക്കും. പരിഹാസികൾ ഈ സമയത്തു കാലഭേദം ഇല്ലാത്ത പ്രകൃതിയെയും ഒരിക്കലും മഴ നല്കാതിരിക്കുന്ന നീല ആകാശത്തെയും രാത്രിയിലെ മഞ്ഞിനാൽ പച്ചപ്പ് നിറഞ്ഞ വയലുകളെയും വീക്ഷിച്ചിട്ടു ഈവണ്ണം വിളിച്ചു പറയും: “അവൻ ഉപമകളാൽ സംസാരിച്ചിട്ടില്ലയോ?” അവർ അവജ്ഞയോടെ നീതി പ്രസംഗിച്ചവർ ഭ്രാന്തന്മാർ എന്നു കരുതുകയും ആഢംഭരങ്ങളിലും ദുഷ്ടവഴികളിലും മുൻകാലങ്ങളിലെക്കാൾ ഉപരിയായി നടക്കുകയും ചെയ്യും. എന്നിരുന്നാലും മുൻകൂട്ടി നിർണ്ണയിക്കപ്പെട്ട മുന്നറിയിപ്പുകൾക്കു ഇതൊരു തടസ്സമാകുകയില്ല. ദൈവം ദുഷ്ടത അങ്ങേയറ്റം ക്ഷമിക്കുകയും അവർക്ക് മാനസാന്തരത്തിനുള്ള സുവർണ്ണ അവസരങ്ങൾ നല്കുകയും ചെയ്യും. എന്നിരുന്നാലും നിർണ്ണയിക്കപ്പെട്ട സമയത്തുതന്നെ അവന്റെ കരുണ തിരസ്ക്കരിച്ചവരുടെ മേൽ അവന്റെ വിധിയുണ്ടാകും.

യേശുക്രിസ്തു തന്റെ രണ്ടാംവരവിനെക്കുറിച്ച് ഇവ്വണ്ണം പ്രസ്ഥാവിക്കുന്നു: നോഹയുടെ കാലംപോലെതന്നെ മനുഷ്യപുത്രന്റെ വരവും ആകും. “ജലപ്രളയം വന്നു എല്ലാവരെയും നശിപ്പിച്ചതുപോലെ മനുഷ്യപുത്രന്റെ വരവും ആകും” (മത്താ. 24:35). ദൈവജനം എന്ന് അഭിമാനിക്കുന്നവർ ലോകത്തോടൊപ്പം ഒന്നിക്കുകയും അവർക്കു ഹിതമായ വഴിയിൽ ജീവിക്കുകയും അവർക്കു നിഷേധിച്ചിരിക്കുന്ന ആഢംബരങ്ങളിൽ മുഴുകുകയും ലോകത്തിന്റെ സുഖഭോഗ സൗകര്യങ്ങൾ സഭയുടേതും ആകുകയും വിവാഹ മണികൾ മുഴങ്ങുകയും ലോകം അതിന്റെ അനേക വർഷങ്ങളിലെ അഭിവൃദ്ധി കാംക്ഷിച്ചുകൊണ്ട് മുമ്പോട്ടു നോക്കുകയും ചെയ്യുമ്പോൾ പെട്ടെന്നു മിന്നൽ ആകാശത്തുനിന്നു വിളങ്ങുംപോലെ അവരുടെ പ്രത്യാശയ്ക്കും സ്വപ്നങ്ങൾക്കും അന്ത്യമുണ്ടാകും. കൃപയുടെ കാലം അവസാനിക്കുമ്പോൾ നടക്കുന്ന സംഭവങ്ങളും കഷ്ടകാലത്തേക്കു വേണ്ടിയുള്ള ഒരുക്ക വേലയും വളരെ വ്യക്തമായി വർണ്ണിച്ചിരിക്കുന്നു. എന്നാൽ സമൂഹത്തിന് ഈ പ്രത്യക സത്യം വെളിപ്പെടുത്താതെ ഗ്രഹിക്കുക അസാദ്ധ്യമാണ്. അവർക്ക് രക്ഷയ്ക്കായി ജ്ഞാനം പ്രാപിക്കുവാനുള്ള എല്ലാ വഴികളും സാത്താൻ അടയ്ക്കുകയും അവർ കഷ്ടകാലത്തിന് ഒരുക്കമില്ലാത്തവരായി കാണപ്പെടുകയും ചെയ്യും.





# ശ്രദ്ധിക്കപ്പെടാതെ കൃപയുടെ കാലം അവസാനിക്കും

***സഹോദരന്മാരേ, കാലങ്ങളെയും സമയങ്ങളെയും കുറിച്ചു നിങ്ങളെ എഴുതിയറിയിപ്പാൻ ആവശ്യമില്ല. കള്ളൻ രാത്രിയിൽ വരുമ്പോലെ കർത്താവിന്റെ നാൾ വരുന്നു എന്നു നിങ്ങൾതന്നെ നന്നായി അറിയുന്നുവല്ലോ. 1 തെസ്സ. 5:12.***

സ്വർഗ്ഗീയ മന്ദിരത്തിൽ മാറ്റുവാൻ കഴിയാത്ത അന്തിമ തീരുമാനം കൈക്കൊള്ളുമ്പോൾ, ഭൂമിയിൽ നീതിമാനും ദുഷ്ടനും മർത്ത്യാവസ്ഥയിൽ ആയിരിക്കുകയും മനുഷ്യൻ വിറ്റും നട്ടും പണിതും തിന്നും കുടിച്ചും ബോധമില്ലാത്തവരായി ജീവിക്കുകയായിരിക്കും. ജലപ്രളയത്തിനുമുമ്പ് നോഹ പെട്ടകത്തിൽ കയറിയശേഷം, ദൈവം വാതിലടക്കുകയും ദൈവപ്രിയമില്ലാത്തവരെ പുറത്താക്കുകയും ചെയ്തു. അവരുടെ നാശം അടുത്തു എന്നു ഗ്രഹിക്കാതെ ആഢംഭരതയിലും ന്യായവിധിയുടെ മുന്നറിയിപ്പുകളെ അവഗണിച്ചും ഏഴു ദിവസം കഴിഞ്ഞു. പ്രളയത്തിൽ എല്ലാവർക്കും സംഭവിച്ചതുപോലെ സകലത്തിന്റെയും നാശം കള്ളൻ അർദ്ധരാത്രിയിൽ വരുന്നതുപോലെ കടന്നുവരികയും ആരും അതു ഗ്രഹിക്കുകയുമില്ല. ദൈവത്തിന്റെ ക്രോധവർഷത്താൽ മാത്രമേ വിധിജന്യമായ സുരക്ഷയുടെ ഗാഢപ്രശാന്തതയിൽ ആയിരിക്കുന്ന മനുഷ്യരെ ഉണർത്തുവാൻ കഴിയുകയുള്ളു.

കർത്താവിന്റെ അന്ത്യ ന്യായവിധി ലോകത്തിൽ നടകൊള്ളുമ്പോൾ ഭയാനകമായ ബാധകൾ പതിക്കുവാൻ തുടങ്ങും. അപ്പോൾ ദൈവവചനത്തെ തിരസ്ക്കരിച്ചവരും അതിനെ അവഗണിച്ചവരും സമുദ്രം മുതൽ സമുദ്രം വരെയും കിഴക്കുനിന്നു പടിഞ്ഞാറു വരെയും കർത്താവിന്റെ വചനമന്വേഷിച്ചുകൊണ്ടു അലഞ്ഞുനടക്കും. എന്നാൽ അവർ കണ്ടെത്തുകയില്ല. കർത്തൃശുശ്രൂഷകന്മാർ തങ്ങളുടെ അവസാനവേല പൂർത്തീകരിക്കുകയും അവരുടെ അവസാന പ്രാർത്ഥന നടത്തുകയും അവരുടെ അവസാന കണ്ണുനീർ ദുഷ്ട സഭയ്ക്കും ദൈവപ്രിയമില്ലാത്ത ജനങ്ങൾക്കുംവേണ്ടി പൊഴിക്കുകയും ചെയ്യും.

കർത്താവായ യേശു പിൻവരുന്ന കാര്യങ്ങളെയും നമ്മുടെ തലമുറയെയും സമയത്തെയും അറഞ്ഞിരുന്നു എന്നു അവന്റെ ഈ വാക്കിനാൽ നാം ഗ്രഹിക്കുന്നു. നിന്റെ സമാധാനത്തിനായുള്ള മാർഗ്ഗം എന്തെന്നു നീ അറിഞ്ഞിരുന്നുവെങ്കിൽ കൊള്ളാമായിരുന്നു.” ദൈവസഭയേ, ഇന്നു നിന്റെ ദിവസമാണ്. ദൈവം അവന്റെ നിയമം നിന്നിലാണ് നിക്ഷിപ്തമാക്കിയിരിക്കുന്നത്. ദൈവത്തിൽ ആശ്രയിപ്പാനുള്ള സമയവും കൃപയുടെ കാലവും അവസാനിക്കുകയാണ്. സൂര്യൻ അതിവേഗം പടിഞ്ഞാറു ലക്ഷ്യമാക്കി നീങ്ങുകയാണ്. അത് അസ്തമിക്കുമ്പോൾ നിന്റെ സമാധാനത്തിനായുള്ളതു നീ കണ്ടെത്തുമോ? അതോ മാറ്റമില്ലാത്ത ആ ദുർവ്വിധി നിന്റെ മേൽ വന്നു ചേരുമോ? എന്നാൽ ഇപ്പോഴോ അതു നിന്റെ കണ്ണിനു മറഞ്ഞിരിക്കുന്നു. ലൂക്കൊ. 19:42.

# ഒരുകാലത്തും സംഭവിച്ചിട്ടില്ലാത്ത കഷ്ടകാലം

***ആ കാലത്ത് നിന്റെ സ്വജാതിക്കാർക്കു തുണനിൽക്കുന്ന മഹാപ്രഭുവായ മീഖായേൽ എഴുന്നേൽക്കും; ഒരു ജാതി ഉണ്ടായതു മുതൽ ഈ കാലം വരെ സംഭവിച്ചിട്ടില്ലാത്ത കഷ്ടകാല ഉണ്ടാകും. അന്നു നിന്റെ ജനം പുസ്തകത്തിൽ എഴുതി കാണുന്ന ഏവനും തന്നെ രക്ഷ പ്രാപിക്കും. ദാനി. 12:1.***

മൂന്നാം ദൂതന്റെ ദൂതു അവസാനിക്കുമ്പോൾ ഭൂമിയിൽ വസിക്കുന്ന ദുഷ്ടന്മാർക്കു പിന്നീട് കൃപയ്ക്കായി യാചിക്കുവാൻ കഴിയുകയില്ല. ജൈവജനം തങ്ങളുടെ വേല പൂർത്തീകരിച്ചു. അവർ പിന്മഴ ലഭിച്ചവരും പുതുക്കം പ്രാപിച്ചവരുമായി തങ്ങൾക്കു നേരിടേണ്ടി വരുന്ന പരിശോധനാ സമയത്തിനുവേണ്ടി ഒരുക്കമുള്ളവരായിത്തീർന്നു. സ്വർഗ്ഗത്തിൽ ദൂതന്മാർ അതിവേഗം അങ്ങോളമിങ്ങോളം സഞ്ചരിക്കുന്നു. ഭൂമിയിൽ നിന്നു ഒരു ദൂതൻ പിൻവാങ്ങി ചെന്നു ഭൂമിയിൽ അന്ത്യപരിശോധനയിൽ കർത്താവിന്റെ നിയമത്തോട് വിശ്വസ്തതയുള്ളവരെ ജീവനുള്ള ദൈവത്തിന്റെ മുദ്രയിട്ട വിവരം അറിയിക്കുന്നു. അപ്പോൾ യേശു വിശുദ്ധ മന്ദിരത്തിലെ തന്റെ മദ്ധ്യസ്ഥ ശുശ്രൂഷ അവസാനിപ്പിക്കും. തന്റെ ഇരു കരങ്ങളും ഉയർത്തി സകലവും പൂർത്തിയായി എന്ന് അത്യുച്ചത്തിൽ പറയുന്നു.

അവൻ വിശുദ്ധ മന്ദിരത്തിൽ നിന്നു പുറത്തിറങ്ങുമ്പോൾ ഭൂമിയിലെ നിവാസികളെ അന്ധകാരം മൂടുന്നു. ഈ സന്ദർഭത്തിൽ അവന്റെ നീതിമാന്മാർ വിശുദ്ധ ദൈവത്തിന്റെ മുമ്പാകെ ഒരു മദ്ധ്യസ്ഥന്റെ സാന്നിദ്ധ്യം കൂടാതെ ജീവിക്കും. ദുഷ്ടന്മാരുടെ മേൽ വച്ചിരുന്ന സമ്മർദ്ദങ്ങളെ പിൻവലിക്കുകയും സാത്താന് അവന്റെ പൂർണ്ണ അധികാരം ലഭിക്കുകയും ചെയ്യും. ദൈവത്തിന്റെ ദീർഘക്ഷമ അവസാനിച്ചു. ലോകം അവന്റെ കൃപയെ തിരസ്കരിക്കുകയും അവന്റെ സ്നേഹത്തെ ത്യജിക്കുകയും അവന്റെ ന്യായപ്രമാണത്തെ തകർക്കുകയും ചെയ്തു. ദുഷ്ടന്മാരുടെ കൃപാകാലം അവസാനിച്ചു. ദൈവാത്മാവിന്റെ സംവാദം നിലച്ചു. ദൈവത്തിന്റെ കൃപയുടെ സംരക്ഷണം അവസാനിച്ചു. അവർക്കു ദുഷ്ടനായവനിൽനിന്നും സംരക്ഷണം ലഭിക്കുകയില്ല. അതിനുശേഷം പിശാച് അവരെ വലിയതും ഒടുക്കത്തേതുമായി വലിയ കഷ്ടത്തിൽ അകപ്പെടുത്തും. ദൈവത്തിന്റെ ദൂതന്മാർ മനുഷ്യവികാരമാകുന്ന കാറ്റിനെ പിടിച്ചുനിർത്തുവാൻ ഇല്ലാത്തതുകൊണ്ട് അവ എല്ലാം ഉടനടി ഉത്ഭവിക്കുകയും മുൻകാല യെരുശലേമിന്റെ മേൽ വന്നതിനെക്കാൾ ഭയാനകമായ നാശം മുഴുലോകത്തിലും വരുകയും ചെയ്യും. ഹൃദയശുദ്ധിയും നിർമ്മലമായ കരങ്ങളും ഉള്ളവരല്ലാതെ ആരും ഈ പരീക്ഷയിൽ വിജയിക്കുകയില്ല. അതുകൊണ്ടു നാലു ദൂതന്മാർ കാറ്റിനെ പിടിച്ചുനിർത്തിയിരിക്കുന്ന ഈ സമയമാണ് നമ്മുടെ വിളിയും തിരഞ്ഞെടുപ്പും ഉറപ്പാക്കേണ്ട സമയം.





# ആകാശത്തിലെ നാലു കാറ്റുകളെ അഴിച്ചുവിടുന്നു

***നമ്മുടെ ദൈവത്തിന്റെ ദാസന്മാരുടെ നെറ്റിയിൽ ഞങ്ങൾ മുദ്രയിട്ടു കഴിയുവോളം ഭൂമിക്കും സമുദ്രത്തിനും വൃക്ഷങ്ങൾക്കും കേടുവരുത്തരുത് എന്നു ഉറക്കെ വിളിച്ചു പറഞ്ഞു. വെളി. 7:3.***

സാത്താനോടു ചേർന്നുവരുന്ന അനേക ജനസമൂഹങ്ങൾ നിമിത്തം സാത്താൻ അവകാശപ്പെടുന്ന പരമാധികാരത്തെ നിഷേധിച്ചുകൊണ്ട് ദൂതന്മാർ ഭൂമിയെ ബന്ധിച്ചിരിക്കുകയാണ്. നാം ഒരു ശബ്ദം ശ്രവിക്കുകയോ നമ്മുടെ നഗ്നനേത്രങ്ങൾ ദൂതന്മാരുടെ പ്രവർത്തനങ്ങൾ കാണുകയോ ചെയ്യുന്നില്ല. എന്നാലും ഭൂമിയിലെ ദൈവജനത്തെ മുദ്ര ഇട്ടു തീരുവോളം നിദ്രാവിഹീനരായി സാത്താന്റെ സൈന്യത്തെ ദൈവജനത്തോട് അകറ്റി നിർത്തുകയാണ്.

നാലു ദൂതന്മാർ പിടിച്ചിരിക്കുന്ന കാറ്റുകൾ പ്രകൃതിശക്തികളായ ഭൂകമ്പം കൊടുങ്കാറ്റ് രാഷ്ട്രീയ കലാപങ്ങൾ എന്നിവയാണെന്ന് യോഹന്നാൻ ദർശിക്കുന്നു. അവരെ സ്വതന്ത്രരാക്കുവിൻ എന്ന് ദൈവം പറയുന്നതുവരെ അവ നിയന്ത്രണത്തിലാകുന്നു. ദൈവസഭയുടെ സംരക്ഷണം ഇവിടെയാകുന്നു. ദൈവത്തിന്റെ വിശുദ്ധന്മാരുടെ നെറ്റിയിൽ മുദ്രയിട്ടു തീരുവോളം ഭൂമിമേലും സമുദ്രത്തിന്മേലും വൃക്ഷങ്ങളിന്മേലും കാറ്റടിക്കാതിരിക്കേണ്ടതിന് ദൈവദൂതന്മാർ അവന്റെ ആജ്ഞ അനുസരിച്ച് ഭൂമിയിലെ കാറ്റിനെ പിടിച്ചുനിർത്തിയിരിക്കുകയാണ്.

ജീവനുള്ള എല്ലാറ്റിനും ആഹ്ലാദ തിമിർപ്പിന്റെ കാലയളവാണ് ഇത്. രാജാക്കന്മാരും ഭരണാധികാരികളും സ്തീപുരുഷന്മാരും നമുക്കുചുറ്റും നടക്കുന്ന സംഭവങ്ങളെ സൂക്ഷ്മാവലോകനം ചെയ്യുകയാണ്. അവർ രാജ്യങ്ങൾ തമ്മിൽ നിലനിൽക്കുന്ന പിരിമുറുക്കങ്ങളെയും അസ്വസ്ഥത ഉളവാക്കുന്ന ബാന്ധവങ്ങളെയും നിരീക്ഷിക്കുകയാണ്.

അവർ ഭൗതിക ശക്തികളിന്മേൽ അത്യുഗ്ര സ്വാധീനം ചെലുത്തുവാൻ ശക്തിയുള്ള കാര്യങ്ങളെ നിരീക്ഷിക്കുകയും വഞ്ചനാപരമായ എന്തോ ഒന്ന് സംഭവിക്കുവാൻ പോകുന്നു എന്ന് മനസ്സിലാക്കുകയും ചെയ്യുന്നു. ഇന്ന് ലോകം പരിഹരിക്കുവാൻ കഴിയാത്ത ഒരു പ്രതിസന്ധിയുടെ വക്കിലാണ്.

വരുവാനുള്ള നാശത്തെക്കുറിച്ചുള്ള മുന്നറിയിപ്പ് ലോകത്തിനു നല്കിത്തീരുവോളം ദൂതന്മാർ കലഹത്തിന്റെ കാറ്റിനെ ബന്ധിച്ചിരിക്കുന്നു. ഭൂമിയിൽ ആഞ്ഞടിക്കുവാനായി ഒരു കൊടുങ്കാറ്റ് രൂപപ്പെട്ടുകൊണ്ടിരിക്കുന്നു. ദൈവം തന്റെ ദൂതന്മാരോട് കാറ്റുകളെ അഴിച്ചുവിടുവിൻ എന്നു കല്പിക്കുമ്പോൾ തൂലികകൾക്ക് വിവരിക്കാനാകാത്ത വിധമുള്ള ദുരന്ത കാഴ്ചകൾ സംഭവിക്കും.

ദൈവകൃപയാൽ താല്ക്കാലിക ആശ്വാസത്തിനായി ഒരു നിമിഷനേരം നമുക്കു നല്കപ്പെട്ടിരിക്കുന്നു. അജ്ഞതയിൽ നശിച്ചുപോകുന്നവരുടെ രക്ഷക്കുവേണ്ടി പ്രവർത്തിക്കുവാൻ സ്വർഗ്ഗത്തിൽനിന്നും നമുക്ക് നൽകിയിരിക്കുന്ന ശക്തി നാം ഉപയോഗപ്പെടുത്തണം. മുന്നറിയിപ്പിൻ ദൂത് ലോകത്തിന്റെ മുക്കിലും മൂലയിലും ഘോഷിക്കണം. വലിയൊരു വേലചെയ്തു തീർക്കുവാനുണ്ട്. ഇന്നത്തേക്കുള്ള സത്യം ഗ്രഹിച്ചിരിക്കുന്നവരുടെ മേൽ ഈ ദൗത്യം നിക്ഷിപ്തമായിരിക്കുന്നു.

# ഒടുക്കത്തെ ഏഴു ബാധകൾ വീഴുവാൻ തുടങ്ങി

***നിങ്ങൾ പോയി ക്രോധ കലശം ഏഴും ഭൂമിയിൽ ഒഴിച്ചു കളയുവിൻ എന്നു ഒരു മഹാശബ്ദം ദൈവാലയത്തിൽ നിന്നു ഏഴു ദൂതന്മാരോടു പറയുന്നതു കേട്ടു. വെളി. 16:1.***

ക്രിസ്തു സമാഗമനകൂടാരത്തിലെ തന്റെ മദ്ധ്യസ്ഥവേല ചെയ്തു തീരുമ്പോൾ മൃഗത്തെയും അതിന്റെ പ്രതിമയെയും നമസ്ക്കരിച്ച് അതിന്റെ മുദ്രയേറ്റവരുടെ മേൽ ചൊരിയപ്പെടുവാനുള്ള കലർപ്പില്ലാത്ത ക്രോധം അവരുടെ മേൽ ചൊരിയപ്പെടും. ദൈവം മിസ്രയീമിൽനിന്നു തന്റെ ജനത്തെ വീണ്ടെടുക്കും മുമ്പ് ചൊരിഞ്ഞതായ ആ ബാധകൾപോലെ അതിഭയങ്കരവും ഭീകരവുമായ ബാധകളായിരിക്കും അന്ത്യകാലത്ത് തന്റെ ജനത്തെ വീണ്ടെടുക്കുവാൻ ലോകത്തിനുമേൽ ചൊരിയപ്പെടുന്നത്. അതിന്റെ ഭീകരതയെക്കുറിച്ചു വെളിപ്പാടുകാരനായ യോഹന്നാൻ ഇവ്വണ്ണം വിവരിക്കുന്നു: “അപ്പോൾ മൃഗത്തിന്റെ മുദ്രയുള്ളവരും അതിന്റെ പ്രതിമയെ നമസ്ക്കരിക്കുന്നവരുമായ മനുഷ്യർക്കു വല്ലാത്ത ദുർവ്രണം ഉണ്ടായി. സമുദ്രം മരിച്ചവന്റെ രക്തംപോലെയായിത്തീർന്നു. സമുദ്രത്തിലെ ജീവജന്തു ഒക്കെയും ചത്തുപോയി”. അതിനുശേഷം പറഞ്ഞിരിക്കുന്നതു നദികളും നീരുറവകളും രക്തമായിത്തീർന്നു എന്നാണ്. ഈ കഷ്ടതകൾ എത്ര ഭയാനകമായിരുന്നാലും ദൈവത്തിന്റെ നീതി പൂർണ്ണമായി വെളിപ്പെടുകയും നിലനിൽക്കുകയും ചെയ്യും. കാരണം ദൈവത്തിന്റെ ദൂതൻ ഇവ്വണ്ണം ഘോഷിക്കുന്നു: “നീ ഇങ്ങനെ വിധിക്കകൊണ്ട് കർത്താവേ നീ നീതിമാനാകുന്നു. കാരണം അവർ ഇങ്ങനെതന്നെ പ്രവാചകന്മാരോടും ചെയതുവല്ലോ. തന്മൂലം നീ അവർക്കു രക്തം കുടിപ്പാൻ കൊടുത്തു. ഇതിനു അവർ യോഗ്യർ തന്നെ” (വെളി. 16:2-6). അവർ ദൈവത്തിന്റെ ജനത്തെ കുറ്റം വിധിച്ചു. അവരുടെ രക്തം ചൊരിയിച്ചതുകൊണ്ടു ആ അകൃത്യം അവരുടെ മേൽ ആയി.

തുടർന്നുള്ള ബാധകളിൽ സൂര്യന് മനുഷ്യരെ തീകൊണ്ടു ദണ്ഡിപ്പിക്കുവാൻ അധികാരം കൊടുത്തു. അതിനാൽ മനുഷ്യർ അത്യുഷ്ണത്താൽ ദണ്ഡനം അനുഭവിച്ചു. വാക്യം. 8,9.

ഈ ബാധകൾ സർവ്വ വ്യാപകമായി നടക്കുന്ന സംഭവമോ, അഥവാ ഭൂവാസികളെ മുഴുവനുമായി നിഗ്രഹിക്കുന്ന ഒരു സംഭവമോ ആയിട്ടല്ല വെളിപ്പെടുത്തുന്നത്. എന്നാൽ അതു ഇന്നുവരെയും മനുഷ്യൻ അനുഭവിച്ചിട്ടില്ലാത്ത ഒരു കഷ്ടതയാണ്. കൃപയുടെ കാലം അവസാനിക്കുന്നതിനു തൊട്ടു മുമ്പുള്ള ന്യായവിധി ദൈവത്തിന്റെ കരുണയുമായി കലർന്നതായിരിക്കും. കാരണം കർത്താവിന്റെ വിശുദ്ധരക്തം നിമിത്തം. അല്ലെങ്കിൽ അവന്റെ മദ്ധ്യസ്ഥ ശുശ്രൂഷ നിമിത്തം ഏതൊരു പാപിയുടെയും അകൃത്യത്തിനു തക്ക ശിക്ഷയെ തടുത്തു നിർത്തുന്നു. എന്നാൽ അന്ത്യ ന്യായവിധിയിൽ കലർപ്പില്ലാതെ പകർന്നിരിക്കുന്ന ക്രോധം ചൊരിയപ്പെടുന്നു.

ദൈവക്രോധം കല്പനാലംഘികളുടെ മേൽ പതിക്കുവാൻ സമയമായി. അതിന്റെ സമയം വരുമ്പോൾ അവസാനംവരെ യാതൊരു താല്ക്കാലികാശ്വാസവും കൂടാതെ ചൊരിയുകയും ചെയ്യും. ദൈവത്തിന്റെ ക്രോധമാകുന്ന കൊടുങ്കാറ്റു ആഞ്ഞടിക്കുവാൻ പോകുകയാണ്, ദൈവസ്നേഹത്താൽ സത്യത്താലുള്ള വിശുദ്ധിയുടെ പാതയിൽ വന്നവരല്ലാതെ ആരും ഇതിൽ നിലനില്ക്കുകയില്ല. അവർ ശൂന്യാവസ്ഥ കഴിയുവോളം ക്രിസ്തുവിനോടുകൂടെ ദൈവത്തിൽ മറയ്ക്കപ്പെടുന്നു.





# കൊല്ലുവാനുള്ള അധികാരം കൊടുത്തു

***മൃഗത്തിന്റെ പ്രതിമ സംസാരിക്കേണ്ടതിന്നും മൃഗത്തിന്റെ പ്രതിമയെ നമസ്ക്കരിക്കാത്തവരെ ഒക്കെയും കൊല്ലിക്കേണ്ടതിന്നും മൃഗത്തിന്റെ പ്രതിമക്കു ആത്മാവിനെ കൊടുപ്പാൻ അതിന്നു ബലം ലഭിച്ചു. വെളി. 13:15.***

യേശു അതിപരിശുദ്ധ സ്ഥലം വിടുമ്പോൾ മനുഷ്യനിലും നേതാക്കന്മാരിലും വാദിച്ചുകൊണ്ടിരിക്കുന്ന അവന്റെ ആത്മാവിനെ പിൻവലിക്കുകയും അവർ ദുഷ്ട ദൂതന്മാരുടെ നിയന്ത്രണത്തിൻ കീഴിലായിത്തീരുകയും ചെയ്യും. അപ്പോൾ സാത്താന്റെ ആലോചനപ്രകാരവും അവന്റെ നിർദ്ദേശപ്രകാരവും ഇങ്ങനെയുള്ള നിയമങ്ങൾ നിലവിൽവരും. ആ കാലം ചുരുങ്ങിയില്ലെങ്കിൽ ഒരു ജഡവും രക്ഷ പ്രാപിക്കുകയില്ല.

യേശു സ്വർഗ്ഗീയമന്ദിരത്തിലെ ശുശ്രൂഷ പൂർത്തീകരിക്കുന്നതുവരെ നാലു ദൂതന്മാർ നാലു കാറ്റുകളെ പിടിച്ചിരിക്കുന്നതു ഞാൻ കണ്ടു. അതിനു ശേഷമോ ഒടുക്കത്തെ ഏഴു ബാധകൾ വരും. ഈ ബാധകൾ നിമിത്തം ദുഷ്ടന്മാർ കോപത്തോടെ നീതിമാന്മാർക്കു എതിരായിത്തീരുകയും അവരെ ഭൂമിയിൽനിന്നു ഒടുക്കിക്കളഞ്ഞാൽ ദൈവത്തിന്റെ കോപവും നീങ്ങിപ്പോകും എന്നു വിചാരിക്കും. അപ്പോൾ അവരെ കൊന്നുകളയുവാൻ ഒരു നിയമം പുറപ്പെടുവിക്കുകയും അവരുടെ വീണ്ടെടുപ്പിനായുള്ള നിലവിളി രാപ്പകൽ ഉയരുകയും ചെയ്യും. ഇതാണ് യാക്കോബിന്റെ കഷ്ടകാലം. ഭൂമിയിലെ രാജാക്കന്മാർ കൂടിവന്നു ആലോചന കഴിക്കുന്നതും അവർക്കു ചുറ്റും പിശാചും അവന്റെ ദൂതന്മാരും വ്യഗ്രതപ്പെട്ടു നടക്കുന്നതും ഞാൻ കണ്ടു. ശബ്ബത്തു വിശ്വാസത്തെ മാറ്റി ആഴ്ചവട്ടത്തിന്റെ ഒന്നാംനാൾ ആചരിക്കാത്ത വിശുദ്ധന്മാരെ ഒടുക്കിക്കളയേണ്ടതിന് ജനങ്ങൾക്ക് അധികാരം കൊടുത്തുള്ള ഒരു അധികാരപത്രം ദേശത്തിന്റെ നാനാ ഭാഗത്തേക്കും അയയ്ക്കുന്നതു ഞാൻ കണ്ടു. ദൈവകല്പന പ്രമാണിക്കുന്നവരെ കൊന്നുകളയുവാനുള്ള ഒരു പൊതുനിയമവും നിശ്ചിത സമയവും ഉണ്ടെങ്കിലും അവരെ സമയത്തിനു മുമ്പു കൊന്നുകളയുവാൻ ശത്രുക്കൾ ശ്രമിക്കും. എന്നാൽ അവർക്ക് ചുറ്റും നില ഉറപ്പിച്ചിരിക്കുന്ന ശക്തിയുള്ള രക്ഷിതാക്കളെ മറികടക്കുവാനും ദൈവത്തിന്റെ വിശുദ്ധന്മാരെ ഒടുക്കിക്കളയുവാനും അവർക്കു കഴിയുകയില്ല. ചിലർ നഗരങ്ങളിലൂടെയും ഗ്രാമങ്ങളിലൂടെയുമുള്ള അവരുടെ പലായനത്തിനിടെ ആക്രമിക്കപ്പെടും. എന്നാൽ അവർക്കുനേരെ ഉയർത്തിയ വാൾ ഒടിഞ്ഞു ശക്തിയില്ലാത്ത വൈക്കോൽപോലെ താഴെ വീഴും. മറ്റു ചിലരെ ദൈവത്തിന്റെ ദൂതന്മാർ യുദ്ധ വീരന്മാരുടെ രൂപത്തിൽ ദുഷ്ടന്മാരോടെതിർത്ത് അവരെ സംരക്ഷിക്കും. മനുഷ്യർക്കു സ്വർഗ്ഗീയ ദർശനം ഉണ്ടായിരുന്നെങ്കിൽ, അവർ ക്രിസ്തുവിന്റെ സഹിഷ്ണതയുടെ വചനത്തെ പാലിക്കുന്നവരുടെ ചുറ്റും ശക്തിയുള്ളവരായി നില്ക്കുന്ന ദൂതസംഘത്തെ കാണുമായിരുന്നു. അവർ ദയയോടും കരുണയോടുംകൂടെ അവരുടെ ഞെരുക്കങ്ങൾക്കു സാക്ഷ്യം വഹിക്കുകയും അവരുടെ പ്രാർത്ഥന ശ്രദ്ധിക്കുകയും ചെയ്യുന്നു. അവർ അവരെ കഷ്ടത്തിൽ നിന്നു വിടുവിക്കുവാൻ, അവരുടെ മേലധികാരിയുടെ കല്പനയ്ക്കായി കാത്തിരിക്കുന്നു. എന്നാൽ അവർക്കു ഒരു അല്പം കാത്തിരിക്കേണ്ടിവരും. ദൈവജനം പാനപാത്രം കുടിക്കുകയും അഭിഷേകത്താൽ സ്നാനപ്പെടുകയും വേണം.

# മരണത്തിനായി മുദ്രയിടപ്പെട്ടു

***സകല യഹൂദന്മാരെയും ആബാലവൃദ്ധം കുഞ്ഞുങ്ങളെയും സ്ത്രീകളെയും കൂടെ നശിപ്പിച്ചു കൊന്നു മുടിക്കുകയും അവരുടെ വസ്തുവക കൊള്ളയിടുകയും ചെയ്യേണമെന്നു രാജാവിന്റെ സകല സംസ്ഥാനങ്ങളിലേക്കും അഞ്ചല്ക്കാർ വശം എഴുത്തു അയച്ചു. എസ്ഥേർ 3:13.***

അഹശ്വേരോശ് രാജാവ് യഹൂദന്മാർക്ക് നേരെ വിളംബരം ചെയ്ത നിയമം പോലെയുള്ള ഒരു നിയമം ആയിരിക്കും അവസാനം ദൈവത്തിന്റെ ശേഷിപ്പ് സഭയുടെനേരെ ഉടലെടുക്കുന്നത്.

മനുഷ്യന്റെ സുരക്ഷിതത്വത്തിന്റെ നിയമം പിൻവലിക്കപ്പെടുമ്പോൾ ദേശത്തിന്റെ പലയിടങ്ങളിലും ദൈവത്തിന്റെ നിയമത്തെ പ്രമാണിക്കുന്നവരെ ഒടുക്കിക്കളയേണ്ടതിന് പൊടുന്നനെ ഒരു സംഘടന രൂപം കൊള്ളും. ഈ നിയമത്തിൽ പറഞ്ഞിരിക്കുന്ന നിശ്ചിത സമയം അടുക്കുമ്പോൾ ജനം തങ്ങൾ എതിർക്കുന്ന ജാതിയെ വേരോടു പിഴുതുകളവാൻ തക്കവണ്ണം ഗൂഢാലോചനയിൽ ഏർപ്പെടും. അങ്ങനെ ഒറ്റ രാത്രിയിൽ തന്നെ സത്യത്തിൽ നിന്നു പിന്മാറാത്തവരെ ഒടുക്കിക്കളയേണ്ട തീരുമാനം എടുക്കും. ദൈവത്തിന്റെ നാലാം കല്പനയിലെ ശബ്ബത്തിനെ അവഗണിച്ചു ആഴ്ചവട്ടത്തിന്റെ ഒന്നാം നാളിനെ ബഹുമാനിക്ക എന്ന ഒരു നിയമം പ്രാബല്യത്തിൽ വരും. അല്ലാത്തവർക്കു ജീവൻ നഷ്ടമാകും. എന്നാൽ ദൈവത്തെ സ്നേഹിക്കുന്നവർ ആ നിയമത്തെ പ്രമാണിക്കുവാൻ കൂട്ടാക്കുകയില്ല. അതിനാൽ അവരെ സാത്താന്റെ അനുയായികളും ദുഷ്ടന്മാരും ചേർന്നു അവഹേളിക്കും. അവർക്ക് രക്ഷപ്പെടുവാൻ അവസരമില്ലാത്തതുകൊണ്ട് അവർ വിജയാട്ടഹാസം മുഴക്കും.

ഈ പീഡനകാലം വരുമ്പോൾ എല്ലാ കാര്യങ്ങളും നിശ്ചയിക്കപ്പെടും. കൃപയുടെ കാലവും ദുഷ്ടന്മാരോടുള്ള കരുണയും അവസാനിച്ചിരിക്കും. ജീവനുള്ള ദൈവത്തിന്റെ മുദ്ര ദൈവജനത്തിനുമേൽ പതിഞ്ഞിരിക്കും. ഈ ചെറിയ ശേഷിപ്പു ഭൂമിയിലെ വൻ ശക്തികളെ എതിരിടുവാൻ ശക്തിയില്ലാതെ ദൈവത്തെത്തന്നെ അവരുടെ സങ്കേതമാക്കും. ഭൂമിയിലെ ഉന്നതന്മാരിലൂടെയുള്ള നിയമമായതിനാൽ ക്രൂരമായ പീഡനവും മരണഭീതിയും നിമിത്തം അനേകർ മൃഗത്തെ നമസ്ക്കരിച്ച് അതിന്റെ മുദ്രയേൽക്കുകയും ചെയ്യും.

അതു വിശുദ്ധന്മാർക്കു ഭീതിയുടെയും ഉഗ്രമായ വേദനയുടെയും ഒരു നിമിഷമായിരിക്കും. രാവും പകലും അവർ ദൈവത്തോട് രക്ഷയ്ക്കായി നിലവിളിച്ചുകൊണ്ടിരിക്കും. അവരുടെ രക്ഷയ്ക്കായി അക്ഷരികമായി ഒന്നുംതന്നെയില്ലാത്തതുകൊണ്ട് ദുഷ്ടന്മാർ ജയം പ്രാപിച്ചവരെപ്പോലെ, നിങ്ങളെ നിങ്ങളുടെ ദൈവത്തിന് ഞങ്ങളുടെ കരങ്ങളിൽനിന്നു രക്ഷപ്പെടുത്തുവാൻ കഴിഞ്ഞില്ലയോ? എന്തുകൊണ്ട് നിങ്ങൾ ഉയരങ്ങളിലേക്കു പോയി നിങ്ങളെ രക്ഷിക്കുന്നില്ല എന്ന് അവർ ആർപ്പോടെ പരിഹസിക്കും. എന്നാൽ വിശുദ്ധന്മാർ അതു ശ്രദ്ധിക്കുകയില്ല!





# പീഡനകാലത്തു ദൂതന്മാരുടെ സംരക്ഷണം

***എന്റെ ജനമേ, വന്നു നിന്റെ അറകളിൽ കടന്നു വാതിലുകളെ അടെക്ക; ക്രോധം കടന്നു പോകുവോളം അല്പനേരത്തേക്കു ഒളിച്ചിരിക്ക. യെശ. 26:20.***

പരിശോധന കഠിനമാക്കുമ്പോൾ ക്രിസ്തു ഇവ്വണ്ണം പറയും: എന്റെ ജനമേ വന്നു നിന്റെ അറകളിൽ കടന്നു വാതിലുകളെ അടെക്ക; ക്രോധം കടന്നു പോകുവോളം അല്പ നേരത്തേക്കു ഒളിച്ചിരിക്ക. ഇവിടെ അവർ ഒളിച്ചിരിക്കേണ്ട അറകൾ ഏതെല്ലാമാണ്? അവ ക്രിസ്തുവിന്റെയും ദൂതന്മാരുടെയും രക്ഷാവലയമാകുന്നു. ഈ സന്ദർഭത്തിൽ ദൈവത്തിന്റെ ജനം ഒരു സ്ഥലത്ത് ഒന്നിച്ചായിരിക്കുകയില്ല. അവർ പല കൂട്ടമായി ലോകത്തിന്റെ നാനാ ഭാഗത്തായിരിക്കും.

വിശുദ്ധന്മാർ നഗരങ്ങളെയും ഗ്രാമങ്ങളെയും വിട്ട് ഒരു കൂട്ടമായി ചേരുകയും വിജനമായ സ്ഥലങ്ങളിൽ പാർക്കുകയും ചെയ്യുന്നതു ഞാൻ കണ്ടു. ദുഷ്ടന്മാർ വിശപ്പും ദാഹവുമുള്ളവരായിരിക്കുമ്പോൾ ദൂതന്മാർ ആഹാരംകൊണ്ടും വെള്ളംകൊണ്ടും വിശുദ്ധന്മാരെ സംരക്ഷിക്കുന്നു.

ആ രാത്രിയിൽ ആകർഷകമായ ഒരു ദൃശ്യം എന്റെ മുമ്പാകെ കടന്നുപോയി. അവിടെ ഒരു വലിയ കലഹംപോലെയും സൈന്യങ്ങൾ തമ്മിലുള്ള പോരാട്ടം പോലെയും തോന്നി. അപ്പോൾ കർത്താവിന്റെ ഒരു ദൂതൻ എന്റെ അടുക്കൽ നിന്നു പറഞ്ഞത്, നിന്റെ ഭവനത്തിലുള്ളവരെ വിളിപ്പിൻ ഞാൻ നിന്നെ നയിക്കും. "എന്നെ അനുഗമിക്ക" അവൻ എന്റെ അന്ധകാരത്തിലൂടെയും വനാന്തരങ്ങളിലൂടെയും മലകൾക്കിടയിലൂടെയും നയിച്ചു എന്നിട്ട് പറഞ്ഞു നീ ഇവിടെ സുരക്ഷിതനാണ്. ഈ പലായനത്തിൽ നയിക്കപ്പെട്ട മറ്റനേകരും ഉണ്ടായിരുന്നു. സ്വർഗ്ഗീയ ദൂതൻ ഇവ്വണ്ണം പറഞ്ഞു: യഹോവ നിന്നെ അറിയിച്ചതുപോലെ, കഷ്ടകാലം രാത്രിയിൽ കള്ളൻ എന്നപോലെ വന്നിരിക്കുന്നു.

ക്രിസ്തുവിന്റെ വരവിനു തൊട്ടുമുമ്പുള്ള കഷ്ടകാലത്തു നീതിമാന്മാർ സ്വർഗ്ഗീയ ദൂതന്മാരുടെ സേവനം നിമിത്തം പരിപാലിക്കപ്പെടും. എന്നാൽ കല്പനാലംഘികൾ സുരക്ഷിതരല്ല! അവരെ ദൂതന്മാർക്കു സംരക്ഷിക്കുവാൻ കഴിയുകയില്ല.

ലോകചരിത്രത്തിന്റെ അവസാന നിമിഷത്തിൽ തനിക്കുവേണ്ടി സ്ഥിരതയോടും വിശ്വസ്തതയോടും നിലകൊണ്ടവർക്കുവേണ്ടി ക്രിസ്തു ശക്തിയോടെ പ്രവർത്തിക്കും. ഒരു രാജ്യമുണ്ടായതു മുതൽ അന്നുവരെയുണ്ടാകാത്തതായ ഈ കഷ്ടകാലത്തു അവന്റെ തിരഞ്ഞെടുക്കപ്പെട്ടവർക്കു ഒരു മാറ്റവും സംഭവിക്കുകയില്ല. സാത്താനോ അവന്റെ ദൂതന്മാർക്കോ ദൈവത്തിന്റെ വിശുദ്ധന്മാർക്കെതിരായി ഒന്നുംതന്നെ ചെയ്യുവാൻ കഴിയുകയില്ല. അവർ ശക്തിയുള്ള ദൂതന്മാരാൽ സംരക്ഷിക്കപ്പെട്ടിരിക്കുകയും ഈ അവസരത്തിൽ യഹോവ താൻ ദൈവാധിദൈവവും കർത്താധികർത്താവും തന്നെ ആശ്രയിക്കുന്നവരെ പൂർണ്ണമായി വിടുവിപ്പാൻ സമർത്ഥൻ എന്നു വെളിപ്പെടുത്തും.

# ദുഷ്ടന്മാർ ബാധകളുടെ കാലത്ത്

***അപ്പത്തിനായുള്ള വിശപ്പല്ല വെള്ളത്തിനായുള്ള ദാഹവുമല്ല, യഹോവയുടെ വചനങ്ങളെ കേൾക്കേണ്ടതിനുള്ള വിശപ്പുതന്നെ ഞാൻ ദേശത്തേക്കു അയക്കുന്ന നാളുകൾ വരുന്നു എന്നു യഹോവയായ കർത്താവിന്റെ അരുളപ്പാട്. അന്നു അവർ സമുദ്രം മുതൽ സമുദ്രം വരെയും വടക്കു മുതൽ കിഴക്കുവരെയും ഉഴന്നുചെന്നു. യഹോവയുടെ വചനം അന്വേഷിച്ചു അലഞ്ഞു നടക്കും. കണ്ടുകിട്ടുകയില്ലതാനും. ആമോസ് 8:11, 12.***

കരുണയുടെ മൃദു ശബ്ദം നിശ്ശബ്ദമാകുമ്പോൾ ദുഷ്ടന്മാരെ ഭയവും ഭീതിയും ഗ്രസിക്കുന്നു. അപ്പോൾ "വൈകിപ്പോയി, വൈകിപ്പോയി" എന്നു ഭീതിപ്പെടുത്തുന്ന ശബ്ദം അവർ സ്പഷ്ടമായി കേൾക്കും.

ക്രിസ്തു ക്രൂശിൽ പിടഞ്ഞതുപോലെയുള്ള അനുഭവം ദൈവത്തിന്റെ ക്രോധ കലശം പാപികളുടെ മേൽ വർഷിക്കുമ്പോൾ അവർ അനുഭവിക്കും. അകൃത്യത്തിലായിരിക്കുന്ന ആത്മാക്കളിൽ മരണത്തിന്റെ കരിനിഴൽ വ്യാപിക്കുന്നതുകൊണ്ട് അവർക്കു വലിയ നിരാശയുണ്ടാകുകയും അവർ പാപത്തിന്റെ മ്ലേച്ഛതയെക്കുറിച്ചു പൂർണ്ണമായി ഗ്രഹിക്കുകയും ചെയ്യും. ഒരു ദൂതൻ ഇവ്വണ്ണം പറഞ്ഞു: "ദൈവത്തിന്റെ വചനത്തിനു ഒട്ടും വില കല്പിക്കാത്തവർ സമുദ്രം മുതൽ സമുദ്രം വരെയും വടക്കുമുതൽ തെക്കു വരെയും യഹോവയുടെ വചനം അന്വേഷിച്ച് അലഞ്ഞുനടക്കും" അവർ കണ്ടെത്തുകയില്ല. "ദേശത്തു ഒരു ക്ഷാമം ഉണ്ടായി. അപ്പത്തിനായുള്ള വിശപ്പല്ല; വെള്ളത്തിനായുള്ള ദാഹവുമല്ല. യഹോവയുടെ വചനം കേൾക്കുവാനുള്ള വിശപ്പുതന്നെ." അവർക്കു യഹോവയിൽ നിന്നും ഒന്നുംതന്നെ ലഭ്യമാവുകയില്ല.

ബാധകളുടെ കഠിനത നിമിത്തം ദുഷ്ടന്മാർ ഏറ്റവും കോപിക്കും. അതൊരു കഠിനമായ കഷ്ടതയുടെ ദൃശ്യമായിരിക്കും. മാതാപിതാക്കൾ മക്കളെയും മക്കൾ അപ്പനമ്മമാരെയും സഹോദരന്മാർ സഹോദരിമാരെയും സഹോദരിമാർ സഹോദരന്മാരെയും കുറ്റപ്പെടുത്തും. ജനങ്ങൾ തങ്ങളുടെ പുരോഹിതന്മാർ ഇങ്ങനെയുള്ള കാര്യങ്ങളെക്കുറിച്ചു മുന്നറിയിപ്പു നല്കിയില്ലയെന്നും ഇതിനെ സംബന്ധിച്ച മുന്നറിയിപ്പു നല്കിയവരെ മതഭ്രാന്തന്മാരും ദുഷ്ടന്മാരുമാണെന്നും അവർ നിങ്ങളെ നാശത്തിലേക്കു നയിക്കുന്നു എന്നും പറഞ്ഞു എന്നും അവരെ കുറ്റപ്പെടുത്തും. എന്നാൽ അങ്ങനെയുള്ള പുരോഹിതന്മാർ പതിന്മടങ്ങു ദൈവകോപം അനുഭവിക്കും, അതിൽനിന്നും രക്ഷപ്പെടുവാൻ അവർക്കു കഴിയുകയില്ല.

ദൈവത്തിന്റെ ന്യായവിധി കരുണയില്ലാതെ ദുഷ്ടന്മാരുടെ മേൽ പതിക്കുമ്പോൾ അത്യുന്നതനായ കർത്താവിനെ സ്നേഹിക്കുകയും അവന്റെ കല്പന പ്രമാണിക്കുകയും അവന്റെ മറവിൽ വസിക്കുകയും ചെയതവരെ ദുഷ്ടന്മാർക്കു അസൂയ ജനിക്കുമാറു ദൈവം സംരക്ഷിക്കും.





# യാക്കോബിന്റെ കഷ്ടകാലം

***ആ നാൾപോലെ വേറെ ഇല്ലാതവണ്ണം അതു വലുതായിരിക്കുന്നു കഷ്ടം! അതു യാക്കോബിനു കഷ്ടകാലം തന്നെ; എങ്കിലും അവൻ അതിൽ നിന്നു രക്ഷിക്കപ്പെടും. യിരെ. 30:7***

സ്വർഗ്ഗീയ മന്ദിരത്തിലെ വേല യേശു പൂർത്തിയാക്കുന്നതുവരെ നാലു ദൂതന്മാർ നാലു കാറ്റുകളെ പിടിച്ചിരിക്കുന്നതും അതിനുശേഷം ഒടുക്കത്തെ ഏഴു ബാധകൾ വരുന്നതും ഞാൻ കണ്ടു. ഈ ബാധകൾ ദുഷ്ടന്മാരെ പ്രകോപിതരാക്കുകയും അവർ നീതിമാന്മാർക്കെതിരെ തിരിയുകയും അവരെ ഭൂമുഖത്തുനിന്നു നീക്കിയാൽ യഹോവയുടെ കോപം നിന്നുപോകും എന്നും ചിന്തിക്കും. അങ്ങനെ നീതിമാന്മാരെ കൊന്നുകളവാൻ ഒരു നിയമം പ്രാബല്യത്തിൽ വരുകയും വിശുദ്ധന്മാർ രാപ്പകൽ രക്ഷയ്ക്കായി നിലവിളിക്കുകയും ചെയ്യും ഇതാണ് യാക്കോബിന്റെ കഷ്ടകാലം.

ഈ കഷ്ടകാല സമയത്തു സാത്താൻ ഏശാവിനെ യാക്കോബിനെതിരെ സ്വാധീനിച്ചതുപോലെ അവൻ ലോകത്തിലെ ദുഷ്ടന്മാരെ കോപിപ്പിച്ച് ദൈവജനത്തിനുനേരെ ഉയർത്തും. അന്നു അവൻ യാക്കോബിനെ കുറ്റപ്പെടുത്തിയതുപോലെ ദൈവജനത്തെയും കുറ്റപ്പെടുത്തുവാൻ സമ്മർദ്ദം ചെലുത്തും. ലോകത്തെ അവന്റെ അനുയായികളായി അവൻ കണക്കിലെടുക്കും എന്നാൽ ദൈവകല്പന പ്രമാണിക്കുന്ന ചെറിയ കൂട്ടം അവരോടു എതിർത്തു നില്പാൻ ശക്തിയുള്ളവരായിത്തീരും. അവരെ ഈ ലോകത്തുനിന്നു തുടച്ചു നീക്കുവാൻ കഴിഞ്ഞാൽ അവന്റെ വിജയം പൂർണ്ണമായിരിക്കും. എന്നാൽ ദൂതന്മാർ അവർക്കു ചുറ്റും വേലിയായി നില്ക്കുന്നതുകൊണ്ടു അവരുടെ പാപങ്ങൾ മോചിക്കപ്പെട്ടുവോ? സ്വർഗ്ഗീയ കൂടാരത്തിൽ എന്ത് തീരുമാനിച്ചു എന്ന അറിവില്ലാത്തതിനാലും അവൻ ദൈവത്തോടു വാദിക്കും. കാരണം അവൻ ഓരോരുത്തരെക്കൊണ്ടു ചെയ്യിച്ച പാപങ്ങൾ ഓർക്കുന്നതുകൊണ്ട്, അവൻ ദൈവത്തോട് ഇവൻ മരണയോഗ്യനാകുന്നു, നീതിമാനായ നീ ഇവനെ ചേർത്തുകൊണ്ട് അനിന്ദ്യനായി ഭവിക്കാതെ ഇരിപ്പാനും അവനെ നശിപ്പിക്കേണ്ടതിനു ഏല്പിച്ചുകൊടുപ്പാനും ദൈവമായ കർത്താവിനോടു വാദിക്കും.

ഇങ്ങനെ സാത്താൻ ദൈവജനത്തിന്റെ പാപം നിമിത്തം കുറ്റപ്പെടുത്തും. എന്നാൽ യഹോവ അവരെ പൂർണ്ണ പരിശോധനയ്ക്കായി അനുവദിക്കും. അവരുടെ ദൈവത്തിലുള്ള ആശ്രയം, വിശ്വാസം, ദൃഢത എന്നിവ പൂർണ്ണമായ പരീക്ഷക്കു വിധേയരാകുവാൻ ഏല്പിക്കപ്പെടും. അങ്ങനെ അവരുടെ മുൻകാലങ്ങളെക്കുറിച്ചു പുനരവലോകനം ചെയ്യുമ്പോൾ അവർക്ക് പ്രത്യാശിപ്പാൻ വകയില്ല. കാരണം അവരുടെ ജീവിതത്തെ ആകമാനം വീക്ഷിക്കുമ്പോൾ അല്പം നന്മ മാത്രമേ കാണുകയുള്ളു. അവരുടെ അയോഗ്യതയെക്കുറിച്ചു പൂർണ്ണബോധമുള്ളവരായിരിക്കും. ഈ സന്ദർഭത്തിൽ സാത്താൻ അവരുടെ ചിന്തകളെ നിയന്ത്രിക്കുവാൻ ശ്രമിക്കുകയും അവർക്കു പ്രത്യാശിക്കുവാൻ വകയില്ല എന്നത് അവരെ അലട്ടുകയും ചെയ്യും. അവരുടെ കുറ്റകൃത്യങ്ങൾ ഒരിക്കലും മായിച്ചു കളയുവാൻ പറ്റുന്നതല്ല എന്നു സമർത്ഥിക്കുവാൻ ശ്രമിക്കുന്നു. അവരുടെ ദൈവത്തിലുള്ള വിശ്വാസത്തെ നശിപ്പിച്ചാൽ അവർ ദൈവത്തെ ഉപേക്ഷിച്ച് തന്റെ പരീക്ഷയിൽ വീഴ്ത്തി നശിപ്പിച്ചുകളയാം എന്നു അവൻ വ്യാമോഹിക്കുന്നു.

# കഷ്ടകാലം എന്തിന്?

***ദൈവം നമ്മുടെ സങ്കേതവും ബലവും ആകുന്നു; കഷ്ടങ്ങളിൽ അവൻ ഏറ്റവും അടുത്ത തുണയായിരിക്കുന്നു. സങ്കീ. 46:1***

ദൈവജനം ആബാലവൃദ്ധം അവരെ നശിപ്പിക്കുവാൻ ആഗ്രഹിക്കുന്ന ശത്രുക്കളാൽ വലയപ്പെടുമെങ്കിലും, അവർ സഹിക്കുന്ന കഷ്ടത സത്യത്തിനുവേണ്ടിയാകയാൽ ഗണ്യമാക്കുകയില്ല. എന്നിരുന്നാലും അവരുടെ എല്ലാ പാപങ്ങളെയും ഏറ്റു പറഞ്ഞിട്ടുണ്ടോയെന്നും തൻനിമിത്തം സകല ലോകർക്കും നേരിടുന്ന പരീക്ഷാസമയത്തു ഞാൻ നിങ്ങളെ കാത്തുകൊള്ളും എന്നുള്ള രക്ഷകന്റെ വാഗ്ദത്ത നിവൃത്തി അവർക്കു മനസ്സിലാക്കുവാൻ പ്രയാസമാകും. അവരുടെ പാപങ്ങൾ ക്ഷമിക്കപ്പെട്ടു എന്ന നിശ്ചയം അവർക്കുണ്ടായാൽ പീഡനത്തെയല്ലെങ്കിൽ മരണത്തെപ്പോലും അവർ ഭയക്കുകയില്ല; എന്നാൽ അവർ അയോഗ്യരായിത്തീർന്നാൽ, അവരുടെ ബലഹീനമായ സ്വഭാവത്താൽ ജീവനെ നഷ്ടമാക്കുകയും തന്മൂലം യഹോവയുടെ നാമം ദുഷിക്കപ്പെടുകയും ചെയ്യും.

എല്ലാവശത്തുനിന്നും രാജ്യദ്രോഹങ്ങളെക്കുറിച്ചും വിപ്ലവ പ്രർത്തനങ്ങളെക്കുറിച്ചും അവർ കേൾക്കുകയും കാണുകയും ചെയ്യും. ഈ വലിയ വിശ്വാസത്യാഗവും ദുഷ്ടന്റെ ദുഷ്ടതയും അവസാനിച്ചിരുന്നെങ്കിൽ എന്നു ആകാംക്ഷയോടെ അവർ ആശിക്കും. എന്നാൽ അവർ വിപ്ലവ പ്രവർത്തനത്തെ അവസാനിപ്പിക്കുവാൻ ദൈവത്തോട് അപേക്ഷിക്കുമ്പോൾ അവർക്കു സ്വന്തം ശക്തിയാൽ ദുഷ്ടന്റെ ഈ വൻ ശക്തിയോട് പോരാടുവാൻ കഴിയുകയില്ല എന്ന് ഗ്രഹിക്കും. എന്നാൽ അവൻ ക്രിസ്തുവിന്റെ സേവനത്തിൽ പങ്കാളികളാകുന്നു എന്നു വിചാരിക്കുകയും അങ്ങനെ മുമ്പോട്ടുതന്നെ പോകുകയും ക്രിസ്തുവിൽ ബലം പ്രാപിക്കുകയും സാത്താന്റെ ശക്തിക്കു അവരെ വെല്ലുവാൻ കഴിയാതെ ശക്തിയില്ലാതാകുകയും ചെയ്യും.

മുൻ കാലത്തെ നിരവധി പാപങ്ങളെ ചൂണ്ടിക്കാണിച്ചുകൊണ്ട് അവരുടെ ആത്മാക്കളെ ദണ്ഡിപ്പിക്കും, "അവൻ എന്നെ അഭയം പ്രാപിച്ചു എന്നോടു സമാധാനം ചെയ്തുകൊള്ളട്ടെ (യെശ. 27:5) എന്ന വാഗ്ദത്തത്തിനായി അപേക്ഷിക്കും. അവരുടെ പ്രാർത്ഥനയ്ക്കുള്ള മറുപടി താമസിച്ചാലും അവരുടെ വിശ്വാസം നഷ്ടമാകുകയില്ല. നിരാശയും കഷ്ടതയും ഉത്ക്കണ്ഠയും ഉള്ള സമയത്തിലും അവരുടെ പ്രാർത്ഥന നിർത്തിക്കളയുകയില്ല. എന്നെ അനുഗ്രഹിച്ചല്ലാതെ ഞാൻ നിന്നെ വിടുകയില്ല എന്നു ദൂതനോടു യാക്കോബു പറഞ്ഞതുപോലെ അവർ ദൈവത്തിന്റെ ശക്തിയിൽ ആശ്രയിക്കും. കഷ്ടകാലം ഒരു കഠിന പരീക്ഷയുടെ കാലമാണ്. അതിനാൽ ദൈവത്തിന്റെ ജനത്തെ ശോധന കഴിക്കുകയും അങ്ങനെ അവരുടെ സ്വഭാവം ക്രിസ്തുവിന്റെ സ്വഭാവത്തോട് അനുരൂപപ്പെടുകയും വേണം.





# ദൈവത്തിന്റെ കണ്ണു അവന്റെ ജനത്തിന്മേലിരിക്കുന്നു

***ദൈവമോ രാപ്പകൽ തന്നോടു നിലവിളിക്കുന്ന തന്റെ വൃതന്മാരുടെ കാര്യത്തിൽ ദീർഘക്ഷമയുള്ളവൻ ആയാലും അവരെ പ്രതിക്രിയ നടത്തി രക്ഷിക്കയില്ലയോ? വേഗത്തിൽ അവരെ പ്രതിക്രിയ നടത്തി രക്ഷിക്കും എന്നു ഞാൻ നിങ്ങളോടു പറയുന്നു. ലൂക്കൊ. 18:7,8.***

ദൈവജനത്തിനു മുമ്പാകെ ഏറ്റുപറയാത്ത പാപങ്ങൾ ഉണ്ടെങ്കിൽ കഷ്ടകാലത്ത് ഭീതിയാലും യാതനയാലും പീഡിക്കപ്പെടുമ്പോൾ ഭയം അവരിൽ ഏറ്റവും വളരുകയും, നൈരാശ്യത്താൽ വിശ്വാസം ശോഷിക്കുകയും ദൈവത്തോട് അവരുടെ രക്ഷയ്ക്കായി അപേക്ഷിക്കുവാൻ ശക്തിയില്ലാതിരിക്കുകയും ചെയ്യും. എന്നിരുന്നാലും അവരുടെ പാപങ്ങൾ മറച്ചു വെക്കാത്തതു മൂലം അവരിൽ തങ്ങൾ അയോഗ്യരെന്ന് ആഴമായ ചിന്തയോടെ വർത്തിക്കുമ്പോൾ അവരുടെ പാപങ്ങൾ ക്ഷമിക്കപ്പെടുകയും ഓർമ്മിക്കാതെയിരിക്കുകയും ചെയ്യും.

ദുഷ്ടർക്കു കഷ്ടത നിമിത്തം മേല്ക്കുമേൽ നിരാശ വർദ്ധിക്കുമ്പോൾ ക്രസ്ത്യാനികളെന്നു അഭിമാനിക്കുന്നവർ ഒരുക്കമില്ലാതെ ഈ അന്തിമ പ്രതിസന്ധിയിൽ അവരുടെ നൈരാശ്യത്തിൽ വളരെ വേദനയോടെ തങ്ങളുടെ പാപങ്ങളെ ഏറ്റുപറയും.

പാപത്താൽ വഞ്ചിക്കപ്പെടുകയും പരീക്ഷിക്കപ്പെടുകയും എന്നാൽ യഥാർത്ഥ മാനസാന്തരാനുഭവം പ്രാപിക്കുകയും ചെയ്തവരെ ദൈവം തള്ളിക്കളയുകയില്ല എന്നു യാക്കോബിന്റെ ചരിത്രം ഉറപ്പാക്കുന്നു. സാത്താൻ അങ്ങനെയുള്ളവരെ നശിപ്പിക്കുവാൻ ശ്രമിക്കുമ്പോൾ ദൈവം തന്റെ ദൂതന്മാരെ അവന്റെ ജനത്തിനു ആശ്വാസവും കാവലുമായി അയയ്ക്കുകയും അവരെ നാശത്തിൽനിന്നും വിടുവിക്കുകയും ചെയ്യും.

അവർക്കെതിരെ സാത്താൻ കൊണ്ടുവരുന്ന കുറ്റങ്ങൾ കഠിനവും അവൻ ഉയർത്തുന്ന പ്രലോഭനങ്ങൾ ഭയങ്കരവുമായിരിക്കും. എന്നാൽ യഹോവയുടെ കണ്ണ് അവന്റെ ജനത്തിന്മേലും അവന്റെ ചെവി അവരുടെ പ്രാർത്ഥനയ്ക്കും തുറന്നിരിക്കും. അവരുടെ കഷ്ടത വലിയതെങ്കിലും അഗ്നിജ്വാല അവരെ ദഹിപ്പിക്കും എന്നു തോന്നുമെങ്കിലും കുശവന്റെ ഉലയിൽ ശുദ്ധീകരിച്ച തങ്കത്തെപ്പോലെ ദൈവം അവരെ പുറത്തുകൊണ്ടുവരും. അവരുടെ സമൃദ്ധിയിൽ അവരോടുള്ളതിനെക്കാൾ ഈ കഠിനമായ പരിശോധനാകാലത്തു ദൈവത്തിന്റെ സ്നേഹം വലുതായിരിക്കും. ലോകസ്നേഹത്തെ അവരിൽനിന്നും പൂർണ്ണമായി നശിപ്പിച്ചു കളയുവാൻ അഗ്നിപരീക്ഷ ആവശ്യമാണ്. അങ്ങനെ അവർ ക്രിസ്തുവിനെ പൂർണ്ണമായി പ്രതിഫലിപ്പിക്കും.

കഠിനമായി പരീക്ഷിക്കപ്പെടുമ്പോൾ തളർച്ചയെയും കാത്തിരിപ്പിനെയും വിശപ്പിനെയും അതിജീവിക്കുവാൻ കഴിയുന്ന ഒരു വിശ്വാസം ഈ കഷ്ടകാലങ്ങളിൽ ആവശ്യമാണ്. കൃപയുടെ കാലം ഒരുക്കത്തിനായി നല്കപ്പെട്ടിരിക്കുന്നു. ദൈവത്തിന്റെ വാഗ്ദത്തത്തിൽ മുറുകെ പിടിക്കുന്നവർ യാക്കോബിനെപ്പോലെ ആത്മാർത്ഥതയും സഹന ശേഷിയുമുള്ളവരുമായിത്തീരുകയും അവൻ വിയജിച്ചതുപോലെ വിജയം പ്രാപിക്കുകയും ചെയ്യും.

# മഹാ കഷ്ടകാലത്തിന്റെ സമയം

***ആ നാളുകൾ ദൈവം സൃഷ്ടിച്ച സൃഷ്ടിയുടെ ആരംഭം മുതൽ ഇന്നുവരെ സംഭവിച്ചിട്ടില്ലാത്തതും ഇനിമേൽ സംഭവിക്കാത്തതും ആയ കഷ്ടകാലം ആകും. മർക്കൊ. 13:19.***

ആ മഹാ കഷ്ടകാലം അധികം താമസിക്കാതെതന്നെ നമ്മുടെ മേൽ ആരംഭിക്കുവാൻ പോകുകയാണ്. തന്മൂലം അതിനെ നേരിടുവാൻ ആവശ്യമായ അനുഭവ സമ്പത്തു ഇന്നു നാം പ്രാപിച്ചിട്ടില്ല. അതു പ്രാപിക്കുവാൻ അനേകർക്കും അവരുടെ നിരുത്സാഹം കാരണം കഴിയുകയില്ല. ഒരുവിധത്തിൽ പറഞ്ഞാൽ യഥാർത്ഥ വസ്തുതയെക്കാൾ ഈ കാര്യത്തിൽ കഷ്ടത വലിയതാണ്. എന്നാൽ നമുക്കു മുൻപിലുള്ള ആ പ്രതിസന്ധിയെക്കുറിച്ചു ഇതു യഥാർത്ഥമല്ല. ഈ ഒരു അഗ്നിപരീക്ഷയെ അതിപ്രസക്തിയുള്ള അവതരണത്തിലൂടെ സ്ഥാപിക്കുവാൻ കഴിയുകയില്ല. ഇപ്പോൾ നമ്മുടെ പ്രിയ രക്ഷകൻ നമുക്കു വേണ്ടി പാപപരിഹാരം ചെയ്തുകൊണ്ടിരിക്കുന്നു. തത്സമയം നാം ക്രിസ്തുവിന്റെ പൂർണ്ണതയെ പ്രാപിക്കുവാൻ യത്നിക്കണം. ദൈവത്തിന്റെ കരുതൽ എന്നതു ക്രിസ്തുവിന്റെ സൗമ്യതയും താഴ്മയും പഠിക്കുന്നതിനുള്ള ഒരു പള്ളിക്കൂടമാണ്. നമുക്കിഷ്ടപ്പെടുന്നതും നമുക്കു എളുപ്പവുമായുള്ള വഴികളെ അല്ല കർത്താവു നമുക്കു മുമ്പാകെ സ്ഥാപിക്കുന്നത്, എന്നാൽ ജീവിതത്തിലെ യഥാർത്ഥ ലക്ഷ്യത്തെയാണ്. ഈ ഒരു വേല ഒരുത്തനും ഒഴിച്ചുകൂടുവാൻ കഴിയാത്തതും മാറ്റം വരുത്തുവാൻ കഴിയാത്തതുമാണ്. എന്നാൽ മറിച്ചു സംഭവിച്ചാൽ അതു അവരുടെ ആത്മനാശത്തിൽ ചെന്നു കലാശിക്കും.

അപ്പൊസ്തലനായ യോഹന്നാൻ ദർശനത്തിൽ സ്വർഗ്ഗത്തിൽ അതിശയകരമായ ഒരു ശബ്ദം കേട്ടതിനെക്കുറിച്ചു ഇപ്രകാരം പറയുന്നു: “ഭൂമിയിലും സമുദ്രത്തിലുള്ളവർക്കും അയ്യോ കഷ്ടം. സാത്താൻ തനിക്കു അല്പകാലമേയുള്ളു എന്നു അറിഞ്ഞു അതിക്രോധത്തോടെ ഇറങ്ങിവന്നിരിക്കുന്നു. സ്വർഗ്ഗത്തിൽനിന്നുള്ള ഈ ഒരു പ്രസ്ഥാവന ഭീതി ജനിപ്പിക്കുന്ന ഒരു ദൃശ്യം തന്നെയാണ്. സമയം ചുരുങ്ങുന്നതിനെ അനുസരിച്ച് അവന്റെ കോപവും ചുറ്റുമുള്ള ചതിക്കുന്നതായ വേലയും വർദ്ധിക്കുകയും കഷ്ടകാലത്തു നാശം അതിന്റെ മൂർദ്ധന്യാവസ്ഥയിലെത്തുകയും ചെയ്യും. ദൈവത്തിന്റെ ദീർഘക്ഷമ അവസാനിച്ചു. ലോകം അവന്റെ കരുണയെ തിരസ്കരിക്കുകയും അവന്റെ സ്നേഹത്തെ നിന്ദിക്കുകയും അവന്റെ കല്പനയെ തകർക്കുകയും ചെയ്യും. ദുഷ്ടന്മാരുടെ കരുണയുടെ കാലം അവസാനിക്കുകയും കർത്താവ് അവരുടെ സംരക്ഷണം പിൻവലിക്കുകയും അവർ തിരഞ്ഞെടുത്ത നേതാവിന്റെ കരുണയുടെ വലയത്തിൽ അവൻ ആയിത്തീരുകയും ചെയ്യും. അങ്ങനെ സാത്താൻ അവന്റെ നിയന്ത്രണത്തിൽ വീണവരുടെമേൽ ശക്തി പ്രാപിക്കുകയും ഭൂമിയിൽ നിവാസികളെ ഒക്കെയും ഏറ്റവും വലിയ അനർത്ഥത്തിലേക്കു തള്ളിയിടുകയും ചെയ്യും. ഇന്നു മനുഷ്യമനസ്സുകളിലെ ആസക്തികളാകുന്ന കാറ്റിനെ ബന്ധിച്ചിരിക്കുന്ന ദൈവദൂതൻ അതിനെ അഴിച്ചുവിടുമ്പോൾ ലോകം പ്രശ്നമുഖരിതമാകും. സകല ലോകവും പഴയ യെരുശലേമിനുമേൽ വന്നതിനെക്കാൾ വലിയ നാശത്തിൽ അകപ്പെടും. ഒരു രാഷ്ട്രം ഉണ്ടായതു മുതൽ ഇന്നുവരെ ഉണ്ടാകാത്ത കഷ്ടകാലത്തും ദൈവജനം അചഞ്ചലരായി നിലകൊള്ളും. സാത്താനോ അവന്റെ ദുഷ്ടന്മാരായ അനുയായികൾക്കോ ദൈവജനത്തെ നശിപ്പിക്കുവാൻ കഴിയുകയില്ല.





# വഞ്ചനയുടെ മകുടം ചാർത്തൽ

***സഹിഷ്ണതയെക്കുറിച്ചുള്ള എന്റെ വചനം നീ കാത്തുകൊണ്ടതിനാൽ ഭൂമിയിൽ വസിക്കുന്നവരെ പരീക്ഷിക്കേണ്ടതിന് ഭൂതലത്തിൽ എങ്ങും വരുവാനുള്ള പരീക്ഷാകാലത്ത് ഞാനും നിന്നെ കാക്കും. വെളി. 3:10.***

കർത്താവായ യേശുക്രിസ്തുവിന്റെ വരവ് അടുക്കുമ്പോൾ കീഴെനിന്നും ദുഷ്ട ശക്തികൾ വ്യാപരിക്കുകയും ദുഷ്ടനായ പിശാച് മർത്യന്റെ വേഷത്തിൽ മാത്രമല്ല യേശുക്രിസ്തുവിന്റെ വേഷം ധരിക്കുകയും കർത്താവിന്റെ സത്യവചനത്തെ തിരസ്കരിച്ചവരൊക്കെയും അവനെ കർത്താധി കർത്താവും രാജാധി രാജാവുമായി സ്വീകരിക്കുകയും ചെയ്യും.

കഷ്ടകാലത്ത് തന്റെ സമയം ചുരുങ്ങുന്തോറും സാത്താൻ തന്റെ വഞ്ചനയുടെയും നശീകരണത്തിന്റെയും വേല അതിശക്തമാകും. വഞ്ചനയുടെ മകുടമായ വൻ നാടകത്തിൽ സാത്താൻതന്നെ യേശുക്രിസ്തുവിന്റെ വേഷം ധരിക്കുന്നു. പ്രത്യാശയുടെ അവസാനമായ രക്ഷകന്റെ വരവിനെയാണ് സഭ വളരെ കാലമായി കാത്തിരിക്കുന്നത്. ഈ സന്ദർഭത്തിൽ വഞ്ചനയാൽ ക്രിസ്തു വന്നു എന്ന് അവൻ പ്രസ്താവിക്കുന്നു. ഭൂമിയുടെ വിവിധ ഭാഗങ്ങളിൽ ഇതു വെളിച്ച ദൂതന്റെ വേഷത്തിൽ അതായതു യോഹന്നാൻ വെളിപ്പാടു പുസ്തകം 1:13–15 വരെ പറഞ്ഞിരിക്കുന്നപ്രകാരം സാത്താൻ അവന്റെ വേഷത്തിൽ വിളങ്ങും. മർത്യമായ കണ്ണുകൾ കണ്ടിട്ടുള്ള മഹത്വത്തെ കവിയുന്ന തരത്തിൽ അവൻ ശോഭിക്കും. ക്രിസ്തു വന്നു, ക്രിസ്തു വന്നു എന്ന സ്വരം അത്യുച്ചത്തിൽ അന്തരീക്ഷത്തിൽ മാറ്റൊലിക്കൊള്ളും. ക്രിസ്തു ഭൂമിയിൽ ഉണ്ടായിരുന്നപ്പോൾ തന്റെ ശിഷ്യന്മാരെ അനുഗ്രഹിച്ചതുപോലെ, ഇരു കരങ്ങളും ഉയർത്തി ജനങ്ങളെ അനുഗ്രഹിക്കുമ്പോൾ അവർ അവനു മുമ്പാകെ സാഷ്ടാംഗം വീണു നമസ്കരിക്കും. അവന്റെ സ്വരം മൃദുവും കീഴടക്കുന്നതും മാധുര്യമേറുന്നതുമായിരിക്കും. രക്ഷകൻ ചൊന്നതുപോലെയുള്ള അതെ സ്വർഗീയ സത്യത്തെ കൃപയോടെ അവതരിപ്പിക്കുകയും വളരെ സ്നേഹത്തോടും സൗമ്യതയോടുമുള്ള സ്വരത്തിൽ സംസാരിക്കുകയും രോഗികളെ സൗഖ്യമാക്കുകയും ക്രിസ്തു എന്നു നടിച്ച് ശബ്ബത്തിനെ ഞായറാഴ്ചയിലേക്കു മാറ്റിയെന്നും തന്മൂലം ആ ദിവസത്തെ വിശുദ്ധമായി ആചരിക്കുവാൻ കല്പിക്കുകയും ചെയ്യും. ഏഴാംദിവസം വിശുദ്ധമായി ആചരിച്ചാൽ സത്യവെളിച്ചത്തെ നല്കിയ തന്റെ ദൂതന്മാരെ നിന്ദിച്ചു അപമാനിക്കുകയാണ് എന്നു പറയും. ഇതാണ് അവന്റെ ഏറ്റവും വലിയ വഞ്ചന സൈമൺ മാഗസിനാൽ വഞ്ചിതരായിത്തീർന്ന ശമര്യക്കാരെപ്പോലെ അനേകരും ഈ മായാവിദ്യക്കു അടിമപ്പെട്ട് “ഇത് ദൈവത്തിന്റെ വൻ ശക്തി”യെന്നു പറയും. അപ്പൊ.പ്ര. 8:10 എന്നാൽ ദൈവത്തിന്റെ ജനം വഞ്ചിതരാകുകയില്ല. കാരണം കള്ളക്രിസ്തുക്കളുടെ ഉപദേശങ്ങൾ തിരുവെഴുത്തിൻ പ്രകാരമുള്ളവയല്ല.

# കൃപാകാലത്തിനുശേഷം രക്തസാക്ഷികൾ കാണുകയില്ല

***അവൻ എന്നെ വിളിച്ചപേക്ഷിക്കും; ഞാൻ അവനു ഉത്തരമരുളും. കഷ്ടകാലത്തു ഞാൻ അവനോടുകൂടെ ഇരിക്കും; ഞാൻ അവനെ വിടുവിച്ചു മഹത്വപ്പെടുത്തും. സങ്കീ. 91:15***

ദൈവത്തിന്റെ ജനം കഷ്ടതയിൽ നിന്നും ഒഴിവുള്ളവരല്ല, എന്നാൽ അവർ പീഡിപ്പിക്കപ്പെടുമ്പോഴും നിരാശയിലായിരിക്കുമ്പോഴും ജീവിത സുഖത്തിന്റെ അഭാവം അനുഭവിക്കുമ്പോഴും ആഹാരമില്ലാതെ കഷ്ടപ്പെടുമ്പോഴും അവർ നശിക്കുവാൻ ഇട വരികയില്ല. ജൈവജനം തങ്ങൾക്ക് മുൻപ് രക്തസാക്ഷികളായവർ ചെയ്തതുപോലെ സാക്ഷ്യങ്ങൾ തങ്ങളുടെ രക്തത്താൽ മുദ്രയിടപ്പെടണമെന്ന് മാനുഷീക നയനങ്ങൾക്ക് തോന്നും. കർത്താവ് അവരെ ശത്രുക്കളുടെ കയ്യിൽ ഏല്പിച്ചുകളഞ്ഞു എന്നൊരു ഭീതി അവരിൽതന്നെ ഉടലെടുക്കും. അതൊരു കഠിനവേദനയുടെ നിമിഷമാണ്. രാപ്പകൽ അവർ രക്ഷയ്ക്കായി ദൈവത്തോട് നിലവിളിക്കും.

ലോക ശക്തികൾ ഒന്നിച്ചു ദൈവജനത്തിനെതിരായി ഭവിക്കുമ്പോൾ തന്റെ ജനത്തിനു വന്നുചേരുന്ന പ്രതിസന്ധിയിൽ അവൻ കാലാകാലങ്ങളായി കണ്ണു നട്ടിരിക്കുന്നു. നാടുകടത്തപ്പെട്ടവരെപ്പോലെ അവർ പട്ടിണി മരണത്തിനോ അഥവാ നിയമരാഹിത്യ മരണത്തിനോ വിധിക്കപ്പെട്ടിരിക്കും. എന്നാൽ ഏകനായി മഹാത്ഭുതം ചെയ്യുന്ന വിശുദ്ധനും, ഇസ്രായേലിനു മുമ്പാകെ ചെങ്കടലിനെ പിളർന്നു വഴിയൊരുക്കിയവനുമായവൻ. സകല ബന്ധങ്ങളും അകറ്റി തന്റെ ശക്തി വെളിപ്പെടുത്തും. “ഞാൻ ഉണ്ടാക്കുവാനുള്ള ദിവസത്തിൽ അവർ എനിക്ക് ഒരു നിക്ഷേപം ആയിരിക്കും; എന്നു സൈന്യങ്ങളുടെ യഹോവ അരുളിചെയ്യുന്നു. ഒരു മനുഷ്യൻ തനിക്കു ശുശ്രൂഷ ചെയ്യുന്ന മകനെ ആദരിക്കുന്നതുപോലെ ഞാൻ അവരെ ആദരിക്കും” മലാഖി 3:17. ആ സമയത്ത് ക്രിസ്തുവിന്റെ വിശ്വസ്തസാക്ഷികളുടെ രക്തം ചൊരിയപ്പെട്ടാലും അത് രക്തസാക്ഷികളുടെ രക്തം പോലെയായിരിക്കുകയില്ല. എന്നാൽ ദൈവത്തിന്റെ ഫലശേഖരത്തിനായി വിതയ്ക്കപ്പെട്ട വിത്തുപോലെയത്രെ. അവരു ആത്മാർത്ഥത മറ്റുള്ളവരെ സത്യത്തിനുവേണ്ടി പരിവർത്തിതരാക്കുന്ന ഒരു സാക്ഷ്യമായി എന്നും വരികയില്ല; കാരണം മർക്കടമുഷ്ടിയുള്ള ഹൃദയം ദൈവകാരുണ്യം അന്വേഷിക്കാതെ അശുദ്ധിയിൽനിന്നു അശുദ്ധിയിലേക്കു പോകുന്നതിനാൽ നീതിമാന്മാർ ഇപ്പോൾ ശത്രുക്കളുടെ കയ്യിലകപ്പെട്ടാൽ, അതു അന്ധകാരപ്രഭുവിനു ഒരു വിജയാഹ്ലാദമായിരിക്കും. സങ്കീർത്തനക്കാരൻ ഈവണ്ണം പറയുന്നു:

“അനർത്ഥദിവസത്തിൽ അവൻ തന്റെ കൂടാരത്തിൽ എന്നെ ഒളിപ്പിക്കും. തിരുനിവാസത്തിന്റെ മറവിൽ എന്നെ മറക്കും (സങ്കീ. 27:5).

യേശുക്രിസ്തു ഈവണ്ണം പറഞ്ഞു: എന്റെ ജനമേ, വന്നു നിന്റെ അറകളിൽ കടന്നു വാതിലുകളെ അടെക്ക; ക്രോധം കടന്നുപോകുവോളം അല്പ നേരത്തേക്കു ഒളിച്ചിരിക്ക. യഹോവ തന്റെ സ്ഥലത്തുനിന്ന് ഇതാ വരുന്നു” യെശ. 26:20,21. ജീവ പുസ്തകത്തിൽ പേരെഴുതപ്പെട്ടവരുടെയും അവനായി സഹിഷ്ണതയോടെ കാത്തിരിക്കുന്നവരുടെയും രക്ഷ അതിമഹത്വമുള്ളതായിരിക്കും.





# ദൈവജനം രക്ഷപ്രാപിച്ചു

***യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു: ബലവാനോടു ബദ്ധന്മാരെ എടുത്തുകളയാം; നിഷ്ക്കണ്ടകന്റെ കവർച്ച വിടുവിക്കാം; നിന്നോടു പോരാടുന്നവരോട് ഞാൻ പോരാടുകയും നിന്റെ മക്കളെ രക്ഷിക്കുകയും ചെയ്യും. യെശ. 49:25.***

ദൈവകല്പന അനുസരിക്കുന്നവരുടെ മേൽനിന്നും അവരുടെ സുരക്ഷയുടെ ദേശീയ നിയമം പിൻവലിക്കപ്പെടുമ്പോൾ തന്നെ ദേശത്തിന്റെ വിവിധ ഭാഗങ്ങളിൽ അവരെ തകർക്കുവാനുള്ള പ്രസ്ഥാനങ്ങൾ ഉടലെടുക്കും. ഈ കരാറിന്റെ സമയം അടുത്തു വരുമ്പോൾ ജനം തങ്ങളുടെ വിദ്വേഷികളായ ഈ വർഗ്ഗത്തെ തങ്ങളുടെ മണ്ണിൽനിന്നും തുടച്ചു നീക്കുവാൻ ശ്രമിക്കും. എതിരാളികളുടെ ശബ്ദം നില്ക്കത്തക്ക രീതിയിൽ ഒറ്റ രാത്രികൊണ്ട് അവരെ തകർത്തുകളവാൻ തീരുമാനിക്കും. അവരെ കൊന്നുകളവാൻ ദുഷ്ടദൂതന്മാരാൽ പ്രേരിപ്പിക്കപ്പെടും.

ഈ സന്ദർഭത്തിൽ തുറുങ്കിലടക്കപ്പെട്ടവരും വനാന്തരങ്ങളിലെ ഒളിസങ്കേതങ്ങളിൽ കഴിയുന്നവരും കുന്നുകളിൽ വസിക്കുന്നവരും തങ്ങളുടെ രക്ഷക്കായി നിലവിളിക്കും. ഇങ്ങനെ അങ്ങയറ്റം കഷ്ടത്തിലായിരിക്കുന്ന അവസ്ഥയിലായിരിക്കും ഇസ്രായേലിന്റെ ദൈവം താൻ തിരഞ്ഞെടുത്ത ജനത്തിനായി ഇടപെടുവാൻ പോകുന്നത്.

ദുഷ്ടന്മാർ പരിഹാസത്തോടും ക്രൂരതയോടും വിജയാട്ടഹാസത്തോടും ദൈവജനത്തിനുമേൽ ചാടിവീഴുമ്പോൾ ഒരു കറുത്തിരുണ്ട അന്ധകാരം ഭൂമിമേൽ വീഴും. ഉടനെ ഒരു മഴവില്ല് പ്രാർത്ഥനയിലായിരിക്കുന്ന ദൈവ ഭക്തന്മാർക്കു ചുറ്റും മിന്നും. കോപാകുലരായ സമൂഹം നിശ്ചലരാകും. അവരുടെ പരിഹാസം നിലയ്ക്കും. കൊല്ലുവാനുള്ള അവരുടെ ലക്ഷ്യം മറന്നുപോകും. വളരെ ഭീതിയോടെ അവർ ദൈവത്തിന്റെ നിയമത്തെ വീക്ഷിക്കും. അതിന്റെ ഉഗ്രശോഭയിൽനിന്നും മറയുവാൻ ശ്രമിക്കും. എന്നാൽ ദൈവത്തിന്റെ ജനം തലകളെ ഉയർത്തുവിൻ എന്ന ശബ്ദം കേട്ടു അവരുടെ കണ്ണുകളെ സ്വർഗ്ഗത്തിലേക്കു ഉയർത്തുകയും അവർ വാഗ്ദത്തത്തിന്റെ വില്ലിനെ കാണുകയും ചെയ്യും. കറുത്തമേഘം വിഭാഗിക്കപ്പെടുകയും സ്തേഫാനോസ് ദൈവമഹത്വത്തെയും പുത്രന്റെ മഹിമയെയും കണ്ടതുപോലെ അവർ തല ഉയർത്തി ദൈവ മഹത്വത്തെ ദർശിക്കുകയും ചെയ്യും.

സകല ലോകവും അന്ധകാരത്തിൽ വീഴുമ്പോൾ വിശുദ്ധന്മാരുടെ വാസസ്ഥലങ്ങളിലെങ്ങും പ്രകാശം ശോഭിക്കും. അവർ ദൈവത്തിന്റെ രണ്ടാം വരവിന്റെ പ്രകാശം കാണും.

# അർദ്ധരാത്രിയിലെ വിടുതൽ

***പെട്ടെന്നു അർദ്ധരാത്രിയിൽ തന്നെ അവർ മരിക്കുന്നു; ജനം കുലുങ്ങി ഒഴിഞ്ഞുപോകുന്നു; കൈതൊടാതെ ബലശാലികൾ നീങ്ങിപ്പോകുന്നു. ഇയ്യോ. 34:20***

ദൈവം എല്ലായ്പ്പോഴും തന്റെ ശക്തി തെളിയിക്കുവാൻ സാത്താന്റെ പ്രവർത്തനങ്ങളിൽ നിന്നും രക്ഷയില്ലാത്ത അവസ്ഥയിൽപ്പോലും. അങ്ങേയറ്റം രക്ഷിക്കുന്നു. അർദ്ധരാത്രിയിലാണ് തന്റെ ശക്തി തെളിയിച്ച് തന്റെ ജനത്തെ വീണ്ടെടുക്കുവാൻ പോകുന്നത്. സൂര്യൻ അതിന്റെ ശക്തിയിൽ പ്രകാശിക്കുന്നതുപോലെ പ്രത്യക്ഷമാകും. പെട്ടെന്നുതന്നെ തുടർന്നുള്ള അടയാളങ്ങളും അത്ഭുതങ്ങളും സംഭവിക്കും. ദുഷ്ടൻ ഭയത്തോടും വിസ്മയത്തോടും ഈ സംഭവങ്ങളെ വീക്ഷിക്കുമ്പോൾ നീതിമാന്മാർ അവരുടെ വീണ്ടെടുപ്പ് അടുത്തതുകൊണ്ട് അധികം സന്തോഷിക്കും. പ്രകൃതിയിലുള്ള സകലതും അതിന്റെ സ്വസ്ഥാനത്തുനിന്നും അകന്നുപോകും. അരുവി പ്രവാഹങ്ങൾ നിലക്കും. കറുത്തിരുണ്ട മേഘങ്ങൾ ഉയരുകയും അതു തമ്മിൽ കൂട്ടിയിടിക്കുകയും ചെയ്യും. ക്രോധത്താൽ നിറഞ്ഞ ആകാശത്തിൽ ആർക്കും വർണ്ണിക്കുവാൻ കഴിയാത്ത മഹത്വമുള്ള ഒരു കാഴ്ച മുമ്പിൽ കടന്നുവരും. അതിൻ നടുവിൽ നിന്നും സംഭവിച്ചുതീർന്നു എന്ന സമുദ്രത്തിലെ ഓളങ്ങൾപോലുള്ള ദൈവത്തിന്റെ ശബ്ദം പുറപ്പെടും (വെളി. 16, 17).

ദൈവത്തിന്റെ ശബ്ദം നിമിത്തം ഭൂമിയുടെ ശക്തികൾ ഇളകിപ്പോകും. അപ്പോൾ സൂര്യനും ചന്ദ്രനും നക്ഷത്രങ്ങളും അതിന്റെ സ്വസ്ഥാനത്തുനിന്ന് ഇളകിപ്പോകും. അതൊക്കെയും ഒഴിഞ്ഞുപോകാതെ ദൈവത്തിന്റെ ശബ്ദം നിമിത്തം ഇളകും.

കറുത്തിരുണ്ട മേഘം ഉയർന്നുവരുകയും തമ്മിലിടിക്കുകയും ചെയ്യും. ആകാശമണ്ഡലങ്ങൾ പുസ്തകച്ചുരുൾ ചുരുട്ടുമ്പോലെ മാറിപ്പോകും. അപ്പോൾ ദൈവത്തിന്റെ ശബ്ദം വന്ന ഒറിയോൻ നക്ഷത്രസമൂഹത്തിലെ തുറന്ന കവാടത്തിലൂടെ അവർ നോക്കും.

ദൈവശബ്ദം കേട്ടതിനുശേഷം ജനം നിരാശയിലും അതുവരെ ഉണ്ടാകാത്ത കഷ്ടത്തിലും ആയിത്തീരും. അതിൽ ദൈവത്തിന്റെ ജനം കഷ്ടം അനുഭവിക്കും. മേഘങ്ങൾ തമ്മിലിടിക്കുകയും അന്ധകാരംകൊണ്ടു ഭൂമി നിറയുകയും ചെയ്യും. സ്വർഗ്ഗത്തിൽനിന്നും ശബ്ദം കേൾക്കുകയും ആകാശം പുസ്തകച്ചുരുൾ പോലെ മാറുവാൻ തുടങ്ങുകയും മനുഷ്യപുത്രന്റെ അടയാളം വ്യക്തമായും അധികം ശോഭയോടെയും വിളങ്ങുകയും ചെയ്യും. ഈ മേഘം എന്താണെന്ന് ദൈവമക്കൾ ഗ്രഹിക്കുന്നു.

ദൈവത്തിന്റെ മഹത്വത്താൽ അവരുടെ മുഖം ശോഭിക്കുകയും നൂറ്റിനാല്പത്തിനാലായിരം പേർ വിജയം പ്രാപിച്ച വീരന്മാരെപ്പോലെ സന്തോഷിക്കുകയും ചെയ്യും. ബന്ധനത്തിൽ കഴിഞ്ഞ ദൈവജനം അവന്റെ ശബ്ദത്തിൽ വിടുതൽ പ്രാപിക്കുമ്പോൾ ഈ വൻപോരാട്ടത്തിൽ ജീവിതം നഷ്ടപ്പെട്ടവരിൽ ഒരു വലിയ ഞെട്ടൽ സംഭവിക്കുന്നു. ദൈവത്തിന്റെ ശത്രുക്കളിന്മേലുള്ള ദൈവക്രോധ ദിവസം അവന്റെ സഭയുടെ വീണ്ടെടുപ്പിന്റെ ദിവസമാണ്.





# ദൈവം പ്രകൃതിയെ മറിച്ചിടുന്നു

***ഏഴാമത്തവൻ തന്റെ കലശം ആകാശത്തിൽ ഒഴിച്ചു; അപ്പോൾ സംഭവിച്ചു തീർന്നു എന്നു ഒരു മഹാശബ്ദം ദൈവാലയത്തിലെ സിംഹാസനത്തിൽ നിന്നു വന്നു. മിന്നലും നാദവും ഇടിമുഴക്കവും വലിയ ഭൂകമ്പവും ഉണ്ടായി; ഭൂമിയിൽ മനുഷ്യർ ഉണ്ടായതു മുതൽ അതുപോലെ അത്ര വലുതായൊരു ഭൂകമ്പം ഉണ്ടായിട്ടില്ല. വെളി. 16:17,18.***

ഏഴാമത്തെ കലശം ഒഴിക്കുന്നതിനെക്കുറിച്ചു നാം പഠിക്കേണ്ടത് ആവശ്യമാണ്. ഒരു ബദ്ധപ്പാടും കൂടാതെ ദുഷ്ടശക്തികൾ കീഴടങ്ങുകയില്ല.

ക്രോധത്താൽ നിറഞ്ഞ ആകാശമദ്ധ്യേ അവർണ്ണനീയവും വ്യക്തവുമായ സ്ഥലം കാണപ്പെടും. അവിടെനിന്നും "സംഭവിച്ചു തീർന്നു" എന്നുള്ള ദൈവശബ്ദം സമുദ്രത്തിലെ തിരമാലകളുടെ ശബ്ദംപോലെ മുഴങ്ങും (വെളി. 16:17).

ആ ശബ്ദം നിമിത്തം ആകാശവും ഭൂമിയും കിടിലംകൊള്ളും ഭൂമിയിൽ മനുഷ്യൻ ഉണ്ടായതുമുതൽ ഇന്നുവരെയും സംഭവിച്ചിട്ടില്ലാത്ത ഒരു ഭൂകമ്പം ഉണ്ടാകും. അതു വളരെ ശക്തമായതും വലിയതുമായിരിക്കും. ആകാശമണ്ഡലങ്ങൾ തുറക്കുകയും അടയുകയും ചെയ്യുംപോലെ കാണപ്പെടും. അതിലൂടെ ദൈവത്തിന്റെ മഹത്വം സിംഹാസനത്തിൽ മിന്നൽപോലെ വിളങ്ങും. പർവ്വതങ്ങൾ കാറ്റത്തു ആടുന്ന ഈറ്റ പോലെയാകും ഉഗ്രമായ പാറക്കഷ്ണങ്ങൾ എല്ലാ വശത്തും ചിതറികിടക്കും. കൊടുങ്കാറ്റു വരുമ്പോലെയുള്ള ഒരു മുഴക്കം ഉണ്ടാകും. സമുദ്രം ക്രോധത്താൽ അടിക്കും. നാശത്തിന്നുവേണ്ടി പ്രവർത്തിക്കുന്ന ഭൂതങ്ങളുടെ ശബ്ദംപോലെയുള്ള ഭീതിപ്പെടുത്തുന്ന ചുഴലക്കാറ്റിന്റെ ശബ്ദം കേൾക്കും. സകല ലോകരും ഈറ്റുനോവോടെ ഞെരങ്ങുകയും സമുദ്രത്തിന്റെ തിരമാലകളെപ്പോലെ ചാഞ്ചാടുകയും ചെയ്യും. അതിന്റെ ഉപരിതലം പൊട്ടുവാൻ തുടങ്ങും. അതിന്റെ അടിസ്ഥാനങ്ങൾ ഇളകിപ്പോകും. പർവ്വതനിരകൾ മുങ്ങുകയും ദ്വീപുകൾ അപ്രത്യക്ഷമാകുകയും ചെയ്യും. സൊദോമ്യദേശത്തെപ്പോലെ ദുഷ്ടത നടന്നതായ സമുദ്രതീരങ്ങളെ സമുദ്രം വിഴുങ്ങിക്കളയും. അപ്പോൾ മഹതിയാം ബാബിലോണിന് കലർപ്പില്ലാതെ പകർന്നിരിക്കുന്ന കോധമദ്യം കൊടുക്കേണ്ടതിന് ദൈവ മുമ്പാകെ ഓർമ്മയിൽ വരും. ഒരു താലത്തോളം വലിപ്പമുള്ള കല്മഴ നാശം എന്ന വേല പൂർത്തിയാക്കും. അംബരചുംബികളായിരുന്ന ഭൂപ്രദേശം തകർന്നുകിടക്കും. പ്രഭുക്കന്മാരുടെ കൊട്ടാരങ്ങളും അവരുടെ ധനം സ്വന്ത മഹത്വത്തിനായി മഹാന്മാർ ധൂർത്തടിച്ച് വസിച്ചതായ അവരുടെ താവളങ്ങൾ അവരുടെ കൺമുമ്പിൽ തകർന്നു നാശത്തിനിരയാകും. ദൈവജനത്തെ ബന്ധിച്ചിരുന്നതായ കാരാഗൃഹങ്ങൾ പിളരുകയും ദൈവജനം അവരുടെ വിശ്വാസം നിമിത്തം മോചിതരായിത്തീരുകയും ചെയ്യും.

# പ്രത്യേക പുനരുത്ഥാനം

***നിലത്തിലെ പൊടിയിൽ നിദ്രകൊള്ളുന്നവരിൽ പലരും ചിലർ നിത്യജീവനായും ചിലർ ലജ്ജയ്ക്കും നിത്യ നിന്ദെയ്ക്കുമായും ഉണരും ദാനി. 12:2.***

ദൈവം തന്റെ ജനത്തെ രക്ഷിക്കുവാൻ തിരഞ്ഞെടുത്ത സമയം അർദ്ധരാത്രിയാണ്. ദുഷ്ടൻ അവരെ ചുറ്റി പരിഹസിക്കുമ്പോൾ സൂര്യൻ ശക്തിയോടെ പ്രകാശിച്ചുകൊണ്ട് പ്രത്യക്ഷമാകുകയും ചന്ദ്രൻ ചലനമില്ലാതിരിക്കുകയും ചെയ്യും. കറുത്തിരുണ്ട മേഘം ഉയർന്നു വരികയും തമ്മിലടിക്കുകയും ചെയ്യും. എന്നാൽ ദൈവമഹത്വം കാണുന്ന സ്ഥലത്തുനിന്നും പെരുവള്ളത്തിന്റെ ശബ്ദം പോലെയുള്ള ദൈവശബ്ദം ആകാശത്തെയും ഭൂമിയെയും കിടിലം കൊള്ളിക്കും. അപ്പോൾ ഒരു ഭൂകമ്പമുണ്ടാകും. കല്ലറകൾ തുറക്കുകയും ത്രിവിധ ദൂതുകളിലുള്ള വിശ്വാസത്തിൽ ശബ്ബത്തു അനുസരിക്കുകയും നിദ്ര പ്രപിക്കുകയും ചെയ്തവർ ആ നാളിൽ ദൈവകല്പന പ്രമാണിച്ചവരോടുള്ള ദൈവത്തിന്റെ സമാധാനത്തിന്റെ ഉടമ്പടി കേൾക്കുവാൻ തേജസ്സോടുകൂടി ഉയിർത്തെഴുന്നേല്ക്കും.

ക്രിസ്തുവിൽ നിദ്രകൊണ്ടവർ അവരുടെ കാരാഗ്രഹ ഭവനങ്ങളിൽനിന്നും മഹത്വകരമായ അമർത്യതയിലേക്കു വിളിക്കപ്പെടും. പ്രിയമുള്ളവരേ അവൻ ഉയിർത്തിരിക്കുന്നതിനാൽ നിങ്ങളുടെ നിരാശയുടെ സമയത്തു അവൻ സമാധാനവുമായി നിങ്ങളുടെ കൂടെയുണ്ട്. ഞാൻ പറയുന്നതു എന്താണെന്ന് എനിക്കറിയാം. ഞാൻ മാനസികമായി തകർന്നപ്പോൾ അവൻ എനിക്ക് വലിയവനായിരുന്നെന്നും അവൻ എന്നെ കരുതുന്നവനാണെന്നും ഞാൻ എന്റെ അനുഭവത്തിൽ ഗ്രഹിച്ചു. എന്റെ മൂത്ത പുത്രന്റെ വിയോഗത്തിൽ ഞാൻ ദുഃഖത്തിലായപ്പോൾ രക്ഷകൻ മനസ്സിനു സമാധാനമായി എന്റെ അരികിൽ വന്നു. അപ്പോൾ എന്റെ ഹൃദയത്തിൽ ഒരിക്കലും അനുഭവിക്കാത്ത സന്തോഷമുണ്ടായി. സന്തോഷത്തിന്റെ പാനപാത്രം എനിക്കു കുടിപ്പാൻ തന്നു. അപ്പോഴാണ് മുപ്പത്താറു വർഷം എനിക്കു തുണയായി വന്നവനെ മൃത്യു കവർന്നത്. അതു എന്റെ ഹൃദയത്തിനു ഏറ്റവും വലിയ വേദനയായി. എന്നാൽ അപ്പോഴും ആശ്വാസത്തിന്റെ പാനപാത്രവുമായി അവൻ വന്നു. ആ കാരണത്താൽ യേശു എനിക്കു വലിയവനാണ്. നമ്മുടെ ബന്ധുമിത്രാദികൾ, നമ്മുടെ സ്നേഹിതർ, നമ്മുടെ മാതാപിതാക്കൾ എന്നിവർ നമ്മെ വിട്ടുപോകുമ്പോൾ ഹൃദയത്തിനു സമാധാനം നല്കുവാൻ അവൻ നമ്മോടൊപ്പമുണ്ട്.

ആ മഹത്വ പ്രത്യക്ഷതയിൽ അവരെ കണ്ടുമുട്ടുവാൻ നാം ഒരുക്കമുള്ളവരായിരിക്കണം. അതുകൊണ്ട് സുവിശേഷത്തിൽ പറഞ്ഞിരിക്കുന്നതുപോലെ, അവനായിരിക്കുന്നതുപോലെ നാം അവനെ കാണുകയും നാം അവനെപ്പോലെയായിത്തീരുകയും ചെയ്യും എന്നു നമുക്കു പ്രത്യാശിക്കാം.





# ദുഷ്ടന്മാരുടെ പ്രത്യേക പുനരുത്ഥാനം

***ഇതാ, അവൻ മേഘാരൂഢനായി വരുന്നു; ഏതു കണ്ണും, അവനെ കുത്തിത്തുളച്ചവരും അവനെ കാണും; ഭൂമിയിലെ ഗോത്രങ്ങൾ ഒക്കെയും അവനെച്ചൊല്ലി വിലപിക്കും. ഉവ്വ്, ആമേൻ. വെളി. 1:7.***

വെളിപ്പാടു പുസ്തകം 1:7-ൽ പറഞ്ഞിരിക്കുംപോലെ, “അവനെ കുത്തിത്തുളച്ചവരും” പരിഹസിച്ചവരും ഉപദ്രവിച്ചവരും അവൻ മഹത്വത്തോടും തേജസ്സോടുംകൂടെ വരുന്നതും അതുപോലെതന്നെ വിശ്വസ്തരും അനുസരണയുള്ളവരുമായവർക്കു നല്കുന്നയതായ ബഹുമതിയും കാണുവാൻ ഒരല്പ സമയത്തേക്കു ഉയിർത്തെഴുന്നേൽക്കും.

യേശുവിനെ വിസ്തരിച്ച സമയത്തു മഹാപുരോഹിതനായ കയ്യഫാ സ്വർഗ്ഗത്തിലേക്കു തന്റെ വലതുകരം ചൂണ്ടി സത്യം ചെയ്യുന്നു എന്ന ഭാവേനെ, “ഞാൻ ജീവനുള്ള ദൈവത്തിന്റെ നാമത്തിൽ ചോദിക്കുന്നു, പറക, നീ ദൈവത്തിന്റെ പുത്രനായ ക്രിസ്തു തന്നെയോ.”

എല്ലാ കണ്ണുകളും അവന്റെ മേലായിരുന്നു. എല്ലാ ചെവികളും അവന്റെ വാക്കുകൾ ശ്രദ്ധിച്ചിരുന്നു. നിങ്ങൾ പറയുന്നു എന്നു പറഞ്ഞ്, പിന്നെ അവൻ ഈ വണ്ണം പറഞ്ഞു. സത്യമായും ഞാൻ നിങ്ങളോടു പറയുന്നു, കുറഞ്ഞോന്നു കഴിഞ്ഞിട്ടു മനുഷ്യപുത്രൻ പിതാവിന്റെ വത്തുഭാഗത്തിരുന്നു തേജസ്സോടെ വരുന്നതു നിങ്ങൾ കാണും.

ഈ സമയത്തു ഒരു സ്വർഗ്ഗീയ പ്രഭാവം ക്രിസ്തുവിന്മേൽ നിഴലിച്ചു. മഹാപുരോഹിതൻ കർത്താവിന്റെ സൂഷ്മദൃഷ്ടിക്കു മുമ്പിൽ ഒരു നിമിഷം ക്ഷയിച്ചുപോയി. അവൻ ഒരുനിമിഷം അവന്റെ ഹൃദയാന്തർഭാഗത്തെ വായിക്കുവാൻ കഴിയുന്ന നിത്യന്യായാധിപതിയുടെ മുമ്പിൽ നില്ക്കുന്നു എന്ന ഒരു ഭീതി അവനിൽ ഉടലെടുത്തു. ഈ ഒരു അവസ്ഥയ്ക്കു മാറ്റം വന്നപ്പോൾ പുരോഹിതൻ വിളിച്ചുപറഞ്ഞു ഇനി സാക്ഷികളുടെ ആവശ്യമെന്തിന്. ഇവൻ ദൈവദൂഷണം പറയുന്നതു നമ്മുടെ സ്വന്തം ചെവിയാലെ കേട്ടുവല്ലോ. അങ്ങനെ അവരെല്ലാവരും അവനിൽ കുറ്റംചുമത്തി.

അങ്ങനെ യഹൂദാ നേതാക്കൾ അവരുടെ തിരഞ്ഞെടുപ്പു നടത്തി. അവരുടെ തീരുമാനം സിംഹാസനത്തിന്മേൽ ഇരിക്കുന്നവന്റെ കയ്യിലുള്ളതും യോഹന്നാൻ ദർശിച്ചതും ഒരു മനുഷ്യനും തുറക്കുവാൻ കഴിയാത്തതുമായ പുസ്തകത്തിൽ രേഖപ്പെടുത്തിയിരുന്നു. യഹൂദാ ഗോത്രത്തിലെ സിംഹം ആ നാളിൽ ആ പുസ്തകം തുറക്കുമ്പോൾ ആ തീരുമാനങ്ങൾ എല്ലാം അന്നു തെളിവിനായി ഉയർന്നുവരും.

കർത്താവു രണ്ടാമതു വരുമ്പോൾ, നീചജനത്താൽ വലയപ്പെട്ട ഒരു തടവുകാരനെപ്പോലെ അവർ കാണുകയില്ല. എന്നാൽ സ്വർഗ്ഗീയ രാജാവിനെയത്രേ അവൻ കാണുവാൻ പോകുന്നതു. അപ്പോൾ പുരോഹിതന്മാർക്കും പ്രഭുക്കന്മാർക്കും ന്യായവിധി സ്ഥലത്തു വച്ചുള്ള ദൃശ്യം വ്യക്തമായി അവരുടെ ഓർമ്മയിൽ വരും. എല്ലാ അവസ്ഥകളും അഗ്നിയാൽ എഴുതപ്പെട്ട അക്ഷരങ്ങൾപോല അവർക്കു മുമ്പിൽ പ്രത്യക്ഷമാകും.

# മൂലപദാർത്ഥങ്ങൾ കത്തിയഴിയും

***കർത്താവിന്റെ ദിവസമോ കള്ളനെപ്പോലെ വരും. അന്നു ആകാശം കൊടുമ്മുഴക്കത്തോടെ ഒഴിഞ്ഞുപോകും; മൂലപദാർത്ഥങ്ങൾ കത്തിയഴികയും ഭൂമിയും അതിലുള്ള പണികളും വെന്തുപോകയും ചെയ്യും. 2 പത്രൊ. 3:10.***

കർത്താവിന്റെ ദിവസത്തിൽ, അവൻ വരുന്നതിനു തൊട്ടുമുമ്പ് ദൈവം തന്റെ കോപത്തിൽ മിന്നൽ അയക്കും, അതു ഭൂമിയിൽ അഗ്നിയുമായി ചേരും. അപ്പോൾ പർവ്വതങ്ങൾ അഗ്നികുണ്ഡം എരിയുംപോലെ എരിയുകയും അതിൽനിന്നും അഗ്നിപർവ്വതപ്രവാഹങ്ങൾ, തോട്ടങ്ങളിലൂടെയും വയലുകളിലൂടെയും ഗ്രാമങ്ങളിലൂടെയും നഗരങ്ങളിലൂടെയും ഒഴുകി, അതിനെ നശിപ്പിക്കും. അവയിൽ നിന്നും പഴുത്തുരുകിയ ധാതുക്കൾ, പാറക്കഷണങ്ങൾ, ചുട്ടുപഴുത്ത മണ്ണും നദിയിലേക്കു പതിക്കുകയും തൻനിമിത്തം, നദികൾ തിളക്കുകയും അവർണ്ണനീയമായ ദോഷങ്ങൾ ചിതറി വീഴുന്ന പാറക്കഷണങ്ങളിൽ നിന്നും ഉത്ഭവിക്കും. എല്ലാ നദികളും വറ്റിവരണ്ടുപോകും. ലോകം ഒരു വലിയ ആശയക്കുഴപ്പത്തിലാകും. എല്ലായിടത്തും മാരകമായ അഗ്നിപർവ്വതപ്രവാഹങ്ങളും ഭൂചലനങ്ങളും ഉണ്ടാകും. ദുഷ്ടന്മാരുടെ നാശം സംഭവിക്കുംവരെ ദൈവം ഭൂമിയെ കഷ്ടതകൊണ്ട് ദണ്ഡിപ്പിക്കും.

ഭൂമി മത്തനെപ്പോലെ ചാഞ്ചാടുകയും ഒരു കുടിൽപോലെ മാറ്റപ്പെടുകയും ചെയ്യും. മൂലപദാർത്ഥങ്ങൾ വെന്തുരുകുകയും ആകാശം പുസ്തകച്ചുരുൾ ചുരുട്ടുമ്പോലെ മാറിപ്പോകയും ചെയ്യും. ഭൂമി സ്വസ്ഥാനത്തുനിന്നും ഇളകിപ്പോകും. ഇങ്ങനെ സംഭവിക്കുമ്പോൾ മനുഷ്യൻ തങ്ങൾ ചതിവായി സംഭരിച്ച ധനം ഒക്കെയും ആർക്കും ഉപയോഗമില്ലാതെ തൂവിപ്പോകും.

മനുഷ്യജീവിതത്തിനു ഇതൊരു വലിയ നാശം വരുത്തും. എന്നാൽ നോഹയുടെ കാലത്ത് പെട്ടകത്തിലുള്ളവർക്ക് നാശം ഭവിക്കാതെ ദൈവം സംരക്ഷിച്ചതുപോലെ, ഈ കാലത്തും അവനിൽ ആശ്രയിച്ചവർക്കു ആശ്രയം അരുളും എന്നു സങ്കീർത്തനം പറയുന്നു "നീ അത്യുന്നതനെ നിന്റെ വാസസ്ഥലം ആക്കിയിരിക്കയാൽ ഒരു ബാധയും നിന്റെ കൂടാരത്തോട് അടുക്കുകയില്ല. യഹോവ ഒരു ദോഷവും തട്ടാതെ നിന്നെ പരിപാലിക്കും" "കഷ്ടകാലത്തു ഞാൻ അവനോടു കൂടെയിരിക്കും അപ്പോൾ യഹോവ നമ്മുടെ രക്ഷയും നമ്മുടെ കോട്ടയുമായി പരിണമിക്കും.

അവനെ സ്നേഹിച്ചവർക്കുവേണ്ടി ക്രിസ്തു ഒരുക്കുവാൻ പോയതായ ആ വാസസ്ഥലത്തിനായി നാം ഒരുങ്ങണം. അവിടെ ഭൂമിയിലെ എല്ലാ കലഹത്തിൽ നിന്നും നമുക്കു സമാധാനം ഉണ്ട്.





# ഏഴാമത്തെ ബാധയുടെ ഒരു ചിത്രീകരണം

***നീ പറഞ്ഞതിന്റെ ഭണ്ഡാരത്തോളം ചെന്നിട്ടുണ്ടോ? കന്മഴയുടെ ഭണ്ഡാരം നീ കണ്ടിട്ടുണ്ടോ? ഞാൻ അവയെ കഷ്ടകാലത്തേയ്ക്കും പോരും പടയുമുള്ള നാളിലേക്കും സംഗ്രഹിച്ചുവെച്ചിരിക്കുന്നു. ഇയ്യോ. 38:22,23.***

ആസ്ത്രേലിയയിലുള്ള എന്റെ ജോലിസ്ഥലത്ത് എന്നോടൊപ്പം ബൈറോൺ ബെൽഡണും സാറാ ബെൽഡണും സഹോദരി മേയ് ലേസിയും വന്നിരുന്നു. ഞങ്ങൾ കൂടിയിരുന്ന വീട് വിട്ടപ്പോഴേയ്ക്കും ഒരു കൊടുങ്കാറ്റ് വരുന്നത് കണ്ടു. ഞങ്ങളെക്കൊണ്ടാവുന്നത്ര വേഗത്തിൽ അവിടെനിന്നും വേഗതയിൽ കുതിരയെ ഓടിച്ചു. ഞങ്ങൾ ഉദ്ദേശം വീടിനടുത്ത് എത്തിയപ്പോഴേക്കും ആ കൊടുങ്കാറ്റ് ഞങ്ങൾക്കൊപ്പം എത്തിക്കഴിഞ്ഞിരുന്നു. ഒരു കോഴിമുട്ടയോളം വലിപ്പമേറിയ ആലിപ്പഴങ്ങൾ ഞങ്ങളുടെ മേൽ വീഴാൻ തുടങ്ങിയിരുന്നു. അവ ഏറ്റ് ഞങ്ങളുടെ കുതിര ഭയചകിതയായി. കാരണം ആലിപ്പഴം വീണ് അവയുടെ ശരീരം വേദനിക്കാൻ തുടങ്ങിയിരുന്നു.

ഞാൻ പറഞ്ഞു, "ബൈറോൺ, എത്രയും പെട്ടെന്ന്... അവളുടെ തലയ്ക്കരികിലെത്തിയിട്ട്, അവളോട് സംസാരിക്ക. കുതിരകൾക്ക് നീയല്ല അവരെ തല്ലുന്നത് എന്ന് മനസ്സിലാക്കിക്കൊടുക്കുക. അവനപ്പോൾ ആ തീരുമാനത്തോട് യോജിച്ചില്ല. ഞാൻ പറഞ്ഞു, "മേയ് ലേസിയും സാറായും ഇറങ്ങിപ്പോകുക." അവരിറങ്ങിപ്പോയി. അതിന് പിറകേ ആയി ഞാനും. മേയും സാറായും എന്നെ സഹായിച്ചു. കാറ്റ് അതിശക്തമായതിനാൽ അത് ഞങ്ങളുടെ തലയിലിരുന്ന തൊപ്പിയും കുതിരവണ്ടിയിലിരുന്നതായ കുഷനുകളെയും പറപ്പിച്ചുകളഞ്ഞു. ആ ഘനമേറിയ കുതിരവണ്ടിയിലുണ്ടായിരുന്ന കുടകളും തുണികളും കുഷനുകളെയൊക്കെയും പാടത്തേക്ക് എല്ലാ ദിശയിലും കാറ്റ് പറപ്പിച്ചു.

ഒരു കുതിരവണ്ടി യാത്രയിൽ എനിക്ക് സംഭവിച്ച ഏറ്റവും ദാരുണമായ അനുഭവമായിരുന്നു ഇത്. അപ്പോൾ ഞാൻ അന്ത്യന്യായവിധിയുടെ ആ അവസാനത്തെ ദിനത്തെപ്പറ്റി ഓർത്തു. കറുത്തതും ഭീകരവുമായ അന്ധകാരത്തിന്റെ മേഘങ്ങൾ ആകാശങ്ങളെ ഒരു ചാക്ക് തുണിയെപ്പോലെ മൂടുമ്പോൾ ഉണ്ടാകുന്ന അവസ്ഥയെ ഓർത്തു... എന്റെ അനുമാനം അപ്പോൾ കർത്താവ് തന്റെ ഘനഗംഭീരമായ ശബ്ദത്തിൽ തന്റെ ദൂതന്മാരോട് ആജ്ഞ കൊടുക്കുന്നത്, "നിങ്ങൾ പോയി നിങ്ങളുടെ ക്രോധകലശങ്ങളെ ഭൂമിക്ക് മുകളിൽ ഒഴിപ്പിൻ..." എന്നതാണ്.

വെളിപ്പാട് 6-ഉം 7-ഉം അർത്ഥമുള്ളതാണ്. ദൈവത്തിന്റെ ന്യായവിധിയുടെ ഭീകരത അതിൽ വെളിപ്പെടുത്തിയിട്ടുണ്ട്. കർത്താവായ ദൈവത്തിന്റെ മുൻപിൽ നിർദ്ദേശം സ്വീകരിക്കുവാനായി 7 ദൂതന്മാരും നിന്നു. അവർക്ക് 7 കാഹളവും കൊടുക്കപ്പെട്ടു. ഭൂവാസികളെ ശിക്ഷിക്കുവാൻ ദൈവം ഇതാ മുമ്പോട്ടു വരുന്നു. ദൈവത്തിന്റെ ബാധകൾ ഭൂമിയിൽ പതിക്കുമ്പോൾ ഒരു താലന്തോളം ഭാരമുള്ള കൽമഴ ദുഷ്ടന്മാരുടെ മേൽ വർഷിക്കും.

# സൃഷ്ടാവിൽനിന്നും ഭൂമി ഓടുന്നു

***അങ്ങനെ ഞാൻ ആകാശത്തെ നടുങ്ങുമാറാക്കും; സൈന്യങ്ങളുടെ യഹോവയുടെ ക്രോധത്തിലും അവന്റെ ഉഗ്രകോപത്തിന്റെ നാളിലും ഭൂമി അതിന്റെ സ്ഥാനത്തു നിന്നു ഇളകിപ്പോകും. ഓടിച്ചുവിട്ട ഇളമാനിനെപ്പോലെയും ആരും കൂട്ടിച്ചേർക്കാത്ത ആടുകളെപ്പോലെയും അവർ ഓരോരുത്തൻ താന്താന്റെ ജാതിയുടെ അടുക്കലേക്ക് തിരിയും; ഓരോരുത്തൻ താന്താന്റെ സ്വദേശത്തിലേക്കു ഓടിപ്പോകും***
***യെശ. 13:13–14***

ഘനമേഘങ്ങൾ ഇപ്പോഴും ആകാശത്തെ മൂടിയിരിക്കുകയാണ്. അവയ്ക്കിടയിൽ കൂടി സൂര്യരശ്മികൾ ഇടയ്ക്കിടെ ഇറങ്ങിവരുന്നത് കണ്ടാൽ യഹോവയുടെ പ്രതികാരക്കണ്ണുകൾപോലെ തോന്നും. കണ്ണഞ്ചിപ്പിക്കുന്ന മിന്നൽ പിണരുകൾ ആകാശത്തിൽ നിന്നും താഴേക്ക് കുതിച്ച് ഭൂമിയെ ഒരു പുതപ്പുപോലെ പൊതിയുന്നു. കിടിലം കൊള്ളുന്ന ഇടിയുടെ മുഴക്കത്തിൽ രഹസ്യമയമായതും ഭയജനകമായതുമായ ശബ്ദത്തിൽ ദുഷ്ടന്മാരുടെ നാശത്തിനെ പ്രഖ്യാപിക്കുന്നു. പറഞ്ഞതായ ആ വാക്കുകൾ എല്ലാവർക്കും മനസ്സിലാവുന്നതല്ല, മറിച്ചോ കള്ളയിടന്മാർക്കവ പ്രത്യേകമായി തന്നെ മനസ്സിലാക്കുവാൻ സാധിച്ചു. കുറച്ചുമുൻപ് ഇവർ ശ്രദ്ധയില്ലാത്തവരും ധിക്കാരികളും വമ്പു പറയുന്നവരും ദൈവത്തെ അനുസരിക്കുന്ന ജനത്തിനുമെതിരെയുള്ള ക്രൂരതകളിൽ മുൻപന്തിയിൽ നിന്നിരുന്നവരും ഇപ്പോൾ സംഭ്രാന്തിതരും ഭയചകിതരായും തീർന്നു. ഇപ്പോൾ അവരുടെ വിലാപത്തിന്റെ ആരവം മറ്റെല്ലാ ആരവത്തിനും മീതെ കേൾക്കുമാറായി. പിശാചുക്കൾ അപ്പോൾ ക്രിസ്തുവിന്റെ ശക്തിയുടെയും മഹിമയുടെയും മുൻപിൽ വിറച്ചുകൊണ്ട് അവനാണ് ദൈവമെന്ന് ഏറ്റ് പറയും. അപ്പോൾ ജനം ഭയചകിതരായി ദയക്കുവേണ്ടി നിലത്ത് കിടന്ന് ഇഴഞ്ഞ് യാചിക്കും.

മേഘങ്ങളുടെ ഇടപ്പാളികളിൽ നിന്നൊരു നക്ഷത്രം ജ്വലിച്ച് അത് അന്ധകാരത്തിനെക്കാൾ നാലു മടങ്ങ് ശോഭിച്ചു. അത് വിശ്വാസികൾക്ക് പ്രത്യാശയും സന്തോഷവും ദൈവകല്പന അനുസരിക്കാത്തവർക്കെതിരെയുള്ള ദൈവകോപത്തെയും വിളിച്ചറിയിക്കും. കർത്താവിന് വേണ്ടിയെല്ലാം ത്യജിച്ചവരായവരിപ്പോൾ, കർത്താവിന്റെ പടയണിയിൽ സുരക്ഷിതരാണ്. സത്യം തള്ളിപ്പറഞ്ഞവരുടെയും ദൈവത്തിന്റെയും മുൻപാകെ അവരുടെ പരീക്ഷ കഴിഞ്ഞ് അവർക്കായി മരിച്ചവനോട് അവർ വിശ്വസ്തരെന്ന് കണ്ടെത്തി. ഒരു സുന്ദരമായ വ്യതിയാനം മരണത്തിന്റെ മുഖംവരെയെത്തിയിട്ടും തങ്ങളുടെ വിശ്വാസത്തെ മുറുകെപ്പിടിച്ചിരുന്ന ആളുകളുടെ മുഖത്ത് കാണ്മാനായി. മനുഷ്യരെന്ന പദവിയിൽനിന്ന് പിശാചായി മാറിയ ചില ആൾക്കാരുടെ ക്രൂരമായ ഭരണത്തിൽനിന്നും അന്ധകാരത്തിൽ നിന്നും അവർ പെട്ടെന്ന് വിമുക്തരായി ഒരിക്കൽ വിളറി, ഉത്ക്കണ്ഠ, ആശങ്ക എന്നിവയാൽ ക്ഷീണിച്ച മുഖങ്ങളിൽ ഇന്ന് അത്ഭുതത്തിന്റെയും വിശ്വാസത്തിന്റെയും സ്നേഹത്തിന്റെയും തിളക്കം കാണുമാറായി. വിജയഭരിതമായ ശബ്ദത്തിൽ അവർ പാടി: “ദൈവം നമ്മുടെ സങ്കേതവും ബലവും ആകുന്നു; കഷ്ടങ്ങളിൽ അവനേറ്റവും അടുത്ത തുണയായിരിക്കുന്നു. അതുകൊണ്ട് ഭൂമി മാറിപ്പോയാലും പർവ്വതങ്ങൾ കുലുങ്ങി സമുദ്രമദ്ധ്യേ വീണാലും, അതിലെ വെള്ളം ഇരച്ചു കലങ്ങിയാലും അതിന്റെ കോപം കൊണ്ടു പർവ്വതങ്ങൾ കുലുങ്ങിയാലും നാം ഭയപ്പെടുകയില്ല” സങ്കീ. 46:1–3.





# ദൈവകല്പന ആകാശത്തിൽ പ്രത്യക്ഷപ്പെടുന്നു

***ദൈവം തന്നെ ന്യായാധിപതി ആയിരിക്കയാൽ ആകാശം അവന്റെ നീതിയെ ഘോഷിക്കും. സങ്കീ. 50:6***

മേഘങ്ങൾ പിന്നോട്ട് മാഞ്ഞ് നക്ഷത്രവിതാനം കാണുമാറായി. അതേസമയം അതിന്റെ എതിർവശത്ത് വിരൂപമായ മറ്റൊരു കാഴ്ച ഉണ്ടായിരുന്നു. ഇരുണ്ടതും കോപാകുലവുമായ ഒരു ആകാശം ദൈവനഗരത്തിന്റെ മഹത്വം ആ പട്ടണ കവാടത്തിൽനിന്നും പുറത്തേയ്ക്ക് വരുന്നുണ്ടായിരുന്നു. മന്ദിരത്തിനുള്ളിൽ നിയമപ്പെട്ടകവും അതിനുള്ളിൽ രണ്ട് കല്പലകകളിൽ ദൈവകല്പനയും എഴുതീട്ടുണ്ടായിരുന്നു. മറഞ്ഞിരുന്നതായ ആ കൽപലകകൾ കൊണ്ടുവരപ്പെടുമ്പോൾ ദൈവത്തിന്റെ സ്വന്തം കൈവിരൽകൊണ്ടെഴുതിയിരിക്കുന്ന ആ പത്തുകല്പനകൾ നമുക്കു ദർശിക്കുവാൻ കഴിയും. നിയമപ്പെട്ടകത്തിനുള്ളിൽ വച്ചിരിക്കുന്ന ഈ കല്പലകകൾ സത്യത്തിന്റെയും ദൈവത്തിന്റെ നിയമത്തിന്റെയും നിലനില്ക്കുന്ന സാക്ഷ്യങ്ങളായിരിക്കും.

നിത്യനിയമത്തിനു ഭംഗം വരുത്തിയവർ ചിന്തിച്ചത് യഹോവയുടെ നിയമങ്ങളെയും സമയത്തെയും മാറ്റിക്കളയുവാൻ അവർ ശക്തരാണെന്നാണ്. പക്ഷേ സ്വർഗ്ഗത്തിന്റെ കലവറയിൽ, ദൈവപെട്ടകത്തിലാണ് ദൈവകല്പനയെഴുതിയതായ ആ രണ്ട് കല്പലകകൾ ഉള്ളത്. കൃപാസനത്തിനുകീഴിൽ മറയ്ക്കപ്പെട്ട ആ വിശുദ്ധ കല്പലകളെ ഭൂമിയിലൊരു ശക്തിക്കും കൈവശപ്പെടുത്തുവാൻ കഴിയുകയില്ല.

ആകാശത്തിനെതിരായി മടക്കിവച്ചിരിക്കുന്ന രണ്ട് കല്പലകകളുള്ള ഒരു കൈ പ്രത്യക്ഷപ്പെടുന്നു. പ്രവാചകൻ പറയുന്നു: “ദൈവം തന്നെ ന്യായാധിപതി ആയിരിക്കയാൽ ആകാശം അവന്റെ നീതിയെ ഘോഷിക്കും” സങ്കീ. 50:6. ആ വിശുദ്ധ കല്പനകൾ സീനായ്മലയിൽ വച്ച് തീയുടെയും ഇടിമിന്നലിന്റെയും മറവിൽ ജീവിതത്തിന്റെ വഴികാട്ടിയായി പ്രഘോഷിക്കപ്പെട്ടത് ഇപ്പോൾ മനുഷ്യന്റെ ന്യായവിധിയുടെ മാനദണ്ഡമായി വെളിപ്പെടുത്തിയിരിക്കുന്നു. കൈകളാൽ തുറക്കപ്പെട്ട ആ കല്പലകകളിൽ തീമുനയാൽ എന്നപോലെ എഴുതിയിരിക്കുന്നതായ ലിപികൾ കാണുമാറായി. വാക്കുകൾ വളരെ ലളിതമായി എഴുതിയിരിക്കുന്നതിനാൽ ഏവർക്കും വായിക്കുവാൻ സാധിച്ചു. ഓർമ്മയെ പുതുക്കി, അന്ധകാരത്തിന്റെയും അന്ധവിശ്വാസത്തിന്റെയും നാസ്തികത്വത്തിന്റെയും മൂടൽ എല്ലാ മനസ്സുകളിൽനിന്നും നീക്കി, ദൈവത്തിന്റേതായ പത്ത് വാക്കുകൾ ചുരുക്കി ഉദാരമായി അധികാരത്തോടെ സകല ഭൂവാസികളുടെയും മുൻപാകെ അവതരിപ്പിക്കും.

ദൈവിക പരിശുദ്ധിക്ക് നിറവേറപ്പെടേണ്ടതായ യോഗ്യതകളില്ലാത്തവരുടെ പേടിയും വിഷമവും പറഞ്ഞറിയിക്കുക അസാദ്ധ്യമാണ്.

ദൈവനിയമത്തിന്റെ ശത്രുക്കൾ – പുരോഹിതന്മാർ മുതൽ ഏറ്റം താഴെക്കിടയിലുള്ളവർക്കുവരെ സത്യത്തിന്റെയും ധർമ്മത്തിന്റെയും പുതിയ ഒരു കാഴ്ചപ്പാട് തന്നെയുണ്ടായി. ജീവനുള്ള ദൈവത്തിന്റെ മുദ്ര നാലാം കല്പന യായ ശബ്ബത്താണെന്ന് വളരെ വൈകി അവർ കാണുന്നു.

# ക്രിസ്തുവിന്റെ വരവിന്റെ നാളും നാഴികയും പ്രഖ്യാപിക്കപ്പെട്ടിരിക്കുന്നു

***ആ നാളും നാഴികയും സംബന്ധിച്ചോ എന്റെ പിതാവു മാത്രമല്ലാതെ ആരും സ്വർഗ്ഗത്തിലെ ദൂതന്മാരും പുത്രനുംകൂടെ അറിയുന്നില്ല. മത്താ. 24:36.***

സ്വർഗ്ഗത്തിൽ നിന്നും ദൈവത്തിന്റെ ശബ്ദം കേട്ടു. അത് കർത്താവിന്റെ വരവും നാഴികയും പ്രഖ്യാപിച്ചു. അതിനൊപ്പംതന്നെ ശാശ്വതമായ വാഗ്ദത്തത്തെ ദൈവമക്കൾക്കായി നൽകുന്ന സ്വരവും കേട്ടു. ഇടിമുഴക്കങ്ങളുടെ കൂട്ടമണിനാദം പോലെ അവന്റെ സ്വരം ഭൂമിയെ പുണർന്നു.

അവനൊരു വാചകം പറഞ്ഞതിനുശേഷം നിർത്തി, അവന്റെ ശബ്ദം ഭൂമിയിലെങ്ങും പ്രകമ്പനം കൊണ്ടു. വലിയ ഇടിമുഴക്കത്തോടുകൂടിയ ശബ്ദം കേൾക്കാൻ, ദൈവത്തിന്റെ സ്വന്തം ജനമായ ഇസ്രായേൽ കണ്ണുകളുയർത്തി അവനെ ശ്രദ്ധിച്ചു. അവിടെ തികച്ചും മൗനമുണ്ടായിരുന്നു. എല്ലാ വരികൾക്കും അവസാനമായി, വിശുദ്ധന്മാർ ആർത്തു! "മഹത്വം; ഹല്ലേലുയ്യാ!".

ഇടിമുഴക്കവും ഭൂകമ്പവും ആയി കർത്താവിന്റെ ശബ്ദത്തെ ദുഷ്ടർ കരുതിയപ്പോൾ, വിശുദ്ധന്മാരായ 144,000 പേർക്ക് അറിയാമായിരുന്നു ഇതവന്റെ ശബ്ദമായിരുന്നുയെന്ന്. കണ്ണുകളുയർത്തി കർത്താവിനെ കേട്ടിരുന്നതായ അവന്റെ സ്വന്തം ജനമായ യിസ്രായേൽ, അവരുടെ മുഖഭാവം അവന്റെ മഹത്വത്തെയും ശോഭയെയും പ്രതിഫലിപ്പിച്ചു. മോശെയുടെ മുഖത്തിന്റ ശോഭയെപ്പോലെ ദുഷ്ടർക്ക് അവരെ നോക്കുവാൻ കൂടി സാധിച്ചില്ല. ശബ്ബത്തിനെ വിശുദ്ധമായി ആചരിച്ച് കർത്താവിനെ മഹത്വപ്പെടുത്തിയവർക്ക് പ്രതിഫലം പ്രഖ്യാപിച്ചപ്പോൾ ഒരു ആർപ്പുവിളിയും ഘോഷവും ഉണ്ടായി.

ഭൂമി വിശ്രമിക്കുമ്പോൾ ആഘോഷങ്ങളുടെ തുടക്കമായി. ഒരു ശോഭയേറിയ പ്രകാശം അവരുടെ മേൽ പതിഞ്ഞു. ആ പ്രകാശത്തിൽ വെണ്മയേറിയ അവരുടെ മുഖം ഒന്ന് കാണേണ്ടതായിരുന്നു. പ്രയാസത്തിന്റേതും ക്ഷീണത്തിന്റേതുമായ ഓരോ കണികകളും ആ മുഖങ്ങളിൽനിന്ന് പ്രത്യക്ഷമായിട്ട് ആരോഗ്യത്തിന്റെയും സന്തോഷത്തിന്റെയും പ്രഭ കാണുമാറായി. ദുഷ്ടന്മാരായ അവരുടെ ശത്രുക്കൾക്ക് അവരുടെ മുഖശോഭയെ എതിരേൽക്കുവാൻ കഴിഞ്ഞില്ല. കർത്താവ് ആകാശമേഘങ്ങളിൽ വരുന്നതുവരെ അവരുടെ മുഖത്ത് ഈ ശോഭയും പ്രഭാവവും നിലനിന്നിരുന്നു.

പിന്നീട് കർത്താവ് നിൽക്കുന്ന സ്ഥാനത്തേയ്ക്ക് ഒരു മേഘം വരുന്നത് ഞാൻ കണ്ടു. അവർ ആ മേഘത്തിൽ കയറി ആദ്യം വിശുദ്ധന്മാർക്ക് പ്രത്യക്ഷപ്പെട്ട സ്ഥാനമായ കിഴക്കോട്ടേയ്ക്ക് വന്നു. ആ കറുത്ത മേഘം മനുഷ്യപുത്രന്റെ അടയാളമായിരുന്നു. അതിവിശുദ്ധതയിൽ നിന്ന് ആ മേഘം കിഴക്കോട്ടേയ്ക്ക് യാത്ര ചെയ്യുവാൻ കുറച്ച് ദിവസമെടുത്തു. സാത്താന്റെ പള്ളിക്കാർ ആ സമയത്ത് വിശുദ്ധന്മാരുടെ കാൽക്കൽ വീണു നമസ്കരിച്ചു.





# പൊൻപ്രഭാതത്തിന്റെ പ്രഭാകിരണം

***മിന്നൽ കിഴക്കുനിന്നു പുറപ്പെട്ടു പടിഞ്ഞാറോളം വിളങ്ങുംപോലെ മനുഷ്യപുത്രന്റെ വരവ് ആകും. ശവം ഉള്ളേടത്തു കഴുക്കൾ കൂടും. മത്താ. 24:27.***

ഭൂമിയുടെ എല്ലാ കോണുകളും അന്ധകാരത്തിന്റെ പിടിയിൽ അമർന്നിരിക്കുമ്പോൾ, വിശുദ്ധന്മാർ താമസിക്കുന്നതായ ഇടങ്ങളിൽ പ്രകാശമുണ്ടായിരിക്കും. കർത്താവിന്റെ രണ്ടാംവരവിന്റെ ആ ആദ്യ പ്രകാശവീചികൾ അവർ ദർശിക്കും.

പെട്ടെന്ന് കിഴക്ക് ഒരു മനുഷ്യന്റെ കൈപ്പത്തിക്ക് സമാനമായ ഒരു കറുത്ത മേഘം പ്രത്യക്ഷമായി. അതു രക്ഷകനെ ചുറ്റിനിന്നിരുന്ന മേഘം ആയിരുന്നു, വിദൂരതയിൽ അത് ഇരുട്ടിൽ മറഞ്ഞിരുന്നു. ദൈവമക്കൾക്ക് ഇത് കർത്താവിന്റെ അടയാളമാണെന്നറിയാമായിരുന്നു. ഒരു നിശ്ശബ്ദതയുടെ പശ്ചാത്തലത്തിൽ ഏവരും ആകാശത്തേയ്ക്ക് നോക്കിനിന്നു. ആ മേഘം ഭൂമിയിലേക്ക് കൂടുതലടുക്കുന്തോറും അത് വലിയ ഒരു വെള്ള മേഘമായി കാണപ്പെടുന്നതുവരെ അത് കൂടുതൽ പ്രകാശമാനമായിക്കൊണ്ടിരുന്നു. ദഹിപ്പിക്കുന്ന അഗ്നിക്ക് തുല്യം ആയിരുന്ന ആ മേഘത്തിന്റെ അടിവശം, അതിന് മുകളിൽ ഉടമ്പടിയുടെ മഴവില്ലും. ഒരു ജയാളിയെപ്പോലെ കർത്താവ് അതിൽ യാത്ര ചെയ്യുന്നു. ഇപ്പോൾ അവൻ "ദുഃഖിതനായ മനുഷ്യനായി – നാണക്കേടിന്റെയും ദുഃഖത്തിന്റെയും ആ കയ്പേറിയ വീഞ്ഞ് കുടിക്കുന്നവനല്ല, മറിച്ച് സ്വർഗ്ഗത്തിലും ഭൂമിയിലും ജയാളിയായി ജീവനുള്ളവരെയും മരിച്ചവരെയും ന്യായം വിധിക്കുന്നതിനായിട്ടാണ് വരുന്നത്. വിശ്വസ്തനും സത്യവാനുമായി "നീതിയിൽ അവൻ ന്യായം വിധിക്കുകയും യുദ്ധം ചെയ്യുകയും ചെയ്യും." അപ്പോൾ സ്വർഗ്ഗത്തിലുണ്ടായിരുന്ന "ആ മഹാസൈന്യം" (വെളി. 19:11,14) അവനെ അനുഗമിക്കുന്നു. സ്വർഗ്ഗത്തിന്റെ ജയഗീതം മീട്ടിക്കൊണ്ട് ദൂതന്മാരും എണ്ണാൻ കഴിയുന്നതിലും അധികം കൂട്ടം അവനെ പാടിപ്പുകഴ്ത്തിക്കൊണ്ടിരുന്നു. ആകാശത്തിന്റെ ശോഭ "ആയിരമോ, പതിനായിരമോ ആയിട്ടല്ല, ആയിരം പതിനായിരം മടങ്ങായിട്ടായിരുന്നു. ഒരു മനുഷ്യനും ആ ദൃശ്യത്തെ വിവരിക്കുവാൻ കഴിയുകയില്ല, കാരണം ആർക്കും അത്രയും സുന്ദരമായ ദൃശ്യത്തിന്റെ ആ ശോഭയെ സ്വീകരിക്കുവാനുള്ള പ്രാപ്തിയില്ലായിരുന്നു. "ദൈവം തേമാനിൽനിന്നും പരിശുദ്ധൻ പാറാൻ പർവ്വതത്തിൽ നിന്നും വരുന്നു. അവന്റെ പ്രഭ ആകാശത്തെ മൂടുന്നു; അവന്റെ സ്തുതിയാൽ ഭൂമി നിറഞ്ഞിരിക്കുന്നു; സൂര്യപ്രകാശംപോലെ ഒരു ശോഭ ഉളവായ് വരുന്നു; കിരണങ്ങൾ അവന്റെ പാർശ്വത്തുനിന്നു പുറപ്പെടുന്നു; അവിടെ അവന്റെ വല്ലഭത്വം മറഞ്ഞിരിക്കുന്നു" ഹബക്കൂക്ക് 3:3-4. ജീവനുള്ള ആ മേഘം ഭൂമിയോടടുക്കുന്തോറും എല്ലാ കണ്ണുകളും ജീവന്റെ രാജകുമാരനെ കാണും. ഇപ്പോൾ അവന്റെ തലയിൽ മുൾകിരീടമല്ല; ആ ശ്രേഷ്ഠമായ തലയിൽ; മഹത്വത്തിന്റെ ഒരു വലയം തന്നെയുണ്ടായിരുന്നു. അവന്റെ മുഖഭാവം ഉച്ചയ്ക്കുള്ള സൂര്യപ്രകാശത്തിനെക്കാൾ മഹത്വമേറിയതായിരുന്നു. "രാജാധിരാജാവും കർത്താധികർത്താവും എന്ന നാമം അവന്റെ ഉടുപ്പിന്മേലും തുടമേലും എഴുതിയിരിക്കുന്നു" വെളി. 19:16.

ഉയർന്ന ശിരസ്സുകളോടുകൂടെ നീതിസൂര്യകിരണങ്ങളാൽ പ്രശോഭിതമായവർ അവരുടെ രക്ഷയേറ്റവും ആസന്നമായെന്നാർത്ത് അവർ (ജീവിക്കുന്ന വിശുദ്ധന്മാർ) മണവാളനെ എതിരേൽക്കാനായി പോകും. എന്നിട്ട് പറയും, "ഇതാ, ഞങ്ങളുടെ ദൈവം, ഇവനായിട്ടത്രേ ഞങ്ങൾ കാത്തിരുന്നത്. അവൻ ഞങ്ങളെ രക്ഷിക്കും".

# ക്രിസ്തുവിന്റെ രണ്ടാംവരവ്

***നമ്മുടെ ദൈവം വരുന്നു; മൗനമായിരിക്കുകയില്ല; അവന്റെ മുമ്പിൽ തീ ദഹിപ്പിക്കുന്നു; അവന്റെ ചുറ്റും വലിയൊരു കൊടുങ്കാറ്റടിക്കുന്നു. തന്റെ ജനത്തെ ന്യായം വിധിക്കേണ്ടതിന് അവൻ മേലിൽ നിന്നു ആകാശത്തെയും ഭൂമിയെയും വിളിക്കുന്നു. സങ്കീ. 50:3,4.***

ഞങ്ങളുടെ കണ്ണുകളുടെ ശ്രദ്ധ വേഗത്തിൽ കിഴക്കോട്ട് തിരിച്ചു, ഒരു മനുഷ്യകൈപ്പത്തിയുടെ പകുതി വലിപ്പത്തിൽ ഒരു കറുത്ത മേഘം കാണുവാനിടയായി. അത് മനുഷ്യപുത്രന്റെ അടയാളമാണെന്ന് ഞങ്ങൾക്ക് അറിയാമായിരുന്നു. തികച്ചും നിശ്ശബ്ദതയിൽ ഞങ്ങൾ ആ കറുത്ത മേഘം അടുത്ത് വരുന്നതും അടുക്കുന്തോറും അതിന്റെ കറുപ്പ് നിറം മാറി വെണ്മയായി ഭവിച്ചതും കണ്ടു. അതിന്റെ തേജസ്സും കൂടിക്കൊണ്ടേയിരുന്നു. അങ്ങനെ അതൊരു വലിയ മേഘമായി മാറി. അതിന്റെ അടിവശം അഗ്നിപോലെയും, ഒരു മഴവില്ലതിന്റെ മുകളിലും ഉണ്ടായിരുന്നു. അതിനുചുറ്റും പതിനായിരം പതിനായിരം ദൂതന്മാർ മനോഹരമായ ഗീതം ആലപിച്ചുകൊണ്ടിരുന്നു. ആ മേഘത്തിനുള്ളിൽ മനുഷ്യപുത്രൻ ഉണ്ടായിരുന്നു.

ആദ്യം ആ മേഘം കണ്ടപ്പോൾ ചെറുതായിരുന്നുവെങ്കിലും അത് അടുത്തപ്പോൾ വലിപ്പമുള്ളതായി മാറി. അത് മനുഷ്യപുത്രന്റെ അടയാളമാണെന്ന് ദൂതൻ പറഞ്ഞു. അത് ഭൂമിയോടടുത്തുവന്നപ്പോൾ അതിന്റെ അതിശയകരമായ പ്രഭയെയും ഭൂമിയിൽ അധികാരമേൽപ്പാനായി വരുന്ന യേശുവിന്റെ മഹത്വത്തെയും കാണുവാൻ കഴിഞ്ഞു.

അവന്റെ മുടി വെളുത്തതും ചുരുണ്ടതും തോളറ്റം വരെയുമുണ്ടായിരുന്നു. അവന്റെ തലയിൽ വളരെ കിരീടങ്ങളുണ്ടായിരുന്നു. അവന്റെ കാല്പാദങ്ങൾ അഗ്നിക്ക് സമം. അവന്റെ വലതു കയ്യിൽ മൂർച്ചയേറിയ അരിവാൾ ഉണ്ടായിരുന്നു, വലത്ത് വശത്ത് ഒരു വെള്ളിക്കാഹളവും. കണ്ണുകൾ തീജ്വാലകൾക്ക് തുല്യം, അവ അവന്റെ മക്കളെ തിരഞ്ഞുകൊണ്ടിരുന്നു. എല്ലാ മുഖങ്ങളും അപ്പോൾ വാടിയും കർത്താവ് തള്ളിപ്പറഞ്ഞവരുടെ മുഖം കറുത്തതുമായി മാറി. അപ്പോൾ ഞങ്ങളേവരും "ആർക്ക് എതിരേല്പാൻ കഴിയും? എന്റെ അങ്കി കളങ്കമറ്റതോ?" എന്ന് പറഞ്ഞ് കരഞ്ഞു. അന്നേരം ദൂതന്മാർ പാട്ട് നിർത്തി. സ്വല്പനേരത്തേയ്ക്ക് നിശ്ശബ്ദതയുണ്ടായി. അപ്പോൾ യേശു പറഞ്ഞു: "നിർമ്മല ഹൃദയരും കളങ്കമറ്റ കൈകളുമുള്ളവർക്ക് എതിരേല്ക്കാൻ കഴിയും. എന്റെ കൃപ നിനക്ക് മതി. ആ വാക്കുകളാൽ ഞങ്ങളുടെ മുഖം പ്രശോഭിതമാകുകയും എല്ലാ ഹൃദയങ്ങളിലും സന്തോഷമുണ്ടാകുകയും ചെയ്തു. ദൂതന്മാർ ഉച്ചത്തിൽ പാടുവാൻ തുടങ്ങി. അപ്പോൾ ആ മേഘം ഭൂമിയുടെ അടുത്തേയ്ക്ക് വീണ്ടും അടുത്തു.

ഭൂമി അവന്റെ മുൻപിൽ വിറച്ചു, ആകാശം ഒരു പുസ്തകച്ചുരുൾപോലെ മാറി, എല്ലാ പർവ്വതങ്ങളും ദ്വീപുകളും അവയുടെ സ്ഥാനത്തുനിന്ന് മാറിപ്പോയി. "ഭൂമിയിലെ രാജാക്കന്മാരും മഹത്തുക്കളും സഹസ്രാധിപന്മാരും ധനികരും ബലവാന്മാരും സകല ദാസനും സ്വതന്ത്രനും ഗുഹകളിലും മലപ്പാറകളിലും ഒളിച്ചു.





# ഭൂമിയുടെ ഗുഹകളിലും വിള്ളലുകളിലും

***യഹോവ ഭൂമിയെ നടുക്കുവാൻ എഴുന്നേൽക്കുമ്പോൾ അവർ അവന്റെ ഭയങ്കരത്വം നിമിത്തവും അവന്റെ മഹിമയുടെ പ്രഭനിമിത്തവും പാറകളുടെ ഗുഹകളിലും മണ്ണിലെ പോതുകളിലും കടക്കും. യെശ. 2:19.***

ഒളിച്ചിരുന്നവരൊക്കെയും ചിതറിപ്പോകുവാൻ കാരണം മനുഷ്യരുടെ ദൈവകല്പനയോടുള്ള ശത്രുതകൊണ്ടാണ്. ഭൂമിയിലെ ശക്തികളെല്ലാം അവരെ അമർത്തിക്കളഞ്ഞു. അവർ ഭൂമിയുടെ ഗുഹകളിലും വിള്ളലുകളിലുമായി ചിതറിപ്പോയത് അവരുടെ ശത്രുക്കളുടെ ക്രൂരത നിമിത്തമായിരുന്നു; കാരണം അവർ യഹോവയുടെ കല്പനകളെ സത്യത്തോടും അനുസരണയോടുംകൂടെ കൊണ്ടു നടന്നു. പക്ഷേ അവർക്കിപ്പോൾ രക്ഷ വന്നിരിക്കുന്നു. ദൈവമക്കളുടെ ശത്രുക്കൾക്ക് എതിരെ ദൈവം നീതിയുടെ ന്യായവിധി കാണിച്ചുകൊടുക്കും.

ഭൂമിയുടെ ഗുഹകളും പാറമടകളും ദൈവമക്കൾ ഒളിച്ച് വസിച്ച സ്ഥലങ്ങൾ ആയിരുന്നു. അവിടെനിന്നും ദൈവം അവരെ തന്റെ സത്യവും വിശ്വസ്തതയുമുള്ള സാക്ഷികളാകുവാൻവേണ്ടി വിളിച്ചിരിക്കുന്നു.

വെളിപ്പാട് 6:15-17 വരെയുള്ള വാക്യങ്ങളിൽ കല്പന ലംഘിച്ച് ചെറുത്തു നില്പിന് ധൈര്യം കാണിച്ചവരുടെ വിവരണം നല്കിയിട്ടുണ്ട്. ഈ ഗുഹകളിലും മലമടക്കുകളിലും കണ്ടെത്തുന്ന കത്തുകളിലും പ്രസിദ്ധീകരണങ്ങളിലുമുള്ള സത്യപ്രസ്താവനകൾ അവർക്കെതിരെയുള്ള തെളിവുകളായി പീഡിപ്പിക്കുന്നവർ കണക്കാക്കും. ആടുകളെ തെറ്റായ പാതയിൽ നയിച്ച കള്ള ഇടയന്മാർ അവർക്കെതിരെയുള്ള കുറ്റാരോപണം ഈവണ്ണം കേൾക്കും: "സത്യത്തിന്റെ വെളിച്ചം സൃഷ്ടിച്ചവർ നിങ്ങളായിരുന്നു. ദൈവത്തിന്റെ കല്പന അടിമനുകമായിരുന്നതിനാൽ അത് മാറ്റപ്പെട്ടു എന്ന് നിങ്ങളാണ് പറഞ്ഞത്. ഈ സെവന്ത്-ഡേ അഡ്വന്റിസ്റ്റുകാരുടെയിടയിൽ സത്യമുണ്ട് എന്ന് എനിക്ക് ബോധ്യം വന്നതായിരുന്നു. അപ്പോൾ നിങ്ങളാണ് ഞങ്ങളെ കള്ള ഉപദേശം കേൾപ്പിച്ചത്. ഞങ്ങളുടെ ആത്മാക്കളുടെ രക്തം നിങ്ങളുടെ പുരോഹിത വസ്ത്രങ്ങളിന്മേലുണ്ട്. നിങ്ങൾക്ക് ഇപ്പോൾ ഞങ്ങളുടെ ആത്മാവിനെ വീണ്ടെടുക്കുവാൻ കഴിയുമോ? അനുസരിച്ചിരുന്നു എങ്കിൽ രക്ഷിക്കപ്പെടുമായിരുന്ന സത്യത്തെ കോട്ടിക്കളയുകയും ദൈവവചനത്തെ കീഴ്മേൽ മറിക്കുകയും തെറ്റിനെ ശരിയാക്കി കാണിക്കുകയും നിങ്ങൾ പഠിപ്പിച്ചത് അനുസരിക്കുകയും ചെയ്ത ഞങ്ങൾക്കിനി എന്തു ഭവിക്കും?"

ദൈവസൃഷ്ടിയുടെ സ്മാരകമായ ശബ്ബത്തിനെ ചവിട്ടിമെതിക്കുവാനും വചനമെന്ന അപ്പത്തെ ചീന്തിക്കളയുവാനും മനുഷ്യരെ പഠിപ്പിക്കുകയും അഭ്യസിപ്പിക്കുകയും ചെയ്തവരോട് പ്രതികാരം ചെയ്യുവാൻ യേശു രണ്ടാമതു വരുമ്പോൾ വിലാപങ്ങളെല്ലാം വൃഥാവായിപ്പോകും. കള്ളയിടന്മാരെ വിശ്വസിച്ചവർക്ക് സ്വയം കണ്ടെത്തുവാൻ ദൈവവചനം ഉണ്ടായിരുന്നു. സത്യം ഉണ്ടായിരുന്നിട്ടും സ്വയത്തിന്റെയും ക്രൂശിന്റെയും തിരസ്കരണം ഉൾപ്പെട്ടതായ വെളിച്ചത്തെ ഉപേക്ഷിച്ചതുകൊണ്ട് യേശു എല്ലാവരെയും ന്യായം വിധിക്കുമെന്നും അവർ മനസ്സിലാക്കുന്നു. മലകൾക്കോ പാറകൾക്കോ സിംഹാസനത്തിലിരിക്കുന്ന കുഞ്ഞാടിന്റെ ക്രോധത്തിൽനിന്നും പ്രഭയിൽനിന്നും അവരെ മറയ്ക്കുവാൻ കഴിയുകയില്ല.

# ക്രിസ്തുവിന്റെ രണ്ടാം വരവിലെ ദൃശ്യം

***നമ്മുടെ പൗരത്വമോ സ്വർഗ്ഗത്തിലാകുന്നു; അവിടെ നിന്നു കർത്താവായ യേശു ക്രിസ്തു രക്ഷിതാവായിവരും എന്നു നാം കാത്തിരിക്കുന്നു. അവൻ സകലവും തനിക്കു കീഴ്പ്പെടുത്തുവാൻ കഴിയുന്ന തന്റെ വ്യാപാരശക്തികൊണ്ടു നമ്മുടെ താഴ്മയുള്ള ശരീരത്തെ അവന്റെ മഹത്വമുള്ള ശരീരത്തോട് അനുരൂപമായി രൂപാന്തരപ്പെടുത്തും. ഫിലി. 3:20,21.***

മാനുഷ്യ രൂപത്തിലാണ് കർത്താവ് സ്വർഗ്ഗാരോഹണം ചെയ്തത്. മേഘം അവനെ എതിരേല്ക്കുന്നത് ശിഷ്യന്മാർ കണ്ടു. തങ്ങളോടൊപ്പം സംസാരിച്ചും തിന്നുകയും കുടിക്കുകയും നടക്കുകയും അപ്പം നുറുക്കുകയും തടാകത്തിലെ ബോട്ടിലുണ്ടായിരിക്കുകയും അവരോടൊപ്പം നടന്ന് ഒലിവുമലയിലേക്ക് പോവുകയും അവിടെനിന്ന് എടുക്കപ്പെടുകയും ചെയ്ത കർത്താവിപ്പോൾ പിതാവിനോടൊത്ത് സിംഹാസനത്തിലിരിക്കുവാൻ പോയിരിക്കുകയാണ്. സ്വർഗ്ഗാരോഹണം ചെയ്ത കർത്താവ് പോയതുപോലെതന്നെ മേഘങ്ങളിൽ വരുന്നത് കാണുമെന്നുള്ള ഉറച്ച വാഗ്ദത്തവും ഉണ്ടായി.

ക്രിസ്തുവിന്റെ മാനുഷികതയുടെ മഹത്വം അവൻ ഭൂമിയിലുണ്ടായിരുന്നപ്പോൾ വെളിപ്പെടുത്തിയിരുന്നില്ല. അതേ മാനുഷികതയിൽ ഇപ്പോൾ സ്വർഗ്ഗത്തിൽ നിന്നേറ്റവും മഹത്വവും ധരിച്ച് വിജയശ്രീലാളിതനായി എല്ലാറ്റിനും മീതെ ഉയർത്തപ്പെട്ടവനായി ഇതാ സ്വർഗ്ഗത്തിൽനിന്നും ഭൂമിയിലേക്ക് വരുന്നു.

കർത്താവ് അവന്റെയും പിതാവിന്റെയും സ്വർഗ്ഗത്തിലെ ദൂതന്മാരുടെയും മഹത്വത്തോടുകൂടി വരും. മനോഹരവും വിജയത്തിന്റെ പ്രതീകങ്ങളുമായി ആയിരമായിരം പതിനായിരം പതിനായിരം ദൂതന്മാരുടെ കൂട്ടത്തോടുകൂടി മഹത്വത്തിൽ അവൻ വരും. മുൾക്കിരീടത്തിനുപകരം ശോഭയേറിയ കിരീടവും അതിൽ വേറൊരു കിരീടവും ഉണ്ടാകും. ആ പഴയ രക്താംബര അങ്കിക്കുപകരം ശുഭ്രമായ വെള്ള അങ്കി അവൻ ധരിക്കും ഭൂമിയിൽ ഒരു അലക്കുകാരനും വെളുപ്പിക്കുവാൻ കഴിയാതവണ്ണം അവന്റെ വസ്ത്രം അത്യന്തം വെളുപ്പായി തിളങ്ങി മർക്കൊ. 9:3. "രാജാധിരാജാവും കർത്താധികർത്താവും എന്ന നാമം അവന്റെ ഉടുപ്പിന്മേലും തുടമേലും എഴുതിയിരിക്കുന്നു" വെളി. 19:16.

ഒലിവ് മലയിൽനിന്നും അവൻ സ്വർഗ്ഗാരോഹണം ചെയ്തപ്പോൾ ശിഷ്യന്മാരുടെ കണ്ണ് ഉയരങ്ങളിലേക്ക് നോക്കിയതുപോലെ അവനായി കാത്തിരിക്കുന്ന വിശുദ്ധന്മാർ സ്വർഗ്ഗത്തിലേക്ക് ഉറ്റുനോക്കിക്കൊണ്ടിരിക്കുമ്പോൾ സ്വർഗ്ഗത്തിൽനിന്നും എല്ലാ ദൂതന്മാരും അവനോടുകൂടെ സ്വർഗ്ഗംവിടും. അപ്പോൾ അവന്റെ സൗമ്യതയുടെ മൂർത്തീഭാവത്തിൽ അവനെ അനുഗമിച്ചവർ സന്തോഷത്താൽ ആർപ്പോടെ അവനെ എതിരേല്ക്കും. "കാണ്മീൻ ഇതു നമ്മുടെ ദൈവം ഇവനായിട്ടു നാം കാത്തിരുന്നു. അവൻ നമ്മെ രക്ഷിക്കും" അപ്പോൾ അവർ കണ്ണിമക്കുന്നിടയിൽ രൂപാന്തരം പ്രാപിക്കും. ഈ സമയത്ത് മണ്ണിൽ ഉറങ്ങുന്ന വിശുദ്ധന്മാർ ഉറക്കത്തിൽനിന്നും എഴുന്നേറ്റ് മഹത്വവും അമർത്യതയും ധരിച്ച് മരണത്തിന്മേലും കല്ലറകളിന്മേലും ജയം ജയം എന്നാർക്കും.





# രണ്ടാം വരവിലെ ന്യായവിധി

***ഞാൻ ദൈവത്തെയും, ജീവികൾക്കും മരിച്ചവർക്കും ന്യായവിസ്താരം നടത്തുവാനുള്ള ക്രിസ്തുയേശുവിനെയും സാക്ഷിവെച്ചു അവന്റെ പ്രത്യക്ഷതയും രാജ്യവും ചൊല്ലി സത്യം ചെയ്തു കല്പിക്കുന്നത്. 1 തിമൊ. 4:1.***

ന്യായവിധിരംഗങ്ങൾ അരങ്ങേറുന്നത് സമസ്തലോകത്തിന്റെയും സാന്നിദ്ധ്യത്തിലായിരിക്കും. ഈ ന്യായവിധിയിലൂടെ ദൈവിക ഭരണകൂടം നീതീകരിക്കപ്പെടുകയും അവന്റെ നിയമം വിശുദ്ധവും നീതിയുക്തവും നല്ലതുമായി നില കൊള്ളുകയും ചെയ്യും. അപ്പോൾ എല്ലാ വ്യവഹാരങ്ങളിന്മേലും തീരുമാനമുണ്ടാകുകയും എല്ലാവർക്കും ശിക്ഷ ലഭ്യമാവുകയും ചെയ്യും. പാപം അപ്പോൾ അത്യാകർഷണീയമായി തോന്നുകയില്ല. എന്നാലതിന്റെ ബീഭത്സമായ വ്യാപ്തി കാണുവാൻ കഴിയും.

വാനമേഘത്തിലൂടെയുള്ള മനുഷ്യപുത്രന്റെ രണ്ടാംവരവിന്റെ രംഗങ്ങളെ വർണ്ണിക്കുവാൻ മാനുഷ്യഭാഷകൾക്കൊന്നുംതന്നെ സാദ്ധ്യമല്ല. അവന്റെ വരവ് തന്റെ സ്വന്ത മഹത്വത്തിലും പിതാവിന്റെ മഹത്വത്തിലും വിശുദ്ധ ദൂതന്മാരുടെ മഹത്വത്തിലുമാണ്. നിത്യതയുടെ നാൾകൾ മുതൽ താൻ ധരിച്ച പ്രകാശത്തിന്റെ മേലങ്കിയും ധരിച്ചാണ് അവന്റെ വരവ്. മാലാഖമാർ അവനോടൊപ്പമുണ്ടായിരിക്കും. പതിനായിരം പതിനായിരം പേർ അവന്റെ മാർഗ്ഗത്തിൽ അകമ്പടി സേവകരായി ഉണ്ടായിരിക്കും. ശവക്കുഴികളിൽ ഉറങ്ങുന്ന മരിച്ചവരെ വിളിക്കുന്നതായ കാഹളനാദം കേൾക്കും. ക്രിസ്തുവിന്റെ ശബ്ദം ശവകുടീരങ്ങളിലേയ്ക്കു തുളച്ചു കയറിച്ചെല്ലുകയും മരിച്ചവരുടെ ചെവികളെ തുളച്ചുകൊണ്ട് അതു ശവകുടീരങ്ങളിലുള്ള എല്ലാവരെയും പുറത്തേയ്ക്കു കൊണ്ടുവരികയും ചെയ്യും.

സകല രാജ്യങ്ങളെയും അവന്റെ മുൻപാകെ കൂട്ടിവരുത്തും. മനുഷ്യനുവേണ്ടി മരിച്ചവൻ അന്ത്യനാളിൽ അവനെ വിധിക്കേണ്ടിയിരിക്കുന്നു. സകല ന്യായവിധിയും പുത്രനെ ഭരമേല്പിച്ചിരിക്കുന്നു. അതോടൊപ്പം ന്യായവിധി നടത്താനുള്ള അധികാരവും. എന്തുകൊണ്ടെന്നാൽ അവൻ മനുഷ്യപുത്രനാണ്. ക്രിസ്തുവിനെ തള്ളിപ്പറഞ്ഞവരും തങ്ങളുടെ പാപങ്ങളാൽ അവനെ കുത്തിത്തുളച്ചവരും അവങ്കലേയ്ക്കു നോക്കുന്ന ആ ദിനം എന്തുതരത്തിലുള്ള ഒന്നായിരിക്കും.

അവന്റെ രണ്ടാംവരവിൽ എല്ലാ ഹൃദയങ്ങൾക്കും തടവുശിക്ഷ ലഭിക്കുന്നതാണ്. ലൗകിക ബഹുമതികൾക്കും സ്വാർത്ഥ താല്പര്യങ്ങൾക്കും ഭൂമിയിലെ നിസ്സാര കാര്യങ്ങൾക്കുംവേണ്ടി അവനിൽ നിന്നും തിരിഞ്ഞവർ അവന്റെ വരവിങ്കൽ തങ്ങളുടെ തെറ്റുകൾ സമ്മതിക്കും.

"ഭൂമിയിലെ ഗോത്രങ്ങൾ ഒക്കെയും അവനെച്ചൊല്ലി വിലപിക്കും" എന്ന് വെളിപ്പാടുകാരൻ പറഞ്ഞവർ ഇവർ തന്നേ. "അവനെ കുത്തിത്തുളച്ചവരും" എന്ന ഈ വാക്കുകൾ ക്രിസ്തു കാൽവരി ക്രൂശിൽ തൂങ്ങിക്കിടന്നതായ അവസരത്തിൽ അവനെ കുത്തിത്തുളച്ചവർക്കു മാത്രമല്ല, പിന്നെയോ തങ്ങളുടെ ദുഷ്ടത നിറഞ്ഞ സംസാരത്തിലൂടെയും തെറ്റായ പ്രവർത്തനങ്ങളിലൂടെയും ഇന്ന് അവനെ കുത്തിത്തുളയ്ക്കുന്നവർക്കുകൂടി അത് ബാധകമാണ്.

# അവനെ കുത്തിത്തുളച്ചവർ

***മനുഷ്യപുത്രൻ സർവ്വശക്തന്റെ വലത്തുഭാഗത്തു ഇരിക്കുന്നതും ആകാശമേഘങ്ങളോടെ വരുന്നതും നിങ്ങൾ കാണും എന്ന് യേശു പറഞ്ഞു. മർക്കൊ. 14:62.***

യഹൂദാ രാജാക്കന്മാർ അവന്റെ മഹത്വത്തിലേക്ക് നോക്കുമ്പോൾ മാനുഷികതയുടെ വസ്ത്രം ധരിച്ച ഒരു കർത്താവിനെ അവരുടെ ഓർമ്മകളുടെ തിരനോട്ടത്തിൽ അവർ കാണും. അപ്പോൾ അവർ അവനോട് ഇങ്ങനെ പെരുമാറി എന്നതും അവനെ തള്ളിക്കളഞ്ഞതും അവിശ്വാസികളോട് ചേർന്ന് അവനെ പരാജയപ്പെടുത്താൻ ശ്രമിച്ചതും അവർ ഓർക്കും. വളരെ വ്യക്തമായി കർത്താവിന്റെ ജീവിതം അവരുടെ കൺമുമ്പിൽ തെളിഞ്ഞുവരും. അവൻ ചെയ്തതും പറഞ്ഞതുമായതെല്ലാം പാപച്ചേറിൽ കിടന്ന അവരെ രക്ഷിപ്പാൻ അപമാന അവസ്ഥയിലേക്കുള്ള അവന്റെ താഴ്ചയും അവരുടെ ശിക്ഷാവിധിക്കായി അവരുടെ മുൻപിൽ വരും.

അവന്റെ ദൂതു ശ്രദ്ധിക്കാത്തതും പശ്ചാത്തപിക്കാത്തതുമായ യെരുശലേമിനുവേണ്ടി അവൻ അതിവ്യഥയാൽ കരഞ്ഞതും നഗരത്തിലേക്കുള്ള അവന്റെ സവാരിയും അവർ കാണും. അപേക്ഷയിലൂടെയും അഭ്യർത്ഥനയിലൂടെയും അവരെ ക്ഷണിച്ച അവന്റെ മൃദുസ്വരവും വീണ്ടും അവരുടെ കർണ്ണപുടങ്ങളിൽ ആഞ്ഞടിക്കുന്നതായി അവർക്ക് തോന്നും. ഗത്ശെമന തോട്ടത്തിലെ ദൃശ്യം അവരുടെ കൺമുൻപിൽ തെളിഞ്ഞുവരികയും "കഴിയുമെങ്കിൽ പിതാവേ ഈ പാനപാത്രം എങ്കൽനിന്നും നീക്കേണമേ" എന്ന യേശുവിന്റെ വിസ്മയിപ്പിക്കുന്ന പ്രാർത്ഥന അവർ കേൾക്കുകയും ചെയ്യും.

"ഞാനോ അവനിൽ ഒരു കുറ്റവും കാണുന്നില്ല" എന്ന പീലാത്തോസിന്റെ ശബ്ദം വീണ്ടും അവർ കേൾക്കും. ന്യായവിസ്താര സഭയിലുണ്ടായ ലജ്ജിപ്പിക്കുന്ന ദൃശ്യം അവൻ കാണും. കർത്താവിന്റെ അരികിൽ ബറബ്ബാസും അവരിൽനിന്നും പാപമില്ലാത്തവനെ തിരഞ്ഞെടുക്കാനുള്ള പദവി നഷ്ടമാക്കിയതും അവരോർക്കും. ബറബ്ബാസിനെയോ ക്രിസ്തു എന്നു പറയുന്ന യേശുവിനെയോ ആരെ നിങ്ങൾക്ക് വിട്ടുതരേണം എന്നു ചോദിക്കുന്ന പീലാത്തോസിന്റെ ശബ്ദം വീണ്ടും അവർ കേൾക്കും, ഉടനെയുള്ള അവരുടെ മറുപടിയും അവർ കേൾക്കും. "ഈ മനുഷ്യനെ തള്ളി ബറബ്ബാസിനെ ഞങ്ങൾക്ക് വിട്ടുതരിക", എന്നാൽ ക്രിസ്തു എന്ന യേശുവിനെ എന്തു ചെയ്യേണ്ടു എന്ന ചോദ്യത്തിന് അവനെ ക്രൂശിക്ക എന്ന മറുപടിയും ഉണ്ടായി.

ക്രൂശിന്റെ ശാപം വഹിക്കുന്ന ത്യാഗത്തെ അവർ കാണും. വിജയഭേരി മുഴക്കുന്ന ശബ്ദം ഒന്നാകെ ആക്രോശിക്കുന്നത്, "നീ ദൈവപുത്രനെങ്കിൽ ക്രൂശിൽ നിന്നിറങ്ങിവാ!" ഇവൻ മറ്റുള്ളവരെ രക്ഷിച്ചു, തന്നെത്താൻ രക്ഷിപ്പാൻ കഴിവില്ല. എന്നുപറയുന്നത് അവൻ കേൾക്കും.

ഇപ്പോൾ അവർ അവനെ കാണുന്നത് ഗത്ശെമന തോട്ടത്തിലോ ന്യായവിസ്താര സഭയിലോ കാൽവരിയിലെ ക്രൂശിലോ അല്ല. പുരോഹിതന്മാരും ശാസ്ത്രിമാരും കൈകൊണ്ട് അടിച്ചതും അവർ തുപ്പിയതുമായ മുഖത്തേക്ക്, ദൈവമുഖത്തേക്ക് അവർ നോക്കും. എന്നാൽ നിന്ദയുടെ എല്ലാ പാടുകളും ആ മുഖത്തുനിന്ന് മാഞ്ഞുപോയിരിക്കും. ഇപ്പോൾ ആ സത്യം അതിന്റെ വ്യക്തതയോടെ അവർക്ക് വെളിപ്പെട്ടിരിക്കുന്നു.





# ദുഷ്ടന്മാർ അന്യോന്യം കൊല്ലുന്നു

***ഞാൻ എന്റെ സർവ്വപർവ്വതങ്ങളോടും അവന്റെ നേരെ വാളെടുപ്പാൻ കല്പിക്കും എന്നു യഹോവയായ കർത്താവിന്റെ അരുളപ്പാട്; ഓരോരുത്തന്റെ വാൾ അവനവന്റെ സഹോദരനു വിരോധമായിരിക്കും. യെഹെ. 38:21.***

ദൈവത്തെയും സഹജീവികളെയും തള്ളിക്കളഞ്ഞ് ജീവിച്ചതുകൊണ്ടല്ല, മറിച്ച് ദൈവമിപ്പോൾ ജയം പ്രാപിച്ചിരിക്കുന്നതുകൊണ്ടാണ് ദുഷ്ടന്മാർ ദുഃഖിതരായിരിക്കുന്നത്. അവർ വിലപിക്കുന്നത് യുദ്ധത്തിന്റെ ഫലം ഇപ്രകാരമായിപ്പോയല്ലോ എന്നോർത്താണ്. അല്ലാതെ തങ്ങളുടെ ലംഘനങ്ങളെ ഓർത്തിട്ടല്ല. ജയിക്കാൻ പറ്റുന്ന അവസാനവഴിയും അവരെക്കൊണ്ടാവുമായിരുന്നു എങ്കിൽ ശ്രമിക്കുമായിരുന്നു.

ദൈവവുമായി ശരിയായൊരു ബന്ധം അവർ നിലനിറുത്തിയിരുന്നില്ലെന്ന് പുരോഹിതന്മാരും ജനങ്ങളും കാണും. സർവ്വ നീതിന്യായ വ്യവസ്ഥകളുടെ ഉടയവനോടാണ് അവർ മത്സരിച്ചതെന്നും അവർ മനസ്സിലാക്കും. ആത്മീകതയുടെ ധർമ്മോപദേശങ്ങളെ മാറ്റിനിർത്തിയതിനാൽ ആയിരക്കണക്കിന് ദുഷ്ടതകളുടെ ഉറവകളായ പൈശാചികത, ഭിന്നിപ്പ്, വെറുപ്പ്, അകൃത്യം, ഇവ എല്ലാം ഒത്തുചേർന്ന് ഭൂമിയെ വിസ്തൃതമായ ഒരു കലാപ വേദിയും സാന്മാർഗ്ഗികാധഃപതനത്തിന്റെ പടുകുഴിയുമാക്കിത്തീർത്തു. തെറ്റുകളെ താലോലിച്ച് സത്യത്തെ ത്യജിച്ചവരുടെ ഇടയിൽ തെളിഞ്ഞുവരുന്ന കാഴ്ചപ്പാട് ഇതാണ്. അനുസരണംകെട്ടവർക്കും അവിശ്വസ്തർക്കും എന്നെന്നേക്കും നഷ്ടമായ നിത്യജീവനോടുള്ള അവരുടെ വാഞ്ഛ ഏതൊരു സാഹിത്യത്തിനും വർണ്ണിക്കാവുന്നതിലും അപ്പുറമാണ്. തങ്ങളുടെ കഴിവുകളാലും വശ്യവചസ്സുകളാലും ലോകത്താൽ ആരാധിക്കപ്പെട്ട ആളുകൾ ഇപ്പോൾ കാര്യങ്ങൾ അവയുടെ യഥാർത്ഥ വെളിച്ചത്തിൽ കാണും. ലംഘനം നിമിത്തം തങ്ങൾ എന്ത് നഷ്ടപ്പെടുത്തിയെന്ന് തിരിച്ചറിയുകയും ആരുടെ വിശ്വസ്തതയെ അവർ പുച്ഛിക്കുകയും പരിഹസിക്കുകയും ചെയ്തുവോ അവരുടെ കാൽക്കൽവീണ് ദൈവം അവരെ സ്നേഹിച്ചിരുന്നു എന്ന് ഏറ്റുപറയും.

അവർ വഞ്ചിക്കപ്പെടുകയായിരുന്നു എന്ന് ജനം മനസ്സിലാക്കും. അവരെ നാശത്തിലേക്ക് നയിച്ചതിന് അവർ അന്യോന്യം പഴിചാരും. എന്നാൽ കയ്പ്പേറിയ തങ്ങളുടെ കുറ്റാരോപണം പുരോഹിതന്മാരുടെ മേൽ വർഷിപ്പാൻ അവർ ഒന്നിക്കും. അവിശ്വസ്തരായ ഇടയന്മാർ പ്രവചിച്ചതായ മിനുക്കമുള്ള കാര്യങ്ങളും അവർ അവരുടെ കേൾവിക്കാരെ ദൈവകല്പന നീക്കിക്കളയുവാനും ശബ്ബത്തിനെ വിശുദ്ധമായി ആചരിക്കുന്നവരെ ശിക്ഷിക്കുവാനും പ്രേരിപ്പിച്ചു. ഇപ്പോൾ ഈ ഗുരുക്കന്മാർ, അവരുടെ നിരാശയിൽ, ലോകത്തിനു മുൻപിൽ അവരുടെ വഞ്ചനാവേലയെ ഏറ്റുപറയും. ജനം കോപാകുലരായിത്തീർന്നിരിക്കുകയാണ്. ഞങ്ങൾ നശിച്ചു എന്ന് ഉറക്കെക്കരഞ്ഞുകൊണ്ട് നിങ്ങളാണ് ഞങ്ങളുടെ നാശത്തിന് കാരണക്കാർ എന്നു പറഞ്ഞ് ഈ കള്ള ഇടയന്മാർക്കെതിരെ തിരിയും. ഒരു സമയത്ത് ഇവരെ വളരെ പ്രകീർത്തിച്ചവർ ഇപ്പോൾ ഏറ്റവും നിഷ്ഠൂരമായ ശാപവാക്കുകൾ ഇവരുടെ മേൽ ചൊരിയും. ഒരിക്കൽ ഇവർക്ക് വിജയകിരീടം ചൂടിച്ച കരങ്ങൾ ഇവരുടെ നാശത്തിന്നായി ഉയരും. ഒരിക്കൽ ദൈവജനത്തെ നിഗ്രഹിക്കുവാൻ ഉപയോഗിച്ച വാളുകൾ ഇപ്പോൾ ഈ ദുഷ്ടന്മാർക്കെതിരെ തിരിയും. എല്ലായിടത്തും രക്തച്ചൊരിച്ചിലും അശാന്തിയും നടമാടും.

# കുഞ്ഞാടിന്റെ ക്രോധം

***ഭൂമിയിലെ രാജാക്കന്മാരും മഹത്തുക്കളും സഹസ്രാധിപന്മാരും, ധനവാന്മാരും ബലവാന്മാരും സകല ദാസനും സ്വതന്ത്രനും ഗുഹകളിലും മലപ്പാറകളിലും ഒളിച്ചു കൊണ്ട് മലകളോടും പാറകളോടും; ഞങ്ങളുടെ മേൽ വീഴുവിൻ; സിംഹാസനത്തിൽ ഇരിക്കുന്നവന്റെ മുഖം കാണാതവണ്ണവും കുഞ്ഞാടിന്റെ കോപം തട്ടാതവണ്ണവും ഞങ്ങളെ മറെപ്പിൻ. വെളി. 6:15,16.***

പരിഹാസ്യമായ തമാശകൾ നിന്നുപോയി. ഭോഷത്വം വിളമ്പുന്ന നാവുകൾ നിശ്ശബ്ദമായി. കൈകളുടെ ഏറ്റുമുട്ടലും യുദ്ധാരവവും കുഴപ്പംനിറഞ്ഞ ശബ്ദവും രക്തംപുരണ്ട വസ്ത്രവും (യെശ. 9:5) എല്ലാം നിശ്ശബ്ദമാക്കപ്പെട്ടു. ഇപ്പോൾ പ്രാർത്ഥനയുടെയും കരച്ചിലിന്റെയും വിലാപങ്ങളുടെയും ശബ്ദമേ കേൾക്കുവാനുള്ളു. ഏറെ താമസിയാതെ പരിഹാസികളുടെ അധരങ്ങളിൽനിന്നും നെടുവീർപ്പുയരും. ക്രോധത്തിന്റെ മഹാദിവസം വന്നിരിക്കുന്നു. ആർക്ക് നില്ക്കുവാൻ കഴിയും? തങ്ങൾ ഉപേക്ഷിക്കുകയും തള്ളിക്കളയുകയും ചെയ്ത സിംഹാസനത്തിലിരിക്കുന്നവന്റെ മുഖശോഭയിൽനിന്നും തങ്ങളെ മറയ്ക്കുവാനായി മലകളോടും പാറകളോടും യാചിക്കും.

മരിച്ചവരുടെയും ചെവി തുളച്ചുചെല്ലുന്ന ആ ശബ്ദം എത്ര പ്രാവശ്യം ലാളിത്യത്തോടും മൃദുവായും മാനസ്സാന്തരത്തിലേക്ക് തിരിയുവാൻ തങ്ങളെ വിളിച്ചു എന്ന് അവർക്കറിയാം. ഒരു സുഹൃത്തിന്റെ കേണപേക്ഷിക്കുന്ന ഹൃദയസ്പർശിയായ സ്വരം (ഒരു സഹോദരന്റെ ഒരു വീണ്ടെടുപ്പുകാരന്റെ) എത്ര പ്രാവശ്യം ശ്രവിച്ചു? അവന്റെ കൃപയെ നിരസിച്ചവർക്ക് ഭയങ്കര ശിക്ഷാവിധി വരികയും അപമാനത്താൽ തലകുനിക്കുകയും ചെയ്യും. ആ ശബ്ദം, അത് എങ്ങനെ ഏറെ നാൾ യാചന കഴിച്ചു, "നിങ്ങളുടെ ദുർമ്മാർഗ്ഗങ്ങളെ വിട്ടുതിരിവിൻ, തിരിവിൻ; നിങ്ങൾ എന്തിനു മരിക്കുന്നു" യെഹെ. 33:11. ഇത് ഒരുപക്ഷേ അവർക്ക് ഒരു അപരിചിതന്റെ ശബ്ദമായിരുന്നിരിക്കാം. യേശു പറയുന്നു, "ഞാൻ വിളിച്ചിട്ടു നിങ്ങൾ ശ്രദ്ധിക്കാതെയും ഞാൻ കൈ നീട്ടിയിട്ട് ആരും കൂട്ടാക്കാതെയും നിങ്ങൾ എന്റെ ആലോചന ഒക്കെയും ത്യജിച്ചുകളകയും എന്റെ ശാസനയെ ഒട്ടും അനുസരിക്കാതിരിക്കയും ചെയ്തതുകൊണ്ട് ഞാനും നിങ്ങളുടെ അനർത്ഥദിവസത്തിൽ ചിരിക്കും; നിങ്ങൾ ഭയപ്പെടുന്നതു നിങ്ങൾക്കു ഭവിക്കുമ്പോൾ പരിഹസിക്കും" സദൃശ. 1:24-26. ആ ശബ്ദം ഉണർത്തിയ ഓർമ്മകളെ അവർ പ്രത്യേക സാഹചര്യത്തിൽ മുന്നറിയിപ്പുകളെ പുച്ഛിച്ച്, ക്ഷണത്തെ നിരസിച്ച് വിശേഷാവകാശങ്ങളെ നിസ്സാരമാക്കി മറന്നുകളഞ്ഞു.

സത്യത്തെ തിരസ്കരിക്കുന്ന എല്ലാവരുടെയും ജീവിതത്തിൽ മനഃസാക്ഷിയെ ഉണർത്തുന്ന പല നിമിഷങ്ങളും ഉണ്ട്. കാപട്യം നിറഞ്ഞ ജീവിതത്തിലെ പീഡിപ്പിക്കുന്ന ഓർമ്മകളെ സ്മരണ കൊണ്ടുവരുമ്പോൾ വൃഥാ ഖേദത്താൽ മനസ്സിനെ ശല്യപ്പെടുത്തുകയാണ്. എന്നാൽ നിങ്ങളുടെ ആപത്ത് ചുഴലിക്കാറ്റുപോലെ വരുമ്പോൾ ആ ദിവസത്തിലെ തീവ്രപശ്ചാത്താപവുമായി ഇതിനെ താരതമ്യം ചെയ്യുമ്പോൾ ഇതെന്തുള്ളു? യേശുവിന്റെയും അവന്റെ വിശ്വസ്തരായ ആളുകളുടെ മേലും തേജസ്സ് വിളയാടുന്നത് അവരെ നശിപ്പിച്ചവർ കാണും.





# ദൈവം ഹർമ്മഗദ്ദോനിൽ ഇടപെടുന്നു

***ആരവം ഭൂമിയുടെ അറ്റത്തോളമെത്തുന്നു; യഹോവക്കു ജാതികളോടു ഒരു വ്യവഹാരം ഉണ്ട്; അവൻ സകല ജഡത്തോടും വ്യവഹരിച്ചു ദുഷ്ടന്മാരെ വാളിന്നു ഏല്പിക്കും എന്നു യഹോവയുടെ അരുളപ്പാട് യിരെ. 25:31.***

കഴിഞ്ഞ ആറായിരം വർഷമായി വൻ വിവാദം പുരോഗതി പ്രാപിക്കുകയാണ്. മനുഷ്യപുത്രന്മാരെ രക്ഷിക്കേണ്ടതിനും ഉത്തേജിപ്പിക്കേണ്ടതിനും മുന്നറിയിപ്പ് നല്കേണ്ടതിനും ദൈവപുത്രനും അവന്റെ ദൂതന്മാരാൽ ദുഷ്ടനായവന്റെ ശക്തിയോട് പോരാടിക്കൊണ്ടിരിക്കുകയാണ്. ഇപ്പോൾ എല്ലാവരും തങ്ങളുടെ തീരുമാനങ്ങൾ എടുത്തുകഴിഞ്ഞു. ദുഷ്ടന്മാർ പൂർണ്ണമായും സാത്താനോട് ഒന്നിച്ച് ദൈവത്തിനെതിരെയുള്ള യുദ്ധത്തിൽ പങ്കുചേർന്നിരിക്കുകയാണ്. നിലത്ത് തള്ളപ്പെട്ട തന്റെ നിയമത്തിന്റെ ആധികാരികത ദൈവം വെളിപ്പെടുത്തുവാനുള്ള സമയം സമാഗതമായിരിക്കുകയാണ്. വൻ വിവാദം ഇപ്പോൾ സാത്താനോടു മാത്രമല്ല മനുഷ്യരോടും കൂടെയാണ്. "യഹോവക്ക് ജാതികളോടുള്ള ഒരു വ്യവഹാരം ഉണ്ട്". ദുഷ്ടന്മാരായവരെ അവൻ വാളിന് ഏല്പിക്കും.

ചെയ്തുപോയ എല്ലാ അപരാധങ്ങൾക്കുംവേണ്ടി കരഞ്ഞ് നെടുവീർപ്പിടുന്നവർക്കായി, അവരുടെ മേൽ വിടുതലിന്റെ മുദ്ര പതിപ്പിക്കപ്പെട്ടിരിക്കുന്നു. യെഹെസ്കേൽ പ്രവാചകന് ദർശനത്തിൽ വെളിപ്പെടുത്തിയതുപോലെ മരണദുതനെ പ്രതിനിധീകരിക്കുന്ന മനുഷ്യർ, വെട്ടുവാനുള്ള വാളുമായി മനുഷ്യരുടെ അടുത്തേക്ക് വന്നിരിക്കുന്നു. ഇവർക്ക് ആജ്ഞ നല്കപ്പെട്ടിരിക്കുന്നു. "വൃദ്ധന്മാരെയും യൗവ്വനക്കാരെയും കന്യകമാരെയും പൈതങ്ങളെയും സ്ത്രീകളെയും കൊന്നുകളവിൻ! എന്നാൽ അടയാളമുള്ള ഒരുത്തനെയും തൊടരുത്" എന്ന് പ്രവാചകൻ പറയുന്നു. "അങ്ങനെ അവർ ആലയത്തിന്റെ മുൻപിൽ ഉണ്ടായിരുന്ന മൂപ്പന്മാരുടെ ഇടയിൽ തുടങ്ങി" യെഹെ. 9:1-6.

നശീകരണ വേല തുടങ്ങുന്നത് ജനത്തിന്റെ ആത്മീക രക്ഷിതാക്കൾ എന്ന് അവകാശപ്പെടുന്നവരിൽ ആയിരിക്കുന്ന കള്ള കാവൽക്കാർ ആയിരിക്കും ആദ്യം വീഴുന്നത്. അതിനു ദയ കാണിക്കപ്പെടുകയോ ആരെയും ഒഴിവാക്കുകയോ ചെയ്യില്ല. പുരുഷന്മാരും സ്ത്രീകളും കന്യകമാരും കുട്ടികളും ഒരുമിച്ചു നശിച്ചുപോകും.

"യഹോവ ഭൂവാസികളെ അവരുടെ അകൃത്യം നിമിത്തം സന്ദർശിപ്പാൻ തന്റെ സ്ഥലത്തു നിന്നു ഇതാ, വരുന്നു. ഭൂമി താൻ കുടിച്ച രക്തമൊക്കെയും വെളിപ്പെടുത്തും; തന്നിലുള്ള ഹതന്മാരെ ഇനി മൂടിവെക്കയുമില്ല" യെശ. 26:21. അവരുടെ സ്വയം വിറളിപിടിച്ച കലഹത്തിന്റെ തീവ്രവികാരത്താലും ദൈവത്തിന്റെ കലർപ്പില്ലാത്ത ക്രോധത്തിന്റെ ഭയങ്കര വീഴ്ചയാലും പുരോഹിതന്മാർ, രാജാക്കന്മാർ, ധനികർ, ദരിദ്രർ, വിലയവർ, ചെറിയവർ എന്നിവരടങ്ങിയ ജനങ്ങൾ ഈ ഭൂമിയിലെ ദുഷ്ടന്മാരായവരെല്ലാവരും വീണുപോകും. "അന്നാളിൽ യഹോവയുടെ നിഹതന്മാർ ഭൂമിയുടെ ഒരറ്റം മുതൽ മറ്റെ അറ്റംവരെ വീണുകിടക്കും; അവരെക്കുറിച്ച് ആരും വിലപിക്കയില്ല; അവരെ എടുത്തു കുഴിച്ചിടുകയില്ല, അവർ നിലത്തിനു വളമായിത്തീരും" യിരെ. 25:33.

# അവസാന യുദ്ധത്തിന്റെ പ്രകൃതം

***യഹോവ തന്റെ ആയുധശാല തുറന്നു തന്റെ ക്രോധത്തിന്റെ ആയുധങ്ങളെ എടുത്തു കൊണ്ടുവന്നിരിക്കുന്നു. യിരെ. 50:25.***

യഹോവ തന്റെ ശത്രുക്കളുടെ ശക്തി ക്ഷയിപ്പിക്കേണ്ടതിന് പ്രകൃതിശക്തികളോട് ആജ്ഞാപിക്കുകയാണ്. തീയും കന്മഴയും ഹിമവും ആവിയും, അവന്റെ വചനം അനുഷ്ഠിക്കുന്ന കൊടുങ്കാറ്റും... അവന്റെ നാമം മാത്രം ഉയർന്നിരിക്കുന്നത്" സങ്കീ. 148:8-13. അന്യജാതിക്കാരായ അമോര്യർ ദൈവത്തിന്റെ പദ്ധതിയോടെതിർത്തുനിന്നപ്പോൾ സ്വർഗ്ഗത്തിൽനിന്നും വൻ കല്ലുകൾ വർഷിച്ച് ഇസ്രായേലിന്റെ ശത്രുക്കളോട് അവർ ഇടപെട്ടു. ലോകചരിത്രത്തിന്റെ അവസാനത്തിങ്കൽ ഒരു ഭയങ്കരയുദ്ധം ഉടലെടുക്കുമെന്ന് നമ്മോട് അറിയിച്ചിട്ടുണ്ട്. "യഹോവ തന്റെ ആയുധശാല തുറന്ന് തന്റെ ക്രോധത്തിന്റെ ആയുധങ്ങളെ എടുത്തുകൊണ്ട് വന്നിരിക്കുന്നു" (യിരെ. 50:25). "നീ ഹിമത്തിന്റെ ഭണ്ഡാരത്തോളം ചെന്നിട്ടുണ്ടോ? കന്മഴയുടെ ഭണ്ഡാരം നീ കണ്ടിട്ടുണ്ടോ? ഞാൻ അവയെ കഷ്ടകാലത്തേക്കും പോരും പടയുമുള്ള നാളിലേക്കും സംഗ്രഹിച്ചു വെച്ചിരിക്കുന്നു" ഇയ്യോ. 38:22,23.

"സംഭവിച്ചുതീർന്നു" എന്നൊരു മഹാശബ്ദം സ്വർഗ്ഗീയ ദൈവാലയത്തിൽനിന്നും പുറപ്പെടുമ്പോൾ സംഭവിക്കുന്ന നാശത്തെക്കുറിച്ച് വെളിപ്പാടുകാരൻ ഇവിടെ വർണ്ണിക്കുന്നത് ഇപ്രകാരമാണ്: താലന്തോളം ഘനമുള്ള കല്ലായി വലിയ കന്മഴ ആകാശത്തുനിന്നും മനുഷ്യരുടെ മേൽ പെയ്തു (വെളി. 16:17,21).

ഭൂമിയുടെ ചരിത്രത്തിന്റെ അവസാന നാളുകളിൽ യുദ്ധം പൊട്ടിപ്പുറപ്പെടും. ഒരു യുദ്ധം കൂടാതെ ദുഷ്ടശക്തികൾ കീഴടങ്ങുകയില്ല. എന്നാൽ ദൈവനടത്തിപ്പിന് ഹർമ്മഗെദ്ദോൻ യുദ്ധത്തിൽ ഒരു പ്രധാന പങ്കുണ്ട്.

ഈ യുദ്ധത്തിൽ യഹോവയുടെ സൈന്യങ്ങളുടെ അധിപതി സ്വർഗ്ഗത്തിലെ ദൂതന്മാരുടെ മുൻപിൽനിന്ന് ഈ യുദ്ധം നയിക്കും.

അവന്റെ വസ്ത്രത്തിന്മേൽ രാജാധിരാജാവും കർത്താധികർത്താവും എന്ന നാമം എഴുതപ്പെട്ടിരിക്കുന്നവൻ, വെള്ളക്കുതിരകളുടെ പുറത്തിരിക്കുന്നവരും ശുഭവും ശുഭ്രമായ പട്ട് ധരിച്ചിരിക്കുന്ന സ്വർഗ്ഗീയ സൈന്യത്തിനു മുൻപിൽ നിന്നും യുദ്ധം നയിക്കും.

അവൻ ഇനി ഭൂമിയിലേക്ക് വീണ്ടും വരുമ്പോൾ, അവൻ ഭൂമിയെ മാത്രമല്ല ആകാശത്തെയും ഇളക്കും (എബ്രാ. 12:26). "ഭൂമി കിടുകിട കിടുങ്ങുന്നു; ഭൂമി മത്തനെപ്പോലെ ചാഞ്ചാടുന്നു; കാവൽമാടംപോലെ ആടുന്നു" (യെശ. 24:19). ആകാശവും ഒരു ചുരുൾപോലെ ചുരുണ്ടുപോകും. മൂല പദാർത്ഥങ്ങൾ കത്തിയെരിയുകയും ഭൂമിയും അതിലുള്ള പണികളും വെന്തുപോകയും ചെയ്യും. "എന്നാൽ യഹോവ തന്റെ ജനത്തിനു ശരണവും യിസ്രായേൽ മക്കൾക്ക് ദുർഗ്ഗവും ആയിരിക്കും.





# നിങ്ങളും ഒരുങ്ങിയിരിപ്പിൻ

***അങ്ങനെ നിങ്ങൾ നിനക്കാത്ത നാഴികയിൽ മനുഷ്യപുത്രൻ വരുന്നതുകൊണ്ട് നിങ്ങളും ഒരുങ്ങിയിരിപ്പിൻ. മത്താ. 24:44.***

ഇന്ന് കർത്താവ് വാനമേഘങ്ങളിൽ വെളിപ്പെടുകയാണെങ്കിൽ അവനെ എതിരേല്പാൻ ആര് ഒരുങ്ങിയിട്ടുണ്ടാകും? നാം ആയിരിക്കുന്നതുപോലെ തന്നെ ഇന്നു നാം സ്വർഗ്ഗരാജ്യത്തിലേക്ക് രൂപാന്തരപ്പെട്ട് എടുക്കപ്പെട്ടാൽ ദൈവത്തിന്റെ വിശുദ്ധന്മാരോട് ഒന്നിക്കുവാനും സ്വർഗ്ഗീയ രാജാവിന്റെ മക്കളോടൊത്ത്, രാജകീയ കുടുംബത്തോടൊത്തുചേർന്ന് വസിക്കുവാൻ നമുക്കാകുമോ? എന്ത് ഒരുക്കങ്ങളാണ് ന്യായവിധിക്കായി നീ ചെയ്തിരിക്കുന്നത്? നീ നിന്റെ ദൈവവുമായി നിരപ്പു പ്രാപിച്ചിട്ടുണ്ടോ? നിന്റെ ചുറ്റുപാടും വസിക്കുന്നവരെ സഹായിക്കുവാൻ നീ തല്പരനാണോ? നിന്റെ ഭവനത്തിലുള്ളവർ, അയൽപക്കക്കാർ, ദൈവകല്പന അനുസരിക്കാത്തവരായി നീയുമായി ബന്ധപ്പെടുന്നവർ എന്നിവരെ സഹായിക്കുവാൻ നീ ആഗ്രഹിക്കുന്നുവോ? പരിശീലനം കൂടാതെയുള്ള നമ്മുടെ ദൈനംദിന ജീവിതത്തിലെ ജോലി വ്യർത്ഥമാണ് എന്ന് മറന്നുപോകരുത്. ദൈവകല്പന യഥാർത്ഥമായി നാം പാലിക്കുന്നുണ്ടോ എന്ന് അവനറിയാം. നാം എന്തു ചെയ്യുന്നു, എന്തു ചിന്തിക്കുന്നു, എന്ത് പറയുന്നു എന്ന് ദൈവം അറിയുന്നുണ്ട്. രാജാവിനെ എതിരേല്പാൻ നാം ഒരുങ്ങുന്നുണ്ടോ? അവൻ സ്വർഗ്ഗീയ മേഘങ്ങളിൽ അധികാരത്തോടും ഭയങ്കര മഹത്വത്തോടുകൂടി വരുമ്പോൾ നിനക്ക് പറയാൻ കഴിയുമോ... "ഇതാ നമ്മുടെ ദൈവം അവനെയത്രേ നാം കാത്തിരുന്നത്, അവൻ നമ്മെ രക്ഷിക്കും" (യെശ. 25:9). ഇത് പറയാൻ കഴിയുന്നവരോട് യേശു പറയും "ഉയരത്തിലേക്കു പ്രവേശിപ്പിൻ; ഈ ഭൂമിയിൽ നിങ്ങൾ എന്നെ സ്നേഹിച്ചു, എന്റെ ഇഷ്ടം ചെയ്‌വാൻ നിങ്ങൾ എന്നെ സ്നേഹിച്ചു. ഇപ്പോൾ നിങ്ങൾക്ക് വിശുദ്ധ നഗരത്തിൽ പ്രവേശിപ്പാനും നിത്യജീവന്റെ കിരീടം പ്രാപിപ്പാനും സാധിക്കും.

നാം ആയിരിക്കുന്നതുപോലെ നമുക്ക് സ്വർഗ്ഗത്തിൽ പ്രവേശനം ലഭിച്ചാൽ എത്രപേർക്ക് ദൈവമുഖത്തേക്ക് നോക്കുവാൻ കഴിയും? നമ്മളിൽ എത്ര പേർ കല്യാണവസ്ത്രം ധരിച്ചിട്ടുണ്ട്. കറ, കളങ്കം, മാലിന്യം ഏതുമില്ലാത്തവരായി എത്രപേരുണ്ട്?

വസ്ത്രം അലക്കി വെടിപ്പാക്കുവാനുള്ള സമയമാണ്. കുഞ്ഞാടിന്റെ രക്തത്തിൽ നമ്മുടെ സ്വഭാവമാകുന്ന അങ്കി അലക്കി വെളുപ്പിക്കാനുള്ള സമയം ഇതാണ്. യോഹന്നാൻ പറയുന്നു, "ഇതാ, ലോകത്തിന്റെ പാപം ചുമക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്" 1:29. നമുക്ക് നമ്മുടെ പാപത്തെ ഉപേക്ഷിച്ചുകൂടയോ?

സഹോദരീസഹോദരന്മാരേ, ഞാൻ നിങ്ങളെ ഉത്ബോധിപ്പിക്കുന്നത്, ജീവന്റെ കിരീടം പ്രാപിപ്പാൻ ആത്മാർത്ഥതയോടെ വേലചെയ്യുക. പ്രയത്നത്തിന്റെയും പ്രശ്നങ്ങളുടെയും വില പ്രതിഫലത്തിനുണ്ട്. ഇന്നു നാം ഓടുന്ന ഈ മത്സരത്തിൽ എല്ലാവരും വാഗ്ദത്തം ചെയ്തിരിക്കുന്ന നിത്യജീവന്റെ കിരീടം നേടണം. എനിക്ക് ഈ കിരീടം വേണം, ഞാൻ അർത്ഥമാക്കുന്നത് എന്റെ ദൈവം അതിനായി എന്നെ സഹായിക്കും. സത്യത്തെ മുറുകെപ്പിടിച്ചുകൊൾക എന്നാൽ നമുക്ക് രാജാവിനെ അവന്റെ സൗന്ദര്യത്തിൽ കാണാം.

# വിശുദ്ധന്മാരുടെ പൊതു പുനരുത്ഥാനം

*നിന്റെ മൃതന്മാർ ജീവിക്കും; എന്റെ ശവങ്ങൾ എഴുന്നേൽക്കും; പൊടിയിൽ കിടക്കുന്നവരേ, ഉണർന്നു ഘോഷിപ്പിൻ; നിന്റെ മഞ്ഞു പ്രഭാതത്തിലെ മഞ്ഞുപോലെ ഇരിക്കുന്നു; ഭൂമി പ്രേതന്മാരെ പ്രസവിക്കുമല്ലോ. യെശയ്യാ. 26:19.*

രാജാധിരാജാവ്, ജ്വലിക്കുന്ന അഗ്നിയാൽ പൊതിയപ്പെട്ട്, മേഘങ്ങളിൽ താഴോട്ട് ഇറങ്ങിവരും. ആകാശം പുസ്തകച്ചുരുൾപോലെ ചുരുണ്ടുപോകും, ഭൂമി അവന്റെ മുൻപിൽ വിറക്കും എല്ലാ പർവ്വതങ്ങളും ദ്വീപുകളും അവയുടെ സ്ഥാനത്തുനിന്നും ഇളകിപ്പോകും.

ഭൂമിയുടെ ചാഞ്ചാട്ടം, ഇടിമിന്നലിന്റെ പ്രകാശം, കൊടുങ്കാറ്റിന്റെ അലർച്ച ഇവക്കിടയിൽ നിന്നുകൊണ്ട് മനുഷ്യപുത്രന്റെ ശബ്ദം ഉറങ്ങുന്ന വിശുദ്ധന്മാരെ വിളിച്ചുണർത്തും. അവൻ വിശുദ്ധന്മാരുടെ കല്ലറകളെ നോക്കിക്കൊണ്ട് മുകളിലേക്ക് കയ്യുയർത്തി വിളിച്ചുപറയും, “മണ്ണിൽ ഉറങ്ങുന്ന നീതിമാന്മാരേ ഉണരുവിൻ, ഉണർന്നെഴുന്നേല്ക്കുവിൻ”, ഭൂമിയിൽ അങ്ങോളമിങ്ങോളം ഉള്ള മൃതന്മാർ അവന്റെ ശബ്ദം കേൾക്കുകയും കേട്ടവർ ജീവിക്കുകയും ചെയ്യും. എല്ലാ ഭാഷ, ജാതി, ഗോത്രം എന്നിവരടങ്ങുന്ന മഹാ സൈന്യത്തിന്റെ കാലൊച്ചയാൽ ഭൂമി മുഴുവനും ശബ്ദമുഖരിതമാകും. മരണത്തിന്റെ തടവറയിൽനിന്നും അവർ അമർത്യതയുടെ തേജസ്സണിഞ്ഞുകൊണ്ട് വരികയും, “ഹേ! മരണമേ, നിന്റെ ജയമെവിടെ! ഹേ! മരണമേ, നിന്റെ വിഷമുള്ളെവിടെ? എന്ന് അത്യുച്ചത്തിൽ ഘോഷിക്കും. 1 കൊരി. 15:55. ഈ സമയത്ത് ജീവിച്ചിരിക്കുന്ന വിശുദ്ധന്മാരും ഉയിർത്തെഴുന്നേറ്റ വിശുദ്ധന്മാരും ഒരുമിച്ച് വിജയത്തിന്റെ സന്തോഷസ്വരം ഉയർത്തും.

അവർ ഏതു രൂപത്തിൽ കല്ലറകളിൽ പ്രവേശിച്ചുവോ അതേ രൂപത്തിൽ തന്നെ കല്ലറകളിൽനിന്ന് വെളിയിൽ വരും. എന്നാൽ എല്ലാവരും നിത്യയുവത്വത്തിന്റെ ഉന്മേഷത്തിലായിരിക്കും എഴുന്നേറ്റു വരുന്നത്. മർത്യവും മലിനപ്രകൃതിയും ഒരിക്കൽ പാപത്താൽ ദുഷിക്കപ്പെട്ടതും എല്ലാം മാറി പരിപൂർണ്ണവും സുന്ദരവും അമർത്യവുമായിത്തീരും. എല്ലാ അശുദ്ധിയും എല്ലാ വൈകൃതവും ശവക്കുഴിയിൽ ഉപേക്ഷിക്കപ്പെട്ടിരിക്കും. ജീവിച്ചിരിക്കുന്ന വിശുദ്ധന്മാർ ഒരു നിമിഷത്തിൽ കണ്ണിമക്കുന്നതിനിടയിൽ രൂപാന്തരം പ്രാപിക്കും. ദൈവശബ്ദത്തിങ്കൽ അവർ തേജസ്കരിക്കപ്പെടുകയും അമർത്യത പ്രാപിക്കുകയും ഉയിർത്തെഴുന്നേറ്റ വിശുദ്ധന്മാരോടൊത്ത് മേഘങ്ങളിൽ കർത്താവിനെ എതിരേല്പാൻ എടുക്കപ്പെടുകയും ചെയ്യും. ആകാശത്തിന്റെ നാലു ദിക്കിൽനിന്നും ഭൂമിയുടെ ഒരറ്റം മുതൽ മറ്റെ അറ്റംവരെയുള്ള വൃതന്മാരെ ദൂതന്മാർ കൂട്ടിച്ചേർക്കും.

അമർത്യതയിൽ കല്ലറകളിൽ നിന്നും വെളിയിൽ വരുന്ന ശിശുക്കൾ അവരുടെ മാതാവിന്റെ കരങ്ങളിലേക്ക് പറന്നു ഗമിക്കും. വളരെ നാളുകളായി വേർപെട്ട മിത്രങ്ങൾ ഒരിക്കലും വേർപിരിയാതിരിക്കാനായി ഒന്നിക്കും. സന്തോഷഗീതങ്ങളോടെ ഒരുമിച്ച് ദൈവത്തിന്റെ നഗരത്തിലേക്ക് ആരോഹണം ചെയ്യും.





# നിദ്രകൊള്ളുന്ന വിശുദ്ധന്മാരുടെ വിജയം

*ഇതിങ്കൽ ആശ്ചര്യപ്പെടരുത്; കല്ലറകളിൽ ഉള്ളവർ എല്ലാവരും അവന്റെ ശബ്ദം കേട്ടു, നന്മ ചെയ്തവർ ജീവനായും തിന്മ ചെയ്തവർ ന്യായവിധിക്കായും പുനരുത്ഥാനം ചെയ്‌വാനുള്ള നാഴിക വരുന്നു. യോഹ. 5:28,29.*

ഒന്നാം പുനരുത്ഥാനത്തിങ്കൽ വിലയ്ക്കു വാങ്ങപ്പെട്ട തന്റെ അവകാശങ്ങളെ ജീവദായകൻ വിളിച്ചെഴുന്നേൽപ്പിക്കുകയും, ആ വിജയനാഴികവരേക്കും, അവസാന കാഹളനാദത്തിങ്കൽ മഹാസൈന്യം നിത്യവിജയം വരിക്കുന്നതുവരെക്കും ഉറങ്ങുന്ന എല്ലാ വിശുദ്ധന്മാരും വിലയേറിയ മുത്തുപോലെ സുരക്ഷിതത്വത്തിൽ കാക്കപ്പെടുകയും അവരെ പേരുപേരായി ദൈവം അറിയുകയും ചെയ്യും. ജീവിച്ചിരുന്നപ്പോൾ അവരിൽ വ്യാപരിച്ചിരുന്ന രക്ഷകന്റെ ശക്തിയാലും സ്വർഗ്ഗീയ സ്വഭാവത്തിന് കൂട്ടവകാശികളും ആയിരുന്നതുകൊണ്ട് അവർ മരണത്തിൽനിന്നും പുറത്തുവരും.

“കല്ലറകളിലുള്ളവർ അവന്റെ ശബ്ദം കേൾക്കയും കേട്ടവർ ജീവൻ പ്രാപിപ്പാനുമുള്ള നാഴിക വന്നിരിക്കുന്നു” എന്ന് യേശു പറഞ്ഞു. ആ ശബ്ദം മരിച്ച എല്ലാവരിലും മാറ്റൊലിക്കൊള്ളുകയും കർത്താവിൽ നിദ്രകൊണ്ട സകല വിശുദ്ധന്മാരും ഉയിർത്ത് കല്ലറയാകുന്ന തടവറ വിട്ട് വെളിയിൽ വരും. കർത്താവിന്റെ വിശുദ്ധിയാൽ നമുക്കു ലഭിച്ച സ്വഭാവത്തിന്റെ ശ്രേഷ്ഠത നമ്മെ ഉന്നതമായ നിലയിലുള്ള മഹത്വത്തിന് ഉടമകളാക്കും.

ഉയിർപ്പിൻ സുപ്രഭാതത്തിൽ ഉറങ്ങുന്ന വിശുദ്ധന്മാരുടെ വിജയം ഏറ്റവും മഹത്വകരമായിരിക്കും. ജീവദായകൻ, കല്ലറവിട്ട് പുറത്തുവരുന്ന എല്ലാവരെയും അമർത്യതയുടെ കിരീടം അണിയിക്കും.

ഉയിർത്തവരുടെ ഒരു കൂട്ടംതന്നെ അവിടെയുണ്ട്. മരണത്തെക്കുറിച്ചും അതിന്റെ വിഷമുള്ളിനെക്കുറിച്ചുമായിരിക്കും അവരുടെ അവസാന ചിന്ത. അവർക്കുണ്ടായിരുന്ന അവസാന ചിന്ത ശവക്കുഴിയും കല്ലറയുമായിരുന്നു, എന്നാൽ ഇപ്പോൾ അവർ ആർത്തു ഘോഷിക്കും, ഹേ! മരണമേ നിന്റെ ജയമെവിടെ! ഹേ! മരണമേ, നിന്റെ വിഷമുള്ളെവിടെ! ഇവിടെ അവർ നില്ക്കുകയും അമർത്യതയുടെ അവസാന മിനുക്കുപണിയും നടന്നിട്ട് അവർ ആകാശത്തിൽ അവരുടെ കർത്താവിനെ എതിരേല്ക്കുവാൻ പുറപ്പെടുകയാണ്. അവരുടെ ഇരുവശത്തും ദൂതഗണങ്ങളുണ്ട്. പിന്നീട് സ്വർഗ്ഗീയ ഗായകസംഘം വിജയഗാഥയുടെ ശ്രുതിമീട്ടുകയും ഇരുവശങ്ങളിലുമുള്ള ദൂതഗണം ആ ഗാനം ഏറ്റുപാടുകയും ചെയ്യുമ്പോൾ വീണ്ടെടുക്കപ്പെട്ടവരും അവരോടൊത്ത് ഈ ഗാനം അവർ ഭൂമിയിലായിരുന്നപ്പോൾ ആലപിച്ചിരുന്നു എന്നപോലെ ചേർന്നുപാടും. ഓ! എന്തൊരു സംഗീതം! അതിൽ യാതൊരു അപശ്രുതിയും ഇല്ല. എല്ലാ നാവും ഏറ്റുചൊല്ലും, “അറുക്കപ്പെട്ട കുഞ്ഞാട് യോഗ്യൻ, യോഗ്യൻ” അവൻ തന്റെ ആത്മാവിന്റെ കഠിനവേദന കാണുകയും സന്തുഷ്ടനാകുകയും ചെയ്യും.

# ഉയിർത്തെഴുന്നേല്പിന്റെ രഹസ്യം

***എന്നെ വീണ്ടെടുക്കുന്നവൻ ജീവിച്ചിരിക്കുന്നു എന്നും അവൻ ഒടുവിൽ പൊടിമേൽ നില്ക്കുമെന്നും ഞാൻ അറിയുന്നു. എന്റെ ത്വക്ക് ഇങ്ങനെ നശിച്ചശേഷം ഞാൻ ദേഹസഹിതനായി ദൈവത്തെ കാണും. ഞാൻ തന്നേ അവനെ കാണും; അന്യനല്ല എന്റെ സ്വന്ത കണ്ണു അവനെ കാണും; എന്റെ അന്തരംഗം എന്റെ ഉള്ളിൽ ക്ഷയിച്ചിരിക്കുന്നു. ഇയ്യോ. 19:25-27.***

ഉയിർത്തെഴുന്നേൽപ്പിലാണ് നമ്മുടെ സ്വന്ത വ്യക്തിത്വത്തിന്റെ മേന്മ സംക്ഷിപ്തമായിരിക്കുന്നത്. അല്ലാതെ കല്ലറയിൽ അടക്കപ്പെട്ട നമ്മുടെ ഭൗതിക അവശിഷ്ടങ്ങളിലല്ല. ദൈവത്തിന്റെ അത്ഭുതകരമായ വേല മനുഷ്യന് ദുർഗ്രാഹ്യമാണ്. മനുഷ്യന്റെ സ്വഭാവമാകുന്ന ജീവൻ സംരക്ഷിക്കപ്പെടേണ്ടതിന് ദൈവത്തിങ്കലേക്ക് പോകുന്നു. ഉയിർപ്പിൽ എല്ലാ മനുഷ്യർക്കും അവരുടെ വ്യക്തിത്വം തിരികെ ലഭിക്കും. ദൈവത്തിന്റെ നാളിൽ മരിച്ചവർക്ക് വീണ്ടും ജീവശ്വാസം തിരികെ നല്കി, ചത്ത അസ്ഥികളെ ജീവിപ്പിച്ച് അവരെ ജീവനിലേക്ക് കൂട്ടിവരുത്തും. അവൻ സ്വന്ത ഛായയിൽതന്നെ തിരിച്ചുവരും. പക്ഷേ അവൻ രോഗത്തിൽനിന്നും ക്ഷയത്തിൽനിന്നും വിമുക്തനായിരിക്കും. അവൻ വീണ്ടും അതേ ആകാരവും വ്യക്തിത്വവും വഹിച്ച് സുഹൃത്തുക്കൾക്ക് തിരിച്ചറിയുംവിധമായിരിക്കും ജീവിക്കുന്നത്. മരിക്കുന്നതിനുമുൻപ് ഉണ്ടായിരുന്ന ശരീരാവശിഷ്ടങ്ങൾ തന്നെ ജീവൻ പ്രാപിക്കുമെന്ന് കാണിക്കുന്ന ഒരു പ്രകൃതിനിയമവുമില്ല. മരിച്ച വിശുദ്ധന്മാർക്ക് ദൈവം ദൈവപ്രസാദമായ ഒരു ശരീരം കൊടുക്കും.

പൗലോസ് ഈ വിഷയത്തെപ്പറ്റി മണ്ണിൽ വിതയ്ക്കപ്പെട്ട ഒരു ഗോതമ്പുമണിയോട് ഉപമിച്ചു പറയുന്നു. വിതയ്ക്കപ്പെട്ട ധാന്യം ചത്തുപോകുന്നു പക്ഷേ അതിനുപകരം പുതിയത് മുളച്ചുവരുന്നു. ആ ധാന്യത്തിലുള്ള സ്വാഭാവിക വസ്തുക്കൾ നശിച്ചുപോകുന്നത് അതേ രൂപത്തിൽ വളർന്നുവരുന്നില്ല. എന്നാൽ ദൈവേഷ്ടത്തിന് അനുസൃതമായി അതിന് ഒരു ശരീരം കൊടുക്കുന്നു. ഒരുപക്ഷേ അതിലും ശ്രേഷ്ടമായ മൂലകങ്ങൾ കൊണ്ടാകാം ദൈവം അതിനെ പുനർസൃഷ്ടിക്കുന്നത്; കാരണം അത് ഒരു പുതിയ സൃഷ്ടിയാണ്, പുതു ജനനമാണ്. അത് ഒരു ജഡശരീരത്തിൽ വിതയ്ക്കപ്പെട്ടു ആത്മീക ശരീരത്തിൽ ഉയിർത്തപ്പെട്ടു. വിശ്വാസി യേശു മരിച്ചതുപോലെതന്നെ മരിച്ചിരിക്കാം. എന്നാൽ രക്ഷകന്റെ ജീവൻ അവനിലുണ്ട്. അവന്റെ ജീവൻ ക്രിസ്തുവിനോടുകൂടെ ദൈവത്തിൽ മറഞ്ഞിരിക്കുന്നു. യേശു പറഞ്ഞു, "ഞാൻ വന്നത് അവർക്ക് ജീവനുണ്ടാകേണ്ടതിനും സമൃദ്ധിയായി ഉണ്ടാകേണ്ടതിനും തന്നെ" ഈ ജീവിതത്തിൽ വിശ്വാസികളും ക്രിസ്തുവും ഒന്നായിത്തീരേണ്ടതിന് അവൻ ഒരു ബൃഹത്പദ്ധതിയാണ് നടപ്പാക്കുന്നത്. അവർ എന്നുമെന്നേക്കും ഒന്നായിത്തീരേണ്ടതിനു തന്നെ.

അന്ത്യനാളിൽ അവൻ അവരെ അവന്റെ തന്നെ ഒരു ഭാഗമായി ഉയിർത്തും. യേശു നമ്മെപ്പോലെ ഒരുവനായത്, നാം ദൈവികതയിൽ അവനിൽ ഒന്നാകേണ്ടതിനാണ്.





# നിത്യജീവൻ ആരംഭിക്കുന്നത് ഇപ്പോൾ

***ആ സാക്ഷ്യമോ ദൈവം നമുക്ക് നിത്യജീവൻ തന്നു; ആ ജീവൻ അവന്റെ പുത്രനിൽ ഉണ്ട് എന്നുള്ളതു തന്നെ 1 യോഹ. 5:11.***

അവനിൽ നിദ്രപ്രാപിച്ച എല്ലാവർക്കും കർത്താവായ യേശുവിന്റെ ഉയിർപ്പ് അന്ത്യനാളിലെ അവരുടെ ഉയിർപ്പിന് ഒരു മാതൃകയാണ്.

ഒരു ക്രിസ്ത്യാനി മരിക്കുമായിരിക്കും. എന്നാൽ അവനിൽ ക്രിസ്തുവിന്റെ ആത്മാവുള്ളതിനാൽ നീതിമാന്മാരുടെ ഉയിർപ്പിൽ ജീവന്റെ പുതുക്കത്തിൽ അവനും ഉയിർക്കും.

"ക്രിസ്തുവിൽ ജീവനുണ്ടായിരുന്നു, ജീവൻ മനുഷ്യരുടെ വെളിച്ചമായിരുന്നു". ഇവിടെ പരാമർശിക്കപ്പെട്ടിരിക്കുന്നത് ഭൗതിക ജീവനെപ്പറ്റിയല്ല, എന്നാൽ നിത്യജീവനെക്കുറിച്ചാണ്, ആ ജീവൻ മുഴുവനായും ദൈവത്തിന്റെ വകയാണ്. വചനം ദൈവത്തോടുകൂടെയായിരുന്നു. വചനം ദൈവമായിരുന്നു. അവനിൽ ഈ ജീവൻ ഉണ്ടായിരുന്നു. ജഡിക ജീവിതം ഓരോ വ്യക്തിക്കും ലഭിക്കുന്നാണ്. അത് നിത്യമല്ല, അമർത്യവുമല്ല; ജീവദായകൻ അത് വീണ്ടും എടുത്തുകളയുന്നു. മനുഷ്യന് അവന്റെ ജീവന്റെ മേൽ ഒരധികാരവുമില്ല. എന്നാൽ ക്രിസ്തുവിന്റെ ജീവൻ കടം വാങ്ങിയതല്ല. ഈ ജീവൻ അവനിൽ നിന്ന് ആർക്കും എടുക്കുവാൻ കഴിയുകയില്ല. ഞാൻ തന്നെ അതിനെ ഏല്പിച്ചുതരുന്നു എന്ന് അവൻ പറഞ്ഞു. അവനിൽ, കടംവാങ്ങാത്തതും ഉത്ഭവിക്കാത്തതും ആദിയിലുണ്ടായിരുന്നതുമായ ജീവൻ ഉണ്ടായിരുന്നു. ഈ ജീവൻ മനുഷ്യന്റെ പിതൃസ്വത്തല്ല. ക്രിസ്തുവിലൂടെ മാത്രമേ മനുഷ്യന് ഇത് നേടുവാൻ കഴിയുകയുള്ളു.

യേശു മനുഷ്യപ്രകൃതം ഏറ്റെടുത്തപ്പോൾ അവന്റെ ജീവനുവേണ്ടി സർവ്വശക്തനായവനിൽ ആശ്രയംവച്ചിരുന്നു. അവന്റെ മാനുഷികതയിൽ അവൻ ദൈവികതയിൽ എത്തിപ്പിടിച്ചിരുന്നു. മനുഷ്യകുടുംബത്തിലുള്ള എല്ലാ അംഗങ്ങൾക്കും ഇത് സ്വായത്തമാക്കുന്നതിനുള്ള അവസരമുണ്ട്. നാം നമ്മുടെ പാപങ്ങളെ ഏറ്റുപറഞ്ഞു ക്രിസ്തുവിനെ ജീവദായകനായി സ്വീകരിച്ചാൽ, നാം അവനിൽ ഒന്നായിത്തീരുകയും, നമ്മുടെ ഇഷ്ടം സ്വർഗ്ഗീയമായതിന്റെ ഇഷ്ടത്തിന് അനുസൃതമായിത്തീരുകയും ചെയ്യും. നിത്യമായ ക്രിസ്തുവിന്റെ ജീവന് നാം കൂട്ടവകാശികളാകും. ക്രിസ്തുവിന്റെ ജീവൻ പ്രാപിക്കുന്നതിലൂടെ ദൈവത്തിൽ നിന്നും അമർത്യത നമുക്ക് സിദ്ധിക്കും, കാരണം ക്രിസ്തുവിൽ എല്ലാ ദൈവീകതയും അതിന്റെ പൂർണ്ണ രൂപമായി വസിക്കുന്നു. ഈ ജീവിതം എന്നത് മനുഷ്യനുമായി ദൈവീകതയുടെ പ്രകൃത്യാതീതമായ സഹകരണവും ഏകോപനവുമാണ്.

നാം അവനോടുകൂടെ ഒരാത്മാവായിത്തീരേണ്ടതിന് യേശു നമ്മോടുകൂടെ ഒരേ ശരീരമായി വന്നു. ഈ കൂട്ടായ്മയുടെ ശ്രേഷ്ഠതയാലാണ് നാം കല്ലറകളിൽ നിന്നും പുറത്തുവരുന്ന്. അല്ലാതെ യേശുവിന്റെ ശക്തിയുടെ വെളിപ്പെടുത്തൽകൊണ്ടു മാത്രമല്ല, പക്ഷേ വിശ്വാസത്താൽ അവന്റെ ജീവൻ നമ്മുടേതായിത്തീർന്നു. ആര് യേശുവിന്റെ യഥാർത്ഥ സ്വഭാവം അവനിൽ കണ്ടെത്തുകയും അവനെ ഹൃദയത്തിൽ സ്വീകരിക്കുകയും ചെയ്യുന്നുവോ അവർക്ക് നിത്യജീവൻ ഉണ്ട്. ആത്മാവിലൂടെയാണ് ക്രിസ്തു നമ്മിൽ വസിക്കുന്നത്, വിശ്വാസത്താലാണ് പരിശുദ്ധാത്മാവ് ഹൃദയത്തിൽ പ്രവേശിക്കുന്നത്, അതാണ് നിത്യജീവന്റെ ആരംഭം.

# നമുക്കന്യോന്യം തിരിച്ചറിയാം

***അപ്പോഴോ ഞാൻ അറിയപ്പെട്ടതുപോലെ തന്നെ അറിയും. 1 കൊരി. 13:12.***

ശിഷ്യന്മാർ യേശുവിനെ അറിഞ്ഞിരുന്നതുപോലെ നമുക്ക് നമ്മുടെ മിത്രങ്ങളെ അറിയുവാൻ കഴിയും. അവർ ഒരുപക്ഷേ രോഗിയായി, രൂപമാറ്റം സംഭവിച്ച്, ക്ഷീണിച്ച്, അവശതയിലായിരിക്കാം ഈ ജഢിക ജീവിതത്തിൽ, എന്നാൽ പരിപൂർണ്ണ ആരോഗ്യത്തിൽ ആകാരവടിവോടുകൂടിയായിരിക്കാം അവർ ഉയിർക്കുന്നത്. എന്നാലും അവരുടെ തേജസ്കരിക്കപ്പെട്ട ശരീരം അവരുടെ വ്യക്തിത്വത്തെ പരിപൂർണ്ണമായി വെളിപ്പെടുത്തുംവിധം സംരക്ഷിക്കപ്പെട്ടിരിക്കും. യേശുവിന്റെ മുഖം പ്രകാശിക്കുന്നതുപോലെ അവരുടെ മുഖവും പ്രഭചൊരിയും. നമുക്ക് നമ്മുടെ പ്രിയപ്പെട്ടവരെ അവരുടെ മുഖഛായയാൽ തിരിച്ചറിയുവാൻ കഴിയും.

വീണ്ടെടുക്കപ്പെട്ടവർ തമ്മിൽ കാണുകയും തങ്ങളെ ഉയിർത്തപ്പെട്ട ക്രിസ്തുവിങ്കലേക്ക് നയിച്ചത് ആരുടെ ശ്രമഫലമായിരുന്നോ അവരെ തിരിച്ചറിയുകയും ചെയ്യും. എന്ത് അനുഗ്രഹീതമായ കുശലം പറച്ചിലായിരിക്കും അവിടെ നടക്കുന്നത്. ഇപ്രകാരമായിരിക്കും പറയുന്നത്: “ഞാൻ ഒരു പാപിയായിരുന്നു. ഈ ലോകത്ത് പ്രത്യാശയില്ലാതെ, ദൈവമില്ലാതെ ഞാൻ ജീവിച്ചു. നിങ്ങൾ കടന്നുവന്ന് രക്ഷിതാവും എന്റെ ഏക പ്രത്യാശയുമായിരിക്കുന്ന രക്ഷകനിലേക്ക് എന്റെ ശ്രദ്ധയെ തിരിച്ചു.” മറ്റുള്ളവർ പറയും, “ഞാൻ ഒരു കിരാതദേശത്ത് വിഗ്രഹാരാധിയായിരുന്നു. നിങ്ങൾ നിങ്ങളുടെ കുടുംബക്കാരെയും മിത്രങ്ങളെയും വിട്ട് ഞങ്ങളുടെ അടുക്കൽ വന്ന്, എങ്ങനെ യേശുവിനെ കണ്ടെത്തുവാനും വിശ്വസിക്കുവാനും ഏകജീവനുള്ള ദൈവത്തെ അറിയുവാനും കഴിയുമെന്ന് എന്നെ പഠിപ്പിച്ചു. ഞാൻ വിഗ്രഹങ്ങളെ തകർക്കുകയും ദൈവത്തെ ആരാധിക്കുകയും ചെയ്തു. ആയതിനാൽ ഞാനിപ്പോഴവനെ മുഖാമുഖം കാണുന്നു. ഞാൻ രക്ഷിക്കപ്പെട്ടിരിക്കുന്നു, നിത്യമായി രക്ഷ പ്രാപിച്ചിരിക്കുന്നു. ഞാൻ സ്നേഹിക്കുന്നവനെ എനിക്ക് എന്നും കാണുവാൻ കഴിയും. മറ്റുചിലർ വിശന്നവർക്ക് ആഹാരം നല്കിയതിനും നഗ്നരെ ഉടുപ്പിച്ചതിനും നന്ദി പ്രകാശിപ്പിക്കും. അവർ പറയുന്നത്, “അവിശ്വാസത്താൽ നിരാശ എന്റെ മനസ്സിനെ മൂടിയപ്പോൾ കർത്താവ് നിങ്ങളെ എന്റെ അടുക്കൽ പ്രത്യാശയുടെയും ആശ്വാസത്തിന്റെയും വാക്കുകൾ പറയാൻ അയച്ചു. എന്റെ ശാരീരിക ആവശ്യങ്ങളെ തൃപ്തിപ്പെടുത്തുവാൻ നിങ്ങൾ എനിക്ക് ആഹാരം നല്കുകയും നിങ്ങളെനിക്ക് ദൈവവചനം നല്കി എന്റെ ആത്മീക ആവശ്യങ്ങളെ ഉണർത്തിച്ചു. നിങ്ങൾ എന്നെ ഒരു സഹോദരനെപ്പോലെ ശുശ്രൂഷിച്ചു. നിങ്ങൾ എന്റെ ദുഃഖങ്ങളിൽ എന്നോടുകൂടെ സഹതപിക്കുകയും തകർന്നും നുറുങ്ങിയുമിരുന്ന എന്റെ ഹൃദയത്തെ യഥാസ്ഥാനപ്പെടുത്തുകയും ചെയ്തതുകൊണ്ട് എന്നെ രക്ഷിപ്പാനായി നീട്ടിയ യേശുവിന്റെ കരങ്ങളിൽ എത്തിപ്പിടിക്കുവാൻ എനിക്കു കഴിഞ്ഞു. എന്റെ അറിവില്ലായ്മയിൽ എന്നെ കരുതുന്ന ഒരു പിതാവ് സ്വർഗ്ഗത്തിലുണ്ടെന്ന് നിങ്ങൾ ക്ഷമയോടെ എന്നെ പഠിപ്പിച്ചു. ദൈവവചനത്തിലെ വിലപിടിപ്പുള്ള വാഗ്ദത്തങ്ങൾ നിങ്ങൾ എന്നെ വായിച്ചുകേൾപ്പിച്ചു. അവൻ എന്നെ രക്ഷിക്കുമെന്ന വിശ്വാസത്തെ നിങ്ങൾ എന്നിൽ ഉത്തേജിപ്പിച്ചു. ക്രിസ്തു എനിക്കുവേണ്ടി നല്കിയ കാൽവറിയിലെ യാഗത്തെ ഞാൻ കണ്ടപ്പോൾ എന്റെ ഹൃദയം തരളിതമാവുകയും കീഴടക്കപ്പെടുകയും തകർക്കപ്പെടുകയും ചെയ്തതിനാൽ ഞാനിന്ന് ഇവിടെ എന്നേക്കും രക്ഷിക്കപ്പെട്ടവനായി എന്നും അവന്റെ സന്നിധിയിൽ വസിക്കുവാനും എനിക്കുവേണ്ടി ജീവനെ തന്നവനെ എന്നും സ്തുതിക്കുവാനും ഞാനിവിടെ ആയിരിക്കുന്നു.

തങ്ങൾക്കായി ഹൃദയഭാരമുണ്ടായിരുന്നവരെ വീണ്ടെടുക്കപ്പെട്ടവർ കാണുകയും അഭിവാദ്യം ചെയ്യുകയും ചെയ്യുമ്പോൾ എത്ര ആനന്ദമവിടെയുണ്ടാകും. തങ്ങളുടെ സ്വന്ത ഗുണം നോക്കാതെ സമൂഹത്തിൽ നിർഭാഗ്യരായ അനുഗ്രഹം കെട്ടവർക്ക് അനുഗ്രഹമായവരെ കാണുമ്പോൾ അവരുടെ ഹൃദയം സംതൃപ്തിയാൽ എത്രമാത്രം ത്രസിക്കും.





# അനുഗ്രഹീത പ്രത്യാശ

***നാം ഭാഗ്യകരമായ പ്രത്യാശക്കായിട്ടും മഹാദൈവവും നമ്മുടെ രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ തേജസ്സിന്റെ പ്രത്യക്ഷതയ്ക്കായിട്ടും കാക്കുന്നു. തീത്തൊ. 2:12.***

യേശു പറഞ്ഞു അവൻ പോയി നമുക്കുവേണ്ടി വാസസ്ഥലമൊരുക്കാമെന്ന്, ആയതിനാൽ അവൻ ആയിരിക്കുന്ന സ്ഥലത്ത് നമുക്കും ആയിരിക്കുവാൻ കഴിയും. നമുക്ക് എന്നേക്കും അവനോടുകൂടെ വസിച്ച് അവന്റെ മുഖശോഭ ആസ്വദിക്കുവാൻ കഴിയും. ആ സന്തോഷകരമായ സംഗതി ഓർക്കുമ്പോൾ എന്റെ മനം സന്തോഷത്താൽ ത്രസിക്കുന്നു. നാം ഭവനത്തിലായിരിക്കുന്നു. സ്വർഗ്ഗം, ആ മാധുര്യസ്വർഗ്ഗം! അതു നമ്മുടെ നിത്യഭവനമാണ്. എന്റെ യേശു ജീവിക്കുന്നു. ആയതിനാൽ ഞാനും എന്നേക്കും ജീവിക്കുന്നു. അതുകൊണ്ട് ഓരോ നിമിഷവും ഞാൻ സന്തോഷിക്കുന്നു. ‘ദൈവത്തിന് സ്തുതി’ എന്ന് എന്റെ ആത്മാവ് പറയുന്നു. എല്ലാവർക്കുമായി സർവ്വതിന്റെയും പൂർണ്ണത ക്രിസ്തുവിലുള്ളപ്പോൾ നാം എന്തിന് പരദേശത്ത് ദാരിദ്ര്യം അനുഭവിക്കണം?

ദൈവേഷ്ടത്തിന്റെ പരിപൂർണ്ണതയുടെ പരിസമാപ്തിക്കായി ഞാൻ വിശന്നു ദാഹിക്കുന്നു. ക്രിസ്തുവിലൂടെ നമുക്ക് ഭാഗ്യകരമായ ഒരു പ്രത്യാശയുണ്ട്. അത് നിശ്ചയമായതും ഉറപ്പുള്ളതും തിരശ്ശീലക്കകത്തേക്ക് പ്രവേശിക്കുന്നതുമാകുന്നു. ഇത് ദുഃഖത്തിൽ ആശ്വാസവും വേദനയിൽ സന്തോഷവും നമുക്കുചുറ്റുമുള്ള ആകുലതയെ അകറ്റുകയും ഇതിന്റെയെല്ലാം നടുവിൽനിന്ന് അമർത്യതയിലേക്കും നിത്യജീവനിലേക്കും നമുക്ക് നോക്കുവാൻ കഴിയും.

അഴിഞ്ഞുപോകുന്നതും അമർത്യത എന്ന അവകാശത്തെ തടഞ്ഞുനിർത്തുന്നതും ആയ ഭൗമിക സമ്പത്തുകളെക്കാളും ശ്രേഷ്ഠമായതും നിത്യവും നിലനില്ക്കുന്നതും മങ്ങലേല്ക്കാത്തതും മലിനമാകാത്തതും നീങ്ങിപ്പോകാത്തതുമാകുന്ന ഈ പ്രത്യാശ നമുക്കുള്ളതുകൊണ്ട് ഭൗമിക സമ്പത്തുകളൊന്നും നമ്മെ സ്വാധീനിക്കുകയില്ല. നശ്വരമായ നമ്മുടെ ഈ ശരീരം മരിക്കുകയും അത് കല്ലറയിൽ അടക്കുകയും ചെയ്യും. എന്നാൽ അനുഗ്രഹീതമായ പ്രത്യാശ ക്രിസ്തു മണ്ണിൽ ഉറങ്ങുന്നവരെ വിളിച്ചുണർത്തുന്ന അന്ത്യ ഉയിർപ്പിൻ നാൾ വരെ ജീവിക്കുന്നതായിരിക്കും. അപ്പോൾ നമുക്ക് അനുഗ്രഹത്തിന്റെ പൂർണ്ണതയാകുന്ന മഹത്വമേറിയ പ്രത്യാശ ആസ്വദിക്കാം. ആരിലാണ് നാം വിശ്വസിച്ചിരിക്കുന്നത് എന്ന് നമുക്കറിയാം. നാം ഓടിയതും അദ്ധ്വാനിച്ചതും വ്യഥാവാകുകയില്ല. സമ്പന്നവും മഹത്വമേറിയതുമായ ഒരു പ്രതിഫലം നമുക്ക് മുൻപിലുണ്ട്. അത് നമ്മുടെ ഓട്ടത്തിനുള്ള സമ്മാനമാണ്. ധൈര്യത്തോടെ കാക്കുന്നു എങ്കിൽ നമുക്ക് അത് തീർച്ചയായും നേടുവാൻ കഴിയും.

നമുക്ക് രക്ഷയുള്ളപ്പോൾ എന്തിന് നാം അതിന്റെ ഉറവയിൽ നിന്നും അകന്നു നിൽക്കണം? നമ്മുടെ ആത്മാവ് ഉത്തേജനം പ്രാപിപ്പാനും പുതുജീവൻ പ്രാപിപ്പാനും ദൈവത്തിൽ വളരുവാനുമായി ഈ ഉറവയിൽനിന്നും എന്തുകൊണ്ട് കുടിച്ചുകൂടാ? എന്തുകൊണ്ടാണ് നാം ഈ ഭൂമിയോട് പറ്റിച്ചേർന്ന് നില്ക്കുന്നത്? ഈ ഭൂമിയെക്കാൾ ശ്രേഷ്ഠമായ ഒന്ന് നമുക്ക് ചിന്തിക്കാനും പറയുവാനും ആരുണ്ട്. നമുക്ക് സ്വർഗ്ഗീയ ചട്ടക്കൂടുള്ള ഒരു മസ്സിൽ ആയിരിപ്പാൻ കഴിയും. നമുക്ക് യേശുവിന്റെ സുന്ദരവും കളങ്കവുമില്ലാത്ത സ്വഭാവത്തിൽ വസിക്കുകയും ആ ദർശനത്താൽ നമുക്കും യേശുവിന്റെ സാദൃശ്യത്തിലേക്ക് മാറ്റപ്പെടുവാൻ കഴിയും, ദൈവത്തിൽ നല്ല ധൈര്യവും വിശ്വാസവും ഉണ്ടാകട്ടെ.

# നീതിമാന്മാരുടെ രൂപാന്തരം

***കർത്താവു താൻ ഗംഭീരനാദത്തോടും പ്രധാന ദൂതന്റെ ശബ്ദത്തോടും ദൈവത്തിന്റെ കാഹളത്തോടും കൂടെ സ്വർഗ്ഗത്തിൽ നിന്നിറങ്ങി വരികയും ക്രിസ്തുവിൽ മരിച്ചവർ മുമ്പെ ഉയിർത്തെഴുന്നേൽക്കുകയും ചെയ്യും. പിന്നെ ജീവനോടെ ശേഷിക്കുന്ന നാം അവരോടു ഒരുമിച്ചു ആകാശത്തിൽ കർത്താവിനെ എതിരേൽപ്പാൻ മേഘങ്ങളിൽ എടുക്കപ്പെടും; ഇങ്ങനെ നാം എപ്പോഴും കർത്താവിനോടുകൂടെ ഇരിക്കും.***
*1 തെസ്സ. 4:16-17.*

പെട്ടെന്നൊരു വലിയ വെള്ള മേഘം പ്രത്യക്ഷപ്പെട്ടു. അത് മുന്നത്തേക്കാളേറെ അഴകുള്ളതായിരുന്നു. അതിനുള്ളിൽ മനുഷ്യപുത്രൻ ഇരുന്നിരുന്നു. ആദ്യമേ, ഞങ്ങൾക്കതിൽ യേശുവിനെ ദർശിപ്പാൻ സാധിച്ചിരുന്നില്ല, പക്ഷെ മെല്ലെ ആ മേഘം ഭൂമിക്കു നേരെയടുത്തു വന്നാറെ അവന്റെ സൗന്ദര്യമുള്ള ആ മുഖം ദർശിപ്പാൻ കഴിഞ്ഞു. മഹത്വമേറിയ അമർത്യതയുടെ വസ്ത്രമുടുത്തുറങ്ങിയിരുന്ന നീതിമാന്മാരെ മനുഷ്യപുത്രന്റെ സ്വരം വിളിച്ചുണർത്തി. അപ്പോൾ ജീവിച്ചിരുന്ന വിശുദ്ധന്മാർ ഞൊടിയിടയ്ക്കുള്ളിൽതന്നെ അവരോടൊപ്പം മേഘങ്ങളിലേയ്ക്ക് എടുക്കപ്പെട്ടു. ഈ മേഘരൂപത്തിന് ചക്രങ്ങളും ചക്രങ്ങൾക്കടിയിൽ അവയ്ക്കു ചിറകുകളും ഉണ്ടായിരുന്നു. മേഘങ്ങളിലേയ്ക്കു ആ രഥം ഉയർന്നപ്പോൾ ചിറകുകളും ചക്രങ്ങളും ഒരുപോലെ "പരിശുദ്ധൻ" എന്ന് ആർത്തു. അപ്പോൾ ദൂതന്മാരുടെ പരിവാരം അവരോടൊപ്പം, "പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ സൈന്യങ്ങളുടെ യഹോവ പരിശുദ്ധൻ" എന്നാർത്തു. അവരോടൊപ്പം മേഘങ്ങളിലെടുക്കപ്പെട്ട വിശുദ്ധന്മാരും "മഹത്വം, ഹല്ലേലുയ്യാ" എന്നാർത്തു.

ഞങ്ങളെല്ലാവരും ആ മേഘങ്ങളിലേയ്ക്ക് ഒന്നിച്ച് പ്രവേശിച്ചു. ഏഴ് ദിവസം ഉയരത്തിലേയ്ക്കുയർത്തപ്പെട്ട്, പളുങ്ക് കടലിങ്കലെത്തി, അവിടെ യേശു ഞങ്ങൾക്കായി കിരീടം കൊണ്ടുവന്ന് അവന്റെ വലതുകരത്താൽ ഞങ്ങളുടെ തലയിൽ അണിഞ്ഞു. അവൻ ഞങ്ങളുടെ കയ്യിൽ സ്വർണ്ണവീണയും വിജയത്തിന്റെ കുരുത്തോലകളും തന്നു. പളുങ്ക് കടലിന്മേൽ 1,44,000 പേർ ഒരു ചതുരാകൃതിയിൽ നിന്നു. ചിലരുടെ കിരീടങ്ങൾ ഭയങ്കര പ്രകാശവും, മറ്റ് ചിലരുടേതിന് കുറഞ്ഞ പ്രകാശവും ആയിരുന്നു. ചില കിരീടങ്ങൾ ഒട്ടേറെ നക്ഷത്രങ്ങളാൽ ഭാരമുള്ളവയായിരുന്നു. പക്ഷെ ചിലത് ശുഷ്കവും. പക്ഷെ എല്ലാവരും താന്താന്റെ കിരീടത്തിൽ സന്തുഷ്ടരായിരുന്നു. തോൾ മുതൽ പാദംവരെയുള്ള വെള്ള നിലയങ്കി അവർ എല്ലാവരും ധരിച്ചിരുന്നു. ഞങ്ങൾ അവിടെനിന്നും പട്ടണവാതിൽവരെ ദൂതന്മാരുടെ അകമ്പടിയോടുകൂടെ നടന്നു. കർത്താവായ യേശുക്രിസ്തു തന്റെ ശോഭയേറിയ കൈകൊണ്ട് മുത്തിനാൽ നിർമ്മിതമായ ആ വാതിലിന്റെ ഓടാമ്പൽ തുറന്നു എന്നിട്ട് ഞങ്ങളോടു പറഞ്ഞു, "നിങ്ങൾ എന്റെ രക്തത്തിൽ നിങ്ങളുടെ വസ്ത്രം കഴുകി, വെളിപ്പിച്ചിരിക്കുന്നു. എന്റെ സത്യത്തിനായി ഉറച്ചുനിന്നു, അകത്തു പ്രവേശിപ്പിൻ". ഞങ്ങൾ അകത്തു പ്രവേശിച്ചു, ആ പട്ടണത്തിൽ പൂർണ്ണാവകാശം ഉണ്ടെന്ന തോന്നൽ ഞങ്ങൾക്കേവർക്കും ഉണ്ടായി. മർത്യകർണ്ണങ്ങൾ ഇന്നുവരെ കേട്ടിരിക്കുന്നതിലും സമ്പന്നമായൊരു ഇമ്പമേറിയ സംഗീതസ്വരം അവിടെ ഇപ്രകാരം കേൾക്കുമാറായി; "എന്റെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരേ വരുവിൻ ലോകസ്ഥാപനം മുതൽ നിങ്ങൾക്കായൊരുക്കിയിരിക്കുന്ന രാജ്യത്തെ അവകാശമാക്കിക്കൊൾവിൻ."





# ഭൂമി നിർമ്മൂലമാക്കപ്പെട്ടു

***ഞാൻ ഭൂമിയെ നോക്കി അതിനെ പാഴും ശൂന്യവുമായി കണ്ടു; ഞാൻ ആകാശത്തെക്കു നോക്കി അതിനു പ്രകാശം ഇല്ലാതെയിരുന്നു. ഞാൻ പർവ്വതങ്ങളെ നോക്കി അവ വിറക്കുന്നതു കണ്ടു; കുന്നുകൾ എല്ലാം ആടിക്കൊണ്ടിരുന്നു. ഞാൻ നോക്കി, ഒരു മനുഷ്യനെയും കണ്ടില്ല. ആകാശത്തിലെ പക്ഷികൾ ഒക്കെയും പറന്നുപോയിരുന്നു. യിരെ. 4:23-25.***

കർത്താവിന്റെ വരവിങ്കൽ ദുഷ്ടന്മാരെല്ലാം ഭൂമുഖത്തുനിന്നും തുടച്ചുമാറ്റപ്പെടും, അവന്റെ വായിലെ ശ്വാസത്താൽ ഒടുക്കി തന്റെ പ്രത്യക്ഷതയുടെ പ്രഭാവത്താൽ നശിപ്പിക്കും. കർത്താവ് തന്റെ ജനത്തെ ദൈവരാജ്യത്തിലേക്ക് കൊണ്ടുപോകുകയും ഭൂമിയിലെ നിവാസികൾ നിർമ്മൂലമാവുകയും ചെയ്യും. "യഹോവ ഭൂമിയെ നിർജ്ജനവും ശൂന്യവും ആക്കി കീഴ്മേൽ മറിക്കയും അതിലെ നിവാസികളെ ചിതറിക്കയും ചെയ്യും." "ഭൂമി അശേഷം നിർജ്ജനമായും കവർച്ചയായും പോകും; യഹോവയല്ലോ ഈ വചനം അരുളിച്ചെയ്തിരിക്കുന്നത്" ഭൂമി അതിലെ നിവാസികളാൽ മലിനമായിരിക്കുന്നു; അവർ പ്രമാണങ്ങളെ ലംഘിച്ചു ചട്ടത്തെ മറിച്ചു നിത്യനിയമത്തിന് ഭംഗം വരുത്തിയിരിക്കുന്നു. അതുകൊണ്ട് ഭൂമി ശാപഗ്രസ്തമായി അതിൽ പാർക്കുന്നവർ ശിക്ഷ അനുഭവിക്കുന്നു; അതുകൊണ്ട് ഭൂവാസികൾ ദഹിച്ചുപോയി, ചുരുക്കം പേർ മാത്രം ശേഷിച്ചിരിക്കുന്നു" യെശയ്യാ. 24:1,3,5,6.

ഭൂമി മുഴുവനും നശീകരിക്കപ്പെട്ട മരുഭൂമിപോലെ കാണപ്പെടും. ഭൂമികുലുക്കത്താൽ നശീകരിക്കപ്പെട്ട പട്ടണങ്ങളും ഗ്രാമങ്ങളും അവയുടെ വേരറ്റ വൻമരങ്ങളും സമുദ്രത്തിൽ നിന്നോ ഭൂമിയിൽ നിന്നുതന്നെയോ ചിതറിത്തെറിച്ച പാറകളും നിരന്നു കിടക്കുമ്പോൾ പർവ്വതങ്ങൾ അവയുടെ അടിസ്ഥാനങ്ങളിൽനിന്നും ഇളകിമാറിയതിനാൽ രൂപപ്പെട്ട വൻ ഗർത്തങ്ങളും കാണുവാൻ കഴിയും.

ഈ സംഭവിക്കുന്നതൊക്കെയും അന്ത്യ പാപപരിഹാര ശുശ്രൂഷയുടെ മുന്നോടിയായാണ്. അതിപരിശുദ്ധ സ്ഥലത്തുള്ള ശുശ്രൂഷ അവസാനിക്കുകയും പാപയാഗമൃഗത്തിന്റെ രക്തത്താൽ കൂടാരത്തിലെ യിസ്രായേലിന്റെ പാപങ്ങൾ ഒക്കെയും നീക്കം ചെയ്യപ്പെടുകയും പിന്നീട് അസ്സസ്സേലിന് ചീട്ടു വീഴപ്പെട്ട ജീവനുള്ള ആട്ടുകൊറ്റനെ ദൈവസന്നിധിയിൽ കൊണ്ടുവരികയും ജനക്കൂട്ടത്തിന്റെ സാന്നിദ്ധ്യത്തിൽ മഹാപുരോഹിതൻ "ജീവനോടിരിക്കുന്ന ആട്ടുകൊറ്റന്റെ തലയിൽ കൈ രണ്ടുംവെച്ച് യിസ്രായേൽ മക്കളുടെ എല്ലാ കുറ്റങ്ങളും സകല പാപങ്ങളുമായ ലംഘനങ്ങളൊക്കെയും ഏറ്റുപറഞ്ഞു കോലാട്ടുകൊറ്റന്റെ തലയിൽ ചുമത്തണം" ലേവ്യ. 6:21. ഇതുപോലെ സ്വർഗ്ഗീയ കൂടാരത്തിലെ പാപ പരിഹാര ശുശ്രൂഷ അവസാനിക്കുമ്പോൾ ദൈവത്തിന്റെയും സ്വർഗ്ഗീയ ദൂതന്മാരുടെയും വീണ്ടെടുക്കപ്പെട്ട വലിയ സമൂഹത്തിന്റെയും മുൻപാകെ, ദൈവമക്കളുടെ പാപങ്ങൾ എല്ലാം സാത്താനിൽ ചുമത്തും. സാത്താനാണ് എല്ലാ പാപങ്ങളും അവരെക്കൊണ്ട് ചെയ്യിക്കുവാൻ കാരണക്കാരനായത് എന്നതുകൊണ്ട് അവൻ തെറ്റുകാരനാണെന്ന് വിധിക്കും.

# പിശാച് ബന്ധിക്കപ്പെടുന്നു

***അനന്തരം ഒരു ദൂതൻ അഗാധത്തിന്റെ താക്കോലും ഒരു വലിയ ചങ്ങലയും കയ്യിൽ പിടിച്ചുകൊണ്ട് സ്വർഗ്ഗത്തിൽ നിന്നു ഇറങ്ങുന്നത് ഞാൻ കണ്ടു. അവൻ പിശാചും സാത്താനും എന്നുള്ള പഴയ പാമ്പായ മഹാസർപ്പത്തെ പിടിച്ചു ആയിരം ആണ്ടേക്കു ചങ്ങലയിട്ടു. വെളി. 20:1,2.***

പിശാചിനെ ബഹിഷ്കരിക്കുന്നതും ഭൂമി പാഴും ശൂന്യവുമായിക്കിടക്കുന്ന അവസ്ഥയും വെളിപ്പാടുകാരൻ മുൻകൂട്ടി പറഞ്ഞിരിക്കുന്നു. ഈ അവസ്ഥ ആയിരം വർഷം തുടരുന്നതായിരിക്കും. കർത്താവായ യേശുവിന്റെ രണ്ടാമത്തെ വരവും ദുഷ്ടന്മാരുടെ നശീകരണവും ചിത്രീകരിച്ചതിനുശേഷം പ്രവചനം മുന്നോട്ടുപോവുകയാണ്, "അനന്തരം ഒരു ദൂതൻ അഗാധത്തിന്റെ താക്കോലും ഒരു വലിയ ചങ്ങലയും കയ്യിൽ പിടിച്ചുകൊണ്ട് സ്വർഗ്ഗത്തിൽ നിന്നിറങ്ങുന്നത് ഞാൻ കണ്ടു. അവൻ പിശാചും സാത്താനും എന്നുള്ള പഴയ പാമ്പായ മഹാസർപ്പത്തെ പിടിച്ചു ആയിരം ആണ്ടേക്കു ചങ്ങലയിട്ടു. ആയിരം ആണ്ടു കഴിയുവോളം ജാതികളെ വഞ്ചിക്കാതിരിപ്പാൻ അവനെ അഗാധത്തിൽ തള്ളിയിട്ടു അടച്ചുപൂട്ടുകയും മീതെ മുദ്രയിടുകയും ചെയ്തു. അതിന്റെശേഷം അവനെ അല്പകാലത്തേക്കു അഴിച്ചുവിടേണ്ടതാകുന്നു" വെളി. 20:1-3.

അഗാധകൂപം എന്ന പ്രതിപാദ്യം പ്രതിനിധീകരിക്കുന്നത് ഭൂമിയുടെ കലക്കത്തിന്റെയും അന്ധകാരത്തിന്റെയും അവസ്ഥയെയാണെന്ന് മറ്റ് തിരുവചന ഭാഗങ്ങൾ സാക്ഷ്യം പറയുന്നുണ്ട്. ആദിയിൽ ഭൂമിയുടെ അവസ്ഥയെക്കുറിച്ച് ബൈബിൾ പറയുന്നത്, "ഭൂമി പാഴായും ശൂന്യമായും ഇരുന്നു, ആഴത്തിൻ മീതെ ഇരുൾ ഉണ്ടായിരുന്നു" ഉല്പ. 1:2. പ്രവചനം പറയുന്നത് ഇപ്പോഴത്തെ ഭൂമി ഈ നിലയിലേക്ക് കൊണ്ടുവരപ്പെടുമെന്നാണ്. ദൈവത്തിന്റെ ആ മഹാദിവസത്തെ ഉറ്റുനോക്കിക്കൊണ്ട് യിരെമ്യാ പ്രവാചകൻ വിളിച്ചറിയിക്കുന്നത്:

"ഞാൻ ഭൂമിയെ നോക്കി; അതിനെ പാഴും ശൂന്യവുമായി കണ്ടു; ഞാൻ ആകാശത്തെ നോക്കി; അതിനു പ്രകാശം ഇല്ലാതെയിരുന്നു. ഞാൻ പർവ്വതങ്ങളെ നോക്കി; അവ വിറയ്ക്കുന്നതു കണ്ടു; കുന്നുകളെല്ലാം ആടിക്കൊണ്ടിരുന്നു. ഞാൻ നോക്കി; ഒരു മനുഷ്യനെയും കണ്ടില്ല; ആകാശത്തിലെ പക്ഷികൾ ഒക്കെയും പറന്നുപോയിരുന്നു. ഞാൻ നോക്കി ഉദ്യാനം മരുഭൂമിയായിത്തീർന്നിരിക്കുന്നതു കണ്ടു. അതിലെ പട്ടണങ്ങളൊക്കെയും യഹോവയാൽ അവന്റെ ഉഗ്രകോപം ഹേതുവായി ഇടിഞ്ഞുപോയിരിക്കുന്നു" യിരെ. 4:23-26.

ഇവിടമാണ് സാത്താനും അവന്റെ ദുഷ്ടദൂതന്മാർക്കും 1000 ആണ്ടേക്ക് താവളമാകേണ്ടത്. വീഴ്ച ഭവിക്കാത്ത ഇതര ലോകക്കാരെ പരീക്ഷിപ്പാനും ശല്യം ചെയ്യതിരിക്കുന്നതിനുമായി അങ്ങോട്ടുള്ള പ്രവേശനം നിഷേധിക്കപ്പെട്ട് ഈ ഭൂമിയിൽതന്നെ വസിക്കേണ്ടിവരും. അവന്റെ ബന്ധനം ഈ അർത്ഥത്തിലായിരിക്കും. തന്റെ ശക്തി ഉപയോഗിക്കുന്നതിനായി ഇവിടെ ആരും ഉണ്ടായിരിക്കുകയില്ല. നൂറ്റാണ്ടുകളായി തന്റെ ആനന്ദമായിരുന്ന നശീകരണത്തിൽനിന്നും വശീകരണത്തിൽനിന്നും അവൻ പൂർണ്ണമായി വിച്ഛേദിക്കപ്പെടും.





# കുടുംബങ്ങൾ വീണ്ടും ഒത്തുചേരും

***യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു: കരയാതെ നിന്റെ ശബ്ദവും കണ്ണുനീർ വാർക്കാതെ നിന്റെ കണ്ണും അടക്കിക്കൊൾക; നിന്റെ പ്രവൃത്തിക്കു പ്രതിഫലമുണ്ടാകും; അവർ ശത്രുവിന്റെ ദേശത്തുനിന്നും മടങ്ങിവരും എന്നു യഹോവയുടെ അരുളപ്പാട് നിന്റെ ഭാവിയെക്കുറിച്ചു പ്രത്യാശയുണ്ട്; നിന്റെ മക്കൾ തങ്ങളുടെ ദേശത്തേക്കു മടങ്ങിവരും. യിരെ. 31:16,17.***

കർത്താവ് മേഘങ്ങളിൽ മഹാതേജസ്സോടുകൂടി വരുന്നു. ശോഭിക്കുന്ന ഒരു കൂട്ടം മാലാഖമാർ അവനെ അനുഗമിക്കും. ജീവിച്ചിരിക്കുന്ന വിശുദ്ധന്മാരെ തേജസ്സിൽ നിന്ന് തേജസ്സിലേക്ക് രൂപാന്തരപ്പെടുത്തുവാനും മരിച്ചവരെ ഉയിർത്തെഴുന്നേൽപ്പിക്കേണ്ടതിനുമാണ് അവൻ വരുന്നത്. തന്നെ സ്നേഹിച്ചു തന്റെ കല്പനകളെ പ്രമാണിച്ചവരെ ആദരിക്കുന്നതിനും, അവരെ തന്നിലേക്ക് തന്നെ ചേർക്കുവാനുമായിട്ടാണ് അവൻ വരുന്നത്. അവൻ അവരെയൊ തന്റെ വാഗ്ദത്തങ്ങളെയോ വിസ്മരിച്ചിട്ടില്ല. അവിടെ കുടുംബങ്ങളുടെ ഒരു സംഗമം ഉണ്ടാകും.

ഈ ലോകത്തിൽ ദൈവികമായി ജീവിക്കുന്ന ഒരു മാതാവിനോട് എന്തുമാത്രം കടപ്പെട്ടിരിക്കുന്നു എന്ന് ദൈവത്തിന്റെ ആ ദിവസം വെളിപ്പെടുത്തും.

ന്യായവിസ്താരസഭ ആസനസ്ഥമാകുകയും പുസ്തകങ്ങൾ തുറക്കപ്പെടുകയും ചെയ്യുമ്പോൾ ന്യായാധിപൻ "നല്ലത് ചെയ്തു" എന്ന് പറയുകയും ജയിച്ചവരുടെ ശിരസ്സിൽ തേജസ്സിന്റെ അമർത്യകിരീടം ധരിപ്പിക്കുകയും ചെയ്യുമ്പോൾ അനേകരും സന്നിഹിതരായിരിക്കുന്ന പ്രപഞ്ചത്തിന് മുൻപിൽ തങ്ങളുടെ കിരീടങ്ങളെ ഉയർത്തി അവരുടെ മാതാവിനെ ചൂണ്ടിക്കാണിച്ച് ഇപ്രകാരം പറയും: ദൈവത്തിന്റെ കൃപയാൽ "ഇവരാണ് എന്നെ എല്ലാമാക്കിയത്. ഇവരുടെ നിർദ്ദേശം, പ്രാർത്ഥനകൾ ഇവ നിത്യരക്ഷക്കായി എന്നെ അനുഗ്രഹിച്ചു."

ഉരുവിടാനാകാത്ത സന്തോഷത്തോടെ മാതാപിതാക്കൾ അവരുടെ മക്കൾക്ക് നല്കപ്പെട്ട വീണകളും കിരീടങ്ങളും കാണും. ഭയത്തിന്റെയും പ്രതീക്ഷകളുടെയും നാളുകൾ അവസാനിച്ചു. കണ്ണുനീരോടും പ്രാർത്ഥനയോടും വിതച്ച വിത്തുകൾ വ്യർത്ഥമായിപ്പോയെന്ന് ചിന്തിച്ചവയായിരുന്നു എന്നാലും അവരുടെ ഫലശേഖരം സന്തോഷപ്രദമാണ്. അവരുടെ മക്കൾ വീണ്ടെടുക്കപ്പെട്ടിരിക്കുന്നു.

ഏറെ ചർച്ച ചെയ്യപ്പെട്ടതും ഏറെ പ്രത്യാശിച്ചതും ഉൽക്കണ്ഠ നിറഞ്ഞ പ്രതീക്ഷയോടെ ഏകാഗ്രമായി ധ്യാനിച്ചിരുന്ന എന്നാൽ ഒരിക്കലും പൂർണ്ണമായി ഗ്രഹിപ്പാൻ കഴിയാത്തതുമായ അത്ഭുതവീണ്ടെടുപ്പ്! ക്രിസ്തുവിന്റെ വിശ്വസ്ത അനുഗാമികൾക്ക് അവൻ ഒരു നിത്യസഹവർത്തിയും ഉറ്റമിത്രവുമാകുന്നു. അവർ ദൈവവുമായി ഏറെ അടുത്ത ബന്ധത്തിലും സ്ഥിരമായ കൂട്ടായ്മയിലും ജീവിച്ചു. അവരുടെമേൽ കർത്താവിന്റെ തേജസ്സ് ഉദിച്ചിരുന്നു. അവരിൽ യേശുക്രിസ്തുവിന്റെ മുഖത്തുണ്ടായിരുന്ന ജ്ഞാനത്തിന്റെ വെളിച്ചമാകുന്ന ദൈവത്തിന്റെ മഹത്വം പ്രതിഫലിച്ചു. ഇപ്പോഴവർ ഒളിമങ്ങാത്ത പ്രകാശത്തിന്റെ ശോഭയിലും രാജാവിന്റെ മഹത്വത്തിന്റെ ഭയങ്കരത്വത്തിലും പ്രമോദിക്കുന്നു. അവരുടെ ഹൃദയങ്ങളിൽ സ്വർഗ്ഗം ഉള്ളതിനാൽ അവർ സ്വർഗ്ഗവുമായി കൂട്ടായ്മയിൽ ഏർപ്പെടുന്നതിന് ഒരുങ്ങിയിരിക്കുന്നു.

# വിശ്വസ്തർക്കായി ഒരുക്കിയിരിക്കുന്ന കിരീടങ്ങൾ

***ഞാൻ നല്ല പോർ പൊരുതി ഓട്ടം തികച്ചു, വിശ്വാസം കാത്തു. ഇനി നീതിയുടെ കിരീടം എനിക്കായി വെച്ചിരിക്കുന്നു; അതു നീതിയുള്ള ന്യായാധിപതിയായ കർത്താവ് ആ ദിവസത്തിൽ എനിക്കു നല്കും; എനിക്കു മാത്രമല്ല, അവന്റെ പ്രത്യക്ഷതയിൽ പ്രിയംവെച്ച ഏവർക്കും കൂടെ. 2 തിമൊ. 4:7,8.***

കർത്താവ് തന്റെ വിശിഷ്ട രത്നങ്ങൾ മെനയുമ്പോൾ സത്യവും നിർവ്യാജവും നീതിയുമുള്ളവരുടെമേൽ പ്രസാദത്തോടെ കടാക്ഷിക്കും. ഇങ്ങനെയുള്ളവർക്കായി കിരീടം ഉണ്ടാക്കുവാൻ ദൂതന്മാരെയാണ് ഭരമേല്പിച്ചിരിക്കുന്നത്. ഈ നക്ഷത്രവും രത്നങ്ങളും പതിച്ച കിരീടം ദൈവസിംഹാസനത്തിൽനിന്നും ബഹിർസ്ഫുരിക്കുന്ന ശോഭയാൽ പ്രതിഫലിപ്പിക്കപ്പെടും.

ആകയാൽ നിങ്ങൾ സ്വർഗ്ഗീയ കാര്യങ്ങളെ സംസാരിപ്പിൻ, യേശുവിനെക്കുറിച്ചു സംസാരിപ്പിൻ, അവന്റെ സ്നേഹത്തെക്കുറിച്ചും മഹത്വത്തെക്കുറിച്ചും നിനക്കായുള്ള അസ്തമിക്കാത്ത അവന്റെ സ്നേഹത്തെക്കുറിച്ചും സംസാരിക്കുകയും നിന്റെ ഹൃദയം നിന്നെ രക്ഷിപ്പാൻ മരണംവരിച്ചവനോടുള്ള സ്നേഹത്താലും നന്ദിയാലും നിറഞ്ഞുകവിയുകയും ചെയ്യട്ടെ! നിന്റെ ദൈവത്തെ സമാധാനത്തിൽ എതിരേല്പാൻ ഒരുങ്ങിക്കൊൾക. ഒരുങ്ങിയിരിക്കുന്നവർക്ക് ജീവന്റെ വാടാത്ത കിരീടം ലഭ്യമാവുകയും, അവർ ദൈവരാജ്യത്തിൽ യേശുവിനോടൊത്തും ദൂതന്മാരോടൊത്തും ക്രിസ്തുവിന്റെ നിസ്തുല്യ രക്തത്താൽ വീണ്ടെടുക്കപ്പെട്ടവരായ എല്ലാവരോടുംകൂടെ എന്നേക്കും വാസം ചെയ്യും.

ഒരു മഹത്വകിരീടം രക്ഷിതാവിന്റെ വരവിൽ പ്രിയംവച്ചവർക്കും, അതിനായി കാംക്ഷിക്കുന്നവർക്കും അതിനെ നോക്കിപ്പാർത്തിരിക്കുന്നവർക്കും അവന്റെ പ്രത്യക്ഷതയിൽ ലഭ്യമാകും.

കാത്തിരിക്കുന്നവരാണ് മഹത്വത്തിലും ബഹുമാനത്തിലും അമർത്യതയിലും ഉള്ള കിരീടധാരണത്തിന് ഉടമകളാകുന്നത്. നിങ്ങൾ ലോകത്തിന്റെ മാനത്തെയും അതിലെ അതിശ്രേഷ്ഠമായതിന്റെ വിലയെയും പറ്റി സംസാരിക്കേണ്ടതില്ല. അവയെല്ലാം മിഥ്യയാണ്. ദൈവത്തിന്റെ കൈവിരൽ അവയെ ഒന്ന് സ്പർശിക്കട്ടെ അവയെല്ലാം മണ്ണിലേക്ക് തിരികെപ്പോകും. എനിക്ക് എന്നേക്കും നിലനില്ക്കുന്നതും അമർത്യമായതും നശിച്ചുപോകാത്തതുമായ ബഹുമാനം ആവശ്യമാണ്. ഏത് മഹാരാജാക്കന്മാരുടെ ശിരസ്സിൽ അണിഞ്ഞിട്ടുള്ളതിനെക്കാൾ ശ്രേഷ്ടമായൊരു കിരീടമാണ് എനിക്കു വേണ്ടത്.

ആ ദിവസത്തിൽ പിതാവിന്റെയും പുത്രന്റെയും മഹത്വത്തിൽ വീണ്ടെടുക്കപ്പെട്ടവർ ശോഭിക്കും. സ്വർഗ്ഗീയ ദൂതന്മാർ തങ്ങളുടെ സ്വർണ്ണ വീണകൾ മീട്ടി രാജാവിനെയും അവന്റെ രക്തത്തിൽ തങ്ങളുടെ അങ്കികൾ കഴുകി വെളുപ്പിച്ച് വീണ്ടെടുക്കപ്പെട്ടവരായ, അവന്റെ വിജയത്തിന്റെ പ്രതിഫലവുമായവരെയും സ്വാഗതം ചെയ്യും. ഒരു വിജയഗാനം പൊട്ടിപ്പുറപ്പെട്ട് സ്വർഗ്ഗത്തെ നിറയ്ക്കും. “യേശു ജയം പ്രാപിച്ചിരിക്കുന്നു.”

തന്റെ കഷ്ടപ്പാടിന്റെയും സ്വയത്യാഗത്തിന്റെയും ലക്ഷ്യം അസ്ഥാനത്തായില്ല എന്നതിന് സാക്ഷ്യമായ തന്റെ വീണ്ടെടുക്കപ്പെട്ടവരോടൊത്ത് അവൻ സ്വർഗ്ഗീയ കൂടാരത്തിൽ പ്രവേശിക്കും.





# എല്ലാ ദൈവമക്കൾക്കും ഓരോ കിരീടം

***പരീക്ഷ സഹിക്കുന്ന മനുഷ്യൻ ഭാഗ്യവാൻ; അവൻ കൊള്ളാകുന്നവനായി തെളിഞ്ഞശേഷം കർത്താവു തന്നെ സ്നേഹിക്കുന്നവർക്ക് വാഗ്ദത്തം ചെയ്ത ജീവകിരീടം പ്രാപിക്കും. യാക്കോ. 1:12.***

നഗരത്തിൽ അനേക ദൂതന്മാർ കിരീടങ്ങളുമായി വരുന്നത് ഞാൻ കണ്ടു. എല്ലാ വിശുദ്ധന്മാർക്കും ഓരോ കിരീടവും അതിന്മേൽ അവരുടെ നാമവും എഴുതിയിരുന്നു. അനന്തരം കിരീടങ്ങൾക്കായി യേശു ദൂതന്മാരെ വിളിക്കുകയും ദൂതന്മാർ അവന്റെ സന്നിധിയിൽ അത് കൊണ്ടുവരികയും അവൻ തന്റെ വലതുകരത്താൽ അത് തന്റെ വിശുദ്ധന്മാരുടെ ശിരസ്സിൽ അണിയിക്കുകയും ചെയ്തു. വീണ്ടും ദൂതന്മാർ വീണകൾ കൊണ്ടുവന്ന് യേശുവിന്റെ കരങ്ങളിൽ കൊടുക്കുകയും അവൻ അത് തന്റെ വിശുദ്ധന്മാർക്ക് കൊടുക്കുകയും ചെയ്തു. അനന്തരം പ്രധാന ദൂതൻ ആദ്യശ്രുതി മീട്ടുകയും മറ്റുള്ളവർ നന്ദിയോടും സന്തോഷത്തോടുംകൂടി വാദ്യഘോഷം മുഴക്കുകയും വളരെ നൈപുണ്യത്തോടുകൂടെ തങ്ങളുടെ വീണയുടെ തന്ത്രികൾ ചലിപ്പിക്കുകയും വളരെ മനോഹരമായ ഗാനവീചികളാൽ സ്വർഗ്ഗം മുഖരിതമാവുകയും ചെയ്തു.

ആ നഗരത്തിനുള്ളിൽ കണ്ണുകളുടെ ദർശന സുഖത്തിനു വേണ്ടുന്നതെല്ലാം ഉണ്ടായിരുന്നു. എല്ലാടിയവും വളരെ മനോഹരമായി കാണപ്പെട്ടു. അപ്പോൾ യേശു തന്റെ വീണ്ടെടുക്കപ്പെട്ട വിശുദ്ധന്മാരെ നോക്കി. അവരുടെ മുഖം ദൈവതേജസ്സിനാൽ ശോഭിതമായിരുന്നു. അവന്റെ ദയയുള്ള നോട്ടം അവരുടെമേൽ ഇരിക്കുമ്പോൾ അവൻ തന്റെ സംഗീതസ്വരത്തിൽ ഇപ്രകാരം പറഞ്ഞു: “എന്റെ ആത്മാവിലുള്ള കഷ്ടപ്പാടിന്റെ ഫലം ഞാൻ കണ്ടു തൃപ്തനായിരിക്കുന്നു. ഈ മഹത്വത്തിന്റെ പൂർണ്ണത നിങ്ങൾക്ക് എന്നും എന്നേക്കും അനുഭവിപ്പാനുള്ളത് ആകുന്നു. നിങ്ങളുടെ ദുഃഖങ്ങൾ എല്ലാം അവസാനിച്ചു. ഇനി മരണമോ, ദുഃഖമോ, മുറവിളിയോ, കഷ്ടതയോ യാതൊന്നും നിങ്ങളെ അലട്ടുകയില്ല.”

അപ്പോൾ യേശു തന്റെ വിശുദ്ധ ജനത്തെ ജീവവൃക്ഷത്തിന്റെ അരികിലേക്ക് നയിക്കുന്നത് ഞാൻ കണ്ടു. ജീവവൃക്ഷത്തിൽ കാണ്മാൻ ഭംഗിയുള്ള ഫലങ്ങൾ ഉണ്ടായിരുന്നു. അത് വിശുദ്ധന്മാർക്ക് സൗജന്യമായി ഭക്ഷിക്കാമായിരുന്നു. നഗരത്തിന് നടുവിൽ അതിമഹത്വമുള്ള ഒരു സിംഹാസനവും അതിൽനിന്നും ശുദ്ധപളുങ്കിനൊത്ത ജീവജലനദിയും പുറപ്പെടുന്നു. അതിന്റെ ഇരുവശങ്ങളിലും ജീവവൃക്ഷവും അതിന്റെ ഇരുകരകളിലുമായി മറ്റ് ഫലം തരുന്ന അനേക മനോഹരവൃക്ഷങ്ങളും നിന്നിരുന്നു.

സ്വർഗ്ഗമഹിമയെക്കുറിച്ചു വർണ്ണിപ്പാൻ നാവുകൾക്ക് അസാദ്ധ്യമാണ്. എനിക്കു മുൻപിൽ ദൃശ്യങ്ങൾ ഉയരുംതോറും ഞാൻ അത്ഭുതത്താൽ വിസ്മൃതിയിലാണ്ടുപോയി. എല്ലാറ്റിനെയും കവിയുന്ന തേജസ്സിനാലും അതിമഹത്വമേറിയ ദൃശ്യങ്ങളാലും ഞാൻ മതിമറന്ന് എന്റെ തൂലിക താഴെവെച്ചു ഇവ്വണ്ണം അത്ഭുതംകൂറി.

എത്ര സ്നേഹം! അതിശയകരമായ സ്നേഹം! രക്ഷകന്റെ അനന്തമായ സ്നേഹത്തെയും സ്വർഗ്ഗത്തിന്റെ മഹത്വത്തെയും വർണ്ണിക്കുവാൻ ഏത് ഉന്നതമായ സാഹിത്യത്തിനും അസാദ്ധ്യമാണ്.

# നമ്മുടെ വീണ്ടെടുപ്പ് സമീപമായിരിക്കുന്നു

***ഇതു സംഭവിച്ചുതുടങ്ങുമ്പോൾ നിങ്ങളുടെ വീണ്ടെടുപ്പ് അടുത്തുവരുന്നതുകൊണ്ടു നിവിർന്നു തല പൊക്കുവിൻ. ലൂക്കൊ. 21:28***

മുമ്പെ നാം വിശ്വസിച്ചതിനെക്കാൾ ക്രിസ്തുവിന്റെ വരവു അടുത്തിരിക്കുന്നു. വൻവിവാദം അന്ത്യഘട്ടത്തിലേക്ക് എത്തിനിൽക്കുന്നു. ദൈവത്തിന്റെ ന്യായവിധി വാതിൽക്കൽ ആയിരിക്കുന്നു. ഇവയെല്ലാം വ്യക്തമായ ഒരു മുന്നറിയിപ്പ് നൽകിക്കൊണ്ട് പറയുകയാണ്, "നിനയാത്ത നാഴികയിൽ മനുഷ്യപുത്രൻ വരുന്നതുകൊണ്ട് നിങ്ങളും ഒരുങ്ങിയിരിപ്പിൻ." മത്താ. 24:44.

ഭൂമിയുടെ ചരിത്രത്തിന്റെ അന്ത്യനാളുകളിലാണ് നാം ജീവിക്കുന്നത്. പ്രവചനങ്ങൾ ദ്രുതഗതിയിൽ നിറവേറുന്നു. കൃപയുടെ കാലം അതിവേഗം അവസാനിക്കുവാൻ പോകുന്നു. നമുക്ക് ഇനി ഒരു നിമിഷംപോലും കളയുവാനില്ല. നാം ഉറക്കത്തിൽ വീഴാതിരിപ്പാൻ സൂക്ഷിക്കണം. "എന്റെ കർത്താവ് തന്റെ വരവ് താമസിപ്പിക്കുന്നു" എന്ന് ആരും തങ്ങളുടെ ഹൃദയത്തിൽ പറയുകയോ പ്രവൃത്തിയിൽ കാണിക്കുകയോ ചെയ്യരുത്. കർത്താവ് വേഗത്തിൽ വീണ്ടും വരുന്നു എന്നുള്ള ആത്മാർത്ഥതയുടെ ദൂത് ശക്തിയായി മുഴങ്ങിക്കേൾക്കട്ടെ! എല്ലാടവുമുള്ള നമ്മുടെ സഹോദരീസഹോദരന്മാർ മാനസ്സാന്തരപ്പെട്ട് വരുവാനുള്ള കോപത്തിൽ നിന്നും ഓടി രക്ഷപ്പെടുവാൻ നമുക്ക് അവനെ ഉത്സാഹിപ്പിക്കാം.

നമ്മുടെ കർത്താവ് വേഗം വരുന്നതിനാൽ അവനെ സമാധാനത്തിൽ എതിരേല്പാൻ ഒരുങ്ങാം. നമുക്കു ചുറ്റുമുള്ളവർക്ക് സത്യവെളിച്ചം പകർന്നുകൊടുക്കുവാൻ നമ്മുടെ സർവ്വശക്തിയും കഴിവുകളും പ്രായോഗികമാക്കാം. കർത്താവിനെതന്നെ നിനച്ചുകൊണ്ടിരിക്കുകയും ദുഃഖിച്ചിരിക്കാതെ സന്തുഷ്ടരായിരിക്കുകയും വേണം. അവൻ വേഗം വരുന്നതുകൊണ്ട് നാം ഒരുക്കമുള്ളവരും അവന്റെ പ്രത്യക്ഷതയ്ക്കായി കാത്തിരിക്കുന്നവരും ആകണം. അവനെ കാണുന്നത് എത്ര മഹത്വമുള്ളതും അവന്റെ വീണ്ടെടുക്കപ്പെട്ട ഒരുവനായി സ്വാഗതം ചെയ്യപ്പെടുന്നത് എത്ര ആനന്ദപ്രദവും ആയിരിക്കും. വളരെ കാലമായ നമ്മുടെ കാത്തിരിപ്പിന്റെ പ്രത്യാശക്ക് ഭംഗം വരരുത്. നമുക്ക് നമ്മുടെ രാജാവിനെ അവന്റെ മഹത്വത്തിൽ കാണുവാൻ സാധിച്ചാൽ നാം എന്നേക്കും അനുഗ്രഹിക്കപ്പെട്ടവരായിത്തീരും. ഉറക്കെ കരയണമെന്നുണ്ട് കാരണം നാം ഭവനത്തോടടുത്തിരിക്കുന്നു. ക്രിസ്തു മഹാശക്തിയോടും തേജസ്സോടുംകൂടെ തന്റെ രക്ഷിതഗണത്തെ നിത്യഭവനത്തിൽ ചേർക്കുവാനുള്ള സമയം സമാഗതമായിരിക്കുന്നു.

രക്ഷകന്റെ വരവിനായി ഏറെ നാളായി നാം കാത്തിരിക്കുന്നു. അതുപോലെതന്നെ അവന്റെ വാഗ്ദത്തവും ഉറപ്പുള്ളതാകുന്നു. വേഗത്തിൽ നമുക്ക് നമ്മുടെ വാഗ്ദത്തനാട്ടിലെത്തുവാൻ കഴിയും. അവിടെ യേശു നമ്മെ ദൈവസിംഹാസനത്തിൽനിന്നും പുറപ്പെടുന്ന ജീവജല നദിയുടെ അരികിലേക്കു നയിക്കും. നമ്മുടെ സ്വഭാവത്തിന്റെ പൂർണ്ണതയ്ക്കായി ഭൂമിയിലെ അന്ധകാരത്തിലൂടെ നമ്മെ എത്രമാത്രം കരുതലോടെ കൊണ്ടുവന്നു എന്ന് യേശു വിവരിക്കും. അവിടെ പുനഃസ്ഥാപിക്കപ്പെട്ട ഏദെൻതോട്ടത്തിന്റെ ഭംഗി പൂർണ്ണമായി നാം ആസ്വദിക്കും. നമ്മുടെ ശിരസ്സിൽ അണിയിച്ച കിരീടങ്ങളെ നമ്മുടെ വീണ്ടെടുപ്പുകാരന്റെ പാദാരവിന്ദങ്ങളിൽ സമർപ്പിച്ചുകൊണ്ടു, നമ്മുടെ സ്വർണ്ണവീണകൾ മീട്ടി സിംഹാസനത്തിലിരിക്കുന്നവനെ നാം സ്തുതിക്കുകയും ആ സ്തുതികളാൽ സ്വർഗ്ഗം നിറയപ്പെടുകയും ചെയ്യും.





# പ്രതിഫലം അവന്റെ പക്കലുണ്ട്

***ഇതാ, ഞാൻ വേഗം വരുന്നു; ഓരോരുത്തന്നു അവനവന്റെ പ്രവൃത്തിക്കു തക്കവണ്ണം കൊടുപ്പാൻ പ്രതിഫലം എന്റെ പക്കൽ ഉണ്ട്. വെളി. 22:12.***

ഇവിടെ നമ്മുടെ വേല ഉടനെ അവസാനിക്കുകയും എല്ലാവർക്കും അവനവൻ ചെയ്ത പ്രവൃത്തിക്കു തക്കവണ്ണം പ്രതിഫലം ലഭിക്കുകയും ചെയ്യും. വിശുദ്ധന്മാർക്കു അമർത്യത എന്ന പ്രതിഫലം ലഭ്യമാക്കുമെന്നും എന്നെ കാണിച്ചു. ഈ ലോകത്തിൽ സത്യം നിമിത്തം അവർക്ക് നേരിട്ട കഷ്ടതയും പ്രയാസവും സ്വർഗ്ഗം നിമിത്തം സാരമില്ലെന്ന് അവർ എണ്ണും എന്നു ഞാൻ കണ്ടു.

ദൈനംദിന വേലയിൽ പൂർത്തീകരിക്കുവാൻ സാധിക്കാതെ വന്നതായവ, തിരസ്ക്കരണം, സ്വാർത്ഥത, വഞ്ചന, ചൂഷണം ഇങ്ങനെ എത്രയോ രേഖകൾ അന്ത്യന്യായവിധിക്കായി കുമിഞ്ഞുകൂടിയിരിക്കുന്നു. ഇതിനെല്ലാം പ്രതിഫലം യേശുവിന്റെ കയ്യിലുണ്ട്. അവനവൻ ചെയ്ത വേലകളുടെ രേഖകളും ഉണ്ടായിരിക്കും. അതിനാൽ എല്ലാവരും അവനവന്റെ പ്രവൃത്തികൾക്കനുസരിച്ച് പ്രതിഫലം പ്രാപിക്കും. അപ്പോൾ എങ്ങനെയുള്ള വെളിപ്പെടുത്തലായിരിക്കും ഉണ്ടാകുക. ചരിത്രരേഖകളിൽ നിന്നും ഒരുവന്റെ ജീവിതത്തിലെ പ്രവൃത്തികളെക്കുറിച്ചു അറിയുമ്പോൾ എന്തു അതിശയമായിരിക്കും നമ്മിൽ ഉണ്ടാകുക!

നന്മയും തിന്മയുമായ എല്ലാ പ്രവൃത്തികളും മറ്റുള്ളവരിൽ അതു ചെലുത്തുന്ന സ്വാധീനങ്ങളും ഹൃദയത്തെ ശോധന ചെയ്യുന്നവനും എല്ലാ രഹസ്യങ്ങളെയും വെളിപ്പെടുത്തുന്നവനും ആരാഞ്ഞറിയും. അവന്റെ പ്രവൃത്തിക്ക് കാരണമായ പ്രചോദനത്തിനനുസരണമായി പ്രതിഫലം ലഭിക്കും.

ക്രിസ്തുവിന്റെ വരവു അടുത്തിരിക്കുന്നു. അത് അതിവേഗം അടുത്തുകൊണ്ടിരിക്കുന്നു. വേല ചെയ്യുവാനുള്ള സമയം വളരെ ചുരുങ്ങിയിരിക്കുമ്പോൾ സ്ത്രീപുരുഷന്മാർ നശിച്ചുകൊണ്ടിരിക്കുന്നു.

മാനസാന്തരപ്പെടുത്തുന്ന ദൈവിക ശക്തി നമ്മെ സ്വാധീനിക്കുമ്പോൾ മാത്രമേ നശിച്ചുപോകുന്ന ലോകത്തിന്റെ ആവശ്യങ്ങൾ നമുക്ക് ഗ്രാഹ്യമാവുകയുള്ളു. നിങ്ങളോടുള്ള എന്റെ സന്ദേശം ഇതാണ്: ഒരുങ്ങുക, കർത്താവിനെ എതിരേല്പാൻ ഒരുങ്ങുക, നിങ്ങളുടെ വിളക്കുകളെ സജ്ജമാക്കി സത്യവെളിച്ചം ഇടവഴികളിലും തെരുവുകളിലും പ്രകാശിക്കുവാൻ അനുവദിക്കുക. എല്ലാറ്റിന്റെയും അവസാനം വന്നെത്തിയിരിക്കുന്നു എന്ന് മുന്നറിയിപ്പു ലഭിക്കേണ്ട ഒരു ലോകമാണിത്.

ഒരു പുതിയ മാനസാന്തരം നമുക്ക് കാംക്ഷിക്കാം. പരിശുദ്ധാത്മാവിന്റെ സാന്നിദ്ധ്യം ഇതിനായി നമുക്ക് ആവശ്യമുണ്ട്. കല്ലുപോലുള്ള മാനസങ്ങൾ ആർദ്രമാക്കപ്പെടുകയും ആയതിനാൽ നമ്മുടെ വേലയിൽ കഠിനപ്പെട്ട ആത്മാവിന്റെ പ്രവർത്തനം ഉണ്ടാകാതിരിക്കുകയും ചെയ്യും. നമ്മുടെ ഹൃദയത്തിന്റെ പൂർണ്ണ നിയന്ത്രണവും പരിശുദ്ധാത്മാവ് ഏറ്റെടുക്കട്ടെ എന്നു ഞാൻ പ്രാർത്ഥിക്കുന്നു. നാം ആയിരിക്കുന്നിടത്തൊക്കെയും അവന്റെ പ്ലാനും പദ്ധതിയും പ്രാവർത്തികമാക്കേണ്ടതിന് അവന്റെ ആലോചനകൾക്കായി അവങ്കലേക്കു നോക്കിയിരിക്കുന്ന അവന്റെ മക്കളെപ്പോലെ നമുക്ക് പ്രാവർത്തികമാക്കാം. ഇങ്ങനെയുള്ളവരുടെ ആത്മാർത്ഥത ജനങ്ങൾ കാണുമ്പോൾ അവർ ആമേൻ! ആമേൻ! എന്നു പറയും.

# സാത്താന്റെയും അവന്റെ ദൂതന്മാരുടെയും ബന്ധനം

***തങ്ങളുടെ വാഴ്ച കാത്തുകൊള്ളാതെ സ്വന്ത വാസസ്ഥലം വിട്ടുപോയ ദൂതന്മാരെ മഹാദിവസത്തിന്റെ വിധിക്കായി എന്നേക്കുമുള്ള ചങ്ങലയിട്ട് അന്ധകാരത്തിൻ കീഴിൽ സൂക്ഷിച്ചിരിക്കുന്നു. യൂദാ. 6***

ഭൂമി ശൂന്യമായിത്തീർന്ന മരുഭൂമിപോലെ കാണപ്പെട്ടു. നഗരങ്ങളും ഗ്രാമങ്ങളും ഭൂകമ്പം മൂലം തകർന്നു കുപ്പക്കുന്നുപോലെയായി. പർവ്വതങ്ങൾ സ്വസ്ഥാനത്തു നിന്നും ഇളകി മാറി വലിയ ഗർത്തങ്ങൾ രൂപംകൊള്ളും. കടലിൽ നിന്നും ഭൂമിയിൽനിന്നും അടർത്തി മാറ്റപ്പെട്ട പാറക്കഷണങ്ങൾ അവിടവിടെയായി ഭൂമിയുടെ ഉപരിതലത്തിൽ ചിതറിക്കിടക്കും. വൻ വൃക്ഷങ്ങൾ കടപുഴകി ദേശത്തിന്നു വിലങ്ങായി കിടക്കും. ഇവിടെയാണ് സാത്താനും അവന്റെ ദുഷ്ട ദൂതന്മാരും ആയിരമാണ്ടു കഴിയുന്നത്.

ഇവിടെയാണ്, അവൻ അങ്ങോളവും ഇങ്ങോളവും അലഞ്ഞുതിരിഞ്ഞു ദൈവകല്പനയ്ക്കു എതിരെയുള്ള തന്റെ പ്രവൃത്തിയുടെ ഫലത്തെക്കുറിച്ച് ഗ്രഹിക്കുന്നത്. താൻ വരുത്തിയ ശാപത്തിന്റെ അനന്തരഫലം ആയിരമാണ്ട് ആസ്വദിക്കുന്നത് ഇവിടെയാണ്. പാപം പ്രവേശിക്കാത്ത മറ്റു ഗ്രഹങ്ങളിൽ പ്രവേശിക്കുവാൻ കഴിയാതെ ഭൂമിയിൽ ഏകനായി വസിക്കും. ഈ സന്ദർഭത്തിൽ സാത്താൻ കഠിനമായി കഷ്ടപ്പെടും. അവന്റെ വീഴ്ച മുതൽ ഇന്നുവരെ അവൻ തുടർന്നുകൊണ്ടിരുന്നത് അവന്റെ വഞ്ചനാപരമായ പ്രവൃത്തിയായിരുന്നു. എന്നാൽ ഇപ്പോൾ അവന്റെ ശക്തി ക്ഷയിക്കുകയും അവന്റെ വീഴ്ചമുതൽ അവൻ ചെയ്തു കൂട്ടിയ പ്രവൃത്തികളെക്കുറിച്ചും തനിക്കു നേരിടേണ്ടിവരുന്ന ശിഷാവിധിയെക്കുറിച്ചും ചിന്തിക്കുവാനും അവനെ വിടും. അങ്ങനെ അവൻ ചെയ്ത സകല പാപത്തിന്റെയും ശിക്ഷാവിധിയുണ്ടാകും.

ഞാൻ ദൂതന്മാരുടെയും വീണ്ടെടുക്കപ്പെട്ട വിശുദ്ധന്മാരുടെയും വിജയ ആഹ്ലാദവും ആരവവും കേട്ടു, അതു പതിനായിരങ്ങൾ വാദ്യഘോഷം മുഴക്കുന്ന ശബ്ദം പോലെയായിരുന്നു. സാത്താന്റെ കയ്യിൽനിന്നും എല്ലാ ഗ്രഹങ്ങളിലുമുള്ള എല്ലാവരെയും വീണ്ടെടുത്തതുമൂലം, ഇനി ആർക്കും അവന്റെ പരീക്ഷ പേടിക്കേണ്ടതായിട്ടോ ദുഃഖിക്കേണ്ടതായിട്ടോ വരികയില്ല.

ദൈവജനം സാത്താന്റെ തടവിനെക്കുറിച്ചു കേൾക്കുമ്പോൾ സന്തോഷിക്കുന്നു. പ്രവാചകൻ ഈ വണ്ണം പറയുന്നു: "യഹോവ നിന്റെ വ്യസനവും നിന്റെ കഷ്ടതയും നീ ചെയ്യേണ്ടിവന്ന നിന്റെ കഠിന ദാസ്യവും നീക്കി നിനക്കു വിശ്രാമം നല്കുന്ന നാളിൽ നീ ബാബേൽ രാജാവിനെക്കുറിച്ചു ഈ പാട്ടു ചൊല്ലും: പീഡിപ്പിക്കുന്നവൻ എങ്ങനെ ഇല്ലാതെയായി! സ്വർണ്ണനഗരം എങ്ങനെ മുടിഞ്ഞുപോയി! യഹോവ ദുഷ്ടന്മാരുടെ വടിയും വാഴുന്നവരുടെ ചെങ്കോലും ഒടിച്ചു കളഞ്ഞു. വംശങ്ങളെ ഇടവിടാതെ ക്രോധത്തോടെ അടിക്കയും ആർക്കും അടുത്തുകൂടാത്ത ഉപദ്രവത്താൽ ജാതികളെ കോപത്തോടെ ഭരിക്കയും ചെയ്തവരെ തന്നേ" യെശ. 14:3-6.





# നാം നമ്മുടെ കാവൽ മാലാഖമാരെ കാണും

***നിന്റെ എല്ലാ വഴികളിലും നിന്നെ കാക്കേണ്ടതിന്നു അവൻ നിന്നെക്കുറിച്ചു തന്റെ ദൂതന്മാരോടു കല്പിക്കും. സങ്കീ. 91:11***

നിത്യതയുടെ വെളിപ്പാടിനാൽ ദൈവത്തിന്റെ കരുതൽ ഗ്രഹിക്കുവോളം ദൈവദൂതന്മാരുടെ കരുതലിനെക്കുറിച്ചും മദ്ധ്യസ്ഥതയെക്കുറിച്ചും നാം ഗ്രഹിക്കുകയില്ല! സ്വർഗ്ഗീയ സൈന്യങ്ങൾ മനുഷ്യരുടെ കാര്യങ്ങളിൽ വ്യക്തമായ ഒരു പങ്കുവഹിക്കുന്നുണ്ട്. അവർ മിന്നുന്ന വേഷത്തിൽ പ്രത്യക്ഷരായിട്ടുണ്ട്. അവർ വഴിപോക്കരെപ്പോലെ മനുഷ്യ വേഷത്തിൽ വന്നിട്ടുണ്ട്. അവർ മനുഷ്യ ഭവനങ്ങളിൽ ആതിഥ്യം സ്വീകരിച്ചിട്ടുണ്ട്. അന്ധകാരത്തിലകപ്പെട്ട യാത്രക്കാർക്കു വഴികാട്ടിയായി ഭവിച്ചിട്ടുണ്ട്. ദുഷ്ടന്മാരുടെ ആഗ്രഹങ്ങളെ തകിടം മറിക്കുകയും അവരുടെ ദുഷ്ടതയെ നശിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

ലോകനേതാക്കൾക്കു ഇതറിയുവാൻ കഴിയുന്നില്ലെങ്കിലും അവരുടെ ആലോചനകളിൽ ദൂതന്മാർ വക്താക്കളാണ്. മനുഷ്യകണ്ണുകളും അവരിലേക്ക് നോക്കിയിട്ടുണ്ട്. മനുഷ്യരുടെ കാതുകൾ അവരുടെ ആഹ്വാനങ്ങൾ ശ്രദ്ധിച്ചിട്ടുണ്ട്. പല ആലോചനാമന്ദിരങ്ങളിലും ന്യായവിധിസഭയിലും മതപീഡനം അനുഭവിക്കുന്നവർക്കുവേണ്ടിയും നിരപരാധികൾക്കുവേണ്ടിയും ദൈവദൂതന്മാർ വാദിച്ചിട്ടുണ്ട്. അവർ ദൈവത്തിന്റെ മക്കൾക്കു വരാവുന്ന ദുഷ്ടാലോചനകളെയും കഷ്ടപ്പാടുകളെയും തടസ്സപ്പെടുത്തുകയും ദുഷ്ടന്റെ ഉദ്ദേശ്യങ്ങളെ തകർത്തുകളകയും ചെയ്തിട്ടുണ്ട്. ഈ സത്യങ്ങളെ സ്വർഗ്ഗീയ പാഠശാലയിൽ വെച്ചു നാം ഗ്രഹിക്കും.

"വീണ്ടെടുക്കപ്പെട്ട എല്ലാവരും അവരുടെ ജീവിതത്തിലുണ്ടായിരുന്ന ദൂതന്മാരുടെ സേവനം മനസ്സിലാക്കും. ഒരു മനുഷ്യൻ ഈ ലോകത്തിലേക്കു ജനിക്കുമ്പോൾ മുതൽ അവന്റെ ഓരോ കാൽചുവടുകളെയും അവൻ സൂക്ഷിക്കുന്നു, അവന്റെ കഷ്ടതയിൽ അവനെ പൊതിയുന്നു. അവൻ മരണത്തിന്റെ താഴ്വരയിൽ ആയിരുന്നപ്പോഴും അവനോടുകൂടെ ഇരുന്നു. അവന്റെ വിശ്രമസ്ഥലം അടയാളപ്പെടുത്തിയവൻ അവന്റെ ഉയിർപ്പിൽ അവനെ ആദ്യം വന്ദനം ചെയ്യുകയും അവന്റെ കാവൽ മാലാഖ പൂർവ്വചരിത്രം മുഴുവനും അവനെ ഗ്രഹിപ്പിക്കുകയും അവരുടെ സേവനത്തെക്കുറിച്ചു ജ്ഞാനം പകരുകയും ചെയ്യും.

അവന്റെ കയ്യിലിരിക്കുന്ന ദൈവവചനത്താൽ എല്ലാ മനുഷ്യർക്കും, അവരുടെ വിധി എന്തുതന്നെയായിരുന്നാലും അവർ തിരഞ്ഞെടുക്കുന്നതിനനുസരണമായ ഒരു സഖിത്വം ഉണ്ടാകും. അതിന്റെ താളുകളിൽ നിന്നും മാനവകുലത്തിലെ ഏറ്റവും മാന്യനും ഏറ്റവും ശ്രേഷ്ഠനുമായവനോടു സംസാരിക്കുവാനും സ്വർഗ്ഗീയ പിതാവിന്റെ ശബ്ദം ശ്രവിക്കുന്നതിനും കഴിയും. അവൻ പഠിക്കുകയും ധ്യാനിക്കുകയും ചെയ്യുന്ന മർമ്മങ്ങളിലേക്ക് "ദൈവദൂതന്മാരും കുനിഞ്ഞുനോക്കുന്നു". അവന് അവരുടെ സഹവർത്തിത്വവും ഉണ്ടാകും.

# ദൈവനഗരത്തിലേക്കു സ്വാഗതം

***അതിനു യജമാനൻ നന്നു, നല്ലവനും വിശ്വസ്തനുമായ ദാസനേ, നീ അല്പത്തിൽ വിശ്വസ്തനായിരുന്നു; ഞാൻ നിന്നെ അധികത്തിനു വിചാരകനാക്കും; നിന്റെ യജമാനന്റെ സന്തോഷത്തിലേക്കു പ്രവേശിക്ക എന്നു അവനോടു പറഞ്ഞു. മത്താ. 25:23***

പറഞ്ഞറിയിക്കുവാൻ കഴിയാത്ത സ്നേഹത്താൽ യേശു, അവന്റ വിശ്വസ്തരെ യജമാനന്റെ സന്തോഷത്തിലേക്കു സ്വാഗതം ചെയ്യുന്നു. രക്ഷകന്റെ സന്തോഷം എന്നു പറയുന്നത് തന്റെ കഷ്ടപ്പാടിനാലും ഹീനജനനത്താലും രക്ഷിക്കപ്പെട്ട ആത്മാക്കൾ സ്വർഗ്ഗരാജ്യത്തിൽ കാണുന്നതാണ്. അതുപോലെ വീണ്ടെടുക്കപ്പെട്ടവർ തങ്ങളുടെ പ്രാർത്ഥനയാലും നിരന്തര പ്രയത്നത്താലും ത്യാഗത്താലും ക്രിസ്തുവിങ്കലേക്കു നേടിയവരെ അനുഗ്രഹിക്കപ്പെട്ടവരുടെ കൂട്ടത്തിൽ കാണുമ്പോൾ അവനോടുകൂടെ സന്തോഷത്തിൽ പങ്കുചേരും. അങ്ങനെ അവരെല്ലാവരും ദൈവത്തിന്റെ സിംഹാസനത്തിനു മുമ്പാകെ കൂടിവരുമ്പോൾ അവനവൻ നേടിയ വ്യക്തികളെ കാണുവാനും അവിടെ അവർ സ്വന്തം കിരീടങ്ങളെ ക്രിസ്തുവിന്റെ പാദത്തിൽ സമർപ്പിച്ചുകൊണ്ടു സ്വർഗ്ഗത്തിന്റെ സ്വസ്ഥത അനുഭവിക്കുകയും നിത്യതയോളം കർത്താവിനെ സ്തുതിക്കുകയും ചെയ്യും.

വീണ്ടെടുക്കപ്പെട്ടവർക്ക് ദൈവനഗരത്തിലേക്ക് കടക്കുവാൻ അനുവാദം ലഭിക്കുമ്പോൾ, സ്തോത്ര സ്വരത്തിലുള്ള ആരാധനാശബ്ദം അവിടെ മാറ്റൊലിക്കൊള്ളും. രണ്ടു ആദാമും തമ്മിൽ കണ്ടുമുട്ടുവാൻ പോകയാണ്. ദൈവപുത്രൻ തന്റെ ഇരുകരവും നിവർത്തി മാനവജാതിയുടെ പിതാവിനെ സ്വീകരിക്കുവാൻ പോകുന്നു. തന്റെ സ്വന്തം കൈകളാൽ സൃഷ്ടിക്കപ്പെട്ടവൻ, തന്റെ സൃഷ്ടിതാവിനോടു പാപം ചെയ്തവൻ, ആരുടെ പാപംനിമിത്തം തന്റെ ശരീരത്തിനു ക്ഷതമേല്പിച്ചുവോ ആ വ്യക്തിയെ തന്നെ. ആദാം ക്രൂരമേറിയ ആണിപ്പാടുകൾ തിരിച്ചറിയുമ്പോൾ, അവന്റെ മടിയിൽ വീഴുകയല്ല മറിച്ചു അവന്റെ കാൽക്കൽ വീണു, ഈവണ്ണം അറുക്കപ്പെട്ട കുഞ്ഞാടു യോഗ്യൻ, യോഗ്യൻ എന്നു കീർത്തിക്കും. വളരെ സ്നേഹത്തോടെ രക്ഷകൻ അവനു മുമ്പെ നഷ്ടമായതായ ഏദെൻ പറുദീസയെ കാണിക്കും.

ഏദെൻ തോട്ടത്തിനു പുറത്താക്കപ്പെട്ടതു മുതൽ ആദാമിന്റെ ജീവിതം കഷ്ടതയും ദുഃഖവും വേദനയും നിറഞ്ഞതായിരുന്നു. വാടിക്കൊഴിഞ്ഞ എല്ലാ ഇലകളും, യാഗത്തിനു ഇരയായ ജീവികളൊക്കെയും പ്രകൃതിയിൽ നടന്ന സകല വ്യതിയാനങ്ങളും മനുഷ്യന്റെ സ്വാഭാവത്തിൽ വന്ന എല്ലാ കളങ്കങ്ങളും തന്റെ പാപത്തെ ഓർമ്മപ്പെടുത്തുന്നവയായിരുന്നു. ഏകദേശം ആയിരം വർഷത്തോളം, സഹിഷ്ണതയോടെയും താഴ്മയോടുംകൂടെ ഈ ലംഘനത്തിന്റെ അകൃത്യഭാരം അവൻ ചുമന്നു. അവന്റെ പാപത്തെക്കുറിച്ചു വിശ്വസ്തതയോടെ അനുതപിക്കുകയും കർത്താവിന്റെ കൃപയാലുള്ള വാഗ്ദത്തത്തിൽ ആശ്രയിക്കുകയും പുനരുത്ഥാനത്തിന്റെ പ്രത്യാശയോടെ മരിക്കയും ചെയ്തു. ദൈവപുത്രൻ ഇപ്പോൾ മനുഷ്യന്റെ പരാജയത്തെയും വീഴ്ചയെയും വീണ്ടെടുത്ത് തന്റെ പാപപരിഹാര പ്രവർത്തനത്തിലൂടെ ആദാമിനു തന്റെ പൂർവ്വ അവകാശം വീണ്ടും നല്കിയിരിക്കുകയാണ്.





# പറഞ്ഞറിയിക്കുവാൻ കഴിയാത്ത സന്തോഷം

***വിശ്വാസത്തിന്റെ നായകനും പൂർത്തി വരുത്തുന്നവനുമായ യേശുവിനെ നോക്കുക; തന്റെ മുമ്പിൽ വെച്ചിരുന്ന സന്തോഷം ഓർത്തു അവൻ അപമാനം അലക്ഷ്യമാക്കി ക്രൂശിനെ സഹിക്കയും ദൈവ സിംഹാസനത്തിന്റെ വലതുഭാഗത്തു ഇരിക്കയും ചെയ്തു. എബ്രായർ 12:2.***

"എന്റെ സന്തോഷം നിങ്ങളിൽ ഇരിപ്പാനും നിങ്ങളുടെ സന്തോഷം പൂർത്തിയാകുവാനും ഞാൻ ഇതു നിങ്ങളോടു സംസാരിക്കുന്നു" യോഹ. 15:11.

ക്രിസ്തു തന്റെ ദൗത്യത്തിന്റ ഫലം എല്ലായ്പ്പോഴും തന്റെ മുമ്പിൽ കണ്ടിരുന്നു. അവന്റെ ഇഹലോകവാസത്തിലുടനീളം കഷ്ടതയും, സ്വയത്യാഗവും നിറഞ്ഞിരുന്നു. അവന്റെ കഷ്ടപ്പാടുകൾ വ്യർഥാവാകയില്ല എന്ന ചിന്ത അവനെ സന്തോഷിപ്പിച്ചു. അവൻ തന്റെ സ്വന്തജീവനെ മനുഷ്യന്റെ ജീവനുവേണ്ടി മറുവിലയായി കൊടുക്കുന്നതിലൂടെ മനുഷീകതയെ ദൈവത്തിന്റെ സാദൃശ്യത്തിൽ വീണ്ടെടുക്കുവാൻ അവനു കഴിയും. അവൻ അവരെ പൊടിയിൽ നിന്നുയർത്തി, അവരുടെ സ്വഭാവത്തെ തന്റെ തന്നെ സ്വഭാവത്തോട് അനുരൂപപ്പെടുത്തി, അവന്റെ തേജസ്സിനാൽ അവനെ സൗന്ദര്യവാനാക്കിത്തീർക്കും.

ക്രിസ്തു തന്റെ ആത്മാവിന്റെ കഷ്ടതയുടെ ഫലം കാണുകയും സംതൃപ്തനാകുകയും ചെയ്തു. അവൻ നിത്യതയുടെ വിശാലത വീക്ഷിച്ച് തന്റെ താഴ്ചയിലൂടെ ക്ഷമയും നിത്യജീവനും പ്രാപിക്കുന്ന അനേകരെ കാണുകയും ചെയ്തു. "അവൻ നമ്മുടെ അതിക്രമങ്ങൾ നിമിത്തം മുറിവേറ്റും നമ്മുടെ അകൃത്യങ്ങൾ നിമിത്തം തകർന്നുമിരിക്കുന്നു; നമ്മുടെ സമാധാനത്തിനായുള്ള ശിക്ഷ അവന്റെ മേലായി, അവന്റെ അടിപ്പിണരുകളാൽ നമുക്കു സൗഖ്യം വന്നുമിരിക്കുന്നു." വീണ്ടെടുക്കപ്പെട്ടവരുടെ ആർപ്പുവിളി അവൻ കേട്ടു. വീണ്ടെടുക്കപ്പെട്ടവർ മോശെയുടെയും കുഞ്ഞാടിന്റെയും പാട്ടു പാടുന്നതും അവൻ കേട്ടു. അവൻ രക്തത്താൽ ആദ്യം സ്നാനമേല്ക്കണമെങ്കിലും, ലോകത്തിന്റെ പാപം കുറ്റമില്ലാത്ത അവന്റെ മേലായിരുന്നു എങ്കിലും, പറഞ്ഞറിയിക്കുവാൻ കഴിയാത്ത കഷ്ടതകൾ അവന്റെ മേലായിരുന്നു എങ്കിലും അവന്റെ മുമ്പിൽവെച്ച സന്തോഷത്തെ ഓർത്തു അപമാനം അലക്ഷ്യമാക്കി ക്രൂശിനെ സഹിക്കുവാൻ തിരഞ്ഞെടുത്തു.

ഈ ഒരു സന്തോഷത്തിൽ അവന്റെ അനുഗാമികൾ പങ്കുചേരണം. എത്ര മഹത്വകരമായ സൗഭാഗ്യമാണു വരുവാനിരിക്കുന്നത്. നമ്മുടെ പ്രതിഫലം എല്ലാം അന്ത്യകാല വീണ്ടെടുപ്പുവരെ കരുതിവെച്ചിരിക്കുന്നില്ല. നമുക്ക് ഇവിടെ അവനിലുള്ള വിശ്വാസത്താൽ രക്ഷകന്റെ സന്തോഷത്തിൽ പ്രവേശിക്കുവാൻ സാധിക്കും.

അവനെ സ്വീകരിച്ചവർക്കൊക്കെയും ദൈവമക്കളാകുവാൻ അവൻ അധികാരം കൊടുക്കുകയും നിത്യതയിൽ അവനോടൊത്തു വാഴുവാൻ പിന്നെത്തേതിൽ അവരെ തന്നോടു ചേർക്കുകയും ചെയ്യും. അവരുടെ ആയുഷ്ക്കാലത്ത് അവർ അവനു വിശ്വസ്തരായിരുന്നാൽ, അവസാനത്തിൽ അവർ ദൈവത്തിന്റെ മുഖം കാണും" അവന്റെ നാമം അവരുടെ നെറ്റി മേലിരിക്കും" വെളി. 22:4.

ദൈവത്തെ കാണുന്നതുപോലെ മറ്റെന്തു സന്തോഷമാണ് സ്വർഗ്ഗത്തിലുള്ളത്? ക്രിസ്തുവിന്റെ കൃപയാൽ രക്ഷപ്രാപിച്ച പാപികൾ പിതാവിന്റെ സന്മുഖം ദർശിക്കുന്നതും അവനെ പിതാവായി അംഗീകരിക്കുന്നതും അല്ലാതെ എന്തു വലിയ സന്തോഷമാണ് ഉള്ളത്?

# വീണ്ടെടുക്കപ്പെട്ടവരുടെ കൃതജ്ഞത

*രാജാവ് അവരോടു: എന്റെ ഈ ഏറ്റവും ചെറിയ സഹോദരന്മാരിൽ ഒരുത്തന്നു നിങ്ങൾ ചെയ്തേടത്തോളം എല്ലാം എനിക്കു ചെയ്തു എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു എന്നു അരുളിച്ചെയ്യും. മത്താ. 25:40.*

ദൈവജനത്തോടുള്ള നമ്മുടെ സ്നേഹവായ്പോടെയുള്ള പെരുമാറ്റങ്ങൾ ഒക്കെയും തന്നോടുതന്നെ ചെയ്തു എന്ന് കരുതുകയും അതിനു തക്ക പ്രതിഫലം പ്രാപിക്കുകയും ചെയ്യും.

"എന്റെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരേ വരുവിൻ, വന്നു ലോകസ്ഥാപനം മുതൽ നിങ്ങൾക്കായൊരുക്കിയിരിക്കുന്ന രാജ്യം അവകാശമാക്കിക്കൊൾവിൻ." എന്റെ പിതാവിന്റെ സന്തോഷത്തിൽ പ്രവേശിപ്പിൻ എന്നുള്ള യേശുവിന്റെ സംഗീതാത്മകമായ ശബ്ദം ശ്രവിക്കുമ്പോൾ എല്ലാ കൊയ്ത്തുകാർക്കും എത്ര സംതൃപ്തിയുണ്ടാകും.

അവൻ ആവശ്യമില്ലാതെ മരണപ്പെടുകയാൽ വീണ്ടെടുപ്പുകാരന്റെ നാമം മഹത്വീകരിക്കപ്പെടും. സന്തോഷത്തോടും ആനന്ദിക്കുന്ന മനസ്സോടും ദൈവവേലയിൽ ദൈവത്തോടൊത്ത് കൂട്ടുവേലക്കാരായിരുന്നവർ, നശിച്ചുപോകുന്നവർക്കും മരിച്ചുപോകുന്ന പാപികൾക്കും വേണ്ടിയുള്ള തങ്ങളുടെ ആത്മാവിന്റെ ഫലം കാണുകയും സംതൃപ്തരാകുകയും ചെയ്യും. അവർ ചിലവഴിച്ച ആകാംക്ഷാഭരിതമായ നിമിഷങ്ങൾ, അവർക്ക് അഭിമുഖീകരിക്കേണ്ടിവന്ന വ്യത്യസ്ത സാഹചര്യങ്ങൾ, ചിലർ അവർക്കു ലഭിക്കേണ്ടതും അവർ കാണേണ്ടതുമായ സമാധാനം നിരസിച്ചതിലുണ്ടായ ദുഃഖം ഇവയെല്ലാം മറന്നുപോകും. ദൈവവേലയെ സഹായിക്കാൻ അവർ പരിശീലിച്ച സ്വയത്യാഗമൊന്നും ഇനി ഓർക്കുകയില്ല. അവർ യേശുവിന്നായി നേടുവാൻ ആഗ്രഹിച്ച ആത്മാക്കൾ നിത്യരക്ഷ പ്രാപിച്ചതായി അവർ കാണുമ്പോൾ, ദൈവത്തിന്റെ കൃപയും രക്ഷകന്റെ സ്നേഹവും ഒത്തുചേർന്ന നിമിഷങ്ങളിൽ സ്തുതിയുടെയും സ്തോത്രങ്ങളുടെയും ശബ്ദവീചികൾ സ്വർഗ്ഗീയ ഗോപുരങ്ങളിൽ മാറ്റൊലിക്കൊള്ളും.

സ്വർഗ്ഗം നമുക്ക് മുൻപിലുണ്ട്, അതിലെ നിവാസികളുടെ ഇടയിൽ യാതൊരു സംഘർഘവും ഉണ്ടായിരിക്കുകയില്ല.

വീണ്ടെടുക്കപ്പെട്ടവരുടെ സഭയെ നമുക്ക് കാണുവാനും യേശുവിന്റെ ശബ്ദം ഇപ്രകാരം ശ്രവിക്കുവാനും കഴിയും: "എന്റെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരേ വരുവിൻ വന്നു ലോകസ്ഥാപനം മുതൽ നിങ്ങൾക്കായി ഒരുക്കിയിരിക്കുന്ന രാജ്യം അവകാശമാക്കിക്കൊൾവിൻ." അപ്പോൾ നാം സ്വർണ്ണവീണകളെ സ്പർശിക്കുകയും സ്വർഗ്ഗത്തിൽ മനോഹരമായ ഗാനം ഉയരുകയും ചെയ്യും. നാം നമ്മുടെ സ്വർണ്ണക്കിരീടങ്ങളെ അവന്റെ പാദപീഠത്തിൽ സമർപ്പിക്കുകയും നമുക്കുവേണ്ടി എല്ലാത്തിനെയും ജയിച്ചവന് മഹത്വം കരേറ്റുകയും ചെയ്യും.

ഇവിടെ നമുക്ക് ഗ്രഹിക്കാൻ കഴിയാത്ത ചിലതുണ്ട്. തിരുവെഴുത്തിലെ ചില കാര്യങ്ങൾ നമുക്ക് ദുർഗ്രാഹ്യമായിരിക്കുന്നു, നമ്മുടെ ശോഷണം ഭവിച്ച ബുദ്ധിക്കു ഗ്രഹിക്കുവാൻ കഴിയാത്തതും ചിലതുണ്ട്. എന്നാൽ നമ്മുടെ രക്ഷകൻ ജീവജലത്തിന്നരികിലേക്ക് നമ്മെ നടത്തുമ്പോൾ ഇവയെല്ലാം വ്യക്തമായി നാം ഗ്രഹിക്കും.





# സ്വർഗ്ഗം പ്രാപിക്കുവാൻ എളുപ്പമാണ്

*എന്നാൽ അവനെ തകർത്തുകളവാൻ യഹോവെക്കു ഇഷ്ടം തോന്നി... അവൻ തന്റെ പ്രയത്നഫലം കണ്ടു തൃപ്തനാകും. യെശ. 53:10,11.*

ദൈവസ്നേഹം അളക്കുവാൻ കഴിയാത്തതും താരതമ്യപ്പെടുത്തുവാൻ കഴിയാത്തതും അതു അനന്തമായതുമാണ്... നാം ക്രിസ്തുവിന്റെ തേജസ്സിന്റെ മഹിമയെക്കുറിച്ചു ധ്യാനിക്കുമ്പോൾ നഷ്ടപ്പെട്ട ലോകത്തിന്റെ വീണ്ടെടുപ്പിനായി കാൽവറി ക്രൂശിൽ യാഗമാകുവാൻ സ്വയം ഏറ്റെടുത്ത ആ സ്നേഹം എത്ര വിലയേറിയതു എന്നു കാണുവാൻ സാധിക്കും. ഈ ഒരു ആശയം നിമിത്തം നിത്യതയിൽ അവന്റെ വിശുദ്ധന്മാർ വിസ്മയിക്കുകയും അതിശയത്താൽ നിറയുകയും ചെയ്യും. എന്തുകൊണ്ട് നമുക്കു ഈ ലോകത്തിൽ അവയെക്കുറിച്ചു ചിന്തിച്ചുകൂടാ?

ഓ! ദൈവഭക്തിയുടെ മർമ്മം – ദൈവം ജഡത്തിൽ വെളിപ്പെട്ടു. ഈ മർമ്മത്തെക്കുറിച്ചു നാം ചിന്തിക്കുമ്പോൾ അതു പെരുകുകയാണ്. അതു മനുഷ്യചിന്തയ്ക്കു യോഗ്യമല്ലായെങ്കിലും ക്രിസ്തുവിന്റെയും അവന്റെ അതുല്യമായ സ്നേഹത്തെയുംകുറിച്ചുള്ള ഒരു മങ്ങിയ വെളിച്ചം മർത്യരായവർക്ക് അനുവദിച്ചിട്ടുണ്ടെങ്കിലും, അവന്റെ ഈ ലോകചിന്ത അതിനു മാർഗ്ഗതടസ്സം സൃഷ്ടിക്കും. ദൈവത്തിന്റെ പ്രിയ പുത്രന്റെ മരണത്താൽ കാൽവറി ക്രൂശ് വെളിപ്പെടുത്തിയ സ്നേഹത്തിന്റെ ചിത്രം ഉണർത്തുവാൻ കഴിയാതെ എങ്ങനെ ഈ ലോകകാര്യങ്ങളിലും സാധാരണ കാര്യങ്ങളിലും ആഹ്ലാദിക്കുവാൻ കഴിയും?

ഈ ഹീനമായ ജനനവും വേദനയും സഹിച്ചതു പാപത്തിൽ ആണ്ടുപോയവരെയും അകൃത്യഭാരത്താൽ നിറഞ്ഞവരെയും അലഞ്ഞുതിരിഞ്ഞു നടന്നവരെയും നന്ദികെട്ടവരെയും പിതാവിന്റെ ഭവനത്തിൽ തിരികെ കൊണ്ടുവരുവാനായിരുന്നു. ഓ! അനുഗ്രഹിക്കപ്പെട്ടവരുടെ ഭവനം! അതു നഷ്ടപ്പെടുത്തുവാൻ എനിക്കു കഴിയുകയില്ല. ഞാൻ ദൈവരാജ്യത്തിൽ രക്ഷിക്കപ്പെട്ടു എത്തിച്ചേർന്നാൽ രക്ഷയെക്കുറിച്ചു ആഴമായി ആരായുമായിരുന്നു. വീണ്ടെടുക്കപ്പെട്ട വിശുദ്ധന്മാരെല്ലാം പിതാവിനെയും പുത്രനെയും കാണുകയും മുൻപിലത്തെക്കാൾ ഉപരിയായ അവരുടെ സ്നേഹത്തെ അഭിനന്ദിക്കുകയും അമർത്യരായവരുടെ നാവുകൾ സ്തുതിസ്തോത്രങ്ങൾ മുഴക്കുകയും ചെയ്യും. അവൻ നമ്മെ സ്നേഹിച്ചു അവന്റെ ജീവൻ നമുക്കു നൽകിയിരിക്കുന്നു. നമ്മുടെ തേജസ്സുള്ള ശരീരത്താലും ഉയർന്ന ചിന്തകളാലും ശുദ്ധിയുള്ള ഹൃദയങ്ങളാലും ശുദ്ധിയുള്ള അധരങ്ങളാലും അവന്റെ മാധുര്യമേറിയ വീണ്ടെടുപ്പിൻ സ്നേഹത്തെക്കുറിച്ചു നാം കീർത്തനം ചെയ്യും. സ്വർഗ്ഗത്തിൽ കഷ്ടതയില്ല! നിത്യതയെക്കുറിച്ചു പറഞ്ഞുമനസ്സിലാക്കി മാനസാന്തരപ്പെടുത്തുവാൻ അവിടെ നിരീശ്വരവാദികളില്ല. ദൂഷണം അവിടെയില്ല. മറിച്ച് എല്ലാവരും ജ്ഞാനം പകരുന്ന സ്നേഹമുള്ളവരാണ്. അങ്ങനെ നമുക്കൊരു സ്വസ്ഥത ദൈവം ഒരുക്കിയിരിക്കുകയാൽ ദൈവത്തെ സ്തുതിക്കാം, അവിടെ യേശു തന്റെ വീണ്ടെടുക്കപ്പെട്ടവരെ പച്ച പുൽത്തകിടിയിലേക്കും നീരുറവകലേക്കും നയിക്കുകയും, ആ നഗരത്തിൽ എല്ലാവരും സന്തുഷ്ടരായിത്തീരുകയും ചെയ്യും. അപ്പോൾ യേശു തന്റെ പ്രാർത്ഥനയിൽ പിതാവിനോടു, "നീ എനിക്കു നൽകിയ മഹത്വം, നീ എനിക്കു തന്നിട്ടുള്ളവർ കാണേണ്ടതിന്നു ഞാൻ ഇരിക്കുന്ന ഇടത്തു അവരും എന്നോടുകൂടെ ഇരിക്കണം എന്നു ഞാൻ ഇച്ഛിക്കുന്നു. ഈ പ്രാർത്ഥനയുടെ ഉത്തരം അന്നു ലഭിക്കും.

# അവസാനം ഭവനത്തിൽ എത്തിച്ചേർന്നിരിക്കുന്നു

***നന്നു, നല്ലവനും വിശ്വസ്തനുമായ ദാസനേ, നീ അല്പത്തിൽ വിശ്വസ്തനായി രുന്നു; ഞാൻ നിന്നെ അധികത്തിനു വിചാരകനാക്കും; നിന്റെ യജമാനന്റെ സന്തോ ഷത്തിലേക്കു പ്രവേശിക്ക എന്നു അവനോടു പറഞ്ഞു. മത്താ. 25:21.***

നിന്റെ ഹൃദയം ഭൂമിയുടെ സൗന്ദര്യത്തിൽ ആകൃഷ്ടമായിരിക്കുമ്പോൾ, വരുവാനുള്ള ലോകത്തെക്കുറിച്ചോർക്കുക. അവിടെ പാപത്തിന്റെ കണിയോ മരണമോ ഒരുനാളും ഉണ്ടാകുകയില്ല. അവിടെ ശാപത്തിന്റെ നിഴൽപോലും ഏശുകയില്ല. ആകയാൽ നിങ്ങളുടെ ചിന്ത രക്ഷിക്കപ്പെട്ടവരുടെ വാസസ്ഥലത്തെക്കുറിച്ചായിരിക്കട്ടെ! നിങ്ങളുടെ ഉയർന്ന മനസ്സിൽ ചിത്രീകരിക്കുവാൻ കഴിയുന്നതിനെക്കാൾ മഹത്വമുള്ളതാണ് അതു എന്നു നിങ്ങൾ ഓർക്കുക. പ്രകൃതിയിലുള്ള ദൈവത്തിന്റെ ദാനത്തിൽ നിന്നും ഒരു പക്ഷെ നമുക്കു അതിന്റെ ഒരു മങ്ങിയ മഹത്വം ലഭ്യമാകും. ഈവണ്ണം എഴുതിയിരിക്കുന്നു: "ദൈവം തന്നെ സ്നേഹിക്കുന്നവർക്കു ഒരുക്കിയിട്ടുള്ളത് കണ്ണു കണ്ടിട്ടില്ല ചെവി കേട്ടിട്ടില്ല, ഒരു മനുഷ്യന്റെയും ഹൃദയത്തിൽ തോന്നീട്ടുമില്ല" 1 കൊരി. 2:9.

കാലക്രമത്തിൽ സ്വർഗ്ഗത്തിന്റെ വാതിലുകൾ ദൈവമക്കൾക്കു പ്രവേശിക്കുവാൻ തുറക്കപ്പെടുകയും മഹത്വത്തിന്റെ രാജാവിൽ നിന്നും "എന്റെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരേ, വരുവിൻ; വന്നു ലോകസ്ഥാപനം മുതൽ നിങ്ങൾക്കായി ഒരുക്കിയിരിക്കുന്ന രാജ്യം അവകാശമാക്കിക്കൊൾവിൻ" (മത്താ. 25:34) എന്നുള്ള ഇമ്പമേറിയ ആശീർവ്വാദം അവരുടെ കാതുകളിൽ മുഴങ്ങും. അപ്പോൾ വീണ്ടെടുക്കപ്പെട്ടവർക്കു യേശു ഒരുക്കുന്ന ഭവനത്തിലേക്കു പ്രവേശനം ലഭിക്കും.

അപ്പോൾ യേശു നഗരകവാടത്തിലേക്കു വീണ്ടെടുക്കപ്പെട്ട കൂട്ടത്തെ നയിക്കുന്നതു ഞാൻ കണ്ടു. യേശു നഗര കവാടം തുറന്ന് സത്യം കാത്തവരോടു പ്രവേശിപ്പിൻ എന്നു പറഞ്ഞു. അവിടെ കണ്ണിനു കാണുവാനുള്ള എല്ലാം ഉണ്ടായിരുന്നു. അവിടെ എല്ലാം മഹത്വമേറിയതായി കാണപ്പെട്ടു. അപ്പോൾ യേശു തന്റെ വീണ്ടെടുക്കപ്പെട്ട വിശുദ്ധന്മാരെ നോക്കി; അവരുടെ മുഖം തേജസ്സിനാൽ ശോഭിതമായിരുന്നു. യേശു തന്റെ ആത്മാവിന്റെ കഷ്ടതയുടെയും വേദനയുടെയും ഫലം കണ്ടു തൃപ്തനായിരിക്കുന്നു എന്ന് പ്രതിവചിച്ചു. നിത്യതയിൽ ലഭിക്കുന്ന ഈ മഹത്വകരമായ സന്തോഷം നിങ്ങളുടേതാണ്. നിങ്ങളുടെ ദുഃഖം അവസാനിച്ചിരിക്കുന്നു. ഇനി മരണമില്ല; ദുഃഖമില്ല, കണ്ണുനീരും വേദനയും ഒട്ടുമില്ല! എല്ലാം മാറിപ്പോയി.

സ്വർഗ്ഗത്തെക്കുറിച്ചു വർണ്ണിക്കുവാൻ നാവുകൾക്കു കഴിയുകയില്ല. ദൃശ്യങ്ങൾ എന്റെ മുമ്പാകെ കടന്നുപോകുമ്പോൾ ഞാൻ വിസ്മയത്താൽ മതിമറന്നുപോയി. മികച്ചു നില്ക്കുന്ന മഹത്വവും തേജസ്സും എന്റെ തൂലിക താഴെ വെച്ച് എന്നെ ഉന്നതിയിൽ എത്തിച്ചപ്പോൾ ഞാൻ ഇപ്രകാരം ആശ്ചര്യപ്പെട്ടു: ഓ! എത്ര സ്നേഹം! എത്ര അതിശയകരമായ സ്നേഹം! സ്വർഗ്ഗത്തെക്കുറിച്ചു നാം എത്ര അതിശയോക്തിയുള്ള വാക്കുകൾ പ്രയോഗിച്ചാലും സ്വർഗ്ഗത്തിന്റെ മഹത്വത്തെക്കുറിച്ചോ യേശുവിന്റെ അനന്തമായ സ്നേഹത്തെക്കുറിച്ചോ അതിന്റെ ആഴത്തെക്കുറിച്ചോ വർണ്ണിക്കുവാൻ സാധ്യമല്ല.





# സ്വർഗ്ഗത്തിലേക്കു കയറുമ്പോൾ ഉള്ള ആശ്ചര്യം

***അവന്റെ മുഖമോ പൊക്കമോ നോക്കരുത്; ഞാൻ അവനെ തള്ളിയരിക്കുന്നു. മനുഷ്യൻ നോക്കുന്നതുപോലെയല്ല; മനുഷ്യൻ കണ്ണിനു കാണുന്നതു നോക്കുന്നു; യഹോവയോ ഹൃദയത്തെ നോക്കുന്നു എന്നു അരുളിചെയ്തു. 1 ശമു. 16:7.***

നാം പ്രത്യാശയില്ലാത്തവരെപ്പോലെ ചിലപ്പോൾ ചിന്തിക്കാറുണ്ട്. എന്നാൽ ക്രിസ്തു നമ്മെ അവങ്കലേക്കു ആകർഷിക്കുന്നു. ഇവർ സ്വർഗ്ഗത്തിൽ പ്രവേശിക്കുകയില്ല എന്നു അയൽക്കാർ കരുതിയ പലരും അവിടെ കാണും. മനുഷ്യൻ പുറമെയുള്ളതു നോക്കുന്നു എന്നാൽ ദൈവമോ ഹൃദയത്തെ തൂക്കി നോക്കുന്നു.

വീണ്ടെടുക്കപ്പെട്ടവരിൽ ചിലർ അവരുടെ ജീവിതത്തിന്റെ അവസാന മണിക്കൂറിൽ മാത്രമാണ് ക്രിസ്തുവിനെ മുറുകെ പിടിച്ചതു, ആയതിനാൽ അവർക്കു രക്ഷാപദ്ധതിയെക്കുറിച്ചുള്ള പൂർണ്ണമായ പഠനം സ്വർഗ്ഗത്തിൽ ലഭ്യമാകും.

കാൽവറി ക്രൂശിൽ വേദനയാൽ കഷ്ടത അനുഭവിച്ചപ്പോൾ യേശുവിനു ചെറിയ തോതിൽ ആശ്വാസം ലഭിച്ചു. അതു അനുതാപത്തിൽ കഴിഞ്ഞ കള്ളന്റെ പ്രാർത്ഥനയായിരുന്നു. കാൽവറിയിൽ, മുറിവുകളേറ്റു. പരിഹാസത്തിനു വിഷയമായ യേശുവിൽ അവൻ കണ്ടതു, ലോകത്തിന്റെ പാപം ചുമക്കുന്ന ദൈവത്തിന്റെ കുഞ്ഞാടിനെ ആയിരുന്നു. വേദന കലർന്ന ആ ശബ്ദത്തിൽ പ്രത്യാശ നിഴലിച്ചിരുന്നു. മരിച്ചുകൊണ്ടിരുന്നതും നിസ്സഹായാവസ്ഥയിലുമായിരുന്ന അവൻ തന്നെത്താൻ രക്ഷകനിൽ അർപ്പിച്ചു. അവൻ ഈവണ്ണം കർത്താവിനോടു നിലവിളിച്ചു: "യേശുവേ, നീ രാജത്വം പ്രാപിച്ചു വരുമ്പോൾ എന്നെ ഓർത്തുകൊള്ളേണമേ! വളരെ പെട്ടെന്നുതന്നെ അതിനു മറുപടിയുണ്ടായി. നിശ്ചയമായും ഇന്നു ഞാൻ നിന്നോടു പറയുന്നു, നീ എന്നോടുകൂടെ പറുദീസയിൽ ഇരിക്കും. ഈ വിശ്വാസത്തെ, പതിനൊന്നാം മണിക്കു വേലക്കു വന്നവർക്കും അനേക മണിക്കൂർ വേല ചെയ്തവർക്കും ഒരേപോലെ പ്രതിഫലം ലഭിച്ചതിനെ ചിത്രീകരിക്കുന്നു. ക്രൂശിലെ കള്ളൻ, മനോവേദനയോടെ പശ്ചാത്താപ വിവശനായി, വിശ്വാസത്താൽ കർത്താവിനോടു അപേക്ഷിച്ചു. അവൻ കർത്താവിനു തന്നെ രക്ഷിക്കുവാൻ കഴിയും എന്ന പൂർണ്ണ വിശ്വാസം ഉള്ളവനായി ആത്മാർത്ഥതയോടു ചോദിച്ചു.

ന്യായവിധിയിൽ യേശുവിന്റെ പുകഴ്ച പ്രാപിക്കുന്നവർക്കു ദൈവശാസ്ത്രത്തിൽ നാമമാത്രമായ പരിജ്ഞാനമേ ഉള്ളു എങ്കിലും അവർ അവന്റെ ആദർശങ്ങളെ മുറുകെ പിടിച്ചവരും അതിനെ വളർത്തിയവരുമായിരിക്കും. ജാതികളുടെ ഇടയിൽ, അറിയാതെ ദൈവത്തെ ആരാധിക്കുന്ന അനേകരുണ്ട്. അവരെ ഈ ദൈവത്തെക്കുറിച്ച് അറിയിക്കുവാൻ ആരുമുണ്ടായിരുന്നില്ല. തന്മൂലം അവർ നശിക്കുകയില്ല. ദൈവത്തിന്റെ എഴുതപ്പെട്ട കല്പനയുടെ ജ്ഞാനം അവർക്കില്ലയെങ്കിലും പ്രകൃതിയിലൂടെ ദൈവശബ്ദം അവർ കേൾക്കുകയും ന്യായപ്രമാണാനുസരണം അവൻ ജീവിക്കുകയും ചെയ്യുന്നു. അവരുടെ പ്രവൃത്തി, പരിശുദ്ധാത്മാവ് അവരുടെ ഹൃദയത്തെ സ്പർശിച്ചു എന്നുള്ളതിനു തെളിവു നല്കുകയും അവർ ദൈവത്തിന്റെ മക്കളാണെന്ന് തിരിച്ചറിയുകയും ചെയ്യുന്നു.

"ഈ ഏറ്റവും ചെറിയവരിൽ ഒരുത്തനു നിങ്ങൾ ചെയ്തിടത്തോളമെല്ലാം എനിക്കു ആകുന്നു ചെയ്തത്" എന്ന വാക്കുകൾ രാഷ്ട്രങ്ങളുടെയും ജാതികളുടെയും ഇടയിൽ താഴ്മ ധരിച്ചവർ രക്ഷകന്റെ അധരങ്ങളിൽനിന്നും കേൾക്കുക എന്നത് എത്ര ആനന്ദപ്രദവും ആശ്ചര്യകരവുമായിരിക്കും. അവന്റെ അംഗീകാരത്തിന്റെ വാക്കുകൾ കേട്ട് ആശ്ചര്യത്തോടും ആനന്ദത്തോടും മുകളിലേക്കു നോക്കുമ്പോൾ അനന്തമായ സ്നേഹത്തിനുടമയായ ഹൃദയം എത്രയധികം സന്തോഷിക്കും.

# സംതൃപ്തിയേകുന്ന ഉത്തരങ്ങൾ

***ആകാശം ഭൂമിക്കുമീതെ ഉയർന്നിരിക്കുന്നതുപോലെ എന്റെ വഴികൾ നിങ്ങളുടെ വഴികളിലും എന്റെ വിചാരങ്ങൾ നിങ്ങളുടെ വിചാരങ്ങളിലും ഉയർന്നിരിക്കുന്നു. യെശ. 55:9.***

നമ്മുടെ പദ്ധതികൾ എല്ലായ്പ്പോഴും ദൈവത്തിന്റെ പദ്ധതികളല്ല. അവൻ നമുക്കുവേണ്ടി കരുതുന്നവനായിരിക്കയാലും നമ്മിൽ താല്പര്യമുള്ളവനായിരിക്കയാലും നാം നമ്മെ അറിയുന്നതിനെക്കാളുപരി നമ്മെ അറിയുകയും സ്വാർത്ഥതയോടെയുള്ള നമ്മുടെ ആഗ്രഹങ്ങളുടെ സംതൃപ്തിക്കായി നമ്മെ അനുവദിക്കാതിരിക്കുകയും ചെയ്യുന്നു. തന്മൂലം നാം എല്ലായ്പ്പോഴും നമ്മുടെ പദ്ധതികൾ ആവിഷ്ക്കരിക്കുവാൻ കഴിയാതെ പരാജിതരായിത്തീരുന്നു. എന്നാൽ ദൈവത്തിന്റെ പദ്ധതികൾ വിജയം പ്രാപിക്കും.

ഭാവിജീവിതത്തിൽ നമ്മെ കോപിപ്പിച്ചതും, നിരാശയിലാഴ്ത്തിയതുമായ മർമ്മരഹസ്യങ്ങൾ വ്യക്തമാക്കപ്പെടും. ഉത്തരം ലഭിക്കാത്ത പ്രാർത്ഥനകളും നാം ആശ നഷ്ടമാക്കിയ വിചാരങ്ങളും നമ്മുടെ ഏറ്റവും വലിയ അനുഗ്രഹമായിരുന്നു എന്നും നാം കാണും. ദൈവത്തിന്റെ മർമ്മങ്ങളെ ഗ്രഹിക്കുവാൻ തക്കവണ്ണമുള്ള ആത്മീകതയിൽ നാം ഇപ്പോഴും എത്തിയിട്ടില്ല. എന്നാൽ നാം സ്വർഗ്ഗീയ കുടുംബത്തിൽ ഒന്നായിത്തീരുമ്പോൾ, ഈ മർമ്മങ്ങൾ നമുക്കു മുമ്പിൽ തുറക്കപ്പെടും. അപ്പോൾ വളരെ കൂടുതൽ കാര്യങ്ങൾ വിവരിക്കപ്പെടും. ദൈവം ചില കാര്യങ്ങൾ മറച്ചുവച്ചിരിക്കുന്നതിന് കാരണം നാം അത്രമാത്രം പ്രാപിക്കാത്തതിനാലാണ്. കൂട്ടിവരുത്തുമ്പോൾ നിത്യതയുടെ മർമ്മങ്ങളും ദൈവത്തിന്റെ കരുതലും കർത്താവായ യേശുക്രിസ്തുവിലൂടെയുള്ള കൃപയുടെ മർമ്മവും നമുക്ക് വെളിപ്പെടും. ഇന്നു നമുക്ക് ഗ്രഹിക്കുവാനും മനസ്സിലാക്കുവാനും പ്രയാസമായ കാര്യങ്ങൾ അന്നു വിവരിക്കപ്പെടും. നമുക്കു വിവരിക്കുവാൻ കഴിയാത്തതെല്ലാം ഓരോന്നായി ക്രമത്തിൽ ഗ്രഹിക്കുകയും അവർണ്ണനീയമായ എല്ലാത്തിനും ഒരു ക്രമം ഉണ്ട് എന്നും അന്ന് നാം ഗ്രഹിക്കും. പരിജ്ഞാനത്തിലും നന്മയിലും കൃപാദാനങ്ങളിലും മറഞ്ഞിരിക്കുന്നതെല്ലാം വെളിവാക്കപ്പെടും. സത്യത്തെ വളരെ വ്യക്തമായി അതിന്റെ നിരയിലും ശോഭയിലും ഗ്രഹിക്കത്തക്കവിധം കാണും. എല്ലാ പ്രതിസന്ധികളും അസ്തമിച്ച്, എല്ലാ പ്രതികൂല സാഹചര്യങ്ങളും പരിഹരിക്കപ്പെടുകയും, എല്ലാ ഹൃദയങ്ങളും സന്തോഷത്താൽ മതിമറന്നു പാടുകയും ചെയ്യും.

വരുവാനുള്ള ലോകത്ത് ദൈവത്തിന്റെ കരുതലിനെക്കുറിച്ച് നമ്മെ അമ്പരപ്പിക്കുന്നതെല്ലാം വ്യക്തമാക്കപ്പെടും. ഗ്രഹിക്കുവാൻ പ്രയാസമുള്ളതൊക്കെയും അന്നു വിവരിക്കപ്പെടും. കൃപയുടെ രഹസ്യങ്ങൾ അന്നു തുറക്കപ്പെടും. അവിടെ ഏറെ പരിശ്രമിക്കുന്ന അനുഭവങ്ങളെയാണ് അനന്തമായ സ്നേഹം ആവശ്യപ്പെടുന്നത് എന്ന് നമുക്കറിയുവാൻ കഴിയും. നമ്മുടെ നന്മക്കെല്ലാമായി കൂടി വ്യാപരിക്കുന്ന അവന്റെ ആർദ്രകരുതൽ നാം മനസ്സിലാക്കുമ്പോൾ, പറഞ്ഞറിയിക്കുവാൻ കഴിയാത്ത മഹത്വത്തിന്റെ നിറവിന്റെ സന്തോഷത്താൽ നമുക്ക് ആനന്ദിക്കുവാൻ കഴിയും.





# ഉയരത്തിലുള്ളതിനെ സ്നേഹിപ്പിൻ

***ഭൂമിയിലുള്ളതല്ല ഉയരത്തിലുള്ളതു തന്നെ ചിന്തിപ്പിൻ. കൊലൊ. 3:2***

ദൈവജനം ലോകത്തിലുള്ളതിൽനിന്നും ഞങ്ങളുടെ ശ്രദ്ധയെ സ്വർഗ്ഗത്തിലേക്കും സ്വർഗ്ഗത്തിലുള്ളതിലേക്കും തിരിക്കുമ്പോൾ അവർ ഒരു ശ്രേഷ്ഠജനമായിരിക്കും. എന്തെന്നാൽ ദൈവം തന്റെ മക്കളോടു കാണിക്കുന്ന കൃപയും നന്മയും ദയയും കാണുവാൻ അവർക്കു കഴിയും. അവന്റെ സ്നേഹവിളിയോട് പ്രതികരിക്കുന്നവരും ഭൂമിയിലുള്ളതിനെയല്ല ഉയരത്തിലുള്ളതിനെ തന്നെ ചിന്തിക്കുന്നവരെന്നും അവർക്കു ചുറ്റുമുള്ളവർ അറിയും.

സ്വർഗ്ഗത്തെക്കുറിച്ച് നാം ചിന്തിക്കുമ്പോൾ നമ്മുടെ ഭാവനകളെ കഴിയുന്നതിലുപരിയായി രൂപാന്തപ്പെടുത്തുകയും നമുക്കു ചിന്തിക്കുവാൻ കഴിയുന്നത്ര മഹത്വമുള്ളതു ചിന്തിക്കുകയും ആ വിഷയത്തിന്റെ ആഴവും വീതിയും നീളവും അളക്കുവാൻ കഴിയാതെ നമ്മുടെ മനസ്സു തളർന്നുപോകുകയും ചെയ്തേക്കാം. നിത്യതയെക്കുറിച്ചുള്ള വൻ കാര്യങ്ങളെ ആരായുവാൻ നമ്മുടെ മനസ്സിന് അസാദ്ധ്യമാണ്. ഈ ഒരു കാര്യത്തെക്കുറിച്ചു മനസ്സിലാക്കുവാൻ ഒരു പ്രയത്നം നടത്തുവാൻപോലും നമുക്ക് അസാദ്ധ്യമാണ്. നമ്മുടെ സ്വഭാവങ്ങളെ നന്മയ്ക്കായി രൂപീകരിച്ച്. ദൈവശക്തിയാൽ ഉയർത്തപ്പെടുന്ന ഒരു സ്വാധീനം നമ്മുടെ മനസ്സുകൾക്ക് ഉണ്ടായിട്ടില്ലെങ്കിൽ ക്രിസ്തു വീണുപോയ മനുഷ്യർക്കുവേണ്ടി മരിക്കാൻ എങ്ങനെ നമ്മുടെ ലോകത്തുവന്നു എന്ന് ചിന്തിക്കുമ്പോൾ നമ്മുടെ വീണ്ടെടുപ്പിനായി കർത്താവു കൊടുത്ത വിലയെക്കുറിച്ച് ചില കാര്യങ്ങൾ നാം മനസ്സിലാക്കുകയും ദൈവത്തെക്കൂടാതെ ഒരു നന്മയോ മഹിമയോ ഉണ്ടാകുന്നില്ല എന്നു ഗ്രഹിക്കുകയും ചെയ്യുന്നു.

കാൽവറി ക്രൂശിലെ വെളിച്ചത്താൽ മാത്രമെ എത്രമാത്രം പാപത്തിന്റെ ആഴങ്ങളിലേക്കും അധഃപതനത്തിലേക്കും മാനവരാശി വീണുപോയിയെന്ന് ഗ്രഹിക്കുവാൻ കഴിയുകയുള്ളു. നമ്മെ മുകളിലേക്ക് ഉയർത്തുവാൻ സ്വർഗ്ഗത്തിൽ നിന്നു താഴേക്കിട്ട ചങ്ങലയുടെ നീളത്താൽ അല്ലാതെ നാം എന്തുമാത്രം ആഴത്തിൽ താണുപോയി എന്ന് അളക്കുവാൻ സാധ്യമല്ല. കാണുവാൻ കഴിയാത്ത ഈ വസ്തുതയെ ഗ്രഹിക്കുവാൻ കഴിഞ്ഞെങ്കിൽ മാത്രമെ വീണ്ടെടുപ്പിന്റെ അത്ഭുതകാര്യങ്ങളെ മനസ്സിലാക്കുവാൻ കഴിയുകയുള്ളു.

നാം ഏറെക്കുറെ നമ്മുടെ ഭവനത്തിൽ ആയിരിക്കുന്നു. അധികം താമസിയാതെ, നിന്റെ പോരാട്ടം അവസാനിപ്പിച്ചിരിക്കുന്നു എന്ന നമ്മുടെ രക്ഷകന്റെ ഇമ്പമേറിയ സ്വരം കേൾക്കുവാൻ സാധിക്കും. നിന്റെ കർത്താവിന്റെ സന്തോഷത്തിൽ പ്രവേശിപ്പിൻ എന്നും അനുഗ്രഹിക്കപ്പെട്ടവരേ വരുവിൻ, എന്നുമുള്ള വിളി അവന്റെ അമർത്യതയുള്ള അധരങ്ങളിൽനിന്നും കേൾക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. സിംഹാസനത്തിൽ ഇരിക്കുന്നവനെ ആദരിക്കുവാൻ ആഗ്രഹിക്കുന്നു. ഞാൻ അവനെ സ്തുതിക്കുവാൻ ആഗ്രഹിക്കുന്നു. സ്വർഗ്ഗത്തിന്റെ പ്രാകാരങ്ങളിലൂടെ എന്റെ ശബ്ദം വീണ്ടും വീണ്ടും പ്രതിധ്വനിക്കുവാൻ ഞാൻ വാഞ്ഛിക്കുന്നു.

നിങ്ങൾ അവിടെ കാണുമോ? ദൈവമേ, വരുവാനുള്ള ലോകത്തിലെ ആനന്ദം രുചിച്ചറിയുവാൻ എന്നെ എല്ലാ നന്മകളാലും നിറച്ച് മുറ്റം വെടിപ്പാക്കി ശക്തീകരിച്ച് ബലപ്പെടുത്തേണമെ.

# വീണ്ടെടുക്കപ്പെട്ടവരുടെ പ്രതിഫലം

***ഒരുത്തൻ പണിത പ്രവൃത്തി നിലനില്ക്കും എങ്കിൽ അവനു പ്രതിഫലം കിട്ടും. 1 കൊരി. 3:14.***

വിശ്വസ്തതയോടെ വേല ചെയ്തവർ ദൈവത്തിന്റെയും കുഞ്ഞാടിന്റെയും സിംഹാസനത്തിനു ചുറ്റും കൂടിവരുമ്പോൾ അവരുടെമേൽ ചൊരിയുന്ന പ്രതിഫലം ഏറ്റവും മഹത്വകരമായിരിക്കും. യോഹന്നാൻ തന്റെ മർത്യാവസ്ഥയിൽ ദൈവത്തിന്റെ മഹത്വത്തെ ദർശിച്ചപ്പോൾ അതു സഹിക്കുവാനുള്ള ശക്തിയില്ലാതെ മരിച്ചവനെപ്പോലെ നിലത്തുവീണു. എന്നാൽ ദൈവജനം അമർത്യത ധരിക്കുമ്പോൾ അവനായിരിക്കുന്നതുപോലെ അവനെ കാണും" 1 യോഹ. 3:2. അവർ തന്റെ സ്നേഹത്താൽ ചേർക്കപ്പെടുകയും സിംഹാസനത്തിനു മുമ്പാകെ നില്ക്കുകയും ചെയ്യും. അവരുടെ പാപങ്ങളെല്ലാം മായിച്ചുകളയുകയും അവരുടെ ലംഘനങ്ങളൊക്കെയും മോചിക്കപ്പെടുകയും ചെയ്യും. ഇപ്പോൾ അവർക്കു ദൈവത്തിന്റെ മങ്ങലേൽക്കാത്ത തേജസ്സിന്റെ സിംഹാസനത്തെ ദർശിക്കുവാൻ കഴിയും. അവർ കർത്താവിന്റെ കഷ്ടതയിൽ അവനോടൊപ്പമുണ്ടായിരുന്നവരും, രക്ഷാപദ്ധതിയിൽ അവനോടുകൂടെ പങ്കുവഹിച്ചതും രക്ഷിക്കപ്പെട്ട് ദൈവരാജ്യം പ്രാപിച്ച ആത്മാക്കളെ കണ്ടു അവരോടൊത്തു സന്തോഷിക്കുന്നവരും ദൈവത്തെ നിത്യത മുഴുവൻ സ്തുതിക്കുന്നവരുമായിരിക്കും. ആ ദിവസത്തിൽ വീണ്ടെടുക്കപ്പട്ടവർ പിതാവിന്റെയും പുത്രന്റെയും തേജസ്സിനാൽ പ്രകാശിക്കും. ദൂതന്മാർ വീണകൾ മീട്ടി തങ്ങളുടെ രാജാവിനെയും അവന്റെ വിജയത്തിന്റെ പ്രതിഫലത്തെയും സ്വീകരിക്കും. വിജയത്തിന്റെ ഒരു പാട്ടു പുറപ്പെടുകയും, അതു സ്വർഗ്ഗത്തിൽ നിറയുകയും ചെയ്യും. "ക്രിസ്തു ജയം പ്രാപിച്ചു". അവൻ തന്റെ യാതനയും ദൗത്യവും ത്യാഗവും വൃഥാവായിട്ടില്ല എന്നു സാക്ഷ്യം വഹിച്ചു വീണ്ടെടുക്കപ്പെട്ടവരുമായി സ്വർഗ്ഗത്തിൽ പ്രവേശിക്കും....

ഭൂമിയിൽ പരദേശികളായി പാർത്തവർക്ക് അവിടെ ഭവനങ്ങളുണ്ട്. തേജസ്സിന്റെ കിരീടത്തോടും ജയത്തിന്റെ കുരുത്തോലയോടുംകൂടി നീതിമാനവിടെ നീതിയിൻ വസ്ത്രമുണ്ട്. ദൈവകരുതലിനെക്കുറിച്ച് നമ്മെ പരിഭ്രമിപ്പിച്ചു എല്ലാ കാര്യങ്ങളും വരുവാനുള്ള ലോകത്തിൽ വ്യക്തമായി ഗ്രഹിക്കുവാൻ നമുക്കു സാധിക്കും. നമുക്കു ഗ്രഹിക്കുവാൻ പ്രയാസമായ കാര്യങ്ങൾക്കും അവിടെ വ്യക്തമായ വിശദീകരണം ഉണ്ടാകും. കൃപയുടെ മർമ്മം നമ്മെ വെളിപ്പെടുത്തും. നമ്മുടെ പരിമിതമായ മനസ്സിനു ഗ്രഹിക്കുവാൻ കഴിയാതെപോയതും നിവൃത്തിയാകാത്തതുമായ വാഗ്ദത്തങ്ങൾ അവിടെ പൂർണത പ്രാപിക്കും. ഏറെ ശ്രമിക്കുന്ന അനുഭവങ്ങളാണ് അനന്തസ്നേഹം നമ്മോട് ആവശ്യപ്പെടുന്നത്. അങ്ങനെ നമ്മെ കരുതുന്നവൻ എല്ലാം നന്മയ്ക്കായി കൂട്ടിവരുത്തി എന്നു നാം കാണുമ്പോൾ നാവുകൾക്കു ഉച്ചരിപ്പാൻ കഴിയാത്ത സന്തോഷത്തിൽ നാം ആനന്ദിക്കുകയും അവന്റെ മഹിമയാൽ നിറയപ്പെടുകയും ചെയ്യും.

ആകയാൽ കർത്താവിന്റെ രണ്ടാം വരവിനുവേണ്ടി ഒരുങ്ങുവാൻ ഞാൻ നിങ്ങളെ ഉത്ബോധിപ്പിക്കുന്നു. ക്രിസ്തു വരുമ്പോഴുള്ള ന്യായവിധിക്കായി ഒരുങ്ങുവിൻ; വിശ്വാസികളുടെ കൂട്ടത്തിൽ സന്തോഷിക്കുവാനും അവനിൽ സന്തോഷം പ്രാപിക്കുന്നവരോടുകൂടെ നിങ്ങളും കാണപ്പെടുവാനും ഇടയാകട്ടെ!





# കണ്ണു കണ്ടിട്ടില്ല ചെവി കേട്ടിട്ടില്ല

***ദൈവം തന്നെ സ്നേഹിക്കുന്നവർക്ക് ഒരുക്കീട്ടുള്ളത് കണ്ണു കണ്ടീട്ടില്ല ചെവി കേട്ടീട്ടില്ല, ഒരു മനുഷ്യന്റെയും ഹൃദയത്തിൽ തോന്നീട്ടുമില്ല. 1 കൊരി. 2:9***

ദൈവത്തെ യഥാർത്ഥമായി സ്നേഹിക്കുന്നവർ മറ്റുള്ളവരുടെ അനുഗ്രഹത്തിനായി തങ്ങൾക്കു ദൈവം നല്കിയിരിക്കുന്ന താലന്തുകളെ വളർത്തിയെടുക്കുവാൻ ആഗ്രഹിക്കും. ആ നാൾ വരുമ്പോൾ സ്വർഗ്ഗത്തിന്റെ വാതിലുകൾ ഇവർക്കായി മലർക്കെ തുറക്കപ്പെടുകയും മഹത്വത്തിന്റെ രാജാവായവൻ അന്തിമ ആശീർവ്വാദവുമായി ഈവണ്ണം പറയും: "എന്റെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരേ വരുവിൻ! ലോകസ്ഥാപനം മുതൽ നിങ്ങൾക്കായി ഒരുക്കിയിരിക്കുന്ന രാജ്യം അവകാശമാക്കിക്കൊൾവിൻ" (മത്താ. 25:34). ഇങ്ങനെ വീണ്ടെടുക്കപ്പെട്ടവർ യേശു ഒരുക്കിയിരിക്കുന്ന വാസസ്ഥലങ്ങളിലേക്ക് ക്ഷണിക്കപ്പെടും. അവിടെ ഭൂമിയിലെ അവരുടെ സുഹൃത്തുക്കളെല്ലാം മറിച്ച് ദൈവീക സഹായത്താൽ സ്വഭാവശുദ്ധിയിൽ പൂർണ്ണരായവരായിരിക്കും ഉണ്ടാകുക. എല്ലാ പാപാനുരാഗത്തെയും എല്ലാ കുറവുകളെയും ക്രിസ്തുവിന്റെ രക്തത്താൽ നീക്കം ചെയ്യുകയും, സൂര്യനെക്കാൾ പതിന്മടങ്ങ് ശോഭിക്കുന്ന അവന്റെ തേജസ്സിന്റെ ശോഭയും മഹിമയും അവരുടെമേൽ പകരും. ഈ ബാഹ്യപ്രഭയെക്കാൾ കൂടുതലായി, സാന്മാർഗ്ഗീക സൗന്ദര്യവും അവന്റെ സ്വഭാവത്തിന്റെ പരിപൂർണ്ണതയും അവരിലൂടെ ശോഭിക്കും. ദൈവദൂതന്മാരുടെ മഹിമയും അവസരങ്ങളും പങ്കുവച്ചുകൊണ്ട് വെള്ള സിംഹാസനത്തിനു മുമ്പിൽ അവർ കളങ്കരഹിതരായി കാണപ്പെടും.

"ദൈവം തന്നെ സ്നേഹിക്കുന്നവർക്ക് ഒരുക്കീട്ടുള്ളത് കണ്ണു കണ്ടീട്ടില്ല ചെവി കേട്ടിട്ടില്ല ഒരു മനുഷ്യന്റെയും ഹൃദയത്തിൽ തോന്നീട്ടുമില്ല." ആ മഹത്വകരമായ അവകാശത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ ഒരു മനുഷ്യൻ തന്റെ ആത്മാവിനു എന്ത് പകരം കൊടുക്കും? (മത്താ. 16:26). ദരിദ്രനായിട്ടും ലോകത്തിനു നല്കുവാൻ കഴിയാത്ത ധനത്തിനും മഹിമയ്ക്കും അവൻ അവകാശിയാണ്. ദൈവസേവയ്ക്കായി സമർപ്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ശ്രേഷ്ടമായ കഴിവുകളും അവന്റെ ആത്മാവോടുകൂടെ വീണ്ടെടുക്കപ്പെടുകയും പാപത്തിൽനിന്ന് ശുദ്ധീകരിക്കപ്പെടുകയും ചെയ്യുന്നത് മറ്റെന്തിനെക്കാളും വിലയേറിയതാണ്.

അനുഗ്രഹിക്കപ്പെട്ടവരുടെ വാസസ്ഥലത്തു എന്നേക്കും വസിക്കുവാൻ, നമ്മുടെ ദേഹിയിലും ദേഹത്തിലും ആത്മാവിലും പാപത്തിന്റെ കറയും ശാപവും ഏശാതവണ്ണം, നമ്മുടെ സൃഷ്ടിതാവിന്റെ പൂർണ്ണ സ്വരൂപം നാം ആഗ്രഹിക്കയും, മാത്രമല്ല തുടർന്നുള്ള യുഗങ്ങളിൽ ജ്ഞാനത്തിലും പരിജ്ഞാനത്തിലും വിശുദ്ധിയിലും നാം അഭിവൃദ്ധി പ്രാപിക്കയും ചിന്തയിലൂടെ പുതിയ കാര്യങ്ങളെ ഗ്രഹിക്കുവാനും പുതിയ അതിശയങ്ങളെ കണ്ടെത്തുവാനും പുതിയ മഹിമയും അറിവിന്റെ കഴിവുകളും വർദ്ധിപ്പിക്കുവാനും സന്തോഷിക്കുവാനും സ്നേഹിക്കുവാനും അതു മാത്രമല്ല ഇതിൽ എല്ലാറ്റിനും ഉപരിയായി സ്നേഹവും സന്തോഷവും അനന്തമായ ജ്ഞാനവും ഉണ്ട് എന്ന അറിവിലേക്കാണ് ഒരു ക്രിസ്ത്യാനിയുടെ പ്രത്യാശ വിരൽ ചൂണ്ടുന്നത്.

# ജീവൻ നൽകുന്ന ഫലം

***നദിക്ക് ഇക്കരെയും അക്കരെയും ജീവവൃക്ഷം ഉണ്ട്; അതു പന്ത്രണ്ട് വിധം ഫലം കായിച്ചു മാസം തോറും അതതു ഫലം കൊടുക്കുന്നു; വൃക്ഷത്തിന്റെ ഇല ജാതികളുടെ രോഗശാന്തിക്കു ഉതകുന്നു. വെളി. 22:21***

ഏദെൻ തോട്ടത്തിലെ ജീവവൃക്ഷഫലം ഒരു അമാനുഷിക ശക്തിയുള്ളതായിരുന്നു. അതു കഴിക്കുന്നവൻ എന്നേക്കും ജീവിക്കും. അതിന്റെ ഫലം മരിക്കാതിരിപ്പാനുള്ള ഒരു മരുന്നായിരുന്നു. എന്നാൽ പാപം പ്രവേശിച്ചപ്പോൾ സ്വർഗ്ഗീയ കൃഷിവലൻ ജീവവൃക്ഷത്തെ ഉയരത്തിലെ പറുദീസയിലേക്ക് മാറ്റി നട്ടു. ഈ ജീവവൃക്ഷത്തെ അവകാശമാക്കുവാനും നഗരകവാടത്തിൽക്കൂടി കടക്കുവാനും അവകാശമുള്ളത് ദൈവത്തെ സ്നേഹിക്കുന്നവർക്കും, അവന്റെ കല്പന പ്രമാണിക്കുന്ന വീണ്ടെടുക്കപ്പെട്ട വിശുദ്ധന്മാർക്കും ആകുന്നു. ആ വൃക്ഷഫലം വീഴ്ചക്കുമുമ്പ് നമ്മുടെ ആദ്യ മാതാപിതാക്കൾ ഭക്ഷിച്ചതുപോലെ അവർ സൗജന്യമായി ഭക്ഷിക്കും. ആ വിശാലമായി പടർന്നുനില്ക്കുന്ന ജീവവൃക്ഷത്തിന്റെ ഇലകൾ ജാതികളുടെ രോഗശാന്തിക്കു ഉതകുന്നവയായിരിക്കും. രോഗവും ദുഃഖവും മരണവും ഇനി അവർക്കു അനുഭവപ്പെടുകയില്ല. കാരണം ജീവവൃക്ഷത്തിന്റെ ഇലകളാൽ അവർക്കു സൗഖ്യം വന്നിരിക്കുന്നു. ദൈവകല്പനയുടെ ലംഘനംമൂലം ആദ്യമാതാപിതാക്കൾക്ക് നഷ്ടമായതും, അതിന്റെ പാർശ്വഫലങ്ങളായ കഷ്ടതയും ദുഃഖവും മുറവിളിയും അനുഭവിച്ച് വീണ്ടെടുക്കപ്പെട്ടവർ ഈ ജീവവൃക്ഷം അനുഭവിച്ചു സന്തോഷിക്കുന്നതും കാണുമ്പോൾ കർത്താവായ യേശുക്രിസ്തു തന്റെ ആത്മാവിലുള്ള കഠിനാദ്ധ്വാനഫലം കണ്ട് സായൂജ്യമടയും. നമ്മുടെ ആദിമാതാപിതാക്കളെ പരീക്ഷകളാൽ വലച്ച സാത്താനെ രണ്ടാംമരണത്താൽ നശിപ്പിച്ചതിനാൽ ഈ ജീവവൃക്ഷഫല അനുഭവം ഇനി നമുക്കു നഷ്ടമാകുകയില്ല. ജീവവൃക്ഷത്തിൽ നിന്നും ഭക്ഷിക്കുന്നതിനുള്ള വ്യവസ്ഥ ദൈവകല്പനകൾ അനുസരിക്കുക എന്നുള്ളത് മാത്രമാണ്. അനുസരണക്കേടിനാൽ ആദാം വീണുപോയി.

ക്രിസ്തുവിലുള്ള അനുസരണം നമുക്ക് സ്വഭാവ ശുദ്ധീകരണവും ജീവവൃക്ഷത്തിലേക്കുള്ള അവകാശവും നല്കുന്നു. ജീവവൃക്ഷത്തിൽ വീണ്ടും നമുക്കധികാരം പ്രാപിക്കുവാൻ വേണ്ടിയുള്ള മാർഗ്ഗം കർത്താവ് യോഹന്നാൻ മുഖേന നമ്മോട് സാക്ഷിക്കുന്നു. “ജീവവൃക്ഷത്തിൽ തങ്ങൾക്കു അധികാരമുണ്ടാകുവാനും ഗോപുരങ്ങളിൽ കൂടി നഗരത്തിൽ കടക്കേണ്ടതിനും കല്പന അനുസരിക്കുന്നവർ ഭാഗ്യവാന്മാർ.”

നാളുകളായി നഷ്ടമായ ഏദെനിലെ ജീവവൃക്ഷത്തിലേക്ക് നമുക്കുള്ള അവകാശം പുനഃസ്ഥാപിക്കപ്പെടുമ്പോൾ വീണ്ടെടുക്കപ്പെട്ടവർ മുൻ മഹത്വത്തെക്കാളുപരി വളർച്ച പ്രാപിക്കും. പാപശാപത്തിന്റെ അവസാന ലാഞ്ഛനയും നീക്കപ്പെടുകയും യേശുവിന്റെ വിശ്വസ്തരായവർ ദൈവമായ കർത്താവിന്റെ സൗന്ദര്യത്തിൽ പ്രത്യക്ഷപ്പെടുകയും, ദേഹിയിലും ദേഹത്തിലും ആത്മാവിലും അവരുടെ കർത്താവിന്റെ പരിപൂർണ്ണ സ്വഭാവം വെളിപ്പെടുത്തുകയും ചെയ്യും. എന്തൊരത്ഭുത വീണ്ടെടുപ്പ്! നാളുകൾ കൊട്ടിഘോഷിച്ചതാണ്, വളരെ പ്രത്യാശിച്ചതാണ്, അത്യാകാംക്ഷയോടെ ധ്യാനിച്ചതാണ് എന്നാലും പൂർണ്ണമായി ഗ്രഹിക്കാൻ കഴിയാത്തതുമാണ്.





# ദൈവസിംഹാസനത്തെ ചുറ്റിമിന്നുന്ന വില്ല്

***ഉടനെ ഞാൻ ആത്മ വിവശനായി സ്വർഗ്ഗത്തിൽ ഒരു സിംഹാസനം വച്ചിരിക്കുന്നതും സിംഹാസനത്തിൽ ഒരുവൻ ഇരിക്കുന്നതും കണ്ടു. ഇരിക്കുന്നവൻ കാഴ്ചയ്ക്കു സൂര്യകാന്തത്തോടും പത്മരാഗത്തോടും സദൃശൻ; സിംഹാസനത്തിന്റെ ചുറ്റും കാഴ്ചയ്ക്കു മരതകത്തോടു സാദൃശമായൊരു പച്ചവില്ല്. വെളി. 4:2,3***

സിംഹാസനത്തിനു മുകളിൽ മഴവില്ലിൽ “തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നല്കുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു” എന്നുള്ള നിത്യസാക്ഷ്യവുമുണ്ടായിരുന്നു.

മാരിയും സൂര്യപ്രകാശവും ചേർന്നു മഴവില്ല് ഉണ്ടാകുന്നതുപോലെ സിംഹാസനത്തെ ചുറ്റുന്ന വില്ല് കരുണയും നീതിയും ഒന്നിച്ചുള്ള ഒരു ശക്തിയെ പ്രതിനിധീകരിക്കുന്നു. നീതി മാത്രം നിലനിർത്തിയാൽ പോരാ; കാരണം അതു സിംഹാസനത്തിനു മുകളിലെ വാഗ്ദത്തത്തിന്റെ മഴവില്ലിന്റെ മഹത്വത്തെ മറയ്ക്കുന്നു. മനുഷ്യന് ന്യായപ്രമാണത്തിന്റെ ശിക്ഷമാത്രമെ കാണുവാൻ കഴിയുകയുള്ളു. മറിച്ച് നിയമവും ശിക്ഷാവിധിയുമില്ലാഞ്ഞിട്ട് സ്വർഗ്ഗീയ ഭരണകൂടത്തിന് സ്ഥിരത ഉണ്ടായിരിക്കുകയില്ല. കരുണയും ന്യായവിധിയും ഇഴുകിച്ചേരുന്നതാണ് രക്ഷയുടെ പൂർത്തീകരണം. കൃപയാൽ നാം ദൈവനഗരത്തിന്റെ കവാടത്തിൽ പ്രവേശിക്കുകയും എല്ലാം അനുസരിക്കുന്ന ആത്മാക്കൾക്ക് രാജകീയ കുടുംബാംഗങ്ങൾ ആകുവാനുള്ള പദവിയും സ്വർഗ്ഗീയ രാജാവിന്റെ മക്കളാകുവാനുള്ളവരുടെ നീതിയും പ്രാപ്തമാക്കുന്നു. നാം സ്വഭാവശുദ്ധിയില്ലാത്തവരെങ്കിൽ കൃപയാൽ അനുസരണമുള്ളവർക്ക് തുറക്കപ്പെട്ടിരിക്കുന്ന കവാടത്തിലൂടെ നമുക്ക് പ്രവേശിക്കുവാൻ സാദ്ധ്യമല്ല. കാരണം, നീതിയാണ് കവാടത്തിൽ സ്ഥിതിചെയ്യുന്നത്. വിശുദ്ധ ദൈവത്തെ കാണുവാൻ എല്ലാവരിലും വിശുദ്ധി ആവശ്യമാണ്.

നീതി ഇല്ലെങ്കിൽ ദൈവിക കൃപമൂലം സകല പാപികൾക്കും സ്വർഗ്ഗീയ കവാടം തുറക്കപ്പെടുകയും മത്സരത്താൽ നിഷ്കാസിതനാകുന്നതിന് തുറക്കപ്പെടുകയും മുമ്പെയുള്ള സ്നേഹമില്ലായ്മയും മത്സരവും മൂലമുള്ള അവസ്ഥയെക്കാൾ ശോചനീയമാകും സ്വർഗ്ഗീയ ജീവിതം. സ്വർഗ്ഗത്തിന്റെ സമാധാനം, സന്തോഷം, യോജിപ്പ് എന്നിവ തകർക്കപ്പെട്ട അവസ്ഥയിലായിരിക്കും. ഭൂമിയിൽനിന്നും സ്വർഗ്ഗത്തിലേക്കുള്ള മാറ്റംകൊണ്ടു മനുഷ്യന്റെ പ്രകൃതിക്കു മാറ്റം വരികയില്ല. സ്വർഗ്ഗത്തിൽ വീണ്ടെടുക്കപ്പെട്ടവരുടെ സന്തോഷം ഭൂമിയിൽവച്ചു ക്രിസ്തുവിന്റെ പ്രകൃതിയോട് അവരുടെ പ്രകൃതി രൂപപ്പെട്ടതുകൊണ്ടാണ്. സ്വർഗ്ഗത്തിലെ വിശുദ്ധന്മാർ ആദ്യം ഭൂമിയിലെ നീതിമാന്മാരാകുന്നു.

കർത്താവ് തന്റെ യാഗത്താൽ ഒരുക്കിയിരിക്കുന്ന രക്ഷയുടെ വില അതാണ്. പാപത്തിൽ നിന്ന് മനുഷ്യനെ രക്ഷിക്കുന്നതാണ് അത്. ആകയാൽ സുവിശേഷത്താൽ ദൈവത്തിന്റെ ന്യായപ്രമാണം ദുർബലപ്പെടുന്നില്ല. എന്നാൽ പാപത്തിന്റെ ശക്തിയെ തകർക്കുകയും കൃപയുടെ മാനദണ്ഡം പശ്ചാത്തപിക്കുന്ന പാപിക്ക് നീട്ടിക്കൊടുക്കുകയും ചെയ്യുന്നു. ദുഷ്ടതയോടുള്ള തന്റെ ജനത്തിന്റെ പോരാട്ടത്തിൽ ദൈവം അവരെ മറക്കുകയില്ല. ആകയാൽ യേശു നമ്മുടെ ഏക ലക്ഷ്യമായിരിക്കട്ടെ.

# രാജാവിനെ നാം കാണും

***നിന്റെ കണ്ണു രാജാവിനെ അവന്റെ സൗന്ദര്യത്തോടെ ദർശിക്കും; വിശാലമായൊരു ദേശം കാണും. യെശ. 33:17.***

രാജാവിനെ, അവന്റെ സൗന്ദര്യത്തോടെ ദർശിക്കണമെങ്കിൽ നാം ഇവിടെ യോഗ്യമായി ജീവിക്കണം. നമ്മുടെ ബാല്യചാപല്യങ്ങളെ അതിജീവിക്കണം. പ്രകോപനം വരുമ്പോൾ നാം ശാന്തത അവലംബിക്കണം. നിശ്ശബ്ദത വാചാലമാകുന്ന സമയങ്ങളുണ്ട്. നമ്മെ ദൈവത്തിന്റെ പുത്രീപുത്രന്മാർ എന്നു വിളിക്കപ്പെടുവാൻ യോഗ്യരാക്കുന്ന സഹിഷ്ണതയും ദയയും ദീർഘക്ഷമയും വെളിപ്പെടുത്തുക. നാം അവനിൽ ആശ്രയിക്കുകയും വിശ്വസിക്കുകയും അവനിൽതന്നെ ശരണം പ്രാപിക്കുകയും വേണം. ക്രിസ്തുവിന്റെ കാലടികളെ പിൻഗമിക്കേണ്ടവരാണ് നാം ഓരോരുത്തരും. അവൻ പറയുന്നു "എന്നെ അനുഗമിപ്പാൻ ഒരുത്തൻ ഇച്ഛിച്ചാൽ അവൻ തന്നെത്താൻ നിഷേധിച്ചു നാൾതോറും തന്റെ ക്രൂശ് എടുത്തുംകൊണ്ട് എന്നെ അനുഗമിക്കട്ടെ" (ലൂക്കൊ. 9:23). ചിലപ്പോൾ ക്രൂശ് ഭാരമുള്ളവയായിരിക്കും എന്നിരുന്നാലും നിശ്ശബ്ദത പാലിക്കേണ്ടിടത്തു അവ്വണ്ണം തന്നെ നിലകൊള്ളണം. ചിലപ്പോൾ ഇതു വേദനാജനകമായി തോന്നുന്ന ചിട്ടകളായിരിക്കാം. എന്നുവരികിലും ഞാൻ നിങ്ങളെ ഉത്ബോധിപ്പിക്കുന്നത് ഈ നിശ്ശബ്ദത ദുഷ്ടനെ അതിജീവിക്കുന്നവനായി ദേഷ്യത്തിൽ അനേകം കഠിനവാക്കുകൾ പറയുന്നതിലും കേമമായിരിക്കും.

ഈ ലോകത്തിൽ വെച്ച്, സ്വർഗ്ഗത്തിൽ നമുക്ക് ഒരു സ്ഥലം ലഭ്യമാകേണ്ടതിന് നാം എപ്രകാരമായിരിക്കണം എന്നാണ് പഠിക്കേണ്ടത്. ക്രിസ്തു നമ്മെ പഠിപ്പിക്കാൻ ആഗ്രഹിക്കുന്ന കാര്യങ്ങൾ നാം പഠിക്കുകയും അതിനാൽ ഉന്നത സ്വർഗ്ഗീയ വിദ്യാലയത്തിൽ പഠനത്തിനായി എടുക്കപ്പെടുവാനുള്ള യോഗ്യതയ്ക്കായി ഒരുങ്ങുകയും അവിടെ നമ്മുടെ രക്ഷിതാവ് നമ്മെ ജീവജലത്തിന്നരികത്തേക്കു നയിക്കുകയും ഇന്നു നാം ഗ്രഹിക്കാത്ത കാര്യങ്ങളെ വിവരിച്ചു നൽകുകയും ചെയ്യും. അവിടെ നാം ഇവിടെവെച്ചു കാണാത്ത ദൈവതേജസ്സു കാണും. ഇവിടെ നമുക്കു അവന്റെ മഹത്വത്തിന്റെ അംശം മാത്രമെ കാണുവാൻ കഴിയു. കാരണം നാം എല്ലായ്പ്പോഴും അവനെ അറിയേണ്ടതിനായി അനുഗമിക്കുന്നില്ല.

നാം ഇവിടെ പഠിക്കുന്ന എല്ലാ ആദർശങ്ങളും എല്ലാ സത്യങ്ങളും അതിനേക്കാൾ ഉപരിയായി സ്വർഗ്ഗത്തിൽ നാം ഗ്രഹിക്കും. ഇവിടെ ക്രിസ്തു ശിഷ്യന്മാരുടെകൂടെ നടക്കുകയും സംസാരിക്കുകയും ചെയ്തതുപോലെ മുകളിൽ സ്വർഗ്ഗത്തിൽ നാം ചെല്ലുമ്പോൾ, അവൻ നമ്മോടുകൂടെ നടക്കുകയും സത്യങ്ങളെ വിവരിക്കുകയും ജീവജലനദിയുടെ അരികിലേക്കു നയിക്കുകയും പാപത്താൽ ശോഷണം ഭവിച്ച മനുഷ്യമനസ്സിന് ഭൂമിയിൽ വച്ച് മനസ്സിലാക്കുവാൻ കഴിയാതിരുന്ന സത്യങ്ങളെ പൂർണ്ണമായി ഗ്രഹിപ്പിക്കുകയും ചെയ്യും. സ്വർഗ്ഗത്തിൽ നമുക്ക് പടിപടിയായി ഉയർന്ന ജ്ഞാനം കൈക്കൊൾവാൻ കഴിയും. നാം സ്വർഗ്ഗീയ രാജാവിന്റെ മക്കളായതിനാൽ അവിടെ നാം രാജകീയ കുടുംബാംഗങ്ങളോടുകൂടെ എന്നേക്കും വാസം ചെയ്യുകയും നമ്മുടെ രാജാവിനെ അവന്റെ മഹത്വത്തിൽ കാണുകയും അവന്റെ അതുല്യമായ കാന്തി ദർശിക്കുകയും ചെയ്യും. അധികകാലം നാം കാത്തിരുന്നു എന്നു വരികിലും നമ്മുടെ പ്രത്യാശയ്ക്ക് ഭംഗം വരരുത്. നമുക്കു രാജാവിനെ അവന്റെ മഹത്വത്തിൽ കാണുവാൻ കഴിഞ്ഞാൽ നാം എന്നേക്കും അനുഗ്രഹിക്കപ്പെട്ടവരായിരിക്കും.





# നൂറ്റി നാല്പത്തിനാലായിരം പേർ

***പിന്നെ ഞാൻ സീയോൻ മലയിൽ കുഞ്ഞാടും അവനോടുകൂടെ നെറ്റിയിൽ അവന്റെ നാമവും പിതാവിന്റെ നാമവും എഴുതിയിരിക്കുന്ന നൂറ്റിനാല്പത്തിനാലായിരം പേരും നില്ക്കുന്നതുകണ്ടു. വെളി. 14:1***

തീ കലർന്ന പളുങ്കുകടൽപോലെ ഒന്നും മൃഗത്തോടും അതിന്റെ പ്രതിമയോടും പേരിന്റെ സംഖ്യയോടും ജയിച്ചവർ ദൈവത്തിന്റെ വീണകൾ പിടിച്ചുംകൊണ്ട് പളുങ്കുകടലിന്നരികെ നിൽക്കുന്നതും ഞാൻ കണ്ടു. അവിടെ "മൃഗത്തിന്മേലും അതിന്റെ പ്രതിമയിന്മേലും അതിന്റെ മുദ്രയിന്മേലും അവന്റെ പേരിന്റെ സംഖ്യയിന്മേലും ജയം പ്രാപിച്ചവർ എല്ലാവരും ഒരു കൂട്ടമായി കൂടി നിന്നു" അവർ നൂറ്റിനാല്പത്തിനാലായിരം പേർ. അവർ മനുഷ്യരുടെയിടയിൽ നിന്നും വീണ്ടെടുക്കപ്പെട്ടവർ. അവർ ദൈവത്തിന്റെ വീണയുമായി കുഞ്ഞാടിനോടുകൂടെ സീയോൻ മലയിൽനിന്നു. അതിനുശേഷം പേരുവെള്ളങ്ങളുടെ ഇരച്ചിൽപോലെയും വലിയ ഇടിനാദം പോലെയും വൈണികന്മാർ വീണമീട്ടുന്നതുപോലെയുമുള്ള അതിഭയങ്കര ശബ്ദവും കേട്ടു. അപ്പോൾ സിംഹാസനത്തിന്റെ മുൻപിൽനിന്നുകൊണ്ട് അവർ ഒരു പുതിയ പാട്ടുപാടി, അതു ഭൂമിയിൽനിന്നും വിലയ്ക്കു വാങ്ങിയ നൂറ്റിനാല്പത്തിനാലായിരം പേർക്കല്ലാതെ മറ്റാർക്കും പാടുവാൻ കഴിഞ്ഞില്ല. അതു മോശെയുടെയും കുഞ്ഞാടിന്റെയും ഗാനമായ വീണ്ടെടുപ്പിൻ ഗാനമായിരുന്നു.

ഈ പാട്ട് നൂറ്റിനാല്പത്തിനാലായിരം പേർക്കല്ലാതെ മറ്റാർക്കും പാടുവാനോ, പഠിക്കുവാനോ കഴിഞ്ഞില്ല. കാരണം അതു അവരുടെ അനുഭവത്തിന്റെ ഗാനമായിരുന്നു. ആ അനുഭവം വേറെ ഒരു കൂട്ടത്തിനുമുണ്ടായിട്ടില്ല. "ഇവർ കുഞ്ഞാട് പോകുന്നിടത്തെല്ലാം അവനെ അനുഗമിക്കുന്നു." ഇവർ ഭൂമിയിൽനിന്നും രൂപാന്തരം പ്രാപിച്ചവരും ദൈവത്തിനും കുഞ്ഞാടിനും ആദ്യഫലമായി ജീവനുള്ളവരുടെ ഇടയിൽനിന്നും വീണ്ടെടുക്കപ്പെട്ടവരായി കണക്കാക്കപ്പെടുന്നു. വെളി. 15:2,3; 14:1–5.

ഇവരെല്ലാം വലിയ കഷ്ടത്തിൽ നിന്നു വന്നവർ; ലോകം ഉണ്ടായതുമുതൽ ഇന്നുവരെ ഉണ്ടാകാത്ത കഷ്ടകാലം അതിജീവിച്ചവരാണ് ഇവർ. ഇവർ യാക്കോബിന്റെ കഷ്ടകാലത്തെ അതിജീവിക്കയും ദൈവത്തിന്റെ അന്തിമ ന്യായവിധി സമയത്തു ഒരു മധ്യസ്ഥൻ ഇല്ലാതെ നിലനിന്നവരുമാണ്. അവർ കുഞ്ഞാടിന്റെ രക്തത്തിൽ തങ്ങളുടെ അങ്കി കഴുകി വെടിപ്പാക്കിയതിനാൽ മോചനം പ്രാപിച്ചവരായിരുന്നു. അവരുടെ നാവുകളിൽ കപടമില്ലായിരുന്നു. അവർ ദൈവത്തിന്റെ മുൻപാകെ കുറ്റമില്ലാത്തവരായിരുന്നു. ആകയാൽ ദൈവസിംഹാസനത്തിനു മുൻപിൽ അവന്റെ ആലയത്തിൽ രാപ്പകൽ അവനെ സേവിക്കുകയും സിംഹാസനത്തിലായിരിക്കുന്നവൻ അവരോടുകൂടെ വാസം ചെയ്യുകയും ചെയ്യും.

ക്ഷാമത്താലും പകർച്ച വ്യാധിയാലും ഭൂമി നിർമ്മൂലമായത് അവർ കണ്ടിരുന്നു. അത്യുഷ്ണത്താൽ മനുഷ്യനെ ദണ്ഡിപ്പിക്കേണ്ടതിന് സൂര്യന് ശക്തി ലഭിച്ചു. ഈ യാതനയും പട്ടിണിയും പൈദാഹവും അവരും അനുഭവിച്ചതാണ്. എന്നാൽ ഇനി അവർക്ക് വിശക്കുകയില്ല, ദാഹിക്കുകയുമില്ല. വെയിലും യാതൊരു ചൂടും അവരുടെമേൽ തട്ടുകയുമില്ല. വെളി. 7:16.

# വീണ്ടെടുക്കപ്പെട്ടവരുടെ വലിയ കൂട്ടം

***ഇതിന്റെ ശേഷം സകല ജാതികളിലും ഗോത്രങ്ങളിലും വംശങ്ങളിലും ഭാഷകളിലും നിന്ന് ഉള്ളതായി ആർക്കും എണ്ണിക്കൂടാത്ത ഒരു മഹാപുരുഷാരം വെള്ള നിലയങ്കി ധരിച്ചു കയ്യിൽ കുരുത്തോലയുമായി സിംഹാസനത്തിനും കുഞ്ഞാടിനും മുൻപാകെ നില്ക്കുന്നതു ഞാൻ കണ്ടു. വെളി. 7:9.***

എല്ലാ വിഭാഗത്തിൽനിന്നും എല്ലാ രാഷ്ട്രങ്ങളിൽനിന്നും എല്ലാ വംശങ്ങളിൽനിന്നും എല്ലാ ഭാഷകളിൽനിന്നും ഒരു വലിയ സമൂഹം ദൈവത്തിന്റെയും കുഞ്ഞാടിന്റെയും സിംഹാസനത്തിനു മുൻപിൽ ഹിമംപോലെ വെളുത്ത അങ്കി ധരിച്ച് രത്നം പതിച്ച കിരീടവുമായി നില്ക്കും എന്ന് ദൂതൻ അരുളിച്ചെയ്തു. ഇവർ മഹാകഷ്ടത്തിൽ നിന്നും വന്നവർ, കുഞ്ഞാടിന്റെ രക്തത്തിൽ തങ്ങളുടെ അങ്കി അലക്കി വെളുപ്പിച്ചവരാണ് ഇവർ. എന്നാൽ ദൈവസ്നേഹത്തെക്കാൾ ഉപരി സുഖഭോഗങ്ങളിൽ പ്രിയംവെച്ചവർ സ്വസുഖാനുഭവത്തിലും അനുസരണക്കേടിലും നടന്നതുമൂലം ഇരുലോകവും അവർക്ക് നഷ്ടപ്പെട്ടു. ഇവർക്ക് ഈ ജീവിതത്തിൽ യാതൊന്നും നേടുവാൻ കഴിയാത്തതുപോലെ നിത്യജീവനും നഷ്ടമാകും.

വിജയികളുടെ കൂട്ടം ജയഗീതത്തോടും കിരീടങ്ങളോടും വീണകളോടും സന്തോഷിക്കുന്നവർ ലോകത്തിന്റെ കഷ്ടതയിൽ, അതിന്റെ എരിയുന്ന തീച്ചൂളയിൽ കത്തി അമർന്നവരാണ്. ഒന്നുമില്ലാത്ത അവസ്ഥയിലൂടെയും വിശപ്പിനാലും പീഡനത്താലും കഠിന നിരാശയിലൂടെയും കടന്നുപോകേണ്ടി വന്നു ഇവർക്ക്. എന്നാൽ ഇപ്പോൾ അവരെ വിജയശ്രീലാളികളായി കാണാം. അവർ ഇനിമേലാൽ നിർദ്ധനരല്ല, ദുഃഖിതരല്ല, പീഡിതരുമല്ല. അവർ ക്രിസ്തുവിന്റെ നാമം നിമിത്തം എല്ലാവരാലും വെറുക്കപ്പെട്ടവരാണ്. എന്നാൽ ഇപ്പോൾ അവർ ഇതാ ഏത് രാജകീയ അങ്കിയെക്കാളും മേന്മയുള്ള രാജകീയ വസ്ത്രം ധരിച്ചു, വെൺമയുള്ള സ്വർഗ്ഗീയ വസ്ത്രത്താൽ വിളങ്ങുന്നു. വിശ്വാസത്താൽ അവരുടെ മുത്തുകളാൽ നിറഞ്ഞ കിരീടങ്ങളെ നോക്കുവിൻ, അങ്ങനെയുള്ള ഒരു കിരീടം ഭൂമിയിലുള്ള ഒരു രാജാവിന്റെയും ശിരസ്സിനെ അലങ്കരിച്ചിട്ടില്ല. അവർ അത്യുച്ചത്തിൽ ഹോശന്ന പാടുന്നതും ജയത്തിന്റെ കുരുത്തോല കയ്യിൽ പിടിച്ചു നിൽക്കുന്നതും ശ്രദ്ധിക്കുവിൻ. "അറുക്കപ്പെട്ടവനും എന്നേക്കും ജീവിച്ചിരിക്കുന്നവനുമായ കുഞ്ഞാടു യോഗ്യൻ, യോഗ്യൻ" എന്നു അവർ ആർക്കുമ്പോൾ ആ ശബ്ദം സ്വർഗ്ഗം മുഴുവനും മാറ്റൊലിക്കൊള്ളുന്നു. അതു മാത്രമല്ല "രക്ഷ എന്നുള്ളതു സിംഹാസനത്തിൽ ഇരിക്കുന്നവനായ നമ്മുടെ ദൈവത്തിന്റെയും കുഞ്ഞാടിന്റെയും ദാനം എന്നവർ അത്യുച്ചത്തിൽ ആർത്തുകൊണ്ടിരുന്നു. സകല ദൂതന്മാരും സിംഹാസനത്തിന്റെയും മൂപ്പന്മാരുടെയും നാലു ജീവികളുടെയും ചുറ്റും നിന്നു. സിംഹാസനത്തിന്റെ മുമ്പിൽ കവിണ്ണു വീണ്" ആമേൻ നമ്മുടെ ദൈവത്തിനു എന്നെന്നേക്കും സ്തുതിയും മഹത്വവും ജ്ഞാനവും, സ്തോത്രവും ബഹുമാനവും ശക്തിയും ബലവും ആമേൻ'' പറഞ്ഞു ദൈവത്തെ നമസ്കരിച്ചു (വെളി. 7:12).

ഓ! അന്നു ആ ദിവസത്തിൽ നീതിമാന്മാർ ബുദ്ധിമാന്മാരെന്നും പാപികൾ മൂഢരെന്നും കണ്ടെത്തും. ലജ്ജയും നിത്യനിന്ദയും അവരുടെ ഓഹരിയായിരിക്കും. ക്രിസ്തുവിനു കൂട്ടാളികളായിരുന്നവർ ആ നാളിൽ നിർമ്മലവും നിത്യവിശുദ്ധിയുമുള്ള വസ്ത്രവും ധരിച്ച് അവനോടുകൂടെ വാഴും.





# ആത്മനേട്ടക്കാരുടെ പ്രതിഫലം

***എന്നാൽ ബുദ്ധിമാന്മാർ ആകാശമണ്ഡലത്തിന്റെ പ്രഭപോലെയും പലരെയും നീതിയിലേക്കു തിരിക്കുന്നവർ നക്ഷത്രങ്ങളെപ്പോലെയും എന്നും എന്നേക്കും പ്രകാശിക്കും. ദാനി. 12:8***

ദാനിയേൽ പ്രവാചകന്റെ ഈ വാക്കുകളെ ചിന്തിച്ചപ്പോൾ ഞാൻ രാത്രിയിൽ എഴുന്നേറ്റു ആ വാക്യങ്ങളെ വീണ്ടും വീണ്ടും ഉരുവിട്ടുകൊണ്ടിരുന്നു. ബുദ്ധിമാന്മാർ ആകാശമണ്ഡലത്തിലെ പ്രഭപോലെയും എന്നും എന്നേക്കും ശോഭിക്കും.

ആത്മാക്കളെ തെറ്റിൽനിന്നും സത്യവെളിച്ചത്തിലേക്കു മാനസാന്തരപ്പെടുത്തുവാനുള്ള താല്പര്യത്തിൽ പങ്കുകൊള്ളുന്നത് എത്ര പ്രധാന്യമാർഹിക്കുന്നുണ്ട് എന്ന് ഗ്രഹിക്കുവാൻ അമർത്യതയുടെ വിലയെന്നും അഭിനന്ദിക്കണം. രണ്ടാം മരണത്തിന്റെ വേദന എത്ര ഭയങ്കരമാണെന്നു നാം മനസ്സിലാക്കണം. വീണ്ടെടുക്കപ്പെട്ടവരെ കാത്തിരിക്കുന്ന ബഹുമാനത്തെയും മഹത്വത്തെയും കുറിച്ച് ചിന്തിക്കുന്നതും മനുഷ്യനെ ശ്രേഷ്ടനായി ഉയർത്തുന്നതിനും യോഗ്യനാക്കുന്നതിനും ജയിക്കുന്നവനു രാജകീയ കിരീടം നല്കുന്നതിനും നമുക്കു വേണ്ടി മരിച്ച രക്ഷിതാവിനു മുമ്പിൽ പ്രസാദകരമായി ജീവിക്കുക എന്നതിന്റെ അർത്ഥം നാം മനസ്സിലാക്കണം. ഒരു ആത്മാവിന്റെ വില എന്താണെന്ന് ഹൃദയവിശാലതയില്ലാത്തവർക്ക് ഗ്രഹിക്കുവാൻ കഴിയുകയില്ല. അവരുടെ രക്ഷക്കു മാർഗ്ഗദർശികളായി തീർന്നവരെക്കുറിച്ചു തേജസ്കരിക്കപ്പെട്ടവരും, വീണ്ടെടുക്കപ്പെട്ടവരും എത്ര നന്ദിയോടെ ഓർക്കും. ആരുംതന്നെ തന്റെ സ്വയ ത്യാഗപ്രയത്നത്തെയും വേലയിലുള്ള സഹിഷ്ണതയെയും അവന്റെ ക്ഷമയെയും സഹനശക്തിയെയും ആത്മാർത്ഥ ഹൃദയത്തോടെയും നഷ്ടപ്പെട്ടു പോകാമായിരുന്ന ആത്മാക്കളുടെ രക്ഷക്കായിട്ടുള്ള പ്രവർത്തനത്തിൽ അലംഭാവം കാണിച്ചോ നന്മ ചെയ്യുന്നതിൽ തളർന്നുപോയോ എന്നൊന്നും പശ്ചാത്തപിക്കുകയില്ല. ഇപ്പോൾ ഈ വെണ്മയുള്ള വസ്ത്രം ധരിച്ചവരെ നമ്മുടെ ശ്രേഷ്ഠ ഇടയൻ കൂട്ടത്തിൽ കൂട്ടിച്ചേർക്കും. വിശ്വസ്ത വേലക്കാരെയും അവരുടെ പ്രയത്നത്താൽ രക്ഷപ്രാപിച്ചവരെയും കുഞ്ഞാട് സിംഹാസന മദ്ധ്യേ അഭിനന്ദിക്കുകയും ജീവവൃക്ഷത്തിലേക്കും ജീവജലനദിയുടെ ഉറവയിങ്കലേക്കും നയിക്കും. ക്രിസ്തുവിന്റെ ദാസന്മാർ എത്ര സന്തോഷത്തോടെ ആയിരിക്കും തങ്ങളുടെ രക്ഷിതാവിന്റെ മഹത്വത്തെ കീർത്തിച്ച വീണ്ടെടുക്കപ്പെട്ടവരെ എതിരേല്ക്കുന്നത്. ആത്മാക്കളുടെ രക്ഷക്കായി ആത്മാർത്ഥതയോടെ പ്രയത്നിച്ചവർക്കു സ്വർഗ്ഗം എത്ര മനോഹരമായിരിക്കും. അതെ, "ബുദ്ധിമാന്മാർ ആകാശമണ്ഡലത്തിന്റെ പ്രഭപോലെയും അനേകരെ നീതിയിലേക്കു തിരിക്കുന്നവർ നക്ഷത്രങ്ങളെ പോലെയും എന്നും എന്നേക്കും പ്രകാശിക്കും."

മനുഷ്യനും ദൈവവുമായി യോജിച്ചു ചെയ്ത ഒരു വേലയും നാശത്തിൽ കലാശിക്കുകയില്ല, മറിച്ച് അത് നിത്യയുഗങ്ങളോളം നിലനില്ക്കും.

# സ്വർഗ്ഗീയമായതിനെക്കുറിച്ചു ചിന്തിപ്പിൻ

***യജമാനൻ അറിയുമല്ലോ എന്നു ഞാൻ പറഞ്ഞതിനു അവൻ എന്നോടു പറഞ്ഞതു; ഇവർ മഹാ കഷ്ടത്തിൽ നിന്നു വന്നവർ; കുഞ്ഞാടിന്റെ രക്തത്തിൽ തങ്ങളുടെ അങ്കി അലക്കി വെളുപ്പിച്ചിരിക്കുന്നു. വെളി. 7:14.***

യോഹന്നാൻ, ദർശനങ്ങളിൽ വെള്ള നിലയങ്കി ധരിച്ച ഒരു സമൂഹത്തെ കണ്ടു. അവർ ദൈവത്തിന്റെ ആലയത്തിൽ ആണ് കാണപ്പെട്ടത്. ഇതുപോലെയുള്ള അനുഭവമായിരിക്കും ക്രിസ്തുവിന്റെ കൃപയിൽ ആശ്രയിച്ച് തങ്ങളുടെ വസ്ത്രങ്ങളെ കർത്താവിന്റെ രക്തത്താൽ ശുദ്ധീകരിക്കുന്നവർക്കും ലഭിക്കുന്നത്. ക്രിസ്തുവിനോടുകൂടെ സിംഹാസനത്തിൽ ഇരിക്കുവാനായിട്ടുള്ള എല്ലാ വഴിയും ഒരുക്കിയിട്ടുണ്ട്. എന്നാൽ ദൈവനിയമത്തിന് അനുസൃതമായിരിക്കണം നാം എന്നുള്ള ഒരു വ്യവസ്ഥയും ഉണ്ട്.

സ്വർഗ്ഗം നഷ്ടപ്പെടുത്തുവാൻ നമുക്ക് ആഗ്രഹമില്ലല്ലോ. ആയതിനാൽ നമ്മുടെ സംസാരങ്ങൾ സ്വർഗ്ഗത്തിലുള്ളതിനെക്കുറിച്ച് ആയിരിക്കണം. അവിടെ മരണമോ ദുഃഖമോ ഇല്ല. പിന്നെ എന്തുകൊണ്ട് ഈ കാര്യങ്ങളെക്കുറിച്ച് സംസാരിക്കുന്നതിൽ നാം വിമുഖത കാണിക്കുന്നു. എന്തുകൊണ്ടാണ് നാം ഭൗമികമായ കാര്യങ്ങളെക്കുറിച്ചു ചിന്തിക്കുന്നത്? അപ്പോസ്തലനായ പൗലോസ് സ്വർഗ്ഗത്തിലുള്ളതിനെക്കുറിച്ചു ചിന്തിപ്പാൻ ഉപദേശിച്ചിരിക്കുന്നു. "നമ്മുടെ പൗരത്വമോ സ്വർഗ്ഗത്തിൽ ആകുന്നു; അവിടെനിന്നു കർത്താവായ യേശുക്രിസ്തു രക്ഷിതാവായി വരും എന്നു നാം കാത്തിരിക്കുന്നു" ഫിലി. 3:20. ക്രിസ്തു ഉടനെ മടങ്ങിവരികയും തനിക്കായി കാത്തിരിക്കുന്നവരെ ചേർത്ത് ഈ ശോഭയുള്ള സ്ഥലത്തേക്കു കൊണ്ടുവരികയും ചെയ്യും. "ക്രിസ്തുവും അങ്ങനെതന്നെ അനേകരുടെ പാപങ്ങളെ ചുമപ്പാൻ ഒരിക്കൽ അർപ്പിക്കപ്പെട്ടു തനിക്കായി കാത്തുനില്ക്കുന്നവരുടെ രക്ഷക്കായി അവൻ പാപം കൂടാതെ രണ്ടാമതും പ്രത്യക്ഷനാകും" എബ്രാ. 9:28.

ഈ സംഭവത്തെക്കുറിച്ചു ചിന്തിക്കുവാൻ നിങ്ങൾക്കു മനസ്സുണ്ടോ അതോ അതു മനസ്സിൽ നിന്നു അകറ്റുവാനാണോ തുനിയുന്നത്? യേശുവിനെക്കുറിച്ചു നാം എത്രമാത്രം പറയുന്നുവോ നാം അതിലധികമായി അവന്റെ ദിവ്യത്വത്തെ കീർത്തിക്കും. അവനെ എതിരേല്ക്കുമ്പോൾ നാം രൂപാന്തരം പ്രാപിക്കും. നമ്മുടെ ആത്മീയമായ അനുഭവങ്ങളിൽ ക്രിസ്തുവിനു സ്ഥാനം കല്പിക്കണം. നാം കൂടിവരുമ്പോൾ നമ്മുടെ സംസാരവിഷയം ക്രിസ്തുവും അവന്റെ രക്ഷയെക്കുറിച്ചും ആയിരിക്കണം. നാം അവനെക്കുറിച്ചു കൂടുതൽ ചിന്തിക്കുന്തോറും അവനെ കൂടുതലായി പ്രതിബിംബിക്കും.

ജീവിതത്തിൽ ദൈവത്തെക്കുറിച്ചു സംസാരിക്കുന്നതിൽ സന്തോഷം കണ്ടെത്താത്തവർക്ക് ദൈവം തന്റെ ജനത്തോടൊപ്പം വസിക്കുന്ന വരുവാനുള്ള ലോകത്തുള്ള ജീവിതം അനുഭവിപ്പാൻ കഴിയുകയില്ല. എന്നാൽ ദൈവത്തെക്കുറിച്ചു സന്തോഷിക്കുന്നവരിൽ ഇപ്പോഴെ സ്വർഗ്ഗീയ ചൈതന്യം കുടികൊള്ളുന്നുണ്ട്. ഭൂമിയിൽ സ്വർഗ്ഗത്തെക്കുറിച്ചു ചിന്തിക്കുന്നവർ, ആ ബന്ധത്താൽ അനുഗ്രഹീതരായിരിക്കും. അവിടെ "യാതൊരു ശാപവും ഇനി ഉണ്ടാകയില്ല; ദൈവത്തിന്റെയും കുഞ്ഞാടിന്റെയും സിംഹാസനം അതിൽ ഇരിക്കും; അവന്റെ ദാസന്മാർ അവനെ ആരാധിക്കും. അവർ അവന്റെ മുഖം കാണും, അവന്റെ നാമം അവരുടെ നെറ്റിയിൽ ഇരിക്കും" വെളി. 22:3,4.





# സ്വർഗ്ഗരാജ്യത്തിന്റെ മഹത്വം

***നീയല്ലാതെ ഒരു ദൈവം തന്നെ കാത്തിരിക്കുന്നവനുവേണ്ടി പ്രവർത്തിക്കുന്നതു പണ്ടു മുതൽ ആരും കേട്ടിട്ടില്ല, ഗ്രഹിച്ചിട്ടില്ല, കണ്ണുകൊണ്ടു കണ്ടിട്ടുമില്ല. യെശ. 64:4.***

അനേകർ ഭാവി ലോക മഹത്വത്തെക്കുറിച്ചുള്ള നിത്യമായ മർമ്മ രഹസ്യങ്ങളെ ഗ്രഹിക്കുവാൻ ആരാഞ്ഞു നോക്കി എന്നാൽ അവരുടെ പരിശ്രമം വ്യർത്ഥമായിത്തീർന്നു. അതു ഇന്നുള്ള നമുക്കും നമ്മുടെ മക്കൾക്കും വെളിപ്പെട്ടുവന്നിരിക്കുന്നു. ആ വലിയ വെളിപ്പാടുകാരൻ സ്വർഗ്ഗീയമായതിന്റെ പ്രത്യേകതയെക്കുറിച്ചും തന്മൂലം ലഭിക്കുന്ന പ്രതിഫലത്തെക്കുറിച്ചും ഗ്രഹിക്കേണ്ടതിന്നു നമ്മുടെ ബുദ്ധിക്കു ആവശ്യമായ കാര്യങ്ങളെ തുറന്നു നല്കി.

യേശുക്രിസ്തുവിനെക്കുറിച്ചുള്ള സ്വർഗ്ഗീയ കാര്യങ്ങളെ ആത്മീയ മനസ്സുകൾക്കു മാത്രം പുകഴ്ത്തുവാൻ വെളിപ്പെടുത്തി. സ്വർഗ്ഗീയ മഹത്വം മനസ്സിലാക്കുവാൻ മനുഷ്യഭാവനകൾ അതിന്റെ സർവ്വ ശക്തിയെയും കൊണ്ടുവന്നേക്കാം. എന്നിരുന്നാലും "ദൈവം തന്നെ സ്നേഹിക്കുന്നവർക്കു ഒരുക്കിയിട്ടുള്ളതു കണ്ണു കണ്ടിട്ടില്ല, ചെവി കേട്ടിട്ടില്ല, ഒരു മനുഷ്യന്റെയും ഹൃദയത്തിൽ തോന്നീട്ടുമില്ല" 1 കൊരി. 2:9. സ്വർഗ്ഗീയ ദൂതന്മാർ നമുക്ക് ചുറ്റും ഉണ്ട്. സ്വർഗ്ഗീയദൂതന്മാർ ഓരോ ആത്മാവിന്റെയും ചുറ്റും സ്വർഗ്ഗീയ അന്തരീക്ഷം സൃഷ്ടിച്ചുകൊണ്ട് നമുക്കു ദർശിക്കുവാൻ കഴിയാത്ത നിത്യമായതിലേക്ക് ഉയർത്തുന്നു. നമ്മുടെ നഗ്നമായ കണ്ണുകൾകൊണ്ടു അതിനെ ദർശിപ്പാൻ കഴിയുകയില്ല. എന്നാൽ സ്വർഗ്ഗീയമായിനെ ആത്മീയ കണ്ണുകൾക്കേ കാണുവാൻ കഴിയുകയുള്ളു.

വെളിച്ചദൂതന്മാരുടെ മഹത്വത്തിനു മുന്നിൽ മനുഷ്യശക്തികൾ ക്ഷയിച്ചുപോകും. ആത്മീയമായ കാതുകൾക്കുമാത്രമേ സ്വർഗ്ഗീയ ശബ്ദം വേർതിരിച്ചറിയുവാൻ കഴിയുകയുള്ളു. വികാരങ്ങളെ തീവ്രമാക്കുന്നതു ക്രിസ്തുവിന്റെ പദ്ധതിയല്ല. വ്യക്തമായ സവിശേഷതയോടെ അവൻ തന്നെ നൽകി. വഴിയും സത്യവും ജീവനുമായി രക്ഷ പ്രാപിപ്പാൻ ഇത് ഏകമാർഗ്ഗമായിത്തീർന്നു. ഇതിനു ഉപരിയായി വേറൊന്നും ആവശ്യമില്ല.

മനുഷ്യരെ സ്വർഗ്ഗീയ കവാടത്തിലേയ്ക്കു അവൻ കൊണ്ടുവരുകയും തുറന്നിരിക്കുന്ന കവാടത്തിലൂടെ സ്വർഗ്ഗീയമന്ദിരം നിറഞ്ഞുനിൽക്കുന്ന മഹത്വം കാണിക്കുകയും ചെയ്തേക്കാം; എന്നാൽ നാം അതിനെ സ്വാഭാവിക കണ്ണുകൊണ്ടല്ല വിശ്വാസത്താൽ കാണണം. ശാപത്താൽ തകർന്നും വരണ്ടും കിടക്കുന്ന ഒരു ലോകത്തിൽ അവന്റെ വേല ചെയ്യുവാൻ വിളിക്കപ്പെട്ട ദൂതുവാഹകരാണ് നാം എന്നത് അവൻ മറക്കുന്നില്ല. അന്ധകാരം ഭൂമിയെയും കൂരിരുട്ട് ജാതികളെ മൂടിക്കളയുന്ന ഈ ലോകത്തെ ശവമഞ്ചത്തിന്റെ മൂടുതുണിപോലെ സാന്മാർഗ്ഗികാന്ധകാരം മൂടുമ്പോഴാണ് സ്വർഗ്ഗത്തിന്റെ വെളിച്ചത്തിൽ നാം നടക്കേണ്ടത്.

# നിത്യമായവനെ നോക്കുവിൻ

*കാണുന്നതിനെ അല്ല, കാണാത്തതിനെ അത്രേ ഞങ്ങൾ നോക്കിക്കൊണ്ടിരിക്കുന്നതു; കാണുന്നതു താല്ക്കാലികം, കാണാത്തതോ നിത്യം. 2 കൊരി. 4:18.*

സഭ ലോകബന്ധത്തിൽനിന്ന് അകന്നു ക്രിസ്തുവിന്റെ നീതിയിൻ വസ്ത്രം ധരിച്ചാൽ, ആ ശോഭിത പ്രഭാതവും ആ മഹത്വമേറിയ ദിവസവും അവൾക്കു മുമ്പാകെ വെളിപ്പെടും. സഭയോടുള്ള ദൈവത്തിന്റെ വാഗ്ദത്തം എന്നന്നേക്കും സ്ഥിരമായിരിക്കുകയും സത്യമായിരിക്കുകയും ചെയ്യും. മറ്റുള്ളവർ പഴിക്കുമ്പോഴും തിരസ്കരിക്കുമ്പോഴും, അതിൽ വിജയികളായി ഭവിക്കും. ക്രമേണ ദൈവശക്തി വ്യാപരിക്കുകയും എല്ലാ ശക്തമായ തടസ്സങ്ങളെയും നേരിട്ട് വിജയം കൈവരിക്കുകയും ചെയ്യും.

കഷ്ടതയുടെ വഴിത്താരയിൽ, ത്യാഗത്തിന്റെ നിമിഷങ്ങളിൽ ദൈവപുത്രന്റെ വിശ്വാസത്തെ നിലനിർത്തിയതു എന്താണ്? അവന്റെ ദേഹിയുടെ കഠിനാദ്ധ്വാനത്തിന്റെ പ്രതിഫലം, അവൻ മുൻകൂട്ടി കാണുകയും അതു അവനെ സംതൃപ്തനാക്കുകയും ചെയ്തു.

നിത്യതയിലേക്കു നോക്കി തന്റെ ഈ എളിമപ്പെട്ട ജീവിതം നിമിത്തം, വരുവാനുള്ള അവരുടെ സന്തോഷവും അവർക്കു ലഭിക്കുന്ന പാപക്ഷമയും അതുപോലെ നിത്യജീവനും അവൻ കണ്ടു. വീണ്ടെടുക്കപ്പെട്ടവരുടെ ഘോഷം അവന്റെ കാതുകളിൽ മുഴങ്ങി. വീണ്ടെടുക്കപ്പെട്ടവർ കുഞ്ഞാടിന്റെയും മോശെയുടെയും പാട്ടുപാടുന്നതു അവൻ കേട്ടു. സ്വർഗ്ഗത്തിന്റെ അനുഗ്രഹമായ ഒരു ഭാവി ദർശനം നമുക്കുണ്ടാകും. തിരുവെഴുത്തിൽ, വരുവാനുള്ള മഹത്വത്തിന്റെ ദർശനത്തെ ദൈവത്തിന്റെ കരംതന്നെ അതിന്റെ ദൃശ്യങ്ങളെ വരച്ചുകാട്ടിയിട്ടുണ്ട്. അവ സഭക്ക് ഒരു മുതൽക്കൂട്ടാണ്. വിശ്വാസത്താൽ നിത്യനഗരത്തിന്റെ ഉയർന്ന പടിയിൽ നിന്നുകൊണ്ടു ക്രിസ്തുവിനോടുള്ള കൂട്ടായ്മാബന്ധത്തിൽ ആയിരുന്നവരെ കരുണയോടെ സ്വാഗതം ചെയ്യുന്ന ഇമ്പശബ്ദം നാം ശ്രവിക്കുകയും അതു അവനായി കഷ്ടപ്പാടുകൾ സഹിച്ചതിനുള്ള ബഹുമതിയായി കരുതുകയും ചെയ്യുന്നു. “എന്റെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരേ” എന്നുള്ള ഇമ്പശബ്ദം കേൾക്കുമ്പോൾ “അവർ തങ്ങളുടെ കിരീടങ്ങളെ രക്ഷകന്റെ മുമ്പാകെ ഇട്ടുകൊണ്ടു, ഈ വണ്ണം പറയും. “അറുക്കപ്പെട്ട കുഞ്ഞാടു ശക്തിയും ധനവും ജ്ഞാനവും ബലവും ബഹുമാനവും മഹത്വവും സ്തോത്രവും ലഭിപ്പാൻ യോഗ്യൻ എന്നു പറഞ്ഞു.” പിന്നീട് “സിംഹാസനത്തിൽ ഇരിക്കുന്നവനും കുഞ്ഞാടിനും സ്തോത്രവും ബഹുമാനവും മഹത്വവും ബലവും എന്നെന്നേക്കും ഉണ്ടാകട്ടെ എന്നു പറയുന്നതു കേട്ടു” മത്താ. 25:34; വെളി. 5:12,13.

അവിടെ വീണ്ടെടുക്കപ്പെട്ടവരെല്ലാം തങ്ങളെ രക്ഷകന്റെ അടുക്കലേക്കു നയിച്ചവരെ അഭിനന്ദിക്കുകയും അവർ ഒന്നിച്ച് രക്ഷകനെ സ്തുതിക്കുകയും ചെയ്യും. യുദ്ധം അവസാനിച്ചു. കഷ്ടതയും വേദനയും അവസാനിച്ചു. വിലകൊടുക്കപ്പെട്ടവർ സന്തോഷ ഗാനമുയർത്തുമ്പോൾ അതിനാൽ സ്വർഗ്ഗം നിറയുകയും എല്ലായിടത്തും സന്തോഷം കളിയാടുകയും അറുക്കപ്പെട്ടവനും വീണ്ടും ജീവിക്കുന്നവനുമായ കുഞ്ഞാടു യോഗ്യൻ, അവൻ ജയശാലിയായ രാജാവ് എന്ന് പാടുകയും ചെയ്യും.





# തങ്ങളുടെ വസ്ത്രം അലക്കുന്നവർ ഭാഗ്യവാന്മാർ

*ജീവ വൃക്ഷത്തിൽ തങ്ങൾക്കു അധികാരം ഉണ്ടാകേണ്ടതിന്നും ഗോപുരങ്ങളിൽ കൂടി നഗരത്തിൽ കടക്കേണ്ടതിന്നും അവന്റെ കല്പന അനുസരിക്കുന്നവർ ഭാഗ്യവാന്മാർ. വെളി. 22:14.*

അവസാനമായി സ്വർഗ്ഗത്തിലെ ഗായക സംഘവുമായുള്ള ഒത്തുചേരൽ നാം പ്രതീക്ഷിക്കുന്നുണ്ടോ? നാം കല്ലറകളിലേക്കു പോകുന്നതുപോലെ നമ്മുടെ സ്വഭാവങ്ങൾക്കനുസരിച്ചു ഉയിർക്കുകയും ചെയ്യും. ഇപ്പോഴാണ് ശുദ്ധീകരണത്തിനും കഴുകലിനുമുള്ള നല്ല സമയം.

ദൈവസിംഹാസനത്തിനും അതിനു ചുറ്റും ഒരു സമൂഹത്തെ കണ്ട് യോഹന്നാൻ ഇങ്ങനെ ചോദിക്കുന്നു: ഇവർ ആരാകുന്നു? ഇവർ കുഞ്ഞാടിന്റെ രക്തത്തിൽ തങ്ങളുടെ അങ്കികൾ കഴുകി വെടിപ്പാക്കിയവരാകുന്നു” എന്നു ഉത്തരം ലഭിച്ചു (വെളി. 7:14). ക്രിസ്തു ഇവരെ ജീവജല നദിയുടെ ഉറവയിലേക്കു നയിക്കും, അവിടെ ജീവവൃക്ഷവും അവരുടെ രക്ഷകനും ഉണ്ടാകും. അവിടെ ദൈവത്തിന്റെ ജീവൻകൊണ്ട് അളക്കുന്ന ഒരു ജീവിതത്തെ നമുക്ക് സമ്മാനിക്കും. അവിടെ വേദനയോ, ദുഃഖമോ, രോഗമോ, അഥവാ മരണമോ കാണുകയില്ല. എല്ലായിടത്തും സന്തോഷവും സമാധാനവും ഐക്യതയും സ്നേഹവും ഉണ്ടാകും.

അതുകൊണ്ട് ഇപ്പോൾ ആകുന്നു കൃപ ലഭിക്കുവാനും ബലം ലഭിക്കുവാനും ശക്തി പ്രാപിക്കുവാനും ഉള്ള സമയം. ഇവ മനുഷ്യന്റെ പ്രയത്നത്തോടു സംയോജിച്ചാൽ നിത്യജീവന് അർഹമായ സ്വഭാവത്തെ രൂപപ്പെടുത്തുവാൻ കഴിയും. നാം മുൻപറഞ്ഞ കാര്യങ്ങൾ നമ്മുടെ ജീവിതത്തിൽ പ്രായോഗികമാക്കിയാൽ ദൈവത്തിന്റെ ദൂതന്മാർ നമ്മുടെ ശുശ്രൂഷകന്മാരായി നമ്മോടൊപ്പം ഇരിക്കുകയും നാം പിതാവായ ദൈവത്തിനും പുത്രനായ യേശുക്രിസ്തുവിനും കൂട്ടവകാശികളായിത്തീരുകയും ചെയ്യും. കാഹളം ധ്വനിക്കുകയും മരിച്ചവർ അക്ഷയരായി ഉയിർക്കുകയും ചെയ്യുന്ന നാഴികയിൽ നാം കണ്ണിമയ്ക്കുന്നിടയിൽ ആ നിമിഷത്തിൽ തന്നെ ജയിച്ചവരുടെ ശിരസ്സിന്മേൽ അമർത്യതയുടെ കിരീടം ധരിപ്പിക്കപ്പെടുകയും നാം രൂപാന്തരം പ്രാപിക്കുകയും ചെയ്യും. മുത്തിനാൽ നിർമ്മിതമായ ആ കവാടം പുറകിലേക്കു ഓടി മാറുകയും സത്യം കാത്ത ജനങ്ങൾ അതിലൂടെ അകത്തു പ്രവേശിക്കുകയും ചെയ്യും. യുദ്ധം അവസാനിച്ചു.

“എന്റെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരേ, വരുവിൻ; ലോകസ്ഥാപനം മുതൽ നിങ്ങൾക്കായി ഒരുക്കിയിരിക്കുന്ന രാജ്യം അവകാശമാക്കിക്കൊൾവിൻ” (മത്താ. 25:34). ഇങ്ങനെയുള്ള ആശീർവ്വാദ പ്രാർത്ഥന നമുക്ക് ആവശ്യമാണോ? എനിക്കും നിങ്ങൾക്കും അതിൽ വിശ്വാസമുണ്ട്. നിങ്ങൾ യുദ്ധത്തിൽ ജയം വരിച്ചവരായിത്തീരുവാനും തങ്ങളുടെ കിരീടങ്ങളെ ക്രിസ്തുവിന്റെ പാദത്തിൽ അർപ്പിച്ചവരോടുകൂടെ കാണപ്പെടുവാനും തങ്കനിർമ്മിതമായ വീണകൾ മീട്ടി മനോഹരമായ സംഗീതങ്ങളെ സ്വർഗ്ഗത്തിൽ നിറയ്ക്കുന്നവരുടെ കൂട്ടത്തിൽ ആയിത്തീരുവാനും ദൈവം നിങ്ങളെ സഹായിക്കട്ടെ. എന്റെ യേശുവിനെ സ്നേഹിക്കുവാൻ ഞാൻ നിങ്ങളോട് ആവശ്യപ്പെടുന്നു. നമ്മുടെ ജീവരക്ഷകനെ ഉപേക്ഷിക്കരുതെ, കാരണം അവൻ നമുക്കുവേണ്ടി വലിയ ഒരു വില കൊടുത്തിരിക്കുന്നു. ഞാൻ യേശുവിന്റെ മനോഹരത്വം ദർശിക്കുന്നു. നിങ്ങളും അതു ദർശിക്കുവാൻ ഞാൻ ആവശ്യപ്പെടുന്നു.

# ആയിരമാണ്ടു വാഴ്ചക്കാലത്തെ ന്യായവിധി

*നാം ദൂതന്മാരെ വിധിക്കും എന്ന് നിങ്ങൾ അറിയുന്നില്ലയോ? ഐഹിക കാര്യങ്ങളെ എത്ര അധികം. 1 കൊരി. 6:3*

ആയിരമാണ്ടു വാഴ്ചക്കാലത്ത്, ആദ്യത്തെയും രണ്ടാമത്തെയും പുനരുത്ഥാനത്തിനുമിടയ്ക്ക് ദുഷ്ടന്മാരുടെ ന്യായവിധി ഉണ്ടാകും. അപ്പൊസ്തലനായ പൗലൊസ് ഈ ന്യായവിധിയെ രണ്ടാമത്തെ വരവിനെത്തുടർന്നുള്ള സംഭവമായി ചൂണ്ടിക്കാണിക്കുന്നു. അന്ധകാരത്തിന്റെ പ്രവൃത്തിയെ വെളിപ്പെടുത്തുന്നവനായ കർത്താവ് വരുവോളം സമയത്തിനു മുമ്പെ ഒന്നും വിധിക്കരുത്; അവൻ ഇരുട്ടിൽ മറഞ്ഞിരിക്കുന്നത് വെളിച്ചത്താക്കി ഹൃദയങ്ങളുടെ ആലോചനകളെ വെളിപ്പെടുത്തും. 1 കൊരി. 4:5. ദാനീയേൽ പ്രവാചകൻ ഈ വണ്ണം പ്രസ്താവിക്കുന്നു: "വയോധികനായവൻ വന്നു. അത്യുന്നതനായവന്റെ വിശുദ്ധന്മാർക്കു ന്യായാധിപത്യം നല്കും" ദാനി. 7:22. ഈ അവസരത്തിൽ നീതിമാന്മാർ ദൈവത്തിനു രാജാക്കന്മാരും പുരോഹിതന്മാരുമായി വാഴും. വെളിപ്പാടുകാരൻ ഈ വണ്ണം പറയുന്നു: "ഞാൻ ന്യായാസനങ്ങളെ കണ്ടു അതിന്മേലിരിക്കുന്നവന് ന്യായവിധിയുടെ അധികാരം ലഭിച്ചു. അവർ ദൈവത്തിനും ക്രിസ്തുവിനും പുരോഹിതന്മാരായി ആയിരമാണ്ടു വാഴും" വെളി. 20:4,6.

ഈ സ്ദർഭത്തെ സംബന്ധിച്ചാണ് അപ്പൊസ്തലനായ പൗലൊസ് നീതിമാന്മാർ ലോകത്തെ വിധിക്കും എന്ന് മുൻകൂട്ടി പറഞ്ഞിരിക്കുന്നത്. 1 കൊരി. 6:2. ക്രിസ്തുവുമായി ചേർന്ന് അവർ ദുഷ്ടന്മാരുടെ ജീവിതങ്ങളെ വേദപുസ്തകത്തിനനുസരിച്ചും നിയമത്തിനനുസരിച്ചും തുലനം ചെയ്യുകയും അവനവൻ ശരീരത്തിൽ ഇരിക്കുമ്പോൾ ചെയ്തതിനനുസരിച്ചു വിധിക്കുകയും ചെയ്യും. അങ്ങനെ ദുഷ്ടന്മാരുടെ പ്രവൃത്തിക്കനുസരിച്ചുള്ള വിധി അവർ അനുഭവിക്കുകയും അവ മരണത്തിന്റെ പുസ്തകത്തിൽ അവരുടെ പേരിൽ ചേർക്കപ്പെടുകയും ചെയ്യും.

ക്രിസ്തുവും തന്റെ ജനവും സാത്താനെയും അവന്റെ ദൂതന്മാരെയും വിധിക്കും. പൗലൊസ് അപ്പൊസ്തലൻ പറയുന്നു: "നിങ്ങൾ ദൂതന്മാരെ വിധിക്കുമെന്നു അറിയുന്നില്ലയോ" വാക്യം 3. "തങ്ങളുടെ വാഴ്ച കാത്തുകൊള്ളാതെ സ്വന്ത വാസസ്ഥലം വിട്ടുപോയ ദൂതന്മാരെ മഹാദിവസത്തിന്റെ വിധിക്കായി എന്നേക്കുമുള്ള ചങ്ങലയിട്ട് അന്ധകാരത്തിൻ കീഴിൽ സൂക്ഷിച്ചിരിക്കുന്നു" യൂദാ. 6.

ആയിരമാണ്ടു വാഴ്ചയുടെ അവസാനത്തിൽ രണ്ടാം പുനരുത്ഥാനം സംഭവിക്കുകയും ദുഷ്ടന്മാർ ഉയിർത്തെഴുന്നേൽക്കുകയും ന്യായവിധിക്കായി ദൈവസിംഹാസനത്തിൻ മുമ്പിൽ വെളിപ്പെടുകയും ചെയ്യും. വെളിപ്പാടുകാരൻ ഈ വണ്ണം പറയുന്നു: "മരിച്ചവരിൽ ശേഷമുള്ളവർ ആയിരമാണ്ടു കഴിയുവോളം ജീവിച്ചില്ല" വെളി. 20:5. യെശയ്യാ പ്രവാചകൻ ദുഷ്ടന്മാരെക്കുറിച്ചും ഈ വണ്ണം പ്രസ്ഥാവിക്കുന്നു: "അവരെയെല്ലാം തടവുകാരെപ്പോലെ കൂട്ടിവരുത്തി തടവിലാക്കുകയും അനേക ദിവസങ്ങൾക്കുശേഷം സന്ദർശിക്കുകയും ചെയ്യും" യെശ. 24:22.





# ക്രിസ്തു ഭൂമിയിലേക്ക് മടങ്ങിവരുന്നു

***ആദാം മുതൽ ഏഴാമനായ ഹാനോക്കും ഇവരെക്കുറിച്ച്: "ഇതാ കർത്താവ് എല്ലാവരെയും വിധിപ്പാനും അവർ അഭക്തിയോടെ ചെയ്ത ഭക്തിവിരുദ്ധമായ സകല പ്രവൃത്തികളും നിമിത്തം ഭക്തികെട്ട പാപികൾ തന്റെ നേരെ പറഞ്ഞ സകല നിഷ്ഠൂരങ്ങളും നിമിത്തവും ഭക്തികെട്ടവരെ ഒക്കെയും ബോധം വരുത്തുവാനും ആയിരമായിരം വിശുദ്ധന്മാരോടുകൂടെ വന്നിരിക്കുന്നു എന്നു പ്രവചിച്ചു. യൂദാ. 14, 15.***

ആയിരമാണ്ടിന്റെ അവസാനത്തിൽ ക്രിസ്തു വീണ്ടും ഭൂമിയിൽ മടങ്ങിവരും. വീണ്ടെടുക്കപ്പെട്ടവരുടെ സംഘവും അസംഖ്യം ദൂതന്മാരും അവനെ അനുഗമിക്കും. അങ്ങനെ വളരെ തേജസ്സോടെ അവൻ വരുമ്പോൾ മരിച്ച ദുഷ്ടന്മാരെ അവരുടെ ന്യായവിധിക്കായി വിളിച്ചുണർത്തും. അവർ കടൽക്കരയിലെ മണലുപോലെ എണ്ണിക്കൂടാൻ കഴിയാത്തവരായി ശക്തിയോടെ എഴുന്നേറ്റവരും. ഒന്നാം പുനരുത്ഥാനത്തിൽ ഉയിർക്കപ്പെട്ടവരെക്കാൾ എത്ര വ്യത്യസ്തം! നീതിമാന്മാർ അമർത്യത ധരിച്ചുംകൊണ്ട്, യുവത്വവും, കോമളത്വവുമുള്ളവരായിരിക്കും. എന്നാൽ ദുഷ്ടന്മാർ രോഗം ബാധിച്ചവരായും മരണത്തിന് അധീനരായും ഇരിക്കും.

ആ വലിയ സമൂഹത്തിന്റെ കണ്ണുകൾ ദൈവപുത്രൻ തേജസ്സോടെ വരുന്നതു കാണും. ആ സന്ദർഭത്തിൽ ദുഷ്ടന്മാരൊക്കെയും ഒരേ ശബ്ദത്തിൽ "കർത്താവിന്റെ നാമത്തിൽ വരുന്നവൻ വാഴ്ത്തപ്പെട്ടവൻ" എന്നു പറയും. അതു ക്രിസ്തുവിനോടുള്ള സ്നേഹംകൊണ്ടല്ല ഈ വണ്ണം പറവാൻ അവർ പ്രേരിപ്പിക്കപ്പെട്ടത്. മറിച്ച് സത്യത്തിന്റെ വ്യാപാര ശക്തിയാൽ ഇങ്ങനെ ഉള്ള വാക്കുകൾ ആഗ്രഹിക്കാത്ത നാവുകളിലൂടെ പുറത്തുവരും. ദുഷ്ടന്മാർ കല്ലറയിൽ വിശ്രമിച്ചതുവരെയുള്ള അതേ സ്വഭാവത്തിൽ എഴുന്നേറ്റുവരും; ക്രിസ്തുവിനോടു എതിർത്തു മത്സരിക്കുന്ന രീതിയിൽ തന്നെ അവർ വരും. അവരുടെ കഴിഞ്ഞകാല ജീവിതത്തെ പരിഹരിക്കത്തക്കവണ്ണമുള്ള യാതൊരു കൃപയും ഇനി അവർക്ക് നല്കുകയില്ല. ഇതുകൊണ്ട് ഒരു നേട്ടവും ഉണ്ടാകുവാൻ പോകുന്നില്ല. കല്പന ലംഘിച്ചുകൊണ്ടുള്ള ഒരു ജീവിത സായാഹ്നം അവരുടെ ഹൃദയത്തിനു യാതൊരു മാറ്റവും വരുത്തുകയില്ല. അവർക്കു രണ്ടാമതൊരു അവസരം കൂടി കൊടുത്താൽ അവർ കൂടുതൽ ദൈവത്തോടു മത്സരിക്കുകയേയുള്ളു.

അവന്റെ പുനരുത്ഥാനശേഷം ഒലിവ് മലയിൽ വച്ച് ക്രിസ്തു ആരോഹണം ചെയ്തപ്പോൾ, അവന്റെ ദൂതന്മാർ, അവന്റെ വീണ്ടുംവരവിനെക്കുറിച്ചുള്ള വാഗ്ദത്തം ആവർത്തിച്ചു. പ്രവാചകന്മാർ ഈ വണ്ണം പറയുന്നു: "എന്റെ ദൈവമായ കർത്താവ് തന്റെ സകല വിശുദ്ധന്മാരുമായി കടന്നുവരും" "ആ നാളിൽ അവന്റെ കാൽ ഒലിവ് മലയിൽ നില്ക്കും. ഒലിവുമല രണ്ടായി പിളർന്നു മാറിപോകും. അവിടെ വലിയ ഒരു താഴ്വരയുണ്ടാകും. യഹോവ സർവ്വ ഭൂമിക്കും രാജാവാകും. അന്നാളിൽ യഹോവ ഏകനും ഒരു കർത്താവായും അവന്റെ നാമം ഏകവും ആയിരിക്കും" സെഖ. 14:9.

പുതിയ യെരുശലേം എന്ന വിശുദ്ധ നഗരം, അതിന്റെ മനോഹരിതയോടെ ഇറങ്ങി വരുമ്പോൾ, അതു ഈ വിശുദ്ധീകരിക്കപ്പെട്ട സ്ഥാനത്ത് സ്ഥിതി ചെയ്യുകയും അവിടേക്കു വിശുദ്ധന്മാരും ദൂതന്മാരുടെ സംഘവും പ്രവേശിക്കുകയും ചെയ്യും.

# സാത്താനെ ബന്ധനത്തിൽനിന്നും അഴിച്ചുവിടുന്നു

***ആയിരമാണ്ട് കഴിയുമ്പോഴോ സാത്താനെ തടവിൽനിന്നും അഴിച്ചുവിടും. അവൻ ഭൂമിയുടെ നാലുദിക്കിലുമുള്ള ജാതികളായി സംഖ്യയിൽ കടൽപ്പുറത്തെ മണൽപോലെയുള്ള ഗോഗ് മാഗോഗ് എന്നിവരെ യുദ്ധത്തിന്നായി കൂട്ടിച്ചേർക്കേണ്ടതിന് വശീകരിപ്പാൻ പുറപ്പെടും. വെളി. 20:7,8.***

ആയിരമാണ്ട് കഴിയുമ്പോൾ മരിച്ചവരിൽ ശേഷമുള്ളവർ ഉയിർത്തെഴുന്നേല്ക്കും. ഇതു രണ്ടാമത്തെ പുനരുത്ഥാനം. ഈ പുനരുത്ഥാനം ദുഷ്ടന്മാരുടേതാണ്. അവർ ദൈവത്തിന്റെ ന്യായവിധി കേൾപ്പാൻ എഴുന്നേറ്റുവരും. ഈ വണ്ണം വെളിപ്പാടുകാരൻ നീതിമാന്മാരുടെ പുനരുത്ഥാനത്തിനുശേഷമുള്ളതു വർണ്ണിക്കുന്നു: "ആയിരമാണ്ടു കഴിയുവോളം മരിച്ചവരിൽ ശേഷമുള്ളവർ ജീവിച്ചില്ല" വെളി. 20:5. ഈ വണ്ണം തന്നെ യെശയ്യാ പ്രവാചകൻ ദുഷന്മാരെക്കുറിച്ചു പ്രസ്ഥാവിക്കുന്നു: കുണ്ടറയിൽ വിലങ്ങുകാരെപ്പോലെ അവരെ ഒന്നിച്ചുകൂട്ടി കാരാഗൃഹത്തിൽ അടെക്കയും ഏറിയനാൾ കഴിഞ്ഞിട്ടു അവരെ സന്ദർശിക്കയും ചെയ്യും" യെശ. 24:22.

അപ്പോൾ സാത്താൻ അധികാരത്തിനുവേണ്ടി തന്റെ ഒടുക്കത്തെ യുദ്ധത്തിനായി തയ്യാറെടുക്കുന്നു. തന്റെ ശക്തി ക്ഷയിക്കപ്പെട്ട് ആരെയും വഞ്ചിക്കുവാൻ കഴിയാതെ ഈ ഭൂമിയിൽ ആയിരമാണ്ടു വസിച്ചപ്പോൾ ദുഷ്ടപ്രഭുവിനു അതു ദുസ്സഹമായ അവസ്ഥയായിരുന്നു. എന്നാൽ ദുഷ്ടന്മാരെല്ലാം ആയിരമാണ്ടു കഴിഞ്ഞു ഉയിർത്തെഴുന്നേല്ക്കുമ്പോൾ, തന്റെ വശത്തെ വലിയൊരു സമൂഹത്തെ കണ്ടപ്പോൾ, അവൻ തന്റെ ആശ കൈവിടാതെ ശക്തിയോടെ വൻ വിവാദത്തിനായി ഒരുങ്ങുന്നു. അവൻ ഭൂമിയിൽ പരക്കെ ചെന്നു തോല്വി സംഭവിച്ച സകല സൈന്യത്തെയും അവന്റെ കൊടിക്കീഴിൽ ചേർത്ത് നേതൃത്വം നല്കുകയും അവരിലൂടെ തന്റെ പദ്ധതി ആവിഷ്ക്കരിക്കുകയും ചെയ്യും. ദുഷ്ടന്മാർ സാത്താന്റെ ബന്ധനത്തിലാണ്. ക്രിസ്തുവിനെ തിരസ്കരിച്ചതുമൂലം അവർ മത്സരിയായ ഈ നേതൃത്വത്തിൻ കീഴിലാണ്. അവർ അവൻ പറയുന്നതു കേൾപ്പാനും, അതുപോലെ ചെയ്യുവാനും ഒരുങ്ങിയിരിക്കുന്നു. എന്നിരുന്നാലും പഴയപോലെ തന്നെ ഇപ്പോഴും അവൻ സാത്താനാണ് എന്ന് വെളിപ്പെടുത്താതെ കപടത പ്രവർത്തിക്കും. അവൻ ലോകത്തിന്റെ ഏകാധികാരിയും പ്രഭുവുമാണ് എന്ന് അവകാശപ്പെടുകയും അവന്റെ അവകാശം അന്യായമായി പിടിച്ചെടുത്തു എന്നു സ്ഥാപിപ്പാൻ ശ്രമിക്കുകയും ചെയ്യും. അവൻ അവർക്കു മുൻപാകെ ഈ അവസ്ഥയിൽ അവരുടെ രക്ഷകനായി ചമയുകയും അവനാണ് അവരെ കാരാഗ്രഹത്തിൽ നിന്നു പുറത്തുകൊണ്ടുവന്നതെന്നു അഭിമാനിക്കുകയും അവൻ ദുഷ്ടനായ ശത്രുവിന്റെ കയ്യിൽനിന്നു അവരെ രക്ഷിക്കുവാൻ വന്ന യഥാർത്ഥ രക്ഷകനായും ചമയും. ക്രിസ്തുവിന്റെ അസാന്നിദ്ധ്യത്തിൽ സാത്താൻ തന്റെ അവകാശം സ്ഥാപിക്കുന്നതിന് അത്ഭുതം പ്രവർത്തിക്കും. അവൻ ബലഹീനരെ ബലപ്പെടുത്തുകയും തന്റെ സ്വന്തം ആത്മാവുകൊണ്ടും പ്രവർത്തനശക്തികൊണ്ടും പ്രചോദിപ്പിക്കുകയും ചെയ്യും. അവൻ അവരെ വിശുദ്ധന്മാരുടെ പാളയത്തിലേക്കു നയിക്കുകയും വിശുദ്ധനഗരത്തെ പിടിച്ചെടുക്കുവാൻ തക്കവണ്ണം അതിനെ വളയുകയും ചെയ്യും. ഈ നഗരം പിടിച്ചെടുക്കുവാനും എന്റെ രാജ്യവും സിംഹാസനവും തിരികെ പിടിക്കുവാനും ഇപ്പോൾ ഞാൻ ശക്തനാണ് എന്ന് ഉയിർത്തെഴുന്നേറ്റ എണ്ണിക്കൂടാത്ത ദുഷ്ടന്മാരോട് അവരുടെ നായകനെന്നവണ്ണം സാത്താന്യ ആഹ്ലാദത്തോടുകൂടി പ്രഖ്യാപിക്കുന്നു.





# പുതിയ യെരുശലേമിനെ ആക്രമിക്കുവാൻ ദുഷ്ടന്മാർ ഒരുങ്ങുന്നു

***ആയിരമാണ്ടു കഴിയുമ്പോഴോ സാത്താനെ തടവിൽ നിന്നു അഴിച്ചുവിടും. അവൻ ഭൂമിയുടെ നാലു ദിക്കിലുമുള്ള ജാതികളായി സംഖ്യയിൽ കടപ്പുറത്തെ മണൽപോലെയുള്ള ഗോഗ്, മാഗോഗ് എന്നവരെ യുദ്ധത്തിനായി കൂട്ടിച്ചേർക്കേണ്ടതിന് വശീകരിപ്പാൻ പുറപ്പെടും. വെളി. 20:7,8.***

ജലപ്രളയത്തിനുമുമ്പ് ദീർഘകാലം ജീവിച്ചിരുന്ന മനുഷ്യവർഗ്ഗത്തിന്റെ നടുവിൽ അത്യുഗ്രന്മാരും ചെറിയവരും വലിയവരും ബുദ്ധിമാന്മാരും ദൈവപ്രിയമില്ലാത്ത ഭക്തികെട്ട ദൂതന്മാരുടെ വലയത്തിൽ അകപ്പെട്ടു. അവരുടെ ജ്ഞാനത്തെയും കഴിവുകളെയും സ്വന്തം പുകഴ്ചയ്ക്കുവേണ്ടി ഉപയോഗിക്കുകയും അവരുടെ അത്ഭുതകരമായ കണ്ടുപിടുത്തങ്ങൾ ലോകത്താൽ സ്വാധീനിക്കപ്പെടുകയും അതിനാൽ ലോകം നശിക്കുകയും ദൈവത്തിന്റെ നാമം ദുഷിക്കുകയും തന്മൂലം അവന്റെ സൃഷ്ടികളിൽ നിന്നും അവർ തുടച്ചുമാറ്റപ്പെടുവാനും കാരണമായി. ആ കൂട്ടത്തിൽ രാജ്യങ്ങളെ പിടിച്ചടക്കിയ രാജാക്കന്മാരും മഹത്തുക്കളും വീരന്മാരും രാജ്യങ്ങളെ വിറപ്പിച്ച ശ്രേഷ്ഠന്മാരും കാണപ്പെടും. മരണത്തിൽ അവർക്കു യാതൊരു മാറ്റവും സംഭവിക്കുകയില്ല. അവർ പൊടിയിൽ നിന്നു തിരികെ വരുമ്പോൾ അവർ മരിക്കുന്നതിനു മുൻപുണ്ടായിരുന്ന അതെ പ്രകൃതത്തിലേക്കു മടങ്ങിവരും. അവർ വീണപ്പോൾ ഉണ്ടായിരുന്ന അതെ സ്വഭാവം അവരിൽ രൂപം കൊള്ളും.

ആ സന്ദർഭത്തിൽ സാത്താനും തന്റെ ദൂതന്മാരുമായി ഈ രാജാക്കന്മാരോടും മഹത്തുക്കളോടും ആലോചന കഴിക്കും. അപ്പോൾ അവർ തങ്ങളുടെ സൈന്യത്തെയും നഗരത്തിലുള്ള വിശുദ്ധന്മാരുടെ കൂട്ടത്തെയും താരതമ്യം ചെയ്യുകയും തങ്ങൾ അധികമൊന്നും ശക്തിയുള്ളവർ എന്നും കണ്ടിട്ട് നഗരത്തെ പിടിച്ചടക്കുവാൻ ശ്രമിക്കും. അവർ പുതിയ യെരുശലേമിന്റെ മഹത്വത്തെയും ധനത്തെയും കൈവശമാക്കുവാൻ പദ്ധതി ആസൂത്രണം ചെയ്യും. എല്ലാവരും യുദ്ധത്തിനുവേണ്ടി ഒരുങ്ങും. ശില്പികൾ യുദ്ധകോപ്പുകൾ നിർമ്മിക്കും. യുദ്ധ തന്ത്രജ്ഞന്മാർ യുദ്ധ തന്ത്രത്തിൽ പ്രഗത്ഭരായവർ ഈ കൂട്ടങ്ങളെ യുദ്ധത്തിനായി കൂട്ടമായും പല വിഭാഗമായും തിരിക്കും. അങ്ങനെ ഒരിക്കലും സംഭവിച്ചിട്ടില്ലാത്ത രീതിയിലുള്ള ഒരു യുദ്ധം ഉണ്ടാവുകയും ഒരു യുഗമുണ്ടായതു മുതലിന്നുവരെയുണ്ടാകാത്ത യുദ്ധം ഉടലെടുക്കുകയും സാത്താൻ സർവ്വശക്തിയുള്ള പടനായകനെപ്പോലെ അവരെ യുദ്ധത്തിനായി കൂട്ടിച്ചേർത്തു അവരെ നയിക്കുകയും അവരുടെ അന്തിമ നിലനില്പിനു വേണ്ടിയുള്ള പോരാട്ടം ആരംഭിക്കുകയും ചെയ്യും. അവർ പല നേതൃത്വത്തിനു കീഴിലും അണിനിരന്ന് ദൈവനഗരത്തെ വളയും. എന്നാൽ യേശുവിന്റെ കല്പനപ്രകാരം നഗരകവാടങ്ങൾ അടയ്ക്കപ്പെടുകയും അപ്പോൾ സാത്താന്റെ പടജ്ജനം ദൈവനഗരത്തെ വളയുകയും യുദ്ധത്തിനായി ഒരുങ്ങുകയും ചെയ്യുന്നു.

# അന്ത്യന്യായവിധി

***മരിച്ചവർ ആബാലവൃദ്ധം സിംഹാസനത്തിൻ മുമ്പിൽ നില്ക്കുന്നതും കണ്ടു; പുസ്തകങ്ങൾ തുറന്നു; ജീവന്റെ പുസ്തകം എന്ന മറ്റൊരു പുസ്തകവും തുറന്നു. പുസ്തകങ്ങളിൽ എഴുതിയിരുന്നതിന് ഒത്തവണ്ണം മരിച്ചവർക്ക് അവരുടെ പ്രവൃത്തി കൾക്കടുത്ത ന്യായവിധിയുണ്ടായി. വെളി. 20:12.***

ക്രിസ്തു അവന്റെ ശത്രുക്കൾക്ക് ദൃശ്യമാകുംവിധം വീണ്ടും വെളിപ്പെടും. അങ്ങു ദൂരെ നഗരത്തിനുമുകളിൽ ശുദ്ധിചെയ്ത പൊന്നിനാൽ അടിസ്ഥാനമി ട്ടിരിക്കുന്ന അവന്റെ സിംഹാസനം ഉന്നതവും ഉയർത്തപ്പെട്ടതും ആയി പ്രത്യ ക്ഷപ്പെടും. ദൈവപുത്രൻ ഈ സിംഹാസനത്തിൽ ഇരിക്കുകയും അവന്റെ രാജ്യ ത്തിലെ പ്രജകൾ അവനുചുറ്റും ഇരിക്കുകയും ചെയ്തു. അവന്റെ ശക്തിയും വല്ലഭത്വവും യാതൊരു എഴുത്തുകാർക്കും വിവരിക്കുവാൻ കഴിയുകയില്ല. നിത്യ പിതാവിന്റെ മഹത്വം അവന്റെ പുത്രനെ ചുറ്റിമിന്നുന്നു. അവന്റെ സാന്നിധ്യ ത്തിന്റെ ശോഭ ദൈവനഗരത്തെ പ്രകാശിപ്പിക്കുകയും സകല ഭൂമിയും അവന്റെ തേജസ്സിനാൽ നിറയുകയും ചെയ്യും.

സിംഹാസനത്തിന് ഏറ്റവും അടുത്തായി സാത്താന്റെ പ്രവർത്തനങ്ങളിൽ നിമിത്തം ഏറ്റവും വിശ്വസ്തത പുലർത്തിയവരും തീയിൽ നിന്നു വിലച്ചെടുത്ത കൊള്ളിപോലെ, പരീക്ഷിക്കപ്പെട്ടപ്പോൾ രക്ഷകനെ സ്വീകരിച്ച് അഗാധമായ ഭക്തിയിൽ അനുഗമിച്ചവരെയും കാണുവാൻ കഴിയും. അതിനുശേഷം ക്രിസ്തു വിനുവേണ്ടി മരിച്ചവർ, പീഡിപ്പിക്കപ്പെട്ടപ്പോഴും ദൈവകല്പന തിരസ്കരിക്ക പ്പെട്ടപ്പോഴും സത്യസന്ധമായി നിന്നവരും കാണപ്പെടും. അതിനുശേഷം സകല ജാതിയിൽനിന്നും വംശങ്ങളിൽനിന്നും ഭാഷകളിൽനിന്നും എണ്ണിക്കൂടാത്ത ഒരു പുരുഷാരം വെള്ള നിലയങ്കി ധരിച്ച്, കയ്യിൽ കുരുത്തോലയുമായി സിംഹാസ നത്തിനും കുഞ്ഞാടിനെയും മുമ്പാകെ നില്ക്കും" വെളി. 7:9.

വീണ്ടെടുക്കപ്പെട്ടവർ സ്തുതിഗീതം മുഴക്കുന്നത് സ്വർഗ്ഗീയ കവാടങ്ങ ളിൽകൂടി മാറ്റൊലിക്കൊണ്ടും "രക്ഷ എന്നുള്ളതു സിംഹാസനത്തിൽ ഇരിക്കു ന്നവനായ നമ്മുടെ ദൈവത്തിന്റെയും കുഞ്ഞാടിന്റെയും ദാനം എന്ന് അവർ അത്യുച്ചത്തിൽ ആർത്തുംകൊണ്ടിരുന്നു" വെളി. 7:10.

സകല ദൂതന്മാരും സാറാഫുകളും ഇതു ഏറ്റുപാടും. കടന്നുവന്നിരിക്കുന്ന സകല ഭൂനിവാസികളുടെയും സ്വർഗ്ഗീയന്മാരുടെയും സാന്നിധ്യത്തിൽ ദൈവ പുത്രൻ രാജാവായി വാഴിക്കപ്പെടും. അപ്പോൾ ദൈവിക ശക്തിയും അധികാ രവും പ്രാപിച്ച ദൈവപുത്രൻ രാജാധിരാജാവും, കർത്താധികർത്താവുമായി ത്തീരുകയും ദൈവകല്പന ലംഘിച്ചവരെയും അവന്റെ ജനത്തെ പീഡിപ്പിച്ച വരെയും ന്യായംവിധിക്കും.

പുസ്തകങ്ങൾ തുറന്നു യേശു ദുഷ്ടന്മാരെ നോക്കുമ്പോൾ, അവരുടെ പാപ ങ്ങളെക്കുറിച്ചുള്ള ബോധം അവരിൽ ഉണരും.





# ഓരോ പ്രവൃത്തിയും ന്യായവിസ്താരസഭയിലേക്കു കൊണ്ടുവരപ്പെടും

***ദൈവം നല്ലതും തീയതുമായ സകല പ്രവൃത്തിയെയും സകല രഹസ്യങ്ങളുമായി ന്യാവിസ്താരസഭയിലേക്കു വരുത്തുമല്ലോ. സഭാ.പ്ര. 12:14.***

ഒരു കലാകാരന്റെ മിനുക്കിയ തളികയിലേക്കു ഛായാരൂപം മാറ്റുന്നതിനെ ക്കാളും വളരെ അത്ഭുതമായാണ് ഓരോ വ്യക്തിയെയും സംബന്ധിച്ച സകല രഹസ്യങ്ങളും മാറ്റുന്ന പ്രക്രിയ നടന്നുകൊണ്ടിരിക്കുന്നത്. ഒരു ഫോട്ടോഗ്രാ ഫറുടെ കല പതിപ്പിക്കുന്നത് നശിച്ചുപോകുന്ന വസ്തുവിന്മേലാണ്; എന്നാൽ ജീവിതരേഖയിൽ ഒരു വ്യക്തിയെ വിശ്വസ്തതയോടെ ചിത്രീകരിക്കുന്നു; ഈ രേഖ എത്രതന്നെ അന്ധകാരമായിരുന്നാലും യേശുവിന്റെ പുണ്യാഹരക്തത്താ ലല്ലാതെ ഒരിക്കലും മായിച്ചുകളയുവാൻ കഴിയുകയില്ല.

ഒരു കലാകാരൻ മനുഷ്യമുഖത്തിന്റെ ഭാവത്തെ കൃത്യമായി വരച്ചെടുക്കു ന്നതുപോലെ ദൈവദൂതന്മാർ കൃത്യമായി രേഖപ്പെടുത്തുന്നു. ഈ രേഖകൾ വച്ചാണ് നാം ന്യായം വിധിക്കപ്പെടുന്നത്.

ന്യായവിസ്താരസഭ ഇരിക്കുകയും പുസ്തകങ്ങൾ തുറക്കുകയും ചെയ്യു മ്പോൾ അതിശയിപ്പിക്കുന്ന പല വെളിപ്പെടുത്തലുകളും ഉണ്ടായിരിക്കും. മനു ഷ്യന്റെ കൺമുമ്പിലും പരിമിതമായ ന്യായവിസ്താരങ്ങളിലും മനുഷ്യൻ പ്രത്യ ക്ഷപ്പെടുന്നതുപോലെ ആയിരിക്കുകയില്ല അപ്പോൾ പ്രത്യക്ഷപ്പെടുന്നത് സക ലർക്കും ദൃശ്യമാകുംവിധം രഹസ്യപാപങ്ങൾ തുറന്നുകാട്ടപ്പെടും. ഹൃദയത്തിന്റെ ഉള്ളറകളിൽ ഒളിക്കപ്പെട്ടിരിക്കുന്ന പ്രേരണകളും ഉദ്ദേശ്യങ്ങളും വെളിപ്പെടും.

ഒരു യഥാർത്ഥ ജീവിത വിവരണം എന്നവണ്ണം സകലതും പ്രത്യക്ഷമാകും.

പരിപാവനവും ഭയാനകവുമായ ആ മണിക്കൂറിൽ ഭർത്താവിന്റെ അവിശ്വ സ്തത ഭാര്യയുടെ മുമ്പിലും ഭാര്യയുടെ അവിശ്വസ്തത ഭർത്താവിന്റെ മുമ്പിലും തുറക്കപ്പെടും. മാതാപിതാക്കൾ അവരുടെ മക്കളുടെ യഥാർത്ഥ സ്വഭാവം എന്താ യിരുന്നു എന്ന് ആദ്യമായി മനസ്സിലാക്കുകയും മക്കൾ അവരുടെ മാതാപിതാ ക്കളുടെ ജീവിതത്തിലെ തെറ്റുകളും കുറ്റങ്ങളും കാണുകയും ചെയ്യും. തെറ്റായ അവതരണങ്ങളിലൂടെ അയൽവാസിയെ കൊള്ളയടിക്കുകയും തന്മൂലം ലാഭ മുണ്ടാക്കുകയും ചെയ്തതിൽനിന്നും രക്ഷപ്പെടുവാൻ പോകുന്നില്ല. അവിശ്വ സ്തതയോടു കൂടിയുള്ള എല്ലാ കണക്കുകളും എല്ലാ ഇടപാടുകളും ദൈവ ത്തിനു വളരെ കൃത്യമായി തന്റെ പുസ്തകത്തിലുണ്ട്.

അന്നു കുറവുള്ളവനായി കാണപ്പെടുന്നവന്റെ കുറ്റങ്ങൾക്കുള്ള ശിക്ഷാവി ധിയിൽ ഓർമ്മ സത്യവും വ്യക്തവും ആയിരിക്കും. കഴിഞ്ഞകാലത്തെ എല്ലാ നിരൂപണങ്ങളും ചെയ്തികളും ഓർമ്മയിൽ കൊണ്ടുവരപ്പെടും; ജീവിതം മുഴു വനും കൺമുമ്പിൽ ദൃശ്യമാകുന്നു.

# ക്രിസ്തു ന്യായാധിപൻ ആകുന്നു

*പിതാവ് ആരെയും ന്യായം വിധിക്കാതെ, ന്യായവിധി എല്ലാം പുത്രനു കൊടുത്തിരിക്കുന്നു. യോഹ. 5:22*

ക്രിസ്തുവിന്റെ പഠിപ്പിക്കലുകളിൽ വരുവാനുള്ള ന്യായവിധിയെക്കുറിച്ചുള്ള ഉറപ്പും ആ സത്യം മനുഷ്യരിൽ പ്രചരിപ്പിക്കുന്നതിനും അവൻ ശ്രമിച്ചിരുന്നു. ഇത് ചില വ്യക്തികളെ മാത്രം ഉദ്ദേശിച്ചുകൊണ്ടുള്ള ഒരു ന്യായവിധിയല്ല അല്ലെങ്കിൽ ഒരു രാഷ്ട്രത്തെ മാത്രം സംബന്ധിച്ചുള്ളതല്ല. പിന്നെയോ സകല ലോകത്തിന്റെയും ന്യായവിധി തന്നെ. അതു മറ്റ് ലോകരുടെ സന്നിധിയിൽ വച്ചു നടത്തുമ്പോൾ മനുഷ്യൻ ദൈവത്തോടുള്ള സ്നേഹം, വിശ്വസ്തത, സേവനം എന്നീ കാര്യങ്ങളിൽ വളരെ അധികം ബഹുമാനിക്കപ്പെടും. അന്നു ദൈവത്തിന്റെ ന്യായപ്രമാണം അതിന്റെ മഹത്വത്തോടെ വെളിപ്പെടുകയും അതിന്റെ നിയമങ്ങൾക്കു വിരോധമായി നിന്നവരും അതു തിരസ്കരിച്ചവരും ആ നാളിൽ അതു ദൈവത്തിന്റെ സ്വഭാവത്തിന്റെ അടിസ്ഥാനമാണ് എന്ന് അവർ ഗ്രഹിക്കുകയും ചെയ്യും.

യേശു ഈ ലോകത്തിലെ ആത്മാക്കൾക്കുവേണ്ടി നിർണ്ണയിക്കുവാൻ കഴിയാത്ത ഒരു വില കൊടുത്തതുമൂലം, ഈ ലോകം സ്വർഗ്ഗത്തിന്നു ഏറ്റവും പ്രിയങ്കരമാകുന്നു എന്ന് പ്രസ്താവിക്കുന്നു. ദൈവം ന്യായവിധിയൊക്കെയും പുത്രനെ ഏല്പിച്ചിരിക്കുന്നു. അവൻ ജഡത്തിൽ വെളിപ്പെട്ട ദൈവമാകുന്നു എന്ന് യാതൊരു തർക്കത്തിനും വകനൽകാതിരിക്കേണ്ടതിനുതന്നെ. മനുഷ്യവേഷം ധരിച്ചു കഷ്ടത അനുഭവിച്ച പുത്രൻതന്നെ സകല ലോകത്തിന്റെയും ന്യായാധിപൻ ആയിരിക്കണം എന്നു ദൈവം കല്പിച്ചു. മനുഷ്യനെ നിത്യമരണത്തിൽ നിന്നും വിടുവിക്കുവാൻ സ്വർഗ്ഗം വിട്ടു ഇറങ്ങിയവൻ ലോക ന്യായാധിപന്മാർക്കു മുമ്പാകെ വിസ്താരത്തിൽ ആയവൻ, ക്രൂശിൽ ക്രൂരമായ മരണത്തെ അഭിമുഖീകരിച്ചവൻ. അവനു മാത്രമെ ശിക്ഷാവിധിയെ നടപ്പാക്കുവാൻ സാധ്യമാകൂ. കാൽവറിയിലെ ത്യാഗങ്ങൾ ദൈവകല്പനമൂലം നിവർത്തിച്ചതുകൊണ്ട് അവനെ സകലത്തിനും മുമ്പനാക്കുവാൻ സ്വർഗ്ഗം കനിയുകയും വിശുദ്ധന്മാരുടെ രാജാവാക്കുകയും ചെയ്തു. രക്ഷയുടെ വേല അവൻ ഏറ്റെടുക്കുകയും മറ്റുള്ള സ്വർഗ്ഗീയ ലോകത്തിന് അവൻ തുടങ്ങിവെച്ച വേല പൂർത്തീകരിക്കുവൻ താൻ മതിയായവൻ എന്ന് തെളിയിക്കുകയും ചെയ്തു.

അന്ത്യശിക്ഷയും പ്രതിഫലവും കൊടുക്കുന്ന നാളിൽ, ജീവനുള്ള സകലരുടെയും ന്യായാധിപനെയാണ് തങ്ങൾ ക്രൂശിച്ചതെന്ന് വിശുദ്ധന്മാരും പാപികളും തിരിച്ചറിയും... അന്ത്യതീരുമാനദിവസം പരിപാവനമാണ്... നമ്മുടെ വിളിയും തിരഞ്ഞെടുപ്പും ഉറപ്പുവരുത്തുവാൻ നമുക്കു കൃപാകാലം തന്നിരിക്കുന്നു. അവസരങ്ങളും പദവികളും നൽകപ്പെട്ടിരിക്കുന്നു. ഈ വിലയേറിയ സമയത്തെ എങ്ങനെയാണ് നാം വിലയിരുത്തേണ്ടത്. നാം നമ്മുടെമേൽ തന്നെ വിശ്വസ്ത കാര്യവിചാരകന്മാരാകേണ്ടതിന് ദൈവം തന്നിട്ടുള്ള ഓരോ താലന്തും വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു.





# പ്രതിഫലങ്ങളും ശിക്ഷാവിധികളും

*രാജാവു തന്റെ വലത്തുള്ളവരോടു അരുളിച്ചെയ്യും: എന്റെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരേ, വരുവിൻ; ലോകസ്ഥാപനം മുതൽ നിങ്ങൾക്കായി ഒരുക്കിയിരിക്കുന്ന രാജ്യം അവകാശമാക്കികൊൾവിൻ മത്താ. 25:34.*

അന്ത്യന്യായവിധിയിൽ തന്റെ വലത്തുള്ളവർക്ക് പ്രതിഫലം നല്കുന്നതും തന്റെ ഇടത്തുള്ളവർക്ക് ശിക്ഷ വിധിക്കുന്നതുമായ ഒരു ദൃശ്യമാണ് യേശുക്രിസ്തു ഇവിടെ നമുക്കു മുമ്പാകെ പ്രദർശിപ്പിക്കുന്നത്. നീതിമാന്മാരെ പ്രതിനിധീകരിക്കുന്നവർ ഈവണ്ണം പറയുന്നു: "തങ്ങൾക്കു ഇത്രമാത്രം പ്രതിഫലത്തിന് അർഹരാകുവാൻ ഞങ്ങൾ എന്താണ് ചെയ്തത് എന്ന് ചിന്തിക്കാം. അവർക്കു ദൈവാത്മാവിനാൽ ക്രിസ്തുവിന്റെ സാന്നിദ്ധ്യം അവരുടെ ഹൃദയങ്ങളിൽ വസിക്കുകയും പ്രചോദിതരും കർത്താവിനു സേവനമനുഷ്ഠിക്കുകയും വിശുദ്ധന്മാരുടെ ജീവിതം നയിക്കുകയും ചെയ്തതിനാൽ പ്രതിഫലത്തിന് അർഹരായിത്തീരുകയും ചെയ്യും. അവരുടെ പ്രതിഫലത്തെക്കുറിച്ചുള്ള യാതൊരു അറിവും അവർക്കുണ്ടായിരിക്കുകയില്ല. അതുമാത്രമല്ല അവർ ചെയ്യുന്ന വേല പ്രതിഫലം ഉദ്ദേശിച്ചുകൊണ്ടുള്ളതല്ല മറിച്ചു ക്രിസ്തുവിനുവേണ്ടിയുള്ള ഒരു സേവനം മാത്രമാകുന്നു. അവർ ക്രിസ്തുവിനോടുള്ള സ്നേഹത്താൽ മറ്റുള്ളവർക്ക് ചെയ്തതെല്ലാം അവനായി ചെയ്തതായി കണക്കാക്കുന്നു.

ചുരുക്കിപ്പറഞ്ഞാൽ നമുക്കെല്ലാവർക്കും പ്രതിഫലം പ്രാപ്യമാണ്. എന്നിരുന്നാലും അനുഗ്രഹത്തിന്റെ വാഗ്ദത്തത്തിനായി നാം ഉത്സാഹിക്കുമ്പോൾ കർത്താവിൽ നമുക്കു പൂർണ്ണമായ ആശ്രയമുണ്ടായിരിക്കണം. അതുമാത്രമല്ല നമ്മുടെ പ്രവൃത്തിക്കു തക്കവണ്ണമുള്ള പ്രതിഫലം അവൻ നൽകുമെന്നും അവൻ ചെയ്യുന്നതു ഒക്കെയും നീതിയാകുന്നു എന്നും നാം വിശ്വസിക്കുകയും വേണം. ദൈവത്തിന്റെ ദാനമോ നിത്യജീവനാകുന്നു. എന്നാൽ ഈ പ്രതിഫലത്തെക്കുറിച്ചു അധികം വ്യാകുലപ്പെടേണ്ടതില്ല എന്നും യേശുക്രിസ്തു നമ്മോടു പറയുന്നു. മറിച്ച് എല്ലാ ലാഭത്തെക്കാളും പിതാവിന്റെ ഇഷ്ടം നിവർത്തിക്കുവാനും അതു ചെയ്യുവാനും നാം കടപ്പെട്ടിരിക്കുന്നു.

കരുണയും ദയയും നിറഞ്ഞവരായി, വിശ്വസ്തതയോടെ പാവപ്പെട്ടവരോടും ആരുമില്ലാത്തവരോടും തിരസ്കരിക്കപ്പെട്ടവരോടും കരുണയോടെ പ്രവർത്തിക്കുന്നവർ സമൃദ്ധിയായ പ്രതിഫലം പ്രാപിക്കും. നമ്മുടെയിടയിൽ കർത്താവിന്റെ സൗമ്യതയും താഴ്മയും ഉള്ളവരായി ക്രിസ്തുവിന്റെ ആത്മാവിനാൽ, ചുറ്റുമുള്ളവർക്ക് ചെറിയ സഹായങ്ങൾ ചെയ്യുന്നവരും നിസ്വാർത്ഥതയോടെ വർത്തിക്കുന്നവരും പാവപ്പെട്ടവരെ അവരാൽ കഴിയുന്ന ചെറിയ സംഭാവനകളാൽ സഹായിക്കുകയും ചെയ്യുന്നവർ, ആ കാലത്തു വിസ്മയിച്ചുപോകും. കർത്താവ് അവരുടെ കരുണാർദ്രമായ വാക്കുകൾ നിമിത്തം അവർക്ക് പ്രതിഫലം നൽകും. യഹോവ ആത്മാക്കളെ ശോധന ചെയ്ത് അതിന് അനുസൃതമായി പ്രതിഫലം നല്കുന്നു. ശുദ്ധരും താഴ്മയുള്ളവരും ശിശുക്കളെപ്പോലെ സ്നേഹത്തിന്റെ ആത്മാവുള്ളവരും അവന്റെ ദൃഷ്ടിയിൽ പ്രസാദം പ്രാപിക്കും.

# വിശുദ്ധ നഗരത്തിന്റെ സമ്പൂർണ്ണ ദൃശ്യം

***അവനവൻ ശരീരത്തിലിരിക്കുമ്പോൾ ചെയ്തതു നല്ലതാകിലും തീയതാകിലും അതിനു തക്കവണ്ണം പ്രാപിക്കേണ്ടതിനു നാം എല്ലാവരും ക്രിസ്തുവിന്റെ ന്യായാസനത്തിന്റെ മുമ്പാകെ വെളിപ്പെടേണ്ടതാകുന്നു. 2 കൊരി. 5:10***

സിംഹാസനത്തിനുമുകളിൽ ക്രൂശ് വെളിപ്പെട്ടിരിക്കും. ആദാദമിന്റെ പരീക്ഷയും വീഴ്ചയും വിജയകരമായ മഹാ വീണ്ടെടുപ്പിൻ പദ്ധതിയുടെ ഘട്ടങ്ങളും ഒരു സമ്പൂർണ്ണ ദൃശ്യമായി വെളിപ്പെടും. രക്ഷകന്റെ സുന്ദരജനനം, അവന്റെ ലാളിത്യത്തിന്റെയും അനുസരണയുടെയും ബാല്യകാലജീവിതം, യോർദ്ദാനിൽ തന്റെ സ്നാനം, മരുഭൂമിയിലെ തന്റെ ഉപവാസവും പരീക്ഷയും, തന്റെ പരസ്യ ശുശ്രൂഷ, മനുഷ്യർക്ക് സ്വർഗ്ഗത്തിന്റെ വിലമതിക്കാനാകാത്ത അനുഗ്രഹങ്ങളുടെ വെളിപ്പെടുത്തൽ, സ്നേഹത്തിലും ദയാവായ്പിലുമുള്ള പ്രവർത്തനങ്ങളാൽ മുഖരിതമായ ദിനങ്ങൾ, മലകളുടെ ഏകാന്തതയിലുള്ള പ്രാർത്ഥനയുടെയും കാത്തിരിപ്പിന്റെയും രാത്രികൾ, അസൂയയുടെ ഗൂഢാലോചന, വിദ്വേഷം, അവന്റെ നന്മക്കുപകരം വിദ്വേഷം, മുഴുലോകത്തിന്റെയും തകർക്കുന്ന പാപഭാരത്തിൻ കീഴിലുള്ള അതിഭയങ്കരവും വിവരണാതീതവുമായ ഗത്ശെമനയിലെ വേദന, കുലപാതകന്മാരുടെ കരങ്ങളിലേക്ക് അവനെ ഒറ്റിക്കൊടുക്കുന്നത്, ആ ഭീകര രാത്രിയിലെ ഭയാനക സംഭവങ്ങൾ, ഒന്നിനെയും പ്രതിരോധിക്കാത്ത കുറ്റാരോപിതൻ, തന്റെ ഏറ്റവും സ്നേഹിക്കപ്പെട്ട ശിഷ്യന്മാരാലുള്ള കൈവിടൽ, യരുശലേം നഗരവീഥിയിലൂടെയുള്ള വലിച്ചിഴക്കൽ, ഹന്നാസിന്റെ മുൻപിൽ ദൈവപുത്രന്റെ വിജയാളിയായുള്ള തുറന്നുകാട്ടപ്പെടൽ, മഹാപുരോഹിതന്റെ അരമനയിൽ കുറ്റാരോപിതനായും പിലാത്തോസിന്റെ ന്യായാസനമുറിയിൽ ദുഷ്ടനും തന്ത്രശാലിയുമായ ഹെരോദാവിന്റെ മുൻപിൽ പരിഹസിക്കപ്പെട്ടും നിന്ദിക്കപ്പെട്ടും ശിക്ഷിക്കപ്പെട്ടും മരണത്തിന് വിധിക്കപ്പെട്ടതുമെല്ലാം വളരെ വ്യക്തമായി വരച്ച് കാണിക്കപ്പെടും.

ചാഞ്ചാടുന്ന ജനസമൂഹത്തിനു മുൻപിൽ അവസാന കാഴ്ചകളും വെളിവാക്കപ്പെടും. ഗഹനശക്തിയുള്ള പീഡാനുഭവൻ കാൽവറിയിലേക്കു നടന്നു നീങ്ങുന്നത്, സ്വർഗ്ഗീയ രാജകുമാരൻ കുരിശിൽ തൂങ്ങുന്നത്, ധിക്കാരികളായ പുരോഹിതന്മാരും പരിഹാസികളായ ജനക്കൂട്ടവും അവന്റെ മരണവേദനയെ നിന്ദിക്കുന്നത്, അസാധാരണ അന്ധകാരം, ഭൂമിക്കുലുക്കം, പാറകൾ പിളരുന്നത്, തുറന്ന കല്ലറകൾ എന്നിവ ലോകത്തിന്റെ വീണ്ടെടുപ്പുകാരന്റെ മരണത്തിങ്കലുണ്ടായ അടയാളങ്ങളാണ്. അത് ഭയങ്കര കാഴ്ച വെളിപ്പെട്ടതുപോലെ തന്നെയായിരുന്നു. സാത്താനും അവന്റെ സേവകർക്കും അവന്റെ അനുയായികൾക്കും അവരുടെ ചെയ്തികളുടെ ദൃശ്യത്തിൽനിന്ന് ഒഴിഞ്ഞുമാറുവാനുള്ള യാതൊരു ശക്തിയുമുണ്ടായിരുന്നില്ല. ഓരോരുത്തരും തങ്ങളുടെ ചെയ്തികളുടെ ദൃശ്യങ്ങളെ തിരികെ വിളിക്കുകയാണ്. ഓരോരുത്തരും തങ്ങളുടെ അപരാധത്തിന്റെ ഭയങ്കരത്വം വഹിക്കുകയാണ്. അവർ സൂര്യപ്രഭയെ വെല്ലുന്ന അവന്റെ തേജസ്സിന്റെ പ്രഭയിൽനിന്ന് തങ്ങളെ മറയ്ക്കുവാൻ വൃഥാ പ്രയത്നിക്കുമ്പോൾ, വീണ്ടെടുക്കപ്പെട്ടവർ "അവൻ എനിക്കുവേണ്ടി മരിച്ചു" എന്ന് പറഞ്ഞുകൊണ്ട് തങ്ങളുടെ കിരീടങ്ങളെ രക്ഷകന്റെ കാൽചുവട്ടിൽ അർപ്പിക്കും.





# ചരിത്ര വ്യക്തികൾ ന്യാവിധിയിങ്കൽ കൊണ്ടുവരപ്പെടുന്നു

***എന്നാണ എന്റെ മുൻപിൽ ഏതു മുഴങ്കാലും മടങ്ങും; ഏതു നാവും സത്യം ചെയ്യും എന്നിങ്ങനെ എന്റെ വായിൽനിന്നു നീതിയും മടങ്ങാത്ത ഒരു വചനവും പുറപ്പെട്ടിരിക്കുന്നു. യഹോവയിൽമാത്രം നീതിയും ബലവും ഉണ്ട് എന്ന് ഓരോരുത്തൻ പറഞ്ഞുകൊണ്ടു അവന്റെ അടുക്കൽ ചെല്ലും; അവനോടു കോപിക്കുന്നവരൊക്കെയും ലജ്ജിച്ചുപോകും. യെശയ്യാ 45:23,24.***

വീണ്ടെടുക്കപ്പെട്ടവരുടെ മദ്ധ്യേ യേശുവിന്റെ ശിഷ്യന്മാർ – ധീരനായ പൗലോസ്, എരിവുകാരനായ പത്രോസ്, സ്നേഹിക്കുകയും സ്നേഹിക്കപ്പെടുകയും ചെയ്ത യോഹന്നാൻ, അവരുടെ നിർമ്മല ഹൃദയരായ സഹോദരങ്ങൾ, അവരോടുകൂടെ രക്തസാക്ഷികളായവരുടെ വലിയൊരു കൂട്ടവുമുണ്ട്. ആ സമയത്ത് കോട്ടക്ക് പുറത്ത് ഏറ്റവും നിന്ദ്യവും വെറുക്കപ്പെടുന്നതുമായ സംഗതികളാണ്. അവരെ പീഡിപ്പിച്ചവരും തടവിലാക്കിയവരും നിഗ്രഹിച്ചവരുമുണ്ട്. അവിടെ സകല ദുഷ്ടതയുടെയും കുടിലതയുടെയും മൂർത്തീഭാവവും ഒരിക്കൽ അതിരുകടന്ന് പീഡിപ്പിച്ച് അവരുടെ വേദനയിൽ പൈശാചികാനന്ദവും പുകഴ്ചയും കണ്ടെത്തിയ നീറോ ചക്രവർത്തിയും ഉണ്ട്. അദ്ദേഹത്തിന്റെ മാതാവും താൻ ചെയ്തതെല്ലാത്തിന്റെയും ഫലത്തിന് സാക്ഷ്യം വഹിക്കുവാനവിടെയുണ്ട്. എങ്ങനെ സകല കുടിലതയും തന്റെ മകനിലേക്ക് മാറ്റപ്പെടുവാൻ ഇടയായി, എങ്ങനെ തന്റെ മാതൃകയും സ്വാധീനവും മൂലം ഈ വൈകാരികത മകനിൽ വളർത്തി എടുക്കുവാൻ സാധിച്ചു, ക്രൂരതയുടെ ഫലം കായ്ച്ച് ലോകാധഃപതനത്തിന് എങ്ങനെ ഇടയായി എന്നെല്ലാം കാണുകയാണ്.

തന്റെ നീക്കങ്ങളാൽ സാമ്രാജ്യങ്ങളെ വിറപ്പിക്കുവാൻ സാധിച്ച അഹങ്കാരിയും ശുഭകാംക്ഷിയുമായ നെപ്പോളിയൻ അവിടെയുണ്ട്.

അവിടെ പാപ്പാത്വ പുരോഹിതന്മാരും പുരോഹിത ശ്രേഷ്ടന്മാരുമുണ്ട്. യേശുവിന്റെ സ്ഥാനാപതികളെന്ന് അവകാശപ്പെടുകയും മനുഷ്യമനസ്സിനെ നിയന്ത്രിക്കുവാനായി പീഡന യന്ത്രങ്ങളും തടവറകളും തീകുണ്ഡങ്ങളും ഒരുക്കിയവരാണവർ. മഹോന്നതനായവന്റെ കല്പനകളെ മാറ്റുവാനും, ദൈവത്തിനു മീതെ തങ്ങളെത്തന്നെ ഉയർത്തുവാൻ ശ്രമിക്കുകയും ചെയ്ത മഹാപുരോഹിതന്മാരുമുണ്ടവിടെ. സഭാപിതാക്കന്മാരെന്നു നടിച്ചവർ ദൈവത്തിന് കണക്ക് സമർപ്പിക്കേണ്ടതുണ്ട്. അതിൽ അവർക്ക് യാതൊരു ഗത്യന്തരവുമില്ലാത്തതിനാൽ തൃപ്തികൊള്ളുന്ന അവസ്ഥയുണ്ടാകും. സർവ്വജ്ഞാനിയായവൻ തന്റെ നിയമങ്ങളിൽ ഊറ്റം കൊള്ളുകയും വളരെ വൈകി അപരാധികളെ അവരുടെ തെറ്റുകൾ കാണുമാറാക്കുകയും ചെയ്യും. ഇപ്പോൾ ക്രിസ്തു തന്റെ കഷ്ടതയനുഭവിച്ചവരെ തിരിച്ചറിയുന്നു എന്നും, അവരോടാണ് അവന് താല്പര്യമെന്നും അവന്റെ വചനത്തിന്റെ വ്യാപ്തി അവർ അനുഭവിക്കുന്നു എന്നും അവർ മനസ്സിലാക്കും. "എന്റെ ഈ ഏറ്റവും ചെറിയ സഹോദരന്മാരിൽ ഒരുത്തന് നിങ്ങൾ ചെയ്തേടത്തോളം എല്ലാം എനിക്കു ചെയ്തു എന്നു സത്യമായിട്ടു ഞാൻ നിങ്ങളോടു പറയുന്നു" മത്താ. 25:40. സ്വർഗ്ഗീയ രാജ്യത്തിനെതിരായി രാജ്യദ്രോഹകുറ്റം ചുമത്തപ്പെട്ടു മുഴുവൻ പാപലോകവും കൂട്ടമായി ദൈവിക കോടതിയുടെ മുൻപിൽ നിലകൊള്ളും. അവരുടെ കാര്യം വാദിക്കുവാൻ ആരുമുണ്ടാകയില്ല. അവർക്ക് ഒരു നീക്കുപോക്കും ഉണ്ടാകയില്ല. നിത്യമരണവിധി അവരുടെ മേൽ വിധിക്കപ്പെടും.

# ദൈവ നീതി ദുഷ്ടന്മാർ അംഗീകരിക്കുന്നു

***നാം എല്ലാവരും ദൈവത്തിന്റെ ന്യായാസനത്തിനു മുമ്പാകെ നില്ക്കേണ്ടിവരും "എന്നാണ എന്റെ മുമ്പിൽ എല്ലാ മുഴങ്കാലും മടങ്ങും, എല്ലാ നാവും ദൈവത്തെ സ്തുതിക്കും എന്നു കർത്താവു അരുളിച്ചെയ്യുന്നു" എന്നെഴുതിയിരിക്കുന്നുവല്ലോ. റോമർ 14:10,11.***

ദുഷ്ടന്മാർ പുളകിതരായതുപോലെ ദൈവപുത്രന്റെ കിരീടധാരണം നോക്കിക്കാണും. അവന്റെ കയ്യിൽ അവർ ഉപേക്ഷിച്ച് ലംഘിച്ചതായ നിയമത്തിന്റെ കല്പലകകൾ അവർ കാണും. രക്ഷിതഗണത്തിന്റെ അത്ഭുതങ്ങൾ, പരമാനന്ദം, ആരാധന എന്നിവക്ക് അവർ സാക്ഷികളാകുകയും എല്ലാവരും ഏകസ്വരത്തിൽ ആർത്തുഘോഷിക്കുന്ന സംഗീതത്തിന്റെ അലകൾ പട്ടണത്തിന് വെളിയിലുള്ളവർ കേൾക്കും. "സർവ്വശക്തിയുള്ള ദൈവമായ കർത്താവേ നിന്റെ പ്രവൃത്തികൾ വലുതും അത്ഭുതവുമായവ; സർവ്വജാതികളുടെയും രാജാവേവ നിന്റെ വഴികൾ നീതിയും സത്യവുമുള്ളവ" (വെളി. 15:3) എന്നു ഘോഷിച്ച് ജീവനായകന്റെ മുൻപിൽ സാഷ്ടാംഗം വീണ് അവനെ അവർ ആരാധിക്കും.

ക്രിസ്തുവിന്റെ മഹത്വവും ഭയങ്കരത്വവും കാണുമ്പോൾ സാത്താൻ സ്തബ്ധനായിത്തീരും. താൻ ഒരിക്കൽ മറയ്ക്കുന്ന കെരൂബായിരുന്നു എന്നും എങ്ങനെ വീഴ്ച ഭവിച്ചു എന്നും അവർ ഓർക്കും. ശോഭിച്ചുകൊണ്ടിരിക്കെ ഒരു സാറാഫായ, "അരുണോദയപുത്രൻ" എങ്ങനെ മാറ്റം സംഭവിച്ചു. എങ്ങനെ താഴ്ത്തപ്പെട്ടു! ഒരിക്കൽ തന്നെ ആദരിച്ചിരുന്ന സദസ്സിൽനിന്നും എന്നേക്കുമായി നിഷ്കാസിതനായിത്തീർന്നു. തന്റെ മഹത്വം വെളിപ്പെടുത്തിക്കൊണ്ട് വേറൊരാൾ പിതാവിനോടൊത്ത് നില്ക്കുന്നത് അവൻ കാണുകയാണ്. യേശുവിന്റെ തലയിൽ ഉന്നതനിലവാരവും മഹത്വമാർന്ന സാമീപ്യവുമുള്ള ദൂതനാൽ കിരീടധാരണം നടന്നത് അവൻ കണ്ടപ്പോൾ ഈ ഉന്നത പദവിയിലേക്കുയർത്തപ്പെട്ട ദൂതന്റെ സ്ഥാനത്ത് താൻ ആയിരുന്നേനെയെന്ന് അവനറിയാമായിരുന്നു.

പരിപാവനവും നിർമ്മലവുമായിരുന്ന തന്റെ വാസസ്ഥലത്തെ തന്റെ മനസ്സിൽ ഓർത്തു.... സാത്താൻ തന്റെ സാമ്രാജ്യത്തിലേക്ക് നോക്കുമ്പോൾ തന്റെ പ്രയത്നഫലമായി നാശവും പരാജയവും മാത്രമാണ് താൻ കാണുന്നത്.

അന്ത്യമായി മത്സരം പൂർണ്ണമായും പരാജയപ്പെടുകയും സാത്താന്റെ ചരിത്രവും സ്വഭാവവും വെളിപ്പെടുത്തുകയും ചെയ്യേണ്ട സമയം ഇപ്പോൾ സമാഗതമായി. ക്രിസ്തുവിനെ സ്ഥാനഭ്രഷ്ടനാക്കി, അവന്റെ ജനത്തെ നശിപ്പിച്ച്, ദൈവരാജ്യം അവകാശമാക്കാനുള്ള അവന്റെ അവസാന പ്രയത്നത്തിൽ ആ മഹാചതിയൻ പരിപൂർണ്ണമായും തുറന്നുകാട്ടപ്പെടുകയാണ്. അവനോട് യോജിച്ച് നിന്നവരെല്ലാവരും അവന്റെ ഉദ്ദേശത്തിന്റെ പരിപൂർണ്ണപരാജയം കാണും. അവനാണ് ലോകത്ത് വിദ്വേഷത്തിന്റെ ഉപജ്ഞാതാവ്.

തന്റെ സ്വമേധയായുള്ള മത്സരം തന്നെ സ്വർഗ്ഗത്തിന് അയോഗ്യനാക്കി എന്ന് സാത്താൻ കാണുകയാണ്. അവൻ തന്റെ സകല ശക്തിയെയും സ്വർഗ്ഗത്തിനെതിരായി പോരാടുവാൻ പരിശീലിപ്പിക്കുകയാണ്. സ്വർഗ്ഗത്തിന്റെ വിശുദ്ധിയും സമാധാനവും സന്തോഷവും അവന് ഏറ്റവും വലിയ പീഡനമാവുകയാണ്. ദൈവത്തിന്റെ ദയക്കും വിശ്വസ്തതക്കുമെതിരായ അവന്റെ ആരോപണങ്ങൾ ഇപ്പോൾ നിശ്ശബ്ദമാക്കപ്പെട്ടിരിക്കുകയാണ്. യഹോവയുടെ മേൽ ചുമത്തുവാൻ അവൻ ആഗ്രഹിച്ച എല്ലാ ആരോപണങ്ങളും മുഴുവനായും ഇപ്പോൾ അവന്റെ മേലായി. സാത്താൻ ഇപ്പോൾ തലകുനിച്ച് തനിക്കുമേൽ നീതിയിൽ വിധിക്കപ്പെട്ടിരിക്കുന്ന വിധിയെക്കുറിച്ച് അനുതപിക്കുകയാണ്.





# ദൈവത്തിന്റെ സ്വഭാവം വെളിവാക്കപ്പെട്ടു

***സർവ്വശക്തിയുള്ള ദൈവമായ കർത്താവേ, നിന്റെ പ്രവൃത്തികൾ വലുതും അത്ഭുതവുമായവ; സർവ്വജാതികളുടെയും രാജാവേ, നിന്റെ വഴികൾ നീതിയും സത്യവുമുള്ളവ. വെളി. 15:3.***

ദീർഘനാളായി നിലനിന്നിരുന്ന വിവാദത്തിലെ തെറ്റിനെയും ശരിയെയും സംബന്ധിച്ച എല്ലാ ചോദ്യങ്ങളും ഇപ്പോൾ വ്യക്തമാക്കപ്പെട്ടിരിക്കുന്നു. മത്സരത്തിന്റെയും ദൈവകല്പനയെ തള്ളിക്കളയുന്നതിന്റെയും ഫലം, സൃഷ്ടിക്കപ്പെട്ട എല്ലാ ബുദ്ധിജീവികളുടെയും കാഴ്ചക്കു തുറന്നുകാട്ടപ്പെട്ടിരിക്കുന്നു. ദൈവത്തിന്റെ ഭരണകൂടത്തിനെതിരെയുള്ള സാത്താന്റെ പ്രവർത്തനശൈലിയെ മുഴുലോകത്തിനും വ്യക്തമാക്കപ്പെട്ടിരിക്കുന്നു. സാത്താന്റെ സ്വന്തപ്രവൃത്തികൾ തന്നെ അവനെ കുറ്റക്കാരനാക്കി. ദൈവത്തിന്റെ ജ്ഞാനം, നീതി, നന്മ ഇവ പൂർണ്ണമായി ന്യായീകരിക്കപ്പെട്ടു. വൻവിവാദത്തിൽ നടത്തപ്പെട്ട അവന്റെ എല്ലാ ഇടപെടലുകളും താൻ സൃഷ്ടിച്ച തന്റെ ജനത്തിന്റെയും മുഴുലോകത്തിന്റെയും നന്മയെ ലാക്കാക്കിയുള്ളതായിരുന്നു എന്ന് വ്യക്തമാക്കപ്പെട്ടിരിക്കുന്നു. ദൈവകല്പനയുടെ അസ്തിത്വം ദൈവസൃഷ്ടിയായതിന്റെ എല്ലാ സന്തോഷത്തിനും ആധാരമാകുന്നു എന്നതിന്റെ സാക്ഷ്യമായി പാപത്തിന്റെ ചരിത്രം നിത്യത മുഴുവനും നിലനിൽക്കുന്നതായിരിക്കും. വൻ വിവാദത്തിന്റേതായ എല്ലാ വസ്തുതകളുടെയും പശ്ചാത്തലത്തിൽ മുഴുലോകത്തുമുള്ള വിധേയരും വിഘടിതരും ഒന്നായി ഏകസ്വരത്തിൽ ഇപ്രകാരം ഏറ്റുപറയും: "സർവ്വജാതികളുടെയും രാജാവേ, നിന്റെ വഴികൾ നീതിയും സത്യവുമായവ."

മാനവകുലത്തിനായി പിതാവും പുത്രനും നല്കിയതായ മഹാത്യാഗത്തെ മുഴുലോകത്തിനും മുൻപിൽ വ്യക്തമായി അവതരിപ്പിക്കപ്പെട്ടിരിക്കുകയാണ്. എല്ലാ അധികാരങ്ങൾക്കും ശക്തിക്കും നല്കപ്പെട്ടതായ എല്ലാ നാമങ്ങൾക്കും മേലായി മഹത്വീകരിക്കപ്പെട്ടതിന്റെ സ്ഥാനം ക്രിസ്തു ഏല്ക്കുവാനുള്ള സമയം സമാഗതമായിരിക്കുകയാണ്. തനിക്ക് മുൻപിൽ ഉണ്ടാകുവാനുള്ള സന്തോഷത്തിനും അനേക മക്കളെ മഹത്വത്തിലേക്ക് നയിക്കേണ്ടതിനുംവേണ്ടിയാണ് ക്രിസ്തു ലജ്ജയെ ഗണ്യമാക്കാതെ ക്രൂശിനെ സഹിച്ചത്. തനിക്ക് താങ്ങാവുന്നതിലും ഭയങ്കരമായിരുന്നു ദുഃഖവും നിന്ദയും. പക്ഷേ അതിലും ശ്രേഷ്ടവുമാണ് സന്തോഷവും മഹത്വവും. തങ്ങളുടെ സ്വർഗ്ഗീയ രാജാവിന്റെ രൂപത്തെ പ്രതിഫലിപ്പിക്കുന്ന എല്ലാ വദനങ്ങളും ദൈവികതയെ പൂർണ്ണമായും ഉൾക്കൊണ്ട എല്ലാ ഹൃദയങ്ങളും തന്റെ സ്വന്ത സാദൃശ്യത്തിൽ പുതുക്കം പ്രാപിച്ചവരുമായ എല്ലാ വീണ്ടെടുക്കപ്പെട്ടവരുടെമേലും അവന്റെ കടാക്ഷം പതിയുകയാണ്. തന്റെ ആത്മാവിന്റെ കഠിന വേദനയുടെ ഫലം അവൻ അവരിൽക്കണ്ട് സംതൃപ്തി അടയുന്നു. പിന്നീട് നീതിമാന്മാരും ദുഷ്ടന്മാരും ആയി കൂട്ടിച്ചേർക്കപ്പെട്ട എല്ലാ ജനസമൂഹവും കേൾക്കുമാറുച്ചത്തിൽ അവൻ പ്രഖ്യാപിക്കുകയാണ്, "എന്റെ രക്തത്താൽ വിലയ്ക്കു വാങ്ങപ്പെട്ടവരേ കണ്ടാലും ഇവർ നിത്യത മുഴുവനും എന്റെ സന്നിധിയിൽ വസിക്കേണ്ടതിന് ഇവർക്കുവേണ്ടിയാണ് ഞാൻ യാതന അനുഭവിച്ചു മരിച്ചത്." ഈ സമയത്ത് സിംഹാസനത്തിന് അടുത്ത് വെള്ള നിലയങ്കി ധരിച്ചവരിൽനിന്നും ബഹിർഗമിക്കുന്ന സ്തുതിഗീതം ഇപ്രകാരം കേൾക്കും: "അറുക്കപ്പെട്ട കുഞ്ഞാട് ശക്തിയും ധനവും ജ്ഞാനവും, ബലവും ബഹുമാനവും മഹത്വവും സ്തോത്രവും ലഭിപ്പാൻ യോഗ്യൻ" വെളി. 5:12.

# പാപവും പാപികളും നശിപ്പിക്കപ്പെട്ടു

***ചൂളപോലെ കത്തുന്ന ഒരു ദിവസം വരും; അപ്പോൾ അഹങ്കാരികളൊക്കെയും സകല ദുഷ്പ്രവൃത്തിക്കാരും താളടിയാകും; വരുവാനുള്ള ആ ദിവസം വേരും കൊമ്പും ശേഷിപ്പിക്കാതെ അവരെ ദഹിപ്പിച്ചുകളയും എന്നു സൈന്യങ്ങളുടെ യഹോവ അരുളിച്ചെയ്യുന്നു. മലാ. 4:1***

ക്രിസ്തുവിന്റെ പരമാധികാരത്തിന് കീഴടങ്ങുവാനും ദൈവനീതി അംഗീകരിക്കുവാനും സാത്താൻ നിർബ്ബന്ധിതനാകുന്നു എന്നുവരികിലും അവന്റെ സ്വഭാവം മാറ്റമില്ലാതിരിക്കുന്നു. മത്സരത്തിന്റെ ആത്മാവ് ശക്തമായ പ്രവാഹം പോലെ വീണ്ടും പൊട്ടി ഒഴുകുകയാണ്. വൈകാരിക വിക്ഷോഭത്താൽ നിറയപ്പെട്ട് വൻപോരാട്ടത്തിൽ കീഴടങ്ങുകയില്ല എന്ന് അവൻ ഉറപ്പിക്കുന്നു. സ്വർഗ്ഗീയ രാജാവിനെതിരെ നിരാശാപൂർണ്ണമായ അവസാനയുദ്ധത്തിനുള്ള സമയം ആഗതമായിരിക്കുകയാണ്. അവൻ അവന്റെ ആളുകളുടെ മദ്ധ്യത്തിലേക്ക് ഓടിച്ചെന്ന്, തന്റെ സ്വന്ത ക്രോധത്താൽ പെട്ടെന്ന് ഒരു യുദ്ധത്തിന് അവരെ പ്രേരിപ്പിച്ച് ഒരുക്കുവാൻ പ്രയത്നിക്കുകയാണ്. പക്ഷേ മത്സരത്തിലേക്ക് ആകർഷിക്കപ്പെട്ട എല്ലാ എണ്ണിക്കൂടാത്ത സഹസ്രങ്ങളിലും ആരുംതന്നെ അവന്റെ നേതൃത്വം അംഗീകരിക്കുന്നില്ല. അവന്റെ അധികാരത്തിന് അറുതി വന്നിരിക്കുന്നു. ദൈവത്തോടുള്ള അതേ ശത്രുതയാൽ നിറയപ്പെട്ട് ദുഷ്ടന്മാർ കാണപ്പെടുന്നത് സാത്താനെ പ്രചോദിപ്പിക്കുന്നു. പക്ഷേ അവർക്ക് യഹോവയോട് എതിർത്ത് നിൽക്കുവാൻ സാദ്ധ്യമല്ലെന്നും തങ്ങളുടെ കാര്യം ആശയ്ക്ക് വകയില്ലാത്തതുമാണെന്നും അവർ മനസ്സിലാക്കുന്നു. അവരുടെ കോപം സാത്താനും വഞ്ചനയ്ക്ക് കൂട്ടുനിന്നവരുമായ അവന്റെ ആളുകൾക്കെതിരേയും പൊട്ടിപ്പുറപ്പെടുകയും പൈശാചിക ക്രോധത്തോടെ അവർ അവരുടെ നേരെ തിരിയുകയും ചെയ്യുന്നു.

അതുകൊണ്ടുതന്നെ യഹോവയായ കർത്താവു ഇപ്രകാരം അരുളിച്ചെയ്യുന്നു: നീ ദൈവഭാവം നടിക്കയാൽ ഞാൻ ജാതികളിൽ ഉഗ്രന്മാരായ അന്യജാതിക്കാരെ നിന്റെ നേരെ വരുത്തും, അവർ നിന്റെ ജ്ഞാനശോഭയുടെ നേരെ വാളൂരി നിന്റെ പ്രഭയെ അശുദ്ധമാക്കും. അവർ നിന്നെ കുഴിയിൽ ഇറങ്ങുമാറാക്കും. “മറയ്ക്കുന്ന കെരൂബേ, ഞാൻ നിന്നെ അഗ്നമയരത്നങ്ങളുടെ മദ്ധ്യേനിന്നു മുടിച്ചുകളഞ്ഞു... ഞാൻ നിന്നെ നിലത്തു തള്ളിയിട്ടു രാജാക്കന്മാർ നിന്നെ കണ്ടുരസിക്കത്തക്കവണ്ണം നിന്നെ അവരുടെ മുമ്പിൽ ഇട്ടുകളഞ്ഞു. നിന്നെക്കാണുന്ന ഏവരുടെയും മുമ്പിൽ ഞാൻ നിന്നെ നിലത്തു ഭസ്മമാക്കിക്കളയും. ജാതികളിൽ നിന്നെ അറിയുന്നവരെല്ലാവരും നിന്നെ കണ്ടു സ്തംഭിച്ചുപോകും. നിനക്കു ശീഘ്രനാശം ഭവിച്ചിട്ടു നീ സദാകാലത്തേക്കും ഇല്ലാതെ ആകും” യെഹെ. 28:6–8, 16–19.

സ്വർഗ്ഗത്തിൽ നിന്നും ദൈവത്തിങ്കൽ നിന്നും അഗ്നി താഴോട്ട് വരും. ഭൂമി പിളർക്കപ്പെടും. ഭൂമിയിൽ കുഴിച്ചിടപ്പെട്ട ആയുധങ്ങൾ വെളിയിൽ വരും. വായ്തുറക്കുന്ന പിളർപ്പുകളിൽ നിന്നും ദഹിപ്പിക്കുന്ന അഗ്നി പുറപ്പെടും. എല്ലാ പാറയ്ക്കും തീ പിടിക്കും. ചൂളപോലെ കത്തുന്ന ഒരു ദിനം വന്നെത്തിയിരിക്കുന്നു. അത്യുഷ്ണത്താൽ ഭൂമിയും അതിന്റെ മൂലകങ്ങളും അതിലെ കെട്ടുപണികളും വെന്തുരുകിപ്പോകും.





# പാപത്തിന്റെ ഒരു ഓർമ്മപ്പെടുത്തൽ മാത്രം

***നീതിമാനു ഭൂമിയിൽ പ്രതിഫലം കിട്ടുന്നു എങ്കിൽ ദുഷ്ടനും പാപിക്കും എത്ര അധികം? സദൃ. 11:31.***

ദുഷ്ടന്മാർക്ക് അവരുടെ പ്രതിഫലം ഭൂമിയിൽ ലഭ്യമാകുന്നു. “അവർ, താളയിടാകും, വരുവാനുള്ള ആ ദിവസം വേരും കൊമ്പും ശേഷിപ്പിക്കാതെ അവരെ ദഹിപ്പിച്ചുകളയും എന്നു സൈന്യങ്ങളുടെ യഹോവ അരുളിച്ചെയ്യുന്നു” മലാ. 4:1. ചിലർ ഒരു നിമിഷത്തിനുള്ളിൽ നശിപ്പിക്കപ്പെടുമ്പോൾ മറ്റുചിലർ അനേക നാൾ യാതന അനുഭവിക്കുന്നു. എല്ലാവരും അവരവരുടെ പ്രവൃത്തിക്ക് അനുസൃതമായി ശിക്ഷിക്കപ്പെടുന്നു. വിശുദ്ധന്മാരുടെ പാപം സാത്താനിൽ ചുമത്തപ്പെട്ട്, അവന്റെ മത്സരത്തിന്റെ ശിക്ഷ മാത്രമല്ല, ദൈവജനത്തെ പാപത്തിന് കാരണമാക്കിയതിന്റെ ശിക്ഷകൂടി അവൻ അനുഭവിക്കണം. അവൻ ആരെ വഞ്ചിച്ചുവോ അവരുടെ ശിക്ഷകളിൽനിന്നും വളരെ വലുതും ഭയങ്കരവുമായിരിക്കും അവനുള്ള ശിക്ഷ. അവന്റെ വഞ്ചനയിൽ കുടുങ്ങിയവർ എല്ലാവരും നശിച്ചതിനുശേഷവും അവൻ ജീവിച്ച് യാതന അനുഭവിക്കണം. ശുദ്ധീകരണാഗ്നിയിൽ അന്ത്യത്തിൽ ദുഷ്ടന്മാർ വേരും കൊമ്പും ശേഷിക്കാതെ നശിപ്പിക്കപ്പെടുന്നു – സാത്താൻ വേരും അവന്റെ അനുയായികൾ കൊമ്പുകളുമാകുന്നു.

സാത്താനും മത്സരത്തിൽ അവനോട് ഒത്തുചേർന്ന എല്ലാവരും ഛേദിക്കപ്പെടും. “കുറഞ്ഞോന്നു കഴിഞ്ഞിട്ട് ദുഷ്ടൻ ഇല്ല; നീ അവന്റെ ഇടം സൂക്ഷിച്ചു നോക്കും; അവനെ കാണുകയില്ല”. “അവർ ജനിക്കാത്തവരെപ്പോലെ ആകയും ചെയ്യും” സങ്കീ. 37:10; ഓബ. 16.

വിശുദ്ധന്മാരും സകല ദൂതഗണങ്ങളും ഭയങ്കരശബ്ദത്തിൽ ആർക്കും, ദൈവത്തിന്റെ നീതി സംതൃപ്തമാണ്” ആമേൻ! ഭൂമി ദൈവത്തിന്റെ ക്രോധാഗ്നിയാൽ മൂടപ്പെടുമ്പോൾ വിശുദ്ധന്മാർ വിശുദ്ധ നഗരത്തിൽ സുരക്ഷിതരായി വസിക്കും. ഒന്നാം പുനരുത്ഥാനത്തിൽ പങ്കുള്ളവരുടെമേൽ രണ്ടാം മരണത്തിന് അവകാശമില്ല. ദൈവം ദുഷ്ടന്മാർക്ക് ദഹിപ്പിക്കുന്ന അഗ്നി ആയിരിക്കുമ്പോൾ വിശുദ്ധന്മാർക്ക് സൂര്യനും പരിചയും ആകുന്നു.

ദുഷ്ടന്മാരെ ദഹിപ്പിക്കുന്ന അഗ്നി ഭൂമിയെയും ശുദ്ധീകരിക്കുന്നു. ശാപത്തിന്റേതായ എല്ലാ പാടുകളും മായ്ക്കപ്പെട്ടിരിക്കുന്നു. വിലക്കു വാങ്ങപ്പെട്ടവർക്ക് മുൻപിൽ ഭയാനക പാപത്തിന്റെ പരിണിതഫലമായി നിത്യം എരിഞ്ഞുകൊണ്ടിരിക്കുന്ന നരകാഗ്നി ഉണ്ടായിരിക്കുകയില്ല.

ഒരു ഓർമ്മിപ്പിക്കൽ മാത്രം നിലനില്ക്കും. നമ്മുടെ വീണ്ടെടുപ്പുകാരൻ തന്റെ ക്രൂശീകരണത്തിന്റെ അടയാളം എന്നും ധരിക്കും. പാപത്താൽ നഷ്ടമായത് എല്ലാം യഥാസ്ഥാനത്താക്കപ്പെട്ടു. ഭൂമിയുടെ സൃഷ്ടിപ്പിങ്കൽ ദൈവത്തിനുണ്ടായിരുന്ന യഥാർത്ഥ ലക്ഷ്യം, ഭൂമിയെ വീണ്ടെടുക്കപ്പെട്ടവരുടെ നിത്യവാസസ്ഥലമാക്കിത്തീർത്തപ്പോൾ പരിപൂർണ്ണമാക്കപ്പെട്ടിരിക്കുകയാണ്. “നീതിമാന്മാർ ഭൂമിയെ അവകാശമാക്കി എന്നേക്കും അതിൽ വസിക്കും” സങ്കീ. 37:29.

# നാം രാജകീയ കുടുംബത്തിലുള്ളവരാണ്

***പ്രിയമുള്ളവരേ, നാം ഇപ്പോൾ ദൈവമക്കൾ ആകുന്നു. നാം ഇന്നതു ആകും എന്നു ഇതുവരെ പ്രത്യക്ഷമായില്ല. അവൻ പ്രത്യക്ഷനാകുമ്പോൾ നാം അവനെ താൻ ഇരിക്കുംപോലെ തന്നേ കാണുന്നതാകകൊണ്ട് അവനോടു സദൃശന്മാരാകും എന്നു നാം അറിയുന്നു. 1 യോഹ. 3:2.***

ദൈവമക്കളായിരിക്കുക, സ്വർഗ്ഗീയ രാജാവിന്റെ മക്കളായിരിക്കുക, രാജകീയ കുടുംബത്തിന്റെ അംഗങ്ങളായിരിക്കുക എന്നീ പദവികളോളം ഔന്നത്യമാർന്ന പദവി ഏതെങ്കിലും ഭൗമിക ഉയർത്തൽ മുഖാന്തിരം ലഭ്യമാകുമോ? ഭൗതിക മാഹാത്മ്യം മാനുഷികമാണ്; അവ നശിച്ച് മണ്ണിലേക്ക് തിരികെച്ചേരും, അവയുടെ മാനവും സ്തുതിയും നിലനില്ക്കുന്ന സംതൃപ്തിയേകുന്നവയല്ല. എന്നാൽ ദൈവത്തിൽനിന്നും ലഭിക്കുന്ന ആദരവ് എന്നേക്കും നിലനില്ക്കുന്നതാണ്. ദൈവത്തിന്റെ അവകാശികളും ക്രിസ്തുവിനോടുകൂടെ കൂട്ടവകാശികളും എന്നത് എണ്ണിക്കൂടാത്ത അല്ലെങ്കിൽ തിട്ടപ്പെടുത്താനാകാത്ത ധനമെന്ന് കണക്കാക്കേണ്ടതാണ്. ഇങ്ങനെ അമൂല്യമായ ഈ സമ്പത്തിനെ ഭൂമിയിലുള്ള സ്വർണ്ണം, വെള്ളി, രത്നങ്ങൾ, വിലപിടിപ്പുള്ള കല്ലുകൾ ഇവയുമായി താരതമ്യം ചെയ്യുമ്പോൾ ഇവയ്ക്കു യാതൊരു മൂല്യവുമില്ലാത്തതായാണ് നിലകൊള്ളുന്നത്.

പിതാവിനോടും അവന്റെ പുത്രനോടും കൂട്ടായ്മയുണ്ടാകുവാൻ കർത്താവായ യേശുക്രിസ്തുവിനെ മഹത്വീകരിച്ചും ഉന്നതീകരിച്ചും വിവരാണാതീതമായ സന്തോഷത്തിനും പൂർണ്ണമായ മഹത്വത്തിനും കൂട്ടവകാശികളാക്കുക എന്നതാണ്. ആഹാരം, വസ്ത്രം, പാർപ്പിടം, സമ്പത്ത് എന്നിവക്ക് അവയുടേതായ മൂല്യങ്ങൾ ഉണ്ടായേക്കാം. എന്നാൽ ദൈവവുമായി ഒരു ബന്ധം ഉണ്ടാവുക എന്നതും അവന്റെ സ്വർഗ്ഗീയ സ്വഭാവത്തിന് കൂട്ടവകാശികളാവുക എന്നതും മൂല്യാതീതമായ ഒന്നാണ്. നമ്മുടെ ജീവൻ ക്രിസ്തുവിനോടുകൂടെ ദൈവത്തിൽ മറഞ്ഞിരിക്കുന്നു. എന്നാൽ അത് ഇന്നത് ആകും എന്നു ഇതുവരെ പ്രത്യക്ഷമായില്ല; നമ്മുടെ ജീവനായ ക്രിസ്തു വെളിപ്പെടുമ്പോൾ നാം അവനെപ്പോലെ ആയിത്തീരും. എന്തെന്നാൽ അവൻ ആയിരിക്കുന്നതുപോലെ നാം അവനെ കാണും. ക്രിസ്തീയ സ്വഭാവത്തിന്റെ അന്തസ്സ് സൂര്യനെപ്പോലെ ശോഭിക്കുകയും, ക്രിസ്തുവിന്റെ മുഖതേജസ്സ് അവൻ ശുദ്ധനായിരിക്കുന്നതുപോലെ തന്നെ തങ്ങളെ ശുദ്ധീകരിച്ചവരുടെ മുഖങ്ങളിൽ പ്രതിഫലിക്കയും ചെയ്യും. നമുക്കുള്ളതെല്ലാം, നമ്മുടെ ജീവൻ തന്നെയും ത്യാഗം ചെയ്ത് ദൈവമക്കൾ എന്ന പദവി നേടിയതാണെങ്കിൽതന്നെയും അത് വിലയില്ലാതെ വാങ്ങിയതാണ്. യോഹന്നാൻ തന്റെ മാനുഷികതയിൽ ദൈവമഹത്വം ദർശിച്ചപ്പോൾ, ആ കാഴ്ച സഹിക്കാൻ കഴിയാതെ മരിച്ചവനെപ്പോലെ നിലത്തു വീണു. എന്നാൽ ദൈവമക്കൾ അമർത്യത പ്രാപിക്കുമ്പോൾ അവൻ ആയിരിക്കുന്നതുപോലെ അവർ അവനെ കാണും. ദിവ്യസ്നേഹത്താൽ സ്വീകരിക്കപ്പെട്ടവരായി അവർ സിംഹാസനത്തിന് മുൻപിൽ നില്ക്കും. അവരുടെ പാപങ്ങളും ലംഘനങ്ങളും എല്ലാം മായിച്ച് കളയപ്പെടും. ഇപ്പോൾ അവർക്ക് ശോഭ മങ്ങാത്ത ദൈവസിംഹാസനത്തിന്റെ മഹത്വം ദർശിക്കുവാൻ കഴിയും. അവർ ക്രിസ്തുവിന്റെ യാതനകളിൽ സഹാനുഭാവികളും വീണ്ടെടുപ്പിൻവേലയിൽ അവനോടൊത്ത് സഹപങ്കാളികളും ദൈവരാജ്യത്തിലേക്ക് ആത്മാക്കൾ രക്ഷിക്കപ്പെടുന്നതിലെ സന്തോഷം അവനോടൊത്ത് പങ്കുവെക്കുന്നവരും നിത്യത മുഴുവൻ ദൈവത്തെ സ്തുതിക്കുന്നവരും ആയിരിക്കും.





# സംതൃപ്തിയേകുന്ന ജോലി

***എന്റെ പിതാവ് ഇന്നുവരെയും പ്രവർത്തിക്കുന്നു; ഞാനും പ്രവർത്തിക്കുന്നു. യോഹ. 5:17.***

താല്പര്യകരമായ പ്രവർത്തനത്തിന്റെ സ്ഥലമാണ് സ്വർഗ്ഗം. എന്നാലും ക്ഷീണിതർക്കും ഭാരം ചുമക്കുന്നവർക്കും വിശ്വാസത്തിന്റെ നല്ല പോർപൊരുതിയവർക്കും അത് ഒരു മഹത്വമേറിയ വിശ്രമമായിരിക്കും. യുവത്വവും അമർത്യതയുടെ ഉത്തേജനവും അവരുടേതായിരിക്കും. സാത്താനും പാപത്തിനും എതിരേ അവർക്ക് ഇനി എതിരിടേണ്ടതുമില്ല. ഈ ഉന്മേഷവാന്മാരായ വേലക്കാർക്ക് നിത്യമായ വിശ്രമമെന്നത് മുഷിപ്പിക്കുന്നതായിരിക്കും. അത് അവർക്ക് ഒരു സ്വർഗ്ഗമായിരിക്കുകയില്ല.

ഏദെൻ നിവാസികൾക്ക് ഉദ്യാനപാലനം ഭരമേല്പിക്കപ്പെട്ടിരുന്നു, അത് ചിട്ടപ്പെടുത്തി സൂക്ഷിക്കണമായിരുന്നു. അവരുടെ ജോലി മുഷിപ്പിക്കുന്നതായിരുന്നില്ല അത് ആനന്ദകരവും ഉത്തേജനപ്രദവുമായിരുന്നു. മനുഷ്യന്റെ മനസ്സ് വ്യാപൃതമാകുവാനും ശരീരം ശക്തിപ്പെടുവാനും കഴിവുകളെ വികസിപ്പിക്കുവാനുമായിട്ടാണ് ദൈവം ജോലിയെ ഒരു സന്തോഷമായിട്ട് നല്കിയിരിക്കുന്നത്. ശാരീരികവും മാനസികവുമായ പ്രവർത്തനങ്ങളിലൂടെ ആദാം തന്റെ വിശുദ്ധിയിൽ നിലനിന്നുകൊണ്ട് ഏറ്റവും ഉന്നതമായ ആനന്ദം കണ്ടെത്തിയിരുന്നു. ജോലി, അത് വേദനാജനകവും ക്ഷീണിപ്പിക്കുന്നതും ആണെങ്കിൽ തന്നെയും അതിനെ ശാപമായി കണക്കാക്കി ചെയ്യുന്നവർ ഒരു മിഥ്യയെ വളർത്തിയെടുക്കുകയാണ്. ധനവാന്മാർ വേലക്കാരെ അവജ്ഞയോടുകൂടിയാണ് കാണുന്നത്. പക്ഷേ ഇത് മനുഷ്യനെ സൃഷ്ടിച്ച ദൈവിക ഉദ്ദേശത്തിന് തികച്ചും എതിരാണ്. രാജകീയ ആദാമിന് ജന്മാവകാശമായി നല്കപ്പെട്ടതും ഏറ്റവും ധനികനായവന്റെ വസ്തുവകകളെയും താരതമ്യം ചെയ്യുമ്പോൾ ഇത് എന്താണ് ഉള്ളത്? എന്നിരുന്നാലും ആദാം നിഷ്ക്രിയനായിരുന്നില്ല. മനുഷ്യന്റെ സന്തോഷത്തിന് ആവശ്യമായത് എന്തെന്നറിയാവുന്ന നമ്മുടെ സൃഷ്ടിതാവ് ആദാമിന് ജോലി നല്കി. ജീവിതത്തിൽ യഥാർത്ഥ ആനന്ദം കണ്ടെത്തുന്നതു വേല ചെയ്യുന്ന സ്ത്രീപുരുഷന്മാർ മാത്രമാണ്.

സ്വർഗ്ഗത്തിൽ നിത്യമായി ജോലിചെയ്തുകൊണ്ടിരിക്കുകയാണ്. അവിടെ അലസന്മാരാരുമില്ല. യേശു പറയുന്നു, "എന്റെ പിതാവ് ഇതുവരേയും പ്രവർത്തിക്കുന്നു. ഞാനും പ്രവർത്തിക്കുന്നു." നമുക്കുവേണ്ടി ഭവനം ഒരുക്കപ്പെടുകയും, അന്ത്യകാഹളം ധ്വനിക്കുകയും ചെയ്യുമ്പോൾ നാം അലസരായി, പ്രവർത്തന രഹിതമായ അവസ്ഥയിൽ ആനന്ദിക്കുക എന്നത് അസാദ്ധ്യമാണ്.

നമ്മെ വേലക്കാരായാണ് ദൈവം ചമച്ചിരിക്കുന്നത്. അലസനായിരിക്കുന്ന മനുഷ്യനെക്കാൾ സൃഷ്ടിയുടെ ഉദ്ദേശത്തിന് നന്നായി ഇണങ്ങുന്നത് തന്റെ കഷ്ടപ്പാടിൽ കഠിനപ്രയത്നം ചെയ്യുന്ന മനുഷ്യനാണ്. ദൈവം സദാ പ്രവർത്തിക്കുന്നവനാണ്. ദൂതന്മാർ വേലക്കാരാണ്. അവർ മനുഷ്യർക്കുവേണ്ടിയുള്ള ദൈവത്തിന്റെ ശുശ്രൂഷകന്മാരാണ്. പ്രവർത്തന രഹിതമായ ഒരു സ്വർഗ്ഗത്തെ കാത്തിരിക്കുന്നവർ നിരാശരാകും. അലസതയെ താലോലിക്കുവാൻ സ്വർഗ്ഗീയ സമ്പത്വ്യവസ്ഥ അനുവദിക്കുന്നില്ല. എന്നാൽ അദ്ധ്വാനിക്കുന്നവർക്കും ഭാരം ചുമക്കുന്നവർക്കും ആശ്വാസം വാഗ്ദാനം ചെയ്യുന്നുണ്ട്. വിശ്വസ്തരായ വേലക്കാരെയാണ് അവരുടെ പ്രയത്നങ്ങളിൽ നിന്നും കർത്താവിന്റെ സന്തോഷത്തിലേക്ക് സ്വാഗതം ചെയ്യുന്നത്.

# പുതിയ ആകാശവും പുതിയ ഭൂമിയും

***ഇങ്ങനെ ഇവ ഒക്കെയും അഴിവാനുള്ളതായിരിക്കയാൽ ആകാശം ചുട്ടഴിവാനും മൂലപദാർത്ഥങ്ങൾ വെന്തുരുകുവാനും ഉള്ള ദൈവദിവസത്തിന്റെ വരവു കാത്തിരുന്നും ബദ്ധപ്പെടുത്തിയും കൊണ്ടു നിങ്ങൾ എത്ര വിശുദ്ധ ജീവനവും ഭക്തിയും ഉള്ളവർ ആയിരിക്കേണം. എന്നാൽ നാം അവന്റെ വാഗ്ദത്തപ്രകാരം നീതിവസിക്കുന്ന പുതിയ ആകാശത്തിനും പുതിയ ഭൂമിക്കുമായിട്ടു കാത്തിരിക്കുന്നു.***
*2 പത്രോ. 3:11–13*

പുതിയ ഭൂമിയെ ദുഷ്ടന്മാരുടെ കാലുകൾ അശുദ്ധമാക്കുകയില്ല. ദൈവത്തിൽനിന്നും സ്വർഗ്ഗത്തിൽനിന്നു തീയിറങ്ങി ദുഷ്ടന്മാരെ വേരും കൊമ്പും ശേഷിപ്പിക്കാതെ നശിപ്പിച്ചുകളയും. സാത്താൻ വേരും അവന്റെ സന്തതികൾ കൊമ്പുകളും ആകുന്നു.

ദുഷ്ടന്മാരെ ദഹിപ്പിച്ച ആ അഗ്നിതന്നെ ഭൂമിയെയും ശുദ്ധീകരിക്കും. പൊട്ടിപ്പിളർന്ന അത്യുഷ്ണ മലകളും അന്തരീക്ഷവും എല്ലാ തടസ്സങ്ങളും അത്യുഷ്ണത്താൽ ഉരുകിപ്പോകും. പിന്നീട് മുഴുവൻ ഭൂമിയും ശുദ്ധീകരിക്കപ്പെട്ട് മഹത്വീകരിക്കപ്പെട്ട് സുന്ദരമാക്കപ്പെട്ട് നമുക്ക് അവകാശമായി ലഭിക്കും.

“ഞാൻ പുതിയ ആകാശവും പുതിയ ഭൂമിയും കണ്ടു. ഒന്നാമത്തെ ആകാശവും ഒന്നാമത്തെ ഭൂമിയും ഒഴിഞ്ഞുപോയി.” വെളി. 21:1. ദുഷ്ടന്മാരെ ദഹിപ്പിച്ച അഗ്നി ഭൂമിയെ ശുദ്ധീകരിക്കും. ശാപത്തിന്റെ എല്ലാ കണികകളും തുടച്ച് മാറ്റപ്പെടുകയും ചെയ്യും. പാപത്തിന്റെ അനന്തരഫലമായി എന്നും കത്തിക്കൊണ്ടിരിക്കുന്ന നരകാഗ്നി വിലക്കു വാങ്ങപ്പെട്ടവരുടെ മുൻപിൽ ഉണ്ടാവുകയില്ല.

സമുദ്രമാണ് സ്നേഹിതരെ വേർതിരിക്കുന്നത് അത് നമുക്കും നമ്മുടെ ഇഷ്ടഭാജനങ്ങൾക്കുമിടയിൽ ഒരു തടസ്സമാണ്. നമ്മുടെ കൂട്ടായ്മകൾ വിഭജിക്കപ്പെടുന്നത് അനന്തമായ സമുദ്രത്താലാണ്. പുതിയ ഭൂമിയിൽ സമുദ്രമോ, പടകോ, തുഴക്കാരോ ഉണ്ടായിരിക്കുകയില്ല. കഴിഞ്ഞ കാലങ്ങളിൽ ദുഷ്ടഹൃദയരായ മനുഷ്യരുടെ ദുരുദ്ദേശത്തിനൊത്ത് പ്രവർത്തിപ്പാനായി ദൈവത്താൽ സ്നേഹിക്കപ്പെട്ട ദൈവവേലക്കാരെ ചങ്ങലയാൽ ബന്ധിച്ച്, പടകുകളിൽ കഠിനയാതനക്ക് ഏല്പിച്ചിരുന്നു. ദൈവം ദയയോടും വാത്സല്യത്തോടുകൂടെ അവരുടെ യാതനകളെ കൺപാർത്തു. ഭൂമി പുതുതായിത്തീരുമ്പോൾ അവിടെ ഭയാനക പ്രവാഹങ്ങളില്ല, വിഴുങ്ങുന്ന ആഴിയില്ല, ശാന്തതയില്ലാതെ അലയടിക്കുന്ന തിരമാലകളില്ല. ആയതിന് ദൈവത്തിന് സ്തോത്രം.

നമ്മുടെ ഭൗമിക വാസസ്ഥലത്തുള്ള എല്ലാ സുന്ദര ദൃശ്യങ്ങളും യാതൊരു കലാകാരനും വരച്ചുകാണിക്കുവാൻ കഴിയാത്തതും നശ്വരമായ ഒരു നാവിനും വർണ്ണിക്കുവാൻ കഴിയാത്തതും പളുങ്കുകടലിനെയും പച്ചപ്പരവതാനി വിരിച്ച ഭൂപ്രദേശത്തെയും ആടിയുലയുന്ന തരുലതാദികളെയും ജീവജലയുറവകളെയും പ്രശോഭിത പട്ടണത്തെയും വെള്ളയങ്കി ധരിച്ച ഗായകരെയും അനുസ്മരിപ്പിക്കുന്നതായിത്തീരട്ടെ!”

“ദൈവം തന്നെ സ്നേഹിക്കുന്നവർക്കായി ഒരുക്കിയിരിക്കുന്നത് കണ്ണ് കണ്ടിട്ടില്ല, ചെവി കേട്ടിട്ടില്ല ഒരു മനുഷ്യന്റെയും ഹൃദയത്തിൽ തോന്നിയിട്ടുമില്ല.”





# ഇനി മരണം ഉണ്ടാകയില്ല

***അവൻ അവരുടെ കണ്ണിൽ നിന്നു കണ്ണുനീർ എല്ലാ തുടച്ചുകളയും. ഇനി മരണം ഉണ്ടാകയില്ല; ദുഃഖവും മുറവിളിയും കഷ്ടതയും ഇനി ഉണ്ടാകയില്ല. വെളി. 21:4***

നാം ദൈവരാജ്യത്തിലേക്ക് നിത്യത കഴിപ്പാൻ പ്രവേശിക്കുമ്പോൾ നമുക്ക് ഇവിടെ ഉണ്ടായിരുന്ന കഷ്ടപ്പാടുകളും പ്രയാസങ്ങളും പരിഭ്രമങ്ങളും എല്ലാം നമ്മെവിട്ടു പോകും.

വീണ്ടെടുക്കപ്പെട്ടവരുടെ ഭവനത്തിൽ കണ്ണുനീരോ മരണമോ മുറവിളിയോ ഇനി ഉണ്ടാകയില്ല. “എനിക്ക് ദീനമെന്ന് യാതൊരു നിവാസിയും പറകയില്ല; അതിൽ പാർക്കുന്ന ജനത്തിന്റെ അകൃത്യം മോചിപ്പിക്കപ്പെട്ടിരിക്കും” യെശ. 33:24. നിത്യത കഴിക്കുമ്പോൾ സന്തോഷത്തിന്റെ വലിയൊരു വേലിയേറ്റമുണ്ടാകും.

അനുഗ്രഹീതമായ ഒരു നാളയെ നമുക്ക് കണക്കാക്കാം. ലോകത്തിന്റെ പാപത്തിനായി മരിച്ചവനായവനെ, എല്ലാ കൂരിരുളിനെയും നമ്മുടെ വിശ്വാസത്താൽ കീറിമുറിച്ച് നമുക്ക് ദർശിക്കാം. അവനെ സ്വീകരിക്കുന്നവർക്കും അവനിൽ വിശ്വസിക്കുന്ന എല്ലാവർക്കുമായി പറുദീസയുടെ വാതിൽ അവൻ തുറന്നിരിക്കുന്നു. അങ്ങനെയുള്ളവർക്ക് ദൈവമക്കളാകുവാൻ അവൻ അധികാരം നല്കിയിരിക്കുന്നു. ക്രിസ്തുവിലുള്ള നമ്മുടെ പരമവിളിയുടെ ലാക്കിലേക്ക് നമ്മെ നടത്തുന്ന പഠനോപാധിയായി യാചനയോടെ ഈ ദുഃഖത്തിന്റെ വേദനയെ കണക്കാക്കുക. കർത്താവ് വേഗം വരുന്നു എന്ന ചിന്തയാൽ നമുക്ക് പ്രോത്സാഹിതരാകാം. ഈ പ്രത്യാശ നമ്മുടെ ഹൃദയങ്ങളെ സന്തുഷ്ടമാക്കട്ടെ!

നാം ഭവനത്തോട് പ്രതിബദ്ധതയുള്ളവരാണ്. നമ്മെ അത്യധികമായി സ്നേഹിച്ച് നമുക്കുവേണ്ടി മരിച്ചവൻ നമുക്കായി ഒരു നഗരം ചമച്ചിട്ടുണ്ട്. പുതിയ യെരുശലേം നമ്മുടെ വിശ്രമസ്ഥലമാണ്. ദൈവത്തിന്റെ നഗരത്തിൽ യാതൊരു ദുഃഖവുമുണ്ടായിരിക്കുകയില്ല. ശോകത്തിന്റെ യാതൊരു നിഴലോ ആശാഭംഗമോ, മറയ്ക്കപ്പെട്ട വാത്സല്യമോ അവിടെ കേൾപ്പാനുണ്ടാവുകയില്ല. വേഗത്തിൽ കഷ്ടതയുടെ അങ്കി കല്യാണവസ്ത്രത്തിനായി അഴിച്ചുമാറ്റപ്പെടും. ക്രിസ്തുവിൽ മറഞ്ഞിരിക്കുന്നവരുടെ ജീവിതങ്ങളും ഭൂമിയിൽ വിശ്വാസത്തിന്റെ നല്ല പോർ പൊരുതിയവരും ദൈവരാജ്യത്തിൽ വീണ്ടെടുപ്പുകാരന്റെ മഹത്വത്താൽ പ്രകാശിപ്പിക്കപ്പെടും.

നിത്യജീവന്റെ പ്രത്യാശ കേന്ദ്രീകൃതമായിരിക്കുന്നവനെ നാം കാണുക എന്നത് വളരെ വിദൂരമല്ല. അവന്റെ സന്നിധിയിൽ നമ്മുടെ പരീക്ഷകളും യാതനകളും ഏതുമില്ലാ എന്നതുപോലെയായിരിക്കും. ഉയരങ്ങളിലേക്കു നോക്കൂ, നിങ്ങളുടെ വിശ്വാസം സ്ഥിരമായി വർദ്ധിച്ചുവരും. ഈ വിശ്വാസം നിങ്ങളെ വീണ്ടെടുക്കപ്പെട്ടവർക്കുള്ള വിശാലവും വിസ്തൃതവും അതിരുകൾ ഇല്ലാത്തതുമായ മഹത്വത്തിലേക്ക് ഇടുങ്ങിയ പാതയിലൂടെ നയിച്ച് ദൈവനഗരത്തിന്റെ പ്രവേശനകവാടത്തിലൂടെ അകത്ത് പ്രവേശിപ്പിക്കുമാറാകട്ടെ!

# രക്ഷിക്കപ്പെട്ടവരുടെ അവകാശം

***എന്റെ ജനം സമാധാന നിവാസത്തിലും നിർഭയവസതികളിലും സ്വൈരമുള്ള വിശ്രാമസ്ഥലങ്ങളിലും പാർക്കും. യെശ. 32:18***

ബൈബിളിൽ രക്ഷിക്കപ്പെട്ടവരുടെ അവകാശത്തെ "ഒരു രാജ്യം" എന്നാണ് പറഞ്ഞിരിക്കുന്നത്. എബ്രാ. 11:14-16. അവിടെ സ്വർഗ്ഗീയ ഇടയൻ ജീവജലത്തിന്റെ ഉറവയിങ്കയിലേക്ക് തന്റെ ജനത്തെ നയിക്കും. ജീവവൃക്ഷം എല്ലാ മാസവും അതിന്റെ ഫലം പുറപ്പെടുവിക്കുകയും അതിന്റെ ഇല ജാതികൾക്ക് രോഗശാന്തിക്കായി ഉപയോഗിക്കപ്പെടുകയും ചെയ്യും. അവിടെ സ്ഫടികതുല്യവും എപ്പോഴും ഒഴുകിക്കൊണ്ടിരിക്കുന്നതുമായ നദിയുണ്ട്. അവക്കിരുകരയിലും ദൈവത്താൽ വിലക്കു വാങ്ങപ്പെട്ടവരുടെ പാതയിൽ നിഴൽ വിരിച്ച് ചാഞ്ചാടുന്ന തരുക്കളും ഉണ്ടായിരിക്കും. വിശാലമായി നിരന്നുകിടക്കുന്ന സമഭൂമികൾ സൗന്ദര്യത്തിന്റെ കുന്നുകളായി ഇരുണ്ടുകൂടുകയും അവക്ക് പിറകിൽ ദൈവത്തിന്റെ പർവ്വതത്തിന്റെ ഉത്തുംഗശൃംഘലകൾ നിലയുറപ്പിക്കുകയും ചെയ്യും. ഈ സമാധാന സമഭൂമിയിൽ, ജീവജല നദിക്കരികിൽ, ഇത്രയും നാൾ അന്യരും പരദേശികളും ആയിരുന്നവർ തങ്ങളുടെ വാസസ്ഥലം കണ്ടെത്തും. അവിടെ "മരുഭൂമിയും വരണ്ട നിലവും ആനന്ദിക്കും. നിർജ്ജന പ്രദേശം ഉല്ലസിക്കും. പനിനീർപുഷ്പംപോലെ പൂക്കും." "മുള്ളിനുപകരം സരളവൃക്ഷം മുളക്കും. പറക്കാരക്കുപകരം കൊഴുന്നു മുളക്കും. ചെന്നായ് കുഞ്ഞാടിനോടു കൂടി പാർക്കും. പുള്ളിപ്പുലി കോലാട്ടുകുട്ടിയോടുകൂടെ കിടക്കും. ഒരു ചെറിയ കുട്ടി അവയെ നടത്തും". "എന്റെ വിശുദ്ധ പർവ്വതത്തിൽ എങ്ങും ഒരു ദോഷമോ, നാശമോ ആരും ചെയ്കയില്ല" എന്ന് കർത്താവ് അരുളിച്ചെയ്യുന്നു. യെശയ്യാ. 35:1, 55:13; 11:6,9. അവിടെ മനുഷ്യനു നഷ്ടമായ രാജകീയത്വം പുനഃസ്ഥാപിക്കപ്പെടുകയും താഴ്ച ഭവിച്ച അവസ്ഥയിലുള്ള അവന്റെ വഴി തിരിച്ചറിയുകയും ഉഗ്രമായത് സൗമ്യമായിത്തീരുകയും ഭീരുത്വമുള്ളത് വിശ്വാസയോഗ്യമായിത്തീരുകയും ചെയ്യും.

സ്വർഗ്ഗീയാന്തരീക്ഷത്തിൽ വേദനക്ക് സ്ഥാനമില്ല. അവിടെ കണ്ണുനീരോ മരണമോ വിലാപത്തിന്റെ കാരണങ്ങളോ ഒന്നും ഉണ്ടാവുകയില്ല. "ഇനി മരണം ഉണ്ടാകയില്ല, ദുഃഖവും മുറവിളിയും കഷ്ടതയും ഇനി ഉണ്ടാകയില്ല. ഒന്നാമത്തേതു കഴിഞ്ഞുപോയി." "എനിക്ക് ദീനമെന്ന് യാതൊരു നിവാസിയും പറകയില്ല; അതിൽ പാർക്കുന്ന ജനത്തിന്റെ അകൃത്യം മോചിക്കപ്പെട്ടിരിക്കും" വെളി. 21:4; യെശ. 33:24.

അവിടെ ഏദെൻതോട്ടത്തിലെ ജീവിതം നയിക്കും. 'അവർ വീടുകളെ പണിതു പാർക്കും, അവർ മുന്തിരിത്തോട്ടങ്ങളെ ഉണ്ടാക്കി അവയിലെ ഫലം അനുഭവിക്കും. അവർ പണിക മറ്റൊരുത്തൻ പാർക്ക എന്നു വരികയില്ല, അവർ നടുക മറ്റൊരുത്തൻ തിന്നുക എന്നു വരികയില്ല. എന്റെ ജനത്തിന്റെ ആയുസ്സ് വൃക്ഷത്തിന്റെ ആയുസ്സുപോലെ ആകും, എന്റെ വൃതന്മാർ തന്നെ തങ്ങളുടെ അദ്ധ്വാനഫലം അനുഭവിക്കും" യെശ. 65:21,22.





# ഏദെൻതോട്ടം പുനഃസ്ഥാപിക്കപ്പെടുന്നു

***ജയിക്കുന്നവന് ഞാൻ ദൈവത്തിന്റെ പറുദീസയിൽ ഉള്ള ജീവവൃക്ഷത്തിന്റെ ഫലം തിന്മാൻ കൊടുക്കും വെളി. 2:7.***

ഏദെൻതോട്ടത്തിൽനിന്നും മനുഷ്യൻ പുറത്താക്കപ്പെട്ടതിനുശേഷം വളരെ നാൾ ഏദെൻ ഈ ഭൂമിയിൽ നിലനിന്നിരുന്നു. വീഴ്ച ഭവിച്ചവർക്ക് വിശുദ്ധിയുടെ വാസസ്ഥലം ദർശിക്കുവാൻ അനുവാദമുണ്ടായിരുന്നു എന്നാൽ പ്രവേശനം മാത്രം കാവൽ മാലാഖമാരാൽ തടയപ്പെട്ടിരുന്നു. കെരൂബുകൾ കാത്തതായ പറുദീസയുടെ കവാടത്തിൽ സ്വർഗ്ഗീയ മഹത്വം വെളിപ്പെടുത്തിയിരുന്നു. ഇവിടെ ആദാമും തന്റെ കുടുംബവും ദൈവത്തെ ആരാധിപ്പാൻ വന്നിരുന്നു.

ഇവിടെ അവർ ഏതു കല്പനയുടെ ലംഘനം ഹേതുവായി ഏദെൻതോട്ടത്തിൽനിന്നും പുറത്താക്കപ്പെട്ടുവോ ആ കല്പനാനുസരണത്തിന്റെ പ്രതിജ്ഞ പുതുക്കിയിരുന്നു. ലോകത്ത് പാപം പെരുകുകയും മനുഷ്യന്റെ അകൃത്യം ഹേതുവായി ജലപ്രളയം മുഖാന്തിരം ലോകത്തിന് നാശം ഭവിക്കുകയും ചെയ്തപ്പോൾ ഏദെനെ സൃഷ്ടിച്ച കരങ്ങൾതന്നെ അതിനെ ഭൂമുഖത്തുനിന്നും പിൻവലിച്ചു. എന്നാൽ അവസാന യഥാസ്ഥാപനത്തിങ്കൽ ഒരു പുതിയ ആകാശവും പുതിയ ഭൂമിയും" (വെളി. 21:1) ഉണ്ടാക്കുമ്പോൾ ആദിയിൽ ഉണ്ടായിരുന്നതിനെക്കാൾ മഹത്വകരമായ അലങ്കാരത്തോടെ അത് യഥാസ്ഥാനപ്പെടുത്തപ്പെടും.

പാപരഹിത ലോക നിവാസികൾക്ക് പാപത്താൽ സ്പർശിക്കപ്പെടാത്ത ആ സുന്ദര തോട്ടത്തെ ദൈവത്തിന്റെ സൃഷ്ടിയുടെ മകുടോത്തരമായി നിത്യം ദർശിക്കുവാൻ കഴിയും. രക്ഷിതാവിന്റെ ദിവ്യ പദ്ധതി മനുഷ്യൻ അനുസരിച്ചിരുന്നു എങ്കിൽ ഭൂമി മുഴുവനായും എപ്രകാരമാകുമായിരുന്നു എന്നതിന്റെ ഉത്തമോദാഹരണമായി ഇതിനെ കാണുവാൻ കഴിയുമായിരുന്നു.

ആദാം തന്റെ ആദ്യ മേധാവിത്വത്തിലേക്ക് പുനഃസ്ഥാപിക്കപ്പെടുകയാണ്. സന്തോഷാതിരേകത്താൽ നിറഞ്ഞ് ഒരിക്കൽ തന്റെ സന്തോഷമായിരുന്ന മരങ്ങൾ തന്റെ സന്തുഷ്ടവും സംശുദ്ധവുമായ കാലയളവിൽ താൻ ശേഖരിച്ച ഫലങ്ങൾ നല്കിയ അതേ മരങ്ങളെ താൻ ദർശിക്കുകയും ചെയ്യുന്നു. ഒരു കാലത്ത് താൻ പരിപാലിച്ച മുന്തിരിച്ചെടിയും താൻ പരിചരിക്കാനായി ആഗ്രഹിച്ച പുഷ്പങ്ങളും അവൻ കാണുമ്പോൾ അവന്റെ മനസ്സ് യാഥാർത്ഥ്യത്തെ പൂകുകയും ഇത് വാസ്തവത്തിൽ ഏദെൻതോട്ടം പുനർസൃഷ്ടിക്കപ്പെട്ടതാണെന്ന് സമ്മതിക്കുകയും ചെയ്യും.

മുൻപ് നഷ്ടപ്പെട്ട ഏദെനിലെ ജീവവൃക്ഷത്തിങ്കലേക്ക് പ്രവേശനം വീണ്ടും ലഭിക്കുകയും വീണ്ടെടുക്കപ്പെട്ടവർ ആ കൂട്ടത്തിന്റെ പരമോന്നത പൂർണ്ണതയുടെ രൂപത്തിലേക്ക് വളരുകയും ചെയ്യും (മലാ. 4:20). പാപശാപത്തിന്റെ അവസാന ലാഞ്ചനയുംകൂടെ തുടച്ച് മാറ്റപ്പെടുകയും കർത്താവിന്റെ വിശ്വസ്തരായവർ "നമ്മുടെ ദൈവമായ കർത്താവിന്റെ സൗന്ദര്യത്തിൽ" മനസ്സിലും ശരീരത്തിലും ചിന്തയിലും കർത്താവിനെ പ്രതിഫലിപ്പിക്കുകയും ചെയ്യും. എത്ര അത്ഭുത വീണ്ടെടുപ്പ്. ഏറെക്കാലമായി പറയപ്പെട്ടതും കാംക്ഷിച്ചതും ആകാംക്ഷയോടും ഉത്സുകതയോടും ധ്യാനിക്കുമ്പോൾ പൂർണ്ണമായും ഗ്രഹിക്കുവാൻ കഴിയുകയില്ല.

# അനശ്വര ലോകത്തിന്റെ മഹത്വങ്ങൾ

***ജീവന്റെ വഴി നീ എനിക്കു കാണിച്ചുതരും; നിന്റെ സന്നിധിയിൽ സന്തോഷ പരിപൂർണ്ണതയും നിന്റെ വലത്തുഭാഗത്തു എന്നും പ്രമോദങ്ങളും ഉണ്ട്. സങ്കീ. 16:11.***

നിത്യരാജ്യത്തിന്റെ മഹത്വം എനിക്കു മുൻപിൽ തുറക്കപ്പെട്ടു. സ്വർഗ്ഗം അതു പ്രാപിപ്പാൻ വിലയുള്ളതാണ് എന്നു ഞാൻ നിങ്ങളോടു പറയട്ടെ! ലോകത്തിന്റെ വീണ്ടെടുപ്പുകാരനോടും യേശുവിനോടും വിശുദ്ധ ദൂതന്മാരോടും വീണ്ടെടുക്കപ്പെട്ടവരോടും ഉള്ള കൂട്ടായ്മക്ക് നിന്റെ ജീവിതം അനുയോജ്യമാക്കിത്തീർക്കുക എന്നതായിരിക്കട്ടെ നിന്റെ ജീവിത ലക്ഷ്യം. സ്വർഗ്ഗീയ നഗരത്തിന്റെ ഒരു ദൃശ്യം നമുക്ക് സാദ്ധ്യമായാൽ പിന്നെ ഈ ലോകത്ത് വസിപ്പാൻ നാം ആഗ്രഹിക്കുകയില്ല. ലോകത്ത് അനേക സുന്ദരതരതമായ ഭൂപ്രദേശങ്ങൾ ഉണ്ട്; പ്രകൃതിയിലെ എല്ലാ സൗകുമാര്യതയിലും ഞാൻ ആസ്വദിക്കുന്നു. സൃഷ്ടിതാവുമായി ഞാനതിനെ ബന്ധിപ്പിക്കുന്നു. ഞാൻ ദൈവത്തെ സ്നേഹിച്ച് അവന്റെ കല്പനകളെ പ്രമാണിക്കുന്നു എങ്കിൽ ഇതിനെക്കാൾ മഹത്വകരമായതും നിത്യതേജസ്സിന്റെ ഘനവും എനിക്കായി സ്വർഗ്ഗത്തിൽ കരുതിയിട്ടുണ്ട് എന്ന് ഞാൻ അറിയുന്നു.

ഈ ഭൂമി അഗ്നിയാൽ ശുദ്ധീകരിക്കപ്പെട്ടതിനുശേഷം ഏറ്റവും സുന്ദരമാകും. പുല്ലുകൾ നിത്യഹരിതമായിരിക്കും. അവ ഒരിക്കലും വാടിപ്പോവുകയില്ല. അവിടെ റോസാപ്പൂക്കളും പനിനീർപ്പൂക്കളും മറ്റ് എല്ലാത്തരം പൂക്കളും ഉണ്ടായിരിക്കും. ഒരിക്കലും അവ മങ്ങിപ്പോവുകയോ വാടിപ്പോവുകയോ അവയുടെ സുഗന്ധമോ സൗന്ദര്യമോ നഷ്ടമാവുകയോ ചെയ്യുകയില്ല.

ഇവിടെ ഇന്നു നാം ഭയപ്പെടുന്ന സിംഹം അവിടെ ആട്ടിൻകുട്ടിയോടുകൂടെ കിടക്കുകയും പുതിയ ആകാശത്തിലും പുതിയ ഭൂമിയിലും എല്ലാം സമാധാനത്തിലും സന്തോഷത്തിലും ആയിരിക്കുകയും ചെയ്യും.

വിശുദ്ധന്മാരുടെ തലയിൽ തേജസ്സിന്റെ കിരീടവും അവരുടെ കരങ്ങളിൽ സ്വർണ്ണ വീണകളും ഉണ്ടായിരിക്കും. അവർ സ്വർണ്ണവീണകൾ മീട്ടി വീണ്ടെടുപ്പിന്റെ സ്നേഹത്തെക്കുറിച്ച് ദൈവത്തിന് പാടുകയും ചെയ്യും. പുതിയ ഭൂമിയിലുള്ള മഹത്വത്തിന്റെ നടുവിൽ അവരുടെ കഴിഞ്ഞ കാലജീവിതത്തിലെ കഷ്ടതയും യാതനയും അവർ മറന്നുപോകും. യാതൊരു ചിത്രകാരനാലും ചിത്രീകരിക്കുവാൻ കഴിയാത്ത നമ്മുടെ ഭൗമഭവനത്തിലുള്ള എല്ലാ സൗകുമാരികതകളും നമ്മുടെ സ്വർഗ്ഗീയ ഭവനത്തിലുള്ള ആരാലും വർണ്ണിപ്പാൻ കഴിയാത്ത പളുങ്കുനദിയെയും പച്ചപരപ്പുകളെയും ചാഞ്ചാടുന്ന തരുക്കളെയും ജീവ ഉറവയേയും പ്രകാശിത പട്ടണത്തെയും വെള്ള നിലയങ്കി ധരിച്ച പാട്ടുകാരെയും ഓർമ്മപ്പെടുത്തുന്നവയായിരിക്കട്ടെ. രക്ഷിക്കപ്പെട്ടവരുടെ ഭവനത്തെ ഒന്ന് ചിത്രീകരിക്കുവാൻ നിങ്ങളുടെ ഭാവനാശക്തിയെ ഒന്ന് അനുവദിച്ചാലും. നിങ്ങളുടെ ജ്വലിക്കുന്ന സ്വർഗ്ഗശക്തിക്ക് ചിത്രീകരിക്കുവാനാകുന്നതിലും വളരെ ശോഭാപരിപൂർണ്ണമായിരിക്കും അത് എന്ന് ഓർക്കുക.

വിശുദ്ധന്മാർക്ക് ലഭ്യമാകുവാൻ പോകുന്ന അവകാശം മനുഷ്യനാവുകൾക്കു അവർണ്ണനീയമാണ്. അത് കാണുന്നവർക്ക് മാത്രമേ ഗ്രഹിക്കുവാൻ കഴിയൂ.





# പുതിയ യെരുശലേം ഭവനത്തിൽ

***ഞാൻ സൃഷ്ടിക്കുന്നതിനെക്കുറിച്ചു നിങ്ങൾ സന്തോഷിച്ച് എന്നേക്കും ഘോഷിച്ചുല്ലസിപ്പിൻ; ഇതാ, ഞാൻ യെരുശലേമിനെ ഉല്ലാസപ്രദമായും അതിലെ ജനത്തെ ആനന്ദപ്രദമായും സൃഷ്ടിക്കുന്നു. യെശ. 65:18.***

"യഹോവയുടെ കയ്യിൽ നീ ഭംഗിയുള്ള കിരീടവും നിന്റെ ദൈവത്തിന്റെ കയ്യിൽ രാജമുടിയും" ആയ പുതിയ യെരുശലേം മഹത്വീകരിക്കപ്പെട്ട പുതിയ ഭൂമിയുടെ തലസ്ഥാനമായിരിക്കും. അതിന്റെ ജ്യോതിസ്സു ഏറ്റവും വിലയേറിയ രത്നത്തിനു തുല്യമായി സ്ഫടിക സ്വച്ഛതയുള്ള സൂര്യകാന്തംപോലെയായിരുന്നു. "ജാതികൾ അതിന്റെ വെളിച്ചത്തിൽ നടക്കും, ഭൂമിയുടെ രാജാക്കന്മാർ തങ്ങളുടെ മഹത്വം അതിലേക്കു കൊണ്ടുവരും." "ഞാൻ യെരുശലേമിനെക്കുറിച്ച് സന്തോഷിക്കുകയും എന്റെ ജനത്തെക്കുറിച്ച് ആനന്ദിക്കുകയും ചെയ്യും" എന്ന് കർത്താവു അരുളിച്ചെയ്യുന്നു.

ദൈവത്തിന്റെ നഗരത്തിൽ രാത്രി ഇല്ലല്ലോ. സ്വാർത്ഥത ആർക്കും ഉണ്ടായിരിക്കുകയില്ല. ദൈവത്തിന് സ്തുതിസ്തോത്രങ്ങൾ കരേറ്റുന്നതിനോ ദൈവേഷ്ടം ചെയ്യുന്നതിനോ ആർക്കും ഒരു മടുപ്പും തോന്നുകയില്ല. നാം എന്നും പ്രഭാതത്തിന്റെ ഉന്മേഷം പ്രാപിക്കുകയും അതിന്റെ അവസാനത്തിങ്കൽനിന്നും അകന്നിരിക്കുകയും ചെയ്യും. "ദൈവമായ കർത്താവ് അവരുടെ മേൽ പ്രകാശിക്കുന്നതുകൊണ്ടു വിളക്കിന്റെ വെളിച്ചമോ സൂര്യന്റെ വെളിച്ചമോ അവർക്കു ആവശ്യമില്ല." സൂര്യപ്രകാശത്തെ വെല്ലുന്ന ഒരു പ്രഭ അവിടെ പ്രകാശിക്കും. നട്ടുച്ച സൂര്യന്റെ ശോഭയെക്കാൾ അനേകമടങ്ങ് ശക്തമായ പ്രകാശം അവിടെ ഉണ്ടായിരിക്കും. ദൈവത്തിന്റെ മഹത്വവും കുഞ്ഞാടിന്റെ മഹത്വവും വിശുദ്ധ നഗരത്തെ ശോഭമങ്ങാത്ത പ്രകാശത്താൽ നിറക്കും. വീണ്ടെടുക്കപ്പെട്ടവർ സൂര്യരഹിത ശോഭയിൽ അനന്തമായ പകലിൽ നടക്കും.

"മന്ദിരം അതിൽ കണ്ടില്ല; സർവ്വശക്തിയുള്ള ദൈവമായ കർത്താവും കുഞ്ഞാടും അതിന്റെ മന്ദിരം ആകുന്നു." ദൈവജനത്തിന് പിതാവിനോടും പുത്രനോടും ഒത്ത് ഒരു തുറന്ന കൂട്ടായ്മക്കു സൗഭാഗ്യം സിദ്ധിക്കും. "ഇപ്പോഴൊ നാം കണ്ണാടിയിൽ കടമൊഴിയായിക്കാണുന്നു." മനുഷ്യരോടുള്ള ദൈവത്തിന്റെ ഇടപെടലിലൂടെയും പ്രകൃതിയിലെ അവന്റെ പ്രവർത്തനത്തിലൂടെയും ഒരു കണ്ണാടിയിലെന്നപോലെ ദൈവത്തിന്റെ പ്രതിരൂപം നാം കാണുന്നു. എന്നാൽ അന്ന് നാം ഒരു മൂടുപടത്തിന്റെ മറവിലുള്ള പ്രഭ മങ്ങും വിധമല്ല, മുഖാമുഖം നാം കാണും. നാം അവന്റെ സന്നിധിയിൽ നിൽക്കുകയും അവന്റെ മുഖശോഭ ദർശിക്കുകയും ചെയ്യും.

നാം അറിയപ്പെട്ടിരുന്നതുപോലെ തന്നെ നാം അവിടെ അറിയപ്പെടും. ആത്മാവിൽ ദൈവം നല്കിയിരിക്കുന്ന സ്നേഹവും അനുകമ്പയും അതിന്റെ വ്യക്തവും മാധുര്യവുമായ പ്രവർത്തനം അവിടെ കാണുവാൻ കഴിയും. പാവനാത്മാക്കളോടൊത്ത് സംശുദ്ധമായ കൂട്ടായ്മ, എക്കാലത്തുമുണ്ടായിരുന്ന വിശുദ്ധന്മാരോടും അനുഗ്രഹീത ദൂതന്മാരോടുമൊത്തുള്ള സന്തുലിത സമൂഹജീവിതം, "ഭൂമിയിലെയും സ്വർഗ്ഗത്തിലെയും മുഴുകുടുംബങ്ങളെയും ഒന്നാക്കിത്തീർക്കുന്ന വിശുദ്ധ കൂട്ടായ്മ ഇവയെല്ലാം ഇതിനുശേഷമുള്ള അനുഭവങ്ങളായിരിക്കും.

# അമർത്ത്യമായ അനന്തരാവകാശം

***വിശുദ്ധന്മാർക്കു വെളിച്ചത്തിലുള്ള അവകാശത്തിനായി നമ്മെ പ്രാപ്തരാക്കുകയും ചെയ്ത പിതാവിന്നു സന്തോഷത്തോടെ സ്തോത്രം ചെയ്യുന്നവരാകണം. കൊലൊ. 1:12.***

മറുവില നല്കപ്പെട്ടിരിക്കുന്നതിനാൽ എല്ലാവർക്കും ദൈവത്തിങ്കലേക്കു വരുവാനും അനുസരണജീവിതത്തിലൂടെ നിത്യജീവൻ പ്രാപിക്കുവാനും സാദ്ധ്യമാക്കിയിരിക്കുന്നു. എന്നാൽ അമർത്യമായ അനന്തരാവകാശത്തിൽ നിന്നും പിൻതിരിഞ്ഞ് അഹന്തയുടെ സംതൃപ്തിക്കും സ്വാർത്ഥതക്കും പൊങ്ങച്ചത്തിനുമായി ജീവിക്കുകയും ഈ ജീവിതത്തിലും വരുവാനുള്ള ജീവിതത്തിലും ലഭ്യമാകുവാനുള്ള അനുഗ്രഹങ്ങളെ നഷ്ടമാക്കുക എന്നത് എത്ര വേദനാജനകമായ കാര്യമാണ്. അവർ സ്വർഗ്ഗീയ കൊട്ടാരങ്ങളിൽ പ്രവേശിക്കുകയും ക്രിസ്തുവിനോടും ദൂതന്മാരോടും സ്വർഗ്ഗീയ രാജാകുമാരന്മാരോടൊത്തുമുള്ള സ്വാതന്ത്ര്യവും സമത്വവും എന്നതിൽ സഹവസിക്കുക എന്നതും എത്ര വിലമതിക്കാനാകാത്തതായി കാണപ്പെടുമ്പോഴും അവർ സ്വർഗ്ഗീയ ആകർഷണത്തിൽ നിന്നും അകന്നുപോകുന്നു.

മുഴുലോകത്തിന്റെയും സൃഷ്ടിതാവ് തന്റെ ഏകജാതനായ പുത്രനെ സ്നേഹിക്കുന്നതുപോലെതന്നെ തന്റെ പുത്രനെ രക്ഷിതാവായി വിശ്വസിക്കുന്നവരെ സ്നേഹിക്കാമെന്ന് വാഗ്ദത്തം ചെയ്യുന്നു. ഇപ്പോൾ ഇവിടെ അവന്റെ കൃപാദാനം വലിയൊരളവിൽ നമ്മുടെമേൽ വർഷിച്ചിരിക്കുന്നു. സ്വർഗ്ഗത്തിന്റെ എല്ലാ മഹിമയും തേജസ്സും അവൻ മനുഷ്യർക്ക് ദാനമായി നല്കിയിരിക്കുന്നു. കൂടാതെ അവനോടുകൂടെ സ്വർഗ്ഗത്തിന്റെ എല്ലാ സമ്പത്തും നല്കിയിരിക്കുകയാണ്. വരുവാനുള്ള ജീവിതത്തിന്നായി വളരെ അധികം അവൻ വാഗ്ദത്തം ചെയ്തിട്ടുണ്ട്. ഈ ജീവിതത്തിൽ തന്നെ രാജകീയ ദാനങ്ങൾ നമുക്ക് നല്കിയിട്ടുണ്ട്. നമ്മുടെ സ്വഭാവം മേത്തരമാക്കുന്നതിനും വിശാലമാക്കുന്നതിനും സംശുദ്ധമാക്കുന്നതിനും ആവശ്യമായതെല്ലാം അനുഭവിക്കുന്നതിന് അവൻ നമുക്ക് നല്കും. ഉയരങ്ങളിലുള്ള സ്വർഗ്ഗീയ കോടതിയിലേക്കു നമ്മെ യോഗ്യരാക്കേണ്ടതിനുവേണ്ടിയുള്ള ദൈവത്തിന്റെ പദ്ധതിയാണിത്.

മനുഷ്യർക്ക് വരുവാനുള്ള മഹിമയുടെ കാഴ്ചകൾ കാണുവാൻ അനുവദിക്കാതെ, സ്വർഗ്ഗീയ നിവാസികൾ ആകുവാനുള്ളവർക്കു വേണ്ടി ഒരുക്കിയിരിക്കുന്ന സ്വർഗ്ഗീയ മഹിമകളോ സ്വർഗ്ഗീയ സന്തോഷത്തിന്റെ മുൻ അനുഭവത്തിലൂടെയുള്ള സന്തോഷമോ അനുഭവിക്കുന്നതിന് അനുവദിക്കാതെ സാത്താൻ മല്ലിടുകയാണ്.

ക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിക്കുന്നവർക്ക് ഈ ജീവിതത്തിലും വരുവാനുള്ളതിലും വേണ്ടുന്ന വാഗ്ദത്തങ്ങൾ ഉണ്ട്. ക്രിസ്തുവിന്റെ ഏറ്റവും ചെറിയ അനുയായിപോലും സ്വർഗ്ഗീയ നിവാസിയായിത്തീരും. ദൈവത്തിന്റെ ഒരനുഗാമി വാടിപ്പോകാത്തതും കളങ്കമില്ലാത്തതുമായ സ്വർഗ്ഗീയ അന്തേവാസിയായിത്തീരും. അവസാനമില്ലാത്ത ഒരു ലോകത്തിനായി സ്വർഗ്ഗീയ അന്തേവാസിയായിത്തീരുന്നതിനും ഒരു നശീകരണ കർത്താവിനും നശിപ്പിക്കുവാൻ കഴിയാത്ത പദവി സ്വന്തമാക്കുന്നതിനും സാദ്ധ്യമായ തിരഞ്ഞെടുപ്പ് നടത്തുവാൻ എല്ലാവർക്കും സാദ്ധ്യമാകട്ടെ. ഈ ലോകം തിരഞ്ഞെടുക്കാതെ മേത്തര അനന്തരാവകാശിയാകുവാൻ തിരഞ്ഞെടുപ്പ് നടത്തൂ. കർത്താവായ യേശുക്രിസ്തുവിലുള്ള വലിയ വിളിയുടെ വിലയുടെ പദവിയിലേക്കുള്ള നിങ്ങളുടെ വഴിയെ മുറുകെപ്പിടിക്കൂ.





# വിജയിയായ സഭ

***തീ കലർന്ന പളുങ്കുകടൽ പോലെ ഒന്നും മൃഗത്തോടും അതിന്റെ പ്രതിമയോടും പേരിന്റെ സംഖ്യയോടും ജയിച്ചവർ ദൈവത്തിന്റെ വീണകൾ പിടിച്ചുംകൊണ്ടു പളുങ്കുകടലിന്നരികെ നില്ക്കുന്നതും ഞാൻ കണ്ടു. വെളി. 15:2.***

സഭ ഇപ്പോൾ യുദ്ധത്തിനൊരുങ്ങിയിരിക്കുകയാണ്. നാമിപ്പോൾ ഒരു അന്ധകാരലോകത്തോടും പൂർണ്ണമായി വിഗ്രഹാരാധനക്ക് കീഴ്പ്പെട്ട ഒരു സഭക്കുമെതിരെയാണ് പോരാടുന്നത്. എന്നാൽ പോരാടി വിജയം വരിക്കുവാനുള്ള ഒരു ദിവസം ഇതാ വരുന്നു. ദൈവത്തിന്റെ ഇഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആയിത്തീരണം. രക്ഷിക്കപ്പെട്ട ജനസമൂഹത്തിന് സ്വർഗ്ഗീയ നിയമമല്ലാതെ മറ്റൊരു നിയമവും അറിയുകയില്ല. എല്ലാവരും ക്രിസ്തുവിന്റെ വിശുദ്ധിയിൻ അങ്കി ധരിച്ച് സ്തുതിസ്തോത്രങ്ങൾ മുഴക്കിക്കൊണ്ട്, ഒരു കുടുംബമെന്നവണ്ണം സന്തോഷവാന്മാരായിരിക്കും. പ്രകൃതി പൂർണ്ണമായും അതിനെ പൊതിഞ്ഞിരിക്കുന്ന സുകുമാരിതയിൽ സ്തുതിയും ആരാധനയും അർപ്പിച്ച് ദൈവത്തെ ആദരിക്കും. ലോകം സ്വർഗ്ഗീയ പ്രകാശത്തിൽ കുളിച്ചു നില്ക്കും. ചന്ദ്രന്റെ പ്രകാശം സൂര്യശോഭപോലെയും സൂര്യപ്രകാശം ഇപ്പോഴുള്ളതിനെക്കാൾ ഏഴിരട്ടിയായും തീരും. നാളുകൾ മുഴുവനും സന്തോഷത്തിൽ കടന്നുപോകും. പ്രഭാതനക്ഷത്രങ്ങൾ ഒരുമിച്ച പാടുകയും ദൈവപുത്രന്മാർ സന്തോഷത്താൽ ആക്കുകയും ചെയ്യുമ്പോൾ ദൈവവും ക്രിസ്തുവും ഒന്നുചേർന്ന് ഇപ്രകാരം പ്രഘോഷിക്കും: "ഇനി പാപം ഉണ്ടാകയില്ല, മരണവും ഇനി ഉണ്ടാകയില്ല."

ഈ ജീവിതത്തിൽ ക്രിസ്തുവുമായി സഹകരിച്ചവരും, ക്രിസ്തുവിനുവേണ്ടി കഷ്ടം സഹിക്കുന്നത് ഒരു പദവിയും അവകാശവും എന്ന് കരുതിയവർക്കും നിത്യതയുടെ കവാടത്തിൽ നില്ക്കുമ്പോൾ അവർക്കായി നല്കപ്പെട്ട കൃപാപരമായ സ്വാഗതം ശ്രവിക്കും. അവർ ദൂതന്മാരോടൊത്ത് കിരീടങ്ങളെ തങ്ങളുടെ വീണ്ടെടുപ്പുകാരന്റെ പാദങ്ങളിൽ സമർപ്പിച്ചുകൊണ്ട് ഇപ്രകാരം ഘോഷിക്കും: "അറുക്കപ്പെട്ട കുഞ്ഞാടു ശക്തിയും ധനവും ജ്ഞാനവും ബലവും ബഹുമാനവും മഹത്വവും സ്തോത്രവും ലഭിപ്പാൻ യോഗ്യൻ: സിംഹാസനത്തിലിരിക്കുന്നവനും കുഞ്ഞാടിനും സ്തോത്രവും ബഹുമാനവും മഹത്വവും ബലവും എന്നെന്നേക്കും ഉണ്ടാകട്ടെ" വെളി. 5:12,13.

അവിടെ വീണ്ടെടുക്കപ്പെട്ടവർ തങ്ങളെ ഉയർത്തപ്പെട്ട രക്ഷകനിലേക്ക് നയിച്ചവരെ അഭിവാദ്യം ചെയ്യും. അവർ ഒത്തൊരുമിച്ച് മനുഷ്യജീവൻ ദൈവജീവന് തുല്യമായി കണക്കാക്കപ്പെടുവാൻ കാരണമാകുമാറ് മരണപ്പെട്ടവനെ സ്തുതിക്കും. വിവാദം അവസാനിച്ചു. കഷ്ടതയും പ്രയാസങ്ങൾക്കും അവസാനിച്ചു. ദൈവസിംഹാസനത്തിന് ചുറ്റും വീണ്ടെടുക്കപ്പെട്ടവർ നില്ക്കുമ്പോൾ വിജയഗാഥകളാൽ സ്വർഗ്ഗം മുഖരിതമാകും. എല്ലാവരും സന്തോഷാതിരേകത്താൽ "അറുക്കപ്പെട്ട കുഞ്ഞാട് യോഗ്യൻ" അവൻ നമ്മെ വീണ്ടെടുത്തു എന്നു പാടും.

# അപ്രതീക്ഷിതമായ പ്രതിഫലം നല്കൽ

***ദാസനോ സ്വതന്ത്രനോ ഓരോരുത്തൻ ചെയ്യുന്ന നന്മക്കു കർത്താവിൽ നിന്നു പ്രതിഫലം പ്രാപിക്കും. എഫെ. 6:8.***

ഈ ജീവിതത്തിൽ ദൈവത്തിനുവേണ്ടി നാം ചെയ്യുന്ന പ്രവൃത്തികൾ എല്ലാം തന്നെ ഫലപ്രാപ്തിയില്ലാത്തതായി കാണുന്നു. നന്മചെയ്യുവാനുള്ള നമ്മുടെ പ്രയത്നം ആത്മാർത്ഥവും നിസ്വാർത്ഥവും ആണെങ്കിൽ തന്നെയും അതിന്റെ ഫലം കാണ്മാൻ ചിലപ്പോൾ നാം അനുവദനീയരായിരിക്കുകയില്ല. നമ്മുടെ പ്രയത്നം വ്യർത്ഥാവായതായി നമുക്ക് തോന്നാം. എന്നാൽ നമ്മുടെ പ്രയത്നം സ്വർഗ്ഗത്തിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്നും അതിന്റെ ഫലം പരാജയപ്പെടുകയുമില്ലെന്നും രക്ഷകൻ ഉറപ്പ് നല്കുന്നുണ്ട്.

രണ്ട് വെള്ളിക്കാശ് ഭണ്ഡാരത്തിൽ നിക്ഷേപിച്ച ദരിദ്രയായ വിധവ താൻ ചെയ്തതിനെക്കുറിച്ച് അല്പമായേ ഗ്രഹിച്ചിരുന്നുള്ളു. എല്ലായിടത്തും എക്കാലവും അനേകായിരം ഹൃദയങ്ങളിൽ അവളുടെ സ്വയത്യാഗത്തിന്റെ ദൃഷ്ടാന്തം ക്രിയയും പ്രതിക്രിയയും നടത്തി. അത് ദൈവിക ഭണ്ഡാരത്തിലേക്ക് ഉന്നതരിൽനിന്നും താഴ്ന്നവരിൽനിന്നും ധനികരിൽനിന്നും ദരിദ്രരിൽനിന്നും ദാനങ്ങളെ കൊണ്ടുവന്നു. അവളുടെ നിസ്വാർത്ഥ പ്രവൃത്തിയാൽ സമൂഹം അനുഗ്രഹിക്കപ്പെട്ടു. അവളുടെ പ്രവൃത്തിയുടെ മാതൃകയുടെ പ്രതിപ്രവർത്തനം ദൈവദിവസത്തിൽ അവൾക്ക് ദർശിപ്പാൻ കഴിയും. രക്ഷകനായുള്ള മറിയയുടെ വിലപ്പെട്ട സമ്മാനവും അപ്രകാരം തന്നെയായിരിക്കും. ഉടയ്ക്കപ്പെട്ട ആ വെൺകൽഭരണിയുടെ ഓർമ്മയിൽ എത്രയോ പേർ ആ സ്നേഹസേവനത്തിലേക്ക് പ്രചോതിതരായിട്ടുണ്ട്. ഇത് കാണുവാനിടയാകുമ്പോൾ അവൾ എത്രമാത്രം സന്തോഷിക്കും.

ലോകത്തിൽ എങ്ങും ഈ സുവിശേഷം പ്രസംഗിക്കുന്നിടത്തെല്ലാം അവൾ ചെയ്തതു അവളുടെ ഓർമ്മക്കായി പ്രസ്താവിക്കും എന്നു ഞാൻ സത്യമായി നിങ്ങളോടു പറയുന്നു എന്ന് യേശു പറഞ്ഞു. ഭാവിയിലേക്ക് നോക്കിക്കൊണ്ട് തന്റെ സുവിശേഷത്തെക്കുറിച്ച് വളരെ വ്യക്തതയോടെ രക്ഷകൻ സംസാരിച്ചു. അത് ലോകമെങ്ങും പ്രസംഗിക്കപ്പെടേണ്ടിയിരിക്കുന്നു. സുവിശേഷം എവിടെയെല്ലാം പ്രസംഗിക്കപ്പെടുന്നുവോ അവിടെയെല്ലാം മറിയയുടെ ദാനത്തിന്റെ പരിമളം പരക്കുകയും അവളുടെ കരുതിക്കൂട്ടിയല്ലാത്ത പ്രവൃത്തിയുടെ ഫലമായി അനേക ഹൃദയങ്ങൾ അനുഗ്രഹിക്കപ്പെടുകയും ചെയ്യും. സാമ്രാജ്യങ്ങൾ എഴുന്നേൽക്കുകയും വീഴുകയും ചെയ്യും. ചക്രവർത്തിമാരുടെയും മഹാരാജാക്കന്മാരുടെയും പേരുകൾ വിസ്മരിക്കപ്പെടും. എന്നാൽ ഈ സ്ത്രീയുടെ പ്രവൃത്തി വിശുദ്ധ ചരിത്രത്താളുകളിലൂടെ അമർത്യത പ്രാപിക്കും. സമയം അവസാനിക്കുന്നതുവരെ ഉടഞ്ഞ വെങ്കൽ ഭരണി മാനവരാശിക്കുവേണ്ടിയുള്ള ദൈവസ്നേഹത്തിന്റെ പെരുമഴയുടെ കഥ പറയും.

മനുഷ്യരെ നന്മയിലേക്കും ദൈവത്തിങ്കലേക്കും നയിക്കുന്ന പരിശുദ്ധാത്മാവിന്റെ എല്ലാ ഉത്തേജനങ്ങളും സ്വർഗ്ഗത്തിലെ പുസ്തകങ്ങളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ദൈവത്തിന്റെ ദിവസത്തിൽ അവന്റെ പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തിന് തങ്ങളെത്തന്നെ ഉപകരണമാക്കിയവർക്ക് തങ്ങളുടെ ജീവിതത്തിൽ എന്തുചെയ്യുവാൻ സാധിച്ചു എന്ന് ദർശിപ്പാൻ അവസരം ലഭിക്കും.





# പുതിയ ഭൂമിയിലെ പ്രവർത്തനങ്ങൾ

***അവർ വീടുകളെ പണിതു പാർക്കും; അവർ മുന്തിരിത്തോട്ടങ്ങളെ ഉണ്ടാക്കി അവയിലെ ഫലം അനുഭവിക്കും. അവർ പണിക, മറ്റൊരുത്തൻ പാർക്ക എന്നു വരികയില്ല; അവർ നടുക, മറ്റൊരുത്തൻ തിന്നുക എന്നും വരികയില്ല; എന്റെ ജനത്തിന്റെ ആയുസ്സു വൃക്ഷത്തിന്റെ ആയുസ്സുപോലെ ആകും; എന്റെ വൃതന്മാർ തന്നേ തങ്ങളുടെ അദ്ധ്വാനഫലം അനുഭവിക്കും യെശയ്യാ. 65:21,22.***

അവസാനവിജയം കൈവരുമ്പോൾ നമുക്കായി ഭവനങ്ങൾ ഒരുക്കപ്പെട്ടിരിക്കുന്നു എന്നും ജോലി ഒന്നുമില്ലാതിരിക്കുകയാണ് നമ്മുടെ ഭാഗമെന്നും അതായത് ഒന്നും ചെയ്യാത്ത അവസ്ഥയിൽ നാം പരമാനന്ദ സുഖത്തിൽ വിശ്രമിക്കുകയായിരിക്കും എന്നും ചിന്തിക്കുവാൻ കഴിയുകയില്ല.

ഭൂമി ശുദ്ധീകരിക്കപ്പെടുമ്പോൾ വീണ്ടെടുക്കപ്പെട്ടവർ, ആദിയിൽ ആദാമിനും ഹവ്വക്കും സുഖവും സന്തോഷവും പ്രദാനം ചെയ്ത ജോലികളിൽ ഏർപ്പെടും. തോട്ടത്തിലും നിലത്തിലുമുള്ള ഏദെൻ ജീവിതം ജീവിക്കും. "അവർ വീടുകളെ പണിതു പാർക്കും; അവർ മുന്തിരിത്തോട്ടങ്ങളെ ഉണ്ടാക്കി അവയിലെ ഫലം അനുഭവിക്കും. അവർ പണിക മറ്റൊരുത്തൻ പാർക്ക എന്നു വരികയില്ല, അവർ നടുക മറ്റൊരുത്തൻ തിന്നുക എന്നും വരികയില്ല, എന്റെ ജനത്തിന്റെ ആയുസ്സുപോലെ ആകും എന്റെ വൃതന്മാർ തന്നെ തങ്ങളുടെ അദ്ധ്വാനഫലം തിന്നും" യെശ. 65:21,22.

വെള്ളയുടെ ഭാവമുള്ളതും കാഴ്ചക്കു അതിശോഭയുള്ളതുമായ മുത്തുപതിപ്പിച്ച നാലു തൂണുകളാൽ ബലപ്പെടുത്തിയതുമായ ഏറ്റവും ആനന്ദപ്രദമായ വീടുകൾ ഞാൻ അവിടെ കണ്ടു. ഇവ വിശുദ്ധന്മാർക്ക് താമസിക്കുവാനുള്ളവയായിരുന്നു. ഓരോന്നിനും ഒരു തങ്ക അലമാരയുണ്ടായിരുന്നു. പല വിശുദ്ധന്മാരും വീടിന് ഉള്ളിൽ പ്രവേശിക്കുന്നതും മിന്നുന്ന അവരുടെ കിരീടങ്ങൾ അലമാരയിൽ വക്കുന്നതും പിന്നീട് വീടിന് സമീപമുള്ള തോട്ടത്തിലേക്ക് ഭൂമിയിൽ എന്തോ പണി എടുക്കുവാനായി പോകുന്നതും ഞാൻ കണ്ടു. നാം ഈ ഭൂമിയിൽ ചെയ്യുന്ന വേലപോലെ അല്ല അത്. അവരുടെ തലക്ക് ചുറ്റും ശോഭയുള്ള ഒരു തേജസ്സ് ഉണ്ടായിരുന്നു; അവർ തുടർച്ചയായി ആർപ്പോടെ ദൈവത്തെ സ്തുതിക്കുകയായിരുന്നു.

എല്ലാ വാസനകളും വളർത്തപ്പെടും. എല്ലാ കഴിവുകളും വർദ്ധിക്കും. ജ്ഞാന സമ്പാദനം മനസ്സിനെ ക്ഷീണിപ്പിക്കുകയോ ആരോഗ്യം ക്ഷയിപ്പിക്കുകയോ ഇല്ല. അവിടെ അതിസാഹസികോദ്യമങ്ങൾ മുന്നോട്ടു കൊണ്ടുവരപ്പെടാം, മഹത്തായ അഭിലാഷങ്ങൾ സാധിക്കാം. ഉന്നത അഭിവാഞ്ഛകൾ സാക്ഷാത്ക്കരിക്കാം. എന്നാലും അവിടെ പുതിയ ഉന്നതികൾ കടന്നുപോകേണ്ടതുണ്ട്. പ്രശംസിക്കുവാൻ പുതിയ അത്ഭുതങ്ങൾ ഉണ്ട്. പുതു സത്യങ്ങൾ ഗ്രഹിക്കുവാനുണ്ട്. മനസ്സിന്റെയും ആത്മാവിന്റെയും ശരീരത്തിന്റെയും കഴിവുകളെ ആവശ്യപ്പെടുന്ന പുതിയ വസ്തുക്കളുമുണ്ടായിരിക്കും.

# അതുല്യ സംഗീതം

***അങ്ങനെ യഹോവയാൽ വീണ്ടെടുക്കപ്പെട്ടവർ മടങ്ങി ഉല്ലാസഘോഷത്തോടെ സീയോനിലേക്കു വരും; നിത്യാനന്ദം അവരുടെ തലമേൽ ഉണ്ടായിരിക്കും; അവർ ആനന്ദവും സന്തോഷവും പ്രാപിക്കും; ദുഃഖവും നെടുവീർപ്പും ഓടിപ്പോകും. യെശ. 35:10.***

ഒരു മർത്യന്റെയും കാതുകേൾക്കാത്തതും ഒരുവന്റെയും മനസ്സിൽ തോന്നാത്തതുമായ "ദൈവിക ദർശനത്താൽ മാത്രം കേൾക്കാവുന്ന സംഗീതവും ഗാനവും അവിടെ ഉണ്ടാകും.

വാദ്യം വായിക്കുന്നവരും സംഗീതമാലപിക്കുന്നവരും അവിടെ കാണും. യഹോവ സീയോനെ ആശ്വസിപ്പിക്കുന്നതിനാൽ, അവളുടെ നിർജ്ജന പ്രദേശങ്ങളെ ഏദെൻപോലെ ആക്കുകയും അവളുടെ മരുഭൂമിയെ കർത്താവിന്റെ തോട്ടംപോലെ ആക്കുകയും സന്തോഷവും ആനന്ദവും അവിടെ ദർശിക്കുകയും നന്ദി അർപ്പണവും സംഗീതഘോഷവും അവിടെയുള്ളതിനാൽ അവർ അവരുടെ ശബ്ദം ഉയർത്തി യഹോവയുടെ മഹത്വത്തെ ഘോഷിക്കുകയും ചെയ്യും.

എന്നെ സ്വർഗ്ഗത്തിന്റെ പരിപൂർണ്ണ വ്യവസ്ഥകൾ കാണിച്ചുതരികയും യഥാർത്ഥ സംഗീതം ശ്രമിച്ചപ്പോൾ ഞാൻ അതിൽ മുഴുകിപ്പോവുകയും ചെയ്തു. ദർശനത്തിൽനിന്നും വെളിയിൽ വന്നപ്പോൾ ഇവിടത്തെ ഗാനാലാപം പരുപരുത്തതും അപസ്വരവുമായി തോന്നി. സ്വർണ്ണവീണകൾ കരങ്ങളിലേന്തി തുറന്ന ചതുരാകൃതിയിൽ നിൽക്കുന്ന അനേക ദൂതഗണങ്ങളെ ഞാൻ കണ്ടു. വീണകളുടെ അറ്റത്ത് ശ്രുതി ക്രമീകരിക്കുന്നതിനുള്ള ഉപകരണം ഉണ്ടായിരുന്നു. അവരുടെ വിരലുകൾ അശ്രദ്ധമായി അതിന്റെ കമ്പികളിലൂടെ ഒഴുകിയില്ല. എന്നാൽ വ്യത്യസ്ത ഈണത്തിനായി അവർ വ്യത്യസ്ത കമ്പികളിൽ സ്പർശിച്ചു. ഒരു ദൂതൻ നായകനായി ആദ്യം വീണയുടെ കമ്പിയിൽ ഒരു ശ്രുതി മീട്ടുകയും അതിനു പിന്നാലെ എല്ലാവരും ചേർന്ന് സ്വർഗ്ഗത്തിന്റെ സമ്പുഷ്ടവും പൂർണ്ണതയുള്ളതുമായ സംഗീതത്തിന്റെ ശ്രുതി മീട്ടുകയും ചെയ്യും. അത് വർണ്ണിക്കുക അസാദ്ധ്യമായിരുന്നു. അത് ശ്രുതിമധുരവും സ്വർഗ്ഗീയവും ദൈവികവും ആയിരുന്നു. എന്നാൽ ഈ സമയത്ത് വിവരിക്കാനാകാത്ത ശോഭിക്കുന്ന മഹത്വത്താൽ എല്ലാവരുടെയും മുഖം യേശുവിന്റെ രൂപം വെളിവാക്കി.

ദൈവത്തിന്റെ വീണ്ടെടുക്കപ്പെട്ടവർ ഒന്നിക്കുമ്പോൾ എത്രനല്ല ഗാനമായിരിക്കും അത്. മുഴു സ്വർഗ്ഗവും സമ്പുഷ്ട സംഗീതത്താലും കുഞ്ഞാടിനെ സ്തുതിക്കുന്ന ഗനങ്ങളാലും നിറഞ്ഞുനിൽക്കും. മഹത്വത്തിന്റെ രാജ്യത്തിലേക്ക് എന്നെന്നേക്കുമായി രക്ഷിക്കപ്പെട്ടിരിക്കുന്നു. ദൈവത്തിന്റെ ജീവന് ഒക്കുന്നതായ ഒരു ജീവനെ പ്രാപിക്കുക; അതുതന്നെയാണ് പ്രതിഫലം.

സ്വർഗ്ഗത്തിന്റെ വിവരണത്തിന് ശ്രമിക്കുക എന്നതിന് ഭാഷ മുഴുവനായും അപര്യാപ്തമാണ്. ദൃശ്യം എന്റെ കണ്മുമ്പിൽ തെളിഞ്ഞപ്പോൾ, ആശ്ചര്യാതിരേകത്താൽ ഞാൻ മരിച്ചവനെപ്പോലെയായി. "എന്തൊരു സ്നേഹം! അത്ഭുത സ്നേഹം!" എന്ന് അതിശയിപ്പിക്കുന്ന പ്രഭയാലും ശ്രേഷ്ഠമായ മഹത്വത്താലും ആശ്ചര്യപ്പെട്ടുകൊണ്ട് ഞാൻ പേന താഴെവച്ചു. സ്വർഗ്ഗത്തിന്റെ മഹിമയോ രക്ഷകന്റെ സ്നേഹത്തിന്റെ അളവില്ലാത്ത സ്നേഹമോ ഏതു ഉന്നതമായ ഭാഷയും വിവരിക്കുവാൻ പരാജയപ്പെടും.





# നമ്മുടെ രക്ഷകന്റെ മഹോന്നത പദവി

***നിന്റെ കയ്യിൽ കാണുന്ന ഈ മുറിവുകൾ എന്തു എന്നു ചോദിക്കുന്നതിനു അവൻ: എന്നെ സ്നേഹിക്കുന്നവരുടെ വീട്ടിൽവെച്ചു ഞാൻ അടികൊണ്ടതാകുന്നു എന്നു ഉത്തരം പറയും. സെഖ. 13:6.***

"ഞാൻ പുതിയ ആകാശവും പുതിയ ഭൂമിയും കണ്ടു; ഒന്നാമത്തെ ആകാശവും ഒന്നാമത്തെ ഭൂമിയും ഒഴിഞ്ഞുപോയി" വെളി. 21:1. ദുഷ്ടന്മാരെ ദഹിപ്പിക്കുന്ന അഗ്നി ഭൂമിയെ ശുദ്ധീകരിക്കും. പാപത്തിന്റെ എല്ലാ പാടുകളും തുടച്ചു മാറ്റപ്പെടും.

ഒരു ഓർമ്മ മാത്രം നിലനില്ക്കും. നമ്മുടെ വീണ്ടെടുപ്പുകാരൻ തന്റെ ക്രൂശീകരണത്തിന്റെ അടയാളം മാത്രം നിത്യമായി വഹിക്കും. മുറിവേറ്റ അവന്റെ ശിരസ്സ്, വിലാപ്പുറം, കൈകാലുകൾ ഇവയിൽ പാപം കൊണ്ടുവന്ന ദുഷ്ടപ്രവൃത്തികൾ മാത്രമായിരിക്കും നിലനിൽക്കുന്നത്. യേശുവിനെ അവന്റെ തേജസ്സിൽ ദർശിച്ചപ്പോൾ പ്രവാചകൻ പറയുകയാണ്, കിരണങ്ങൾ അവന്റെ പാർശ്വത്തിൽനിന്നും പുറപ്പെടുന്നു; അവിടെ അവന്റെ വല്ലഭത്വം മറഞ്ഞിരിക്കുന്നു." ഹബ. 3:4. അവന്റെ വിലാപ്പുറം കുത്തിത്തുറന്നപ്പോൾ ഒഴുകിയ ചുടുചോര അതാണ് മനുഷ്യനെ ദൈവത്തോടു നിരപ്പിച്ചത്. അതാണ് രക്ഷകന്റെ മഹത്വം; അവിടെയാണ് അവന്റെ വല്ലഭത്വം മറഞ്ഞിരിക്കുന്നത്." അവന്റെ അപമാനത്തിന്റെ അടയാളങ്ങളാണ് അവന്റെ വലിയ പദവി. നിത്യത മുഴുവനും കാൽവറിയിലെ മുറിവുകൾ അവന്റെ സ്തുതിയും അവന്റെ ശക്തിയും കാണിച്ചുതരും.

ക്രിസ്തുവിന്റെ ക്രൂശായിരിക്കും നിത്യത മുഴുവനും വീണ്ടെടുക്കപ്പെട്ടവരുടെ ജ്ഞാനവും സംഗീതവും. ക്രിസ്തുവിൽ തേജസ്കരിക്കപ്പെട്ടവർ ക്രൂശിക്കപ്പെട്ട ക്രിസ്തുവിനെ കാണും. ബഹിരാകാശത്തിന്റെ അനന്തവ്യാപ്തിയിലുള്ള എണ്ണിക്കൂടാത്ത അസംഖ്യം ലോകത്തെയും സൃഷ്ടിക്കുകയും നിലനിർത്തുകയും ചെയ്യുന്നത് യേശുവിന്റെ ശക്തിയാണ് എന്ന് ഒരിക്കലും വിസ്മരിക്കപ്പെടുകയില്ല. സ്നേഹവാനായ ദൈവവും സ്വർഗ്ഗീയ രാജാവുമായ ഈ യേശുവിനെയാണ് കെരൂബുകളും ജ്വലിക്കുന്ന സാറാഫുകളും ആരാധിക്കുന്നതിൽ ആനന്ദിക്കുന്നത്. വീഴ്ച ഭവിച്ച മനുഷ്യനെ ഉയർത്തേണ്ടതിന് പാപത്തിന്റെ എല്ലാ ശിക്ഷയും ശാപവും അവൻ വഹിച്ച് തന്നെത്താൻ താഴ്ത്തുകയും കാൽവറി ക്രൂശിൽ തന്റെ ജീവൻ തകർക്കപ്പെടുകയും നഷ്ടമായ ലോകത്തെക്കുറിച്ചുള്ള ആധി അവന്റെ ഹൃദയം പിളർക്കുകയും ചെയ്യുന്നതുവരെയുള്ള പിതാവിന്റെ കൈവിടലും സഹിച്ചവൻ ഈ യേശുവാണ്. മനുഷ്യരോടുള്ള സ്നേഹാതിരേകത്താൽ മുഴുലോകത്തിന്റെയും സൃഷ്ടിതാവും സകലന്യായവിധികളുടെയും ന്യായാധിപനുമായവൻ തന്റെ മഹത്വം ത്യജിച്ച് തന്നെത്താൻ താഴ്ത്തുക എന്നത് മുഴുലോകത്തിന്റെയും എന്നേക്കുമുള്ള അത്ഭുതത്തിന്റെയും ആരാധനയുടെയും പ്രേരകമായിരിക്കും. രക്ഷിതഗണം വീണ്ടെടുപ്പുകാരനിലേക്ക് നോക്കുമ്പോൾ പിതാവിന്റെ സ്വർഗ്ഗീയ മഹത്വം രക്ഷകന്റെ മുഖത്ത് പ്രകാശിക്കുന്നത് കാണും. നിത്യതയിൽനിന്നും നിത്യതയിലേക്കുള്ള അവന്റെ സിംഹാസനം അവർ കാണുമ്പോൾ അവന്റെ രാജ്യത്തിന് അവസാനമില്ല എന്ന് അവർ ഗ്രഹിക്കും, അപ്പോൾ അവർ ആർത്തുഘോഷിക്കും "അറുക്കപ്പെട്ട കുഞ്ഞാട് യോഗ്യൻ, യോഗ്യൻ. നിന്റെ രക്തംകൊണ്ട് നീ ഞങ്ങളെ ദൈവത്തിന് വീണ്ടെടുത്തിരിക്കുന്നു.

# വരവാനുള്ള പാഠശാല

***ഇതാ, മനുഷ്യരോടുകൂടെ ദൈവത്തിന്റെ കൂടാരം; അവൻ അവരോടുകൂടെ വസിക്കും. വെളി. 21:3.***

ആദിയിൽ ഏദെനിൽ സ്ഥാപിച്ച പാഠശാലക്കും വരുവാനുള്ള പാഠശാലക്കും മദ്ധ്യേ മനുഷ്യന്റെ ലംഘനം, യാതന, സ്വർഗ്ഗീയ യാഗം, പാപത്തിന്മേലും മരണത്തിന്മേലുമുള്ള വിജയം എന്നിവയടങ്ങുന്ന ലോകചരിത്രം നിവർന്നുകിടക്കുകയാണ്. വരുവാനുള്ള ജീവിതത്തിലെ പാഠശാലക്ക് ആദിയിൽ ഏദെനിലുണ്ടായിരുന്ന പാഠശാലയുടെ എല്ലാ അവസ്ഥയും കാണുകയില്ല. പരീക്ഷക്ക് അവസരമൊരുക്കുന്ന നന്മ തിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷം അവിടെ ഉണ്ടായിരിക്കില്ല. അവിടെ ഒരു പരീക്ഷകനോ ഒരു തെറ്റോ ഉണ്ടാവുകയില്ല. അവിടെയുള്ള എല്ലാവരും പിശാചിന്റെ പരീക്ഷകളെ അതിജീവിച്ചവരും അതിന്റെ ശക്തിയിൽ സംശയാലുക്കളും ആയിരിക്കുകയില്ല. ദൈവത്തിന്റെ സന്നിയിൽ പുനഃസ്ഥാപിക്കപ്പെട്ട് മനുഷ്യർ വീണ്ടും ആദിയിലായിരുന്നതുപോലെ ദൈവത്തെ ഗ്രഹിക്കും.

ഇവിടെയുള്ള നമ്മുടെ ജീവിതം നിത്യരാജ്യത്തിനുവേണ്ടിയുള്ള ഒരു ഒരുക്കമാണ്. ഇവിടെ ആരംഭിച്ചിരിക്കുന്ന വിദ്യാഭ്യാസം ഈ ജീവിതത്തിൽ അവസാനിക്കാതെ നിത്യതയിൽനിന്നും നിത്യതയിലേക്ക് പോകുന്നത് ആയിരിക്കും. എന്നും പുരോഗമിക്കുന്നതും ഒരിക്കലും അവസാനിക്കാത്തതും ആയിരിക്കും.

ഭൂമിയിലെ പാഠശാലയിൽ നാം പഠിച്ച എല്ലാ നല്ല തത്വങ്ങളും എല്ലാ സത്യവും അത്രമാത്രം തന്നെ നാം സ്വർഗ്ഗീയ പാഠശാലയിൽ മുന്നേറുന്നതിന് ആവശ്യം. ഈ ഭൂമിയിലെ ക്രിസ്തുവിന്റെ ശുശ്രൂഷാകാലത്ത് ശിഷ്യന്മാരോടുകൂടെ നടന്ന് അവരോട് സംസാരിച്ചതുപോലെ സ്വർഗ്ഗീയ പാഠശാലയിലും അവൻ നമ്മെ പഠിപ്പിക്കും. പാപത്തിന്റെ ഫലമായി ശോഷണം സംഭവിച്ച മനുഷ്യമനസ്സുകൾക്ക് പരിമിതികൾ ഉണ്ടായിരുന്നതിനാൽ ദുർഗ്രാഹ്യമായിരുന്ന മറയ്ക്കപ്പെട്ട മർമ്മങ്ങളെ ജീവജലനദിയുടെ തീരങ്ങളിലൂടെ നമ്മെ നയിച്ച് യേശു വെളിപ്പെടുത്തിത്തരും.

പാപത്തിന്റെ ഉത്ഭവ ചരിത്രം, വക്രഗതിയിലുള്ള അതിന്റെ കള്ള പ്രവർത്തനം, കള്ളത്തെ ജയിച്ചടക്കിയ സത്യം ഇവയെല്ലാം വെളിപ്പെടുത്തപ്പെടും. ഗോചരവും അഗോചരവുമായ ലോകത്ത് സാത്താൻ തിരുകിക്കയറ്റിയ അധർമ്മത്തെ മാറ്റിക്കളയുകയും അത്ഭുത കാര്യങ്ങൾ വെളിപ്പെടുത്തുകയും ചെയ്യും.

എല്ലാ കഴിവുകളും വികസിക്കപ്പെടുകയും എല്ലാ വൈദഗ്ദ്ധ്യങ്ങളും ഉയർത്തപ്പെടുകയും ചെയ്യും. പരിജ്ഞാനസ്വരൂപണത്താൽ മനസ്സ് ക്ഷീണിച്ചു പോവുകയോ ശക്തി ക്ഷയിച്ചുപോവുകയോ ഇല്ല. അവിടെ അതി സാഹസിക സംരംഭങ്ങൾ നിറവേറ്റപ്പെടും. ഉന്നത വാഞ്ഛകൾ സഫലീകരിക്കപ്പെടും. ഉന്നതാഭിലാഷങ്ങൾ വ്യക്തമാക്കപ്പെടും. എന്നിരുന്നാലും പുതിയ അനേക ഉന്നതികൾ കീഴ്പ്പെടുത്തുവാനും പുതിയ അത്ഭുതങ്ങൾ ആസ്വദിക്കുവാനും പുതിയ സത്യങ്ങൾ ഗ്രഹിക്കുവാനും ആത്മാവിന്റെയും ശരീരത്തിന്റെയും മനസ്സിന്റെയും ശക്തികളെ ഉത്തേജിപ്പിക്കുന്ന പുതിയ വസ്തുതകളെ സ്വീകരിക്കുവാനും ഉണ്ട്.





# യേശു നമ്മുടെ ഗുരുവായിരിക്കും

***എന്റെ ജനം എന്റെ നാമത്തെ അറിയും; അതുകൊണ്ടു ഞാൻ, ഞാൻ തന്നെയാകുന്നു പ്രസ്താവിക്കുന്നവൻ എന്നു അവർ അന്നു അറിയും. യെശ. 52:6***

മനുഷ്യൻ വീണ്ടും ആദിയിലുണ്ടായിരുന്നതുപോലെ പുനരുദ്ധരിക്കപ്പെട്ട് ദൈവത്തെക്കുറിച്ച് ഗ്രഹിക്കും.

പിന്നെ നമുക്ക് മുൻപിൽ എന്താണ് തുറക്കപ്പെടുവാൻ പോകുന്നത് എന്ന ലാഞ്ഛനപോലും നമുക്ക് ഇല്ല. യേശുവിനോടുകൂടെ നാം ജീവജലത്തിന്നരികെ നടക്കും. അവൻ പ്രകൃതിയുടെ സൗന്ദര്യവും മഹത്വവും നമുക്കു മുൻപിൽ തുറക്കും. അവന് നാം ആരാണ്, അവൻ നമുക്ക് ആരാണ് എന്ന് അവൻ വെളിപ്പെടുത്തും. ഞെരുങ്ങിയ പരിമിതികൾ ഉള്ളതിനാൽ സത്യം ഇപ്പോൾ നമുക്ക് അറിയുവാൻ കഴിയുകയില്ല, ഇതിനുശേഷം നാം അതു ഗ്രഹിക്കും.

വരുവാനുള്ള ലോകത്ത് വീണ്ടെടുക്കപ്പെട്ടവരെ യേശു ജീവനദിക്കരികിലൂടെ നയിച്ച് അത്ഭുതസത്യങ്ങളെ പഠിപ്പിക്കും. പ്രകൃതിയുടെ മർമ്മങ്ങളെ അവൻ അവർക്കായി തുറക്കും. പ്രപഞ്ചത്തെ അതിന്റെ സ്ഥാനത്തു താങ്ങി നിർത്തുന്ന ഒരു ശ്രേഷ്ഠകരം അവർ കാണും. നിലത്തിലെ പുഷ്പങ്ങൾക്ക് നിറമേകുന്ന ഒരു ചിത്രകാരന്റെ കരവിരുത് അവർ ദർശിക്കും. ഓരോ പ്രകാശവീചിയെയും വിരിക്കുന്ന കാരുണ്യവാനായ ദൈവത്തിന്റെ ഉദ്ദേശം അവർ മനസ്സിലാക്കുകയും നന്ദിയില്ലാത്ത ഒരു ലോകത്തിനുവേണ്ടി ദൈവം നല്കിയ മഹാസ്നേഹത്തെക്കുറിച്ച് വിശുദ്ധ ദൂതന്മാരോടൊത്ത് വീണ്ടെടുക്കപ്പെട്ടവരും സ്തുതി ഗീതങ്ങൾ ആലപിക്കും.

അവിടെ അനന്ത സാധ്യതയുടെ ചരിത്രവും അവർണ്ണനീയമായ ധനത്തെക്കുറിച്ചും ഒരു വിദ്യാർത്ഥിക്ക് തുറന്ന് ലഭിക്കും. പാപത്തിന്റെ ആവിർഭാവത്തിന്റെ ചരിത്രവും അസത്യത്തിന്റെ നാശോന്മുഖമായ പ്രവർത്തനവും നേർവഴിക്കല്ലാത്ത സത്യത്തിന്റെ പ്രതിജ്ഞയും ഒത്തൊരുമിച്ച് തെറ്റിനെ പിടിച്ചടക്കുന്നതും എല്ലാം വെളിവാക്കപ്പെടും. കാണപ്പെടുന്നതും കാണപ്പെടാത്തതുമായ ലോകത്തിന് മദ്ധ്യേ വലിച്ചുകെട്ടുന്ന മൂടുപടം ചീന്തി എറിയപ്പെടുകയും അത്ഭുതകരമായ കാഴ്ചകൾ വെളിപ്പെടുത്തുകയും ചെയ്യും.

പറഞ്ഞറിയിക്കാൻ സാധ്യമല്ലാത്ത സന്തോഷാതിരേകത്തിൽ നാമും വീഴ്ചഭവിക്കാത്തവരുടെ സന്തോഷത്തിലും പരിജ്ഞാനത്തിലും പ്രവേശിക്കും. ഏകാഗ്രതയിൽ യുഗായുഗങ്ങൾ ചിലവിട്ട് നേടിയെടുത്ത ദൈവസൃഷ്ടിയിൻ സമ്പത്തിന് നാമും പങ്കാളികളാകും. നിത്യതയുടെ വർഷങ്ങൾ കടന്നു പൊയ്ക്കൊണ്ടിരിക്കുമ്പോൾ മഹത്വകരമായ പുതിയ വെളിപ്പെടുത്തലുകൾ ഉണ്ടാകും. “നാം ചോദിക്കുന്നതിലും നിനെക്കുന്നതിലും അത്യന്തം പരമായി ചെയ്‌വാൻ കഴിവുള്ളവൻ” (എഫെ. 3:20). എന്നുമെന്നേക്കും ദൈവത്തിന്റെ ദാനങ്ങൾ നല്കും.

നിത്യത മുഴുവനും ദൈവത്തോടൊത്തു വസിക്കുവാൻ പ്രാപ്തമാക്കുന്ന വിദ്യാഭ്യാസം നാം ഇവിടെനിന്നും ലഭ്യമാക്കണം. ഇവിടെ നാം ആരംഭിക്കുന്ന വിദ്യാഭ്യാസം സ്വർഗ്ഗത്തിൽ പരിപൂർണ്ണമാക്കപ്പെടും. നാം ഒരു ഉന്നതപദവിയിലേക്ക് പ്രവേശിക്കും.

# വരും യുഗങ്ങളിലെ നമ്മുടെ പഠനം

***ക്രിസ്തുയേശുവിൽ നമ്മെക്കുറിച്ചുള്ള വാത്സല്യത്തിൽ തന്റെ കൃപയുടെ അത്യധനത്തെ വരുംകാലങ്ങളിൽ കാണിക്കേണ്ടതിന്നു. എഫെ. 2:6.***

എല്ലാ ശാസ്ത്രത്തിന്റെയും ശാസ്ത്രമാണ് വീണ്ടെടുപ്പിൻ ശാസ്ത്രം. ദൂതന്മാരെക്കുറിച്ചുള്ള പഠനം, മുഴുപ്രപഞ്ചത്തിലെയും ബുദ്ധിജീവികൾ, നമ്മുടെ രക്ഷകന്റെ ശ്രദ്ധ സംബന്ധിക്കുന്നത്, നിത്യനായവന്റെ മനസ്സിൽ ഉരുത്തിരിഞ്ഞിരിക്കുന്ന കാര്യങ്ങളുടെ ഉദ്ദേശ്യം അനേകയുഗങ്ങളായി നിശബ്ദതയിൽ സൂക്ഷിച്ചത് എന്നിവ ദൈവത്തിന്റെ വീണ്ടെടുക്കപ്പെട്ടവർ നിത്യത മുഴുവനും പഠിക്കും. ഇതാണ് ഈ ശാസ്ത്രം. മനുഷ്യന് ബന്ധപ്പെടാൻ സാദ്ധ്യമാകുന്നതിൽ വച്ചേറ്റവും ശ്രേഷ്ഠമായ പഠനമാണ് ഇത്. മറ്റൊരു പഠനത്തിനും ചെയ്യുവാൻ സാധിക്കാത്തതുപോലെ ഇത് മനസ്സിനെ ഉത്തേജിപ്പിക്കുകയും ആത്മാവിന് സാന്മാർഗ്ഗിക പ്രചോദനം നല്കുകയും ചെയ്യും.

“വീണ്ടെടുപ്പിന്റെ അന്തഃസത്ത”യിലേക്ക് ദൂതന്മാർ ഇറങ്ങിച്ചെല്ലുവാൻ ആഗ്രഹിക്കുന്ന ഒന്നാണ് നിത്യത മുഴുവനും വീണ്ടെടുക്കപ്പെട്ടവർ പഠിക്കുന്ന ശാസ്ത്രവും അവരുടെ ഗാനവും ഇതാണ്. ഇന്ന് ശ്രദ്ധയോടുകൂടിയ പഠനത്തിനോ ചിന്തക്കോ അനുയോജ്യമായ ഒന്നല്ല അത്.

യേശുവിന്റെ മനുഷ്യാവതാരത്തെക്കുറിച്ചുള്ള പഠനം, അവന്റെ പാപപരിഹാരയാഗവും മദ്ധ്യസ്ഥ ശുശ്രൂഷയും ഒരു അത്യുത്സാഹിയായ പഠിതാവിന്റെ മനസ്സിനെ കാലം ഉള്ള നാൾവരേക്കും തളച്ചിടുവാൻ തക്കതാണ്. എന്നിട്ട് അതിന്റെ അനന്തമായ നാളുകളുമായി സ്വർഗ്ഗത്തിലേക്കു നോക്കി അവൻ അത്ഭുതത്തോടെ “ദൈവികത്വത്തിന്റെ മർമ്മം ശ്രേഷ്ഠമാണ്” എന്ന് പറയും.

നമുക്ക് ഇവിടെ ലഭിച്ച പ്രബോധനം ഇവിടെ സ്വായത്തമാക്കുവാൻ കഴിയുമായിരുന്നത്, നമ്മുടെ അറിവിനെ ഉണർത്തുവാൻ പര്യാപ്തമായിരുന്നവയായിരുന്നു എന്ന് നിത്യതയിൽ നാം പഠിക്കും. വീണ്ടെടുപ്പിന്റെ പ്രധാന പ്രതിപാദ്യം വീണ്ടെടുക്കപ്പെട്ടവരുടെ ഹൃദയം, മനസ്സ്, നാവ് ഇവയെ നിത്യതയുടെ നാളുകൾ മുഴുവനും ഉപയോഗ്യമാക്കുന്നതുമായ ക്രിസ്തു തന്റെ ശിഷ്യന്മാർക്ക് വെളിപ്പെടുത്തുവാൻ വാഞ്ഛിച്ചതും ഗ്രഹിക്കുവാൻതക്ക വിശ്വാസമില്ലാതിരുന്നതുമായ സത്യങ്ങൾ അവർ മനസ്സിലാക്കും. യേശുവിന്റെ മഹത്വത്തിന്റെയും പൂർണ്ണതയുടെയും പുതിയ പുതിയ കാഴ്ചപ്പാടുകൾ എന്നും എന്നെന്നേക്കും വെളിപ്പെട്ടുവരും. അനന്തമായ നാളുകളിൽ വിശ്വസ്തനായ ഗൃഹനാഥൻ തന്റെ കലവറയിൽ പുതിയതും പഴയതുമായ വസ്തുക്കൾ മുൻപോട്ടുകൊണ്ടുവരും.

ദൈവത്തെയും അവന്റെ സത്യത്തെയും പൂർണ്ണമായി ഗ്രഹിക്കുവാൻ നമുക്ക് സാധിച്ചിരുന്നു എങ്കിൽ നമുക്ക് ഇനി മുൻപോട്ട് സത്യത്തെക്കുറിച്ചുള്ള പുതിയ കണ്ടുപിടുത്തമോ മേത്തരം അറിവോ പുതിയതായി ഉരുത്തിരിയുന്ന എന്തെങ്കിലുമോ ഉണ്ടാവുകയില്ലായിരുന്നു. അങ്ങനെ അല്ലായ്കയാൽ ദൈവത്തിന് നന്ദി. ദൈവം അനന്തമായിരിക്കയാലും അവനിൽ എല്ലാ ജ്ഞാനത്തിന്റെയും സമ്പത്ത് ഉള്ളതിനാലും നാം നിത്യത മുഴുവനും എന്നും അന്വേഷിക്കുകയും എന്നും അഭ്യസിക്കുകയും ചെയ്താലും അവന്റെ ജ്ഞാനത്തിന്റെ സമ്പുഷ്ടിയോ അവന്റെ നന്മയോ ശക്തിയോ ക്ഷയിച്ചുപോവുകയില്ല.





# അക്ഷയമായ പ്രതിപാദ്യ വിഷയം

***നിങ്ങൾക്കു വരുവാനിരിക്കുന്ന കൃപയെക്കുറിച്ചു പ്രവചിച്ച പ്രവാചകന്മാർ ഈ രക്ഷയെ ആരാഞ്ഞു അന്വേഷിച്ചിരുന്നു. അവരിലുള്ള ക്രിസ്തുവിൻ ആത്മാവ് ക്രിസ്തുവിനു വരേണ്ടിയ കഷ്ടങ്ങളെയും പിൻവരുന്ന മഹിമയെയും മുമ്പിൽകൂട്ടി സാക്ഷീകരിച്ചപ്പോൾ സൂചിപ്പിച്ച സമയം ഏതോ എങ്ങിനെയുള്ളതോ എന്നു പ്രവാചകന്മാർ ആരാഞ്ഞു നോക്കി.... അതിലേക്കു ദൈവദൂതന്മാരും കുനിഞ്ഞു നോക്കുവാൻ ആഗ്രഹിക്കുന്നു. 1 പത്രൊ. 1:10–12.***

ഈ ജന്മത്തിൽ നമുക്ക് വീണ്ടെടുപ്പിന്റെ അന്തസത്ത ഗ്രിക്കുവാൻ തുടങ്ങുന്നതിനു മാത്രമേ കഴിയുകയുള്ളു. നമ്മുടെ പരിമിതമായ തിരിച്ചറിയലിൽനിന്നും വളരെ പ്രാഗത്ഭ്യത്തോടെ പരിഗണിക്കുമ്പോൾ ക്രൂശിൽ ഏറ്റുവാങ്ങിയ നിന്ദയും മഹിമയും ജീവിതവും മരണവും നീതിയും ദയയും ആണ് ഗ്രഹിക്കുവാൻ കഴിയുന്നത്. എന്നാലും നമ്മുടെ മനസ്സിന്റെ ഏറ്റവും ശ്രമകരമായ അർപ്പണശക്തിയിലൂടെ ഇതിന്റെയെല്ലാം മുഴുവൻ അർത്ഥവ്യാപ്തിയും ഗ്രഹിക്കുവാൻ നാം പരാജയപ്പെടും. വീണ്ടെടുപ്പിൻ സ്നേഹത്തിന്റെ നീളം, വീതി, ആഴം, ഉയരം അല്പമായി മാത്രമേ ഗ്രഹിക്കുവാൻ കഴിയുകയുള്ളു. വീണ്ടെടുപ്പിൻ പദ്ധതിയെക്കുറിച്ച് പൂർണ്ണമായും ഗ്രഹിക്കുവാൻ കഴിയുകയില്ല. വിലയ്ക്കുവാങ്ങപ്പെട്ടവർ കാണപ്പെടുന്നതുപോലെ കാണുകയും അറിയപ്പെട്ടതുപോലെ അറിയുകയും പക്ഷേ അത്ഭുതപ്പെടുകയും സന്തുഷ്ടരാകുകയും ചെയ്യുന്ന മനസ്സിന് പുതിയ പുതിയ സത്യങ്ങൾ നിത്യതയിലുടനീളം വെളിപ്പെട്ടുവരും. ഭൂമിയിലെ യാതനയും വേദനയും പരീക്ഷകളും അവസാനിക്കുകയും അതിന്റെ ഉറവിടം മാറ്റപ്പെടുകയും ചെയ്യും. തങ്ങളുടെ രക്ഷയുടെ വില എന്താണെന്ന് ദൈവജനത്തിന് വ്യക്തമായ ബൗദ്ധിക ജ്ഞാനം എന്നും ഉണ്ടാകും.

ക്രൂശിന്റെ രഹസ്യം മറ്റ് എല്ലാ രഹസ്യങ്ങളെയും വെളിപ്പെടുത്തുന്നതാണ്. ഭയാനകവും ഭയങ്കരവും ആയി നമ്മുടെ മനസ്സിനെ നിറച്ചിരുന്ന ദൈവിക സ്വഭാവത്തെ കാൽവറിയിൽ നിന്നും ഒഴുകി എത്തുന്ന ദിവ്യജ്യോതിസ് സുന്ദരവും ആകർഷണീയവുമാക്കിത്തീർത്തു. ദയ, ആർദ്രത, പിതൃസ്നേഹം ഇവ വിശുദ്ധി, നീതി, ശക്തി ഇവയുമായി സംയോജിച്ചു കാണുന്നു. അവന്റെ സിംഹാസനത്തിന്റെ രാജ്യപ്രൗഢി ഉന്നതവും ഉയർത്തപ്പെട്ടതുമായി നാം കാണുമ്പോൾ ‘നമ്മുടെ പിതാവ്’ എന്ന സ്നേഹനിർഭര പദവിയുടെ പ്രാധാന്യം നാം മുൻപെങ്ങുമില്ലാത്തവിധം അവന്റെ സ്വഭാവത്തിന്റെ കൃപാപരമായ വെളിപ്പെടുത്തലിൽ കാണുകയും മനസ്സിലാക്കുകയും ചെയ്യും.

നമ്മുടെ രക്ഷാപദ്ധതിയിൽ തന്റെ പുത്രന്റെ യാഗമല്ലാതെ മറ്റൊന്നും ആവിഷ്ക്കരിക്കുവാൻ നിത്യനായ ദൈവത്തിന് തന്റെ ജ്ഞാനത്തിൽ വിലയ്ക്കുവാങ്ങപ്പെട്ടവർ, വിശുദ്ധർ, സന്തോഷവാന്മാർ അമർത്യർ എന്നീ ജനത്തെക്കൊണ്ട് ഭൂമി നിറക്കുന്നതിലുള്ള സന്തോഷമാണ് ഈ യാഗത്തിന്റെ മറുവില. ദൈവത്തിന്റെ മഹത്വത്തെ നിത്യത മുഴുവനും വർണ്ണിക്കുക എന്ന വീണ്ടെടുക്കപ്പെട്ടവരുടെ സന്തോഷം ആയിരിക്കും അന്ധകാര ശക്തികളോടുള്ള രക്ഷകന്റെ പോരാട്ടത്തിന്റെ ഫലം. പിതാവ് നല്കിയ ആത്മാക്കളുടെ വില അത്രമാത്രം വലിയതാണ്. അതിൽ പിതാവ് സംതൃപ്തനുമാണ്. അതുപോലെതന്നെ ക്രിസ്തുവും തന്റെ മഹാത്യാഗത്തിന്റെ ഫലം ദർശിക്കുമ്പോൾ സംതൃപ്തനാണ്. നിത്യത മുഴുവനും മറുവില നല്കപ്പെട്ട ആതിഥേയനായിരിക്കും അവന്റെ പ്രധാന മഹത്വം.

# പ്രപഞ്ചം നമ്മുടെ പഠനസ്ഥലം

***യഹോവേ നിന്റെ പ്രവൃത്തികൾ എത്ര പെരുകിയിരിക്കുന്നു. ജ്ഞാനത്തോടെ നീ അവയെ ഒക്കെയും ഉണ്ടാക്കിയിരിക്കുന്നു; ഭൂമി നിന്റെ സൃഷ്ടികളാൽ നിറഞ്ഞിരിക്കുന്നു. സങ്കീ. 104:20***

ദൈവത്തിന്റെ പ്രവർത്തനങ്ങളെയും അതിന്റെ വഴികളെയുംകുറിച്ചുള്ള പരിജ്ഞാനം ഈ ലോകത്ത് പ്രാപിക്കുവാൻ ആരംഭിക്കുവാനേ നമുക്ക് കഴിയൂ; ഈ പഠനം നിത്യത മുഴുവനും തുടരുന്നതായിരിക്കും. മനസ്സിന്റെ എല്ലാ കഴിവുകളെയും പ്രവൃത്തിപഥത്തിലേക്ക് കൊണ്ടുവരാൻ കഴിവുള്ള ചിന്താശക്തിയെ ദൈവം മനുഷ്യന് നല്കിയിട്ടുണ്ട്. കൃതജ്ഞതയും നന്ദിയർപ്പിക്കലും ഹൃദയത്തിൽ നിറച്ചുകൊണ്ട് മീതെ സ്വർഗ്ഗത്തിലും കീഴെ ഭൂമിയിലുമുള്ള രക്ഷകന്റെ സ്വഭാവം നമുക്ക് ഗ്രഹിക്കുവാൻ കഴിയണം. നമ്മുടെ എല്ലാ നാഡീഞരമ്പുകളും ദൈവത്തിന്റെ ആശ്ചര്യപ്രവൃത്തികളിലൂടെ വെളിപ്പെടുത്തുന്ന ദൈവീക സ്നേഹത്തോട് പ്രതിവചിക്കുന്നു.

ഇന്നു നാം സൂഷ്മദർശിനിയിലൂടെ കാണുന്ന ലോകത്തിന്റെ ഭംഗുരമായി കാണുന്ന സുന്ദര കാഴ്ചകൾ നമ്മുടെ കാഴ്ചയെ മറക്കുന്ന മൂടപടം നീക്കം ചെയ്യപ്പെടുമ്പോൾ വ്യക്തമായി കാണും. ദൂരദർശിനിയിലൂടെ വളരെ ദൂരെയുള്ള ആകാശവിതാനത്തിന്റെ മഹത്വം നാം സശ്രദ്ധം വീക്ഷിക്കുകയും ഇപ്പോൾ നാം കാണുന്ന പാപക്കറകൾ നീക്കം ചെയ്യപ്പെടുകയും ചെയ്യുമ്പോൾ നമ്മുടെ ദൈവമായ കർത്താവിന്റെ സൗന്ദര്യം ഭൂമി മുഴുവനും ദൃശ്യമാകും. നമ്മുടെ പഠനത്തിനായി തുറക്കപ്പെടുന്ന സ്ഥലം എത്ര മനോഹരം ആയിരിക്കും. അവിടെ ഒരു ശാസ്ത്ര വിദ്യാർത്ഥി സൃഷ്ടിയുടെ രേഖകൾ വായിക്കുകയും പാപത്തിന്റെ യാതൊരു നിയമത്തിന്റെയും ഓർമ്മപ്പെടുത്തലുകൾ വേറിട്ടു കാണുകയുമില്ല. അദ്ദേഹം പ്രകൃതിയുടെ സംഗീതസ്വരം ശ്രവിക്കുകയും വിഷാദത്തിന്റെയോ വിലാപത്തിന്റെയോ അപശ്രുതി അന്വേഷിക്കുകയുമില്ല. എല്ലാ സൃഷ്ടിയിലും ദൈവത്തിന്റെ കയ്യെഴുത്ത് മാത്രം കാണപ്പെടും. ഈ വിസ്തൃതമായ പ്രപഞ്ചത്തിൽ ദൈവത്തിന്റെ നാമം മാത്രം എഴുതിയിരിക്കുന്നത് കാണുകയും സമുദ്രത്തിലോ ഭൂമിയിലോ ആകാശത്തോ യാതൊരു ദോഷകരമായ അടയാളവും അവശേഷിക്കുകയുമില്ല.

വീണ്ടെടുക്കപ്പെട്ടവരുടെ കൂട്ടം ഒരു ലോകത്തുനിന്ന് മറ്റൊരു ലോകത്തേക്ക് ഗമിക്കുകയും അവരുടെ സമയത്തിന്റെ സിംഹഭാഗവും വീണ്ടെടുപ്പിന്റെ മർമ്മം ആരാഞ്ഞറിയുന്നതിലേക്ക് ചിലവിടുകയും ചെയ്യും. അവരുടെ മനസ്സിലേക്ക് നിത്യതയുടെ നാളുകൾ മുഴുവനും ഈ വിഷയം കടന്നുവരും. കുഞ്ഞാടിന്റെ രക്തം മുഖാന്തിരവും അവരുടെ സാക്ഷ്യം നിമിത്തവും വിജയം വരിച്ചവരുടെ പദവികൾ മനസ്സിലാക്കാൻ കഴിയുന്നതിലും അപ്പുറമായിരിക്കും.

ദൈവമക്കൾക്ക് ആഗോളവ്യാപകമായ സമ്പത്ത് പഠനത്തിനായി തുറന്നു കിട്ടും. അവർണ്ണനീയമായ ആനന്ദത്തോടെ നമുക്ക് വീഴ്ച ഭവിക്കാത്തവരുടെ സന്തോഷത്തിലേക്കും ജ്ഞാനത്തിലേക്കും പ്രവേശിക്കുവാൻ കഴിയും. ദൈവത്തിന്റെ കൈവേലയാൽ നേടിയ സമ്പത്തുകൾ യുഗായുഗം ധ്യാനിച്ച് നമുക്ക് സ്വായത്തമാക്കുവാൻ കഴിയും. നിത്യതയുടെ നാളുകൾ കടന്നുപോകുന്നനതിനനുസൃതമായി മഹത്വമേറിയ കൂടുതൽ വെളിപ്പാടുകൾ തുടർന്നുവന്നുകൊണ്ടിരിക്കും. "നാം ചോദിക്കുന്നതിലും നിനക്കുന്നതിലും പരമായി" ആയിരിക്കും എന്നും എന്നേക്കുമുള്ള ദൈവദാനങ്ങളുടെ ഓഹരി നൽകൽ.





# പ്രപഞ്ചത്തിനു മീതെ പ്രപഞ്ചം സന്ദർശിക്കുവാനുണ്ട്

***യഹോവയായ ദൈവം അരുളിച്ചെയ്യുന്നു... ഞാൻ ഭൂമിയെ ഉണ്ടാക്കി അതിൽ മനുഷ്യനെയും സൃഷ്ടിച്ചു; എന്റെ കൈതന്നെ ആകാശത്തെ വിരിച്ചു, അതിലെ സകല സൈന്യത്തെയും ഞാൻ കല്പിച്ചാക്കിയിരിക്കുന്നു. യെശ. 45:11,12.***

ഈ ലോകവും സ്വർഗ്ഗീയ മന്ദിരങ്ങളും അടങ്ങുന്നതാണ് ദൈവരാജ്യമെന്ന് അനേകരും ചിന്തിക്കുന്നു, അത് ശരിയല്ല.

അവന്റെ കല്പനകൾക്ക് വിധേയരായവരുടെ ലോകത്തിനു മീതെ ലോകം ദൈവത്തിനുണ്ട്. സൃഷ്ടിതാവിന്റെ മഹത്വത്തിന് അനുസൃതമായാണ് ഈ ലോകങ്ങൾ നിയന്ത്രിക്കപ്പെടുന്നത്. ഈ ലോകങ്ങളിലെ അന്തേവാസികൾ എന്ന നിലയിൽ മനുഷ്യന്റെ മറുവിലയായി നല്കിയ ഭയങ്കര വിലയെ അവർ കാണുകയും വിസ്മയത്താൽ നിറയപ്പെടുകയും ചെയ്യുന്നു.

അന്യ ലോകത്തിന്റെ ഒരു ദൃശ്യം ദൈവം എനിക്കു നല്കി. എനിക്ക് ചിറകുകൾ നല്കപ്പെടുകയും പട്ടണത്തിൽനിന്ന് ശോഭിക്കുന്നതും മഹത്വമേറിയതുമായ ഒരു സ്ഥലത്തേക്ക് ഒരു ദൂതൻ എന്നെ കൊണ്ടുപോയി. ആ സ്ഥലത്തെ പുല്ലുകൾ ഓജസുറ്റ പച്ചയും അവിടത്തെ പക്ഷികൾ മാധുര്യഗീതം ആലപിക്കുകയും ചെയതു. അവിടുത്തെ നിവാസികൾ എല്ലാത്തരത്തിലുമുള്ളവർ ആയിരുന്നു. അവർ മാന്യന്മാരും കുലീനന്മാരും സ്നേഹവാന്മാരും ആയിരുന്നു. അവർ യേശുവിന്റെ സ്വരൂപം ധരിക്കുകയും അവരുടെ മുഖം വിശുദ്ധിയും സന്തോഷവും ജ്വലിപ്പിക്കുകയും അത് ആ സ്ഥലത്തിന്റെ സ്വാതന്ത്ര്യത്തിന്റെയും സന്തോഷത്തിന്റെയും പ്രതിഫലനവുമായിരുന്നു.

അവരിൽ ഒരാളോടു ഞാൻ ചോദിച്ചു, എന്തുകൊണ്ടാണ് നിങ്ങൾ ഭൂമിയിലുള്ളവരെക്കാൾ വളരെ അധികം മനോഹരമായിരിക്കുന്നത്? ഉത്തരം ഇപ്രകാരമായിരുന്നു: ഞങ്ങൾ ദൈവകല്പന കർക്കശമായി ജീവിതത്തിൽ അനുസരിക്കുകയും ഭൂമിയിലുള്ളവരെപ്പോലെ അനുസരണക്കേടിൽ വീഴാതിരിക്കുകയും ചെയ്യുന്നതുകൊണ്ടാണ്. "പട്ടണത്തിൽ ഞാൻ രണ്ടുവൃക്ഷം കാണുകയുണ്ടായി. അതിൽ ഒന്നു ജീവവൃക്ഷത്തോട് വളരെ സാമ്യമുള്ളതായിരുന്നു. രണ്ടിന്റെയും ഫലം അതിസുന്ദരമായിരുന്നു, എന്നാൽ അതിൽ ഒന്ന് അവർക്ക് തിന്നുവാൻ കഴിയില്ലായിരുന്നു. അവർക്ക് രണ്ട് ഫലവും തിന്നുവാനുള്ള അധികാരവുമുണ്ടായിരുന്നു. പക്ഷെ ഒന്ന് തിന്നുന്നതിൽനിന്നും അവരെ വിലക്കിയിരുന്നു. എന്നെ അനുഗമിച്ച ദൂതൻ എന്നോട് പറഞ്ഞത് ഇപ്രകാരമായിരുന്നു: വിലക്കപ്പെട്ട വൃക്ഷത്തിന്റെ ഫലം ഇതുവരെയും ആരും രുചിച്ചുനോക്കിയിട്ടില്ല. അവർ അത് തിന്നുകയാണെങ്കിൽ അവർക്ക് വീഴ്ച ഭവിക്കും.

പിന്നീട് ഏഴു ചന്ദ്രൻ ഉള്ള വേറൊരു ലോകത്തേക്ക് ഞാൻ എടുക്കപ്പെട്ടു. അവിടെ ഞാൻ നല്ല വയോധികനായ ഉടലോടെ സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ട ഹാനോക്കിനെ കണ്ടു. ഈ സ്ഥലത്തേക്കാണോ നിങ്ങളെ ഭൂമിയിൽ നിന്നു എടുക്കപ്പെട്ട ശേഷം കൊണ്ടുവന്നത്? എന്ന് ഞാൻ അദ്ദേഹത്തോട് ചോദിച്ചു. അദ്ദേഹം പറഞ്ഞു, ആ പട്ടണമാണ് എന്റെ ഭവനം, ഇവിടെ ഞാൻ സന്ദർശനത്തിനായി വന്നിരിക്കുകയാണ്. വ്യക്തമായും ഭവനത്തിലെന്നപോലെ അദ്ദേഹം അവിടെ നടന്നു.

എന്നെ അനുഗമിച്ച ദൂതനോട് എന്നെ അവിടെ താമസിക്കുവാൻ അനുവദിക്കണമെന്ന് യാചിച്ചു. ഈ അന്ധകാരലോകത്തിലേക്കു തിരിച്ചു പോകുന്നതിനെക്കുറിച്ച് എനിക്ക് ചിന്തിക്കുവാൻപോലും കഴിഞ്ഞില്ല. ദൂതൻ എന്നോടു പറഞ്ഞു, നീ ഇപ്പോൾ തിരിച്ചുപോകേണ്ടിയിരിക്കുന്നു, നീ വിശ്വസ്ത ആണെങ്കിൽ 1,44,000 പേരോടൊത്ത് എല്ലാ ലോകവും സന്ദർശിക്കുവാനും ദൈവത്തിന്റെ കൈവേല കാണുവാനും നിനക്ക് വിശേഷാധികാരം ലഭിക്കും."

# പുതിയ ഭൂമിയെക്കുറിച്ചുള്ള ഊഹങ്ങൾ

***മരിച്ചവരിൽനിന്നും ഉയിർത്തെഴുന്നേൽക്കുമ്പോൾ വിവാഹം കഴിക്കയില്ല, വിവാഹത്തിനു കൊടുക്കപ്പെടുകയുമില്ല; സ്വർഗ്ഗത്തിലെ ദൂതന്മാരെപ്പോലെ ആകും. മർക്കൊ. 12:25.***

പുതിയ ഭൂമിയിൽ വിവാഹങ്ങളും ജനനങ്ങളും ഉണ്ടാകും എന്ന വിശ്വാസം പ്രകടിപ്പിക്കുന്ന ആളുകൾ ഇന്നുണ്ട്. എന്നാൽ ബൈബിൾ വിശ്വസിക്കുന്നവർക്ക് ഈ സിദ്ധാന്തം അംഗീകരിക്കുവാൻ കഴിയുകയില്ല. പുതിയ ഭൂമിയിൽ കുട്ടികൾ ജനിക്കും എന്ന ഉപദേശം പ്രവചനത്തിന്റെ ഉറപ്പുള്ള വചനത്തിന്റെ ഭാഗമല്ല. ക്രിസ്തുവിന്റെ വചനങ്ങൾ തെറ്റിദ്ധരിക്കപ്പെടേണ്ടതിന് വളരെ ലളിതമാകുന്നു. പുതിയ ഭൂമിയിലെ വിവാഹത്തിന്റെയും ജനനത്തിന്റെയും പ്രശ്നം അവർ തന്നെ എന്നേക്കുമായി ഉറപ്പാക്കണം. വിവാഹം കഴിക്കുന്നവരോ വിവാഹത്തിന് കൊടുക്കപ്പെടുന്നവരോ അവരാരും മരിച്ചവരിൽ നിന്നും ഉയിർത്തെഴുന്നേല്ക്കുകയോ മരണം കൂടാതെ രൂപാന്തരം പ്രാപിച്ച് എടുക്കപ്പെടുകയോ ഇല്ല. അവർ ദൈവദൂതന്മാരെപ്പോലെ രാജകീയ കുടുംബാംഗങ്ങൾ ആയിരിക്കും.

ക്രിസ്തുവിന്റെ ഈ സരളമായ പ്രഖ്യാപനത്തിന് വിരുദ്ധമായ ചിന്താഗതി പുലർത്തുന്നവരോട് എനിക്കു പറയുവാനുള്ളത്, ഇങ്ങനെയുള്ള സംഗതികളിൽ മൗനം വാചാലമാണ്. ദൈവത്തിന്റെ ലോകത്ത് അവൻ നമുക്ക് വെളിപ്പെടുത്തിത്തരാത്ത കാര്യങ്ങളെക്കുറിച്ച് ഊഹങ്ങളിലും തത്വങ്ങളിലും ഏർപ്പെടുന്നത് അഹങ്കാരം ആകുന്നു. നമ്മുടെ ഭാവി അവസ്ഥയെക്കുറിച്ച് കണക്കുകൂട്ടലുകളിൽ ഏർപ്പെടേണ്ട ആവശ്യമില്ല.

"ദൈവവചനം പ്രസംഗിച്ചുകൊണ്ട് സമയത്തും അസമയത്തും ഒരുങ്ങിനില്ക്കുക." അടിസ്ഥാനത്തോട് നിങ്ങളുടെ അനുമാനങ്ങളും ഊഹങ്ങളും ആകുന്ന മരവും വയ്ക്കോലും കുറ്റികളും കൊണ്ടുവരരുത്. അത് ആർക്കും ഗുണം ചെയ്യുകയില്ല.

നമ്മുടെ രക്ഷയ്ക്കാവശ്യമായ സത്യങ്ങളൊന്നും ക്രിസ്തു മറച്ചുവച്ചിട്ടില്ല. വെളിപ്പെടുത്തി നൽകിയിട്ടുള്ളവ നമുക്കും നമ്മുടെ സന്തതികൾക്കുംവേണ്ടിയാകുന്നു. എന്നാൽ വെളിപ്പെടുത്താത്ത സംഗതികളിൽ തത്വങ്ങൾക്കു രൂപം നല്കേണ്ടതിന് നമ്മുടെ സങ്കല്പങ്ങൾ കൂട്ടിച്ചേർക്കുവാൻ അനുവദിക്കരുത്.

ആത്മീക കെട്ടുകഥകൾ അനേകരെയും അടിമകളാക്കുന്നു എന്ന് എനിക്ക് കാണിച്ചുതന്നു. ഈ അവിശുദ്ധ താത്പര്യങ്ങളിൽ ഇടപെടുന്നവരോട് എനിക്ക് പറയുവാനുള്ളത് യേശുവിനായി നിങ്ങൾ അത് ഉപേക്ഷിക്കണം. നിങ്ങൾ വിലക്കപ്പെട്ട സ്ഥലത്താണ് നില്ക്കുന്നത്.

നമ്മുടെ ഭാവി ജീവിതത്തിലെ എല്ലാ സന്തോഷത്തിനുംവേണ്ടിയുള്ളത് കർത്താവ് ഒരുക്കിയിട്ടുണ്ട്. എന്നാൽ ഈ പദ്ധതിയെക്കുറിച്ച് അവൻ ഒരു വെളിപ്പെടുത്തലും നല്കിയിട്ടില്ല. അതുകൊണ്ട് ഇവയെ സംബന്ധിച്ച് നാം ഊഹാപോഹങ്ങൾ നടത്തരുത്. ഈ ജീവിതത്തിന്റെ അവസ്ഥവച്ച് ഭാവിജീവിതത്തെ അളക്കുവാൻ പാടില്ല.





# ക്രിസ്തുവിന്റെ സ്നേഹ സാമ്രാജ്യം

***പിന്നെ രാജത്വവും ആധിപത്യവും ആകാശത്തിൻകീഴെല്ലാടവുമുള്ള രാജ്യങ്ങളുടെ മഹത്വവും അത്യുന്നതന്റെ വിശുദ്ധന്മാരായ ജനത്തിനു ലഭിക്കും. ദാനി. 7:27***

ഭൂമിയിലെ സർക്കാരുകളെപ്പോലെ അല്ല യേശുവിന്റെ രാജ്യത്തിലെ രാഷ്ട്രഭരണസംവിധാനം. ആ രാജ്യം ഉണ്ടാക്കുന്നവരുടെ സ്വഭാവത്തെ പ്രതിനിദാനം ചെയ്യുന്നതായിരിക്കും അത്. അവന്റെ കോടതിയിൽ വിശുദ്ധ സ്നേഹം മുഖ്യമായതും അവന്റെ ഔദ്യോഗിക ചുമതലകളും നിയമനങ്ങളും ക്ഷേമകാര്യപ്രവർത്തനങ്ങളാൽ അനുഗ്രഹിക്കപ്പെട്ടവയുമായിരിക്കും. അവൻ തന്റെ ദാസന്മാരോട് ആവശ്യപ്പെടുന്നത് അവരുടെ എല്ലാ ഔദ്യോഗിക പ്രവർത്തനങ്ങളിലും ദീനാനുകമ്പയും സ്നേഹദയാവായ്പയും തന്റെ സ്വാഭാവിക ഗുണങ്ങളും കൊണ്ടുവരണമെന്നതാണ്.

ഹൃദയത്തിലും മനസ്സിലും രൂപാന്തരം വരുത്തുവാൻ യേശുവിന്റെ ശക്തിക്ക് മാത്രമേ കഴിയുകയുള്ളു. അത് എല്ലാവരും അനുഭവമാക്കണം, ഇങ്ങനെയുള്ളവർക്ക് മാത്രമേ ദൈവരാജ്യത്തിലെ പുതുജീവിതത്തിൽ അവന്റെ സഹവർത്തികളാകുവാൻ കഴിയുകയുള്ളു. നല്ല രീതിയിൽ അവനെ സേവിക്കേണ്ടതിന് നാം എല്ലാവരും ദൈവാത്മാവിനാൽ വീണ്ടും ജനിക്കണം. ഇത് നമ്മുടെ ഹൃദയത്തെ ശുദ്ധീകരിച്ച് മനസ്സിനെ നവീകരിച്ച് ദൈവത്തെ അറിയുന്നതിനും സ്നേഹിക്കുന്നതിനുമുള്ള ഒരു പുതിയ കഴിവ് നല്കും. ഇത് നമുക്ക് അവന്റെ ആവശ്യങ്ങൾക്കനുസൃതമായ എല്ലാ സ്വമേധയാനുസരണവും നല്കും. ഇതാണ് യഥാർത്ഥ ആരാധന.

"നിന്റെ കണ്ണു യെരുശലേമിനെ സ്വൈരനിവാസമായും ഒരിക്കലും നീങ്ങിപ്പോകാത്തതും കുറ്റി ഒരുനാളും ഇളകിപ്പോകാത്തതും കയറു ഒന്നും പൊട്ടിപ്പോകാത്തതുമായ കൂടാരമായും കാണും. അവിടെ മഹിമയുള്ളവനായ യഹോവ നമുക്ക് വീതിയുള്ള നദികൾക്കും തോടുകൾക്കും പകരമായിരിക്കും.... യഹോവ നമ്മുടെ ന്യായാധിപൻ; യഹോവ നമ്മുടെ ന്യായദാതാവും യഹോവ നമ്മുടെ രാജാവു; അവൻ നമ്മെ രക്ഷിക്കും... എനിക്കു ദീനമെന്നു യാതൊരു നിവാസിയും പറയുകയില്ല; അതിൽ പാർക്കുന്ന ജനത്തിന്റെ അകൃത്യം മോചിപ്പിക്കപ്പെട്ടിരിക്കും' യെശ. 33:20–24.

"ഞാൻ സൃഷ്ടിക്കുന്നതിനെക്കുറിച്ചു നിങ്ങൾ സന്തോഷിച്ചു എന്നേക്കും ഘോഷിച്ചുല്ലസിപ്പിൻ; ഇതാ, ഞാൻ യരുശലേമിനെ ഉല്ലാസപ്രദമായും അതിലെ ജനത്തെ ആനന്ദപ്രദമായും സൃഷ്ടിക്കുന്നു. ഞാൻ യെരുശലേമിനെക്കുറിച്ചും സന്തോഷിക്കയും എന്റെ ജനത്തെക്കുറിച്ച് ആനന്ദിക്കയും ചെയ്യും; കരച്ചിലും നിലവിളിയും ഇനി അതിൽ കേൾക്കയില്ല.... അവർ വീടുകളെ പണിതു പാർക്കും; അവർ മുന്തിരിത്തോട്ടങ്ങളെ ഉണ്ടാക്കി അവയിലെ ഫലം അനുഭവിക്കും. അവർ പണിക, വേറൊരുത്തൻ പാർക്ക എന്നു വരികയില്ല. അവർ നടുക, മറ്റൊരുത്തൻ തിന്നുക എന്നും വരികയില്ല; എന്റെ ജനത്തിന്റെ ആയുസ്സു വൃക്ഷത്തിന്റെ ആയുസ്സുപോലെ ആകും; എന്റെ വൃതന്മാർ തന്നെ തങ്ങളുടെ അദ്ധ്വാനഫലം അനുഭവിക്കും... എന്റെ വിശുദ്ധ പർവ്വതത്തിൽ എങ്ങും ഒരു ദോഷമോ നാശമോ ആരും ചെയ്കയില്ല എന്നു യഹോവ അരുളിച്ചെയ്യുന്നു" യെശ. 65:18–25.

# ഭാവിയിലെ ശബ്ബത്ത്

***ഞാൻ ഉണ്ടാക്കുന്ന പുതിയ ആകാശവും പുതിയ ഭൂമിയും എന്റെ മുമ്പാകെ നില നില്ക്കുന്നതുപോലെ നിങ്ങളുടെ സന്തതിയും നിങ്ങളുടെ പേരും നിലനില്ക്കും. പിന്നെ അമാവാസിതോറും ശബ്ബത്തുതോറും സകല ജഡവും എന്റെ സന്നിധിയിൽ നമസ്ക്കരിപ്പാൻ വരും എന്നു യഹോവ അരുളിച്ചെയ്യുന്നു. യെശ. 66:22, 23.***

ആദിയിൽ പിതാവും പുത്രനും തങ്ങളുടെ സൃഷ്ടികർമ്മങ്ങൾക്കുശേഷം ശബ്ബത്തിൽ വിശ്രമിച്ചു. ഇങ്ങനെ ആകാശവും ഭൂമിയും അവയിലുള്ള ചരാചരങ്ങളൊക്കെയും തികഞ്ഞു ഉല്പ. 2:1. അപ്പോൾ സൃഷ്ടിതാവും എല്ലാ സ്വർഗ്ഗീയരും മഹത്വമേറിയ കാഴ്ചയുടെ പൂർത്തീകരണത്തിൽ സന്തോഷിച്ചു. 'പ്രഭാതനക്ഷത്രങ്ങൾ ഒന്നിച്ചു ഘോഷിച്ചുല്ലസിക്കുകയും ദൈവപുത്രന്മാരെല്ലാം സന്തോഷിച്ചാർക്കുകയും ചെയ്തു. ഇയ്യോ. 38:6. "ദൈവം ലോകാരംഭം മുതൽ തന്റെ വിശുദ്ധ പ്രവാചകന്മാർ മുഖാന്തരം അരുളിചെയ്തതൊക്കെയും യഥാസ്ഥാനത്താകുന്ന കാലം വരുവോളം... (അപ്പൊ.പ്ര. 3:21), സൃഷ്ടിപ്പിൻ ശബ്ബത്ത്, യോസേഫിന്റെ കല്ലറയിൽ യേശു വിശ്രമിച്ച ആ ദിവസം ഇന്നും സന്തോഷത്തിനും വിശ്രമത്തിനുമുള്ള ദിവസമാണ്. സ്വർഗ്ഗവും ഭൂമിയും ഒരുമിച്ച് ഒരു ശബ്ബത്തു മുതൽ മറ്റേ ശബ്ബത്തുവരെ സ്തുതിക്കുന്നതുപോലെ രക്ഷിക്കപ്പെട്ടവരുടെ കൂട്ടങ്ങൾ ദൈവത്തിനും കുഞ്ഞാടിനും മുൻപിൽ സന്തോഷാരാധനയിൽ ശിരസ്സ് നമിക്കും.

സ്വർഗ്ഗീയ നിയമമല്ലാതെ വേറൊന്നും രക്ഷിക്കപ്പെട്ട ജനസമൂഹത്തിന് അറിയില്ല. സ്തുതിസ്തോത്രങ്ങളാകുന്ന അങ്കി ധരിക്കപ്പെട്ടവരായി ഏക കുംടുംബമായി എല്ലാവരും സന്തുഷ്ടർ ആയിരിക്കും. ഈ കാഴ്ചയിങ്കൽ പ്രഭാതനക്ഷത്രങ്ങൾ ഒന്നിച്ച് പാടുകയും ദൈവപുത്രന്മാർ സന്തോഷിച്ചാർക്കുകയും ചെയ്യും.

പിന്നെ അമാവാസിതോറും ശബ്ബത്തുതോറും സകല ജഡവും എന്റെ സന്നിധിയിൽ നമസ്ക്കരിപ്പാൻ വരും എന്നു യഹോവ അരുളിച്ചെയ്യുന്നു. കർത്താവിന്റെ മഹത്വം വെളിപ്പെടും, എല്ലാ ജഡവും ഒരുപോലെ അത് കാണും. യഹോവയായ കർത്താവ് സകല ജാതികളും കാൺകെ നീതിയെയും സ്തുതിയെയും മുളപ്പിക്കും. അന്നാളിൽ സൈന്യങ്ങളുടെ യഹോവ തന്റെ ജനത്തിന്റെ ശേഷിപ്പിന് ഭംഗിയുള്ള കിരീടവും സൗന്ദര്യത്തിന്റെ മകുടവും ആയിരിക്കും.

സൃഷ്ടിതാവിന്റെ അധികാരത്തിന്റെ അടയാളമായി ആകാശവും ഭൂമിയും നിലനിൽക്കുന്നിടത്തോളംകാലം ശബ്ബത്ത് എന്നേക്കും നിലനില്ക്കും. ഭൂമിയിൽ ഏദെൻ വീണ്ടും പ്രത്യക്ഷപ്പെടുമ്പോൾ സൂര്യനു കീഴിലുള്ളവരെല്ലാവരും ദൈവത്തിന്റെ വിശുദ്ധ ദിവസത്തെ മാനിക്കും. തേജസ്ക്കരിക്കപ്പെട്ട പുതിയ ഭൂമിയിൽ അതിലെ നിവാസികൾ ശബ്ബത്തുതോറും എന്റെ സന്നിധിയിൽ നമസ്ക്കരിപ്പാൻ വരും" യെശ. 66:23.





# നിത്യ സുരക്ഷ

***യഹോവ സർവ്വഭൂമിക്കും രാജാവാകും. അന്നാളിൽ യഹോവ ഏകനും, അവന്റെ നാമം ഏകവും ആയിരിക്കും. സെഖ. 14:9.***

ലോകത്തെ ദൈവത്തിനനുകൂലമാക്കി മാറ്റുവാൻ വീണ്ടെടുപ്പിൻ മഹാപദ്ധതിയാൽ സാദ്ധ്യമായി. പാപത്താൽ നഷ്ടമായതെല്ലാം പുനഃസ്ഥാപിക്കപ്പെട്ടു. മനുഷ്യൻ മാത്രമല്ല, അനുസരണമുള്ളവരുടെ നിത്യഭവനമായിത്തീരേണ്ടതിന് ഭൂമിയും വീണ്ടെടുക്കപ്പെട്ടു. ഭൂമിയുടെ ആധിപത്യം ഉറപ്പാക്കേണ്ടതിന് കഴിഞ്ഞ ആറായിരം വർഷം സാത്താൻ കഷ്ടപ്പെട്ടു. ഇപ്പോൾ ഭൂമിയുടെ സൃഷ്ടിപ്പിന്റെ യഥാർത്ഥ ഉദ്ദേശം സഫലീകരിക്കപ്പെട്ടു. അത്യുന്നതനായവന്റെ വിശുദ്ധന്മാർ രാജത്വം പ്രാപിച്ചു എന്നേക്കും സദാകാലത്തേക്കും രാജത്വം അനുഭവിക്കും' ദാനി. 7:18.

"സൂര്യന്റെ ഉദയം മുതൽ അസ്തമനം വരെ യഹോവയുടെ നാമം സ്തുതിക്കപ്പെടുമാറാകട്ടെ" സങ്കീ. 113:3. "യഹോവ സർവ്വ ഭൂമിക്കും രാജാവാകും; അന്നാളിൽ യഹോവ ഏകനും അവന്റെ നാമം ഏകവും ആയിരിക്കും. സെഖ. 14:9. "അവന്റെ പ്രമാണങ്ങൾ എല്ലാം വിശ്വാസ്യം തന്നെ, അവ എന്നേക്കും സ്ഥിരമായിരിക്കുന്നു" സങ്കീ. 111:7,8. സാത്താൻ വെറുത്തതും, നശിപ്പിക്കുവാൻ ആഗ്രഹിച്ചതുമായ വിശുദ്ധ നിയമങ്ങൾ പാപപങ്കിലമല്ലാത്ത ഒരു ലോകത്ത് ആദരിക്കപ്പെടും.

യേശുവിന്റെ വീണ്ടെടുപ്പിൻ വേലയിലൂടെ ദൈവത്തിന്റെ ഭരണകൂടം നീതീകരിക്കപ്പെട്ടു നില്ക്കുന്നു. സർവ്വശക്തനായവൻ സ്നേഹവാനായ ദൈവം എന്ന് അറിയപ്പെടുന്നു. സാത്താന്റെ ആരോപണങ്ങൾ എല്ലാം നിഷേധിക്കപ്പെടുകയും അവന്റെ സ്വഭാവം വെളിവാക്കപ്പെടുകയും ചെയ്യുന്നു. ഇനി ഒരിക്കലും മത്സരം ഉണ്ടാകയില്ല. ലോകത്ത് ഇനി പാപം പ്രവേശിക്കുകയില്ല. നിത്യനാളുകൾ മുഴുവനും എല്ലാവരും പിന്മാറ്റത്തിൽനിന്നും സുരക്ഷിതരായിരിക്കും. സ്വർഗ്ഗത്തിലെയും ഭൂമിയിലെയും നിവാസികൾ സ്നേഹത്തിന്റെ സ്വയത്യാഗത്താൽ അവരുടെ രക്ഷകനുമായി വേർതിരിക്കാനാകാത്ത കൂട്ടായ്മയുടെ ബാന്ധവത്താൽ ബന്ധിതരായിരിക്കും.

പാപം പെരുകിയ ഇടത്തിൽ ദൈവത്തിന്റെ കൃപ അത്യന്തം പെരുകുന്നു. ഈ ഭൂമി തന്നെ തന്റേതെന്ന് സാത്താൻ അവകാശപ്പെടുമ്പോൾ അതിന്റെ മറുവില ഏകുക മാത്രമല്ല, മഹത്വീകരിക്കുകയും ചെയ്തിരിക്കുകയാണ്. ദൈവത്തിന്റെ മഹത്വമാർന്ന സൃഷ്ടിയിൽ പാപാന്ധകാരത്താൽ ശാപമായിത്തീർന്ന നമ്മുടെ ഈ ചെറിയ ലോകം ദൈവത്തിന്റെ എല്ലാ പ്രപഞ്ചത്തിലും മേത്തരമായ ലോകമായി ബഹുമാനിക്കപ്പെടും. ഇവിടെയാണ് ദൈവത്തിന്റെ പുത്രൻ മനുഷ്യനായിപ്പിറന്നത്. മഹത്വത്തിന്റെ രാജാവ് ജീവിക്കുകയും യാതന അനുഭവിക്കുയും മരിക്കുകയും ചെയ്തതിവിടെയാണ്. അവൻ എല്ലാം പുതുതാക്കുമ്പോൾ, മനുഷ്യരോടുകൂടെ ദൈവത്തിന്റെ കൂടാരം ഉണ്ടായിരിക്കുകയും അവൻ അവരോടുകൂടെ വസിക്കുകയും അവർ അവന്റെ ജനമായിരിക്കുകയും ദൈവം താൻ അവരുടെ ദൈവമായി അവരോടു കൂടെ വസിക്കുകയും ചെയ്യും. നിത്യത മുഴുനും വീണ്ടെടുക്കപ്പെട്ടവർ കർത്താവിന്റെ വെളിച്ചത്തിൽ നടക്കുമ്പോൾ അവർ അവന്റെ പറഞ്ഞറിയിക്കാൻ വയ്യാത്ത ദാനത്തിനായി അവനെ "ഇമ്മാനുവേൽ, ദൈവം നമ്മോടുകൂടെ" എന്നുപറഞ്ഞു സ്തുതിക്കും.

# വീണ്ടെടുക്കപ്പെട്ടവർക്ക് നിത്യത എന്താണ് നല്കുന്നത്?

***ദീർഘായുസ്സുകൊണ്ട് ഞാൻ അവനു തൃപ്തി വരുത്തും എന്റെ രക്ഷയെ അവനു കാണിച്ചുകൊടുക്കും. സങ്കീ. 91:16***

പ്രപഞ്ചത്തിലെ എല്ലാ സമ്പത്തുകളും ദൈവമക്കളുടെ പഠനത്തിനായി തുറന്നു കൊടുക്കപ്പെടും. മൃത്യുവിനാൽ തളയ്ക്കപ്പെടാതെ അവർ വിദൂരതയിലേക്ക് തളരാത്ത ചിറകടിച്ച് പറന്നുപോകും. മാനവരാശിയുടെ ദുഃഖത്തിന്റെ ദൃശ്യത്തിൽ ഖേദത്തിന്റെ തിരകളാൽ സ്തബ്ധരായ ലോകങ്ങൾ, വീണ്ടെടുക്കപ്പെട്ടവരുടെ ആവേശത്തിന്റെ തരംഗത്തിങ്കൽ സന്തോഷഗാനങ്ങളാൽ പൊട്ടി ആർക്കും. പറഞ്ഞറിയിക്കുവാൻ അസാദ്ധ്യമായ സന്തോഷത്താൽ ഭൂമിയിലെ മക്കൾ വീഴ്ചഭവിക്കാത്തവരുടെ സന്തോഷത്തിലേക്കും ജ്ഞാനത്തിലേക്കും പ്രവേശിക്കും. ദൈവത്തിന്റെ കൈവേലകളെ യുഗായുഗങ്ങളായി ചിന്താവിഷയമാക്കിയതിൽക്കൂടി നേടിയ അറിവിന്റെയും പരിജ്ഞാനത്തിന്റെയും സമ്പത്ത് അവർ പങ്കുവെയ്ക്കും. അതിനു നിശ്ചയിച്ച ക്രമത്തിൽ ദൈവത്തിന്റെ സിംഹാസനത്തെ സൂര്യ ചന്ദ്ര നക്ഷത്രാദികൾ ചുറ്റിത്തിരിയുന്ന മഹത്വത്തെ കണ്ണിമക്കാതെ അവർ ഉറ്റുനോക്കും. ഏറ്റവും ചെറുതു തൊട്ട് ഭയങ്കരമായവയിലും സൃഷ്ടിതാവിന്റെ നാമം ആലേഖനം ചെയതിരിക്കുകയും അവയിലെല്ലാത്തിന്മേലും അവന്റെ ശക്തിയുടെ ആധിക്യം പ്രദർശിപ്പിച്ചിട്ടുമുണ്ട്.

നിത്യതയുടെ നാളുകൾ കടന്നുപോയിക്കൊണ്ടിരിക്കുമ്പോൾ ദൈവത്തെയും ക്രിസ്തുവിനെയുംക്കുറിച്ചുള്ള സമ്പന്നമായ പുതിയ പുതിയ വെളിപ്പാടുകൾ കൂടുതൽ മഹത്വകരമായവതന്നെ കൊണ്ടുവരപ്പെടും. അറിവ് പെരുകുന്നതിന് അനുസൃതമായി സ്നേഹവും ബഹമാനവും സന്തോഷവും വർദ്ധിച്ചുവരും. മനുഷ്യർ എത്രമാത്രം ദൈവത്തെ അറിയുന്നുവോ അതിനെക്കാളുപരിയായിരിക്കും അവന്റെ സ്വഭാവത്തോടുള്ള ബഹുമാനം. അവർക്ക് മുൻപിൽ വീണ്ടെടുപ്പിന്റെ ബഹുത്വവും സാത്താനുമായുള്ള വൻ വിവാദത്തിൽ സ്വായത്തമാക്കിയ അതിശയിപ്പിക്കുന്ന നേട്ടങ്ങളും യേശു തുറക്കുമ്പോൾ വിലയ്ക്കു വാങ്ങപ്പെട്ടവരുടെ ഹൃദയങ്ങൾ കൂടുതൽ തീക്ഷ്ണമായ ഭക്തിയാൽ ത്രസിക്കുകയും വിജ്രംഭിതമായ സന്തോഷത്താൽ അവർ പൊൻവീണകൾ മീട്ടുകയും പതിനായിരം പതിനായിരവും ആയിരം ആയിരവുമായ ശബ്ദങ്ങൾ ശക്തമായ സ്തുതിഗാനങ്ങൾ പാടുവാൻ ഒന്നിക്കുകയും ചെയ്യും.

“സ്വർഗ്ഗത്തിലും ഭൂമിയിലും ഭൂമിക്കു കീഴിലും സമുദ്രത്തിലും ഉള്ള സകല സൃഷ്ടിയും അവയിലുള്ളതു ഒക്കെയും സിംഹാസനത്തിൽ ഇരിക്കുന്നവനും കുഞ്ഞാടിനും സ്തോത്രവും ബഹുമാനവും മഹത്വവും ബലവും എന്നെന്നേക്കും ഉണ്ടാകട്ടെ എന്നു പറയുന്നത് ഞാൻ കേട്ടു” വെളി. 5:13.

വൻ വിവാദം പര്യവസാനിപ്പിച്ചു. പാപവും പാപികളും ഇനി ഇല്ല. പ്രപഞ്ചം മുഴുവനും ശുദ്ധമായിത്തീർന്നു. വിശാലമായ സൃഷ്ടിയിലുടനീളം യോജിപ്പിന്റെയും സന്തോഷത്തിന്റെയും ഏകസ്പന്ദനം അലയടിക്കും. എല്ലാറ്റിനെയും സൃഷ്ടിച്ചവങ്കൽ നിന്ന് ജീവനും വെളിച്ചവും സന്തോഷവും അവന്റെ അതിബൃഹത്തായ സാമ്രാജ്യം മുഴുവനും ഒഴുകും. ഏറ്റവും ചെറിയ അണു മുതൽ ഭയങ്കര ലോകം വരെ, ജീവനുള്ളതും ഇല്ലാത്തതുമായ എല്ലാ വസ്തുക്കളും മങ്ങാത്ത അവരുടെ സൗന്ദര്യത്തിലും പരിപൂർണ്ണ സന്തോഷത്തിലും ദൈവം സ്നേഹമാകുന്നു എന്നു പ്രഖ്യാപിക്കും.